# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

### 2018 മാർച്ച് 22, വ്യാഴം

# ഔദ്യോഗിക റിപ്പോർട്ട്

# വാല്യം 171 - നമ്പർ 16

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

2018 മാർച്ച് 22, വ്യാഴം

സ്പീക്കർ
**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. വി. ശശി**

സെക്രട്ടറി
**ശ്രീ. വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ
**ശ്രീമതി കെ. ചാന്ദ്നി റാണി**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

692/2020

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : ഡോ. കെ. ടി. ജലീൽ |
| വൈദ്യുതി വകുപ്പുമന്ത്രി | : ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


*പേജ്*

**I. ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ...01

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ...34

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...34

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...80

**II അടിയന്തരപ്രമേയം**

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി

(അവതരണാനുമതി നിഷേധിച്ചു) ...402

**III. ശ്രദ്ധ ക്ഷണിക്കൽ**

1. സ്വകാര്യ ആശുപത്രികളിലെ നഴ്സുമാർക്ക് തൊഴിൽ സംരക്ഷണം

- ശ്രീ. കെ. രാജൻ ..419

2. കോന്നി മെഡിക്കൽ കോളേജിന്റെ പ്രവർത്തനം

ശ്രീ. അടൂർ പ്രകാശ് ...424

**IV. സബ്മിഷൻ**

1. ശ്രീജിത്തിന്റെ മരണം

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല)

- ശ്രീ. സി. ദിവാകരൻ ...430

2. എഞ്ചിനീയർമാരുടെ വിദ്യാഭ്യാസ യോഗ്യത

- ശ്രീ. കെ. സുരേഷ് കുറുപ്പ് ...434

3. മോഡൽ റസിഡൻഷ്യൽ സ്കൂൾ മാറ്റുന്നതു സംബന്ധിച്ച്

-ശ്രീ. യു. ആർ പ്രദീപ് ...436

4. തൊഴിലാളികൾക്ക് പട്ടയം

-ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ ...437

പേജ്

5. വിലത്തകർച്ച

-ശ്രീ. സി. കെ. ശശീന്ദ്രൻ ...438

6. കുടുംബ കോടതി കെട്ടിടത്തിന് സ്ഥലം ലഭ്യമാക്കൽ

-ശ്രീ. പി. ഉബൈദുള്ള ...440

7. താലൂക്കാശുപത്രിയായി ഉയർത്തൽ

-ശ്രീമതി ഗീതാ ഗോപി ...442

8. ബോഗികളിൽ ഇലക്ട്രോണിക് ഡിസ്പ്ലേ

-ശ്രീമതി യു. പ്രതിഭ ഹരി ...443

9. സ്കൂൾ കെട്ടിട നിർമ്മാണം

- ശ്രീ. വി. ടി. ബൽറാം ...446

**V. മേശപ്പുറത്തുവച്ച കടലാസുകൾ**

**VI. റിപ്പോർട്ട് സമർപ്പണം**

(1) 2018-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ, 2018-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബിൽ എന്നിവസംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി XIV-ന്റെ റിപ്പോർട്ട്. ...451

(2) 2018-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റ് (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി II-ന്റെ റിപ്പോർട്ട് ...451

(3) പബ്ലിക് അക്കൗണ്ട്സ് സമിതിയുടെ പതിനേഴ് മുതൽഇരുപത്തിയൊന്ന് വരെയുള്ള റിപ്പോർട്ടുകൾ. ...451

(4) പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതിയുടെ അറുപത്തിനാല് മുതൽ അറുപത്തിയേഴ് വരെയുള്ള റിപ്പോർട്ടുകൾ. ...452

(5) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പന്ത്രണ്ടാമത് റിപ്പോർട്ട്. ...452

*പേജ്*

## VII. ക്രമപ്രശ്നം

വകുപ്പുകൾ വാർഷിക പ്രവർത്തന റിപ്പോർട്ട് യഥാസമയം സഭയിൽ സമർപ്പിക്കാത്തത് സംബന്ധിച്ച്

- ശ്രീ. എം. ഉമ്മർ ...452

## VIII. ധനകാര്യം

2018-19 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും ...458

ധനാഭ്യർത്ഥന നമ്പർ XVII - വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം ...459

ധനാഭ്യർത്ഥന നമ്പർ XXXIII - മത്സ്യബന്ധനം ...464

## IX. അറിയിപ്പ്

ചട്ടം വേവ് ചെയ്യുന്നത് സംബന്ധിച്ച് ...521

**ധനകാര്യം (തുടർച്ച)**

## X. പ്രത്യേക പരാമർശം

ജലദിനം ...533

**ധനകാര്യം (തുടർച്ച)**

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

*2018 മാർച്ച് 22, വ്യാഴം*

വാല്യം 171] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 16

നിയമസഭ 2018 മാർച്ച് മാസം 22-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളന കാലത്തേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ, ഓർഡർ,....ചോദ്യം നമ്പർ *451

### രജിസ്ട്രേഷൻ ഇല്ലാതെ നികുതി പിരിക്കുന്ന വ്യാപാരികൾ

1 (* 451) ശ്രീ. എം. ഉമ്മർ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജി.എസ്.ടി. നടപ്പിലാക്കിയതിനുശേഷം രജിസ്ട്രേഷൻ ഇല്ലാതെ നികുതി പിരിക്കുന്ന വ്യാപാരികളുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ;

(ബി) ജി.എസ്.ടി. ചട്ടം ലംഘിക്കുകയോ അമിതവില ഈടാക്കുകയോ ചെയ്യുന്ന വ്യാപാരികൾക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കുന്നത്; കേന്ദ്ര സമിതിക്ക് റിപ്പോർട്ട് നൽകുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഏതെങ്കിലും കേസുകളിൽ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എത്ര കേസുകളിലാണ് രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിന് കേന്ദ്ര സമിതി അനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ,

(എ) സംസ്ഥാനത്ത് ജി.എസ്.ടി. നടപ്പിലാക്കിയതിനുശേഷം രജിസ്ട്രേഷൻ ഇല്ലാതെ നികുതി പിരിക്കുന്ന വ്യാപാരികളുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) നികുതിക്കുമേൽ നികുതി ഒഴിവാക്കി ഇൻപുട്ട് നികുതിയുടെ പൂർണ്ണ ആനുകൂല്യം ഉപഭോക്താവിന് കൈമാറണമെന്ന വ്യവസ്ഥയോടെയാണ് പുതിയ നികുതി നിയമം നടപ്പിലാക്കിയതെങ്കിലും സംസ്ഥാനത്തെ ചില ഉൽപ്പാദകരും മൊത്ത വ്യാപാരികളും ഈ ആനുകൂല്യം ഉപഭോക്താവിന് നൽകിയിട്ടില്ലെന്ന കാര്യം സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജി.എസ്.ടി. നടപ്പിലായ ആദ്യ മാസത്തിൽ തന്നെ കേരളം ഈ പ്രശ്നം ഗൗരവമായി എടുക്കുകയും ജി.എസ്.ടി. കൗൺസിലിൽ ശക്തമായി ഉന്നയിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനുള്ള പരിഹാരമായി കേന്ദ്ര സർക്കാർ ജി.എസ്.ടി. നിയമത്തിലെ വകുപ്പ് 171 പ്രകാരം ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ഇതിനോടനുബന്ധിച്ചുള്ള സ്ക്രീനിംഗ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. കേരളം ഇതിനകംതന്നെ ഇത്തരം മാനദണ്ഡങ്ങൾ പാലിക്കാത്ത 335-ഓളം ഉൽപ്പാദകരുടെയും വിൽപ്പനക്കാരുടെയും വിശദമായ വിവരങ്ങൾ സംസ്ഥാന സ്ക്രീനിംഗ് കമ്മിറ്റി വഴി കേന്ദ്ര ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. സംസ്ഥാനം സമർപ്പിച്ച പരാതി കേന്ദ്ര ആന്റി പ്രോഫിറ്റീറിംഗ് കമ്മിറ്റിയുടെ പരിഗണനയിലാണ്. 15-11-2017-മുതൽ പ്രാബല്യത്തിൽ വന്ന നികുതിക്കുറവിന്റെ ആനുകൂല്യം ഉപഭോക്താവിന് കൈമാറിയിട്ടുണ്ടോ എന്ന് വകുപ്പ് പരിശോധന നടത്തിയിട്ടുണ്ട്. ആനുകൂല്യം കൈമാറാത്ത നിർമ്മാതാക്കളുടെയും മൊത്ത വ്യാപാരികളുടെയും വിവരം ഉടൻതന്നെ സംസ്ഥാന സ്ക്രീനിംഗ് കമ്മിറ്റി മുഖേന കേന്ദ്ര ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റിക്ക് കൈമാറുന്നതാണ്.

(സി) ജി.എസ്.ടി. നിയമപ്രകാരം ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ ആനുകൂല്യം ഉപഭോക്താക്കൾക്ക് കൈമാറാത്തതിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ വ്യാപാരികളുടെ രജിസ്ട്രേഷൻ റദ്ദാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി കേന്ദ്ര ആന്റി പ്രോഫിറ്റീറിംഗ് കമ്മിറ്റിയുടെ നിർദ്ദേശങ്ങളൊന്നും സംസ്ഥാനത്തിന് ലഭിച്ചിട്ടില്ല.

<u>ശ്രീ. എം. ഉമ്മർ</u>: സർ, കൊട്ടിഘോഷിച്ച് ജി.എസ്.ടി. നടപ്പിലാക്കിയതുമൂലം ഇവിടെ ആകെ പ്രശ്നങ്ങളാണ്. ഇ-വേ ബില്ലിലും സാങ്കേതിക പ്രശ്നങ്ങളാണ്. റിട്ടേൺ ഫയലിംഗിന് ആവശ്യമായ ജി.എസ്.ടി.ആർ.1 എന്ന സോഫ്റ്റ്‌വെയർ പൂർണ്ണമായും പ്രവർത്തന സജ്ജമല്ല. റിട്ടേണുകൾ പരിഷ്കരിക്കുന്നതിനും വ്യാപാരി സൗഹൃദമാക്കുന്നതിനും യാതൊരു നടപടിയും ഇതുവരെ ഉണ്ടായിട്ടില്ല. കേരളം കൺസ്യൂമർ സ്റ്റേറ്റായതിനാൽ ജി.എസ്.ടി. നടപ്പിലാക്കിയാൽ നികുതി വരുമാനം കൂടുമെന്നും ഉപഭോക്താക്കൾക്ക് സാധനങ്ങൾ വില കുറച്ച് കിട്ടുമെന്നും ഒരു ധാരണയുണ്ടായിരുന്നു. ഇതൊന്നും യാഥാർത്ഥ്യമായിട്ടില്ല. അതുകൊണ്ട് സാധനങ്ങളുടെ വില കുറയുവാനും സംസ്ഥാനത്തിന്റെ വരുമാനം കൂട്ടാനുമുള്ള എന്തെങ്കിലും ഇടപെടൽ ജി.എസ്.ടി. കൗൺസിലിലോ മറ്റോ സംസ്ഥാന ഗവൺമെന്റിന് ചെയ്യാൻ കഴിയുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ജി.എസ്.ടി. നടപ്പിലാക്കുന്നതിൽ പ്രശ്നങ്ങളുടെ മേൽ പ്രശ്നങ്ങളാണ്. റിട്ടേൺ അടിസ്ഥാനമാക്കിയാണ് നികുതി പിരിക്കുന്നത്. ഇപ്പോൾ ഓരോ വ്യാപാരിയും തന്റെ മൊത്ത വിൽപ്പന ഇത്രയുണ്ട്, അതിന്റെ നികുതി ഇത്ര പിരിച്ചു, ആകെ വാങ്ങിയത് ഇത്രയാണ്, അതിന്റെ നികുതി ക്രെഡിറ്റ് ഇത്രയാണ്, ശിഷ്ടം ഇത്രയാണ് തരാനുള്ളത് എന്നുപറഞ്ഞാൽ അത് വാങ്ങി വയ്ക്കൽ മാത്രമേയുള്ളൂ. എസ്.സി.എസ്.ബി. കോഡിന്റെ അടിസ്ഥാനത്തിൽ ഓരോയിനം ചരക്കും എത്ര വിറ്റു എന്നത് റിട്ടേണായി നൽകണമെന്നതാണ് ജി.എസ്.ടി.ആർ. 1.-ന്റെ അടിസ്ഥാനം. എല്ലാവരും വിൽക്കുന്ന കണക്കെടുത്തുകഴിഞ്ഞ് എല്ലാവരും വാങ്ങുന്ന കണക്ക് കമ്പ്യൂട്ടർതന്നെ തയ്യാറാക്കും. എന്നിട്ട് ക്രെഡിറ്റ് കിഴിച്ച് നികുതി ഇത്രയാണെന്ന് പറഞ്ഞ് കൊടുക്കും. ജി.എസ്.ടി.ആർ.1 ആണ് അതിന്റെ അടിസ്ഥാനം. രണ്ടരലക്ഷം വ്യാപാരികളുള്ളതിൽ ഡിസംബറിൽ 20000 പേരും നവംബറിൽ 71000 പേരും ഒക്ടോബറിൽ 76000 പേരുമാണ് ജി.എസ്.ടി.ആർ.1 സമർപ്പിച്ചിട്ടുള്ളത്. ആ സമർപ്പിച്ച റിട്ടേണുകൾ സോഫ്റ്റ്‌വെയറിന്റെ പ്രശ്നങ്ങൾ കൊണ്ട് ഇതുവരെ കേരളത്തിന് തന്നിട്ടില്ല. നികുതി പിരിക്കുന്നവർക്ക് പോയി പരിശോധിക്കാൻ ഒരു വസ്തുവുമില്ല. അത് വളരെ ശക്തമായി കഴിഞ്ഞ കൗൺസിലിൽ ഉന്നയിച്ചതിനാൽ ജൂലൈ മാസത്തെ ജി.എസ്.ടി.ആർ.1 തരാമെന്ന് പറഞ്ഞിട്ടുണ്ടെങ്കിലും ഇതുവരെ കിട്ടിയിട്ടില്ല. ഇതാണ് നികുതി പിരിവിനുള്ള പരിമിതി. സ്വാഭാവികമായും ഈ സംവിധാനം ഉണ്ടെങ്കിലേ വില കുറയ്ക്കുന്നതിനും മറ്റും നടപടിയെടുക്കാൻ സാധിക്കുകയുള്ളൂ. സംസ്ഥാന സർക്കാർ രണ്ടുവട്ടം, ഒക്ടോബറിലും നവംബറിലും വില കുറയ്ക്കാത്ത കമ്പനികളുടെയും വ്യാപാരികളുടെയും ഒരു സർവ്വേ നടത്തി റിസൾട്ട് കേന്ദ്രത്തിന് അയച്ചുകൊടുത്തിട്ടുണ്ട്. ജനുവരിയിലും സർവ്വേ നടത്തി റിസൾട്ട് കൊടുത്തിട്ടുണ്ട്. ഇതുവരെയും അവർ അതിന്മേൽ നടപടി എടുത്തിട്ടില്ല. കൂടുതൽ വിവരങ്ങൾ ചോദിച്ചിരിക്കുകയാണ്.

ശ്രീ. എം. ഉമ്മർ: സർ, ഓഖി എന്നത് ഒരു natural calamity ആണ്. രാജ്യത്ത് അങ്ങനെ പല natural calamity-കളും ഉണ്ടാകാറുണ്ട്. ഇത് man made natural calamity ആണ്. ജനങ്ങൾക്ക് ഗുണകരമായ നിയമനിർമ്മാണം നടപ്പിലാക്കുക, അതിനുവേണ്ടി സഹായകരമായ നിലപാടുകൾ സ്വീകരിക്കുക എന്നതാണ് കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ ചെയ്യേണ്ടത്. എന്നാൽ നിരന്തരമായി ജനങ്ങളെ ദ്രോഹിക്കുന്ന നടപടി മാത്രമാണ് സർക്കാർ സ്വീകരിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രിയുടെ നിസ്സഹായാവസ്ഥ ഇവിടെ വന്ന് പറയുക, അങ്ങനെയാണെങ്കിൽ മഹാരാഷ്ട്ര മോഡൽ ഗ്രാന്റ് മാർച്ചെങ്കിലും നടത്തുന്നത് സംബന്ധിച്ച് അങ്ങ് ഗൗരവമായി ആലോചിക്കുമോ?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, ഇങ്ങനെയൊക്കെയാണെങ്കിലും സംസ്ഥാനങ്ങൾക്കെല്ലാം മുൻവർഷത്തെ അപേക്ഷിച്ച് 15 ശതമാനം വരുമാനം കൂട്ടി തന്നോളാമെന്ന് പറഞ്ഞ് കേന്ദ്രം കോമ്പൻസേറ്റ് ചെയ്തു. മറ്റു സംസ്ഥാനങ്ങളൊക്കെ ഇതുകൊണ്ട് തൃപ്തരാണ്. കേരളത്തിൽ അങ്ങനെയല്ല. 20, 25 ശതമാനം വച്ചാണ് നമ്മുടെ ചെലവ് കൂടിക്കൊണ്ടിരിക്കുന്നത്. നമുക്ക് 15 ശതമാനം വരുമാനം വർദ്ധിപ്പിച്ചതുകൊണ്ട് തികയുകയില്ല. നമ്മുടെ ഈ വേവലാതി മറ്റുള്ളവർക്ക് ഇല്ലെന്നുള്ളതാണ് പ്രശ്നം.

<u>ശ്രീ. മഞ്ഞളാംകുഴി അലി:</u> സർ, വാറ്റ് ഒഴിവാക്കി ജി.എസ്.ടി. നടപ്പിലാക്കിയപ്പോൾ വലിയ ഗുണം ചെയ്യുമെന്ന പ്രതീക്ഷയാണുണ്ടായിരുന്നത്. പക്ഷെ അതൊരു പ്രശ്നമാണെന്ന് മനസ്സിലായപ്പോൾ ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റിയെയും അതിനൊരു സ്ക്രീനിംഗ് കമ്മിറ്റിയെയും നിയമിച്ചു. ഇതൊക്കെ ഇപ്പോഴും പ്രശ്നമാണെന്നാണ് പറയുന്നത്. ഇപ്പോൾ ഇ-വേ ബില്ലാണ് നടപ്പിലാക്കുന്നത്. പക്ഷെ ഇതൊക്കെ നടപ്പിലാക്കിയിട്ടും ടാക്സ് വെട്ടിപ്പ് മുൻകാലങ്ങളിലുള്ളതിനേക്കാൾ കൂടുതൽ നടക്കുകയാണ്. നമ്മുടെ നാട്ടിലേയ്ക്ക് വരുന്ന ടൂറിസ്റ്റ് ബസുകൾക്കും റെയിൽവേയ്ക്കും മുൻകാലങ്ങളിൽ ബില്ലുണ്ടായിരുന്നു, പകുതി ചാർജാണ് ഈടാക്കിയിരുന്നത്. ക്വാണ്ടിറ്റി പകുതിയാക്കിയിരുന്നു. ഇപ്പോൾ ബിൽ തന്നെയില്ല. ആർക്കും ഇഷ്ടംപോലെ എന്തും കൊണ്ടുവരാമെന്നൊരു രീതിയിലേയ്ക്ക് എത്തിയിട്ടുണ്ട്. ഇത് പരിഹരിക്കാൻ അങ്ങ് വളരെയധികം ശ്രമിക്കുന്നുണ്ടെന്ന് ഞങ്ങൾക്കറിയാം. കേന്ദ്രസർക്കാരിന്റെ നിയമം നമ്മുടെ സംസ്ഥാനത്തിന് ശരിയാകുകയില്ല. ഇപ്പോൾ നമുക്ക് 15 ശതമാനം വരുമാനം തരുന്നുണ്ടെന്ന് പറയുന്നത് ശരിതന്നെ. പക്ഷെ ഭാവിയിൽ വളരെ വലിയ നഷ്ടമുണ്ടാകും. ഇത് പരിഹരിക്കാൻ എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, ജി.എസ്.ടി. വന്നതുകൊണ്ട് എല്ലാവർക്കും നഷ്ടമെന്ന് കരുതേണ്ട. സർക്കാർ, ഉപഭോക്താക്കൾ, കമ്പനികൾ എന്നീ മൂന്നുതരം പ്ലേയേഴ്സുണ്ട്. കമ്പനികളെ സംബന്ധിച്ചിടത്തോളം ഇത് വളരെ നേട്ടവും ലാഭവുമാണ്. കാരണം അവർക്ക് നികുതി ഭാരം ഏതാണ്ട് 40 ശതമാനം കുറഞ്ഞിരിക്കുകയാണ്, അമിത ലാഭവും കിട്ടുന്നു. എന്നാൽ സർക്കാരിന് ഇത് നികുതിയായി വരുന്നില്ല. ഉപഭോക്താക്കൾക്ക് വില താഴുന്നുമില്ല. ഇതാണ് പ്രശ്നം. ഇത് പരിഹരിക്കാവുന്ന പ്രശ്നങ്ങളാണ്. ഇന്ത്യ പോലുള്ള ഇത്രയും വലിയൊരു രാജ്യത്ത് സെർവർ കപ്പാസിറ്റിയില്ലാതെ ഇ-വേ ബിൽ നടപ്പിലാക്കാൻ ശ്രമിച്ചതുകൊണ്ടാണ് അത് പരാജയപ്പെട്ടത്. അത് പരിഹരിക്കാവുന്നതേയുള്ളൂ. സോഫ്റ്റ്‌വെയറിലെ ഗ്ലിച്ചസ് ഇല്ലാതാക്കി നമുക്ക് ജി.എസ്.ടി.ആർ.

വാങ്ങാവുന്നതാണ്. ഇത് തയ്യാറെടുപ്പിന്റെ അടിസ്ഥാനത്തിലായിരുന്ന നടപ്പിലാക്കേണ്ടിയിരുന്നത്. ഇതെല്ലാം റെഡിയാകുന്നതിനുമുമ്പ്, പ്രശ്നം ഉണ്ടായാൽ അപ്പപ്പോൾ പരിഹരിക്കാമെന്ന് പറഞ്ഞ് ചാടി പുറപ്പെട്ടിട്ട് പരിഹരിക്കാൻ കഴിയാത്ത വിധത്തിൽ കുരുങ്ങി കിടക്കുകയാണ്. അഞ്ചോ ആറോ മാസത്തിനുള്ളിൽ പ്രശ്നങ്ങൾ തീർത്ത് കൃത്യമായ ബില്ലുകളും കാര്യങ്ങളും വരുമ്പോൾ നമ്മുടെ വരുമാനം കൂടും. ഇപ്പോൾ ഇതൊന്നുമില്ലാതെ വ്യാപാരി തരുന്നത് മേടിച്ച വയ്ക്കുന്നതു മാത്രമേയുള്ളൂ. സെൽഫ് അസെസ്സ്മെന്റ് പൂർണ്ണം. രണ്ടാമത് പരിശോധന പോലും ഇല്ല. എന്നിട്ടും നമുക്ക് ഇത്രയും തുക കിട്ടുന്നുണ്ടെങ്കിൽ ഇത് കൃത്യമായി നടപ്പിലാക്കിയാൽ കേരളത്തിലെ വരുമാനം ഗണ്യമായി കൂടുമെന്ന തന്നെയാണ് ഞാൻ കരുതുന്നത്.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്:</u> സർ, ജി.എസ്.ടി. ഒരുപാട് പ്രശ്നങ്ങൾ നമുക്ക് ഉണ്ടാക്കിയിട്ടുണ്ടെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. പക്ഷെ എല്ലാം കേന്ദ്രത്തിന്റെ തലയിൽ കെട്ടിവച്ച് നമുക്ക് കൈകഴുകാൻ പറ്റുമോ എന്ന കാര്യം പരിശോധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. നമ്മുടെ സെയിൽസ് ടാക്സിന് മൂന്ന് വിംഗാണ് - അസെസ്സ്മെന്റ്, ഇന്റലിജന്റ്, അപ്പീൽ. ഇതിൽ നമ്മുടെ സംസ്ഥാനത്ത് അസെസ്മെന്റ് വിംഗിനുമാത്രം ചെറിയൊരു ജോലിയുണ്ട്, ബാക്കി രണ്ട് വിംഗിനും ഒരു ജോലിയും ഇല്ല. ജി.എസ്.ടി. സൈറ്റിൽ ഉദ്യോഗസ്ഥർക്ക് പ്രവർത്തിക്കാനുള്ള മേഖല നമ്മൾ തന്നെ ഉണ്ടാക്കുമെന്ന് പറഞ്ഞെങ്കിലും അത് ഉണ്ടാക്കിയിട്ടില്ല. നമ്മുടെ ഉത്തരവാദിത്വം നിർവ്വഹിച്ചിട്ടില്ല. അത് ഇനിയെങ്കിലും ഉണ്ടാക്കുമോ എന്നതാണ് ബഹുമാനപ്പെട്ട മന്ത്രിയോടുള്ള എന്റെ ചോദ്യം.

<u>ഡോ. ടി. എം. തോമസ് ഐസക്:</u> സർ, ജി.എസ്.ടി.(എൻ.) ദേശ വ്യാപകമായി റിട്ടേണുകളുടെ വിവരം സൂക്ഷിക്കുന്നു. അതിൽനിന്നും വിവരങ്ങളെടുത്ത് നമ്മുടെ ഉപയോഗത്തിനാവശ്യമായ രീതിയിൽ പരുവപ്പെടുത്തുന്നതിന് backend modules ഉണ്ടാക്കൽ സ്വയം ഏറ്റ സംസ്ഥാനമാണ് കേരളം. ജി.എസ്.ടി.ആർ.1- സംസ്ഥാനത്തിന് ഡൗൺ ലോഡ് ചെയ്തെടുക്കാൻ സാധിക്കുകയില്ല എന്നതാണ് പ്രശ്നം. കേരളത്തിൽ നിന്നും ഇന്ന വ്യാപാരി എത്ര റിട്ടേണാണ് കൊടുത്തിട്ടുള്ളത് എന്നത് പരിശോധിക്കാൻ സാധ്യമല്ല. നമ്മുടെ backend modules -ഉം ആയി നമ്മൾ ഇരിക്കുകയാണ്. വീഴ്ച ഇവിടെയും ഉണ്ടാകാം. അടിസ്ഥാനപരമായ വീഴ്ചയ്ക്ക് ഈ വിവരസഞ്ചയം സൃഷ്ടിക്കുന്ന കേന്ദ്രസർക്കാർ മാത്രമല്ല, നമ്മളും പങ്കാളികളാണ്. ദേശീയതല സമിതിയുടെ പരാജയമാണ്.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, ജി.എസ്.ടി. നടപ്പിലായതു മുതൽ ഇവിടെ വന്ന ചോദ്യങ്ങളൊക്കെ വ്യാപാരികളുടെ ഭാഗത്തു നിന്നുള്ള തട്ടിപ്പും വെട്ടിപ്പും അടിസ്ഥാനമാക്കിയുള്ളതാണ്. പക്ഷെ, വ്യാപാരി സമൂഹം വളരെയധികം പ്രയാസങ്ങൾ അനുഭവിക്കുന്നുണ്ട്. അങ്ങയുടെ കുറ്റമല്ല, കേന്ദ്രഗവൺമെന്റിന്റെ പ്രശ്നങ്ങളാണ്. അവർ അഭിമുഖീകരിക്കുന്ന കുറെയധികം ആശങ്കകളുണ്ട്. അതിലൊരു കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. പഴയ വാറ്റ് നിയമം അനുസരിച്ച്, മാർച്ച് മാസത്തിലെ ഇൻപുട്ട് ടാക്സ് എക്സസ് വരുമ്പോൾ ഏപ്രിൽ മാസത്തിൽ അവർക്ക് കിട്ടുന്ന സമ്പ്രദായം ഉണ്ടായിരുന്നു. പക്ഷെ, ഇപ്പോൾ ഇതിനകത്ത് സമാനമായൊരു നിയമം ഇല്ലാത്തതിനാൽ മാർച്ച് മാസത്തിൽ എക്സസ് വരുന്ന ഇൻപുട്ട് ടാക്സ് ഏപ്രിലിൽ കിട്ടാനുള്ള എന്തെങ്കിലും സംവിധാനം നമുക്ക് ഒരുക്കുവാൻ സാധിക്കുമോ? പഴയ വാറ്റ് പോലെത്തന്നെ ചെയ്യാൻ സാധിക്കുമോ എന്നുള്ളതാണ് എന്റെ ചോദ്യം?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഏറ്റവും വലിയ നേട്ടം വ്യാപാരികൾക്കാണ്. നേരത്തെ 60 ലക്ഷത്തിൽ കൂടുതൽ വിറ്റുവരവുണ്ടെങ്കിൽ കോമ്പോസിഷന് കഴിയില്ലായിരുന്നു, ഫുൾ റിട്ടേൺ റെഗുലർ ഡീലറാണ്. ഇപ്പോൾ ഒരു കോടിവരെ കോമ്പോസിഷനിൽ വന്നപ്പോൾ ഗണ്യമായ വിഭാഗം കോമ്പോസിഷൻ ഡീലേഴ്സായി മാറി. ഈ-വേ ബില്ലിൽ ചെക്ക് പോസ്റ്റില്ല. ഇപ്പോൾ താൽക്കാലികമായിട്ടെങ്കിലും ഈ-വേ ബില്ലും വേണ്ട ഒരു ബില്ലും വേണ്ട എന്ന നിലയിലാണ്. ഇതിൽ കൂടുതൽ എന്ത് വ്യാപാര സ്വാതന്ത്ര്യമാണ് വേണ്ടത്; നെറ്റ്വർക്ക് പൂർണ്ണമല്ലാത്തതുകൊണ്ട് എക്സ്പോർട്ടേഴ്സിന് റീഫണ്ടിംഗിന് താമസം വരുന്നു. ഇപ്പോഴും കേരളത്തിൽ എസ്.ജി.എസ്.ടി..-യുടെ റീഫണ്ട് കൊടുക്കാൻ കഴിഞ്ഞിട്ടില്ല. ഇതുപോലെ തന്നെ എക്സസ് ഇൻപുട്ട് ക്രെഡിറ്റ് വന്നുകഴിഞ്ഞാൽ അത് ക്രെഡിറ്റ് ബ്ലോക്കാണ്. അത് തിരിച്ചു നൽകുന്നതിനും കാലതാമസം ഉണ്ടായിട്ടുണ്ട്. ആ പ്രശ്നം എത്രയും പെട്ടെന്ന് പരിഹരിക്കാനുള്ള ഏർപ്പാടുണ്ടാക്കും.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, ജി.എസ്.ടി.-യിൽ സ്വാഭാവികമായിത്തന്നെ ജനാധിപത്യ വിരുദ്ധ നിലപാടുണ്ട്. നിയമസഭയ്ക്കോ പാർലമെന്റിനോ നികുതി കൂട്ടാനോ കുറയ്ക്കാനോ ഉള്ള അവസരം നഷ്ടപ്പെടുകയും, ജി.എസ്.ടി. കൗൺസിലിലേയ്ക്ക് മാറുകയുമാണ്. ഇന്ത്യൻ ഉൽപ്പാദന മേഖല വികേന്ദ്രീകൃതമായി നിന്നതു കാരണമാണ് സാധാരണക്കാർക്ക് പണം പങ്കുവയ്ക്കുവാനും താഴെ തട്ടിലേയ്ക്ക് നീങ്ങാനുമുള്ള സംവിധാനമുണ്ടായത്. ഇതുകാരണം ഉൽപ്പാദന മേഖല കോർപ്പറേറ്റ് വൽക്കരിക്കപ്പെടുമെന്ന ഒരു ആശങ്കയുണ്ട്. അങ്ങുതന്നെ സൂചിപ്പിച്ച അമിത ലാഭമെടുക്കാനുള്ള സംവിധാനത്തെ, നിയന്ത്രിക്കൽ പ്രക്രിയയെ സംബന്ധിച്ച് പറയുമ്പോൾ, വാറ്റിൽ നിന്നും അത്രയും പേർ ജി.എസ്.ടി. രജിസ്ട്രേഷനിലേയ്ക്ക് വന്നിട്ടില്ല. സ്വാഭാവികമായി ജനങ്ങൾക്ക് ഉപകാരപ്രദമാകേണ്ട ഒന്ന് ജനങ്ങളെ കൊള്ളയടിക്കുന്ന സംവിധാനത്തിലേയ്ക്ക് മാറുന്നുവെന്ന് അങ്ങുതന്നെ സമ്മതിക്കുന്നു. അമിത ലാഭമില്ലാതെ കൃത്യമായ വില പിടിച്ചുനിർത്തുന്നതിനുള്ള, ജി.എസ്.ടി.-യിൽത്തന്നെ പറഞ്ഞിട്ടുള്ള സംവിധാനം സംസ്ഥാനത്ത് എത്രത്തോളം നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്.

ഡോ. ടി. എം. തോമസ് ഐസക്: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. ജി.എസ്.ടി..-ക്ക് മുമ്പും കോർപ്പറേറ്റൈസേഷൻ കൂടി കൊണ്ടിരിക്കുകയായിരുന്നു. ജി.എസ്.ടി. വഴി സാമ്പത്തികശേഷിയുള്ള ആളുകളുടെ മൽസരശേഷി കൂടും. അക്കാര്യം ശരിയാണ്. ഇന്ത്യയിൽ ആഗോളവൽക്കരണത്തെ സഹായിക്കുന്ന നികുതി സമ്പ്രദായമാണിതെന്നത് തർക്കമില്ലാത്ത കാര്യമാണ്. ഈ നിരക്കുകൾ എല്ലാ കാലത്തേയ്ക്കും നിശ്ചയിച്ചിട്ടുള്ളതല്ല. പാവപ്പെട്ടവർ ഉപയോഗിക്കുന്ന സാധനങ്ങളുടെ നികുതി നിരക്ക് കുറയ്ക്കുന്നതിന് സംസ്ഥാനങ്ങളോ ജനങ്ങളോ ശക്തമായി ഉന്നയിച്ചാൽ മതിയാകും. ഈ നികുതി കുറവിന്റെ അടിസ്ഥാനത്തിൽ വില കുറയ്ക്കാതിരിക്കുന്നതിനെക്കുറിച്ച് കേരളം മാത്രമേ ചിന്തിച്ചിട്ടുള്ളൂ. രണ്ട് തവണ സംസ്ഥാനത്ത് സർവ്വേ നടത്തിയിട്ടുണ്ട്. രണ്ടാംഘട്ടത്തിന്റെ, ജനുവരി മാസത്തിന്റെ, സർവ്വേയുടെ ഡാറ്റ പരാതിയായി സമർപ്പിക്കാൻ പോകുന്നതേയുള്ളൂ. സംസ്ഥാന സ്ക്രീനിംഗ് കമ്മിറ്റി പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ആദ്യം കൊടുത്ത ഡാറ്റയിൽ ആക്ച്വൽ ബില്ലുകൾതന്നെ ഹാജരാക്കണമെന്നതാണ് കേന്ദ്ര സർക്കാരിന്റെ അഭിപ്രായം. സർവ്വേ നടത്തിയപ്പോൾ ലഭിച്ച ഇൻവോയിസിന്റെ ഡീറ്റെയിൽസെല്ലാം രണ്ടാമത് സമർപ്പിക്കാൻ പോവുകയാണ്. കുറച്ചുപേരുടെ പേരിൽ നടപടി സ്വീകരിക്കാൻ കഴിഞ്ഞാൽ ഒരു പേടിയുണ്ടാകും. ഇപ്പോൾ നടപടിയെടുക്കാത്തതുകൊണ്ട് ആർക്കും ഒരു പേടിയുമില്ല. എല്ലാവർക്കും എന്തുവേണമെങ്കിലും നിശ്ചയിക്കാമെന്നായി. കേന്ദ്ര സർക്കാരിന്റെ മൊത്തത്തിലുള്ള നിലപാട്, ഇങ്ങനെ നടപടികളൊന്നും വേണ്ട കമ്പോള മത്സരത്തിലൂടെ വില കൂട്ടുന്നുണ്ടെങ്കിൽ ആളുകളൊന്നും അവിടെ പോയി മേടിക്കില്ല എന്നാണ്. എല്ലാവരും ഇപ്പുറത്തുനിന്നും മേടിക്കും അപ്പോൾ അദ്ദേഹം വില കുറച്ചോളും. അങ്ങനെ കമ്പോള മത്സരത്തിലൂടെ വില കുറഞ്ഞോളും എന്ന സിദ്ധാന്തക്കാരാണ് കേന്ദ്രത്തിലിരിക്കുന്നത്. നമ്മൾ പറയുന്നത് അവർക്കത്ര ബോദ്ധ്യമല്ല. എങ്കിലും കേരളം ശക്തമായി ഈ പ്രശ്നം ഉന്നയിക്കുന്നതാണ്.

ശ്രീ. കെ. സി. ജോസഫ്: സർ, സംസ്ഥാനത്തെ വ്യാപാരികളിൽ എത്രയാളുകൾ ജി.എസ്.ടി. രജിസ്ട്രേഷനിൽ ഒപ്പിട്ടിട്ടുണ്ട്. ബോധപൂർവ്വമായി രജിസ്ട്രേഷൻ എടുക്കാത്ത വ്യാപാരികളുടെമേൽ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഡോ. ടി. എം. തോമസ് ഐസക്: സർ, മൂന്നുലക്ഷത്തി എണ്ണായിരം ആളുകളാണ് രജിസ്ട്രേഷൻ എടുത്തിട്ടുള്ളത്. വാറ്റ് ഉണ്ടായിരുന്നപ്പോൾ ഏതാണ്ട് രണ്ടര ലക്ഷം പേർക്കാണ് രജിസ്ട്രേഷൻ ഉണ്ടായിരുന്നത്. ഇപ്പോൾ 50,000 പേരുടെ രജിസ്ട്രേഷൻ വർദ്ധിച്ചിട്ടുണ്ട്. ഇനിയും ഒരുപാട് പേർ രജിസ്റ്റർ

ചെയ്യാനുണ്ട്. പലരും തങ്ങളുടെ വരുമാനം ഇരുപത് ലക്ഷത്തിൽ താഴെയാണെന്ന് പറഞ്ഞെങ്കിലും അതിനേക്കാൾ കൂടുതലാണെന്ന് എല്ലാവർക്കും അറിയാവുന്നതാണ്. കത്തുകളിലൂടെയും മറ്റും രജിസ്റ്റർ ചെയ്യാൻ പ്രേരിപ്പിക്കുകയല്ലാതെ നടപടികളിലേയ്ക്കും മറ്റുകാര്യങ്ങളിലേയ്ക്കും പോയിട്ടില്ല. കേന്ദ്ര സി.ബി.ഇ.സി. ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. സംസ്ഥാന സർക്കാർ നോട്ടീസുകൾ അയയ്ക്കുന്നുണ്ടെങ്കിലും നടപടികളിലേയ്ക്ക് പോയിട്ടില്ല. ബോധപൂർവ്വം പോകാത്തതാണ്. ഇവിടെത്തന്നെ 50000 പേർ കൂടുതൽ രജിസ്റ്റർ ചെയ്തല്ലോ. അങ്ങനെ പുഷ് ചെയ്ത് മുന്നോട്ടുകൊണ്ടുപോകാനാണ് ഞങ്ങൾ ശ്രമിക്കുന്നത്. പക്ഷെ, അഞ്ചോ ആറോ മാസം കഴിഞ്ഞാൽ ഇനിയും രജിസ്റ്റർ ചെയ്യാത്തവരുടെ പേരിൽ നടപടി സ്വീകരിക്കേണ്ടിവരും.

<u>ശ്രീ. കെ. ബാബു:</u> സർ, രണ്ടുലക്ഷത്തിലധികം വരുന്ന കേരളത്തിലെ ചെറുകിട വ്യാപാരികൾ ഉൾപ്പെടെയുള്ളവർക്ക് ഏറെ ആശങ്കയുണ്ടായിരുന്നത് മാസത്തിൽ മൂന്നുതവണ റിട്ടേൺ സമർപ്പിക്കണമെന്നത് സംബന്ധിച്ചായിരുന്നു. പിന്നീടത് മാറ്റുമെന്നും ഒറ്റത്തവണ റിട്ടേൺ സമർപ്പിച്ചാൽ മതിയെന്നുമായിരുന്നു പറഞ്ഞത്. അങ്ങ് ഇപ്പോൾ പറഞ്ഞതനുസരിച്ച് കേവലം 75000 പേർ മാത്രമാണ് റിട്ടേൺ സമർപ്പിച്ചിട്ടുള്ളത്. ഭൂരിപക്ഷം വരുന്ന മറ്റ് വ്യാപാരികൾക്ക് റിട്ടേൺ സമർപ്പിക്കാനാവശ്യമായ എന്ത് നടപടിയാണ് സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാവുക?

<u>ഡോ. ടി. എം. തോമസ് ഐസക്:</u> സർ, എഴുപതിനായിരം എന്നത് വിശദമായ റിട്ടേൺ സമർപ്പിച്ചവരുടെ എണ്ണമാണ്. പക്ഷെ, ഏതാണ്ട് 80-85% സമർപ്പിച്ച സമ്മറി റിട്ടേണാണ് ജി.എസ്.ടി.-യിലെ 3B. മൊത്തം വരുമാനവും ചെലവും വില്പനയും വാങ്ങലും അതിന്റെ നികുതിയും കണക്കും 80% പേരും സമർപ്പിക്കുന്നുണ്ട്. ഇതും ജൂലൈ മാസത്തിൽ കുറച്ചധികം പേർ തന്നതും കേന്ദ്രസർക്കാർ ഒത്തുനോക്കിയപ്പോൾ 15% പേർ മാത്രമേ കൺകർ ചെയ്യുന്നുള്ളൂ. സമ്മറി റിട്ടേൺ എന്നുപറഞ്ഞാൽ വിൽപ്പന കുറച്ചുവച്ചിട്ടുള്ളതും വാങ്ങൽ കൂട്ടിവച്ചിട്ടുള്ളതുമാണ്. എല്ലാവരും വലിയ ക്രെഡിറ്റെടുക്കുകയാണ്. ആ ക്രെഡിറ്റിന്റെ അത്രയും സാധനം യഥാർത്ഥത്തിൽ വാങ്ങിയിട്ടില്ലെന്ന നിഗമനത്തിലാണ് കേന്ദ്ര സർക്കാർ എത്തിച്ചേർന്നത്. ചെറുകിട വ്യാപാരികൾക്ക് ഒരു ആശങ്കയും വേണ്ട. ഒരു കോടിവരെ വിൽപ്പനയുള്ളവർക്ക് ഒരു ശതമാനം ടേൺ ഓവർ കൊടുത്താൽ മതി. സമ്മറി റിട്ടേൺ മൂന്നുമാസത്തിലൊരിക്കൽ കൊടുത്താൽ മതി. അതുകൊണ്ട് ചെറുകിട വ്യാപാരികളെ സംബന്ധിച്ചിടത്തോളം വാറ്റിനേക്കാൾ ജി.എസ്.ടി. കൂടുതൽ സൗകര്യപ്രദമാണ്.

<u>ശ്രീ. വി. ഡി. സതീശൻ:</u> സർ, യഥാർത്ഥത്തിൽ ഇന്നൊരു ടാക്സ് അനാർക്കിയാണ്. അരാജകത്വമാണ് നിലനിൽക്കുന്നത്. അങ്ങ് പറഞ്ഞതുപോലെ ചെക്ക്പോസ്റ്റില്ല. ചെക്ക്പോസ്റ്റിന് പകരമുള്ള ഓൾട്ടർനേറ്റീവ് മെക്കാനിസമില്ല. ആർക്കും എന്ത് സാധനങ്ങളും കൊണ്ടുവന്ന് ടാക്സ് ഇവേഡ് ചെയ്ത് വിൽക്കാനുള്ള അവസരമുണ്ട്. ഇതിന്റെ യഥാർത്ഥ ഇരയാകുന്നത് ജെനുവിൻ ടാക്സ് പേയറാണ്. സ്മാൾ സ്കെയിൽ, മീഡിയം സ്കെയിൽ വ്യാപാരികൾക്ക് ഈ രംഗത്ത് പിടിച്ചു നിൽക്കാൻ കഴിയാത്തവിധം അപകടകരമായ സ്ഥിതിവിശേഷമാണ് ഉണ്ടായിരിക്കുന്നത്. ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റി ഫുൾസ്വിംഗിൽ ഫംഗ്ഷനിംഗ് തുടങ്ങിയിട്ടില്ലെന്ന് അങ്ങ് പറഞ്ഞു. കറന്റ് ഇയറിൽ നമ്മുടെ ടാക്സ് ഡിപ്പാർട്ടുമെന്റിന് വലിയ ജോലിയൊന്നുമില്ല. അതുകൊണ്ട് ഈ സംവിധാനങ്ങളെ നിലയ്ക്കുനിർത്താനും ഇതൊരു ശീലമായി മാറാതിരിക്കാനും നികുതി വകുപ്പിനെ ഇതെല്ലാം കണ്ടുപിടിക്കുന്നതിനുള്ള സംവിധാനമാക്കി ഇന്റലിജൻസ് സംവിധാനം കുറെക്കൂടി മെച്ചപ്പെടുത്താനും ഇത്തരം കള്ളക്കച്ചവടം നടത്തിയാൽ ഇന്നല്ലെങ്കിൽ നാളെ നിയമത്തിന്റെ മുന്നിൽ വരുമെന്നുള്ള ഒരു ഡിറ്ററന്റ് ഫാക്ടർ, അതെങ്കിലും ക്രിയേറ്റ് ചെയ്യാൻ നികുതി വകുപ്പ് മുൻകയ്യെടുക്കുമോ?

<u>ഡോ. ടി. എം. തോമസ് ഐസക്:</u> സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് പൂർണ്ണമായും ശരിയാണ്. നികുതി അനാർക്കിയാണ് ഇപ്പോൾ നിലനിൽക്കുന്നത്. എല്ലാ കച്ചവടക്കാർക്കും അല്ല, ജെനുവിൻ ടാക്സ് പേയിംഗ് ട്രേഡേഴ്സിന് വലിയ തിരിച്ചടിയായി ഇത് മാറുകയാണ്. വലിയ തോതിൽ നികുതി വെട്ടിച്ച് അന്യ സംസ്ഥാനത്തുനിന്നും നമ്മുടെ സംസ്ഥാനത്ത് സാധനങ്ങൾ കൊണ്ടുവന്നു വിൽക്കുകയാണ്. 'വെയർ ഹൗസിൽ കൊണ്ടുപോയി ഞങ്ങൾ തന്നേക്കാം ഒരു നികുതിയുടെയും പ്രശ്നമില്ല' എന്ന് പറഞ്ഞുവരുന്ന ഡീലേഴ്സും ഉണ്ട്. നികുതി വകുപ്പിൽ സീനിയർ ഉദ്യോഗസ്ഥരുടെ രണ്ടുദിവസത്തെ വർക്ക്ഷോപ്പുണ്ടായിരുന്നു. ഈ ഒരു വർഷം ജി.എസ്.ടി.-യിൽ വലിയ പണിയില്ലെന്ന് പറയുന്നത് ശരിയാണ്. വർഷാവസാനം കണക്ക് കിട്ടിയാൽ മാത്രമേ പരിശോധിക്കാൻ കഴിയൂ. വിശദമായ ചർച്ചകൾക്കുശേഷം വാറ്റിന്റെ കുടിശ്ശിക തീർക്കാനാണ് തീരുമാനിച്ചത്. ഈ വർഷം ലിസ്റ്റൊന്നും വച്ചിട്ടില്ല., മൊത്തം പരിശോധിച്ച് അസെസ്സ്മെന്റും പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇനിയും അടുത്തവർഷം വാറ്റിന്റെ കുടിശ്ശിക ഉണ്ടാകാൻ പാടില്ല. ആ രീതിയിലുള്ള പ്രവർത്തനത്തിലേയ്ക്കാണ് പോകുന്നത്. പരമാവധി പ്രയാസം കുറച്ച് പരിശോധന പൂർത്തീകരിക്കാനാണ് ഉദ്ദേശിച്ചതും പ്രയോറിറ്റി നല്കിയതും. രണ്ടാമത്, അങ്ങ് പറഞ്ഞതുപോലെ അസെസ്സ്മെന്റ് വിംഗിനൊന്നും പണ്ടത്തേതുപോലുള്ള എണ്ണത്തിന്റെ ആവശ്യമില്ല. ഇന്റലിജൻസിനാണ് കൂടുതൽ പ്രാധാന്യം നൽകുന്നത്. ഇന്റലിജൻസിനും എൻഫോഴ്സ്മെന്റിനും മുൻഗണന നൽകിക്കൊണ്ടുള്ള നികുതി വകുപ്പിന്റെ പുനഃസംഘടനയും ഈ വർഷം ഞങ്ങൾ ആലോചിക്കുന്നുണ്ട്.

## സഹകരണ സ്ഥാപനങ്ങൾ സാധാരണ ജനങ്ങളോട് കാണിക്കുന്ന വിവേചനം

2 (*452) ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. വി. എസ്. ശിവകുമാർ:
ശ്രീ. റോജി. എം. ജോൺ:
ശ്രീ. ഹൈബി ഈഡൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ സംഘങ്ങളും ബാങ്കുകളും സാധാരണ ജനങ്ങൾക്ക് ഗുണകരമായ നിലയിൽ പ്രവർത്തിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) വായ്പ നൽകുന്നതിലും കുടിശ്ശിക പിരിക്കുന്നതിലും സാധാരണക്കാരോട് സഹകരണ സ്ഥാപനങ്ങൾ വിവേചനം കാണിക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത്തരം വിവേചനങ്ങൾ അവസാനിപ്പിക്കുന്നതിനും സഹകരണ മേഖലയെ സാധാരണക്കാരുടെയും പട്ടിണിപ്പാവങ്ങളുടെയും അത്താണിയാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ;

(ഡി) കേരള ബാങ്കിന്റെ രൂപീകരണത്തോടെ സഹകരണ മേഖല കൂടുതൽ ശക്തിപ്പെടുമെന്നും സാധാരണക്കാരുടെ ആവശ്യങ്ങൾ നിറവേറ്റുവാൻ പ്രസ്തുത ബാങ്കിന്റെ രൂപീകരണത്തോടെ സാധിക്കുമെന്നും കരുതുന്നത് എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, (എ) സംസ്ഥാന സഹകരണ ബാങ്കിനെയും 14 ജില്ലാ സഹകരണ ബാങ്കുകളെയും സംയോജിപ്പിച്ച് ജനങ്ങൾക്കും സംസ്ഥാനത്തിനും ഏറെ പ്രയോജനകരമായ കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനാവശ്യമായ നടപടികൾ ദ്രുതഗതിയിൽ സ്വീകരിച്ചുവരുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമൂഹ്യ സുരക്ഷാ പെൻഷൻ സഹകരണ സംഘങ്ങൾ വഴി ഗുണഭോക്താക്കളുടെ വീട്ടിൽ എത്തിക്കുന്ന പദ്ധതി നടപ്പിലാക്കുകയും ആറ് ഘട്ടങ്ങളിലായി പെൻഷൻ വിതരണം നടത്തുകയും ചെയ്തു. അപ്രകാരം ആറ് ഘട്ടങ്ങളിലായി ആകെ 4640.16 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.

കേരള സർക്കാർ നടപ്പിലാക്കുന്ന 'ഹരിതകേരളം' പദ്ധതിക്ക് പിന്തുണ നൽകി 'ഹരിതം സഹകരണം' എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കി. വൃക്ഷത്തൈ നടൽ, ജൈവകൃഷി, മഴക്കുഴി നിർമ്മാണം തുടങ്ങി പാരിസ്ഥിതിക പ്രാധാന്യമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്ത് അനുഭവപ്പെട്ട അരിയുടെ ക്ഷാമം പരിഹരിക്കുന്നതിനും പൊതുവിപണി വിൽപ്പന വില പിടിച്ചുനിർത്തുന്നതിനുമായി കൺസ്യൂമർ ഫെഡിന്റെ നേതൃത്വത്തിൽ പ്രാഥമിക സഹകരണസംഘങ്ങളെക്കൂടി ഉൾപ്പെടുത്തി കൺസോർഷ്യം രൂപീകരിച്ചുകൊണ്ട് ഫലപ്രദമായി മാർക്കറ്റിൽ ഇടപെടുകയും ഇതുവഴി 680 അരിക്കടകൾ ആരംഭിച്ച് "സുവർണ്ണ മസൂരി" അരി കിലോയ്ക്ക് 25 രൂപാ നിരക്കിൽ പൊതുവിപണിയിൽ വിൽപ്പന നടത്തുകയും ചെയ്തു. കൺസ്യൂമർഫെഡിന്റെ നിരന്തരമായ വിപണി ഇടപെടലുകൾ നടന്നുവരുന്നുമുണ്ട്.

വിവിധ കാരണങ്ങളാൽ വർഷങ്ങളായി മുടങ്ങിക്കിടക്കുന്ന വായ്പയിൽ ആനുകൂല്യങ്ങളോടെ തിരിച്ചടയ്ക്കുന്നതിന് നവകേരളീയം കുടിശ്ശിക നിവാരണം 2018 എന്ന പേരിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കി വരുന്നു.

ഓഹരി മൂലധനം, വായ്പ, സബ്സിഡി സഹായങ്ങൾ നൽകി പ്രാഥമിക സഹകരണ സംഘങ്ങളെയും/കൺസ്യൂമർ ഫെഡിനെയും, നീതി സ്റ്റോറുകൾ/നീതി മെഡിക്കൽ സ്റ്റോറുകൾ എന്നിവയെയും ശക്തിപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവഴി നിത്യോപയോഗ സാധനങ്ങളും മരുന്നുകളും ജനങ്ങൾക്ക് ന്യായവിലയ്ക്ക് ലഭ്യമാക്കിവരുന്നു.

സംസ്ഥാനത്തെ പാവപ്പെട്ട ജനവിഭാഗങ്ങളുടെ നേട്ടം ലക്ഷ്യമിട്ടുള്ള നൂതന സംരംഭങ്ങൾ ആരംഭിക്കുന്നതിനായി മാതൃകാ സഹകരണ സംഘങ്ങൾക്ക് ധനസഹായം അനുവദിച്ചുകൊണ്ട് അവയുടെ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിച്ചു വരുന്നുണ്ട്.

പശ്ചാത്തല വികസനവുമായി ബന്ധപ്പെട്ട് വിപണനം, കാർഷിക സംസ്കരണം, ആരോഗ്യം തുടങ്ങിയ മേഖലകൾക്കുവേണ്ടിയുള്ള ആർ.ഐ.ഡി.എഫ്. ധനസഹായ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.

കാർഷികോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും കൃഷി വകുപ്പുമായി ചേർന്ന് ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽപ്പെടുന്ന എല്ലാ ഗ്രാമപഞ്ചായത്തുകളിലെയും കാർഷിക പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനായി സഹകരണ സ്ഥാപനങ്ങൾ ആരംഭിച്ച് കർഷക സേവന കേന്ദ്രങ്ങൾക്ക് ധനസഹായം നൽകി അതിന്റെ പ്രവർത്തനം വിപുലീകരിച്ചിട്ടുണ്ട്. കൃഷി വ്യാപനത്തിനായി മണ്ണ്, ജലപരിശോധനാ ലാബുകൾ സർക്കാർ ധനസഹായത്തോടെ നടപ്പിലാക്കിവരുന്നു.

റെയ്ഡ്കോ മുഖേന ഏറെ ഗുണകരമാകുംവിധം മിനി ആഗ്രോ ബസാറുകൾ, അഗ്രി ബസാറുകൾ, അഗ്രി ക്ലിനിക്കുകൾ, അഗ്രി ബിസിനസ്സ് സെന്ററുകൾ എന്നിവ തുടങ്ങുന്നതിനായി റെയ്ഡ്കോയ്ക്ക് 15 കോടി രൂപ എൻ.സി.ഡി.സി. സഹായം അനുവദിച്ചിട്ടുണ്ട്. സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി ഏകീകൃത സോഫ്റ്റ്വെയർ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്തെ കശുവണ്ടി മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ ജില്ലകളിൽ ഉൽപ്പാദിപ്പിക്കുന്ന കശുവണ്ടി സംഭരിച്ച് കശുവണ്ടി വികസന കോർപ്പറേഷന് നൽകുന്നതിന് പ്രാഥമിക സഹകരണ സംഘങ്ങളെ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

അക്ഷയ ഊർജ്ജ സംവിധാനങ്ങളുടെ ഉപയോഗം വ്യാപിപ്പിക്കുന്നതിന് ANERT-മായി ചേർന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന പദ്ധതികളിൽ ഗുണഭോക്താവിന്റെ വിഹിതം വായ്പയായി നൽകുന്നതിന് പ്രാഥമിക ബാങ്കുകളെ ചുമതലപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

കുറഞ്ഞ വിലയ്ക്ക് മലബാർ സിമന്റ് പൊതുവിപണിയിൽ ലഭ്യമാക്കുന്നതിനും അതുവഴി പൊതുമേഖലാ സ്ഥാപനമായ മലബാർ സിമന്റ്സ് ലിമിറ്റഡിന്റെ ഉൽപ്പന്നമായ മലബാർ സിമന്റിന്റെ വിപണനം വിപുലമാക്കുന്നതിനും സഹകരണ സംഘങ്ങളെ മലബാർ സിമന്റ്സിന്റെ ഡീലർമാരായും സ്റ്റോക്കിസ്റ്റുകളായും ഏർപ്പെടുത്തുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

സഹകരണ സ്ഥാപനങ്ങൾ മുഖേന പച്ചത്തേങ്ങ സംഭരണം പുനരാരംഭിക്കുന്നതിന് കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുള്ള പ്രവർത്തനങ്ങൾ സഹകരണ വകുപ്പിന്റെ പങ്കാളിത്തത്തോടെ നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

സഹകരണ സംഘങ്ങൾ മുഖേന നെല്ല് സംഭരണം നടത്തുന്നതിനുള്ള പദ്ധതി നിർദ്ദേശം പരിഗണനയിലാണ്.

കൺസ്യൂമർഫെഡിന്റെ അഴിമതി ഇല്ലായ്മ ചെയ്യുന്നതിനും സുതാര്യതകൊണ്ടു വരുന്നതിന്റെയും ഭാഗമായി ഇ-ടെണ്ടർ നടപ്പിലാക്കി. പ്രാഥമിക സഹകരണ സംഘങ്ങളിലെ പ്രതിനിധികളെ ഉൾപ്പെടുത്തി പർച്ചേസ് കമ്മിറ്റി വിപുലീകരിച്ചു. ചാർട്ടേഡ് അക്കൗണ്ടന്റ് സ്ഥാപനത്തിന്റെ നേതൃത്വത്തിൽ ഇന്റേണൽ ആഡിറ്റ് വിഭാഗത്തിന് രൂപം നൽകി. ബിസിനസ്സ് വർദ്ധിപ്പിക്കുന്നതിനാവശ്യമായ

ഇടപെടൽ നടത്തുന്നതിന്റെ ഭാഗമായി സ്റ്റുഡന്റ്സ് മാർക്കറ്റ് ആരംഭിക്കുന്നതിനും ആഫീസ് സ്റ്റേഷനറി സാധനങ്ങൾ ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിനുമായി ഇ-ത്രിവേണികൾ ആരംഭിക്കുന്നതിനും വ്യക്തികൾക്ക് ഓൺലൈനായി സാധനങ്ങൾ വാങ്ങുന്നതിനും വീട്ടിലെത്തിക്കുന്നതിനുമായി ത്രിവേണികൾ ഓൺലൈൻ ട്രേഡിംഗ് ആരംഭിക്കുന്നതിനും നടപടികൾ ആരംഭിച്ചു. പ്രാഥമിക സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ 2000 നീതി ഔട്ട്ലെറ്റും 1500 നീതി മെഡിക്കൽ സ്റ്റോറുകളും ആരംഭിക്കാൻ തീരുമാനിച്ച് നടപടികൾ നടന്നുവരുന്നു.

സഹകരണസംഘങ്ങളുടെ കൺസോർഷ്യം രൂപീകരിച്ച് കെ.എസ്.ആർ.ടി.സി. പെൻഷൻകാർക്ക് പ്രാഥമിക സഹകരണ സംഘങ്ങൾ മുഖേന പെൻഷൻ വിതരണം നടത്തിവരുന്നു.

8-ാമത് സഹകരണ കോൺഗ്രസിന്റെ ഭാഗമായി കരട് സഹകരണ നയം അംഗീകരിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നു. ഇപ്രകാരം സാധാരണ ജനങ്ങൾക്ക് ഗുണകരമായ നിലയിൽ വിവിധ പ്രവർത്തനങ്ങൾ സഹകരണ സംഘങ്ങളും ബാങ്കുകളും നടപ്പിലാക്കി വരുന്നു.

(ബി) അത്തരത്തിലുള്ള ആക്ഷേപങ്ങൾ ഒന്നുംതന്നെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ബാധകമല്ല.

(ഡി) നിർദ്ദിഷ്ട ബാങ്ക് നിലവിൽ വരുമ്പോൾ ആവർത്തിത/ഇരട്ടിപ്പിന്റെ സ്വഭാവമുള്ള പല ചാർജ്ജുകളും ഒഴിവാക്കുകയോ കുറയ്ക്കുകയോ ചെയ്യാനാകും. കൂടാതെ പലിശ നിരക്കിൽ ഗണ്യമായ കുറവ് സാധ്യമാക്കും. ഇത് സഹകരണ ബാങ്കുകളുടെ വായ്പാ വിഹിതം വർദ്ധിപ്പിക്കുകയും വായ്പക്കാരുടെ പലിശ ബാധ്യത കുറയ്ക്കാൻ സഹായകരമാകുകയും ചെയ്യും. സഹകരണ ബാങ്കുകൾക്ക് നിലവിലുള്ള പല പരിമിതികളും സംയോജനത്തിലൂടെ മറികടക്കാനുമാകും.

സംയോജനത്തിലൂടെ ബാങ്കിന്റെ ആസ്തി വർദ്ധിക്കുന്നതിനാൽ ബാങ്കിംഗ് മേഖലയിൽ മറ്റ് സ്ഥാപനങ്ങളുമായി ആരോഗ്യപരമായ മത്സരത്തിനും സംസ്ഥാനത്തിന്റെ വികസനം സാധ്യമാക്കുന്ന സുപ്രധാന പദ്ധതികൾക്ക് ധനസഹായം നൽകുവാനും പ്രസ്തുത ബാങ്കിന് കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, സഹകരണ ബാങ്കിൽ നിന്നും എടുത്ത ലോൺ തിരിച്ചടയ്ക്കാൻ സാധിക്കാത്തവരാണ് നമ്മുടെ ഓഫീസിൽ ഏറ്റവും കൂടുതൽ വരുന്നത്. പലിശയും പിഴപ്പലിശയും നമ്മൾ പറഞ്ഞാൽ കുറയ്ക്കുമെന്ന വിശ്വാസത്തിലാണ് ആളുകൾ വരുന്നത്. അങ്ങ് പറഞ്ഞതുപോലെ ഇന്ന് സർക്കാരിന്റെ കുടിശ്ശിക നിവാരണയജ്ഞം നടന്നുകൊണ്ടിരിക്കുകയാണ്. പല കേസ്സുകളും നേരിട്ട് പഠിക്കുമ്പോൾ, സർക്കാർ ഇപ്പോൾ നൽകുന്ന പലിശയെക്കാളും

പിഴപലിശയെക്കാളും കൂടുതൽ ഇളവുകൾ നൽകുകയാണെങ്കിൽ പല ആളുകൾക്കും ലോൺ ക്ലോസ് ചെയ്യാൻ കഴിയും. എന്റെ ചോദ്യം, കുടിശ്ശിക നിവാരണ യജ്ഞത്തിന്റെ ഭാഗമായി ഇനിയും കൂടുതൽ ഇളവുകൾ പ്രഖ്യാപിക്കാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഇപ്രാവശ്യത്തെ 'നവകേരളീയം കുടിശ്ശിക നിവാരണം 2018' മറ്റേത് കാലത്തെക്കാളും കൂടുതൽ ആനുകൂല്യം നൽകിക്കൊണ്ടാണ് പ്രഖ്യാപിച്ചിട്ടുള്ളത്. നമുക്ക് പൊതുവായ തീരുമാനങ്ങൾ മാത്രമേ എടുക്കാൻ സാധിക്കൂ. അതാത് ബാങ്കുകൾക്ക് അവരുടെ പൊതുനന്മ ഫണ്ടിന്റെ സാധ്യത കൂടി ഉപയോഗപ്പെടുത്തി അധികമായി എന്തെങ്കിലും തീരുമാനങ്ങളെടുക്കാൻ സാധിക്കും. ഇപ്പോഴുള്ള നമ്മുടെ പദ്ധതി രൂപരേഖ പരിശോധിക്കുമ്പോൾ ഏത് കാലത്തേക്കാളും മെച്ചപ്പെട്ട ഒരു പദ്ധതിയാണ് നടപ്പിലാക്കിയിരിക്കുന്നതെന്ന് മനസ്സിലാകും.

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, കേരള ബാങ്കിന്റെ ചോദ്യത്തിൽ 'ഡി' പിരിവ് ഉത്തരത്തിൽ അങ്ങ് പറഞ്ഞ ഒരു ഭാഗം, സഹകരണ ബാങ്കുകളുടെ സംയോജനത്തിലൂടെ കേരള ബാങ്കിന്റെ ആസ്തി വർദ്ധിക്കുന്നതിനാൽ ബാങ്കിംഗ് മേഖലയിലെ മറ്റ് സ്ഥാപനങ്ങളുമായി ആരോഗ്യകരമായ മത്സരം നടത്താൻ കഴിയും എന്നാണ്. ഈ നിയമസഭയിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിനെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ലയിപ്പിക്കുന്ന പ്രമേയ ചർച്ചയിൽ നമ്മളെല്ലാവരും പങ്കെടുത്തതാണ്. ഒരു ഗവൺമെന്റ് പ്രമേയത്തിൽ സംസാരിച്ചപ്പോൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പറഞ്ഞ വാദവും ഇതുതന്നെയാണ്. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. എന്റെ ചോദ്യം, കേരള ബാങ്കിന്റെ അപേക്ഷ റിസർവ് ബാങ്കിന് നൽകിയിട്ടുണ്ടോ; ഓണത്തോടനുബന്ധിച്ച് കേരളബാങ്ക് പ്രാവർത്തികമാക്കാൻ സാധിക്കുമെന്നാണ് അങ്ങ് പലവട്ടം പറഞ്ഞിട്ടുള്ളത്. ഓണത്തോടനുബന്ധിച്ച് ഈ ബാങ്കിന്റെ പ്രവർത്തനം ആരംഭിക്കാൻ സംസ്ഥാന സർക്കാരിന് സാധിക്കുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, കേരള ബാങ്ക് ഓണസമ്മാനമായി മലയാളിക്ക് സമ്മാനിക്കണമെന്നാണ് ആഗ്രഹിക്കുന്നത്. അതിന്റെ ഭാഗമായിട്ടുള്ള നടപടികൾ വളരെ വേഗത്തിൽ നടന്നുവരികയാണ്. സംസ്ഥാന സഹകരണ ബാങ്കുകളും ജില്ലാ ബാങ്കുകളും ലയിപ്പിക്കുന്നതിനുവേണ്ടിയുള്ള അനുമതിക്കായി റിസർവ് ബാങ്കിനെ സമീപിച്ചിട്ടുണ്ട്. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സംസ്ഥാന സഹകരണ ബാങ്കിന് നിലവിൽ റിസർവ് ബാങ്കിന്റെ അനുമതിയുണ്ട്.

ശ്രീ. വി. എസ്. ശിവകുമാറിനുവേണ്ടി ശ്രീ. സണ്ണി ജോസഫ്: സർ, കാർഷിക വായ്പാ സംഘങ്ങളുടെ പ്രധാന പ്രശ്നം കടബാധ്യതയാണെന്ന് എല്ലാവർക്കും അറിയാം. അത് പരിഹരിക്കുന്നതിനാണ് കാർഷിക കടാശ്വാസ കമ്മീഷനെ നിയോഗിച്ചത്. ആ കമ്മീഷന്റെ ഉത്തരവനുസരിച്ച് ആശ്വാസം

ലഭിക്കുന്ന കർഷകർക്ക് നൽകുന്ന തുക പകരമായി ഗവൺമെന്റ് സഹകരണ സംഘങ്ങൾക്ക് തിരിച്ചുനൽകണം. അത്തരത്തിൽ ധാരാളം തുക കുടിശ്ശിക നിൽക്കുന്നുണ്ട്. കോടിക്കണക്കിന് രൂപ തിരിച്ചു കിട്ടാത്ത സഹകരണ സംഘങ്ങളുണ്ട്. മറ്റൊരു പ്രധാന വിഷയം, 18-1-2007-ന് കുടിശ്ശികയായവർക്ക് മാത്രമേ കടാശ്വാസത്തിനായി അപേക്ഷിക്കാൻ സാധിക്കൂ എന്നതാണ് ചട്ടം. ഈ തീയതി നിശ്ചയിച്ചിട്ട് പതിനൊന്ന് വർഷം കഴിഞ്ഞിരിക്കുന്നു. ആ തീയതി നീട്ടി 18-1-2007-ന് ശേഷവും വായ്പകളിൽ കുടിശ്ശിക വന്നിട്ടുള്ളവർക്ക് ആനുകൂല്യം ലഭിക്കത്തക്കവിധത്തിൽ പുതിയ ഉത്തരവ് പുറപ്പെടുവിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, കഴിഞ്ഞ ദിവസം ഇത്തരത്തിലുള്ള ഒരു ചോദ്യത്തിൽ ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി മറുപടി പറഞ്ഞിട്ടുണ്ട്. അക്കാര്യം പരിശോധനയിലാണ്.

<u>ശ്രീ. റോജി എം. ജോൺ</u>: സർ, നിർദ്ദിഷ്ട കേരള ബാങ്ക് മലയാളികൾക്ക് ഒരു ഓണസമ്മാനമാണെന്നാണ് താങ്കൾ സൂചിപ്പിച്ചത്. അതൊരു ഓണത്തല്ലാകാതിരിക്കട്ടെ എന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു. ഇതിന്റെ ലൈസൻസുമായി ബന്ധപ്പെട്ട ഒരു സംശയം പറയാം. ജാർഖണ്ഡ് സംസ്ഥാനം രൂപീകൃതമായപ്പോൾ സ്വാഭാവികമായും ഒരു പുതിയ ബാങ്ക് അവിടെ രൂപീകരിക്കേണ്ടതായിട്ടുണ്ടായിരുന്നു. 10 വർഷം കഴിഞ്ഞിട്ടും അതിന് ലൈസൻസ് ലഭിക്കേണ്ട നടപടികൾ ആയിട്ടില്ല; കോടതിയിൽ കേസ്സായി കിടക്കുകയാണ്. നമുക്ക് ലൈസൻസ് കിട്ടുന്നതിനുവേണ്ടിയുള്ള എല്ലാ മുൻകരുതലുകളും കൃത്യമായി സ്വീകരിച്ചിട്ടുണ്ടോ; ഏതൊക്കെ സംസ്ഥാനങ്ങളിലാണ് റ്റു-ടയർ, ത്രീ-ടയർ സംവിധാനങ്ങൾ നിലനിൽക്കുന്നത്; അതിന്റെ ദൂഷ്യവശങ്ങളെക്കുറിച്ചും ഗുണഫലങ്ങളെക്കുറിച്ചും കൃത്യമായ പഠനം നടത്തിയിട്ടുണ്ടോ; തുടങ്ങിയ കാര്യങ്ങൾ സംബന്ധിച്ച് വിശദമാക്കാമോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, ലൈസൻസിനെ സംബന്ധിച്ച് പറയുമ്പോൾ, റിസർവ് ബാങ്കിന്റെ ലൈസൻസോടുകൂടി പ്രവർത്തിക്കുന്ന ബാങ്കാണ് സഹകരണ ബാങ്ക്. സംസ്ഥാന സഹകരണ ബാങ്കും ജില്ലാ ബാങ്കുകളും കൂടി ലയിച്ച് ഒരു ബാങ്ക് രൂപീകരിക്കും. അതായിരിക്കും കേരള ബാങ്കായി മാറുന്നത്. അതുകൊണ്ട് പുതിയ ലൈസൻസിന്റെ പ്രശ്നം ഇപ്പോൾ ഉദിക്കുന്നില്ല. റ്റു-ടയർ സിസ്റ്റത്തിലേയ്ക്ക് ചെറിയ സംസ്ഥാനങ്ങൾ മാറണമെന്നുള്ളത് ദീർഘകാലമായുള്ള കേന്ദ്രഗവൺമെന്റിന്റെ വിവിധ കമ്മീഷനുകളുടെ നിർദ്ദേശമാണ്. അതിന്റെ അടിസ്ഥാനത്തിൽ പല സംസ്ഥാനങ്ങളും റ്റു ടയർ സിസ്റ്റത്തിലേയ്ക്ക് മാറുന്നതിനു

വേണ്ടിയുള്ള നീക്കങ്ങളിലാണ്. മഹാരാഷ്ട്ര, ഉത്തർപ്രദേശ്, പഞ്ചാബ് തുടങ്ങിയ സംസ്ഥാനങ്ങൾ നമ്മുടെ സംസ്ഥാനം സ്വീകരിച്ച മാതൃക പിന്തുടരാൻ ശ്രമിക്കുകയാണ്. ഇതാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ശ്രീ. ഹൈബി ഈഡൻ: സർ, പല സഹകരണ ബാങ്കുകളെ മറയാക്കി ബിസിനസ്സ് നടത്തുന്നത് റിയൽ എസ്റ്റേറ്റ് മാഫിയകളാണ്. ഇവർ ഭീമമായ തുക ഈ ബാങ്കുകളിൽ നിന്നെല്ലാം കടമെടുക്കുകയാണ്. സാധാരണക്കാരന്റെ ലോൺ തിരിച്ചടവ് മുടങ്ങുമ്പോൾ അത് ജപ്തി ചെയ്യാൻ സഹകരണ ബാങ്കുകൾക്ക് വലിയ ഉത്സാഹമാണ്. പക്ഷെ ഇവർക്ക് സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നത് പരിശോധിക്കാനുള്ള എന്തെങ്കിലും ഒരു സംവിധാനം സഹകരണ വകുപ്പിനുണ്ടോ; അതിന് എന്തെങ്കിലും നടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, അങ്ങ് പറഞ്ഞ തരത്തിലുള്ള ആക്ഷേപങ്ങൾ യഥാർത്ഥത്തിൽ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ബാങ്കുകളിൽ നിന്നും വായ്പ എടുക്കുന്നവർ തിരിച്ചടയ്ക്കുന്ന കാര്യത്തിൽ വീഴ്ച വരുത്തുന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത് ഗവൺമെന്റിന്റെ മുന്നിലുമുണ്ട്. വീഴ്ച വരുത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, സാധാരണ ജനങ്ങളോടുള്ള വിവേചനം മാത്രമല്ല, പല പ്രമാണി സഹകരണ സംഘങ്ങളും സാധാരണ സംഘങ്ങളോടും സഹകരണ പ്രസ്ഥാനത്തോടും ഇതേ വിവേചനമാണ് സ്വീകരിക്കുന്നത്. സംസ്ഥാനത്തെ പല താലൂക്കുകളിലും ലേബർ കോൺട്രാക്ട് സൊസൈറ്റികളുണ്ട്. അതുപോലെ ജില്ലകളിൽ പലയിടത്തും നല്ല പ്രിന്റിംഗ് പ്രസ്സുകളുമുണ്ട്. നമ്മുടെ സഹകരണ സംഘങ്ങളുടെ നിർമ്മാണ ആവശ്യങ്ങൾ പൂർണ്ണമായും അതാത് താലൂക്കുകളിൽ ലേബർ സഹകരണ സംഘങ്ങൾ ഉണ്ടെങ്കിൽ അവരെ ഏൽപ്പിക്കണമെന്ന നിർദ്ദേശം നൽകാനാകുമോ; പ്രിന്റിംഗ് ആവശ്യങ്ങൾ പൂർണ്ണമായും സഹകരണ സംഘങ്ങളെ ഏൽപ്പിക്കണമെന്ന നിർദ്ദേശം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, അത്തരമൊരു നിർദ്ദേശം നൽകാൻ നമുക്ക് സാധിക്കില്ല. പ്രിന്റ് ചെയ്യുന്നയാളുകളുടെ താൽപ്പര്യമാണ് ഏറ്റവും പ്രധാനം. ഏറ്റവും നന്നായി പ്രിന്റ് ചെയ്തുകിട്ടണമെന്ന് താൽപ്പര്യമുള്ളവർ ഏറ്റവും നന്നായി വിലകുറച്ച് പ്രിന്റ് ചെയ്തുകൊടുക്കുന്ന സ്ഥാപനങ്ങളെ സമീപിക്കും. അങ്ങനെയൊരു നിർദ്ദേശം കൊടുക്കുക ബുദ്ധിമുട്ടാണ്.

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, സഹകരണ മേഖലയിലെ നിക്ഷേപം ഏകദേശം ഒരു ലക്ഷത്തി അയ്യായിരം കോടി രൂപയാണെന്നാണ് കണക്ക്. പക്ഷേ കേരളത്തിൽ 6 ശതമാനം പലിശയ്ക്കാണ് കാർഷിക വായ്പ നൽകുന്നത്.

അതിന് പ്രധാന കാരണം നമ്മുടെ റേറ്റ് ഓഫ് ഇന്ററസ്റ്റ് ആണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. വാണിജ്യ ബാങ്കുകളൊക്കെ 3-4 ശതമാനം പലിശയ്ക്ക് സ്വർണ്ണ പണയത്തിന്മേൽ കാർഷിക വായ്പ വ്യാപകമായി കൊടുത്തുകൊണ്ടിരിക്കുന്നു. ഇത് ലളിതവൽക്കരിച്ച് നമ്മുടെ പ്രൈമറി ബാങ്കുകളുടെ കപ്പാസിറ്റിക്കനുസരിച്ച് റേറ്റ് ഓഫ് ഇന്ററസ്റ്റിൽ മാറ്റം വരുത്തി ആകർഷകമായ തരത്തിൽ വായ്പ കൊടുക്കാൻ തയ്യാറാകുകയാണെങ്കിൽ കുറെ പണം അങ്ങനെ കൊടുക്കാൻ സാധിക്കും. പ്രൈമറി ബാങ്കിലെ നിക്ഷേപം മാത്രം ഏകദേശം 85,000 കോടി രൂപയാണ്. ഇപ്പോൾ ഗവൺമെന്റ് ഒരു ഡെപ്പോസിറ്റ് മൊബിലൈസേഷൻ അനൗൺസ് ചെയ്തിട്ടുണ്ട്. 5000 കോടി രൂപയാണ് നമ്മുടെ സ്റ്റേറ്റിന്റെ ടാർജറ്റ്. പല സർവ്വീസസ് കോ-ഓപ്പറേറ്റീവ് ബാങ്കുകളും ഡെപ്പോസിറ്റ് ക്യാൻവാസ് ചെയ്യാൻ മടിക്കുകയാണ്. കാരണം ഡെപ്പോസിറ്റ് ക്യാൻവാസിംഗ് അവർക്ക് നഷ്ടമാണ്. അവർ ഡെപ്പോസിറ്റ് സമാഹരിച്ചുകഴിഞ്ഞാൽ കുറഞ്ഞ പലിശയ്ക്കാണ് ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിക്ഷേപിക്കുന്നത്. അതുകൊണ്ട് റേറ്റ് ഓഫ് ഇന്ററസ്റ്റ് കുറയ്ക്കുന്നതും ബാങ്കുകളുടെ കപ്പാസിറ്റിക്കനുസരിച്ച് വായ്പ കൊടുക്കാനുള്ള സംവിധാനം ഏർപ്പെടുത്തുന്ന കാര്യവും ആലോചിച്ചുകൂടേ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, കാർഷിക വായ്പയ്ക്ക് പ്രാധാന്യം കൊടുക്കണമെന്നുള്ളതാണ് ഗവൺമെന്റിന്റെ സമീപനം. വായ്പാ വിതരണം 70 ശതമാനമായി എങ്കിലും പടിപടിയായി വർദ്ധിപ്പിക്കാൻ സാധിക്കണമെന്ന നിലയിലുള്ള സമീപനം സ്വീകരിക്കാനാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. റേറ്റ് ഓഫ് ഇന്ററസ്റ്റ് കുറയ്ക്കുക എന്നത് എങ്ങനെയാണ് നടപ്പിലാക്കുന്നതെന്ന് ആലോചിച്ച് ചെയ്യാവുന്നതാണ്.

<u>ശ്രീ. വി. ആർ. സുനിൽ കുമാർ</u>: സർ, സഹകരണ സംഘങ്ങളുടെ ലാഭ വിഹിതത്തിൽ ഒരു പ്രത്യേക ശതമാനം ജീവകാരുണ്യ പൊതുജന സേവന പ്രവർത്തനത്തിനായി മാറ്റിവയ്ക്കാമോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, നിലവിൽ അത് ചെയ്യുന്നുണ്ട്. ഒരു പൊതുനന്മ ഫണ്ടുണ്ട്. മിക്കവാറും എല്ലാ സഹകരണ സംഘങ്ങളും പൊതുനന്മ ഫണ്ടിൽ നിന്നും ആ പ്രദേശത്തെ ജനങ്ങൾക്ക് ഗുണകരവും സഹായകരവുമായിട്ടുള്ള പദ്ധതി പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, നമ്മുടെ സഹകരണ പ്രസ്ഥാനത്തിൽ ഇപ്പോൾ കുടിശ്ശിക നിവാരണ പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. അതിനുവേണ്ടി ഇപ്പോൾ അവർ ചെയ്തുകൊണ്ടിരിക്കുന്ന കുറുക്കുവഴി, ഈ തുകയൊക്കെ അങ്ങ് കൊടുക്കുക, അവരോട് നേരിട്ട് ഓഫീസിലേയ്ക്ക് ചെല്ലാൻ പറയുക, അവിടെ പോയികഴിയുമ്പോൾ ഇതേ കുടിശ്ശിക പലിശയും പിഴപ്പലിശയുമടക്കം വീണ്ടും പുതിയൊരു വായ്പയായി, വേറൊരു കടമായി

നിൽക്കുകയാണ്. ഇത് മാർവാഡികൾ ചെയ്തുകൊണ്ടിരിക്കുന്ന നടപടിയാണ്. അങ്ങ് അറിഞ്ഞിട്ടില്ല എന്നു ഞാൻ വിശ്വസിക്കുകയാണ്. കാരണം ഇത് ഒരിക്കലും ശരിയായ കാര്യമല്ല. പാവപ്പെട്ട കർഷകരുടെ കയ്യിൽ നിന്നും ഞെക്കിപ്പിഴിഞ്ഞ് പണം വാങ്ങുമ്പോൾ, നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ സമ്പന്നൻമാരായിട്ടുള്ള ആളുകൾ 400-500 കോടി രൂപ സഹകരണ പ്രസ്ഥാനത്തിൽ നിന്നും എടുത്തിട്ടുണ്ട്. ആളുകളുടെ പേര് പറഞ്ഞ് ആക്ഷേപിക്കാൻ കഴിയാത്തതുകൊണ്ട് ഞാൻ ആ സ്ഥാപനങ്ങളുടെ പേര് പറയുന്നില്ലെന്നേയുള്ളൂ. പേര് പറയാതെ തന്നെ ജനങ്ങൾക്ക് അറിയാം. ഇതുപോലെയുള്ള ആളുകളെ ഞെക്കിപ്പിഴിഞ്ഞ് വീണ്ടും കടക്കാരാക്കിക്കൊണ്ടിരിക്കുന്ന നടപടി ശരിയാണോ; ആ നടപടിക്കെതിരായി ഗവൺമെന്റ് എന്ത് കാര്യങ്ങളാണ് ചെയ്തിട്ടുള്ളത്; എന്ത് നടപടി സ്വീകരിക്കും?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യം ഏത് ബാങ്കിലാണ് നടക്കുന്നതെന്ന് എനിക്കറിയില്ല. നമ്മുടെ സംസ്ഥാനത്ത് വായ്പകൾ പുതുക്കുന്ന സമ്പ്രദായം ബാങ്കുകളിൽ സ്വാഭാവികമായും നടക്കുന്ന കാര്യമാണ്. അതാണ് അങ്ങ് സൂചിപ്പിക്കുന്നതെന്നാണ് എനിക്ക് തോന്നുന്നത്. അത് യഥാർത്ഥത്തിൽ ബുദ്ധിമുട്ടുണ്ടാക്കുന്നതും പാവപ്പെട്ട കൃഷിക്കാരന്റെ കടബാദ്ധ്യത വർദ്ധിപ്പിക്കുന്നതുമായ കാര്യം തന്നെയാണ്. അത് എങ്ങനെയാണ് നമുക്ക് പരിഹരിക്കാൻ സാധിക്കുന്നത്; വായ്പകൾ പുതുക്കി വയ്ക്കുക എന്നുപറയുന്നത് സാധാരണഗതിയിലുള്ള ഒരു സംഭവം മാത്രമാണ്. അത് പുതുക്കി വയ്ക്കാതിരിക്കാൻ ആവശ്യമായ നടപടികളാണ് സ്വീകരിക്കേണ്ടത്.

<u>ശ്രീ. വി. ജോയി</u>: സർ, അടുത്ത കാലത്തായി സഹകരണ സ്ഥാപനങ്ങളിലെ സ്വർണ്ണപ്പണയ വായ്പയുമായി ബന്ധപ്പെട്ട് കുറെ ആക്ഷേപങ്ങൾ വന്നിരുന്നു. ഗവൺമെന്റ് അത് അന്വേഷിക്കാൻ തീരുമാനിച്ചിരുന്നു. അതുമായി ബന്ധപ്പെട്ട് റിപ്പോർട്ടുകളോ, അന്വേഷണവുമായി ബന്ധപ്പെട്ട വിവരങ്ങളോ നൽകാൻ സാധിക്കുമോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, ഏതാനും ചില ബാങ്കുകളിൽ സ്വർണ്ണപ്പണയ വായ്പയുമായി ബന്ധപ്പെട്ട് വന്ന പ്രശ്നത്തിന്റെ അടിസ്ഥാനത്തിൽ ഒരു ഭൗതിക പരിശോധന നടത്തണമെന്ന് ഗവൺമെന്റ് നിശ്ചയിച്ചിട്ടുണ്ടായിരുന്നു. 9-3-2018 വരെയുള്ള കണക്ക് ലഭ്യമായിട്ടുണ്ട്. 279 ബാങ്കുകളിലാണ് ഭൗതിക പരിശോധന പൂർത്തീകരിച്ചത്. ഓരോ ബാങ്കിലും കോടിക്കണക്കിന് രൂപയുടെ സ്വർണ്ണമാണ് പണയമായി ഇരിക്കുന്നത്. അതെല്ലാം പരിശോധിക്കുവാൻ കുറച്ചുകൂടി സമയമെടുക്കും. ഏതായാലും 279 ബാങ്കുകളിൽ പരിശോധന പൂർത്തീകരിച്ചപ്പോൾ ക്രമക്കേടുകൾ ഒന്നുംതന്നെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല എന്നുള്ളതാണ് സന്തോഷകരമായ കാര്യം.

ശ്രീ. കെ. മുരളീധരൻ: സർ, കേന്ദ്രഗവൺമെന്റിന് നമ്മോടുള്ള സ്റ്റാന്റ് എന്താണെന്ന് അങ്ങേയ്ക്കറിയാം. കേരളത്തിനെ സാമ്പത്തികമായി ഞെരുക്കാൻ പറ്റുന്ന എല്ലാ സന്ദർഭങ്ങളും അവർ പ്രയോജനപ്പെടുത്തും. കേരള ബാങ്കായി ഇത് മാറുമ്പോൾ ഭാവിയിൽ എന്തെങ്കിലും കാരണവശാൽ അതിന് റിസർവ് ബാങ്കിന്റെ അംഗീകാരം ലഭിക്കാതെ വന്നാൽ സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് ഗവൺമെന്റ് ആലോചിച്ചിട്ടുണ്ടോ; കാരണം റിസർവ് ബാങ്ക് കേന്ദ്ര ഗവൺമെന്റിന്റെ നിയന്ത്രണിലുള്ളതാണ്. അതുകൊണ്ട് നമ്മെ ദ്രോഹിക്കാൻ അവർ നിലപാടെടുക്കുമ്പോൾ ഒരു ബദൽ മാർഗ്ഗം അങ്ങയുടെ മനസ്സിലുണ്ടോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, നമ്മൾ വളരെ പോസിറ്റീവായാണ് ഇക്കാര്യങ്ങൾ ചിന്തിച്ചുകൊണ്ടിരിക്കുന്നത്. ഇപ്പോൾ അങ്ങനെയൊരു നിലപാടിനെക്കുറിച്ച് ആലോചിക്കേണ്ടതില്ല. അങ്ങനെയൊരു ഘട്ടം വരികയാണെങ്കിൽ നമുക്ക് അതിനെക്കുറിച്ച് ആലോചിക്കാം.

## നോട്ടുനിരോധനം ഏൽപ്പിച്ച ആഘാതം സൃഷ്ടിച്ച പ്രതിസന്ധി

3 (*453) ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. ബി. സത്യൻ:
ശ്രീ. പി. വി. അൻവർ:
ശ്രീ. ജോർജ് എം. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ നയംമൂലം സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സംസ്ഥാന സമ്പദ്‌വ്യവസ്ഥയുടെ മേൽ കേന്ദ്ര സർക്കാരിന്റെ നോട്ടുനിരോധനം പോലുള്ള നടപടികൾ ഏൽപ്പിച്ച ആഘാതം സൃഷ്ടിച്ച പ്രതിസന്ധി തരണംചെയ്ത് വികസനം സാധ്യമാക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള വികസന തന്ത്രം അറിയിക്കാമോ;

(ബി) ധന ദൃഢീകരണമെന്ന പേരിൽ ധന ഉത്തരവാദിത്ത നിയമം കേന്ദ്രം കർശനമാക്കിയതും റവന്യൂ കമ്മി ഇല്ലാതാക്കുക എന്നതിലുപരി ധനകമ്മി കുറയ്ക്കുകയെന്ന അശാസ്ത്രീയ സമീപനവും വികസന പ്രവർത്തനങ്ങൾക്കായുള്ള കടമെടുപ്പിനെ എങ്ങനെ ബാധിക്കും;

(സി) ഓരോ വികസന പദ്ധതിക്കും വർഷംതോറും ചെലവഴിക്കുന്ന തുക സംബന്ധിച്ചും അതുവഴി ഉണ്ടാക്കാൻ സാധ്യമാകുന്ന ഭൗതിക നേട്ടങ്ങളും പ്രത്യാഘാതങ്ങളും തുടർച്ചയായി വിലയിരുത്തുന്ന ഫലാധിഷ്ഠിത വികസന തന്ത്രം ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വെളിപ്പെടുത്തുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ,

(എ) അഴിമതിയും ധനകാര്യ കെടുകാര്യസ്ഥതയും ധൂർത്തും നിമിത്തം സമ്പദ്ഘടന അടിമുടി താറുമാറായിരിക്കുന്ന അവസ്ഥയിലാണ് മുൻസർക്കാർ വരുത്തിവച്ച ഭീമമായ സാമ്പത്തിക ബാധ്യതയും ഏറ്റെടുത്തുകൊണ്ട് ഈ സർക്കാർ അധികാരമേൽക്കുന്നത്. കേന്ദ്ര സർക്കാരിന്റെ നോട്ട് നിരോധനമടക്കമുള്ള വികലമായ നയങ്ങളുടെയും വേണ്ടത്ര അവധാനതയില്ലാതെ നടപ്പിലാക്കിയ ചരക്ക് സേവന നികുതിയുടെയും ഫലമായി മേൽ പ്രതിസന്ധി കൂടുതൽ സങ്കീർണ്ണവും ഗുരുതരവുമാകുകയുണ്ടായി. സാമ്പത്തിക മാന്ദ്യത്തിന് സമാനമായ ടി പ്രതിസന്ധിക്കിടയിലും വികസന ക്ഷേമ പ്രവർത്തനങ്ങളിൽ ഒരു വിധത്തിലുമുള്ള കുറവ് വരുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. സാമ്പത്തിക അച്ചടക്കം കർശനമായി പാലിച്ചും അഴിമതിയും ധൂർത്തും ഒഴിവാക്കിയും നികുതിപിരിവ് ഊർജ്ജിതപ്പെടുത്തിയും നികുതിയേതര വരുമാനം വർദ്ധിപ്പിച്ചും ടി പ്രതിസന്ധിയെ തരണം ചെയ്യുകയെന്നതാണ് സർക്കാരിന്റെ നയം. ടി നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഹ്രസ്വകാല, ദീർഘകാല അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചു വരുന്നു.

നോട്ട് അസാധുവാക്കലിനോടനുബന്ധിച്ച് ട്രഷറി ഇടപാടുകൾക്ക് ഉണ്ടായിരുന്ന പ്രതിബന്ധങ്ങൾ പരിഹരിക്കുന്നതിന്, റിസർവ് ബാങ്ക് പുറപ്പെടുവിച്ച ഉത്തരവുകൾക്ക് വിധേയമായി, അടിയന്തര നടപടികൾ സ്വീകരിച്ചിരുന്നു. ഇതുമൂലം നോട്ട് പിൻവലിച്ചതിന്റെ ഫലമായുണ്ടായ കറൻസി ക്ഷാമം ലഘൂകരിക്കുവാൻ സാധിച്ചു.

നോട്ട് റദ്ദാക്കലിന്റെ ദുരിതം ലഘൂകരിക്കുന്നതിനായി പ്ലാന്റേഷൻ തൊഴിലാളികളുടെ കൂലി ട്രഷറി സേവിംഗ്സ് ബാങ്കിലൂടെ നൽകുന്നതിനായി ജില്ലാ കളക്ടർമാർക്ക് പലിശ രഹിത പ്രത്യേക റ്റി.എസ്.ബി. അക്കൗണ്ട് തുറന്നുകൊണ്ട് പ്ലാന്റേഷൻ തൊഴിലാളികളുടെ കൂലി നൽകുന്നതിന് നിർദ്ദേശം നൽകി.

പ്രാഥമിക സഹകരണ സംഘങ്ങളിൽ അക്കൗണ്ട് ഉള്ളവർക്ക് പണം പിൻവലിക്കാൻ കഴിയാതെ വന്നതിന് താൽക്കാലിക പരിഹാരമുണ്ടാക്കാനായി എല്ലാ പ്രാഥമിക സഹകരണ സംഘാംഗങ്ങൾക്കും ഓരോ മിറർ അക്കൗണ്ട് ബന്ധപ്പെട്ട ജില്ലാ സഹകരണ ബാങ്കിൽ തുറക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കി.

സർക്കാരിന്റെ നയപരമായ നടപടികളിലൂടെ ജനങ്ങളുടെ ബുദ്ധിമുട്ട് പരിഹരിക്കുന്നതിനോടൊപ്പം സ്വതന്ത്രമായ ഇടപെടലിലൂടെ കറൻസി രഹിത ധനവ്യവഹാരങ്ങൾ വാണിജ്യ ബാങ്കുകളിലും സഹകരണ ബാങ്കുകളിലും വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തി.

കറൻസി പിൻവലിക്കൽ ബഡ്ജറ്റിന്മേൽ സൃഷ്ടിച്ച പ്രത്യാഘാതങ്ങൾ പരിഹരിക്കുന്ന തരത്തിൽ പദ്ധതി ചെലവുകൾ നിശ്ചിത ലക്ഷ്യത്തിൽ നിലനിർത്താനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഇ-പേയ്മെന്റ് സംവിധാനം നടപ്പിലാക്കിവരുന്നു.

സംസ്ഥാന ട്രഷറിയിൽ ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം (ഐ.എഫ്.എം.എസ്.) നടപ്പിലാക്കി. ട്രഷറി സേവിംഗ്സ് ബാങ്കിംഗിനായുള്ള കോർബാങ്കിംഗ് സിസ്റ്റം എല്ലാ ട്രഷറികളിലും പൂർത്തിയാക്കി.

കോർ-ബാങ്കിംഗ് നെറ്റ്‌വർക്ക് ഉൾപ്പെടെയുള്ള എല്ലാ ആധുനിക ബാങ്കിംഗ് സൗകര്യങ്ങളോടുകൂടി വരുംവർഷം കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള ശ്രമത്തിലാണ്. സഹകരണ മേഖലയിൽ ഡിജിറ്റൽ ഇടപാടുകൾ പ്രോത്സാഹിപ്പിക്കും. സഹകരണ മേഖലയിൽ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നത് തുടരുകയും നിക്ഷേപങ്ങൾക്ക് ഗ്യാരണ്ടി ലഭ്യമാക്കുന്നത് പരിഗണിക്കുന്നതുമാണ്.

വായ്പയെടുക്കുന്നതിന്റെ ഒരു ഭാഗം ഉപയോഗപ്പെടുത്തി അതിന്റെ പല മടങ്ങ് പണം ബഡ്ജറ്റിന് പുറത്ത് സമാഹരിച്ച് സർക്കാർ നേതൃത്വത്തിൽ മുതൽ മുടക്കി അതുവഴി സംസ്ഥാനത്തിന്റെ വളർച്ച ത്വരിതപ്പെടുത്തുവാൻ വേണ്ട നടപടികൾ അന്തിമഘട്ടത്തിലാണ്.

1999-ലെ കിഫ്ബി ആക്റ്റ് പരിഷ്കരിച്ചുകൊണ്ട് സെബിയും ആർ.ബി.ഐ.-യും അംഗീകരിച്ചിട്ടുള്ള നൂതന ധനസമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുവാൻ കേരള ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് ബോർഡിനെ സജ്ജമാക്കി. ഏതാണ്ട് 54,000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ കിഫ്ബിയിലൂടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ഇതിൽ 20,000 കോടിയോളം രൂപയുടെ പദ്ധതിക്ക് പണം അനുവദിച്ച് നിർവ്വഹണത്തിലേയ്ക്ക് നീങ്ങുന്നു. 10,000 കോടി രൂപയുടെ പ്രവൃത്തികൾക്ക് അധികം താമസിയാതെ അനുവാദം നൽകും. ശേഷിക്കുന്നവ വരും വർഷത്തിലും. സമാനതകളില്ലാത്ത ഈ നിക്ഷേപം ഉളവാക്കുന്ന സാമ്പത്തിക ഉത്തേജനം സാമ്പത്തിക മാന്ദ്യത്തിന് ഒരു മറുമരുന്നാകും.

സമ്പൂർണ്ണ പാർപ്പിടം ഉറപ്പുവരുത്തുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച ലൈഫ് പാർപ്പിട പദ്ധതിക്കായി 2018-19-ൽ 2500 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ ഇനത്തിലുള്ള ചെലവഴിക്കൽ ഗ്രാമീണ നിർമ്മാണ മേഖലകളിൽ ഒരു പുത്തൻ ഉണർവ് സൃഷ്ടിക്കും. ഇതിലുപരി അടുത്ത സാമ്പത്തിക വർഷം 500 കുട്ടികളിൽ കൂടുതൽ പഠിക്കുന്ന എല്ലാ സ്കൂളുകളുടെയും പശ്ചാത്തല സൗകര്യ വികസനത്തിന് 50 ലക്ഷം രൂപ മുതൽ ഒരു കോടി രൂപ വരെ ചെലവഴിക്കുന്നതാണ്.

കുടുംബശ്രീക്ക് 2018-19-ൽ 200 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ കുടുംബശ്രീ ഇരുപതാം വർഷത്തിലേയ്ക്ക് കടക്കുന്നതിനാൽ 20 ഇന കർമ്മ പരിപാടിക്ക് രൂപം നൽകിയിട്ടുണ്ട്.

പരമ്പരാഗത തൊഴിൽ മേഖലകളായ കൈത്തറി, കയർ, കശുവണ്ടി വ്യവസായം തുടങ്ങിയവയ്ക്ക് ആവശ്യമായ വിഹിതം ബഡ്ജറ്റിൽ വകയിരുത്തി.

നെല്ല് സംഭരണം, തരിശുഭൂമിയിൽ കൃഷിയിറക്കൽ, നാളികേര വികസനം, വിളകളുടെ ആരോഗ്യ പരിപാലനം, ഗുണമേന്മയുള്ള വിത്തും നടീൽ വസ്തുക്കളും ലഭ്യമാക്കൽ, വ്യവസായാടിസ്ഥാനത്തിൽ കാർഷിക പ്രവർത്തനങ്ങൾ നടത്തുന്നതിന് നൂതന സാങ്കേതികവിദ്യകളെ പ്രോത്സാഹിപ്പിക്കുക എന്നിവയ്ക്ക് 2018-19-ലെ ബഡ്ജറ്റിൽ പ്രത്യേക ഊന്നൽ നൽകിയിട്ടുണ്ട്.

റബ്ബർ ഉത്പ്പന്നങ്ങളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിന് സിയാൽ മാതൃകയിൽ കമ്പനിയും റബ്ബർ പാർക്കുകളും റബ്ബറധിഷ്ഠിത വ്യവസായങ്ങൾക്ക് ഇൻക്യുബേഷൻ സെന്ററും സ്ഥാപിക്കും.

മൃഗപരിപാലനത്തിന് കാലിത്തീറ്റ സബ്സിഡിക്കും ക്ഷീര സഹകരണ സംഘങ്ങൾക്കും ബഡ്ജറ്റിലൂടെ മുന്തിയ പരിഗണന ഉറപ്പുവരുത്തി.

അടുത്ത സാമ്പത്തിക വർഷം വിനോദസഞ്ചാര മേഖലയുടെ സമഗ്ര വികസനത്തിനുതകുന്ന ടൂറിസം മാർക്കറ്റിംഗ്, മുസിരിസ് പ്രോജക്ട്, തലശ്ശേരി, ആലപ്പുഴ, പൊന്നാനി, ബേപ്പൂർ പൈതൃക പദ്ധതി, സ്പൈസസ് റൂട്ട് എന്നീ പദ്ധതികൾ ബഡ്ജറ്റിൽ വിഭാവന ചെയ്തിട്ടുണ്ട്.

സംസ്ഥാനത്തിന്റെ പശ്ചാത്തല സൗകര്യ വികസനത്തിന് കുതിപ്പ് നൽകുന്നതിനായി വ്യവസായ വാണിജ്യ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിന് നിയമങ്ങളിലും നടപടിക്രമങ്ങളിലും ആവശ്യമായ ഭേദഗതികൾ വരുത്തുകയും കിഫ്ബിയുടെ ഭാഗമായി നടപ്പാക്കുന്ന 54,000 കോടി രൂപയുടെ നിക്ഷേപത്തിൽ ഗണ്യമായ വിഹിതം മാറ്റിവയ്ക്കുകയും ചെയ്തു.

വൻകിട ഇടത്തരം ജലസേചന പദ്ധതികളോടൊപ്പം പരമ്പരാഗത ജല സ്രോതസ്സുകളായ കുളങ്ങളും തോടുകളും പുനരുദ്ധരിക്കുന്നതിനും കനാലുകൾ നവീകരിക്കുന്നതിനും സമഗ്ര പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. സംസ്ഥാനത്തിന്റെ ജലസേചന ആവശ്യങ്ങൾക്ക് ഒരു പരിധിവരെ മേൽ പദ്ധതികൾ പര്യാപ്തമാകും.

2018-19-ൽ 37,247.99 കോടി രൂപയുടെ വാർഷിക പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. സംസ്ഥാന പദ്ധതി അടങ്കൽ 29,150 കോടി രൂപ വരും. ഗ്രാമ വികസനത്തിന് 226.04 കോടി രൂപയുടെയും കാർഷിക മേഖലയ്ക്ക് 155.12 കോടി രൂപയുടെയും വർദ്ധനവ് മുൻവർഷത്തെ അപേക്ഷിച്ച് അനുവദിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വിഹിതം 7000 കോടി രൂപയായി ഉയർത്തിയിട്ടുണ്ട്.

(ബി) ധനകമ്മി വായ്പയെടുക്കുന്നത് റവന്യൂ ചെലവുകൾക്കുവേണ്ടി വിനിയോഗിക്കുന്നതാണ് മോശം. അതുകൊണ്ട് റവന്യൂ കമ്മി ഗണ്യമായി കുറയ്ക്കാൻ കഴിഞ്ഞാൽ അതിനനുസരിച്ച് നമ്മുടെ ധനകമ്മി ഉയർത്താൻ അനുവാദം തരാതിരിക്കുന്നത് യഥാർത്ഥത്തിൽ സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങളെ, പശ്ചാത്തല സൗകര്യ സൃഷ്ടിയെ മന്ദീഭവിപ്പിക്കുകയാണ് ചെയ്യുക.

(സി) വർഷംതോറും ചെലവഴിക്കുന്ന പണത്തിന്റെ ഭൗതികനേട്ടങ്ങളുടെ കണക്ക് ഇപ്പോൾത്തന്നെ പ്ലാനിംഗ് ബോർഡും മറ്റും തയ്യാറാക്കുന്നുണ്ട്. എന്നാൽ ഫലാധിഷ്ഠിത വികസന ബജറ്റിംഗ് എന്നു പറയുന്നത് ഒരു പടികൂടി കടന്ന്, ഭൗതിക നേട്ടങ്ങളുടെ out come-നെക്കുറിച്ചാണ് ചിന്തിക്കുന്നത്. ഉദാഹരണത്തിന്, ആരോഗ്യ മേഖലയിൽ പണം മുടക്കുന്നതിന്റെ ഫലമായി ഭൗതിക നേട്ടം, എത്ര ബെഡ് ഉണ്ടായി, ആശുപത്രി ഉണ്ടായി എന്നൊക്കെ പറയുന്നതിനോടൊപ്പംതന്നെ അതിന്റെ ഫലമായി ശിശുമരണ നിരക്കിൽ എന്ത് മാറ്റം വന്നു, ആരോഗ്യ രോഗാതുരതയിൽ എന്ത് മാറ്റം വന്നു എന്നുള്ള out come കൂടി വയ്ക്കണമെന്നുള്ളതാണ് ചോദ്യത്തിൽ പറയുന്നത്. അത് സർക്കാർ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. എ. എൻ. ഷംസീർ: സർ, ഡിമോണിട്ടൈസേഷനെതിരെ ഇന്ത്യയിൽ ഏറ്റവും ആദ്യം അഭിപ്രായം പറഞ്ഞ വ്യക്തി അങ്ങാണ്. 2017 ഡിസംബർ വരെ 83 ലക്ഷം കോടി രൂപയുടെ വായ്പയാണ് നൽകിയിട്ടുള്ളത്. ഇതിൽ ഭൂരിഭാഗവും 500 കോടി രൂപയ്ക്ക് മുകളിലാണ്. 25 ലക്ഷം രൂപയുടെ വായ്പാ പദ്ധതികൾ കുറച്ചുകൊണ്ടുവരുന്ന കാഴ്ചയാണ് ഇപ്പോൾ കണ്ടുകൊണ്ടിരിക്കുന്നത്. വാങ്ങൽ ശേഷി കുറഞ്ഞുകൊണ്ടിരിക്കുകയാണ് എന്നാണ് അത് കാണിക്കുന്നത്. നോട്ടുനിരോധനത്തിനുശേഷം എത്ര ചെറുകിട വ്യവസായ സ്ഥാപനങ്ങൾ പൂട്ടപ്പെട്ടു; അതിന്റെ കണക്ക് അങ്ങയുടെ കൈവശമുണ്ടോ; അതിൽ ജോലിയെടുത്തിരുന്ന തൊഴിലാളികളിൽ എത്ര പേർക്ക് തൊഴിൽ നഷ്ടപ്പെട്ടു; നമ്മുടെ സംസ്ഥാനത്ത് ഏറ്റവും പ്രധാനം നിർമ്മാണ തൊഴിൽ മേഖലയാണ്. ഈ നിർമ്മാണ തൊഴിൽ മേഖലയ്ക്കകത്ത് നോട്ടുനിരോധനത്തിന്റെ പ്രത്യാഘാതം എത്രമാത്രം ഏറ്റിട്ടുണ്ട്; അതിനെക്കുറിച്ച് എന്തെങ്കിലും പഠന റിപ്പോർട്ട് താങ്കളുടെ കൈവശമുണ്ടോ?

<u>ഡോ. ടി. എം. തോമസ് ഐസക്:</u> സർ, നോട്ട് നിരോധനത്തിന്റെ പ്രത്യാഘാതങ്ങളെക്കുറിച്ച് പഠനങ്ങൾ പുറത്തുവന്നുകൊണ്ടിരിക്കുകയാണ്. ഇതിന്റെ ഫലമായി 2 ലക്ഷത്തോളം വരുന്ന ചെറുകിട വ്യവസായ സ്ഥാപനങ്ങൾ പൂട്ടപ്പെട്ടു. ഇതിൽ മാത്രമായി ഏകദേശം 10 ലക്ഷത്തോളം ആളുകൾക്ക് തൊഴിൽ നഷ്ടപ്പെട്ടിരിക്കുന്നു. നിർമ്മാണ മേഖലയിൽ, കൂലി വേലയുടെ അടിസ്ഥാനത്തിൽ പ്രവർത്തിച്ചിരുന്ന മേഖലകളിലെല്ലാം പണമായി കൂലി നൽകാൻ പ്രയാസമുള്ളതുകൊണ്ട് മാന്ദ്യം ഉണ്ടായിട്ടുണ്ട്. അസംഘടിത മേഖലയെ നോട്ടുനിരോധനം പ്രതികൂലമായി ബാധിച്ചുവെന്നുള്ളത് അവിതർക്കിതവും എല്ലാവരും അംഗീകരിക്കുന്നതുമായ കാര്യമാണ്.

<u>ശ്രീ. എ. എൻ. ഷംസീർ:</u> സർ, കേരളത്തിൽ ഇതിന്റെ ഭാഗമായി നികുതി വരുമാനത്തിലുണ്ടായ കുറവ് എത്രമാത്രം ഗൗരവമാണ്. അത് സംബന്ധിച്ച് എന്തെങ്കിലും കണക്ക് അങ്ങയുടെ കൈവശമുണ്ടോ?

<u>ഡോ. ടി. എം. തോമസ് ഐസക്:</u> സർ, കഴിഞ്ഞ വർഷവും കേരളത്തിലെ വാറ്റ് നികുതി വരുമാനം 9 ശതമാനമാണ് വർദ്ധിച്ചത്. അത് യഥാർത്ഥത്തിൽ വ്യാപാര മേഖലയിലുണ്ടായ മാന്ദ്യത്തിന്റെയുംകൂടി ഫലമാണ്. അതിന്റെ കാരണമാകട്ടെ നോട്ടുനിരോധനവുമാണ്.

<u>ശ്രീ. ബി. സത്യൻ:</u> സർ, ഓഖിദുരന്തം ഒരു പ്രകൃതി ദുരന്തവും നോട്ടുനിരോധനം മനുഷ്യനിർമ്മിതവുമാണെന്നാണ് അങ്ങ് പറഞ്ഞത്. കള്ള നോട്ട് ഇല്ലാതാക്കാനും കള്ളപ്പണം കണ്ടെത്താനും ഡിജിറ്റൽ സമ്പദ്ഘടനയിലേയ്ക്ക് രാജ്യത്തെ നയിക്കാനും വേണ്ടിയാണ് നോട്ടുനിരോധനം ഏർപ്പെടുത്തിയതെന്നാണ് പറയപ്പെടുന്നത്. അത് സൃഷ്ടിച്ചിട്ടുള്ള ആഘാതം, പ്രത്യേകിച്ച് കേരളത്തിന്റെ സമ്പദ്ഘടനയിൽ വരുത്തിയിട്ടുള്ള ആഘാതം വളരെ വലുതാണ്. അതിന്റെ ഭാഗമായി രണ്ട് ലക്ഷത്തോളം വരുന്ന ആളുകൾ ഏർപ്പെട്ടിരുന്ന ചെറുകിട-കുടിൽ വ്യവസായ സംരംഭങ്ങളെല്ലാം തകർന്നടിഞ്ഞുവെന്ന് അങ്ങുതന്നെ പറഞ്ഞു. എന്റെ ചോദ്യം, 2008 കാലയളവിൽ ലോകത്താകെയുണ്ടായ സാമ്പത്തിക മാന്ദ്യത്തിന്റെ പശ്ചാത്തലത്തിൽ അങ്ങ് ഒരു മാന്ദ്യ വിരുദ്ധ പാക്കേജ് പ്രഖ്യാപിച്ചിരുന്നു. ഈ പ്രയാസങ്ങളുടെയും ദുരിതങ്ങളുടെയും നടുവിൽ ഒരു പ്രത്യേക പാക്കേജ്, അസംഘടിത-പരമ്പരാഗത കുടിൽ വ്യവസായ സംരംഭങ്ങളിൽ ഏർപ്പെട്ട് തകർന്നടിഞ്ഞുകൊണ്ടിരിക്കുന്നവരെ സഹായിക്കാൻ ഒരു പ്രത്യേക പദ്ധതി ആവിഷ്കരിക്കാൻ കഴിയുമോ?

<u>ഡോ. ടി. എം. തോമസ് ഐസക്:</u> സർ, നോട്ട് നിരോധനത്തിന്റെ പശ്ചാത്തലത്തിൽ ഉണ്ടാകുന്ന സാമ്പത്തിക മാന്ദ്യത്തിന് ഒരു മറുമരുന്നായിട്ടാണ് കിഫ്ബി വഴി 50,000 കോടി രൂപയുടെ നിക്ഷേപം നടത്തുന്നതിന് ബഡ്ജറ്റിൽ തീരുമാനിച്ചിട്ടുള്ളത്. യഥാർത്ഥത്തിൽ ഇത് വലിയൊരു മാന്ദ്യ വിരുദ്ധ

പാക്കേജാണ്. ഗൾഫിൽനിന്നുള്ള തിരിച്ചു വരവുണ്ടായിട്ടും മൊത്തത്തിൽ ഒരു തകർച്ചയിലേയ്ക്ക് പോകാതെ താങ്ങി നിർത്തുന്നതിൽ ഇതുണ്ടാക്കിയിട്ടുള്ള പ്രത്യാശ പ്രധാന ഘടകമാണ്. ഈ വർഷം മുതൽ, ഈ പണം യഥാർത്ഥത്തിൽ ചെലവായി തുടങ്ങുമ്പോൾ അത് സമ്പദ്ഘടനയിൽ വലിയൊരു ഉത്തേജകം സൃഷ്ടിക്കുമെന്ന് എനിക്കുറപ്പുണ്ട്.

ശ്രീ. പി. വി. അൻവറിനുവേണ്ടി <u>ശ്രീ. വി. കെ. സി. മമ്മത് കോയ:</u> സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞതുപോലെ, നോട്ട് നിരോധനത്തിന്റെ പ്രതിസന്ധി പരിഹരിക്കാൻ കിഫ്ബി വഴി 54,000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്. 20,000 കോടി രൂപയുടെ പ്രവൃത്തി നടക്കുന്നു, 10,000 കോടി രൂപയുടെ പ്രവൃത്തിക്കുള്ള പരിപാടി തയ്യാറാക്കുന്നുവെന്നാണ് പറഞ്ഞത്. ഈ പണം ജനങ്ങളിലെത്തണം. അതിന് കാലതാമസം വരുന്നുണ്ട്. കിഫ്ബി മുഖാന്തരം തീരുമാനിച്ച പ്രവൃത്തികളിൽ പഴയ സർക്കാർ മെഷിനറികളുടെ പ്രവർത്തനമാണ് കാണുന്നത്. ബഹുമാനപ്പെട്ട മന്ത്രി ഉദ്ദേശിക്കുന്ന ലക്ഷ്യപ്രാപ്തിയിലെത്താൻ, പ്രവർത്തനങ്ങളുടെ വേഗത കൂട്ടാനും എടുത്ത പണികളുടെ ബിൽ വേഗം കൊടുക്കാനും പണം ജനങ്ങളിലേയ്ക്ക് എത്തിക്കാനുമുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഡോ. ടി. എം. തോമസ് ഐസക്:</u> സർ, രണ്ട് ഘട്ടങ്ങളിൽ കാലതാമസം വരാം. അനുമതി നൽകി പണം കിഫ്ബി അനുവദിക്കുന്നത് വരെയുള്ള പ്രവർത്തനങ്ങളിലും അനുവാദം നൽകിക്കഴിഞ്ഞാൽ പ്രായോഗികമായി അത് നടപ്പാക്കുന്നതിലും കാലതാമസമുണ്ടാകാം. ഒരു പുതിയ സംരംഭമെന്ന നിലയിൽ ആദ്യ കാലങ്ങളിൽ, കഴിഞ്ഞ വർഷമെല്ലാം കാലതാമസം വന്നിട്ടുണ്ട്. കാരണം, കിഫ്ബിയിൽ പ്രോജക്ടുകൾ സമർപ്പിക്കുന്നതിന് പ്രത്യേക രീതിയുണ്ട്. ആ സമ്പ്രദായം നമുക്ക് സുപരിചിതമല്ലാത്തതുകൊണ്ട് ഒരുപാട് പ്രയാസങ്ങൾ, തന്നത് തിരുത്തിക്കുക തുടങ്ങിയവ വേണ്ടിവന്നു. എന്നാൽ ഇപ്പോൾ 20,000 കോടി രൂപയുടെ പൂർണ്ണ അനുവാദം നൽകിയിട്ടുണ്ട്. എല്ലാ മാസവും 1000 - 2000 കോടി രൂപയ്ക്കുള്ള പ്രോജക്ടുകൾക്ക് അനുവാദം നൽകാൻ പറ്റുമെന്നാണ് ഇപ്പോഴത്തെ കണക്കുകൂട്ടൽ. അതുകൊണ്ട് ഒന്നാം ഘട്ടത്തിലുണ്ടായ കാലതാമസം ഇനി വളരെ കുറവായിരിക്കും. രണ്ടാം ഘട്ടത്തിലെ പ്രശ്നം എന്താണെന്നുവച്ചാൽ, ടെണ്ടർ വിളിക്കുന്നതിനും മറ്റും ഉണ്ടാക്കിയിട്ടുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾസിനും ഇത്രയും വലിയ ഭാരം താങ്ങിയുള്ള പരിചയമില്ല. അതും അനുഭവത്തിന്റെ അടിസ്ഥാനത്തിൽ വേഗത്തിലാകുമെന്നുതന്നെയാണ് കരുതുന്നത്. ഏതായാലും പണി പൂർത്തീകരിച്ചാൽ ഓൺലൈനായി പണം നൽകുന്നതിന്,

എപ്പോൾ ബിൽ തരുന്നുവോ, പാർട്ട് ബിൽ ആയാലും അപ്പോൾതന്നെ പണം നൽകുന്നതിനുള്ള എല്ലാ തയ്യാറെടുപ്പുകളുമുണ്ട്. വായ്പ പുറത്തുനിന്നും എടുത്തിട്ടിരുന്നില്ലെന്നാണ് പലരും പറഞ്ഞുകൊണ്ടിരുന്നത്. എന്നാൽ അതൊക്കെ ടൈ-അപ്പായിട്ടുണ്ട്. ആദ്യത്തെ ബോണ്ട് ഈ മാസം പുറത്തിറക്കാനാണ് ഉദ്ദേശിക്കുന്നത്. 9 ശതമാനത്തിന് ഇന്ത്യൻ മാർക്കറ്റിൽനിന്നുതന്നെ കിട്ടുമെന്ന് ഏതാണ്ട് ഉറപ്പാണ്.

ശ്രീ. ജോർജ് എം. തോമസ്: സർ, നോട്ട് നിരോധനം വന്ന സമയത്ത് കൂടുതൽ പ്രത്യാഘാതമുണ്ടായത് സഹകരണ മേഖലകളിലെ ഡെപ്പോസിറ്റുകളിലാണ്. ഏകദേശം 6500 കോടിയോളം രൂപ സഹകരണ ബാങ്കുകളിൽനിന്നും പിൻവലിക്കപ്പെട്ടുവെന്നാണ് കണക്കുകൾ പറയുന്നത്. ഈ തുക പോയിട്ടുള്ളത് എസ്.ബി.ഐ. പോലുള്ള പൊതുമേഖലാ ബാങ്കുകളിൽ അല്ലെങ്കിൽ വൻകിട ബാങ്കുകളിലേയ്ക്കാണ്. ഈ വൻകിട പൊതുമേഖലാ ബാങ്കുകളാകട്ടെ കേരളത്തിൽ കൊടുക്കുന്ന വായ്പയുടെ തോത് ഒട്ടും വർദ്ധിപ്പിച്ചില്ലെന്ന് മാത്രമല്ല, കുറയ്ക്കുകയാണ് ചെയ്തത്. ഇതുമൂലം കേരളത്തിലെ മൂലധന നിക്ഷേപത്തിന് ആവശ്യമായ പണം നഷ്ടപ്പെടുകയാണ്. അതുകൊണ്ട് എസ്.ബി.ഐ. പോലുള്ള ബാങ്കുകളോട് സമ്മർദ്ദം ചെലുത്തി ഇവിടത്തെ ക്രെഡിറ്റ് ഡെപ്പോസിറ്റ് റേഷ്യോ വർദ്ധിപ്പിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം വളരെ പ്രധാനപ്പെട്ടതാണ്. എസ്.ബി.ടി. ആയിരുന്നപ്പോൾ ഇവിടെ നിന്നുള്ള ഡെപ്പോസിറ്റുകളുടെ 60 ശതമാനവും ഇവിടെത്തന്നെ വായ്പ കൊടുക്കുമായിരുന്നു. എസ്.ബി.ഐ.-യുടെ ഈ വർഷത്തെ റേറ്റ് 44 ശതമാനമാണ്. അത്രയേറെ കുറഞ്ഞിരിക്കുകയാണ്. കേരള ബാങ്ക് വരികയെന്ന് പറയുന്നത് ഇതിനൊരു പ്രതിവിധിയാണ്. കേരളത്തോട് ഒരു ജൈവബന്ധമുള്ള, താൽപ്പര്യമുള്ള, ഇവരോടൊക്കെ മത്സരിക്കാൻ പറ്റുന്ന ഒരു ബാങ്കിംഗ് സ്ഥാപനം ഇനിയുള്ള വികസനത്തിന് അനിവാര്യമാണ്. അങ്ങ് പറഞ്ഞതുപോലെ, നമ്മുടെ പ്രൈമറി ബാങ്കുകൾക്ക് ഇനിയും ഇതുപോലുള്ള കെടുതികൾ വരാതിരിക്കണമെങ്കിൽ അവയെ സംരക്ഷിക്കാൻ പറ്റുന്ന ഒരു കുട വേണം. ഈ ആധുനിക ബാങ്കിംഗ് സങ്കേതങ്ങളും സൗകര്യങ്ങളുമെല്ലാം അതുവഴി നമ്മുടെ പ്രാഥമിക ബാങ്കുകൾക്കും കൊടുക്കാൻ കഴിയണം. കാരണം, പ്രാഥമിക ബാങ്കുകൾക്ക് കോർ ബാങ്കിംഗ് സിസ്റ്റത്തിന്റെ ഭാഗമാകാൻ പറ്റില്ല. പക്ഷെ, നമ്മുടെ വരാൻ പോകുന്ന ബാങ്കിന് അതിന് കഴിയും. അതുകൊണ്ട് നമ്മുടെ സഹകരണ മേഖലയെ സംരക്ഷിക്കുന്നതിനുതന്നെ കേരള ബാങ്ക് സംവിധാനം അനിവാര്യമാണ്.

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: സർ, നോട്ട് നിരോധനം രാഷ്ട്രത്തിന്റെ സമ്പദ് വ്യവസ്ഥ സംരക്ഷിക്കാൻ വേണ്ടിയൊന്നും ചെയ്യുതല്ലെന്ന് നമുക്കെല്ലാവർക്കും അറിയാം. റിസർവ് ബാങ്ക് ഗവർണർ ശ്രീ. രഘുറാം രാജനെ മാറ്റി ശ്രീ. അംബാനിയുടെ സ്റ്റാഫിൽപ്പെട്ട ശ്രീ. ഊർജ്ജിത് പട്ടേലിനെ വച്ചതും ഇതിന്റെയൊക്കെ പിന്നിലുണ്ടായിരുന്ന അജണ്ടയും വളരെ സുവ്യക്തമായ കാര്യമാണ്. അത് സാമ്പത്തികമായ തകർച്ചയും മറ്റുമൊക്കെ ഉണ്ടാക്കിയിട്ടുണ്ടെന്നുള്ളത് ശരിയാണ്. ഇത്തരം പ്രതിസന്ധികൾ സാമ്പത്തിക രംഗത്ത് വരുമ്പോൾ അങ്ങ് നിസ്സഹായനായി നിൽക്കുന്ന അവസ്ഥയിൽ പലപ്പോഴും സങ്കടം തോന്നാറുണ്ട്. പ്രതിപക്ഷത്ത് ആയിരുന്നപ്പോൾ ഡോ. ടി. എം. തോമസ് ഐസക്കിനെ ഞാൻ വളരെ ആരാധനയോടുകൂടിയാണ് കണ്ടിരുന്നത്. You are so vigilant and smart. ഒരു വല്ലാത്തൊരു നിശ്ചയദാർഢ്യം അങ്ങ് പ്രകടിപ്പിച്ചിരുന്നു.

ഈ കൊച്ചു കേരളത്തിന്റെ സാമ്പത്തിക രംഗത്ത് കൃഷി, വ്യവസായം, വ്യാപാരം, വാണിജ്യം, തൊഴിൽ തുടങ്ങിയ എല്ലാ മേഖലകളിലും നോട്ട് നിരോധനം ഉണ്ടാക്കിയിട്ടുള്ള പ്രത്യാഘാതങ്ങളെക്കുറിച്ച് ശരിയായ ഒരു പഠനം നടത്താൻ നടപടി സ്വീകരിക്കുമോ എന്നാണ് എന്റെ ചോദ്യം?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, സംസ്ഥാന ആസൂത്രണ ബോർഡ് അതുസംബന്ധിച്ചുള്ള പരിശോധനകൾ നടത്തിക്കൊണ്ടിരിക്കുകയാണ്. അങ്ങ് പറഞ്ഞതുപോലെ നോട്ട് നിരോധനം ഒരു മണ്ടൻ തീരുമാനമായിരുന്നു. പക്ഷേ വെറും മണ്ടത്തരം മാത്രമല്ല, ഒരു രാഷ്ട്രീയ തീരുമാനം കൂടിയാണ്. ഇതുവഴി കേന്ദ്രത്തിലേയ്ക്ക് ബാങ്കുകളിൽനിന്ന് ഒരുപാട് കള്ളപ്പണം കിട്ടുമെന്നും അതുവഴി നാട്ടിൽ ചില കാര്യങ്ങൾ ചെയ്തുകഴിഞ്ഞാൽ വലിയൊരു താരപരിവേഷത്തിലേയ്ക്ക് ഉയരാൻ പറ്റുമെന്നൊക്കെയുള്ള ഒരു തെറ്റിദ്ധാരണയുടെ അടിസ്ഥാനത്തിലാണ് ബഹുമാനപ്പെട്ട പ്രധാനമന്ത്രി ഈ മണ്ടത്തരം കാണിച്ചുകൂട്ടിയത്. അവസാനം കഥ മാറ്റി. ഡിജിറ്റൈസേഷനുവേണ്ടിയും ഡിജിറ്റൽ ഇന്ത്യയ്ക്കും വേണ്ടി ചെയ്തതെന്നാണ് പറഞ്ഞുകൊണ്ടിരുന്നത്. മിനിഞ്ഞാന്നത്തെ കണക്ക് വച്ചുനോക്കുമ്പോൾ നോട്ട് നിരോധനത്തിന് മുൻപുണ്ടായതിനേക്കാൾ കൂടുതൽ കറൻസി രാജ്യത്ത് വന്നുകഴിഞ്ഞു. ഡിജിറ്റൈസേഷനിലേയ്ക്കൊന്നുമല്ല പോയിട്ടുള്ളത്. നോട്ട് തന്നെയാണ് ഇന്നും പ്രധാനമായി തുടരുന്നത്. അതിനപ്പുറത്ത് ഡിജിറ്റൽ കറൻസിയുടെയും ഇടപാടുകളുടെയും എണ്ണം താരതമ്യേന കുറഞ്ഞു കൊണ്ടിരിക്കുകയാണ്. വർദ്ധിച്ചിരുന്നു, പിന്നെയും താഴേയ്ക്ക് വന്നിരിക്കുകയാണ്.

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u>: സർ, മുൻകാലങ്ങളിൽ കുടിശ്ശികയുള്ള ആളുകൾക്ക് ലോൺ അഡ്ജസ്റ്റ് ചെയ്ത് പുതുക്കി കൊടുക്കുന്ന നടപടിയാണ്

എസ്.ബി.ഐ. അടക്കമുള്ള ബാങ്കുകൾ സ്വീകരിച്ചിരുന്നത്. ഇപ്പോൾ അതിനുപകരം 2 ലക്ഷം രൂപ കുടിശ്ശിക അടയ്ക്കണമെന്നുണ്ടെങ്കിൽ വായ്പക്കാർ ആ പണം കണ്ടെത്തി ബാങ്കിൽ അടച്ചതിനുശേഷം, ഒരാഴ്ചയ്ക്ക് ശേഷം വീണ്ടും പണമായിത്തന്നെ തിരിച്ചുതരുന്നതിനാണ് ബാങ്കുകൾ നടപടി സ്വീകരിക്കുന്നത്. ഇത് ആളുകളുടെ ഇടയിൽ വലിയ ബുദ്ധിമുട്ടുകൾക്കും പ്രയാസങ്ങൾക്കും കാരണമാകുന്നുണ്ട്. അതുപോലെതന്നെ സീറോ ബാലൻസ് അക്കൗണ്ട് എടുപ്പിച്ചതിനുശേഷം മിനിമം ബാലൻസ് ഇല്ല എന്നതിന്റെ പേരിൽ ആളുകളുടെ പണം ബാങ്കുകൾ കൊള്ളയടിക്കുന്ന, ഒരു ബാങ്കിംഗ് ഗുണ്ടായിസം ഈ നോട്ട് നിരോധനവുമായി ബന്ധപ്പെട്ട് നിലവിൽ വന്ന സാഹചര്യമുണ്ട്. ഈ ബാങ്കിംഗ് ഗുണ്ടകളെ ഒതുക്കുന്നതിനുള്ള എന്തെങ്കിലും നടപടി അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടാകുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, നമുക്ക് ചെയ്യാൻ പറ്റില്ല. സർഫാസി നിയമം പാസ്സാക്കിയ പ്രകാരം ഗുണ്ടകളെ നേരിടാനൊന്നും സംസ്ഥാനത്തിന് ഒരു വകുപ്പുമില്ല. അത് ഏൽപ്പിച്ചുകഴിഞ്ഞാൽ നമുക്ക് ഇടപെടാനോ ഒരു കടാശ്വാസം പോലും പ്രഖ്യാപിക്കാനോ പറ്റില്ല.

മി. സ്പീക്കർ: പോലീസിന് ഇടപെട്ടുകൂടേ?

ഡോ. ടി. എം. തോമസ് ഐസക്: സർ, SARFAESI നിയമത്തിന്റെ കീഴിൽ പറ്റില്ല. SARFAESI നിയമത്തിൽ കൊടുത്തുകഴിഞ്ഞിട്ടുണ്ടെങ്കിൽ അവർ നിർബന്ധപൂർവ്വം ലേലം വയ്ക്കുകയാണ്. നമുക്ക് നേരത്തെ സ്റ്റേ കൊടുക്കാമായിരുന്നു. ഇതിന് കീഴിൽ അത് പറ്റില്ല.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ബഹുമാനപ്പെട്ട മന്ത്രി ഡിജിറ്റൈസേഷനെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. ഗ്രാമീണ മേഖലയിൽ വലിയൊരു സംഭവം നടക്കുന്നുണ്ട്. രണ്ട് ലക്ഷം രൂപയിൽ കൂടുതൽ കാശ് എവിടെയും അടയ്ക്കാനോ കൊടുക്കാനോ പറ്റില്ല. കൃഷിക്കാരൻ ഒരു സാധനം വിറ്റാൽ രണ്ട് ലക്ഷം രൂപയുടെ മുകളിലാണ് എന്നുപറഞ്ഞാൽ വാങ്ങിക്കാനേ പറ്റില്ല. അങ്ങനെ വലിയൊരു പ്രതിസന്ധി ഇപ്പോൾ നിലനിൽക്കുകയാണ്. രണ്ട് ലക്ഷം രൂപയിൽ കൂടുതൽ കൊണ്ടുപോയി ലോൺ അടയ്ക്കാൻ പോലും പറ്റാത്തൊരു സ്ഥിതി വന്നിരിക്കുന്നു. ഇത് എങ്ങനെയാണ് നമുക്ക് തരണം ചെയ്യാൻ സാധിക്കുക; സഹകരണ മേഖലയെ ഇത് വല്ലാതെ ബാധിക്കുന്ന ഒരു സ്ഥിതിയിലേയ്ക്ക് കാര്യങ്ങൾ എത്തി നിൽക്കുകയാണ്. ഇത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, വൻ തുകയ്ക്കുള്ള ഇടപാടുകൾ കാശായി കൊടുത്തിട്ടുണ്ടെങ്കിൽ അതിന്റെ സ്രോതസ്സ് വെളിപ്പെടില്ല. അതുകൊണ്ട് റെക്കോർഡ് ഉണ്ടാക്കാൻ വേണ്ടി ഡിജിറ്റലായിട്ടോ ചെക്കായിട്ടോ

നൽകണമെന്നാണ് ഇപ്പോഴത്തെ നിയമം. അതനുസരിച്ച് ബാങ്കിൽ ഒരു ഇടപാടിന് കാശ് കൊണ്ടുപോയി കൊടുത്താൽ വാങ്ങില്ല എന്നുപറയുന്നത് ശരിയാണ്. അത് എങ്ങനെ മറികടക്കാൻ കഴിയുമെന്നതിനെക്കുറിച്ച് നമുക്ക് ചർച്ച ചെയ്യാം. ഇതുവഴി ഡിജിറ്റലിലേയ്ക്ക് നീങ്ങുന്നതിന് ആളുകളെ നിർബന്ധിച്ചുകൊണ്ടിരിക്കുകയാണ്; അത് വലിയ പ്രയാസം ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. അതുസംബന്ധിച്ച് എന്താണ് ചെയ്യേണ്ടതെന്നുള്ളത് നമുക്ക് കൂട്ടായി ചർച്ച ചെയ്യാം.

## കേരള വിനോദസഞ്ചാര വികസന കോർപ്പറേഷൻ നടപ്പാക്കുന്ന ടൂറിസം വികസന പദ്ധതികൾ

4(*454) ശ്രീ. എസ്. രാജേന്ദ്രൻ:

ശ്രീ. എ. എം. ആരിഫ്:

ശ്രീ. ഒ. ആർ. കേളു:

ശ്രീ. കെ. ജെ. മാക്സി: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം കേരള വിനോദസഞ്ചാര വികസന കോർപ്പറേഷൻ ടൂറിസം വികസനത്തിനായി ഏറ്റെടുത്ത പദ്ധതികൾ എന്തെല്ലാമാണ്;

(ബി) കെ.ടി.ഡി.സി.-യുടെ നേതൃത്വത്തിൽ മോട്ടൽ ആരാം എന്ന പേരിൽ എത്ര സ്ഥാപനങ്ങളുണ്ടെന്നും രുചികരമായ ഭക്ഷണവും ശുചിത്വമുള്ള ശുചിമുറികളും ഉറപ്പാക്കി വിനോദസഞ്ചാര പ്രോത്സാഹനത്തിന് ഇവയ്ക്ക് എത്രമാത്രം സാധ്യമായിട്ടുണ്ടെന്നും അറിയിക്കാമോ;

(സി) കെ.ടി.ഡി.സി-.യിലെ അതിഥി സേവന സംവിധാനത്തിൽ പ്രൊഫഷണലിസം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ബിയർ വില്പനയിലെ വിറ്റുവരവൊഴിച്ചുള്ള കണക്കെടുത്താൽ കെ.ടി.ഡി.സി.-യുടെ പ്രവർത്തന ലാഭം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള വിനോദസഞ്ചാര വികസന കോർപ്പറേഷൻ ഏറ്റെടുത്ത പദ്ധതികളിൽ കേരള വിനോദസഞ്ചാര വികസന കോർപ്പറേഷന്റെ പ്രധാനപ്പെട്ട എല്ലാ ഹോട്ടലുകളുടെയും നവീകരണം ഉൾപ്പെടുന്നുണ്ട്. ഇവയിൽ മസ്കറ്റ്

ഹോട്ടലിന്റെ നവീകരണം പൂർത്തിയായി. പൊന്മുടിയിൽ പുതിയ കോട്ടേജുകളുടെ നിർമ്മാണം, കുമരകത്തെ വാട്ടർ സ്കേപ്പ്സ്, ചൈത്രം ഹോട്ടൽ എന്നിവയുടെ നവീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചു. കൂടാതെ ടൂറിസം വകുപ്പ് കേരള വിനോദസഞ്ചാര വികസന കോർപ്പറേഷന് കൈമാറിയ 3 ബസ്സുകൾ ഉപയോഗിച്ച് ബസ് ടൂർ പദ്ധതി, തേക്കടിയിൽ 120 പേർക്ക് യാത്ര ചെയ്യാവുന്ന ബോട്ട് സർവ്വീസ് എന്നിവ ആരംഭിച്ചു കഴിഞ്ഞു.

<u>കെ.ടി.ഡി.സി. പുതുതായി ആരംഭിക്കാൻ പോകുന്ന പദ്ധതികൾ</u>

1. സംസ്ഥാനത്തിന് പുറത്ത് കന്യാകുമാരിയിൽ ചെന്നൈ റെയിൻ ഡ്രോപ്സ് ഹോട്ടലിന്റെ മാതൃകയിൽ ഒരു നിശ്ചിത ശതമാനം മുറികൾ സർക്കാർ അതിഥി മന്ദിരത്തിന് നീക്കി വച്ചുകൊണ്ട് ഒരു ബഡ്ജറ്റ് ഹോട്ടൽ.
2. മുഴപ്പിലങ്ങാടിൽ ഒരു ബീച്ച് റിസോർട്ട്.
3. ബേക്കൽ ബീച്ചിൽ നേരത്തെ നിർമ്മിച്ച 6 കോട്ടേജുകൾക്ക് പുറമേ പുതിയ 24 കോട്ടേജുകൾകൂടി പണിയാൻ ഉദ്ദേശിക്കുന്നു.
4. മലമ്പുഴ, നെയ്യാർ ഡാം എന്നീ രണ്ട് യൂണിറ്റുകളിലായി 3 മെഗാവാട്ട് സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു.
5. കണ്ണൂർ, പീരുമേട്, കൊല്ലം, ആലപ്പുഴ എന്നിവിടങ്ങളിലെ ടാമറിന്റ് ഹോട്ടലുകളുടെ നവീകരണം. പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.
6. മൂന്നാറിൽ 100 മുറികളുള്ള ഒരു ബഡ്ജറ്റ് ഹോട്ടൽ തുടങ്ങാനുദ്ദേശിക്കുന്നു.

(ബി) കെ.ടി.ഡി.സി.-യുടെ നേതൃത്വത്തിൽ കേരളത്തിൽ 11 മോട്ടൽ ആരാമുകളാണുള്ളത്. രുചികരമായ ഭക്ഷണവും, ശുചിത്വമുള്ള ശുചിമുറികളും പരിസരവും മറ്റ് പ്രാഥമിക സൗകര്യങ്ങളും ഒരുക്കി മികച്ച രീതിയിലാണ് ഇവ പ്രവർത്തിച്ചുവരുന്നത്. ദേശീയ പാതയിലെ ഇടത്താവളമായി യാത്രക്കാർക്ക് വിശ്രമിക്കുന്നതിനും ഭക്ഷണം കഴിക്കുന്നതിനും പുതു ഉന്മേഷത്തോടെ യാത്ര പുനരാരംഭിക്കുന്നതിനും കെ.ടി.ഡി.സി.-യുടെ മോട്ടലുകൾ വലിയ തോതിൽ സഹായകരമായി തീർന്നിട്ടുണ്ട്. നിലവിൽ പുനലൂർ, പാലരുവി, പാറശ്ശാല, കൊട്ടാരക്കര, കായംകുളം, ആലപ്പുഴ, വൈക്കം, വടകര, എരുമയൂർ, കുറ്റിപ്പുറം, മങ്ങാട്ടുപറമ്പ് എന്നിവിടങ്ങളിൽ കെ.ടി.ഡി.സി.-യുടെ മോട്ടൽ ആരാമുകൾ പ്രവർത്തിച്ചു വരുന്നു.

(സി) കെ.ടി.ഡി.സി.-യിലെ അതിഥി സേവനത്തിൽ കൂടുതൽ പ്രൊഫഷണലിസം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിനായി

- ഡിജിറ്റൽ സാങ്കേതികവിദ്യയുടെ എല്ലാ വശങ്ങളും ഉപയോഗിച്ച് വിൽപ്പനയും പ്രൊമോഷനും സേവനങ്ങളും മെച്ചപ്പെടുത്തും.
- വിൽപ്പന കൂട്ടുന്നതിനായി ഡിമാന്റ് അനുസരിച്ച് വ്യാപാര സംവിധാനങ്ങൾ പരിഷ്കരിച്ച് റവന്യൂ മാനേജ്മെന്റ് സംവിധാനം ഏർപ്പെടുത്തുന്നതാണ്.

കൂടാതെ പ്രൊഫഷണലിസം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കേരള യൂണിവേഴ്സിറ്റിയുടെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ കേരള ഒരു സമഗ്ര പഠനം നടത്തുകയും റിപ്പോർട്ട് സമർപ്പിക്കുകയുമുണ്ടായി. പഠന റിപ്പോർട്ട് കെ.ടി.ഡി.സി. ബോർഡ് പരിശോധിക്കുകയും അവ നടപ്പാക്കുന്നതിന്റെ ഭാഗമായി ഒരു സബ്കമ്മിറ്റിക്ക് രൂപം നൽകുകയുമുണ്ടായി. സബ്കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉചിതമായ നടപടികൾ കൈക്കൊള്ളുന്നതാണ്.

(ഡി) ബിയർ വിൽപ്പനയിലെ വിറ്റുവരവൊഴിച്ചുള്ള കണക്കെടുത്താൽ കെ.ടി.ഡി.സി.-യുടെ പ്രവർത്തന ലാഭം 2017-18 ഫെബ്രുവരി വരെയുള്ള കണക്കുപ്രകാരം 116.23 ലക്ഷം രൂപയാണ്.

ശ്രീ. എസ്. രാജേന്ദ്രൻ: സർ, മൂന്നാർ ഒരു പ്രധാനപ്പെട്ട ടൂറിസം കേന്ദ്രമാണ്. അവിടെ കാർഷിക മേഖലയും തോട്ടം മേഖലയും പ്രതിസന്ധിയിലാണ്. ഇപ്പോൾ ജില്ലയിൽ ടൂറിസം മേഖലയാണ് ഏറ്റവും കൂടുതൽ തൊഴിലവസരം ലഭ്യമാക്കുന്നത്. എന്നാൽ ചില ഘട്ടങ്ങളിലെ ഇടപെടൽ കാരണം ടൂറിസം ഇപ്പോൾ പുറകിലേയ്ക്ക് നീങ്ങുന്ന ഒരു സാഹചര്യമുണ്ട്. ഇത് മറികടക്കാൻ ഗവൺമെന്റ് കെ.ടി.ഡി.സി.-യിലൂടെ എന്തെങ്കിലും പുതിയ പദ്ധതികൾ തുടങ്ങുവാൻ ആഗ്രഹിക്കുന്നുണ്ടോ; അങ്ങനെ പുതിയ തൊഴിലവസരങ്ങളും മറ്റും സൃഷ്ടിക്കാൻ ഗവൺമെന്റ് എന്തെല്ലാം പദ്ധതികളാണ് ഉദ്ദേശിക്കുന്നത്;

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, കെ.ടി.ഡി.സി.-യിലൂടെ മൂന്നാറിൽ ഒരു പുതിയ ഹോട്ടൽ നിർമ്മാണത്തെ സംബന്ധിച്ച് നടപടി സ്വീകരിക്കാൻ ശ്രമിക്കുകയാണ്. 100 മുറികളുള്ള ഒരു ബഡ്ജറ്റ് ഹോട്ടൽ കെ.ടി.ഡി.സി.-യുടെ തന്നെ അധീനതയിലുള്ള സ്ഥലത്ത് ആരംഭിക്കാനുള്ള ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. അതിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകുകയാണ്.

ശ്രീ. എസ്. രാജേന്ദ്രൻ: സർ, അവിടെ മുൻ കാലങ്ങളിൽ ചില നിയമപ്രശ്നങ്ങളിലൂടെ ഏറ്റെടുത്ത ഭൂമികൾ ഗവൺമെന്റിന്റെ ഭാഗത്തുണ്ട്. അത്തരത്തിലുള്ള ഭൂമികൾ ഏറ്റെടുക്കുകയും ഒപ്പം ടൂറിസം സർക്യൂട്ട് വാഹനങ്ങളിലൂടെ പല സ്ഥലങ്ങളിലേയ്ക്കും, മുപ്പതും നാൽപ്പതും കിലോമീറ്റർ അകലേയ്ക്ക് കടന്നുവരുന്നതിന് കെ.ടി.ഡി.സി. സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തി ഒരു പ്രത്യേക പദ്ധതി ഏറ്റെടുക്കുവാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, നമ്മുടെ സംസ്ഥാനത്തെ ഏറ്റവും പ്രധാനപ്പെട്ട ഒരു ടൂറിസ്റ്റ് ഡെസ്റ്റിനേഷനാണ് മൂന്നാർ. അവിടെ ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെയുള്ള വിവിധങ്ങളായ പ്രശ്നങ്ങൾ നില നിൽക്കുന്നുണ്ട്. ടൂറിസത്തിന്റെ സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തു ന്നതിനുവേണ്ടി ശ്രമിക്കുകയാണ്. ഡി.ടി.പി.സി.-യെ കൊണ്ട് അങ്ങ് നിർദ്ദേശിച്ച പ്രകാരമുള്ള ഒരു പദ്ധതി നടപ്പിലാക്കുന്നതിന് ശ്രമിക്കാം.

ശ്രീ. എ. എം. ആരിഫ്: സർ, കെ.ടി.ഡി.സി. ആയാലും ടൂറിസം ഡിപ്പാർട്ടുമെന്റായാലും പ്രോജക്ടുകൾ നടപ്പാക്കണമെങ്കിൽ അനുയോജ്യമായ ഭൂമി ലഭ്യമാകണം. അനുയോജ്യമായ ഭൂമി കണ്ടെത്തിയാൽത്തന്നെ അവ പല ഡിപ്പാർട്ടുമെന്റുകളുടെയും സ്ഥാപനങ്ങളുടെയും കീഴിലും പുറമ്പോക്കിലുമൊക്കെയായി കിടക്കുകയാണ്. ഇതൊന്നും ചോദിച്ചാൽ ആരും തരില്ല. ഒരു ഡിപ്പാർട്ടുമെന്റും അവരുടെ കൈവശമുള്ള ഭൂമി തരില്ല. എന്റെ നിയോജക മണ്ഡലത്തിൽ കെ.എസ്.ഐ.ഡി.സി.-യുടെ നല്ല വാട്ടർ ഫ്രണ്ടേജുള്ള പതിനേഴര ഏക്കർ സ്ഥലമുണ്ട്. വെറുതെ കിടക്കുകയാണ്. മനോഹരമായ സ്ഥലമാണ്. ആ ഭൂമി വിട്ടുകിട്ടിയാൽ കെ.എസ്.ഐ.ഡി.സി.-യുമായി ചേർന്ന് ഒരു നല്ല പ്രോജക്ടുണ്ടാക്കാൻ കെ.ടി.ഡി.സി.-ക്ക് കഴിയും. അതുപോലത്തന്നെ ഹെൽത്തിന്റെ സ്ഥലം. ആയുർവ്വേദ വകുപ്പുമായി ബന്ധപ്പെട്ട് വാട്ടർ ഫ്രണ്ടേജുള്ള സ്ഥലം അരൂക്കുറ്റിയിലുണ്ട്. ടൂറിസം പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് ആവശ്യമായ ഭൂമി ലഭ്യമാക്കാൻ, പെർമിസീവ് സാങ്ഷൻ ലഭിക്കത്തക്ക നിലയിലുള്ള ഒരു സമവായം, ഉന്നത തലത്തിലുള്ള ഒരു കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിക്കാൻ അങ്ങ് മുൻകയ്യെടുക്കുമോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, ഒരു സമവായത്തിലൂടെ തന്നെയാണ് എല്ലാ ഡെസ്റ്റിനേഷനുകളിലും നമ്മുടെ ടൂറിസം പ്രവർത്തനങ്ങൾ നടക്കുന്നത്. ചില സ്ഥലങ്ങളിൽ ചില ഡിപ്പാർട്ടുമെന്റുകൾ സാങ്കേതിക പ്രശ്നങ്ങളും തടസ്സവാദങ്ങളുമൊക്കെ ഉന്നയിക്കുന്നുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഇക്കാര്യത്തിൽ എല്ലാ ഡിപ്പാർട്ടുമെന്റുകളെയും യോജിപ്പിച്ചു കൊണ്ടുള്ള ഒരു മീറ്റിംഗ് ചേർന്ന് ആവശ്യമായ തീരുമാനങ്ങൾ എടുക്കണമെന്നാണ് ഇപ്പോൾ ആഗ്രഹിക്കുന്നത്.

<u>ശ്രീ. ഒ. ആർ. കേളു</u>: സർ, സാധാരണ ടൂറിസ്റ്റുകൾ മാനസിക ഉല്ലാസത്തിന് വേണ്ടിയാണ് ഇത്തരം കേന്ദ്രങ്ങൾ സന്ദർശിക്കുന്നത്. പക്ഷേ ഭയം ഉളവാക്കുന്ന പരസ്യങ്ങളാണ് ഇത്തരം കേന്ദ്രങ്ങളിൽ പൊതുവായി കണ്ടു വരുന്നത്. ആനയുണ്ട്, കടുവയുണ്ട് എന്നിങ്ങനെയുള്ള പരസ്യങ്ങളാണ് കാണുന്നത്. അതിന് പകരം ആകർഷകമായ പരസ്യങ്ങൾ പ്രദർശിപ്പിക്കാനുള്ള എന്തെങ്കിലും ആലോചനയുണ്ടോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, പരസ്യങ്ങൾ ആളുകളെ ആകർഷിക്കുന്നതിന് വേണ്ടിയുള്ളതാണ്. ആനയുണ്ട് എന്നുപറഞ്ഞാൽ ധാരാളം ആളുകൾ എത്തിച്ചേരുമെന്ന പ്രതീക്ഷയിലായിരിക്കും ആനയുടെ പരസ്യം വയ്ക്കുന്നത്. ബഹുമാനപ്പെട്ട അംഗം ഏത് തരം പരസ്യം വച്ചാലാണ് സഞ്ചാരികളെ ആകർഷിക്കാൻ കഴിയുക എന്നുപറഞ്ഞാൽ ആ പരസ്യത്തെക്കുറിച്ച് നമുക്ക് ആലോചിക്കാവുന്നതാണ്.

<u>ശ്രീ. കെ. ജെ. മാക്സി</u>: സർ, കെ.ടി.ഡി.സി. ബോട്ട് ഉപയോഗിച്ചുള്ള ടൂറിസം പാക്കേജിൽ ഏതെല്ലാം റൂട്ടുകളാണ് നിലവിലുള്ളത്; അതിൽ ഫോർട്ട് കൊച്ചി ഉൾപ്പെടുത്താൻ കഴിയുമോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, നിശ്ചയമായും ഫോർട്ട് കൊച്ചി ഉൾപ്പെടുത്താൻ സാധിക്കും. ഇപ്പോൾ ഫോർട്ട് കൊച്ചിയിൽ ഒരു ബോട്ട് വാങ്ങുന്നതിന് 2 കോടി രൂപ നീക്കി വച്ചിട്ടുണ്ട്. അവിടെ ബോട്ട് ഉപയോഗിച്ചിട്ടുള്ള ഒരു ടൂറിസം പദ്ധതി നടപ്പിലാക്കാൻ ശ്രമിക്കുകയാണ്, ഒരുപാട് പദ്ധതികൾ നടപ്പിലാക്കികൊണ്ടിരിക്കുകയാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു)

# 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### കരിമണൽ ഖനനം

5 (*455) ശ്രീ. പാറക്കൽ അബ്ദുല്ല:
ശ്രീ. പി. കെ. ബഷീർ:
ഡോ. എം. കെ. മുനീർ:
ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധാതുസമ്പന്നമായ കരിമണലിന്റെ ഖനനം സംബന്ധിച്ച് സർക്കാരിന്റെ നയം എന്താണ്; വിശദമാക്കുമോ;

(ബി) പാരിസ്ഥിതിക സുരക്ഷയും മൂല്യ വർദ്ധനവും ഉറപ്പാക്കി സംസ്ഥാനത്തെ പൊതുമേഖലയുടെ കീഴിൽ കരിമണൽ ഖനനം നടത്തുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) കരിമണൽ ഖനനം നടത്തുന്നതുമൂലം സാമ്പത്തികമായി സർക്കാരിന് ഉണ്ടാകുന്ന നേട്ടം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): (എ) സംസ്ഥാനത്തെ കരിമണൽ ഖനനം ആവശ്യമായ പാരിസ്ഥിതിക സുരക്ഷയും മൂല്യവർദ്ധനവും ഉറപ്പാക്കി പൊതുമേഖലയുടെ കീഴിൽ കൊണ്ടു വരാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ധാതുക്കൾ പ്രകൃതി വിഭവങ്ങളാണ്. അവ അതീവ സൂക്ഷ്മതയോടെ പരിസ്ഥിതിക്ക് കോട്ടം വരാതെ സമൂഹത്തിനാകെ പ്രയോജനപ്പെടുന്ന രീതിയിലായിരിക്കണം ഉപയോഗപ്പെടുത്തേണ്ടത്. ആയതിനാൽ ഇത്തരം ഖനന പ്രവർത്തനങ്ങൾ പൊതുമേഖലയിൽ പരിമിതപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്.

(ബി) സംസ്ഥാനത്തെ തീരപ്രദേശത്തെ ധാതുമണലിൽ നിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് ഒരു വ്യവസായ കോംപ്ലക്സ് സ്ഥാപിക്കുന്നത് സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നതിന് സർക്കാർ റിയാബ് ചെയർമാൻ അദ്ധ്യക്ഷനായ ഒരു കമ്മിറ്റിയെ നിയമിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി പ്രാഥമിക മാർക്കറ്റ് പഠനത്തിനുശേഷം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരികയാണ്. ചവറയിലെ ചിറ്റൂർ പ്രദേശത്തെ 180 ഓളം ഏക്കർ ഭൂമി ഇതിനായി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

അറ്റോമിക് മിനറൽ കൺസഷൻ ചട്ടങ്ങൾ 2016 പ്രകാരം കരിമണൽ (ബീച്ച് സാന്റ് മിനറൽസ്) നിക്ഷേപത്തെക്കുറിച്ച് പഠനം നടത്തേണ്ടത് അറ്റോമിക് മിനറൽസ് ഡയറക്ടറേറ്റ് ഫോർ എക്സ്പ്ലോറേഷൻ & റിസർച്ച് (എ.എം.ഡി.) ആണ്. ഇന്ത്യൻ റെയർ എർത്ത്സ് ലിമിറ്റഡ് (IREL), കേരള മിനറൽസ് & മെറ്റൽസ് ലിമിറ്റഡ് (KMML) എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾ കരിമണൽ ഖനനവും മൂല്യവർദ്ധനവും നടത്തിവരുന്നതുമാണ്. എ.എം.ഡി. കണ്ടുപിടിച്ച മറ്റ് നിക്ഷേപങ്ങൾകൂടി പൊതുമേഖലാ സ്ഥാപനം വഴി ഖനനം ചെയ്യുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഇതിലേയ്ക്കായി കരിമണൽ നിക്ഷേപങ്ങളുള്ള സ്ഥലങ്ങളുടെ സർവ്വേ നമ്പരോടുകൂടിയ പട്ടികയുടെ വിജ്ഞാപനം കേന്ദ്രസർക്കാർ അനുമതിയോടുകൂടി ഇറക്കേണ്ടതുള്ളതിനാൽ കരിമണൽ നിക്ഷേപമുള്ള സ്ഥലങ്ങളുടെ ജിയോറഫറൻസ്ഡ് മാപ്പും പഠന റിപ്പോർട്ടും എ.എം.ഡി.-യോട് ആവശ്യപ്പെടുകയും ആയത് നൽകാൻ എ.എം.ഡി. സമ്മതം അറിയിച്ചിട്ടുമുണ്ട്.

(സി) നിലവിൽ സംസ്ഥാനത്ത് ധാതുമണൽ ഖനനം ചെയ്യുന്നതിന് മെ. ഇന്ത്യൻ റെയർ എർത്ത്സ് ലിമിറ്റഡിനും (IREL) കേരള മിനറൽസ് & മെറ്റൽസ് ലിമിറ്റഡിനും (KMML) മാത്രമാണ് അനുമതി നൽകിയിട്ടുള്ളത്. ധാതുമണൽ ഖനനത്തിന് പ്രസ്തുത കമ്പനികൾ 2014-15 മുതൽ 2018 ഫെബ്രുവരി വരെ ഒടുക്കിയ റോയൽറ്റി ചുവടെ ചേർക്കുന്നു:

| | |
|---|---|
| 2014-15 | 3,18,28,000 രൂപ |
| 2015-16 | 2,54,92,972 രൂപ |
| 2016-17 | 2,93,54,864 രൂപ |
| 2017-18 | 3,59,97,207 രൂപ (ഫെബ്രുവരി വരെ) |

കരിമണൽ ഖനനം തുടർന്ന് നടത്തുന്നതുമൂലം സർക്കാരിനുണ്ടാകുന്ന സാമ്പത്തിക നേട്ടം തിട്ടപ്പെടുത്തുന്നതിന് സംസ്ഥാനത്തെ ആകെ കരിമണൽ നിക്ഷേപത്തെക്കുറിച്ചുള്ള എ.എം.ഡി.-യുടെ റിപ്പോർട്ട് ലഭിക്കേണ്ടതുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭ്യമാക്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

**ജി.എസ്.ടി. രജിസ്ട്രേഷൻ**

6(*456) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി:</u>

<u>ശ്രീ. സി. കെ.നാണു:</u>

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ:</u>

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആകെയുള്ള വാറ്റ് രജിസ്ട്രേഷൻ എത്രയാണെന്നും നാളിതുവരെയുള്ള ജി.എസ്.ടി. രജിസ്ട്രേഷൻ എത്രയാണെന്നും വ്യക്തമാക്കുമോ;

(ബി) വാറ്റ് രജിസ്ട്രേഷൻ ഉള്ളവരെയെല്ലാം ജി.എസ്.ടി. രജിസ്ട്രേഷൻ പരിധിയിൽ കൊണ്ടുവരാത്തതിനാൽ ഉണ്ടായ സാമ്പത്തിക നഷ്ടം എത്രയാണെന്ന് വെളിപ്പെടുത്താമോ;

(സി) വാറ്റ് രജിസ്ട്രേഷൻ ഉള്ളവരെയെല്ലാം ജി.എസ്.ടി. രജിസ്ട്രേഷൻ പരിധിയിൽ കൊണ്ടുവരാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) കേരളത്തിൽ വാറ്റ് രജിസ്ട്രേഷൻ ഉള്ളവരുടെ ഡാറ്റാ ബേസ് എടുത്ത് ജി.എസ്.ടി.യിൽ ഡോർ രജിസ്ട്രേഷൻ നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇത് വേഗത്തിലാക്കാൻ ഏതെങ്കിലും സ്ഥാപനത്തെ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് അറിയിക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): (എ) വാറ്റ് നിയമപ്രകാരം സംസ്ഥാനത്ത് 265128 വ്യാപാരികൾ രജിസ്ട്രേഷൻ എടുത്തിട്ടുണ്ടായിരുന്നു. ഇതിൽ 37961 പേർ 20 ലക്ഷത്തിനു താഴെ വിറ്റുവരവുള്ളതായിരുന്നു. ബാക്കിയുള്ളതിൽ 223204 പേർ ജി.എസ്.ടി യിലേയ്ക്ക് മൈഗ്രേറ്റ് ചെയ്തിട്ടുണ്ട്. ഇത് ഏകദേശം 98.24% വരും. നിലവിൽ 3.20 ലക്ഷം വ്യാപാരികൾ സംസ്ഥാനത്ത് ജി.എസ്.ടി രജിസ്ട്രേഷൻ എടുത്തിട്ടുണ്ട്.

(ബി) വാറ്റിൽ രജിസ്ട്രേഷൻ ഉണ്ടായിരുന്ന എല്ലാ വ്യാപരികൾക്കും നിയമപരമായി ജി.എസ്.ടി യിൽ രജിസ്ട്രേഷന് ബാധ്യതയില്ല. 20 ലക്ഷം രൂപയ്ക്ക് മുകളിൽ വാർഷിക വിറ്റുവരവുള്ളവർ മാത്രമേ ജി.എസ്.ടി രജിസ്ട്രേഷൻ എടുക്കേണ്ടതുള്ളൂ. എന്നാൽ അന്തർ സംസ്ഥാന വിൽപ്പന നടത്തുന്ന വ്യാപാരികൾ വിറ്റു വരവിന്റെ പരിധിയില്ലാതെ രജിസ്ട്രേഷൻ എടുക്കേണ്ടതുണ്ട്. വ്യാപാരികളിൽ ഭൂരിഭാഗവും 20 ലക്ഷത്തിനു താഴെ വാർഷിക വിറ്റുവരവുള്ളവരാണ്. അതിനാൽ നികുതിയിനത്തിൽ വലിയ കുറവൊന്നും ഉണ്ടാകില്ല. ഇതുകൂടാതെ ജി.എസ്.ടി കോമ്പൻസേഷൻ നിയമപ്രകാരം സംസ്ഥാനങ്ങൾക്കുണ്ടാകുന്ന നികുതി നഷ്ടം കേന്ദ്ര സർക്കാർ നികത്തുന്നുണ്ട്. ആയതിനാൽ സാമ്പത്തിക നഷ്ടം ഉണ്ടാകുന്നതായി കണക്കാക്കാനാവില്ല. എന്നാൽ IT പശ്ചാത്തല സൗകര്യങ്ങൾ പൂർണ്ണമായും സജ്ജമാകാത്തതിനാൽ കേരളത്തിന് പ്രയോജനകരമാകുമെന്ന് പ്രതീക്ഷിക്കപ്പെടുന്ന IGST സെറ്റിൽമെന്റ് വേഗതയിൽ നടക്കാത്ത സ്ഥിതിയുണ്ട്. തന്മൂലം GST വരുമാനത്തിൽ പ്രതീക്ഷിച്ച വളർച്ച കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.

(സി) രജിസ്ട്രേഷനെടുക്കാൻ ബാധ്യതയുള്ള വ്യാപാരികളെ ഫീൽഡ് സർവ്വേ വഴിയും ഇന്റലിജൻസ് വിഭാഗത്തിന്റെ ചരക്കു പരിശോധന വഴിയും കണ്ടെത്തുന്ന മുറയ്ക്ക് സ്വമേധയാ രജിസ്ട്രേഷൻ കൊടുക്കാവുന്നതാണ്.

(ഡി) ഡോർ രജിസ്ട്രേഷൻ നടത്തുന്നതിനെക്കുറിച്ച് തീരുമാനമെടുത്തിട്ടില്ല.

## കയർ ഉൽപ്പന്നങ്ങളുടെ വിപണനം

7 (*457) ശ്രീ. കെ. ജെ. മാക്സി:
ശ്രീ. ജോൺ ഫെർണാണ്ടസ്:
ശ്രീ. എ. എം. ആരിഫ്:

ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയറുൽപ്പന്നങ്ങളുടെ ഉൽപ്പാദനം സ്ഥായിയായി നിലനിർത്തുന്നതിനും വിപണനം മെച്ചപ്പെടുത്തുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും കയർ മേഖലയിൽ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) കയർ മേഖലയെയും കയറുൽപ്പന്നങ്ങളെയും സംബന്ധിച്ച് പ്രചരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(സി) കയർ മേളകൾ, പ്രദർശനങ്ങൾ, ക്രയവിക്രയ സംഗമം എന്നിവ സംഘടിപ്പിക്കുന്നതിനും വിവിധ പ്രദർശനങ്ങളിൽ പങ്കെടുക്കുന്നതിനും എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ഡി) കയറുൽപ്പന്നങ്ങളുടെ ആഭ്യന്തര വിപണി മെച്ചപ്പെടുത്തുന്നതിനായി 2017 ഒക്ടോബറിൽ ആലപ്പുഴയിൽ സംഘടിപ്പിച്ച കയർ കേരള എപ്രകാരമെല്ലാം സഹായകരമായി എന്ന് വ്യക്തമാക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):(എ) കേരളത്തിലെ കയർ വ്യവസായം നേരിടുന്ന പ്രധാന വെല്ലുവിളി ചകിരിയുടെ അഭാവമാണ്. ഈ പ്രശ്നം പരിഹരിക്കുന്നതിനായി വരുന്ന മൂന്ന് വർഷത്തിനുള്ളിൽ സംസ്ഥാനത്ത് പുതിയ 1000 ഡി.എഫ്. മെഷീനുകൾ സ്ഥാപിച്ച് ചകിരി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാനുള്ള ശ്രമങ്ങൾ നടന്നു വരുന്നു. ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ, നാളികേര ഉൽപ്പാദന കമ്പനികൾ, അഗ്രോ സർവ്വീസ് സെന്ററുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ട് സംഭരണം ശക്തമാക്കുന്നതിനും പൂർണ്ണമായ യന്ത്രവൽക്കരണം നടപ്പിലാക്കി പരമാവധി ചകിരി ഉൽപ്പാദിപ്പിച്ച് കയർ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ഉൽപ്പന്ന വൈവിദ്ധ്യവൽക്കരണത്തിലൂടെ വിപണനം ശക്തിപ്പെടുത്തി കയർ മേഖലയെ സ്വയംപര്യാപ്തമാക്കുന്നതിനും കയർ രണ്ടാം പുനഃസംഘടന വഴി ലക്ഷ്യമിടുന്നു. മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കുന്നതിനായി കയർ സഹകരണ സംഘങ്ങളെ

പുനഃസംഘടിപ്പിക്കുന്നതിനും പരമ്പരാഗത മേഖലയിൽ തുടരുന്ന തൊഴിലാളികൾക്ക് തൊഴിലും അംഗീകൃത കൂലിയും ഉറപ്പാക്കിയുമാണ് പുനഃസംഘടന നടപ്പിലാക്കുന്നത്.

കയർ ഉൽപ്പന്നങ്ങളുടെ വിപണി ശൃംഖല വിപുലീകരിക്കാനായി പുതിയ സംവിധാനം ആവിഷ്കരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ദേശവ്യാപകമായി വിപണി ശൃംഖല വ്യാപിപ്പിക്കാനായി ഒരു കയർ ഉൽപ്പന്ന മാർക്കറ്റിംഗ് കമ്പനി സ്ഥാപിക്കാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

(ബി) കയർ മേഖലയേയും കയറുൽപ്പന്നങ്ങളേയും സംബന്ധിച്ച് പ്രചരണ പ്രവർത്തനങ്ങൾ, ബയർ സെല്ലർ മീറ്റുകൾ, കയർ കേരള, പത്ര മാധ്യമങ്ങൾ വഴിയുള്ള പരസ്യങ്ങൾ, വിവിധ വിപണന സ്റ്റാളുകൾ എന്നിവ വഴി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) കയർ ഉൽപ്പന്നങ്ങളുടെ വിപണി ശൃംഖല വിപുലീകരിക്കാനായി പുതിയ സംവിധാനം ആവിഷ്കരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ദേശ വ്യാപകമായി വിപണന ശൃംഖല വ്യാപിപ്പിക്കാനായി ഒരു കയർ ഉൽപ്പന്ന മാർക്കറ്റിംഗ് കമ്പനി സ്ഥാപിക്കാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. വിദേശ പ്രതിനിധികളെക്കൂടി പങ്കെടുപ്പിച്ചുകൊണ്ടുള്ള കയർ മേളകൾ, പ്രദർശനങ്ങൾ എന്നിവ കൂടാതെ പ്രാദേശിക ഉത്സവങ്ങളോടനുബന്ധിച്ച് സ്റ്റാളുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കി വരുന്നു. ആഭ്യന്തര വിപണി മെച്ചപ്പെടുത്തുന്നതിനായി കേരള സംസ്ഥാന കയർ കോർപ്പറേഷൻ എല്ലാ സംസ്ഥാനങ്ങളിലും ഡീലർമാരേയും സ്റ്റോക്കിസ്റ്റുമാരേയും കണ്ടെത്തുവാനും മറ്റ് സംസ്ഥാനങ്ങളിലെ പൊതുമേഖലാ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് അവരുടെ ഷോറൂമുകൾ വഴി ഉൽപ്പന്നങ്ങൾ വിൽക്കുന്നതിനുള്ള നടപടിക്രമങ്ങളും നടന്നു വരുന്നു.

(ഡി) ആലപ്പുഴയിൽ വച്ച് 2017-ൽ നടന്ന കയർ കേരളയിൽ വിദേശ വ്യാപാരികളും എക്സ്പോർട്ടർമാരും, കയർ പൊതുമേഖലാ സ്ഥാപനങ്ങളും ചേർന്ന് കയർ ഉൽപ്പന്നങ്ങൾക്ക് വിദേശ വിപണി കണ്ടെത്തുന്നതിന് വിശദമായ ചർച്ചകൾ നടത്തിയിരുന്നു. 100 കോടി രൂപയുടെ വിദേശ വിപണി പ്രതീക്ഷിക്കുന്നു. കൂടാതെ കേരളത്തിനകത്തുതന്നെ ഏകദേശം 120 കോടി രൂപയുടെ കയർ ഭൂവസ്ത്രം വിതരണം ചെയ്യുന്നതിനായി എം.ജി.എൻ.ആർ.ഇ.ജി.എസ്., തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രതിനിധികൾ, പ്രോജക്ട് ഓഫീസർമാർ എന്നിവർ ചേർന്ന് ധാരണാപത്രം ഒപ്പുവയ്ക്കുകയുണ്ടായി. ഇപ്രകാരം ആഭ്യന്തര വിപണി വികസനത്തിന് 2017 ഒക്ടോബറിലെ കയർ കേരള സഹായകമായിട്ടുണ്ട്.

## ഡാമുകളിൽ വൈദ്യുതി ഉല്പാദനത്തിനുള്ള ജലത്തിന്റെ അളവ്

8 (*458) ശ്രീ. റോജി എം. ജോൺ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഡാമുകളിൽ നിലവിൽ വൈദ്യുതി ഉല്പാദനത്തിനുള്ള എത്ര ജലമുണ്ട്;

(ബി) 2017 മാർച്ച് 10-ാം തീയതി ഡാമുകളിൽ എത്ര ജലമുണ്ടായിരുന്നു;

(സി) ഡാമുകളിൽ നിലവിലുള്ള ജലമുപയോഗിച്ച് എത്ര വൈദ്യുതി ഉല്പാദിപ്പിക്കുവാൻ കഴിയും;

(ഡി) സംസ്ഥാനത്തെ നിലവിലുള്ള വൈദ്യുതി ഉപഭോഗം കണക്കിലെടുക്കുമ്പോൾ എത്ര ദിവസം കൂടി വൈദ്യുതി ഉല്പാദിപ്പിക്കുവാനുള്ള ജലം നിലവിൽ ഡാമുകളിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) വേനൽ കടുത്ത സാഹചര്യവും ഉപഭോഗത്തിലുണ്ടായിട്ടുള്ള വർദ്ധനവും പരിഗണിച്ച് വൈദ്യുതി ഉപയോഗത്തിൽ എന്തെങ്കിലും നിയന്ത്രണം കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): (എ) സംസ്ഥാനത്തെ ജലസംഭരണികളിൽ 14-3-2018-ലെ കണക്കുകൾ പ്രകാരം 2158.30 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള ജലം സംഭരിച്ചിട്ടുണ്ട്.

(ബി) മാർച്ച് 10, 2017 -ലെ കണക്കുകൾ പ്രകാരം 1497.07 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള ജലമാണ് ജല സംഭരണികളിൽ സംഭരിച്ചിരുന്നത്.

(സി&ഡി) 14-3-2018-ലെ കണക്കുകൾ പ്രകാരം സംസ്ഥാനത്തെ ജല സംഭരണികളിൽ 2158.30 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള ജലം ശേഖരിച്ചിട്ടുണ്ട്. വരുന്ന ജലവർഷത്തേയ്ക്കുള്ള കരുതൽ ശേഖരം കഴിച്ച് ഈ ജലവർഷം (മേയ് 31 വരെയുള്ള 78 ദിവസം) 22 ദശലക്ഷം യൂണിറ്റ് വൈദ്യുതി പ്രതിദിനം ഉൽപ്പാദിപ്പിക്കുവാനുള്ള ജലം സംഭരിച്ചിട്ടുണ്ട്.

ഉൽപ്പാദനം ക്രമീകരിക്കുന്നതിനനുസരിച്ച് ഇതിൽ മാറ്റംവരാം.

(ഇ) വേനൽ കടുത്ത സാഹചര്യത്തിൽ ഉപഭോഗത്തിൽ വർദ്ധനവുണ്ടെങ്കിലും വൈദ്യുതി നിയന്ത്രണം ഉദ്ദേശിക്കുന്നില്ല. മറിച്ച് കൃത്യമായ പ്ലാനിംഗിലൂടെ ആവശ്യമായ വൈദ്യുതി ലഭ്യമാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

## സാമ്പത്തിക മുരടിപ്പുണ്ടാകാതിരിക്കാനായി സ്വീകരിച്ചുവരുന്ന നടപടികൾ

9 (*459) ശ്രീ. ജെയിംസ് മാത്യു:
ശ്രീ. വി. കെ. സി. മമ്മത് കോയ:
ശ്രീ. കെ. ബാബു:
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമ്പത്തിക മുരടിപ്പുണ്ടാകാതിരിക്കാനായി സ്വീകരിച്ചു വരുന്ന നടപടികൾ അറിയിക്കാമോ;

(ബി) കേന്ദ്ര സർക്കാർ, എഫ്.ആർ.ബി.എം. അവലോകന സമിതിയുടെ റിപ്പോർട്ട് അംഗീകരിച്ചാൽ സംസ്ഥാനത്തിന്റെ വായ്പ ജി.എസ്.ഡി.പി. അനുപാതം 2022-ഓടുകൂടി 20 ശതമാനമായും ധനകമ്മി നിലവിലെ 3.2 ശതമാനത്തിൽ നിന്ന് 1.7 ശതമാനമായും കുറയ്ക്കാനും നിർബന്ധിതമാകുന്നത് മൂലധന ചെലവുകളെയും വികസന ചെലവുകളെയും തൽഫലമായി സാമ്പത്തിക വളർച്ചയെയും ഏതു തരത്തിൽ ബാധിക്കാനിടയുണ്ടെന്ന് വിശകലനം ചെയ്തിട്ടുണ്ടോ;

(സി) എഫ്. ആർ.ബി.എം. നടപടികൾ നിർദ്ദിഷ്ടപാതയിൽ നടത്തുന്നെന്ന് ഉറപ്പുവരുത്താനായി റിവ്യൂ കമ്മിറ്റി നിർദ്ദേശിച്ചതുപോലെ സ്വയംഭരണാധികാരമുള്ള ധനനിയന്ത്രണ സമിതി (Fiscal Council) രൂപീകരിക്കുന്നത് നികുതി വരുമാനം നിശ്ചയിക്കാനുള്ള സംസ്ഥാനങ്ങളുടെ സ്വാതന്ത്ര്യം ചോർത്തിയതുപോലെ ചെലവ് നടത്താനുള്ള അധികാരവും ചോർത്തി സംസ്ഥാനങ്ങളെ കേന്ദ്ര സർക്കാരിന്റെ സാമ്പത്തികാശ്രിതരാക്കി മാറ്റാനിടയുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):(എ) നോട്ട് നിരോധനം സൃഷ്ടിച്ച സാമ്പത്തിക അരക്ഷിതാവസ്ഥയും മുന്നൊരുക്കമില്ലാതെ ജി.എസ്.ടി. നടപ്പിലാക്കിയതുംമൂലം റവന്യൂ വരുമാനത്തിലുണ്ടായ കുറവും സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധിക്ക് കാരണമായിരുന്നു. കൂടാതെ റവന്യൂ ചെലവിലുണ്ടായ വർദ്ധനവും സർക്കാരിന്റെ ധനസ്ഥിതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഈ പ്രതികൂല സാഹചര്യത്തിലും

വികസന/പദ്ധതി പ്രവർത്തനങ്ങൾ മുടങ്ങാതിരിക്കുന്നതിനും സർക്കാർ സംവിധാനത്തിന്റെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ പണം ലഭ്യമാക്കുന്നതിനും വീഴ്ച വരാതിരിക്കുന്നതിന് സർക്കാർ പ്രത്യേക ശ്രദ്ധ നൽകിയിട്ടുള്ളതും മുൻകരുതൽ നടപടികൾ കൈക്കൊണ്ടിട്ടുള്ളതുമാണ്. ആയതിന്റെ ഫലമായി മുൻവർഷം ഇതേ കാലയളവിൽ നടന്ന പദ്ധതി ചെലവുകളേക്കാൾ അധിക പദ്ധതി ചെലവ് ഇതേ സമയം നടത്താനായിട്ടുണ്ട്. വാർഷിക പദ്ധതിയുടെ ഭാഗമായി ജനങ്ങൾ നിരന്തരം ഇടപെടുന്ന മേഖലകളായി കൃഷിയും അനുബന്ധ മേഖലകളും, ഗ്രാമീണ വികസനം, പഞ്ചായത്ത്, പരമ്പരാഗത വ്യവസായം, പൊതുവിതരണ സമ്പ്രദായം, വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽ എന്നീ മേഖലകൾ മെച്ചപ്പെടുത്താനും, തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനും അർഹമായ വിഹിതം വകയിരുത്തിയിട്ടുണ്ട്. വൻ മൂലധന നിക്ഷേപ കുതിപ്പിന് സഹായകരമാകുന്ന രീതിയിൽ കിഫ്ബി വഴി ഏതാണ്ട് 54000 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിൽ 20000 കോടി രൂപയുടെ പദ്ധതികൾക്ക് ഫണ്ട് അനുവദിച്ച് നടപ്പിലാക്കാനുള്ള നടപടി കൈക്കൊണ്ടു വരികയാണ്. ബാക്കി പദ്ധതികൾക്ക് 2018-19-ൽ അംഗീകാരം നൽകും. കിഫ്ബി വഴിയുള്ള ഈ വൻനിക്ഷേപം സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് ഉത്തേജകമാകുമെന്ന് പ്രതീക്ഷിക്കുന്നു.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി ആസൂത്രണ ബോർഡ് വിവിധ മേഖലകളിലായി 43 കർമ്മ സമിതികൾക്ക് രൂപം കൊടുത്തുകൊണ്ട് അതിന്റെ ശിപാർശകൾ വാർഷിക പദ്ധതികളിലൂടെ നടപ്പാക്കിവരികയാണ്. പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ സമീപന രേഖ പ്രകാരം "ജനങ്ങളിൽ നിക്ഷേപിക്കുന്ന കേരളം" എന്ന സങ്കൽപ്പത്തിൽ ഊന്നി, കേരളത്തിന്റെ ദേശീയ, അന്തർദ്ദേശീയ പ്രശസ്തിയുടെ അടിസ്ഥാനം മാനുഷിക വികസനമാണ് എന്ന സങ്കൽപ്പത്തിലൂടെ എല്ലാ മേഖലകളിലും സുസ്ഥിരമായ നേട്ടം കൈവരിക്കാനുതകുന്ന നടപടികൾ സ്വീകരിക്കാൻ സർക്കാർ ലക്ഷ്യമിടുന്നു.

പതിമൂന്നാം പദ്ധതിയുടെ 2017-18, 2018-19 വാർഷിക പദ്ധതികളിൽ പൊതുവായ വികസനത്തിന് അർഹമായ വിഹിതം വകയിരുത്തിയിട്ടുണ്ട്. 2018-19 വാർഷിക പദ്ധതിയിൽ കൃഷിയും അനുബന്ധ മേഖലകൾക്കുമായുള്ള വിവിധ ഉപമേഖലകളിലെ സ്കീമുകൾക്കായി 1750.80 കോടി രൂപയും തൊഴിൽ മേഖലയ്ക്ക് 722.67 കോടി രൂപയും വ്യവസായ മേഖലയ്ക്ക് (ചെറുകിട വ്യവസായം, പരമ്പരാഗത വ്യവസായം എന്നിവ ഉൾപ്പെടെ ഉള്ളവ) 979.81 കോടി രൂപയും നീക്കിവച്ചിട്ടുണ്ട്.

ജി.എസ്.ടി.-യുടെ ഭാഗമായി ഇ-വേ ബിൽ നടപ്പിലാക്കുന്നതോടുകൂടി ജി.എസ്.ടി-യിൽ നിന്നുള്ള വരുമാനം വർദ്ധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഇത്തരത്തിൽ നികുതി-നികുതിയേതര വരുമാനം വർദ്ധിപ്പിച്ചുകൊണ്ടും അധിക വിഭവ സമാഹരണത്തിലൂടെയും കർശനമായ സാമ്പത്തിക അച്ചടക്കം പാലിച്ചുകൊണ്ടും റവന്യൂകമ്മി കുറച്ചുകൊണ്ടു വരുന്നതിനും ധനകമ്മി അനുവദനീയമായ മൂന്ന് ശതമാനത്തിനുള്ളിൽ പരിമിതപ്പെടുത്തുന്നതിനും സർക്കാർ ലക്ഷ്യമിടുന്നു.

(ബി) എഫ്.ആർ.ബി.എം. കമ്മിറ്റിയുടെ ശിപാർശ അനുസരിച്ച് 2022-23- ഓടെ സംസ്ഥാനത്തിന്റെ ധനക്കമ്മി/ജി.എസ്.ഡി.പി. അനുപാതം 1.7 ശതമാനവും കടം/ജി.എസ്.ഡി.പി അനുപാതം 20 ശതമാനവുമായി കുറയ്ക്കേണ്ടിവരുമെന്ന് നാലാമത് കേരളാ പൊതുചെലവ് പുനഃപരിശോധനാ കമ്മിറ്റി നിരീക്ഷിക്കുകയുണ്ടായിട്ടുണ്ട്. കേന്ദ്ര സർക്കാർ ഈ ശിപാർശ അംഗീകരിക്കുന്ന പക്ഷം അത് പാലിക്കുന്നതിനായി സംസ്ഥാനത്തിന് ചെലവ് വെട്ടിക്കുറയ്ക്കേണ്ടി വരികയും വരുമാനം പതിന്മടങ്ങ് വർദ്ധിപ്പിക്കുന്നതിനായുള്ള നടപടി സ്വീകരിക്കേണ്ടി വരികയും ചെയ്യും. കേരളം പോലുള്ള ധനക്കമ്മി, റവന്യൂകമ്മി അനുപാതങ്ങൾ ഉയർന്നു നിൽക്കുന്ന സംസ്ഥാനത്തിന് എഫ്.ആർ.ബി.എം. റിവ്യൂ കമ്മിറ്റിയുടെ സാമ്പത്തിക ദൃഢീകരണ മാർഗ്ഗരേഖ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഏറെ ബുദ്ധിമുട്ടുണ്ടാക്കുമെന്ന് നാലാം പൊതുചെലവ് പുനഃപരിശോധനാ കമ്മിറ്റി അഭിപ്രായപ്പെട്ടിട്ടുണ്ട്. വർദ്ധിച്ചുവരുന്ന റവന്യൂ ചെലവ് വഹിക്കുന്നതോടൊപ്പം സംസ്ഥാനത്തിന്റെ മൂലധന ചെലവ് വെട്ടിക്കുറയ്ക്കാത്ത വിധം യുക്തിസഹമായ സാമ്പത്തിക നടത്തിപ്പ് കൈക്കൊള്ളേണ്ടിവരുമെന്നും പൊതുചെലവ് പുനഃപരിശോധനാ കമ്മിറ്റി നിരീക്ഷണം നടത്തിയിട്ടുണ്ട്.

(സി) നിലവിലെ എഫ്.ആർ.ബി.എം. ആക്ട് റദ്ദാക്കിക്കൊണ്ട് പുതിയ Debt & Fiscal Responsibility Act പാസ്സാക്കണമെന്നും ഒരു ഫിസ്കൽ കൗൺസിൽ രൂപീകരിക്കണമെന്നും എഫ്.ആർ.ബി.എം. റിവ്യൂ കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ട്. സംസ്ഥാന സർക്കാരുകളുടെയും കേന്ദ്ര സർക്കാരിന്റെയും സാമ്പത്തിക ദൃഢീകരണം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായാണ് കേന്ദ്ര ധനകാര്യ കമ്മീഷനുകൾ റവന്യൂകമ്മി, ധനക്കമ്മി ലക്ഷ്യങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള സാമ്പത്തിക ദൃഢീകരണ മാർഗ്ഗരേഖ ശിപാർശ ചെയ്യാറുള്ളത്. സംസ്ഥാനങ്ങളുടെ നിലവിലെ സാമ്പത്തിക സ്ഥിതിയും പ്രത്യേകതകളും കണക്കിലെടുത്തുകൊണ്ട് അനുകൂലമായ ഒരു സാമ്പത്തിക ദൃഢീകരണ മാർഗ്ഗരേഖ ശിപാർശ ചെയ്യണമെന്ന് ധനകാര്യ കമ്മീഷനുകളോട് അഭ്യർത്ഥിക്കാൻ കഴിയും. ഇത്തരത്തിൽ സംസ്ഥാനത്തിന് അനുകൂലമായ ഒരു പുതിയ സാമ്പത്തിക ദൃഢീകരണ മാർഗ്ഗരേഖ 15-ാം ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്യണമെന്ന് സർക്കാർ ആവശ്യപ്പെടുന്നതാണ്.

## ചരക്ക് സേവന നികുതി പരിശോധന കർശനമാക്കുവാൻ നടപടി

10(*460) ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. മോൻസ് ജോസഫ്:
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ചരക്ക് സേവന നികുതി റിട്ടേൺ ഇനിയും സമർപ്പിക്കാത്ത വ്യാപാരികൾക്കെതിരെ സർക്കാർ എന്ത് നടപടി സ്വീകരിച്ചു എന്നറിയിക്കാമോ; നികുതി പണം പിരിച്ചെടുക്കുന്നതിൽ വകുപ്പ് ഉദ്യോഗസ്ഥർ കാണിക്കുന്ന മെല്ലെപ്പോക്ക് നയം തിരുത്താൻ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ;

(ബി) വ്യാപാരികൾ മറ്റ് കാലത്ത് നൽകിയതും ഇപ്പോൾ നൽകുന്നതുമായ നികുതി പരിശോധിക്കാൻ എന്ത് സംവിധാനമാണ് വകുപ്പുതലത്തിൽ ചെയ്തിരിക്കുന്നത്; ഇക്കാര്യത്തിൽ ആറ് മാസമായി വില്പന നികുതി വകുപ്പിന് വീഴ്ച സംഭവിച്ചു എന്ന ആക്ഷേപം പരിഹരിക്കാമോ; വ്യക്തമാക്കാമോ;

(സി) നികുതി പിരിവിന് ചെക്ക്പോസ്റ്റുകളിലും കടകളിലും പരിശോധന കർശനമാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): (എ) ജി.എസ്.ടി. പൂർണ്ണമായും ഓൺലൈൻ സമ്പ്രദായമാണ്. ആദ്യഘട്ടത്തിൽ വേണ്ട രജിസ്ട്രേഷൻ, റിട്ടേൺ ഫയലിംഗ്, നികുതി അടവ് എന്നിവ ജി.എസ്.ടി. സോഫ്റ്റ്വെയറിന്റെ ഫ്രണ്ട് എൻഡ് മോഡ്യൂളിലാണ്. ഇത് ജി.എസ്.ടി.എൻ. ആണ് തയ്യാറാക്കുന്നത്. മോഡൽ 1 സംസ്ഥാനമായ കേരളത്തിൽ ബാക്ക് എൻഡ് മോഡ്യൂൾ തയ്യാറാക്കുന്നുണ്ട്. ജി.എസ്.ടി.-യിലെ ഫ്രണ്ട് എൻഡ് സോഫ്റ്റ്വെയർ ഇതുവരേയും പൂർണ്ണമായും സജ്ജമായിട്ടില്ല. ആയതിനാൽ ഇതുമായി ബന്ധപ്പെട്ട ബാക്ക് എൻഡ് മോഡ്യൂളുകളും പൂർണ്ണമായും പ്രവർത്തന സജ്ജമാക്കാൻ കഴിഞ്ഞിട്ടില്ല. നിയമപ്രകാരമുള്ള റിട്ടേണുകൾ പൂർണ്ണമായും ഫയൽ ചെയ്യുന്നതിനുള്ള സംവിധാനം ഇതുവരേയും സജ്ജമായിട്ടില്ല. ജി.എസ്.ടി. സംവിധാനത്തിൽ വ്യാപാരികൾക്ക് നോട്ടീസുകൾ നൽകുന്നത് ഓൺലൈൻ രീതിയിലാണ്. നിലവിൽ പ്രവർത്തനക്ഷമമായിട്ടുള്ള ജി.എസ്.ടി.ആർ. 3 ബി, ജി.എസ്.ടി.ആർ. 1 എന്നിവ കൃത്യസമയത്ത് ഫയൽ ചെയ്യാത്ത നികുതിദായകരുടെ വിവരങ്ങൾ ജി.എസ്.ടി.എൻ.-ന്റെ ബാക്ക് എൻഡിൽ ലഭ്യമാണ്. ഓൺലൈൻ രീതിയിൽ നോട്ടീസ് നൽകുന്നതിനുള്ള സോഫ്റ്റ്വെയർ ഇതുവരേയും പ്രവർത്തന സജ്ജമാകാത്തതിനാൽ ഇത്തരം നികുതിദായകരുമായി നേരിട്ട് ബന്ധപ്പെട്ട് റിട്ടേണുകൾ ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചുവരുന്നു.

(ബി) പൂർണ്ണമായും ഓൺലൈൻ സംവിധാനമായ ജി.എസ്.ടി.യിൽ റിട്ടേണുകൾ ഫയൽ ചെയ്യുന്നതും വിവരങ്ങളുടെ സൂക്ഷ്മപരിശോധന നടത്തുന്നതും ഓൺലൈൻ രീതിയിലാണ്. ഇതുമായി ബന്ധപ്പെട്ട സോഫ്റ്റ്‌വെയർ പൂർണ്ണമായും പ്രവർത്തനക്ഷമമാകാത്തതിനാൽ നികുതിയടവിന്റെ അളവും കൃത്യതയും പരിശോധിക്കുന്നതിനുള്ള എല്ലാ വിവരങ്ങളും ജി.എസ്.ടി.എൻ. മുഖേന സംസ്ഥാനത്തിന് ലഭ്യമാകുന്നില്ല. എന്നിരുന്നാലും ലഭ്യമായ വിവരങ്ങൾ വച്ച് നികുതിയടവിന്റെ അളവിനെക്കുറിച്ചുള്ള പരിശോധന വകുപ്പ് നടത്തിവരുന്നു. ഇക്കാര്യത്തിൽ വകുപ്പിന് വീഴ്ച സംഭവിച്ചതായി കണക്കാക്കുന്നില്ല.

(സി) ജി.എസ്.ടി. നിയമമനുസരിച്ച് ചെക്ക് പോസ്റ്റുകൾ നിർത്തലാക്കിയിട്ടുണ്ട്. നികുതി ബാധ്യതയുള്ളയാൾ വെട്ടിപ്പ് നടത്തുന്നതായി സംശയിക്കപ്പെടുന്ന പക്ഷം ജോയിന്റ് കമ്മീഷണറിൽ കുറയാത്ത റാങ്കിലുള്ള ഉദ്യോഗസ്ഥന് വ്യാപാര സ്ഥാപനങ്ങളിൽ പരിശോധന നടത്തുന്നതിന് അനുമതി നൽകാവുന്നതാണ്. ഇതനുസരിച്ച് വ്യാപാര സ്ഥാപനങ്ങളിൽ ടെസ്റ്റ് പർച്ചേസ് നടത്തുന്നതിനും ബില്ലുകൾ പരിശോധിക്കുന്നതിനും വകുപ്പിലെ ജില്ലാ ഡെപ്യൂട്ടി കമ്മീഷണർമാരേയും ഇന്റലിജൻസ് വിഭാഗത്തിലെ ഡെപ്യൂട്ടി കമ്മീഷണർമാരേയും ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## കാരുണ്യ പദ്ധതിയിലൂടെ പൂർണ്ണ സൗജന്യ ചികിത്സ

11(*461) ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. കാരാട്ട് റസാഖ്:
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചികിത്സയ്ക്കായുള്ള ചെലവ് വർദ്ധിച്ചു വരുകയും അതുവഴി നിരവധി കുടുംബങ്ങൾ ദാരിദ്ര്യത്തിലാവുകയും ചെയ്യുന്ന സ്ഥിതി പരിഹരിക്കാനായി കാരുണ്യ പദ്ധതിയിലൂടെ പൂർണ്ണ സൗജന്യ ചികിത്സ ഉറപ്പാക്കുമെന്ന പ്രഖ്യാപനം യാഥാർത്ഥ്യമാക്കുന്നതിന് പദ്ധതി ആവിഷ്കരിക്കാനുദ്ദേശിക്കുന്നുണ്ടോ;

(ബി) കാരുണ്യ ചികിത്സ പദ്ധതി സഹായധനമെന്ന രീതിയിൽനിന്നും ചികിത്സ അവകാശമാക്കിക്കൊണ്ടുള്ള സമഗ്രാരോഗ്യ പദ്ധതി എന്ന രീതിയിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) കാരുണ്യ സഹായധന പദ്ധതി നിലവിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ എന്ന് അവലോകനം നടത്തിയിട്ടുണ്ടോ; പദ്ധതിയിൽ ആവശ്യത്തിന് ഫണ്ട് ലഭ്യമാണോ; അപേക്ഷയിൽ തീരുമാനം എടുക്കാൻ കാലതാമസം ഉണ്ടാകുന്നുണ്ടോ എന്ന് പരിശോധിച്ചിരുന്നോ; വിശദാംശം ലഭ്യമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): (എ&ബി) 2017-18 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഖണ്ഡിക 31-ൽ നിലവിലുള്ള വിവിധ ഇൻഷ്വറൻസ്, അർദ്ധ ഇൻഷ്വറൻസ്, ആരോഗ്യപദ്ധതികളെ സംയോജിപ്പിച്ച് കാൻസർ, പക്ഷാഘാതം, കരൾ, വൃക്കരോഗങ്ങൾ, ട്യൂമർ തുടങ്ങിയ മാരക രോഗങ്ങൾക്കടക്കം സൗജന്യ ചികിത്സ ഉറപ്പുവരുത്തുന്ന സമഗ്ര ആരോഗ്യ പദ്ധതിക്ക് രൂപം നൽകുമെന്ന് പ്രഖ്യാപിച്ചിരുന്നു. ഇതുസംബന്ധിച്ച തുടർ നടപടികൾ ചർച്ചയിലാണ്.

(സി) ഉണ്ട്. കാരുണ്യ ചികിത്സാ സഹായ പദ്ധതി നിലവിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നു. 2017-18-ൽ വകയിരുത്തിയ ബഡ്ജറ്റ് വിഹിതം പൂർണ്ണമായും നൽകിയിട്ടുണ്ട്. 2018-19 -ൽ മുൻ വർഷങ്ങളെ അപേക്ഷിച്ച് കൂടുതൽ തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അതിനാൽ പദ്ധതിക്കാവശ്യത്തിന് ഫണ്ട് ലഭ്യമാണ്.

കെ.ബി.എഫ് പദ്ധതിയിൽ നിന്നുള്ള ചികിത്സാ സഹായത്തിന് നിഷ്കർഷിച്ചിട്ടുള്ള എല്ലാ രേഖകളും സഹിതമാണ് അപേക്ഷിക്കുന്നതെങ്കിൽ കാലതാമസം കൂടാതെ ചികിത്സാനുമതി നൽകിവരുന്നു. അടിയന്തര സാഹചര്യങ്ങളിൽ ചികിത്സാനുമതി നൽകുന്നതിന് അതാത് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സർക്കാർ ആശുപത്രിയിൽ ചികിത്സ തേടുന്ന രോഗി സമർപ്പിക്കുന്ന ചികിത്സാ സഹായ അപേക്ഷകൾ ജില്ലാ കളക്ടർ ചെയർമാനായ ജില്ലാതല കമ്മിറ്റി പരിശോധിച്ച് മുൻകൂർ ചികിത്സാ അനുമതിപത്രം അതാത് ആശുപത്രിക്ക് നൽകിവരുന്നു. അക്രെഡിറ്റഡ് സ്വകാര്യ ആശുപത്രിയിൽ ചികിത്സ തേടുന്ന രോഗികൾക്കും കാലതാമസം കൂടാതെ ചികിത്സാനുമതി നല്കിവരുന്നു. സർക്കാർ ആശുപത്രികളിൽ അടിയന്തര ഘട്ടങ്ങളിൽ രോഗി ചികിത്സയ്ക്കായി കയ്യിൽ നിന്നും തുക ചെലവാക്കിയിട്ടുണ്ടെങ്കിൽ ചെലവായ തുകയുടെ ഒറിജിനൽ ബില്ലുകളും ആവശ്യമായ മറ്റു രേഖകളുമടക്കം അപേക്ഷ സമർപ്പിക്കുന്ന പക്ഷം തുക റീഇംബേഴ്സ്മെന്റായി രോഗിക്ക് നേരിട്ട് നൽകിവരുന്നു.

**കെ.എസ്.ഇ.ബി.-യുടെ റവന്യൂകമ്മി**

12 (*462) <u>ശ്രീ. മുരളി പെരുനെല്ലി :</u>

<u>ശ്രീ. എ. പ്രദീപ്കുമാർ :</u>

<u>ശ്രീ. എം. സ്വരാജ് :</u>

<u>ശ്രീ. എസ്. രാജേന്ദ്രൻ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡിന് ആയിരത്തി അറുനൂറ്റി അമ്പത് കോടിയിലധികം രൂപ റവന്യൂ കമ്മിയായിരിക്കുന്നത് നികത്താനായി എന്തു മാർഗ്ഗമാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്;

(ബി) വിദ്യുച്ഛക്തി വാങ്ങാൻ ദീർഘകാലാടിസ്ഥാനത്തിലുള്ള കരാറുകൾ വഴി ചെലവുകുറയ്ക്കാൻ വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) സ്ഥാപനത്തിന്റെ സാമ്പത്തിക ശാക്തീകരണത്തിനായി കോഴിക്കോട് ഐ.ഐ.എം. നൽകിയ പഠന റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ എന്തെല്ലാമാണ്; സ്ഥാപനത്തിലെ ജീവനക്കാരുടെയും പെൻഷൻകാരുടേയും എണ്ണമെത്രയെന്ന് അറിയിക്കാമോ;

(ഡി) വിദ്യുച്ഛക്തി വാങ്ങുന്നതിലെ ചെലവ് കുറയ്ക്കാനും വൻതോതിലുള്ള പ്രസരണ നഷ്ടം കുറയ്ക്കാനും സംസ്ഥാനത്ത് നിലവിൽ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്ന പദ്ധതികൾ അടിയന്തരമായി പൂർത്തീകരിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): (എ) സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ ഇതുവരെ (2013-14) പുറപ്പെടുവിച്ചിട്ടുള്ള അന്തിമ വരവ് ചെലവ് കണക്കുകളുടെ ശരിപ്പെടുത്തൽ (ട്രൂയിംഗ് അപ്പ്) ഉത്തരവുകളും താരിഫ് ഉത്തരവുകളും പ്രകാരം കെ.എസ്.ഇ.ബി.എൽ.-ന്റെ നിലവിലുള്ള മൊത്തം റവന്യൂകമ്മി 4411.23 കോടി രൂപയാണ്. തുടർന്നുള്ള വർഷങ്ങളിലേയ്ക്കുള്ള കണക്കുകളുടെ ശരിപ്പെടുത്തലുകൾ പൂർത്തിയാക്കിയിട്ടില്ല. ഇങ്ങനെ വരുന്ന റവന്യൂകമ്മി താരിഫിലൂടെ റെഗുലേറ്ററി കമ്മീഷനാണ് നികത്തിത്തരേണ്ടത്.

കെ.എസ്.ഇ.ബി-യുടെ നഷ്ടം കുറച്ച് ലാഭത്തിലാക്കുന്നതിന് ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിക്കുന്നതാണ്.

1. ഉയർന്ന നിരക്കിലുള്ള വായ്പകൾ തിരിച്ചടച്ച് കുറഞ്ഞ പലിശ നിരക്കുള്ള വായ്പയെടുക്കുന്നതാണ്.

2. കെ.എസ്.ഇ.ബി.-യുടെ വിവിധ ശീർഷകങ്ങളിലുള്ള ചെലവുകൾ പരമാവധി കുറച്ചും വൈദ്യുതി ചാർജ്ജ് കുടിശ്ശിക പരമാവധി പിരിച്ചെടുത്ത് വരുമാനം കൂട്ടിയും നഷ്ടം കുറയ്ക്കുന്നതാണ്.

3. കേന്ദ്രസർക്കാർ 20-11-2015-ൽ പ്രഖ്യാപിച്ച ഉദയ് പദ്ധതിയുടെ പ്രവർത്തന മികവ് വർദ്ധിപ്പിക്കുന്ന ഭാഗത്തിൽ പങ്കാളിയാകുന്നതിന് നടപടിയെടുത്തു. പ്രസ്തുത പദ്ധതി പ്രകാരം AT&C Loss-ഉം റവന്യൂ ഗ്യാപ്പും കുറയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു

4. മിതമായ വിലയിൽ ഹ്രസ്വ-ദീർഘകാലാടിസ്ഥാനത്തിലുള്ള കരാറുകൾ വഴി വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും പ്രവർത്തന മികവ് കൂടുതൽ മെച്ചപ്പെടുത്തുന്നതിലൂടെയും ബോർഡിന്റെ ബാധ്യതകൾ പരിഹരിക്കുവാനാണ് ശ്രമിക്കുന്നത്.

കൂടാതെ കേരള വാട്ടർ അതോറിറ്റിയിൽ നിന്നും മറ്റു പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും വൈദ്യുതി ചാർജ്ജ് കുടിശ്ശിക ഇനത്തിൽ പിരിഞ്ഞു കിട്ടേണ്ട ഏകദേശം 1400 കോടി രൂപ ലഭ്യമാക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(ബി) ഉണ്ട്. ദീർഘകാല കരാർ മുഖേന അന്യസംസ്ഥാനങ്ങളിലെ ഉൽപ്പാദകരിൽ നിന്നും 1215 മെഗാവാട്ടിന്റെ വൈദ്യുതി ലഭ്യത ഉറപ്പാക്കിയിട്ടുണ്ട്.

(സി) സ്ഥാപനത്തിന്റെ സാമ്പത്തിക ശാക്തീകരണത്തിനായി കോഴിക്കോട് ഐ.ഐ.എം. നൽകിയ പഠന റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു:

- പ്രഖ്യാപിത പവർകട്ടുകൾക്ക് നിർദ്ദിഷ്ട സമയം (ഗാർഹിക ഉപഭോക്താക്കൾക്കും, വാണിജ്യ ഉപഭോക്താക്കൾക്കും വെവ്വേറെ സമയം) ഏർപ്പെടുത്തുക. പേമെന്റ് അടിസ്ഥാനത്തിൽ ലഭ്യമാക്കാവുന്ന വിവിധ അധിക സേവനങ്ങൾ ഏർപ്പെടുത്തുക. വാണിജ്യ സ്ഥാപനങ്ങൾക്ക് പകൽ സമയം പവർ ഉറപ്പു വരുത്തുക.
- ഓഫീസ് കമ്മ്യൂണിക്കേഷൻ കമ്പ്യൂട്ടർ മുഖേന നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുക. മീറ്റിംഗുകൾ വീഡിയോ കോൺഫറൻസ് മുഖാന്തരം നടത്തുക.
- ഇലക്ട്രിക്കൽ സബ്ഡിവിഷൻ ഓഫീസുകളെ ഡിവിഷൻ ഓഫീസുകളോടൊപ്പം കൂട്ടിച്ചേർക്കുക. ഡിവിഷൻ/സർക്കിൾ ഓഫീസ് തലങ്ങളിൽ ഘടനാപരമായ ചില മാറ്റങ്ങൾ വരുത്തുക.
- വ്യവസായത്തിൽ നിലനിൽക്കുന്ന വേതനത്തിന്റെയും ജീവനക്കാരുടെ മികവിന്റെയും അടിസ്ഥാനത്തിൽ ശമ്പളം, വേതനം ഇവ ക്രമീകരിക്കുന്നതിനുള്ള സംവിധാനം വേണമെങ്കിൽ പുറമേ നിന്നുള്ള ഏജൻസിയുടെ സഹായത്തോടെ നിർണ്ണയിക്കുക. വാർഷിക ഇൻക്രിമെന്റും, ഉദ്യോഗ കയറ്റങ്ങളും സാമ്പത്തിക വർഷത്തെയോ, കലണ്ടർ വർഷത്തെയോ അടിസ്ഥാനപ്പെടുത്തി നൽകുക.
- വിതരണ മേഖലയിൽ ബ്രേക്ക് ഡൗൺ, മെയിന്റനൻസ് വിഭാഗങ്ങൾ മേഖലാടിസ്ഥാനത്തിൽ കോൺട്രാക്ട് നൽകുക.
- മീറ്റർ റീഡർമാരുടെ നിയമനം നിർത്തലാക്കുക. ഈ തസ്തികയിൽ നിലവിലെ 876 ഒഴിവുകൾ നികത്തരുത്.

- ട്രെയിനിംഗ് സെന്ററിലെ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികകൾ 2-ൽ നിന്നും 1 ആയി ചുരുക്കുക.
- ബില്ലിംഗ് പേഴ്സണൽ ഡിജിറ്റൽ അസിസ്റ്റന്റ് (PDA) സംവിധാനം ഉപയോഗിക്കുന്നതിലൂടെയും വിവര സാങ്കേതികവിദ്യ ഉപയോഗിക്കുന്നതിലൂടെയും നിലവിലുള്ള 2950, സീനിയർ അസിസ്റ്റന്റ്മാരുടെ എണ്ണം 1/3 ആയി ചുരുക്കാൻ കഴിയും. PDA സംവിധാനം സാർവത്രികമാക്കുക. തൊഴിൽപരമായി യോഗ്യരായ സീനിയർ അസിസ്റ്റന്റുമാരെ മാനവ വിഭവശേഷി വിഭാഗത്തിലേയ്ക്ക് പുനർ വിന്യസിക്കുക. ഇവരെ സെക്ഷൻ ഓഫീസുകളിൽ സാങ്കേതിക ഇതര ജോലിയിലും ഹൈഡൽ ടൂറിസം മേഖലയിലും പുനർ വിന്യസിക്കുക.
- കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, ഫെയർകോപ്പി അസിസ്റ്റന്റ് & ഓഫീസ് അറ്റന്റന്റ് എന്നിവരുടെ ജോലികൾ സംയോജിപ്പിക്കുക. ആശ്രിത നിയമനം വഴി ഓഫീസ് അറ്റന്റന്റ്, ഫെയർകോപ്പി അസിസ്റ്റന്റ് & കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ നൽകുന്ന നിയമനങ്ങൾ ഉടൻ നിർത്തലാക്കുക.
- ഡ്രൈവർ, ളപ്പകാർ എന്നീ തസ്തികയിൽ കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമനം നൽകുക. ടി തസ്തികയിലേയ്ക്കുള്ള പുതിയ നിയമനങ്ങൾ ഉടൻ നിർത്തലാക്കുക.
- ആശ്രിത നിയമനത്തിനായി ഉദ്യോഗാർത്ഥികൾക്ക് കെ.എസ്.ഇ.ബി.എൽ-ലേയ്ക്ക് ആവശ്യമായ യോഗ്യതാ പരിശീലനം നേടുവാനായി നിർദ്ദിഷ്ട കാലയളവിലേയ്ക്ക് വേതനത്തോടുകൂടിയ അവധി നൽകുക.
- ഉയർന്ന തുകയ്ക്കുള്ള ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തി ആശ്രിത നിയമന വ്യവസ്ഥ പിൽക്കാലത്ത് നിർത്തലാക്കാവുന്നതാണ്.
- കായികരംഗത്ത് സജീവകാലം പൂർത്തിയാക്കിക്കഴിഞ്ഞ യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ മാത്രം സ്പോർട്സ് ക്വാട്ടയിൽ നിയമിക്കുന്ന കാര്യം പരിഗണിക്കുക.
- സിവിൽ എഞ്ചിനീയർമാരുടെ സേവനം പ്രയോജനപ്പെടുത്താനായി ഹൈഡൽ ടൂറിസം പദ്ധതികൾ ആവിഷ്കരിക്കുക.
- ചീഫ് എഞ്ചിനീയർ (എച്ച്.ആർ.എം.)-ന്റെ ഓഫീസ്, ബോർഡ് സെക്രട്ടറിയുടെ ഓഫീസ് & ചീഫ് പേഴ്സണൽ ഓഫീസറുടെ ഓഫീസ് എന്നിവയുടെ പ്രവർത്തനം സംയോജിപ്പിക്കുക.
- ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിൽ കൺസ്യൂമേഴ്സിന് അനുസൃതമായി ജീവനക്കാരുടെ എണ്ണം നിജപ്പെടുത്തുക.

14-3-2018-ൽ സ്ഥാപനത്തിലെ സ്ഥിരം ജീവനക്കാരുടെ എണ്ണം 33852 -ഉം പെൻഷൻകാരുടെ എണ്ണം 33363-ഉം ആണ്.

(ഡി) സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച കണക്കുകൾ പ്രകാരം 2016-17 വർഷത്തിൽ സംസ്ഥാനത്തെ വൈദ്യുതി പ്രസരണ നഷ്ടം 4.5%മാത്രമാണ്. ഇത് ദേശീയ ശരാശരിയിലും കുറവാണ്. എന്നിരുന്നാലും പ്രസരണ നഷ്ടം ഇനിയും കുറയ്ക്കുന്നതിനുള്ള സാധ്യതകൾ നിലനിൽക്കുന്നുണ്ട്. ഇതിനായി വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കി വരുന്നു. ഏറ്റെടുത്തിട്ടുള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. പദ്ധതികൾ പൂർത്തിയാക്കുന്നതിനാവശ്യമായ സാധന സാമഗ്രികളുടെ ലഭ്യത ഉറപ്പു വരുത്തുന്നതിനും ഉണ്ടാകാനിടയുള്ള തടസ്സങ്ങൾ മുൻകൂട്ടി കണ്ട് പരിഹരിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

സംസ്ഥാനത്തിന് പുറമേ നിന്ന് വാങ്ങുന്ന വൈദ്യുതിയുടെ ശരാശരി നിരക്ക് കെ.എസ്.ഇ.ബി.-യുടെ താപനിലയങ്ങളുടെ ഉൽപ്പാദന നിരക്കിനേക്കാൾ കുറവാണ്. ഇപ്രകാരം ചെലവ് കുറഞ്ഞ വൈദ്യുതി ലഭ്യമാക്കുന്നതിന് ബോർഡ് വിവിധ ദീർഘകാല കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്.

**കായിക നയം**

13(*463) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. കെ. എം. ഷാജി:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കായിക നയം എന്നത്തേയ്ക്ക് പ്രഖ്യാപിക്കുമെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത നയരൂപീകരണം നടത്തുമ്പോൾ മലബാർ മേഖലയ്ക്ക് പ്രത്യേക ഊന്നൽ നൽകുന്ന കാര്യം പരിഗണിക്കുമോ എന്നറിയിക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): (എ&ബി) കേരളത്തിന്റെ കായിക മേഖലയുടെ സമഗ്രവികസനവും നേട്ടങ്ങളും ലക്ഷ്യമിട്ടുകൊണ്ട് സംസ്ഥാന സർക്കാർ കായിക നയം രൂപീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കായിക രംഗത്ത് മികച്ച നേട്ടങ്ങൾ

കൈവരിച്ച ഒളിമ്പ്യൻമാർ, അർജ്ജുന അവാർഡ് ജേതാക്കൾ, ദ്രോണാചാര്യ അവാർഡ് ജേതാക്കൾ എന്നിവരെ പങ്കെടുപ്പിച്ച് ആദ്യ ശിൽപ്പശാല 15-2-2018 -ന് സംഘടിപ്പിച്ചിരുന്നു. കായിക മേഖലയിലെ വിദഗ്ധരേയും വിവിധ കായിക അസോസിയേഷനുകളുടെ പ്രതിനിധികളേയും മറ്റും ഉൾപ്പെടുത്തി വീണ്ടും ശിൽപ്പശാല സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ടി ശില്പശാലകളിൽ ഉടലെടുക്കുന്ന ആശയങ്ങളും നിർദ്ദേശങ്ങളും കൂടി പരിഗണിച്ചതിനുശേഷം കായിക നയത്തിന് അന്തിമ രൂപം നൽകുന്നതാണ്. സംസ്ഥാനത്തിന്റെ കായിക മേഖലയുടെ സമഗ്ര വികസനമാണ് കായിക നയ രൂപീകരണത്തിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്.

**വാണിജ്യമിഷന്റെ പ്രവർത്തന രൂപരേഖ**

14(*464) ശ്രീ. കെ. സുരേഷ് കുറുപ്പ് :

ശ്രീ. കെ. കുഞ്ഞിരാമൻ :

ശ്രീ. കെ.ഡി. പ്രസേനൻ :

ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ പ്രോത്സാഹനത്തിന് അനുകൂലമായ സാഹചര്യം സൃഷ്ടിക്കാനായി നടത്തിയ പ്രവർത്തനത്തോടൊപ്പം വാണിജ്യമേഖലയിലെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതിനായി രൂപീകരിക്കാനുദ്ദേശിക്കുന്ന വാണിജ്യ മിഷന്റെ പ്രവർത്തന രൂപരേഖ അറിയിക്കാമോ;

(ബി) സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ സംരംഭകരുടെ ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും ഓൺലൈൻ വ്യാപാരത്തിലൂടെ മാർക്കറ്റിംഗ് വിപുലമാക്കുന്നതിന് വേണ്ട സഹായം ലഭ്യമാക്കുന്നതിനും വാണിജ്യ വകുപ്പ് നടത്തി വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(സി) ആഗോളവൽക്കരണ നയഫലമായുണ്ടാകുന്ന വ്യാപാര രംഗത്തെ കുത്തകവൽക്കരണത്തെ അതിജീവിക്കുന്നതിന് ചെറുകിട ഇടത്തരം വ്യാപാരികളെ എപ്രകാരം സഹായിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ;

(ഡി) രാജ്യാന്തര വിപണിയിൽ സംസ്ഥാനത്തിന്റെ ഉല്പന്നങ്ങൾക്ക് ഇടം നേടിക്കൊടുക്കാൻ എന്തെങ്കിലും പദ്ധതിയുണ്ടോ എന്ന് വ്യക്തമാക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): (എ-സി) വ്യവസായ പ്രോത്സാഹനത്തിന് അനുകൂലമായ സാഹചര്യം സൃഷ്ടിക്കാനായി നടത്തുന്ന വിപുലവും സമഗ്രവുമായ പദ്ധതികൾക്കൊപ്പം സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭകരുടെ ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനായി വ്യവസായ പ്രദർശന മേളകൾ, മെഷിനറി എക്സ്പോ 2018, IITF(ഇന്ത്യ-ഇന്റർനാഷണൽ ട്രേഡ് ഫെയർ), ദേശീയ-അന്തർദ്ദേശീയ പരിപാടികൾ, കേരള അഗ്രോ ഫുഡ് പ്രോ, മലബാർ ക്രാഫ്റ്റ് മേള എന്നീ പദ്ധതികൾ നടത്തിവരുന്നു.

ഓൺ ലൈൻ വ്യാപാരത്തിലൂടെ മാർക്കറ്റിംഗ് വിപുലമാക്കുന്നതിനു വേണ്ടി സംസ്ഥാനത്തെ സൂക്ഷ്മ-ചെറുകിട വ്യവസായ സംരംഭങ്ങളുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിനായി ഇ-കൊമേഴ്സ് പോർട്ടൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. ഈ വെബ് പോർട്ടലിലൂടെ കേരളത്തിലെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് അവരുടെ ഉൽപ്പന്നങ്ങൾക്ക് ദേശീയ അന്തർദ്ദേശീയ തലത്തിൽ വിപണി കണ്ടെത്തുവാൻ സാധിക്കും.

എസ്.എം.ഇ. പോർട്ടൽ വികസിപ്പിക്കുന്നതിലൂടെ സംസ്ഥാനത്തെ സൂക്ഷ്മ ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് ആഗോളതലത്തിലുള്ള വ്യവസായികൾ/ ബയർമാർ എന്നിവരുമായി ആശയ വിനിമയം നടത്താൻ സാധിക്കും. വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന് കീഴിലുള്ള ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മുഖേന എസ്.എം.ഇ. പോർട്ടലിലൂടെ ചെറുകിട വ്യവസായ സംരംഭങ്ങൾ രജിസ്റ്റർ ചെയ്ത് അവരുടെ ഉൽപ്പന്നങ്ങളേയും സേവനങ്ങളേയും കുറിച്ച് പ്രചരിപ്പിക്കാൻ സാധിക്കും. മേൽ പറഞ്ഞിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിലൂടെ ആഗോളവത്കരണനയ ഫലമായുണ്ടാകുന്ന വ്യാപാര രംഗത്തെ കുത്തകവൽക്കരണത്തെ അതിജീവിക്കാൻ സംരംഭകർക്ക് സാധിക്കുന്നതാണ്.

(ഡി) ഉണ്ട്. ദേശീയ-അന്തർദ്ദേശീയ തലത്തിൽ കേരളത്തിലെ വ്യവസായ ഉല്പന്നങ്ങൾ പരിചയപ്പെടുത്തുന്നതിനും അവയ്ക്ക് വിപണി കണ്ടെത്തുന്നതിനുമായി ദേശീയ രാജ്യാന്തര മേളകളിൽ പങ്കെടുക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി കേരള ബിസിനസ്സ് ടു ബിസിനസ്സ് മീറ്റ് 2015, ഫെബ്രുവരി 26 മുതൽ 28 വരെ കൊച്ചി ലേമെറീഡിയൻ ഹോട്ടലിലെ ഗൾഫാർ ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിലും, കേരള ബിസിനസ്സ് ടു ബിസിനസ്സ് മീറ്റ് 2016 ഫെബ്രുവരി 4 മുതൽ 6 വരെ നെടുമ്പാശ്ശേരി സിയാൽ എക്സിബിഷൻ സെന്ററിലും, വ്യാപാർ 2017 (ബിസിനസ്സ് ടു ബിസിനസ്സ് മീറ്റ്) ഫെബ്രുവരി 2 മുതൽ 4 വരെ കൊച്ചി ബോൾഗാട്ടി പാലസ് & ഐലന്റ് റിസോർട്ടിലും സംഘടിപ്പിച്ചു.

## ഹോംസ്റ്റേകളിൽ താമസിക്കുന്ന വിദേശികളുടെ സുരക്ഷ

15(*465) ശ്രീ. അടൂർ പ്രകാശ് :

ശ്രീ. എ. പി. അനിൽ കുമാർ :

ശ്രീ. അൻവർ സാദത്ത് :

ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോം സ്റ്റേ സമ്പ്രദായം വ്യാപകമാകുന്നത് പരിഗണിച്ച് ഹോം സ്റ്റേകളിൽ താമസിക്കുന്ന വിദേശികളുടെ സുരക്ഷ ഉറപ്പ് വരുത്തുന്നതിന് എന്തൊക്കെ കാര്യങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഹോം സ്റ്റേകൾ നടത്തുന്നവർക്ക് സർക്കാരിന്റെ എന്തെങ്കിലും ആനുകൂല്യം നൽകുന്നുണ്ടോ; വിശദാംശം നൽകുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): (എ) ഹോം സ്റ്റേകൾക്ക് വിനോദസഞ്ചാര വകുപ്പ് മുഖേന ക്ലാസിഫിക്കേഷൻ നൽകിവരുന്നു. കേരളത്തിന്റെ സംസ്കാരവും തനത് ജീവിതരീതിയും പരിചയപ്പെടുന്നതിനും അനുഭവിച്ചറിയുന്നതിനും വേണ്ടിയാണ് ഹോം സ്റ്റേ സമ്പ്രദായം ആവിഷ്കരിച്ചിരിക്കുന്നത്. ഹോംസ്റ്റേകളിൽ കുടുംബത്തോടൊപ്പം താമസിച്ചാണ് വിനോദസഞ്ചാരികൾ ഈ ജീവിത രീതി മനസ്സിലാക്കുന്നത്. വിദേശ സഞ്ചാരികൾ ഹോം സ്റ്റേയിൽ താമസിക്കുമ്പോൾ അവരുടെ സുരക്ഷയ്ക്കായി സി. ഫോം രജിസ്ട്രേഷൻ (ഫോറിൻ റീജിയണൽ രജിസ്ട്രേഷൻ ഓഫീസ് (FRRO)) നിർബന്ധമാക്കിയിട്ടുണ്ട്.

(ബി) നിലവിൽ സർക്കാരിൽ നിന്നും ആനുകൂല്യങ്ങൾ ഒന്നും നൽകുന്നില്ല. എന്നാൽ ഹോം സ്റ്റേ നടത്തുന്നതിനുവേണ്ടി വിവിധ തരത്തിലുള്ള പരിശീലനങ്ങൾ ഹോം സ്റ്റേ ഉടമസ്ഥർക്ക് ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേന നൽകി വരുന്നുണ്ട്.

## പ്രസാദ് സ്കീമിൽ തീർത്ഥാടന കേന്ദ്രങ്ങളുടെ വികസനം

16 (*466) ശ്രീ. കെ. ഡി. പ്രസേനൻ:

ശ്രീ. സി. കൃഷ്ണൻ:

ശ്രീ. വി. കെ. സി. മമ്മത് കോയ:

ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാന തീർത്ഥാടന കേന്ദ്രങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി

കേന്ദ്ര സർക്കാർ നടപ്പിലാക്കി വരുന്ന പ്രസാദ് സ്കീമിൽ സംസ്ഥാനത്തെ ഏതെല്ലാം തീർത്ഥാടന കേന്ദ്രങ്ങളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്;

(ബി) ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി ഏതെല്ലാം പ്രൊപ്പോസലുകളാണ് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഗുരുവായൂർ ക്ഷേത്രത്തിന്റെ വികസനത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ഡി) ആയതിനായി നടപ്പുസാമ്പത്തികവർഷം എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): (എ) ഇന്ത്യയിലെ പ്രധാന തീർത്ഥാടന കേന്ദ്രങ്ങളുടെ സമഗ്രമായ വികസനം ലക്ഷ്യമിട്ട് കേന്ദ്ര ടൂറിസം മന്ത്രാലയം ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പ്രസാദ് സ്കീമിൽ സംസ്ഥാനത്ത് നിന്നും ഗുരുവായൂർ ക്ഷേത്ര വികസനമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

(ബി) പ്രസാദ് പദ്ധതിയിൽ ഉൾപ്പെടുത്തി കേരളത്തിലെ താഴെപ്പറയുന്ന പ്രധാന 5 തീർത്ഥാടന കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിനായുള്ള ആശയം ഉൾപ്പെടുത്തി പ്രൊപ്പോസൽ കേന്ദ്ര ടൂറിസം മന്ത്രാലയത്തിന് സമർപ്പിച്ചിരുന്നു.

1. ശ്രീപത്മനാഭസ്വാമി ക്ഷേത്ര വികസനം
2. ശബരിമല ശ്രീഅയ്യപ്പ ക്ഷേത്ര വികസനം
3. മലയാറ്റൂർ ചർച്ചിന്റെ വികസനം
4. കൊടുങ്ങല്ലൂർ ചേരമാൻ ജുമാ മസ്ജിദിന്റെ വികസനം
5. ആറ്റുകാൽ ദേവീക്ഷേത്ര വികസനം

മേൽ ആശയം സമർപ്പിച്ചിരുന്നുവെങ്കിലും ഗുരുവായൂർ ക്ഷേത്ര വികസനത്തിന് മാത്രമാണ് അനുമതി ലഭിച്ചത്.

(സി) ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ, ടൂറിസ്റ്റ് അമിനിറ്റി സെന്റർ, മൾട്ടിലെവൽ കാർ പാർക്കിംഗ്, ക്ഷേത്ര പരിസരത്ത് നെറ്റ്‌വർക്ക് ഇൻഫ്രാസ്ട്രക്ച്ചർ, CCTV സിസ്റ്റം സ്ഥാപിക്കുക എന്നിവയാണ് ഗുരുവായൂർ ക്ഷേത്ര വികസന പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച ഘടകങ്ങൾ. ഇതിന്റെ നിർവ്വഹണ ഏജൻസി M/s. KTIL ആണ്. മേൽ ഘടകങ്ങളിൽ ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ, ടൂറിസ്റ്റ് അമിനിറ്റി സെന്റർ എന്നീ പ്രവൃത്തികൾ ഗുരുവായൂർ മുനിസിപ്പാലിറ്റിയേയും, മൾട്ടിലെവൽ കാർ പാർക്കിംഗ്, ക്ഷേത്ര പരിസരത്ത് നെറ്റ്‌വർക്ക് ഇൻഫ്രാസ്ട്രക്ച്ചറും CCTV സ്ഥാപിക്കലും ഗുരുവായൂർ ദേവസ്വം ബോർഡിനേയും ഏൽപ്പിച്ചിട്ടുണ്ട്. പ്രവൃത്തികൾ പ്രാരംഭഘട്ടത്തിലാണ്.

(ഡി) മേൽ പദ്ധതിക്കായി 46.1420 കോടി രൂപയുടെ അനുമതി ലഭിക്കുകയും അതിൽ 9.2284 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

## സഹകരണ മേഖലയിലെ വൈവിദ്ധ്യവൽക്കരണം

17(*467) ശ്രീ. ഡി. കെ. മുരളി:
ശ്രീ. എ. പ്രദീപ്കുമാർ:
ശ്രീ. വി. അബ്ദുറഹിമാൻ:
ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ മേഖലയെ വൈവിദ്ധ്യവത്കരിക്കുന്നതിനും ഈ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇതിനായി സഹകരണ സംരംഭകത്വം പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഈ പദ്ധതി പ്രകാരം എല്ലാ ജില്ലകളിലും പ്രൈമറി അഗ്രികൾച്ചറൽ ക്രെഡിറ്റ് സൊസൈറ്റികളെ തെരഞ്ഞെടുത്ത് ഉത്പാദന ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നതിനും കൃഷി അനുബന്ധ മേഖലയിലെ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): (എ) സംസ്ഥാനത്ത് സഹകരണ മേഖലയെ വൈവിദ്ധ്യ വൽക്കരിക്കുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി എല്ലാത്തരം സഹകരണ സംഘങ്ങൾക്കും ധനസഹായം നൽകിവരുന്നു. കൂടാതെ 2018-19 സാമ്പത്തികവർഷം മുതൽ ഉൽപ്പാദന ക്ലസ്റ്ററുകൾ സ്ഥാപിച്ച് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന സഹകരണ സംരംഭകത്വ പദ്ധതി പുതിയതായി വിഭാവനം ചെയ്തിട്ടുണ്ട്. ജില്ലകളിലെ സുശക്തമായ പ്രൈമറി അഗ്രികൾച്ചർ ക്രെഡിറ്റ് സൊസൈറ്റികളെ തെരഞ്ഞെടുത്ത് സുലഭമായി ലഭിക്കുന്ന കൃഷി ഉൽപ്പന്നങ്ങളെ ആസ്പദമാക്കി ഉൽപ്പാദന പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. കൂടാതെ അതാത് സൊസൈറ്റികൾ തന്നെ ഉൽപ്പന്നങ്ങൾ പ്രോസസ് ചെയ്യുകയും വിപണിയിൽ ഇറക്കുകയും ചെയ്യുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. മൂല്യ വർദ്ധനവ്, പ്രോസസിംഗ്, വിപണനം എന്നീ മേഖലകളിലാണ് ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നത്.

(ബി) ഉണ്ട്. 2018-19 സാമ്പത്തികവർഷത്തെ ബഡ്ജറ്റിലാണ് സഹകരണ സംരംഭകത്വ പദ്ധതിക്കുള്ള 300 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളത്. ഈ പുതിയ പദ്ധതി പ്രകാരം എല്ലാ ജില്ലകളിലേയും പ്രൈമറി അഗ്രികൾച്ചറൽ ക്രെഡിറ്റ് സൊസൈറ്റികളെ തെരഞ്ഞെടുത്ത് ഉൽപ്പാദന ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നതിന് സംസ്ഥാനത്ത് നല്ല രീതിയിൽ പ്രവർത്തിക്കുന്നതും അനുയോജ്യമായതുമായ സഹകരണ സംഘങ്ങളെ തെരഞ്ഞെടുത്ത് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## വൈദ്യുതി ബോർഡ് അഭിമുഖീകരിക്കുന്ന സാമ്പത്തിക പ്രതിസന്ധി

18 (*468) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. പി. ടി. തോമസ്:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡ് അഭിമുഖീകരിക്കുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിന് എന്തൊക്കെ ക്രിയാത്മക മാർഗ്ഗങ്ങളാണ് ബോർഡ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) കേന്ദ്ര നിലയങ്ങളിൽ നിന്നും സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും ഉൾപ്പെടെ വൈദ്യുതി വാങ്ങിയ ഇനത്തിൽ എന്ത് തുക വൈദ്യുതി ബോർഡിന് ബാധ്യതയായുണ്ട്;

(സി) സാമ്പത്തിക പ്രതിസന്ധിമൂലം പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനും വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനും ബോർഡിന് കഴിയാത്ത സാഹചര്യമുണ്ടോ എന്നറിയിക്കാമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): (എ) വൈദ്യുതി ബോർഡിന്റെ സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിന് ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചു വരുന്നു:

1. മുൻകാലങ്ങളിലെന്നപോലെ ഉയർന്ന നിരക്കിലുള്ള വായ്പകൾ തിരിച്ചടച്ച് കുറഞ്ഞ പലിശ നിരക്കുള്ള വായ്പയെടുക്കുന്നതാണ്.
2. കെ.എസ്.ഇ.ബി.-യുടെ വിവിധ ശീർഷകങ്ങളിലുള്ള ചെലവുകൾ പരമാവധി കുറച്ചും വൈദ്യുതി ചാർജ്ജ് കുടിശ്ശിക പരമാവധി പിരിച്ചെടുത്തും വരുമാനം കൂട്ടി ഉപഭോക്താവിന് ഗുണകരമായ രീതിയിൽ പ്രവർത്തിക്കുന്നതാണ്.
3. കേന്ദ്ര സർക്കാർ 20-11-2015-ൽ പ്രഖ്യാപിച്ച ഉദയ് പദ്ധതിയുടെ പ്രവർത്തന മികവ് വർദ്ധിപ്പിക്കുന്ന ഭാഗത്തിൽ പങ്കാളിയാകുന്നതിന് നടപടിയെടുത്തു. പ്രസ്തുത പദ്ധതി പ്രകാരം AT&C Loss-ഉം റവന്യൂ ഗ്യാപ്പും കുറയ്ക്കുന്നതിനുള്ള നടപടിയെടുക്കുന്നതാണ്.
4. മിതമായ വിലയിൽ ഹ്രസ്വ-ദീർഘകാല അടിസ്ഥാനത്തിലുള്ള കരാറുകൾ വഴി വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും പ്രവർത്തന മികവ് കൂടുതൽ മെച്ചപ്പെടുത്തുന്നതിലൂടെ ബോർഡിന്റെ ബാധ്യതകൾ പരിഹരിക്കാനുമാണ് ശ്രമിക്കുന്നത്.

കൂടാതെ കേരള വാട്ടർ അതോറിറ്റിയിൽനിന്നും മറ്റു പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും വൈദ്യുതി ചാർജ്ജ് കുടിശ്ശിക ഇനത്തിൽ പിരിഞ്ഞു കിട്ടേണ്ട ഏകദേശം 1400 കോടി രൂപ സമയബന്ധിതമായി ലഭ്യമായാൽ ബോർഡിന്റെ സാമ്പത്തിക സ്ഥിതി ഗണ്യമായി മെച്ചപ്പെടുന്നതാണ്. സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച ചെലവുകൾക്കനുസൃതമായ താരിഫ് നിശ്ചയിക്കേണ്ടതും വൈദ്യുതി ബോർഡിന്റെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് അത്യന്താപേക്ഷിതമാണ്.

(ബി) കേന്ദ്ര നിലയങ്ങളിൽ നിന്നും സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും ജനുവരി 2018-ലെ കണക്കുകൾ പ്രകാരം 1658 ദശലക്ഷം യൂണിറ്റ് വാങ്ങിയതിൽ 670 കോടി രൂപ ചെലവായിട്ടുണ്ട്.

വലിയ അളവിൽ പുറത്തുനിന്നും ഓരോ വർഷവും വേനൽക്കാലത്ത് വൈദ്യുതി വാങ്ങുന്നതിനായി ബാങ്കുകളിൽ നിന്ന് ഓവർഡ്രാഫ്റ്റ് എടുക്കുകവഴി കെ.എസ്.ഇ.ബി. ലിമിറ്റഡിന് നടപ്പ് സാമ്പത്തികവർഷം ഉൾപ്പെടെ (ഫെബ്രുവരി 2018 വരെ) ഏകദേശം 2700 കോടിയോളം രൂപ ബാധ്യതയുണ്ടായിട്ടുണ്ട്.

(സി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നിലവിൽ 36000-ത്തോളം ജീവനക്കാർ ജോലി ചെയ്യുന്നു. എന്നാൽ 27175 ജീവനക്കാരുടെ ശമ്പളവും ആനുകൂല്യങ്ങളും നൽകാനുള്ള സാമ്പത്തികാനുമതി മാത്രമാണ് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ (KSERC) അനുവദിച്ചിട്ടുള്ളത്. 27175-ന് പുറത്തുള്ള ജീവനക്കാർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനുള്ള തുക KSERC അനുവദിച്ചിട്ടില്ലാത്തതിനാൽ ഈ ചെലവ് താരിഫ് ഇനത്തിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് ലഭിക്കാത്ത സാഹചര്യമാണുള്ളത്.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നടപ്പാക്കിയിട്ടുള്ള കമ്പ്യൂട്ടർവൽക്കരണത്തിന്റേയും നൂതന സാങ്കേതികവിദ്യകളുടേയും ഫലമായി നിലവിലുള്ള ജീവനക്കാരുടെ എണ്ണവും ചെലവുകളും കുറയ്ക്കുവാനും അധികമായി കണ്ടെത്തുന്ന ജീവനക്കാരെ പുനർവിന്യസിക്കാനും KSERC 2010-ൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന് നിർദ്ദേശം നൽകിയിരുന്നു. ഇതിനെത്തുടർന്ന് ഐ.ഐ.എം. കോഴിക്കോടിനെ പഠനത്തിനായി നിയോഗിച്ചു. ഐ.ഐ.എം. കോഴിക്കോടിന്റെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓരോ തസ്തികയിലെയും അവശ്യം വേണ്ട എണ്ണം ജീവനക്കാരെ കണ്ടെത്തുകയും ഏതെങ്കിലും തസ്തികകളിൽ അധികമായി ജീവനക്കാരെ കണ്ടെത്തിയാൽ അവരെ മറ്റു തസ്തികയിലേയ്ക്ക് പുനർ വിന്യസിക്കേണ്ടിയും വരും. വികസന പ്രവർത്തനങ്ങൾ നടത്താൻ കഴിയാത്ത സാഹചര്യം നിലവിലില്ല. സാമ്പത്തിക പ്രതിസന്ധി പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനേയും വികസന പ്രവർത്തനങ്ങളേയും ബാധിച്ചിട്ടില്ല. ബാങ്കുകളിൽ നിന്നും മറ്റു ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുത്താണ് ബോർഡ് പ്രവർത്തനങ്ങൾ നടത്തുന്നത്.

## സൂക്ഷ്മ തൊഴിൽ സംരംഭങ്ങൾക്ക് പ്രോത്സാഹനം

19 (*469) ശ്രീ. സി. കൃഷ്ണൻ :
ശ്രീ. കെ. ദാസൻ :
ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൂക്ഷ്മ-ചെറുകിട വ്യവസായങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിന്റെ ഭാഗമായി ഇത്തരം വ്യവസായങ്ങൾക്ക് ഏറെ സാധ്യതയുള്ള കാർഷിക ഭക്ഷ്യ

ഉല്പന്ന മേഖലയുടെ പുരോഗതിക്ക് കേരള അഗ്രോ ഫുഡ് പ്രോ 2018 എത്രമാത്രം പ്രയോജനപ്രദമാകുമെന്ന് അറിയിക്കാമോ;

(ബി) സൂക്ഷ്മ തൊഴിൽ സംരംഭങ്ങൾക്ക് വായ്പ, സാങ്കേതികവിദ്യ, പരിശീലനം, വിപണി കണ്ടെത്തൽ തുടങ്ങിയവയ്ക്കായി സർക്കാർ നൽകി വരുന്ന പ്രോത്സാഹന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(സി) സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും അതിന് വേണ്ട അറിവ് പകർന്നുനൽകുന്നതിനും സാങ്കേതിക വിദ്യകൾ പരിചയപ്പെടുത്തുന്നതിനും കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റിന് എത്രമാത്രം ഫലപ്രദമായി പങ്കുവഹിക്കാൻ സാധിച്ചിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): (എ) കേരള അഗ്രോ ഫുഡ് പ്രോ 2018-ന്റെ ഭാഗമായി പ്രധാനമായും താഴെപ്പറയുന്ന മൂന്ന് കാര്യങ്ങൾക്കാണ് ഊന്നൽ നൽകിയിട്ടുള്ളത്.

1. എം.എസ്.എം.ഇ. നാനോ എന്നീ മേഖലകളിലെ ഉൽപ്പന്നങ്ങളുടെ പ്രദർശനവും വിൽപ്പനയും അനുബന്ധമായി അഗ്രോഫുഡ് മേഖലയ്ക്ക് ആവശ്യമായ യന്ത്രസാമഗ്രികളുടെ പ്രദർശനവും, റിസർച്ച്/ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂഷന്റെ പങ്കാളിത്തവും.
2. പങ്കെടുക്കുന്ന എം.എസ്.എം.ഇ യൂണിറ്റുകളുടെയും, നാനോ യൂണിറ്റുകളുടെയും ഉല്പന്നങ്ങൾ വാങ്ങാൻ താൽപ്പര്യമുള്ള ബിസിനസ്സ് സ്ഥാപനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ബി2 ബി-യ്ക്കുള്ള സൗകര്യം.
3. അഗ്രോഫുഡ് പ്രോ മേഖലയുമായി ബന്ധപ്പെട്ടിട്ടുള്ള സാങ്കേതിക വിദ്യയുടെ വികാസങ്ങൾ ഈ മേഖലയിലെ സംരംഭകർക്കും പുതിയ സംരംഭകർക്കും പകർന്നു നൽകുന്നതിനുള്ള സെമിനാറുകൾ.

ഇതുവഴി സംരംഭങ്ങളുടെ ഉല്പന്നങ്ങൾക്ക് നേരിട്ട് വിൽപ്പന സാധ്യമാക്കുന്നുവെന്ന് മാത്രമല്ല ഈ മേഖലയിലെ നൂതനമായ യന്ത്രസാമഗ്രികൾ സംരംഭകർക്ക് പരിചയപ്പെടുത്തുവാനും കഴിയുന്നു. അതുവഴി ഈ മേഖലയിൽ വിപുലീകരണവും ആധുനീകരണവും കൊണ്ടുവരാൻ സാധിക്കുന്നു. കൂടാതെ സെമിനാറുകളിലൂടെയും ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂഷന്റെ പങ്കാളിത്തത്തിലൂടെയും അഗ്രോഫുഡ് മേഖലയിലെ നൂതന സാങ്കേതികവിദ്യകൾ സംരംഭകർക്ക് പരിചയപ്പെടുത്താൻ കഴിയുന്നു.

(ബി) സൂക്ഷ്മ തൊഴിൽ സംരംഭങ്ങൾക്ക് വായ്പ, സാങ്കേതികവിദ്യ, പരിശീലനം, വിപണി കണ്ടെത്തൽ തുടങ്ങിയവയ്ക്കായി നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

- സൂക്ഷ്മ തൊഴിൽ സംരംഭങ്ങൾക്ക് സാങ്കേതികവിദ്യയും പരിശീലനവും പകർന്ന നൽകുന്നതിനായി സംരംഭകത്വ വികസന പരിപാടി.
- സംരംഭകത്വ ബോധവൽക്കരണ പരിപാടി,
- ടെക്നോളജി ക്ലിനിക്,
- ടെക്നോളജി മാനേജ്മെന്റ് ഡെവലപ്മെന്റ് പ്രോഗ്രാം
- വ്യവസായ പ്രദർശനം
- മെഷിനറി എക്സ്പോ
- IITF (ഇന്ത്യ ഇന്റർനാഷണൽ ട്രേഡ് ഫെയർ)
- ദേശീയ-അന്തർദ്ദേശീയ പരിപാടികൾ
- കേരള അഗ്രോഫുഡ് പ്രോ
- മലബാർ ക്രാഫ്റ്റ് മേള
- ടെക്നിക്കൽ ഫീസിബിലിറ്റി റിപ്പോർട്ട് (TFR)
- ഗാർഹിക നാനോ സംരംഭങ്ങൾക്കുള്ള സഹായ പദ്ധതി
- സംരംഭകത്വ സഹായ പദ്ധതിയിലെ സ്റ്റാർട്ട് അപ്പ് അസിസ്റ്റന്റ്

(സി) സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും അതിനുവേണ്ട അറിവ് പകർന്ന നൽകുന്നതിനുമായി കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് നടത്തിയ സംരംഭകത്വ വികസന പരിപാടികൾ (2017-18) ചുവടെ ചേർക്കുന്നു:

1. കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ ധനസഹായത്തോടെ 9 ജില്ലകളിലായി 270 വിധവകൾക്കായി നടത്തിയ സംരംഭകത്വ വികസന പരിപാടികൾ.
2. കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ ധനസഹായത്തോടെ 8 ജില്ലകളിലായി 250 വനിതകൾക്കായി സംരംഭകത്വ വികസന പരിപാടികൾ.
3. സാങ്കേതികവിദ്യകൾ പരിചയപ്പെടുത്തുന്നതിന്റെ ഭാഗമായി കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ ധനസഹായത്തോടെ കോഴിക്കോട് ജില്ലയിൽ ചക്കിട്ടപ്പാറ കേന്ദ്രീകരിച്ച് 25 ഗിരിവർഗ്ഗ വനിതാ സംരംഭകർക്കായി തയ്യൽ, എംബ്രോയിഡറി പരിശീലനം.
4. കയർബോർഡിന്റെ 'കയർ ഉദ്യമിയോജന' എന്ന പരിപാടിയിലൂടെ വായ്പയെടുക്കാൻ അർഹത നേടിയ 109 സംരംഭകർക്കായി 5 ദിവസം വീതമുള്ള രണ്ട് ബാച്ച് പരിശീലന പരിപാടികൾ ആലപ്പുഴ ജില്ലയിൽ കീഡ് സംഘടിപ്പിക്കുകയുണ്ടായി.

5. സാങ്കേതികത്വം പ്രോൽസാഹിപ്പിക്കുന്നതിനും നൂതന സാങ്കേതിക വിദ്യകൾ പരിചയപ്പെടുത്തുന്നതിന്റെയും ഭാഗമായി വ്യവസായ വാണിജ്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ കലൂർ ഇന്റർനാഷണൽ സ്റ്റേഡിയത്തിൽ 2018 ജനുവരി 12 മുതൽ 15 വരെ സംഘടിപ്പിച്ച മെഷിനറി എക്സ്പോയിൽ യന്ത്ര നിർമ്മാതാക്കളെ പങ്കെടുപ്പിക്കുകയും യന്ത്ര നിർമ്മാതാക്കളുടെ ഒരു ഡാറ്റ ബേസ് തയ്യാറാക്കുന്നതിനുള്ള നടപടികളും കീഡ് സ്വീകരിച്ചു വരുന്നു.

6. പാഠ്യപദ്ധതിയുടെ ഭാഗമായി സംരംഭകത്വ വികസനം വിദ്യാർത്ഥികളിലേയ്ക്ക് പകരുന്നതിനായി കളമശ്ശേരി ഗവൺമെന്റ് പോളിടെക്നിക്കിൽ 26-12-2017 മുതൽ 5 ദിവസം കീഡ് സംഘടിപ്പിച്ച നൈപുണ്യ വികസന പരിപാടിയിൽ 38 വിദ്യാർത്ഥികൾ പങ്കെടുത്തു. ഇതിൽ 18 പേർ വിദ്യാർത്ഥിനികൾ ആയിരുന്നു.

7. സംരംഭകർക്ക് സാങ്കേതികവിദ്യകൾ ലഭ്യമാക്കുന്നതിനായി വിവിധ ഗവേഷണ സ്ഥാപനങ്ങളിൽ നിന്നും സാങ്കേതിക വിദ്യകൾ ശേഖരിച്ചു വരുന്നു.

## നാനോ യൂണിറ്റുകൾ ആരംഭിക്കുന്നതിന് നടപടി

20 (*470) ശ്രീ. എൽദോ എബ്രഹാം:
ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ സ്ഥാപനങ്ങൾക്കാവശ്യമായ ചെറുഘടകങ്ങൾ ഉല്പാദിപ്പിക്കാൻ വീടുകളിൽ സൗകര്യമൊരുക്കുന്ന തരത്തിൽ നാനോ യൂണിറ്റുകൾ ആരംഭിക്കുന്നതിന് വ്യവസായനയം വിഭാവനം ചെയ്യുന്നുണ്ടോ;

(ബി) ഇത്തരം യൂണിറ്റുകൾ ഏതൊക്കെ മേഖലകളിലാണ് ആരംഭിക്കുന്നതെന്നും ഉല്പന്നങ്ങളുടെ മാർക്കറ്റിംഗും വിതരണവും ഏത് തരത്തിൽ ആയിരിക്കുമെന്നും വ്യക്തമാക്കുമോ;

(സി) നാനോ യൂണിറ്റുകൾ ആരംഭിക്കുന്നതിന് എന്തൊക്കെ പ്രോത്സാഹന നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത യൂണിറ്റുകൾക്ക് നിലവിലുള്ള വ്യവസ്ഥകളിൽ ഏതൊക്കെ തരത്തിലുള്ള ഇളവുകൾ ലഭ്യമാക്കുമെന്ന് വ്യക്തമാക്കുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): എ&ബി) ഉണ്ട്. കേരളത്തിന്റെ സവിശേഷമായ ഭൂപ്രകൃതിയും സാമൂഹിക ജീവിത സാഹചര്യവും കണക്കിലെടുക്കുമ്പോൾ നാനോ അഥവാ സൂക്ഷ്മ വ്യവസായ മേഖലയ്ക്ക് വളരെ പ്രാധാന്യമുണ്ട്. 5 ലക്ഷം രൂപ വരെ സ്ഥിര മൂലധന നിക്ഷേപമുള്ള 5 HP വരെ വൈദ്യുതി ആവശ്യമുള്ളതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ വൈറ്റ്, ഗ്രീൻ കാറ്റഗറിയിൽപ്പെട്ടതുമായ വ്യവസായങ്ങളാണ് ഗാർഹിക നാനോ സംരംഭങ്ങൾ. ഉല്പാദക യൂണിറ്റുകൾ, ജോബ് വർക്കുകൾ ഏറ്റെടുത്തു പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ തുടങ്ങിയ മേഖലകളിലാണ് നാനോ സംരംഭങ്ങൾ വിഭാവനം ചെയ്യുന്നത്. ഇത്തരം സംരംഭങ്ങളിലെ ഉൽപ്പന്നങ്ങളുടെ വിപണനം, വിതരണം തുടങ്ങിയ പ്രവർത്തനങ്ങൾ ക്ലസ്റ്റർ മാതൃകയിൽ നടപ്പാക്കാൻ കഴിയുന്നതാണ്.

(സി&ഡി) സ്ഥാപനം ആരംഭിക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ടേം വായ്പയെടുത്ത സംരംഭങ്ങൾക്ക് വാർഷിക പലിശയിനത്തിൽ 6% വരെ സബ്സിഡിയായി തിരികെ നൽകുന്നു. വനിതകൾ/പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഇത് 8% വരെയാണ്. 3 വർഷം വരെ ഇതേ രീതിയിൽ സബ്സിഡി നൽകുന്നു. വളരെ കുറഞ്ഞ മുതൽമുടക്കിൽ വീട്ടമ്മമാരോ, കുടുംബാംഗങ്ങൾ കൂടിച്ചേർന്നോ നടത്തുന്ന ഇത്തരം ഗാർഹിക സംരംഭങ്ങൾക്ക് തദ്ദേശഭരണ സ്ഥാപനത്തിന്റെ D & O ലൈസൻസ് ആവശ്യമില്ല. കൂടാതെ കേരള മലിനീകരണ നിയന്ത്രണ ബോർഡിന്റെ വൈറ്റ്/ഗ്രീൻ കാറ്റഗറിയിൽപ്പെട്ട വ്യവസായങ്ങൾ ആയതിനാൽ പ്രസ്തുത ബോർഡിന്റെയും അനുമതി ആവശ്യമില്ല.

**കെ.എസ്.ഇ.ബി.-യുടെ മെച്ചപ്പെട്ട ഉപഭോക്തൃ സേവനം**

21(*471) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തുന്നതിനായി കെ.എസ്.ഇ.ബി. ആരംഭിച്ചിട്ടുള്ള സംവിധാനങ്ങൾ വിശദമാക്കുമോ;

(ബി) വൈദ്യുതി കണക്ഷൻ നൽകുന്ന നടപടി ഉപഭോക്തൃ സൗഹൃദമാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(സി) വൈദ്യുതി സംബന്ധമായ സംശയനിവാരണത്തിനും പരാതികൾ പരിഹരിക്കുന്നതിനും അടിയന്തര സാഹചര്യങ്ങൾ അറിയിക്കുന്നതിനുമുള്ള സംവിധാനം കാര്യക്ഷമമാണോ; വ്യക്തമാക്കുമോ;

(ഡി) വാട്ട്സ് ആപ്പ് ഉപയോഗിച്ച് ഉപഭോക്താക്കളുടെ പരാതി സ്വീകരിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ടോ;

(ഇ) വൈദ്യുതി ബിൽ അടയ്ക്കുന്നതിനായി മൊബൈൽ അപ്ലിക്കേഷൻ സംവിധാനം രൂപപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): (എ) സംസ്ഥാനത്ത് ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തുന്നതിന് വിവര സാങ്കേതികവിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് കെ.എസ്.ഇ.ബി. ലിമിറ്റഡ് താഴെപ്പറയുന്ന ക്രമീകരണങ്ങൾ ആരംഭിച്ചിട്ടുണ്ട്:

1. 24 മണിക്കൂറും വൈദ്യുതി തടസ്സം സംബന്ധിച്ച പരാതികൾ കേന്ദ്രീകൃത കാൾസെന്ററിൽ രേഖപ്പെടുത്താനുള്ള 1912 എന്ന ടോൾഫ്രീ സംവിധാനം.
2. വൈദ്യുതി തടസ്സം സംബന്ധിച്ച വിവരങ്ങൾ ഉപഭോക്താക്കളിൽ എസ്.എം.എസ്. മുഖേന എത്തിക്കുന്ന ഊർജ്ജ്-ദൂത് പദ്ധതി.
3. വൈദ്യുതി ബിൽ സംബന്ധിച്ച വിവരങ്ങൾ എസ്.എം.എസ്., മൊബൈൽ ആപ്ലിക്കേഷൻ, ഇ-മെയിൽ എന്നിവ മുഖേന തത്സമയം ഉപഭോക്താക്കളിൽ എത്തിക്കുന്ന ഊർജ്ജ സൗഹൃദ പദ്ധതി.
4. പുതിയ കണക്ഷനുവേണ്ടി ഉപഭോക്താക്കളിൽ നിന്നും ഓൺലൈൻ ആയി അപേക്ഷകൾ സ്വീകരിക്കുവാനുള്ള സംവിധാനം.
5. മൊബൈൽ നമ്പർ മാത്രം ഉപയോഗിച്ച് വൈദ്യുതി ബിൽ തുക അടയ്ക്കാൻ കഴിയുന്ന കെ.എസ്.ഇ.ബി. എന്ന പേരിൽ ഒരു മൊബൈൽ ആപ്ലിക്കേഷൻ.
6. വൈദ്യുതി ബിൽ തുക ഉപഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ നിന്നും യഥാസമയം നേരിട്ട് കെ.എസ്.ഇ.ബി.-യിലേയ്ക്ക് വരവ് വയ്ക്കുന്ന എൻ.എ.സി.എച്ച്. പദ്ധതി കേന്ദ്ര സർക്കാർ സ്ഥാപനമായ നാഷണൽ പേമെന്റ് കോർപ്പറേഷൻ ഓഫ് ഇന്ത്യ (എൻ.പി.സി.ഐ) നടപ്പിലാക്കിയ നാഷണൽ ഓട്ടോമേറ്റഡ് ക്ലിയറിംഗ് ഹൗസ് മുഖേന കോർപ്പറേഷൻ ബാങ്ക് വഴി നടപ്പിലാക്കി.

7. പേ.റ്റി.എം. (പേ ത്രൂ മൊബൈൽ), എം പേസ എന്നീ മൊബൈൽ വാലറ്റുകൾ വഴി വൈദ്യുതി ബില്ലുകൾ അടയ്ക്കുവാനുള്ള സൗകര്യം.

8. അപ്ലാ സി.എസ്.സി. എന്ന ദേശീയ പൊതു സേവന കേന്ദ്രവുമായി യോജിച്ച് പ്രവർത്തിക്കുന്ന ഇന്ത്യയിലെ ഏതു ജനസേവന കേന്ദ്രം വഴിയും വൈദ്യുതി ബിൽ ഓൺലൈനായി അടയ്ക്കുവാനുള്ള സൗകര്യം.

9. കെ.എസ്.ഇ.ബി ലിമിറ്റഡ് ജീവനക്കാർക്ക് ഓഫീസിലില്ലാത്തപ്പോൾ പോലും ഉപഭോക്തൃ സേവനത്തിനു വേണ്ടിയും മറ്റ് ഔദ്യോഗികാവശ്യങ്ങൾക്ക് വേണ്ടിയും ഒരുമാനെറ്റ് ബില്ലിംഗ് സോഫ്റ്റ്‌വെയർ ഉപയോഗിക്കാനുള്ള മൊബൈൽ ആപ്ലിക്കേഷൻ.

10. കേരളത്തിൽ 6 കേന്ദ്രങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന 24 മണിക്കൂറും വൈദ്യുതി തുക സ്വീകരിക്കുന്ന ക്യാഷ് ഡിപ്പോസിറ്റ് മെഷീനുകൾ

11. Whats App എന്ന സോഷ്യൽ മീഡിയ സംവിധാനം വഴി 9496001912 എന്ന നമ്പരിൽ ഉപഭോക്താക്കളുടെ പരാതി സ്വീകരിക്കുന്നതിനുള്ള സംവിധാനം.

12. വൈദ്യുതി അപകടങ്ങൾ റിപ്പോർട്ട് ചെയ്യാൻ സ്മാർട്ട് (സേഫ്റ്റി മോണിറ്ററിംഗ് & ആക്സിഡന്റ് റിപ്പോർട്ടിംഗ് ടൂൾ) എന്ന സോഫ്റ്റ്‌വെയർ സംവിധാനം.

13. സ്പോട്ട് ബില്ലിംഗ് മെഷീനുകൾ (പി.ഡി.എ.) സംസ്ഥാനമൊട്ടാകെ വ്യാപിപ്പിച്ചു.

ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പുതിയ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് ഉപഭോക്താക്കൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുവാനായി നടപടിക്രമങ്ങൾ ലഘൂകരിക്കുകയും വെറും രണ്ട് രേഖകൾ (തിരിച്ചറിയൽ, ഉടമസ്ഥാവകാശം തെളിയിക്കുന്നതിനുള്ള രേഖകൾ) മാത്രം ലഭ്യമാക്കിയാൽ വൈദ്യുതി കണക്ഷൻ നൽകാൻ വേണ്ട വിധത്തിൽ ചട്ടങ്ങളിൽ മാറ്റം വരുത്താൻ കേരള സർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് റെഗുലേറ്ററി കമ്മീഷൻ കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014-ലെ ചട്ടങ്ങളിൽ മാറ്റം വരുത്തുകയും കെ.എസ്.ഇ.ബി. അത് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ പുതിയ സർവ്വീസ് കണക്ഷൻ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ ലഘൂകരണത്തോടൊപ്പം തന്നെ, അപേക്ഷാഫോറം കൂടുതൽ ലഘൂകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പുതിയ കണക്ഷൻ ആവശ്യമുള്ള ഉപഭോക്താവിന് അപേക്ഷ ഓൺലൈനിൽ നൽകാനും അപേക്ഷാ ഫീസ് ഓൺലൈനിൽ അടയ്ക്കാനുമുള്ള സംവിധാനം ഏർപ്പെടുത്തി. കണക്ഷനുവേണ്ടി പോസ്റ്റ് ആവശ്യമില്ലാത്ത ഗാർഹിക ഉപഭോക്താക്കൾക്കും മറ്റു ലോ ടെൻഷൻ ഉപഭോക്താക്കൾക്കും അപേക്ഷാ ഫീസിനോടൊപ്പം സെക്യൂരിറ്റി ഡെപ്പോസിറ്റും സർവ്വീസ് കണക്ഷനുവേണ്ട ചെലവും ഓൺലൈനിൽ തന്നെ അടയ്ക്കാൻ കഴിയും. അപേക്ഷയുടെ പ്രിന്റൗട്ടും അപേക്ഷകന്റെ ഫോട്ടോയും മറ്റു രേഖകളും കണക്ഷൻ നൽകാൻ വരുന്ന കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥന്റെ കൈവശം ഏൽപ്പിച്ചാൽ മതിയാകും. സെക്യൂരിറ്റി ഡെപ്പോസിറ്റും സർവ്വീസ് കണക്ഷനുവേണ്ട ചെലവും സ്ഥല പരിശോധനയ്ക്കുശേഷം ഇ-മെയിൽ വഴിയും എസ്.എം.എസ്. വഴിയും അറിയിക്കുന്നതാണ്. ഈ തുക കെ.എസ്.ഇ.ബി.യുടെ എല്ലാ സെക്ഷൻ ഓഫീസുകൾ വഴിയും അടയ്ക്കാൻ കഴിയും. വൈദ്യുതി കണക്ഷന് അപേക്ഷ നൽകിയതുമുതൽ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതുവരെയുള്ള വിവരങ്ങൾ എസ്.എം.എസ്. വഴി ഉപഭോക്താക്കളെ അറിയിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി.

100 ചതുരശ്രമീറ്റർ വരെ (1076 ചതുരശ്ര അടി) തറ വിസ്തീർണ്ണമുള്ള വീടുകൾക്ക് കെട്ടിട നമ്പറോ കൈവശാവകാശ സർട്ടിഫിക്കറ്റോ ഇല്ലെങ്കിലും വൈദ്യുതി കണക്ഷൻ നൽകാൻ തീരുമാനിക്കുകയും കെ.എസ്.ഇ.ബി. അത് നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 1500 ചതുരശ്ര അടി വരെയുള്ള വീടുകൾക്ക് താൽക്കാലിക റെസിഡൻഷ്യൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി കണക്ഷൻ നൽകാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് വൈദ്യുതി സേവന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് ബോർഡ് തത്വത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. പരീക്ഷണാടിസ്ഥാനത്തിൽ സംസ്ഥാനത്തെ 14 ജില്ലാ കേന്ദ്രങ്ങളിൽ വൈദ്യുതി സേവന കേന്ദ്രങ്ങൾ ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്. വൈദ്യുതി ബോർഡിൽ നിന്നും ഉപഭോക്താക്കൾക്ക് ലഭ്യമാക്കേണ്ട എല്ലാ സേവനങ്ങളും ഒരിടത്തു നിന്നു തന്നെ ലഭ്യമാക്കുന്നതിനുവേണ്ടിയാണ് ടി സേവന കേന്ദ്രങ്ങൾ തുടങ്ങാൻ ഉദ്ദേശിക്കുന്നത്. ഉപഭോക്താക്കൾക്ക് പ്രദേശ വ്യത്യാസമില്ലാതെ ഏതു വൈദ്യുതി സേവന കേന്ദ്രങ്ങളേയും സമീപിക്കാവുന്നതാണ്.

(സി) വൈദ്യുതി സംബന്ധമായ സംശയ നിവാരണത്തിനും പരാതികൾ പരിഹരിക്കുന്നതിനും അടിയന്തര സാഹചര്യങ്ങൾ അറിയിക്കുന്നതിനുമുള്ള സംവിധാനം കാര്യക്ഷമമാണ്. ഉപഭോക്താക്കൾക്ക് സംശയ നിവാരണത്തിനും

പരാതികൾ രജിസ്റ്റർ ചെയ്യുന്നതിനുമായി ബന്ധപ്പെട്ട വിവരങ്ങൾ നൽകാനുമുള്ള സേവനം ആർ.എ.പി.ഡി.ആർ.പി. പദ്ധതിയുടെ ഭാഗമായി വൈദ്യുതി ബോർഡ് ആരംഭിച്ചിട്ടുള്ള 24 മണിക്കൂറും പ്രവർത്തിക്കുന്ന കാൾ സെന്റർ വഴി ലഭ്യമാണ്. വൈദ്യുതി സംബന്ധമായ അപകടങ്ങളും മറ്റ് അടിയന്തര സാഹചര്യങ്ങളും അറിയിക്കുന്നതിനു വേണ്ടി 24 മണിക്കൂറും പ്രവർത്തിക്കുന്ന 1912 എന്ന നമ്പരിൽ ടോൾ ഫ്രീ സംവിധാനം കാൾ സെന്ററിൽ ലഭ്യമാണ്. കൂടാതെ 0471-2555544 എന്ന ടെലിഫോൺ നമ്പർ വഴിയും, 9496001912 എന്ന Whats App നമ്പർ വഴിയും പരാതികൾ സ്വീകരിക്കുന്നു. ഇതു കൂടാതെ ഉപഭോക്താക്കൾക്ക് വൈദ്യുതി സംബന്ധമായ അപകടങ്ങളും അടിയന്തര സാഹചര്യങ്ങളും അറിയിക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹോട്ട് ലൈൻ ഡെസ്ക് സംവിധാനം 9496061061 എന്ന നമ്പർ വഴി കാൾസെന്ററിൽ ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി) സോഷ്യൽ മീഡിയ സംവിധാനമായ Whats App വഴി 9496001912 എന്ന നമ്പരിൽ ഉപഭോക്താക്കളുടെ പരാതി സ്വീകരിക്കുന്നതിനുള്ള സംവിധാനം ഒക്ടോബർ 2016 മുതൽ ഏർപ്പെടുത്തിയിട്ടുണ്ട്.

(ഇ) കെ.എസ്.ഇ.ബി.-യുടെ പേരിലുള്ള ഇ-മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് ഉപഭോക്താക്കൾക്ക് മൊബൈൽ ഫോൺ, ടാബ്‌ലെറ്റ് മുതലായ ഉപകരണങ്ങൾ വഴി ഏതു സമയത്തും വൈദ്യുതി ബിൽ തുക അടയ്ക്കാൻ കഴിയും. മൊബൈൽ നമ്പർ മാത്രം ഉപയോഗിച്ച് വൈദ്യുതി ബിൽ തുക അടയ്ക്കാൻ കഴിയുന്ന തരത്തിൽ അനായാസമായ രീതിയിലാണ് മൊബൈൽ ആപ്ലിക്കേഷൻ വൈദ്യുതി ബോർഡിലെ ജീവനക്കാർ വികസിപ്പിച്ചിരിക്കുന്നത്. ഗൂഗിൾ പ്ലേ സ്റ്റോർ വഴി മൊബൈൽ ആപ്ലിക്കേഷൻ ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട്.

## സഹകരണ സംഘങ്ങളിലെ നിക്ഷേപങ്ങൾക്ക് സർക്കാർ ഗ്യാരന്റി

22 (*472) ശ്രീ. വി. എസ്. ശിവകുമാർ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളിലെ നിക്ഷേപങ്ങൾക്ക് സർക്കാർ ഗ്യാരന്റി നൽകുന്നുണ്ടോ. വിശദാംശം നൽകുമോ;

(ബി) സംസ്ഥാനത്തെ പ്രാഥമിക വായ്പ സഹകരണ സംഘങ്ങളിലെ നിക്ഷേപ സുരക്ഷ ഉറപ്പ് വരുത്തുന്ന സ്കീം ഫലപ്രദമായി നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ;

(സി) കേരള നിക്ഷേപ സുരക്ഷാ ഫണ്ട് ബോർഡിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;

(ഡി) തിരുവനന്തപുരത്തെ സ്റ്റാച്യുവിലുള്ള കെ.എസ്.എഫ്.ഇ. സ്റ്റാഫ് സഹകരണ സംഘത്തിൽ നടന്ന തട്ടിപ്പിലൂടെ കോടികൾ നഷ്ടപ്പെട്ട നിക്ഷേപകർക്ക് അവരുടെ നിക്ഷേപം തിരിച്ച് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണ്?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): (എ) ബാങ്കിംഗ് റെഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരുന്ന സംസ്ഥാന സഹകരണ ബാങ്ക്, 14 ജില്ലാ സഹകരണ ബാങ്കുകൾ, അർബൻ സഹകരണ ബാങ്കുകൾ എന്നിവയിലെ നിക്ഷേപങ്ങൾക്ക് റിസർവ് ബാങ്കിന്റെ കീഴിലുള്ള ഡെപ്പോസിറ്റ് ഇൻഷ്വറൻസ് ആൻഡ് ക്രെഡിറ്റ് ഗ്യാരന്റി കോർപ്പറേഷന്റെ നിക്ഷേപ ഗ്യാരന്റി സ്കീം മുഖേന ഗ്യാരന്റി നൽകുന്നുണ്ട്. ബാങ്കിംഗ് റെഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരാത്ത പ്രാഥമിക സംഘങ്ങളിലെ നിക്ഷേപങ്ങൾക്ക് കേരള സർക്കാർ ആവിഷ്കരിച്ച നിക്ഷേപ ഗ്യാരന്റി സ്കീം മുഖേന ഗ്യാരന്റി നൽകുന്നുണ്ട്. സംഘങ്ങൾ/ബാങ്കുകളിലെ നിക്ഷേപകരുടെ താൽപ്പര്യം സംരക്ഷിക്കുകയാണ് നിക്ഷേപ ഗ്യാരന്റി സ്കീമിന്റെ ലക്ഷ്യം. കേരള സർക്കാരിന്റെ സ്കീം പ്രകാരം സ്കീമിലേയ്ക്ക് നോട്ടിഫൈ ചെയ്ത സഹകരണ സംഘങ്ങളിലെ നിക്ഷേപകരുടെ നിക്ഷേപങ്ങൾക്ക് പരമാവധി 1.50 ലക്ഷം (ഒന്നര ലക്ഷം) രൂപ വരെ ഗ്യാരന്റി ലഭിക്കും.

(ബി) കേരള സർക്കാർ ആവിഷ്കരിച്ച നിക്ഷേപ ഗ്യാരന്റി സ്കീം പ്രകാരം കേരള സഹകരണ ചട്ടത്തിലെ ചട്ടം 63-ൽ പരാമർശിച്ചിട്ടുള്ള നിശ്ചിത തരളധനം യഥാവിധി സൂക്ഷിക്കുന്ന സഹകരണ സംഘങ്ങളെയാണ് സ്കീമിലേയ്ക്ക് നോട്ടിഫൈ ചെയ്യുന്നത്. ഈ സ്കീമിലേയ്ക്ക് നോട്ടിഫൈ ചെയ്ത സഹകരണ സംഘങ്ങളിലെ നിക്ഷേപങ്ങളുടെ സുരക്ഷ ഫലപ്രദമായി നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

(സി) കേരള നിക്ഷേപ സുരക്ഷാ ഫണ്ട് ബോർഡിന്റെ പ്രവർത്തനം 2012-ൽ ആരംഭിച്ചു.

(ഡി) കെ.എസ്.എഫ്.ഇ. സ്റ്റാഫ് സഹകരണ സംഘം ക്ലിപ്തം നമ്പർ 777 -ൽ നടന്ന ക്രമക്കേടിലൂടെ നിക്ഷേപം നഷ്ടപ്പെട്ട നിക്ഷേപകരുടെ നിക്ഷേപം മടക്കി നൽകുന്നതിനായി 1-9-2014-ലെ 494/2014/സഹ., 30-8-2014-ലെ 491/2014/സഹ. എന്നീ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ കേരള സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ് അനുവദിച്ച 5.25 കോടി രൂപയും, സംഘത്തിൽ നിന്ന് പിരിഞ്ഞു കിട്ടിയ തുകയും വിനിയോഗിച്ച് 1962 സ്ഥിര നിക്ഷേപങ്ങളിലായി 29,24,22,854 രൂപയിൽ രണ്ട് ഘട്ടങ്ങളിലായി വ്യത്യസ്ത നിരക്കുകളിൽ നാളിതുവരെ 7,29,67,035 രൂപ മടക്കി നൽകിയിട്ടുണ്ട്.

നിക്ഷേപകരുടെ നിക്ഷേപം മടക്കി നൽകുന്നതിന് കെ.എസ്.എഫ്.ഇ.- യിൽ നിന്ന് ടി സംഘത്തിന് 18 മാസക്കാലാവധിയിൽ 4 % പലിശ നിരക്കിൽ 15 കോടി രൂപ 2 തുല്യ ഗഡുക്കളായി നൽകുന്നതിനും ഇതിൽ ആദ്യ ഗഡു ഉടനേയും രണ്ടാം ഗഡു ക്രമക്കേടിന് ഉത്തരവാദികളായവരിൽ നിന്നും 50% തുക തിരികെ പിടിച്ചതിനുശേഷവും എന്ന നിബന്ധനകളോടെ വായ്പ അനുവദിക്കുന്നതിന് 16-9-2017- ലെ സ.ഉ. (കൈ) 34/2017/സഹ. നമ്പർ ഉത്തരവ് പ്രകാരം സർക്കാർ ഗ്യാരന്റി നൽകി ആദ്യ ഗഡുവായി 7.5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ടി തുകയും സംഘത്തിൽ ബാക്കി നിൽപ്പുള്ള തുകയും ഉൾപ്പെടെ 8,92,24,598 രൂപ മടക്കി നൽകുന്നതിനുള്ള പട്ടിക സംഘം സമർപ്പിച്ചിട്ടുണ്ട്. ഇതിന്റെ കൃത്യത ഉറപ്പു വരുത്തി ഉടൻ വിതരണം ചെയ്യുന്നതിന് സംഘം സെക്രട്ടറി/പ്രസിഡന്റ്, തിരുവനന്തപുരം ജോയിന്റ് രജിസ്ട്രാർ (ജനറൽ) എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**പരമ്പരാഗത കയർ ഉല്പന്നങ്ങളുടെ വിപണനം**

23 (*473) ശ്രീ. കെ. രാജൻ:
ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീമതി സി. കെ. ആശ:
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത കയർ ഉല്പന്നങ്ങളുടെ വിപണനം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ച് വരുന്ന നടപടികൾ വിശദമാക്കുമോ;

(ബി) കയറുല്പന്നങ്ങൾ വിൽക്കുന്നതിന് അഖിലേന്ത്യാടിസ്ഥാനത്തിൽ കമ്പനി രൂപീകരിക്കുന്നതിന് നീക്കമുണ്ടോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത കമ്പനിയുടെ ചുമതലകളും ഉദ്ദേശ്യലക്ഷ്യങ്ങളും വിശദമാക്കുമോ;

(ഡി) കയർ കോർപ്പറേഷനിൽ കെട്ടിക്കിടക്കുന്ന കയർ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): (എ) പരമ്പരാഗത കയർ ഉല്പന്നങ്ങളുടെ വിപണനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പി.പി.എസ്.എസ്. വഴി കേരള സംസ്ഥാന കയർ കോർപ്പറേഷൻ ചെറുകിട ഉൽപ്പാദക സഹകരണ സംഘങ്ങളിൽ നിന്നും കയർ ഉല്പന്നങ്ങൾ സംഭരിച്ച് വിപണനം നടത്തുന്നുണ്ട്. പി.പി.എസ്.എസ്. വഴി സംഭരിച്ച ഉല്പന്നങ്ങൾ, കയർ കയറ്റുമതിക്കാർക്ക് ഡിസ്കൗണ്ട് വിലയിൽ നൽകുന്നുണ്ട്. കയറ്റുമതിക്കാർ വഴി വിപണനം നടത്തിയതിനുശേഷം അവശേഷിച്ച ഉല്പന്നങ്ങൾ 2017-ലെ ഓണക്കാലത്ത് മൂല്യവർദ്ധനവ് വരുത്തി 30% സർക്കാർ റിബേറ്റോടെയും 20 % കയർ കോർപ്പറേഷൻ ഡിസ്കൗണ്ടോടെയും കേരളത്തിൽ 89 പ്രദർശന വിൽപ്പന കേന്ദ്രങ്ങൾ വഴി വിപണനം നടത്തിയിട്ടുണ്ട്.

കയർ ഉല്പന്നങ്ങളുടെ ആഭ്യന്തര വിപണി മെച്ചപ്പെടുത്തുന്നതിനും പ്രദർശന വിൽപ്പന മേളകളിൽ പങ്കെടുക്കുന്നതിനും മേളകൾ നടത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

ആഭ്യന്തര വിപണി കാര്യക്ഷമമാക്കുന്നതിനുവേണ്ടി കേരള സംസ്ഥാന കയർ കോർപ്പറേഷന്റെ നേതൃത്വത്തിൽ എല്ലാ സംസ്ഥാനങ്ങളിലും ഡീലർമാരേയും സ്റ്റോക്കിസ്റ്റുമാരേയും കണ്ടെത്തുന്നതിനും മറ്റു സംസ്ഥാനങ്ങളിലെ പൊതുമേഖലാ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് അവരുടെ ഷോറൂമുകൾ വഴി ഉല്പന്നങ്ങൾ വിൽക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചു വരുന്നു.

(ബി&സി) കയർ ഉല്പന്നങ്ങളുടെ വിപണന ശൃംഖല വിപുലീകരിക്കുന്നതിനായി പുതിയ സംവിധാനം ആവിഷ്കരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ദേശവ്യാപകമായി മത്സരക്ഷമത ഉയർത്തി വ്യാപാരം വർദ്ധിപ്പിക്കുന്നതിനും വിപണനം കാര്യക്ഷമമാക്കുന്നതിനും ഒരു കയർ ഉല്പന്ന മാർക്കറ്റിംഗ് കമ്പനി സ്ഥാപിക്കുവാനുള്ള നടപടി പുരോഗമിച്ചുവരുന്നു.

(ഡി) 2017-ലെ ഓണക്കാലത്ത് കേരളത്തിലെ എല്ലാ ജില്ലകളിലും ആരംഭിച്ച സ്റ്റാളുകൾ വഴി കയർ ഉല്പന്നങ്ങൾ വിപുലമായി വിറ്റഴിക്കുകയുണ്ടായി. കയറ്റുമതി ചെയ്തതിനുശേഷമുള്ള കെട്ടിക്കിടക്കുന്ന ഉൽപ്പന്നങ്ങൾ കൂടുതൽ ഡിസ്കൗണ്ട് നൽകി വിറ്റഴിക്കുന്നതിന് കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു.

## ചെറുകിട വ്യവസായ മേഖലയുടെ വളർച്ച

24 (*474) ശ്രീ. ഹൈബി ഈഡൻ:
ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. വി. ടി. ബൽറാം:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട വ്യവസായ മേഖലയുടെ വളർച്ച സംസ്ഥാനത്ത് ദ്രുതഗതിയിലാണെന്ന് അഭിപ്രായമുണ്ടോ; എങ്കിൽ ആയതിന് ആധാരമായ വസ്തുതകൾ എന്തൊക്കെയാണ്;

(ബി) പീഡിത ചെറുകിട സ്ഥാപനങ്ങൾക്ക് വേണ്ടി നടപ്പിലാക്കുന്ന പുനരുദ്ധാരണ പദ്ധതികളുടെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ചെറുകിട വ്യവസായ മേഖലയെ പരിപോഷിപ്പിക്കുവാൻ 2018-19-ലെ ബഡ്ജറ്റിൽ എന്ത് തുകയാണ് നീക്കിവച്ചിട്ടുള്ളത് എന്നറിയിക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): (എ) പുതിയ വ്യവസായ നയത്തിന്റേയും ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് നടപ്പിലാക്കിയതിന്റേയും ഫലമായി സംസ്ഥാനത്ത് ചെറുകിട വ്യവസായ മേഖലയിൽ കൂടുതൽ വളർച്ചാ നിരക്ക് ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ ചെറുകിട തൊഴിൽ സംരംഭങ്ങൾക്ക് സാങ്കേതികവിദ്യയും പരിശീലനവും മാർഗ്ഗ നിർദ്ദേശങ്ങളും പകർന്നു നൽകുന്നതിനായി സംരംഭകത്വ വികസന പരിപാടി, സംരംഭകത്വ ബോധവൽക്കരണ പരിപാടി, ടെക്നോളജി ക്ലിനിക്, ടെക്നോളജി മാനേജ്മെന്റ് ഡെവലപ്മെന്റ് പ്രോഗ്രോം, ഇൻക്യുബേഷൻ സെന്ററുകൾ എന്നീ പദ്ധതികളും വിപണി കണ്ടെത്തുന്നതിനായി വ്യവസായ പ്രദർശനം, മെഷിനറി എക്സ്പോ, IITF (ഇന്ത്യ ഇന്റർനാഷണൽ ട്രേഡ് ഫെയർ), ദേശീയ അന്തർദ്ദേശീയ പരിപാടികൾ, കേരള അഗ്രോ ഫുഡ് പ്രോ, മലബാർ ക്രാഫ്റ്റ് മേള എന്നീ പദ്ധതികളും, വായ്പ പ്രോൽസാഹിപ്പിക്കുന്നതിനായി ടെക്നിക്കൽ ഫീസിബിലിറ്റി റിപ്പോർട്ട് (TFR), നാനോ ഗാർഹിക സംരംഭങ്ങൾക്കുള്ള പലിശ സബ്സിഡി പദ്ധതി, സംരംഭകത്വ സഹായ പദ്ധതിയിലെ സ്റ്റാർട്ട് അപ്പ് അസിസ്റ്റന്റ്സ് എന്നീ പദ്ധതികളും, ഗ്രാന്റ് നൽകുന്നതിനുള്ള പി.എം.ഇ.ജി.പി., ഇ.എസ്.എസ്., ആശാ പദ്ധതി, ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോഗ്രാം എന്നീ

പദ്ധതികളും ലൈസൻസ് സമയ ബന്ധിതമായി ലഭിക്കുന്നതിനുള്ള ഏകജാലക സംവിധാനവും പശ്ചാത്തല സൗകര്യം വികസിപ്പിക്കുന്നതിനായി നടപ്പിലാക്കുന്ന മറ്റു പ്രവർത്തനങ്ങളും ഫലപ്രദമായി നടപ്പിലാക്കുന്നതുവഴി ചെറുകിട വ്യവസായ മേഖലയിൽ ഉണർവ് നൽകാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) പീഡിത ചെറുകിട സ്ഥാപനങ്ങളുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് 2018-19 വർഷത്തിൽ കേരള എം.എസ്.എം.ഇ. പുനരുജ്ജീവന ട്രസ്റ്റ് ഫണ്ട് രൂപീകരിച്ച് ധനസഹായം നൽകാൻ ഉദ്ദേശിക്കുന്നു.

(സി) ചെറുകിട വ്യവസായ മേഖലയെ പരിപോഷിപ്പിക്കുവാൻ 2018-19-ലെ ബഡ്ജറ്റിൽ 160.01 കോടി രൂപയുടെ വിവിധ പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

## പ്രാഥമിക സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണം

25 (*475) ശ്രീ. പി. വി. അൻവർ:
ശ്രീ. കെ. വി. വിജയദാസ്:
പ്രൊഫ. കെ. യു. അരുണൻ:
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രാഥമിക വിപണന സംഘങ്ങളുടെ ഓഹരി മൂലധന അടിത്തറ ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം സഹായമാണ് നൽകി വരുന്നത്;

(സി) പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് സംഭരണശാലകൾ നിർമ്മിക്കുന്നതിനും കർഷക സേവന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും ധനസഹായം നൽകി വരുന്നുണ്ടോ;

(ഡി) പ്രസ്തുത പദ്ധതിയ്ക്കായി നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): (എ) പ്രാഥമിക സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി ചുവടെ ചേർക്കുന്ന പദ്ധതികൾ നിലവിലുണ്ട്.

നഷ്ടത്തിൽ പ്രവർത്തിക്കുന്നതും ശക്തിയാർജ്ജിക്കാൻ സാധ്യതയുള്ളതുമായ സംസ്ഥാനത്തെ എല്ലാ സഹകരണ സ്ഥാപനങ്ങൾക്കും അവ സമർപ്പിക്കുന്ന പ്രോജക്ടിന്റെ വിജയസാധ്യത പരിഗണിച്ച് അംഗീകരിച്ച പ്രോജക്ട് ചെലവിന്റെ 65%വരെ ധനസഹായം നൽകി പുനരുദ്ധരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ പുനരുദ്ധരിക്കുന്നതിനായി സംസ്ഥാന പദ്ധതിയിൽ നിലവിൽ വ്യവസ്ഥയുണ്ട്. അതോടൊപ്പം ദുർബ്ബലവും എന്നാൽ ശക്തിയാർജ്ജിക്കാൻ സാധ്യതയുമുള്ള സഹകരണ സ്ഥാപനങ്ങളെ പുനരുദ്ധരിക്കുന്നതിന് വേണ്ടിയുള്ള പദ്ധതിയിൽ കാർഷിക വായ്പാ സംഘങ്ങളുടെ അനുയോജ്യമായ പ്രോജക്ട് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ധനസഹായം നൽകിവരുന്നുണ്ട്. കാർഷിക വായ്പാ സംഘങ്ങൾ/ബാങ്കുകൾ മുഖേന കർഷകർക്ക് ആവശ്യമായ കാർഷിക വായ്പകൾ, ന്യായവിലയ്ക്ക് വളം, വിത്ത്, കീടനാശിനി എന്നിവ വിതരണം ചെയ്യുന്നതു കൂടാതെ കാർഷികോൽപ്പന്നങ്ങൾ സൂക്ഷിക്കുന്നതിന് ഗോഡൗൺ സംവിധാനവും ലഭ്യമാക്കുന്നു. കാർഷിക ആവശ്യത്തിനായി നൽകിവരുന്ന സ്വർണ്ണപ്പണയ വായ്പ, മറ്റു ഹ്രസ്വകാല കാർഷിക വായ്പ, പലിശ രഹിത കാർഷിക വായ്പ, സംഘങ്ങളുടെ ആഭിമുഖ്യത്തിൽ സ്വാശ്രയ ഗ്രൂപ്പുകൾ മുഖേന കാർഷിക അനുബന്ധ ആവശ്യങ്ങൾക്ക് നൽകിവരുന്ന വായ്പ എന്നിവയ്ക്ക് പുനരുദ്ധാരണ പദ്ധതി പ്രകാരം ധനസഹായം നൽകിവരുന്നു. ഓഹരി, സബ്സിഡി, വായ്പ എന്നീ ഇനങ്ങളിലായി പരമാവധി 20 ലക്ഷം രൂപ വരെയാണ് അനുവദിക്കുന്നത്.

പ്രാഥമിക ഉപഭോക്തൃ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി ഓഹരി ഇനത്തിൽ 90,000 രൂപയും സബ്സിഡി ഇനത്തിൽ 10,000 രൂപയും ഉൾപ്പെടെ ഒരു ലക്ഷം രൂപ നൽകുന്ന ധനസഹായ പദ്ധതിയുമുണ്ട്.

ദുർബ്ബല വനിതാ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിന് പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ പരമാവധി 10 ലക്ഷം രൂപ വരെയുള്ള ധനസഹായം അനുവദിക്കുന്നു.

പ്രാഥമിക പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ വികസനത്തിനും പുനരുദ്ധാരണത്തിനുമായുള്ള റിവൈവൽ സ്കീം പ്രകാരം ഒരു സംഘത്തിന് പരമാവധി 6 ലക്ഷം രൂപ ഓഹരി, സബ്സിഡി വിഹിതങ്ങളിലായി നൽകിവരുന്നു. കൂടാതെ സംഘങ്ങളുടെ ആഫീസ് കെട്ടിടം പുനരുദ്ധരിക്കുന്നതിന് കെട്ടിട പുനരുദ്ധാരണ ഗ്രാന്റിനത്തിൽ ഒരു സംഘത്തിന് പരമാവധി 5 ലക്ഷം രൂപയും സംഘം പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് പ്രവർത്തന മൂലധന ഗ്രാന്റ് ഇനത്തിൽ 2 ലക്ഷം രൂപയും അനുവദിച്ചു വരുന്നു.

പ്രാഥമിക സംസ്കരണ വിപണന സംഘങ്ങളിൽ ദുർബ്ബലമായവയുടെ പുനരുദ്ധാരണത്തിനായി സബ്സിഡി, ഓഹരി, വായ്പാ ഇനങ്ങളിൽ 20 ലക്ഷം രൂപ നൽകുന്ന ധനസഹായ പദ്ധതിയും നിലവിലുണ്ട്.

(ബി) പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളോടൊപ്പം പ്രാഥമിക വിപണന സഹകരണ സംഘങ്ങൾക്കും കർഷക സേവന കേന്ദ്രം നടത്തുന്നതിന് എൻ.സി.ഡി.സി. ധനസഹായം സർക്കാർ ഓഹരിയായി നൽകി വരുന്നു. പ്രാഥമിക വിപണന സഹകരണ സംഘങ്ങളുടെ വ്യാപാര വിപുലീകരണത്തിനായും ധനസഹായം നൽകുന്നുണ്ട്. കൂടാതെ കാർഷിക വിപണന മേഖലയെ ശക്തിപ്പെടുത്തുന്നതിനായി വിപണന സഹകരണ സംഘങ്ങൾക്ക് 25 ലക്ഷം രൂപ വരെ ധനസഹായം നൽകുന്ന സംസ്ഥാന പദ്ധതിയിലെ 33% തുക ഓഹരി വിഹിതമായാണ് നൽകുന്നത്.

(സി) പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് സംഭരണശാലകൾ നിർമ്മിക്കുന്നതിനും കർഷക സേവന കേന്ദ്രം നടത്തുന്നതിനും വായ്പ, ഓഹരി ഇനങ്ങളിൽ എൻ.സി.ഡി.സി.-യുടെ ധനസഹായം നൽകുന്നതിനുള്ള പദ്ധതി നിലവിലുണ്ട്. കൂടാതെ കർഷക സേവന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും സംസ്ഥാന പദ്ധതിപ്രകാരം ധനസഹായം നൽകി വരുന്നു.

(ഡി) 'പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ ഇവയ്ക്കുള്ള വായ്പാ ധനസഹായം' പദ്ധതിയിൽ ഉൾപ്പെടുത്തി പുനരുദ്ധാരണത്തിനായി 2017-18 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ സബ്സിഡി, ഓഹരി, വായ്പ എന്നീ ശീർഷകങ്ങളിലായി ആകെ 2500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് സംഭരണശാലകൾ സ്ഥാപിക്കുന്നതിനും കർഷക സേവന കേന്ദ്രം സ്ഥാപിക്കുന്നതിനും എൻ.സി.ഡി.സി. പദ്ധതിയിൽ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ/ പ്രാഥമിക സഹകരണ സംഘങ്ങൾ, മൊത്ത വ്യാപാര സ്റ്റോറുകൾ/ ഫെഡറേഷനുകൾ എന്നിവയ്ക്കുള്ള ധനസഹായം ഉൾപ്പെടുത്തി 2017-18 വർഷത്തെ ബഡ്ജറ്റിൽ 600 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി കർഷക സേവന കേന്ദ്രങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് 2017-18 സാമ്പത്തികവർഷം 500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡിന്റെ വികസനം

26 (*476) ശ്രീ. ബി. സത്യൻ:
ശ്രീമതി വീണാ ജോർജ്ജ്:
ശ്രീ. എം. മുകേഷ്:
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡിന്റെ വികസനത്തിനായി ഇന്റഗ്രേറ്റഡ് ടൈറ്റാനിയം കോംപ്ലക്സ് ആരംഭിക്കുന്നതോടുകൂടി ഏതെല്ലാം മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ ഉത്പാദനത്തിനായാണ് പദ്ധതിയുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ധാതുമണൽ വ്യവസായ മേഖലയിൽ പ്രവർത്തിക്കുന്ന ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളുമായി സഹകരിച്ചാണ് പ്രസ്തുത പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) കൂടുതൽ മൂല്യവർദ്ധിത ഉത്പ്പന്നങ്ങൾ ഉത്പാദിപ്പിക്കുക വഴി വർദ്ധിച്ച വിറ്റുവരവും ലാഭവും തൊഴിലവസരങ്ങളും പ്രതീക്ഷിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): (എ&ബി) സംസ്ഥാനത്തെ തീരപ്രദേശത്തെ ധാതു മണലിൽ നിന്നും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് ഒരു വ്യവസായ കോംപ്ലക്സ് സ്ഥാപിക്കുന്നത് സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നതിന് 11-1-2017-ലെ സർക്കാർ ഉത്തരവ് പ്രകാരം റിയാബ് ചെയർമാൻ അദ്ധ്യക്ഷനായ ഒരു കമ്മിറ്റിയെ നിയമിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി പ്രാഥമിക മാർക്കറ്റ് പഠനത്തിനുശേഷം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിൽ ടൈറ്റാനിയം മിൽ പ്രോഡക്ട്സ്, സിർക്കോണിയം കാർബണേറ്റ്, പേർളിസെന്റ് പിഗ്മെന്റ് (Pearlescent Pigment) എന്നിവ കരിമണലിൽ നിന്നും ഉൽപ്പാദിപ്പിക്കുന്നതിനാണ് ശിപാർശ ചെയ്തിട്ടുള്ളത്. ടൈറ്റാനിയം മിൽ പ്രോഡക്ട്സിന്റെ ഉൽപ്പാദനത്തിനായി കെ.എം.എം.എൽ.--ലെ ടൈറ്റാനിയം സ്പോഞ്ചിന്റെ ഉൽപ്പാദനവും വർദ്ധിപ്പിക്കേണ്ടതായിട്ടുണ്ട്. കൂടാതെ പൊതുമേഖലാ സ്ഥാപനമായ കേരള മിനറൽസ് & മെറ്റൽസ് ലിമിറ്റഡുമായി (KMML) സഹകരിച്ച് മിനറൽ കോംപ്ലക്സ് സ്ഥാപിക്കാമെന്നാണ് കമ്മിറ്റി

നിർദ്ദേശിച്ചിരിക്കുന്നത്. നിർദ്ദിഷ്ട പദ്ധതി നടപ്പാക്കുന്ന കാര്യത്തിൽ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് (DPR) തയ്യാറാക്കുന്നതിന് റിപ്പോർട്ട് ശിപാർശ ചെയ്തിട്ടുണ്ട്. ചവറയിലെ ചിറ്റൂർ പ്രദേശത്തെ 180 ഓളം ഏക്കർ ഭൂമി ഇതിനായി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു.

(സി) കരിമണലിൽ നിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുക വഴി വർദ്ധിച്ച വിറ്റുവരവും ലാഭവും തൊഴിലവസരങ്ങളും സർക്കാർ പ്രതീക്ഷിക്കുന്നുണ്ട്. എന്നാൽ ഇക്കാര്യത്തിൽ ഒരു ഡി.പി.ആർ. തയ്യാറാക്കുമ്പോൾ മാത്രമേ പ്രസ്തുത വിവരങ്ങൾ മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ.

## ടൂറിസം പഠന കോഴ്സുകൾ

27(*477) ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിനോദസഞ്ചാര വികസന സാധ്യതയ്ക്കനുസൃതമായി ടൂറിസം കോഴ്സുകൾ പഠിക്കുന്നതിന് അവസരം ലഭ്യമല്ലായെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കിറ്റ്സ് (കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസ്) നടത്തുന്ന കോഴ്സുകളെക്കുറിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) കിറ്റ്സ്-ന്റെ സെന്ററുകൾ വിവിധ ടൂറിസം മേഖലകളിൽ സ്ഥാപിക്കുന്നതിനും കൂടുതൽ വിദ്യാർത്ഥികൾക്ക് പ്രസ്തുത കോഴ്സുകൾ പഠിക്കുന്നതിനുള്ള അവസരമൊരുക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഉണ്ട്. കിറ്റ്സിന്റെ ഭരണപരവും അക്കാദമിക് തലത്തിലുമുള്ള പ്രവർത്തനങ്ങൾ കാലാകാലങ്ങളിൽ അവലോകനം ചെയ്യാൻ നിലവിൽ താഴെപ്പറയുന്ന സംവിധാനങ്ങൾ ഉണ്ട്.

1. കിറ്റ്സിലെ അക്കാദമിക് കൗൺസിലിന്റേയും ജനറൽ ബോഡിയുടേയും അംഗീകാരത്തോടെ ടൂറിസം ഇൻഡസ്ട്രിയുടെ ആവശ്യകതയ്ക്കനുസരിച്ചാണ് കോഴ്സുകൾ രൂപകൽപ്പന ചെയ്യുന്നത്.

2. കിറ്റ്സിലെ അക്കാദമിക് ഭരണപരമായ എല്ലാ കാര്യങ്ങളും ടൂറിസം വകുപ്പുമന്ത്രി ചെയർമാനും, സെക്രട്ടറി (ടൂറിസം) വൈസ് ചെയർമാനായിട്ടുള്ള (വർഷത്തിൽ കുറഞ്ഞത് രണ്ടു തവണ കൂടുന്ന) എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തോടെയാണ് നടപ്പിലാക്കുന്നത്. എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനങ്ങൾ നടപ്പിലാക്കിയ വിവരം അടുത്ത എക്സിക്യൂട്ടീവ് കമ്മിറ്റി പരിശോധിച്ച് അംഗീകാരം നൽകുകയും ചെയ്യാറുണ്ട്. ഇതിനു പുറമേ സർക്കാർ അനുമതി തേടേണ്ട വിഷയങ്ങളിൽ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാന പ്രകാരം തുടർനടപടി സ്വീകരിക്കാറുണ്ട്.

3. കിറ്റ്സ് ഐ.എസ്.ഒ. 9001-2008 സർട്ടിഫൈഡ് സ്ഥാപനമാണ്. ഐ.എസ്.ഒ. നിബന്ധന പ്രകാരം തയ്യാറാക്കിയിട്ടുള്ള നിബന്ധനകളും ചട്ടങ്ങളുമനുസരിച്ച് അക്കാദമിക് പ്രവർത്തനങ്ങളും ഭരണപരമായ പ്രവർത്തനങ്ങളും എല്ലാ വർഷവും ആന്തരിക ഓഡിറ്റിംഗിനും ബാഹ്യ ഓഡിറ്റിംഗിനും വിധേയമാക്കുകയും ചെയ്യുന്നു. ഐ.എസ്.ഒ. എന്തെങ്കിലും പോരായ്മകൾ കണ്ടെത്തിയാൽ അത് ഉടനടി പരിഹരിക്കുന്നതിനുള്ള നടപടി കൈക്കൊള്ളാറുമുണ്ട്.

4. കിറ്റ്സിന്റെ ഭരണപരമായ എല്ലാ പ്രവർത്തനങ്ങളും വർഷംതോറും സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിംഗിനും അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിംഗിനും വിധേയമാണ്.

(സി) കിറ്റ്സിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനപ്രകാരമാണ് വിവിധ ടൂറിസം മേഖലകളിൽ കിറ്റ്സിന്റെ സെന്ററുകൾ ആരംഭിക്കുന്നത്. എക്സിക്യൂട്ടീവ് കമ്മിറ്റി സർക്കാർ, അർദ്ധ സർക്കാർ, സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് ലോജിസ്റ്റിക് മാനേജ്മെന്റ്, എയർ കാർഗോ ഓപ്പറേഷൻസ്, എയർപോർട്ട് ഓപ്പറേഷൻസ് എന്നീ തൊഴിലധിഷ്ഠിത കോഴ്സുകൾ, വിദ്യാർത്ഥികളുടെ ലഭ്യതയനുസരിച്ച് കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ സാറ്റലൈറ്റ് പഠന കേന്ദ്രങ്ങൾ മുഖേന നടത്തുന്നതിന് തീരുമാനിച്ചു. അതനുസരിച്ച് ആദ്യ സാറ്റലൈറ്റ് പഠന കേന്ദ്രം നവംബർ 2017-ൽ കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ സാമീപ്യം കണക്കിലെടുത്ത് തൃശ്ശൂരിൽ ആരംഭിച്ചു.

## കിൻഫ്ര വ്യവസായ പാർക്കുകൾ

28 (*478) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെയെല്ലാമാണ് കിൻഫ്രയ്ക്ക് വ്യവസായ പാർക്കുകൾ ഉള്ളത്; വിശദമാക്കുമോ;

(ബി) പ്രസ്തുത വ്യവസായ പാർക്കുകൾ വികസിപ്പിക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിവരിക്കുമോ;

(സി) ഇവയുടെ പ്രവർത്തനങ്ങൾ തടസ്സം കൂടാതെ നടപ്പിലാക്കുന്നതിലേക്കായി അധിക സഹായം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): (എ) സംസ്ഥാനത്ത് കിൻഫ്ര സ്ഥാപിച്ചിട്ടുള്ള വ്യവസായ പാർക്കുകൾ താഴെ പറയുന്നവയാണ്:

നിലവിലെ പദ്ധതികൾ

| | |
|---|---|
| 1 | കിൻഫ്ര അപ്പാരൽ പാർക്ക്, തിരുവനന്തപുരം |
| 2 | കിൻഫ്ര എക്സ്പോർട്ട് പ്രൊമോഷൻ ഇൻഡസ്ട്രിയൽ പാർക്ക്, എറണാകുളം. |
| 3 | കിൻഫ്ര ഫിലിം ആൻഡ് വീഡിയോ പാർക്ക്, തിരുവനന്തപുരം |
| 4 | കിൻഫ്ര ഭക്ഷ്യ സംസ്കരണ വ്യവസായ പാർക്ക്, മലപ്പുറം |
| 5 | ഭക്ഷ്യ സംസ്കരണ വ്യവസായ പാർക്ക്, അടൂർ |
| 6 | ചെറുകിട വ്യവസായ പാർക്ക്, തിരുവനന്തപുരം |
| 7 | ചെറുകിട വ്യവസായ പാർക്ക്, കുന്നന്താനം |
| 8 | ചെറുകിട വ്യവസായ പാർക്ക്, അടൂർ |
| 9 | ചെറുകിട വ്യവസായ പാർക്ക്, മഴവന്നൂർ |
| 10 | ചെറുകിട വ്യവസായ പാർക്ക്, കൊരട്ടി |
| 11 | ചെറുകിട വ്യവസായ പാർക്ക്, തലശ്ശേരി |

| | |
|---|---|
| 12 | ചെറുകിട വ്യവസായ പാർക്ക്, വയനാട് |
| 13 | ചെറുകിട വ്യവസായ പാർക്ക്, കാസർഗോഡ് |
| 14 | കിൻഫ്ര ഹൈടെക് പാർക്ക്, കളമശ്ശേരി |
| 15 | ഇലക്ട്രോണിക്സിനായുള്ള പ്രത്യേക സാമ്പത്തിക മേഖല, കളമശ്ശേരി |
| 16 | ടെക്സ്റ്റൈൽ സെന്റർ, കണ്ണൂർ |
| 17 | ഇന്റഗ്രേറ്റഡ് ഇൻഡസ്ട്രിയൽ ആൻഡ് ടെക്സ്റ്റൈൽ പാർക്ക്, കഞ്ചിക്കോട്, പാലക്കാട് |
| 18 | കിൻഫ്ര ബയോടെക്നോളജി പാർക്ക്, കളമശ്ശേരി |
| 19 | കിൻഫ്ര വ്യവസായ പാർക്ക്, പിറവണ്ണൂർ |
| 20 | വ്യവസായ പാർക്ക്, ഒറ്റപ്പാലം |
| 21 | ഭക്ഷ്യ സംസ്കരണത്തിനായി പ്രത്യേക സാമ്പത്തിക മേഖല, മലപ്പുറം |
| 22 | ഐ.ടി./ഐ.ടി. അധിഷ്ഠിത പ്രത്യേക സാമ്പത്തിക മേഖല, കിൻഫ്ര ഫിലിം ആൻഡ് വീഡിയോ പാർക്ക്, തിരുവനന്തപുരം |
| 23 | വ്യവസായ പാർക്ക്, മട്ടന്നൂർ |
| 24 | ഗ്ലോബൽ ആയുർവേദ വില്ലേജ്, തിരുവനന്തപുരം |

(ബി&സി) അടിസ്ഥാന സൗകര്യങ്ങളായ ജലം, വൈദ്യുതി, റോഡ്, വികസിപ്പിച്ച പ്ലോട്ടുകൾ എന്നിവ ഒരുക്കി നിക്ഷേപങ്ങൾ ആകർഷിച്ചു കൊണ്ടിരിക്കുന്നു. ഇവ കൂടാതെ വ്യവസായ സംരംഭകർക്ക് ഏകജാലക സംവിധാനം വഴി വ്യവസായം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട എല്ലാ അനുമതികളും സമയബന്ധിതമായി ലഭിക്കുന്നതിനുള്ള സംവിധാനവും എല്ലാ വ്യവസായ പാർക്കുകളിലും നടപ്പിലാക്കിയിട്ടുണ്ട്. പാർക്കുകളുടെ പ്രവർത്തനം തടസ്സം കൂടാതെ തന്നെ നടത്തുന്നതിനുള്ള നടപടികൾ കിൻഫ്ര സ്വീകരിച്ചിട്ടുണ്ട്. കിൻഫ്രയുടെ ഫണ്ട് ഉപയോഗിച്ച് പ്രസ്തുത പാർക്കുകളുടെ അറ്റകുറ്റപ്പണികൾ കാലാകാലങ്ങളിൽ നടത്തി പാർക്കിന്റെ പ്രവർത്തനങ്ങൾ തടസ്സം കൂടാതെ നടത്തി വരുന്നുണ്ട്.

### ഭാഗ്യക്കുറി സമ്മാനങ്ങൾ നൽകുന്നതിന് കാലതാമസം

29 (*479) ഡോ. എം. കെ. മുനീർ:
ശ്രീ. പി. കെ.അബ്ദു റബ്ബ്:
ശ്രീ. സി. മമ്മൂട്ടി:
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭാഗ്യക്കുറിയിൽ സമ്മാനാർഹരാകുന്നവർക്ക് സമ്മാനത്തുക നൽകുന്നതിന് കാലതാമസം ഉണ്ടാകുന്നുണ്ടോ;

(ബി) ഭാഗ്യക്കുറിയിൽ നിന്നുള്ള വരുമാനം വകമാറ്റി ചെലവിടാറുണ്ടോ;

(സി) ഭാഗ്യക്കുറി സമ്മാനങ്ങൾ കാലവിളംബം കൂടാതെ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): (എ) ഇല്ല.

(ബി) ലോട്ടറിയുടെ വിറ്റുവരവ് സംസ്ഥാന സഞ്ചിത നിധിയിലേയ്ക്ക് അടയ്ക്കുകയും ചെലവുകൾക്ക് അതിനായി പണം വകയിരുത്തിയിരിക്കുന്ന കണക്ക് ശീർഷകത്തിൽ നിന്നും പണം പിൻവലിച്ച് നൽകുകയുമാണ് ചെയ്യുന്നത്. കേന്ദ്ര ലോട്ടറി നിയന്ത്രണ നിയമം അനുസരിച്ച് ലോട്ടറി വിറ്റുവരവ് പൂർണ്ണമായും ട്രഷറിയിൽ അടയ്ക്കുകയും ചെലവുകൾക്ക് പ്രത്യേക ബഡ്ജറ്റ് കണക്കിൽ നിന്ന് പണം കണ്ടെത്തുകയും ചെയ്യണം. ഇങ്ങനെയാണ് സംസ്ഥാന ഭാഗ്യക്കുറി പ്രവർത്തിക്കുന്നത്. ആകയാൽ വകമാറ്റി ചെലവിടുക എന്ന പ്രശ്നം ഉദിക്കുന്നില്ല.

(സി) നിലവിൽ ഭാഗ്യക്കുറികളുടെ സമ്മാന വിതരണ നടപടിക്രമങ്ങൾ കാലതാമസം കൂടാതെയാണ് നടത്തിവരുന്നത്. മതിയായ രേഖകളുടെ അഭാവത്തിൽ പ്രസ്തുത രേഖകൾ ലഭ്യമാക്കി സമ്മാനാർഹർക്ക് സമ്മാനത്തുക താമസംവിനാ നൽകി വരുന്നുണ്ട്. നിയമ നടപടികളോ കോടതി നടപടികളോ നേരിടുന്ന സന്ദർഭങ്ങളിൽ ഉണ്ടാകുന്ന കാലവിളംബം നീക്കികിട്ടുന്നതിന് പ്രസ്തുത ഫോറങ്ങളിൽ സമയബന്ധിതമായി അപേക്ഷ നൽകി പരിഹാരം കാണാറുണ്ട്.

### കേന്ദ്ര ടൂറിസം പദ്ധതികൾ

30 (*480) ശ്രീ. കെ. ബാബു:
ശ്രീമതി യു. പ്രതിഭ ഹരി:
ശ്രീ. ജോർജ് എം. തോമസ്:
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ടൂറിസം വികസനത്തിനായി ആവിഷ്കരിച്ചിട്ടുള്ള കേന്ദ്ര ടൂറിസം പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രധാന ടൂറിസം കേന്ദ്രങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് സ്വദേശ് ദർശൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഏതൊക്കെ തീമാറ്റിക് സർക്യൂട്ടുകളെയാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ഇതു സംബന്ധിച്ച എന്തെല്ലാം പ്രൊപ്പോസലുകളാണ് സംസ്ഥാന സർക്കാർ കേന്ദ്ര ടൂറിസം മന്ത്രാലയത്തിന് സമർപ്പിച്ചിരുന്നതെന്ന് വിശദമാക്കാമോ;

(ഇ) സ്പിരിച്വൽ ടൂറിസം സർക്യൂട്ടിൽ ഏതൊക്കെ പ്രദേശങ്ങളെയാണ് സംസ്ഥാന സർക്കാർ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): (എ) സംസ്ഥാനത്തെ ടൂറിസം വികസനത്തിനായി കേന്ദ്ര ടൂറിസം മന്ത്രാലയം ആവിഷ്കരിച്ചിട്ടുള്ള നിലവിലെ സ്കീമുകളാണ് 'സ്വദേശ് ദർശൻ', 'പ്രസാദ്'. ഇതിൽ 'സ്വദേശ് ദർശൻ' സ്കീമിൽ ഉൾപ്പെടുത്തി ഇക്കോ ടൂറിസം സർക്യൂട്ടായ പത്തനംതിട്ട-ഗവി-വാഗമൺ-തേക്കടി വികസന പദ്ധതിയും, സ്പിരിച്വൽ ടൂറിസം സർക്യൂട്ടിൽ ഉൾപ്പെടുത്തി.

1. ശബരിമല വികസനം (എരുമേലി-പമ്പ-സന്നിധാനം)
2. ശ്രീപത്മനാഭ-ആറന്മുള-ശബരിമല വികസനം തുടങ്ങിയ രണ്ടു പദ്ധതികളും കൂടാതെ 'പ്രസാദ്' സ്കീമിൽ ഉൾപ്പെടുത്തി ഗുരുവായൂർ ക്ഷേത്ര വികസനവും ഇതിൽ ഉൾപ്പെടുന്നു.

മേൽ വിവരിച്ച 4 പദ്ധതികളാണ് സംസ്ഥാനത്തെ ടൂറിസം വികസനത്തിനായി കേന്ദ്ര ടൂറിസം അനുവദിച്ച പദ്ധതികൾ.

(ബി) പ്രധാന ടൂറിസം കേന്ദ്രങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു സർക്യൂട്ടാണ് സ്വദേശ് ദർശൻ സ്കീം. ഈ സ്കീമിൽ ഉൾപ്പെടുത്തി നിലവിൽ 3 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചത് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

(സി) സ്വദേശ് ദർശൻ സ്കീമിൽ ഉൾപ്പെട്ട തീമാറ്റിക് സർക്യൂട്ടുകളിൽ ഇക്കോ ടൂറിസം സർക്യൂട്ട്, സ്പിരിച്വൽ ടൂറിസം സർക്യൂട്ട് എന്നിവയിൽ ഉൾപ്പെടുത്തിയാണ് നിലവിലുള്ള പദ്ധതികൾ അനുവദിച്ചു നൽകിയത്.

(ഡി) താഴെപറയുന്ന പ്രൊപ്പോസലുകളാണ് സംസ്ഥാന സർക്കാർ കേന്ദ്ര ടൂറിസം മന്ത്രാലയത്തിന് സമർപ്പിച്ചിരുന്നത്.

1. ഇക്കോ ടൂറിസം സർക്യൂട്ട് പത്തനംതിട്ട-ഗവി-വാഗമൺ-തേക്കടി വികസനം

2. സ്പിരിച്വൽ ടൂറിസം സർക്യൂട്ട്.

   (a) ശബരിമല വികസനം (എരുമേലി-പമ്പ-സന്നിധാനം)

   (b) ശ്രീപത്മനാഭ-ആറന്മുള-ശബരിമല വികസനം

3. റൂറൽ ടൂറിസം സർക്യൂട്ട്- നിള റൂറൽ ടൂറിസം സർക്യൂട്ട്

4. കോസ്റ്റൽ ടൂറിസം സർക്യൂട്ട്- കേരള കോസ്റ്റൽ സർക്യൂട്ട്.

(ഇ) സ്പിരിച്വൽ ടൂറിസം സർക്യൂട്ടിൽ സംസ്ഥാന സർക്കാർ നിലവിൽ പ്രദേശങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ താഴെപ്പറയുന്ന സ്ഥലങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ള സ്പിരിച്വൽ ടൂറിസം സർക്യൂട്ട് പദ്ധതികൾ കേന്ദ്ര ടൂറിസം മന്ത്രാലയം അനുവദിച്ചു നൽകിയിട്ടുണ്ട്.

(a) ശബരിമല വികസനം (എരുമേലി-പമ്പ-സന്നിധാനം)

(b) ശ്രീപത്മനാഭ-ആറന്മുള-ശബരിമല വികസനം

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### മുദ്രപ്പത്രങ്ങളുടെ ശരാശരി ആവശ്യകത

1 (4605) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഓരോ മാസവും വേണ്ടുന്ന 50 രൂപ, 100 രൂപ മുദ്രപ്പത്രങ്ങളുടെ ശരാശരി ആവശ്യകത എത്ര എന്നും ട്രഷറികളിൽ നിലവിലുള്ള സ്റ്റോക്ക് എത്ര എന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

ഓരോ മാസവും വേണ്ടുന്ന 50 രൂപ, 100 രൂപ മുദ്രപ്പത്രങ്ങളുടെ ഏകദേശം ആവശ്യകത-

| | |
|---|---|
| 50 രൂപ മുദ്രപ്പത്രം | 6,59,704 എണ്ണം |
| 100 രൂപ മുദ്രപ്പത്രം | 12,64,251 എണ്ണം |

ട്രഷറികളിൽ നിലവിലുള്ള 50 രൂപ, 100 രൂപ മുദ്രപ്പത്രങ്ങളുടെ സ്റ്റോക്ക്

| | |
|---|---|
| 50 രൂപ മുദ്രപ്പത്രം | 2,37,419 എണ്ണം |
| 100 രൂപ മുദ്രപ്പത്രം | 1,82,549 എണ്ണം |

1 രൂപ മുതൽ 5 രൂപ വരെ മൂല്യമുള്ള 32 ലക്ഷം മുദ്രപ്പത്രങ്ങളും 7 രൂപ മുതൽ 10 രൂപ വരെ മൂല്യമുള്ള 64 ലക്ഷം മുദ്രപ്പത്രങ്ങളും ട്രഷറികളിലും സെൻട്രൽ സ്റ്റാമ്പ് ഡിപ്പോയിലും സ്റ്റോക്കുണ്ട്. ഈ മുദ്രപ്പത്രങ്ങൾ 50 രൂപ, 100 രൂപ മുദ്രപ്പത്രങ്ങളായി റീ-വാലിഡേറ്റ് ചെയ്ത് വിതരണം ചെയ്യുന്നതിന് ഉത്തരവായിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ റീ-വാലിഡേറ്റ് ചെയ്ത 50 രൂപ 100 രൂപ മുദ്രപ്പത്രങ്ങൾ വിതരണം ചെയ്യുന്നുണ്ട്.

**സർക്കാരിന്റെ ബാധ്യത**

2 (4606) ശ്രീ. പി. ടി. തോമസ്:

ശ്രീ. അടൂർ പ്രകാശ്:

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന് നിലവിൽ കൊടുത്ത് തീർക്കേണ്ട മൊത്തം ബാധ്യത എത്രയാണ്;

(ബി) പി.ഡബ്ല്യൂ.ഡി. കോൺട്രാക്ടർമാർ, ജലവിഭവ വകുപ്പ് കോൺട്രാക്ടർമാർ, സാമൂഹ്യ സുരക്ഷാ പെൻഷൻ, ജീവനക്കാരുടെ ഡി.എ. കുടിശ്ശിക, സിവിൽ സപ്ലൈസ് കോർപ്പറേഷന് നൽകുവാനുള്ള തുക തുടങ്ങി ഏതെല്ലാം ഇനത്തിൽ എത്ര തുക വീതം കൊടുത്ത് തീർക്കുവാൻ ബാധ്യതയുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ട്രഷറിയിൽ നിലവിൽ എന്ത് തുക മിച്ചമുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുകൾ പ്രകാരം 31 ജനുവരി 2018 വരെ സംസ്ഥാനത്തിന്റെ ആകെ കടബാധ്യത 2,09,286.06 കോടി രൂപയാണ്.

(ബി)

| ഇനം | (തുക കോടിയിൽ) |
|---|---|
| പൊതുമരാമത്ത് (നിരത്ത്/പാലം) കരാറുകാർക്ക് | 267.67 |
| പൊതുമരാമത്ത് (കെട്ടിടം) കരാറുകാർക്ക് | 218.36 |
| ജലവിഭവ വകുപ്പ് കരാറുകാർക്ക് | 49.95 |
| സാമൂഹ്യ സുരക്ഷാ പെൻഷൻ | 1459.68 |
| സിവിൽ സപ്ലൈസ് കോർപ്പറേഷൻ | 56.39 |
| 1-7-2017 മുതലുള്ള കുടിശ്ശിക ക്ഷാമബത്ത അനുവദിക്കുമ്പോഴുണ്ടാകുന്ന വാർഷിക സാമ്പത്തിക ബാധ്യത | 362.04 |

(സി) റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ കണക്ക് പ്രകാരം 31-3-2018-ൽ 887.15 കോടി രൂപ ട്രഷറി ബിൽ ഹോൾഡിംഗിൽ നിക്ഷേപമുണ്ടായിരുന്നു.

### ധന ഉത്തരവാദിത്ത നിയമം

3 (4607) ശ്രീ. വി. ഡി. സതീശൻ:

ശ്രീ. കെ. എസ്. ശബരീനാഥൻ:

ശ്രീ. റോജി എം. ജോൺ:

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധന ഉത്തരവാദിത്ത നിയമം ഭേദഗതി ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണ്;

(ബി) പ്രസ്തുത ഭേദഗതിയിലൂടെ എന്തൊക്കെ മാറ്റങ്ങളാണ് കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നത്; അറിയിക്കുമോ;

(സി) റവന്യൂ കമ്മിയും ധനക്കമ്മിയും കുറയ്ക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ ഫലവത്താകാത്ത സാഹചര്യത്തിലാണോ ഈ ഭേദഗതി നിർദ്ദേശം കൊണ്ടുവരുന്നത്; വിശദമാക്കുമോ;

(ഡി) കേന്ദ്ര ധനകാര്യ മന്ത്രാലയം സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി നിശ്ചയിച്ച് നൽകിയിട്ടുണ്ടോ; പ്രസ്തുത പരിധിയിൽ നിന്നുകൊണ്ട് സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾ നടത്തുവാൻ സാധിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഇ) റവന്യൂ കമ്മി ഇല്ലാതാക്കുകയും മൂലധന ചെലവുകൾക്ക് കടമെടുക്കുന്ന തുക വിനിയോഗിക്കരുതെന്നും ധന ഉത്തരവാദിത്ത നിയമത്തിൽ അനുശാസിക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത നിബന്ധനകൾക്ക് അനുസൃതമായി റവന്യൂ കമ്മി ഇല്ലാതാക്കുവാൻ സാധിക്കാതിരുന്നത് എന്തുകൊണ്ടാണെന്ന് വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) 14-ാം ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്തിട്ടുള്ള സാമ്പത്തിക ദൃഢീകരണത്തിനായുള്ള പുതുക്കിയ മാർഗ്ഗരേഖയ്ക്ക് അനുസരണമായി 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത നിയമം ഭേദഗതി ചെയ്യേണ്ടതുണ്ട്. ഇത് പ്രകാരമാണ് ധന ഉത്തരവാദിത്ത നിയമം ഭേദഗതി ചെയ്യാൻ തീരുമാനിച്ചിട്ടുള്ളത്. കമ്മീഷൻ ശിപാർശ ചെയ്തിട്ടുള്ള പുതുക്കിയ ധനലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:

| | 2015-16 | 2016-17 | 2017-18 | 2018-19 | 2019-20 |
|---|---|---|---|---|---|
| റവന്യൂകമ്മി/ ജി.എസ്.ഡി.പി. | 0 | 0 | 0 | 0 | 0 |
| ധനകമ്മി/ ജി.എസ്.ഡി.പി. | 3.0 | 3.0 | 3.0 | 3.0 | 3.0 |
| കടബാധ്യത/ ജി.എസ്.ഡി.പി. | 31.34 | 30.84 | 30.40 | 30.01 | 29.67 |

(ഡി) 2017-18 സാമ്പത്തിക വർഷത്തേയ്ക്കുള്ള കടമെടുപ്പ് പരിധി 20402 കോടി രൂപയായി കേന്ദ്ര സർക്കാർ നിശ്ചയിച്ച് നൽകിയിട്ടുണ്ട്. വായ്പയായി എടുക്കുന്ന തുക പ്രധാനമായും പദ്ധതി/വികസന ചെലവുകൾക്കായിട്ടാണ് വിനിയോഗിക്കുന്നത്.

(ഇ) 2011 ഏപ്രിൽ 1-ന് ആരംഭിച്ച് 2015 മാർച്ച് 31-ന് അവസാനിക്കുന്ന 4 വർഷക്കാലയളവിനുള്ളിൽ സർക്കാർ റവന്യൂകമ്മി ഇല്ലാതാക്കണമെന്ന് 2011-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) നിയമം അനുശാസിച്ചിരുന്നു. സംസ്ഥാന തനത് നികുതി വരുമാനത്തിൽ ഉണ്ടായിട്ടുള്ള ഇടിവും വർദ്ധിച്ചുവരുന്ന റവന്യൂ ചെലവും കാരണമാണ് റവന്യൂകമ്മി ഇല്ലാതാക്കുന്നതിന് സംസ്ഥാനത്തിന് സാധിക്കാതിരുന്നത്.

## പാലക്കാട് ജില്ലയിലെ കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി

4 (4608) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പാലക്കാട് ജില്ലയിലെ സ്വകാര്യ ആശുപത്രികളുടെ പട്ടിക ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരമുള്ള ചികിത്സാ ചെലവുകൾ സ്വകാര്യ ആശുപത്രിയ്ക്ക് ലഭിക്കുന്നതിനുള്ള താമസംമൂലം ചില സ്വകാര്യ ആശുപത്രികൾ കാരുണ്യ പദ്ധതിയിൽ ധനസഹായം നൽകുന്നതിൽ താൽപ്പര്യകുറവ് കാണിക്കുകയും രോഗികളെ ബുദ്ധിമുട്ടിക്കുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇവർക്കെതിരെയുള്ള നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) കാരുണ്യ ബെനവലന്റ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പാലക്കാട് ജില്ലയിലെ സ്വകാര്യ ആശുപത്രികളുടെ ലിസ്റ്റ് ഇതോടൊപ്പം അനുബന്ധമായി* ചേർക്കുന്നു.

(ബി) ഇല്ല.

(സി) ബാധകമല്ല.

## സഞ്ചിതനിധിയിലേയ്ക്ക് ഫണ്ട് സ്വരൂപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ

5 (4609) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ സഞ്ചിതനിധിയിലേയ്ക്ക് ഫണ്ട് സ്വരൂപിക്കുന്നതിന് നിലവിലുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) 14.12.2017-ലെ ജി.ഒ.(പി)156/2017/ധന. നമ്പർ ഉത്തരവ് പ്രകാരം സഞ്ചിതനിധിയിലേയ്ക്ക് പണം മുതൽക്കൂട്ടിയത് ഏതൊക്കെ നടപടിക്രമങ്ങൾ പാലിച്ചിട്ടായിരുന്നു എന്ന് വിശദമാക്കാമോ;

(സി) ജി.ഒ.(സാധാ)നമ്പർ 1499/2018/ധന നമ്പർ ഉത്തരവ് പ്രകാരം പ്രസ്തുത തുക തിരികെ നൽകുന്നതിന് നിലവിലുള്ള മാർഗ്ഗങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; തുക തിരികെ നൽകുന്നതിന് നിയമസഭയുടെ അംഗീകാരം ആവശ്യമുണ്ടോ; വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) നികുതി-നികുതിയേതര വരുമാനം, കേന്ദ്ര സർക്കാരിൽനിന്ന് ലഭ്യമാകുന്ന ഗ്രാന്റുകൾ, കേന്ദ്ര നികുതി വിഹിതം, വായ്പകൾ എന്നിവയിലൂടെയാണ് സംസ്ഥാന സർക്കാരിന്റെ സഞ്ചിതനിധിയിലേയ്ക്ക് ഫണ്ട് സ്വരൂപിക്കുന്നത്. ഇതിൽ നികുതി വരുമാനത്തിലെ പ്രധാന ഇനം GST ആണ്. കൂടാതെ സംസ്ഥാന നികുതി വരുമാനം ധനബില്ലിൽ നിഷ്കർഷിക്കുന്ന നിരക്കുകൾക്ക് അനുസൃതമായി വിവിധ നികുതിയിനങ്ങളിൽ നിന്നുമാണ് സമാഹരിക്കുന്നത്. ഇതിനുപുറമേ ഫീസുകൾ-പിഴകൾ, വന വിഭവങ്ങളുടെ വില്പനയിൽ നിന്നുമുള്ള വരുമാനം, ലോട്ടറി വില്പനയിൽ നിന്നുള്ള വരുമാനം, പലിശയിനത്തിൽനിന്നും പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നുമുള്ള ലാഭവിഹിതം എന്നിവയിലൂടെ നികുതിയേതര വരുമാനവും സമാഹരിക്കുന്നുണ്ട്. കേന്ദ്ര സർക്കാർ അംഗീകരിച്ചു നൽകുന്ന വായ്പാ പരിധിക്കുള്ളിൽ നിന്നാണ് വികസന പ്രവർത്തനങ്ങൾക്കായി പൊതുവിപണിയിൽ നിന്നും നബാർഡ്, എൻ.സി.ഡി.സി മുതലായ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വായ്പകളെടുക്കുന്നത്. കേന്ദ്ര ധനകാര്യ കമ്മീഷന്റെ ശിപാർശകളുടെ അടിസ്ഥാനത്തിലാണ് കേന്ദ്ര സർക്കാരിൽനിന്ന് സംസ്ഥാന സർക്കാരിന് കേന്ദ്ര നികുതി വിഹിതവും ധനകാര്യ കമ്മീഷന്റെ ഗ്രാന്റും ലഭ്യമാകുന്നത്.

(ബി) വിവിധ സർക്കാർ വകുപ്പുകളും സർക്കാർ അധീനതയിലുള്ള സ്ഥാപനങ്ങളും സംസ്ഥാന സഞ്ചിതനിധിയിൽനിന്ന് പിൻവലിച്ച് സംസ്ഥാന ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ച് കാലങ്ങളായി നിഷ്ക്രിയമായി കിടന്ന തുകയുടെ ഒരു ഭാഗമായ 5630 കോടി രൂപ സർക്കാരിന്റെ സഞ്ചിതനിധിയിലേയ്ക്ക് മാറ്റുന്നതിനാണ് 14-12-17-ലെ ജി.ഒ.(പി) 156/17/ധന നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. മന്ത്രിസഭയുടെ തീരുമാനം അനുസരിച്ചാണ് ഉത്തരവ് പുറപ്പെടുവിച്ചത്.

(സി) 26-2-2018-ലെ ജി.ഒ.(ആർ.റ്റി.) 1499/18/ധന. നമ്പർ പ്രകാരം KIIFB യിൽനിന്നും തിരിച്ചുപിടിച്ച തുക തിരികെ നൽകുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. 2018 ഫെബ്രുവരി 2-ന് നിയമസഭയിൽ അവതരിപ്പിച്ച ഉപധനാഭ്യർത്ഥനയിൽ '2075-00-800-72-02 Refund of Amounts resumed from the idling STSB accounts' എന്ന ശീർഷകത്തിൽ വകയിരുത്തിയ 200 കോടി രൂപയിൽ നിന്നുമാണ് പ്രസ്തുത ഉത്തരവ് പ്രകാരമുള്ള തുക തിരികെ നൽകിയത്. സംസ്ഥാന ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽനിന്നും തിരിച്ചു പിടിച്ചിട്ടുള്ള തുകയിൽനിന്നും അടിയന്തരമായി ചെലവിടേണ്ടുന്ന ആവശ്യങ്ങൾക്കായി തുക തിരികെ നൽകുന്നതിന് വേണ്ടി 20-2-2018-ലെ ജി.ഒ.(പി)24/18/ധന, 26-2-18 ലെ ജി.ഒ.(പി) 27/18/ധന എന്നീ നമ്പറുകൾ പ്രകാരം ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. STSB അക്കൗണ്ടിൽനിന്നും

തിരിച്ചുപിടിച്ചിട്ടുള്ള തുകയിൽ നിന്നും അടിയന്തരമായി ചെലവിടേണ്ടുന്ന ആവശ്യങ്ങൾക്കായി തുക തിരികെ നൽകുന്നതിന് 2018 ഫെബ്രുവരി 2-ന് നിയമസഭയിൽ അവതരിപ്പിച്ച ഉപധനാഭ്യർത്ഥനയിൽ '2075-00-800-72-02 Refund of Amounts resumed from the idling STSB accounts', '5475-00-800-73 Refund of amounts resumed from the idling STSB accounts' എന്നീ ശീർഷകങ്ങളിലായി യഥാക്രമം 200 കോടി രൂപയും 100 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. എന്നാൽ ഓരോ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലും പാർക്ക് ചെയ്തിട്ടുള്ള തുക പൂർണ്ണമായി തിരിച്ചുപിടിക്കുന്നതിന് തീരുമാനമെടുത്തിട്ടില്ല.

## ടാക്സ് കോർണറുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ

6 (4610) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടാക്സ് കോർണറുകൾ ആരംഭിക്കുന്നതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ;

(ബി) പ്രസ്തുത കോർണറുകളുടെ പ്രവർത്തനം സംബന്ധിച്ച രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ഇവ പൊതുജനങ്ങൾക്ക് എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നതെന്നറിയിക്കാമോ;

(ഡി) എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ഇവ ആരംഭിക്കുമ്പോൾ സംസ്ഥാനത്തിന് ഉണ്ടാകുന്ന അധിക ബാദ്ധ്യത സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

### ഉത്തരം

(എ) ചരക്ക് സേവന നികുതി ഓഫീസിൽ എത്തുന്ന വ്യാപാരികൾക്കും പൊതുജനങ്ങൾക്കും ആവശ്യമായ പ്രാഥമിക നിർദ്ദേശങ്ങളും വിവരങ്ങളും നൽകുക, നികുതി സംബന്ധമായ വിവരങ്ങൾ അടങ്ങിയ പ്രസിദ്ധീകരണങ്ങൾ ലഭ്യമാക്കുക, നികുതി അവബോധം വളർത്തുന്ന വീഡിയോകൾ പ്രദർശിപ്പിക്കുക, പൊതുജനങ്ങൾക്കും വ്യാപാരികൾക്കുമുള്ള സൗഹൃദ കേന്ദ്രങ്ങളായി പ്രവർത്തിക്കുക എന്നിവയാണ് ടാക്സ് കോർണറുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

(ബി&സി) ഉണ്ട്. ഇത് പ്രകാരം ഓഫീസ് സന്ദർശിക്കുന്ന വ്യാപാരികളേയും, പൊതുജനങ്ങളേയും ടാക്സ് കോർണറിൽ സ്വീകരിക്കും. ഇവിടെ സന്ദർശകർക്കുള്ള ഇരിപ്പിടം, കുടിവെള്ളം എന്നീ അടിസ്ഥാന സൗകര്യം ഏർപ്പെടുത്തും. വ്യാപാരികൾക്കും പൊതുജനങ്ങൾക്കും വേണ്ട വിവരങ്ങളും നിർദ്ദേശങ്ങളും ടാക്സ് കോർണറിൽനിന്നും ലഭ്യമാക്കും. കൂടുതൽ വിവരങ്ങൾ ആവശ്യമെങ്കിൽ സമീപിക്കേണ്ട ഓഫീസിലേയ്ക്ക് പാസ് നൽകും. അതാത് ജില്ലയിലെ ഡെപ്യൂട്ടി

കമ്മീഷണർമാർക്കാണ് ടാക്സ് കോർണറുകളുടെ പ്രവർത്തന മേൽനോട്ട ചുമതല. പൊതുജനങ്ങളുടെ നികുതി അവബോധം വളർത്താനുള്ള സൗകര്യങ്ങൾക്കൊപ്പം പൊതുജനങ്ങൾക്ക് ആവശ്യമായ പ്രാഥമിക നിർദ്ദേശങ്ങളും വിവരങ്ങളും ടാക്സ് കോർണറിൽ നിന്നും ലഭ്യമാകും.

(ഡി) ആദ്യഘട്ടത്തിൽ ടാക്സ് കോർണർ സ്ഥാപിക്കുന്ന തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലാ ഓഫീസുകളിലെ ടാക്സ് കോർണറുകൾക്കായി 14.13 ലക്ഷം രൂപയ്ക്ക് ടെണ്ടർ നടപടികൾ പൂർത്തിയാക്കി നിർമ്മാണ ജോലികൾ ആരംഭിച്ചു. മറ്റ് ജില്ലകളിലെ ടാക്സ് കോർണർ സ്ഥാപിക്കുന്ന ജോലികൾ സെപ്റ്റംബർ 2018-ന് മുൻപ് പൂർത്തിയാക്കാനായി 50 ലക്ഷം രൂപ നീക്കി വച്ചിട്ടുണ്ട്.

**ബാരിയർ ഫ്രീ പദ്ധതി**

7 (4611) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 ബഡ്ജറ്റിൽ പ്രഖ്യാപിച്ച ബാരിയർ ഫ്രീ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഇതിനായി ബഡ്ജറ്റിൽ അനുവദിച്ച 15 കോടി രൂപ മലപ്പുറം, വയനാട് എന്നീ ജില്ലകളിൽ മാത്രം പദ്ധതി നടപ്പിലാക്കുവാനായി അനുവദിച്ചിട്ടുള്ളത് ധനകാര്യ വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; വിശദവിവരം നൽകുമോ;

(സി) ഭിന്നശേഷിക്കാർക്ക് തടസ്സമില്ലാതെ ഓഫീസുകളിലും, ആശുപത്രികളിലും കടന്നു ചെല്ലുന്നതിനുള്ള പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള ബാരിയർ ഫ്രീ പദ്ധതി മറ്റുള്ള ജില്ലകളിൽ ഏർപ്പെടുത്തുന്നതിന് ആവശ്യമായ ഫണ്ട് അനുവദിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ; വിശദവിവരം നൽകുമോ?

ഉത്തരം

(എ&ബി) 26-4-2017-ൽ യോഗം ചേർന്ന വർക്കിംഗ് ഗ്രൂപ്പിന്റെ തീരുമാനമനുസരിച്ച് 24-5-2017-ലെ സർക്കാർ ഉത്തരവ് (സാധാ) 295/2017/ സാ.നീ.വ പ്രകാരം ബാരിയർ ഫ്രീ പദ്ധതി നടപ്പിലാക്കുന്നതിന് മലപ്പുറം ജില്ലയ്ക്ക് 888.80 ലക്ഷം രൂപയും 1-6-2017-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 331/2017/സാ.നീ.വ പ്രകാരം വയനാട് ജില്ലയ്ക്ക് 611.20 ലക്ഷം രൂപയും അനുവദിക്കുകയുണ്ടായി. ആയതിൻപ്രകാരം ഈ ജില്ലയിലെ സർക്കാർ/ അർദ്ധസർക്കാർ കെട്ടിടങ്ങൾ, സർക്കാർ ആശുപത്രികൾ, മറ്റ് പൊതു കെട്ടിടങ്ങൾ എന്നിവിടങ്ങളിൽ ഭിന്നശേഷിയുള്ളവർക്ക് തടസ്സമില്ലാതെ കടന്നുചെല്ലാൻ കഴിയുംവിധം സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) 2018-19 സാമ്പത്തിക വർഷത്തിലേയ്ക്ക് ബാരിയർ ഫ്രീ പദ്ധതി നടപ്പിലാക്കുന്നതിന് 18 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. മൂന്ന് വർഷത്തിനുള്ളിൽ സംസ്ഥാനത്തെ, ഇന്ത്യയിൽ ആദ്യത്തെ പ്രതിബന്ധ മുക്ത സംസ്ഥാനമാക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

**പങ്കാളിത്ത പെൻഷൻ പദ്ധതി**

8 (4612) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പുനഃപരിശോധിക്കുന്നതിനായി സർക്കാർ ഏർപ്പെടുത്തിയ സംവിധാനം എന്താണെന്ന് വിശദമാക്കാമോ;

(ബി) പങ്കാളിത്ത പെൻഷൻ നിർത്തലാക്കി സ്റ്റാറ്റ്യൂട്ടറി പെൻഷൻ നടപ്പിലാക്കുന്നതിന് എന്താണ് തടസ്സമെന്ന് വ്യക്തമാക്കാമോ;

(സി) എല്ലാ ജീവനക്കാരെയും സ്റ്റാറ്റ്യൂട്ടറി പെൻഷന്റെ പരിധിയിൽ കൊണ്ടുവരുന്നതുകൊണ്ട് സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുമോ; വിശദവിവരങ്ങൾ നൽകാമോ?

ഉത്തരം

(എ-സി) പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിനായി ഒരു സമിതിയെ നിയമിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്. വിശദാംശങ്ങൾ പ്രസ്തുത കമ്മിറ്റി പരിശോധിക്കുന്നതാണ്.

**ഒറ്റപ്പാലം മണ്ഡലത്തിലെ കാരുണ്യ ബെനവലന്റ് പദ്ധതി ധനസഹായം**

9 (4613) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെ ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽപ്പെട്ട എത്ര രോഗികൾക്ക് കാരുണ്യ ബെനവലന്റ് പദ്ധതിയിൽ നിന്നും ധനസഹായം അനുവദിച്ചു; വിശദാംശം നൽകാമോ;

(ബി) പ്രസ്തുത സഹായം ലഭിച്ചവരുടെ പേരും, വിലാസവും തദ്ദേശഭരണ സ്ഥാപനാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) അസംബ്ലി മണ്ഡല/തദ്ദേശഭരണ സ്ഥാപന അടിസ്ഥാനത്തിലുള്ള വിവരം ലഭ്യമല്ല.

## സർക്കാർ ജീവനക്കാരുടെ ഭവന നിർമ്മാണ വായ്പ പദ്ധതി

10 (T*4614) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ ഭവന നിർമ്മാണ വായ്പാ പദ്ധതി ഇപ്പോൾ മരവിപ്പിച്ചിരിക്കുകയാണോ; എങ്കിൽ സാമ്പത്തിക പ്രതിസന്ധിയെ തുടർന്നാണോ ഈ നടപടി; വ്യക്തമാക്കാമോ;

(ബി) ഈ സാമ്പത്തികവർഷം ഇതുവരെ സംസ്ഥാനത്ത് എത്ര പേരാണ് ഭവനനിർമ്മാണ വായ്പയ്ക്കപേക്ഷിച്ചത്; ഇവർ ആവശ്യപ്പെട്ട തുക അനുവദിക്കാൻ എത്ര കോടി രൂപ കണ്ടെത്തേണ്ടിവരും; വ്യക്തമാക്കാമോ;

(സി) ഭവന വായ്പ ലഭിക്കുമെന്ന പ്രതീക്ഷയിൽ ഇതിനകം വീട് നിർമ്മാണം ആരംഭിച്ചവർക്ക് ഇതുമൂലം നേരിടുന്ന പ്രയാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് പരിഹരിക്കാൻ സർക്കാർ എന്തൊക്കെ നടപടികൾ കൈക്കൊള്ളും; ഭവന വായ്പ എന്നത്തേയ്ക്ക് പുനരാരംഭിക്കാനാകും; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സർക്കാർ ജീവനക്കാരുടെ ഭവന നിർമ്മാണ വായ്പാ പദ്ധതി മരവിപ്പിച്ചിട്ടില്ല. 2017-18 സാമ്പത്തിക വർഷത്തിൽ 344 അപേക്ഷകളിൽ വായ്പ അനുവദിക്കുന്നതിന് ആവശ്യമായ തുക വിവിധ സർക്കാർ വകുപ്പുകളിലേയ്ക്ക് അലോട്ട് ചെയ്തുകഴിഞ്ഞു. ഇനി 2017-18-ലെ ഭവന നിർമ്മാണ വായ്പാ മുൻഗണനാപട്ടികയിൽ അവശേഷിക്കുന്നവർക്കെല്ലാം ഭവന നിർമ്മാണ വായ്പ അനുവദിക്കുന്നതിനാവശ്യമായ തുക 2018-19-ൽ അലോട്ട് ചെയ്യുന്നതായിരിക്കും.

(ബി) 2017-18 സാമ്പത്തികവർഷത്തിൽ സർക്കാരിന്റെ സംയോജിത ഭവന നിർമ്മാണ വായ്പാ മുൻഗണനാപട്ടികയിൽ ആകെ 2889 അപേക്ഷകളാണുള്ളത്. ഇത്രയും പേർക്ക് വായ്പ അനുവദിക്കുന്നതിന് ആകെ 426,82,48,700 രൂപയാണ് വേണ്ടിയിരുന്നത്. ഇതിൽ 344 അപേക്ഷകളിൽ വായ്പ അനുവദിക്കുന്നതിന് വിവിധ സർക്കാർ വകുപ്പുകളിലേയ്ക്ക് 50 കോടി രൂപ അലോട്ട് ചെയ്തുകഴിഞ്ഞു. കൂടാതെ 22 അപേക്ഷകളിലായി ആകെ 2,88,72,000 രൂപ ഭവന നിർമ്മാണ വായ്പ ആവശ്യമില്ലെന്ന് ബന്ധപ്പെട്ട വകുപ്പുതലവൻമാർ സർക്കാരിനെ അറിയിച്ചിട്ടുണ്ട്. അവശേഷിക്കുന്ന അപേക്ഷകളിൽ വായ്പ അനുവദിക്കുന്നതിന് ആവശ്യമായിട്ടുള്ളത് 373,93,76,700 രൂപയാണ്.

---

* T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(സി&ഡി) 2017-18 വർഷത്തിലെ സംസ്ഥാനതല സംയോജിത ഭവന നിർമ്മാണ വായ്പാ മുൻഗണനാ പട്ടികയിൽ അവശേഷിക്കുന്ന മുഴുവൻപേർക്കും ഭവന നിർമ്മാണ വായ്പ അനുവദിക്കുന്നതിന് ആവശ്യമായ തുക 2018-19-ൽ അലോട്ട് ചെയ്യുന്നതാണ്.

**വരവും ചെലവും തമ്മിലുള്ള അന്തരം കുറയ്ക്കുന്നതിന് നടപടി**

11 (4615) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. എൽദോ എബ്രഹാം :
ശ്രീ. കെ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ഭാഗ്യക്കുറി, മദ്യക്കച്ചവടം എന്നിവയെ ആശ്രയിച്ചുള്ള വരുമാനം സുസ്ഥിരവും ആരോഗ്യകരവുമാണെന്ന് വിലയിരുത്തുന്നുണ്ടോ ;

(ബി) സംസ്ഥാന സർക്കാരിന്റെ വരവും ചെലവും തമ്മിലുള്ള അന്തരം കുറയ്ക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(സി) സർക്കാരിന്റെ നിലവിലെ ചെലവിനങ്ങളുടെ കാര്യത്തിൽ കൂടുതൽ ചെലവ് വരുന്നത് ഏതൊക്കെ മേഖലകളിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേന്ദ്ര ലോട്ടറി നിയന്ത്രണ നിയമത്തിന്റേയും ചട്ടങ്ങളുടേയും വ്യവസ്ഥകൾ പൂർണ്ണമായും പാലിച്ച് ആസക്തിയും ചൂതാട്ട സ്വഭാവവും പരമാവധി നിയന്ത്രിച്ചുകൊണ്ടാണ് സംസ്ഥാന സർക്കാർ ഭാഗ്യക്കുറി നടത്തുന്നത്. സംസ്ഥാനത്തിന്റെ വികസന ജനക്ഷേമ താല്പര്യങ്ങൾക്കുവേണ്ടിയുള്ള ധനസമാഹരണമാണ് സംസ്ഥാന ഭാഗ്യക്കുറിയിലൂടെ ലക്ഷ്യം വയ്ക്കുന്നത് എന്നതാണ് ലോട്ടറി നടത്തുന്നതിന്റെ ന്യായീകരണം. അതിനുമാത്രമേ ഉപയോഗിക്കാവൂ എന്നതിനാലാണ് സർക്കാരുകൾക്ക് മാത്രമായി ഭാഗ്യക്കുറി നടത്തിപ്പ് പരിമിതപ്പെടുത്തിയിരിക്കുന്നത്. അനധികൃത, ചൂതാട്ട ലോട്ടറികളെ കർശനമായി നിയമപരമായി നേരിടുന്ന സമീപനം വിട്ടുവീഴ്ചയില്ലാതെ സ്വീകരിക്കുന്നുണ്ട്.

മദ്യം പ്രോത്സാഹിപ്പിക്കുന്ന നയം സർക്കാർ കൈക്കൊള്ളുന്നില്ല. ലഹരി വിമുക്തി നേടുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് വലിയ പ്രാധാന്യമാണ് സർക്കാർ നൽകുന്നത്.

(ബി) സംസ്ഥാനത്തിന്റെ വരവും ചെലവും തമ്മിലുള്ള അന്തരം കുറച്ചുകൊണ്ടു വന്ന് ഇല്ലാതാക്കിയാൽ മാത്രമേ സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക നിലയിൽ സുസ്ഥിരത കൈവരിക്കാൻ കഴിയുകയുള്ളൂ. വരവിലും ചെലവിലും ക്രമീകരണങ്ങൾ വരുത്തി ഈ അന്തരം ഇല്ലാതാക്കാനാണ് സർക്കാർ പരിശ്രമിക്കുന്നത്. നികുതി, നികുതിയേതര വരുമാനം വർദ്ധിപ്പിക്കുകയും വികസന ക്ഷേമ പ്രവർത്തനങ്ങളെ ബാധിക്കാത്തവിധം വ്യയ നിയന്ത്രണങ്ങൾ കൊണ്ടുവരികയും ചെയ്യുക എന്ന സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്. സമ്പദ്ഘടനയിൽ വലിയ ഊർജ്ജം പകരുന്നതിനായി ബജറ്റേതര വിഭവ സമാഹരണം നടത്തി പശ്ചാത്തല സൗകര്യ സൃഷ്ടിയിൽ വലിയ മുതൽമുടക്ക് നടത്തുക എന്ന തന്ത്രവും വിജയപ്രദമായി മുന്നേറുന്നുണ്ട്.

(സി) നടപ്പ് സാമ്പത്തികവർഷം 2018 ജനുവരി മാസം വരെ പൊതു സർവ്വീസ്, സാമൂഹ്യ സർവ്വീസ്, സാമ്പത്തിക സർവ്വീസ്, പദ്ധതി-പദ്ധതിയേതര ഇനങ്ങളിൽ ചെലവഴിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു:

| | റവന്യൂ | മൂലധനം | വായ്പ | ആകെ (തുക കോടിയിൽ) |
|---|---|---|---|---|
| പൊതു സർവ്വീസ് | 36865.1 | 176.14 | ---- | 37041.24 |
| സാമൂഹ്യ സർവ്വീസ് | 29350.12 | 733.23 | 59.9 | 30143.25 |
| സാമ്പത്തിക സർവ്വീസ് | 8063.99 | 4894.82 | 644.05 | 13602.86 |

ഇതിനുപുറമേ പലവക വായ്പകളും സർക്കാർ ജീവനക്കാർക്കുള്ള വായ്പകളും ഇനത്തിൽ 60.12 കോടി രൂപയും 2018 ജനുവരി മാസം വരെ ചെലവഴിച്ചിട്ടുണ്ട്.

## കായംകുളത്തെ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഓഫീസുകൾ

12 (4616) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എത്ര സർക്കാർ ഓഫീസുകൾ ഉണ്ട്; ഇവയ്ക്കായി വാടക ഇനത്തിൽ ഒരു സാമ്പത്തിക വർഷം എത്ര തുക ചെലവാകുന്നുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

കായംകുളം മണ്ഡലത്തിൽ 5 (അഞ്ച്) സർക്കാർ ഓഫീസുകൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. ആയവയ്ക്ക് വാടക ഇനത്തിൽ ഒരു സാമ്പത്തിക വർഷം 1,25,088 (ഒരു ലക്ഷത്തി ഇരുപത്തയ്യായിരത്തി എൺപത്തിയെട്ട്) രൂപ ചെലവാകുന്നുണ്ട്.

<u>ഓഫീസുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:</u>

| | വാർഷിക വാടക |
|---|---|
| കൃഷി ഭവൻ, കണ്ടല്ലൂർ | 38748 രൂപ |
| മൃഗാശുപത്രി, കണ്ടല്ലൂർ | 26688 രൂപ |
| മൃഗാശുപത്രി, കറ്റാനം | 12000 രൂപ |
| ഹോമിയോ ആശുപത്രി, പത്തിയൂർ | 38052 രൂപ |
| പബ്ലിക് ഹെൽത്ത് സബ് സെന്റർ, കൃഷ്ണപുരം | 9600 രൂപ |

**സംസ്ഥാനത്തിന്റെ സാമ്പത്തിക നില**

13 (4617) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സാമ്പത്തിക നില ഭദ്രമാക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കാമോ;

(ബി) 2016-17-ൽ പ്രതീക്ഷിച്ച വരുമാനം എത്ര; നേടാനായത് എത്ര; വിശദാംശം ലഭ്യമാക്കാമോ;

(സി) 2017-18-ൽ പ്രതീക്ഷിച്ച വരുമാനം എത്ര; നേടാനായത് എത്ര; വിശദാംശം ലഭ്യമാക്കാമോ;

(ഡി) 2018-19 സാമ്പത്തികവർഷത്തിൽ പ്രതീക്ഷിക്കുന്ന വരുമാനം എത്ര; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) സാമ്പത്തിക അച്ചടക്കം കർശനമായി പാലിച്ചും അഴിമതിയും ധൂർത്തും ഒഴിവാക്കിയും നികുതിപിരിവ് ഊർജ്ജിതപ്പെടുത്തിയും നികുതിയേതര വരുമാനം

വർദ്ധിപ്പിച്ചും സംസ്ഥാനത്ത് ധനദൃഢീകരണം സാദ്ധ്യമാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്.

| | | | |
|---|---|---|---|
| (ബി) | പ്രതീക്ഷിച്ച വരുമാനം | - | 107285.21 കോടി രൂപ |
| | നേടാനായ വരുമാനം | - | 102374.23 കോടി രൂപ |
| (സി) | പ്രതീക്ഷിച്ച വരുമാനം | - | 119124.27 കോടി രൂപ |
| | നേടാനായ വരുമാനം | - | 91526.72 കോടി രൂപ |

(അക്കൗണ്ടന്റ് ജനറലിന്റെ 2018 ജനുവരി 31 വരെയുള്ള താൽക്കാലിക കണക്കുകൾ പ്രകാരം)

(ഡി) പ്രതീക്ഷിക്കുന്ന വരുമാനം 127017.78 കോടി രൂപ.

## മുദ്ര ലോൺ പദ്ധതി

14 (4618) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച മുദ്ര ലോൺ പദ്ധതി പ്രകാരം ലോൺ ലഭ്യമാകാനുള്ള വ്യവസ്ഥകൾ എന്തെല്ലാം;

(ബി) പ്രസ്തുത ലോണിന് വേണ്ടി സംസ്ഥാനത്ത് എത്ര പേർ അപേക്ഷ നല്കിയെന്നും എത്ര പേർക്ക് ലഭ്യമായിട്ടുണ്ടെന്നും അറിയിക്കുമോ;

(സി) ആകെ എത്ര തുകയുടെ ലോൺ സംസ്ഥാനത്ത് നാളിതുവരെ നല്കി എന്ന വിശദാംശം ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത ലോൺ കൂടുതൽ പേർക്ക് ലഭ്യമാക്കാനും ലോൺ നല്കുവാൻ വിമുഖത കാട്ടുന്ന ബാങ്കുകളുടെ നടപടികൾ തിരുത്തുവാനുമായി ധനവകുപ്പ് എന്ത് നടപടികൾ സ്വീകരിക്കും എന്നും വ്യക്തമാക്കുമോ?

### ഉത്തരം

(എ-സി) മുദ്ര ലോൺ പദ്ധതി പ്രകാരം ലോൺ ലഭ്യമാകാനുള്ള വ്യവസ്ഥകൾ, പ്രസ്തുത ലോണിന് അപേക്ഷ നൽകിയതിന്റെ അടിസ്ഥാനത്തിൽ ഡിസംബർ 2017 വരെയുള്ള കണക്ക് പ്രകാരം ലോൺ ലഭ്യമായവരുടെ എണ്ണം, ലഭ്യമാക്കിയ തുക എന്നിവ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു. (എസ്.എൽ.ബി.സി. ലഭ്യമാക്കിയ പ്രകാരം)

(ഡി) ഇതുസംബന്ധിച്ച സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുന്ന പരാതികൾ സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി മുഖേന പരിഹരിക്കുന്നതിന് ആവശ്യമായ ഇടപെടൽ നടത്തുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ധനകാര്യ വകുപ്പ് നോഡൽ ഏജൻസിയായി കടാശ്വാസ പദ്ധതി

15 (4619) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ വകുപ്പ് നോഡൽ ഏജൻസിയായി ജപ്തി നേരിടുന്ന താഴ്ന്ന വരുമാനക്കാർക്ക് കടാശ്വാസ പദ്ധതി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ എന്തെല്ലാമാണ്;വിശദാംശം ലഭ്യമാക്കുമോ ;

(സി) എത്ര കുടുംബങ്ങൾക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കുമെന്ന് അറിയിക്കാമോ;

(ഡി) ഏതൊക്കെ വായ്പകളാണ് ഈ പദ്ധതിയിൽ ഉൾപ്പെടാത്തത്; വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) ജപ്തി നേരിടുന്ന താഴ്ന്ന വരുമാനക്കാർക്കുവേണ്ടി ധനകാര്യവകുപ്പ് നോഡൽ ഏജൻസിയായി 20-8-2016-ലെ സ.ഉ.(അ) 118/2016 ധന. നമ്പർ ഉത്തരവായി കടാശ്വാസ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

(ബി) സർക്കാരിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ നിന്നെടുത്ത വായ്പകളുടെ തിരിച്ചടവിൽ വീഴ്ച വരുത്തിയതിനാൽ ജപ്തി ഭീഷണി നേരിടുന്നവർക്ക് വായ്പാ പലിശ/പിഴപ്പലിശ ഇളവും കടാശ്വാസവും അനുവദിക്കുന്നതിനായി സർക്കാർ ഒറ്റത്തവണയായി നടപ്പാക്കിയ കടാശ്വാസ പദ്ധതിയാണിത്. മുതലിന്റെ ഇരട്ടിയിലധികം തിരിച്ചടച്ചശേഷവും വായ്പാ കുടിശ്ശികമാത്രം കൈമുതലായുള്ള സാധാരണക്കാർക്കും താഴ്ന്ന വരുമാനക്കാർക്കും ആശ്വാസമേകാൻ ഉദ്ദേശിച്ചുള്ളതാണ് ഈ കടാശ്വാസ പദ്ധതി.

അഞ്ചുലക്ഷം രൂപ വരെയുള്ള വായ്പകളിൽ മുതലും പലിശയും പിഴപ്പലിശയും ചേർത്ത് മുതലിന്റെ ഇരട്ടിയെങ്കിലും തിരിച്ചടച്ചവരുടെ വായ്പകൾ എഴുതിത്തള്ളുന്നു. ഇതിനുപുറമേ മുതലിന്റെ ഒന്നര ഇരട്ടിയെങ്കിലും തിരിച്ചടച്ച് കഴിഞ്ഞിട്ടും ജപ്തി ഭീഷണി നേരിടുന്ന സാധാരണക്കാർക്ക് മുതലിന്റെ രണ്ടിരട്ടിയെത്തുന്നതു വരെയുള്ള കുടിശ്ശിക തുക പലിശയിളവും പിഴപ്പലിശയിളവും അനുവദിച്ചുകൊണ്ട് രണ്ട് വർഷംകൊണ്ട് തിരിച്ചടയ്ക്കാവുന്ന വിധം പുനഃക്രമീകരിച്ച് നൽകുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, പട്ടികജാതി/പട്ടികവർഗ്ഗ പിന്നാക്കക്ഷേമ കോർപ്പറേഷനുകൾ, കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ എന്നീ സർക്കാർ സ്ഥാപനങ്ങളിൽനിന്നും റവന്യൂ വകുപ്പിൽനിന്നും വായ്പ ലഭ്യമാക്കിയവർക്കാണ് പദ്ധതിയുടെ ആനുകൂല്യം ലഭ്യമാകുന്നത്.

(സി) പ്രസ്തുത പദ്ധതി പ്രകാരം 1028 കുടുംബങ്ങൾക്ക് ആനുകൂല്യം ലഭിച്ചിട്ടുണ്ട്.

(ഡി) പദ്ധതി മാർഗ്ഗരേഖ പ്രകാരം ചുവടെ ചേർത്തിരിക്കുന്ന വായ്പകൾ കടാശ്വാസ പദ്ധതിയിൽ ഉൾപ്പെടുന്നില്ല:

- സ്വർണ്ണ ഈടിന്മേലുള്ള വായ്പകൾ
- സർക്കാർ ജീവനക്കാർ എടുത്തിട്ടുള്ള വായ്പകൾ
- വ്യക്തികൾക്കല്ലാതെ നൽകിയിട്ടുള്ള വായ്പകൾ
- അഞ്ച് ലക്ഷം രൂപയിൽ കൂടുതലായെടുത്ത വായ്പകൾ
- ഉത്തരവ് തീയതിയിൽ കടബാധ്യത നിലവിലില്ലാത്ത വായ്പകൾ

**സംസ്ഥാന ജീവനക്കാർക്കുള്ള ഭവന നിർമ്മാണ വായ്പ**

16 (4620) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷം ഭവന നിർമ്മാണ വായ്പ അനുവദിച്ച് ഉത്തരവായതിൽ എത്ര പേർക്ക് ഈ വായ്പ പൂർണ്ണമായും വിതരണം നടത്തിയിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) ഈ സാമ്പത്തിക വർഷം എച്ച്.ബി.എ. ആയി അനുവദിച്ച വായ്പ ലഭ്യമാകാത്തവർക്ക് ഈ സാമ്പത്തിക വർഷം തന്നെ അവ വിതരണം നടത്തുമോ; ഇല്ലെങ്കിൽ വായ്പ ഉടൻ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(സി) എച്ച്.ബി.എ. അനുവദിച്ചവർക്ക് വായ്പ വിതരണം നടത്തുന്നതിലെ കാലതാമസത്തിന് കാരണം എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2017-18 സാമ്പത്തിക വർഷം 344 അപേക്ഷകളിൽ ഭവനനിർമ്മാണ വായ്പ അനുവദിക്കുന്നതിന് തുക വിവിധ സർക്കാർ വകുപ്പുകളിലേയ്ക്ക് അലോട്ട് ചെയ്തു കഴിഞ്ഞു. അതിൽ 7 പേർക്ക് ഭവനനിർമ്മാണ വായ്പ ആവശ്യമില്ലെന്ന് പിന്നീട് അറിയിച്ചതിനാൽ ബന്ധപ്പെട്ട വകുപ്പ് തലവൻമാർ തുക സർക്കാരിലേയ്ക്ക് സറണ്ടർ ചെയ്തിട്ടുണ്ട്.

(ബി&സി) 2017-18 വർഷത്തിലെ സംസ്ഥാനതല സംയോജിത ഭവന നിർമ്മാണ വായ്പ മുൻഗണനാപട്ടികയിൽ ഭവനനിർമ്മാണ വായ്പാതുക അലോട്ട് ചെയ്യാത്ത മുഴുവൻ അപേക്ഷകളിലും 2018-19 സാമ്പത്തിക വർഷത്തിൽ തുക അലോട്ട് ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ട്.

**സർക്കാർ ജീവനക്കാരുടെ ഭവന വായ്പാ പദ്ധതി**

17 (4621) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക പ്രതിസന്ധിയെ തുടർന്ന് സംസ്ഥാന സർക്കാർ ജീവനക്കാരുടെ ഭവന വായ്പാ പദ്ധതി മരവിപ്പിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) നിലവിൽ ഭവന വായ്പയ്ക്ക് എത്ര പേർ അപേക്ഷ നൽകിയിട്ടുണ്ട്; വെളിപ്പെടുത്തുമോ;

(സി) നിലവിൽ അപേക്ഷ സമർപ്പിച്ചവർക്ക് ഭവനവായ്പ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സർക്കാർ ജീവനക്കാരുടെ ഭവന നിർമ്മാണ വായ്പാ പദ്ധതി മരവിപ്പിച്ചിട്ടില്ല. 2017-18 സാമ്പത്തികവർഷത്തിൽ 344 അപേക്ഷകളിൽ വായ്പ അനുവദിക്കുന്നതിന് തുക വിവിധ സർക്കാർ വകുപ്പുകളിലേയ്ക്ക് അലോട്ട് ചെയ്തു കഴിഞ്ഞു. ഇനി 2017-18-ലെ ഭവന നിർമ്മാണ വായ്പാ മുൻഗണനാ പട്ടികയിൽ അവശേഷിക്കുന്നവർക്കെല്ലാം വായ്പ അനുവദിക്കാൻ ആവശ്യമായ തുക വരുന്ന സാമ്പത്തികവർഷത്തിൽ അലോട്ട് ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) 2017-18 സാമ്പത്തികവർഷത്തിൽ സർക്കാരിന്റെ സംയോജിത ഭവന നിർമ്മാണ വായ്പാ മുൻഗണനാപട്ടികയിൽ ആകെ 2889 അപേക്ഷകളാണ് ഉൾപ്പെട്ടിട്ടുള്ളത്.

(സി) 2017-18 സാമ്പത്തികവർഷത്തിൽ 344 അപേക്ഷകളിൽ വായ്പ അനുവദിക്കുന്നതിന് തുക വിവിധ സർക്കാർ വകുപ്പുകളിലേയ്ക്ക് അലോട്ട് ചെയ്തു കഴിഞ്ഞു. 2017-18-ലെ ഭവന നിർമ്മാണ വായ്പാ മുൻഗണനാപ്പട്ടികയിൽ അവശേഷിക്കുന്നവർക്കെല്ലാം വായ്പ അനുവദിക്കുന്നതിനാവശ്യമായ തുക വരുന്ന സാമ്പത്തിക വർഷത്തിൽ അലോട്ട് ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ട്.

## സംസ്ഥാനത്തിന്റെ കടബാദ്ധ്യത

18 (4622) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017 മാർച്ച് 31-ലെ കണക്കനുസരിച്ച് സംസ്ഥാന വരുമാനത്തിന്റെ എത്ര ശതമാനമായിരുന്നു കടബാദ്ധ്യത; ഇതിന്റെ തോത് ഇപ്പോൾ എത്ര ശതമാനമായി;

(ബി) സംസ്ഥാനത്തിന്റെ കടബാദ്ധ്യതയും വരുമാനവും തമ്മിലുള്ള തോത് 2011-12 മുതൽ 2015-16 വരെയുള്ള വർഷങ്ങളിൽ എത്ര ശതമാനം വീതമായിരുന്നു;

(സി) ധന ഉത്തരവാദിത്ത നിയമപ്രകാരം കടബാദ്ധ്യതകൾ സംസ്ഥാന വരുമാനത്തിന്റെ എത്ര ശതമാനം വരെയാകാം;

(ഡി) സംസ്ഥാനത്തിന്റെ കടഭാരം ഇപ്പോൾ നിയന്ത്രണവിധേയമാണോ; വിശദമാക്കുമോ?

### ഉത്തരം

(എ) 2017 മാർച്ച് 31-ലെ യഥാർത്ഥ കണക്കനുസരിച്ച് സംസ്ഥാനത്തിന്റെ കടബാദ്ധ്യത/ജി.എസ്.ഡി.പി. അനുപാതം 30.22 ശതമാനമായിരുന്നു. 2017-18 സാമ്പത്തികവർഷത്തെ അന്തിമ കണക്ക് ലഭ്യമായിട്ടില്ല.

(ബി) 2011-12 മുതൽ 2015-16 വരെയുള്ള സംസ്ഥാനത്തിന്റെ കട ബാദ്ധ്യതയും ജി.എസ്.ഡി.പി.-യും തമ്മിലുള്ള അനുപാതം ചുവടെ ചേർക്കുന്നു:

(ശതമാനത്തിൽ)

| | 2011-12 | 2012-13 | 2013-14 | 2014-15 | 2015-16 |
|---|---|---|---|---|---|
| കടം/ജി.എസ്.ഡി.പി. അനുപാതം | 29.04 | 29.64 | 26.71 | 26.05 | 28.21 |

(സി&ഡി) 13-ാം ധനകാര്യ കമ്മീഷന്റെ ശിപാർശ അടിസ്ഥാനമാക്കിയുള്ള ധന ഉത്തരവാദിത്ത നിയമപ്രകാരം കടം/ജി.എസ്.ഡി.പി. അനുപാത ലക്ഷ്യങ്ങൾ താഴെപ്പറയും പ്രകാരമായിരുന്നു.

(ശതമാനത്തിൽ)

| | 2011-12 | 2012-13 | 2013-14 | 2014-15 |
|---|---|---|---|---|
| കടം/ജി.എസ്.ഡി.പി അനുപാതം | 32.3 | 31.7 | 30.70 | 29.8 |

14-ാം ധനകാര്യ കമ്മീഷന്റെ ശിപാർശ പ്രകാരം കടം/ജി.എസ്.ഡി.പി അനുപാത ലക്ഷ്യങ്ങൾ താഴെപറയും പ്രകാരമാണ്.

(ശതമാനത്തിൽ)

| | 2015-16 | 2016-17 | 2017-18 | 2018-19 | 2019-20 |
|---|---|---|---|---|---|
| കടം/ജി.എസ്.ഡി.പി. അനുപാതം | 31.34 | 30.84 | 30.40 | 30.01 | 29.67 |

2016-17-ലെ അക്കൗണ്ടന്റ് ജനറലിന്റെ യഥാർത്ഥ കണക്കനുസരിച്ച് സംസ്ഥാനത്തിന്റെ കടബാധ്യത ജി.എസ്.ഡി.പി. ലക്ഷ്യത്തിനുള്ളിൽ (30.22 ശതമാനത്തിൽ) നിർത്താൻ കഴിഞ്ഞിട്ടുണ്ട്.

**പെട്രോൾ/ഡീസലിന് ചുമത്തുന്ന നികുതിഭാരം കുറയ്ക്കുവാൻ നടപടി**

19 (4623) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എത്ര തവണ പെട്രോൾ, ഡീസൽ എന്നിവയ്ക്ക് വില വർദ്ധനവുണ്ടായി;

(ബി) ഒരു ലിറ്റർ പെട്രോൾ/ഡീസലിന് സംസ്ഥാന സർക്കാർ ചുമത്തുന്ന നികുതി എത്ര ശതമാനമാണെന്ന് വ്യക്തമാക്കാമോ;

(സി) മുൻ സർക്കാരിന്റെ കാലത്ത് ഇവയ്ക്ക് ഏർപ്പെടുത്തിയ നികുതി ശതമാനം വ്യക്തമാക്കുമോ;

(ഡി) നിലവിൽ സംസ്ഥാന സർക്കാർ പെട്രോൾ/ഡീസലിന് ചുമത്തുന്ന നികുതിഭാരം കുറയ്ക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് പെട്രോളിന് 59 തവണയും ഡീസലിന് 57 തവണയും വർദ്ധന ഉണ്ടായി.

(ബി) ഒരു ലിറ്റർ പെട്രോളിന് സംസ്ഥാന സർക്കാർ 31.8 ശതമാനവും ഒരു ലിറ്റർ ഡീസലിന് 24.52 ശതമാനവും നികുതി ചുമത്തുന്നുണ്ട്.

(സി) മുൻ സർക്കാരിന്റെ കാലത്ത് ഇവയ്ക്ക് ഏർപ്പെടുത്തിയ നികുതി ശതമാനം ചുവടെ ചേർക്കുന്നു:

| മാസം | പെട്രോളിന് ഏർപ്പെടുത്തിയ നികുതി | ഡീസലിന് ഏർപ്പെടുത്തിയ നികുതി |
|---|---|---|
| മേയ് 2011 | 29.01% | 24.69% |
| ഏപ്രിൽ 2012 | 25.82% | 22.60% |
| ജൂലൈ 2012 | 24.97% | 22.60% |
| നവംബർ 2012 | 25.23% | 19.80% |
| ഡിസംബർ 2012 | 25.68% | 19.80% |
| ജനുവരി 2013 | 26.21% | 19.80% |
| ഒക്ടോബർ 2014 | 27.42% | 21.04% |
| ഡിസംബർ 2014 | 28.72% | 22.07% |
| ഫെബ്രുവരി 2015 | 29.92% | 23.23% |
| മാർച്ച് 2015 | 31.80% | 24.52% |

(ഡി) ഇക്കാര്യം പരിഗണനയിലില്ല.

**റവന്യൂകമ്മിയും ധനകമ്മിയും കുറയ്ക്കൽ**

20 (4624) ശ്രീ. എസ്. ശർമ്മ :

പ്രൊഫ. കെ. യു. അരുണൻ :

ശ്രീ. പി. കെ. ശശി :

ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ പാസ്സാക്കിയ 2011-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) നിയമമനുസരിച്ച് 2014-15 സാമ്പത്തിക വർഷാവസാനത്തോടെ റവന്യൂ കമ്മി ഇല്ലാതാക്കണമെന്നും ധനകമ്മി ജി.എസ്.ഡി.പി.-യുടെ മൂന്ന് ശതമാനമായി കുറയ്ക്കണമെന്നും ഉള്ള വ്യവസ്ഥ പാലിച്ചിരുന്നോ; 2011-15 കാലയളവിൽ കടബാധ്യത-ജി.എസ്.ഡി.പി. അനുപാതത്തിൽ വന്ന മാറ്റം അറിയിക്കാമോ;

(ബി) ശമ്പള പരിഷ്കരണ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കിയതിന്റെ സാമ്പത്തിക ബാധ്യത നിലവിലെ സർക്കാരിന്റെ കാലത്തേക്ക് മാറ്റിയിട്ടും മുൻ സർക്കാരിന്റെ കാലത്തെ സാമ്പത്തിക സ്ഥിതി പരിതാപകരമായിരുന്നുവോ; എങ്കിൽ ഇത് സംസ്ഥാനത്തിന്റെ വളർച്ചയെ മുരടിപ്പിക്കാതിരിക്കാനായി ഈ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) മൂലധന ചെലവിലും വികസന ചെലവിലും വെട്ടിക്കുറവു വരുത്താതെ റവന്യൂ കമ്മിയും ധനകമ്മിയും കുറയ്ക്കാൻ എന്തു തന്ത്രമാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) 2011-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) നിയമമനുസരിച്ച് 2014-15 സാമ്പത്തിക വർഷാവസാനത്തോടെ റവന്യൂകമ്മി ഇല്ലാതാക്കണമെന്നും ധനകമ്മി ജി.എസ്.ഡി.പി.-യുടെ മൂന്ന് ശതമാനമായി കുറയ്ക്കണമെന്നുമുള്ള ധനലക്ഷ്യങ്ങൾ കൈവരിക്കാൻ സംസ്ഥാനത്തിന് സാധിച്ചിരുന്നില്ല.

2011-15 കാലയളവിൽ സംസ്ഥാനത്തിന്റെ കടബാധ്യത/ജി.എസ്.ഡി.പി അനുപാതം ചുവടെപറയും പ്രകാരമാണ്.

(ശതമാനത്തിൽ)

| | 2011-12 | 2012-13 | 2013-14 | 2014-15 |
|---|---|---|---|---|
| കടബാധ്യത/ ജി.എസ്.ഡി.പി. അനുപാതം | 29.04 | 29.64 | 26.71 | 26.05 |

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നപ്പോഴുള്ള സാമ്പത്തിക പ്രവണത തുടർന്നിരുന്നുവെങ്കിൽ സംസ്ഥാനം ഫലത്തിൽ 2017-18-ഓടെ സാമ്പത്തിക അരാജകത്വത്തിലേയ്ക്ക് പോകുമായിരുന്നു. സംസ്ഥാനം വർഷത്തിൽ ഭൂരിഭാഗം സമയത്തും ഓവർഡ്രാഫ്റ്റിൽ ആകുമായിരുന്നു എന്നുമാത്രമല്ല സംസ്ഥാനത്തിന്റെ വികസനവും വളർച്ചയും നിശ്ചലമാകുകയും 2021-ഓടെ സംസ്ഥാനത്തിന്റെ റവന്യൂകമ്മി മൊത്തം ആഭ്യന്തര ഉല്പാദനത്തിന്റെ 3.25%-ത്തിൽ എത്തുകയും ധനകമ്മി ഉയർന്നതോതിൽ എത്തുകയും ചെയ്യുമായിരുന്നു. ബഡ്ജറ്റ് വിഹിതപ്രകാരമുള്ള ക്ഷേമ ചെലവുകൾക്കോ, വികസന പരിപാടികൾക്കോ ചെലവഴിക്കാൻ പണം ഇല്ലാത്ത അവസ്ഥയിൽ സംസ്ഥാനം എത്തിച്ചേരുമായിരുന്നു. സംസ്ഥാനത്തിന്റെ നിർബന്ധിത ചെലവുകളായ ശമ്പളം, പെൻഷൻ, വായ്പ തിരിച്ചടയ്ക്കൽ എന്നിവയിൽ സംസ്ഥാനം നിശ്ചയമായും വീഴ്ച വരുത്തുമായിരുന്നു.

നോട്ട് നിരോധനം സൃഷ്ടിച്ച സാമ്പത്തിക അരക്ഷിതാവസ്ഥയും മുന്നൊരുക്കമില്ലാതെ ജി.എസ്.ടി. നടപ്പിലാക്കിയതുമൂലം റവന്യൂ വരുമാനത്തിലുണ്ടായ കുറവും സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധിക്ക് കാരണമായിരുന്നു. കൂടാതെ റവന്യൂ ചെലവിലുണ്ടായ വർദ്ധനവും സർക്കാരിന്റെ ധനസ്ഥിതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഈ പ്രതികൂല സാഹചര്യത്തിലും വികസന/പദ്ധതി പ്രവർത്തനങ്ങൾ മുടങ്ങാതിരിക്കുന്നതിനും സർക്കാർ

സംവിധാനത്തിന്റെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ പണം ലഭ്യമാക്കുന്നതിനും വീഴ്ച വരാതിരിക്കുന്നതിന് സർക്കാർ പ്രത്യേക ശ്രദ്ധ നൽകിയിട്ടുള്ളതും മുൻകരുതൽ നടപടി കൈക്കൊണ്ടിട്ടുള്ളതുമാണ്. ആയതിന്റെ ഫലമായി മുൻവർഷം ഇതേ കാലയളവിൽ നടന്ന പദ്ധതി ചെലവുകളേക്കാൾ അധിക പദ്ധതിച്ചെലവ് ഇതേ സമയം നടത്താനായിട്ടുണ്ട്. വാർഷിക പദ്ധതിയുടെ ഭാഗമായി ജനങ്ങൾ നിരന്തരം ഇടപെടുന്ന മേഖലകളായ കൃഷിയും അനുബന്ധ മേഖലകളും ഗ്രാമീണ വികസനം, പഞ്ചായത്ത്, പരമ്പരാഗത വ്യവസായം, പൊതുവിതരണ സമ്പ്രദായം, വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽ എന്നീ മേഖലകൾ മെച്ചപ്പെടുത്താനും തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനും അർഹമായ വിഹിതം വകയിരുത്തിയിട്ടുണ്ട്. വൻ മൂലധന നിക്ഷേപകുതിപ്പിന് സഹായകരമാകുന്ന രീതിയിൽ കിഫ്ബി വഴി ഏതാണ്ട് 54000 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിൽ 20000 കോടി രൂപയുടെ പദ്ധതികൾക്ക് ഫണ്ട് അനുവദിച്ച് നടപ്പിലാക്കാനുള്ള നടപടി കൈക്കൊണ്ടു വരികയാണ്. ബാക്കി പദ്ധതികൾക്ക് 2018-19-ൽ അംഗീകാരം നൽകും. കിഫ്ബി വഴിയുള്ള ഈ വൻ നിക്ഷേപം സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് ഉത്തേജകമാകുമെന്ന് പ്രതീക്ഷിക്കുന്നു.

ജി.എസ്.ടി.-യുടെ ഭാഗമായി ഇ-വേ ബിൽ നടപ്പിലാക്കുന്നതോടുകൂടി ജി.എസ്.ടി.-യിൽ നിന്നുള്ള വരുമാനം വർദ്ധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഇത്തരത്തിൽ നികുതി-നികുതിയേതര വരുമാനം വർദ്ധിപ്പിച്ചുകൊണ്ടും അധിക വിഭവ സമാഹരണത്തിലൂടെയും കർശനമായ സാമ്പത്തിക അച്ചടക്കം പാലിച്ചു കൊണ്ടും റവന്യൂകമ്മി കുറച്ചുകൊണ്ടുവരുന്നതിനും ധനകമ്മി അനുവദനീയമായ മൂന്ന് ശതമാനത്തിനുള്ളിൽ പരിമിതപ്പെടുത്തുന്നതിനും സർക്കാർ ലക്ഷ്യമിടുന്നു.

(സി) ചെലവ് കുറയ്ക്കുന്നതിന്റേയും സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിന്റേയും ഭാഗമായി അനിവാര്യമായ വർക്ക് സ്റ്റഡി നടത്തിയശേഷം മാത്രമേ തസ്തികകൾ സൃഷ്ടിക്കുകയുള്ളൂ. തസ്തിക പുനർവിന്യാസം വഴിയും ഇ-ഗവേണൻസിന്റെ നേട്ടങ്ങൾ പ്രയോജനപ്പെടുത്തിയും റവന്യൂ ചെലവുകൾ നിയന്ത്രിക്കും. ബഡ്ജറ്റ് വിഹിതത്തിന് പുറമേ അധിക തുകയ്ക്കുള്ള അനുമതി നൽകുന്ന പ്രവണത കുറച്ചുകൊണ്ടുവരും. സംസ്ഥാന സമ്പദ്വ്യവസ്ഥയുടെ നിയന്ത്രണത്തിനും നിരീക്ഷണത്തിനുമായി 2017 ഫെബ്രുവരി മുതൽ ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം (IFMS) നടപ്പിലാക്കിയിട്ടുണ്ട്. അനാവശ്യ ചെലവുകൾ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി വകുപ്പുകൾ പണം ചെലവഴിക്കാതെ ട്രഷറി അക്കൗണ്ടുകളിൽ സൂക്ഷിക്കുന്ന പ്രവണത നിയന്ത്രിക്കും. നിലവിലുള്ള ചെലവ് ചുരുക്കൽ നിയന്ത്രണങ്ങൾ കർശനമായി പാലിക്കും. പുതിയ വാഹനങ്ങൾ

വാങ്ങുന്നതിനുപകരം വാഹനങ്ങൾ വാടകയ്ക്കെടുക്കുന്നത് പ്രോത്സാഹിപ്പിക്കും. ഉദ്യോഗസ്ഥന്മാരുടെ വിദേശയാത്ര ഉൾപ്പെടെയുള്ള യാത്രാചെലവുകൾ, ടെലഫോൺ ചാർജ്ജുകൾ എന്നിവയ്ക്കും പുതിയ ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾ അനുവദിക്കുന്നതിനും നിയന്ത്രണം ഏർപ്പെടുത്തും.

റവന്യൂകമ്മി കുറച്ചുകൊണ്ടുവരുന്നതിന്റെ ഭാഗമായി ഓരോ വർഷവും 20-30 ബേസിസ് പോയിന്റ് വീതം കുറയ്ക്കാനാണ് ഉദ്ദേശിക്കുന്നത്. 2016-17-ൽ റവന്യൂകമ്മി 2.51 ശതമാനമായിരുന്നു. 2017-18-ലെ പുതുക്കിയ കണക്ക് പ്രകാരം ഇത് 1.9 ശതമാനമായി കുറഞ്ഞിട്ടുണ്ട്. 2018-19-ൽ റവന്യൂകമ്മി 1.6 ശതമാനമായി കുറയ്ക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

## മാന്ദ്യവിരുദ്ധ പാക്കേജ്

21 (4625) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രത്യേക മാന്ദ്യവിരുദ്ധ പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) ഏതെല്ലാം മേഖലകളാണ് പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;

(സി) ഈ പാക്കേജിനുള്ള വിഭവസമാഹരണം എങ്ങനെയാണ് കണ്ടെത്തുന്നത്, വിശദീകരിക്കുമോ;

(ഡി) പാക്കേജ് നടപ്പാക്കാൻ എത്ര കോടി രൂപ വേണ്ടി വരുമെന്നാണ് പ്രതീക്ഷിക്കുന്നത്?

### ഉത്തരം

(എ&ബി) മുരടിച്ചുകൊണ്ടിരിക്കുന്ന കേരള സമ്പദ്ഘടനയെ ഉത്തേജിപ്പിച്ച് ദ്രുതഗതിയിലുള്ള സാമ്പത്തിക വളർച്ച ഉറപ്പുവരുത്തുന്നതിനായാണ് 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രത്യേക നിക്ഷേപ പദ്ധതി എന്ന സ്കീം പ്രഖ്യാപിച്ചിട്ടുള്ളത്. 1999-ലെ കിഫ്ബി ആക്ട് പരിഷ്കരിച്ചുകൊണ്ട് സെബിയും ആർ.ബി.ഐ.-യും അംഗീകരിച്ചിട്ടുള്ള നൂതന ധനസമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്താൻ കേരള ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് ബോർഡിനെ സജ്ജമാക്കി ഏതാണ്ട് 54,000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ കിഫ്ബിയിലൂടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. സാമ്പത്തിക മാന്ദ്യം നേരിടുന്നതിനായി പ്രഖ്യാപിച്ച ഈ മാന്ദ്യവിരുദ്ധ പാക്കേജിന്റെ ഭാഗമായി ജലസേചനം, ആരോഗ്യം, വിദ്യാഭ്യാസം, ഊർജ്ജം, റോഡുകൾ, പാലങ്ങൾ തുടങ്ങിയ മേഖലകളിലെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കായി സമർപ്പിക്കപ്പെട്ട പദ്ധതികളിൽ കിഫ്ബി മാനദണ്ഡങ്ങൾ പ്രകാരം യോഗ്യമായ 19,938 കോടി രൂപയുടെ പദ്ധതികൾ ബോർഡ് അംഗീകരിച്ചിട്ടുണ്ട്.

(സി) മോട്ടോർ വാഹന നികുതിയുടെ ഒരുഭാഗം, പെട്രോളിയം സെസ്സ് എന്നിവയിൽ നിന്നുള്ള വരുമാനം, നബാർഡ് പോലെയുള്ള ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ, ജനറൽ ഒബ്ലിഗേഷൻ ബോണ്ടുകൾ, മസാല ബോണ്ടുകൾ തുടങ്ങിയവ പുറപ്പെടുവിച്ചും കെ.എസ്.എഫ്.ഇ. ആരംഭിക്കുന്ന പ്രവാസി ചിട്ടിയിലൂടെ ലഭിക്കുന്ന വരുമാനം ബോണ്ടുകളായി നിക്ഷേപിച്ചും കിഫ്ബി പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള വരുമാനം കണ്ടെത്തുന്നതിന് ഉദ്ദേശിക്കുന്നു.

(ഡി) ഏതാണ്ട് 54,000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ കിഫ്ബിയിലൂടെ നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

## കടമെടുക്കാനുള്ള സംസ്ഥാനങ്ങളുടെ അവകാശത്തെ പരിമിതപ്പെടുത്തുന്ന കേന്ദ്ര സർക്കാർ നീക്കം

22 (4626) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. എം. രാജഗോപാലൻ :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനങ്ങൾക്ക് വായ്പ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ കേന്ദ്ര സർക്കാർ മാറ്റം വരുത്തിയത് സംസ്ഥാനത്തിന്റെ ധനസ്ഥിതിയെ എപ്രകാരമെല്ലാമാണ് പ്രതികൂലമായി ബാധിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പ്രതിസന്ധി മറികടക്കുന്നതിന് സർക്കാർ തലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് അറിയിക്കാമോ;

(സി) ഈ സാഹചര്യത്തിൽ കർശനമായ സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) കടമെടുക്കാനുള്ള സംസ്ഥാനങ്ങളുടെ അവകാശത്തെ പരിമിതപ്പെടുത്താനുള്ള കേന്ദ്രസർക്കാരിന്റെ നീക്കം സംസ്ഥാനങ്ങളുടെ ധനകാര്യ സ്വാതന്ത്ര്യത്തിന്മേലുള്ള വെല്ലുവിളി ആയതിനാൽ ഇതുസംബന്ധിച്ച് എന്തെല്ലാം തുടർനടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) കേന്ദ്ര സർക്കാർ സംസ്ഥാനത്തിനുള്ള കടമെടുപ്പ് പരിധി (തനി) നിശ്ചയിച്ചിരുന്നത് എല്ലാവിധ സ്രോതസ്സിൽ നിന്നുമുള്ള വായ്പയും (പബ്ലിക്

അക്കൗണ്ട് ഉൾപ്പെടെ) പരിഗണിച്ചുകൊണ്ടാണ്. മുൻവർഷങ്ങളിൽ പബ്ലിക് അക്കൗണ്ടിൽ നിന്ന് അധികമായി എടുക്കുന്ന വായ്പ കടമെടുപ്പ് പരിധിയിൽനിന്ന് കുറവ് ചെയ്തിരുന്നില്ല. എന്നാൽ നടപ്പ് സാമ്പത്തികവർഷം മുതൽ പതിവിന് വിഭിന്നമായി പബ്ലിക് അക്കൗണ്ട് വഴി അധികമായി എടുക്കുന്ന വായ്പ കടമെടുപ്പ് പരിധിയിൽനിന്ന് കുറവ് വരുത്തുമെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്. ഇത് പൊതുവിപണിയിൽനിന്ന് കടമെടുക്കുന്നതിന് താൽക്കാലികമായി പ്രതിസന്ധി സൃഷ്ടിച്ചിരുന്നു. വകുപ്പുകൾ പണം ചെലവഴിക്കാതെ ട്രഷറി അക്കൗണ്ടുകളിൽ സൂക്ഷിക്കുന്ന പ്രവണത കർശനമായി നിയന്ത്രിച്ചുകൊണ്ട് ഒരു പരിധിവരെ ഇത് പരിഹരിച്ചിട്ടുണ്ട്.

(സി) ചെലവ് കുറയ്ക്കുന്നതിന്റേയും സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിന്റേയും ഭാഗമായി അനിവാര്യമായ വർക്ക് സ്റ്റഡി നടത്തിയശേഷം മാത്രമേ തസ്തികകൾ സൃഷ്ടിക്കുകയുള്ളൂ. തസ്തിക പുനർവിന്യാസം വഴിയും ഇ-ഗവേണൻസിന്റെ നേട്ടങ്ങൾ പ്രയോജനപ്പെടുത്തിയും റവന്യൂ ചെലവുകൾ നിയന്ത്രിക്കും. ബഡ്ജറ്റ് വിഹിതത്തിന് പുറമേ അധിക തുകയ്ക്കുള്ള അനുമതി നൽകുന്ന പ്രവണത കുറച്ചു കൊണ്ടുവരും. സംസ്ഥാന സമ്പദ്‌വ്യവസ്ഥയുടെ നിയന്ത്രണത്തിനും നിരീക്ഷണത്തിനുമായി 2017 ഫെബ്രുവരി മുതൽ ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം (IFMS) നടപ്പിലാക്കിയിട്ടുണ്ട്. അനാവശ്യ ചെലവുകൾ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി വകുപ്പുകൾ പണം ചെലവഴിക്കാതെ ട്രഷറി അക്കൗണ്ടുകളിൽ സൂക്ഷിക്കുന്ന പ്രവണത നിയന്ത്രിക്കും. നിലവിലുള്ള ചെലവ് ചുരുക്കൽ നിയന്ത്രണങ്ങൾ കർശനമായി പാലിക്കും. പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് പകരം വാഹനങ്ങൾ വാടകയ്ക്ക് എടുക്കുന്നത് പ്രോത്സാഹിപ്പിക്കും. ഉദ്യോഗസ്ഥന്മാരുടെ വിദേശയാത്ര ഉൾപ്പെടെയുള്ള യാത്രാചെലവുകൾ, ടെലഫോൺ ചാർജ്ജുകൾ എന്നിവയ്ക്കും പുതിയ ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾ അനുവദിക്കുന്നതിനും നിയന്ത്രണം ഏർപ്പെടുത്തും.

റവന്യൂകമ്മി കുറച്ചുകൊണ്ടുവരുന്നതിന്റെ ഭാഗമായി ഓരോ വർഷവും 20-30 ബേസിസ് പോയിന്റ് വീതം കുറയ്ക്കാനാണ് ഉദ്ദേശിക്കുന്നത്. 2016-17-ൽ റവന്യൂകമ്മി 2.51 ശതമാനമായിരുന്നു. 2017-18-ലെ പുതുക്കിയ കണക്ക് പ്രകാരം ഇത് 1.9 ശതമാനമായി കുറഞ്ഞിട്ടുണ്ട്. 2018-19-ൽ റവന്യൂകമ്മി 1.6 ശതമാനമായി കുറയ്ക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

(ഡി) 15-ാം ധനകാര്യ കമ്മീഷന് മുൻപിൽ സംസ്ഥാന സർക്കാരിന്റെ ഇക്കാര്യത്തിലുള്ള നിലപാട് കണക്കുകളുടേയും വസ്തുതകളുടേയും അടിസ്ഥാനത്തിൽ അവതരിപ്പിക്കുകയും പരിഹാരം തേടാൻ ശ്രമിക്കുകയും ചെയ്യും.

## കിഫ്ബി വഴി സർക്കാർ വിഭാവന ചെയ്തിട്ടുളള പദ്ധതികൾ

23 (4627) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര രൂപയുടെ വികസന പദ്ധതികളാണ് സംസ്ഥാനത്ത് കിഫ്ബി വഴി വിഭാവനം ചെയ്തിട്ടുള്ളത്; നിലവിൽ എത്ര പദ്ധതികൾക്ക് അംഗീകാരം നൽകി; എത്ര രൂപയാണ് പ്രസ്തുത പദ്ധതികൾക്കായി കിഫ്ബി മുഖേന ചെലവഴിക്കുന്നത്; വിശദമാക്കാമോ;

(ബി) പദ്ധതികൾക്ക് നൽകുന്നതിനുള്ള തുക കിഫ്ബി എങ്ങനെയാണ് സമാഹരിക്കുന്നത്; വ്യത്യസ്ഥ ധന സ്രോതസ്സുകളിൽ നിന്നും കിഫ്ബിയിലേയ്ക്ക് പണം ലഭ്യമാക്കുന്നതിന് എന്തെങ്കിലും പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) പ്രവാസികളുടേതടക്കമുള്ള നിക്ഷേപങ്ങൾ കിഫ്ബിയിലേയ്ക്ക് തിരിച്ചുവിടുന്നതിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

### ഉത്തരം

(എ) 55274 കോടി രൂപയുടെ പദ്ധതികളാണ് സംസ്ഥാനത്ത് കിഫ്ബിവഴി വിഭാവന ചെയ്തിട്ടുള്ളത്. നിലവിൽ 300 ഉപപദ്ധതികൾ/പദ്ധതികൾക്ക് കിഫ്ബി അനുമതി നൽകിയിട്ടുണ്ട്. കിഫ്ബി അംഗീകാരം നൽകിയ പദ്ധതികളുടെ മൊത്തം അടങ്കൽ തുക 19940.15 കോടി രൂപയാണ്.

(ബി) ഭേദഗതി ചെയ്ത കിഫ് ആക്ടിന്റെ 8-ാം വകുപ്പുപ്രകാരം കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധിയിലേയ്ക്ക്:-

1. ബോർഡിന് കാലാകാലങ്ങളിൽ, സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടു കൂടിയും, പൊതുവായതോ പ്രത്യേകമായതോ ആയ ഉത്തരവുവഴി സർക്കാർ നിശ്ചയിക്കാവുന്ന പ്രകാരമുള്ള വ്യവസ്ഥകൾക്ക് വിധേയമായും ആക്ടിന്റെ ആവശ്യങ്ങൾക്കായി ഏതൊരു തുകയും കടമായി വാങ്ങാവുന്നതാണ്.

2. ബോർഡിന് അപ്രകാരം കടം വാങ്ങുന്നതിന്റെ ആവശ്യങ്ങൾക്കായി ജനറൽ ഒബ്ലിഗേഷൻ ബോണ്ടുകൾ, റവന്യൂ ഒബ്ലിഗേഷൻ ബോണ്ടുകൾ അല്ലെങ്കിൽ യുക്തമായ മറ്റേതെങ്കിലും ധനപരമായ പ്രമാണങ്ങൾ എന്നിവ ഉൾപ്പെടെയുള്ള ഏതെങ്കിലും ധനപരമായ പ്രമാണം നൽകാവുന്നതും

ക്രമീകരിക്കപ്പെട്ട തിരിച്ചടവ് സംവിധാനത്തോടെയുള്ള റവന്യൂ ബോണ്ടുകൾ, ലാൻഡ് ബോണ്ടുകൾ മറ്റ് ഏതെങ്കിലും ഉചിതമായ ധനകാര്യ പ്രമാണങ്ങൾ എന്നിവയിലൂടെയോ ബാങ്കുകൾ, മൾട്ടിലാറ്ററൽ ഫണ്ടിംഗ് ഏജൻസികൾ അല്ലെങ്കിൽ സർക്കാർ ഇതിലേയ്ക്കായി അംഗീകരിച്ച സ്ഥാപനങ്ങൾ എന്നിവയിലൂടെയോ ഫണ്ടുകൾ സ്വരൂപിക്കാവുന്നതാണ്.

3. ബോർഡിന് ഒരു പ്രോജക്ടിനുവേണ്ടിയോ ഒരു കൂട്ടം പ്രോജക്ടുകൾക്ക് വേണ്ടിയോ ഉള്ള വിഭവസമാഹരണം സുഗമമാക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യ നിക്ഷേപ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള ഒരു സ്പോൺസറായി പ്രവർത്തിക്കാവുന്നതാണ്. ഇതിലേക്കായി അടിസ്ഥാന സൗകര്യ നിക്ഷേപ സംവിധാനത്തിൽ ആൾട്ടർനേറ്റ് ഇൻവെസ്റ്റ്മെന്റ് ഫണ്ട് (എ.ഐ.എഫ്.), ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ട്രസ്റ്റ് (ഇൻവിറ്റ്), മ്യൂച്വൽ ഫണ്ടുകൾ, ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് ഫണ്ട് (ഐ.ഡി.എഫ്.) എന്നിവ ഉൾപ്പെടുത്തുന്നതും എന്നാൽ അതിൽ പരിമിതപ്പെടുത്തുന്നതല്ലാത്തതുമാകുന്നു.

4. ബോർഡ് ഈ വകുപ്പിനുകീഴിൽ പുറപ്പെടുവിക്കുന്ന ധനപരമായ പ്രമാണങ്ങളും സെക്യൂരിറ്റികളും സർക്കാരിന്റെ നിർദ്ദേശങ്ങൾക്ക് വിധേയമായി ബോർഡ് തീരുമാനിക്കുന്ന പ്രകാരമുള്ള രീതിയിൽ പുറപ്പെടുവിക്കുകയോ, കൈമാറ്റം ചെയ്യുകയോ വിടുതൽ ചെയ്യുകയോ ചെയ്യേണ്ടതാണ്.

5. ആന്വിറ്റി നൽകുന്നതിനോ മേൽ സൂചിപ്പിച്ച പ്രകാരമുള്ള മറ്റ് തിരിച്ചടവ് ബാധ്യതകൾ നൽകുന്നതിനോ ഉണ്ടായിട്ടുള്ള ചെലവുകൾ നേരിടുന്നതിനും ബോർഡിന്റെ പ്രവർത്തനപരവും ഭരണപരവുമായി ഉണ്ടാകുന്ന ചെലവുകൾ നേരിടുന്നതിനും സർക്കാർ സമയാസമയങ്ങളിൽ വാർഷിക ബഡ്ജറ്റിൽ വ്യവസ്ഥ ചെയ്യേണ്ടതാണ്.

എന്നാൽ സർക്കാർ മുൻവർഷം പിരിച്ചെടുത്ത മോട്ടാർ വാഹന നികുതിയുടെ അടിസ്ഥാനത്തിൽ കണക്കാക്കപ്പെട്ട മോട്ടാർ വാഹന നികുതിയുടെ ഒരു ഭാഗം നിധിയിലേയ്ക്കുള്ള വിഹിതമായി നീക്കിവയ്ക്കേണ്ടതും അപ്രകാരമുള്ള വിഹിതം ആദ്യവർഷത്തിൽ പത്ത് ശതമാനമായിരിക്കുന്നതും ഇത് ഓരോ വർഷവും വർദ്ധിപ്പിക്കുന്നതും അഞ്ചാമത്തെ വർഷത്തിൽ മോട്ടോർ വാഹന നികുതിയുടെ അൻപത് ശതമാനം വരെ വർദ്ധിപ്പിക്കുന്നതുമാണ്.

എന്നുമാത്രമല്ല അതിനുപുറമേ ഓരോ ലിറ്റർ പെട്രോളിയം ഉൽപ്പന്നങ്ങളിന്മേലും ചുമത്തപ്പെട്ടുകൊണ്ടിരിക്കുന്ന സെസ് മുൻവർഷക്കാലയളവിൽ പിരിച്ചെടുത്ത പ്രകാരമുള്ള സെസ് തുകയുടെ അടിസ്ഥാനത്തിൽ സെസിൽനിന്നും സർക്കാർ നിധിയിലേയ്ക്ക് നൽകേണ്ടതാണ്. തുടർന്നു വരുന്ന പന്ത്രണ്ടു മാസങ്ങളിൽ ആവശ്യമായ തുകയുടെ കൈമാറ്റം ഒന്നോ അതിലധികമോ തവണകളായി പ്രസ്തുത വർഷത്തിലെ ഡിസംബർ മാസത്തിന്റെ അവസാന പ്രവൃത്തി ദിവസത്തിന് മുമ്പായി പൂർത്തീകരിക്കേണ്ടതാണ്.

6. സർക്കാരിന് സംസ്ഥാന നിയമസഭ പാസ്സാക്കിയിട്ടുള്ള നിയമംമൂലം യഥാവിധിയുള്ള ധനവിനിയോഗം വഴി ഈ ആക്ടിന്റെ ആവശ്യങ്ങൾക്കായി സർക്കാർ നിശ്ചയിക്കാവുന്ന പ്രകാരമുള്ള നിബന്ധനകളിന്മേലും വ്യവസ്ഥകളിന്മേലും കാലാകാലങ്ങളിൽ ഗ്രാന്റുകളും മുൻകൂർ തുകകളും വായ്പകളും നിധിയിലേയ്ക്ക് നൽകാവുന്നതാണ്.

7. ഏതെങ്കിലും സ്ഥാപനം നൽകിയിട്ടുള്ള ഗ്രാന്റുകളും വായ്പകളും അല്ലെങ്കിൽ മുൻകൂർ തുകകളും.

8. ബോർഡിന്റെ വരുമാനങ്ങൾ വർദ്ധിപ്പിക്കുന്നതിനായി മറ്റു മാർഗ്ഗങ്ങളിൽക്കൂടി ബോർഡ് സമാഹരിച്ച ഏതൊരു തുകയും പദ്ധതിയിലെ വ്യവസ്ഥകൾ പ്രകാരം നിധിയിലേയ്ക്ക് വക കൊള്ളിക്കേണ്ടതാണ്.

സർക്കാരിൽനിന്നും ബഡ്ജറ്റ് വഴി കിഫ്ബിയിലേയ്ക്ക് പണം ലഭ്യമാക്കുന്നതിന് പ്രത്യേക ശീർഷകങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു. മറ്റ് സ്രോതസ്സുകളിൽനിന്നും സമാഹരിക്കുന്ന പണം നേരിട്ട് കിഫ്ബിയുടെ ബാങ്ക് അക്കൗണ്ടുകൾ വഴി നിധിയിലേയ്ക്ക് വക കൊള്ളിക്കുന്നു.

(സി) 2017-18-ലെ ബഡ്ജറ്റ് പ്രസംഗമനുസരിച്ച് കെ.എസ്.എഫ്.ഇ ആരംഭിക്കുന്ന പ്രവാസി ചിട്ടിയിലൂടെ ലഭിക്കുന്ന നിക്ഷേപം കിഫ്ബിയിലേയ്ക്ക് ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിവരുന്നു. വിവിധ പേമെന്റ് ഗേറ്റ് വേയിലൂടെ പ്രവാസികൾ ചിട്ടിയിൽ അടയ്ക്കുന്ന പണംവഴി ലഭിക്കുന്ന ഫ്ലോട്ട് ഫണ്ട് കെ.എസ്.എഫ്.ഇ. കിഫ്ബിയുടെ പ്രത്യേക ബോണ്ടുകളിൽ നിക്ഷേപിക്കുകയും പ്രവാസികളിൽനിന്നും ഇപ്രകാരം ലഭിക്കുന്ന തുക സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുകയും ചെയ്യുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**നിർദ്ദിഷ്ട മലയോര ഹൈവേയുടെ റീച്ചുകളുടെ പ്രോജക്ട് റിപ്പോർട്ട്**

24 (T* 4628) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട മലയോര ഹൈവേയുടെ ഏതെങ്കിലും റീച്ചുകളുടെ പ്രോജക്ട് റിപ്പോർട്ട് കിഫ്ബി എക്സിക്യൂട്ടീവ് യോഗത്തിൽ സമർപ്പിച്ചിട്ടുണ്ടോ എന്നറിയിക്കുമോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പ്രോജക്ട് റിപ്പോർട്ട് കിഫ്ബി എക്സിക്യൂട്ടീവ് യോഗം പരിഗണിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്തെന്ന് അറിയിക്കുമോ?

ഉത്തരം

(എ) മലയോര ഹൈവേയുടെ ഭാഗമായ 3 ഉപപദ്ധതികളുടെ പ്രോജക്ട് റിപ്പോർട്ട് കിഫ്ബി എക്സിക്യൂട്ടീവ് യോഗത്തിൽ സമർപ്പിച്ചിട്ടുണ്ട്.

(ബി) തിരുവനന്തപുരം ജില്ലയിലെ കള്ളിക്കാട്-പാറശ്ശാല മലയോര ഹൈവേ, കാസർഗോഡ് ജില്ലയിലെ നന്ദാരപ്പടവ്-ചേവർ മലയോര ഹൈവേ, കോളിച്ചാൽ-ഇടപറമ്പ മലയോര ഹൈവേ എന്നീ പദ്ധതികളുടെ പ്രോജക്ട് റിപ്പോർട്ട് കിഫ്ബിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം അംഗീകരിച്ചിട്ടുണ്ട്.

**കോട്ടയ്ക്കൽ മണ്ഡലത്തിലെ പ്രവൃത്തികൾക്ക് കിഫ്ബി അനുമതി**

25 (4629) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ കുറ്റിപ്പുറം- കാങ്കക്കടവ് റെഗുലേറ്റർ കം ബ്രിഡ്ജ്, ഇരുമ്പിളിയം-എടയൂർ കുടിവെള്ള പദ്ധതി എന്നിവയുടെ പ്രവൃത്തികൾക്ക് കിഫ്ബി അനുമതി നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ബന്ധപ്പെട്ട വകുപ്പുകൾ ഭരണാനുമതി നൽകിയ പ്രവൃത്തികൾക്ക് അടിയന്തരമായി പ്രവൃത്തികൾ തുടങ്ങുവാനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) 2017-18 ബഡ്ജറ്റ് പ്രസംഗത്തിലുൾപ്പെടുത്തിയ കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിലെ കുറ്റിപ്പുറം-കാങ്കക്കടവ് റെഗുലേറ്റർ കം ബ്രിഡ്ജ് എന്ന പദ്ധതി കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി 10-7-2017-ലെ സ.ഉ.(സാധാ) നമ്പർ

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

942/2017/പൊ.മ.വ. ഉത്തരവ് പ്രകാരം ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടോ മറ്റ് വിശദാംശങ്ങളോ നാളിതുവരെ കിഫ്ബിയിൽ സമർപ്പിക്കപ്പെട്ടിട്ടില്ല. ഭരണവകുപ്പ് ചുമതലപ്പെടുത്തിയിട്ടുള്ള എസ്.പി.വി. ആയ കേരള റോഡ് ഫണ്ട് ബോർഡ് പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് കിഫ്ബിയിൽ സമർപ്പിക്കുന്ന മുറയ്ക്ക് അത് പരിശോധിച്ച് അംഗീകാരം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. 2017-18 ബഡ്ജറ്റ് പ്രസംഗത്തിലുൾപ്പെടുത്തിയ ഇരുമ്പിളിയം-എടയൂർ കുടിവെള്ള പദ്ധതി കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി 17-1-2018-ലെ സ.ഉ. (സാധാ) നമ്പർ 34/2018/WRD ഉത്തരവ് പ്രകാരം ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്. പദ്ധതിക്കായി കേരള വാട്ടർ അതോറിറ്റി കിഫ്ബിയിൽ സമർപ്പിച്ച വിശദമായ പദ്ധതി റിപ്പോർട്ട് കിഫ്ബിയുടെ വിശദമായ പരിശോധനയെതുടർന്ന് 21-02-2018-ൽ ടി പദ്ധതിയുടെ സാങ്കേതിക അവലോകന റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റിക്ക് അയച്ചിട്ടുണ്ടെങ്കിലും ആയതിന്മേലുള്ള കേരള വാട്ടർ അതോറിറ്റിയുടെ മറുപടി റിപ്പോർട്ട് ഇതുവരെ കിഫ്ബിയിൽ ലഭിച്ചിട്ടില്ല. മറുപടി റിപ്പോർട്ട് കിഫ്ബിയിൽ സമർപ്പിക്കുന്ന മുറയ്ക്ക് അത് പരിശോധിച്ച് അംഗീകാരം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ബി) 24-2-2018-ലെ സ.ഉ.(കൈ)നമ്പർ 69/2018/ധന ഉത്തരവിലെ മാർഗ്ഗ നിർദ്ദേശമനുസരിച്ച് കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി ബന്ധപ്പെട്ട ഭരണ വകുപ്പ് ഭരണാനുമതി പുറപ്പെടുവിച്ച പദ്ധതികളുടെ വിശദമായ പദ്ധതി രേഖകളടക്കം കിഫ്ബിയുടെ ഓൺലൈൻ പോർട്ടലിൽ അതാത് പദ്ധതി നിർവ്വഹണ ഏജൻസി (എസ്.പി.വി.) അപ്‌ലോഡ് ചെയ്യേണ്ടതും ആയത് കിഫ്ബോർഡിന്റെ അംഗീകാരം ലഭ്യമാകേണ്ടതുമാണ്. കിഫ്ബിയുടെ അംഗീകാരം ലഭ്യമാക്കിയ പദ്ധതികളുടെ നിർവ്വഹണം ബന്ധപ്പെട്ട ഭരണവകുപ്പ് ചുമതലപ്പെടുത്തിയിട്ടുള്ള എസ്.പി.വി. മുഖേനയാണ് നടപ്പിലാക്കേണ്ടത്.

**എറണാകുളം ജില്ലയിലെ കിഫ്ബി പദ്ധതികൾ**

26 (4630) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന എറണാകുളം ജില്ലയിൽ എത്ര പദ്ധതികൾക്കാണ് അനുമതി നൽകിയിട്ടുള്ളതെന്നും അവ ഏതെല്ലാമെന്നും ഓരോന്നിനും അനുവദിച്ച തുക എത്രയെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിജസ്ഥിതി വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) കിഫ്ബി മുഖേന എറണാകുളം ജില്ലയിൽ അനുമതി നൽകിയിട്ടുള്ള പ്രവൃത്തികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

**ശംഖുമുഖം-വേളി റോഡിന് കിഫ്ബി അംഗീകാരം**

27 (4631) <u>ശ്രീ. വി. എസ്. ശിവകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിലുൾപ്പെടുത്തി സ്ഥലമേറ്റെടുത്ത് വീതികൂട്ടി നവീകരിക്കുമെന്ന് 2017-18 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന തിരുവനന്തപുരം ശംഖുമുഖം-വേളി റോഡിന്റെ കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഈ പ്രവൃത്തി നിർവ്വഹിക്കുന്നതിന് കിഫ്ബിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; എത്ര കോടി രൂപയുടെ അംഗീകാരമാണ് ലഭിച്ചിട്ടുള്ളത്; ഇല്ലെങ്കിൽ അംഗീകാരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) 2017-18 വർഷത്തെ ബഡ്ജറ്റിൽ കിഫ്ബി മുഖേന നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന ശംഖുമുഖം-വേളി റോഡ് പദ്ധതിക്ക് 10-7-2017-ലെ സ.ഉ.(സാധാ) നമ്പർ 942/2017 പൊ.മ.വ. പ്രകാരം പൊതുമരാമത്ത് വകുപ്പ് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. 30 കോടി രൂപയ്ക്ക് അംഗീകാരം നൽകിയിട്ടുള്ള പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി കേരള റോഡ് ഫണ്ട് ബോർഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടി പദ്ധതിയുടെ വിശദമായ പദ്ധതി റിപ്പോർട്ട് ഇതുവരെ കിഫ്ബിയിൽ ലഭിച്ചിട്ടില്ല. ആയതു ലഭിക്കുന്ന മുറയ്ക്ക് വിശദമായ പരിശോധന നടത്തി ന്യൂനതകൾ ഇല്ലാത്ത പക്ഷം കിഫ്ബി അംഗീകാരം നൽകുന്നതാണ്.

**ആലത്തൂർ മണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾ**

28 (4632) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളിൽ ഭരണാനുമതി നൽകി ടെണ്ടർ നടപടി പൂർത്തിയാക്കിയിട്ടുള്ളവയുണ്ടോ;

(ബി) എങ്കിൽ ആയത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

---

\+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ&ബി) ആലത്തൂർ മണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളിൽ കിഫ്ബി അംഗീകരിച്ചിട്ടുള്ളതും ടെണ്ടർ നടപടി പൂർത്തിയാക്കിയിട്ടുള്ളതുമായ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

**ആലത്തൂർ മണ്ഡലത്തിൽ നിന്നുള്ള കിഫ്ബി പ്രവൃത്തികൾ**

29 (4633) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ ഉൾപ്പെടുത്തുന്നതിനായി ആലത്തൂർ മണ്ഡലത്തിൽ നിന്നും തെരഞ്ഞെടുത്തിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമാണ്;

(ബി) ഇവയിൽ ഏതെല്ലാം പ്രവൃത്തികൾക്ക് കിഫ്ബിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്; വിശദമാക്കാമോ?

ഉത്തരം

(എ&ബി) കിഫ്ബിയിൽ ഉൾപ്പെടുത്തി ആലത്തൂർ മണ്ഡലത്തിൽനിന്നും നടപ്പിലാക്കാൻ തെരഞ്ഞെടുത്തിട്ടുള്ള പദ്ധതികളുടെയും അവയിൽ കിഫ്ബി അംഗീകാരം നൽകിയ പദ്ധതികളുടെയും നിലവിലെ സ്ഥിതിയുൾപ്പെടെയുള്ള വിവരം അനുബന്ധമായി* ചേർക്കുന്നു.

**കടുത്തുരുത്തി കോർട്ട് കോംപ്ലക്സ് നിർമ്മാണം**

30 (T* 4634) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2017 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്ന കടുത്തുരുത്തി കോർട്ട് കോംപ്ലക്സിന്റെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി കിഫ്ബി വഴി നടപ്പാക്കാൻ ധനകാര്യ വകുപ്പ് തീരുമാനിച്ചിട്ടുണ്ടോ; ഈ പദ്ധതി ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(സി) കടുത്തുരുത്തി കോർട്ട് കോംപ്ലക്സിന്റെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; ഈ പ്രവൃത്തി ഇപ്പോൾ ഏത് ഏജൻസി വഴിയാണ് നടത്തുവാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ;

(ഡി) ഈ പദ്ധതി സംബന്ധിച്ച ആഭ്യന്തര വകുപ്പിലെയും ധനകാര്യ വകുപ്പിലെയും ഫയൽ നമ്പർ ലഭ്യമാണോ; എങ്കിൽ വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഉത്തരം

(എ) 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ കടുത്തുരുത്തി ഉൾപ്പെടെ 14 സ്ഥലങ്ങളിൽ പ്രത്യേക കോടതി സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനായി 150 കോടി രൂപ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും ഇതുസംബന്ധിച്ച ഭരണാനുമതി പ്രൊപ്പോസൽ ധനകാര്യ വകുപ്പിൽ ലഭിച്ചിട്ടില്ല.

(ബി) കിഫ്ബിവഴി നടപ്പാക്കാനാണ് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നത്. എന്നാൽ ഭരണാനുമതി സംബന്ധിച്ച തുടർനടപടി സ്വീകരിച്ചിട്ടില്ല.

(സി) ഡി.പി.ആർ. തയ്യാറാക്കിയിട്ടുള്ളതായി ധനവകുപ്പിൽ വിവരം ലഭിച്ചിട്ടില്ല. ഏജൻസി സംബന്ധിച്ചും തീരുമാനം എടുത്തിട്ടില്ല.

(ഡി) ഇതുസംബന്ധിച്ച ഫയൽ നടപടി ധനവകുപ്പിൽ ആരംഭിച്ചിട്ടില്ല.

**അട്ടക്കുളങ്ങര ഫ്ലൈ ഓവറിന്റെ നിർമ്മാണം**

31 (4635) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ കിഫ്ബിയിലുൾപ്പെടുത്തി നിർവ്വഹിക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന അട്ടക്കുളങ്ങര ഫ്ലൈ ഓവറിന്റെ നിർമ്മാണത്തിന്റെ നടപടിക്രമങ്ങൾ വിശദമാക്കുമോ;

(ബി) ഈ പ്രവൃത്തി നിർവ്വഹിക്കുന്നതിന് ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഭരണാനുമതി പുറപ്പെടുവിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ; ആയതിന് കിഫ്ബി അംഗീകാരം ലഭിച്ചിട്ടുണ്ടോ?

ഉത്തരം

(എ&ബി) 2017-18 വർഷത്തെ ബഡ്ജറ്റിൽ കിഫ്ബി മുഖേന അട്ടക്കുളങ്ങര ഫ്ലൈ ഓവർ പദ്ധതി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. അട്ടക്കുളങ്ങര ഫ്ലൈ ഓവർ പദ്ധതിയുടെ ഭരണാനുമതി 10-7-2017-ലെ സ.ഉ.(സാധാ)നമ്പർ 942/2017 പൊ.മ.വ. പ്രകാരം പൊതുമരാമത്ത് വകുപ്പ് പുറപ്പെടുവിച്ചിരുന്നു. ടി പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി റോഡ്സ് & ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള (RBDCK)-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അട്ടക്കുളങ്ങര ഫ്ലൈ ഓവർ പദ്ധതിയുടെ വിശദമായ പദ്ധതി റിപ്പോർട്ട് RBDCK-യിൽ നിന്നും ഇതുവരെ കിഫ്ബിക്ക് ലഭിച്ചിട്ടില്ല. ആയത് ലഭിക്കുന്ന മുറയ്ക്ക് വിശദമായ പരിശോധന നടത്തി ന്യൂനതകളില്ലാത്ത പക്ഷം കിഫ്ബി അംഗീകാരം നൽകുന്നതാണ്.

## ചിറ്റൂർ നിയോജകമണ്ഡലത്തിൽ ആസ്തി വികസന പദ്ധതി പ്രകാരമുള്ള പദ്ധതികൾ

32 (4637) ശ്രീ. കെ. കൃഷ്ണൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറ്റൂർ നിയോജകമണ്ഡലത്തിൽ 2013 മുതൽ 2017 വരെ എം.എൽ.എ.-മാരുടെ ആസ്തി വികസന പദ്ധതി പ്രകാരം സമർപ്പിക്കപ്പെട്ടതും അംഗീകാരം നല്കപ്പെട്ടതുമായ പദ്ധതികൾ ഏതൊക്കെയാണ്; വിവരിക്കുമോ;

(ബി) ഇതിൽ പൂർത്തീകരിക്കപ്പെട്ട പദ്ധതികൾ ഏതൊക്കെയാണ്; ഏതൊക്കെ പദ്ധതികളാണ് പൂർത്തീകരിക്കാനുള്ളത്; വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) എം. എൽ. എ.- മാരുടെ ആസ്തി വികസന പദ്ധതി പ്രകാരം ഓരോ വർഷവും കൊടുത്തു തീർത്ത തുക എത്രയാണ്; എത്രയാണ് കൊടുക്കുവാനുള്ളത്;

(ഡി) എത്ര രൂപയുടെ പദ്ധതികൾ പ്രസ്തുത കാലയളവിൽ സമർപ്പിക്കപ്പെട്ടിട്ടില്ല എന്ന് വർഷാടിസ്ഥാനത്തിൽ അറിയിക്കാമോ?

ഉത്തരം

(എ) ചിറ്റൂർ നിയോജകമണ്ഡലത്തിൽ 2013 മുതൽ 2017 വരെ എം.എൽ.എ.-മാരുടെ ആസ്തി വികസന പദ്ധതി പ്രകാരം സമർപ്പിക്കപ്പെട്ടതും അംഗീകാരം നൽകപ്പെട്ടതുമായ പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) ചിറ്റൂർ നിയോജകമണ്ഡലത്തിൽ 2013 മുതൽ 2017 വരെ പൂർത്തീകരിക്കപ്പെട്ട പദ്ധതികളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(സി) ചിറ്റൂർ നിയോജകമണ്ഡലത്തിൽ 2013 മുതൽ 2017 വരെ എം.എൽ.എ.-മാരുടെ ആസ്തി വികസന പദ്ധതി പ്രകാരം ഓരോ വർഷവും കൊടുത്തുതീർത്ത തുക അനുബന്ധമായി ചേർക്കുന്നു*.

(ഡി) ചിറ്റൂർ നിയോജകമണ്ഡലത്തിൽ 2013 മുതൽ 2017 വരെ എം.എൽ.എ.- മാരുടെ ആസ്തി വികസന പദ്ധതി പ്രകാരം ഓരോ വർഷവും സമർപ്പിക്കപ്പെട്ടിട്ടില്ലാത്ത പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു*.

## പ്രാദേശിക വികസന പദ്ധതിയുടെ നിർവ്വഹണ പുരോഗതി

33 (4638) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. പ്രാദേശിക വികസന പദ്ധതി പ്രവർത്തനങ്ങളുടെ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

നിർവ്വഹണ പുരോഗതി നിശ്ചിത ഇടവേളകളിൽ ഫലപ്രദമായി വിലയിരുത്തുന്നതിന് ധനകാര്യ നോഡൽ-ബി വകുപ്പിൽ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതിനാവശ്യമായ ക്രമീകരണം അടിയന്തരമായി ഏർപ്പെടുത്തുമോ;

(സി) ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ധനകാര്യ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരുമായി ചേർന്ന് പ്രസ്തുത പദ്ധതിയുടെ നിർവ്വഹണ പുരോഗതി ജില്ലാതലത്തിൽ എല്ലാ മാസവും പ്രത്യേകമായി വിലയിരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 29-12-2017-ലെ സ.ഉ.(അ) നമ്പർ 161/2017/ധന.-ലെ ഖണ്ഡിക 5 പ്രകാരം എം.എൽ.എ. പ്രാദേശിക വികസന പദ്ധതി പ്രവർത്തനങ്ങളുടെ നിർവ്വഹണ പുരോഗതി വിലയിരുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ധനകാര്യ (നോഡൽ-ബി) വകുപ്പിൽനിന്നും പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) 29-12-2017-ലെ സ.ഉ.(അ) നമ്പർ 161/2017/ധന. -ലെ ഖണ്ഡിക 5.1 പ്രകാരം എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധിയിൻ കീഴിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ 10% പ്രവൃത്തികളെങ്കിലും വകുപ്പുതലവനോ/വകുപ്പ് തലവൻ ചുമതലപ്പെടുത്തുന്ന വ്യക്തിയോ പരിശോധിക്കുന്നതാണ്. നിർവ്വഹണ വകുപ്പിലെ ഏറ്റവും മുതിർന്ന ഉദ്യോഗസ്ഥർ പ്രവൃത്തികളുടെ നിർവ്വഹണ പുരോഗതി സംബന്ധിച്ച് ജില്ലാ കളക്ടർമാർക്ക് റിപ്പോർട്ട് നൽകാറുണ്ട്. കൂടാതെ ജില്ലാ കളക്ടർ ചുമതലപ്പെടുത്തുന്ന പക്ഷം ജില്ലാ തലത്തിലേയും ബ്ലോക്ക് തലത്തിലേയും ഉദ്യോഗസ്ഥർ പ്രവൃത്തികളെ സംബന്ധിച്ച് നിരീക്ഷണം നടത്തി റിപ്പോർട്ട് നൽകി വരുന്നു. ഓരോ വർഷവും നടപ്പിലാക്കിയ പ്രവൃത്തികളെ സംബന്ധിച്ചും ആയതിന് തുക അനുവദിച്ച് നൽകിയതിന്റെയും ഒരു റിപ്പോർട്ട് ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പിന് നൽകാറുണ്ട്. കൂടാതെ ഓരോ ജില്ലയിലെയും ധനകാര്യ പരിശോധനാ വിഭാഗങ്ങൾ SDF പ്രകാരം മണ്ഡലങ്ങളിൽ നടപ്പിലാക്കിയ പ്രവൃത്തികൾ നേരിട്ട് പരിശോധിച്ച് ആയതിന്റെ കൃത്യതയും വിശ്വാസ്യതയും ഉറപ്പ് വരുത്തി പ്രവൃത്തി നടപ്പിലാക്കിയതിന്റെ വീഴ്ചകളോ പാകപ്പിഴകളോ വന്നിട്ടുണ്ടെങ്കിൽ ആയതുൾപ്പെടെയുള്ള ത്രൈമാസ റിപ്പോർട്ട് തയ്യാറാക്കി ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പിന് സമർപ്പിക്കാറുണ്ട്. ഈ സാഹചര്യത്തിൽ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ധനകാര്യ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരുമായി ചേർന്ന് പദ്ധതികളുടെ നിർവ്വഹണ പുരോഗതി ജില്ലാതലത്തിൽ പ്രത്യേകമായി വിലയിരുത്തേണ്ടതിന്റെ ആവശ്യകത കാണുന്നില്ല.

## തുമ്പൂർമുഴി ഫുഡ് ടെക്നോളജി കോളേജിന് ബസ് വാങ്ങുന്നതിന് ഭരണാനുമതി

34 (4639) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ തുമ്പൂർമുഴി ഫുഡ് ടെക്നോളജി കോളേജിലേയ്ക്ക് ബസ് വാങ്ങുന്നതിനായി ചാലക്കുടി എം.എൽ.എ. യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിനായി നിർദ്ദേശിച്ചതുപ്രകാരമുള്ള ഉത്തരവിലെ അനുബന്ധത്തിൽ ചെലവ് ശീർഷകങ്ങളിൽ മൃഗസംരക്ഷണ വകുപ്പിന്റെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ലാത്തതുമൂലം ഭരണാനുമതി ഇനിയും ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഈ ശീർഷകങ്ങളിൽ മൃഗസംരക്ഷണ വകുപ്പിന്റെ ഹെഡ് ഓഫ് അക്കൗണ്ട് വിവരങ്ങൾ ഉൾപ്പെടുത്തി പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭിക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സർവ്വകലാശാലകളുടെ കാമ്പസ്സുകളിൽ സ്ഥിതിചെയ്യുന്ന കോളേജുകൾക്ക് ബസ് വാങ്ങാൻ ആസ്തി വികസനഫണ്ട് ഉപയോഗിക്കാൻ പ്രസ്തുത ഫണ്ട് മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം നിലവിൽ അനുമതിയില്ല. ഈ സാഹചര്യത്തിൽ ചാലക്കുടി മണ്ഡലത്തിലെ തുമ്പൂർമുഴി ഫുഡ് ടെക്നോളജി കോളേജിലേയ്ക്ക് ബസ് വാങ്ങുന്നതിനായി ചാലക്കുടി എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽനിന്നും തുക അനുവദിക്കുവാൻ സാധ്യമല്ല.

(ബി) ബാധകമല്ല.

## ആസ്തി വികസന പദ്ധതിയുടെ ധന വിനിയോഗ നിർദ്ദേശങ്ങൾ

35 (4640) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-മാരുടെ നിയമസഭാ മണ്ഡലം ആസ്തി വികസന പദ്ധതിയുടെയും പ്രത്യേക വികസന നിധി (SDF) യുടെയും ധനവിനിയോഗ നിർദ്ദേശങ്ങളും മാനദണ്ഡങ്ങളും വിശദമാക്കുമോ;

(ബി) ധനവിനിയോഗ മാർഗ്ഗനിർദ്ദേശങ്ങളിലും മാനദണ്ഡങ്ങളിലും ആവശ്യമായ ഭേദഗതികളോ കൂട്ടിച്ചേർക്കലുകളോ നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത ധനവിനിയോഗങ്ങളിലൂടെ ഏതെല്ലാം വിധത്തിലുള്ള പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുവാൻ കഴിയുമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ-സി) എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധിക്കായുള്ള ധനവിനിയോഗ നിർദ്ദേശങ്ങളും മാനദണ്ഡങ്ങളും 29-12-2017-ലെ സ.ഉ.(അ) നമ്പർ 161/2017/ധന പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. നിയോജകമണ്ഡല ആസ്തി വികസന പദ്ധതിക്കായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 4-7-2017-ലെ സ.ഉ.(അ) നമ്പർ 86/2017/ധന പ്രകാരവും പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവുകൾ കാലോചിതമായ ഭേദഗതികൾക്കും കൂട്ടിച്ചേർക്കലുകൾക്കും വിധേയമാണ്. ഓരോ ഉത്തരവിന്റേയും അനുബന്ധം* പ്രകാരം അതത് പദ്ധതിയിൻ കീഴിൽ ഏറ്റെടുത്ത് നടപ്പാക്കാവുന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

## എം.എൽ.എ.-മാരുടെ ആസ്തി വികസന പദ്ധതി

36 (4641) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-മാരുടെ ആസ്തി വികസന പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) ഓഫീസുകളിലേയ്ക്ക് സ്റ്റാഫുകളെ നിയമിക്കുന്നത് സംബന്ധിച്ച് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് പ്രവൃത്തി പൂർത്തീകരിച്ച് ബിൽ തുക അനുവദിക്കുന്നതിൽ വരുന്ന കാലതാമസം ഒഴിവാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ&ബി) 25-9-2017-ലെ സ.ഉ.(അ) നമ്പർ 161/2017/ധന. പ്രകാരം ആസ്തി വികസന പദ്ധതിയിൻകീഴിൽ ഭരണാനുമതി പുറപ്പെടുവിച്ച് പൂർത്തീകരിച്ച പ്രവൃത്തികളുടെ ബില്ലുകൾ (ഭാഗികമോ അന്തിമമോ ആയ ബില്ലുകൾ) മാറി നൽകുന്നതിന് നിലവിലുള്ള രീതിതന്നെ തുടരുന്നതായിരിക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അതായത്, പ്രവൃത്തികളുടെ ഉണഭോക്തൃ വകുപ്പുകൾ, പ്രവൃത്തി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

വിജയകരമായി പൂർത്തിയാക്കിയിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തുന്ന മുറയ്ക്ക് വകുപ്പുകൾക്ക് അനുവദിച്ചിട്ടുള്ള ശീർഷകങ്ങളുടെ നിയന്ത്രണാധികാരി ബില്ലുകൾ മാറി നൽകുന്നതായിരിക്കും. (എഞ്ചിനീയറിംഗ് വിംഗുകൾ ഇല്ലാത്ത വകുപ്പുകൾ ആണെങ്കിൽ പൊതുമരാമത്ത് വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥനായിരിക്കും നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തേണ്ടത്.) അക്രെഡിറ്റഡ് ഏജൻസികൾ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളുടെ മേൽനോട്ടം ഗുണഭോക്തൃ വകുപ്പ് തന്നെ നടത്തേണ്ടതും അവർ സമർപ്പിക്കുന്ന ബില്ലുകൾ ആ വകുപ്പിൽ പരിശോധിച്ച് അനുബന്ധ രേഖകളുൾപ്പെടെ ശിപാർശയോടുകൂടി ധനകാര്യ വകുപ്പിന്റെ അംഗീകാരത്തിനായി അയയ്ക്കേണ്ടതും ധനവകുപ്പ് തുക അനുവദിച്ച് ഉത്തരവാകുന്നതുമാണ്. എന്നാൽ തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന അക്രെഡിറ്റഡ് ഏജൻസികളെ ഏൽപ്പിക്കുന്ന പ്രവൃത്തികളുടെ ബില്ലുകൾ ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ് തന്നെ മാറി നൽകുന്ന രീതി തുടരുന്നതുമാണ്. നിലവിലുള്ള രീതി കാലതാമസത്തിന് ഇടയാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആയതുകൊണ്ടുതന്നെ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) ഓഫീസുകളിലേയ്ക്ക് ഇതിനായി സ്റ്റാഫുകളെ നിയമിച്ചിട്ടില്ല.

## എം.എൽ.എ. -മാരുടെ പ്രാദേശിക വികസന ഫണ്ട്

37 (4642) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-മാരുടെ പ്രാദേശിക വികസന ഫണ്ട് പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ജില്ലാ കളക്ടറേറ്റുകളിൽ ഓരോ മണ്ഡലത്തിനും പ്രത്യേകമായി ട്രഷറി/ബാങ്ക് അക്കൗണ്ടുകളുണ്ടോ;

(സി) ഇല്ലെങ്കിൽ മണ്ഡലാടിസ്ഥാനത്തിൽ ട്രഷറി/ബാങ്ക് അക്കൗണ്ടുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 29-12-2017-ലെ സ.ഉ.(അ)നമ്പർ 161/2017/ധന.-ലെ ഖണ്ഡിക 5 പ്രകാരം എം.എൽ.എ. പ്രാദേശിക വികസന പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം* ചെയ്യുന്നു)

(ബി) ഇല്ല.

(സി) നിലവിൽ പരിഗണനയിലില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ആസ്തി വികസന ഫണ്ടിൽനിന്നും പുസ്തകം വാങ്ങാൻ അനുമതി

38 (4643) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ അംഗീകാരമുള്ള സംസ്ഥാനത്തെ ലൈബ്രറികൾക്കും സർക്കാർ/എയ്ഡഡ് സ്കൂളുകൾക്കും എം.എൽ.എ. ഫണ്ടിൽ നിന്നും ആസ്തി വികസന ഫണ്ടിൽ നിന്നും പുസ്തകം വാങ്ങി നൽകുന്നതിന് അനുവാദം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇപ്രകാരം വാങ്ങി നൽകുന്നതിന് അനുവാദം നൽകുന്ന കാര്യം പരിഗണിക്കുമോ ;

(ബി) പ്രസ്തുത സ്ഥാപനങ്ങൾക്ക് പുസ്തകം എവിടെ നിന്നെല്ലാം വാങ്ങാൻ കഴിയും; വ്യക്തമാക്കാമോ;

(സി) ഒരു സ്കൂളിന് പരമാവധി എത്ര രൂപയുടെ പുസ്തകങ്ങൾ വാങ്ങാൻ കഴിയും; ഇത് സംബന്ധിച്ച ഏതെങ്കിലും വ്യവസ്ഥകൾ നിലവിലുണ്ടോ ; വ്യക്തമാക്കാമോ ;

(ഡി) പല വിദ്യാലയങ്ങളിൽ നിന്നും ലൈബ്രറികളിൽ നിന്നും പുസ്തകങ്ങളും അവ സൂക്ഷിക്കുന്ന റാക്കുകളും ആവശ്യപ്പെട്ട് നിവേദനങ്ങൾ ലഭിക്കുന്ന സാഹചര്യത്തിൽ ഇത്തരം അംഗീകൃത സ്ഥാപനങ്ങൾക്ക് എം.എൽ.എ. ഫണ്ടിൽ നിന്നും ആസ്തി വികസന ഫണ്ടിൽ നിന്നും ഒരു നിശ്ചിത തുക ചെലവാക്കുന്നതിനുള്ള ഉത്തരവ് നൽകുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ-ഡി) എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധിയുടെ (MLASDF) മാനദണ്ഡങ്ങൾ പ്രകാരം സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലൈബ്രറികൾക്കല്ലാതെ പുസ്തകങ്ങൾ, ഷെൽഫുകൾ എന്നിവ വാങ്ങുന്നതിന് അനുമതിയില്ല. ഒരു സ്കൂളിന് ഇതിലേക്കായി ചെലവഴിക്കുന്നതിനുള്ള പരമാവധി തുക നിജപ്പെടുത്തിയിട്ടില്ലെങ്കിലും പ്രത്യേക വികസന നിധിക്കായി അനുവദിച്ചിട്ടുള്ള തുകയുടെ പരിധിക്കുള്ളിൽ നിന്നുകൊണ്ട് ഇതിനായുള്ള ശിപാർശകൾ സമർപ്പിക്കാവുന്നതാണ്. സ്റ്റോർസ് പർച്ചേസ് ചട്ടങ്ങൾ കൃത്യമായി പാലിച്ചുകൊണ്ടായിരിക്കണം പുസ്തകങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളും വാങ്ങേണ്ടത്. 15,000 രൂപയ്ക്ക് മുകളിലുള്ള പർച്ചേസുകൾക്ക് മുൻനിര പ്രസാധകരിൽനിന്നും പുസ്തക വില്പനശാലകളിൽനിന്നും ക്വട്ടേഷൻ വിളിച്ച് വിലയിൽ പരമാവധി ഇളവ് ലഭ്യമാകുന്ന രീതിയിൽ പർച്ചേസ് നടപടിക്രമങ്ങൾ

പൂർത്തീകരിക്കേണ്ടതാണ്. സർക്കാർ ഉടമസ്ഥതയിൽ മൂലധന സ്വഭാവമുള്ള ആസ്തികളുടെ സൃഷ്ടിയാണ് നിയോജകമണ്ഡല ആസ്തി വികസന പദ്ധതി (LACADS) ലക്ഷ്യമിടുന്നത്. ആയതിനാൽ പ്രസ്തുത ഫണ്ടുപയോഗിച്ച് പുസ്തകങ്ങളും ഷെൽഫുകളും വാങ്ങുന്നതിന് അനുമതിയില്ല. ആയതിലേക്കായി പ്രസ്തുത പദ്ധതിയുടെ മാനദണ്ഡങ്ങളിൽ ഇളവുവരുത്തുന്നത് പരിഗണനയിലില്ല.

## പ്രൈസ് സോഫ്റ്റ്‌വെയർ

39 (4644) <u>ശ്രീ. ഷാഫി പറമ്പിൽ :</u> താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എം.എൽ.എ.- മാരുടെ പ്രത്യേക വികസന നിധി/ആസ്തി വികസന പദ്ധതി എന്നീ ഫണ്ടുകൾ ഉപയോഗിച്ച് ഹൈമാസ്റ്റ്/മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിലേക്കായി പ്രൈസ് സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയ എസ്റ്റിമേറ്റ് സമർപ്പിക്കുന്നത് സംബന്ധിച്ച അവ്യക്തത ഒഴിവാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ?

<u>ഉത്തരം</u>

4-7-2017-ലെ സ.ഉ.(അ) നമ്പർ 86/2017/ധന. തീയതി പ്രകാരം ആസ്തി വികസന പദ്ധതിയിൻകീഴിലെ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നത് പ്രൈസ് സോഫ്റ്റ്‌വെയർ ഉപയോഗിച്ചായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പ്രൈസ് സോഫ്റ്റ്‌വെയറിൽ എസ്റ്റിമേറ്റ് നൽകിയിട്ടില്ല എന്ന കാരണത്താൽ ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ ആരംഭിക്കാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത വിഷയം ധനകാര്യ വകുപ്പ് പരിശോധിക്കുകയുണ്ടായി. വിവിധ ഏജൻസികൾ പ്രൈസ് സോഫ്റ്റ്‌വെയർ ഉപയോഗിക്കാതെ വ്യത്യസ്ത നിരക്കുകളിലാണ് ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കി സമർപ്പിച്ചിരുന്നത്. പ്രസ്തുത നിരക്കുകളിലെ അന്തരം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ആയതിന് ഒരു ഏകീകൃത സ്വഭാവം വരുത്തുന്നതിനായി ധനകാര്യ പരിശോധനാ (സാങ്കേതിക) വിഭാഗവുമായി കൂടിയാലോചിച്ച് തീരുമാനം കൈക്കൊള്ളുന്നതിനാണ് ശ്രമിച്ചത്. വിവിധ പ്രദേശങ്ങളിൽ ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് ആവശ്യമായ സ്പെസിഫിക്കേഷനുകൾ ഇതിനോടകം പൊതുമരാമത്ത് വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിനാൽ പ്രസ്തുത സ്പെസിഫിക്കേഷനുകൾ പാലിച്ച് അക്രെഡിറ്റഡ് ഏജൻസികൾക്ക് ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കാവുന്നതാണ്. അല്ലാത്ത പക്ഷം പ്രൈസ് സോഫ്റ്റ്‌വെയറിലെ വ്യവസ്ഥകൾ പാലിച്ചായിരിക്കണം ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കേണ്ടത്.

## പ്രത്യേക വികസന നിധി-ഫയൽ അയയ്ക്കുന്നതിന് ഓൺലൈൻ നെറ്റ്‌വർക്ക്

40 (4645) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എം.എൽ.എ.മാരുടെ പ്രത്യേക വികസന നിധി, ആസ്തിവികസന പദ്ധതി എന്നിവ നടപ്പിലാക്കുന്നത് അതത് ജില്ലാ കളക്ടറേറ്റ് മുഖേനയായതിനാൽ കളക്ടറേറ്റിൽ നിന്നും ധനകാര്യ (നോഡൽ) വകുപ്പിലേയ്ക്ക് നേരിട്ട് ഫയൽ അയയ്ക്കുന്നതിന് ഓൺലൈൻ നെറ്റ്‌വർക്ക് നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധി പൂർണ്ണമായും കൈകാര്യം ചെയ്യുന്നത് അതത് ജില്ലാ കളക്ടറേറ്റുകൾ മുഖേനയാണ്. നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൻ കീഴിൽ എം.എൽ.എ.-മാർ ശിപാർശ ചെയ്ത ഒരു കോടി രൂപയിൽ താഴെ അടങ്കൽ തുകയുള്ള പ്രവൃത്തികൾക്കുള്ള ഭരണാനുമതി അതാത് ജില്ലാ കളക്ടർക്ക് നൽകാവുന്നതാണ്. ഒരു കോടി രൂപയോ അതിനു മുകളിലോ അടങ്കൽ തുകയുള്ള പ്രവൃത്തികൾക്ക് ധനകാര്യ വകുപ്പിന്റെ അനുമതി തേടേണ്ടതാണ്. നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയുടെ ഫയലുകൾ കൈകാര്യം ചെയ്യുന്നതിനായി NIC-യുടെ സഹായത്തോടെ ഒരു ഓൺലൈൻ പോർട്ടൽ (www.ads2.kerala.gov.in) വികസിപ്പിച്ചിട്ടുണ്ട്. പ്രസ്തുത പോർട്ടൽ മുഖേനയാണ് ഇതുസംബന്ധിച്ച ഫയലുകൾ കൈകാര്യം ചെയ്തുവരുന്നത്. ഈ പോർട്ടൽ മുഖേന ജില്ലാ കളക്ടറേറ്റുകളിൽനിന്നും ധനകാര്യ വകുപ്പിലേയ്ക്ക് നേരിട്ട് ഫയൽ അയയ്ക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

## പ്രാദേശിക വികസന പദ്ധതി പ്രകാരം ഹരിപ്പാട് മണ്ഡലത്തിലെ സ്കൂളുകളിൽ കമ്പ്യൂട്ടറുകൾ

41 (4646) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിൽ എം.എൽ.എ. പ്രാദേശിക വികസന പദ്ധതി പ്രകാരം 2016-17, 2017-18 വർഷങ്ങളിലായി ഏതെല്ലാം സ്കൂളുകൾക്കാണ് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വിതരണം ചെയ്യുന്നതിന് ഭരണാനുമതി നൽകിയിട്ടുള്ളത്;

(ബി) ഇതിൽ ഏതെല്ലാം സ്കൂളുകൾക്ക് കമ്പ്യൂട്ടർ വിതരണം ചെയ്തിട്ടുണ്ട്; എത്ര സ്കൂളുകൾക്ക് ഇനി വിതരണം ചെയ്യാൻ ശേഷിക്കുന്നു; ഇവ വൈകുന്നതിന്റെ കാരണമെന്ത്;

(സി) ഇക്കാര്യത്തിൽ അനാവശ്യ കാലതാമസം നേരിടുന്നുണ്ടോ; ഇവ അടിയന്തരമായി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) കമ്പ്യൂട്ടറുകൾ യഥാസമയം ലഭിക്കാത്തതുമൂലം സ്കൂൾ വിദ്യാർത്ഥികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എം.എൽ.എ. പ്രാദേശിക വികസന ഫണ്ടിൽ നിന്നും അനുവദിക്കുന്ന കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും സംസ്ഥാന ഐ.ടി. മിഷൻ മുഖേനയോ കെൽട്രോൺ മുഖേനയോ കേന്ദ്രീകൃതമായ രീതിയിൽ കാലതാമസം കൂടാതെ സ്കൂളുകൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(എഫ്) എം.എൽ.എ. പ്രാദേശിക വികസന പദ്ധതി പ്രകാരം സ്കൂളുകൾക്ക് കമ്പ്യൂട്ടറുകൾ വിതരണം ചെയ്യുന്നതിന് നിലവിൽ അനുവർത്തിക്കേണ്ട മാനദണ്ഡങ്ങളും, മാർഗ്ഗനിർദ്ദേശങ്ങളും എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ പ്രത്യേക വികസന നിധിയിൽനിന്നും കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വിതരണം ചെയ്യുന്നതിന് ഭരണാനുമതി നൽകിയ സ്കൂളുകളുടെ 2016-17, 2017-18 വർഷങ്ങളിലെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) ഭരണാനുമതി നൽകിയ എല്ലാ സ്കൂളുകൾക്കും കമ്പ്യൂട്ടറുകൾ വിതരണം ചെയ്തിട്ടുണ്ട്.

(സി) കാലതാമസം ഇപ്പോൾ നേരിടുന്നില്ല. അടിയന്തര നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിരുന്നു.

(ഇ) സ്റ്റോർ പർച്ചേഴ്സ് മാന്വൽ പ്രകാരം കെൽട്രോൺ മുഖേന കേന്ദ്രീകൃത രീതിയിലാണ് ഇപ്പോൾ കമ്പ്യൂട്ടർ പർച്ചേസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളത്.

(എഫ്) സ്കൂളുകൾക്ക് കമ്പ്യൂട്ടറുകൾ വിതരണം ചെയ്യുന്നതിന് 6-1-2018-ലെ സ.ഉ.(സാധാ) നമ്പർ 97/2018/പൊ.വി.വ. പ്രകാരമുള്ള മാനദണ്ഡങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഹരിപ്പാട് മണ്ഡലത്തിൽ പ്രാദേശിക വികസന പദ്ധതികൾ പ്രകാരമുള്ള പ്രവൃത്തികൾ

42 (4647) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. പ്രാദേശിക വികസന പദ്ധതി പ്രകാരം ഹരിപ്പാട് മണ്ഡലത്തിൽ 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികളുടെയും ഇവയുടെ നിർവ്വഹണ പുരോഗതിയേയും സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം 2016-17, 2017-18 വർഷങ്ങളിൽ ശിപാർശ ചെയ്തിട്ടുള്ള ഏതെല്ലാം പ്രവൃത്തികൾക്കാണ് ഇനിയും ഭരണാനുമതി ലഭിക്കാനുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) അനുബന്ധമായി* ചേർക്കുന്നു.+

## സർവ്വകലാശാലകളുടെ ധന ഇടപാടുകൾ ട്രഷറി വഴി

43 (4648) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർവ്വകലാശാലകൾ കൈകാര്യം ചെയ്തിരുന്ന പദ്ധതിയേതര വിഹിതത്തിലെ ഇടപാടുകൾ നിയന്ത്രിക്കുന്നതിനും സർവ്വകലാശാലകളിലെ ധനവിനിമയത്തിലെ അപാകതകൾ നിയന്ത്രിക്കാനുമായി സർവ്വകലാശാലാ ധന ഇടപാടുകൾ ട്രഷറി വഴിയാക്കി ധനവകുപ്പ് ഉത്തരവു നൽകിയത് എന്നാണ് എന്നും അതിനുണ്ടായകാരണം എന്ത് എന്നും വ്യക്തമാക്കുമോ;

(ബി) സംസ്ഥാന സർവ്വകലാശാലകളിൽ ഏതെല്ലാം സർവ്വകലാശാലകൾ ധന ഇടപാടുകൾ ട്രഷറി വഴിയാക്കി എന്നും അല്ലാത്തവ ഏതെല്ലാം എന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത ധനവകുപ്പ് ഉത്തരവുകൾ പാലിക്കാത്ത സർവ്വകലാശാലകളുടെ പേരിൽ എന്തു നടപടി നാളിതുവരെ സ്വീകരിച്ചു എന്നും അവർ സമയബന്ധിതമായി ഉത്തരവു നടപ്പാക്കാൻ എന്തു നടപടികൾ സ്വീകരിച്ചു വരുന്നു എന്നും വ്യക്തമാക്കുമോ?

---

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ-സി) ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം (ഐ.എഫ്.എം.എസ്.) നടപ്പിലാക്കിയതിന്റെ ഭാഗമായി ബില്ലുകൾ തയ്യാറാക്കുന്നതിനുള്ള കേന്ദ്രീകൃത സംവിധാനവും റിസർവ്, ബാങ്കിന്റെ പേമെന്റ് പോർട്ടലായ ഇ-കുബേർ-മായുള്ള സംയോജനവും സംസ്ഥാന ട്രഷറിയിൽ ഏർപ്പെടുത്തി. അതിന്റെ ഫലമായി നിലവിൽ ബാങ്കുകളിൽ നടക്കുന്ന നൂതനമായ ഫണ്ട് കൈമാറ്റം ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ ട്രഷറികളിൽ ലഭ്യമാണ്. ടി പശ്ചാത്തലത്തിലും സർക്കാർ ഫണ്ടുകൾ ചെലവഴിക്കാതെ ബാങ്ക് അക്കൗണ്ടുകളിൽ അനാവശ്യമായി സൂക്ഷിക്കുന്ന പ്രവണതയ്ക്ക് വിരാമമിടുകയെന്ന ലക്ഷ്യത്തിലും സർക്കാർ വകുപ്പ്/പൊതുമേഖലാ സ്ഥാപനം/സ്വയംഭരണ സ്ഥാപനം/ ബോർഡ്/ കോർപ്പറേഷൻ/തദ്ദേശഭരണ സ്ഥാപനം/യൂണിവേഴ്സിറ്റി എന്നിവയുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് സർക്കാർ ഫണ്ട് മാറ്റുന്നതിന് 16-11-2017-ലെ സ.ഉ.(പി)നമ്പർ 147/2017/ധന ഉത്തരവ് മുഖേന നിയന്ത്രണം ഏർപ്പെടുത്തിയിരുന്നു. ഗുണഭോക്താവിന് പണം കൈമാറുന്നതിന് ടി നിയന്ത്രണം ബാധകമായിരുന്നില്ല. പൊതുപണം അതാത് സാമ്പത്തിക വർഷത്തിൽത്തന്നെ കാലതാമസം കൂടാതെ അർഹതപ്പെട്ട ഗുണഭോക്താക്കളിലെത്തിക്കുന്നതിനും നിലവിലെ ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിരുദ്ധമായി വർഷങ്ങളോളം സർക്കാർ ഫണ്ട് ചെലവഴിക്കാതെ സൂക്ഷിക്കുന്നത് നിരുത്സാഹപ്പെടുത്തുന്നതിനും വേണ്ടിയാണ് മേൽനടപടി കൈക്കൊണ്ടത്. മുകളിൽ പ്രതിപാദിച്ച നടപടിയല്ലാതെ സർവ്വകലാശാലകളുടെ സാമ്പത്തിക നിയന്ത്രണം ഏറ്റെടുക്കുകയോ, സർവ്വകലാശാലകൾക്ക് മാത്രമായി പ്രത്യേക സാമ്പത്തിക നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയോ ചെയ്തിട്ടില്ല. എന്നാൽ നോൺപ്ലാൻ ഗ്രാന്റ് സർവ്വകലാശാലകളുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് മാറ്റുന്നതിന് യാതൊരു നിയന്ത്രണവും ഇല്ല.

**ക്ഷാമബത്ത കുടിശ്ശിക**

44 (4649) ശ്രീ. സി. ദിവാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സർക്കാർ ജീവനക്കാർക്ക് എത്ര ശതമാനം ക്ഷാമബത്ത അനുവദിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ സർക്കാർ ജീവനക്കാർക്ക് ക്ഷാമബത്ത കുടിശ്ശികയുണ്ടോ; ഉണ്ടെങ്കിൽ എത്ര ശതമാനം എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 19-1-2017-ലെ G.O. (P) No. 6/2017/Fin. പ്രകാരം 3%-വും 26-4-2017-ലെ G.O. (P) No. 55/2017/Fin. പ്രകാരം 2%-വും ക്ഷാമബത്ത സംസ്ഥാന സർക്കാർ ജീവനക്കാർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി) കേന്ദ്ര സർക്കാർ 1-7-2017 പ്രാബല്യത്തിൽ പ്രഖ്യാപിച്ച ഒരു ശതമാനം ക്ഷാമബത്തയും 1-1-2018 പ്രാബല്യത്തിൽ പ്രഖ്യാപിച്ച രണ്ട് ശതമാനം ക്ഷാമബത്തയ്ക്ക് ആനുപാതികമായ ക്ഷാമബത്തയുമാണ് സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ഇനി അനുവദിച്ച് നൽകാനുള്ളത്. ഇതിൽ 1-1-2018 മുതൽ ഇന്ത്യാ ഗവൺമെന്റ് പ്രഖ്യാപിച്ച ക്ഷാമബത്തയുടെ മെമ്മോറാണ്ടം കേന്ദ്ര സർക്കാരിൽനിന്ന് ലഭിച്ചിട്ടില്ല.

**പങ്കാളിത്ത പെൻഷൻ പദ്ധതി**

45 (4650) ശ്രീ. എം. വിൻസെന്റ്:
ശ്രീ. അനിൽ അക്കര:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാർക്ക് ഏർപ്പെടുത്തിയിട്ടുള്ള പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിക്കുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതിനായി നിയമിച്ച കമ്മിറ്റിയിലെ അംഗങ്ങൾ ആരൊക്കെയാണ്;

(ബി) സംസ്ഥാനങ്ങൾക്ക് പദ്ധതി പിൻവലിക്കുന്നതിനായി സ്വയമേവ തീരുമാനം കൈക്കൊള്ളാവുന്നതാണെന്ന് കർണാടക സർക്കാരിന് കേന്ദ്രസർക്കാർ കത്ത് മുഖേന മറുപടി നൽകിയിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതിന്മേൽ തീരുമാനം എടുത്ത് സ്വന്തം നിലയിൽ പദ്ധതി പിൻവലിക്കാവുന്നതാണോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിനായി ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തുന്ന വിഷയം സർക്കാർ പരിഗണിച്ചുവരികയാണ്.

(ബി) ഇല്ല.

(സി) ബാധകമല്ല.

**പങ്കാളിത്ത പെൻഷൻ പദ്ധതി**

46 (4651) ശ്രീ. പി. കെ. ബഷീർ:

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പദ്ധതി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുനഃപരിശോധന നടത്തുകയുണ്ടായോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) കേന്ദ്രസർക്കാരിന്റെ പി.എഫ്.ആർ.ഡി.എ. നിയമമനുസരിച്ച് കേന്ദ്ര ജീവനക്കാർക്ക് നൽകുന്ന ഏതെല്ലാം ആനുകൂല്യങ്ങൾ സംസ്ഥാനത്ത് നടപ്പാക്കിയിരിക്കുന്ന പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട സംസ്ഥാന സർക്കാർ ജീവനക്കാർക്ക് നൽകുന്നുണ്ട്; വ്യക്തമാക്കുമോ;

(സി) പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട സർക്കാർ ജീവനക്കാർക്ക് കേന്ദ്രസർക്കാരും മറ്റ് സംസ്ഥാന സർക്കാരുകളും അനുവദിച്ച നല്കിയിട്ടുള്ള എന്തെല്ലാം ആനുകൂല്യങ്ങളാണ് സംസ്ഥാനത്ത് പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാർക്ക് നിഷേധിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; എങ്കിൽ ഡി.സി.ആർ.ജി. ഉൾപ്പെടെയുള്ള എല്ലാ ആനുകൂല്യങ്ങളും പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാർക്ക് കൂടി അടിയന്തരമായി അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിനായി ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തുന്ന വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) കേന്ദ്രസർക്കാരിന്റെ പി.എഫ്.ആർ.ഡി.എ. നിയമമനുസരിച്ച് കേന്ദ്ര ജീവനക്കാർക്ക് നൽകുന്ന ഏതെല്ലാം ആനുകൂല്യങ്ങളാണ് സംസ്ഥാനത്ത് നടപ്പാക്കിയിരിക്കുന്ന പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട സംസ്ഥാന സർക്കാർ ജീവനക്കാർക്ക് അനുവദിച്ചിട്ടില്ലാത്തത് എന്നത് സർക്കാർ പരിശോധിക്കുന്നതാണ്.

(സി) ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ച് ഒരു തീരുമാനം കൈക്കൊള്ളുന്നതാണ്.

## വിദ്യാഭ്യാസ ലോൺ തിരിച്ചടവ് ധനസഹായം

47 (4652) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ വിദ്യാഭ്യാസ ലോൺ തിരിച്ചടവിന് ധനസഹായം ലഭ്യമാക്കുന്നതിനായി ലഭിച്ച അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കുന്നതിന് ഇനിയും എത്ര നാൾ വേണ്ടി വരും എന്നാണ് കരുതുന്നത് ; വ്യക്തമാക്കാമോ ;

(ബി) ഈ പദ്ധതിക്ക് സമയബന്ധിതമായി അപേക്ഷ നൽകാൻ സാധിക്കാത്തവർക്ക് പുതുതായി അപേക്ഷകൾ നൽകുന്നതിനുള്ള അവസരം ഒരുക്കുന്നത് സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ; ഉണ്ടെങ്കിൽ ആയത് എന്നാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി പ്രകാരം ഓൺലൈൻ പോർട്ടലിലൂടെ ലഭിച്ചിട്ടുള്ള അപേക്ഷകൾ ബാങ്കുകൾ പരിശോധിച്ച് യോഗ്യമായവ ധനസഹായത്തിനായി സർക്കാരിന് ലഭ്യമാക്കുന്ന പ്രക്രിയ നടന്നുവരികയാണ്. സർക്കാരിൽ ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് യോഗ്യമായവയ്ക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള നടപടി പുരോഗമിക്കുകയാണ്. ബാങ്കുകളിൽ നിന്ന് എസ്.എൽ.ബി.സി. വഴി അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് ഘട്ടംഘട്ടമായി ധനസഹായം അനുവദിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ആദ്യഘട്ട ധനസഹായം അധികം വൈകാതെ അനുവദിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയിലേയ്ക്ക് അപേക്ഷ സമർപ്പിക്കുന്നതിന് അവസാന തീയതിയായി നിശ്ചയിച്ചിരുന്നത് 31-10-2017 ആണ്. വിദ്യാർത്ഥികൾക്ക് പാൻകാർഡ് ലഭിക്കുന്നതിന് കാലതാമസം നേരിടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 31-12-2017 വരെയും തുടർന്ന് 31-01-2018 വരെയും (രണ്ടു തവണ) നീട്ടിയിരുന്നു. ഇനിയും തീയതി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലില്ല.

## എകരൂൽ-കാപ്പിയിൽ-പൂവമ്പായി റോഡിന് അനുമതി

48 (4653) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഡ്ജറ്റിൽ ഇരുപത് ശതമാനം തുക അനുവദിക്കുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയാൽ ടെണ്ടർ നടപടിക്ക് മുൻപ് ധനകാര്യ വകുപ്പിന്റെ സ്പെഷ്യൽ സാംഗ്ഷൻ വാങ്ങേണ്ടതുണ്ടോ;

(ബി) 2017-18 വർഷത്തെ ബഡ്ജറ്റിൽ എസ്റ്റിമേറ്റിന്റെ ഇരുപത് ശതമാനം തുക അനുവദിച്ച എകരൂൽ-കാപ്പിയിൽ-പൂവമ്പായി റോഡിന് ധനകാര്യ വകുപ്പ് അനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്താണ് തടസ്സമെന്നറിയിക്കാമോ?

ഉത്തരം

(എ&ബി) ബാലുശ്ശേരി നിയോജകമണ്ഡലത്തിന്റെ പരിധിയിൽ വരുന്ന എകരൂൽ-കാപ്പിയിൽ-പൂവമ്പായി റോഡ് അഭിവൃദ്ധിപ്പെടുത്തുന്നതിന് 5 കോടി രൂപയുടെ എസ്റ്റിമേറ്റിന് അംഗീകാരം നൽകുന്നതിനാണ് ഭരണവകുപ്പ് ഫയൽ സമർപ്പിച്ചിരുന്നത്. പ്രസ്തുത പ്രവൃത്തിക്ക് സർക്കാർ ഉത്തരവ് G.O. (Rt) No. 1850/2017/PWD പ്രകാരം 5 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഭരണാനുമതി നൽകി പുറപ്പെടുവിച്ച ഉത്തരവിൽ ശീർഷകം പരാമർശിച്ചിട്ടില്ലാത്തതിനാൽ ടി പ്രവൃത്തിക്ക് അനുമതി ലഭ്യമാക്കുന്നതിന് അടുത്ത സാമ്പത്തിക വർഷത്തിൽ ഫയൽ പുനഃസമർപ്പിക്കുവാൻ ഭരണവകുപ്പിനോട് തെറ്റായിട്ടാണ് ആവശ്യപ്പെട്ടത്, ഇത് പുനഃപരിശോധിക്കുന്നതാണ്.

## തലശ്ശേരി ഗവൺമെന്റ് കോളേജിന്റെ വികസനത്തിന് വകയിരുത്തിയ തുക

49 (4654) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തലശ്ശേരി നിയോജകമണ്ഡലത്തിലെ തലശ്ശേരി ഗവൺമെന്റ് കോളേജിന്റെ (ചൊക്ലി) സമഗ്ര വികസനത്തിന് 2018-19 വർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ ആയത് എത്രയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

2018-19 വർഷത്തെ ബഡ്ജറ്റിൽ തലശ്ശേരി നിയോജകമണ്ഡലത്തിലെ തലശ്ശേരി ഗവൺമെന്റ് കോളേജ് (ചൊക്ലി)-യുടെ സമഗ്ര വികസനത്തിന് 20 കോടി രൂപയുടെ എസ്റ്റിമേറ്റ് പ്രകാരം 100 രൂപ ടോക്കൺ പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 2018-19-ൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി അനുവദിച്ച തുക

50 (4655) ശ്രീ. കെ. കൃഷ്ണൻകുട്ടി:
ശ്രീ. സി. കെ. നാണു:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-2019 കേന്ദ്ര ബഡ്ജറ്റിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി അനുവദിച്ചിട്ടുള്ള തുകയിൽ സംസ്ഥാനത്തെ പദ്ധതികൾക്കായി എത്ര രൂപ ലഭിക്കുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കുമോ;

(ബി) 2017-2018-ൽ അനുവദിച്ച തുകയിൽ നിലവിൽ ഓരോ പദ്ധതിക്കായി കേന്ദ്രത്തിൽ നിന്നും ലഭിക്കാനുള്ള തുക എത്രയാണ്; ലഭിച്ച തുക വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം കേന്ദ്ര സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടോ; ഏതൊക്കെ പദ്ധതികൾക്കാണ് സംസ്ഥാനവിഹിതം നല്കാനുള്ളത്; ഏതെല്ലാം പുതിയ പദ്ധതികളാണ് കേന്ദ്രത്തിൽ സമർപ്പിക്കാനുള്ളത്; വിശദമാക്കുമോ?

ഉത്തരം

(എ) കേന്ദ്രാവിഷ്കൃത പദ്ധതിയിനത്തിൽ, 2018-19-ലെ കേന്ദ്ര ബഡ്ജറ്റിൽ എല്ലാ സംസ്ഥാനങ്ങൾക്കുമായി 305517.12 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഓരോ സംസ്ഥാനത്തിനുമുള്ള വിഹിതം സംബന്ധിച്ചുള്ള വിവരം ഇപ്പോൾ ലഭ്യമല്ല.

(ബി) 2017-18-ൽ കേന്ദ്രാവിഷ്കൃത പദ്ധതി ഇനത്തിൽ ഓരോ പദ്ധതികൾക്കായി കേന്ദ്ര സർക്കാർ അംഗീകരിച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.* തുക വിനിയോഗിക്കുന്ന മുറയ്ക്ക് തന്നെ വിനിയോഗ സാക്ഷ്യപത്രം കേന്ദ്ര സർക്കാരിൽ സമർപ്പിക്കാറുണ്ട്.

കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് ഫണ്ട് അനുവദിക്കുന്ന മുറയ്ക്കുതന്നെ സംസ്ഥാന വിഹിതവും ചേർത്ത് ഫണ്ട് അനുവദിച്ച് നൽകാറുണ്ട്. സംസ്ഥാന വിഹിതം അനുവദിക്കുന്നതിനുള്ള ഒഴിവാക്കുന്നതിനായി നടപടിക്രമങ്ങൾ ലഘൂകരിച്ചുകൊണ്ട് 21-02-2017-യിലെ സ.ഉ.(പി) നമ്പർ 24/2017/ധന. പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

കേന്ദ്ര സർക്കാരിലേയ്ക്ക് സമർപ്പിക്കേണ്ട പുതിയ പദ്ധതികളെ സംബന്ധിച്ച വിവരങ്ങൾ വിവിധ വകുപ്പുകളിൽനിന്നും ശേഖരിച്ചുവരികയാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സാമൂഹ്യ സുരക്ഷാ പെൻഷനുകൾ

51 (4656) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യസുരക്ഷാ പെൻഷനുകൾ അർഹരായവർക്ക് മാത്രമേ ലഭിക്കുന്നുള്ളൂ എന്ന് ഉറപ്പ് വരുത്തുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) ഇതു സംബന്ധിച്ച സി ആൻഡ് എ.ജി.-യുടെ റിപ്പോർട്ടിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ;

(സി) സാമൂഹ്യ സുരക്ഷാ പെൻഷൻ വീടുകളിലെത്തിച്ച് നൽകുന്ന പദ്ധതി വിലയിരുത്തിയിട്ടുണ്ടോ; പ്രസ്തുത പദ്ധതിയെക്കുറിച്ച് എന്തെങ്കിലും ആക്ഷേപം ലഭിച്ചിട്ടുണ്ടോ; ഈ പദ്ധതിയുടെ നടത്തിപ്പിന് സർക്കാരിന് അധികമായി എന്ത് ബാധ്യതയാണുണ്ടാകുന്നത് ; വ്യക്തമാക്കുമോ?

ഉത്തരം

(എ) സാമൂഹ്യ സുരക്ഷാ പെൻഷന് അർഹരായവർക്ക് മാത്രമേ ലഭിക്കുന്നുള്ളൂ എന്ന് ഉറപ്പുവരുത്തുന്നതിലേയ്ക്ക് 22-1-2018-യിലെ എസ്.എഫ്.സി.ബി2/ 53/2017/ധന പ്രകാരം ഒരു പരിപത്രം പുറപ്പെടുവിച്ചിട്ടുണ്ട്. ഒരു ഗുണഭോക്താവ് മരണപ്പെടുകയോ വിധവാ പെൻഷൻ ഗുണഭോക്താവ് പുനർ വിവാഹം ചെയ്യുകയോ ആണെങ്കിൽ പ്രസ്തുത വിവരം പ്രാദേശിക സർക്കാരിൽ റിപ്പോർട്ട് ചെയ്താലുടൻ തന്നെ പ്രാദേശിക സർക്കാർ സെക്രട്ടറി പെൻഷൻ സസ്പെൻഡ് ചെയ്യണമെന്നും അത്തരത്തിൽ സസ്പെൻഡ് ചെയ്യാതെ തുടർന്നും പെൻഷൻ അനുവദിക്കുകയാണെങ്കിൽ അത് പ്രസ്തുത പ്രാദേശിക സർക്കാർ സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യത ആയിരിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇത്തരത്തിൽ സർക്കാരിനെ കബളിപ്പിച്ച് പെൻഷൻ വാങ്ങുകയാണെങ്കിൽ അത് മരണപ്പെട്ട ഗുണഭോക്താവിന്റെ അനന്തരാവകാശികളിൽനിന്നും പുനർ വിവാഹം ചെയ്ത വിധവാ പെൻഷൻ ഗുണഭോക്താവിൽനിന്നും തിരിച്ച് പിടിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. 16-11-2017-ലെ സ.ഉ.(എം.എസ്.) 483/2017/ധന. ഉത്തരവ് പ്രകാരം താഴെക്കൊടുത്തിരിക്കുന്ന നിബന്ധനകളും പുറപ്പെടുവിക്കുകയുണ്ടായി.

1. വിധവാ പെൻഷൻ ലഭിക്കുന്നവർ എല്ലാ വർഷവും ഡിസംബർ മാസം താൻ പുനർ വിവാഹം ചെയ്തിട്ടില്ല എന്ന് സ്വയം സാക്ഷ്യപ്പെടുത്തിയ ഒരു സാക്ഷ്യപത്രം ബന്ധപ്പെട്ട പ്രാദേശിക സർക്കാരിന്റെ സെക്രട്ടറിക്ക് നൽകേണ്ടതാണ്.

2. ബാങ്ക് വഴി പെൻഷൻ വാങ്ങുന്നവർ എല്ലാ വർഷവും ഡിസംബർ മാസം അക്ഷയ കേന്ദ്രങ്ങൾ വഴി മസ്റ്ററിംഗ് (mustering) നടത്തേണ്ടതാണ്.

3. ഒരു സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷ പ്രാദേശിക സർക്കാരിൽ ലഭിച്ചാൽ അതിന്മേൽ സമഗ്രമായ അന്വേഷണം നടത്തുന്ന ഉദ്യോഗസ്ഥൻ പ്രാദേശിക സർക്കാർ സെക്രട്ടറിക്ക് റിപ്പോർട്ട് നൽകിക്കഴിഞ്ഞ് സെക്രട്ടറി അതിന്മേൽ ക്രോസ് പരിശോധന നടത്തിയശേഷം മാത്രമേ അപേക്ഷ അംഗീകരിക്കാൻ പാടുള്ളൂ.

4. വില്ലേജ് ഓഫീസർ നൽകുന്ന വരുമാന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലും മറ്റു ഭൗതീക സാഹചര്യങ്ങളും പരിശോധിച്ച് അപേക്ഷകൻ യഥാർത്ഥത്തിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കാൻ അർഹനാണെന്ന് പ്രാദേശിക സർക്കാർ സെക്രട്ടറിക്ക് ബോധ്യമായാൽ മാത്രമേ മറ്റ് നടപടിക്രമങ്ങൾ പാലിച്ച് പെൻഷൻ അനുവദിക്കാൻ പാടുള്ളൂ.

5. അനർഹരായ വ്യക്തികൾക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുകയാണെങ്കിൽ അപേക്ഷകനെക്കുറിച്ച് പ്രാഥമിക അന്വേഷണം നടത്തിയ ഉദ്യോഗസ്ഥനും പ്രാദേശിക സർക്കാർ സെക്രട്ടറിയും സർക്കാരിന് സാമ്പത്തിക നഷ്ടം വരുത്തിയതിന് തുല്യ ബാധ്യസ്ഥരായിരിക്കും. ഇതുമായി ബന്ധപ്പെട്ട് സർക്കാരിന് ഉണ്ടാകുന്ന നഷ്ടം ബന്ധപ്പെട്ട ഉദ്യോസ്ഥരിൽനിന്ന് ഈടാക്കുന്നതാണ്.

6. ഇത്തരത്തിൽ സർക്കാരിനെ കബളിപ്പിച്ച് സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്ന വ്യക്തികളിൽനിന്ന് പ്രസ്തുത തുക നിയമാനുസരണം സമയബന്ധിതമായി തന്നെ ഈടാക്കുന്നതും, ഇത്തരക്കാർക്ക് ഭാവിയിൽ സർക്കാരിൽനിന്നും യാതൊരു വിധ ആനുകൂല്യങ്ങൾക്കും (സാമൂഹ്യ സുരക്ഷാ പെൻഷൻ ഉൾപ്പെടെ) അർഹത ഉണ്ടായിരിക്കുന്നതുമല്ല.

(ബി) ഇതുസംബന്ധിച്ച് ഒരു സർവ്വേ ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷൻ മുഖാന്തരം നടത്തി തുടർനടപടി സ്വീകരിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(സി) സാമൂഹ്യ സുരക്ഷാ പെൻഷൻ വീടുകളിലെത്തിച്ച് നൽകുന്ന പദ്ധതി വിലയിരുത്തിയിട്ടുണ്ട്. താറുമാറായിക്കിടന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം ചിട്ടപ്പെടുത്താൻ ഇതുവഴി സാധിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് ഏതാനും

പരാതികൾ ലഭിച്ചിട്ടുണ്ട്. സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താവിന്റെ വീട്ടിൽ കൊണ്ടുചെന്ന് നൽകുന്നതിലേയ്ക്ക് ഒരു ഗുണഭോക്താവിന് പെൻഷൻ വിതരണം ചെയ്യുന്നതിന് 50 രൂപ നിരക്കിൽ സർക്കാർ പ്രാഥമിക സഹകരണ സംഘങ്ങൾക്ക് നൽകുന്നുണ്ട്. 2017 സെപ്റ്റംബർ, ഒക്ടോബർ, നവംബർ മാസത്തിലെ പെൻഷൻ വിതരണം നടത്തിയ വകയിൽ 9.42 കോടി രൂപ സർക്കാരിന് ബാധ്യത വരുന്നതായി കണക്കാക്കിയിട്ടുണ്ട്.

## ക്ഷാമബത്ത കുടിശ്ശിക

52 (4657) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും പെൻഷൻകാർക്കും നൽകുവാനുള്ള ക്ഷാമബത്ത കുടിശ്ശിക എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) എന്ന് മുതലാണ് ഇപ്രകാരമുള്ള തുക കുടിശ്ശികയായതെന്ന് അറിയിക്കാമോ; പ്രസ്തുത കുടിശ്ശിക വിതരണം ചെയ്യുന്നതിന് എത്ര രൂപയുടെ ബാദ്ധ്യതയുണ്ടാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത് ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത ക്ഷാമബത്ത കുടിശ്ശിക എന്നേയ്ക്ക് വിതരണം ചെയ്യുമെന്ന് അറിയിക്കാമോ?

### ഉത്തരം

(എ) കേന്ദ്ര സർക്കാർ 1-7-2017 പ്രാബല്യത്തിൽ പ്രഖ്യാപിച്ച 1% ക്ഷാമബത്തയും 1-1-2018-ന്റെ പ്രാബല്യത്തിൽ പ്രഖ്യാപിച്ച 2% ക്ഷാമബത്തയ്ക്ക് ആനുപാതികമായ ക്ഷാമബത്തയുമാണ് സംസ്ഥാന സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും പെൻഷൻകാർക്കും അനുവദിച്ച് നൽകാനുള്ളത്. 1-1-2018 മുതൽ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച ക്ഷാമബത്തയുടെ മെമ്മോറാണ്ടം, കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമായിട്ടില്ല.

(ബി) 1-7-2017 മുതലുള്ള 1% ക്ഷാമബത്തയാണ് കുടിശ്ശിക ആയിട്ടുള്ളത്. 1-7-2017 മുതലുള്ള 1% ക്ഷാമബത്ത അനുവദിക്കുന്നതിന് വാർഷിക സാമ്പത്തിക ബാധ്യത 362.04 കോടി രൂപയാണെന്നാണ് കണക്കാക്കിയിരിക്കുന്നത്.

(സി) 1-7-2017 മുതലുള്ള 1% ക്ഷാമബത്ത അനുവദിക്കുന്നത് സംബന്ധിച്ച ഫയൽ സർക്കാരിന്റെ പരിഗണനയിലാണ്.

## ക്ഷേമ പെൻഷൻകാരുടെ വിവരങ്ങൾ ക്രോഡീകരിക്കാൻ ഭരണതലത്തിൽ സംവിധാനം

53 (4658) <u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരാൾക്ക് ഒന്നിലധികം ക്ഷേമ പെൻഷനുകൾ ലഭിക്കുന്നത് തടയാൻ ധനകാര്യ വകുപ്പ് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ക്ഷേമ പെൻഷൻകാരുടെ വിവരങ്ങൾ ക്രോഡീകരിക്കുവാൻ ഭരണതലത്തിൽ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ഉണ്ട് 6-2-2017-ലെ സ.ഉ.(എം.എസ്.) 67/2017/ധന പ്രകാരം 6-2-2017-ന് മുമ്പ് വരെ രണ്ടോ അതിലധികമോ പെൻഷൻ ലഭിച്ച് വന്നിരുന്നവർക്ക് ഒരു പെൻഷൻ ഉയർന്ന നിരക്കിലും രണ്ടാമതൊരു പെൻഷൻ 600 രൂപ നിരക്കിലും തുടർന്നും ലഭിക്കുന്നതിന് അർഹത ഉണ്ടായിരിക്കുമെന്നും 6-2-2017 മുതൽ ഒരാൾക്ക് ഒരു പെൻഷന് മാത്രമേ അർഹത ഉണ്ടായിരിക്കുകയുള്ളൂ എന്നും വ്യക്തമാക്കിയിട്ടുണ്ട്.

(ബി) ഉണ്ട്. സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ വിവരങ്ങളും ക്ഷേമനിധി ബോർഡ് പെൻഷൻ ഗുണഭോക്താക്കളുടെ വിവരങ്ങളും സേവന സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തി ക്രോഡീകരിക്കുന്നുണ്ട്.

## കഴിഞ്ഞ സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളുടെ തുക

54 (4659) <u>ശ്രീ. കെ. സി. ജോസഫ് :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ സാമ്പത്തിക വർഷത്തെ വരവ് ചെലവ് തുക ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ സാമ്പത്തികവർഷം സംസ്ഥാനത്തിന്റെ സമാഹൃത വിഭവങ്ങളിൽ വികസനത്തിനായി ചെലവഴിച്ചത് എത്ര കോടിരൂപ വീതമാണെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) 2016-17 സാമ്പത്തികവർഷത്തെ സംസ്ഥാനത്തിന്റെ വരവും ചെലവും സംബന്ധിച്ച യഥാർത്ഥ കണക്കുകൾ ചുവടെ ചേർക്കുന്നു:

(തുക കോടിയിൽ)

| ഇനം | തുക |
|---|---|
| റവന്യൂ വരവ് | |
| സംസ്ഥാന നികുതി വരുമാനം | 42176.38 |
| സംസ്ഥാന നികുതിയേതര വരുമാനം | 9699.98 |
| കേന്ദ്ര നികുതി വിഹിതം | 15225.02 |
| ഗ്രാന്റ്-ഇൻ-എയ്ഡ് | 8510.35 |
| ചെലവ് | |
| പദ്ധതിയേതര ചെലവ് | 79569.3 |
| പദ്ധതി ചെലവ് (കേന്ദ്രാവിഷ്കൃത പദ്ധതി ഉൾപ്പെടെ) | 22813.25 |

(ബി) 2016-17 സാമ്പത്തിക വർഷത്തിൽ 23993.55 കോടി രൂപയാണ് വികസന പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചത്.

**പി.എഫ്. ലോൺ എടുക്കാൻ സ്പാർക്കിൽ ഓപ്ഷൻ**

55 (4660) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂളുകളിൽ നിന്ന് നിയമസഭാ സാമാജികരുടെയും മന്ത്രിമാരുടെയും പേർസണൽ സ്റ്റാഫിലേയ്ക്ക് ഡെപ്യൂട്ടേഷനിൽ പ്രവേശിക്കുന്ന ജീവനക്കാരുടെ പി.എഫ്. ലോൺ എടുക്കുന്നതിന് നിലവിൽ സ്പാർക്കിൽ ഓപ്ഷൻ ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിഷയത്തിലുള്ള സാങ്കേതിക പ്രശ്നം പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) എയ്ഡഡ് സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പി.എഫ്. സംബന്ധമായ എല്ലാ നടപടിക്രമങ്ങളും ചെയ്യുന്നത് ഗെയിൻ പി.എഫ്. എന്ന സോഫ്റ്റ്‌വെയർ ആണ്. ഇതിലൂടെ ലഭിക്കുന്ന അനുമതി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ബിൽ പ്രോസസിംഗ് മാത്രമേ സ്പാർക്ക് സോഫ്റ്റ്‌വെയർ വഴി ചെയ്യുന്നുള്ളൂ. ഇതിനുള്ള ഓപ്ഷൻ സ്പാർക്കിൽ നിലവിൽ ലഭ്യമാണ്.

(ബി) ബാധകമല്ല.

## ശമ്പള സ്കെയിൽ അനുവദിച്ചതിൽ വിവേചനം

56 (4661) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ സർവ്വീസിൽ സമാനമായ അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയും ജോലിസ്വഭാവമുള്ള തസ്തികകളിൽ ശമ്പള സ്കെയിൽ അനുവദിച്ചതിൽ വിവേചനമുണ്ടായിട്ടുണ്ടോ; ഇക്കാര്യം പരിശോധിച്ചിട്ടുണ്ടോ; വിവേചനമുണ്ടെങ്കിൽ അത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ബി) റവന്യൂ വകുപ്പിലെ വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് തസ്തികയുടെ അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത, ജോലി സ്വഭാവം എന്നിവയുടെ അടിസ്ഥാനത്തിൽ സർക്കാർ സർവ്വീസിലുള്ള സമാന തസ്തികകൾ ഏതെല്ലാമാണ് ; അവയുടെ ശമ്പള സ്കെയിലുകൾ എത്ര; വിശദാംശം നൽകുമോ;

(സി) കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ നൽകിയ 30-11-2017-ലെ OA/1217/17 നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 518959/ARC-3/26(4) /17/ നമ്പറായി ധനവകുപ്പിൽ പരിഗണനയിലുള്ള ഫയലിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) ഇക്കാര്യത്തിൽ ജീവനക്കാർക്കനുകൂലമായി തീരുമാനമെടുക്കുന്നതിൽ എന്തെങ്കിലും സാങ്കേതിക പ്രശ്നങ്ങളുണ്ടോ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഒരേ വകുപ്പിൽ സമാനമായ അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയും ഒരേ ജോലി സ്വഭാവവുമുള്ള തസ്തികകൾക്ക് ശമ്പള സ്കെയിൽ അനുവദിച്ചതിൽ വിവേചനമുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത്തരത്തിലുള്ള വിവേചനങ്ങൾ ശ്രദ്ധയിൽപ്പെടുത്തുന്ന മുറയ്ക്ക് പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

(ബി) വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് തസ്തികയുടെ അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയുള്ള (SSLC) ജീവനക്കാർ മറ്റു വകുപ്പുകളിൽ ഉണ്ടെങ്കിലും അതേ ജോലി സ്വഭാവമുള്ള ഉദ്യോഗസ്ഥർ മറ്റു വകുപ്പുകളിൽ ഇല്ല.

(സി) ഇക്കാര്യം പരിശോധിച്ച് 8-3-2018-ലെ സ.ഉ. (സാധാ) 1743/2018/ധന. ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) വില്ലേജ് ഫീൽഡ് അസിസ്റ്റന്റിന്റെയും വില്ലേജ് അസിസ്റ്റന്റിന്റെയും ചുമതലകളിൽ ഗണ്യമായ വ്യത്യാസം നിലനിൽക്കുന്നതിനാൽ സമാന ശമ്പള സ്കെയിൽ അനുവദിച്ച് നൽകുവാൻ നിർവ്വാഹമില്ല.

## നികുതി സേവന ഉപദേശക യൂണിറ്റുകൾ

57 (4662) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നിലവിൽ വന്ന സാഹചര്യത്തിൽ ഉണ്ടായ നികുതി സംവിധാനത്തിന്റെ പോരായ്മകൾ പരിഹരിക്കുന്നതിനായി നികുതി സേവന ഉപദേശക യൂണിറ്റുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) വ്യാപാരികൾക്കും നിക്ഷേപകർക്കും ഇത്തരം യൂണിറ്റുകൾ ഏത് തരത്തിൽ പ്രയോജനപ്പെടുത്താമെന്നാണ് കരുതുന്നത്; വിശദമാക്കാമോ;

(സി) പ്രസ്തുത യൂണിറ്റുകൾ ആരംഭിക്കുമ്പോൾ ഉണ്ടാകുന്ന അധിക ബാധ്യത സംബന്ധിച്ച് വിശകലനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ-സി) ജി.എസ്.ടി.-യെ സംബന്ധിച്ച പൊതുജനങ്ങളുടെയും വ്യാപാരികളുടെയും സംശയ നിവാരണത്തിനായി സംസ്ഥാന ചരക്ക സേവന നികുതി വകുപ്പിന്റെ ഹെഡ്ക്വാർട്ടേഴ്സിലും എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ഫെസിലിറ്റേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതുകൂടാതെ വകുപ്പിന്റെ സംസ്ഥാനമൊട്ടാകെയുള്ള എല്ലാ ഓഫീസുകളിലും ഹെൽപ്പ് ഡെസ്കുകളും പ്രവർത്തിക്കുന്നുണ്ട്. 24 മണിക്കൂറും പ്രവർത്തിക്കുന്ന ജി.എസ്.ടി ഹെൽപ്പ് ഡെസ്കുകളുടെ ഫോൺ നമ്പറും ഇ-മെയിൽ അഡ്രസ്സും സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഇതുകൂടാതെ ജി.എസ്.ടി.-യുമായി ബന്ധപ്പെട്ട വിവിധ മേഖലകളിലെ പ്രശ്നങ്ങൾ വകുപ്പുമന്ത്രിയുടെയും ഉയർന്ന ഉദ്യോഗസ്ഥരുടേയും ശ്രദ്ധയിൽ കൊണ്ടുവരുന്നതിനായി വിവിധ മേഖലകളിലെ പ്രതിനിധികളേയും ഉന്നതോദ്യോഗസ്ഥരേയും ഉൾപ്പെടുത്തി ജി.എസ്.ടി. ഫെസിലിറ്റേഷൻ കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്.

## സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം

58 (4663) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017 ജനുവരി 1 മുതൽ ഡിസംബർ 31 വരെ ധനകാര്യ പരിശോധനാ വിഭാഗം നടത്തിയിട്ടുള്ള വാഹന പരിശോധനകളുടെ വിശദവിവരം നൽകുമോ;

(ബി) ഇങ്ങനെ നടത്തിയിട്ടുള്ള പരിശോധനകളിൽ എന്തെങ്കിലും ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ;

(സി) ക്രമക്കേടുകൾ കണ്ടെത്തിയിട്ടുള്ള വകുപ്പുകൾക്കും മറ്റുമെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2017 ജനുവരി 1 മുതൽ ഡിസംബർ 31 വരെ ധനകാര്യ പരിശോധനാ വിഭാഗം 23 വാഹന പരിശോധനകൾ നടത്തിയിട്ടുണ്ട്.

(ബി) ഉണ്ട്.

1. തൃശ്ശൂർ ജില്ലാ കുടുംബശ്രീ മിഷൻ കോ-ഓർഡിനേറ്റർ വാഹനം ദുരുപയോഗം ചെയ്തതായി കണ്ടെത്തിയതിനാൽ ടിയാനിൽ നിന്നും പിഴയീടാക്കുന്നതിനും വകുപ്പുതല നടപടിക്കും ശിപാർശ ചെയ്തിട്ടുണ്ട്.

2. വെള്ളനാട് ഗ്രാമപഞ്ചായത്തിന്റെ വാഹന ദുരുപയോഗം കണ്ടെത്തിയതിനാൽ ബാധ്യത നിർണ്ണയിച്ച് റിക്കവറി ശിപാർശ ചെയ്തിട്ടുണ്ട്.

3. കല്ലട ജലസേചന പദ്ധതിയുടെ തെന്മല സബ് ഡിവിഷനിലെ അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ വാഹനം ദുരുപയോഗം ചെയ്തതായി കണ്ടെത്തിയതിനാൽ ടിയാളിൽ നിന്നും പിഴയീടാക്കുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്.

4. വടക്കഞ്ചേരി ഫയർ &റസ്ക്യൂ സർവ്വീസ്സിലെ സ്റ്റേഷൻ ഓഫീസറും ഡ്രൈവറും അധികമായി കൈപ്പറ്റിയ യാത്രാബത്ത ടിയാന്മാരിൽനിന്നും ഈടാക്കി ട്രഷറിയിൽ അടയ്ക്കാൻ ശിപാർശ ചെയ്തിട്ടുണ്ട്.

5. തളിപ്പറമ്പ് ഫോറസ്റ്റ് റേഞ്ച് ഓഫീസിൽ ഇന്ധന ടാങ്കിന്റെ കപ്പാസിറ്റിക്ക് പുറത്ത് ഇന്ധനം നിറച്ച വകയിൽ സർക്കാരിനുണ്ടായ നഷ്ടം ഫോറസ്റ്റ് റേഞ്ച് ഓഫീസറിൽനിന്നും ടി വാഹനത്തിന്റെ ഡ്രൈവറിൽനിന്നും തുല്യമായി ഈടാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.

6. ആലപ്പുഴ ജനറൽ ആശുപത്രിയിലെ വാഹനം അനൗദ്യോഗിക ആവശ്യങ്ങൾക്ക് ഉപയോഗിച്ചതായി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ജനറൽ ആശുപത്രി സൂപ്രണ്ടിന്റെ പക്കൽനിന്നും പിഴയീടാക്കുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്.

7. വയനാട് റവന്യൂ വകുപ്പ് ഡെപ്യൂട്ടി കളക്ടറുടെ വാഹനം ദുരുപയോഗം ചെയ്തതായി കണ്ടെത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(സി) അംഗീകരിച്ച പരിശോധനാ റിപ്പോർട്ട് 24-2-2003 ലെ സ.ഉ.(കൈ) നമ്പർ 113/2003 ധന., 2-8-2008-ലെ 41/2008/ധന. നമ്പർ പരിപത്രം എന്നിവയുടെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നതിലേയ്ക്കായി ഭരണവകുപ്പുകൾക്ക് കൈമാറിയിട്ടുണ്ട്. ഭരണവകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

## കാരുണ്യ ബെനവലന്റ് ഫണ്ട് കാഷ് റീ-ഇംബേഴ്സ്മെന്റ്

59 (4664) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് ഫണ്ട് പാസ്സാക്കാൻ വൈകിയതുമൂലം തുക നേരിട്ടടച്ച് ഡിസ്ചാർജ്ജ് വാങ്ങി പോയവർക്ക് ഏത് പിരീഡ് വരെ കാഷ് റീ-ഇംബേഴ്സ്മെന്റ് ചെയ്ത് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ തുക സമയബന്ധിതമായി നൽകാൻ എന്താണ് തടസ്സമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2017 നവംബർ വരെയുള്ള കാലയളവിൽ ലഭിച്ച അപേക്ഷകളിൽ ആവശ്യമായ രേഖകളെല്ലാം ഹാജരാക്കിയവർക്ക് ചികിത്സാ ധനസഹായം റീ-ഇംബേഴ്സ്മെന്റായി അനുവദിച്ചിട്ടുണ്ട്.

(ബി) റീ-ഇംബേഴ്സ്മെന്റായി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ ആവശ്യമായ രേഖകൾ ലഭ്യമല്ലാത്തതിനാലാണ് റീ-ഇംബേഴ്സ്മെന്റ് തുക അനുവദിക്കാൻ കാലതാമസം ഉണ്ടാകുന്നത്. ആവശ്യമായ രേഖകൾ ആവശ്യപ്പെട്ട് അപേക്ഷകർക്ക് കത്ത് നൽകിയിട്ടുണ്ട്. രേഖകൾ ലഭിക്കുന്ന മുറയ്ക്ക് റീ-ഇംബേഴ്സ്മെന്റ് അപേക്ഷയിന്മേൽ തുക അനുവദിച്ച് നൽകി വരുന്നു.

## തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ

60 (4665) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് പെൻഷൻ കോൺട്രിബ്യൂഷൻ അടയ്ക്കേണ്ടതുണ്ടോ; എങ്കിൽ ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ത്രിതല ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവിടങ്ങളിലെ ജീവനക്കാർ ഇത്തരത്തിൽ പെൻഷൻ കോൺട്രിബ്യൂഷൻ അടയ്ക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) അന്യത്ര സേവന വ്യവസ്ഥയിൽ ജോലി ചെയ്യുന്ന സർക്കാർ ജീവനക്കാർക്ക് പെൻഷൻ കോൺട്രിബ്യൂഷൻ അടയ്ക്കേണ്ടതുണ്ടോ; നിലവിലെ സമ്പ്രദായം വിശദമാക്കാമോ;

(സി) ജനപ്രതിനിധികളുടെ പേഴ്സണൽ സ്റ്റാഫിൽ ജോലി ചെയ്യുന്ന തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് പെൻഷൻ കോൺട്രിബ്യൂഷൻ അടയ്ക്കേണ്ടതുണ്ടോ; ഉണ്ടെങ്കിൽ ഇതിനുള്ള നടപടി വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. പഞ്ചായത്ത് വകുപ്പിലെ ജീവനക്കാർ 3-12-1990-ലെ സ.ഉ. (കൈ) നമ്പർ 205/90/എൽ.എ.ഡി. എന്ന ഉത്തരവ് പ്രകാരവും മുനിസിപ്പൽ ജീവനക്കാർ 1996-ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങളിലെ ചട്ടം 7(2) പ്രകാരവുമാണ് പെൻഷൻ കോൺട്രിബ്യൂഷൻ അടയ്ക്കേണ്ടത്.

(ബി) ഉണ്ട്. കെ.എസ്.ആർ. ഭാഗം ഒന്ന്, ചട്ടം 146 പ്രകാരം അന്യത്ര സേവന വ്യവസ്ഥയിൽ ജോലി ചെയ്യുന്ന സർക്കാർ ജീവനക്കാരുടെ ശമ്പള സ്കെയിലിന്റെ മാക്സിമത്തിന്റെ 15% നിരക്കിൽ പ്രതിമാസ പെൻഷൻ കോൺട്രിബ്യൂഷൻ അടയ്ക്കേണ്ടതാണ്. ഇതിൽനിന്നും പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ (എൻ.പി.എസ്.) അംഗങ്ങളായ ഉദ്യോഗസ്ഥരെ ഒഴിവാക്കിയിട്ടുണ്ട്.

(സി) മുനിസിപ്പൽ കോമൺ സർവ്വീസിലെ ജീവനക്കാർ ജനപ്രതിനിധികളുടെ പേഴ്സണൽ സ്റ്റാഫിൽ ജോലി ചെയ്യുന്ന കാലയളവിൽ ടി ജീവനക്കാരുടെ ആകെ ശമ്പളത്തിന്റെ 15% പെൻഷൻ കോൺട്രിബ്യൂഷനായി സർക്കാർ അടയ്ക്കേണ്ടതാണ്. എന്നാൽ പഞ്ചായത്ത് വകുപ്പ് ജീവനക്കാർ ജനപ്രതിനിധികളുടെ പേഴ്സണൽ സ്റ്റാഫിൽ ജോലി ചെയ്യുന്ന കാലയളവിൽ പെൻഷൻ കോൺട്രിബ്യൂഷൻ അടയ്ക്കേണ്ടതില്ല.

## ഭരണ ചെലവും എസ്റ്റാബ്ലിഷ്മെന്റ് ചെലവും കുറയ്ക്കുന്നതിന് സ്വീകരിക്കുന്ന നടപടി

61 (4666) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u>:
<u>ശ്രീ. ജി. എസ്. ജയലാൽ</u>:
<u>ശ്രീ. ഇ. കെ. വിജയൻ</u>:
<u>ശ്രീ. വി. ആർ. സുനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ചെലവ് കുറയ്ക്കുന്നതിന്റെ ഭാഗമായി ഉദ്യോഗസ്ഥർക്ക് ഓദ്യോഗിക കൃത്യങ്ങൾ മുടക്കാതെ പരമാവധി ഓഫീസിൽ ഇരുന്നുകൊണ്ട് യോഗങ്ങളിൽ പങ്കെടുക്കാൻ സാധിക്കുന്ന തരത്തിൽ വീഡിയോ കോൺഫറൻസിംഗ് സംവിധാനം വ്യാപകമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) സർക്കാരിന്റെ ഭരണ ചെലവുകളും എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളും കുറയ്ക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(സി) വാഹന, ഇന്ധന ചെലവുകൾ കുറയ്ക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ഡി) കമ്മ്യൂണിക്കേഷൻ ചെലവുകൾ, സൽക്കാര ചെലവുകൾ, മറ്റ് ആഡംബര ചെലവുകൾ എന്നിവ കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇക്കാര്യം സർക്കാർ പരിഗണനയിലാണ്.

(ബി-ഡി) നിലവിലുള്ള വ്യയനിയന്ത്രണ ഉത്തരവുകൾ കർശനമായി പാലിച്ചുകൊണ്ടും ധൂർത്തും അനാവശ്യ ചെലവുകൾ ഒഴിവാക്കിയും ചെലവുകളിൽ മിതത്വം പുലർത്തിയുമുള്ള നടപടികളിലൂടെ സാമ്പത്തിക അച്ചടക്കം ഉറപ്പു വരുത്തുവാനായി ചുവടെ ചേർക്കുന്ന നിയന്ത്രണങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്:

1. അത്യന്താപേക്ഷിതമായ ഘട്ടങ്ങളിൽ വർക്ക് സ്റ്റഡി നടത്തിയതിനു ശേഷമേ തസ്തികകൾ സൃഷ്ടിക്കുകയുള്ളൂ. കൂടാതെ പുനർ വിന്യാസത്തിനുള്ള സാധ്യതകൾകൂടി പരിശോധിച്ച ശേഷമായിരിക്കും തസ്തികകൾ അനുവദിക്കുക.

2. നിലവിലുള്ള ഗ്രാൻഡ്-ഇൻ-എയ്ഡ് സ്ഥാപനങ്ങളുടെ പെർഫോമൻസ് ആഡിറ്റ് നടത്തുന്ന കാര്യം സർക്കാർ ഉദ്ദേശിക്കുന്നു. കർശനമായ പരിശോധനയ്ക്കുശേഷമേ ഇത്തരത്തിലുള്ള പുതിയ സ്ഥാപനങ്ങൾ അനുവദിക്കുകയുള്ളൂ.

3. സർക്കാർ വകുപ്പുകളിൽ വാഹനങ്ങളുടെ രജിസ്റ്ററുണ്ടാക്കി ഓരോ വർഷവും വാഹനങ്ങളുടെ എണ്ണം കുറയ്ക്കുന്നതിനാവശ്യമായ നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്. വാഹനം വാങ്ങാനുള്ള അനുമതി ഒഴിവാക്കാനാകാത്ത സന്ദർഭങ്ങളിലായി പരിമിതപ്പെടുത്തും. പതിനാല് ലക്ഷത്തിൽ കൂടുതൽ വിലയുള്ള കാറുകൾ നിരുത്സാഹപ്പെടുത്തും.

4. അത്യാവശ്യ സാഹചര്യത്തിൽ മാത്രമേ വിദേശ യാത്രകൾ അനുവദിക്കുകയുള്ളൂ. വീഡിയോ കോൺഫറൻസ് സംവിധാനം ഉപയോഗപ്പെടുത്തി യാത്രാ ചെലവുകൾ കുറയ്ക്കുന്നതിന് ക്രിയാത്മക നടപടി സ്വീകരിക്കുന്ന കാര്യം സർക്കാരിന്റെ ആലോചനയിലാണ്.

5. നിലവിലുള്ള ലാന്റ് ലൈൻ ടെലിഫോൺ കണക്ഷനുകളുടെ ചെലവുകൾ കുറയ്ക്കുവാനുതകുന്ന തരത്തിൽ ചെലവുകുറഞ്ഞ മൊബൈൽ കണക്ഷനുകളിലേയ്ക്ക് മാറുവാൻ നിർദ്ദേശം നൽകുന്നതാണ്.

## കഞ്ഞിപ്പുര-മൂടാൽ ബൈപ്പാസ് റോഡ് നിർമ്മിക്കുന്നതിന് നടപടി

62 (4667) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ കഞ്ഞിപ്പുര-മൂടാൽ ബൈപ്പാസ് റോഡ് നിർമ്മിക്കുന്നത് സംബന്ധിച്ച് ഫയലിൽ ധനകാര്യ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) കേരള വാട്ടർ അതോറിറ്റിയുടെ പൈപ്പുകൾ മാറ്റുന്നതിനായി പൊതുമരാമത്ത് വകുപ്പ് പ്രൊപ്പോസൽ ധനകാര്യ വകുപ്പിന് സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പൊതുമരാമത്ത് വകുപ്പ് സമർപ്പിച്ച പ്രൊപ്പോസൽ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) മലപ്പുറം ജില്ലയിലെ തിരുർ താലൂക്കിൽ കഞ്ഞിപ്പുര-മൂടാൽ ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് സ്ഥലമേറ്റെടുപ്പിനായി 23,64,05,975 രൂപ അധിക തുക അനുവദിക്കുന്നതിനാണ് ഭരണവകുപ്പ് ഫയൽ സമർപ്പിച്ചിരുന്നത്. സ്ഥലം ഏറ്റെടുക്കുന്നതിന് ആവശ്യപ്പെട്ട തുകയിൽ കേരള വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ, കെ.എസ്.ഇ.ബി. ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ് തുകകൾ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ, മൂടാൽ മുതൽ കഞ്ഞിപ്പുര വരെ കെ.എസ്.ഇ.ബി, കേരള വാട്ടർ അതോറിറ്റി യൂട്ടിലിറ്റി ഷിഫ്റ്റിംഗ് ചാർജിംഗിന് ആകെ വേണ്ടി വരുന്ന തുകയായ 1,63,71,000 രൂപയിൽ നിന്ന് കെ.എസ്.ഇ.ബി ഇലക്ട്രിക് പോസ്റ്റ് മാറ്റിസ്ഥാപിക്കുന്നതിന് 25,40,000 രൂപ 16-11-2016-ലെ സ.ഉ.(എം.എസ്.) നമ്പർ 1579/2016/PWD പ്രകാരം അനുവദിച്ചിട്ടുണ്ട്. ആയതിനാൽ ബാക്കി തുകയായ 1,38,31,000 രൂപയിൽനിന്ന് കേരള വാട്ടർ അതോറിറ്റി പൈപ്പ്ലൈൻ മാറ്റി സ്ഥാപിക്കുന്നതിന് 31,00,000 രൂപയുംകൂടി അടിയന്തരമായി അനുവദിക്കുന്നതിനാണ് ഭരണവകുപ്പ് ഫയൽ സമർപ്പിച്ചിരുന്നത് (PWD G3/129/2017/PWD). പ്രസ്തുത ഫയലിൽ ഭൂമി ഏറ്റെടുക്കുന്നതിലേക്കായി നാളിതുവരെ ഭരണാനുമതി നൽകിയ തുകയിലെ ചെലവ്, നിർമ്മാണത്തിന്റെ ഭൗതികവും സാമ്പത്തികവുമായ പുരോഗതി തുടങ്ങിയ വിശദാംശങ്ങളോടെ ഫയൽ ലഭ്യമാക്കാൻ ഭരണ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഭരണവകുപ്പ് മേൽ വിവരങ്ങൾ ലഭ്യമാക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണെന്ന് ധനവകുപ്പ് ഭരണ വകുപ്പിനെ അറിയിച്ചിട്ടുണ്ട്.

(ഡി) പകർപ്പ് ഉള്ളടക്കം ചെയ്യുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## തൊഴിലുറപ്പ് പദ്ധതിക്ക് ഫണ്ട് അനുവദിക്കുന്നതിനുണ്ടായ കാലതാമസം

63 (4668) ശ്രീ. കെ. എൻ. എ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പ് പദ്ധതിക്കായി കേന്ദ്രം 2018 ജനുവരി 9-ന് നൂറ് കോടി രൂപ നൽകിയിട്ടും ഇതിന് ആനുപാതികമായി സംസ്ഥാന ഫണ്ട് അനുവദിക്കുന്നതിന് ധനകാര്യവകുപ്പിൽ നിന്നും കാലതാമസം ഉണ്ടായിട്ടുണ്ടോ;

(ബി) 2018 ജനുവരി 12-നുള്ളിൽ സംസ്ഥാന ഫണ്ട് അനുവദിച്ചില്ലെങ്കിൽ പന്ത്രണ്ട് ശതമാനം നിരക്കിൽ പലിശ ഈടാക്കുന്നതിന് കേന്ദ്രം വ്യവസ്ഥ ചെയ്തിരുന്നോ; ധനകാര്യവകുപ്പിൽ നിന്ന് ഇപ്രകാരം പലിശ അടയ്ക്കേണ്ടി വന്നിട്ടുണ്ടോ;

(സി) ഫണ്ട് അനുവദിക്കുന്നതിനായി ഫയൽ എന്നാണ് ധനകാര്യവകുപ്പിന് നൽകിയതെന്നും ഫണ്ട് അനുവദിച്ചുകൊണ്ട് ധനകാര്യ വകുപ്പ് ഉത്തരവായതെന്നാണെന്നും അറിയിക്കുമോ; കാലതാമസം ഉണ്ടായിട്ടുണ്ടെങ്കിൽ അതിന് കാരണം വെളിപ്പെടുത്തുമോ;

### ഉത്തരം

(എ&ബി) ഇല്ല. 21-2-2017-ലെ ജി.ഒ.(പി) നമ്പർ 24/2017/ധന. ഉത്തരവ് പ്രകാരം കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള ഫണ്ട് അനുവദിക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കുന്നതിനായി കേന്ദ്രവിഹിതം ലഭിക്കുന്ന മുറയ്ക്ക് ആയത് സംസ്ഥാന വിഹിതവും ചേർത്ത് അനുവദിക്കുന്നതിന് ഭരണവകുപ്പിനെ തന്നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതനുസരിച്ച് 9-1-2018-ലെ കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ Sanction Order No. J-12020/02/2017-MGNREGAVIII (Part)SI No.91 പ്രകാരം കേന്ദ്ര സർക്കാർ തൊഴിലുറപ്പ് പദ്ധതിക്കായി അനുവദിച്ച ധനസഹായം റിലീസ് ചെയ്യുന്നതിനുള്ള MGNREGS മിഷൻ ഡയറക്ടറുടെ 12-1-2018-ലെ പ്രൊപ്പോസൽ, 13, 14, 15 തീയതികളിലെ പൊതു അവധികൾക്ക് ശേഷം 17-1-2018-ൽ തദ്ദേശസ്വയംഭരണ (ഡിഡി) വകുപ്പിൽ ലഭിച്ചു. 22-1-2018 -ൽ കേന്ദ്ര സഹായം ആനുപാതിക സംസ്ഥാന വിഹിതത്തോടൊപ്പം 22-1-2018-ലെ ജി.ഒ.(ആർ.റ്റി) നമ്പർ 203/2018/LSGD പ്രകാരം അനുവദിക്കുകയുണ്ടായി.

ഫണ്ട് ലഭിച്ച് മൂന്ന് ദിവസത്തിനുള്ളിൽ ആനുപാതിക സംസ്ഥാന വിഹിതത്തോടൊപ്പം കൈമാറണമെന്നും നിശ്ചിത ദിവസത്തിനുള്ളിൽ ഫണ്ട് റിലീസ് ചെയ്യുന്നില്ലെങ്കിൽ 12% നിരക്കിൽ പലിശ നൽകേണ്ടതാണെന്നും മേൽപ്പറഞ്ഞ Sanction Order-ൽ വ്യക്തമാക്കിയിട്ടുണ്ട്.

(സി) മേൽ മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

## ലൈബ്രറികൾക്ക് ആസ്തി വികസന ഫണ്ടിൽനിന്നും കമ്പ്യൂട്ടർ വാങ്ങുന്നതിന് അനുമതി

64 (4669) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലൈബ്രറി കൗൺസിൽ അംഗീകാരമുള്ള ലൈബ്രറികൾക്ക് എം.എൽ.എ. ഫണ്ടിൽ നിന്നും ആസ്തി വികസന ഫണ്ടിൽ നിന്നും കമ്പ്യൂട്ടർ, എൽ.സി.ഡി. പ്രൊജക്ടർ, വൈഫൈ, മൈക്ക് സെറ്റ് എന്നിവ മാത്രം വാങ്ങുന്നതിന് അനുവാദം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ലൈബ്രറികൾക്ക് ഡിജിറ്റൽ ലൈബ്രറി സെർവർ, റഫറൻസ് മൾട്ടിമീഡിയ സോഫ്റ്റ്‌വെയർ, ഇ-പുസ്തകങ്ങൾ, ടാബ്‌ലെറ്റ് പി. സി.- കൾ, പ്രിന്റർ, മിനി പി. സി.-കൾ, ഹെഡ്ഫോൺ വിത്ത് മൈക്ക്, വെബ് ക്യാമറ, യു.പി.എസ്. എന്നിവ കൂടി നൽകുന്നതിന് സർക്കാർ ഉത്തരവ് ഭേദഗതി ചെയ്യുന്ന കാര്യം സർക്കാർ പരിഗണിക്കുമോ;

(സി) പ്രസ്തുത സ്ഥാപനങ്ങൾക്ക് പുതിയതായി കമ്പ്യൂട്ടർ പോലുള്ള സാധനങ്ങൾ നൽകുമ്പോൾ മിനിമം ഒരു കമ്പ്യൂട്ടർ ടേബിളും ഒരു ചെയറും നൽകുന്നതിന് കൂടി എം.എൽ.എ. ഫണ്ടിൽ നിന്നും ആസ്തി വികസന ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിന് നിർദ്ദേശം നൽകാമോ; പ്രസ്തുത വിഷയങ്ങളിൽ ഏതെങ്കിലും നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ഡി) ആധുനിക സങ്കൽപത്തിലെ ലൈബ്രറികളായി നിലവിലെ സംവിധാനം മാറ്റുന്നതിന് മേൽപറഞ്ഞവ കൂടി ഉൾപ്പെടുത്തി ഉത്തരവ് പുതുക്കുന്നതിന് നടപടി സ്വീകരിക്കാമോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) 29-12-2017-ലെ സ.ഉ.(അ) നമ്പർ 161/2017/ധന. പ്രകാരം സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അംഗീകാരമുള്ള ലൈബ്രറികൾക്ക് കമ്പ്യൂട്ടറുകൾ, എൽ.സി.ഡി. പ്രൊജക്ടർ, വൈഫൈ, മൈക്ക് സെറ്റ് എന്നിവ എം.എൽ.എ. മാരുടെ പ്രത്യേക വികസന നിധിയിൽനിന്നും അനുവദിക്കാവുന്നതാണ്. ആസ്തി വികസന ഫണ്ടിൽനിന്നും ഈ പ്രവൃത്തി അനുവദനീയമല്ല.

(ബി) നിലവിൽ പരിഗണനയിലില്ല.

(സി) നിലവിൽ പരിഗണനയിലില്ല. നിവേദനങ്ങളൊന്നും ലഭിച്ചിട്ടില്ല.

(ഡി) നിലവിൽ പരിഗണനയിലില്ല.

## അമിതവില ഈടാക്കുന്ന സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദാക്കാൻ നടപടി

65 (4670) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജി.എസ്.ടി നടപ്പിലാക്കിയതിനുശേഷം ജി.എസ്.ടി കൗൺസിൽ പല സാധനങ്ങൾക്കും നികുതി നിരക്കിൽ കുറവ് വരുത്തിയിട്ടും കച്ചവടക്കാർ ഉപഭോക്താക്കൾക്ക് വിലയിൽ കുറവ് വരുത്തിയിട്ടില്ലെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ കുറവ് വരുത്താത്തതിന് ഏതെല്ലാം സ്ഥാപനങ്ങൾക്കെതിരെ നടപടി എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; വിശദമായ വിവരം ലഭ്യമാക്കുമോ;

(സി) അമിതവില ഈടാക്കുന്ന സ്ഥാപനങ്ങളുടെയും കച്ചവടക്കാരുടെയും ലൈസൻസ് റദ്ദാക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) നികുതിക്കുമേൽ നികുതി ഒഴിവാക്കി ഇൻപുട്ട് നികുതിയുടെ പൂർണ്ണ ആനുകൂല്യം ഉപഭോക്താവിന് കൈമാറണമെന്ന വ്യവസ്ഥയോടെയാണ് പുതിയ നികുതി നിയമം നടപ്പിലായതെങ്കിലും ഭൂരിപക്ഷം ഉല്പാദകരും മൊത്ത വ്യാപാരികളും ഈ ആനുകൂല്യം ഉപഭോക്താവിന് നൽകിയിട്ടില്ലെന്ന കാര്യം സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിനുള്ള പരിഹാരമായി നിയമത്തിൽ ആന്റീ പ്രോഫിറ്റീറിംഗ് അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. ജി.എസ്.ടി. നിയമത്തിലെ ആന്റീ പ്രോഫിറ്റീറിംഗ് വകുപ്പുപ്രകാരം പൊതുജനങ്ങളിൽ നിന്ന് പരാതിയൊന്നും ലഭിച്ചിട്ടില്ല. എന്നിരുന്നാലും നികുതി കുറവിന്റെ ആനുകൂല്യം ഉപഭോക്താവിന് കൈമാറുന്നുണ്ടോയെന്ന വിവരം ഫീൽഡ് സർവ്വേ വഴിയും ബിൽ

ശേഖരണം വഴിയും സംസ്ഥാനമൊട്ടുക്കും വിശദമായ പരിശോധന നടത്തുകയുണ്ടായി. അനുകൂല്യം കൈമാറാത്ത 335-ഓളം ഉല്പാദകരുടെയും വില്പനക്കാരുടെയും വിശദമായ വിവരങ്ങൾ സംസ്ഥാന സ്ക്രീനിംഗ് കമ്മിറ്റി വഴി കേന്ദ്ര ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. ഇതുകൂടാതെ സംസ്ഥാന ചരക്ക സേവന നികുതി വകുപ്പ് 2017 നവംബർ 15 -ന് പ്രാബല്യത്തിൽ വന്ന നികുതി നിരക്കിലെ കുറവിന്റെ ആനുകൂല്യം ഉപഭോക്താവിന് കൈമാറിയിട്ടുണ്ടോയെന്ന വിവരം ഫീൽഡ് സർവ്വേ വഴിയും ബിൽ ശേഖരണം വഴിയും സംസ്ഥാനമൊട്ടുക്കും വിശദമായ പരിശോധന നടത്തുകയുണ്ടായിട്ടുണ്ട്. ഇത്തരത്തിൽ ആനുകൂല്യം കൈമാറാത്ത നിർമ്മാതാക്കളുടെയും മൊത്ത വ്യാപാരികളുടെയും വിവരം ഉടൻതന്നെ കേന്ദ്ര ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റിക്ക് കൈമാറുന്നതാണ്.

(സി) ജി.എസ്.ടി.-യിൽ ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ ആനുകൂല്യം ഉപഭോക്താക്കൾക്ക് കൈമാറാത്ത വ്യാപാരികൾക്കെതിരെ നടപടി സ്വീകരിക്കുന്നതിന് കേന്ദ്ര ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റിക്ക് അധികാരമുണ്ട്. അമിതവില ഈടാക്കുന്ന സംഭവങ്ങളിൽ ലൈസൻസ് റദ്ദാക്കുന്നതിന് സംസ്ഥാന സർക്കാരിന് അധികാര പരിമിതികളുണ്ട്. ഇത്തരം പ്രശ്നങ്ങൾ ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റിയുടെ പരിഗണനയ്ക്ക് കൈമാറുകയാണ് ചെയ്യുന്നത്.

**സംസ്ഥാനത്തെ നികുതി കുടിശ്ശിക**

66 (4671) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017 ജൂലൈ ഒന്നിന് ജി.എസ്.ടി നടപ്പിലാക്കുന്നതിനു മുൻപ് സംസ്ഥാനത്ത് നികുതി ഇനത്തിൽ കുടിശ്ശിക എത്രയായിരുന്നു; ഇനം തിരിച്ച വിശദാംശങ്ങൾ നൽകാമോ ;

(ബി) ഇതിൽ ഇതുവരെ എത്ര രൂപ പിരിച്ചെടുക്കാൻ സാധിച്ചു എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

## ഇ-വേ ബിൽ

67 (4672) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് ചരക്ക് സേവന നികുതി നടപ്പാക്കിയതിനുശേഷം സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിലെ വർദ്ധനവ്/കുറവ്എത്ര ശതമാനമെന്ന് വ്യക്തമാക്കാമോ;

(ബി) ഇ-വേ ബിൽ യാഥാർത്ഥ്യമാകാത്തതുകൊണ്ട് ചരക്ക് നീക്കത്തിന് നിയന്ത്രണങ്ങളില്ലാതായെന്നത് ശരിയാണോ എന്ന് വ്യക്തമാക്കാമോ;

(സി) ഇ-വേ ബിൽ സംവിധാനം എപ്പോൾ നടപ്പിലാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) രാജ്യത്ത് ചരക്ക് സേവന നികുതി നടപ്പാക്കിയതിനുശേഷം സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിലെ വർദ്ധനവ് അനുബന്ധമായി* ചേർക്കുന്നു.

(ബി) ഇ-വേ ബിൽ നടപ്പിലാക്കുന്നതിനുണ്ടായ കാലതാമസം ഒരു പരിധിവരെ നികുതിവെട്ടിപ്പിന് കാരണമായിട്ടുണ്ട്. കേരളത്തിൽ പരീക്ഷണാടിസ്ഥാനത്തിൽ 12-1-2018 മുതൽ ഇ-വേ ബിൽ നടപ്പിലാക്കിയിട്ടുണ്ട്. ഇതിനെ തുടർന്ന് അന്തർ സംസ്ഥാന ചരക്കു നീക്കത്തിന്റെ കൃത്യമായ വിവരങ്ങൾ വിശദപരിശോധനയ്ക്ക് വിധേയമാക്കാൻ സംസ്ഥാനങ്ങൾക്ക് കഴിയും. ഇത് ഒരു പരിധിവരെ ചെക്ക്പോസ്റ്റ് സമ്പ്രദായം അവസാനിപ്പിച്ചതിനെ തുടർന്നുണ്ടായിട്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ സഹായിക്കും. ഇ-വേ ബില്ലിന്റെ സത്യസന്ധത ഉറപ്പുവരുത്തുന്നതിനായി ചെക്ക്പോസ്റ്റിൽ വിന്യസിച്ചിരുന്ന ഉദ്യോഗസ്ഥരെ പുനർ വിന്യസിച്ച് ഇന്റലിജൻസ് സ്ക്വാഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) കേരളത്തിൽ പരീക്ഷണാടിസ്ഥാനത്തിൽ 12-1-2018 മുതൽ ഇ-വേ ബിൽ നടപ്പിലാക്കിയിട്ടുണ്ട്. 10-3-2018-ൽ അവസാനമായി നടന്ന ജി.എസ്.ടി. കൗൺസിൽ മീറ്റിംഗിൽ അന്തർ സംസ്ഥാന ചരക്കു നീക്കത്തിന് 2018 ഏപ്രിൽ 1 മുതലും സംസ്ഥാനത്തിനകത്തുള്ള ചരക്കു നീക്കത്തിന് ഏപ്രിൽ 15-നകവും ഇ-വേ ബിൽ നിർബന്ധമാക്കുന്നതിന് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ജി.എസ്.ടി. നടപ്പാക്കിയശേഷം കണ്ടെത്തിയ നികുതി വെട്ടിപ്പ്

68 (4673) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജി.എസ്.ടി. നടപ്പാക്കിയശേഷം എത്ര തുകയുടെ നികുതി വെട്ടിപ്പ് നാളിതുവരെ കണ്ടെത്തി; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത നികുതി വെട്ടിപ്പ് കണ്ടെത്താനും തടയുവാനും ധന വകുപ്പ് സ്വീകരിച്ചു വരുന്ന നടപടിക്രമങ്ങൾ എന്തെല്ലാം;

(സി) ജി.എസ്.ടി. നടപ്പാക്കുന്നതിന്റെ ഭാഗമായി നിർത്തലാക്കിയ വിൽപ്പന നികുതി ചെക്ക്പോസ്റ്റുകൾ എത്ര എന്നും അവ ഏതെല്ലാം എന്നും അവയിൽ പ്രവർത്തിച്ചിരുന്ന ഉദ്യോഗസ്ഥ വിഭാഗം നിലവിൽ എന്തു പ്രവർത്തനങ്ങളിലാണ് ഏർപ്പെട്ടിരിക്കുന്നത് എന്നുമുള്ള വിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ധനവകുപ്പ് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. നികുതി വെട്ടിപ്പ് പിടികൂടുന്നതിനായി സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് ബില്ലുകൾ പരിശോധിക്കുകയും അവ ശേഖരിക്കുകയും ചെയ്യുന്നു. ഇന്റലിജൻസ് സ്ക്വാഡുകളിൽ കൂടുതൽ പേരെ വിന്യസിച്ച് പരിശോധന കാര്യക്ഷമമാക്കിയിട്ടുണ്ട്.

കൂടാതെ നികുതി വെട്ടിപ്പ് തടയുന്നതിന് വ്യാപാരികൾ ഫയൽ ചെയ്യുന്ന റിട്ടേൺ യഥാസമയം പരിശോധിക്കുകയും നികുതി ചോർച്ച ഇല്ലെന്ന് ഉറപ്പു വരുത്തുകയും ചെയ്യുന്നു. കൂടാതെ കടകളിൽ നേരിട്ട് ചെന്ന് ബില്ലുകൾ ശേഖരിക്കുകയും നികുതി അടയ്ക്കാൻ ബാദ്ധ്യസ്ഥരായവർ എല്ലാം തന്നെ രജിസ്ട്രേഷൻ എടുത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു. രജിസ്ട്രേഷൻ എടുക്കാൻ ബാധ്യസ്ഥരായ വ്യാപാരികളെ കണ്ടെത്തി രജിസ്ട്രേഷൻ എടുപ്പിക്കുന്നുണ്ട്. ബില്ലുകൾ കൊടുക്കാതെ ബിസിനസ്സ് നടത്തുന്നവരെ കണ്ടെത്തി അവരുടെ വിവരങ്ങൾ ഇന്റലിജൻസ് വിഭാഗത്തിന് കൈമാറുകയും അവർ കൂടുതൽ പരിശോധന നടത്തുകയും ചെയ്യുന്നു.

ഇ-വേ ബിൽ സമ്പ്രദായം നടപ്പിലാക്കുമ്പോൾ സംസ്ഥാനത്തിനകത്തേക്ക് വരുന്ന എല്ലാ ചരക്കുകളുടേയും വിശദാംശം ഓൺലൈൻ വഴി ലഭ്യമാണ്. ജി.എസ്.ടി. നിയമപ്രകാരം രജിസ്ട്രേഷൻ എടുത്ത വ്യാപാരികൾ തമ്മിലുള്ള ക്രയവിക്രയങ്ങൾ ജി.എസ്.ടി. പോർട്ടൽ മുഖേന ക്രോസ് ചെക്ക് ചെയ്ത് നികുതി വെട്ടിപ്പ് നടത്തുന്ന വ്യാപാരികളെ കണ്ടെത്തി നിയമ നടപടി സ്വീകരിക്കുന്നതാണ്.

അതിർത്തി പ്രദേശങ്ങളിൽ ചെക്ക്പോസ്റ്റുകൾ നിർത്തലാക്കിയ സാഹചര്യത്തിൽ ഇന്റലിജൻസ് വിഭാഗം അതീവ ജാഗ്രതാ നിരീക്ഷണം നടത്തി നികുതി വെട്ടിപ്പ് തടയുന്നതിന് കാര്യക്ഷമമായ നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ വാഹന പരിശോധന, ടെസ്റ്റ് പർച്ചേസ് തുടങ്ങിയവയിലൂടെയും നികുതി അടവ് ഉറപ്പ് വരുത്തുന്നതാണ്.

(സി) ജി.എസ്.ടി. നടപ്പിലാക്കുന്നതിന്റെ ഭാഗമായി നിർത്തലാക്കിയ വില്പന നികുതി ചെക്ക്പോസ്റ്റുകൾ 83 എണ്ണമാണ്. (ലിസ്റ്റ് അനുബന്ധമായി* ചേർക്കുന്നു) ചെക്ക്പോസ്റ്റുകളിൽ പ്രവർത്തിച്ചിരുന്ന ഉദ്യോഗസ്ഥ വിഭാഗത്തെ വിവിധ ഡെപ്യൂട്ടി കമ്മീഷണർമാരുടെ കീഴിലുള്ള കുടിശ്ശിക അസെസ്സ്മെന്റുകൾ പൂർത്തീകരിക്കുന്നതിനുവേണ്ടി പുനഃക്രമീകരിച്ചിരിക്കുന്നു.

## ജി.എസ്.ടി. നടപ്പാക്കിയതിനെ തുടർന്ന് നികുതി വകുപ്പ് ജീവനക്കാരുടെ പുനർവിന്യാസം

69 (4674) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നിലവിൽ വന്നതോടുകൂടി സംസ്ഥാനത്തെ എത്ര വാണിജ്യ നികുതി ചെക്ക്പോസ്റ്റുകൾ അടച്ചു പൂട്ടിയിട്ടുണ്ട്; ഓരോ ചെക്ക് പോസ്റ്റുകളിലും എത്ര ജീവനക്കാരെയായിരുന്നു ജോലിക്ക് നിയോഗിച്ചിരുന്നത്; വിശദാംശം നൽകുമോ;

(ബി) വാണിജ്യ നികുതി ചെക്ക്പോസ്റ്റുകൾ അടച്ചു പൂട്ടുക വഴി അധികം വരുന്ന ജീവനക്കാരെ മറ്റു വകുപ്പുകളിലേയ്ക്ക് പുനർവിന്യാസം ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ജി.എസ്.ടി. വകുപ്പ് നിലവിൽ വന്നതോടുകൂടി നികുതി വകുപ്പിലെ ജോലി ഭാരം കുറഞ്ഞിട്ടുണ്ട് എന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ജി.എസ്.ടി. നിലവിൽ വന്നതോടുകൂടി നിലവിലുണ്ടായിരുന്ന 83 ചെക്ക് പോസ്റ്റുകൾ അടച്ചുപൂട്ടിയിട്ടുണ്ട്. അതിൽ 44 ചെക്ക്പോസ്റ്റുകളിൽ മാത്രമാണ് അംഗീകൃത തസ്തികകൾ ഉണ്ടായിരുന്നത്. അവയുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) അധികം വരുന്ന ജീവനക്കാരെ മറ്റു വകുപ്പുകളിലേയ്ക്ക് പുനർവിന്യാസം ചെയ്യുവാൻ നിലവിൽ ഉദ്ദേശിക്കുന്നില്ല. ഈ ചെക്ക്പോസ്റ്റുകളിലെ അനുവദിക്കപ്പെട്ടിരുന്ന തസ്തികകൾ പൂർണ്ണമായും വകുപ്പിന്റെ തന്നെ വിവിധ ജില്ലാ ഓഫീസുകളിലേയ്ക്ക് പുനർവിന്യാസിച്ചിട്ടുള്ളതും, വർദ്ധിപ്പിച്ച ഇന്റലിജൻസ്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സർവൈലൻസ് സ്ക്വാഡുകളിലേയ്ക്കും പഴയ വാറ്റ് അസെസ്സ്മെന്റ് ഫയലുകൾ തീർപ്പാക്കുന്നതിലേയ്ക്കും ഉദ്യോഗസ്ഥരുടെ സേവനം ആവശ്യമായതിനാൽ ടി ഉദ്യോഗസ്ഥരെ പ്രസ്തുത വിഭാഗങ്ങളിലേയ്ക്ക് വിന്യസിച്ച് ചുമതലകൾ നൽകിയിട്ടുണ്ട്.

(സി) ജി.എസ്.ടി.-യുമായി ബന്ധപ്പെട്ട സോഫ്റ്റ്‌വെയർ പൂർണ്ണമായും പ്രവർത്തനക്ഷമമാകാത്തതും ജി.എസ്.ടി. നിയമപ്രകാരം ചെക്ക്പോസ്റ്റുകൾക്ക് സാധുത ഇല്ലാത്തതിനാൽ അവ ഒഴിവാക്കപ്പെട്ടിട്ടുള്ളതും ഇതിനെത്തുടർന്ന് നിലവിൽ വരുമെന്ന് പറഞ്ഞിരുന്ന ഇ-വേ ബിൽ നിലവിൽ വരാത്തതിനാലും വകുപ്പിന്റെ ജോലിഭാരത്തിൽ കുറവുണ്ടായിട്ടില്ല. ചെക്ക്പോസ്റ്റുകൾ നിർത്തലാക്കിയതുകൊണ്ട് മറ്റു സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേയ്ക്ക് കൊണ്ടുവരുന്ന സാധനങ്ങളുടെ പരിശോധന കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കേണ്ട സാഹചര്യമാണ് നിലവിലുള്ളത്. സംസ്ഥാന അതിർത്തി മേഖലകളിൽ നികുതി വെട്ടിച്ച് ചരക്കുനീക്കം തടയുന്നതിനായി കർശന നിരീക്ഷണത്തിനും പരിശോധനയ്ക്കുമായി കൂടുതൽ ഇന്റലിജൻസ് സ്ക്വാഡുകളെ 24 മണിക്കൂറും നിരീക്ഷണത്തിനായി നിയോഗിച്ചിട്ടുണ്ട്. പുതിയ സേവന മേഖലകളിൽ ഉൾപ്പെടെ പരിശോധന നടത്തി ജി.എസ്.ടി. രജിസ്ട്രേഷൻ നിർബന്ധമായ കേസ്സുകളിൽ രജിസ്ട്രേഷൻ എടുപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുണ്ട്. ജി.എസ്.ടി.യിൽ സർവ്വീസ് മേഖലകൂടി വരുന്നതിനാൽ ആയതുമായി ബന്ധപ്പെട്ട നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ അന്വേഷണങ്ങളും തുടർ നടപടികളും നടത്തേണ്ടതുണ്ട്. കൂടാതെ വാറ്റ് കാലഘട്ടത്തെ പരിശോധനാ ഫയലുകൾ (സി.ആർ./ഒ.ആർ.) സമയബന്ധിതമായി തീർപ്പാക്കി കൊണ്ടിരിക്കുന്നതിനാൽ വകുപ്പിന്റെ ജോലി ഭാരം സംബന്ധിച്ച് വിശകലനം ചെയ്യേണ്ട സമയമായിട്ടില്ല എന്ന് കണക്കാക്കുന്നു.

**ചരക്ക് സേവന നികുതി വകുപ്പിലെ സാങ്കേതിക സംവിധാനം**

70 (4675) ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. മുഹമ്മദ് മുഹസിൻ പി.:
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരക്ക് സേവന നികുതി നിയമം നടപ്പിൽ വന്നതിനുശേഷം പരോക്ഷ നികുതി ഇനത്തിൽ നാളിതുവരെ സംസ്ഥാനത്തിന് എത്ര നഷ്ടം വന്നിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിയമംമൂലം ജി. എസ്.ടി. വകുപ്പിൽ ജീവനക്കാരുടെ എണ്ണം കുറയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) ചരക്ക് സേവന നികുതി വകുപ്പിലെ സാങ്കേതിക സംവിധാനം പരിഷ്ക്കരിക്കുന്ന നടപടി പൂർത്തിയായിട്ടുണ്ടോ; എങ്കിൽ ആയതിന് എത്ര തുക ചെലവാക്കിയെന്നറിയിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിൽ ജി.എസ്.ടി. നിയമം നടപ്പിൽ വന്നതിനുശേഷം പരോക്ഷ നികുതി ഇനത്തിൽ കുറവ് വന്നിട്ടില്ല.

(ബി) നിലവിൽ ഉദ്ദേശിക്കുന്നില്ല.

(സി) KVATIS Server-കൾ മാറ്റി പുതിയവ സ്ഥാപിച്ച് കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി പൂർത്തീകരിച്ചു. ഇതിനോടൊപ്പം സിസ്റ്റം മുഖേനയുള്ള റിട്ടേൺ സ്ക്രൂട്ടിണി സോഫ്റ്റ്‌വെയർ വികസിപ്പിച്ച് പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കി. ഈ പദ്ധതികൾക്കായി 14.61 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ ജി.എസ്.ടി. നടപ്പിലാക്കുന്നതിന്റെ ഭാഗമായി back end സോഫ്റ്റ്‌വെയർ നിർമ്മാണം പുരോഗമിക്കുന്നു. ഇതിനാവശ്യമായ സാങ്കേതിക സഹായം NIC നൽകിവരുന്നു.

**നികുതി പിരിവിലുണ്ടായ വർദ്ധനവ്**

71 (4676) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നികുതി പിരിവിൽ വർദ്ധനവുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കേന്ദ്ര സർക്കാർ നയംമൂലമുണ്ടായ നോട്ട് പ്രതിസന്ധി ഇക്കാര്യത്തിൽ എത്ര മാത്രം തടസ്സങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്; വിശദീകരിക്കാമോ;

(സി) ജി. എസ്. ടി. നടപ്പാക്കിയതിനുശേഷം സംസ്ഥാനത്തെ നികുതി വരുമാനത്തിൽ വന്നിട്ടുള്ള മാറ്റങ്ങൾ എന്തെല്ലാമാണ്; വിശദാംശം വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നികുതിപിരിവിൽ 2016-17 സാമ്പത്തിക വർഷത്തിൽ 2886.29 കോടി രൂപയുടെയും 2017-18 -ൽ 28-2-2018 വരെ ജി.എസ്.ടി. കോമ്പൻസേഷൻ ഉൾപ്പെടെ 2201.47 കോടി രൂപയുടെയും വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2017-18-ൽ ജി.എസ്.ടി. കോമ്പൻസേഷൻ

ഇനത്തിൽ ലഭിക്കേണ്ട രണ്ട് ഗഡുവും (നവംബർ-ഡിസംബർ, ജനുവരി-ഫെബ്രുവരി മാസങ്ങളിലേത്) ഐ.ജി.എസ്.ടി. ഇനത്തിൽ ഫെബ്രുവരി മാസത്തിൽ ലഭിക്കേണ്ട തുകയും ഇതുവരെ ലഭിച്ചിട്ടില്ല.

(ബി&സി) 2016 നവംബർ മുതൽ നോട്ട് നിരോധനം വന്നതും 1-7-2017 മുതൽ വേണ്ടത്ര മുന്നൊരുക്കവുമില്ലാതെ ജി.എസ്.ടി. നടപ്പിലാക്കിയതും സംസ്ഥാനത്തിന്റെ നികുതി വരുമാനത്തെ പ്രതികൂലമായി ബാധിച്ചു. 1-7-2017 മുതൽ ജി.എസ്.ടി. നടപ്പിലാക്കിയപ്പോൾ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് വരുമാനം ഗണ്യമായി വർദ്ധിക്കുമെന്ന് പ്രതീക്ഷിച്ചിരുന്നെങ്കിലും അത്തരത്തിലുള്ള വർദ്ധനവ് ഉണ്ടായില്ല. 1-7-2017 മുതൽ സംസ്ഥാനത്ത് ജി.എസ്.ടി. നടപ്പിലാക്കിയെങ്കിലും, ജി.എസ്.ടി. സോഫ്റ്റ്‌വെയർ പൂർണ്ണമായും പ്രവർത്തന ക്ഷമമാകാത്തതിനാൽ നിയമത്തിൽ അനുശാസിച്ചത് പ്രകാരമുള്ള പൂർണ്ണമായ റിട്ടേൺ ഫയൽ ചെയ്യുന്നതിന് കാലതാമസം നേരിടുന്നു. കേരളത്തിൽ മൊത്തം വാറ്റ് നികുതി പിരിവിന്റെ 70 ശതമാനത്തോളം, 14.5 ശതമാനം നിരക്കിലുള്ള കമ്മോഡിറ്റികളിൽ നിന്നുമായിരുന്നു. ജി.എസ്.ടി. നടപ്പിലായപ്പോൾ റവന്യൂ ന്യൂട്രൽ റേറ്റ് 28 ശതമാനമായി നിശ്ചയിച്ചുവെങ്കിലും ഭൂരിഭാഗം ചരക്കുകൾക്കും പിന്നീട് 18 ശതമാനമായി കുറച്ചു. ഇതിനെതുടർന്ന് സംസ്ഥാനത്തിന് കിട്ടുന്ന നികുതി വിഹിതം 9 ശതമാനമായി കുറഞ്ഞു, കൂടാതെ അന്തർ സംസ്ഥാന ചരക്ക് കൈമാറ്റത്തിന് നൽകിയ ഐ.ജി.എസ്.ടി., എസ്.ജി.എസ്.ടി. അടയ്ക്കുന്നതിനായി അതിന്റെ ക്രെഡിറ്റ് ഉപയോഗിക്കുമ്പോൾ ആ ക്രെഡിറ്റ് പൂർണ്ണമായും സംസ്ഥാനത്തിന് അടുത്ത മാസം ലഭിക്കേണ്ടതാണ്. എന്നാൽ നികുതി റിട്ടേണിന്റെ മുഴുവൻ വിശദാംശങ്ങൾ ലഭിക്കുന്ന ജി.എസ്.ടി.എൻ. സോഫ്റ്റ്‌വെയർ പൂർണ്ണമായിട്ടില്ലാത്തതിനാൽ വിവരങ്ങൾ ലഭ്യമാകുന്നില്ല. ഇതും പ്രധാനമായും ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന്റെ നികുതി പിരിവിനെ സാരമായി ബാധിച്ചിട്ടുണ്ട്.

## ഇ-വേ ബിൽ പദ്ധതി

72 (4677) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അന്തർ സംസ്ഥാന ചെക്ക്പോസ്റ്റുകളിൽ നികുതി പിരിവ് അവസാനിപ്പിക്കുകയും, ഇ-വേ ബിൽ പദ്ധതി നടപ്പാക്കാതിരിക്കുകയും ചെയ്യുന്നതുമൂലം ഗണ്യമായ രീതിയിൽ നികുതി ചോർച്ച സംഭവിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് പരിഹാരമായി സർക്കാർ ചെയ്യാൻ ഉദ്ദേശിക്കുന്ന ചെയ്യുന്ന കാര്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

ജി.എസ്.ടി. നടപ്പിലായതിനെത്തുടർന്ന് ചെക്ക്പോസ്റ്റ് സമ്പ്രദായം നിർത്തലാക്കുകയുണ്ടായി. ജി.എസ്.ടി നടപ്പിലാക്കുന്ന മുറയ്ക്ക് രാജ്യത്തൊട്ടാകെയുള്ള ചരക്കുകളുടെ നീക്കം ഇ-വേ ബിൽ എന്ന ഓൺലൈൻ ഡിക്ലറേഷന്റെ അടിസ്ഥാനത്തിലായിരിക്കുമെന്ന ധാരണയിലാണ് കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങൾ ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം നിർത്തലാക്കിക്കൊണ്ടുള്ള നിയമം നടപ്പിലാക്കിയത്. ഇ-വേ ബിൽ നടപ്പിലാക്കുന്നതിന് കാലതാമസം നേരിട്ടതിനാൽ കേരളം ജി.എസ്.ടി. കൗൺസിലിൽ ചർച്ച ചെയ്തശേഷം സ്വന്തമായി കേരള സംസ്ഥാന ചരക്ക്സേവന നികുതി ചട്ടം 138 പ്രകാരം അന്തർ സംസ്ഥാന ചരക്കുനീക്കത്തിന് മൂന്ന് വിഭാഗങ്ങളിലായി KER1, KER2, KER3 ഫോമുകൾ നിർബന്ധമാക്കി. ഇതിനെതിരായി പല കേസ്സുകളും ഹൈക്കോടതിയിൽ ഫയൽ ചെയ്യപ്പെട്ടു. അന്തർ സംസ്ഥാന ചരക്കുനീക്കം IGST നിയമപ്രകാരം ആയതിനാൽ സംസ്ഥാനത്തിന് പ്രത്യേകമായി ഫോമുകൾ നിഷ്കർഷിക്കാൻ അവകാശമില്ല എന്ന കാരണത്താൽ KER ഫോമുകൾ നിർബന്ധമാക്കുന്നതിനെതിരായി കോടതി വിധികളുണ്ടായി. ഇ-വേ ബിൽ നടപ്പിലാക്കുന്നതിനുണ്ടായ കാലതാമസം ഒരു പരിധിവരെ നികുതി വെട്ടിപ്പിന് കാരണമായിട്ടുണ്ടെന്ന് അനുമാനിക്കുന്നു.

ഇ-വേ ബിൽ നടപ്പിലാക്കുന്നതിന് കാലതാമസം ഉണ്ടായതിലുള്ള കടുത്ത ആശങ്ക കേരളത്തെപോലെയുള്ള ഉപഭോക്തൃ സംസ്ഥാനങ്ങൾ ജി.എസ്.ടി. കൗൺസിലിൽ ശക്തമായി ഉന്നയിച്ചതിനെതുടർന്ന് 1-2-2018 മുതൽ ഇന്ത്യയിലൊട്ടാകെ അന്തർ സംസ്ഥാന ചരക്കുനീക്കത്തിന് ഇ-വേ ബിൽ സമ്പ്രദായം നടപ്പിലാക്കി കേന്ദ്ര ചട്ടം നിലവിൽ വന്നിട്ടുണ്ടായിരുന്നു. എന്നാൽ ഇ-വേ ബില്ലിന്റെ സോഫ്റ്റ്വെയറിൽ സാങ്കേതിക പ്രശ്നങ്ങളുണ്ടായതിനെതുടർന്ന് വ്യാപാരികൾക്ക് ഇ-വേ ബിൽ എടുക്കാൻ കഴിയാത്ത സാഹചര്യമുണ്ടായി. ഇതിനെത്തുടർന്ന് ഫെബ്രുവരി 2-ന് കേന്ദ്ര സർക്കാർ ഇ-വേ ബിൽ നിർബന്ധമല്ലാതാക്കിക്കൊണ്ടുള്ള വിജ്ഞാപനം പുറപ്പെടുവിച്ചു. കേരളത്തിൽ പരീക്ഷണാടിസ്ഥാനത്തിൽ 12-1-2018 മുതൽ ഇ-വേ ബിൽ നടപ്പിലാക്കിയിട്ടുണ്ട്.

ഇതിനെതുടർന്ന് അന്തർ സംസ്ഥാന ചരക്കുനീക്കത്തിന്റെ കൃത്യമായ വിവരങ്ങൾ വിശദ പരിശോധനയ്ക്ക് വിധേയമാക്കാൻ സംസ്ഥാനങ്ങൾക്ക് കഴിയും. ഇത് ഒരു പരിധിവരെ ചെക്ക്പോസ്റ്റ് സമ്പ്രദായം അവസാനിപ്പിച്ചതിനെ തുടർന്നുണ്ടായിട്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ സഹായിക്കും.

ഇ-വേ ബില്ലിന്റെ സത്യസന്ധത ഉറപ്പുവരുത്തുന്നതിനായി ചെക്ക്പോസ്റ്റിൽ വിന്യസിച്ചിരുന്ന ഉദ്യോഗസ്ഥരെ പുനർവിന്യസിച്ച് ഇന്റലിജൻസ് സ്ക്വാഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കള്ളക്കടത്തും നികുതി വെട്ടിച്ചുള്ള ചരക്കുനീക്കവും കൂടുതൽ ഫലപ്രദമായി നിയന്ത്രിക്കുന്നതിനായി സംസ്ഥാനത്തിന്റെ പ്രധാന അതിർത്തികളിൽ സംസ്ഥാന സർക്കാർ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യപടിയായി പാലക്കാട് ജില്ലയിലെ പ്രധാന പോയിന്റുകളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള നടപടി ആരംഭഘട്ടത്തിലാണ്.

10-3-2018-ൽ അവസാനമായി നടന്ന ജി.എസ്.ടി. കൗൺസിൽ മീറ്റിംഗിൽ അന്തർ സംസ്ഥാന ചരക്കുനീക്കത്തിന് 2018 ഏപ്രിൽ 1 മുതലും സംസ്ഥാനത്തിനകത്തുള്ള ചരക്കുനീക്കത്തിന് ഏപ്രിൽ 15-നകവും ഇ-വേ ബിൽ നിർബന്ധമാക്കുന്നതിന് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

## ഇ-വേ ബിൽ പരിശോധിക്കാനുള്ള സംവിധാനം

73 (4678) <u>ശ്രീ. കെ. എൻ. എ ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കിയ ഇ-വേ ബിൽ സംവിധാനത്തിൽ നിന്ന് നിലവിൽ ഒഴിവാക്കപ്പെട്ടിരിക്കുന്ന ചരക്കുനീക്കങ്ങൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) സംസ്ഥാനത്തിന് പുറത്തേക്കുള്ള ചരക്കുനീക്കങ്ങൾക്ക് ഏതിനെങ്കിലും ഇ-വേ ബിൽ സംവിധാനം ഒഴിവാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് ഇ-വേ ബിൽ പരിശോധിക്കാനുള്ള സംവിധാനത്തെക്കുറിച്ച് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) 50,000 രൂപയ്ക്ക് മുകളിൽ മൂല്യമുള്ള ചരക്കുകളുടെ കൈമാറ്റങ്ങൾക്ക് ഇ-വേ ബിൽ നിർബന്ധമാണ്. 10 കിലോമീറ്ററിന് മുകളിലുള്ള ചരക്കുനീക്കത്തിന് വാഹന നമ്പർ കൂടാതെയുള്ള ഇ-വേ ബില്ലിന് സാധുതയില്ല. ഇ-വേ ബിൽ ഒഴിവാക്കിയിട്ടുള്ള ചരക്കുകളുടെ വിവരം കേന്ദ്ര വിജ്ഞാപനം 27/2017 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ യന്ത്രവൽകൃതമല്ലാത്ത വാഹനങ്ങളിലൂടെയുള്ള ചരക്കുനീക്കത്തിന് ഇ-വേ ബിൽ ഒഴിവാക്കിയിട്ടുണ്ട്. ഒരു ട്രാൻസ്പോർട്ടറെ സംബന്ധിച്ചിടത്തോളം ഒരു ബില്ലിൽ 50000 രൂപ എന്ന പരിധി ബാധകമല്ല. ഒരു

വാഹനത്തിൽ മൊത്തം 50000 രൂപയ്ക്ക് മുകളിലുള്ള ചരക്കുകൾ ഉണ്ടെങ്കിലും ഇ-വേ ബിൽ എടുക്കേണ്ടതുണ്ട്. സംസ്ഥാനത്തിന് അകത്തേയ്ക്കും പുറത്തേയ്ക്കുമുള്ള ചരക്കുനീക്കത്തിന് ഒരേ നിയമം തന്നെയാണ്.

(സി) ഇ-വേ ബിൽ പൂർണ്ണമായും ഓൺലൈൻ സംവിധാനമാണ്. ചരക്കു വാഹനങ്ങളിലെ ഇ-വേ ബില്ലുകൾ പരിശോധിക്കുന്നതിനാവശ്യമായ ഓൺലൈൻ സംവിധാനങ്ങൾ വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗത്തിനുണ്ട്. ഇ-വേ ബില്ലിന്റെ സത്യസന്ധത ഉറപ്പുവരുത്തുന്നതിനായി ചരക്കുവാഹനങ്ങളുടെ ഭൗതിക പരിശോധന നടത്തുന്നതിനുവേണ്ടി ചെക്ക്പോസ്റ്റുകളിൽ വിന്യസിച്ചിരുന്ന ഉദ്യോഗസ്ഥരെ പുനർ വിന്യസിച്ച് ഇന്റലിജൻസ് സ്ക്വാഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കള്ളക്കടത്തും നികുതി വെട്ടിച്ചുള്ള ചരക്കുനീക്കവും കൂടുതൽ ഫലപ്രദമായി നിയന്ത്രിക്കുന്നതിനായി സംസ്ഥാനത്തിന്റെ പ്രധാന അതിർത്തികളിൽ സംസ്ഥാന സർക്കാർ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യപടിയായി പാലക്കാട് ജില്ലയിലെ പ്രധാന പോയിന്റുകളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള നടപടി ആരംഭഘട്ടത്തിലാണ്. ഇ-വേ ബില്ലുകളുമായി നിരീക്ഷണ ക്യാമറകൾ ബന്ധിപ്പിക്കുന്നതിന് പദ്ധതിയുണ്ട്. ഇ-വേ ബിൽ സമ്പ്രദായം ഫലപ്രദമായി നടപ്പിലാക്കുന്നതിനായി നിരീക്ഷണ ക്യാമറകളിൽനിന്ന് ലഭ്യമാകുന്ന ചരക്കുവാഹനങ്ങളുടെ വിവരങ്ങൾ ഇ-വേ ബില്ലുകൾ വഴി ജി.എസ്.ടി. നെറ്റ്‌വർക്ക് പോർട്ടലിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിനും ഇല്ലെങ്കിൽ തത്സമയം തന്നെ മൊബൈൽ സ്ക്വാഡുകളെ അറിയിക്കുന്നതിനും സാധിക്കും. കേന്ദ്ര സർക്കാർ ആർ.എഫ്.ഐ.ഡി സമ്പ്രദായം നടപ്പാക്കുന്നതോടെ ഈ സംവിധാനം സ്വയം പ്രവർത്തനക്ഷമമായി മാറുകയും ചെയ്യും.

**ട്രഷറികളിൽ എ.ടി.എം. സ്ഥാപിക്കുന്ന പദ്ധതി**

74 (4679) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ട്രഷറികളിൽ സെൻട്രൽ സെർവർ സിസ്റ്റം, എ.ടി.എം. എന്നിവ സ്ഥാപിക്കുന്ന പദ്ധതി ഏതു ഘട്ടത്തിലാണ്;

(ബി) പ്രസ്തുത പദ്ധതിക്കുവേണ്ടി 2017-18 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയ തുകയുടെ എത്ര ശതമാനം ഇതുവരെ ചെലവഴിക്കാൻ സാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ട്രഷറികളിൽ സെൻട്രൽ സെർവർ സിസ്റ്റം സ്ഥാപിച്ചു കഴിഞ്ഞു. ആയതിന്റെ തുടർ പദ്ധതിയായി വിഭാവന ചെയ്തിരുന്ന സംയോജിത ധനകാര്യ മാനേജ്മെന്റ് സംവിധാനത്തിന്റെ (IFMS) സംസ്ഥാനതല ഉദ്ഘാടനം 2017 ഫെബ്രുവരി 23-ാം തീയതി കേരള മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു. നാല് ട്രഷറികളെ ബന്ധിപ്പിച്ച് എ.ടി.എം. സ്ഥാപിക്കാനുള്ള സംവിധാനം ഏർപ്പെടുത്താൻ സർക്കാർ ഭരണാനുമതി ഉത്തരവ് നൽകിയിരുന്നു. [14-12-2012-ലെ സ. ഉ.(കൈ) 10460/12/ധന.] എന്നാൽ പ്രസ്തുത തീരുമാനം വഴി നടപ്പിലാക്കുന്ന സ്റ്റാന്റ് എലോൺ എ.ടി.എം.-കൾ ഇടപാടുകാർക്ക് ഏറെ ഗുണപ്രദമാകില്ലെന്ന കാരണത്താൽ ഉപേക്ഷിക്കുകയും പകരം ഇ-ട്രഷറിയുമായി ഇന്റഗ്രേറ്റ് ചെയ്ത ബാങ്കുമായി സഹകരിച്ച് റ്റി.എസ്.ബി. അക്കൗണ്ടിൽനിന്നും തുക പിൻവലിക്കാൻ കഴിയുന്ന തരത്തിലുള്ള എ.ടി.എം. കാർഡ് ഏർപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(ബി) പ്രസ്തുത പദ്ധതിക്കുവേണ്ടി 2017-18 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയ തുകയിൽ നാളിതുവരെ 72.63% ചെലവഴിച്ചു കഴിഞ്ഞിട്ടുണ്ട്.

**കേരള സർവ്വകലാശാല പെൻഷൻകാർക്ക് ഇരട്ട പെൻഷൻ**

75 (4680) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രഷറി വകുപ്പിന്റെ വീഴ്ചമൂലം കേരള സർവ്വകലാശാല പെൻഷൻകാർക്ക് ഇരട്ട പെൻഷൻ ലഭിച്ച സാഹചര്യമുണ്ടായിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുവഴി സർക്കാരിന് എത്രരൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്;

(സി) ഈ തുക എപ്രകാരം തിരിച്ചു പിടിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) തുക തിരിച്ചുപിടിക്കുമ്പോൾ പലിശ ഇനത്തിൽ സർക്കാരിനും ആദായനികുതി ഇനത്തിൽ ജീവനക്കാർക്കുമുണ്ടാകുന്ന നഷ്ടം സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ ഇത്തരം പിഴവുകൾ ആവർത്തിക്കാതിരിക്കാനും പെൻഷൻകാർക്കുണ്ടായേക്കാവുന്ന നഷ്ടം പരിഹരിക്കാനും എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സാങ്കേതിക തകരാർ കാരണം കേരള സർവ്വകലാശാലയിലെ പെൻഷൻകാരുടെ അക്കൗണ്ടുകളിൽ ഇരട്ടി തുക ക്രെഡിറ്റ് വന്ന സാഹചര്യം ഉണ്ടായിട്ടുണ്ട്. ട്രഷറി വകുപ്പിന്റെ വീഴ്ചമൂലമല്ല ഇപ്രകാരം സംഭവിച്ചത്.

(ബി) ഇതുകാരണം സർക്കാരിന് യാതൊരുവിധ നഷ്ടവും സംഭവിച്ചിട്ടില്ല.

(സി) പ്രസ്തുത വിവരം റിസർവ് ബാങ്കിനെ അറിയിക്കുകയും തുക തിരിച്ചു പിടിക്കുന്നതിനുള്ള നടപടി ഉടനടി കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്.

(ഡി) തുക തിരിച്ചുപിടിക്കുന്ന നടപടി പൂർത്തിയാകുമ്പോൾ സർക്കാരിനും ജീവനക്കാർക്കും യാതൊരുവിധ നഷ്ടവും സംഭവിക്കുന്നില്ല.

(ഇ) സോഫ്റ്റ്‌വെയറിന്റെ തകരാറുകൾ പരിഹരിച്ചിട്ടുണ്ട്. ഈ സംഭവത്തിൽ പെൻഷൻകാർക്ക് യാതൊരുവിധ നഷ്ടവും സംഭവിച്ചിട്ടില്ല.

## ദ്വൈവാര ഭാഗ്യക്കുറികൾ നിർത്തലാക്കിയതിന്റെ കാരണം

76 (4681) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ദ്വൈവാര ഭാഗ്യക്കുറികൾ നിർത്തലാക്കിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം;

(ബി) ഇപ്രകാരം ഒരു സ്കീം നിർത്തലാക്കുന്നതിന് മുമ്പ് ഇതു സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(സി) ദ്വൈവാര ഭാഗ്യക്കുറികൾ നിർത്തലാക്കിയതിന്റെ കാരണം വ്യക്തമാക്കുമോ ; ഇതുമൂലം വകുപ്പിന് ഉണ്ടായ നഷ്ടം എത്രയെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷമാണ് 100 രൂപ മുഖവിലയോടുകൂടി, എല്ലാ മാസവും ഒന്നാമത്തേയും മൂന്നാമത്തേയും വെള്ളിയാഴ്ചകളിൽ നറുക്കെടുപ്പ് നടക്കത്തക്കവിധത്തിൽ 'നിർമ്മൽ' എന്ന പേരിൽ ഒരു ദ്വൈവാര ഭാഗ്യക്കുറി ആരംഭിച്ചത്. പ്രസ്തുത ഭാഗ്യക്കുറിയുടെ നറുക്കെടുപ്പ് 7-10-2016 മുതൽ ആരംഭിച്ചിരുന്നു. എന്നാൽ പിന്നീട് ടി ഭാഗ്യക്കുറിയെ പ്രതിവാര ഭാഗ്യക്കുറിയാക്കി മാറ്റുകയാണുണ്ടായത്. നിലവിൽ വകുപ്പ് ദ്വൈവാര ഭാഗ്യക്കുറികളൊന്നും നടത്തുന്നില്ല. Demonitization-നെത്തുടർന്ന് 'നിർമ്മൽ' ദ്വൈവാര ഭാഗ്യക്കുറിയുടെ ഏതാനും നറുക്കെടുപ്പുകൾക്ക് break even point കൈവരിക്കാൻ സാധിക്കാതെ വരികയും, തുടർന്ന് ചില നറുക്കെടുപ്പുകൾ റദ്ദ് ചെയ്യുകയും ചെയ്തിരുന്നു. 100 രൂപ മുഖവിലയോടുകൂടി പ്രസ്തുത ഭാഗ്യക്കുറി ലാഭകരമായി നടത്താൻ സാധിക്കാതെ വന്നതിനെത്തുടർന്ന് മുഖവില 50 രൂപയാക്കി കുറച്ചിരുന്നു. എന്നാൽ തുടർന്നുവന്ന നറുക്കെടുപ്പുകൾക്കും break even point കൈവരിക്കാൻ സാധിക്കാതെ വന്നതിനാൽ 25-3-2017-ലെ സ.ഉ.(സാധാ)237/2017/നി.വ. നമ്പർ ഉത്തരവ് പ്രകാരം വെള്ളിയാഴ്ചകളിൽ

നറുക്കെടുത്തിരുന്ന 'ഭാഗ്യനിധി' ഭാഗ്യക്കുറി റദ്ദാക്കി പകരം നിർമ്മൽ ബൈവീക്കിലി ഭാഗ്യക്കുറിയെ പ്രതിവാര ഭാഗ്യക്കുറിയാക്കി മാറ്റി 21-4-2017-ലെ 'നിർമ്മൽ' 14-ാമത് (NR.14) ഭാഗ്യക്കുറി മുതൽ വെള്ളിയാഴ്ചകളിൽ നറുക്കെടുപ്പ് നടത്തിവരുന്നു. ദ്വൈവാര ഭാഗ്യക്കുറിയുടെ നടത്തിപ്പ് വകുപ്പിന് ലാഭകരമാകുന്നതല്ല എന്ന് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത ഭാഗ്യക്കുറിയെ പ്രതിവാര ഭാഗ്യക്കുറിയാക്കി മാറ്റിയത്.

**കേരള-തമിഴ്നാട് അതിർത്തി കേന്ദ്രീകരിച്ച് വ്യാജ ഭാഗ്യക്കുറി മാഫിയ**

77 (4682) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. എം. ഉമ്മർ:
ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള-തമിഴ്നാട് അതിർത്തി കേന്ദ്രീകരിച്ച് വ്യാജ ഭാഗ്യക്കുറി മാഫിയ സജീവമാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) രഹസ്യമായി നടത്തുന്ന സമാന്തര ഭാഗ്യക്കുറി വിൽപന തടയുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(സി) ഇത് സംസ്ഥാന ഭാഗ്യക്കുറിയെ എപ്രകാരം ബാധിക്കുമെന്നാണ് വിലയിരുത്തിയിരിക്കുന്നത്; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇതുസംബന്ധിച്ച പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സമാന്തര ലോട്ടറി നടത്തിപ്പുപോലുള്ള നിയമവിധേയമല്ലാത്ത പ്രവണതകൾ നിയന്ത്രിക്കുന്നതിലേക്കായി വിവിധ മാധ്യമങ്ങൾ മുഖേനയും വ്യക്തികൾ വഴിയും വകുപ്പിൽ ലഭ്യമാകുന്ന ഇത്തരത്തിലുള്ള പരാതികൾ ക്രോഡീകരിച്ച് വിശദാംശങ്ങൾ സഹിതം തുടർ അന്വേഷണത്തിനും മേൽ നടപടികൾക്കും വേണ്ടി ഇതിലേക്കായി രൂപീകരിച്ചിട്ടുള്ള പോലീസ് എൻഫോഴ്സ്മെന്റ് അതോറിറ്റിക്ക് കൈമാറി സമയബന്ധിതമായി നടപടികൾ സ്വീകരിച്ചുവരുന്നു. സമാന്തര ലോട്ടറി നടത്തിപ്പുമായി ബന്ധപ്പെട്ട് എഴുത്ത് ലോട്ടറിക്കെതിരെ 29-1-2018-ന് സംസ്ഥാന വ്യാപകമായി പോലീസ് നടത്തിയ റെയ്ഡിൽ 49 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 57 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സമാന്തര ലോട്ടറി നടത്തിപ്പുമായി ബന്ധപ്പെട്ട് സംസ്ഥാന വ്യാപകമായി 216 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) നിയമ വിരുദ്ധമായ സമാന്തര ലോട്ടറികളുടെ പ്രവർത്തനംമൂലം വകുപ്പിനുണ്ടാകുന്ന വരുമാന നഷ്ടം ഇതുവരെ കണക്കാക്കിയിട്ടില്ലെങ്കിലും, സർക്കാർ ലോട്ടറിയുടെ വിൽപ്പനയെ ഇത് ഗണ്യമായി ബാധിക്കാൻ ഇടവരുത്തുന്നതാണ്. ഇത്തരം ചൂതാട്ട ലോട്ടറികളോടുള്ള അമിതാസക്തി സാമാന്യ ജനത്തെ കടക്കെണിയിൽ അകപ്പെടുത്താൻ സാധ്യതയുള്ള സാമൂഹിക വിപത്താണ്. ഇത്തരം പ്രവർത്തനങ്ങൾ അവസാനിപ്പിക്കുന്നതിന് കർശന നടപടി സർക്കാർ തലത്തിൽ കൈക്കൊള്ളുന്നതാണ്.

## ലോട്ടറി വിറ്റുവരവും ജി.എസ്.ടി.-യും

78 (4683) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ലോട്ടറി വകുപ്പിന് 2017 വർഷം ലഭ്യമായ ജി.എസ്.ടി. ഉൾപ്പെടെയുള്ള വരുമാനം എത്ര; ലാഭവിഹിതം സഹിതം വിശദാംശം ലഭ്യമാക്കുമോ;

(ബി) കാരുണ്യ ചികിത്സാ ധനസഹായം ഉൾപ്പെടെ 2017-ൽ ചെലവായ തുക എത്ര; വിശദാംശം ലഭ്യമാക്കുമോ?

(സി) ലോട്ടറി വകുപ്പിന് ജി.എസ്.ടി. നമ്പർ നിലവിലുണ്ടോ; എങ്കിൽ ഏജന്റുമാർക്ക് നല്കുന്ന ബില്ലുകളിൽ ആയത് രേഖപ്പെടുത്തുന്നുണ്ടോ, ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) 2017 മുതൽ നാളിതുവരെ ജി.എസ്.ടി. ഇനത്തിൽ ലോട്ടറി വകുപ്പ് പിരിച്ചെടുത്ത തുക എത്ര;

(ഇ) ജി.എസ്.ടി. നമ്പരുള്ള ലോട്ടറി ഏജന്റുമാർ എത്രപേർ നിലവിലുണ്ട്; അവർക്ക് പണമടയ്ക്കാൻ പ്രസ്തുത നമ്പർ ഉപയോഗിക്കാൻ വകുപ്പ് അനുമതി നല്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

### ഉത്തരം

(എ) സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന് 2017-18 സാമ്പത്തികവർഷം ഏപ്രിൽ മുതൽ ഫെബ്രുവരി വരെ ലഭ്യമായ ജി.എസ്.ടി. ഉൾപ്പെടെയുള്ള വരുമാനം 8977.25 കോടി രൂപയാണ്. മുഖവില അടിസ്ഥാനമാക്കിയുള്ള വിറ്റുവരവ് 8231.85 കോടി രൂപ, ജി.എസ്.ടി. 745.40 കോടി രൂപ, ആകെ 8977.25 കോടി രൂപ.

2017-18 സാമ്പത്തികവർഷം ഏപ്രിൽ മാസം മുതൽ ഫെബ്രുവരി മാസം വരെയുള്ള ഏകദേശ ലാഭം 1585.53 കോടി രൂപയാണ്.

(ബി) 2017-18 സാമ്പത്തികവർഷം ഏപ്രിൽ മാസം മുതൽ ഫെബ്രുവരി മാസം വരെയുള്ള വകുപ്പിന്റെ ആകെ ചെലവ് ഏകദേശം 6646.65 കോടി രൂപയാണ്. ഓരോ സാമ്പത്തിക വർഷവും കാരുണ്യ ചികിത്സാ ധനസഹായത്തിനുവേണ്ടി ഗവൺമെന്റ് ഒരു നിശ്ചിത തുക ബഡ്ജറ്റ് പ്രൊവിഷനായി "2075-00-103-95-Net Proceeds of Lotteries transferred to Karunya Benevolent Fund" എന്ന ശീർഷകത്തിൽ അനുവദിക്കാറുണ്ട്. 2017-18 സാമ്പത്തികവർഷം ടി ശീർഷകത്തിൽ അനുവദിച്ച മുഴുവൻ തുകയും പിൻവലിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(സി) സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന് ജി.എസ്.ടി. നമ്പർ നിലവിലുണ്ട്. (Reg. No. 32 AAA GD 05 11 LIZI) ആയത് ഏജന്റുമാർക്ക് നൽകുന്ന ബില്ലുകളിൽ രേഖപ്പെടുത്തുന്നുണ്ട്.

(ഡി) 2017-18 സാമ്പത്തികവർഷം ജൂലൈ മാസം മുതൽ ഫെബ്രുവരി മാസം വരെ ജി.എസ്.ടി. ഇനത്തിൽ ഭാഗ്യക്കുറി വകുപ്പ് പിരിച്ചെടുത്ത തുക 745.40 കോടി രൂപയാണ്.

(ഇ) നിലവിൽ ഭാഗ്യക്കുറി വകുപ്പ് നേരിട്ടാണ് ജി.എസ്.ടി. ഒടുക്കി വരുന്നത്. ആയതിനാൽ വകുപ്പിന് പൊതുവായ ഒരു ജി.എസ്.ടി. നമ്പരാണുള്ളത്. (Reg. No. 32 AAA GD 05 11 LIZI)

**ലോട്ടറി ഏജന്റുമാരുടെ കമ്മീഷൻ വർദ്ധിപ്പിക്കുവാൻ നടപടി**

79 (4684) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ലോട്ടറി ഏജന്റുമാരാണ് നിലവിലുള്ളത് ; രണ്ട് വർഷം മുമ്പ് എത്ര ഏജന്റുമാരായിരുന്നു ഉണ്ടായിരുന്നത്; ലോട്ടറി ഏജന്റുമാർക്ക് നൽകി വരുന്ന കമ്മീഷൻ എത്ര ശതമാനമാണ്;

(ബി) സംസ്ഥാന ലോട്ടറി വകുപ്പ് നിലവിൽ എത്ര ടിക്കറ്റുകളാണ് പുറത്തിറക്കുന്നത്; ഓരോ ഇനത്തിലും എത്ര ലക്ഷം ടിക്കറ്റ് വീതമാണ് പ്രിന്റ് ചെയ്ത് വിതരണത്തിനായി എത്തിക്കുന്നത്; ഓരോ ലോട്ടറിയുടെയും ടിക്കറ്റ് വില, സമ്മാനത്തുക എന്നിവ എത്ര വീതമെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ;

(സി) ഓരോ ഇനം ടിക്കറ്റിലും ശരാശരി എത്ര ലക്ഷം ടിക്കറ്റുകൾ വീതമാണ് വിറ്റഴിയാറുള്ളത്; ഏത് ടിക്കറ്റാണ് ഏറ്റവും കൂടുതൽ വിറ്റഴിയുന്നത്;

(ഡി) ഏജന്റുമാർക്ക് മുമ്പ് ലഭിച്ചിരുന്ന കമ്മീഷൻ നിരക്ക് ഉയർത്തിയിട്ടുണ്ടോ; ഏതെങ്കിലും ടിക്കറ്റിന്റെ കമ്മീഷൻ നിരക്ക് കുറച്ചിട്ടുണ്ടോ;

(ഇ) സംസ്ഥാന സർക്കാരിന് സമ്പത്ത് നേടിത്തരുന്ന ആളുകളെന്ന നിലയിൽ ലോട്ടറി ഏജന്റുമാർക്ക് നൽകുന്ന കമ്മീഷൻ വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് നിലവിൽ 42812 ലൈവ് ഏജന്റുമാരുണ്ട്. രണ്ട് വർഷം മുൻപ് (on 31-12-2016) 29,971 ഏജന്റുമാരാണുണ്ടായിരുന്നത്. പ്രതിവാര ഭാഗ്യക്കുറികൾക്ക് 2000 ടിക്കറ്റുകൾവരെ 24%, 2001 മുതൽ 10000 ടിക്കറ്റുകൾ വരെ 24.5%, 10000 ടിക്കറ്റിനുമുകളിൽ 25.25% എന്ന നിരക്കിലും, ബമ്പർ ഭാഗ്യക്കുറികൾക്ക് 1000 ടിക്കറ്റുകൾവരെ 24%, 1000 ടിക്കറ്റിനുമുകളിൽ 25% എന്ന നിരക്കിലുമാണ് കമ്മീഷൻ/ ഡിസ്കൗണ്ട് അനുവദിച്ചിട്ടുള്ളത്.

(ബി) നിലവിൽ വകുപ്പ് 7 പ്രതിവാര ലോട്ടറികളും 6 ബമ്പർ ലോട്ടറികളുമാണ് പുറത്തിറക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ലോട്ടറിയുടെ പേര് | നറുക്കെടുപ്പ് ദിവസം | പരമാവധി വിൽപ്പന വില | ആകെ സമ്മാനത്തുക |
|---|---|---|---|---|
| 1 | പൗർണ്ണമി | ഞായർ | 30 (face value26.8+12%GST) | 14,91,42,000 |
| 2 | വിൻ-വിൻ | തിങ്കൾ | 30 (face value26.8+12%GST) | 14,89,90,000 |
| 3 | സ്ത്രീശക്തി | ചൊവ്വ | 30(face value26.8+12%GST) | 14,91,14,000 |
| 4 | അക്ഷയ | ബുധൻ | 30 (face value26.8+12%GST) | 14,96,50,000 |
| 5 | കാരുണ്യപ്ലസ് | വ്യാഴം | 30 (face value26.8+12%GST) | 14,81,26,000 |
| 6 | നിർമ്മൽ | വെള്ളി | 30 (face value26.8+12%GST) | 14,88,98,000 |
| 7 | കാരുണ്യ | ശനി | 30 (face value26.8+12%GST) | 14,82,66,000 |

<u>ബമ്പർ ഭാഗ്യക്കുറികൾ</u>

1. സമ്മർ ബമ്പർ
2. വിഷു ബമ്പർ
3. മൺസൂൺ ബമ്പർ
4. തിരുവോണം ബമ്പർ
5. പൂജ ബമ്പർ
6. ക്രിസ്തുമസ്-ന്യൂ ഇയർ ബമ്പർ

പ്രതിവാര ഭാഗ്യക്കുറികൾക്ക് പരമാവധി 1 കോടി 8 ലക്ഷം ടിക്കറ്റുകൾ വീതം അച്ചടിക്കത്തക്ക വിധത്തിലാണ് സമ്മാന ഘടനകൾ ആവിഷ്കരിച്ചിരിക്കുന്നത്. നിലവിൽ പ്രതിവാര ഭാഗ്യക്കുറികൾ 96 ലക്ഷം വീതമാണ് അച്ചടിച്ച് വിതരണം ചെയ്യുന്നത്. ബമ്പർ ഭാഗ്യക്കുറികൾ ആദ്യഘട്ടത്തിൽ 20 ലക്ഷം വീതവും വില്പന പുരോഗമിക്കുന്നതനുസരിച്ച് ആവശ്യമായി വരുന്ന പക്ഷം കൂടുതൽ ടിക്കറ്റുകൾ അച്ചടിക്കുകയും ചെയ്യുന്നു.

(സി) പ്രതിവാര ഭാഗ്യക്കുറികൾ 96 ലക്ഷം ടിക്കറ്റുകൾ വീതം അച്ചടിക്കുന്നതിൽ ഏകദേശം മുഴുവൻ ടിക്കറ്റുകളും വിറ്റഴിക്കപ്പെടുന്നുണ്ട്.

(ഡി) പ്രതിവാര ഭാഗ്യക്കുറികൾക്ക് മുൻപ് 2000 ടിക്കറ്റുകൾ വരെ 26%, 2001 മുതൽ 10000 ടിക്കറ്റുകൾ വരെ 27%, 10000-ന് മുകളിൽ 28% എന്നിങ്ങനെ നൽകിയിരുന്നത് യഥാക്രമം 24%, 24.5%, 25.25%, എന്നിങ്ങനെ നിലവിൽ കുറച്ചിട്ടുണ്ട്.

ബമ്പർ ഭാഗ്യക്കുറികൾക്ക് 1000 ടിക്കറ്റുകൾ വരെ 26%, 1000-ന് മുകളിൽ 28% എന്നിങ്ങനെ അനുവദിച്ചിരുന്നത്, നിലവിൽ 1000 ടിക്കറ്റുകൾ വരെ 24%, 1000-നു മുകളിൽ 25% എന്നിങ്ങനെ കുറച്ചിട്ടുണ്ട്. സമ്മാനത്തിന്റെ വിഹിതം ഉയർത്തുകയും ചെയ്തു.

(ഇ) ഇപ്പോൾ പരിഗണനയിലില്ല.

**കേരള-തമിഴ്നാട് അതിർത്തിയിലെ വ്യാജ ലോട്ടറി മാഫിയ**

80 (4685) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള-തമിഴ്നാട് അതിർത്തി കേന്ദ്രീകരിച്ച് വ്യാജ ലോട്ടറി മാഫിയ നടത്തുന്ന ടിക്കറ്റ് വിൽപ്പനയും സമ്മാന വിതരണവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർക്കാർ ലോട്ടറിയുടെ വിൽപ്പനകേന്ദ്രങ്ങൾ കേന്ദ്രീകരിച്ചാണ് വ്യാജ ടിക്കറ്റുകൾ കൂടുതലും വിൽക്കുന്നതെന്ന റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ;

(സി) കേരള സംസ്ഥാന ഭാഗ്യക്കുറിയുമായി താരതമ്യപ്പെടുത്തി അതിവിദഗ്ദ്ധമായും രഹസ്യവുമായാണ് ഈ വ്യാജ ടിക്കറ്റുകളുടെ വിൽപ്പനയും സമ്മാനദാനവും നടത്തുന്നത് എന്ന കാര്യം പരിശോധിക്കുമോ;

(ഡി) എങ്കിൽ ഇത്തരം വ്യാജ വിൽപ്പന കേന്ദ്രങ്ങൾ റെയ്ഡ് ചെയ്ത് വ്യാജ ടിക്കറ്റുകൾ കണ്ടെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇത്തരം കേന്ദ്രങ്ങളുടെ പ്രവർത്തനം അവസാനിപ്പിക്കുമോ?

ഉത്തരം

(എ) ഇതുസംബന്ധിച്ച് പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വകുപ്പിലെ രജിസ്റ്റേർഡ് ഏജന്റുമാരാലും ഇത്തരക്കാരുടെ അംഗീകൃത വിപണന കേന്ദ്രങ്ങളിലൂടെയും വ്യാജ ലോട്ടറി നടത്തിപ്പ് ശ്രദ്ധയിൽപ്പെടുമ്പോൾ കർശന നടപടികൾ സ്വീകരിക്കാറുണ്ട്.

(സി&ഡി) വ്യാജ ലോട്ടറി നടത്തിപ്പുമായി ബന്ധപ്പെട്ട പരാതികളും വിവരങ്ങളും ലഭ്യമാകുമ്പോൾ റെയ്ഡ് ഉൾപ്പെടെയുള്ള നിയമ നടപടികൾ എടുത്തുവരുന്നുണ്ട്. ഇത്തരം അനഭിലഷണീയ പ്രവണതകൾ നിയന്ത്രിക്കുന്നതിലേക്കായി വകുപ്പിന്റെ ഭാഗത്തുനിന്നും നടപടികൾ ഇതിനകംതന്നെ ഉണ്ടായിട്ടുണ്ട്. മേൽ നടപടികൾ ഭാവിയിലും തുടരുന്നതാണ്. സമാന്തര ലോട്ടറി നടത്തിപ്പ് പോലുള്ള നിയമവിധേയമല്ലാത്ത പ്രവണതകൾ നിയന്ത്രിക്കുന്നതിലേക്കായി വിവിധ മാധ്യമങ്ങൾ മുഖേനയും വ്യക്തികൾ വഴിയും വകുപ്പിൽ ലഭ്യമാകുന്ന ഇത്തരത്തിലുള്ള പരാതികൾ ക്രോഡീകരിച്ച് വിശദാംശങ്ങൾ സഹിതം തുടർ അന്വേഷണത്തിനും മേൽ നടപടികൾക്കുംവേണ്ടി ഇതിലേക്കായി രൂപീകരിച്ചിട്ടുള്ള പോലീസ് എൻഫോഴ്സ്മെന്റ് അതോറിറ്റിക്ക് കൈമാറി സമയബന്ധിതമായി നടപടികൾ സ്വീകരിച്ചുവരുന്നു. സമാന്തര ലോട്ടറി നടത്തിപ്പുമായി ബന്ധപ്പെട്ട് എഴുത്ത് ലോട്ടറിക്കെതിരെ 29-1-2018-ന് സംസ്ഥാന വ്യാപകമായി പോലീസ് നടത്തിയ റെയ്ഡിൽ 49 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 57 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സമാന്തര ലോട്ടറി നടത്തിപ്പുമായി ബന്ധപ്പെട്ട് സംസ്ഥാന വ്യാപകമായി 216 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇത്തരത്തിലുള്ള നിയമവിരുദ്ധ പ്രവർത്തനങ്ങൾക്കെതിരെ കർശനമായ നടപടി തുടർന്നും സ്വീകരിക്കുന്നതാണ്.

**സംസ്ഥാന ലോട്ടറി സമ്മാന ഘടനയിൽ ഭേദഗതി**

81 (4686) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ലോട്ടറിയിൽ ചെറിയ തുകകളുടെ സമ്മാനത്തിന്റെ എണ്ണം കുറവാണെന്നുള്ള ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുന്നതിനായി 1 ലക്ഷം, 2 ലക്ഷം എന്നീ സമ്മാനങ്ങൾക്ക് പകരം 10,000, 5,000, 2,000, 1,000 എന്നീ തുകകൾക്കുള്ള സമ്മാനങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുമോ; വിശദമാക്കുമോ;

(സി) സമ്മാനഘടനയിൽ ഭേദഗതി വരുത്താൻ സർക്കാർ തലത്തിൽ എന്തെങ്കിലും ചർച്ചകൾ നടന്നിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല. 15-7-2017-ലെ നറുക്കെടുപ്പുകൾ മുതൽ മുഖവിലയുടെ 50%-ത്തിനു മുകളിൽ സമ്മാനത്തുക നൽകിക്കൊണ്ട് സമ്മാനഘടന പരിഷ്കരിച്ചിട്ടുണ്ട്.

(ബി) പരിശോധിക്കുന്നതാണ്.

(സി) പൗർണമി, വിൻവിൻ, കാരുണ്യ എന്നീ പ്രതിവാര ഭാഗ്യക്കുറികളുടെ സമ്മാനഘടനകൾ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ഡിപ്പാർട്ടുമെന്റ്

82 (4687) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനങ്ങൾ വിശദീകരിക്കാമോ;

(ബി) പ്രസ്തുത ഡിപ്പാർട്ടുമെന്റിന് 2017-18 സാമ്പത്തികവർഷത്തിൽ വകയിരുത്തിയ തുകയുടെ വിനിയോഗം വിലയിരുത്തുമോ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഡിപ്പാർട്ടുമെന്റിന് വേണ്ടി 2017-18 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയ തുകയുടെ 15 ശതമാനം പോലും ചെലവഴിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം വിശദമാക്കാമോ?

ഉത്തരം

(എ) കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ബി) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് 2017-18 സാമ്പത്തിക വർഷത്തിൽ പ്ലാൻ, നോൺപ്ലാൻ ഇനത്തിൽ വകയിരുത്തിയ തുകകളും നാളിതുവരെയുള്ള ചെലവിനത്തിന്റേയും നീക്കിയിരുപ്പിന്റേയും വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(സി) 17-3-2018 വരെയുള്ള കണക്കനുസരിച്ച് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനുവേണ്ടി 2017-18 സാമ്പത്തികവർഷത്തിൽ വകയിരുത്തിയ പദ്ധതി തുകയുടെ 49.26% തുക ചെലവഴിച്ചിട്ടുണ്ട്.

## കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ കൊടുത്ത ലോണുകൾ

83 (4688) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ ലോണുകൾക്ക് വേണ്ടി നൽകുന്ന പ്രൊപ്പോസലുകൾ സമയബന്ധിതമായി പരിശോധിക്കുന്നില്ലെന്ന പരാതി നിലവിലുണ്ടോ; വിശദമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഓരോ ജില്ലകളിലും ലഭിച്ച പ്രോജക്ടുകളുടെ വിശദ വിവരം ലഭ്യമാക്കുമോ;

(സി) ഓരോ ജില്ലയിലും 2016 ജനുവരി മുതലുള്ള പദ്ധതികൾ എത്രയെന്നും, ഇതിൽ എത്ര പേർക്ക് ലോൺ കൊടുത്തുവെന്നും വ്യക്തമാക്കാമോ;

(ഡി) ലോണുകൾക്കായി ലഭിക്കുന്ന പദ്ധതികളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച് വ്യക്തമായ വിവരം ലഭ്യമാക്കുമോ;

(ഇ) നിലവിൽ കെ.എഫ്.സി.-യ്ക്ക് ലോൺ കുടിശ്ശികയായി ലഭിക്കാനുള്ള തുക എത്രയെന്നും, ആയതിന്റെ ജില്ല തിരിച്ചുള്ള കണക്കും ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) നിലവില്ല.

(ബി&സി) ഓരോ ജില്ലയിലും 2016 ജനുവരി മുതൽ ലഭിച്ച പ്രോജക്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു:

| ജില്ല | സ്വീകരിച്ച പ്രോജക്ടുകൾ | അനുമതി നൽകിയവ |
|---|---|---|
| തിരുവനന്തപുരം | 146 | 145 |
| കൊല്ലം | 102 | 96 |
| പത്തനംതിട്ട | 59 | 58 |
| ആലപ്പുഴ | 95 | 92 |
| കോട്ടയം | 62 | 59 |
| ഇടുക്കി | 103 | 102 |
| എറണാകുളം | 204 | 199 |
| തൃശ്ശൂർ | 96 | 96 |
| പാലക്കാട് | 92 | 75 |
| മലപ്പുറം | 158 | 150 |
| കോഴിക്കോട് | 127 | 125 |
| വയനാട് | 135 | 135 |
| കണ്ണൂർ | 85 | 84 |
| കാസർഗോഡ് | 133 | 130 |
| ആകെ | 1597 | 1546 |

(ഡി) കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ ലോണുകൾക്കായി ലഭിക്കുന്ന പദ്ധതികൾ കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ വിശദമായി പരിശോധിക്കാറുണ്ട്. ഒരു പദ്ധതി സമർപ്പിക്കുമ്പോൾതന്നെ പ്രാഥമിക പരിശോധനയ്ക്ക് വിധേയമാക്കുകയും അത് തൃപ്തികരമെന്ന് ബോധ്യപ്പെട്ടാൽ സ്വീകരിക്കുകയും ചെയ്യുന്നു. പിന്നീട് പ്രസ്തുത പദ്ധതിയെ വിശദമായ ലീഗൽ, ടെക്നിക്കൽ, ഫിനാൻഷ്യൽ പരിശോധനകൾക്ക് വിധേയമാക്കുന്നു. ഇവയുടെ ഫലം തൃപ്തികരമാണെങ്കിൽ മാത്രം പദ്ധതി അംഗീകരിക്കുകയും ചെയ്യുന്നു.

(ഇ) കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ നൽകിയ മറുപടി അനുസരിച്ച് 2018 ഫെബ്രുവരി മാസത്തിലെ കണക്കുകൾ പ്രകാരം കെ.എഫ്.സി.-ക്ക് ലോൺ കുടിശ്ശികയായി ലഭിക്കാനുള്ള തുക 410.13 കോടി രൂപയാണ്:

| ജില്ല | കുടിശ്ശിക (കോടി രൂപ) |
|---|---|
| തിരുവനന്തപുരം | 107.37 |
| കൊല്ലം | 9.96 |
| പത്തനംതിട്ട | 18.21 |
| ആലപ്പുഴ | 19.35 |
| കോട്ടയം | 15.27 |
| ഇടുക്കി | 24.4 |
| എറണാകുളം | 85.81 |
| തൃശ്ശൂർ | 21.18 |
| പാലക്കാട് | 17.94 |
| മലപ്പുറം | 13.46 |
| കോഴിക്കോട് | 32.52 |
| വയനാട് | 10.02 |
| കണ്ണൂർ | 13.17 |
| കാസർഗോഡ് | 21.47 |
| ആകെ | 410.13 |

**കെ.എസ്.എഫ്.ഇ. ചിട്ടി ഇടപാടുകൾ**

84 (4689) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.-യിൽ ചിട്ടിയുമായി ബന്ധപ്പെട്ട് ഇടപാടുകാർക്ക് വിവിധങ്ങളായ ബുദ്ധിമുട്ടുകൾ ഉണ്ടാകുന്ന കാര്യം പരിശോധിക്കുമോ;

(ബി) ചിട്ടി പിടിക്കുന്ന ഇടപാടുകാർ ശരിയായ ജാമ്യം നൽകിയാലും ഉദ്യോഗസ്ഥർ അവരെ അനാവശ്യമായി ബുദ്ധിമുട്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നടപടി സ്വീകരിക്കുമോ;

(സി) ആൾ ജാമ്യത്തിനുപകരം വസ്തു ജാമ്യം നൽകുമ്പോൾ പരിശോധിക്കുന്ന രീതി വ്യക്തമാക്കുമോ; വസ്തു ജാമ്യം ആദ്യം പരിശോധിക്കുന്നത് ആരാണ്; ഇപ്രകാരം പരിശോധന നടത്തുന്ന ഉദ്യോഗസ്ഥർ ഇടപാടുകാരെ ബുദ്ധിമുട്ടിക്കുന്നുണ്ടോയെന്ന് പരിശോധിക്കുമോ;

(ഡി) ഓരോ ജില്ലയിലും പരിശോധന നടത്തുന്നതിനുള്ള ഉദ്യോഗസ്ഥരെ നിയമിക്കുന്നത് ആരാണ്; 2010 ജനുവരി മുതൽ നാളിതുവരെ ഓരോ ജില്ലയിലും എത്ര അപേക്ഷകൾ പരിശോധിച്ചിട്ടുണ്ട്; ഇതിൽ എത്ര അപേക്ഷകൾ നിരസിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(ഇ) കെ.എസ്.എഫ്.ഇ.-യിൽ വസ്തു ജാമ്യം നൽകി ചിട്ടി പിടിച്ചവരിൽ എത്ര പേരുടെ വസ്തുവകകൾ ജപ്തി ചെയ്തിട്ടുണ്ട്; ഓരോ ജില്ലയിലെയും 2010 ജനുവരി മുതലുള്ള ജപ്തി വിവരങ്ങൾ ലഭ്യമാക്കുമോ;

(എഫ്) വ്യവസായികളെ പ്രോത്സാഹിപ്പിക്കുവാൻ കെ.എസ്.എഫ്.ഇ. സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ;

(ജി) സ്വയം സഹായ സംഘങ്ങളെയും സ്റ്റാർട്ട് അപ്പ് സംരംഭങ്ങളെയും സഹായിക്കുന്ന പദ്ധതികൾ ആവിഷ്കരിക്കുവാൻ കെ.എസ്.എഫ്.ഇ. നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കെ.എസ്.എഫ്.ഇ.-യുടെ ഇടപാടുകളും നിയമങ്ങളും വളരെ സുതാര്യമാണ്. എന്നിരുന്നാലും ഇടപാടുകാർക്ക് ഏതെങ്കിലും തരത്തിൽ ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനുള്ള സംവിധാനങ്ങൾ നിലവിലുണ്ട്.

(ബി) സാധാരണഗതിയിൽ അത്തരത്തിലുള്ള സന്ദർഭങ്ങൾ ഉണ്ടാകാറില്ല. ഏതെങ്കിലും തരത്തിൽ ഇത്തരത്തിലുള്ള സാഹചര്യം ഉണ്ടായാൽ തീർച്ചയായും നടപടി സ്വീകരിക്കും.

(സി) വസ്തുവിന്റെ അസ്സൽ ആധാരം, പതിമൂന്ന് വർഷത്തെ മുന്നാധാരങ്ങൾ, കുടികിട സർട്ടിഫിക്കറ്റ്, നികുതി അടച്ച രസീതുകൾ, ലൊക്കേഷൻ സ്കെച്ച്/സർട്ടിഫിക്കറ്റ്, മറ്റ് അനുബന്ധ രേഖകൾ തുടങ്ങിയവ. ശാഖാ മാനേജരാണ്

ആദ്യം വസ്തു രേഖകൾ പരിശോധിക്കുന്നത്. വസ്തു പരിശോധിക്കുന്നത് വാല്യൂവറടക്കം ഒരു മൂന്നംഗ കമ്മിറ്റിയാണ്. ഉദ്യോഗസ്ഥർ ഇടപാടുകാരെ ബുദ്ധിമുട്ടിക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ റീജിയണൽ മാനേജരും ഓഡിറ്റ് ടീമുകളും സദാ ശാഖകളിൽ സന്ദർശനം നടത്തുന്നുണ്ട്. ഏതെങ്കിലും പരാതി ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കുന്നതായിരിക്കും.

(ഡി) വസ്തുജാമ്യം പരിശോധിക്കുന്ന വാല്യൂവറെ നിയമിക്കുന്നത് ഹെഡ്ഡ് ഓഫീസിന്റെ അനുമതിയോടെ റീജിയണൽ ഓഫീസിൽ നിന്നാണ്. കമ്പനി ഓരോ മാസവും 581 ശാഖകളിലായി ഏതാണ്ട് 32900 ചിട്ടികൾ (ഒരു വർഷം ഏതാണ്ട് 394800) നറുക്ക്/ലേലം ചെയ്യുന്നുണ്ട്. അതിൽ എത്രപേർ 2010 മുതൽ സ്വത്ത് ജാമ്യം നൽകിയെന്നും അപേക്ഷയിൽ എത്രയെണ്ണം പരിശോധിച്ച്/ നിരസിച്ച എന്നിവയുടെ കൃത്യമായ കണക്ക് ഉടനെ ലഭ്യമല്ല.

(ഇ) 2010 ജനുവരി മുതൽ ആകെ 6 പേരുടെ വസ്തുവകകൾ ജപ്തി ചെയ്തിട്ടുണ്ട്.

| | |
|---|---|
| തിരുവനന്തപുരം | - 4 |
| കൊല്ലം | - 1 |
| ആലപ്പുഴ | - 1 |

(എഫ്) വ്യവസായികൾക്കുവേണ്ടി കച്ചവട വായ്പയെന്ന ഒരു പദ്ധതി നിലവിലുണ്ട്. ഇതിനുപുറമേ കെ.എസ്.എഫ്.ഇ.-യുടെ ചിട്ടി, ചിട്ടി വായ്പ, വ്യക്തിഗത വായ്പ, സ്വർണ്ണപ്പണയ വായ്പ, വിവിധ നിക്ഷേപ പദ്ധതികൾ എന്നിവ ഉപയോഗപ്പെടുത്താവുന്നതാണ്.

(ജി) കെ.എസ്.എഫ്.ഇ.-യുടെ വിവിധ വായ്പാ പദ്ധതികൾ സ്വയം സഹായ സംഘങ്ങൾക്കും സ്റ്റാർട്ട് അപ് സംരംഭകർക്കും ഉപയോഗപ്പെടുത്താവുന്നതാണ്.

## കെ.എസ്.എഫ്.ഇ. ഏജന്റുമാർ

85 (4690) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.-യുടെ ബിസിനസ്സ് പ്രൊമോഷനുവേണ്ടി ഏജന്റുമാരെ നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ സംസ്ഥാനത്ത് എത്ര ഏജന്റുമാരാണ് ഉള്ളത്; ഒരു ബ്രാഞ്ചിൽ ശരാശരി എത്രപേരുണ്ട്;

(ബി) ഇവരുടെ സേവന വേതന വ്യവസ്ഥ എന്തൊക്കെയാണ്; ഇവർക്ക് നൽകിവരുന്ന കമ്മീഷൻ എത്ര രൂപയാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) കെ.എസ്.എഫ്.ഇ. ഏജന്റുമാർക്ക് നിലവിൽ ജോലിസ്ഥിരതയോ ഇ.പി.എഫ്., ഇ.എസ്.ഐ. എന്നീ ആനുകൂല്യങ്ങളോ നൽകുന്നുണ്ടോ; ഇവർക്കായി ക്ഷേമനിധി ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഡി) ജോലിസ്ഥിരത ഉറപ്പുവരുത്തുന്നതിനും ഇ.പി.എഫ്., ഇ.എസ്.ഐ. ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുമായി എന്തെങ്കിലും നടപടി സ്വീകരിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഇ) ഏജന്റുമാർക്കും അവരുടെ കുടുംബാംഗങ്ങൾക്കും പ്രയോജനം ലഭിക്കാൻ എന്തൊക്കെ സഹായങ്ങൾ ചെയ്യാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. മൊത്തം 6149 ഏജന്റുമാരെ നിയമിച്ചിട്ടുണ്ടെങ്കിലും കാര്യക്ഷമമായി പ്രവർത്തിക്കുന്നവർ 2594 പേരാണ്. ശരാശരി ഒരു ബ്രാഞ്ചിൽ 5 ഓളം പേരുണ്ട്.

(ബി) <u>ചിട്ടിയിൽ പുതിയ ഒരു ഇടപാടുകാരനെ ചേർക്കുന്നതിന്റെ കാൻവാസിംഗ് കമ്മീഷൻ</u>

5000 രൂപ വരെ - 15%

5000 രൂപ മുതൽ 10000 രൂപ വരെ - 12%

10000 രൂപയ്ക്ക് മുകളിൽ - 10% (40 മാസത്തിൽ താഴെ കാലാവധി)

ഒരു ചിട്ടിയിൽ 25%ത്തിൽ കൂടുതൽ വരിക്കാരെ ചേർക്കുന്നതിന് 2% ബോണസ്സ് കമ്മീഷൻ

ഒരു പാദവർഷത്തിൽ 50 ചിട്ടി വരിക്കാരെ ചേർക്കുന്ന ഏജന്റിന് പ്രതിമാസം 1000 രൂപ അധിക കമ്മീഷൻ.

<u>പ്രതിമാസ വരിസംഖ്യ പിരിക്കുന്നതിന്റെ ഡോർ കളക്ഷൻ കമ്മീഷൻ</u>

10 ലക്ഷം രൂപ വരെ - 1.5%

10 ലക്ഷത്തിനു മുകളിൽ 18 ലക്ഷം വരെ - 1% (10000 രൂപയ്ക്ക് മുകളിൽ കാഷ് പിരിവ് ¾%)

18 ലക്ഷത്തിനുമുകളിൽ -1/2% (10000 രൂപയ്ക്ക് മുകളിൽ കാഷ് പിരിവ് ¾%)

(സി) കെ.എസ്.എഫ്.ഇ.-യിൽ ഏജന്റുമാർ കമ്മീഷൻ അടിസ്ഥാനത്തിലാണ് പ്രവർത്തിക്കുന്നത്. ആയതിനാൽ അവർക്ക് ഇ.പി.എഫ്., ഇ.എസ്.ഐ. തുടങ്ങിയ ആനുകൂല്യങ്ങൾക്ക് അർഹതയില്ല.

(ഡി) പി.എസ്.സി. വഴിയാണ് കെ.എസ്.എഫ്.ഇ.-യിലെ സ്റ്റാഫുകളെ നിയമിക്കുന്നത്. അവർക്കു മാത്രമേ ഈ ആനുകൂല്യങ്ങൾ നൽകുന്നുള്ളൂ. ഇന്നത്തെ സാഹചര്യത്തിൽ കമ്മീഷൻ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ഏജന്റുമാർക്ക് ഇ.പി.എഫ്, ഇ.എസ്.ഐ. തുടങ്ങിയ ആനുകൂല്യങ്ങൾ നൽകാൻ കഴിയുന്നതല്ല.

(ഇ) ഏജന്റുമാർക്ക് സൗജന്യമായി ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിനുള്ള തീരുമാനമായിട്ടുണ്ട്.

## കെ.എസ്.എഫ്.ഇ.-യുടെ നവീകരണം

86 (4691) <u>ശ്രീമതി പി. അയിഷാ പോറ്റി :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.-യുടെ നവീകരണത്തിനായി സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തുടങ്ങിയ പുതിയ കെ.എസ്.എഫ്.ഇ. ശാഖകളുടെ വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) കെ.എസ്.എഫ്.ഇ-യെ ഒരു ആധുനിക ധനകാര്യ സ്ഥാപനമായി പരിവർത്തിപ്പിക്കാൻ സഹായകമായ സാങ്കേതികവും ഘടനാപരവും ഉപഭോക്തൃ സൗഹൃദവുമായ നവീകരണങ്ങളാണ് ലക്ഷ്യം വയ്ക്കുന്നത്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയ ശാഖകൾ ഒന്നും തുടങ്ങിയിട്ടില്ല.

## ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിക്ക് എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ്

87 (T* 4692) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ:</u>
<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് ക്ഷണിക്കുന്നതിനായി തയ്യാറാക്കിയ നിബന്ധനകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി പ്രഖ്യാപിച്ച സമയത്ത് നടപ്പിലാക്കുവാൻ സാധിക്കുമോ; വ്യക്തമാക്കാമോ;

(സി) ഇതര സംസ്ഥാനത്തെ പ്രധാന ആശുപത്രികളെയും ഈ പദ്ധതിയിൻ കീഴിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>ഉത്തരം</u>

(എ) പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം* ചെയ്യുന്നു.

(ബി&സി) ടെൻഡർ നടപടികൾ പൂർത്തിയാക്കി താമസംവിനാ പദ്ധതി ആരംഭിക്കുന്നതാണ്. കരാർ നടപടികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് മാത്രമേ ആശുപത്രികൾ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാൻ കഴിയുകയുള്ളൂ.

**സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ഇൻഷ്വറൻസ് പദ്ധതി**

88 (T* 4693) <u>ശ്രീ. പി. കെ. ബഷീർ</u>:
<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും വേണ്ടി നടപ്പിലാക്കുന്ന ഇൻഷ്വറൻസ് പദ്ധതിയുടെ പ്രവർത്തനം എപ്പോഴാണ് ആരംഭിക്കുന്നത്; വ്യക്തമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് ഇൻഷ്വറൻസ് കമ്പനികളുമായി ചർച്ച നടത്തി ധാരണയിലെത്തിച്ചേർന്നിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) പ്രസ്തുത പദ്ധതിയിൻകീഴിൽ ജീവനക്കാർക്ക് ലഭ്യമാകുന്ന സൗകര്യങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ;

(ഡി) സർക്കാർ/സ്വകാര്യ ആശുപത്രികളെ ഇതിനായി എം പാനൽ ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഇ) ഇൻഷ്വറൻസ് പദ്ധതിയിൻകീഴിൽ സർക്കാർ നിശ്ചയിക്കുന്ന പ്രീമിയം തുകയിൽ കൂടുതൽ പരിരക്ഷ ലഭിക്കണമെന്നുള്ളവർക്ക് പ്രീമിയം കൂടുതലായി അടയ്ക്കുന്നതിന് അനുമതി നൽകുമോയെന്ന് വ്യക്തമാക്കുമോ;

(എഫ്) ഇതര സംസ്ഥാനത്തെ പ്രധാന ആശുപത്രികളെയും ഈ പദ്ധതിയിൻ കീഴിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ടെണ്ടർ നടപടികൾ പൂർത്തിയാക്കി താമസംവിനാ പദ്ധതി ആരംഭിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) ഇൻഷ്വറൻസ് കമ്പനികളിൽ നിന്ന് താല്പര്യപത്രം ക്ഷണിച്ചതുപ്രകാരം IRDA അംഗീകാരമുള്ള അഞ്ച് കമ്പനികൾ താല്പര്യം അറിയിച്ചിട്ടുണ്ട്.

(സി-എഫ്) തെരഞ്ഞെടുക്കപ്പെടുന്ന ഇൻഷ്വറൻസ് കമ്പനിയുമായി ഗവൺമെന്റ് കരാർ ഒപ്പ് വയ്ക്കുന്ന സാഹചര്യത്തിൽ മാത്രമേ ജീവനക്കാർക്ക് ലഭിക്കുന്ന സൗകര്യം, ആശുപത്രിയുടെ എംപാനൽമെന്റ് അധിക പ്രീമിയത്തിലെ അധിക പരിരക്ഷ എന്നിവയെ സംബന്ധിച്ച് വ്യക്തത ലഭിക്കുകയുള്ളൂ.

**ഓൺലൈൻ സംവിധാനത്തിൽ എസ്.എൽ.ഐ., ജി.ഐ.എസ്. തിരിച്ചടവ്**

89 (4694) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാരുടെ എസ്.എൽ.ഐ., ജി.ഐ.എസ് എന്നിവ നിലവിൽ ഓൺലൈൻ സംവിധാനത്തിലൂടെ ഏകീകരിച്ചിട്ടുണ്ടോ;

(ബി) ജീവനക്കാരുടെ എസ്.എൽ.ഐ., ജി.ഐ.എസ്. കോൺട്രിബ്യൂഷന് ഏത് കാലയളവ് വരെയാണ് ഓൺലൈൻ സംവിധാനത്തിലൂടെ ഡാറ്റാബേസ് തയ്യാറാക്കിയിട്ടുള്ളത്;

(സി) തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും പ്രസ്തുത സോഫ്റ്റ് വെയർ മുഖേനയാണോ എസ്.എൽ.ഐ., ജി.ഐ.എസ്. തിരിച്ചടവ് നടത്തുന്നത്?

(ഡി) 2018-19 സാമ്പത്തികവർഷം മുതൽ ഓരോ സാമ്പത്തികവർഷത്തെയും അടവ് സംബന്ധിച്ച വിവരം ജീവനക്കാർക്ക് ലഭ്യമാക്കുന്ന രീതി ആവിഷ്കരിച്ച് നടപ്പിലാക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന സർക്കാർ ജീവനക്കാരുടെ എസ്.എൽ.ഐ., ജി.ഐ.എസ്. എന്നീ പദ്ധതികളിലെ പ്രീമിയം അടവ് വിവരങ്ങൾ ഓൺലൈൻ സംവിധാനത്തിലൂടെ ശേഖരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

(ബി) സ്പാർക്ക് വഴി ശമ്പളം വാങ്ങുന്ന ജീവനക്കാരുടെ മാർച്ച് 2017 വരെയുള്ള എസ്.എൽ.ഐ., ജി.ഐ.എസ്. പ്രീമിയം അടവ് വിവരങ്ങൾ ഡി.ഡി.ഒ.-മാരിൽ നിന്ന് ഓൺലൈൻ ആയും അതിനുശേഷമുള്ള വിവരങ്ങൾ സ്പാർക്കിൽനിന്നും സ്വീകരിക്കുന്നതിനും വേണ്ടിയാണ് ഡാറ്റാബേസ് തയ്യാറാക്കിയിട്ടുള്ളത്.

(സി) 'വിശ്വാസ് സോഫ്റ്റ്‌വെയർ' മുഖേന തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ എസ്.എൽ.ഐ, ജി.ഐ.എസ്. പ്രീമിയം അടവ് വിവരങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) 2018-19 സാമ്പത്തികവർഷം മുതൽ ഓരോ സാമ്പത്തിക വർഷത്തേയും എസ്.എൽ.ഐ, ജി.ഐ.എസ്. പ്രീമിയം അടവ് വിവരങ്ങൾ തൊട്ടടുത്ത സാമ്പത്തിക വർഷത്തിൽ ഓൺലൈൻ ആയി ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

## തൃശ്ശൂർ ജില്ലയിൽ മുദ്രപ്പത്രങ്ങൾക്കുള്ള ക്ഷാമം

90 (T* 4695) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ ചാലക്കുടിയടക്കമുള്ള വിവിധ പ്രദേശങ്ങളിൽ 10, 20, 50, 100 രൂപയുടെ മുദ്രപ്പത്രങ്ങൾ ലഭ്യമല്ലാത്തതുമൂലം ജനങ്ങൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുന്നതിനായി ഇവ ലഭ്യമാക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് പ്രാദേശികമായി 50, 100 രൂപയുടെ നോൺ ജൂഡീഷ്യൽ മുദ്രപ്പത്രങ്ങൾ ആവശ്യമായ തോതിൽ ലഭ്യമാകുന്നില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിരുന്നു.

(ബി) 50,100 രൂപ മുദ്രപ്പത്രങ്ങളുടെ ലഭ്യതക്കുറവ് ശ്രദ്ധയിൽപ്പെട്ടപ്പോൾ തന്നെ മുദ്രപ്പത്ര ലഭ്യതയുള്ള മറ്റ് ട്രഷറികളിൽനിന്നും മുദ്രപ്പത്രം എത്തിച്ച് ലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്. കൂടാതെ 50, 100 രൂപ മുദ്രപ്പത്രങ്ങളുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിന് 1 മുതൽ 5 വരെ മൂല്യമുള്ള നോൺ ജൂഡീഷ്യൽ മുദ്രപ്പത്രങ്ങൾ 50 രൂപ മൂല്യമുള്ള മുദ്രപത്രങ്ങളായും, 7 മുതൽ 10 രൂപ വരെ മൂല്യമുള്ള നോൺ ജൂഡീഷ്യൽ മുദ്രപ്പത്രങ്ങൾ 100 രൂപ മൂല്യമുള്ള മുദ്രപ്പത്രങ്ങളായും പുനർ മൂല്യനിർണ്ണയം ചെയ്യുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇത്തരത്തിൽ റീവാലിഡേറ്റ് ചെയ്ത മുദ്രപ്പത്രങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമായി തുടങ്ങിയിട്ടുണ്ട്.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## ഡ്യൂപ്ലിക്കേറ്റ് എൽ.ഐ.സി. പോളിസി സർട്ടിഫിക്കറ്റിനുള്ള സ്റ്റാമ്പ് ഡ്യൂട്ടി

91 (4696) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എൽ. ഐ. സി. പോളിസി സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടാൽ ഡ്യൂപ്ലിക്കേറ്റ് പോളിസി സർട്ടിഫിക്കറ്റ് എടുക്കുന്നതിലേക്കായി കേരള സർക്കാർ എത്ര രൂപയാണ് സ്റ്റാമ്പ് ഡ്യൂട്ടിയായി ഈടാക്കുന്നത്; ഇത് നേരത്തെ എത്ര രൂപയായിരുന്നുവെന്നറിയിക്കാമോ;

(ബി) ഇതര സംസ്ഥാനങ്ങളിൽ ഇതിനായി 100 രൂപയാണ് ഈടാക്കുന്നതെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ സംസ്ഥാനത്തും ഇതിന് 100 രൂപയായി നിജപ്പെടുത്തുമോ എന്നറിയിക്കാമോ;

(സി) സംസ്ഥാനത്തെ എൽ. ഐ. സി. പോളിസികൾക്കുമേൽ കേന്ദ്ര ഗവൺമെന്റ് ഏർപ്പെടുത്തിയ ജി. എസ്. ടി. പിൻവലിക്കുന്നതിനുള്ള നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് എൽ.ഐ.സി. പോളിസി സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടാൽ ഡ്യൂപ്ലിക്കേറ്റ് പോളിസി സർട്ടിഫിക്കറ്റ് എടുക്കുന്നതിലേക്കായുള്ള മാർഗ്ഗനിർദ്ദേശം അറിയുന്നതിലേക്കായി എൽ.ഐ.സി.-യുടെ വെബ്സൈറ്റ് പരിശോധിച്ചതിൽ നിന്നും ഡ്യൂപ്ലിക്കേറ്റ് പോളിസി ലഭിക്കുന്നതിന് Indeminity Bond ആവശ്യമാണെന്ന് കാണുന്നു. Indeminity Bond-ന് കേരള മുദ്രപ്പത്ര നിയമം പട്ടികയിലെ ക്രമ നമ്പർ 32 പ്രകാരം 500 രൂപ സ്റ്റാമ്പ് ഡ്യൂട്ടി ആവശ്യമാണ്. 100 രൂപയായിരുന്ന പ്രസ്തുത നിരക്ക് 2015-ലെ ഫിനാൻസ് ആക്ട് പ്രകാരമാണ് 500 രൂപയായി വർദ്ധിപ്പിച്ചത്.

(ബി) ഉണ്ട്. സംസ്ഥാനത്ത് ഇത് 100 രൂപയായി നിജപ്പെടുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(സി) ചരക്ക് സേവന നികുതി, 2017-ലെ വകുപ്പ് 11-ൽ ഉപവകുപ്പ് (1) പ്രകാരം ചരക്കുകളുടെയോ സേവനങ്ങളുടെയോ നികുതി ഒഴിവാക്കുകയും ഭേദഗതി വരുത്തുകയും ചെയ്യുന്നതിനുള്ള അധികാരം കേന്ദ്ര ധനകാര്യമന്ത്രി ചെയർമാനായ ചരക്ക് സേവന നികുതി കൗൺസിലിൽ നിക്ഷിപ്തമാണ്.

## മുദ്രപ്പത്രക്ഷാമത്തിൽ മനുഷ്യാവകാശ കമ്മീഷന്റെ പരാമർശം

92 (T* 4697) ശ്രീ. പാറക്കൽ അബ്ദുല്ല:

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂല്യം കുറഞ്ഞ മുദ്രപ്പത്രങ്ങളുടെ മൂല്യം ഉയർത്തി (റീ-വാല്യുവേറ്റഡ്) മുദ്രപത്രക്ഷാമം പരിഹരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) 50,100 രൂപയുടെ മുദ്രപ്പത്രങ്ങളാണ് സാധാരണക്കാർക്ക് വിവിധ ആവശ്യങ്ങൾക്ക് ഏറ്റവും കൂടുതൽ ഉപയോഗിക്കേണ്ടിവരുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവ സംസ്ഥാനത്തൊരിടത്തും കിട്ടാത്തത് കാരണം 500 രൂപയുടെ മുദ്രപ്പത്രം പകരം ഉപയോഗിക്കേണ്ടിവന്ന സാഹചര്യം പരിശോധിക്കുകയുണ്ടായോ;

(സി) ഇത് സർക്കാരിന് കൂടുതൽ വരുമാനമുണ്ടാക്കുമെങ്കിലും ജനങ്ങൾക്ക് വലിയ സാമ്പത്തികനഷ്ടം വരുത്തിയകാര്യം പരിശോധിക്കുകയുണ്ടായോ;

(ഡി) ഉത്തരവാദപ്പെട്ടവരുടെ ഭാഗത്തുനിന്നുണ്ടായ ഗുരുതരമായ വീഴ്ചയാണ് മുദ്രക്കടലാസ് ക്ഷാമത്തിന് കാരണമെന്ന മനുഷ്യാവകാശ കമ്മീഷന്റെ പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അക്കാര്യം പരിശോധിക്കുമോ?

ഉത്തരം

(എ) 1 മുതൽ 5 വരെ മൂല്യമുള്ള നോൺ ജുഡീഷ്യൽ മുദ്രപ്പത്രങ്ങൾ 50 രൂപ മൂല്യമുള്ള മുദ്രപ്പത്രങ്ങളായും, 7 മുതൽ 10 രൂപ വരെ മൂല്യമുള്ള നോൺ ജുഡീഷ്യൽ മുദ്രപ്പത്രങ്ങൾ 100 രൂപ മൂല്യമുള്ള മുദ്രപ്പത്രങ്ങളായും പുനർ മൂല്യനിർണ്ണയം (റീ-വാല്യുവേറ്റഡ്) ചെയ്ത് മുദ്രപ്പത്രക്ഷാമം പരിഹരിക്കുന്നതിന് നടപടിയെടുത്തിട്ടുണ്ട്.

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 50, 100 രൂപയുടെ മുദ്രപ്പത്രങ്ങൾക്ക് പകരം 500 രൂപയുടെ മുദ്രപ്പത്രം ഉപയോഗിക്കേണ്ടിവന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## പാഴായിപ്പോകുന്ന തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് പദ്ധതി

93 (4698) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാഴായി പോകുന്ന തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ഈ പദ്ധതിയനുസരിച്ച് എന്തെല്ലാം ആനുകൂല്യങ്ങളാണ് തൊഴിലാളികൾക്ക് ലഭിക്കുന്നത് ; വിവരിക്കുമോ;

(സി) കയർ സഹകരണ സംഘങ്ങൾക്ക് എന്തെല്ലാം സഹായങ്ങളാണ് ഈ പദ്ധതിയനുസരിച്ച് ലഭിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പാഴായിപ്പോകുന്ന തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ, നാളികേര ഉൽപ്പാദന കമ്പനികൾ, അഗ്രോ സർവ്വീസ് സെന്ററുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ട് സംഭരണം ശക്തമാക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. കയർ രംഗത്തെ ഉന്നത അധികാര സമിതിയായ അപ്പെക്സ് ബോഡി ഫോർ കയർ (എ.ബി.സി.)-ന്റെ ജില്ലാ സമിതികൾ കയർ പ്രോജക്ട് ഓഫീസുകളുമായി ചേർന്ന് തൊണ്ട് സംഭരണം കാര്യക്ഷമമായി മുന്നോട്ട് കൊണ്ടുപോകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. തൊണ്ട് സംഭരണത്തിനും വിതരണത്തിനുമായി ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ ഒരു മൊബൈൽ ആപ്പ് രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. തൊണ്ട് സംഭരിച്ച് കയർ മേഖലയിലേയ്ക്ക് കൊണ്ടുവരുന്നതിനുപകരം അതത് നാളികേര മേഖലയിൽ മില്ലുകൾ സ്ഥാപിച്ച് ചകിരി കയർ മേഖലയിലേയ്ക്ക് കൊണ്ടു വരുന്നതിനുള്ള നടപടിയാണ് കൈക്കൊള്ളുന്നത്. 2017-18 സാമ്പത്തിക വർഷം തൊണ്ടു സംഭരണത്തിനുള്ള റിവോൾവിംഗ് ഫണ്ട്, ഇൻസെന്റീവ് എന്നിവയ്ക്കായി 10 കയർ പ്രോജക്ടുകളിലേയ്ക്ക് 1,73,50,000 രൂപ അനുവദിച്ചിട്ടുണ്ട്.

നിലവിലെ പദ്ധതി അനുസരിച്ച്, തൊഴിലാളികൾക്കും സംഘങ്ങൾക്കും സ്വകാര്യ ഡി.എഫ്. മില്ലുകൾക്കും ഇൻസെന്റീവ്, സബ്സിഡി എന്നിവ നൽകുന്നുണ്ട്. കൂടാതെ സംഘങ്ങൾക്ക് മെയിന്റനൻസ് ഗ്രാന്റും നൽകുന്നുണ്ട്. തൊണ്ട് സംഭരണത്തിനായി ആവിഷ്കരിച്ച പദ്ധതികൾ വിജയകരമായി നടപ്പിലാക്കിവരുന്നു. എങ്കിലും ചകിരിയുടെ ക്ഷാമം പരിഹരിക്കുന്നതിനായി

സമ്പൂർണ്ണ ആധുനീകരണത്തിന്റെ ഭാഗമായുള്ള യന്ത്രവൽക്കരണം നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. എന്നാൽ ഈ രംഗത്തുള്ള പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ടുമാത്രമേ യന്ത്രവൽക്കരണം നടപ്പാക്കുകയുള്ളൂ. ഇതിന്റെ ഭാഗമായി ഡി.എഫ്. മില്ലുകൾ സ്ഥാപിച്ച് കുടുംബശ്രീ അടക്കമുള്ള സംവിധാനങ്ങളുടെ സഹായത്തോടെ ചകിരി ഉൽപ്പാദനം നടത്തും. ഇവിടെ തൊണ്ട് സംഭരണം മുതൽ ഉൽപ്പന്ന നിർമ്മാണം വരെയുള്ള സംയോജിത പ്രവർത്തനങ്ങളിൽ ഊന്നൽ നൽകുന്ന യൂണിറ്റുകൾ സ്ഥാപിക്കും. 2017-18 സാമ്പത്തികവർഷത്തിൽ കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ 100 ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പാലക്കാട് ജില്ലയിലെ നെന്മാറ നിയോജകമണ്ഡലത്തിലെ വടവന്നൂർ പഞ്ചായത്തിൽ കയർഫെഡിന്റെ ആഭിമുഖ്യത്തിൽ 30000 തൊണ്ട് വീതം ചകിരിയാക്കാൻ ശേഷിയുള്ള 2 ഡി.എഫ്. മെഷീനുകൾ സ്ഥാപിക്കുന്ന പ്രോജക്ടിൽ ഒരെണ്ണം സ്ഥാപിച്ചിട്ടുണ്ട്. കണ്ണൂർ പ്രോജക്ട് പരിധിയിൽ വരുന്ന അമ്മാനപ്പാറ വില്ലേജിൽ ദിവസേന 8000 തൊണ്ട് ചകിരിയാക്കുന്ന ഡി.എഫ്. യൂണിറ്റ് കുടുംബശ്രീ യൂണിറ്റായി 13-7-2017-ന് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ ചക്കിട്ടപ്പാറയിൽ പേരാമ്പ്ര കോക്കനട്ട് പ്രൊഡ്യൂസേഴ്സ് കമ്പനിയുടെ നേതൃത്വത്തിൽ ഹെവിഡ്യൂട്ടി ഡി.എഫ്. മിൽ സ്ഥാപിച്ചു കഴിഞ്ഞു.

(ബി) തൊണ്ട് ശേഖരിച്ചുനൽകുന്ന തൊഴിലാളികൾക്ക് പ്രതിദിന വേതനമായി 400 പച്ച തൊണ്ടിന് 160 രൂപയും കൂടുതലായി സംഭരിക്കുന്ന ഓരോ 50 പച്ച തൊണ്ടിന് 20 രൂപ വീതവും സർക്കാർ വിഹിതം നൽകുന്നു. ഉണക്ക തൊണ്ടാണെങ്കിൽ 600 എണ്ണത്തിന് 150 രൂപയും അധിക ഓരോ 100 എണ്ണത്തിന് 25 രൂപ വീതവും എന്ന കണക്കിൽ സർക്കാർ വിഹിതം നൽകുന്നു.

(സി) നിലവിൽ തൊണ്ട് സംഭരിച്ച് നൽകുന്നവർക്ക് പച്ച തൊണ്ടിന് 25 പൈസ നിരക്കിലും ഉണക്ക തൊണ്ടിന് 15 പൈസ നിരക്കിലും ഇൻസെന്റീവ് നൽകുന്നു. 80/60 ഗ്രാമിൽ താഴെ ചകിരി ലഭിക്കുന്ന പച്ചത്തൊണ്ട്/ഉണക്ക തൊണ്ടിന് 20/10 പൈസ നിരക്കിലാണ് ഇൻസെന്റീവ് നൽകുന്നത്. തൊണ്ട് സംഭരിച്ച് ചകിരിയാക്കുമ്പോൾ പച്ച തൊണ്ടിൽനിന്നുള്ള ചകിരിക്ക് കിലോഗ്രാമിന് 3 രൂപ നിരക്കിലും ഉണക്ക തൊണ്ടിൽ നിന്നുള്ള ചകിരിക്ക് കിലോഗ്രാമിന് 2 രൂപ നിരക്കിലും സബ്സിഡി നൽകുന്നു. തൊണ്ട് സംഭരണത്തിനായി 2,00,000 രൂപ സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ടായി നൽകുന്നു. കയർ സഹകരണ സംഘങ്ങൾക്ക് വലിയ ഡി.എഫ്. മെഷീൻ ഉപയോഗിക്കുന്നുവെങ്കിൽ 50,000 രൂപയും മിനി ഡി.എഫ്. മെഷീനാണെങ്കിൽ 10,000 രൂപയും വർഷം തോറും യഥാർത്ഥ റിപ്പെയർ കണക്കാക്കി മെയിന്റനൻസ് ഗ്രാന്റ്, റീ ഇംബേഴ്സ്മെന്റ് ആയി നൽകി വരുന്നു.

**കാസർഗോഡ് ജില്ലയിൽ പുതുതായി ചകിരി മില്ലുകൾ**

94 (4699) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആവശ്യത്തിന് ചകിരി ലഭ്യമല്ലാത്ത സാഹചര്യം സംസ്ഥാനത്ത് ഉണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) കാസർഗോഡ് ജില്ലയിൽ പുതുതായി ചകിരി മില്ലുകൾ ആരംഭിക്കാൻ സഹായം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ചകിരിയുടെ ദൗർലഭ്യം ഉണ്ടായിട്ടുണ്ട്. എന്നാൽ ഇത്തരത്തിൽ ചകിരി ദൗർലഭ്യം രൂക്ഷമാകുന്ന സന്ദർഭങ്ങളിൽ അന്യ സംസ്ഥാനങ്ങളിൽ നിന്നുൾപ്പെടെ കയർഫെഡ് മുഖാന്തരം ചകിരി സംഭരിച്ച് സബ്സിഡി നിരക്കിൽ സംസ്ഥാനത്ത് വിതരണം ചെയ്ത് ചകിരി ക്ഷാമം കുറയ്ക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) പുതുതായി ചകിരി മില്ലുകൾ ആരംഭിക്കുന്നതിന് പദ്ധതി രൂപീകരിച്ചു വരുന്നു.

**കയർ മേഖലയ്ക്ക് ഉണർവ്വേകാൻ പദ്ധതി**

95 (4700) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കയർ മേഖലയ്ക്ക് ഉണർവ്വേകാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്യാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി സ്വകാര്യ സംരംഭകരുടെ സഹകരണം പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) കയർ തൊഴിലാളികൾക്കും സംഘങ്ങൾക്കും ഗുണകരണമായിട്ടുള്ള കാര്യങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തുമോ;

(ഡി) കയറിന്റെ ആഭ്യന്തര-വിദേശ വിപണി വിപുലപ്പെടുത്താൻ പദ്ധതിയിൽ പ്രാധാന്യം നൽകുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് കയർ മേഖലയ്ക്ക് ഉണർവ്വേകാൻ, കയറിന്റെ രണ്ടാം പുനഃസംഘടനയുടെ ഭാഗമായി നിരവധി പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ, നാളികേര ഉൽപ്പാദന കമ്പനികൾ, അഗ്രോ സർവ്വീസ് സെന്ററുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ട് സംഭരണം ശക്തമാക്കുന്നതിനും പൂർണ്ണമായ യന്ത്രവൽക്കരണം നടപ്പിലാക്കി പരമാവധി ചകിരി ഉൽപ്പാദിപ്പിച്ച് കയർ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ഉൽപ്പന്ന വൈവിദ്ധ്യവൽക്കരണത്തിലൂടെ വിപണനം ശക്തിപ്പെടുത്തി കയർ മേഖലയെ സ്വയംപര്യാപ്തമാക്കുന്നതിനും കയർ രണ്ടാം പുനഃസംഘടന ലക്ഷ്യമിടുന്നു. പരമ്പരാഗത മേഖലയിൽ തുടരുന്ന തൊഴിലാളികൾക്ക് തൊഴിലും അംഗീകൃത കൂലിയും ഉറപ്പാക്കിക്കൊണ്ടാണ് പുനഃസംഘടന നടപ്പിലാക്കുന്നത്.

പരമ്പരാഗത കയർ തൊഴിലാളികൾക്ക് 200 ദിവസത്തെ തൊഴിലും മിനിമം കൂലിയും ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. 2017-ലെ കയർ കേരളയിൽ വച്ച് 120 കോടി രൂപയുടെ കയർ ഭൂവസ്ത്ര പദ്ധതിക്ക് ധാരണാപത്രം ഒപ്പ് വച്ചിട്ടുണ്ട്. ചകിരി ഉൽപ്പാദന, കയർപിരി, ഉൽപ്പന്ന മേഖലയിലെ തൊഴിലാളികൾക്ക് ഇതിന്റെ ഗുണം ലഭിക്കും. ഈ സാമ്പത്തിക വർഷം പരമാവധി തൊഴിൽ എന്ന ലക്ഷ്യം കൈവരിക്കാനാകും. എന്നാൽ കേരളം ചകിരി ലഭ്യതയ്ക്ക് തമിഴ്നാടിനെയാണ് ആശ്രയിക്കുന്നത്. ചകിരി വില ക്രമാതീതമായി വർദ്ധിക്കുകയാണ്. സബ്സിഡി നൽകി കയർഫെഡുവഴി സർക്കാർ സംഘങ്ങൾക്ക് ചകിരി ലഭ്യമാക്കി വരുന്നുണ്ട്. വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം തൊഴിലും അംഗീകൃത കൂലിയും ഉറപ്പാക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 26,51,83,457 രൂപ നാളിതുവരെ അനുവദിച്ചു നൽകിയിട്ടുണ്ട്.

കയർ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി നടപടി സ്വീകരിച്ചു വരുന്നു. 12 കോടി രൂപ പ്രവർത്തന മൂലധനം നൽകുന്നതിനായി ഈ വർഷം അനുവദിച്ചിട്ടുണ്ട്. ആയതിൽ 254 കയർ സഹകരണ സംഘങ്ങൾക്ക് 6.66 കോടി രൂപ പ്രവർത്തന മൂലധനമായി നൽകിയിട്ടുണ്ട്. കയർ സഹകരണ സംഘങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 2016-17 വർഷം 36 സംഘങ്ങൾക്ക് 2,15,70,344 രൂപയും 2017-18 വർഷം 40 സംഘങ്ങൾക്ക് 1,83,88,814 രൂപയും അനുവദിച്ചു നൽകിയിട്ടുണ്ട്.

കയർ വ്യവസായ മേഖലയെ ആധുനികവൽക്കരിക്കുക എന്ന ലക്ഷ്യത്തിന്റെ ഭാഗമായി സമ്പൂർണ്ണ യന്ത്രവൽക്കരണം നടപ്പിലാക്കി വരുന്നു. 2017-18 സാമ്പത്തിക വർഷത്തിൽ 100 ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. 10 എച്ച്.പി.-യുടെ 60 ഡി.എഫ്. മെഷീൻ കയർ മെഷിനറി ഫാക്ടറി വഴി വിതരണം ചെയ്തിട്ടുണ്ട് ഇതിനായി 1,35,00,000 രൂപ മെഷിനറി ഫാക്ടറിക്ക് അനുവദിച്ചു. 15 എച്ച്.പി.-യുടെ 65 ഡി.എഫ്. മെഷീൻ സ്ഥാപിക്കുന്നതിന് 3,08,75,000 രൂപ മെഷിനറി ഫാക്ടറിക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. പ്രസ്തുത മെഷീനുകളുടെ വിതരണം ആരംഭിച്ചിട്ടുണ്ട്.

കുടുംബശ്രീ യൂണിറ്റുകളുമായി ബന്ധപ്പെട്ട് എല്ലാ ജില്ലകളിലും ഡി.എഫ്. മെഷീനുകൾ സ്ഥാപിക്കുന്നതിനുള്ള 8,15,00,000 രൂപയുടെ പ്രൊപ്പോസലിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇലക്ട്രോണിക് റാട്ടുകൾ കയർ സഹകരണ സംഘങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ, ഇന്റഗ്രേറ്റഡ് കയർ പ്രോസസ്സിംഗ് യൂണിറ്റ്, വില്ലോയിംഗ് മെഷീൻ എന്നിവ സംഘങ്ങളിൽ സ്ഥാപിക്കുന്നതിനും മെഷിനറി ഫാക്ടറിക്ക് തുക അനുവദിച്ചിട്ടുണ്ട്.

പാലക്കാട് ജില്ലയിലെ നെന്മാറ നിയോജകമണ്ഡലത്തിലെ വടവന്നൂർ പഞ്ചായത്തിൽ കയർഫെഡിന്റെ ആഭിമുഖ്യത്തിൽ 30000 തൊണ്ട് വീതം ചകിരിയാക്കാൻ ശേഷിയുള്ള 2 ഡി.എഫ്. മെഷീനുകൾ സ്ഥാപിക്കുന്ന പ്രോജക്ടിൽ ഒരെണ്ണം സ്ഥാപിച്ചിട്ടുണ്ട്. കണ്ണൂർ പ്രോജക്ട് പരിധിയിൽ വരുന്ന അമ്മാനപ്പാറ വില്ലേജിൽ ദിവസേന 8000 തൊണ്ട് ചകിരിയാക്കുന്ന ഡി.എഫ്. യൂണിറ്റ് കുടുംബശ്രീ യൂണിറ്റായി 13-7-17 ന് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ ചക്കിട്ടപ്പാറയിൽ പേരാമ്പ്ര കോക്കനട്ട് പ്രൊഡ്യൂസേഴ്സ് കമ്പനിയുടെ നേതൃത്വത്തിൽ ഹെവിഡ്യൂട്ടി ഡി.എഫ്.മിൽ സ്ഥാപിച്ചുകഴിഞ്ഞു.

ഈ രംഗത്തുള്ള പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ടുമാത്രമാണ് യന്ത്രവൽക്കരണം നടപ്പിലാക്കുന്നത്. ഇതിന്റെ ഭാഗമായി ഡി.എഫ്. മില്ലുകൾ സ്ഥാപിച്ച് കുടുംബശ്രീ അടക്കമുള്ള സംവിധാനങ്ങളുടെ സഹായത്തോടെ ചകിരി ഉല്പാദനം നടത്തും. ഇവിടെ തൊണ്ട് സംഭരണം മുതൽ ഉല്പന്ന നിർമ്മാണം വരെയുള്ള സംയോജിത പ്രവർത്തനങ്ങളിൽ ഊന്നൽ നൽകുന്ന യൂണിറ്റുകൾ സ്ഥാപിക്കും.

കയർ തൊഴിലാളികളുടെ ജീവനോപാധി എന്ന നിലയിൽ തൊഴിലാളികളുടെ രക്ഷാമാർഗ്ഗമാക്കി മാറ്റാൻ വേണ്ടതരത്തിലാണ് പുനരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കുന്നത്. ഇതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

1. കയർ സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ പദ്ധതി പ്രകാരം സ്ഥിര/പ്രവർത്തന മൂലധനം നൽകുന്നു.
2. കയർ സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനം ഉൾപ്പെടെയുള്ള ധനസഹായം നൽകിവരുന്നു.
3. കയറും കയറുൽപ്പന്നങ്ങളുടെയും വിൽപ്പനയ്ക്കുള്ള വിപണി വികസന സഹായം (എം.ഡി.എ.) നൽകി വരുന്നു.
4. കയർ മേഖലയിലെ സംരംഭകർക്ക് മാർജിൻ മണിവായ്പ നൽകുന്നു.
5. പ്രത്യേക നിക്ഷേപ സഹായ പദ്ധതിയിലൂടെ സ്പെഷ്യൽ ഇൻവെസ്റ്റ്മെന്റ് സബ്സിഡി നൽകി വരുന്നു.
6. കയർ വ്യവസായത്തിൽ യന്ത്രവൽക്കരണം നടപ്പിലാക്കുന്നു.
7. ഉൽപ്പാദനവും വിപണന പ്രചോദനവും (പി.എം.ഐ.) പദ്ധതിയിലൂടെ ആനുകൂല്യം നൽകി വരുന്നു.
8. വില വ്യതിയാനം പരിഹരിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു.
9. കയർ മേഖലയിൽ ക്ലസ്റ്റർ വികസന പരിപാടി നടപ്പിലാക്കി വരുന്നു.
10. കയർ സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം നൽകുന്നു.
11. കയർ ജിയോ ടെക്സ്റ്റൈയിൽസ് പദ്ധതി നടപ്പിലാക്കി വരുന്നു.
12. പരമ്പരാഗത കയർപിരി/ഡീഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർ തന്നെ നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കി വരുന്നു.
13. കയർ തൊഴിലാളികൾക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കി വരുന്നു.
14. യന്ത്രവൽക്കരണം പൂർത്തീകരിക്കുന്നതോടെ വേതനഘടനയിൽ മാറ്റം ഉണ്ടാക്കാനാകും. നിലവിൽ വരുമാനം ഉറപ്പാക്കൽ പദ്ധതി വഴി സർക്കാർ സഹായം നൽകി വരുന്നുണ്ട്.
15. കഴിഞ്ഞ ഓണക്കാലത്ത് കയർഫെഡ്, ഫോമിൽ, കയർ കോർപ്പറേഷൻ എന്നീ പൊതുമേഖലാ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കേരളത്തിലെ 137-ഓളം സ്റ്റാളുകളിലൂടെ കയർ ഉല്പന്നങ്ങൾ ആകർഷകമായ സമ്മാന പദ്ധതികളിലൂടെ വിറ്റഴിക്കാനുള്ള പദ്ധതിയും നടപ്പിലാക്കി 12.32 കോടി രൂപയുടെ ഉൽപ്പന്നങ്ങൾ അപ്രകാരം വിറ്റഴിച്ചിട്ടുണ്ട്.

16. മാനേജീരിയൽ സബ്സിഡി സ്കീം നടപ്പാക്കി വരുന്നു.

(ബി) ഉണ്ട്.

(സി) ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) കയറിന്റെ ആഭ്യന്തര-വിദേശ വിപണി വിപുലപ്പെടുത്താൻ പദ്ധതിയിൽ പ്രാധാന്യം നൽകിയിട്ടുണ്ട്.

## കയർ തൊഴിലാളികളുടെ വേതനം ആഴ്ചയിൽ വിതരണം ചെയ്യുന്നതിന് നടപടി

96 (4701) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കയർ തൊഴിലാളികൾക്ക് വേതനം വിതരണം ചെയ്യുന്നതിന് ഏതെല്ലാം ബാങ്കുകളെയാണ് ശിപാർശ ചെയ്തിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇവർക്ക് വേതനം അക്കൗണ്ട് ചെയ്യുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) കയർത്തൊഴിലാളികൾക്ക് കയർ വ്യവസായ സഹകരണ സംഘങ്ങൾ നേരിട്ട് വേതനം വിതരണം ചെയ്യുന്നതിനും വേതനം ആഴ്ചയിൽ ലഭിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) കയർ തൊഴിലാളികൾക്ക് വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം വേതനം വിതരണം ചെയ്യുന്നതിന് പ്രത്യേകിച്ച് ബാങ്കുകളെയൊന്നും നിഷ്കർഷിച്ചിട്ടില്ല. എന്നാൽ പൊതുമേഖലാ ബാങ്കുകളെയാണ് പ്രധാനമായും ആശ്രയിക്കുന്നത്. വരുമാനം ഉറപ്പാക്കൽ പദ്ധതിയുടെ ഉത്തരവിലെ അംഗീകരിച്ച മാർഗ്ഗരേഖ 4 (iii) പ്രകാരം 'Each worker shall open an account preferably in the branch of the same bank in which the Project Officer has started the account (not necessary if the worker has already have an account in the branch)' എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ട്രഷറിയിൽനിന്ന് ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്കാണ് വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം തുക ട്രാൻസ്ഫർ ചെയ്തു വരുന്നത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) വരുമാനം ഉറപ്പാക്കൽ പദ്ധതിയുടെ ഉത്തരവിലെ അംഗീകരിച്ച മാർഗ്ഗരേഖ 4 (iv) പ്രകാരം 'The Co-operative Society/Private entrepreneurs shall deposit the existing wage of the workers in the bank account of each worker at least on weekly basis. The Project Officer (Coir) concerned shall deposit the eligible enhanced portion of the wage of each worker to the account on weekly basis after ensuring the eligibility' എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

**ചെറുകിട കയർ ഉൽപ്പാദകരുടെ ഉൽപ്പന്നങ്ങൾ**

97 (4702) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളാണ് ചെറുകിട കയർ ഉത്പാദകരുടെയും കയർ സഹകരണ സംഘങ്ങളുടെയും ഉത്പന്നങ്ങൾ ഏറ്റെടുത്ത് വരുന്നത് എന്ന് വിശദീകരിക്കുമോ;

(ബി) 2017 ജനുവരി 1 മുതൽ ഡിസംബർ 31 വരെ ചെറുകിട ഉത്പാദകരുടെ എത്ര ടൺ കയർ ഉത്പന്നങ്ങൾ ഇപ്രകാരം ഏറ്റെടുത്തുവെന്ന് വിശദീകരിക്കുമോ;

(സി) ഏറ്റെടുത്ത കയർ ഉത്പന്നങ്ങളുടെ വില പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ടോ; വിശദീകരിക്കുമോ;

(ഡി) കാലതാമസം കൂടാതെ കയർ ഉത്പന്നങ്ങളുടെ വില ഉത്പാദകർക്ക് കുടിശ്ശിക ഇല്ലാതെ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കേരള സംസ്ഥാന കയർ കോർപ്പറേഷൻ ചെറുകിട കയർ ഉൽപ്പാദകരുടെയും കയർസഹകരണ സംഘങ്ങളുടെയും കയർ ഉൽപ്പന്നങ്ങൾ ഏറ്റെടുക്കുന്നുണ്ട്.

കയർഫെഡ്, കയർ സഹകരണ സംഘങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന കയറും കയർ ഉൽപ്പന്നങ്ങളും ഏറ്റെടുക്കുന്നുണ്ട്.

(ബി) കേരള സംസ്ഥാന കയർ കോർപ്പറേഷൻ 100 കോടി രൂപയുടെ കയർ ഉൽപ്പന്നങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. ഇത് കൃത്യമായി ടണ്ണിൽ കണക്കാക്കിയിട്ടില്ല.

(സി) കേരള സംസ്ഥാന കയർ കോർപ്പറേഷൻ ഏറ്റെടുത്ത കയർ ഉൽപ്പന്നങ്ങളുടെ വില പൂർണ്ണമായും വിതരണം ചെയ്തുകഴിഞ്ഞു.

(ഡി) കേരള സംസ്ഥാന കയർ കോർപ്പറേഷനും കയർഫെഡും അതാത് സ്ഥാപനങ്ങൾക്ക് ബാധകമായ ഉൽപ്പാദകർക്ക് മുഴുവൻ തുകയും കാലതാമസം വരാതെ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

## രജിസ്റ്റർ ചെയ്ത കയർ സംഘങ്ങളുടെ പ്രവർത്തനം

98 (4703) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര കയർ വ്യവസായ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഇതിൽ 2011-ന് ശേഷം രജിസ്റ്റർ ചെയ്തവ സംബന്ധിച്ച ലിസ്റ്റ് ലഭ്യമാക്കുമോ;

(ബി) 2011-ന് ശേഷം രജിസ്റ്റർ ചെയ്ത സംഘങ്ങളുടെ പ്രവർത്തനം പരിശോധിച്ചിട്ടുണ്ടോ; ഇവയിൽ സ്വന്തമായി (കയർ പിരിപ്പുകളുമുള്ള സംഘങ്ങൾ എത്രയെന്നും വ്യക്തമാക്കുമോ;

(സി) കയർ തൊഴിലാളികൾക്ക് കൂലിയോടൊപ്പം ഇൻകം സപ്പോർട്ട് എന്ന നിലയിൽ എത്ര തുക നൽകുന്നുവെന്നും ഇതിനുള്ള നിബന്ധനകൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ;

(ഡി) സർക്കാർ നൽകുന്ന ഇൻകം സപ്പോർട്ട് തുക തട്ടിയെടുക്കുന്നതിനായി മാത്രം പ്രവർത്തിക്കുന്ന സംഘങ്ങളുടെ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ആകെ 1405 കയർ വ്യവസായ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

2011-ന് ശേഷം രജിസ്റ്റർ ചെയ്ത സംഘങ്ങളുടെ ലിസ്റ്റ് അനുബന്ധമായി* ചേർക്കുന്നു.

(ബി) ബന്ധപ്പെട്ട കയർ പ്രോജക്ട് ഓഫീസർമാരും കയർ ഇൻസ്പെക്ടർമാരും സംഘങ്ങളുടെ പ്രവർത്തനം പരിശോധിക്കാറുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

2011-നുശേഷം രജിസ്റ്റർ ചെയ്ത സംഘങ്ങളിൽ 4 സംഘങ്ങൾക്ക് സ്വന്തമായി കയർ പിരിപ്പുകളുമുണ്ട്. അതിൽ രണ്ട് സംഘങ്ങൾക്ക് സ്വന്തമായി സ്ഥലമില്ലാത്തതിനാൽ യഥാക്രമം 10, 15 വർഷത്തേയ്ക്ക് പാട്ടത്തിനെടുത്താണ് പിരിപ്പുകളും സ്ഥാപിച്ചിട്ടുള്ളത്.

(സി) നിലവിൽ അംഗീകൃത കൂലിയായ 300 രൂപ ഉറപ്പു വരുത്തുന്നതിനായാണ് വരുമാനം ഉറപ്പാക്കൽ പ്രകാരം സർക്കാർ വിഹിതമായി 110 രൂപ വരെ പരമാവധി നൽകുന്നത്. ഓരോ സംഘങ്ങളിലും ഉൽപ്പാദിപ്പിക്കുന്ന കയറിന്റെ തരം, പിരിക്കുന്ന രീതി എന്നിവ അനുസരിച്ച് സംഘം നൽകിവരുന്ന കൂലിയിൽ വ്യത്യാസമുണ്ട്. ഉൽപ്പാദനക്ഷമതയും കൂലിയും നിശ്ചയിക്കുന്നത് അതാത് പ്രോജക്ട് ഓഫീസുകളിൽ രൂപീകരിച്ചിട്ടുള്ള ജില്ലാ സമിതികളാണ്.

(ഡി) കയർ സഹകരണ സംഘങ്ങളും രജിസ്റ്റർ ചെയ്ത സ്വകാര്യ യൂണിറ്റുകളുമാണ് വരുമാനം ഉറപ്പാക്കൽ പദ്ധതിക്ക് കീഴിൽ വരുന്നത്. സംഘങ്ങളിൽ പൊതുവിൽ വർക്ക് ഷെഡ്ഡുകളിലാണ് കയർപിരി നടത്തുന്നത്. എന്നാൽ കായംകുളം, വൈക്കം, ആലപ്പുഴ പ്രോജക്ടുകളിൽ യൂണിറ്റ് അടിസ്ഥാനത്തിൽ തൊഴിലാളികൾ വീടുകളിൽ വച്ച് കയർ പിരിക്കുന്നുണ്ട്. ഇവയിൽ കായംകുളം മേഖലയെ കുറിച്ച് പരാതികൾ വന്നതിനാൽ ഓരോ യൂണിറ്റും വിശദമായി പരിശോധിച്ച് മാത്രമാണ് സർക്കാർ വിഹിതം നൽകുന്നത്. 2011-12 വർഷത്തിലാണ് തൊഴിലാളികളെ ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്തത്. രജിസ്ട്രേഷൻ 2018-19 വർഷം പുതുക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. അതുവഴി കൂടുതൽ സുതാര്യത ഉറപ്പാക്കാനാകും.

**മാവേലിക്കര മണ്ഡലത്തിൽ കയർ വകുപ്പിന്റെ സ്ഥാപനങ്ങൾ**

99 (4704) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ കയർ വകുപ്പിന്റെ സ്ഥാപനങ്ങൾ ആരംഭിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ചെന്നിത്തല തൃപ്പെരുന്തുറയിൽ ഒരു സംയോജിത കയർ വ്യവസായ സഹകരണ സംഘം (ഗ്രൂപ്പ ഐ.സി.വി.സി.എസ്. ക്ലിപ്തം നമ്പർ 1116) നിലവിൽ പ്രവർത്തിക്കുന്നുണ്ട്. എ.ആർ. ജംഗ്ഷനിൽ യൂണിയൻ ബാങ്കിന് എതിർവശം കയർഫെഡിന്റെ ഒരു ഷോറൂം പ്രവർത്തിക്കുന്നുണ്ട്.

കയർ വകുപ്പ് നേരിട്ട് മാവേലിക്കര മണ്ഡലത്തിൽ സ്ഥാപനങ്ങൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടില്ല.

(ബി) കയർ സഹകരണ സംഘങ്ങൾ ആരംഭിക്കുന്നതിനുള്ള അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

**പുതിയ വ്യവസായങ്ങൾ കൊണ്ടുവരാൻ നടപടി**

100 (4705) <u>ശ്രീ. വി. എസ്. ശിവകുമാർ:</u>
<u>ശ്രീ. കെ. മുരളീധരൻ:</u>
<u>ശ്രീ. വി. ഡി. സതീശൻ:</u>
<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ നിക്ഷേപകരെ ആകർഷിക്കുന്നതിനും ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് റാങ്കിങ്ങിൽ കേരളത്തെ മുന്നിലേയ്ക്ക് കൊണ്ടുവരുന്നതിനും സ്വീകരിച്ച നടപടികൾ ഫലവത്തായി എന്ന് കരുതുന്നുണ്ടോ;

(ബി) ലൈറ്റ് മെട്രോ പ്രോജക്ടുകളുടെ ചുമതലയിൽ നിന്നും ഡി.എം.ആർ.സി,-യെയും ഇ. ശ്രീധരനെയും ഒഴിവാക്കുന്നത് നമ്മുടെ സംസ്ഥാനത്തേക്ക് പുതിയ വ്യവസായങ്ങൾ വരുന്നതിന് തടസ്സമാകുമെന്ന് കരുതുന്നുണ്ടോ;

(സി) നോക്കുകൂലി ഭരണഘടനാ വിരുദ്ധമാണെന്ന് ഹൈക്കോടതി വിധി ഉണ്ടായിരുന്നിട്ടും ആയത് തുടരുന്നത് സംസ്ഥാനത്തേക്ക് പുതിയ വ്യവസായ സംരംഭകർ വരുന്നതിനെ ബാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ വ്യവസായ മേഖലയിൽ കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തിയും നിയമങ്ങൾ ഭേദഗതി ചെയ്തുകൊണ്ടും "ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്" നടപ്പിലാക്കിവരുന്നു.

സംസ്ഥാനത്ത് സംരംഭങ്ങൾ തുടങ്ങുന്നതിനാവശ്യമായ അനുമതികൾ അതിവേഗം നൽകുന്നതിന് നിലവിലുള്ള നിയമങ്ങളിൽ കാലോചിതമായ പരിഷ്കാരങ്ങൾ വരുത്തേണ്ടത് അനിവാര്യമാണെന്ന് ഇതുസംബന്ധിച്ച് നടത്തിയ പഠനങ്ങളിലും ചർച്ചകളിലും വ്യക്തമായി. തുടർന്ന് ഇതുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകളിലെ ഏഴ് (7) നിയമങ്ങളിൽ ഭേദഗതി വരുത്തി ഓർഡിനൻസ് പുറപ്പെടുവിക്കുകയും പ്രസ്തുത നിയമ ഭേദഗതികൾ " The Kerala Investment Promotion & Facilitation Bill, 2018" എന്ന പേരിൽ ഒരു ഏകീകൃത ബില്ലായി നിയമസഭയുടെ മുമ്പാകെ അവതരിപ്പിക്കുകയും അത് ഇപ്പോൾ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയിലുമാണ്.

വ്യവസായം തുടങ്ങുന്നതിന് വിവിധ വകുപ്പുകളിൽ നിന്നും സമയബന്ധിതമായി അനുമതി ലഭിക്കേണ്ടതുണ്ട്. അതിനായി ഏകജാലക ഓൺലൈൻ സംവിധാനം, തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന കെട്ടിട പ്ലാനുകളുടെ ഓൺലൈൻ അനുമതികൾ, വിവിധ വകുപ്പുകളിൽ നിന്നും സമയബന്ധിതമായി അനുമതി നൽകുന്നത്, self certification deemed approval എന്നിവയുള്ള വ്യവസ്ഥകളും ചേർത്തിട്ടുണ്ട്.

സംസ്ഥാനത്ത് വാണിജ്യ-വ്യവസായങ്ങൾ സുഗമമായി നടപ്പാക്കുവാൻ വേണ്ടി വിവിധ വകുപ്പുകളുടെ അപേക്ഷ ഫോറങ്ങൾ ഏകീകരിച്ച് ഒരു ഏകീകൃത അപേക്ഷാഫോറം രൂപകല്പന ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഓൺലൈൻ സംവിധാനവും വ്യവസായം തുടങ്ങാൻ ലഭിക്കുന്ന അപേക്ഷകളിന്മേലുള്ള പരിശോധനകളും ഫലപ്രദമായി സമയപരിധിക്കുള്ളിൽ നടപ്പിലാക്കുന്നതിന് 12-10-2017-ലെ G.O (Ms) No. 100/17/ID പ്രകാരം ഒരു ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ഫെസിലിറ്റേഷൻ സെൽ (IPFC) സംസ്ഥാന തലത്തിലും ജില്ലാതലത്തിലും രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

വ്യവസായങ്ങൾ തുടങ്ങാൻ അനുമതികൾ നൽകേണ്ടതായ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥ പ്രതിനിധികൾ അടങ്ങുന്നതാണ് ഈ സെൽ. ഇപ്രകാരം നടപടിക്രമങ്ങൾ സരളമാക്കിക്കൊണ്ട് അതിവേഗം അനുമതികൾ ലഭ്യമാക്കുക വഴി സംസ്ഥാനത്ത് ഒരു നവ വ്യവസായ കേരളം സൃഷ്ടിക്കുവാനും അതുവഴി കേരളത്തെ വ്യാവസായികമായി മുന്നിലേയ്ക്ക് കൊണ്ടുവരുന്നതിനും ഉതകുമെന്ന് സർക്കാർ പ്രതീക്ഷിക്കുന്നു.

(ബി) ലൈറ്റ് മെട്രോ പ്രോജക്ടുകളുടെ ചുമതലയിൽ നിന്നും ഇ. ശ്രീധരനെ ഒഴിവാക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടില്ല.

(സി) "നോക്കുകൂലി" വ്യവസായങ്ങൾ ആരംഭിക്കുന്നതിനോ നിക്ഷേപകരെ ആകർഷിക്കുന്നതിനോ തടസ്സമാണെന്നോ ആയതുമൂലം ഏതെങ്കിലും വ്യവസായങ്ങൾ പൂട്ടിപ്പോയതായോ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. "നോക്കുകൂലി" സംബന്ധിച്ച വിഷയത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 8-3-2018-ൽ വിവിധ ട്രേഡ് യൂണിയൻ പ്രതിനിധികളുമായി നടത്തിയ ചർച്ചയിൽ ചുമട്ടു തൊഴിലാളി മേഖലയിലെ അനാരോഗ്യ പ്രവണതകൾ അവസാനിപ്പിക്കുന്നതിന്റെ ഭാഗമായി "മേയ് 1 മുതൽ നോക്കുകൂലി സമ്പൂർണ്ണമായി അവസാനിപ്പിച്ചുകൊണ്ട്" പൊതുവായ തീരുമാനം എടുത്തിട്ടുണ്ട്.

**വ്യാവസായികാവശ്യത്തിന് ഭൂമി**

101 (4706) <u>ശ്രീ. അബ്ദുൽ ഹമീദ് പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാവസായികാവശ്യത്തിന് ഭൂമി നൽകുന്നത് എന്തെല്ലാം വ്യവസ്ഥകൾക്ക് വിധേയമായിട്ടാണെന്ന് വെളിപ്പെടുത്തുമോ;

(ബി) വ്യാവസായികാവശ്യത്തിനുള്ള ഭൂമി ലീസ് അടിസ്ഥാനത്തിൽ നൽകുന്നത് സംരംഭകർക്ക് ധനസമാഹരണത്തിനും വ്യവസായങ്ങൾ സുഗമമായി നടത്തുന്നതിനും തടസ്സമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മറ്റ് സ്ഥാപനങ്ങളിലെപ്പോലെ, വ്യവസായ ആവശ്യത്തിന് ഭൂമി നൽകുമ്പോൾ Outright Purchase ആയി നൽകാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 30-1-2016-ലെ സ.ഉ.(എം.എസ്) നമ്പർ 17/2016/വ്യവ. എന്ന സർക്കാർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ലീസ് വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് വ്യാവസായികാവശ്യത്തിന് ഭൂമി നൽകുന്നത്. ഭൂമിക്കായി അപേക്ഷ ലഭിക്കുമ്പോൾ സമർപ്പിച്ചിരിക്കുന്ന പ്രോജക്ടുകളുടെ പ്രായോഗികതയും നിക്ഷേപ സാധ്യതകളും പ്രസ്തുത പദ്ധതിയിലൂടെ സൃഷ്ടിക്കപ്പെടുന്ന തൊഴിലവസരങ്ങളും കയറ്റുമതി സാധ്യതകളും കണക്കിലെടുത്ത് ഒരു മുൻഗണന പട്ടിക തയ്യാറാക്കുന്നു. പട്ടികയിലുള്ളവർക്ക് അവർ ആവശ്യപ്പെട്ട സ്ഥലത്തിന്റെ ആവശ്യകതയും ലഭ്യമായ സ്ഥലത്തിന്റെ അളവും പരിഗണിച്ച് ഭൂമി അനുവദിക്കുന്നു.

(ബി) 2016-ലെ ലീസ് റൂളുമായി ബന്ധപ്പെട്ട് പല പരാതികളും അഭിപ്രായങ്ങളും ലഭിക്കുന്നുണ്ട്.

(സി) പ്രസ്തുത വിഷയം ഇപ്പോൾ പരിഗണനയിലില്ല.

## പുതിയ വ്യവസായ നയം

102 (4707) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ വ്യവസായ നയം പ്രഖ്യാപിക്കുവാൻ ഉദ്ദേശ്യമുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നയത്തിന്റെ അടിസ്ഥാനത്തിൽ വ്യവസായങ്ങൾ ആരംഭിക്കുവാൻ അതിവേഗ അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഇപ്പോൾ ഉള്ള ഏകജാലക സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും സംസ്ഥാനത്തെ വ്യാവസായിക അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

### ഉത്തരം

(എ) പരിസ്ഥിതി സൗഹൃദവും പ്രകൃതി വിഭവങ്ങളുടെ ന്യായമായ ഉപഭോഗവും ഉറപ്പുവരുത്തുന്നതുമായ വ്യവസായങ്ങളെ പ്രോൽസാഹിപ്പിച്ച് ന്യായമായ വേതനം ലഭിക്കുന്ന തൊഴിലവസരങ്ങൾ സൃഷ്ടിച്ച് കേരളത്തെ സമ്പൂർണ്ണ നിക്ഷേപക സൗഹൃദ സംസ്ഥാനമാക്കി സമഗ്ര സാമ്പത്തിക പുരോഗതി കൈവരിക്കുകയെന്ന ലക്ഷ്യം മുൻനിർത്തിയുള്ള പുതിയ വ്യവസായ വാണിജ്യനയത്തിന്റെ കരടിന് സർക്കാർ രൂപം നൽകിയിട്ടുണ്ട്.

(ബി&സി) സംസ്ഥാനത്ത് വ്യവസായം തുടങ്ങുന്നതിനുള്ള ലൈസൻസുകളും ക്ലിയറൻസുകളും കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിന് ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ഏകജാലക സംവിധാനം ഫലപ്രദമായ രീതിയിൽ പ്രവർത്തിച്ചുവരുന്നു.

കൂടാതെ സമയബന്ധിതമായി ലൈസൻസുകളും ക്ലിയറൻസുകളും ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി 12-10-2017-ലെ ജി.ഒ.(എം.എസ്) നമ്പർ 100/2017/വ്യവ കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആൻഡ് ഫെസിലിറ്റേഷൻ സെൽ സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

## വ്യവസായ രംഗത്ത് കേന്ദ്ര സഹായവും നിർദ്ദേശങ്ങളും

103 (4708) <u>ശ്രീ. എം. ഉമ്മർ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ മാനുഫാക്ചറിംഗ് പോളിസിക്ക് അനുസൃതമായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്ന കാര്യത്തിൽ കേന്ദ്രത്തിൽ നിന്നും ലഭ്യമായ നിർദ്ദേശങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ;

(സി) കൊച്ചി-കോയമ്പത്തൂർ വ്യാവസായിക ഇടനാഴി സ്ഥാപിക്കുന്നതിൽ കേന്ദ്ര സർക്കാരിന്റെ സഹായസഹകരണങ്ങൾ ലഭ്യമായിട്ടുണ്ടോ; പദ്ധതിയുടെ സാധ്യതാപഠനം പൂർത്തീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) കേന്ദ്ര സർക്കാരിന്റെ മാനുഫാക്ചറിംഗ് പോളിസിയുടെ ചുവടുപിടിച്ച് ഇന്റഗ്രേറ്റഡ് മാനുഫാക്ചറിംഗ് ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നതിലേയ്ക്കായി കൊച്ചി മുതൽ ബാംഗ്ലൂർ വരെയുള്ള പ്രദേശത്ത് വ്യവസായ ഇടനാഴിയായി പ്രഖ്യാപിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്രത്തോട് ആവശ്യപ്പെട്ടിരുന്നു. ഈ പദ്ധതി നടപ്പാക്കുന്നതിനായി കേന്ദ്ര നാഷണൽ ഇൻഡസ്ട്രിയൽ കോറിഡോർ ഡെവലപ്മെന്റ് ആൻഡ് ഇംപ്ലിമെന്റേഷൻ ട്രസ്റ്റിലേയ്ക്ക് അപേക്ഷ സമർപ്പിക്കുവാൻ നിർദ്ദേശിച്ചിരുന്നു. ആയതനുസരിച്ച് പ്രസ്തുത സ്ഥാപനത്തിലേയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

കേന്ദ്ര സർക്കാരിന്റെ മാനുഫാക്ചറിംഗ് പോളിസിക്ക് അനുസൃതമായി കിൻഫ്രക്ക് നിലവിൽ താഴെ പറയുന്ന പദ്ധതികളാണുള്ളത്:

- <u>ഡിഫെൻസ് പാർക്ക്, ഒറ്റപ്പാലം, പാലക്കാട്:</u> കേന്ദ്രസർക്കാരിന്റെ മിനിസ്ട്രി ഓഫ് ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ അപ്ഗ്രഡേഷൻ സ്കീമിൽ ഉൾപ്പെടുത്തി കേന്ദ്ര ധനസഹായത്തോടുകൂടി പാലക്കാട് ഒറ്റപ്പാലത്ത് ഒരു ഡിഫെൻസ് പാർക്ക് സ്ഥാപിക്കുന്നതിനായി അനുമതി ലഭിച്ചിട്ടുണ്ട്, ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

- ഇലക്ട്രോണിക്സ് മാനുഫാക്ചറിംഗ് ക്ലസ്റ്റർ, കാക്കനാട്, എറണാകുളം. ഇലക്ട്രോണിക്സ് മാനുഫാക്ചറിംഗ് ക്ലസ്റ്റർ പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്രധനസഹായത്തോടുകൂടി ഇലക്ട്രോണിക്സ് മാനുഫാക്ചറിംഗ് ക്ലസ്റ്റർ, കാക്കനാട് സ്ഥാപിക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ അന്തിമാനുമതി ലഭിച്ചിട്ടുണ്ട്. തുടർനടപടി സ്വീകരിച്ചുവരുന്നു.

(സി) കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴി സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശമാണ് സംസ്ഥാനം കേന്ദ്രത്തിന് സമർപ്പിച്ചത്. ഈ പദ്ധതിയുടെ വിശദ പഠനങ്ങൾ നടത്തേണ്ടത് കേന്ദ്ര സർക്കാരിന്റെ തീരുമാനത്തോടെ കേന്ദ്ര ഏജൻസികളാണ്. എന്നിരുന്നാലും കെ. എസ്. ഐ. ഡി. സി. ഈ കാര്യത്തിൽ പ്രാരംഭ പഠനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു.

## വ്യവസായ രംഗത്തെ നിക്ഷേപങ്ങൾ

104 (4709) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യവസായ രംഗത്ത് ഈ സർക്കാർ വന്നതിന് ശേഷം വിദേശ നിക്ഷേപം സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്നും ഏതെല്ലാം സ്ഥാപനത്തിനെന്നും അറിയിക്കാമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് വ്യവസായ രംഗത്ത് സംസ്ഥാനത്തിന് പുറത്ത് നിന്നുള്ള സ്വകാര്യ നിക്ഷേപം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ദേശീയ, വിദേശ നിക്ഷേപങ്ങൾ ലഭിക്കുന്നതിന് വേണ്ടി സർക്കാർ സ്വീകരിച്ച നയപരിപാടികളും നടപടിക്രമങ്ങളും വിശദമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇല്ല.

(സി) പ്രവാസി മലയാളികളുടെ നിക്ഷേപം കേരളത്തിലേയ്ക്ക് കൊണ്ടുവരുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി നോർക്ക വകുപ്പ് മുഖേന "ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ" എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ നിക്ഷേപ സാധ്യതകളെ പ്രവാസി കേരളീയരുടെ ശ്രദ്ധയിൽ

കൊണ്ടുവന്ന് വിവിധ മേഖലകളിൽ നിക്ഷേപിക്കുവാൻ സന്നദ്ധരായവർക്ക് പദ്ധതികൾ നടപ്പിലാക്കുന്നതിന് ആവശ്യമായ കൈത്താങ്ങ് നൽകുന്നതിനും മറ്റ് സൗകര്യങ്ങൾ ഒരുക്കുന്നതിനും പ്രസ്തുത സെന്റർ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. വ്യവസായം തുടങ്ങുന്നതിന് വിവിധ അനുമതികൾ നൽകുവാൻ ഒരു ഏകജാലക സംവിധാനമായി ഈ സെന്റർ പ്രവർത്തിക്കുന്നു. പ്രവാസി നിക്ഷേപം കേരളത്തിന്റെ അടിസ്ഥാന സൗകര്യ വികസന മേഖലയിൽ വിനിയോഗിക്കുന്നതിനുവേണ്ടി കിഫ്ബി പ്രവാസികൾക്കായി പ്രത്യേക ആകർഷതകളുള്ള ചിട്ടിക്ക് രൂപം കൊടുക്കുന്നുണ്ട്.

സംസ്ഥാനത്തിന് ദേശീയ, വിദേശ നിക്ഷേപം ആകർഷിക്കുന്നതിന് വേണ്ടി വിവിധങ്ങളായ നടപടികൾ വ്യവസായ വകുപ്പിന് കീഴിലുള്ള കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ നേതൃത്വത്തിൽ പുരോഗമിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി ദേശീയ/അന്തർദ്ദേശീയ തലങ്ങളിൽ സംഘടിപ്പിക്കുന്ന നിക്ഷേപക സംഗമങ്ങളിലും പ്രദർശനങ്ങളിലും പ്രസ്തുത സ്ഥാപനം കേരളത്തെ പ്രതിനിധീകരിച്ച് പങ്കെടുക്കുന്നു. ഇതിലൂടെ കേരളത്തിലെ നിക്ഷേപ സാധ്യതകളെ ദേശീയ/അന്തർദ്ദേശീയ തലത്തിലുള്ള നിക്ഷേപകരിലേയ്ക്ക് എത്തിക്കുന്നതിന് സാധിക്കുന്നതാണ്.

## ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് കമ്പനി യൂണിറ്റ് ഏറ്റെടുക്കലുമായി ബന്ധപ്പെട്ട നടപടി

105 (T* 4710) <u>ശ്രീ. ഷാഫി പറമ്പിൽ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ പാലക്കാട് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് കമ്പനി യൂണിറ്റ് സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളുടെ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പ്രസ്തുത സ്ഥാപനം സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട സാമ്പത്തിക കാര്യങ്ങളിലെ തീരുമാനം അറിയിക്കാമോ;

(സി) പൂർണ്ണമായും സംസ്ഥാന സർക്കാർ സംരംഭമായാണോ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് കമ്പനി യൂണിറ്റിനെ നിലനിർത്താൻ ഉദ്ദേശിക്കുന്നത്; ഇത് സംബന്ധിച്ച് വിശദാംശങ്ങൾ അറിയിക്കാമോ?

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>ഉത്തരം</u>

(എ&ബി) കേന്ദ്ര സർക്കാർ സ്വകാര്യവത്കരിക്കുവാൻ തീരുമാനിച്ച കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന്റെ പാലക്കാട് യൂണിറ്റിനെ സംസ്ഥാന സർക്കാർ ഏറ്റെടുക്കുവാൻ തത്വത്തിൽ തീരുമാനമെടുത്ത് നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനായി ചീഫ് സെക്രട്ടറി ചെയർമാനായിട്ടുള്ള ഉന്നതതല കമ്മിറ്റി, കേന്ദ്രസർക്കാരിന്റെ ഡിപ്പാർട്ടുമെന്റ് ഓഫ് ഹെവി ഇൻഡസ്ട്രീസ് പ്രതിനിധികളുമായി ചർച്ച നടത്തിവരുന്നു.

ഏറ്റെടുക്കലിന്റെ ഭാഗമായി ആസ്തികളുടെ ധനപരമായ കൃത്യമായ പരിശോധനയുടെ അടിസ്ഥാനത്തിൽ 31-3-2017 -ലെ കണക്കുകൾ പ്രകാരം കമ്പനിയുടെ അറ്റ ആസ്തിമൂല്യം 53.02 കോടി രൂപയാണെന്ന് വിലയിരുത്തിയിട്ടുണ്ട്. 31-3-2017-നുശേഷം കമ്പനി ചെലവഴിച്ച തുകകൾ കൂടി കണക്കിലെടുത്തതിനുശേഷമേ ഈ വിഷയത്തിൽ അന്തിമ തീരുമാനമെടുക്കുവാൻ സാധിക്കുകയുള്ളൂ. ഇതിനായി ഒരു ചാർട്ടേഡ് അക്കൗണ്ടന്റ് സ്ഥാപനത്തിന്റെ സേവനം ലഭ്യമാക്കുന്നുണ്ട്.

ജീവനക്കാരുടെ ആനുകൂല്യങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഹൈക്കോടതിയിൽ നിലനിൽക്കുന്ന കേസ്സുകളുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കമ്പനിയും ജീവനക്കാരും തമ്മിൽ തീർപ്പാക്കുന്നതായിരിക്കും.

ഔപചാരികമായ ഏറ്റെടുക്കൽ നടപടികളുടെ ഭാഗമായി തയ്യാറാക്കുന്ന ധാരണാപത്രം പരിശോധിച്ച് തുടർനടപടിക്രമങ്ങളിൽ സർക്കാരിന് ശിപാർശ നൽകുന്നതിനുമായി ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് പാലക്കാട്, ഡിപ്പാർട്ടുമെന്റ് ഓഫ് ഹെവി ഇൻഡസ്ട്രി, ഗവൺമെന്റ് ഓഫ് കേരള എന്നിവയുടെ പ്രതിനിധികൾ ഉൾപ്പെടുന്ന ഒരു പ്രത്യേക കമ്മിറ്റി രൂപീകരിക്കാൻ 22-2-2018 -ൽ കൂടിയ ചീഫ് സെക്രട്ടറി ചെയർമാനായിട്ടുള്ള ഉന്നതതല കമ്മിറ്റിയുടെ യോഗത്തിൽ തീരുമാനിച്ചതിൻപ്രകാരമുള്ള നടപടിയും സ്വീകരിച്ചുവരുന്നു.

(സി) ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് പാലക്കാട് യൂണിറ്റിനെ, സംസ്ഥാന സർക്കാരിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമായി ഏറ്റെടുക്കുന്നതിനുള്ള നടപടികളാണ് തത്വത്തിൽ തീരുമാനിച്ചിരിക്കുന്നത്.

## കെ.എസ്.ഡി.പി.-യിലെ മരുന്ന് നിർമ്മാണം

106 (T* 4711) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഡി.പി.-യിൽ നിലവിൽ ഏതെല്ലാം തരത്തിലുള്ള ഔഷധങ്ങളാണ് ഉത്പാദിപ്പിച്ചു വരുന്നത്;

(ബി) കെ.എസ്.ഡി.പി. കാൻസർ മരുന്ന് നിർമ്മാണം എന്നേയ്ക്ക് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കെ.എസ്.ഡി.പി.-യിൽ ആന്റിബയോട്ടിക് മരുന്നുകളും, മറ്റിതര മരുന്നുകളും ഉല്പാദിപ്പിച്ചുവരുന്നു. ആന്റിബയോട്ടിക് മരുന്നുകളുടെ ശ്രേണിയിൽ ടാബ്ലെറ്റ്സ്, ക്യാപ്സ്യൂൾസ്, ഡ്രൈ സിറപ്പ്, കുത്തിവയ്പ്പ് മരുന്നുകൾ, മറ്റിതര മരുന്നുകളുടെ കൂട്ടത്തിൽ ടാബ്ലെറ്റ്, ക്യാപ്സ്യൂൾ, ലിക്വിഡ്, ഒ.ആർ.എസ്.പൗഡർ എന്നിവയും ഉല്പാദിപ്പിച്ചുവരുന്നു.

(ബി) കാൻസർ ചികിത്സയ്ക്കാവശ്യമായ മരുന്നുകളുടെ ഉല്പാദനവുമായി ബന്ധപ്പെട്ട പദ്ധതി തുടങ്ങുന്നതിനായി 2018-19 വർഷത്തെ വാർഷിക ബഡ്ജറ്റിൽ 20 കോടി രൂപ ആദ്യ ഗഡുവായി അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി 2019-20 വർഷത്തിൽ പൂർത്തീകരിക്കുന്നതിനുള്ള രൂപരേഖ തയ്യാറാക്കി വരുന്നു.

## കെ.എസ്.ഡി.പി.-യുടെ പുനഃസംഘടന

107 (4712) ശ്രീ. കെ. സി. ജോസഫ്:
ശ്രീ. അടൂർ പ്രകാശ്:
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഡി.പി.-യുടെ പുനഃസംഘടന മറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾക്ക് മാതൃകയാണെന്ന് സർക്കാർ കരുതുന്നുണ്ടോ; വിശദീകരിക്കുമോ;

(ബി) ക്യാപ്സ്യൂളും സിറപ്പും ഉല്പാദിപ്പിക്കുന്നതിനുള്ള ബീറ്റാലാക്ടം പ്ലാന്റ് പ്രവർത്തനക്ഷമമായിട്ടുണ്ടോ; അറിയിക്കാമോ;

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(സി) സംസ്ഥാനത്തിന് ആവശ്യമായ മരുന്നുകളുടെ എത്ര ശതമാനമാണ് കെ.എസ്.ഡി.പി. ഉല്പാദിപ്പിക്കുവാൻ ലക്ഷ്യമിടുന്നത്; വ്യക്തമാക്കാമോ;

(ഡി) കെ.എസ്.ഡി.പി.-യുടെ പ്രൊഫഷണൽ നിലവാരം മറ്റ് പ്രമുഖ മൾട്ടിനാഷണൽ മരുന്ന് കമ്പനികളുടെ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ഇ) കെ.എസ്.ഡി.പി. ഉല്പാദിപ്പിക്കുന്ന മരുന്നുകൾ കേരള ജനറിക് എന്ന പേരിൽ കുറഞ്ഞ വിലയ്ക്ക് വിൽക്കുന്നത് പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിന്റെ പുനഃസംഘടനയുടെ ഭാഗമായി സ്ഥാപനത്തെ മത്സരക്ഷമതയുള്ളതാക്കുന്നതിനായി ധനകാര്യസ്ഥിതി മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കമ്പനി സർക്കാരിന് നൽകേണ്ട വായ്പാ കുടിശ്ശികയും പലിശയും ഓഹരി മൂലധനമാക്കി മാറ്റുന്നതിനും സഞ്ചിത നഷ്ടം എഴുതിത്തള്ളുന്നതിനും 2017-18-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രതിപാദിച്ചിരുന്നു. ഇതനുസരിച്ച് 31-3-2016 വരെയുള്ള സർക്കാർ വായ്പയും കുടിശ്ശികയും ഓഹരി മൂലധനമാക്കുന്നതിനും സഞ്ചിത നഷ്ടം എഴുതിത്തള്ളുന്നതുമായി ബന്ധപ്പെട്ട വിഷയത്തിലുള്ള തീരുമാനം അന്തിമ ഘട്ടത്തിലാണ്. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള മറ്റ് സ്ഥാപനങ്ങളിലും അനുയോജ്യമായ നവീകരണ വിപുലീകരണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.

(ബി) ബീറ്റാലാക്ടം പ്ലാന്റ് 2011- ൽ ഉല്പാദനം തുടങ്ങുകയും, നിലവിൽ എല്ലാ വിഭാഗങ്ങളും പ്രവർത്തനകാര്യക്ഷമത കൈവരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) സംസ്ഥാനത്ത് ഏകദേശം 7000 കോടി രൂപയുടെ മരുന്നുകൾ ഉപയോഗിച്ചുവരുന്നുണ്ട്. (സ്വകാര്യ മേഖലയിലും, ഗവൺമെന്റ് മേഖലയിലും). കെ.എസ്.ഡി.പി. ഉല്പാദിപ്പിക്കുന്ന മരുന്നുകൾ സർക്കാർ ആവശ്യത്തിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നൽകി വരുന്നു. കെ.എം.എസ്.സി.എൽ വാങ്ങുന്ന മരുന്നിന്റെ 30-50 ശതമാനം വരെ കെ.എസ്.ഡി.പി. നൽകി വരുന്നു. ഭാവിയിൽ 100 ശതമാനം മരുന്നുകളും നൽകുവാൻ വേണ്ട നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ഉല്പാദന ക്ഷമത, ഗുണനിലവാരം, കാലാനുഗതമായ വില്പന തന്ത്രങ്ങൾ എന്നീ ഘടകങ്ങളാണ് വൻകിട മരുന്ന് കമ്പനികളുടെ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി വിലയിരുത്തിയിട്ടുള്ളതും അത്തരത്തിൽ എല്ലാവിധമായ സംവിധാനങ്ങൾ കെ.എസ്.ഡി.പി. ഒരുക്കിയതിന്റെ ഫലമായി കമ്പനിയ്ക്ക് എൻ.എ.ബി.എൽ. അംഗീകാരം, WHO സാക്ഷ്യപത്രം എന്നിവ നേടാൻ കഴിഞ്ഞു. കെ.എസ്.ഡി.പി.-യുടെ ബീറ്റാലാക്ടം പ്ലാന്റിന് ജി.എം.പി.-യും WHO GMP Certificate ഉം ലഭിച്ചിട്ടുണ്ട്. മറ്റ് മരുന്നുകൾ ഉല്പാദിപ്പിക്കുന്ന പ്ലാന്റ് പുതിയതായി നിർമ്മിക്കുന്ന കെട്ടിടത്തിലേയ്ക്ക് അടുത്തുതന്നെ മാറ്റി സ്ഥാപിക്കുന്നതാണ്. ആ പ്ലാന്റിനുകൂടി ജി.എം.പി.-യും WHO GMP Certificate-ഉം ലഭിക്കുന്ന തരത്തിലുള്ള നിർമ്മാണമാണ് നടത്തിവരുന്നത്. അങ്ങനെ കെ.എസ്.ഡി.പി. മറ്റ് പ്രമുഖ മൾട്ടിനാഷണൽ മരുന്നു കമ്പനികളുടെ നിലവാരത്തിലേയ്ക്ക് ഉയരുന്നതാണ്.

(ഇ) കെ.എസ്.ഡി.പി ഉൽപ്പാദിപ്പിക്കുന്ന മരുന്നുകൾ കേരള ജനറിക്സ് ഫാർമസികൾ വഴി വിൽക്കുന്ന വിഷയം കേരള മെഡിക്കൽ സർവ്വീസസ്സ് കോർപ്പറേഷനുമായി ആലോചിക്കാവുന്നതാണ്.

**സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റിന്റെ പ്രവർത്തനങ്ങൾ**

108 (4713) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) 2017-18 സാമ്പത്തികവർഷത്തിൽ പ്രസ്തുത സ്ഥാപനത്തിനായി വകയിരുത്തിയ തുകയുടെ ഭൂരിഭാഗവും ചെലവഴിക്കാൻ സാധിക്കാത്തതിന്റെ കാരണം വിശദീകരിക്കാമോ?

ഉത്തരം

(എ) സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റിന്റെ പ്രവർത്തനങ്ങൾ താഴെപ്പറയുന്നവയാണ്.

- മോണിറ്ററിംഗ് സ്റ്റഡി, ഇവാല്യുവേഷൻ സ്റ്റഡി, ഇംപാക്ട് അസെസ്സ്മെന്റ് സ്റ്റഡി, ബേസ് ലെയിൻ സർവ്വെ, സോഷ്യോ ഇക്കണോമിക് സ്റ്റഡി തുടങ്ങിയ പഠന ഗവേഷണ പ്രവർത്തനങ്ങൾ.

- ഓർഗനൈസേഷൻ ഡെവലപ്മെന്റ് & റീ സ്ട്രക്ച്ചറിങ്, മാൻപവർ അസെസ്സ്മെന്റ്, ഹ്യൂമൺ റിസോഴ്സസ് പ്ലാനിങ്, റിക്രൂട്ട്മെന്റ്, കോമ്പൻസേഷൻ & പ്രൊമോഷൻ പോളിസി, പെർഫോമൻസ് മാനേജ്മെന്റ് സിസ്റ്റം, ഇൻസെന്റീവ് സിസ്റ്റം, ഫീസിബിലിറ്റി സ്റ്റഡീസ് തുടങ്ങിയ കൺസൾട്ടൻസി സേവനങ്ങൾ.
- മാനേജ്മെന്റ് ഡെവലപ്മെന്റ് പ്രോഗ്രാം, എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് പ്രോഗ്രാം, മൈക്രോ എന്റർപ്രൈസസ് ഡെവലപ്മെന്റ് പ്രോഗ്രാം തുടങ്ങിയ വിവിധ തലങ്ങളിലുള്ള പരിശീലന പരിപാടികൾ.

(ബി) 2017-18 സാമ്പത്തിക വർഷത്തിൽ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റിനുവേണ്ടി ഭരണാനുമതി നൽകിയ തുക പൂർണമായും ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ പ്രസ്തുത സ്ഥാപനത്തിന് അത് വിനിയോഗിക്കാൻ കഴിഞ്ഞിട്ടില്ല. തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ പുനരുദ്ധാരണം**

109 (4714) ശ്രീ. വി. ജോയി:
ശ്രീ. എൻ. വിജയൻ പിള്ള:
ശ്രീ. രാജു എബ്രഹാം:
ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളെ പുനരുദ്ധരിച്ച് ലാഭകരമാക്കുകയെന്ന നയത്തിന്റെ ഭാഗമായി മുൻ വർഷത്തെ അപേക്ഷിച്ച് 270 ശതമാനം തുക അധികം വകയിരുത്തികൊണ്ട് വിപുലീകരണത്തിനും നവീകരണത്തിനും ഉൽപ്പാദന ശേഷി വർദ്ധനവിലും നടപ്പിലാക്കി വരുന്ന കാര്യങ്ങൾ അറിയിക്കാമോ;

(ബി) ധാതു മണൽ അധിഷ്ഠിത വ്യവസായങ്ങൾ വഴി സംസ്ഥാനത്തെ വികസന കുതിപ്പിന് സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ വിശദമാക്കാമോ;

(സി) കെ.എം.എം.എൽ., മലബാർ സിമന്റ്സ്, ട്രാവൻകൂർ ടൈറ്റാനിയം തുടങ്ങിയ പ്രമുഖ പൊതുമേഖലാ സ്ഥാപനങ്ങളെ നവീകരിക്കുന്നതിനും വിപുലീകരിക്കുന്നതിനും നടത്തി വരുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) 2017-18 സാമ്പത്തികവർഷം സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ വിപുലീകരണത്തിനും നവീകരണത്തിനും ഉൽപ്പാദനശേഷി വർദ്ധിപ്പിക്കുന്നതിനുമായി പദ്ധതി വിഹിതം 270 കോടി രൂപയായി ഉയർത്തി വകയിരുത്തുകയും അധിക ധനസഹായമായി 13 കോടിരൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങൾ സമർപ്പിച്ച വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കായി ധനസഹായം നൽകി വരുകയും ചെയ്യുന്നു

ഇതിന്റെ ഭാഗമായി പൊതുമേഖലാ സ്ഥാപനങ്ങളിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിവരം അനുബന്ധം *ആയി ചേർത്തിരിക്കുന്നു.

(ബി) ധാതുമണൽ അധിഷ്ഠിത വ്യവസായങ്ങൾ പ്രോത്സാഹിപ്പിച്ച് സംസ്ഥാനത്ത് വ്യവസായ വികസനം സാധ്യമാക്കുക എന്ന ലക്ഷ്യത്തിന്റെ ഭാഗമായി 2016-17-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രതിപാദിച്ചതനുസരിച്ച് ടൈറ്റാനിയം ലോഹം ഉൾപ്പെടുന്ന ടൈറ്റാനിയം മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഒരു "കോംപ്ലക്സ്" സ്ഥാപിക്കുന്നതിനുവേണ്ടി പദ്ധതി തയ്യാറാക്കുന്നതിനായി ഉന്നതതല കമ്മിറ്റി രൂപീകരിച്ചു. വർദ്ധിച്ചുവരുന്ന ആഭ്യന്തര ഉപയോഗം, കയറ്റുമതി സാധ്യതകൾ എന്നിവ കണക്കിലെടുത്തും ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചും ടൈറ്റാനിയം ലോഹം, ലോഹ സങ്കരങ്ങൾ, അലോയികൾ, രാസവസ്തുക്കൾ, ധാതു മണലിൽ നിന്നും ലഭ്യമാകുന്ന മറ്റ് ഘടകങ്ങൾ ഉപയോഗിച്ചുള്ള സംയുക്തങ്ങൾ എന്നിവ നിർമ്മിക്കുക എന്നിവയാണ് ഇതുകൊണ്ട് ലക്ഷ്യമിടുന്നത്.

പ്രസ്തുത കോംപ്ലക്സ് സ്ഥാപിക്കുന്നതിനായി കൊല്ലം ജില്ലയിൽ പന്മന വില്ലേജിലെ 180-ഓളം ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനായി കിൻഫ്രയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി ചെയർമാൻ റിയാബ് അദ്ധ്യക്ഷനായി ഒരു ഉന്നതാധികാര സമിതി രൂപീകരിക്കുകയും പദ്ധതിയുടെ മാർക്കറ്റ് സ്റ്റഡി ക്രിസിൽ മുഖേന നടത്തുകയും ചെയ്തിട്ടുണ്ട്. ക്രിസിൽ സമർപ്പിച്ച പ്രാഥമിക റിപ്പോർട്ട് തത്വത്തിൽ കമ്മിറ്റി അംഗീകരിക്കുകയും, ഇതിന്മേലുള്ള കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. ഇതിന്റെ അടുത്ത പടിയായി ഒരു വിശദ പ്രോജക്ട് പഠനം കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ട്. ഏതെല്ലാം മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുമായി മുന്നോട്ട് പോകാം എന്നതാണ് പഠന വിധേയമാക്കുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളായ കെ.എം.എം.എൽ, മലബാർ സിമന്റ്സ്, ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളുടെ നവീകരണത്തിനും വിപുലീകരണത്തിനുമായി നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡ് :- നിലവിലുള്ള പ്ലാന്റിന്റെ ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി Oxygen plant capacity enhancement, distributed control system, energy efficient tickle pre-heaters, fire hydrant system മുതലായ 64 കോടി രൂപയുടെ പദ്ധതികൾ സ്ഥാപിക്കുന്നതിനുള്ള നടപടി വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. 6.15 കോടി രൂപയുടെ conversion of LPG system into LNG system പദ്ധതി പുരോഗമിക്കുന്നു.

ടൈറ്റാനിയം ഡയോക്സൈഡ് പിഗ്മന്റ് ഉൽപ്പാദനശേഷി വർദ്ധിപ്പിക്കൽ :- കമ്പനിയുടെ നിലവിലുള്ള പിഗ്മന്റ് ഉൽപ്പാദനശേഷി പ്രതിവർഷം 40,000 ടണ്ണിൽ നിന്നും പ്രതിവർഷം 60,000 ടൺ എന്ന നിലയിലേയ്ക്ക് ഉയർത്തുന്നതിനുള്ള പദ്ധതിയുടെ പ്രാഥമിക റിപ്പോർട്ട് ഫെഡോ സമർപ്പിച്ചിട്ടുണ്ട്. അതിന്റെ സൂക്ഷ്മ പരിശോധന നടന്നുവരുന്നു.

മലബാർ സിമന്റ്സ് ലിമിറ്റഡ്: -

- BULK CEMENT LOADING

  ബൾക്ക് സിമന്റിന് ആവശ്യമായി വരുന്ന പ്രോജക്ടുകൾക്കും ഉപഭോക്താക്കൾക്കും യഥേഷ്ടം ബൾക്ക് സിമന്റ് ലഭ്യമാക്കുന്നതിന് വാളയാർ, ചേർത്തല പ്ലാന്റുകളിൽ ബൾക്ക് സിമന്റ് ലോഡിംഗ് സിസ്റ്റം ആരംഭിക്കുന്നതിനുള്ള ടെൻഡർ നടപടി ആരംഭിച്ചു.

- READY MIX UNITS

  ഉപഭോക്തക്കൾക്ക് Ready Mix Concrete ലഭ്യമാക്കുന്നതിന് വാളയാർ, ചേർത്തല, കൊച്ചിൻ പോർട്ട് എന്നിവിടങ്ങളിൽ Ready Mix Units ആരംഭിക്കുവാനുള്ള പ്രാഥമിക നടപടി ആരംഭിച്ചു.

- PYRO PROCESS MODERNIZATION

  വാളയാർ പ്ലാന്റിലെ ക്ലിങ്കർ ഉല്പാദനത്തിന്റെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനും, ഊർജ്ജ ഉപഭോഗം കുറയ്ക്കുന്നതിനും, കൂടാതെ കൽക്കരിക്ക് പകരം Pet Coke ഉപഭോഗം വർദ്ധിക്കുന്നതിനുള്ള

നവീകരണ പ്രവർത്തനങ്ങൾക്കുവേണ്ടി Detailed Project Report തയ്യാറാക്കുകയും, ഡയറക്ടർ ബോർഡ് അംഗീകാരം നൽകിയ റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്.

- PACKING PLANT MODERNIZATION

  പാക്കിംഗ് പ്ലാന്റിന്റെ നവീകരണത്തിനും വാഗൺ ലോഡിംഗിലെ സമയ നഷ്ടം കുറയ്ക്കുന്നതിനും അതുവഴി ഡെമറേജ് ഗണ്യമായി കുറയ്ക്കുന്നതിനുള്ള നവീകരണ പ്രവർത്തനങ്ങൾക്കായുള്ള പ്രാഥമിക നടപടികൾ ആരംഭിച്ചു കഴിഞ്ഞു.

ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് -

- ഇന്ത്യയിലാദ്യമായി ഫൈബർ ഗ്രേഡ് ടൈറ്റാനിയം ഡൈ ഓക്സൈഡ് ഉൽപ്പാദിപ്പിക്കുവാനായി 10 ടൺ പ്രതിദിന ഉല്പാദനശേഷിയുള്ള പുതിയ പ്ലാന്റ്
- മലിനജലത്തിലെ അയൺ വേർതിരിച്ച് കോപ്പറാസ് ഉല്പാദിപ്പിക്കുവാൻ 165 ടൺ പ്രതിദിന ഉല്പാദനശേഷിയുള്ള പുതിയ പ്ലാന്റ്
- നിലവിലുള്ള 22 വർഷം പഴക്കമുള്ള സൾഫ്യൂരിക് ആസിഡ് പ്ലാന്റിന്റെ നവീകരണം

**പൊതുമേഖലാ സ്ഥാപനങ്ങൾ**

110 (4715) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര പൊതുമേഖലാ സ്ഥാപനങ്ങളാണ് അടച്ച് പൂട്ടിയിട്ടുള്ളത്;

(ബി) ഇതിൽ ഈ സർക്കാർ ഏതൊക്കെ സ്ഥാപനങ്ങളാണ് തുറന്ന് പ്രവർത്തിപ്പിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളൊന്നും അടച്ചുപൂട്ടിയിട്ടില്ല.

(ബി) ബാധകമല്ല.

## പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ നടപടി

111 (4716) ശ്രീ. എസ്. ശർമ്മ:

ശ്രീ. കെ. വി. അബ്ദുൾ ഖാദർ:

ശ്രീ. പി. ഉണ്ണി:

ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പൊതുമേഖലാ സ്ഥാപനങ്ങളുടെ മുൻകാല പ്രവർത്തനങ്ങളും അവയുടെ നിലവിലുള്ള അവസ്ഥയും സംബന്ധിച്ച് വിശദമായ അവലോകനം നടത്തിയതിന്റെ ഫലമായി എന്തെല്ലാം നേട്ടങ്ങളാണ് ഈ മേഖലയിൽ കൈവരിക്കാൻ സാധിച്ചത്;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ ഉല്പാദന സംവിധാനങ്ങളുടെയും സാങ്കേതികവിദ്യയുടെയും കാലാനുസൃതമായ നവീകരണം, കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനം, ധനപരമായ പുനരുദ്ധാരണം എന്നിവയ്ക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) പൊതുമേഖലാ സ്ഥാപനങ്ങളുടെ വിപണന പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന്റെയും കാര്യക്ഷമമാക്കുന്നതിന്റെയും ഭാഗമായി സ്ഥാപനങ്ങൾ തമ്മിലുള്ള സഹകരണം മെച്ചപ്പെടുത്തി വിറ്റുവരവ് ഉയർത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മോണിട്ടർ ചെയ്യുന്നതിനുള്ള സംവിധാനം ശക്തിപ്പെടുത്തി പൊതുമേഖലയെ സംരക്ഷിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു എന്നറിയിക്കാമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള ഓരോ പൊതുമേഖലാ സ്ഥാപനങ്ങളുടെയും മുൻകാല പ്രവർത്തനങ്ങളും, ഇപ്പോഴത്തെ അവസ്ഥയും സംബന്ധിച്ച വിശദമായ വിശകലനം RIAB മുഖേന നടത്തിയിരുന്നു. കൃത്യതയോടെയുള്ള പ്രവർത്തന അവലോകനത്തിന്റെ ഫലമായി വിറ്റുവരവ് വർദ്ധിപ്പിക്കുന്നതിനും അതുവഴി ലാഭം വർദ്ധിപ്പിച്ച് നഷ്ടം കുറച്ചുകൊണ്ടുവരുന്നതിനും സാധിച്ചു. കൂടാതെ സ്ഥാപനങ്ങളിൽ

നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന നവീകരണ വിപുലീകരണ പദ്ധതികൾ പൂർത്തീകരിക്കുന്നതോടെ സ്ഥാപനങ്ങൾക്ക് സ്ഥിരതയാർന്ന മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കാൻ കഴിയും.

പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ കൈവരിച്ച പുരോഗതിയുടെ വിവരം ചുവടെ ചേർക്കുന്നു:

- 2016-17 സാമ്പത്തികവർഷാവസാനം 40 പൊതുമേഖലാ സ്ഥാപനങ്ങളിൽ 13 സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിച്ചു.
- 2015-16 സാമ്പത്തികവർഷം നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന TTP, TCC, TELK, TRACO, SIFL എന്നീ സ്ഥാപനങ്ങൾ 2016-17 സാമ്പത്തിക വർഷം ലാഭകരമാക്കുവാൻ സാധിച്ചു.
- 2015-16 സാമ്പത്തികവർഷത്തെ മൊത്തം നഷ്ടമായ 131.87 കോടി രൂപയിൽനിന്നും 2016-17 -ൽ മൊത്തം നഷ്ടം 80.67 കോടി രൂപയായി കുറയ്ക്കുവാൻ സാധിച്ചു.
- 2017-18 സാമ്പത്തിക വർഷം ഏപ്രിൽ മുതൽ ജനുവരി വരെയുള്ള കാലയളവിലെ ആഡിറ്റിനുമുൻപുള്ള പ്രവർത്തന അവലോകന റിപ്പോർട്ട് പ്രകാരം സ്ഥാപനങ്ങളുടെ മൊത്തം ലാഭം 40.66 കോടി രൂപയാണ്.

(ബി) വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ അഭിവൃദ്ധിക്കായി പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി സ്ഥാപനങ്ങളിൽ നവീന സാങ്കേതികവിദ്യകൾ നടപ്പിൽ വരുത്തുന്നതിനും ആധുനികവത്കരണ വിപുലീകരണ പദ്ധതികൾക്കുമാണ് മുൻതൂക്കം നൽകിയിരിക്കുന്നത്. 2016-17 സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങളിലെ വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കുള്ള പദ്ധതി വിഹിതമായ 123 കോടി രൂപയിൽ നിന്നും 2017-18 സാമ്പത്തികവർഷം പദ്ധതി വിഹിതം 270 കോടി രൂപയായി ഉയർത്തുകയും സ്ഥാപനങ്ങൾ സമർപ്പിച്ച വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കായി ധനസഹായം നൽകി വരുകയും ചെയ്യുന്നു. 2017-18 സാമ്പത്തികവർഷം അധിക ധനസഹായമായി 13 കോടിരൂപയും ഇതിനോടകം അനുവദിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണ വിപുലീകരണ പദ്ധതികളുൾപ്പെടെയുള്ള ധനസഹായമായി ബഡ്ജറ്റിൽ 297.35 കോടിരൂപ വകയിരുത്തിയിട്ടുണ്ട്. കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനം ഉറപ്പു വരുത്തുന്നതിന്റെ ഭാഗമായി പൊതുമേഖലാ സ്ഥാപനങ്ങളിൽ വൈദഗ്ദ്ധ്യമുള്ളവരെ

മാനേജിംഗ് ഡയറക്ടർമാരായി നിയമിച്ച് പ്രവർത്തന പുരോഗതി കൈവരിച്ചുവരുന്നു. സ്ഥാപനങ്ങളുടെ ഡയറക്ടർ ബോർഡുകളിൽ വിവിധ മേഖലകളിൽ പ്രാഗത്ഭ്യമുള്ള വിദഗ്ധരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്.

(സി) പൊതുമേഖലാ സ്ഥാപനങ്ങളുടെ വിപണന വിപുലീകരണത്തിന്റെ ഭാഗമായി സ്ഥാപനങ്ങൾ തമ്മിലുള്ള പരസ്പര സഹകരണം മെച്ചപ്പെടുത്തി വിറ്റുവരവ് ഉയർത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിന്റെ ലാഭകരമായ പ്രവർത്തനത്തിനുവേണ്ടി കേരള സ്റ്റേറ്റ് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും കൂടുതൽ ഓർഡറുകൾ ലഭ്യമാക്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിച്ചു.

ഇലക്ട്രിക്കൽ മേഖലയിൽ പ്രവർത്തിക്കുന്ന കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ്, ട്രാകോ കേബിൾ കമ്പനി ലിമിറ്റഡ്, ടെൽക്, യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾക്ക് കൂടുതൽ ഓർഡറുകൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ പൊതുമേഖലാ സഹകരണ സ്പിന്നിംഗ് മില്ലുകളെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ സ്കൂൾ യൂണിഫോമിനാവശ്യമായ നൂൽ ഈ സ്ഥാപനങ്ങളിൽ നിന്നും വാങ്ങുന്നതിനുള്ള പദ്ധതിയും ആരംഭിച്ചു കഴിഞ്ഞു. കെൽ, കേരള ആട്ടോമൊബൈൽസ്, BHEL-EML Ltd എന്നീ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഇലക്ട്രിക് വാഹനങ്ങളുടെ നിർമ്മാണത്തിന്റെ സാധ്യതയും പരിശോധിച്ചുവരുന്നു.

(ഡി) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഓരോ പൊതുമേഖലാ സ്ഥാപനങ്ങളുടെയും പ്രവർത്തനം പൊതുമേഖലാ വ്യവസായ പുനഃസംഘടനാ ബോർഡ് (റിയാബ്) മുഖേന നടത്തി വരുന്നു. കൂടാതെ സർക്കാർ തലത്തിലും, പ്രവർത്തനാവലോകനം നടത്തി വരുന്നു.

പൊതുമേഖല സ്ഥാപനങ്ങളുടെ ഇന്റേണൽ ആഡിറ്റ് സംവിധാനവും, സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് സംവിധാനവും പ്രത്യേക അവലോകനത്തിന് വിധേയമാക്കി ഇവയുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പുവരുത്തുന്നതിനായി കൃത്യമായ അവലോകനം നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നു. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) -ന്റെ ഓഫീസ് മുഖേനയും കൊമേഴ്സ്യൽ ആഡിറ്റ് സംവിധാനം പൊതുമേഖലാ സ്ഥാപനങ്ങളിൽ നടത്തുന്നുണ്ട്.

## പൊതുമേഖലാ സ്ഥാപനങ്ങളിലെ മാനേജിംഗ് ഡയറക്ടർമാരുടെ നിയമനം

112 (4717) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളിലെ മാനേജിംഗ് ഡയറക്ടർമാരുടെ നിയമനം സംബന്ധിച്ച് 2003-ലെ ഭരണ പരിഷ്കാര കമ്മീഷൻ എന്തെങ്കിലും ശിപാർശ നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദ വിവരം നൽകുമോ;

(ബി) പ്രസ്തുത ശിപാർശ നടപ്പിലാക്കിയിട്ടുണ്ടോ; ഇതിൽ സ്വീകരിച്ചിട്ടുള്ള തുടർ നടപടികൾ വ്യക്തമാക്കുമോ;

(സി) പൊതുമേഖലാ സ്ഥാപനങ്ങളുടെ എം.ഡി.-മാരുടെ നിയമനം സംബന്ധിച്ച് 13-10-2016-ലെ മന്ത്രിസഭാ യോഗം എന്ത് തീരുമാനമാണ് എടുത്തിട്ടുള്ളത്; ഇതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത ക്യാബിനറ്റ് തീരുമാനമനുസരിച്ചിട്ടുള്ള സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഈ ഉത്തരവിനനുസരിച്ച് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഭരണ പരിഷ്കാര കമ്മിറ്റിയുടെ റിപ്പോർട്ട് അംഗീകരിച്ചുകൊണ്ട് 2003-ലെ സർക്കാർ പുറത്തിറക്കിയ പേഴ്സണൽ ആൻഡ് അഡ്മിനിസ്ട്രേറ്റീവ് റിഫോംസ് ഡിപ്പാർട്ടുമെന്റ് ഉത്തരവ് 29-5-2003-ലെ G.O (Ms) No. 14/03/P&ARD പ്രകാരം പൊതുമേഖലാ സ്ഥാപനങ്ങളിലെ മാനേജിംഗ് ഡയറക്ടർമാരെ തെരഞ്ഞെടുക്കുന്നതിനായി ഒരു ഇൻഡിപെൻഡന്റ് സെലക്ഷൻ ബോർഡ് ആവശ്യമാണെന്ന് ശിപാർശ ചെയ്യുന്നുണ്ട്. നിയമനത്തിനായി ഒരു നിശ്ചിത കാലയളവ് നൽകണമെന്നും ശിപാർശ ചെയ്തിരുന്നു. കൂടാതെ ക്രമവിരുദ്ധമായ നടപടികളിലൂടെ കമ്പനികൾക്ക് വരുന്ന നഷ്ടം നിയമന കാലാവധിക്ക് ശേഷവും ആ വ്യക്തികളിൽനിന്നും ഈടാക്കുന്നതിനുള്ള വ്യവസ്ഥയും നിയമന കരാറിൽ ഉണ്ടാകണമെന്നും ശിപാർശ ചെയ്തിരുന്നു. [Clause No.3.8.2 and 3.8.3] അനുബന്ധം*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പൊതുമേഖലാ സ്ഥാപനങ്ങളിലെ മാനേജിംഗ് ഡയറക്ടർമാരുടെ നിയമനം സുതാര്യമായി നടത്തുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒരു സെലക്ഷൻ ബോർഡിനെ നിയമിക്കുകയും അവർ തയ്യാറാക്കിയ ലിസ്റ്റിൽ നിന്നും വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിലെ മാനേജിംഗ് ഡയറക്ടർമാരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്.

(സി) 13-10-2016-ലെ മന്ത്രിസഭായോഗ തീരുമാനത്തിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്നു. (അനുബന്ധം*).

(ഡി) ഉണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി* ചേർത്തിരിക്കുന്നു. തുടർ നടപടി സ്വീകരിക്കുന്നതിനായി ഫയൽ പരിശോധനയിലാണ്.

## റിയാബിന്റെ പ്രവർത്തനം

113 (4718) <u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിയാബിന്റെ പ്രവർത്തനം വിശദീകരിക്കാമോ;

(ബി) പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾ സുതാര്യമാക്കാൻ റിയാബ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കുമോ;

(സി) റിയാബിന്റെ നിർദ്ദേശങ്ങൾ മറികടന്ന് സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിയമനങ്ങൾ നടന്നിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന അവലോകനത്തിനായും നിരീക്ഷണത്തിനായും പദ്ധതികളുടെ വിശകലനമുൾപ്പെടെയുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനുമായി രൂപീകരിച്ച റിയാബ് നിർവ്വഹിച്ചുവരുന്ന ചുമതലകളുടെ സംക്ഷിപ്ത വിവരം ചുവടെ ചേർക്കുന്നു:

- വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ മാസംതോറുമുള്ള പ്രവർത്തന അവലോകന സംവിധാനത്തിന്റെ ചുമതല.
- പൊതുമേഖലാസ്ഥാപനങ്ങളിലെ ആഡിറ്റിംഗ്, അക്കൗണ്ട്സ് എന്നിവയുടെ പൂർത്തീകരണം സംബന്ധിച്ചുള്ള പുരോഗതി അവലോകനം ചെയ്യുന്നതിനുള്ള ചുമതല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

- പൊതുമേഖലാ സ്ഥാപനങ്ങളുടെ ബഡ്ജറ്റ് വിഹിതത്തിനായുള്ള വാർഷിക പദ്ധതികൾ ക്രോഡീകരിച്ച് സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെയും സർക്കാരിന്റെയും അംഗീകാരത്തിനായി സമർപ്പിക്കുന്ന ചുമതല
- ബഡ്ജറ്റിൽ നിന്നുള്ള ധനസഹായത്തിനായി പൊതുമേഖലാ സ്ഥാപനങ്ങൾ സമർപ്പിക്കുന്ന പദ്ധതികൾ പരിശോധിച്ച് ആവശ്യമായ ശിപാർശകളോടെ വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തിനായി സർക്കാരിലേയ്ക്ക് സമർപ്പിക്കുക.
- സ്ഥാപനങ്ങളുടെ നവീകരണ വിപുലീകരണ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള പുനഃസംഘടനാ നടപടികൾക്കായി ആവശ്യമെങ്കിൽ വിദഗ്ദ്ധരുടെ സേവനം ലഭ്യമാക്കി സർക്കാരിന് ശിപാർശ നൽകുക
- മാനവ വിഭവശേഷിയുടെ വികസനത്തിനായി ഉന്നതതല മാനേജ്മെന്റിനായി പരിശീലന പരിപാടികൾ ആസൂത്രണം ചെയ്ത് നടത്തുക
- സ്ഥാപനങ്ങളിലെ പി.എസ്.സി-യുടെ പരിധിയിൽ വരാത്ത തസ്തികകളിലെ നിയമന നടപടിക്രമങ്ങൾ മോണിട്ടർ ചെയ്യുന്നതിനുള്ള ചുമതല
- വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെയുള്ള നൂതന ഇ-ഗവേണൻസ് സംവിധാനങ്ങൾ ഏർപ്പെടുത്തി കമ്പനികളുടെ ഭരണ നിർവ്വഹണം കാര്യക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക
- പൊതുമേഖലാസ്ഥാപനങ്ങളെ സംബന്ധിച്ച് സർക്കാരിലേയ്ക്ക് ആവശ്യമായ വിവരങ്ങൾ ക്രോഡീകരിച്ച് ലഭ്യമാക്കുക.
- പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനവും വിശകലനവും സംബന്ധിച്ചുള്ള വിവിധ റിപ്പോർട്ടുകൾ തയ്യാറാക്കി വിശകലനം ചെയ്ത് സർക്കാരിന് നൽകുക.

പൊതുമേഖലാ സ്ഥാപനങ്ങളുടെ മാനേജ്മെന്റിനെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി മാനേജിംഗ് ഡയറക്ടർമാരെ സുതാര്യമായ രീതിയിൽ തെരഞ്ഞെടുക്കുന്നതിന്റെ ഭാഗമായുള്ള നടപടിക്രമങ്ങൾ നടത്തുന്നതിനായി ആവശ്യാനുസരണം റിയാബിനെ ചുമതലപ്പെടുത്താറുണ്ട്.

റിയാബ് മുഖേന മാസംതോറും നടത്തിവരുന്ന പ്രവർത്തന അവലോകനങ്ങളുടെ ഫലമായി അനുകരണീയമാക്കാവുന്ന മാനേജ്മെന്റ് നടപടിക്രമങ്ങൾ മറ്റുള്ള സ്ഥാപനങ്ങളിലേയ്ക്കും പകർന്നു നൽകുവാൻ സഹായകമായിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങൾ പ്രവർത്തന പുരോഗതി നേടുന്നതിനായുള്ള വിവിധ ഘടകങ്ങളിൽ റിയാബ് നിർവ്വഹിച്ചുവരുന്ന ചുമതലകൾക്കും പ്രാധാന്യമുണ്ട്.

സ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് റിയാബ് സമർപ്പിക്കുന്ന വിശകലന റിപ്പോർട്ടുകളുടെയും ചർച്ചകളുടെയും കൂടി അടിസ്ഥാനത്തിലാണ് സർക്കാർ ഈ സ്ഥാപനങ്ങളുടെ നവീകരണ വിപുലീകരണ പദ്ധതികളുൾപ്പെടെയുള്ള വിവിധ വിഷയങ്ങളിൽ നിർണ്ണായകമായ തീരുമാനങ്ങൾ കൈക്കൊണ്ടുവരുന്നത്.

(ബി) സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിലേയ്ക്കുള്ള കേരളാ പബ്ലിക് സർവീസ് കമ്മിഷന്റെ പരിധിയിൽ വരാത്ത നിയമനങ്ങളിൽ സുതാര്യത ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ജീവനക്കാരുടെ നിയമനനടപടികളുമായി ബന്ധപ്പെട്ട് എഴുത്തുപരീക്ഷ, പ്രായോഗികക്ഷമതാ നിർണ്ണയം, ഗ്രൂപ്പ് ഡിസ്കഷൻ, അഭിമുഖം എന്നിവയിൽ സ്വീകരിക്കേണ്ട വ്യക്തമായ മാനദണ്ഡങ്ങൾ 17-6-2013-ലെ G.O.(Rt).No. 773/ 2013/ID പ്രകാരം എല്ലാ സ്ഥാപനങ്ങൾക്കും നൽകിയിട്ടുണ്ട്. അഭിമുഖം നടത്തുന്നതിനും, പ്രായോഗിക ക്ഷമത കണക്കാക്കുന്നതിനുമുള്ള കമ്മിറ്റികൾ രൂപീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങളും ഈ ഉത്തരവിൽ നല്കിയിട്ടുണ്ട്. ഈ കമ്മിറ്റികളിൽ സർക്കാരിന്റെ പ്രതിനിധിയെയും, റിയാബിന്റെ പ്രതിനിധിയെയും അതാത് മേഖലകളിലുള്ള വിദഗ്ദ്ധരെയും ഉൾപ്പെടുത്തണമെന്ന് സ്ഥാപനങ്ങളോട് നിർദ്ദേശിച്ചിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല

## പൊതുമേഖലാ സ്ഥാപനങ്ങളിലെ തൊഴിലവസരങ്ങൾ

114 (4719) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന് കീഴിൽ പൊതുമേഖലയിൽ പുതിയതായി എത്ര പേർക്ക് തൊഴിൽ നൽകിയിട്ടുണ്ട്?

<u>ഉത്തരം</u>

വിവരം ശേഖരിച്ച് നൽകുന്നതാണ്.

## ഇന്റഗ്രേറ്റഡ് ടൈറ്റാനിയം കോംപ്ലക്സ്

115 (4720) ശ്രീ. ഇ. പി. ജയരാജൻ:

ശ്രീ. എം. നൗഷാദ്:

ശ്രീ. എൻ. വിജയൻ പിള്ള:

ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എം.എം.എൽ. (കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡ്)-ന്റെ വികസനത്തിനായി ഇന്റഗ്രേറ്റഡ് ടൈറ്റാനിയം കോംപ്ലക്സ് ആരംഭിക്കുന്നതിന് ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) ധാതുമണൽ വ്യവസായത്തിൽ വൻകുതിപ്പിന് വഴിയൊരുക്കുന്ന പ്രസ്തുത പദ്ധതിക്കായി ആവശ്യമായി വരുന്ന നിക്ഷേപങ്ങൾ സമാഹരിക്കുന്നത് ഏതെല്ലാം മാർഗ്ഗത്തിലൂടെയാണെന്ന് വ്യക്തമാക്കുമോ;

(സി) ധാതുമണലിൽ നിന്നും എന്തെല്ലാം മൂല്യവർദ്ധിത ഉത്പന്നങ്ങളാണ് കെ.എം.എം.എൽ. നിലവിൽ ഉത്പാദിപ്പിക്കുന്നതെന്ന് അറിയിക്കുമോ;

(ഡി) ഇന്റഗ്രേറ്റഡ് ടൈറ്റാനിയം കോംപ്ലക്സ് വരുന്നതോടുകൂടി എന്തെല്ലാം മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉത്പാദിപ്പിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

### ഉത്തരം

(എ) ഇന്റഗ്രേറ്റഡ് ടൈറ്റാനിയം കോംപ്ലക്സ് ആരംഭിക്കുന്നതിന്റെ ഭാഗമായി ചവറയിലെ ചിറ്റൂർ പ്രദേശത്ത് 180-ഓളം ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിലേയ്ക്കായി കൊല്ലം ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ നടപടി ആരംഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിക്കായി ആവശ്യമായി വരുന്ന നിക്ഷേപ സമാഹരണവുമായി ബന്ധപ്പെട്ട വിവരങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു.

(സി)

- ടൈറ്റാനിയം ഡയോക്സൈഡ്
- ടൈറ്റാനിയം ടെട്രാക്ലോറൈഡ്
- ടൈറ്റാനിയം സ്പോഞ്ച്

- ടൈറ്റാനിയം ഓക്സി ക്ലോറൈഡ്
- റൂട്ടൈൽ
- സിർക്കൺ
- സിലിമനൈറ്റ്

എന്നിവയാണ് കെ.എം.എം.എൽ. ഉല്പാദിപ്പിക്കുന്നത്.

(ഡി) കേരള തീരത്തെ കരിമണലിൽ നിന്നും മൂല്യ വർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് ഒരു വ്യവസായ കോംപ്ലക്സ് സ്ഥാപിക്കുന്നതിനെക്കുറിച്ച് സാധ്യതാ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് റിയാബ് ചെയർമാന്റെ അദ്ധ്യക്ഷതയിൽ ഒരു കമ്മിറ്റിയെ സർക്കാർ നിയമിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി പ്രാഥമിക പഠനം നടത്തി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. സർക്കാർ പ്രസ്തുത റിപ്പോർട്ട് പരിശോധിച്ച തുടർനടപടി സ്വീകരിക്കുന്നതാണ്. കരിമണലിൽ നിന്നും ടൈറ്റാനിയം മിൽ പ്രോഡക്ട്സ്, സിർക്കോണിയം കാർബൊണേയ്റ്റ് (zirconium carbonate), പെർളസെന്റ് പിഗ്മെന്റ് (pearlescent pigment) എന്നിവ ഉല്പാദിപ്പിക്കുവാനാണ് കമ്മിറ്റി ശിപാർശ ചെയ്തിരിക്കുന്നത്.

പ്രതിരോധ മേഖലയിലും എയ്റോ സ്പേസ് മേഖലയിലും ആവശ്യമായ ട്യൂബുകൾ, ഷീറ്റുകൾ, പൈപ്പുകൾ, കോയിലുകൾ തുടങ്ങിയ ടൈറ്റാനിയം മിൽ പ്രോഡക്ട്സ് ഉല്പാദിപ്പിക്കുവാനാണ് വിഭാവന ചെയ്യുന്നത്. ഇതിനായി കെ.എം.എം.എൽ.-ലെ ടൈറ്റാനിയം സ്പോഞ്ച് ഉല്പാദനം വർദ്ധിപ്പിക്കേണ്ടതായിട്ടുണ്ട്.

**ജില്ലാ വ്യവസായ കേന്ദ്രങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതി**

116 (4721) <u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ വ്യവസായ കേന്ദ്രങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) ഓഫീസ് സംവിധാനം ഉൾപ്പെടെയുള്ളവ കാലാനുസൃതമായി നവീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദമാക്കാമോ?

ഉത്തരം

(എ) ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വ്യവസായ സംരംഭകർക്ക് മികച്ച തരത്തിലുള്ള സേവനം നൽകിവരുന്നുണ്ട്. സംരംഭകർക്ക് കൂടുതൽ സേവനങ്ങൾ നൽകാനായി ജില്ലാ വ്യവസായ കേന്ദ്രങ്ങൾതോറും ബിസിനസ്സ് ഇൻക്യുബേഷൻ സെന്ററുകളും, ഇൻഫർമേഷൻ കൗണ്ടറുകളും പ്രവർത്തിക്കുന്നുണ്ട്. വ്യവസായ ജാലകം പദ്ധതി വഴി ജില്ലകളിലെ വ്യവസായ സംരംഭങ്ങളുടെയെല്ലാം ജിയോ ടാഗ്ഗിംഗ് സർവ്വേ പൂർത്തീകരിച്ചിട്ടുണ്ട്. വ്യവസായ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി നിരവധി കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാമുകൾ നടപ്പിലാക്കി വരുന്നു. എല്ലാ ജില്ലകളിലും താലൂക്കുകളിലുമായി സ്കിൽ ഡെവലപ്മെന്റ് ട്രെയിനിംഗുകൾ, ടെക്നോളജി ക്ലിനിക്കുകൾ, ഇ.ഡി.പി, ഇൻവെസ്റ്റേഴ്സ് മീറ്റ് എന്നിവ നടത്തി വരുന്നു. വിവിധ സംരംഭക മേഖലകളിൽ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭകർക്ക് സാമ്പത്തികവും സാങ്കേതികവുമായ സഹായങ്ങൾ ലഭിക്കുന്നതിനും ജില്ലയുടെ പ്രത്യേകതകൾ അനുസരിച്ചുള്ള നിക്ഷേപക സാധ്യതകൾ ചർച്ചചെയ്യുന്നതിനും നൂതന സാങ്കേതികവിദ്യകൾ പരിചയപ്പെടുത്തുന്നതിനും മേൽ പറഞ്ഞ പ്രോഗ്രാമുകൾ സഹായിക്കുക വഴി ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മികവിന്റെ കേന്ദ്രങ്ങളായി മാറുന്നു.

(ബി) വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, ഡയറക്ടറേറ്റിന് കീഴിലുള്ള ജില്ലാ വ്യവസായ കേന്ദ്രങ്ങൾ, താലൂക്ക് വ്യവസായ ഓഫീസുകൾ എന്നിവിടങ്ങളിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി KSWAN ഏകീകരണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വകുപ്പിന്റെ കീഴിലുള്ള എല്ലാ ഓഫീസുകളിലും ഇ-ഓഫീസ് നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

വ്യവസായ വകുപ്പുമായി ബന്ധപ്പെട്ട മാർജിൻമണി ലോൺ തിരിച്ചടവ്, ഇ.എസ്സ്.എസ്സ്. ലാന്റ് മാനേജ്മെന്റ് സിസ്റ്റം, വ്യവസായ ജാലകം, വ്യവസായ സ്ഥാപനങ്ങളുടെ സ്ഥിതി വിവരശേഖരം എന്നിവ സംബന്ധിച്ച സേവനങ്ങളും ഓൺലൈൻ അധിഷ്ഠിതമാക്കിയിട്ടുണ്ട്. വ്യവസായജാലകം പദ്ധതി വഴി ജില്ലകളിലെ വ്യവസായ സംരംഭങ്ങളുടെയെല്ലാം ജിയോടാഗ്ഗിംഗ് സർവ്വേ പൂർത്തീകരിച്ചിട്ടുണ്ട്. വകുപ്പ് മുഖേനയുള്ള എല്ലാ സേവനങ്ങളും പൂർണ്ണമായും ഓൺലൈൻ അധിഷ്ഠിതമാക്കുന്നതിനുള്ള അടിസ്ഥാന സൗകര്യ വികസനം ഉറപ്പ് വരുത്തുന്നതിനുള്ള നടപടികളുടെ ഭാഗമായി ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും താലൂക്ക് വ്യവസായ ഓഫീസുകളിലും വ്യവസായ സംരംഭകർക്ക് കമ്പ്യൂട്ടർ മുഖേനയുള്ള സേവനങ്ങൾ ലഭ്യമാക്കുന്നതിന് സംരംഭക സ്വയം സഹായക കിയോസ്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഈ സാമ്പത്തിക വർഷം തന്നെ പൂർത്തീകരിക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു.

## വ്യവസായ മേഖലയ്ക്ക് ഉണർവ്

117 (4722) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യവസായ മേഖലയ്ക്ക് പുതിയ ഉണർവ് നൽകുന്ന തരത്തിൽ എന്തെല്ലാം പദ്ധതികൾ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നടപ്പിലാക്കി എന്ന് അറിയിക്കുമോ;

(ബി) അവയുടെ വിശദാംശം അറിയിക്കുമോ ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് വ്യവസായ മേഖലയ്ക്ക് പുതിയ ഉണർവ് നൽകുന്നതിലേയ്ക്ക് ഇഡി ക്ലബ്ബ്, ഇൻക്യുബേഷൻ സെന്ററുകൾ, ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോഗ്രാമുകൾ, ഇന്ത്യാ ഇന്റർനാഷണൽ ട്രേഡ് ഫെയർ (ഐ.ഐ.റ്റി.എഫ്.), മെഷീനറി എക്സ്പോ, വ്യവസായ പ്രദർശനം, കേരള ബിസിനസ്സ് ടു ബിസിനസ്സ് മീറ്റ്, ദേശീയ അന്തർദ്ദേശീയ പരിപാടികൾ, മലബാർ ക്രാഫ്റ്റ് മേള, കേരള അഗ്രോ ഫുഡ് പ്രോ, ആഷാ പദ്ധതി, വ്യവസായ സമുച്ചയ പദ്ധതി, ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി, ഹാന്റിക്രാഫ്റ്റ്സ് അവാർഡ്, കരകൗശല മേഖലയിൽ പ്രവർത്തിച്ചുവരുന്ന 60 വയസ്സിന് മുകളിൽ പ്രായമുള്ള സംരംഭകർക്ക് വാർദ്ധക്യകാല പെൻഷൻ, സംരംഭകത്വ സഹായ പദ്ധതി, പി.എം.ഇ.ജി.പി. സംരംഭകർക്കുള്ള ട്രെയിനിംഗ് പ്രോഗ്രാമുകൾ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

വ്യവസായ വകുപ്പിന്റേതായ പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി കാലാനുസൃതമായി സാങ്കേതികവിദ്യ ഉപയോഗിച്ച് വൈവിദ്ധ്യവത്കരണ പദ്ധതികൾ നടപ്പിലാക്കി വരുന്നു. തൻമൂലം സ്ഥാപനങ്ങൾക്ക് വിപണിയിൽനിന്നുള്ള കടുത്ത മത്സരത്തെ അതിജീവിക്കാൻ കഴിയുന്നുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ 2016-17 വർഷം പൊതുമേഖല സ്ഥാപന നവീകരണ വിപുലീകരണ പദ്ധതികൾക്കായി 123 കോടി രൂപ അനുവദിച്ചിരുന്നു. 2017-18-ൽ 283 കോടി രൂപ അധിക സഹായമുൾപ്പെടെ പദ്ധതി വിഹിതമായി അനുവദിച്ചിട്ടുണ്ട്. 2018-19-ലെ ബഡ്ജറ്റിൽ പൊതുമേഖല സ്ഥാപനങ്ങളുടെ നവീകരണ വിപുലീകരണ പദ്ധതികളുൾപ്പെടെയുള്ള ധനസഹായമായി 297.35 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനം, സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം, ധനപരമായ ഏകോപനം, സ്ഥാപനങ്ങളുടെ പ്രവർത്തനം മോണിട്ടറിംഗ് ചെയ്യൽ എന്നീ നടപടികളിലൂടെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

## അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും വ്യാവസായിക പ്രവർത്തനങ്ങൾ താഴെത്തലത്തിൽ പ്രോത്സാഹിപ്പിക്കുന്നതിനുമായി പദ്ധതികൾ

118 (4723) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും വ്യാവസായിക പ്രവർത്തനങ്ങൾ താഴെത്തലത്തിൽ പ്രോത്സാഹിപ്പിക്കുന്നതിനുമായി ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയാണ്;

(ബി) തദ്ദേശഭരണ സ്ഥാപനങ്ങളുടെ കൈവശം ഉപയോഗിക്കപ്പെടാതെയുള്ള ഭൂമി ഉപയോഗപ്പെടുത്തി വ്യവസായ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ഇപ്രകാരം എത്ര ഭൂമി ലഭ്യമാക്കിയെന്നും വ്യവസായ മേഖലയിൽ ഇത് ഉണ്ടാക്കിയ നേട്ടം എന്തെന്നും വിശദമാക്കുമോ?

ഉത്തരം

(എ) വ്യാവസായിക വളർച്ചയ്ക്ക് അനുകൂലമായ സാഹചര്യം സൃഷ്ടിക്കാൻ വ്യവസായ മേഖലയിലെ സ്ഥല ദൗർലഭ്യം കണക്കിലെടുത്ത് ബഹുനില വ്യവസായ സമുച്ചയങ്ങൾ നിർമ്മിക്കാനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇക്കഴിഞ്ഞ സാമ്പത്തികവർഷം സർക്കാരിന്റെ ഭരണാനുമതി ലഭിച്ച പദ്ധതിയുൾപ്പെടെ ഒൻപത് ബഹുനില വ്യവസായ സമുച്ചയങ്ങളാണ് നിർമ്മിക്കാൻ പദ്ധതിയിട്ടിരിക്കുന്നത്. വ്യവസായ പ്ലോട്ടിനായി പുതുതായി ഏറ്റെടുത്ത കോഴിക്കോട് ജില്ലയിലെ കട്ടിപ്പാറയിലെ 20.43 ഏക്കർ ഭൂമിയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി രണ്ടാംഘട്ട പ്രവർത്തനങ്ങൾ നടന്നുവരുന്നു. തൃശ്ശൂർ ജില്ലയിലെ വരവൂരിൽ 8.55 ഏക്കർ സ്ഥലത്തെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനം നടന്നുവരുന്നു. ഈ രണ്ട് പ്ലോട്ടുകളുടെയും വികസന പ്രവർത്തനങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് ടി സ്ഥലങ്ങൾ പ്ലോട്ടുകളായി തിരിച്ച് വ്യവസായ സംരംഭകർക്ക് നൽകുന്നതാണ്. 15 വ്യവസായ ഏരിയ/പ്ലോട്ടുകളിലെ ആഭ്യന്തര റോഡിന്റെ റിപ്പയറിംഗ് പോലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള പദ്ധതികൾക്കും ഭരണാനുമതിയും ആവശ്യമായ ഫണ്ടും ലഭ്യമായിട്ടുണ്ട്. സ്വകാര്യ മേഖലയിൽ വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിക്കുന്നതിന് പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി ഒരു പുതിയ പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. വ്യവസായ വാണിജ്യ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 38 വികസന ഏരിയ/പ്ലോട്ടുകളിൽ സർവ്വേ

നടത്തി, വികസന പദ്ധതികൾ നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ പദ്ധതിയായ എം. എസ്. - സി.ഡി.പി. മുഖേന പൂവൻതുരുത്ത് വികസന ഏരിയായിലും എടയാർ വികസന ഏരിയായിലും യഥാക്രമം 1000 ലക്ഷം, 967.69 ലക്ഷം രൂപയുള്ള പ്രോജക്ടിനും അനുമതി ലഭിച്ചിട്ടുണ്ട്. 60:40 അനുപാതത്തിൽ നടപ്പിലാക്കുന്ന ഈ പദ്ധതിയ്ക്ക് സംസ്ഥാന വിഹിതമായ 400 ലക്ഷം രൂപയും 387.076 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

വ്യവസായ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് വ്യവസായ വകുപ്പിന്റെ കീഴിലുള്ള കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ മുഖേന കൊച്ചിയിൽ നിന്നും ബാംഗ്ലൂർ വരെ വ്യവസായ ഇടനാഴി സ്ഥാപിക്കുന്നതിനുള്ള ഒരു പദ്ധതി കേന്ദ്ര സർക്കാരിന്റെ അനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. ഇതിലൂടെ കൊച്ചി മുതൽ പാലക്കാട് വരെയുള്ള പ്രദേശത്ത് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് കൂടുതൽ വ്യവസായ സംരംഭങ്ങളെ ആകർഷിക്കുവാൻ കഴിയും. വ്യാവസായിക പ്രവർത്തനങ്ങൾ താഴെത്തലത്തിൽ പ്രോത്സാഹിപ്പിക്കുന്നതിനായി ഈസ് ഓഫ് ഡൂയിങ് ബിസിനസ്സ് പദ്ധതിയിലൂടെ വ്യാവസായിക അനുമതികൾ സമയബന്ധിതമായി നൽകുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുമുണ്ട്. അനുമതികൾ ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലാണ്.

(ബി) ഉണ്ട്.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ കൈവശമുള്ളതും നാളിതുവരെ ഉപയോഗിക്കാത്തതുമായ ഭൂമിയിൽ വ്യവസായ വകുപ്പും തദ്ദേശഭരണ സ്ഥാപനങ്ങളും ചേർന്ന് വ്യവസായ വികസനവും അടിസ്ഥാന സൗകര്യ വികസനവും നടത്തുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഈ വർഷം 200 ലക്ഷം രൂപ ഈ പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുണ്ട്.

(സി) വടക്കാഞ്ചേരി മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള 2.5 ഏക്കർ സ്ഥലത്ത് സംസ്ഥാന സർക്കാരും വടക്കാഞ്ചേരി മുനിസിപ്പാലിറ്റിയുമായി ചേർന്ന് വ്യവസായ സമുച്ചയം പണിയുന്നതിന് ഭരണാനുമതി ആയിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്ന് ലഭ്യമാകുന്ന ഭൂമിയിൽ പ്രസ്തുത സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ ബഹുനില വ്യവസായ സമുച്ചയങ്ങൾ പണിയുന്നതിനോ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനോ ലക്ഷ്യമിടുന്നു. അടിസ്ഥാന സൗകര്യ വികസനത്തിലൂടെ ആഭ്യന്തര റോഡുകളുടെ നിർമ്മാണം, ക്ലസ്റ്ററിനായുള്ള പൊതുസൗകര്യ കേന്ദ്രങ്ങൾ, മാലിന്യ സംസ്കരണ സംവിധാനങ്ങൾ തുടങ്ങിയവ ഏർപ്പെടുത്തി അർഹരായവർക്ക് സംരംഭങ്ങൾ തുടങ്ങുന്നതിന് അനുവദിക്കുന്നതാണ്.

**ഓട്ടുകമ്പനി മേഖല നേരിടുന്ന പ്രതിസന്ധി**

119 (4724) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ അസംസ്കൃത വസ്തുക്കളുടെ ക്ഷാമം സംസ്ഥാനത്തെ വ്യവസായ മേഖലയെ പ്രതികൂലമായി ബാധിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിർമ്മാണ മേഖലയിൽ കരിങ്കല്ല്, മണൽ എന്ന പോലെ ഓട്ടു കമ്പനി മേഖലയിൽ കളിമണ്ണിന്റെ ക്ഷാമം സൃഷ്ടിക്കുന്ന പ്രയാസങ്ങൾ പരിശോധിക്കുകയുണ്ടായോ;

(സി) എങ്കിൽ 1878- ൽ സ്ഥാപിതമായ കോഴിക്കോട് ജില്ലയിലെ കാലിക്കറ്റ് ടൈൽ കമ്പനി കളിമൺ ക്ഷാമം കാരണം ഇപ്പോൾ അടച്ചുപൂട്ടുകയുണ്ടായോ;

(ഡി) എങ്കിൽ ധാരാളം ഓട്ടുകമ്പനികൾ പ്രവർത്തിക്കുന്ന ഈ മേഖലയിൽ കളിമൺ ക്ഷാമം മറ്റു കമ്പനികളുടെ ഉത്പാദനത്തെയും ബാധിക്കുമെന്ന് കരുതുന്നുണ്ടോ;

(ഇ) ഇത് ഒഴിവാക്കാൻ ഇതര സംസ്ഥാനങ്ങളിൽ നിന്ന് കളിമണ്ണ് ഇറക്കുമതി ചെയ്യുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പരിശോധിച്ചിട്ടുണ്ട്. കേരളത്തിൽ ഓട്/ഇഷ്ടിക ചെളി നിക്ഷേപം കൂടുതലും കാണുന്നത് നെൽവയലുകളിലും തണ്ണീർത്തടങ്ങളിലുമാണ്. മുൻകാലങ്ങളിൽ ഇങ്ങനെയുള്ള സ്ഥലങ്ങളിൽ നിന്നും കളിമണ്ണ് ഖനനം ചെയ്ത് ഇഷ്ടിക, ഓട് നിർമ്മാണത്തിന് ഉപയോഗിച്ചിരുന്നു. എന്നാൽ കേരള നെൽവയലും തണ്ണീർത്തടവും സംരക്ഷണ നിയമം 2008 നിലവിൽ വന്നതോടുകൂടി ഈ നിയമത്തിന്റെ പരിധിയിൽ വരുന്ന സ്ഥലങ്ങളിൽ നിന്നും സാധാരണ കളിമൺ ഖനനം ചെയ്യുന്നതിന് നിരോധനം ഏർപ്പെടുത്തുകയുണ്ടായി. ഇതുമൂലം കളിമൺ ലഭ്യത സംസ്ഥാനത്ത് ഗണ്യമായി കുറഞ്ഞു. ഇപ്പോൾ 2008-ന് മുൻപ് നികത്തപ്പെട്ടതും മേൽ നിയമത്തിന്റെ കീഴിൽ വരാത്തതുമായ തണ്ണീർത്തടങ്ങളിലും നെൽവയലുകളിലും മാത്രമാണ് മുഖ്യമായും ഖനനം നടന്നുവരുന്നത്. കൂടാതെ 5 ഹെക്ടറിൽ കുറവുള്ള സ്ഥലങ്ങളിൽ നടത്തുന്ന ചെറുകിട ധാതുക്കളുടെ ഖനനത്തിനും പാരിസ്ഥിതികാനുമതി നിർബന്ധമായതോടെ മുൻകാലങ്ങളിൽ നടന്നിരുന്ന

കളിമൺ ഖനന പ്രവൃത്തികൾ നിന്നുപോകുന്ന സാഹചര്യവും ഉളവായി. കളിമണ്ണിന്റെ ലഭ്യതക്കുറവുമൂലം സംസ്ഥാനത്തെ ഓട്/ഇഷ്ടിക നിർമ്മാണ രംഗങ്ങളിൽ നിലനിൽക്കുന്ന പ്രതിസന്ധി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന്, 2008 -ന് മുമ്പ് (നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വരുന്നതിന് മുമ്പ്) നികത്തപ്പെട്ട ഭൂമിയിൽ നിന്ന് പരിസ്ഥിതിക്ക് കോട്ടം തട്ടാതെ കളിമണ്ണ് ശേഖരിക്കുന്നതിന്റെ സാധ്യതകൾ പഠിച്ച് ശിപാർശകൾ സമർപ്പിക്കുന്നതിന് കേരള സ്റ്റേറ്റ് റിമോർട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്റർ (കെ.എസ്.ആർ.ഇ.സി.)-യെ സർക്കാർ ചുമതലപ്പെടുത്തിയിരുന്നു. ഈ സ്ഥാപനം തൃശ്ശൂർ, കോഴിക്കോട് ജില്ലകളിൽ പഠനം പൂർത്തിയാക്കി റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. കെ.എസ്.ആർ.ഇ.സി.-യുടെ റിപ്പോർട്ട് പ്രകാരം തൃശ്ശൂർ, കോഴിക്കോട് ജില്ലകളിൽ കളിമൺ നിക്ഷേപമുള്ള പ്രദേശങ്ങളിൽ ഖനനാനുമതിക്കായി അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ മലപ്പുറം ജില്ലയിൽ കൂടി പഠനം നടത്തുന്നതിന് ഈ ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. ടി ജില്ലകളിൽ പഠനം പൂർത്തിയാക്കുന്ന മുറയ്ക്ക് കണ്ടെത്തുന്ന കളിമൺ നിക്ഷേപങ്ങൾ ഖനനം ചെയ്യുന്നതിന് അനുമതി നൽകുന്നതാണ്. പാരിസ്ഥിതികാനുമതി നിർബന്ധമാക്കിയ സാഹചര്യത്തിൽ കളിമണ്ണ് ഖനനത്തിന് ജില്ലാ കളക്ടറിൽ നിന്നുള്ള നിരാക്ഷേപ പത്രം ആവശ്യമാണെന്ന വ്യവസ്ഥ ഒഴിവാക്കി കെ.എം.എം.സി. ചട്ടം സർക്കാർ ഭേദഗതി ചെയ്തു. കളിമൺ ഖനനത്തിന് പാരിസ്ഥിതികാനുമതി ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന്റെ ഭാഗമായി 2 മീറ്റർ വരെ ആഴത്തിൽ കളിമണ്ണ് ഖനനം ചെയ്യുന്നതിന് 22-6-2017-ലെ GO(P)25/2017/ID ഉത്തരവ് പ്രകാരം മൈനിംഗ് പ്ലാൻ ഒഴിവാക്കിയിട്ടുണ്ട്. ഓട് നിർമ്മാണ മേഖലയിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് ട്രേഡ് യൂണിയൻ നേതാക്കളുമായും കളിമൺ വ്യവസായ പ്രതിനിധികളുമായും വ്യവസായ വകുപ്പ് മന്ത്രി 29-11-2017-ന് ചർച്ച നടത്തുകയും കളിമണ്ണ് ലഭ്യമാക്കുന്നതിന് 20-2-2010-ലെ ജി.ഒ(എം.എസ്) നമ്പർ 36/2010/വ്യവ. ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ഖനനാനുമതി നൽകാവുന്നതാണോയെന്ന് പരിശോധിക്കുവാൻ തീരുമാനിക്കുകയും ചെയ്തിരുന്നു. ഇക്കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

(സി) 1878-ൽ സ്ഥാപിതമായ കോഴിക്കോട് ജില്ലയിലെ കാലിക്കറ്റ് ടൈൽ കമ്പനി കഴിഞ്ഞ ഒരു മാസമായി കളിമണ്ണ് ലഭ്യമല്ലാത്തതിനാൽ ലോക്ക് ഔട്ട് (lock out) ചെയ്തിരിക്കുകയാണ്.

(ഡി) ഉണ്ട്.

(ഇ) 2015-ലെ കെ.എം.എം.സി ചട്ടങ്ങളിലെ ചട്ടം 107 പ്രകാരമുള്ള വ്യവസ്ഥകൾക്ക് വിധേയമായി ചെറുകിട ധാതുക്കൾ ആർക്കും കേരളത്തിലേയ്ക്ക് അന്യ സംസ്ഥാനങ്ങളിൽ നിന്നും വിദേശത്തുനിന്നും ഇറക്കുമതി ചെയ്യാവുന്നതാണ്. ഇതിനായി പ്രത്യേക സർക്കാർ അനുമതിയുടെ ആവശ്യമില്ല. ഇഉപ്രകാരം അന്യസംസ്ഥാനങ്ങളിൽ നിന്നും കളിമണ്ണ് ഇറക്കുമതി ചെയ്യുന്നതിന് നിലവിൽ തടസ്സമൊന്നും ഇല്ലാത്തതും അപ്രകാരം ആരെങ്കിലും ഇറക്കുമതി ചെയ്യാനുദ്ദേശിക്കുന്ന പക്ഷം അവരെ പ്രോത്സാഹിപ്പിക്കുന്നതുമാണ്.

## തൊഴിലാളികൾക്ക് വ്യവസായ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ

120 (4725) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തൊഴിലാളികൾക്ക് വ്യവസായ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്;

(ബി) എന്തെല്ലാം പുതിയ സംരംഭങ്ങളാണ് ഇതിനായി ആരംഭിക്കാനുദ്ദേശിക്കുന്നത് ; വിവരിക്കുമോ;

(സി) ഏതൊക്കെ മേഖലകളാണ് ഇതിനുവേണ്ടി തെരഞ്ഞെടുത്തിരിക്കുന്നത്; വിശദമാക്കാമോ?

ഉത്തരം

(എ-സി) സംസ്ഥാനത്ത് വ്യവസായവത്കരണം ത്വരിതപ്പെടുത്തുന്നതിനായി വിവിധ പദ്ധതികൾ സർക്കാർ ആസൂത്രണം ചെയ്തിട്ടുണ്ട്. ഇതിലൂടെ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള നിയമപരമായ നടപടികൾ ലഘൂകരിച്ചുകൊണ്ട് നിയമങ്ങളിൽ ഭേദഗതി വരുത്തി "ദി കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആൻഡ് ഫെസിലിറ്റേഷൻ ഓർഡിനൻസ്-2017" പുറത്തിറക്കിയിരിക്കുകയാണ്. ഇത്തരത്തിൽ വ്യവസായ സൗഹൃദ അന്തരീക്ഷമൊരുക്കി സംസ്ഥാനത്തിന്റെ വ്യവസായ മേഖലയുടെ ഉന്നമനത്തിനായുള്ള സമഗ്ര പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്.

വ്യവസായ ജാലകം പദ്ധതി, സംരംഭകത്വ വികസന പരിശീലന പരിപാടികൾ, ടെക്നോളജി ക്ലിനിക്കുകൾ, സംരംഭകർക്കുള്ള സാമ്പത്തിക സഹായം നല്കുന്നതിനുള്ള സംരംഭക സഹായപദ്ധതി, നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി, ആഷാ പദ്ധതി, ക്ലസ്റ്റർ ഡെവലപ്മെന്റ്

പ്രോഗ്രാമുകൾ എന്നീ പദ്ധതികളും, നിക്ഷേപകരുടെ മേളകൾ, എം.എസ്.എം.ഇ. ഉത്പന്ന വിപണന മേളകൾ, മെഷീനറി എക്സിബിഷൻ എന്നീ പദ്ധതികളും നടപ്പിലാക്കുന്നതിലൂടെ സംസ്ഥാനത്ത് വ്യവസായ മേഖലയുടെ വളർച്ചാ നിരക്ക് വർദ്ധിപ്പിക്കുകയും കൂടുതൽ തൊഴിലവസരങ്ങൾ സംജാതമാകുകയും ചെയ്യും. ലോക ബാങ്ക് നിർദ്ദേശ പ്രകാരമുള്ള ഈസ് ഓഫ് ഡൂയിങ് സംരംഭം കേരളത്തിൽ നടപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് അഗ്രോ ആൻഡ് ഫുഡ് സെക്ടർ, ജനറൽ എഞ്ചിനീയറിങ് സെക്ടർ, റെഡിമെയ്ഡ് ഗാർമെന്റ് സെക്ടർ, തടിയധിഷ്ഠിത നിർമ്മാണ മേഖല തുടങ്ങിയ ചെറുകിട-ഇടത്തരം വ്യവസായ മേഖലകളിൽ കൂടുതൽ തൊഴിലവരങ്ങൾ ഉണ്ടാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## കൃഷി അധിഷ്ഠിത വ്യവസായ സംരംഭങ്ങൾ

121 (4726) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൃഷി അധിഷ്ഠിത വ്യവസായ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് അറിയിക്കുമോ;

(ബി) ഈ മേഖലയിൽ എത്ര പുതിയ സംരംഭങ്ങൾ ആരംഭിച്ചു എന്ന് അറിയിക്കുമോ; ഇവയുടെ വിശദാംശം അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ ആഭിമുഖ്യത്തിൽ നടത്തുന്ന സംരംഭകത്വ വികസന പരിപാടി, ടെക്നോളജി ക്ലിനിക് എന്നിവയിൽ കാർഷികാധിഷ്ഠിത വ്യവസായ മേഖലയ്ക്ക് മുൻഗണന നൽകുന്നു. കാർഷികാധിഷ്ഠിത ഭക്ഷ്യ സംസ്കരണ മേഖലയെ കാലോചിതമായി നവീകരിക്കുന്നതിന്റെ ഭാഗമായി പാക്കേജിംഗ്, ബ്രാന്റിംഗ് തുടങ്ങിയ രംഗങ്ങളിൽ നൂതനമായ അറിവ് പകർന്ന് നൽകുന്നതിന് ബന്ധപ്പെട്ട വിദഗ്ദ്ധരുടെ ക്ലാസ്സുകൾ, ഡെമോൺസ്ട്രേഷനുകൾ തുടങ്ങിയവ ഇതിന്റെ ഭാഗമായി നടത്തുന്നുണ്ട്. ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് ഭക്ഷ്യ സുരക്ഷവകുപ്പിന്റേയും, ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാൻഡേർഡിന്റെയും നടപടിക്രമങ്ങളെ സംബന്ധിച്ച് ക്ലാസ്സുകൾ നൽകുന്നുണ്ട്. കേരളത്തിന്റെ തനത് കാർഷിക ഉത്പന്നങ്ങളിൽ അധിഷ്ഠിതമായി പ്രവർത്തിക്കുന്ന ഭക്ഷ്യകാർഷിക സംസ്കരണ വ്യവസായ യൂണിറ്റുകളെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി നടത്തുന്ന വ്യാവസായിക പ്രദർശന വിപണന മേള - "കേരള അഗ്രോ ഫുഡ് പ്രോ 2017" കൊച്ചിയിൽ വച്ച് നടത്തുകയുണ്ടായി. "കേരള അഗ്രോ ഫുഡ് പ്രോ 2018" തൃശ്ശൂരിൽ വച്ചും സംഘടിപ്പിച്ചു. കേരളത്തിലെ കാർഷിക വിഭവങ്ങൾ അസംസ്കൃത വിഭവങ്ങളായി ഉപയോഗിക്കുന്ന വ്യവസായ

യൂണിറ്റുകളുടെ ഉത്പന്നങ്ങളുടെ പ്രദർശനവും വിൽപ്പനയും നടത്താനും അവർക്കാവശ്യമായ യന്ത്രസാമഗ്രികൾ പരിചയപ്പെടുത്താനും ഈ മേളയിലൂടെ കഴിഞ്ഞു. ഈ മേഖലയിലെ സംരംഭകർക്ക് ആധുനിക സാങ്കേതിക വിദ്യയെക്കുറിച്ച് അറിവ് നൽകുന്നതിന് ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സാങ്കേതിക സ്ഥാപനങ്ങളെക്കൂടി മേളയിൽ പങ്കെടുപ്പിക്കുകയുണ്ടായി.

(ബി) വ്യവസായ ജാലകം സർവ്വേ റിപ്പോർട്ട് പ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് 1058 കൃഷി അധിഷ്ഠിത വ്യവസായ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്.

ഇവയുടെ ജില്ല തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു:

തിരുവനന്തപുരം - 59

കൊല്ലം - 68

പത്തനംതിട്ട - 47

ആലപ്പുഴ - 48

കോട്ടയം - 37

ഇടുക്കി - 92

എറണാകുളം - 84

തൃശ്ശൂർ - 64

പാലക്കാട് - 72

മലപ്പുറം - 195

കോഴിക്കോട് - 190

വയനാട് - 58

കണ്ണൂർ - 19

കാസർഗോഡ് - 25

**ഭക്ഷ്യ സംസ്കരണ മേഖലയിൽ പുതിയ സംരംഭങ്ങൾ**

122 (4727) <u>ശ്രീ. എം. സ്വരാജ് :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭക്ഷ്യ സംസ്കരണ മേഖലയിൽ പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കുമോ;

(ബി) ഏതെങ്കിലും പുതിയ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാലക്കാട് ജില്ലയിലെ വാളയാറിൽ കിൻഫ്രയുടെ ഒരു മെഗാഫുഡ് പാർക്ക് സ്ഥാപിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിച്ചു വരുന്നു. ഭക്ഷ്യ സംസ്കരണ മേഖലയ്ക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് ഈ മേഖലയിലെ മൂല്യവർദ്ധന ലക്ഷ്യമാക്കി വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണ് മെഗാഫുഡ് പാർക്ക്. കേന്ദ്ര ഭക്ഷ്യ സംസ്കരണ മന്ത്രാലയത്തിന്റെ ധനസഹായത്തോടുകൂടിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പ്രസ്തുത പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചു കഴിഞ്ഞു. കേന്ദ്ര ധനസഹായമായി 28.81 കോടി രൂപ ലഭ്യമായിട്ടുമുണ്ട്. പ്രസ്തുത പാർക്കിൽ 7 സംരംഭകർക്ക് ഭക്ഷ്യ സംസ്കരണ വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി ഭൂമി അലോട്ട് ചെയ്തിട്ടുണ്ട്. ഇത് കൂടാതെ കാക്കഞ്ചേരിയിൽ കിൻഫ്ര സ്ഥാപിച്ച ഭക്ഷ്യ സംസ്കരണ പാർക്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 3 സംരംഭകർക്ക് ഭക്ഷ്യ സംസ്കരണ വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി ഭൂമി അലോട്ട് ചെയ്തിട്ടുണ്ട്. ഇതിനുപുറമെ കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ ചേർത്തല പള്ളിപ്പുറത്ത് കെ.എസ്.ഐ.ഡി.സി. സ്ഥാപിക്കുന്ന മെഗാഫുഡ് പാർക്കിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനും അനുബന്ധ നിർമ്മാണ സൗകര്യങ്ങൾക്കുമായി ആവശ്യമായ തുക അനുവദിച്ചിട്ടുണ്ട്.

ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ ആഭിമുഖ്യത്തിൽ നടത്തുന്ന സംരംഭകത്വ വികസന പരിപാടി, ടെക്നോളജി ക്ലിനിക് എന്നിവയിൽ ഭക്ഷ്യസംസ്കരണ മേഖലയ്ക്ക് മുൻഗണന നല്കുന്നു. ഈ മേഖലയെ കാലോചിതമായി നവീകരിക്കുന്നതിന്റെ ഭാഗമായി പാക്കേജിംഗ്, ബ്രാന്റിംഗ് തുടങ്ങിയ രംഗങ്ങളിൽ നൂതനമായ അറിവ് പകർന്ന് നല്കുന്നതിന് ബന്ധപ്പെട്ട വിദഗ്ദ്ധരുടെ ക്ലാസ്സുകൾ, ഡെമോൺസ്ട്രേഷനുകൾ തുടങ്ങിയവ ഇതിന്റെ ഭാഗമായി നടത്തുന്നുണ്ട്.

ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെയും, ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാൻഡേർഡിന്റെയും നടപടിക്രമങ്ങളെ സംബന്ധിച്ച് ക്ലാസ്സുകൾ നല്കുന്നു. കേരളത്തിന്റെ തനത് കാർഷിക ഉൽപ്പന്നങ്ങളിൽ അധിഷ്ഠിതമായി പ്രവർത്തിക്കുന്ന ഭക്ഷ്യ കാർഷിക സംസ്കരണ വ്യവസായ യൂണിറ്റുകളെ പ്രോൽസാഹിപ്പിക്കുന്നതിന് വേണ്ടി നടത്തുന്ന വ്യാവസായിക പ്രദർശന വിപണന മേള 'കേരള അഗ്രോ ഫുഡ് പ്രോ 2018' മാർച്ച് 10 മുതൽ 13 വരെ തൃശ്ശൂരിൽ വച്ച് നടത്തുകയുണ്ടായി.

(ബി) വ്യവസായ ജാലകം സർവ്വേ റിപ്പോർട്ട് പ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് ഭക്ഷ്യ സംസ്കരണ മേഖലയിൽ 1058 പുതിയ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

തിരുവനന്തപുരം -59

കൊല്ലം - 68

പത്തനംതിട്ട - 47

ആലപ്പുഴ - 48

കോട്ടയം - 37

ഇടുക്കി - 92

എറണാകുളം - 84

തൃശ്ശൂർ - 64

പാലക്കാട് - 72

മലപ്പുറം - 195

കോഴിക്കോട് - 190

വയനാട് - 58

കണ്ണൂർ - 19

കാസർഗോഡ് - 25

ബുസ്ഥാൻ അൽവതാനിയ എന്ന പേരിൽ ഒരു ഭക്ഷ്യ സംസ്കരണ യൂണിറ്റ് കെ.എസ്.ഐ.ഡി.സി.-യുടെ ചേർത്തല മെഗാഫുഡ് പാർക്കിൽ ഈ സർക്കാരിന്റെ കാലഘട്ടത്തിൽ പ്രവർത്തനക്ഷമമായിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി.-യുടെ കിനാലൂർ വ്യവസായ വികസന കേന്ദ്രത്തിൽ കെ.സി.കെ. അഗ്രോ പ്രോഡക്ട്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന പേരിൽ ഒരു സ്ഥാപനം ഭക്ഷ്യ സംസ്കരണ മേഖലയിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

**വ്യവസായ വകുപ്പിന്റെ പദ്ധതികൾക്കായി സ്ഥലം ഏറ്റെടുക്കൽ**

123 (4728) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പ് പദ്ധതികൾക്കായി സ്ഥലം ഏറ്റെടുക്കുന്നതിന് മുന്നോടിയായി സാധ്യതാ പഠനം നടത്താറുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏത് ഏജൻസി മുഖാന്തരമാണ് സാധ്യതാ പഠനം നടത്തി വരുന്നത്; അംഗീകൃത ഏജൻസികൾ ഏതെല്ലാം എന്ന് വെളിപ്പെടുത്തുമോ;

(സി) തലപ്പിള്ളി താലൂക്കിൽ ഫയർ ക്രാക്കേഴ്സ് പ്രോഡക്ട് ക്ലസ്റ്റർ സ്ഥാപിക്കുന്നതിനും വടക്കാഞ്ചേരി വില്ലേജിൽ വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനും നിലവിൽ സാധ്യതാ പഠനം നടത്തിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഏജൻസിയുടെ പേരുവിവരവും പഠന റിപ്പോർട്ടും ലഭ്യമാക്കുമോ;

(ഇ) തലപ്പിള്ളി താലൂക്കിൽ ഫയർ ക്രാക്കേഴ്സ് പ്രോഡക്ട് ക്ലസ്റ്റർ സ്ഥാപിക്കുന്നതിനും വടക്കാഞ്ചേരി വില്ലേജിൽ വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനും ഏതെങ്കിലും ഏജൻസിയോ സ്ഥാപനങ്ങളോ വ്യക്തികളോ ആവശ്യം ഉന്നയിച്ചിട്ടുണ്ടോ; പകർപ്പ് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കിൻഫ്ര, കെ. എസ്. ഐ. ഡി. സി സിഡ്കോ എന്നീ അംഗീകൃത ഏജൻസികൾ മുഖാന്തരമാണ് സാധ്യത പഠനം നടത്തി പദ്ധതികൾക്കായി സ്ഥലം ഏറ്റെടുക്കുന്നത്.

(സി) ഉണ്ട്.

(ഡി) കെ. എസ്. ഐ. ഡി. സി.-യുടെ പ്രൊപ്പോസലിന്മേൽ വ്യവസായ വാണിജ്യ വകുപ്പിന്റെ ഡിസ്ട്രിക്ട് ഇൻഡസ്ട്രിയൽ സൈറ്റ് സെലക്ഷൻ കമ്മിറ്റി അംഗീകരിച്ച റിപ്പോർട്ട് അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(ഇ) ഉണ്ട്.

വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള കെ.എസ്.ഐ.ഡി.സി. എന്ന പൊതുമേഖലാ സ്ഥാപനം ആവശ്യമുന്നയിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥാപനം നൽകിയ അപേക്ഷയുടെ പകർപ്പ് അനുബന്ധമായി* ചേർത്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വ്യാവസായിക രംഗത്ത് നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് കർമ്മ പദ്ധതി

124 (4729) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യാവസായിക രംഗത്ത് നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിന് എന്തെല്ലാം പ്രോത്സാഹനങ്ങളും സഹായങ്ങളുമാണ് നൽകാനുദ്ദേശിക്കുന്നത്; വിശദീകരിക്കുമോ;

(ബി) പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് നേരിടുന്ന കാലതാമസം ഒഴിവാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ വ്യാവസായിക മേഖലയിൽ കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തിയും നിയമങ്ങൾ ഭേദഗതി ചെയ്തുകൊണ്ടും "ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ്"നടപ്പിലാക്കിവരുന്നു.

സംസ്ഥാനത്ത് സംരംഭങ്ങൾ തുടങ്ങുന്നതിനാവശ്യമായ അനുമതികൾ അതിവേഗം നൽകുന്നതിന് നിലവിലുള്ള നിയമങ്ങളിൽ കാലോചിതമായ പരിഷ്കാരങ്ങൾ വരുത്തേണ്ടത് അനിവാര്യമാണെന്ന് ഇതുസംബന്ധിച്ച് നടത്തിയ പഠനങ്ങളിലും ചർച്ചകളിലും വ്യക്തമായി. തുടർന്ന്, ചുവടെ ചേർത്തിരിക്കുന്ന 7 നിയമങ്ങളിൽ ഭേദഗതി വരുത്തി ഓർഡിനൻസ് പുറപ്പെടുവിക്കുകയും പ്രസ്തുത നിയമ ഭേദഗതികൾ " The Kerala Investment Promotion & Facilitation Bill, 2018" എന്ന പേരിൽ ഒരു ഏകീകൃത ബില്ലായി നിയമസഭയുടെ മുമ്പാകെ അവതരിപ്പിക്കുകയും അത് ഇപ്പോൾ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയിലുമാണ്.

1. കേരള പഞ്ചായത്ത് രാജ് ആക്ട് - 1994
2. കേരള മുൻസിപ്പാലിറ്റി ആക്ട് - 1994
3. കേരള ലിഫ്റ്റ് ആൻഡ് എക്സലേറ്റേഴ്സ് ആക്ട് - 2013
4. കേരള ഗ്രൗണ്ട് വാട്ടർ ആക്ട് - 2002

5. കേരള ഹെഡ് ലോഡ് വർക്കേഴ്സ് ആക്ട് - 1978
6. കേരള ഷോപ്സ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് - 1960
7. കേരള സ്റ്റേറ്റ് സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്സ് ആൻഡ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ഡെവലപ്മെന്റ് ആക്ട് - 1999.

വ്യവസായം തുടങ്ങുന്നതിന് വിവിധ വകുപ്പുകളിൽ നിന്നും സമയബന്ധിതമായി അനുമതി ലഭിക്കേണ്ടതുണ്ട്. അതിനായി ഏകജാലക ഓൺലൈൻ സംവിധാനം, തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്ന് ലഭിക്കുന്ന കെട്ടിട പ്ലാനുകളുടെ ഓൺലൈൻ അനുമതികൾ, വിവിധ വകുപ്പുകളിൽ നിന്നും സമയബന്ധിതമായി അനുമതി നൽകുന്നത്, self certification, deemed approval എന്നിവയുള്ള വ്യവസ്ഥകളും ചേർത്തിട്ടുണ്ട്.

സംസ്ഥാനത്ത് വാണിജ്യ വ്യവസായങ്ങൾ സുഗമമായി നടപ്പാക്കുവാൻ വിവിധ വകുപ്പുകളുടെ അപേക്ഷാ ഫോറങ്ങൾ ഏകീകരിച്ച് ഒരു ഏകീകൃത അപേക്ഷാഫോറം രൂപകല്പന ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഓൺലൈൻ സംവിധാനവും വ്യവസായം തുടങ്ങാൻ ലഭിക്കുന്ന അപേക്ഷകളിന്മേലുള്ള പരിശോധനകളും ഫലപ്രദമായി സമയപരിധിക്കുള്ളിൽ നടപ്പിലാക്കുന്നതിന് 12-10-2017-ലെ G.O (Ms) No. 100/17/ID പ്രകാരം ഒരു ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ഫെസിലിറ്റേഷൻ സെൽ (IPFC) സംസ്ഥാന തലത്തിലും ജില്ലാതലത്തിലും രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

വ്യവസായങ്ങൾ തുടങ്ങാൻ അനുമതികൾ നൽകേണ്ടതായ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥ പ്രതിനിധികൾ അടങ്ങുന്നതാണ് ഈ സെൽ. ഇപ്രകാരം നടപടിക്രമങ്ങൾ സരളമാക്കിക്കൊണ്ട് അതിവേഗം അനുമതികൾ ലഭ്യമാക്കുക വഴി സംസ്ഥാനത്ത് ഒരു നവ വ്യവസായ കേരളം സൃഷ്ടിക്കുവാൻ കഴിയുമെന്ന് സർക്കാർ പ്രതീക്ഷിക്കുന്നു.

## ചെറുകിട ഇടത്തരം വ്യവസായ പുരോഗതി

125 (4730) <u>ശ്രീമതി യു. പ്രതിഭ ഹരി</u> : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചെറുകിട ഇടത്തരം വ്യവസായ സംരംഭകരുടെ സംരംഭങ്ങളുടെ പുരോഗതിക്കായി സർക്കാർ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

കേരളത്തെ വ്യവസായ സൗഹൃദ സംസ്ഥാനമാക്കി വ്യവസായം തുടങ്ങുന്നതിന് നിയമപരമായി ലഭിക്കേണ്ട അനുമതികൾ എളുപ്പത്തിൽ ലഭിക്കുന്നതിനായി വിവിധ വകുപ്പുകളിലെ നിലവിലുള്ള ഏഴ് ആക്ടുകളിൽ ഭേദഗതി വരുത്തി ഓർഡിനൻസ് പുറപ്പെടുവിക്കുകയും അത് "ദി കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആൻഡ് ഫെസിലിറ്റേഷൻ ബിൽ" ആയി നിയമസഭയിൽ അവതരിപ്പിക്കുകയും, പ്രസ്തുത ബിൽ സബ്ജക്ട് കമ്മിറ്റി പരിശോധിച്ച് വരികയും ചെയ്യുന്നു.

<u>വ്യവസായ ജാലകം പദ്ധതി</u>

എം.എസ്.എം.ഇ. മേഖലയുമായി ബന്ധപ്പെട്ട് വ്യവസായ ജാലകം എന്ന പദ്ധതി വഴി നിലവിലുള്ള വ്യവസായ യൂണിറ്റുകളുടെയും വ്യവസായ സഹായ സ്ഥാപനങ്ങളുടെയും ജിയോ റ്റാഗ്ഡ് ആയിട്ടുള്ള സമഗ്രമായ വിവരങ്ങൾ സംരംഭകർക്ക് ലഭ്യമാക്കുന്നു.

<u>സംരംഭകത്വ സഹായ പദ്ധതി</u>

പൊതുവിഭാഗത്തിൽപ്പെട്ട സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് സ്ഥിര മൂലധന നിക്ഷേപത്തിന്റെ 15% സഹായമായി നൽകുന്നു, പരമാവധി 20 ലക്ഷം രൂപ. വനിതാ സംരംഭങ്ങൾക്കും, പട്ടികജാതി, പട്ടികവർഗ്ഗ സംരംഭങ്ങൾക്കും, യുവ സംരംഭങ്ങൾക്കും സ്ഥിരമൂലധന നിക്ഷേപത്തിന്റെ 20% സാമ്പത്തിക സഹായം നൽകുന്നു. പരമാവധി 30 ലക്ഷം രൂപ.

2. മുൻഗണനാ വിഭാഗത്തിൽപ്പെട്ട സംരംഭങ്ങൾക്ക് സ്ഥിര മൂലധന നിക്ഷേപത്തിന്റെ 10% പരമാവധി 10 ലക്ഷം രൂപ അധിക സാമ്പത്തിക സഹായം നൽകും.

3. ഇടുക്കി, വയനാട്, കാസർഗോഡ്, പത്തനംതിട്ട ജില്ലകളിൽ ആരംഭിക്കുന്ന സംരംഭങ്ങൾക്ക് സ്ഥിര മൂലധന നിക്ഷേപത്തിന്റെ 10% പരമാവധി 10 ലക്ഷം രൂപ അധിക സഹായം നൽകി വരുന്നു.

4. കേന്ദ്ര സംസ്ഥാന സർക്കാർ അംഗീകൃത ഗവേഷണ സ്ഥാപനങ്ങളിൽ നിന്നും ആധുനിക സാങ്കേതികവിദ്യ സ്വന്തമാക്കി ആരംഭിക്കുന്ന സംരംഭങ്ങൾക്കും 10% പരമാവധി 10 ലക്ഷം രൂപ അധിക സഹായം ലഭിക്കും.

ഇ.ഡി. ക്ലബ്ബ്

യുവസംരംഭകരെ വളർത്തിയെടുക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ (ഇ.ഡി. ക്ലബ്ബ്) പ്രവർത്തിച്ചുവരുന്നു.

ഇൻകുബേഷൻ സെന്ററുകൾ

പുതിയ വ്യവസായ ആശയവുമായി മുന്നോട്ട് വരുന്ന സംരംഭകർക്ക് അവരുടെ ആശയം പ്രാവർത്തികമാക്കുന്നതിനുള്ള എല്ലാവിധ സഹായങ്ങളും നൽകി അവ യാഥാർത്ഥ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് ബിസിനസ്സ് ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നത്.

ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോഗ്രാം

ഒരേ തരത്തിലുള്ള ഉല്പന്നങ്ങൾ നിർമ്മിക്കുകയും ഒരു പ്രദേശത്ത് പ്രവർത്തിക്കുകയും ചെയ്യുന്ന വ്യവസായ സംരംഭങ്ങൾക്ക് സഹായമാം വിധത്തിൽ കോമൺ ഫെസിലിറ്റി സെന്റർ സ്ഥാപിക്കുക എന്ന മുഖ്യ ലക്ഷ്യത്തോടുകൂടി എം.എസ്.ഇ.-സി.ഡി.പി പദ്ധതി നടപ്പിലാക്കിവരുന്നു.

ആഷ സ്കീം

കരകൗശല മേഖലയിൽ ആരംഭിച്ച ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് അസിസ്റ്റന്റ് സ്കീം ഫോർ ഹാന്റിക്രാഫ്റ്റ്സ് ആർട്ടിസാൻസ് (ആഷ) പദ്ധതി പ്രകാരം ധനസഹായം നൽകുന്നു.

ഹാന്റിക്രാഫ്റ്റ്സ് അവാർഡ്

കരകൗശല മേഖലയിൽ നല്ലനിലയിൽ പ്രവർത്തിച്ചുവരുന്ന സംസ്ഥാനത്തെ മികച്ച സംരംഭങ്ങളുടെ ഉടമകളായ കരകൗശല വിദഗ്ദ്ധർക്ക് ഹാന്റിക്രാഫ്റ്റ്സ് അവാർഡ് 2016 മുതൽ നൽകി വരുന്നു.

വാർദ്ധക്യകാല പെൻഷൻ

കരകൗശല മേഖലയിൽ പ്രവർത്തിച്ച് വരുന്ന 60 വയസ്സിനുമുകളിൽ പ്രായമുള്ള സംരംഭകർക്ക് പ്രതിമാസം 1000 രൂപ നിരക്കിൽ Old age Pension to the Handicrafts Master Craftsman എന്ന പദ്ധതി പ്രകാരം ആനുകൂല്യം നൽകി വരുന്നു.

<u>പശ്ചാത്തല വികസന പദ്ധതികൾ</u>

വ്യവസായ വാണിജ്യ ഡയറക്ടറുടെ അധീനതയിലുള്ള വ്യവസായ മേഖലകളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് കൂടുതൽ നടപടികൾ സ്വീകരിച്ചു വരുന്നു.

<u>നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി</u>

5 ലക്ഷം രൂപ വരെ സ്ഥിരം മൂലധന നിക്ഷേപമുള്ളതും 5 എച്ച്.പി. വരെ വൈദ്യുതി ആവശ്യമുള്ളതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡപ്രകാരം 'വൈറ്റ്/ഗ്രീൻ' വിഭാഗത്തിൽപ്പെട്ട ഉല്പാദക ജോബ് വർക്ക് വിഭാഗങ്ങളിൽപ്പെട്ടതും, വീട്ടിലുള്ളതോ, വീടിനോടുചേർന്നോ നടത്തുന്ന നാനോ സംരംഭങ്ങൾക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുക. സ്ഥാപനം ആരംഭിക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ടേം വായ്പ എടുത്ത സംരംഭകർക്ക് വാർഷിക പലിശയിൽ 6% സബ്സിഡിയായി തിരികെ നൽകുന്നു. വനിതകൾ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഇത് 8% വരെ ലഭിക്കുന്നു. മൂന്ന് വർഷം ഇതേ രീതിയിൽ പലിശയിളവ് അനുവദിക്കുന്നു.

<u>എം.എസ്.എം.ഇ.-കൾക്ക് ഇൻഷ്വറൻസ് പദ്ധതി</u>

26-12-2017-ലെ GO (Rt) No. 1716/2017/IND പ്രകാരം എം.എസ്.എം.ഇ-കളുടെ സാമൂഹ്യ സുരക്ഷ ഉറപ്പു വരുത്തുന്നതിനായുള്ള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

<u>പുതിയ തൊഴിലവസരങ്ങൾക്കുള്ള ധനസഹായം</u>

8-3-2018-ലെ GO(Ms)No 15/2018/ID പ്രകാരം പുതിയ തൊഴിലവസരങ്ങൾക്കുള്ള ധനസഹായം പദ്ധതി പ്രകാരം വിവര സാങ്കേതിക വിദ്യ, വിനോദസഞ്ചാരം, ആരോഗ്യ ക്ഷേമം, കൃഷി, ഫുഡ് പ്രോസസ്സിംഗ്, വാണിജ്യം തുടങ്ങിയ മേഖലകളിൽ പ്രവർത്തിക്കുന്ന സൂക്ഷ്മ ചെറുകിട സംരംഭങ്ങളിൽ 1-4-2016-നുശേഷം പുതുതായി 5 പേർക്കെങ്കിലും തൊഴിൽ നല്കാൻ സാധിച്ചിട്ടുള്ള സംരംഭകർക്ക് ഇ.എസ്.ഐ/ഇ.പി.എഫ്. നിക്ഷേപത്തിലെ തൊഴിലുടമയുടെ വിഹിതത്തിന്റെ 75% പരമാവധി 10000 രൂപ ധനസഹായമായി ലഭിക്കുന്നതാണ്.

ഇൻഡസ്ട്രി വാഴ്സിറ്റി ലിങ്കേജ് പദ്ധതി

ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് അവരുടെ ഉൽപ്പന്ന വികസനത്തിനും ഉല്പാദന പ്രക്രിയയിൽ നൂതനമായ മാറ്റങ്ങൾ വരുത്തുന്നതിനും സഹായിക്കുന്ന രീതിയിൽ സർവ്വകലാശാലകൾ, ഗവേഷണ സ്ഥാപനങ്ങൾ, സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയുമായി ചേർന്ന് നടപ്പിലാക്കുന്ന ഒരു പദ്ധതിയാണിത്. ബന്ധപ്പെട്ട ചെറുകിട വ്യവസായ സ്ഥാപനങ്ങൾ അവരുടെ ആവശ്യകത മേൽപ്പറഞ്ഞ സ്ഥാപനങ്ങളെ അറിയിച്ച് അവരുടെ സഹായത്തോടെ തയ്യാറാക്കുന്ന ഗവേഷണ പ്രോജക്ടുകൾ നടപ്പിലാക്കുവാൻ വേണ്ട സാമ്പത്തിക സഹായം നൽകുവാൻ ലക്ഷ്യമിടുന്ന ഈ പദ്ധതി സർക്കാർ നടപ്പിലാക്കാനായി കൂടിയാലോചനകൾ നടത്തി വരുന്നു.

മറ്റു പദ്ധതികൾ

ചെറുകിട വ്യവസായികളെ ആകർഷിക്കുന്നതിനായി എല്ലാ ജില്ലകളിലും ഇൻവെസ്റ്റേഴ്സ് മീറ്റ്, ടെക്നോളജി മാനേജ്മെന്റ് ഡെവലപ്മെന്റ് പ്രോഗ്രാം, ബോധവത്കരണ ക്ലാസ്സുകൾ, സംരംഭകത്വ വികസന പരിശീലന പരിപാടികൾ, നിക്ഷേപകരുടെ മേളകൾ, എം.എസ്.എം.ഇ. ഉൽപ്പന്ന വിപണന മേളകൾ, മെഷിനറി എക്സിബിഷൻ, അഗ്രോ ഫുഡ് പ്രോ തുടങ്ങിയ പരിപാടികളും നടത്തി വരുന്നു.

## മുള വ്യവസായം

126 (4731) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പരമ്പരാഗത വ്യവസായ മേഖലകളിലൊന്നായ മുള കൊണ്ട് വിവിധ ഉത്പന്നങ്ങൾ നിർമ്മിക്കുന്ന മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത ഉത്പന്നങ്ങൾ വിറ്റഴിക്കുന്നതിന് പ്രത്യേകമായ വിൽപ്പന മേളകൾ സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പരമ്പരാഗത വ്യവസായ മേഖലകളിലൊന്നായ മുള കൊണ്ട് വിവിധ ഉല്പന്നങ്ങൾ നിർമ്മിക്കുന്ന മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ, കേരള സംസ്ഥാന ബാംബൂ മിഷൻ എന്നിവയുടെ നേതൃത്വത്തിൽ വിവിധ പദ്ധതികൾ സർക്കാർ സഹായത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

മുളയിൽ നിന്നും പരിസ്ഥിതി സൗഹൃദ ഉല്പന്നമായ ബാംബൂ ഫ്ലോറിംഗ് ടൈൽസ് ഉല്പാദിപ്പിക്കുന്നതിനായി ബാംബൂ കോർപ്പറേഷൻ 2011-ൽ കോഴിക്കോട് ജില്ലയിലെ നല്ലളത്ത് ഹൈടെക് ബാംബൂ ഫ്ലോറിംഗ് ടൈൽസ് ഫാക്ടറി സ്ഥാപിച്ച് പ്രവർത്തനം നടത്തി വരുന്നു. പാലക്കാട് ജില്ലയിലെ തെങ്കുറിശ്ശി പഞ്ചായത്തിൽ ഗ്രാമ പഞ്ചായത്തുമായി സഹകരിച്ച് തുടങ്ങിയ ഫീഡർ യൂണിറ്റിൽ നിന്ന് ബാംബൂ കർട്ടനുകൾ, ടൂത്ത് പിക്ക്, കർട്ടൻ ബ്ലിൻഡ്സ്, ഇൻസെൻസ് സ്റ്റിക്സ്, ബാംബൂ സ്ലിപ്പ്സ് തുടങ്ങിയ മൂല്യാധിഷ്ഠിത ഉല്പന്നങ്ങളുടെ നിർമ്മാണം ആരംഭിക്കാൻ വേണ്ട നടപടികൾ ബാംബൂ കോർപ്പറേഷൻ സ്വീകരിച്ചിട്ടുണ്ട്. മുള കൊണ്ട് വിവിധ ഉല്പന്നങ്ങൾ നിർമ്മിക്കുന്ന മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ ഉല്പന്നങ്ങളായ ബാംബൂ കൊറഗേറ്റഡ് ഷീറ്റ്, ബാംബൂ ലോഗ്, ചന്ദനത്തിരി സ്റ്റിക്ക് തുടങ്ങിയവ നിർമ്മിക്കുന്നതിനായ പദ്ധതികൾ ബാംബൂ കോർപ്പറേഷന്റെ പരിഗണനയിലുണ്ട്. മുള ഉപയോഗിച്ച് വനം വകുപ്പ്, കെ.ടി.ഡി.സി., ഫിഷറീസ് യൂണിവേഴ്സിറ്റി എന്നീ സ്ഥലങ്ങളിൽ ഇക്കോ ഹബ്, ഹട്ടുകൾ, ബാംബൂ ഫർണിച്ചറുകൾ മറ്റ് ഉല്പന്നങ്ങൾ എന്നിവ നിർമ്മിച്ച് വരുന്നു. മുള കൊണ്ട് വിവിധ ഉല്പന്നങ്ങൾ നിർമ്മിക്കുന്ന മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി, മുള കൊണ്ട് കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിന് ബാംബൂ കോർപ്പറേഷൻ മുഖേന ഏകദേശം 100 പേർക്ക് പരിശീലനം നൽകി സ്വയം തൊഴിലിനുള്ള അവസരം ഉണ്ടാക്കിയിട്ടുണ്ട്.

കൂടാതെ കേരള സംസ്ഥാന ബാംബൂ മിഷൻ കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷന്റെ പരിസരത്ത് മുള മേഖലയിലെ കരകൗശലക്കാർക്ക് വേണ്ടിയുള്ള സാങ്കേതികവും, വ്യാവസായികവുമായ അറിവുകൾ നൽകുന്നതിനായുള്ള ഒരു റിസോഴ്സ് സെന്റർ എന്ന നിലയിൽ ബാംബൂ ഇന്നവേഷൻ സെന്റർ രൂപീകരിച്ചിട്ടുണ്ട്. കരകൗശലക്കാർക്ക് സംസ്കരിച്ച മുള ലഭ്യമാക്കുന്നതിനുവേണ്ടി കേരള സംസ്ഥാന ബാംബൂ മിഷനും, കേരള സംസ്ഥാന ബാംബൂ കോർപ്പറേഷനുമായി ചേർന്ന് ഒരു ബാംബൂ സപ്ലൈ ചെയിൻ രൂപീകരിച്ചു വരുന്നു. ഈ പദ്ധതി രണ്ട് ഘട്ടങ്ങളിലായിട്ടാണ് നടപ്പിലാക്കുന്നത്. പദ്ധതിയിൽ ട്രീറ്റ്മെന്റ് പ്ലാന്റുകളുടെ നിർമ്മാണവും ഡിപ്പോകളുടെ വികസനവുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത പദ്ധതിയുടെ ആദ്യ ഘട്ടമായി സംസ്കരിച്ച മുള വിതരണം ചെയ്യുന്നതിനായി ബാംബൂ കോർപ്പറേഷൻ മുഖേന കോഴിക്കോട് സംസ്കരണ യൂണിറ്റ് സ്ഥാപിക്കുകയും ബാംബൂ കോർപ്പറേഷന്റെ 4 ഡിപ്പോകളുടെ വിപുലീകരണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ രണ്ടാം ഘട്ടമായി കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ മുഖേന അങ്കമാലിയിൽ ഒരു സംസ്കരണ യൂണിറ്റ് കൂടി നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

കൂടാതെ അസംസ്കൃത മുളയിൽ നിന്നും ഈറ്റയിൽ നിന്നും വിവിധ ഉല്പന്നങ്ങൾ വ്യവസായികാടിസ്ഥാനത്തിൽ നിർമ്മിക്കുന്നതിന് പ്രോത്സാഹനം നൽകുക, മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണത്തിന് ആധുനിക സാങ്കേതിക സഹായം നൽകുക, മുള, ഈറ്റ, ചൂരൽ എന്നിവയെ അടിസ്ഥാനമാക്കിയുള്ള വ്യവസായത്തെ പരിപോഷിപ്പിക്കുക, വീടുനിർമ്മാണത്തിനും ഫർണിച്ചർ ഉണ്ടാക്കുന്നതിനും മറ്റ് ഉല്പന്നങ്ങൾക്കുമുള്ള മുളയുടെ ഉപയോഗം വർദ്ധിപ്പിക്കുക, മരത്തിനുപകരം മുള എന്ന സമീപനത്തെ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി വ്യാപകമായി മുള വച്ചുപിടിപ്പിക്കുക തുടങ്ങിയ പദ്ധതികൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള കരട് വ്യവസായ വാണിജ്യ നയരേഖ സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) മുള മേഖലയിലെ വിപണന വികസനത്തിനും മുള ഉല്പന്നങ്ങളെക്കുറിച്ച് പൊതുജനങ്ങളിൽ ബോധവല്ക്കരണം നടത്തുന്നതിനും മറ്റു സംസ്ഥാനങ്ങളിലെ കരകൗശല വിദഗ്ദ്ധരും കേരളത്തിൽ സമാന മേഖലയിൽ പ്രവർത്തിക്കുന്നവരും തമ്മിൽ ആശയവിനിമയം നടത്തുന്നതിനുമുള്ള വേദി എന്ന നിലയിൽ കേരള സംസ്ഥാന ബാംബൂ മിഷൻ 2004 മുതൽ എല്ലാ വർഷവും കേരള ബാംബൂ ഫെസ്റ്റ് നടത്തി വരുന്നുണ്ട്. കൂടാതെ കേരളത്തിനകത്തും മറ്റ് സംസ്ഥാനങ്ങളിലും മുള മേഖലയുമായി ബന്ധപ്പെട്ട് സംഘടിപ്പിക്കാറുള്ള മേളകളിൽ പ്രതിനിധികളെ കേരള സംസ്ഥാന ബാംബൂ മിഷൻ പങ്കെടുപ്പിച്ച് വരുന്നുണ്ട്. ഡൽഹിയിൽ നടന്ന കൃഷി ഉന്നതി മേളയിലും ബാംബൂ കോർപ്പറേഷൻ പങ്കെടുത്ത് ബാംബൂ ഉല്പന്നങ്ങൾക്ക് നല്ല ഓർഡറുകൾ ലഭ്യമാക്കിയിട്ടുണ്ട്. കേരളത്തിനകത്ത് സംഘടിപ്പിച്ച് വരുന്ന കൃഷി ഉന്നതി മേള 2018, കേരള ബാംബൂ ഫെസ്റ്റ്, പ്രാദേശികമായി മറ്റ് സംഘടനകൾ സംഘടിപ്പിക്കുന്ന മേളകൾ എന്നിവയിൽ കേരള സംസ്ഥാന ബാംബൂ കോർപ്പറേഷനും പങ്കെടുത്ത് ഉല്പന്നങ്ങൾ വിറ്റഴിക്കുന്നുണ്ട്.

## തകർച്ച നേരിടുന്ന പരമ്പരാഗത വ്യവസായ മേഖലകൾ

127 (4732) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തകർച്ച നേരിടുന്ന പരമ്പരാഗത വ്യവസായ മേഖലകൾ ഏതെല്ലാമാണെന്ന് വിശദീകരിക്കുമോ?

### ഉത്തരം

വ്യവസായവത്കരണത്തിന്റെ ആരംഭം മുതൽ പരമ്പരാഗത വ്യവസായങ്ങൾ പ്രതിസന്ധികൾ നേരിടാൻ ആരംഭിച്ചിരുന്നു. യന്ത്ര സാമഗ്രികളോടും ഉയർന്ന മൂലധന നിക്ഷേപങ്ങളോടും മത്സരിക്കേണ്ട അവസ്ഥയാണ് പരമ്പരാഗത വ്യവസായ മേഖലകൾക്കുള്ളത്. പരമ്പരാഗത വ്യവസായ മേഖലയെ തകർച്ചയിൽ നിന്നും സംരക്ഷിക്കുന്നതിനുള്ള ക്രിയാത്മക നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു.

അന്യ സംസ്ഥാനങ്ങളിലെ കുറഞ്ഞവിലയുള്ള കൈത്തറി ഉൽപ്പന്നങ്ങളുടെ ലഭ്യത, യന്ത്ര തറി ഉൽപ്പന്നങ്ങളുടെ കടന്നുകയറ്റം, തൊഴിലാളികളുടെ ദൗർലഭ്യം, അസംസ്കൃത വസ്തുക്കളുടെ വിലകൂടുതലും അവയുടെ ലഭ്യത കുറവും, പവർ ലൂം തുണികളെ അപേക്ഷിച്ച് കൈത്തറി വസ്ത്രങ്ങളുടെ വിലകൂടുതൽ, കൈത്തറിയുടെ പേരിൽ വ്യാജ തുണികൾ വിപണിയിൽ എത്തുന്നത് തുടങ്ങിയവ പരമ്പരാഗത കൈത്തറി മേഖലയിൽ പ്രതിസന്ധികൾ സൃഷ്ടിക്കുന്നു. ഇവ പരിഹരിക്കുന്നതിനായി സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൈത്തറി തൊഴിലാളികളെ പൂർണ്ണമായി സംരക്ഷിക്കുന്ന വിധത്തിൽ നൂലും കൂലിയും നൽകി സ്കൂൾ യൂണിഫോം പദ്ധതി സർക്കാർ നടപ്പിലാക്കുന്നു. ഒരു വീട്ടിൽ ഒരു തറി പദ്ധതിയിലൂടെ കൈത്തറി മേഖലയിലേയ്ക്ക് കൂടുതൽ പേരെ ആകർഷിക്കുന്നത് ലക്ഷ്യമിടുന്നു. കൈത്തറി തുണി എന്ന പേരിൽ മിൽ തുണി വ്യാപകമാകുന്നത് തടയുന്നതിനായി കൈത്തറി ഉൽപ്പന്നങ്ങൾക്ക് ഹാന്റ്‌ലൂം മാർക്ക് മുദ്ര നിർബന്ധമാക്കിയിട്ടുണ്ട്. നെയ്ത്തിലുള്ള നൈപുണ്യം മെച്ചപ്പെടുത്തുന്നതിനും ഉൽപ്പാദന ശേഷി വർദ്ധിപ്പിക്കുന്നതിനും പരിശീലനം നൽകുന്ന പദ്ധതി നടപ്പിലാക്കുന്നു.

അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം, കുറഞ്ഞ വേതനം, ഉല്പന്നങ്ങളെ വിപണിയുമായി ബന്ധിപ്പിക്കുന്നതിനുള്ള അപര്യാപ്തത എന്നീ കാരണങ്ങളാൽ പ്രതിസന്ധിയിലായ കരകൗശല, ഈറ്റ, പനമ്പ്, നെയ്ത്ത് മേഖലകളിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്.

ഖാദി ഗ്രാമ വ്യവസായ മേഖലയിൽ നിലനിൽക്കുന്ന പ്രധാന പ്രശ്നങ്ങളായ കുറഞ്ഞകൂലി, പരമ്പരാഗത രീതിയിൽ തൊഴിൽ ചെയ്യുന്നതിനുള്ള അദ്ധ്വാന ഭാരം, സാങ്കേതിക വിദഗ്ധരുടെ അഭാവം, വിപണിയിലെ മത്സരം തുടങ്ങിയവ പരിഹരിക്കുന്നതിനായി കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് നടപടികൾ സ്വീകരിച്ചുവരുന്നു.

കശുവണ്ടി മേഖലയിലെ പ്രധാന പ്രതിസന്ധിയായ തോട്ടണ്ടിയുടെ ലഭ്യത കുറവ് പരിഹരിക്കുന്നതിന് കേരളത്തിൽ കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനും ആഭ്യന്തരമായി ഉൽപ്പാദിപ്പിക്കുന്ന തോട്ടണ്ടി സംഭരിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. പരമ്പരാഗത കശുവണ്ടി വ്യവസായ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്റെ ഭാഗമായി കേരള കാഷ്യൂബോർഡ് എന്ന പേരിൽ ഒരു പ്രൈവറ്റ് ലിമിറ്റഡ് കമ്പനി രൂപീകരിച്ചിട്ടുണ്ട്.

പരമ്പരാഗത കയർ മേഖലയിലെ പ്രധാന പ്രതിസന്ധി ചകിരിയുടെ ലഭ്യതക്കുറവാണ്. ചകിരി ഉത്പാദനം വ്യാപിപ്പിക്കുന്നതിനായി ഡി.എഫ് മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ട് യന്ത്രവത്കരണം നടത്തുന്നതിനും വില വ്യതിയാനം പരിഹരിക്കുന്നതിനും കുടുംബശ്രീ അടക്കമുള്ള സംവിധാനങ്ങളുടെ സഹായത്തോടെ ചകിരി ഉൽപ്പാദനം നടത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

## കരകൗശല വികസന കോർപ്പറേഷന് കേന്ദ്രം അനുവദിച്ച തുക

128 (4733) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 ഏപ്രിൽ 1 മുതൽ 2018 ഫെബ്രുവരി വരെ കരകൗശല വികസന കോർപ്പറേഷന് കേന്ദ്ര കരകൗശല വികസന കമ്മീഷണറേറ്റിൽ നിന്നും ഓരോ വർഷവും അനുവദിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കാലയളവുകളിൽ കേന്ദ്ര കരകൗശല വികസന കമ്മീഷണറേറ്റിൽ നിന്നും തുക അനുവദിച്ചുകൊണ്ടുള്ള സാംഗ്ഷൻ ഓർഡറുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത വർഷങ്ങളിൽ വിനിയോഗിച്ച തുകയുടെയും വിനിയോഗിക്കാതെ പലിശയടക്കം തിരിച്ചയച്ച തുകയുടെയും വിശദവിവരം വ്യക്തമാക്കുമോ;

(ഡി) ഈ കാലയളവിൽ ഓരോ വർഷവും എത്ര തുകയ്ക്കുള്ള ധനവിനിയോഗ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട് എന്നതിന്റെ വിശദാംശം നൽകുമോ?

ഉത്തരം

(എ) കരകൗശല വികസന കോർപ്പറേഷന് കേന്ദ്ര കരകൗശല വികസന കമ്മീഷണറേറ്റിൽ നിന്നും അനുവദിച്ച തുക സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| വർഷം | അനുവദിച്ച തുക |
|---|---|
| 2007-08 | 22,05,625 |
| 2008-09 | 26,72,625 |
| 2009-10 | 1,00,00,000 |
| 2012-13 | 15,14,000 |
| 2013-14 | 9,00,000 |
| 2014-15 | 31,75,000 |
| 2015-16 | 9,42,34,800 |

(ബി) കരകൗശല വികസന കോർപ്പറേഷനിൽ ലഭ്യമായ രേഖകളുടെ പകർപ്പുകൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

(സി&ഡി) കരകൗശല വികസന കോർപ്പറേഷനിൽ ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ കേന്ദ്ര കരകൗശല വികസന കമ്മീഷണറേറ്റിൽ നിന്നും അനുവദിച്ച തുകയും വിനിയോഗിച്ച തുകയും സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

| വർഷം | അനുവദിച്ച തുക | വിനിയോഗിച്ച തുക |
|---|---|---|
| 2007-08 | 22,05,625 | 22,20,911 |
| 2008-09 | 26,72,625 | 26,72,625 |
| 2009-10 | 1,00,00,000 | 1,01,06,572 |
| 2012-13 | 15,14,000 | 15,14,000 |
| 2013-14 | 9,00,000 | 9,00,000 |
| 2014-15 | 31,75,000 | 31,75,000 |
| 2015-16 | 9,42,34,800 | 61,60,184 |
| 2016-17, 2017-18 | | 1,50,00,000 |

മുകളിൽ പറഞ്ഞിട്ടുള്ള വർഷങ്ങളിൽ 2014-15 വരെ അനുവദിച്ച പദ്ധതികൾ പൂർത്തീകരിക്കുകയും അവയുടെ വിനിയോഗ സർട്ടിഫിക്കറ്റ് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. 2015-16-ൽ അനുവദിച്ച പദ്ധതികളിൽ പൂർത്തിയായവയുടെ വിനിയോഗ സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടുണ്ട്. ബാക്കിയുള്ള പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ അനുമതിയോടുകൂടി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്.

## എക്സ് സർവ്വീസ് മെൻ സഹകരണ കോളനി സംഘം വക സ്ഥലത്ത് അഗ്രോ ഇൻഡസ്ട്രിയൽ പാർക്ക്

129 (4734) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ അതിരപ്പിള്ളി പഞ്ചായത്തിലെ വെറ്റിലപ്പാറയിൽ പ്രവർത്തിച്ച വരുന്ന എക്സ് സർവ്വീസ് മെൻ സഹകരണ കോളനി സംഘം വക സ്ഥലത്ത് അഗ്രോ ഇൻഡസ്ട്രിയൽ പാർക്ക് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതിനായി സംഘം സെക്രട്ടറി സമർപ്പിച്ച അപേക്ഷയിൽ എന്ത് തുടർ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ&ബി) ചാലക്കുടി മണ്ഡലത്തിലെ അതിരപ്പിള്ളി വെറ്റിലപ്പാറയിൽ പ്രവർത്തിച്ചുവരുന്ന എക്സ് സർവ്വീസ് മെൻ സഹകരണ കോളനി സംഘം വക സ്ഥലത്ത് അഗ്രോ ഇൻഡസ്ട്രിയൽ പാർക്ക് സ്ഥാപിക്കുന്നത് സംബന്ധിച്ച് സംഘം സെക്രട്ടറി സമർപ്പിച്ച അപേക്ഷയിന്മേൽ വ്യവസായ വാണിജ്യ ഡയറക്ടറുടെ സമഗ്രമായ റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്.

## സഹകരണ സ്പിന്നിംഗ് മില്ലുകളിലെ തൊഴിലാളികൾക്ക് ശമ്പളം

130 (4735) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്പിന്നിംഗ് മില്ലുകളിലെ തൊഴിലാളികൾക്ക് നിലവിൽ ശമ്പളം ലഭിക്കാത്ത സാഹചര്യമുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) കേരള കോ-ഓപ്പറേറ്റീവ് ആക്ട് (1969) സെക്ഷൻ 80-ന്റെ ആനുകൂല്യം പ്രസ്തുത മേഖലയിലെ തൊഴിലാളികൾക്ക് നൽകാൻ 2015-16-ൽ തത്വത്തിൽ തീരുമാനം എടുത്തിരുന്നുവോ; വിശദാംശം വെളിപ്പെടുത്തുമോ;

(സി) സെക്ഷൻ 80-ന്റെ ആനുകൂല്യം പ്രസ്തുത മേഖലയിലെ തൊഴിലാളികൾക്ക് നൽകാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ടെക്സ്ഫെഡിന്റെ കീഴിലുള്ള കൊല്ലം സഹകരണ സ്പിന്നിംഗ് മിൽ, ആലപ്പി സഹകരണ സ്പിന്നിംഗ് മിൽ, തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മിൽ, മലപ്പുറം സഹകരണ സ്പിന്നിംഗ് മിൽ, മലബാർ കോ-ഓപ്പറേറ്റീവ് ടെക്സ്റ്റൈൽസ് ലിമിറ്റഡ്, കണ്ണൂർ സഹകരണ സ്പിന്നിംഗ് മിൽ എന്നിവിടങ്ങളിലെ തൊഴിലാളികൾക്ക് നിലവിൽ ശമ്പളം ലഭിക്കുന്നുണ്ട്. എന്നാൽ പ്രിയദർശിനി സഹകരണ സ്പിന്നിംഗ് മിൽ 2017 ഒക്ടോബർ 16 മുതൽ ഇതുവരെയും പ്രവർത്തന മൂലധനത്തിന്റെ അഭാവത്തിൽ ലേ ഓഫിലാണ്. ആയതിനാൽ പ്രിയദർശിനി സഹകരണ സ്പിന്നിംഗ് മില്ലിലെ തൊഴിലാളികൾക്ക് നിലവിൽ ശമ്പളം ലഭിക്കുന്നില്ല.

(ബി) 29-2-2016-ലെ സർക്കാർ ഉത്തരവ് (ആർ.റ്റി.) നമ്പർ 226/2016/ വ്യവ. പ്രകാരം സെക്ഷൻ 80, മില്ലുകളിൽ നടപ്പിലാക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

(സി) സ്പിന്നിംഗ് മില്ലുകളുടെ സാമ്പത്തിക നില ഭദ്രമാകുന്ന മുറയ്ക്ക് ആനുകൂല്യങ്ങൾ നൽകുന്നതാണ്.

## കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡ്-ലെ എഞ്ചിനീയറിംഗ് തസ്തികയിലെ റാങ്ക് ലിസ്റ്റ്

131 (4736) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെൽട്രോൺ കംപോണന്റ് കോപ്ലക്സ് ലിമിറ്റഡ് (KCCL) എഞ്ചിനീയറിംഗ് തസ്തികയിലേയ്ക്കുള്ള റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റ് എന്നാണ് പ്രസിദ്ധീകരിച്ചതെന്നും അതിൽ നിന്ന് എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്നും വിശദമാക്കാമോ;

(സി) പ്രസ്തുത തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) ഒഴിവുള്ള തസ്തികയിലേയ്ക്ക് റാങ്ക് ലിസ്റ്റിൽ നിന്നല്ലാതെ നിയമനം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡ് (KCCL) എഞ്ചിനീയറിംഗ് തസ്തികകളിലേയ്ക്ക് താഴെപ്പറയുന്ന റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്:

| SI. No. | Category Code |
|---|---|
| 1 | KCCL/14/R/0002 dated 19-5-2017 |
| 2 | KCCL/14/R/0003 dated 19-5-2017 |
| 3 | KCCL/14/R/0004 dated 19-5-2017 |
| 4 | KCCL/14/R/0005 dated 19-5-2017 |
| 5 | KCCL/14/R/0006 dated 13-6-2017 |
| 6 | KCCL/14/R/0007 dated 10-5-2017 |
| 7 | KCCL/14/R/00019 dated 15-5-2017 |
| 8 | KCCL/14/R/00021 dated 15-5-2017 |
| 9 | KCCL/14/R/00022 dated 4-8-2017 |

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിച്ച തീയതിയും നിയമനം നടത്തിയവരുടെ വിശദാംശങ്ങളും താഴെപ്പറയും വിധമാണ്:

| Sl. No. | Category Code | റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ എണ്ണം | നിയമനം നല്കിയവരുടെ എണ്ണം |
|---|---|---|---|
| 1 | KCCL/14/R/0002dated 19-5-2017 | 1 | 1 |
| 2 | KCCL/14/R/0003dated 19-5-2017 | 2 | 2 |
| 3 | KCCL/14/R/0004dated19-5-2017 | 3 | 3 |
| 4 | KCCL/14/R/0005dated 19-5-2017 | 1 | 1 |
| 5 | KCCL/14/R/0006dated 13-6-2017 | 1 | 1 |
| 6 | KCCL/14/R/0007 dated 10-5-2017 | 2 | 2 |
| 7 | KCCL/14/R/00019dated 15-5-2017 | 1 | 1 |
| 8 | KCCL/14/R/00021dated 15-5-2017 | 1 | 1 |
| 9 | KCCL/14/R/00022dated 4-8-2017 | 1 | 1 |

(സി) ഒഴിവുകളൊന്നും നിലവിലില്ല.

(ഡി) ഇല്ല.

**വൈഗൈ ത്രഡ്സ്**

132 (4737) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പാട്ടത്തിന് നൽകിയ ഭൂമിയിൽ പ്രവർത്തിച്ചിരുന്ന കൊരട്ടി വൈഗൈ ത്രഡ്സ് കമ്പനിയിലെ തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികൾക്ക് കർണാടക ഹൈക്കോടതിയിൽ നിലനിൽക്കുന്ന കേസ് അവസാനിക്കുന്നതോടെ സർക്കാർ നഷ്ടപരിഹാരം നൽകുമെന്നും, സ്ഥലം സർക്കാർ തിരിച്ചുപിടിക്കുമെന്നും മുൻ മുഖ്യമന്ത്രിയുടെയും, മന്ത്രിമാരുടെയും സാന്നിദ്ധ്യത്തിൽ എടുത്ത തീരുമാനം നടപ്പാക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) അങ്ങനെ തിരിച്ചുപിടിക്കുന്ന സ്ഥലവും കമ്പനിവക കെട്ടിടവും വ്യവസായ ആവശ്യങ്ങൾക്കും, മറ്റു വികസന ആവശ്യങ്ങൾക്കും പ്രയോജനപ്പെടുത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) വൈഗൈ ത്രഡ്സ് കമ്പനിയുടെ ലിക്വിഡേഷനുമായി ബന്ധപ്പെട്ട് തൊഴിലാളികൾക്ക് നിയമപരമായി കുടിശ്ശികയൊന്നും നിലവിലില്ല. കമ്പനിയിൽ ജോലി ചെയ്തിരുന്ന തൊഴിലാളികളുടെ ആനുകൂല്യങ്ങൾ നൽകുന്നത് സംബന്ധിച്ച് വ്യവസായ വകുപ്പുമന്ത്രി 5-7-2017-ന് വിളിച്ചു ചേർത്ത യോഗത്തിൽ തൊഴിലാളി പ്രതിനിധികളുമായി ചർച്ച നടത്തി. പ്രസ്തുത യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകുന്നതിലേയ്ക്കായി ഒരു പ്രത്യേക പദ്ധതി തയ്യാറാക്കി സമർപ്പിക്കുവാൻ തൃശ്ശൂർ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) സർക്കാർ കമ്പനിക്ക് അനുവദിച്ച് നൽകിയിരുന്ന 84.85 ഏക്കർ സ്ഥലം സർക്കാരിലേയ്ക്ക് തിരിച്ച് പിടിച്ചിട്ടുണ്ട്. കൂടാതെ കമ്പനിയുടെ ഉടമസ്ഥതയിലുള്ളതും ഇതുവരെ ഏറ്റെടുത്തിട്ടില്ലാത്തതുമായ കമ്പനി പമ്പ് ഹൗസിന്റെ സ്ഥലം റവന്യൂ റിക്കവറി നടപടികളിലൂടെ ഏറ്റെടുക്കുന്നത് സംബന്ധിച്ച വിഷയം റവന്യൂവകുപ്പിൽ പരിശോധിച്ചു വരികയാണ്.

**അരൂർ മണ്ഡലത്തിലെ സ്ഥാപനങ്ങളുടെ വികസന പ്രവർത്തനങ്ങൾ**

133 (4738) <u>ശ്രീ. എ. എം. ആരിഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അരൂർ മണ്ഡലത്തിലെ അരൂർ കെൽട്രോൺ കൺട്രോൾസ്, പള്ളിപ്പുറം ഇൻഫോ പാർക്ക്, തുറവൂർ സിൽക്ക് എന്നിവിടങ്ങളിൽ നടത്തിയ വികസന പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ ഭാവിയിൽ എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് നടത്താൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, ഡിഫൻസ് ഇലക്ട്രോണിക്സ് മേഖലയിൽ നിന്ന് ഓർഡറുകൾ ലഭിക്കുന്നതിനും അവ മികച്ച ഗുണനിലവാരത്തിൽ നിർമ്മിച്ചു നൽകുന്നതിനുമായി നിലവിലുള്ള ഫാക്ടറി സൗകര്യങ്ങൾ, നിർമ്മാണ പ്രവർത്തനങ്ങൾ യന്ത്ര സാമഗ്രികൾ എന്നിവ

നവീകരിക്കുന്നതിനായി 2.70 കോടി രൂപയുടെ ഫണ്ട് അനുവദിച്ച് നൽകിയിട്ടുണ്ട്. ഇതനുസരിച്ചുള്ള പ്രാരംഭ പ്രവർത്തനങ്ങൾ അരൂർ യൂണിറ്റിൽ നടന്നുവരുന്നു.

അരൂർ നിയമസഭാ മണ്ഡലത്തിലെ ഇൻഫോപാർക്ക് ചേർത്തലയിലെ ഐ. ടി. ബിൽഡിംഗ് "ചൈതന്യ"-യിൽ 2016 ജൂൺ മുതൽ ഇതുവരെ 8 പുതിയ കമ്പനികൾ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇപ്പോൾ ആകെ 25 കമ്പനികൾ പ്രവർത്തിച്ചു വരുന്നു. ഇപ്പോൾ 300- ൽ അധികം അഭ്യസ്ത വിദ്യരായ യുവതീ - യുവാക്കൾ ഇവിടെ ജോലി ചെയ്തുവരുന്നു. ആലപ്പുഴ ജില്ലയിലെ ഏക ഐ. ടി. പാർക്ക് ആയ ഇവിടെ എല്ലാ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് തുറവൂർ യൂണിറ്റിന്റെ ചുറ്റുമതിലുകൾ പണി കഴിപ്പിച്ചു. പുതിയ രണ്ട് മെഷീനുകൾ കൂടി വർക്ക് ഷോപ്പിൽ സ്ഥാപിച്ച് പ്രൊഡക്ഷൻ കൂട്ടുന്നതിനുള്ള നടപടി സ്വീകരിച്ചു, സ്ഥാപനത്തിലെ ഇലക്ട്രിഫിക്കേഷൻ വർക്കുകൾ പൂർത്തീകരിച്ചു. ഓഫീസ് കെട്ടിടം പുതുക്കി പണിതു. ഓഫീസിന്റെ മുൻവശം ടൈൽ ഇട്ട് നവീകരിച്ചു. ഫർണിച്ചർ ഷോറൂം നിർമ്മിച്ചു.

(ബി) അരൂരിലുള്ള കെൽട്രോൺ യൂണിറ്റിൽ ഇന്ത്യയിലെ സൗരോർജ്ജ മേഖലയിലുള്ള സാദ്ധ്യതകൾ തിരിച്ചറിഞ്ഞ് "സോളാർ മോഡ്യൂൾ" നിർമ്മാണ സൗകര്യങ്ങൾ ആരംഭിക്കുന്നതിനായി 20 കോടി രൂപയുടെ പദ്ധതിയും, സ്മാർട്ട് ഗ്രിഡ് സിസ്റ്റത്തിലെ പ്രധാന ഘടകമായ "സ്മാർട്ട് മീറ്റർ" സാങ്കേതികവിദ്യ സ്വായത്തമാക്കുന്നതിനും സോഫ്റ്റ്‌വെയർ സഹകരണത്തിനും നിർമ്മാണ സൗകര്യങ്ങൾ ആരംഭിക്കുന്നതിനുമായി 5 കോടി രൂപയുടെ പദ്ധതിയും നടത്താൻ ഉദ്ദേശിക്കുന്നു.

ഹൈവേയിൽ നിന്ന് ഇൻഫോപാർക്കിലേയ്ക്ക് ഒരു പുതിയ റോഡ് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ അനുവദിച്ചിട്ടുണ്ട്. ഇത് പൂർത്തിയാകുന്നതോടെ ഇവിടേയ്ക്കുള്ള യാത്രാ സൗകര്യം മെച്ചപ്പെടുന്നതാണ്. ഇതോടൊപ്പം താമസ സൗകര്യങ്ങൾ കൂടി മെച്ചപ്പെടുത്തിയാൽ ഈ ഐ. ടി. പാർക്ക് 1500-ഓളം നേരിട്ടുള്ള ജോലി സാധ്യതകൾ സൃഷ്ടിക്കും. ഇതിനുള്ള പ്രവർത്തനങ്ങൾ വരും വർഷങ്ങളിൽ നടത്തുന്നതാണ്.

സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡിൽ ഹോസ്പിറ്റൽ ഫർണിച്ചറുകളുടെ ഷോറൂം പ്രവർത്തനം തുടങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പുതിയ പൗഡർ കോട്ടിങ്ങ് പ്ലാന്റ് നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഹൈമാസ്റ്റ്, ലോമാസ്റ്റ് പോളുകൾ എന്നിവ നിർമ്മിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

## മലപ്പുറം വ്യവസായ വളർച്ചാ കേന്ദ്രത്തിൽ വനിതാ കോളേജിനായി സ്ഥലം

134 (4739) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം വ്യവസായ വളർച്ചാ കേന്ദ്രത്തിൽ ഗവൺമെന്റ് വനിതാ കോളേജിനായി അനുവദിച്ചിട്ടുള്ള 5 ഏക്കർ ഭൂമി വിട്ട് കൊടുക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ;

(ബി) താല്ക്കാലികമായി വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കോളേജിന് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിന് എത്രയും വേഗം സ്ഥലം വിട്ട് കൊടുത്ത് ഉത്തരവിറക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) 3-2-2016-ലെ G.O(Ms) No. 132/2016/ID പ്രകാരം ഇൻകെൽ - കെ. എസ്. ഐ. ഡി. സി.- പ്രോജക്റ്റ് (ഇൻകിഡ്) എന്ന സ്ഥാപനത്തിന് കെ. എസ്. ഐ. ഡി. സി പാട്ടത്തിന് നൽകിയിട്ടുള്ള 243.79 ഏക്കർ ഭൂമിയിൽ നിന്നും 30 ഏക്കർ തിരിച്ചെടുത്ത് സർക്കാരിൽ നിക്ഷിപ്തമാക്കുന്നതിനും 30 ഏക്കർ കുറവുചെയ്തുകൊണ്ടുമുള്ള പാട്ടക്കരാർ പുതുക്കുന്നതിനും ഉത്തരവിറക്കിയിരുന്നു. ഇതിൻപ്രകാരം 20-2-2016-ന് പ്രസ്തുത 30 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനും തുടർനടപടി കൈക്കൊള്ളാനും മലപ്പുറം ജില്ലാകളക്ടറോട് ആവശ്യപ്പെട്ടിരുന്നു.

2-3-2016- ലെ GO(Ms) No. 224/2016/RD ഉത്തരവിൻപ്രകാരം ഇൻകിഡ് എന്ന സ്ഥാപനം രൂപീകരിച്ചതിന്റെയും ഈ സ്ഥാപനത്തിന് സ്ഥലം പാട്ടത്തിന് നൽകിയതിന്റെയും ആധാരം റദ്ദാക്കപ്പെട്ടതിനാൽ പ്രസ്തുത പാട്ടക്കരാർ ഇതുവരെ പുതുക്കിയിട്ടില്ല. 23-10-2017-ന് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ 2-3-2016-ലെ റവന്യൂ വകുപ്പിന്റെ ഉത്തരവിന് ആവശ്യമായ ഭേദഗതി വരുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഭേദഗതി വരുത്തിയ ഉത്തരവ് ലഭ്യമായ ശേഷം പാട്ടക്കരാർ പുതുക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്. എന്നിരുന്നാലും വനിതാ കോളേജിനുവേണ്ട 5 ഏക്കർ ഭൂമി അളന്നുതിരിച്ച് കോളേജ് അധികാരികൾക്ക് കൈവശാവകാശം നൽകാവുന്നതാണെന്നും അവിടെ നിർമ്മാണപ്രവൃത്തികൾ തുടങ്ങാവുന്നതാണെന്നും 27-4-2017-ലെ കത്തുമുഖേന കെ. എസ്. ഐ. ഡി. സി ജില്ലാ കളക്ടറെ അറിയിച്ചിട്ടുണ്ട്.

## കാസർഗോഡ് ജില്ലയിലെ ഉദുമ സ്പിന്നിംഗ് മിൽ

135 (4740) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ഉദുമ സ്പിന്നിംഗ് മിൽ തുറക്കാൻ കഴിയാത്തതിന് കാരണമെന്തെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനാവശ്യമായ പണം കാസർഗോഡ് വികസന പാക്കേജിൽനിന്നും അനുവദിച്ചിട്ടും പ്രവൃത്തികൾ വൈകുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) കാസർഗോഡ് വികസന പാക്കേജിൽനിന്നും ഉദുമ ടെക്സ്റ്റൈൽ മിൽ തുറന്നുപ്രവർത്തിക്കുന്നതിനായി ആവശ്യമായ പണം കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന് 2018 ഫെബ്രുവരി അവസാനം മാത്രമാണ് ലഭ്യമായിട്ടുള്ളത്. പ്രസ്തുത ഫണ്ടുപയോഗിച്ച് മിൽ തുറന്നു പ്രവർത്തിപ്പിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ആരംഭിച്ചിട്ടുണ്ട്. ഉദുമ ടെക്സ്റ്റൈൽ മില്ലിന്റെ ട്രയൽ പ്രൊഡക്ഷൻ 2018 ജൂൺ മാസത്തിൽ തുടങ്ങുവാൻ സാധിക്കുമെന്ന് കരുതുന്നു.

## തലപ്പിള്ളി താലൂക്കിൽ ഫയർ ക്രാക്കേഴ്സ് പ്രോഡക്ട് ക്ലസ്റ്റർ

136 (4741) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിൽ ഫയർ ക്രാക്കേഴ്സ് പ്രോഡക്ട് ക്ലസ്റ്റർ സ്ഥാപിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനാവശ്യമായ സ്ഥലം സർക്കാർ കണ്ടെത്തിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ആയതിന്റെ സർവ്വേ നമ്പരും വിസ്തീർണ്ണവും വെളിപ്പെടുത്തുമോ?

ഉത്തരം

(എ-സി) തൃശ്ശൂർ ജില്ലയിൽ ഒരു പടക്ക നിർമ്മാണ പാർക്ക് സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിന് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**വടക്കാഞ്ചേരി വില്ലേജിൽ വ്യവസായ പാർക്ക്**

137 (4742) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി വില്ലേജിൽ പുതിയ വ്യവസായ പാർക്ക് ആരംഭിക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ വടക്കാഞ്ചേരി വില്ലേജിൽ ഇതിനാവശ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ?

(സി) ഉണ്ടെങ്കിൽ ആയതിന്റെ സർവ്വേ നമ്പരും വിസ്തീർണ്ണവും വെളിപ്പെടുത്താമോ?

ഉത്തരം

(എ-സി) ഉണ്ട്. വടക്കാഞ്ചേരി വില്ലേജിൽ ഉൾപ്പെട്ട ബ്ലോക്ക് നമ്പർ 53-ലെ 138/1,2,3,4,5,11,12,16; 70/10; 71/24,28 എന്നീ സർവ്വേ നമ്പറുകളിലുള്ള 42 ഏക്കർ ഭൂമിയിലും വടക്കാഞ്ചേരി മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള സർവ്വേ നമ്പർ 56/2-ൽപ്പെട്ട 2.5 ഏക്കർ ഭൂമിയിലുമായി പുതിയ വ്യവസായ പാർക്ക് ആരംഭിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്.

**വാണിജ്യ പ്രവർത്തനങ്ങൾക്ക് കോമേഴ്സ് മിഷൻ**

138 (4743) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാണിജ്യ സംബന്ധമായ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് കോമേഴ്സ് മിഷൻ ആരംഭിക്കുവാൻ പദ്ധതിയുണ്ടോ;

(ബി) എങ്കിൽ അതിന്റെ ഭാഗമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് ചെയ്യാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ തയ്യാറാക്കിയ കരട് വ്യവസായ വാണിജ്യ നയത്തിൽ നിക്ഷേപകരെ/ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി വാണിജ്യ മിഷൻ രൂപീകരിക്കുമെന്ന് പറഞ്ഞിട്ടുണ്ട്. സംസ്ഥാനത്തെ ടൂറിസം വകുപ്പുമായി

ചേർന്ന് ചെറുകിട വ്യാപാര മേഖലയെ വളർത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി മേളകൾ സംഘടിപ്പിക്കും. മാത്രമല്ല ദേശീയ വിദേശീയ തലങ്ങളിൽ നടക്കുന്ന മേജർ വ്യാപാരമേളകളിൽ സംരംഭക/ നിക്ഷേപക പ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ട് അവർക്ക് വിപണികളെപ്പറ്റി അവബോധം നൽകുന്നതിനും ബിസിനസ്സ് ബന്ധം സ്ഥാപിക്കുന്നതിനും ആവശ്യക്കാർക്ക് കേരളത്തിലെ വിവിധ ഉൽപ്പന്നങ്ങളെ നേരിട്ട് വിപണനം നടത്തുന്നതിനും അവസരമൊരുക്കും. വാണിജ്യമേഖലയിലെ വൈദ്യുത ഉപയോഗത്തിന്റെ നിലവിലെ നിരക്കുകളും സർക്കാർ പുനഃപരിശോധിക്കുമെന്നും, വാണിജ്യ / സേവന മേഖലയുടെ വളർച്ചയ്ക്കായി സർക്കാർ ഒരു ട്രേഡ് പ്രൊമോഷൻ കൗൺസിൽ രൂപീകരിക്കുമെന്നും, മൊത്ത/ ചില്ലറ വ്യാപാരികൾക്ക് ജില്ല/ സംസ്ഥാനതലത്തിൽ അവാർഡുകൾ നൽകുവാനുള്ള നടപടി സ്വീകരിക്കുമെന്നും കരട് നയത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

### കൊല്ലം ജില്ലയിൽ പ്രവർത്തിക്കുന്ന ക്വാറികൾ

139 (4744) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ നിയമവിധേയമായി പ്രവർത്തിക്കുന്ന ക്വാറികളുടെ വിശദാംശങ്ങൾ നൽകുമോ;

(ബി) ചെറുകിട ക്വാറികൾ പ്രവർത്തിക്കുന്നതിനുള്ള അനുമതിക്ക് ആവശ്യമായ നിബന്ധനകളുടെ വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) കൊല്ലം ജില്ലയിൽ നിയമവിധേയമായി പ്രവർത്തിക്കുന്ന 11 ക്വാറികളുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ബി) ക്വാറി പ്രവർത്തിപ്പിക്കുന്നതിന് താഴെ വിവരിക്കുന്ന ലൈസൻസുകൾ ആവശ്യമാണ്:

1. കെ. എം. എം. സി. ചട്ടങ്ങളിലെ നിബന്ധനകൾക്ക് വിധേയമായി അനുവദിക്കുന്ന മൈനിംഗ് & ജിയോളജി വകുപ്പിന്റെ ക്വാറിയിംഗ് പെർമിറ്റ്/ ക്വാറിയിംഗ് ലീസ്
2. തദ്ദേശഭരണ സ്ഥാപനങ്ങൾ അനുവദിക്കുന്ന ഡി & ഒ ലൈസൻസ്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

3. എക്സ്പ്ലോസീവ് ലൈസൻസ്
4. പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ സമ്മതപത്രം.
5. പാരിസ്ഥിതികാനുമതി.
6. റവന്യൂ പുറമ്പോക്കിൽ ഖനനം ചെയ്യുന്നതിനാണെങ്കിൽ ജില്ലാ കളക്ടറുടെ നിരാക്ഷേപപത്രം.
7. പ്രത്യേകാവശ്യത്തിനായി പതിച്ചുകൊടുത്ത ഭൂമിയല്ലെന്നുള്ള വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം

## ക്വാറി ഉൽപന്നങ്ങളുടെ കുറവ് പരിഹരിക്കാൻ ഇറക്കുമതി

140 (4745) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്വാറി ഉൽപന്നങ്ങളായ കരിങ്കല്ല്, എം.സാന്റ്, പി.സാന്റ് എന്നിവയുടെ ലഭ്യതയിലുള്ള കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഇത് നിർമ്മാണ മേഖലയിലുണ്ടാക്കുന്ന പ്രതിസന്ധി പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) കേരളത്തിൽ കരിങ്കല്ല് ഇറക്കുമതി ചെയ്യുന്നതിനുള്ള സന്നദ്ധത അറിയിച്ച് മലേഷ്യൻ കമ്പനി സർക്കാരിനെ സമീപിക്കുകയുണ്ടായോ; വ്യക്തമാക്കാമോ;

(ഡി) നേരത്തെ മണൽ ക്ഷാമം പരിഹരിക്കാൻ വിവിധ തുറമുഖങ്ങൾ വഴി വിദേശ മണൽ സംസ്ഥാനത്ത് എത്തിക്കുകയുണ്ടായോ; വെളിപ്പെടുത്തുമോ;

(ഇ) എങ്കിൽ സമാന രീതിയിൽ കരിങ്കല്ല് ഇറക്കുമതി ചെയ്യുന്നതിന് തടസ്സമുണ്ടോ; വിശദവിവരം നൽകുമോ;

(എഫ്) എങ്കിൽ ഇതിനായി നിലവിലെ ചട്ടങ്ങളിൽ ഭേദഗതി വരുത്തേണ്ടിവരുമോ; വ്യക്തമാക്കുമോ?

### ഉത്തരം

(എ&ബി) 2-12-2016-ലെ സുപ്രീം കോടതി ഉത്തരവ് പ്രകാരം ക്വാറികൾ പ്രവർത്തിപ്പിക്കുന്നതിന് പാരിസ്ഥിതികാനുമതി നിർബന്ധ മാക്കിയിട്ടുള്ളതിനാൽ കരിങ്കല്ലടക്കമുള്ള ധാതുക്കളുടെ ഖനനത്തിന് അനുമതി ലഭിക്കുന്നതിന്

കാലതാമസം ഉണ്ടാവുകയും അതുവഴി കരിങ്കല്ലിനും കരിങ്കല്ല് ഉൽപ്പന്നങ്ങൾക്കും ലഭ്യതക്കുറവ് നേരിടുകയും നേരിയ വില വർദ്ധന ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. തന്മൂലം സംസ്ഥാനത്തുണ്ടായ കെട്ടിട, റോഡ്, നിർമ്മാണ മേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനായി ചുവടെ ചേർത്തിരിക്കുന്ന നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്:

1. 5-ഹെക്ടറിന് താഴെ വിസ്തീർണ്ണമുള്ള ക്വാറികൾക്ക് പാരിസ്ഥിതികാനുമതി നൽകുന്നതിന് ജില്ലാ തലത്തിൽ കളക്ടർ ചെയർമാനായിട്ടുള്ള ജില്ലാതല പരിസ്ഥിതിയാഘാത നിർണ്ണയ അതോറിറ്റി (DEIAA)-യേയും ജില്ലാതല അപഗ്രഥന സമിതി (DEAC)-യേയും പ്രവർത്തനക്ഷമമാക്കി.

2. ഒരു ഹെക്ടറിൽ താഴെയുള്ള ചെറുകിട ക്വാറികളിലെ ശാസ്ത്രീയ ഖനനത്തിന് ലഘൂകരിച്ച മൈനിംഗ് പ്ലാൻ (simplified mining plan) തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചു.

3. നിർമ്മാണ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിലേയ്ക്ക് 22-6-2017-ലെ സ.ഉ(പി) 25/2017/ഐ.ഡി നമ്പരായ സർക്കാർ ഉത്തരവ് പ്രകാരം ക്വാറികളുടെ പുറമെയുള്ള അതിർത്തിയിൽ നിന്നും റിസർവോയർ, ടാങ്കുകൾ, കനാലുകൾ, നദികൾ, ആരാധനാലയങ്ങൾ, ശ്മശാനം, വില്ലേജ് റോഡ് എന്നിവയിലേയ്ക്കുള്ള ദൂരപരിധി 50 മീറ്ററായി പുനഃസ്ഥാപിക്കുകയും നാഷണൽ പാർക്ക്, വൈൽഡ് ലൈഫ് സാങ്ചറി എന്നിവയുടെ അതിർത്തിയിൽ നിന്നുമുള്ള ദൂരപരിധി ഒരു കിലോമീറ്ററായും നിജപ്പെടുത്തിയിട്ടുമുണ്ട്.

4. പാരിസ്ഥിതികാനുമതിക്കായി ലഭിക്കുന്ന അപേക്ഷകളിന്മേൽ സമയബന്ധിതമായി തീരുമാനമെടുക്കാൻ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും യോഗങ്ങൾ ചേർന്ന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

5. 9-3-2018-ൽ വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ജില്ലാ ജിയോളജിസ്റ്റുമാരുടെ യോഗം വിളിക്കുകയും ഖനനാനുമതി അനുവദിക്കുന്നതിലെ പ്രവർത്തന പുരോഗതി വിലയിരുത്തുകയും നിയമപരമായി അനുമതി നൽകാൻ കഴിയുന്ന എല്ലാ കേസ്സുകളിലും സമയബന്ധിതമായി അപേക്ഷകൾ തീർപ്പാക്കാൻ കർശന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(സി) കേരളത്തിൽ കരിങ്കല്ല് ഇറക്കുമതി ചെയ്യുന്നതിനുള്ള സന്നദ്ധത ചില കമ്പനികൾ സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

(ഡി) കേരളത്തിലേയ്ക്ക് ഈ സാമ്പത്തിക വർഷത്തിനുമുമ്പും മണൽ ഇറക്കുമതി ചെയ്തിരുന്നു. മണൽ ക്ഷാമം പരിഹരിക്കുന്നതിന് സർക്കാർ നേരിട്ട് മണൽ ഇറക്കുമതി ചെയ്തിട്ടില്ല. എന്നാൽ സ്വകാര്യ വ്യക്തികളും സ്ഥാപനങ്ങളും വിവിധ തുറമുഖങ്ങൾ വഴി വിദേശ മണൽ ഇറക്കുമതി ചെയ്തിരുന്നു. വിദേശത്തുനിന്നും കേരളത്തിൽ എത്തിച്ച മണൽ കേരളത്തിൽ സ്റ്റോക്ക് ചെയ്ത് വില്പന നടത്തുന്നതിന് മൈനിംഗ് & ജിയോളജി വകുപ്പ് അനുമതി നൽകുന്നുണ്ട്. ഈ സാമ്പത്തികവർഷം 134807 മെട്രിക് ടൺ മണലും മുൻ വർഷങ്ങളിൽ ആകെ 253142 മെട്രിക് ടൺ മണലും ഇറക്കുമതി ചെയ്തിട്ടുണ്ട്. മലേഷ്യയിൽ നിന്നും കംബോഡിയയിൽ നിന്നുമാണ് മണൽ ഇറക്കുമതി ചെയ്തിട്ടുള്ളത്.

(ഇ&എഫ്) കരിങ്കല്ല് വിദേശത്തുനിന്നും ഇറക്കുമതി ചെയ്യുന്നതിന് 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരമോ, 2015-ലെ കേരള മിനറൽസ് (പ്രിവൻഷൻ ഓഫ് ഇല്ലീഗൽ മൈനിംഗ്, സ്റ്റോറേജ് ആൻഡ് ട്രാൻസ്പോർട്ടേഷൻ) ചട്ടങ്ങൾ പ്രകാരമോ തടസ്സമില്ല. ഇതിനായി നിലവിലെ ചട്ടങ്ങളിൽ ഭേദഗതി വരുത്തേണ്ടതില്ല.

**കുട്ടനാട് മണ്ഡലത്തിലെ ധാതുപര്യവേക്ഷണങ്ങൾ**

141 (4746) <u>ശ്രീ. തോമസ് ചാണ്ടി</u>: താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മൈനിംഗ് ആൻഡ് ജിയോളജി വകുപ്പ് കുട്ടനാട് നിയോജകമണ്ഡലത്തിൽ ഏതെങ്കിലും ധാതുപര്യവേക്ഷണങ്ങൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ നിക്ഷേപത്തിന്റെ അളവ്, ഗുണനിലവാരം എന്നിവ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

കുട്ടനാട് നിയോജകമണ്ഡലത്തിൽപ്പെടുന്ന മാർത്താണ്ഡം കായൽ, റാണി കായൽ എന്നീ സ്ഥലങ്ങളിൽ ലൈം ഷെൽ (വെള്ള കക്ക) നിക്ഷേപങ്ങളെക്കുറിച്ച് 1995-1996 കാലഘട്ടത്തിൽ മൈനിംഗ് ആൻഡ് ജിയോളജി വകുപ്പ് പര്യവേക്ഷണങ്ങൾ നടത്തിയിട്ടുണ്ട്. പര്യവേക്ഷണ റിപ്പോർട്ട് പ്രകാരം ഈ പ്രദേശങ്ങളിൽ 29950 ടൺ വെള്ള കക്ക നിക്ഷേപം ഉണ്ട്. പ്രസ്തുത നിക്ഷേപം വൈറ്റ് സിമന്റ് നിർമ്മാണത്തിന് അനുയോജ്യമായ ഗുണനിലവാരം ഉള്ളതായിരുന്നു.

## മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടർക്കെതിരെയുള്ള കേസ്

142 (4747) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈനിംഗ് & ജിയോളജി വകുപ്പിലെ ഡയറക്ടറുടെ ചാർജ് വഹിക്കുന്ന സി. കെ. ബൈജു എന്ന വ്യക്തിയ്ക്കെതിരെ നിലവിൽ വിജിലൻസ് കേസുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എത്ര കേസുകൾ ഉണ്ട്; ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ടിയാനെ ഡയറക്ടർ ഇൻ ചാർജ് സ്ഥാനത്ത് നിന്നും മാറ്റുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്നറിയിക്കാമോ;

(സി) വിജിലൻസ് കേസ്സിൽ ഉൾപ്പെട്ട പ്രസ്തുത വ്യക്തിയെ ഏതു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് ഡയറക്ടർ ഇൻ ചാർജിന്റെ ചുമതല നൽകി നിയമിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ; ടിയാനെ പ്രസ്തുത സ്ഥാനത്തുനിന്നും മാറ്റുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) മൈനിംഗ് & ജിയോളജി വകുപ്പിൽ ഡയറക്ടർ സ്ഥാനത്തേയ്ക്ക് യോഗ്യതയുള്ള എത്ര പേർ നിലവിലുണ്ട്; അവരുടെ പേരും തസ്തികയും വ്യക്തമാക്കാമോ; ഇവരെ ഡയറക്ടറായി നിയമിക്കാത്തത് എന്തുകൊണ്ടാണ്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഇ) QV-NO-VE06/2009 EKM Vig Special Cell, No.V.C.11/2016/ SCE, TVM എന്നിങ്ങനെ 2 വിജിലൻസ് കേസുകൾ ഉള്ളതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ്; വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്, മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടറുടെ ചാർജ് വഹിക്കുന്ന ശ്രീ. സി. കെ. ബൈജുവിനെതിരെ അനധികൃത സ്വത്ത് സമ്പാദനം സംബന്ധിച്ച് വി. സി. 11/16/എസ്.സി.ഇ. നമ്പറായി വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയുടെ എറണാകുളം സ്പെഷ്യൽ സെൽ ഓഫീസിൽ രജിസ്റ്റർ ചെയ്ത വിജിലൻസ് കേസ് നിലവിലുണ്ട്.

(ബി) ശ്രീ. സി. കെ. ബൈജുവിന് അധിക ചുമതലയായി നൽകിയ ഡയറക്ടർ ഇൻ ചാർജ്ജ് സ്ഥാനത്തുനിന്ന് അടിയന്തരമായി മാറ്റുന്നതിനുള്ള സാഹചര്യമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) Rule 53(a) part I KSR പ്രകാരം സീനിയർ ഉദ്യോഗസ്ഥന്റെ അഭാവത്തിൽ ജൂനിയറായ ആൾക്ക് അഡീഷണൽ ചാർജ്ജ് കൊടുക്കുവാനുള്ള വ്യവസ്ഥയുണ്ട്. അഡീഷണൽ ഡയറക്ടർ, ഡയറക്ടറുടെ അധിക ചുമതല ഒഴിവാക്കണമെന്നാവശ്യപ്പെടുകയും തുടർന്ന് അവധിയിൽ പോവുകയും ചെയ്തപ്പോഴാണ് ശ്രീ. സി. കെ. ബൈജുവിന് ഡയറക്ടറുടെ അധിക ചുമതല നൽകി താൽക്കാലികമായി നിയമിച്ചത്.

(ഡി) മൈനിംഗ് & ജിയോളജി വകുപ്പിന്റെ സ്പെഷ്യൽ റൂൾ പ്രകാരം ഡയറക്ടർ തസ്തിക ടി വകുപ്പിലെ പ്രൊമോഷൻ തസ്തികയല്ല. സർക്കാർ തീരുമാനത്തിന് വിധേയമായാണ് ഉദ്യോഗസ്ഥരെ ഡയറക്ടർ സ്ഥാനത്ത് നിയമിക്കുന്നത്.

(ഇ) വി. സി. 11/16/എസ്.സി.ഇ. നമ്പരായി വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയുടെ എറണാകുളം സ്പെഷ്യൽ സെൽ ഓഫീസിൽ രജിസ്റ്റർ ചെയ്ത വിജിലൻസ് കേസ് അന്വേഷണം തിരുവനന്തപുരം സ്പെഷ്യൽ സെൽ ഓഫീസിലേയ്ക്ക് മാറ്റി അന്വേഷണം നടന്നു വരുന്നു. ശ്രീ. സി. കെ. ബൈജു മൈനിംഗ് & ജിയോളജി കോട്ടയം ഓഫീസിൽ ജിയോളജിസ്റ്റായി ജോലി നോക്കി വരവെ അനധികൃത സ്വത്ത് സമ്പാദനം സംബന്ധിച്ച് വി.ഇ.6/09/എസ്.സി.റ്റി. നമ്പരായി ഒരു വിജിലൻസ് അന്വേഷണം നടത്തിയിരുന്നു. ആരോപണങ്ങളിൽ തെളിവില്ല എന്ന് അന്വേഷണത്തിൽ കണ്ടെത്തിയതിനാൽ പ്രസ്തുത അന്വേഷണത്തിലെ തുടർ നടപടി അവസാനിപ്പിച്ചിട്ടുള്ളതാണ്.

**മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിന്റെ രാസപരിശോധനകൾ**

143 (4748) ശ്രീ. തോമസ് ചാണ്ടി: താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിന്റെ കീഴിലുള്ള രാസപരിശോധനശാലയിൽ കുട്ടനാട് നിയോജകമണ്ഡലത്തിലെ മണ്ണ്, മണൽ, ചീനിക്കളിമണ്ണ്, വിവിധതരം പാറകൾ, ലോഹസങ്കരങ്ങൾ, അയിരുകൾ തുടങ്ങിയവയുടെ രാസപരിശോധന ആധുനിക ഉപകരണങ്ങൾ ഉപയോഗിച്ച് നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

നടത്തിയിട്ടില്ല.

## നിർമ്മാണ സാമഗ്രികളുടെ വിലവർദ്ധന

144 (4749) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണ സാമഗ്രികൾക്ക് സംസ്ഥാനത്ത് അടിക്കടി വിലവർദ്ധിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിർമ്മാണ മേഖലയിൽ ഉപയോഗിക്കുന്ന സിമന്റ്, മണൽ, കമ്പി, പാറ ഉൽപ്പന്നങ്ങൾ എന്നിവയുടെ വില സ്ഥിരമായി നിശ്ചയിക്കാൻ എന്തെങ്കിലും സംവിധാനം സർക്കാരിനുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇത് നിരീക്ഷിക്കാനും നിശ്ചിത വില തീരുമാനിച്ച് ഈ വിലയിൽ സാധനങ്ങൾ ഉപഭോക്താക്കൾക്ക് ലഭ്യമാകുന്നു എന്ന് ഉറപ്പുവരുത്താനും നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ;

(സി) നിർമ്മാണ സാമഗ്രികളുടെ കൃത്രിമ ക്ഷാമം സൃഷ്ടിച്ച് ബോധപൂർവ്വം വിലക്കയറ്റം സൃഷ്ടിക്കാൻ ഏതെങ്കിലും തരത്തിലുള്ള ശ്രമം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ;

(ഡി) സർക്കാർ സംവിധാനങ്ങളിലൂടെ ഭവനനിർമ്മാണത്തിന് സഹായം ലഭിക്കുന്ന മുഴുവൻ ആളുകൾക്കും പ്രയോജനപ്പെടും വിധം സർക്കാരിന്റെ നേതൃത്വത്തിൽ താലൂക്ക് കേന്ദ്രങ്ങളിലെങ്കിലും കുറഞ്ഞ വിലയിൽ നിർമ്മാണ സാമഗ്രികൾ നൽകുന്നതിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഇല്ലെങ്കിൽ താലൂക്ക് കേന്ദ്രങ്ങളിൽ ഇവ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) നിർമ്മാണ മേഖലയിൽ ഉപയോഗിക്കുന്ന സിമന്റ്, മണൽ, കമ്പി, പാറ ഉൽപ്പന്നങ്ങൾ എന്നിവയ്ക്ക് വില വർദ്ധനവ് ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് നിർമ്മാണ സാമഗ്രികൾക്ക് വില നിയന്ത്രിക്കുന്നതിന് പ്രത്യേകിച്ച് സംവിധാനം നിലവിലില്ല. 2-12-2016-ലെ സുപ്രീംകോടതി ഉത്തരവ് നടപ്പാക്കിയതിന്റെ ഭാഗമായി ക്വാറികൾ പ്രവർത്തിപ്പിക്കുന്നതിന് പാരിസ്ഥിതികാനുമതി നിർബന്ധമാക്കിയിട്ടുണ്ട്. ഇതിനാൽ കരിങ്കല്ലടക്കമുള്ള ധാതുക്കളുടെ ഖനനത്തിന് അനുമതി ലഭിക്കുന്നതിന് കാലതാമസം ഉണ്ടാവുകയും അതുവഴി കരിങ്കല്ലിനും കരിങ്കല്ല് ഉൽപ്പന്നങ്ങൾക്കും

ക്ഷാമം നേരിടുകയും ചെയ്തിട്ടുണ്ട്. തന്മൂലം സംസ്ഥാനത്ത് ക്രഷർ/ക്വാറി ഉൽപ്പന്നങ്ങൾക്ക് വില വർദ്ധനവുണ്ടായിട്ടുണ്ട്. ക്വാറി ഉൽപ്പന്നങ്ങളുടെ ലഭ്യത വർദ്ധിപ്പിക്കുന്നതിന് പാരിസ്ഥിതികാനുമതിക്കുള്ള അപേക്ഷകൾ വേഗത്തിൽ തീർപ്പ് കല്പിക്കുന്നതിനും പാരിസ്ഥിതികാനുമതിക്കായി അപേക്ഷിക്കുവാൻ കൂടുതൽ ആളുകളെ പ്രാപ്തരാക്കുന്നതിനും സത്വര നടപടി സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. പാരിസ്ഥിതികാനുമതി കരസ്ഥമാക്കി ക്വാറികൾ പ്രവർത്തിച്ചു തുടങ്ങുമ്പോൾ കരിങ്കൽ ഉൽപ്പന്നങ്ങളുടെ ലഭ്യത വർദ്ധിച്ച് വില നിയന്ത്രിക്കാനാകുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. ബന്ധപ്പെട്ടവരുടെ യോഗം വിളിച്ച് പ്രശ്ന പരിഹാരത്തിനുള്ള നടപടി സ്വീകരിക്കുന്നതിലേക്കായി ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കേരളത്തിലെ സിമന്റിന്റെ വില മറ്റു സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കൂടുതലാണെന്ന പരാതിയെ തുടർന്ന് മുഖ്യമന്ത്രി, വ്യവസായ വകുപ്പുമന്ത്രി എന്നിവരുടെ അദ്ധ്യക്ഷതയിൽ സിമന്റ് ഉത്പാദകരുടെ യോഗം വിളിക്കുകയും സിമന്റ് വില കുറയ്ക്കണമെന്ന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. വിദേശത്തുനിന്നും ഇറക്കുമതി ചെയ്യുന്ന മണൽ കേരളത്തിൽ വില്പന നടത്തുന്നത് പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സർക്കാർ 20-2-2018-ലെ 57/എ 3/2018/വ്യവ. നമ്പർ സർക്കുലർ മുഖാന്തരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മണൽ ലഭ്യത വർദ്ധിപ്പിക്കുന്നതിനായി പരിസ്ഥിതിക്ക് കോട്ടം തട്ടാത്ത വിധത്തിൽ അനുയോജ്യമായ നദികളിൽ നിന്നും പൊതുമേഖലാ സ്ഥാപനങ്ങളുടെ സഹായത്തോടെ മണൽ ശേഖരിക്കുന്നതിനുള്ള പദ്ധതിയെക്കുറിച്ച് സർക്കാർ പരിശോധന നടത്തിവരുകയാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ക്വാറി ഉൽപന്നങ്ങളുടെ ലഭ്യതകുറവുമൂലം ഉണ്ടായ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് ഫലപ്രദമായി ഇടപെടുവാൻ എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. പത്തനംതിട്ട ജില്ലയിൽ ജില്ലാ കളക്ടർ വിളിച്ചുചേർത്ത യോഗത്തിൽ ക്വാറി ഉത്പന്നങ്ങളുടെ വില കുറയ്ക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ഡി) നിർമ്മിതി കേന്ദ്രം 'കലവറ' എന്ന ഒരു സംരംഭം ആരംഭിക്കുകയും റവന്യൂ വകുപ്പുദ്യോഗസ്ഥർ, പോലീസ് തുടങ്ങിയവർ അനധികൃത കടത്തുമായി ബന്ധപ്പെട്ട് കണ്ടുകെട്ടുന്ന ധാതുക്കൾ കലവറയെ ഏൽപ്പിക്കുകയും ബി.പി.എൽ. വിഭാഗത്തിലുള്ളവർക്ക് ഇപ്രകാരം പിടിച്ചെടുത്ത നിർമ്മാണ സാമഗ്രികൾ കുറഞ്ഞ വിലയ്ക്ക് വിതരണം ചെയ്യുകയും ചെയ്യുന്നുണ്ട്. നിർമ്മാണ വസ്തുക്കളുടെ ലഭ്യത വർദ്ധിപ്പിച്ച് വില വർദ്ധനവ് തടയുന്നതിനും ബന്ധപ്പെട്ടവരുമായി ചർച്ച നടത്തി സാധ്യമായ മാർഗ്ഗങ്ങളിലൂടെ ന്യായ വില ഉറപ്പിക്കുന്നതിനുമുള്ള സത്വര നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

## മണലിന്റെയും കരിങ്കൽ ക്വാറി ഉത്പന്നങ്ങളുടെയും ഇറക്കുമതി

145 (4750) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണ മേഖലയിൽ മണലിന്റെയും കരിങ്കൽ ക്വാറി ഉത്പന്നങ്ങളുടെയും ക്ഷാമം കണക്കിലെടുത്ത് വിദേശത്തുനിന്നും ഇവ ഇറക്കുമതി ചെയ്യുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) വിദേശ മണൽ ഇറക്കുമതി ചെയ്യുന്നതിന് സർക്കാർ എന്തെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) വിദേശത്തുനിന്നും, ഇന്ത്യയിലെ അന്യ സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേയ്ക്ക് ചെറുകിട ധാതുക്കൾ ഇറക്കുമതി ചെയ്യുന്നതിന് നിയമ തടസ്സമില്ല. ഇറക്കുമതി ചെയ്യുന്ന ധാതുക്കൾ സ്റ്റോക്ക് ചെയ്ത് വില്പന നടത്തുന്നതിന് ലൈസൻസ് നൽകുന്നതിനുള്ള വ്യവസ്ഥകൾ 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലും കേരള മിനറൽസ് (പ്രിവൻഷൻ ഓഫ് ഇല്ലീഗൽ മൈനിംഗ്, സ്റ്റോറേജ് ആൻഡ് ട്രാൻസ്പോർട്ടേഷൻ) ചട്ടങ്ങളിലും ഉള്ളതാണ്. വിദേശത്തുനിന്നും മണൽ ഇറക്കുമതി ചെയ്യുന്നതിന് 20-2-2018- ലെ 57/എ 3/2018 നമ്പർ സർക്കുലർ മുഖാന്തരം സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ, 6-3-2018-ലെ 57/എ 3/2018/വ്യവ. നമ്പർ സർക്കുലറിൽ മറ്റു സംസ്ഥാനങ്ങളിൽ നിന്നും കരിങ്കല്ലും കരിങ്കൽ ഉല്പന്നങ്ങളും കേരളത്തിൽ കൊണ്ടുവന്ന് വില്പന നടത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(ബി) വിദേശത്തുനിന്നും മണൽ ഇറക്കുമതി ചെയ്യുന്നതിന് കേരള സർക്കാരിന്റെ പ്രത്യേക അനുമതി ആവശ്യമില്ല. എന്നാൽ ഇറക്കുമതി ചെയ്യുന്ന മണൽ കേരളത്തിൽ വില്പന നടത്തുന്നത് പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സർക്കാർ 20-2-2018-ലെ 57/എ 3/2018/വ്യവ നമ്പർ സർക്കുലർ മുഖാന്തരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത സർക്കുലറിന്റെ പകർപ്പ് അനുബന്ധമായി *കൊടുക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കൈത്തറി സ്കൂൾ യൂണിഫോം

146 (4751) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ യൂണിഫോം കൈത്തറി ഉത്പന്നമാക്കുന്നതിന് വ്യവസായ വകുപ്പ് വിദ്യാഭ്യാസ വകുപ്പുമായി കൂടിയാലോചിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പദ്ധതിയുടെ വിജയത്തിനായി കൂടുതൽ കൈത്തറികൾ ഒരുക്കുന്നതിന് ആലോചിക്കുന്നുണ്ടോ; മറ്റെന്തെല്ലാം സഹായമാണ് ഈ രംഗത്തെ തൊഴിലാളികൾക്കായി നൽകുന്നതിന് സർക്കാരിന്റെ പരിഗണനയിലുള്ളതെന്ന് അറിയിക്കുമോ?

### ഉത്തരം

(എ) ഉണ്ട്. 2016-17 ബഡ്ജറ്റ് പ്രസംഗത്തിൽ പരമ്പരാഗത വ്യവസായ മേഖലയായ കൈത്തറി വ്യവസായത്തെ സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി സർക്കാർ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് കൈത്തറിയിൽ നെയ്തെടുത്ത തുണി സൗജന്യ സ്കൂൾ യൂണിഫോമായി നൽകുന്നതിനുള്ള പദ്ധതി പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ പദ്ധതി നടപ്പിൽ വരുത്തുന്നതിന് സംസ്ഥാന വിദ്യാഭ്യാസ വകുപ്പിനെയും കൈത്തറി വസ്ത്ര ഡയറക്ടറേറ്റിനേയും ചുമതലപ്പെടുത്തുകയുണ്ടായി. വിദ്യാഭ്യാസ വകുപ്പിൽ നിന്നുള്ള നിർദ്ദേശ പ്രകാരമാണ് യൂണിഫോമിനായുള്ള നിറവും തുണിയുടെ അളവും, സ്കൂളുകളുടെയും കുട്ടികളുടെയും എണ്ണവും ലഭ്യമാക്കുന്നത്. പ്രസ്തുത പദ്ധതിക്കായി വിദ്യാഭ്യാസ വകുപ്പിൽ നിന്ന് ഫണ്ട് അനുവദിച്ചുവരുന്നു.

(ബി) ഉണ്ട്. സംസ്ഥാന സർക്കാരിന്റെ അഭിമാന പദ്ധതിയായ സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി നടപ്പിലാക്കിയതുമൂലം കൈത്തറി മേഖലയ്ക്ക് ഒരു പുത്തൻ ഉണർവ് സമ്മാനിച്ചു. കൂടുതൽ നെയ്ത്തുകാരെ ഉൾപ്പെടുത്തുവാനും ഈ മേഖലയിൽ നിന്നും കൊഴിഞ്ഞ് പോയവരെ തിരികെ കൊണ്ടുവരുവാനും ഈ പദ്ധതിമൂലം സാധിച്ചു. നൂലും കൂലിയും സർക്കാർ നൽകിവരുന്ന ഈ പദ്ധതി തുടങ്ങിയപ്പോൾ ഏകദേശം 200 നെയ്ത്തുകാർ ഇതിൽ പങ്കാളികളായിരുന്നു. എന്നാൽ ഇന്ന് ഏകദേശം 3800-ൽ അധികം നെയ്ത്തു തൊഴിലാളികളും ഇരട്ടിയോളം

അനുബന്ധത്തൊഴിലാളികളും ഈ പദ്ധതിയുടെ ഭാഗമായിട്ടുണ്ട്. കൂടാതെ 18- ഉം 40 -ഉം വയസ്സിനിടയിലുള്ള യുവാക്കളായ പുതിയ നെയ്ത്തുകാരെയും ജയിലുകളിൽ കഴിയുന്ന തടവുകാരെയും കൂടി നെയ്ത്തു പരിശീലനം നൽകി ഈ പദ്ധതിയിൽ ഉൾപ്പെടുത്താനുള്ള നടപടി ആരംഭിച്ചുകഴിഞ്ഞു. അതിന്റെ പ്രാരംഭ നടപടികൾക്കായി ഹാൻവീവിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രവർത്തന ക്ഷമമല്ലാത്ത തറികൾ അറ്റകുറ്റപ്പണികൾ നടത്തി ഈ പദ്ധതിയുടെ ഭാഗമാക്കുന്നുണ്ട്. നെയ്ത്തുതൊഴിൽ അറിയുന്നവരും വീട്ടിൽ തറിയില്ലാത്തവരുമായ നെയ്ത്തുകാർക്ക് "വീട്ടിലൊരു തറി" പദ്ധതി പ്രകാരം തറികൾ നൽകുന്ന പദ്ധതിയും നടപ്പിലാക്കുകയാണ്. പദ്ധതിയിൽ ഭാഗമായിരിക്കുന്ന നെയ്ത്തുകാർക്ക് കൂടുതൽ തൊഴിൽ ദിനങ്ങളും കൂടുതൽ വേതനവും ലഭ്യമാക്കുന്നുണ്ട്. കൂടാതെ പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് നിശ്ചിത ടാർജറ്റിൽ കൂടുതൽ നെയ്യുന്ന തൊഴിലാളികൾക്ക് പ്രൊഡക്ഷൻ ഇൻസെന്റീവ് രീതിയിൽ ഒരു ആഴ്ച 1000 രൂപയും ഒരു മാസം പരമാവധി 4000 രൂപയും കൂടുതൽ ലഭ്യമാക്കുന്നുണ്ട്.

## കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ്

147 (4752) ശ്രീ. കെ. എൻ. എ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന് കീഴിലെ കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡിന് (കെ.എസ്.ടി.സി.) എത്ര സ്പിന്നിങ് മില്ലുകളാണ് ഉള്ളത്; ഇവയിൽ സാമ്പത്തിക പ്രതിസന്ധി രൂക്ഷമായി പ്രവർത്തനം തുടരാൻ നിവൃത്തിയില്ലാത്തവ ഏതൊക്കെയെന്ന് അറിയിക്കാമോ;

(ബി) കോട്ടൺ കോർപ്പറേഷൻ ഓഫ് ഇന്ത്യയിൽ നിന്ന് ഗുണമേന്മയുള്ള കോട്ടൺ കുറഞ്ഞ വിലയ്ക്ക് ലഭിച്ചിട്ടും ഈ സ്പിന്നിംഗ് മില്ലുകൾ സാമ്പത്തിക പ്രതിസന്ധിയിലായതിന് കാരണം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇപ്രകാരം തകർച്ചയിലായ സ്പിന്നിംഗ് മില്ലുകളെ അടച്ചു പൂട്ടലിന്റെ വക്കിൽ നിന്നും കരകയറ്റുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡിന് കീഴിൽ പ്രവർത്തിക്കുന്ന 6 സ്പിന്നിംഗ് മില്ലുകളാണുള്ളത്. മില്ലുകൾക്ക് സാമ്പത്തിക പ്രതിസന്ധി ഉണ്ടെങ്കിലും പ്രവർത്തനം തുടരാൻ നിവൃത്തിയില്ലാത്ത സാഹചര്യമില്ല.

(ബി) കോട്ടൺ കോർപ്പറേഷനിൽ നിന്നുള്ള കോട്ടണിന് ഗുണമേന്മയിലും അളവിലും കൃത്യത ഉറപ്പാക്കുവാൻ പറ്റില്ല. എന്നിരുന്നാലും കോട്ടൺ കോർപ്പറേഷൻ ഓഫ് ഇന്ത്യയിൽ നിന്ന് കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ മില്ലുകൾക്ക് 2016 സെപ്റ്റംബർ മുതൽ 2018 ഫെബ്രുവരി വരെ കോട്ടൺ ലഭ്യമായിരുന്നില്ല. ആയതിന് കാരണം 2016 ആഗസ്റ്റ് മാസത്തിൽ കോട്ടൺ കോർപ്പറേഷൻ ഓഫ് ഇന്ത്യയിലൂടെ ബുക്ക് ചെയ്ത 400 ബെയ്ൽ കോട്ടൺ, സാമ്പത്തിക പ്രതിസന്ധിമൂലം വാങ്ങുവാൻ കഴിയാത്തതിനാൽ ഇടപാടുകൾ നിർത്തേണ്ടി വന്നതുകൊണ്ടാണ്. 2018 മാർച്ച് മാസം മുതൽ കോട്ടൺ കോർപ്പറേഷൻ ഓഫ് ഇന്ത്യയിൽ നിന്നും വീണ്ടും കോട്ടൺ വാങ്ങി തുടങ്ങിയിട്ടുണ്ട്. മില്ലുകൾ സാമ്പത്തിക പ്രതിസന്ധിയിലായതിന് കാരണമായത് മിൽ ആധുനീകരണം നടത്താതിരിക്കൽ, തൊഴിലാളികളുടെയും പഴയ മെഷീനുകളുടെയും ഉൽപ്പാദനക്ഷമത കുറവ്, നൂലിന്റെ താഴ്ന്ന ഗുണനിലവാരം, അസംസ്കൃത വസ്തുക്കളുടെ വിലയിലും നൂൽ വിലയിലുമുള്ള കുറഞ്ഞ വിടവ് എന്നിവയാണ്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിലവിലുള്ള മില്ലുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി 2016-17-ൽ 10.30 കോടി രൂപയും, 2017-18 വർഷത്തിൽ 13.39 കോടി രൂപയും ധനസഹായം ലഭ്യമാക്കിയിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനത്തിലൂടെ കോർപ്പറേഷന്റെ കീഴിൽ വരുന്ന മില്ലുകൾക്കായി 65 കോടി രൂപയുടെ ധനസഹായം (പ്രവർത്തന മൂലധനമായി 20 കോടി രൂപയും ആധുനിക വൽക്കരണത്തിനും വികസനത്തിനുമായി 45 കോടി രൂപയും) വകയിരുത്തിയിട്ടുണ്ട്.

**പവർലൂം മേഖലയും ചെറുകിട ടെക്സ്റ്റൈൽ മേഖലയും**

148 (4753) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പവർലൂം മേഖലയും ചെറുകിട ടെക്സ്റ്റൈൽ മേഖലയും പ്രതിസന്ധിയിലാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ മേഖലയെ സംരക്ഷിക്കുന്നതിന് നിലവിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) കൈത്തറി മേഖലയ്ക്ക് നൽകുന്ന ആനുകൂല്യങ്ങൾ പ്രസ്തുത മേഖലയ്ക്കും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) പവർലൂം മേഖലയെ ശക്തിപ്പെടുത്തുന്നതിനായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ടെക്സ്ഫെഡിന്റെ കീഴിലുള്ള പവർലൂം സൊസൈറ്റികളായ കോട്ടയം ഇന്റഗ്രേറ്റഡ് പവർലൂം ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി, നെയ്യാറ്റിൻകര താലൂക്ക് ഇന്റഗ്രേറ്റഡ് പവർലൂം ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി, കാലിക്കറ്റ് ഇന്റഗ്രേറ്റഡ് പവർലൂം ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി, വയനാട് ഹാന്റ്ലൂം പവർലൂം മൾട്ടിപർപ്പസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, കേരള ഹൈടെക് വീവിംഗ് ആൻഡ് ഗാർമെന്റ് കോ-ഓപ്പറേറ്റീവ് മിൽസ് എന്നീ സൊസൈറ്റികളിൽ ആധുനികവൽക്കരണം നടത്തുന്നതിനായി സർക്കാർ ധനസഹായം നൽകി വരുന്നു.

യന്ത്രത്തറി സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനുള്ള പദ്ധതിക്കായി 2018-19 വർഷത്തേക്ക് 350 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

(ഡി) യന്ത്രത്തറി മേഖലയെ സംരക്ഷിക്കുന്നതിന് നിലവിൽ ചുവടെ പറയുന്ന പരിപാടികൾ സർക്കാർ നടപ്പിലാക്കി വരുന്നു:

1) യന്ത്രത്തറി സഹകരണസംഘങ്ങളുടെ പുനരുദ്ധാരണം.

2) യന്ത്രത്തറി നെയ്ത്തുകാർക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി.

3) യന്ത്രത്തറി വ്യവസായങ്ങളുടെ ആധുനികവൽക്കരണം.

4) യന്ത്രത്തറി സഹകരണസംഘങ്ങൾക്ക് ഓഹരി പങ്കാളിത്തം.

കൂടാതെ ടെക്സ്ഫെഡിന്റെ നിയന്ത്രണത്തിലുള്ള യന്ത്രത്തറി സംഘങ്ങളുടെ ആധുനികവൽക്കരണവും ടെക്സ്ഫെഡിന്റെ കീഴിലുള്ള സഹകരണ സ്പിന്നിംഗ് മില്ലുകളുടെ പുനരുദ്ധാരണത്തിനായുള്ള സമഗ്ര പദ്ധതി എന്നിവയും നടപ്പിലാക്കി വരുന്നു.

## ടെക്സ്റ്റൈൽ മേഖലയിലെ തൊഴിലാളികളുമായുള്ള ദീർഘകാല ഉടമ്പടി

149 (4754) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ടെക്സ്റ്റൈൽ മേഖലയിലെ തൊഴിലാളികളുമായുള്ള ദീർഘകാല ഉടമ്പടി അവസാനമായി പുതുക്കിയത് എന്നാണ്; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത ഉടമ്പടി പുതുക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത ഉടമ്പടി എന്നത്തേയ്ക്ക് പുതുക്കുവാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ടെക്സ്ഫെഡിന്റെ കീഴിലുള്ള സഹകരണ സ്പിന്നിംഗ് മില്ലുകളിലെ തൊഴിലാളികളുമായുള്ള ദീർഘകാല ഉടമ്പടി 2011 മാർച്ച് 1- ന് പുതുക്കി. ടി കരാർ കാലാവധി 2016 ഫെബ്രുവരി 28-ന് അവസാനിച്ചു.

(ബി) ദീർഘകാല കരാർ പുതുക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(സി) പുതിയ ദീർഘകാല ഉടമ്പടിക്കു വേണ്ടിയുള്ള നടപടിയുടെ ഭാഗമായി ലേബർ കമ്മീഷണർ അദ്ധ്യക്ഷനായുള്ള ടെക്സ്റ്റൈൽ വ്യവസായ ബന്ധ സമിതി (ഐ.ആർ.സി. ടെക്സ്റ്റൈൽസ്), 2018 ഫെബ്രുവരി മാസത്തിൽ ഒരു ഉപസമിതി (തൊഴിലുടമകളും ട്രേഡ് യൂണിയൻ പ്രതിനിധികളും ഉൾപ്പെടെ) രൂപീകരിച്ച് പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. പ്രസ്തുത സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ദീർഘകാല ഉടമ്പടി പുതുക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

## ഖാദി ഗ്രാമങ്ങൾ

150 (4755) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതൊക്കെ ജില്ലകളിൽ ഏതെല്ലാം ഗ്രാമങ്ങളിലാണ് ഖാദി ഗ്രാമങ്ങൾ സ്ഥാപിക്കുന്നത്;

(ബി) ഖാദി ഗ്രാമങ്ങൾ വഴി എത്ര തൊഴിലവസരങ്ങൾ ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(സി) ഗ്രാമങ്ങൾ വഴി ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾക്കുള്ള വിപണി എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ?

ഉത്തരം

(എ) 2017-18 വർഷം മുതൽ 2021-22 വരെയുള്ള 5 വർഷങ്ങളിൽ സംസ്ഥാനത്ത് 14 ജില്ലകളിലും ഖാദി ഗ്രാമങ്ങൾ സ്ഥാപിക്കുന്നതിനാണ് 'ഖാദി ഗ്രാമം' പദ്ധതി വിഭാവനം ചെയ്യുന്നത്. പ്രാരംഭഘട്ടം എന്ന നിലയിൽ നടപ്പ് വർഷം കണ്ണൂർ, കാസർഗോഡ്, വയനാട് എന്നീ ജില്ലകളിലാണ് ഖാദി ഗ്രാമങ്ങൾ ആരംഭിക്കുന്നത്. കണ്ണൂർ ജില്ലയിൽ പാപ്പിനിശ്ശേരി പഞ്ചായത്തിൽ ഖാദി ഗ്രാമം തുടങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ട്. മറ്റ് ജില്ലകളിൽ ഏതൊക്കെ ഗ്രാമങ്ങളിലാണ് ഖാദിഗ്രാമം ആരംഭിക്കുന്നതെന്ന് സംബന്ധിച്ച് പരിശോധിച്ചുവരുന്നു.

(ബി) ഖാദി ഗ്രാമങ്ങൾ വഴി ഖാദി മേഖലയിൽ പുതുതായി അഞ്ച് വർഷം കൊണ്ട് അയ്യായിരം പേർക്ക് തൊഴിൽ ലഭ്യമാക്കാൻ പദ്ധതി ലക്ഷ്യമിടുന്നു.

(സി) ഖാദി ഗ്രാമങ്ങൾ വഴി ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ വിപണന കേന്ദ്രങ്ങൾ വഴിയും പ്രത്യേക പ്രദർശന വിപണന മേളകൾ വഴിയും വിറ്റഴിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

**പല്ലാരിമംഗലം ഖാദി സൗഭാഗ്യയ്ക്ക് പുതിയ കെട്ടിടം**

151 (4756) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര പല്ലാരിമംഗലം ഖാദി സൗഭാഗ്യയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് പൊതുമരാമത്ത് (കെട്ടിട വിഭാഗം) വകുപ്പ് എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി വ്യവസായ വകുപ്പിന്റെ പദ്ധതികളിലുൾപ്പെടുത്തി ഭരണാനുമതി നൽകി തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) പ്രസ്തുത കെട്ടിടനിർമ്മാണം എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി വ്യവസായ (കെ) വകുപ്പ് ഭരണാനുമതി നൽകിയിരുന്നെങ്കിലും പ്രവൃത്തി നടപ്പിലാക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തി 2018 - 19 സാമ്പത്തികവർഷം തുക അനുവദിച്ച് നിർമ്മാണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പൊതുമരാമത്ത് വകുപ്പ് സമർപ്പിച്ചിട്ടുള്ള പുതിയ പ്രൊപ്പോസൽ പരിശോധിച്ച് ഭരണാനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

(സി) മാവേലിക്കര പല്ലാരിമംഗലം ഖാദി സൗഭാഗ്യയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 1-11-2014-ലെ സ.ഉ.(സാധാ) നമ്പർ 1226/14/വ്യവ. പ്രകാരം 25 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ പ്രസ്തുത തുക റിലീസ് ചെയ്യുന്നതിന് അനുമതി നൽകിയ 4851-106-72 എന്ന ശീർഷകത്തിൽ ആവശ്യമായ തുക ലഭ്യമല്ലാതിരുന്നതിനാൽ പ്രസ്തുത വർഷം പദ്ധതി നടപ്പാക്കാൻ സാധിക്കാതെ വന്നു. പിന്നീട് പുതിയ പ്രൊപ്പോസൽ സമർപ്പിക്കുവാൻ വ്യവസായ വാണിജ്യ ഡയറക്ടർക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ 50 ലക്ഷം രൂപയുടെ പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

(ഡി) പല്ലാരിമംഗലം ഖാദി സൗഭാഗ്യയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി തയ്യാറാക്കിയിട്ടുള്ള പുതിയ പ്രൊപ്പോസൽ പരിശോധിച്ച് 2018-19 സാമ്പത്തിക വർഷം തന്നെ അംഗീകാരം നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

**ഗ്രാമീണ കായിക രംഗത്തിന് ഉണർവേകുന്ന പദ്ധതികൾ**

152 (4757) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഗ്രാമീണ തലത്തിൽ കായിക രംഗത്തിന് ഉണർവ്വേകുന്ന ഏതെങ്കിലും പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിലേക്കായി എത്ര രൂപയാണ് നീക്കിവച്ചിട്ടുള്ളത് എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഗ്രാമീണ മേഖലയിലെ കായിക ഉന്നമനത്തിനായി പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം എന്ന പദ്ധതി പ്രകാരം 2016-17-ലെ ബഡ്ജറ്റിൽ 25 കേന്ദ്രങ്ങളിലും 2016-17-ലെ ബഡ്ജറ്റ് മറുപടി പ്രസംഗത്തിൽ 6 സ്ഥലങ്ങളിലും 2017-18-ലെ ബഡ്ജറ്റിൽ 10 സ്ഥലങ്ങളിലും മിനി സ്റ്റേഡിയങ്ങൾ നിർമ്മിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. തുടർ നടപടികൾ കായിക വകുപ്പിന്റെ കിഫ്ബി പദ്ധതികളുടെ എസ്.പി.വി ആയകിറ്റ്കോ സ്വീകരിച്ചുവരുന്നു. (സ്റ്റേഡിയങ്ങളുടെ പേരു വിവരം അനുബന്ധമായി *ഉൾക്കൊള്ളിച്ചിട്ടുണ്ട്)

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കുട്ടികളിൽ ചെറിയ പ്രായത്തിൽ തന്നെ കായികാഭിരുചി വളർത്തിയെടുക്കുന്നതിനായി ഗ്രാമീണ മേഖലയിലെ സ്കൂളുകൾ ഉൾപ്പെടെയുള്ള സ്കൂളുകളിൽ പ്ലേ ഫോർ ഹെൽത്ത് എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഗ്രാമീണ മേഖലയിലെ ഫുട്ബോളിൽ അഭിരുചിയുള്ള കായികതാരങ്ങൾക്ക് ഫുട്ബോളിൽ പ്രത്യേക പരിശീലനവും നൽകി വരുന്നുണ്ട്.

കായിക ഉപകരണങ്ങൾ വാങ്ങുന്നതിനായി സാമ്പത്തിക സഹായം അനുവദിക്കുന്ന പദ്ധതിയിൽ ഗ്രാമീണ മേഖലയിലെ കായിക മേഖലയിൽ പ്രവർത്തിക്കുന്ന ക്ലബ്ബുകൾക്ക് മുൻഗണന നൽകി ധനസഹായം അനുവദിച്ചുവരുന്നുണ്ട്.

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ നേതൃത്വത്തിൽ സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റലുകൾ, സ്കൂൾ/കോളേജ് സ്പോർട്സ് ഹോസ്റ്റലുകൾ എന്നിവിടങ്ങളിലേയ്ക്ക് ഗ്രാമീണ മേഖലയിൽ നിന്നുൾപ്പെടെയുള്ള കായിക താരങ്ങളെ തെരഞ്ഞെടുത്ത് വിദഗ്ദ്ധ പരിശീലനം നൽകി വരുന്നു. കൂടാതെ ഗ്രാമീണ മേഖലകളിൽ ഉൾപ്പെടെ പ്രവർത്തിക്കുന്ന ഡേ ബോർഡിംഗ് സെന്ററുകൾ, റൂറൽ കോച്ചിംഗ് സെന്ററുകൾ, ജില്ലാ കോച്ചിംഗ് സെന്ററുകൾ എന്നിവിടങ്ങളിൽ വിദഗ്ദ്ധ പരിശീലനം നൽകി വരുന്നുണ്ട്. ഇതിനുപുറമെ 2020,2024 വർഷങ്ങളിലെ ഒളിംപിക്സിൽ മെഡൽ കരസ്ഥമാക്കുക എന്ന ലക്ഷ്യത്തോടെ ഗ്രാമീണ മേഖലയിൽ നിന്നുള്ള കായിക താരങ്ങൾ ഉൾപ്പെടെയുള്ള കായിക താരങ്ങളെ തെരഞ്ഞെടുത്ത് 11 കായിക ഇനങ്ങളിൽ വിദഗ്ദ്ധ പരിശീലനം നൽകാൻ ഉദ്ദേശിക്കുന്ന ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) കായിക യുവജനകാര്യാലയം മുഖേന നടപ്പാക്കുന്ന പ്ലേ ഫോർ ഹെൽത്ത് പദ്ധതിയ്ക്ക് 148.75 ലക്ഷം രൂപയും ഗ്രാസ്റൂട്ട് പ്രോഗ്രാം ഫോർ ഫുട്ബോളിന് 50 ലക്ഷം രൂപയും കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന നടപ്പിലാക്കുന്ന ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയ്ക്ക് 2,00,00,000 രൂപയും ബോർഡിംഗ്/ലോഡ്ജിംഗിന് 12,14,00,000 രൂപയും ഡേ ബോർഡിംഗ് സെന്ററിന് 1,00,00,000 രൂപയും അനുവദിച്ചിട്ടുണ്ട്.

**ഫുട്ബോളിൽ തല്പരരായ കുട്ടികൾക്ക് വിദഗ്ദ്ധ പരിശീലനം**

153 (4758) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗര-ഗ്രാമീണ മേഖലയിലെ ഫുട്ബോളിൽ തല്പരരായ കുട്ടികളെ

ചെറിയ പ്രായത്തിൽ തന്നെ കണ്ടെത്തി വിദഗ്ദ്ധ പലിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ താരങ്ങളെ വളർത്തിയെടുക്കാനായി ആവിഷ്കരിച്ച ഫുട്ബോൾ പരിശീലന പദ്ധതി നടപ്പിലാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ;

(ബി) ഈ പദ്ധതി പ്രകാരം കുട്ടികളെ തെരഞ്ഞെടുത്തിട്ടുണ്ടോ ;

(സി) പ്രസ്തുത തെരഞ്ഞെടുപ്പിനായി സ്വീകരിച്ച മാനദണ്ഡങ്ങളും നടപടിക്രമങ്ങളും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ നേതൃത്വത്തിൽ സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റലുകൾ/സ്കൂൾ സ്പോർട്സ് ഹോസ്റ്റലുകൾ എന്നിവിടങ്ങളിലേയ്ക്ക് ഗ്രാമീണ മേഖലയിൽ നിന്നുൾപ്പെടെയുള്ള കായിക താരങ്ങളെ തെരഞ്ഞെടുത്ത് വിദഗ്ദ്ധ പരിശീലനം നൽകി വരുന്നുണ്ട്. ഗ്രാമീണ മേഖലകളിൽ ഉൾപ്പെടെ പ്രവർത്തിക്കുന്ന ഡേ ബോർഡിംഗ് സെന്ററുകൾ, റൂറൽ കോച്ചിംഗ് സെന്ററുകൾ, ജില്ലാ കോച്ചിംഗ് സെന്ററുകൾ എന്നിവിടങ്ങളിലും ഫുട്ബോളിൽ വിദഗ്ദ്ധ പരിശീലനം നൽകി വരുന്നുണ്ട്. കൂടാതെ നഗര-ഗ്രാമീണ മേഖലയിലെ ഫുട്ബോളിൽ തൽപ്പരരായ കുട്ടികളെ ചെറിയ പ്രായത്തിൽ തന്നെ കണ്ടെത്തി വിദഗ്ദ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ താരങ്ങളെ വളർത്തിയെടുക്കുവാനായി ആവിഷ്കരിച്ച "ഫുട്ബോൾ പരിശീലന പദ്ധതി" നടപ്പിലാക്കുന്നതിന് 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നഗര-ഗ്രാമീണ മേഖലയിൽ പ്രവർത്തിക്കുന്ന അനുയോജ്യമായ ഏജൻസിയെ കണ്ടെത്തി പ്രസ്തുത ഏജൻസി മുഖേനയാണ് പദ്ധതി നടപ്പിലാക്കേണ്ടുന്നത്. ഏജൻസിയെ കണ്ടെത്തുന്നതിനായി എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് ക്ഷണിച്ചിട്ടുണ്ട്.

(ബി&സി) സ്പോർട്സ് ഹോസ്റ്റൽ, സ്കൂൾ ഹോസ്റ്റൽ, ഡേ ബോർഡിംഗ് സെന്ററുകൾ, റൂറൽ കോച്ചിംഗ് സെന്ററുകൾ എന്നിവിടങ്ങളിലേയ്ക്ക് കുട്ടികളെ തെരഞ്ഞെടുത്തിട്ടുണ്ട്. എന്നാൽ "ഫുട്ബോൾ പരിശീലന പദ്ധതി" -യിൻ കീഴിൽ കുട്ടികളെ തെരഞ്ഞെടുത്തിട്ടില്ല. തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് മാനദണ്ഡങ്ങളും നടപടിക്രമങ്ങളും ചുവടെ ചേർക്കുന്നു:

<u>സ്കൂൾ ഹോസ്റ്റൽ</u>

1. കായികതാരങ്ങൾക്ക് 7, 8 ക്ലാസ്സുകളിലേയ്ക്കാണ് പ്രവേശനം നൽകുന്നത്. ആയതിനാൽ കായികതാരങ്ങൾ തൊട്ടുമുമ്പത്തെ ക്ലാസ്സുകളിൽ പഠിക്കുന്നവരായിരിക്കണം.

2. സംസ്ഥാന മത്സരങ്ങളിൽ ഒന്നും, രണ്ടും, മൂന്നും സ്ഥാനം നേടിയവർക്കും ദേശീയ മത്സരത്തിൽ പങ്കെടുത്തവർക്കും 9-ാം ക്ലാസിലേയ്ക്ക് സെലക്ഷനിൽ പങ്കെടുക്കാവുന്നതാണ്.

3. ദേശീയ മത്സരങ്ങളിൽ (സബ് ജൂനിയർ, ജൂനിയർ സ്കൂൾ വിഭാഗത്തിൽ മെഡൽ നേടിയ കായികതാരങ്ങൾക്ക് 7,8,9 ക്ലാസ്സുകളിലേയ്ക്ക് നേരിട്ട് അഡ്മിഷൻ നൽകുന്നതാണ്.

4. സെലക്ഷനിൽ പങ്കെടുക്കുന്നവരുടെ ഉയരത്തിന് വെയിറ്റേജ് മാർക്ക് നൽകുന്നതാണ്.

<u>പ്ലസ് വൺ സ്പോർട്സ് ഹോസ്റ്റൽ</u>

1. ജില്ല/സംസ്ഥാന മീറ്റുകളിൽ പങ്കെടുത്തവർക്ക് ടി സെലക്ഷനിൽ പങ്കെടുക്കുവാൻ കഴിയും.

2. ജൂനിയർ, സീനിയർ, സ്കൂൾ ഖേലോ ഇന്ത്യ ജില്ല മത്സരത്തിൽ പങ്കെടുത്തിട്ടുള്ളവരായിരിക്കണം.

3. ഉയരത്തിന് വെയിറ്റേജ് മാർക്ക് ലഭിക്കുന്നതാണ്.

4. ദേശീയ മത്സരത്തിൽ 1,2,3 സ്ഥാനം നേടിയവർക്ക് നേരിട്ട് പ്രവേശനം അനുവദിക്കുന്നതാണ്.

5. പരിശീലകർ കഴിവുള്ള കുട്ടികളെ കണ്ടെത്തിയാൽ സെലക്ഷൻ കമ്മിറ്റിയുടെ ശിപാർശയോടെ തെരഞ്ഞെടുപ്പിൽ പങ്കെടുപ്പിക്കാവുന്നതാണ്.

6. സെലക്ഷൻ നടക്കുന്ന വർഷത്തിന് മുൻപുള്ള രണ്ട് വർഷത്തെ പെർഫോമൻസ് മാത്രമേ പരിഗണിക്കുവാൻ കഴിയുള്ളൂ.

<u>ഡേ ബോർഡിംഗ് സെന്ററുകൾ/റൂറൽ കോച്ചിംഗ് സെന്ററുകൾ.</u>

അതത് ജില്ലാ സ്പോർട്സ് കൗൺസിലുകൾ വഴി മികച്ച കായികതാരങ്ങളെ തെരഞ്ഞെടുക്കുന്നു.

## സ്കൂൾ കുട്ടികളിൽ കായിക അഭിരുചി വളർത്തുന്നതിന് പദ്ധതികൾ

154 (4759) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കുട്ടികളിൽ കായിക അഭിരുചി വളർത്തുന്നതിനും വിവിധ കായിക ഇനങ്ങളെ പരിചയപ്പെടുത്തുന്നതിനും എന്തെല്ലാം പരിപാടികൾ കായിക വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) എന്തെല്ലാം പദ്ധതികളാണ് വകുപ്പ് ഇതിനായി തുടക്കം കുറിച്ചിട്ടുള്ളതെന്ന് വിവരിക്കുമോ;

(സി) എതെല്ലാം സ്കൂളുകളിലാണ് ഇവ നടപ്പാക്കിവരുന്നത്; വിശദമാക്കുമോ?

ഉത്തരം

(എ&ബി) സ്കൂൾ കുട്ടികളിൽ കായിക അഭിരുചി വളർത്തുന്നതിനും വിവിധ കായിക ഇനങ്ങളെ പരിചയപ്പെടുത്തുന്നതിനുമായി കായിക വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള വിവിധ പദ്ധതികൾ ചുവടെ ചേർക്കുന്നു:

1) പ്ലേ ഫോർ ഹെൽത്ത്

1 മുതൽ 4 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് കായിക ക്ഷമത ഉറപ്പുവരുത്തുകയെന്ന ലക്ഷ്യത്തോടെ പ്ലേ ഫോർ ഹെൽത്ത് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പ്രൈമറി തലം മുതൽ ഓരോ കുട്ടിയേയും കായിക വിനോദങ്ങളിൽ ഏർപ്പെടുത്തുവാൻ അതാത് സ്കൂളുകളിൽ തന്നെ സൗകര്യങ്ങളും സ്ഥലവും പ്രദാനം ചെയ്യുക വഴി കുട്ടികളിൽ കായികാഭിരുചി വളർത്തിയെടുക്കുകയും ഭാവിയിൽ ഓരോ കുട്ടിക്കും അനുയോജ്യമായ കായികയിനം തെരഞ്ഞെടുക്കുന്നതിന് സാഹചര്യമൊരുക്കുകയും ചെയ്യുന്നു.

2) ഫുട്ബോൾ പരിശീലന പദ്ധതി

നഗര-ഗ്രാമീണ മേഖലയിലെ ഫുട്ബോളിൽ തൽപ്പരരായ കുട്ടികളെ ചെറിയ പ്രായത്തിൽ തന്നെ കണ്ടെത്തി വിദഗ്ദ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ താരങ്ങളായി വളർത്തിയെടുക്കുന്നതിനും അതുവഴി സംസ്ഥാനത്തെ ഫുട്ബോളിന്റെ സമഗ്ര വികസനത്തിന് അടിത്തറയിടുകയുമാണ് പദ്ധതിയുടെ ലക്ഷ്യം.

3) ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി

2020, 2024 വർഷങ്ങളിലെ ഒളിമ്പിക്സിൽ മെഡൽ നേടുന്നതിനുള്ള സാധ്യതകൾ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി കായിക താരങ്ങൾക്ക് അന്തർദ്ദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി അത്‌ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്‌ലിംഗ്, ബാഡ്മിന്റൺ (ഷട്ടിൽ), കാനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ്, ആർച്ചറി എന്നീ 11 കായിക

ഇനങ്ങളിലായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ ആവിഷ്കരിച്ച പദ്ധതിയാണ് "ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി." ഏകദേശം 225 കായിക താരങ്ങൾക്ക് പരിശീലനം നൽകുവാനാണ് പദ്ധതി കൊണ്ടുദ്ദേശിക്കുന്നത്.

കൂടാതെ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ, സ്പോർട്സ് ഹോസ്റ്റലുകൾ, ഡേ ബോർഡിംഗ് സെന്ററുകൾ, റൂറൽ കോച്ചിംഗ് സെന്ററുകൾ, ക്യാഷ് അവാർഡ് സ്കീം, ഡോ. എ.പി.ജെ. അബ്ദുൾ കലാം സ്കോളർഷിപ്പ് സ്കീം, എന്നീ പദ്ധതികളും കായിക മേഖലയുടെ വികസനം ലക്ഷ്യമിട്ട് നടപ്പാക്കി വരുന്നു.

(സി) അനുബന്ധമായി* ഉൾക്കൊള്ളിക്കുന്നു.

## മിനി സ്റ്റേഡിയങ്ങൾ

155 (4760) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഒരു പഞ്ചായത്തിൽ ഒരു സ്റ്റേഡിയം എന്ന പദ്ധതി പ്രകാരം എത്ര മിനി സ്റ്റേഡിയങ്ങളാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) ഇത് എവിടെയെല്ലാമാണ് എന്ന് വ്യക്തമാക്കാമോ;

(സി) കായികരംഗത്ത് ഉന്നതനിലവാരം പുലർത്തുന്ന എറണാകുളം ജില്ലയിലെ ചെല്ലാനം ഗ്രാമപഞ്ചായത്തിലെ പുത്തൻതോട് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ സ്റ്റേഡിയം നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) 2016-17 സാമ്പത്തികവർഷം ഒരു പഞ്ചായത്തിൽ ഒരു സ്റ്റേഡിയം എന്ന പദ്ധതി പ്രകാരം പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ പഞ്ചായത്തുകളിലും ഒരു സ്റ്റേഡിയം നിർമ്മിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. ഇതിന്റെ തുടക്കമെന്ന നിലയിൽ 25 കേന്ദ്രങ്ങളിൽ മിനി സ്റ്റേഡിയം നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ 2016-17-ലെ ബഡ്ജറ്റ് മറുപടി പ്രസംഗത്തിൽ 6 മിനി സ്റ്റേഡിയങ്ങളുടെ നിർമ്മാണംകൂടി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) നിലവിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തിയതും, കിഫ്ബി അംഗീകാരം ലഭിച്ചതുമായ പ്രോജക്ടുകൾ നടപ്പിലാക്കിയതിന് ശേഷമേ സ്പോർട്സ് മേഖലയിൽ സ്റ്റേഡിയങ്ങളും പശ്ചാത്തല സൗകര്യങ്ങളും ഒരുക്കുന്നതിനുള്ള പുതിയ നിർദ്ദേശങ്ങളും പരിഗണിക്കുവാൻ കഴിയൂ എന്ന് 2018-19-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

**എല്ലാ പഞ്ചായത്തുകളിലും കളിസ്ഥലം പദ്ധതി**

156 (4761) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ പഞ്ചായത്തുകളിലും കളിസ്ഥലം നിർമ്മിക്കുന്ന പദ്ധതിയുടെ വിശദമായ റിപ്പോർട്ട് കായിക വകുപ്പ് തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതി റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) മാവേലിക്കര നിയോജകമണ്ഡലത്തിൽ കളിസ്ഥലം നിർമ്മിക്കുന്നതിന് വകുപ്പ് തെരഞ്ഞെടുത്ത സ്ഥലങ്ങളുടെ വിശദ വിവരം ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) 2016-17 ബഡ്ജറ്റ് പ്രസംഗത്തിൽ പഞ്ചായത്ത് സ്റ്റേഡിയം എന്ന ശീർഷകത്തിലെ 25 സ്റ്റേഡിയങ്ങളും, മറുപടി പ്രസംഗത്തിൽ ഉൾപ്പെട്ട 6 സ്റ്റേഡിയങ്ങളും, 2017-18-ലെ ബഡ്ജറ്റിൽ ഉൾപ്പെട്ട 10 സ്റ്റേഡിയങ്ങളും ഉൾപ്പെടെ 41 സ്റ്റേഡിയങ്ങളാണ് കിഫ്ബി പദ്ധതിയിൽ പഞ്ചായത്ത് സ്റ്റേഡിയങ്ങളായി ഉൾപ്പെടുത്തിയിരിക്കുന്നത്. ഇവയിൽ 29 സ്റ്റേഡിയങ്ങൾക്ക് ഭരണാനുമതി നൽകുകയും 20 സ്റ്റേഡിയങ്ങളുടെ ഡി.പി.ആർ കിഫ്ബിയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഓരോ പഞ്ചായത്തിലും പ്രാദേശികമായ ആവശ്യത്തിനനുസരിച്ച് വ്യത്യസ്ത കായിക ഇനങ്ങൾ പരിശീലിപ്പിക്കുന്നതിന് ഉപകരിക്കുന്ന രീതിയിലുള്ള സ്റ്റേഡിയങ്ങളാണ് നിർമ്മിക്കുവാനുദ്ദേശിക്കുന്നത്. ഓരോ പഞ്ചായത്തിലും വെവ്വേറെ തരത്തിലുള്ള സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിനാൽ അതാത് സ്റ്റേഡിയങ്ങളുടെ വ്യത്യസ്ത രീതിയിലുള്ള ഡി.പി.ആർ. അംഗീകരിക്കുന്നതിനായി കിഫ്ബിയിൽ സമർപ്പിക്കുകയാണ് ചെയ്യുന്നത്. 10 സ്റ്റേഡിയങ്ങൾക്ക് കിഫ്ബി അനുമതി നൽകിയിട്ടുണ്ട്.

(സി&ഡി) നിലവിൽ മാവേലിക്കര നിയോജകമണ്ഡലത്തിലെ കളിസ്ഥലങ്ങൾ പ്രത്യേക നിക്ഷേപ പദ്ധതിയിലുൾപ്പെടുത്തിയിട്ടില്ല.

## കളിസ്ഥലം നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ

157 (4762) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രാമീണ മേഖലയിൽ കളിസ്ഥലം നിർമ്മിക്കുന്നതിന് ഏതെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) കളിസ്ഥലങ്ങളുടെ നിർമ്മാണത്തിന് ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകൾക്ക് ധനസഹായം നൽകുന്നതിന് പദ്ധതിയുണ്ടോ; വിശദീകരിക്കുമോ;

(സി) പഞ്ചായത്ത്-മുനിസിപ്പൽ സ്റ്റേഡിയങ്ങൾ ആധുനിക രീതിയിൽ നവീകരിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദീകരിക്കുമോ?

ഉത്തരം

(എ) ഗ്രാമീണ മേഖലയിലെ കായിക ഉന്നമനത്തിനായി പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം എന്ന പദ്ധതി പ്രകാരം 2016-17, 2017-18 എന്നീ സാമ്പത്തികവർഷത്തിലെ ബഡ്ജറ്റിൽ 41 സ്റ്റേഡിയങ്ങൾ നിർമ്മിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. വിശദാംശം അനുബന്ധമായി* ചേർത്തിട്ടുണ്ട്. തുടർ നടപടികൾ കായിക വകുപ്പിന്റെ കിഫ്ബി പദ്ധതികളുടെ എസ്.പി.വി. ആയ കിറ്റ്കോ സ്വീകരിച്ചുവരുന്നു. കൂടാതെ കായിക വകുപ്പിൽ നിലവിലുള്ള സ്കൈൽ പദ്ധതി പ്രകാരം സ്ഥലത്തിന്റെ ലഭ്യതയനുസരിച്ച് ഗ്രാമീണ മേഖലയിൽ സ്റ്റേഡിയങ്ങൾ നിർമ്മിച്ച് നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ബി) നിലവിലില്ല

(സി) പഞ്ചായത്ത് മുനിസിപ്പൽ സ്റ്റേഡിയങ്ങൾ ആധുനിക രീതിയിൽ നവീകരിക്കന്നതിന് പദ്ധതിയുണ്ട്. പഞ്ചായത്ത്, മുനിസിപ്പാലിറ്റി എന്നിവയിൽ നിന്ന് പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പരിഗണിച്ചുവരുന്നു.

## മേലാറ്റൂർ മിനി സ്റ്റേഡിയം

158 (4763) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19-ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിലെ മേലാറ്റൂർ മിനി സ്റ്റേഡിയം നിർമ്മാണവുമായി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ബന്ധപ്പെട്ട പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുന്നതിന് കായിക വകുപ്പ് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ബി) പ്രസ്തുത പ്രവൃത്തിയ്ക്ക് അടിയന്തരമായി ഭരണാനുമതി നല്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിന് കായിക വകുപ്പ് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) സ്പോർട്സ് മേഖലയിൽ പുതിയ സ്റ്റേഡിയങ്ങളും പശ്ചാത്തല സൗകര്യങ്ങളും ഒരുക്കുന്നതിനായി കിഫ്ബിയിൽ നിന്നും 267.61 കോടി രൂപ മുൻ ബഡ്ജറ്റുകളിൽ അനുവദിച്ചിട്ടുണ്ട്. ഇവ നടപ്പാക്കിയതിനുശേഷമേ പുതിയ നിർദ്ദേശം പരിഗണിക്കുകയുള്ളൂ എന്നും 2018-19-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

## ചാലക്കുടിയിലെ ഇൻഡോർ സ്റ്റേഡിയം

159 (4764) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി നഗരസഭയിൽ അനുവദിച്ച ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണ്;

(ബി) നിർമ്മാണ പ്രവർത്തനങ്ങൾ എന്നേയ്ക്ക് ആരംഭിക്കുമെന്നും എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത ഇൻഡോർ സ്റ്റേഡിയത്തിൽ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്നും അറിയിക്കാമോ?

<u>ഉത്തരം</u>

(എ) 2016-17-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രത്യേക നിക്ഷേപ പദ്ധതിയിലുൾപ്പെടുത്തി ചാലക്കുടി നഗരസഭയിൽ അനുവദിച്ച ഇൻഡോർ സ്റ്റേഡിയത്തിന് 5 കോടിരൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കായിക വകുപ്പിലെ കിഫ്ബി പദ്ധതികളുടെ എസ്.പി.വി ആയ കിറ്റ്കോയോട് ഡി.പി.ആർ തയ്യാറാക്കി സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) കിഫ്ബി അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. വോളിബോൾ, ബാസ്കറ്റ്ബോൾ, ടേബിൾ ടെന്നീസ്, ഷട്ടിൽ ബാഡ്മിന്റൺ എന്നീ കായിക ഇനങ്ങൾ കളിക്കുന്നതിന് സൗകര്യമുള്ള ഒരു മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

## സർക്കാർ സർവീസിലേയ്ക്ക് കായികതാരങ്ങളുടെ തെരഞ്ഞെടുപ്പ്

160 (4765) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ സർവ്വീസിലേയ്ക്ക് കായികതാരങ്ങളെ തെരഞ്ഞെടുക്കുന്നതിന് അവസാനമായി അപേക്ഷ സ്വീകരിച്ചതെപ്പോഴാണെന്ന് വെളിപ്പെടുത്താമോ ;

(ബി) അതു പ്രകാരം എത്ര പേർക്ക് നിയമന ഉത്തരവ് നൽകിയെന്നും എപ്പോഴാണ് നിയമനം നൽകിയതെന്നും വ്യക്തമാക്കുമോ;?

(സി) ഏത് കാലഘട്ടം വരെയുള്ള ഒഴിവുകളിലേയ്ക്കാണ് നിയമനം നൽകിയത്; വിശദമാക്കാമോ;

(ഡി) അതിനുശേഷം 2017 ഡിസംബർ വരെയുള്ള കാലഘട്ടത്തിലെ ഒഴിവുകളിലേയ്ക്ക് നിയമനം നൽകുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മികച്ച കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്ന പദ്ധതി പ്രകാരം 2010-14 വർഷങ്ങളിലെ 249 ഒഴിവുകളിലേയ്ക്ക് 7-12-2015-ലെ 14652/എസ്.ഡി1/2012/പൊ.ഭ.വ നമ്പർ വിജ്ഞാപനപ്രകാരം ഓൺലൈനായി അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. കൂടാതെ മേൽ വിജ്ഞാപനപ്രകാരം ഓൺലൈനായി അപേക്ഷ സമർപ്പിക്കാൻ കഴിയാതിരുന്ന മൗണ്ടനീയറിംഗ്, കളരിപ്പയറ്റ് എന്നീ കായിക ഇനങ്ങളിലെ ഉദ്യോഗാർത്ഥികളിൽ നിന്നും 25-10-2017-ലെ വിജ്ഞാപനപ്രകാരം 'മാന്വൽ' ആയും അപേക്ഷ ക്ഷണിച്ചിട്ടുണ്ട്.

(ബി&സി) 2010-14 വർഷങ്ങളിലെ 249 ഒഴിവുകളിലേയ്ക്കുള്ള നിയമന നടപടി പുരോഗമിക്കുന്നു. അവ പൂർത്തിയാകുന്ന മുറയ്ക്ക് നിയമനം നൽകുന്നതാണ്.

(ഡി) 2015-17 കലണ്ടർ വർഷങ്ങളിലെ ഒഴിവുകളിലേയ്ക്ക് അപേക്ഷ ക്ഷണിക്കുന്നതിനുള്ള കരട് വിജ്ഞാപനം തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം

161 (4766) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ സർവ്വീസിൽ കായികതാരങ്ങൾക്ക് നിയമനം നൽകുന്ന പദ്ധതിപ്രകാരം ഏതെല്ലാം കായിക ഇനങ്ങളിൽ മികവ് തെളിയിച്ചവർക്കാണ് അവസരം നൽകുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഒരു കലണ്ടർ വർഷത്തിൽ ആകെ എത്ര ഒഴിവുകളാണ് കായിക താരങ്ങൾക്ക് നിയമനം നൽകുന്നതിനായി മാറ്റിവച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഇങ്ങനെ മാറ്റി വയ്ക്കപ്പെട്ട ഒഴിവുകൾ ഓരോ കായിക ഇനത്തിനും എത്ര വീതം നൽകുമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ;

(ഡി) ഒരു കായിക ഇനത്തിലെ കായികതാരത്തിന് വേണ്ടി മാറ്റി വയ്ക്കപ്പെട്ട ഒഴിവിലേയ്ക്ക് നിശ്ചയിക്കപ്പെട്ട കലണ്ടർ വർഷം മികവു തെളിയിച്ച അപേക്ഷകരില്ലെങ്കിൽ ആ ഒഴിവുകൂടി അടുത്ത കലണ്ടർ വർഷത്തിലേയ്ക്ക് അതേ കായിക ഇനത്തിൽത്തന്നെ നൽകുവാൻ വ്യവസ്ഥയുണ്ടോ;

(ഇ) ഒരോ കായിക ഇനത്തിനും നിലവിൽ നിശ്ചയിക്കപ്പെട്ട തസ്തികകളുടെ എണ്ണം നിജപ്പെടുത്തിക്കൊണ്ടുള്ള സർക്കാർ ഉത്തരവുകൾ ലഭ്യമാക്കുമോ;

(എഫ്) ഉത്തരവുകൾ ലംഘിച്ച് ചില പ്രത്യേക ഇനങ്ങളിൽ കൂടുതൽ പേർക്ക് നിയമനം നൽകുകയും ചില കായിക ഇനങ്ങളിലുള്ളവരെ ഒഴിവാക്കുകയും ചെയ്യുന്ന പ്രവണത തടയുവാൻ നിലവിൽ എന്ത് സംവിധാനമാണുള്ളത്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അംഗീകാരം നൽകിയ ഒളിമ്പിക്സ്, ഏഷ്യൻ ഗെയിംസ് എന്നീ വിഭാഗങ്ങളിൽ ഉൾപ്പെട്ട കായിക ഇനങ്ങളിലും കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അംഗീകരിച്ച് 3 വർഷം പൂർത്തിയാക്കിയിട്ടുള്ളതും എന്നാൽ ഒളിമ്പിക്സ്/ ഏഷ്യൻ ഗെയിംസ് മത്സരങ്ങളിൽ ഉൾപ്പെടാത്തതുമായ കായിക ഇനങ്ങളിലും നേട്ടം കൈവരിച്ചവരെ (ലിസ്റ്റ് അനുബന്ധമായി* ചേർത്തിട്ടുണ്ട്) സർക്കാർ സർവ്വീസിൽ മികച്ച കായിക താരങ്ങൾക്ക് നിയമനം നൽകുന്ന പദ്ധതി പ്രകാരം നിയമനത്തിനായി പരിഗണിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഒരു കലണ്ടർ വർഷത്തിൽ 50 ഒഴിവുകളാണ് സ്പോർട്സ് ക്വാട്ട നിയമനത്തിനായി നീക്കി വച്ചിട്ടുള്ളത്.

(സി-എഫ്) ഓരോ കായിക ഇനങ്ങൾക്കായി പ്രത്യേകം ഒഴിവുകൾ മാറ്റി വച്ചിട്ടില്ല. എന്നാൽ ഓരോ കലണ്ടർ വർഷത്തെയും സ്പോർട്സ് ക്വാട്ട നിയമനത്തിനായുള്ള 50 ഒഴിവുകളിൽ 25 എണ്ണം വ്യക്തിഗത ഇനങ്ങൾക്കായും 25 എണ്ണം ടീം ഇനങ്ങൾക്കായും നീക്കിവച്ചിരുന്നു.

## കബഡി അസോസിയേഷനിൽ നടന്ന അഴിമതികളെ സംബന്ധിച്ച് വിജിലൻസ് അന്വേഷണം

162 (4767) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന കബഡി അസോസിയേഷനിൽ നടന്ന അഴിമതികളെ സംബന്ധിച്ച് നടത്തിയ അന്വേഷണത്തിലെ കണ്ടെത്തലു കളെന്താണെന്നും സ്വീകരിച്ച തുടർ നടപടികളെന്താണെന്നും വ്യക്തമാക്കുമോ;

(ബി) ആരോപണ വിധേയരായ മുൻ സെക്രട്ടറി, കോച്ച് എന്നിവർക്കെതിരെയുള്ള പരാതികൾ വിജിലൻസ് ഡിപ്പാർട്ടുമെന്റിന് കൈമാറിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഇത്തരം ഗുരുതരമായ ക്രമക്കേടുകളെ സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ) 2017 ഫെബ്രുവരിയിൽ തമിഴ്നാട്ടിൽ വച്ച് നടന്ന സൗത്ത് സോൺ കബഡി ചാമ്പ്യൻഷിപ്പിന് മുന്നോടിയായി കൊല്ലം പാരിപ്പള്ളിയിൽ വച്ച് നടന്ന സംസ്ഥാന കോച്ചിംഗ് ക്യാമ്പിൽ യോഗ്യരായ കായികതാരങ്ങളെ ഒഴിവാക്കി മുഖ്യ പരിശീലകൻ പരിചയത്തിന്റെ പേരിൽ കായികതാരങ്ങളെ കോച്ചിംഗ് ക്യാമ്പിൽ ഉൾപ്പെടുത്തിയതുമായി ബന്ധപ്പെട്ട് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ അന്വേഷണത്തിൽ യോഗ്യരായ കായിക താരങ്ങൾ ഉണ്ടായിട്ടും സെലക്ഷൻ ലിസ്റ്റിൽ ഉൾപ്പെടാത്ത 4 കുട്ടികൾ ക്യാമ്പിൽ പങ്കെടുത്തതായി കണ്ടെത്തി. ഇതുമായി ബന്ധപ്പെട്ട് കേരള കബഡി അസോസിയേഷൻ സെക്രട്ടറി നൽകിയ വിശദീകരണത്തിലും, ഇക്കാര്യം സമ്മതിച്ചിട്ടുള്ളതും, ടി നടപടി അസോസിയേഷന്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയാണെന്ന് സമ്മതിച്ചിട്ടുള്ളതുമാണ്. 2000-ലെ കേരള സ്പോർട്സ് ആക്റ്റിലേയും

2008-ലെ സ്പോർട്സ് റൂൾസിലെയും വ്യവസ്ഥകൾ പാലിച്ചല്ല കേരള കബഡി അസോസിയേഷൻ പ്രവർത്തിക്കുന്നതെന്ന സംസ്ഥാന സ്പോർട്സ് കൗൺസിൽ നടത്തിയ അന്വേഷണത്തിൽ ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അഡ്മിനിസ്ട്രേറ്റീവ് ബോർഡ് യോഗം കേരള കബഡി അസോസിയേഷനെ സസ്പെന്റ് ചെയ്യുകയും കളിക്കാരുടെ അവസരങ്ങൾ നഷ്ടപ്പെടാതിരിക്കാൻ ചാമ്പ്യൻഷിപ്പുകൾ നടത്താൻ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ സെലക്ഷൻ സുതാര്യമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സ്പോർട്സ് കൗൺസിൽ തീരുമാനിക്കുന്ന പരിശീലകനെ ചുമതലപ്പെടുത്താനും തീരുമാനിച്ചിട്ടുണ്ട്. മേൽ വിഷയം സംബന്ധിച്ചുള്ള സ്പോർട്സ് കൗൺസിലിന്റെ അന്വേഷണം പുരോഗമിക്കുന്നു.

(ബി&സി) സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ അന്വേഷണം പൂർത്തിയാക്കി കേരള സ്പോർട്സ് ആക്ടും, റൂൾസും അനുശാസിക്കുന്ന രീതിയിലുള്ള നടപടിക്രമങ്ങൾ പൂർത്തിയായതിനുശേഷം ഈ വിഷയത്തിൽ ആവശ്യമായ തുടർ അന്വേഷണ നടപടി സംബന്ധിച്ച വിഷയം പരിശോധിക്കുന്നതാണ്.

**കായികരംഗത്ത് കോഴിക്കോട് ജില്ലയിലെ പദ്ധതി പ്രവർത്തനങ്ങൾ**

163 (4768) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായികരംഗത്ത് കോഴിക്കോട് ജില്ലയിൽ ഏതെല്ലാം പദ്ധതി പ്രവർത്തനങ്ങൾക്കാണ് ഈ സർക്കാർ തുടക്കം കുറിച്ചത്; അവ എതൊക്കെയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

കോഴിക്കോട് ജില്ലയിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി ഒളിമ്പ്യൻ റഹ്മാൻ ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിന് 60 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം എന്ന പദ്ധതിയിൽ പുല്ലൂരാംപാറ തിരുവമ്പാടി മിനി സ്റ്റേഡിയവും നടുവണ്ണൂർ വോളിബോൾ അക്കാദമി എന്നിവയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ നടുവണ്ണൂർ വോളിബോൾ അക്കാദമിയ്ക്ക് 10.63 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സ്റ്റേഡിയങ്ങളുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടി കിറ്റ്കോ സ്വീകരിച്ച് വരുന്നു. പുല്ലൂരാംപാറ തിരുവമ്പാടി മിനി സ്റ്റേഡിയത്തിന് ഭരണാനുമതി നൽകുന്ന വിഷയം സർക്കാർ പരിശോധിച്ച വരികയാണ്.

## യുവജനക്ഷേമ ബോർഡിന്റെ വാമനപുരം നിയോജകമണ്ഡലത്തിലെ പദ്ധതികൾ

164 (4769) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജനക്ഷേമ ബോർഡിന്റെ കീഴിൽ എന്തൊക്കെ പദ്ധതികളാണ് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വാമനപുരം നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയതെന്ന് വിശദമാക്കുമോ;

(ബി) ഓരോ പദ്ധതിക്കും ചെലവായ തുകയെത്രയെന്ന് അറിയിക്കാമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ യുവജനങ്ങളുടെ സർഗ്ഗശേഷിയും കർമ്മശേഷിയും പ്രോത്സാഹിപ്പിക്കുന്നതിനായി ബോർഡ് വിവിധങ്ങളായ പദ്ധതികളാണ് ആവിഷ്കരിക്കുന്നത്. കേരളോത്സവം, യൂത്ത് ക്ലബ്ബുകളുടെ ശാക്തീകരണം, ക്ലബ്ബുകളിലെ യുവജനപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് യൂത്ത് കേരള എക്സ്പ്രസ്സ് എന്ന റിയാലിറ്റി ഷോ, ഷോർട്ട് ഫിലിം ഫെസ്റ്റിവൽ, യുവ സാഹിത്യ ക്യാമ്പ്, യുവമാധ്യമ പ്രവർത്തക ക്യാമ്പ്, സാഹസിക പ്രവർത്തനങ്ങൾ, വനിതാശിൽപ്പശാല, പി.എസ്.സി. പരീക്ഷാ പരിശീലനം, യുവജന ദിനാചരണങ്ങൾ, സംരംഭകത്വ വികസന പരിപാടികൾ, യുവപ്രതിഭകളെ കണ്ടെത്തി യൂത്ത് അവാർഡ് നൽകൽ, നാടൻ കലാമേള, ബോധവൽക്കരണ കാമ്പയിനുകൾ, കലാ കായിക പ്രവർത്തനങ്ങൾ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം യുവജനക്ഷേമ ബോർഡിന്റെ കീഴിൽ വാമനപുരം നിയോജകമണ്ഡലത്തിൽ നടത്തിയ പരിപാടികളും അതിന് ചെലവായ തുകയുടെ വിശദാംശവും ചുവടെ ചേർക്കുന്നു.

| പദ്ധതി | ചെലവഴിച്ച തുക |
|---|---|
| സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്നവർ താമസിക്കുന്ന കോളനികളിലെ യുവജനങ്ങളെ സംഘടിപ്പിച്ച് ബോർഡ് നേതൃത്വം നൽകി യൂത്ത് ക്ലബ്ബുകൾ രൂപീകരിക്കുന്ന പുതിയ പദ്ധതിയാണ് യുവക്ലബ്ബ്. സംസ്ഥാനത്താകെ 1000 യുവ ക്ലബ്ബുകൾ രൂപീകരിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിന്റെ ഭാഗമായി ആദ്യ യുവക്ലബ്ബ് രൂപീകരിച്ചതിന്റെ സംസ്ഥാനതല ഉദ്ഘാടനം 2017 ജൂലൈ 12 ന് വാമനപുരം നിയോജകമണ്ഡലത്തിലെ പെരിങ്ങമല ഗ്രാമ പഞ്ചായത്തിലെ ഇടിഞ്ഞാർ വെട്ടിക്കാവ് സെറ്റിൽമെന്റ് കോളനിയിൽ വച്ച് നിർവ്വഹിച്ചു. വെട്ടിക്കാവ് യുവക്ലബ്ബിന്റെ | 2,54,000 |

| | |
|---|---|
| അപേക്ഷ പരിഗണിച്ച് അവരുടെ പ്രവർത്തനങ്ങൾക്കായി പ്രസ്തുത പദ്ധതി പ്രകാരം അനുവദിച്ച ചെണ്ടമേളം സെറ്റ് 2018 ജനുവരി 12-ന് നടന്ന ദേശീയ യുവജന ദിനാചരണ പരിപാടിയിൽ വച്ച് നൽകുകയുണ്ടായി. | |
| ജില്ലാതല കേരളോത്സവത്തിൽ പോയിന്റ് നിലയിൽ രണ്ടാം സ്ഥാനം നേടിയ ക്ലബ്ബായ വാമനപുരം നിയോജക മണ്ഡലത്തിലെ ആർ.എസ്.എൻ. കളരി സംഘത്തിന് സമ്മാനം നൽകി. | 3,000 |
| പാലോട് കാർഷിക മേളയ്ക്ക് ധനസഹായം | 1,00,000 |
| കായിക വികസന പദ്ധതി പ്രകാരം വാമനപുരം നിയോജക മണ്ഡലത്തിലെ കലാകൈരളി കലാഗ്രാമം, വെഞ്ഞാറമൂട് എന്ന ക്ലബ്ബിന് വോളിബോൾ പരിശീലന കിറ്റ് വിതരണം ചെയ്തു.<br>കൂടാതെ ഈ പദ്ധതിയിൽ വോളിബോൾ ടൂർണമെന്റ് സംഘടിപ്പിച്ച സംസ്കൃതി ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്ബിന് ടൂർണമെന്റിന്റെ സമ്മാന തുകയും അനുവദിച്ചിട്ടുണ്ട്. | 9,097<br>8,000 |

## കെ.എസ്.ഇ.ബി-ക്ക് ആവശ്യമായ സാധന സാമഗ്രികളുടെ പർച്ചേസ്

165 (4770) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യുടെ വിവിധ ഇലക്ട്രിക്കൽ, ട്രാൻസ്ഫോർമറുകൾ, കേബിൾ, വൈദ്യുതി കമ്പി, മുതലായ സാധന സാമഗ്രികളുടെ പർച്ചേസിന്റെ പൂർണ്ണ അധികാരി ആരാണ്;

(ബി) മത്സരാധിഷ്ഠിത ടെണ്ടർ നടത്തിയാണോ കരാറുകാരനെ നിയമിക്കുന്നത്; വിശദമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതൊക്കെ സാധനങ്ങൾ വാങ്ങുന്നതിനാണ് വലിയ ടെണ്ടറുകൾ ക്ഷണിച്ചിട്ടുള്ളതെന്നും സാധനങ്ങളുടെ പേര്, സാധനങ്ങൾക്ക് ക്വാട്ട് ചെയ്ത വില, ടെണ്ടർ നേടിയ ആൾ/ കമ്പനി എന്നിവയുടെ പേരുസഹിതമുള്ള വിശദാംശങ്ങളും വെളിപ്പെടുത്തുമോ;

(ഡി) ഇപ്രകാരം വിതരണം ചെയ്യുന്ന സാധനങ്ങളുടെ ഗുണനിലവാരം പരിശോധിയ്ക്കാൻ എന്തു മാർഗ്ഗമാണ് ബോർഡ് സ്വീകരിക്കുന്നത് എന്ന് വിവരിക്കുമോ; ഇതിന് മേൽനോട്ടം വഹിക്കുന്ന പ്രധാന ഉദ്യോഗസ്ഥൻ ആരാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സെൻട്രലൈസ്ഡ് പർച്ചേസ് പ്ലാൻ അനുസരിച്ച് വാങ്ങുന്ന ട്രാൻസ്ഫോർമറുകൾ, കേബിൾ, വൈദ്യുതി കമ്പി മുതലായവയുടെ പർച്ചേസ് ബോർഡിന്റെ അനുമതിയോടുകൂടി ചീഫ് എഞ്ചിനീയർ (എസ്. സി. എം.) ആണ് വാങ്ങുന്നത്.

(ബി) അതെ. കേരള സർക്കാരിന്റെ വെബ്സൈറ്റിൽ ഇ-ടെണ്ടർ മുഖേന മത്സരാധിഷ്ഠിത ദർഘാസുകൾ ക്ഷണിച്ചാണ് പർച്ചേസ് നടത്തുന്നത്. ടെണ്ടർ സാമ്പത്തികമായും സാങ്കേതികമായും വിലയിരുത്തി സാധന സാമഗ്രികളുടെ ഗുണമേന്മ ഉറപ്പുവരുത്തി ഏറ്റവും കുറഞ്ഞ നിരക്കിൽ ക്വാട്ട് ചെയ്ത ആളിന് കരാർ ഉറപ്പിക്കുന്നു. എന്നാൽ വിതരണ വിഭാഗത്തിലേയ്ക്ക് ആവശ്യമായ വൈദ്യുതി കമ്പി സംസ്ഥാനത്തിനകത്തുള്ള ചെറുകിട ഉല്പാദകരിൽ നിന്നും ഗവൺമെന്റ് കമ്പനിയായ ട്രാക്കോ കേബിൾസിൽ നിന്നു മാത്രമായി ദർഘാസ് ക്ഷണിച്ച് പരിമിതപ്പെടുത്തിയിരിക്കുന്നു.

(സി) വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ഡി) കരാർ ഉറപ്പിക്കുന്ന സാധന സാമഗ്രികളുടെ ഗുണമേന്മ വിലയിരുത്തുന്നതിനായി താഴെ പറയുന്ന പരിശോധന രീതികൾ സ്വീകരിച്ചു വരുന്നു.

1. സാധന സാമഗ്രികൾ നിർമ്മാണം പൂർത്തിയാക്കുന്ന മുറയ്ക്ക് അവയുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ ബോർഡ് സാങ്കേതിക വൈദഗ്ദ്ധ്യമുള്ള ഉദ്യോഗസ്ഥരെ നിയോഗിക്കുന്നുണ്ട്.

2. സാധന സാമഗ്രികൾ കെ.എസ്.ഇ.ബി.എൽ.-ന്റെ ബന്ധപ്പെട്ട സ്റ്റോറുകളിൽ എത്തിയാൽ ഗുണമേന്മ ഒന്നുകൂടി ഉറപ്പുവരുത്തിയതിന് ശേഷമാണ് ഉപയോഗ യോഗ്യമാക്കുന്നത്.

3. പ്രധാന ഐറ്റമായ ട്രാൻസ്ഫോർമറുകൾ നിർമ്മാണത്തിനിടയിൽ, ഉപയോഗിക്കുന്ന സാധനങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്താൻ സ്റ്റേജ് ഇൻസ്പെക്ഷൻ വ്യവസ്ഥയുണ്ട്.

കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം വാങ്ങുന്ന ട്രാൻസ്ഫോർമർ, പാനൽ, ഇൻസുലേറ്റർ, കണ്ടക്ടർ, മീറ്റർ തുടങ്ങിയവയുടെ മേന്മ ഉറപ്പുവരുത്തുന്നത് കേന്ദ്ര ഏജൻസിയായ ആർ.ഇ.സി.-യും കെ.എസ്.ഇ.ബി.-യിലെ സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരും കൂടിയാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഹൈബ്രിഡ് മൈക്രോ ഗ്രിഡ് സംവിധാനം

166 (4771) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തടസ്സരഹിതവും ഗുണമേന്മയുള്ളതുമായ വൈദ്യുതി ലഭ്യമാക്കുന്നതിന് പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റുകൾ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) വിദൂര ഗ്രാമപ്രദേശങ്ങളെ ഹൈബ്രിഡ് മൈക്രോ ഗ്രിഡ് സംവിധാനം വഴി വൈദ്യുതീകരിക്കുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ടോ; എങ്കിൽ പദ്ധതിയുടെ വിശദാംശം നൽകാമോ;

(സി) പദ്ധതി നടത്തിപ്പിനായി എത്ര ചെലവ് വരും എന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) രൂപീകരിച്ചിട്ടുണ്ട്. നിലവിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ വിതരണ മേഖലയിലെ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നത് പ്രാദേശികമായി സെക്ഷൻ, സബ്ഡിവിഷൻ തലങ്ങളിലായിരുന്നു. ഇങ്ങനെ വരുമ്പോൾ വിതരണ ശൃംഖല മെച്ചപ്പെടുത്താൻ ജോലികൾ അതത് ഓഫീസുകളുടെ അധികാര പരിധിയിൽ പരിമിതപ്പെടുന്നു എന്ന ന്യൂനത നിലനിന്നിരുന്നു. വിശാലമായ ഒരു മേഖലയിലെ വിതരണ ഗ്രിഡിനെ മൊത്തത്തിൽ പരിഗണിച്ചുകൊണ്ടു മാത്രമേ അതിന്റെ ക്ഷമതയും ഗുണവും മെച്ചപ്പെടുത്താനാവൂ എന്ന് ബോധ്യപ്പെട്ടതിനെത്തുടർന്ന് വിതരണ ശൃംഖലയുടെ മൊത്തത്തിലുള്ള നവീകരണം മുന്നിൽ കണ്ടുകൊണ്ട് ഓരോ ഇലക്ട്രിക്കൽ സർക്കിളുകളിലും ഒരു എക്സിക്യൂട്ടീവ് എഞ്ചിനീയറെയും ആ സർക്കിളിന് കീഴിൽ എത്ര ഇലക്ട്രിക് സെക്ഷനുകൾ ഉണ്ടോ അത്രയും അസിസ്റ്റന്റ് എഞ്ചിനീയർമാരേയും ഉൾപ്പെടുത്തി പ്രത്യേക പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റുകൾക്ക് രൂപം നൽകിയിട്ടുണ്ട്. ഈ പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റുകളാകും വിതരണ ഗ്രിഡിന്റെ നവീകരണ പദ്ധതികളുടെ മേൽനോട്ടം വഹിക്കുക. പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റുകൾക്ക് കീഴിൽ എൽ.റ്റി. ശൃംഖലാ വികസന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനായി സബ് പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റുകളും രൂപീകരിച്ചിട്ടുണ്ട്.

(ബി) ഇടുക്കി ജില്ലയിലെ ഉടുംബൻചോല താലൂക്കിലെ ചതുരംഗപ്പാറ വില്ലേജിൽ 800 KW ചെറുകാറ്റാടി യന്ത്രങ്ങളും, 500 KWP സൗരോർജ്ജ പാനലുകളും സ്ഥാപിച്ച് 1.3 MW ശേഷിയുള്ള പദ്ധതി 250 KWH ബാറ്ററി

സംഭരണം ഉൾപ്പെടെ സ്ഥാപിക്കുന്നതിന് 9.7 കോടി രൂപ 2016-17 വർഷത്തെ ഗ്രീൻബുക്ക് പദ്ധതിയായി പ്രഖ്യാപിച്ചിട്ടുണ്ട്. എന്നാൽ കേരള-തമിഴ്നാട് അതിർത്തിയോട് ചേർന്നുള്ള ഭൂമിയായതിനാൽ റീ-സർവ്വേ നടത്തി സർവ്വേ നമ്പർ 90/2 ബ്ലോക്ക് നമ്പർ 18-ൽ പ്പെട്ട 15 ഏക്കർ റവന്യൂ സ്ഥലം അളന്ന് തിട്ടപ്പെടുത്തി കെ.എസ്.ഇ.ബി. ലിമിറ്റഡിന് സർക്കാർ അസ്സയിൻ ചെയ്ത് നൽകുന്നതിൽ ചില സാങ്കേതിക ബുദ്ധിമുട്ടുകൾ ഉള്ളതിനാൽ നാളിതുവരെ പദ്ധതിയുമായി മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടില്ല.

(സി) പദ്ധതിക്കായി 9.7 കോടി രൂപ വേണ്ടി വരുമെന്ന് കണക്കാക്കിയിട്ടുണ്ട്.

## സ്ട്രീറ്റ് ലൈറ്റുകൾ

167 (4772) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൈമർ കേടുവരുന്ന സന്ദർഭങ്ങളിൽ സ്ട്രീറ്റ് ലൈറ്റുകൾ നിരന്തരം കത്തിക്കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമൂലം വൈദ്യുത വകുപ്പിനുണ്ടാകുന്ന നഷ്ടം എത്രയാണെന്ന് കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) സ്ട്രീറ്റ് ലൈറ്റുകൾ പ്രകാശിപ്പിക്കുന്നതിനായി ഏതെല്ലാം കമ്പനികളുടെ ടൈമറാണ് ഉപയോഗിക്കുന്നത്; ഈ കമ്പനികളുമായി എ.എം.സി. ഉണ്ടാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(സി) സ്ട്രീറ്റ് ലൈറ്റുകൾ നിശ്ചയിക്കപ്പെട്ട സമയങ്ങളിൽ മാത്രമാണ് പ്രകാശിക്കുന്നത് എന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുമൂലമുണ്ടാകുന്ന വൈദ്യുതി നഷ്ടത്തിന്റെ കൃത്യമായ കണക്കെടുപ്പ് നടത്തിയിട്ടില്ല.

(ബി&സി) ജയിൻ ഇൻഡസ്ട്രിയൽ ലൈറ്റിംഗ് കോർപ്പറേഷൻ, മാസിഡോൺ വിനിമയ് പ്രൈവറ്റ് ലിമിറ്റഡ് എന്നീ കമ്പനികളിൽ നിന്നാണ് പ്രധാനമായും ബോർഡ് തലത്തിൽ ടൈമറുകൾ വാങ്ങിയിരുന്നത്. ഇതിനുപുറമേ പ്രാദേശികമായി വാങ്ങുന്ന ടൈമറുകളും ഉപയോഗിക്കാറുണ്ട്. ഇവർക്ക് കൊടുത്തിട്ടുള്ള പർച്ചേസ്

ഓർഡർ പ്രകാരം ഈ കൺട്രോളറുകൾക്ക് എ.എം.സി. ഇല്ല. എന്നാൽ 5 വർഷത്തെ ഗ്യാരന്റി ഉണ്ട്. 5 വർഷത്തിനകം കേടാകുന്ന കൺട്രോളറുകൾ അറിയിപ്പ് നൽകി ഒരു മാസത്തിനകം കമ്പനി സൗജന്യമായി മാറ്റി വയ്ക്കേണ്ടതാണ്. ടൈമറുകൾ വിതരണം ചെയ്യുന്ന കമ്പനികളുമായി ബന്ധപ്പെട്ട് കേട്ടുവന്ന ടൈമറുടെ തകരാറുകൾ പരിഹരിക്കാനും അതുവഴി കൃത്യ സമയങ്ങളിൽ മാത്രമാണ് സ്ട്രീറ്റ് ലൈറ്റുകൾ കത്തുന്നതെന്ന് ഉറപ്പുവരുത്താനും നടപടി സ്വീകരിച്ചിട്ടുണ്ട്.

**അക്കൗണ്ട്സ് ഓഫീസറുടെ സ്വയം വിരമിക്കൽ**

168 (4773) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വയം വിരമിക്കലുമായി ബന്ധപ്പെട്ട് കേരള സർവ്വീസ് റൂൾസിന്റെ (ഭാഗം മൂന്ന്) റൂൾ 56 എന്ന ഭാഗത്ത് എന്താണ് വിവരിക്കുന്നതെന്ന് വ്യക്തമാക്കുമോ ; ഇതിന്റെ കോപ്പി ലഭ്യമാക്കുമോ;

(ബി) ശ്രീ. തോമസ് ജോർജ്ജ്, അക്കൗണ്ട്സ് ഓഫീസറുടെ സ്വയം വിരമിക്കലുമായി ബന്ധപ്പെട്ട് Board Secretariat File No.Estt.IV/3172/2016-ന്റെ മുഴുവൻ കുറിപ്പ് ഫയലുകളുടെയും , ഇതിൽ നടത്തിയ എല്ലാ കത്തിടപാടുകളുടെയും കോപ്പിയും ലഭ്യമാക്കുമോ;

(സി) ശ്രീ. മണിലാൽ, ലാൽ ബിൽഡിംഗ്സ്, കുളത്തൂർ എന്നയാൾ, ശ്രീ. തോമസ് ജോർജ്ജ്, അനധികൃത സ്വത്ത് സമ്പാദിച്ചു എന്ന് പറഞ്ഞ് നൽകിയ പരാതിയും വോളന്ററി വിരമിക്കലുമായി എന്തെങ്കിലും ബന്ധമുണ്ടോ; വിശദമാക്കുമോ; കൂടാതെ ശ്രീ. മണിലാൽ നൽകിയ പരാതിയുടെയും മറ്റു രേഖകളുടെയും കോപ്പി ലഭ്യമാക്കുമോ;

(ഡി) വോളന്ററി പെൻഷന് മുമ്പ്, KSEB അധികൃതർ ശ്രീ. തോമസ് ജോർജ്ജിന്റെ എൻ. എൽ. സി. ആവശ്യപ്പെട്ടത് സുഖമില്ലാത്ത പ്രസ്തുത ആളിന്റെ സ്വയം വിരമിക്കൽ മനഃപൂർവ്വം തടയുന്നതിനായിരുന്നില്ലേ എന്ന് വിശദമാക്കുമോ; ഇതുകൊണ്ടുള്ള കെ.എസ്.ഇ.ബി.- യുടെ നേട്ടം എന്താണ് എന്ന് വ്യക്തമാക്കുമോ ;

(ഇ) അദ്ദേഹം ഡെപ്യൂട്ടേഷനിൽ ജോലി ചെയ്തുകൊണ്ടിരിക്കുന്ന ഓഫീസിൽ നിന്നും NLC ആവശ്യപ്പെട്ടത് എന്ത് മാനദണ്ഡത്താൽ ആണ്; ഇതിനായി ഉത്തരവിട്ട ഉദ്യോഗസ്ഥൻ ആരാണ്?

<u>ഉത്തരം</u>

(എ) സ്വയം വിരമിക്കലുമായി ബന്ധപ്പെട്ട് കേരള സർവ്വീസ് റൂൾസിന്റെ (ഭാഗം മൂന്ന്) റൂള് 56-ന്റെ പകർപ്പ് അനുബന്ധമായി *ചേർത്തിരിക്കുന്നു.

(ബി-ഡി) സ്വയം വിരമിക്കലുമായി ബന്ധപ്പെട്ട കേരള സർവ്വീസ് റൂൾസിന്റെ നിബന്ധന (V) പ്രകാരം അച്ചടക്ക നടപടി നിലവിലിരിക്കുന്ന കേസ്സുകളിൽ സ്വയം വിരമിക്കൽ അനുവാദം നൽകാൻ പാടുള്ളതല്ല. ശ്രീ. തോമസ് ജോർജ്ജിനെതിരെ അനധികൃത സ്വത്ത് സമ്പാദനം സംബന്ധിച്ച് ശ്രീ. മണിലാൽ, ലാൽ ബിൽഡിംഗ്സ്, കുളത്തൂർ എന്നയാൾ സമർപ്പിച്ച പരാതിയിന്മേൽ കേസ് നിലനിൽക്കുകയാണെന്ന് വിജിലൻസ് വിഭാഗം അറിയിച്ചിട്ടുണ്ട്. 22-1-2018-ലെ കത്ത് പ്രകാരം ശ്രീ. തോമസ് ജോർജ് സ്വയം വിരമിക്കൽ ആവശ്യമില്ലെന്നും യഥാർത്ഥത്തിൽ സർവ്വീസ് തീരുന്ന 28-2-2018-ൽ മാത്രം പിരിഞ്ഞുപോയാൽ മതിയെന്നും കാണിച്ച് അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്. ആയതിനാൽ സൂപ്പർ ആനുവേഷൻ പെൻഷൻ ഉത്തരവിനായി പെൻഷൻ അനുവദിക്കുന്ന സെക്ഷനിലേയ്ക്ക് ബന്ധപ്പെട്ട രേഖകൾ കൈമാറിയിട്ടുണ്ട്. (ഫയൽ നമ്പർ Estt.IV/3172/2016-ന്റെ പകർപ്പ് അനുബന്ധം-II* ആയി ചേർത്തിരിക്കുന്നു.

(ഇ) സ്വയം വിരമിക്കലായാലും സൂപ്പർ ആനുവേഷൻ പെൻഷൻ ആയാലും ബാധ്യതാ രഹിത സർട്ടിഫിക്കറ്റ് നിർബന്ധമാണ്. ടിയാൻ അന്യത്ര സേവന വ്യവസ്ഥയിൽ 1-7-1999 മുതൽ 30-11-2015 വരെയും 22-6-2016 മുതൽ 28-2-2018 വരെയും നിയമസഭാ സെക്രട്ടറിയുടെ കീഴിൽ ജോലി ചെയ്തു വന്നതിനാലാണ് ടി ഓഫീസിൽ നിന്നും ബാധ്യതാ രഹിത സർട്ടിഫിക്കറ്റ് ആവശ്യപ്പെട്ടത്. പെൻഷൻ അനുവദിക്കുന്നതിന് ബാധ്യതാ രഹിത സർട്ടിഫിക്കറ്റ് അനിവാര്യമാണ്.

## ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗം

169 (4774) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

(ബി) ഇതിനുവേണ്ടി എന്തെല്ലാം കാര്യങ്ങൾ ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പൊതു ജനങ്ങൾക്കിടയിൽ വൈദ്യുതി വാഹനങ്ങളുടെ ഉപയോഗം വ്യാപിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാരിന്റെ സഹായത്തോടെ വൈദ്യുതി ബോർഡ് 'ഇ-മൊബിലിറ്റി' പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി 6 വൈദ്യുതി കാറുകൾ (E2o+V2 Variant) തിരുവനന്തപുരം-2, എറണാകുളം-2, കോഴിക്കോട്-2 എന്നിങ്ങനെ മൂന്ന് ജില്ലകളിലേയ്ക്ക് വാങ്ങി ഉപയോഗിച്ചു വരുന്നു. കൂടാതെ വൈദ്യുതി വാഹനങ്ങൾ ചാർജ്ജ് ചെയ്യുന്നതിനുള്ള ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള ടെൻഡർ നടപടി പൂർത്തിയായി വരുന്നു.

**കെ.എസ്.ഇ.ബി. പെൻഷൻ**

170 (4775) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി-യിൽ ഒരു മാസം പെൻഷൻ നൽകുന്നതിലേയ്ക്ക് എത്ര കോടി രൂപയാണ് ചെലവിടുന്നത്; ഈ തുക എത്ര പെൻഷനേഴ്സാണ് വിനിയോഗിക്കുന്നത്; എണ്ണം വിശദമാക്കുമോ;

(ബി) ഇതിൽ ഏറ്റവും കൂടുതൽ പെൻഷൻ വാങ്ങുന്ന പെൻഷനർ തസ്തിക ഏതാണെന്നും പെൻഷൻ തുക മാസം എത്രയാണെന്നും അറിയിക്കുമോ;

(സി) ഏറ്റവും കുറവ് പെൻഷൻ വാങ്ങുന്ന തസ്തിക ഏതാണെന്നും പെൻഷൻ തുക മാസം എത്രയാണെന്നും അറിയിക്കുമോ;

(ഡി) കെ.എസ്.ഇ.ബി-യിൽ ശമ്പളയിനത്തിൽ മാസം ചെലവിടുന്ന തുക എത്ര കോടിയാണെന്നും ഇത് എത്ര ഉദ്യോഗസ്ഥർക്കാണ് കൊടുക്കുന്നതെന്നും വിശദമാക്കുമോ;

(ഇ) പ്രസ്തുത സ്ഥാപനത്തിന്റെ ഒരു മാസത്തെ വരുമാനം എത്ര കോടിയാണെന്നും ഏതൊക്കെ പദ്ധതികളിൽ നിന്നുമാണ് പ്രസ്തുത വരുമാനം ലഭിക്കുന്നതെന്നുമുള്ള വിവരം ലഭ്യമാക്കുമോ;

(എഫ്) പ്രസ്തുത സ്ഥാപനം നിലവിൽ പ്രവർത്തിക്കുന്നത് ലാഭത്തിലാണോ നഷ്ടത്തിലാണോ; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ പെൻഷൻ വിതരണത്തിനായി ഒരുമാസം ഏകദേശം 88 കോടിയോളം രൂപയാണ് വിനിയോഗിക്കുന്നത്. കെ.എസ്.ഇ.ബി. ലിമിറ്റഡിൽ നിന്ന് ഒരു മാസം പെൻഷൻ വാങ്ങുന്നവരുടെ എണ്ണം 33363 ആണ്.

(ബി) ഏറ്റവും കൂടുതൽ പെൻഷൻ വാങ്ങുന്ന പെൻഷനർ തസ്തിക ചീഫ് എഞ്ചിനീയർ ആണ്. ഏറ്റവും കൂടിയ പ്രതിമാസ പെൻഷൻ തുക 58,040 രൂപയും അതിന്റെ ക്ഷാമബത്തയും.

(സി) ഏറ്റവും കുറവ് പെൻഷൻ വാങ്ങുന്ന തസ്തിക പാർട്ട് ടൈം സ്വീപ്പർ. ഏറ്റവും കുറഞ്ഞ പ്രതിമാസ പെൻഷൻ തുക 4,400 രൂപയും അതിന്റെ ക്ഷാമബത്തയും.

(ഡി) 2018 ജനവരി മാസം ഹ്യൂമൻ റിസോഴ്സ് ഇൻഫർമേഷൻ സിസ്റ്റം (HRIS)-ലെ കണക്ക് പ്രകാരം ശമ്പളയിനത്തിൽ മാസം ചെലവിടുന്ന തുക 193.83 കോടി രൂപയാണ്. ഇത് 33863 ഉദ്യോഗസ്ഥർക്കാണ് കൊടുക്കുന്നത്.

(ഇ) വൈദ്യുതി വിൽപ്പനയിലൂടെയും അതുമായി ബന്ധപ്പെട്ട മാർഗ്ഗങ്ങളിലൂടെയും 2018 ജനവരി മാസം ഏകദേശം 1015 കോടി രൂപയും മറ്റിനങ്ങളിൽ 69 കോടി രൂപയും ഉൾപ്പെടെ ആകെ 1084 കോടി രൂപയാണ് വരുമാനം.

(എഫ്) കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ 2016-17 സാമ്പത്തികവർഷത്തെ നഷ്ടം 1494.63 കോടി രൂപയാണ്.

## കെ.എസ്.ഇ.ബി. നിയമനം

171 (4776) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. യിലേയ്ക്ക് നിയമനം നടത്തുന്നതിനുള്ള ഏതെങ്കിലും പി.എസ്.സി. ലിസ്റ്റ് നിലവിലുണ്ടോ; തസ്തികയും എണ്ണവും സഹിതം വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; ലിസ്റ്റിന്റെ കാലാവധി എന്നു തീരും; വ്യക്തമാക്കാമോ;

(ബി) കെ.എസ്.ഇ.ബി.-യിൽ ഇപ്പോൾ കരാർ അടിസ്ഥാനത്തിൽ ഉയർന്ന തസ്തികകളിൽ ഉദ്യോഗസ്ഥർ ജോലി ചെയ്യുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ തസ്തികകളിൽ; പേരു സഹിതം വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ദിവസ വേതന വ്യവസ്ഥയിൽ വിവിധ തസ്തികകളിൽ കെ.എസ്.ഇ.ബി.-ൽ ആളെ നിയമിച്ചിട്ടുണ്ടോ; ഇപ്പോൾ നിയമിച്ച വരുന്നുണ്ടോ; ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) എങ്കിൽ ഇവർക്ക് നൽകുന്ന ദിവസവേതനം എത്രയാണ്; തസ്തിക സഹിതം വിശദമാക്കുമോ;

(ഇ) കെ.എസ്.ഇ.ബി.-യിൽ ചെലവ് ചുരുക്കലിന്റെ ഭാഗമായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) വിശദാംശം അനുബന്ധമായി * ചേർത്തിരിക്കുന്നു.

(ബി) കരാർ അടിസ്ഥാനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ/അക്കൗണ്ട്സ് ഓഫീസർ മുതലുള്ള ഉയർന്ന തസ്തികകളിൽ നിലവിൽ ആരും ജോലി ചെയ്യുന്നില്ല.

(സി&ഡി) ദിവസക്കൂലി അടിസ്ഥാനത്തിൽ ആരെയും നിയമിക്കാറില്ല. ആവശ്യം വരുന്ന സന്ദർഭങ്ങളിൽ പ്രവൃത്തികൾക്ക് കരാർ നൽകുകയാണ് ചെയ്യുന്നത്. പ്രവൃത്തിയുടെ വിശദവിവരത്തോടൊപ്പം പ്രസിദ്ധീകരിക്കുകയും പ്രവൃത്തി ഏറ്റെടുക്കാൻ താൽപ്പര്യമുള്ളവരിൽ നിന്നും ക്വട്ടേഷൻ/ദർഘാസുകൾ ക്ഷണിക്കുകയുമാണ് പതിവ്. പി.എ.സി. തയ്യാറാക്കുന്നതിനായി കാലാകാലങ്ങളിൽ പുതുക്കുന്ന Schedule of Rates ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കണക്കിലെടുക്കാറുണ്ട്. ഇത്തരത്തിൽ ലഭിക്കുന്ന ക്വട്ടേഷൻ/ദർഘാസുകളിൽ സ്വീകാര്യമായതിനെ അംഗീകരിച്ച് പ്രവൃത്തി ഏൽപ്പിച്ചു വരുന്നു. പ്രവൃത്തി ഏറ്റെടുത്തു നടപ്പിലാക്കാൻ ഒന്നിൽ കൂടുതൽ പേർ താല്പര്യം അറിയിക്കുന്ന പക്ഷം ഏറ്റവും കുറഞ്ഞ തുകയ്ക്ക് പ്രവൃത്തി ഏറ്റെടുക്കാൻ തയ്യാറാകുന്നവരെ തെരഞ്ഞെടുക്കുകയും അവരുമായി ഉടമ്പടിയിൽ ഏർപ്പെടുകയുമാണ് ചെയ്തുവരുന്നത്.

(ഇ) കെ.എസ്.ഇ.ബി.-യുടെ ചെലവുകളിൽ ഏറ്റവും വലുത് വൈദ്യുതി വാങ്ങുന്നതിന്റേതാണ്. ആയത് ചുരുക്കുന്നതിന്റെ ഭാഗമായി താഴെ പറയുന്ന നടപടി സ്വീകരിച്ചിട്ടുണ്ട്:

1. സാധ്യമായ എല്ലാ മാർഗങ്ങളും ഉപയോഗിച്ച് വൈദ്യുതി വാങ്ങുന്നത് കുറഞ്ഞ നിരക്കിലാണെന്ന് ഉറപ്പാക്കുന്നു.
2. വിലകൂടിയ ഇന്ധനം ഉപയോഗിക്കുന്ന താപ നിലയങ്ങൾ അവശ്യ സന്ദർഭങ്ങളിൽ മാത്രം പ്രവർത്തിപ്പിക്കുന്നു.
3. മാർക്കറ്റിൽ വൈദ്യുതി കുറഞ്ഞ നിരക്കിൽ ലഭ്യമാകുമ്പോൾ വൈദ്യുതി വാങ്ങുകയും ആനുപാതികമായി ആഭ്യന്തര ഉത്പാദനം ക്രമീകരിക്കുകയും ചെയ്യുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

4. വൈദ്യുത മേഖലയിലെ സാങ്കേതിക വാണിജ്യ നഷ്ടം കുറച്ചുകൊണ്ട് പുറമേ നിന്ന് വൈദ്യുതി വാങ്ങുന്നതിന്റെ തോത് കുറച്ച്, വൈദ്യുതി വാങ്ങൽ ചെലവ് നിയന്ത്രിക്കുന്നു. കെ.എസ്.ഇ.ബി.എൽ. സാമ്പത്തിക വിഭാഗത്തിൻ കീഴിൽ ചെലവ് ചുരുക്കുന്നതിന്റെ ഭാഗമായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:

1. മുൻകാലങ്ങളിലെന്ന പോലെ ഉയർന്ന നിരക്കിലുള്ള വായ്പകൾ തിരിച്ചടച്ച് കുറഞ്ഞ പലിശ നിരക്കുള്ള വായ്പകൾ എടുക്കുന്നതാണ്.

2. കേന്ദ്ര സർക്കാർ 20-11-2015-ൽ പ്രഖ്യാപിച്ച 'ഉദയ്' പദ്ധതിയുടെ പ്രവർത്തന മികവ് വർദ്ധിപ്പിക്കുന്ന ഭാഗത്തിൽ പങ്കാളിയാകുന്നതിന് നടപടിയെടുത്തു. പ്രസ്തുത പദ്ധതി പ്രകാരം AT&C Loss-ഉം റവന്യൂ ഗ്യാപ്പും കുറയ്ക്കുന്നതിനുള്ള നടപടിയെടുത്തു.

3. കെ.എസ്.ഇ.ബി.-യുടെ വിവിധ ശീർഷകങ്ങളിലുള്ള ചെലവുകൾ പരമാവധി കുറച്ചും വൈദ്യുതി ചാർജ്ജ് കുടിശ്ശിക പരമാവധി പിരിച്ചെടുത്തും വരുമാനം കൂട്ടി ഉപഭോക്താവിന് ഗുണകരമായ രീതിയിൽ പ്രവർത്തിക്കുന്നതാണ്.

4. മിതമായ വിലയിൽ ഹ്രസ്വകാല-ദീർഘകാലാടിസ്ഥാനത്തിലുള്ള കരാറുകൾ വഴി വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും പ്രവർത്തന മികവ് കൂട്ടുതൽ മെച്ചപ്പെടുത്തുന്നതിലൂടെ ബോർഡിന്റെ ബാധ്യതകൾ പരിഹരിക്കുവാനുമാണ് ശ്രമിക്കുന്നത്.

കേരള ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ വൈദ്യുതി ബോർഡ് ലിമിറ്റഡിന്റെ ഭരണ നിർവ്വഹണ ചെലവ് ചുരുക്കണമെന്ന് ആവശ്യപ്പെട്ടതിൻ പ്രകാരവും, ഊർജ്ജ മേഖലയിലെ മാറ്റങ്ങൾ ഉൾക്കൊണ്ട് കെ.എസ്.ഇ.ബി.എൽ-ന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാനായി ഐ.ഐ.എം കോഴിക്കോടിനെക്കൊണ്ട് കെ.എസ്.ഇ.ബി.എൽ. ഒരു പഠനം നടത്തുകയും റിപ്പോർട്ട് കെ.എസ്.ഇ.ബി.എൽ.-ന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഐ.ഐ.എം കോഴിക്കോട് സമർപ്പിച്ച നിർദ്ദേശങ്ങൾ പഠിച്ച് വേണ്ട ചർച്ചകൾ നടത്തി നടപ്പിലാക്കേണ്ടതിലേയ്ക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിലേക്കായി ഡയറക്ടർ (ഫിനാൻസ്) അദ്ധ്യക്ഷനും, ചീഫ് എഞ്ചിനീയർ (എച്ച്.ആർ.എം.) കൺവീനറായും, ഫുൾടൈം ഡയറക്ടേഴ്സ് അംഗങ്ങളുമായിട്ടുള്ള ഒരു ഉന്നത അധികാര സമിതിയെ കെ.എസ്.ഇ.ബി.എൽ ചുമതലപ്പെടുത്തി. പ്രസ്തുത കമ്മിറ്റി ഇത് സംബന്ധിച്ച് ചർച്ചകൾ നടത്തുകയും കമ്മിറ്റിയുടെ ശിപാർശ ഫുൾടൈം ഡയറക്ടേഴ്സിന് മുമ്പാകെ സമർപ്പിക്കുകയും ചെയ്തു. ഈ വിഷയം ഇപ്പോൾ ഫുൾടൈം ഡയറക്ടേഴ്സിന്റെ പരിഗണനയിലാണ്.

## മീറ്റർ ടെസ്റ്റിംഗ് ആൻഡ് സ്റ്റാൻഡേർഡ് ലബോറട്ടറി

172 (4777) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മീറ്റർ ടെസ്റ്റിംഗ് ആൻഡ് സ്റ്റാൻഡേർഡ് ലബോറട്ടറിയുടെ പ്രവർത്തനം വിശദീകരിക്കാമോ;

(ബി) പ്രസ്തുത ലബോറട്ടറിക്കു വേണ്ടി 2017-18 ബഡ്ജറ്റിൽ വകയിരുത്തിയ തുക ചെലവഴിക്കാൻ സാധിച്ചുവോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി റെഗുലേഷൻ ആക്ട് 2006 പ്രകാരം എല്ലാ എനർജി മീറ്ററുകളും സ്ഥാപിക്കുന്നതിന് മുൻപും, ശേഷം 5 വർഷത്തിലൊരിക്കലും നാഷണൽ അക്രെഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് & കാലിബ്രേഷൻ ലഭിച്ചിട്ടുള്ള ലബോറട്ടറികളിൽ പരിശോധിപ്പിക്കേണ്ടതാണ്. തിരുവനന്തപുരം ശ്രീകാര്യം, ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിന് സമീപമുള്ള ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിന്റെ മീറ്റർ ടെസ്റ്റിംഗ് ആൻഡ് സ്റ്റാൻഡേർഡ്സ് ലബോറട്ടറിക്ക് എൻ.എ.ബി.എൽ (നാഷണൽ അക്രെഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് & കാലിബ്രേഷൻ ലബോറട്ടറീസ്) അംഗീകാരം ലഭിച്ചിട്ടുണ്ട്. കൂടാതെ വകുപ്പിന്റെ 13 ജില്ലകളിലും റീജിയണൽ ടെസ്റ്റിംഗ് ലാബുകൾ പ്രവർത്തിക്കുന്നു.

മീറ്റർ ടെസ്റ്റിംഗ് ആൻഡ് സ്റ്റാൻഡേർഡ്സ് ലബോറട്ടറി, തിരുവനന്തപുരം-ൽ ചുവടെ പറയുന്ന ഉപകരണങ്ങൾ ടെസ്റ്റ് ചെയ്ത് നൽകുന്നുണ്ട്:

1. എനർജി മീറ്ററുകൾ, വിവിധയിനം മെഷറിംഗ് മീറ്ററുകൾ
2. കറന്റ് ആൻഡ് വോൾട്ടേജ് ട്രാൻസ്ഫോർമറുകൾ
3. ബ്രേക്കറുകൾ
4. പ്രൊട്ടക്ഷൻ റിലേകൾ
5. ട്രാൻസ്ഫോർമർ ഓയിൽ ടെസ്റ്റിംഗ് സൗകര്യങ്ങൾ
6. ട്രാൻസ്ഫോർമർ പ്രീ കമ്മിഷനിംഗ് ടെസ്റ്റുകൾ
7. എൽ.ഇ.ഡി. ടെസ്റ്റിംഗുകൾ
8. വൈദ്യുത കേബിളുകൾ തുടങ്ങിയവയുടെ വിവിധയിനം ടെസ്റ്റിംഗുകളും ചെയ്യുന്നുണ്ട് കൂടാതെ ഇവ ഉപഭോക്താവിന്റെ സൈറ്റിൽ പോയി (മൊബൈൽ ടെസ്റ്റിംഗ്) പരിശോധിക്കുകയും ചെയ്യുന്നു.
9. സോളാർ ഉപകരണങ്ങൾ ടെസ്റ്റ് ചെയ്ത് നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

ടെസ്റ്റിംഗ് ഫീസ് ഇനത്തിൽ വർഷം തോറും 1.43 കോടി രൂപ വരുമാനം ലഭിക്കുന്നു.

(ബി) 2017-18 ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയുടെ 67.51% ചെലവഴിക്കാൻ സാധിച്ചു. ബാക്കി തുകയ്ക്ക് പർച്ചേസ് ഓർഡർ നൽകിയിട്ടുണ്ട്.

## ഓൺലൈൻ ബില്ലിംഗ്

173 (4778) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വകുപ്പിൽ ഓൺലൈൻ ബില്ലിംഗ് രീതി സാർവ്വത്രികമാക്കിയിട്ടുണ്ടോ; ഓൺലൈൻ വഴി വൈദ്യുതി ചാർജ്ജ് അടക്കുന്നവരുടെ എണ്ണം വർദ്ധിച്ചു വരുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഓൺലൈൻ വഴി ബിൽ പേമെന്റ് നടത്തുന്നതിന് അവബോധ/ പ്രോത്സാഹന പരിപാടി നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഓൺലൈൻ വഴി വൈദ്യുതി ചാർജ്ജ് അടയ്ക്കുമ്പോൾ ഉപഭോക്താക്കൾക്ക് ഏതെങ്കിലും തരത്തിലുള്ള ഇളവുകളോ, ആനുകൂല്യങ്ങളോ ലഭിക്കുന്നുണ്ടോ; വിശദീകരിക്കാമോ?

### ഉത്തരം

(എ) വൈദ്യുതി ബിൽ ഓൺലൈനായി അടയ്ക്കുന്നതിനുള്ള സംവിധാനം സാർവത്രികമാക്കിയിട്ടുണ്ട്. വൈദ്യുതി വകുപ്പിൽ ഓൺലൈൻ വഴി വൈദ്യുതി ചാർജ്ജ് അടക്കുന്നവരുടെ എണ്ണം വർദ്ധിച്ചു വരുന്നുണ്ട്. ഓൺലൈൻ പേമെന്റ് തുടങ്ങിയ 2014-ൽ ഒരു മാസം ശരാശരി 7000-ഓളം ഉപഭോക്താക്കൾ ഓൺലൈൻ വഴി വൈദ്യുതി ചാർജ്ജ് അടച്ചിരുന്നത് വർദ്ധിച്ച് 2018 ആയപ്പോൾ 5 ലക്ഷത്തിൽപ്പരമായി.

(ബി) ഓൺലൈൻ പേമെന്റ് സംവിധാനം സംബന്ധിച്ച് ഉപഭോക്താക്കൾക്ക് സംശയനിവാരണത്തിനും പരാതികൾ പരിഹരിക്കുന്നതിനും ഉള്ള സേവനം, വൈദ്യുതി ബോർഡിന്റെ 24 മണിക്കൂറും പ്രവർത്തിക്കുന്ന കസ്റ്റമർ കെയർ സെന്റർ വഴി നൽകി വരുന്നു. 1912 അഥവാ 0471 2555544 എന്ന ടെലഫോൺ നമ്പർ വഴിയും ഇ. മെയിൽ വഴിയും ഈ വിഭാഗവുമായി ബന്ധപ്പെടാൻ കഴിയും. സെക്ഷനോഫീസുകൾ വഴിയും ഇതുസംബന്ധിച്ച് പ്രോത്സാഹനം പരിപാടികൾ നടത്തിവരുന്നു. കൂടാതെ ഓൺലൈൻ ആയി പണമടയ്ക്കുന്നതിനായി വിശദമായ മാർഗ്ഗ നിർദ്ദേശം നൽകുന്ന വീഡിയോകൾ കെ.എസ്.ഇ.ബി-യുടെ ഔദ്യോഗിക വെബ്സൈറ്റിലും, ഫെയ്സ്ബുക്ക് പേജിലും മറ്റ് സോഷ്യൽ മീഡിയകളിലും നൽകിയിട്ടുണ്ട്. ടി.വി., റേഡിയോ മുതലായ മാധ്യമങ്ങളിലൂടെയും ഓൺലൈൻ പേമെന്റ് സംബന്ധിച്ചുള്ള അവബോധം ഉപഭോക്താക്കൾക്കിടയിൽ നടത്തി വരുന്നു.

(സി) ഓൺലൈൻ വഴി വൈദ്യുതി ചാർജ്ജ് അടയ്ക്കുമ്പോൾ ഉപഭോക്താക്കൾക്ക് ബില്ലിൽ ഇളവുകളോ ആനുകൂല്യങ്ങളോ കെ.എസ്.ഇ.ബി നൽകുന്നില്ല. വൈദ്യുതി ബോർഡിന്റെ ഓൺലൈൻ സംവിധാനവുമായി നേരിട്ട് ഇന്റഗ്രേറ്റ് ചെയ്തിട്ടുള്ള സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, സൗത്ത് ഇന്ത്യൻ ബാങ്ക്, ഫെഡറൽ ബാങ്ക്, കാനറ ബാങ്ക്, ഐ.സി.ഐ.സി.ഐ. ബാങ്ക് എന്നീ ബാങ്കുകൾ വഴി ഉപഭോക്താക്കൾക്ക് സൗജന്യമായി വൈദ്യുതി ബിൽ അടയ്ക്കാവുന്നതാണ്. കൂടാതെ കെ.എസ്.ഇ.ബി.-യുമായി ഓൺലൈൻ പേമെന്റിന് വേണ്ടി സംയോജിച്ച് പ്രവർത്തിക്കുന്ന പേമെന്റ് സർവ്വീസ് പ്രൊവൈഡർമാർ, ഇളവുകളും ആനുകൂല്യങ്ങളും നൽകി വരുന്നു.

## ജലവൈദ്യുത പദ്ധതികളുടെ നവീകരണം

174 (4779) <u>ശ്രീ. ജോൺ ഫെർണാണ്ടസ്:</u>

<u>ശ്രീ. റ്റി. വി. രാജേഷ്:</u>

<u>ശ്രീ. കെ. വി. വിജയദാസ്:</u>

<u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗാർഹികാവശ്യത്തിനും വ്യവസായ വാണിജ്യ ആവശ്യത്തിനുമുള്ള ഊർജ്ജം മിതമായ നിരക്കിൽ തടസ്സമില്ലാതെ ലഭ്യമാക്കാൻ നടത്തി വരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ ജലവൈദ്യുത പദ്ധതികളിലെ 35-40 വർഷം പഴയ ജനറേഷൻ യൂണിറ്റുകളുടെ നവീകരണത്തിനും, പഴയ പദ്ധതികളുടെ പുനരുദ്ധാരണത്തിനും നവീകരണത്തിനുമുള്ള പദ്ധതികളുടെ വിശദാംശം നൽകാമോ;

(സി) കെ.എസ്.ഇ.ബി.യുടെ കീഴിലുള്ള ഡാമുകളുടെ അറ്റകുറ്റപ്പണികൾ, ഡാം സുരക്ഷ, അടിസ്ഥാന സൗകര്യം ഏർപ്പെടുത്തുക തുടങ്ങിയ പ്രവൃത്തികൾക്കായി സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ഗാർഹികാവശ്യത്തിനും വ്യാവസായിക/ വാണിജ്യാവശ്യത്തിനും എന്ന് മാത്രമല്ല. എല്ലാത്തരം ഉപഭോക്താക്കൾക്കും വൈദ്യുതി മിതമായ നിരക്കിൽ തടസ്സം കൂടാതെ ലഭ്യമാക്കുന്നതിനുവേണ്ട പ്രവർത്തനങ്ങൾ കെ.എസ്.ഇ.ബി.എൽ. ഏറ്റെടുത്ത് നടത്തുന്നു. ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് ശക്തമായ ഇടപെടലാണ് നടത്തുന്നത്. ഇതോടൊപ്പം പരമാവധി കുറഞ്ഞ നിരക്കിൽ വൈദ്യുതി വാങ്ങി ആവശ്യകത നിറവേറ്റുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. ഇതിനായി ദീർഘകാല കരാറുകൾ,

മധ്യകാല-ഹ്രസ്വകാല വൈദ്യുതി വാങ്ങലുകൾ എന്നിവയെല്ലാം ആസൂത്രിതമായി ഉപയോഗപ്പെടുത്തുന്നു. ആഭ്യന്തര ജലവൈദ്യുത പദ്ധതികളുടെ ഉത്പാദനശേഷി പരമാവധി ഉപയോഗപ്പെടുത്തുന്നതുവഴി വൈദ്യുതി വില മിതമായി നിലനിർത്താൻ സാധിക്കുന്നുണ്ട്.

പ്രസരണ വിതരണ ശൃംഖലകൾ ശക്തിപ്പെടുത്തുന്നതിലൂടെ മാത്രമേ തടസ്സരഹിതമായ വൈദ്യുതി വിതരണം സാധ്യമാകൂ. പ്രസരണ മേഖലയിൽ ട്രാൻസ്ഗ്രിഡ് 2.0 എന്ന പദ്ധതി നടപ്പിലാക്കുന്നതോടുകൂടി ഒരു നീണ്ട കാലയളവിലേയ്ക്ക് പ്രസരണ ശൃംഖല ശക്തിപ്പെടുത്താനാകും. ഇതുവഴി പ്രസരണ നഷ്ടവും കുറയുന്നതിനാൽ വാങ്ങേണ്ടുന്ന വൈദ്യുതിയുടെ ചെലവ് കുറയ്ക്കുന്നതു വഴി വൈദ്യുതി നിരക്ക് മിതമായി നിലനിർത്താൻ സാധിക്കും. വിതരണ ശൃംഖലയെ വരുന്ന നാലുകൊല്ലത്തിനുള്ളിൽ വളരെ വിപുലമായി പുനഃസംഘടിപ്പിക്കുവാൻ ലക്ഷ്യമിടുന്നു. സുരക്ഷിതവും കാര്യക്ഷമവുമായ വൈദ്യുതി എല്ലായിപ്പോഴും ലഭ്യമാക്കുന്നതിന് എച്ച്.റ്റി. ശൃംഖലയുടെ എല്ലാ ഭാഗത്തും കുറഞ്ഞത് രണ്ട് സ്രോതസ്സിൽ നിന്നെങ്കിലും വൈദ്യുതി എത്തിക്കുന്നതിന് സംവിധാനം ഒരുക്കുക, എബിസി, ഭൂഗർഭ കേബിൾ തുടങ്ങിയ കവചിത ചാലകങ്ങൾ, ആർ.എം.യു എന്നിവ ഉപയോഗിച്ച് പരമാവധി വൈദ്യുതി തടസ്സം ഒഴിവാക്കുക, പുരയിടങ്ങൾക്ക് കുറുകെ കടന്നുപോകുന്ന ലൈനുകൾ വൈദ്യുതി തടസ്സത്തിന് കാരണമാകുന്നുവെങ്കിൽ അവ മാറ്റി സ്ഥാപിക്കുക, ലൈനുകളുടെയും പ്രതിഷ്ഠാപനങ്ങളുടെയും നവീകരണം ഉറപ്പാക്കുക തുടങ്ങിയ പ്രവൃത്തികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ സർക്കിൾ തലത്തിൽ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ (PMU) രൂപീകരിക്കുകയും അതിന്റെ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നു വരികയും ചെയ്യുന്നു.

(ബി) സംസ്ഥാനത്തെ ജലവൈദ്യുത പദ്ധതികളിൽ 35-40 വർഷം പഴക്കമുള്ള പദ്ധതികളുടെ പുനരുദ്ധാരണ നവീകരണ പ്രവൃത്തികൾ താഴെ പറയുംപ്രകാരം പുരോഗമിച്ചുവരുന്നു:

1. പൊരിങ്ങൽക്കുത്ത് 4x8 MW ജലവൈദ്യുത പദ്ധതി നവീകരിച്ച് 4x9 MW ആയി ശേഷി വർദ്ധിപ്പിച്ച് പ്രവർത്തിപ്പിച്ചുവരുന്നു. പ്രസ്തുത പദ്ധതിയുടെ പെൻസ്റ്റോക്കുകളുടെ അറ്റകുറ്റപ്പണി പുരോഗമിച്ചുവരുന്നു.

2. ഷോളയാർ 3x18 MW ജലവൈദ്യുത പദ്ധതിയുടെ യന്ത്ര സാമഗ്രികളുടെ നവീകരണവും പുനരുദ്ധാരണവും, പെൻസ്റ്റോക്കുകളുടെ നവീകരണ പ്രവൃത്തികളും പുരോഗമിച്ച വരുന്നു.

3. ഇടുക്കി ജലവൈദ്യുത പദ്ധതിയുടെ ഒന്നാംഘട്ടം (3x130 MW) നവീകരണ പ്രവൃത്തികൾ പുരോഗമിച്ച വരുന്നു.

4. കുറ്റ്യാടി 3x25 MW ജലവൈദ്യുത പദ്ധതിയുടെ നവീകരണ പുനരുദ്ധാരണ പ്രവൃത്തികൾ ശേഷി വർദ്ധിപ്പിക്കൽ ഉൾപ്പെടെ (3x27.5 MW) ഉള്ള പ്രവൃത്തികളുടെ ദർഘാസുകൾ ക്ഷണിച്ചിരിക്കുകയാണ്.

(സി) കെ.എസ്.ഇ.ബി.എൽ.-ന്റെ കീഴിലുള്ള ഡാമുകളുടെ അറ്റകുറ്റപണികൾ, ഡാം സുരക്ഷ അടിസ്ഥാന സൗകര്യം ഏർപ്പെടുത്തൽ തുടങ്ങിയ പ്രവൃത്തികൾ ലോക ബാങ്കിന്റെ സാമ്പത്തിക സഹായത്തോടുകൂടി ഡാം റീഹാബിലിറ്റേഷൻ ആൻഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട് (DRIP) വഴി നടപ്പാക്കുന്നുണ്ട്.

കെ.എസ്.ഇ.ബി.എൽ-ന്റെ കീഴിലുള്ള '12' ജലവൈദ്യുത പദ്ധതികളുടെ ഭാഗമായ 37 ഡാമുകളുടെ പുനരുദ്ധാരണ നവീകരണ പദ്ധതികളാണ് DRIP വഴി നടപ്പിലാക്കുന്നത്. ഈ പദ്ധതിയ്ക്ക് ആകെ ചെലവ് 153.73 കോടി രൂപയാണ്. ഇതിൽ 80% ലോക ബാങ്ക് സാമ്പത്തിക സഹായവും ബാക്കി 20% സംസ്ഥാന സർക്കാരിന്റെ വിഹിതവുമാണ്. ഈ പദ്ധതിയുടെ കാലാവധി 4/2012 മുതൽ 6/2020 വരെയാണ്.

## കാസർഗോഡ് ജില്ലയിൽ അണ്ടർ ഗ്രൗണ്ട് കേബിളിംഗ്

175 (4780) <u>ശ്രീ. എൻ .എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വൈദ്യുതി വിതരണത്തിന് എവിടെയെല്ലാമാണ് യു.ജി.സി (അണ്ടർ ഗ്രൗണ്ട് കേബിളിംഗ്) ഉള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) യു.ജി.സി.-യുള്ള എല്ലായിടങ്ങളിലും ആർ.എം.യു. (റിംഗ് മെയിൻ യൂണിറ്റ്) സ്ഥാപിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) യു.ജി.സി. -യുള്ള ഇടങ്ങളിൽ ആർ.എം.യു. സ്ഥാപിച്ചാലുള്ള ഗുണം എന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) കാസർഗോഡ് ജില്ലയിൽ എവിടെയെല്ലാം യു ജി സി - യുണ്ടെന്നും അവിടങ്ങളിലെല്ലാം ആർ.എം.യു. സ്ഥാപിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ;

(ഇ) ഇല്ലെങ്കിൽ ആർ.എം.യു. സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ;

(എഫ്) ആർ.എം.യു. സ്ഥാപിക്കാനുള്ള സാമ്പത്തിക ചെലവ് എത്രയാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ 11 KV വിതരണ ശൃംഖലയ്ക്ക് യു.ജി.സി. സ്ഥാപിച്ചിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ കാസർഗോഡ്, കാഞ്ഞങ്ങാട് ടൗണുകളിലും, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, തൃശ്ശൂർ, ആലപ്പുഴ, ഇടുക്കി, കോട്ടയം, കൊല്ലം, ജില്ലകളിലുമായി ഭാഗികമായി 11 KV വിതരണ ശൃംഖലയ്ക്ക് ഭൂഗർഭ കേബിളുകൾ സ്ഥാപിച്ചിട്ടുണ്ട്.

(ബി) RMU (റിംഗ് മെയിൻ യൂണിറ്റ്) ഇതുവരെ സ്ഥാപിച്ചിട്ടുള്ളത്, കേരളത്തിലെ 3 SCADA സംവിധാനമുള്ള ടൗണുകളായ കൊച്ചി, കോഴിക്കോട്, തിരുവനന്തപുരം നഗരങ്ങളിലാണ്.

(സി) SCADA ടൗണുകളിൽ RMU -വിന് വിദൂര നിയന്ത്രണം സാധ്യമാണ്. കൂടുതൽ സുരക്ഷിതമായ പ്രവർത്തനം, കുറഞ്ഞ വൈദ്യുതി തടസ്സം എന്നിവയും RMU -വിന്റെ ഗുണങ്ങളിൽ ഉൾപ്പെടും.

(ഡി) കാസർഗോഡ് ജില്ലയിൽ കാസർഗോഡ്, കാഞ്ഞങ്ങാട് ടൗണുകളിൽ UG കേബിളുകൾ സ്ഥാപിച്ചിട്ടുണ്ട്. APDRP, IPDS എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി 19.1 km. UG Cable ഇതുവരെ കാസർഗോഡ് ജില്ലയിൽ സ്ഥാപിച്ചിട്ടുണ്ട്. പക്ഷേ RMU സ്ഥാപിച്ചിട്ടില്ല.

(ഇ) 2018-20 22 പദ്ധതി കാലയളവിൽ 136 RMU-കൾ സ്ഥാപിക്കുന്നതിന് ലക്ഷ്യമിട്ടിരിക്കുന്നു.

(എഫ്) RMU സ്ഥാപിക്കുന്നതിനായി ഒരെണ്ണത്തിന് ഉദ്ദേശം 7.5 ലക്ഷം രൂപ ചെലവാകും.

**ഇ-സേഫ് കേരള പദ്ധതി**

176 (4781) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-സേഫ് കേരള പദ്ധതിയുടെ ലക്ഷ്യങ്ങളെ കുറിച്ച് വിശദീകരിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) സംസ്ഥാനത്തുണ്ടാകുന്ന വൈദ്യുത അപകടങ്ങളിൽ ഭൂരിഭാഗവും പൊതുജനങ്ങളുടെ അശ്രദ്ധയും, അജ്ഞതയും, അലംഭാവവുംമൂലമാണ്. കൂടാതെ ഒരേ കാരണത്താൽ ഉണ്ടാകുന്ന അപകടങ്ങളും കാലഹരണപ്പെട്ട വൈദ്യുത വയറിംഗിലൂടെ ഉണ്ടാകുന്ന അപകടങ്ങളും കൂടുതലാണ്. ഇതിന്റെ തോത് കുറച്ചുകൊണ്ടുവരുന്നതിന് പൊതുജനങ്ങൾക്ക് ബോധവത്കരണം നൽകുകയും കാലഹരണപ്പെട്ട വയറിംഗ് മാറ്റി സ്ഥാപിക്കലുമാണ് മാർഗ്ഗം. ബോധവത്കരണം പൊതുജനങ്ങൾക്കും കെ. എസ്. ഇ. ബി. സ്റ്റാഫിനും, വ്യാവസായിക മേഖലയിൽ ജോലി ചെയ്യുന്നവർക്കും നൽകി വരുന്നുണ്ട്. എന്നാൽ കാലപ്പഴക്കം ചെന്ന വൈദ്യുത വയറിംഗിലൂടെ ഉണ്ടാകുന്ന അപകടങ്ങൾ കുറച്ചുകൊണ്ട് വരുന്നതിനുള്ള പ്രാരംഭ ഘട്ട നടപടി എന്നതിന്റെ അടിസ്ഥാനത്തിൽ അഗളി, പുതൂർ, ഷോളയൂർ എന്നീ പഞ്ചായത്തുകളിലെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 860 പേരുടെ വീടുകളുടെ കാലപ്പഴക്കം ചെന്ന വയറിംഗുകൾ മാറ്റി സർക്യൂട്ടിൽ വൈദ്യുതി ചോർച്ച നിയന്ത്രിച്ച് അപകടം ഒഴിവാക്കുന്ന എർത്ത് ലീക്കേജ് സർക്യൂട്ട് ബ്രേക്കർ (ഇ.എൽ.സി.ബി) സ്ഥാപിച്ചുകൊണ്ട് വയറിംഗ് നവീകരിച്ച് പുനഃസ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതി ഇ-സേഫ് കേരളയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഈ പദ്ധതിയുടെ ഭാഗമായി കേരളമൊട്ടാകെ ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുകയും മേൽപ്പറഞ്ഞ പഞ്ചായത്തുകളിലെ വീടുകൾ പുതുക്കി വയറിംഗ് ചെയ്ത് നൽകുന്നതിനുള്ള ടെൻഡർ ക്ഷണിക്കുകയും ഇതിന്റെ വർക്ക് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്.

## ഒറ്റപ്പാലം മണ്ഡലത്തിൽ സ്മാർട്ട് മീറ്റർ സംവിധാനം

177 (4782) <u>ശ്രീ. പി. ഉണ്ണി :</u> താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ വിവിധ ഇലക്ട്രിക് സെക്ഷനുകളിൽ സ്മാർട്ട് മീറ്റർ സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

കേന്ദ്ര ഗവൺമെന്റിന്റെ ഐ.പി.ഡി. എസ്. പദ്ധതി പ്രകാരം കേരളത്തിലെ 63 നഗരങ്ങളിൽ 200 യൂണിറ്റിന് മുകളിൽ പ്രതിമാസ വൈദ്യുതി ഉപഭോഗമുള്ള ഉപഭോക്താക്കൾക്കാണ് നിലവിൽ സ്മാർട്ട് മീറ്റർ ഘടിപ്പിക്കാൻ വിഭാവന ചെയ്തിരിക്കുന്നത്. ഐ.പി.ഡി.എസ്. പദ്ധതി അനുവദിക്കപ്പെട്ട 63 നഗരങ്ങളിൽ ഒറ്റപ്പാലം ഉൾപ്പെട്ടിട്ടുണ്ട്. അതിനാൽ 200 യൂണിറ്റിനു മുകളിൽ പ്രതിമാസ വൈദ്യുതി ഉപഭോഗമുള്ള ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ എല്ലാ ഉപഭോക്താക്കൾക്കും സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കാനുദ്ദേശിക്കുന്നു.

## അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി

178 (4783) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി സമന്വയത്തിലൂടെ നടപ്പാക്കണമെന്ന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ പരിസ്ഥിതിയെ തകർത്തുകൊണ്ട് വികസനം പാടില്ല എന്ന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യത്തിന് വിരുദ്ധമാവുമോ ഈ തീരുമാനം എന്ന് വ്യക്തമാക്കുമോ;

(സി) 160 മെഗാ വാട്ട് വൈദ്യുതിക്കായി 150 ഹെക്ടർ വനഭൂമി വെള്ളത്തിൽ മുക്കിയും വിലപ്പെട്ട ജൈവവൈവിധ്യം തകർത്തും പദ്ധതി വേണ്ടന്ന അഭിപ്രായമുള്ളവർ സർക്കാരിൽ തന്നെയുണ്ടോ എന്ന് അറിയിക്കാമോ ;

(ഡി) എങ്കിൽ ഇക്കാര്യം പരിശോധിക്കുമോ; പദ്ധതി നടപ്പാക്കുന്നതിനായി സർക്കാരും കെ.എസ്.ഇ.ബി.-യും ഇതിനകം കൈകൊണ്ട നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ) പദ്ധതിക്കെതിരായ ആശങ്കകൾ അകറ്റി സമന്വയത്തിലൂടെ അതിരപ്പിള്ളി ജലവൈദ്യുതി പദ്ധതി നടപ്പിലാക്കാനാണ് സംസ്ഥാന സർക്കാർ, ഉദ്ദേശിക്കുന്നത്.

(ബി) ഇല്ല. പ്രസ്തുത പദ്ധതിക്ക് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം 1998-ലും 2005-ലും 2007-ലും പാരിസ്ഥിതിക അനുമതി നൽകുകയുണ്ടായി. പദ്ധതിക്കാവശ്യമായ 138.6 ഹെക്ടർ വനഭൂമി വനേതരപ്രവർത്തനങ്ങൾക്കായി വിട്ടുനൽകിയിട്ടുണ്ട്. മേൽപ്പറഞ്ഞ അനുമതികൾ കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ വിദഗ്ദ്ധ സമിതികൾ വിശദമായി പരിശോധിക്കുകയും പരിസ്ഥിതിക്ക് ആഘാതം താരതമ്യേന കുറവായതിനാലുമാണ് അനുമതി ലഭിച്ചത്.

(സി) 163 മെഗാവാട്ട് വൈദ്യുത പദ്ധതിക്കായി 138.6 ഹെക്ടർ വനഭൂമിയാണ് വനേതര പ്രവൃത്തികൾക്കായി വിനിയോഗിക്കുന്നത്. ഇതിൽ 104.4 ഹെക്ടർ ഭൂമിയാണ് വെള്ളത്തിൽ മുങ്ങുന്നത്. ഇതിൽ 39.2 ഹെക്ടർ ഭൂമി നദീതടവും 36.8 ഹെക്ടർ തേക്ക് പ്ലാന്റേഷനുമാണ്. 28.4 ഹെക്ടർ മാത്രമാണ് സ്വാഭാവിക വനം. മരംമുറി ആവശ്യമായ വിസ്തീർണ്ണം 41.8 ഹെക്ടർ മാത്രമാണ്. ഇത് പദ്ധതിയുടെ സ്ഥാപിതശേഷിയുമായി താരതമ്യം ചെയ്യുമ്പോൾ വളരെ തുച്ഛമാണ്. പ്രസ്തുത പദ്ധതി ജൈവവൈവിധ്യത്തെ തകർക്കുന്ന രീതിയിലല്ല വിഭാവനം

ചെയ്തിരിക്കുന്നത് എന്നതിന്റെ വെളിച്ചത്തിലാണ് കേന്ദ്രവനം പരിസ്ഥിതി മന്ത്രാലയം പദ്ധതിക്ക് അനുമതി നൽകിയിരിക്കുന്നത്.

(ഡി) പദ്ധതി നടപ്പിലാക്കാനുള്ള എല്ലാ അനുമതികളും ലഭ്യമായിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ പവർ ഹൗസ് നിർമ്മിക്കുന്നതിന്റെ ഭാഗമായിട്ടുള്ള പ്രാരംഭ പ്രവർത്തനങ്ങൾ കെ.എസ്.ഇ.ബി.എൽ. നടത്തിയിട്ടുണ്ട്.

**വൈദ്യുതപദ്ധതികൾ**

179 (4784) ശ്രീ. സി. ദിവാകരൻ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുസ്ഥിരമായ വൈദ്യുതി കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുന്നതിനായി സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കുമോ;

(ബി) പുതിയ വൈദ്യുതി സ്രോതസ്സുകൾ കണ്ടെത്തുന്നതിനായുള്ള സർക്കാരിന്റെ ശ്രമങ്ങൾ വ്യക്തമാക്കുമോ;

(സി) പവർ ഹൗസുകളിൽ നിന്ന് വൈദ്യുതി ഉല്പാദനശേഷം പുറത്ത് വിടുന്ന ജലം ഉപയോഗിച്ചു ചെറു പദ്ധതികൾ ആരംഭിക്കുന്നത് സാധ്യമാണോ; വ്യക്തമാക്കുമോ;

(ഡി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കേരളത്തിൽ ഉണ്ടായ വൈദ്യുതി ഉല്പാദനവും, ഈ സർക്കാരിന്റെ കാലത്ത് കേരളത്തിലുണ്ടായ വൈദ്യുതി ഉല്പാദനവും അറിയിക്കുമോ;

(ഇ) കായംകുളം, നല്ലളം, ബ്രഹ്മപുരം പദ്ധതികൾ സംസ്ഥാനത്തിന് പ്രയോജനപ്പെടുത്തുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) സുസ്ഥിരമായ വൈദ്യുതി കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുന്നതിനായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് വിവിധ ദീർഘകാല കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്. 2018 ജനുവരി മാസത്തെ കണക്കുകൾ പ്രകാരം കേന്ദ്രവിഹിതമായി 1682.97 മെഗാവാട്ടിന്റെ ലഭ്യത ₹3.95/Unit ശരാശരി നിരക്കിൽ (884.35 ദശലക്ഷം യൂണിറ്റ്) വാങ്ങിയിട്ടുണ്ട്. ഇവ കൂടാതെ ദീർഘകാല കരാറിലൂടെ അന്യസംസ്ഥാനങ്ങളിൽ നിന്ന് 1215MW വൈദ്യുതി ₹4.12/ Unit ശരാശരി നിരക്കിൽ (721.74 ദശലക്ഷം യൂണിറ്റ്) വാങ്ങിയിട്ടുണ്ട്. സംസ്ഥാനത്തെ ആഭ്യന്തര സ്വകാര്യ ജലവൈദ്യുതി ഉല്പാദകരിൽ നിന്ന് ₹ 3.45 /Unit

എന്ന ശരാശരി നിരക്കിൽ 2.922 ദശലക്ഷം യൂണിറ്റും സ്വകാര്യ കാറ്റാടി ഉല്പാദകരിൽ നിന്ന് ₹3.47/Unit ശരാശരി നിരക്കിൽ 2.4 ദശലക്ഷം യൂണിറ്റ് വൈദ്യുതിയും ബോർഡ് വാങ്ങിയിട്ടുണ്ട്. ഇതിനുപുറമേ ആവശ്യാനുസരണം കുറഞ്ഞ നിരക്കിൽ പവർ എക്സ്ചേഞ്ച് മുഖേനയും വൈദ്യുതി വാങ്ങാറുണ്ട്. എന്നാൽ സംസ്ഥാനത്തെ താപനിലയങ്ങളുടെ ഉല്പാദന ചെലവ് ഉയർന്നതിനാൽ അത്യാവശ്യ ഘട്ടങ്ങളിൽ മാത്രമേ അവ ഉപയോഗപ്പെടുത്താറുള്ളൂ. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ഉല്പാദന നിലയങ്ങളിൽ നിന്നുള്ള വൈദ്യുതിയ്ക്ക് പുറമേ മേൽപ്പറഞ്ഞ പ്രകാരമാണ് സുസ്ഥിരമായ വൈദ്യുതി കുറഞ്ഞ നിരക്കിൽ ലഭ്യമാക്കി സംസ്ഥാനത്തിന്റെ വൈദ്യുത ആവശ്യകത നിറവേറ്റുന്നത്.

വൈദ്യുത പവർപ്ലാന്റ് മേൽക്കൂരയിൽ സ്ഥാപിച്ച് കുറഞ്ഞ നിരക്കിൽ സർക്കാർ സ്ഥാപനങ്ങൾക്ക് വൈദ്യുതി നൽകുന്ന പദ്ധതി നടപ്പിലാക്കുവാനുള്ള ഒരുക്കങ്ങൾ നടത്തിവരുന്നു. ജ്യോതിസ് എന്ന് പേരിട്ടിരിക്കുന്ന ഈ പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര-സംസ്ഥാന സർക്കാർ കെട്ടിടങ്ങൾക്ക് മുതൽമുടക്കില്ലാതെ സോളാർ എനർജി കോർപ്പറേഷൻ ഓഫ് ഇന്ത്യ (SECI) എംപാനൽ ചെയ്തിരിക്കുന്ന ഏജൻസികൾ മുഖേന 50 കിലോവാട്ട് മുതൽ സോളാർ പാനലുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു.

(ബി) കേരളത്തിൽ സാധ്യമായ ജലവൈദ്യുത പദ്ധതികൾ പരമാവധി നടപ്പിലാക്കാൻ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് നടപടികളെടുക്കുന്നുണ്ട്. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളായ സൗരോർജ്ജം, കാറ്റ്, ചെറുകിട ജല വൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്നതിനുപയുക്തമായ സ്ഥലങ്ങൾ കണ്ടെത്തി പരമാവധി പ്രോത്സാഹിപ്പിക്കുന്നതിനായുള്ള ശ്രമങ്ങൾ നടന്നു വരുന്നു. സ്വകാര്യ സംരംഭകർ വഴിയുള്ള സൗരോർജ്ജ പദ്ധതികൾ, ജല വൈദ്യുതപദ്ധതികൾ ഇവ പ്രോത്സാഹിപ്പിക്കുന്നുണ്ട്. അടുത്ത മൂന്ന് വർഷങ്ങളിൽ പുരപ്പുറ സൗരോർജ്ജ പദ്ധതികൾ വഴി 500 മെഗാവാട്ട് ശേഷി വർദ്ധനവിനായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് നേരിട്ട് നടപ്പാക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. നഗരമാലിന്യങ്ങളിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുവാനുള്ള പദ്ധതികളിൽ നിന്നുമുള്ള വൈദ്യുത ഉല്പാദന നിരക്ക് കൂടുതലാണെങ്കിലും മാലിന്യ നിർമ്മാർജ്ജനത്തിന് വേണ്ടിയുള്ള പദ്ധതികളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഇത്തരം പദ്ധതികൾ കുറഞ്ഞ ചെലവിൽ വികസിപ്പിച്ചെടുക്കുന്നതിനുള്ള സാധ്യതകളും പരിശോധിക്കുന്നുണ്ട്.

സാധ്യമായത്ര ജലവൈദ്യുത പദ്ധതികൾ കണ്ടെത്തുകയും, അവയുടെ സാധ്യത പഠനം നടത്തുകയും, അഭികാമ്യമായ പദ്ധതികളുടെ വിശദമായ പഠന റിപ്പോർട്ട്, പ്രോജക്ട് റിപ്പോർട്ട് ആവശ്യമായ അനുമതികൾക്ക് ശേഷം നിർമ്മാണഘട്ടത്തിലേയ്ക്ക് എത്തിക്കുകയും ചെയ്യുന്നുണ്ട്.

ചെറികിട ജലവൈദ്യുത പദ്ധതികൾ കൂടുതലായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി മത്സര ദർഘാസിന്റെ അടിസ്ഥാനത്തിൽ 20 ചെറുകിട പദ്ധതികൾ Build, Own Operate & Transfer (BOOT) എന്ന വ്യവസ്ഥയിൽ 30 വർഷത്തേയ്ക്ക് കൊടുക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്.

വലിയ ഡാമുകളും മറ്റും പണിയുന്നതിന് ബുദ്ധിമുട്ടുള്ളതിനാൽ ചെറുതടയണകൾ നിർമ്മിച്ച് ചെറിയ ഉയര വ്യത്യാസത്തിൽ വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള ചെറിയ പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. തിരുവനന്തപുരം കോർപ്പറേഷനിൽ കാഞ്ഞിരംപാറ വാർഡിൽ നവീന രീതിയിലുള്ള 2x10kw-ന്റെ ഒരു ഡെമോൺസ്ട്രേഷൻ പദ്ധതി 'വോർടെക്സ്' ടർബയിനുകൾ ഉപയോഗിച്ച് നടപ്പിലാക്കിവരുന്നു. പദ്ധതി 2018 മേയ് മാസത്തോടെ പൂർത്തീകരിച്ച് തിരുവനന്തപുരം കോർപ്പറേഷന് എനർജി മാനേജ്മെന്റ് സെന്റർ (ഇ.എം.സി.) കൈമാറുന്നതാണ്.

ഇതുകൂടാതെ കൈനെറ്റിക് ടർബയിൻ (വെലോസിറ്റി ടർബയിൻ) ഉപയോഗിച്ച് വെള്ളത്തിന്റെ ഒഴുക്കിന്റെ ശക്തികൊണ്ട് പ്രവർത്തിക്കുന്ന ടർബയിനുകൾ പരീക്ഷണാടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി.-യുടെ കക്കാട് വൈദ്യുത പദ്ധതിയുടെ ടെയിൽറേസിൽ ഘടിപ്പിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള നടപടികളും ഇ.എം.സി. സ്വീകരിച്ചുവരുന്നു.

2017-18 സാമ്പത്തികവർഷം അനെർട്ട് മുഖേന സോളാർ ഫോട്ടോവോൾട്ടായിക്-സോളാർ വിന്റ് ഹൈബ്രിഡ് പവർ പ്ലാന്റുകൾ (3 മെഗാവാട്ട് വരെ ശേഷിയുള്ളവ) സ്ഥാപിക്കുന്നതിനായി 16.65 കോടി രൂപയുടെ പദ്ധതിയുണ്ട്. കൂടാതെ 1.4 മെഗാവാട്ട് ആകെ ശേഷിയുള്ള ശൃംഖലാബന്ധിത സോളാർ പവർപ്ലാന്റുകൾ ജില്ലാകളക്ടറേറ്റ് അടക്കമുള്ള സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ സ്ഥാപിക്കുന്നതിനും 11.87 കോടി രൂപയുടെ പദ്ധതി പ്രാവർത്തികമാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

(സി) പവർ ഹൗസുകളിൽ നിന്നും വൈദ്യുതി ഉല്പാദന ശേഷം പുറത്തു വിടുന്ന ജലം ഉപയോഗിച്ച് പ്രവർത്തിക്കാവുന്ന ചെറുകിട ജലവൈദ്യുത പദ്ധതികൾ സാധ്യമാണ്. ഇത്തരത്തിലുള്ള പദ്ധതികൾ ബോർഡ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

കെ.എസ്.ഇ.ബി.-യുടെ കക്കാടുള്ള ജലവൈദ്യുത പദ്ധതിയുടെ ടെയിൽറേസിൽ (വൈദ്യുതി ഉല്പാദന ശേഷം വെള്ളം വീണ്ടും പുഴയിലോട്ട് പോകുന്ന വഴി) സ്ഥാപിച്ച് പരീക്ഷണങ്ങളും വൈദ്യുത ഉത്പാദനവും നടത്തുവാനുള്ള പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നു.

(ഡി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 2011 മുതൽ 2016 മെയ് വരെ കമ്മീഷൻ ചെയ്ത പദ്ധതികൾ താഴെപ്പറയുന്നവയാണ്"

| ജലവൈദ്യുത പദ്ധതികൾ | | |
|---|---|---|
| 1 | റാന്നി പെരുനാട് | 4 മെഗാവാട്ട് |
| 2 | ഇരുട്ടുക്കാനം സ്റ്റേജ് 2 | 1.5 മെഗാവാട്ട് (IPP) |
| 3 | പീച്ചി | 1.25 മെഗാവാട്ട് (IPP) |
| 4 | പാമ്പുങ്കയം | 0.11 മെഗാവാട്ട് (IPP) |
| 5 | കാരിക്കയം | 10.5 മെഗാവാട്ട് (IPP) |
| 6 | മീൻവല്ലം | 3 മെഗാവാട്ട് (IPP) |
| 7 | വിലങ്ങാട് | 7.5 മെഗാവാട്ട് |
| 8 | പൊരിങ്ങൽക്കുത്ത് (RMU) | 4 മെഗാവാട്ട് |
| 9 | ശബരിഗിരി (RMU) | 5 മെഗാവാട്ട് |
| 10 | ചിമ്മിനി | 2.5 മെഗാവാട്ട് |
| 11 | ആഡ്യൻപാറ | 3.5 മെഗാവാട്ട് |
| 12 | കല്ലാർ മൈക്രോ | 0.05 മെഗാവാട്ട് (IPP) |
| 13 | അഗളി വിന്റ് ഫാം | 1.2 മെഗാവാട്ട് |
| 14 | അഹല്യ കഞ്ചിക്കോട് വിന്റ് ഫാം | 8.4 മെഗാവാട്ട് (IPP) |
| 15 | സോളാർ പ്രോജക്ടുകൾ | 1.156 മെഗാവാട്ട് |
| 16 | CIAL സോളാർ | 13 മെഗാവാട്ട് |
| 17 | ഗ്രിഡ് ബന്ധിത സോളാർ പ്ലാന്റുകൾ | 1.288 മെഗാവാട്ട് |
| | ആകെ | 67.954 മെഗാവാട്ട് |

2016 മേയ് മുതൽ ഇതുവരെ കമ്മീഷൻ ചെയ്ത പദ്ധതികൾ താഴെപ്പറയുന്നവയാണ്.

| | | |
|---|---|---|
| 1 | പൊരിങ്ങൽക്കുത്ത് മൈക്രോ | 0.11 മെഗാവാട്ട് |
| 2 | വെള്ളത്തൂവൽ | 3.6 മെഗാവാട്ട് |
| 3 | പെരുന്തേനരുവി | 6 മെഗാവാട്ട് |
| 4 | ദേവിയാർ മൈക്രോ | 0.05 മെഗാവാട്ട് (IPP) |

| | | |
|---|---|---|
| 5 | പതങ്കയം | 8 മെഗാവാട്ട് (IPP) |
| 6 | കാരിക്കയം (Stage III) | 4.5 മെഗാവാട്ട് (IPP) |
| 7 | വിന്റ് INOX | 16 മെഗാവാട്ട് (IPP) |
| 8 | സോളാർ പ്രോജക്ടുകൾ | 14.215 മെഗാവാട്ട് (IPP) |
| 9 | ഹിന്റാൽകോ (സോളാർ) | 1 മെഗാവാട്ട് (IPP) |
| 10 | അനെർട്ട് (സോളാർ) | 2 മെഗാവാട്ട് (Government Agency) |
| 11 | SECI- സോളാർ പാർക്ക് | 50 മെഗാവാട്ട് |
| 12 | CIAL- (സോളാർ) | 17 മെഗാവാട്ട് (IPP) |
| 13 | വിന്റ് (കൊശമറ്റം) | 1 മെഗാവാട്ട് (IPP) |
| 14 | ഗ്രിഡ് ബന്ധിത സോളാർ പ്ലാന്റുകൾ | 8.645 മെഗാവാട്ട് |
| | ആകെ | 132.120 മെഗാവാട്ട് |

ഗ്രിഡിലേയ്ക്ക് വൈദ്യുതി ഉത്പാദിപ്പിച്ച് നൽകുന്ന വലിയ പവർപ്ലാന്റ് വിഭാഗത്തിൽ അനെർട്ട് 2 മെഗാവാട്ട് പ്ലാന്റ് ഈ സർക്കാരിന്റെ കാലത്ത് കുഴൽമന്ദത്ത് കമ്മീഷൻ ചെയ്തു.

(ഇ) സംസ്ഥാനത്തിന് പുറത്തുനിന്നുള്ള വൈദ്യുതിയുടെയോ, പ്രസരണ ലൈനുകളുടെയോ ലഭ്യത കുറവ് വരുന്ന അടിയന്തര സാഹചര്യങ്ങളിൽ കായംകുളം താപനിലയത്തിൽ നിന്നും കോഴിക്കോട് താപനിലയത്തിൽ നിന്നും ഉല്പാദനം നടത്തി സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകത നിറവേറ്റുന്നു.

**പ്രസരണ വിതരണ സംവിധാനം**

180 (4785) <u>ശ്രീ. പി. ടി. തോമസ്:</u>

<u>ശ്രീ. ഹൈബി ഈഡൻ:</u>

<u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രസരണ വിതരണ സംവിധാനം വഴി നിലവിൽ എത്ര ശതമാനം വൈദ്യുതിയാണ് നഷ്ടപ്പെടുന്നത്; അത് എത്രയായി കുറയ്ക്കുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുന്നതിലും ഊർജ്ജ ക്ഷമത കുറഞ്ഞ കമ്പികൾ മാറ്റി സ്ഥാപിക്കുന്നതിനും കൂടുതൽ വിതരണ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നതിലും കഴിഞ്ഞ 20 മാസത്തിനുള്ളിൽ എന്ത് പുരോഗതി കൈവരിക്കുവാൻ കഴിഞ്ഞുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പ്രസരണ സംവിധാനം വഴി നിലവിൽ 4.59% വൈദ്യുതിയാണ് നഷ്ടപ്പെടുന്നത്. പ്രസരണനഷ്ട ശതമാനം '3' (മൂന്ന്)-ൽ താഴെ കൊണ്ടു വരുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്.

(ബി) കഴിഞ്ഞ 20 മാസത്തിനുള്ളിൽ 16.03 ലക്ഷം കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുകയും, 4195 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 1527 കി.മീ എച്ച്. റ്റി. ലൈൻ റീ കണ്ടക്ടറിംഗ്, 21530 കി.മീ എൽ.റ്റി. ലൈൻ റീ കണ്ടക്ടറിംഗ് എന്നീ പ്രവൃത്തികളും ചെയ്തിട്ടുണ്ട്.

## വൈദ്യുതി ഉൽപ്പാദനവും ഉപഭോഗവും

181 (4786) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലെ വൈദ്യുതി ഉൽപ്പാദനവും ഉപഭോഗവും തമ്മിലുള്ള അന്തരം കുറയ്ക്കാൻ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ;

(ബി) സംസ്ഥാനത്തെ വൈദ്യുതി ഉൽപാദന മേഖലയിൽ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളുടെ ഉപയോഗം ആകെ ഉൽപ്പാദനത്തിന്റെ എത്ര ശതമാനമാണെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ അറിയിക്കുമോ; പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകൾ ഉപയോഗപ്പെടുത്തുന്നതിന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാകുമോ ?

ഉത്തരം

(എ) 2018 മാർച്ച് 14-ാം തീയതി വരെയുള്ള കണക്കനുസരിച്ച് സംസ്ഥാനത്തെ പ്രതിദിന ശരാശരി ഉപഭോഗം 74.27 ദശലക്ഷം യൂണിറ്റാണ്. സംസ്ഥാനത്തെ പ്രതിദിന ശരാശരി വൈദ്യുതി ഉത്പാദനം ഏകദേശം 24.18 ദശലക്ഷം യൂണിറ്റാണ്. ഉൽപ്പാദനവും ഉപഭോഗവും തമ്മിലുള്ള അന്തരം ഏകദേശം 50.09 ദശലക്ഷം യൂണിറ്റാണ്. കേരളത്തിന് ആവശ്യമായ അധിക വൈദ്യുതി സംസ്ഥാനത്തിന് പുറത്തു നിന്നും കേന്ദ്ര വിഹിതമായും ദീർഘകാല കരാർ വഴിയും, പവർ എക്സ്ചേഞ്ച് വഴിയുമാണ് ലഭ്യമാക്കുന്നത്.

സംസ്ഥാനത്ത് നിലവിലുള്ള വൈദ്യുത ഉത്പാദനവും ഉപഭോഗവും തമ്മിലുള്ള അന്തരം കുറയ്ക്കുന്നതിന്റെ ഭാഗമായി ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. നിർമ്മാണം നടന്നു വരുന്ന കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ 9 ജലവൈദ്യുത പദ്ധതികൾ പൂർത്തിയാകുന്നതോടെ 166.5 മെഗാവാട്ട് അധികം ശേഷി സംസ്ഥാനത്തിന് കൈവരുന്നതാണ്. കൂടാതെ പരിഗണനയിലുള്ള 107 മെഗാവാട്ടിന്റെ പദ്ധതികൾ പൂർത്തിയാക്കുന്നതാണ്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ സ്രോതസ്സുകൾ വഴിയുള്ള വൈദ്യുത പദ്ധതികൾ സ്വകാര്യ സംരംഭകർ വഴിയും കെ.എസ്.ഇ.ബി. ലിമിറ്റഡ് മുഖേനയും 132.067 മെഗാവാട്ട് ശേഷി വർദ്ധിപ്പിക്കുകയുണ്ടായി. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളായ സൗരോർജ്ജം, കാറ്റ് എന്നിവയിൽ നിന്നുള്ള പദ്ധതികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു.

കാര്യക്ഷമമായ വൈദ്യുത ഉപയോഗത്തിലൂടെ വൈദ്യുതി ഉപയോഗം കുറയ്ക്കുന്നതിനായി എനർജി മാനേജ്മെന്റ് സെന്റർ വിദ്യാലയങ്ങളിൽ എനർജി സ്മാർട്ട് പരിപാടി എന്ന ഊർജ്ജ സംരക്ഷണ വിദ്യാഭ്യാസ പരിപാടിയും വീട്ടമ്മമാർക്കായി ഊർജ്ജ ക്ലിനിക്കും, പൊതുജന ബോധവൽക്കരണ പരിപാടിയായ ഊർജ്ജ കിരൺ പരിപാടി, പത്ര-ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലൂടെയുള്ള പ്രചാരണ പരിപാടികൾ എന്നിവയും നടത്തി വരുന്നുണ്ട്.

എനർജി സ്മാർട്ട് പരിപാടിയിലൂടെ വിദ്യാർത്ഥികൾ അവരവരുടെ വീടുകളിലും സ്കൂളുകളിലും വൈദ്യുതി ലാഭിക്കുന്നതിനായി മുൻകൈ എടുക്കുന്നുണ്ട്. കൂടാതെ ഈ പരിപാടിയുടെ ഭാഗമായി 570 സ്കൂളുകളിൽ ഊർജ്ജ കാര്യക്ഷമതയുള്ള എൽ.ഇ.ഡി. ലൈറ്റുകൾ, സ്റ്റാർ റേറ്റഡ് ഫാനുകൾ എന്നിവ നൽകിയിട്ടുണ്ട്. ഇതു കൂടാതെ അനെർട്ടുമായി സഹകരിച്ച് 19 സ്കൂളുകളിൽ 2 കിലോ വാട്ട് സൗരോർജ്ജ സംവിധാനം സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

ഇതുകൂടാതെ വൈദ്യുതി ഉല്പാദന വർദ്ധനവ് ലക്ഷ്യമിട്ടുകൊണ്ട് ചെറുകിട ജലവൈദ്യുത പദ്ധതി വികസനത്തിനായി പൊതു/സ്വകാര്യ/തദ്ദേശ സ്ഥാപനങ്ങൾക്ക് ചെറുകിട ജല വൈദ്യുത പദ്ധതികൾ അനുവദിച്ചു വരുന്നു.

(ബി) പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽ നിന്നുള്ള ഉൽപ്പാദനം ഏകദേശം 1.36 ദശലക്ഷം യൂണിറ്റാണ്. ഇത് ആഭ്യന്തര ഉൽപ്പാദനത്തിന്റെ 5.6 ശതമാനമാണ്.

പാരമ്പര്യേതര ഊർജ്ജ സ്രോതസ്സായ ചെറുകിട ജലവൈദ്യുത പദ്ധതികൾ ഉപയോഗപ്പെടുത്തി പദ്ധതികൾ കെ.എസ്.ഇ.ബി.എൽ. ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഇപ്പോൾ നിർമ്മാണം നടന്നു വരുന്ന 6 ചെറുകിട ജലവൈദ്യുത പദ്ധതികൾ വഴി 66.5 മെഗാവാട്ട് ഉൽപ്പാദിപ്പിക്കുവാൻ സാധിക്കും. കൂടാതെ 109 മെഗാവാട്ടിന്റെ 14 ചെറുകിട ജലവൈദ്യുത പദ്ധതികൾ പുതുതായി ആവിഷ്കരിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ പദ്ധതിയുടെ വിവരങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

കെ.എസ്.ഇ.ബി. ലിമിറ്റഡും സ്വകാര്യ സംരംഭകർ വഴിയും കാറ്റിൽ നിന്നും സംസ്ഥാനത്ത് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങളും സൗരോർജ്ജ പദ്ധതികളുടെ വിശദാംശങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു.*

പാരമ്പര്യേതര ഊർജ്ജസ്രോതസ്സായ ചെറുകിട ജലവൈദ്യുത പദ്ധതി വികസനം ലക്ഷ്യമിട്ടുകൊണ്ട് സംസ്ഥാന ചെറുകിട ജലവൈദ്യുത പദ്ധതി നയം നിക്ഷേപക സൗഹൃദമാക്കി 2012-ൽ പുതുക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ പോളിസി പ്രകാരം സ്വകാര്യ/പൊതുമേഖല/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ചെറുകിട ജലവൈദ്യുത പദ്ധതികൾ അനുവദിച്ച് വരുന്നു. സ്വന്തം സ്ഥലത്ത് സാധ്യതയുള്ള ഇത്തരത്തിലുള്ള പദ്ധതികൾ അനുവദിയ്ക്കുവാനും പോളിസി പ്രകാരം സാധ്യമാണ്.

പോളിസി പ്രകാരം 'ബൂട്ട്' (BOOT) അടിസ്ഥാനത്തിൽ 2014-ൽ അനുവദിച്ച 21 ചെറുകിട ജലവൈദ്യുത പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

ചെറുകിട ജലവൈദ്യുത പദ്ധതികൾ കൂടുതലായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി മത്സര ദർഘാസിന്റെ അടിസ്ഥാനത്തിൽ 20 ചെറുകിട പദ്ധതികൾ Build, Own Operate & Transfer (BOOT) എന്ന വ്യവസ്ഥയിൽ 30 വർഷത്തേയ്ക്ക് കൊടുക്കുന്നതിനുള്ള അനുമതി 2017-ൽ നൽകിയിട്ടുണ്ട്.

വലിയ ഡാമുകളും മറ്റും പണിയുന്നതിന് ബുദ്ധിമുട്ടുള്ളതിനാൽ ചെറുതടയണകൾ നിർമ്മിച്ച് ചെറിയ ഉയര വ്യത്യാസത്തിൽ വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള ചെറിയ പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

തിരുവനന്തപുരം കോർപ്പറേഷനിൽ കാഞ്ഞിരംപാറ വാർഡിൽ നവീന രീതിയിലുള്ള 2x10kw-ന്റെ ഒരു ഡെമോൺസ്ട്രേഷൻ പദ്ധതി 'വോർടെക്സ്' ടർബയിനുകൾ ഉപയോഗിച്ച് നടപ്പിലാക്കി വരുന്നു. പദ്ധതി 2018 മേയ് മാസത്തോടെ പൂർത്തീകരിച്ച് തിരുവനന്തപുരം കോർപ്പറേഷന് എനർജി മാനേജ്മെന്റ് സെന്റർ (ഇ.എം.സി) കൈമാറുന്നതാണ്.

ഇതുകൂടാതെ കൈനെറ്റിക് ടർബയിൻ (വെലോസിറ്റി ടർബയിൻ) ഉപയോഗിച്ച് വെള്ളത്തിന്റെ ഒഴുക്കിന്റെ ശക്തികൊണ്ട് പ്രവർത്തിക്കുന്ന നാല് ടർബയിനുകൾ ഇ.എം.സി. നെയ്‌വേലി ലിഗ്‌നൈറ്റ് കോർപ്പറേഷനിൽ വിജയകരമായി പരീക്ഷിച്ച് നല്ല രീതിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഇത്തരത്തിലുള്ള ടർബയിനുകൾ പരീക്ഷണാടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി-യുടെ കക്കാട് വൈദ്യുത പദ്ധതിയുടെ ടെയിൽറേസിൽ ഘടിപ്പിക്കുവാനുള്ള നടപടികളും ഇ.എം.സി. സ്വീകരിച്ചുവരുന്നു. ഇതുവരെ സർക്കാർ/സ്വകാര്യ മേഖലയിൽ ഏകദേശം 200 MW -ന്റെ ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

അനെർട്ട് മുഖേന 2016-17 വർഷത്തെ പദ്ധതിയുടെ ഭാഗമായി 2 കിലോവാട്ട് മുതൽ 100 കിലോവാട്ട് വരെ ശേഷിയുള്ള ശൃംഖലാബന്ധിത സോളാർ പവർ പ്ലാന്റുകൾ (ആകെ ശേഷി 5000 കിലോവാട്ട്) കേന്ദ്ര-സംസ്ഥാന സർക്കാർ സബ്സിഡിയോടെ വ്യക്തികൾക്കും, സ്ഥാപനങ്ങൾക്കും സ്ഥാപിച്ചു നൽകാനും, 1 കിലോവാട്ട് മുതൽ 5 കിലോവാട്ട് വരെ ശേഷിയുള്ള ഓഫ് ഗ്രിഡ് സോളാർ പവർ പ്ലാന്റുകൾ (ആകെ ശേഷി. 4000 കിലോവാട്ട്) കേന്ദ്ര-സംസ്ഥാന സർക്കാർ സബ്സിഡിയോടെ സ്ഥാപിച്ച് നൽകാനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു.

2017-18 സാമ്പത്തികവർഷം അനെർട്ട് മുഖേന സോളാർ ഫോട്ടോവോൾട്ടായിക്-സോളാർ വിന്റ് ഹൈബ്രിഡ് പവർ പ്ലാന്റുകൾ (3 മെഗാവാട്ട് വരെ ശേഷിയുള്ളവ) സ്ഥാപിക്കുന്നതിനായി 16.65 കോടി രൂപയുടെ പദ്ധതിയാണ് ലക്ഷ്യമിട്ടിരിക്കുന്നത്. കൂടാതെ 1.4 മെഗാവാട്ട് ആകെ ശേഷിയുള്ള ശൃംഖലാബന്ധിത സോളാർ പവർപ്ലാന്റുകൾ ജില്ലാകളക്ടറേറ്റ് അടക്കമുള്ള സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ സ്ഥാപിക്കുന്നതിനും 11.87 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കാനും ഉദ്ദേശിക്കുന്നു.

അക്ഷയ ഊർജ്ജ ഉപകരണങ്ങൾക്ക്, നിർദ്ദിഷ്ട സാങ്കേതിക മാനദണ്ഡങ്ങൾ തയ്യാറാക്കുന്നതിനും, നിർമ്മാതാക്കളെ എംപാനൽ ചെയ്യുന്നതിനും,

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനും ഉദ്ദേശിക്കുന്നു. കോ-ഓപ്പറേറ്റീവ് സ്ഥാപനങ്ങൾക്കും, സംരംഭകർക്കും ഇൻസെന്റീവ് നൽകി അക്ഷയ ഊർജ്ജ ഉപകരണങ്ങൾ വ്യാപകമായി പ്രചരിപ്പിക്കുന്നതിനും പദ്ധതിയുണ്ട്. ജില്ലാതലത്തിൽ ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും, കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും ഇന്റഗ്രേറ്റഡ് റെന്യൂവബിൾ എനർജി കോംപ്ലക്സുകൾ സ്ഥാപിക്കുന്നതിനും ഉദ്ദേശിക്കുന്നു.

2016-17 വർഷത്തെ പദ്ധതിയുടെ ഭാഗമായി അനെർട്ട് മുഖേന 5000 കിലോവാട്ട് ശേഷിയുള്ള ശൃംഖലാബന്ധിത സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് വർക്ക് ഓർഡർ നൽകി പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. കൂടാതെ 4000 കിലോവാട്ട് ശേഷിയുള്ള ഓഫ് ഗ്രിഡ് സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും വർക്ക് ഓർഡർ നൽകി പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. 2016-17 വർഷത്തെ പദ്ധതി പ്രകാരം അതേവരെ 2303 എണ്ണം പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റുകളും 145 ക്യൂബിക് മീറ്റർ പ്രതിദിന ശേഷിയുള്ള വൻകിട ബയോഗ്യാസ് പ്ലാന്റുകളും, 9353 സ്ക്വയർ മീറ്റർ കളക്ടർ വിസ്തൃതിയുള്ള സോളാർ വാട്ടർ ഹീറ്ററുകളും സർക്കാർ സബ്സിഡിയോടെ സ്ഥാപിച്ചു നൽകി. പാലക്കാട് കുഴൽമന്ദത്ത് 2 മെഗാവാട്ടിന്റെ ശൃംഖലാബന്ധിത സൗരോർജ്ജ പവർ പ്ലാന്റ് സ്ഥാപിച്ച് വൈദ്യുതി കെ.എസ്.ഇ.ബി. ഗ്രിഡിലേയ്ക്ക് നൽകി വരുന്നു.

2016-2017 വർഷത്തിലാണ് കേന്ദ്ര-സംസ്ഥാന സർക്കാർ സബ്സിഡിയോടെ 10,000 വീടുകളിൽ സോളാർ ഓഫ് ഗ്രിഡ് പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതിയായ 10,000 റൂഫ് ടോപ്പ് സോളാർ പവർ പ്ലാന്റ് പദ്ധതി പ്രകാരം 9837 വീടുകളിൽ 1 കിലോവാട്ട് ശേഷിയുള്ള ഓഫ് ഗ്രിഡ് സോളാർ പവർ പ്ലാന്റുകൾ സ്ഥാപിച്ചു നൽകി പദ്ധതി പൂർത്തിയാക്കിയത്. ഇവ മാത്രം ഏകദേശം 10 മെഗാവാട്ട് വൈദ്യുതി ഉൽപാദന ശേഷിക്ക് പര്യാപ്തമാണ്.

**വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിനായുള്ള നടപടികൾ**

182 (4787) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ ലോഡ് ഷെഡ്ഡിംഗ് ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര മെഗാവാട്ട് വൈദ്യുതിയുടെ കുറവാണ് ഇപ്പോൾ ഉണ്ടായിട്ടുള്ളത്;

ഇത് പരിഹരിക്കുന്നതിനായി എന്തെല്ലാം കാര്യങ്ങളാണ് ചെയ്തിട്ടുള്ളത്; ഇതിനായിട്ടുള്ള പദ്ധതികളും കരാറുകളും എന്നാണ് നടത്തിയിട്ടുള്ളത്;

(ബി) സംസ്ഥാന വൈദ്യുതി ബോർഡ് ദീർഘകാല അടിസ്ഥാനത്തിൽ വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിനായി എന്തെല്ലാം പരിപാടികളാണ് എടുത്തിട്ടുള്ളത്; ഇതിൽ നിന്നും എത്ര മെഗാവാട്ട് വൈദ്യുതിയാണ് ലഭ്യമാകുന്നത്; ഇത് എന്നാണ് തുടങ്ങിയത്; വിശദാംശങ്ങൾ നൽകാമോ;

(സി) നിലവിൽ സംസ്ഥാനത്ത് പുറമേ നിന്നും വൈദ്യുതി വാങ്ങുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര മെഗാവാട്ട് വൈദ്യുതിയാണ് വാങ്ങുന്നത്; ഇതു സംബന്ധിച്ച കരാറുകൾ എന്നാണ് ആരംഭിച്ചത്; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി&സി) സംസ്ഥാന വൈദ്യുതി ബോർഡ് ദീർഘകാല അടിസ്ഥാനത്തിൽ വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിനായി എടുത്തിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു:

1. കേന്ദ്ര ഊർജ്ജമന്ത്രാലയം അനുവദിക്കുന്ന വൈദ്യുതി വിഹിതമനുസരിച്ച് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് കേന്ദ്ര വൈദ്യുത നിലയങ്ങളിൽ നിന്നുള്ള വിഹിതം (കേന്ദ്ര പൂളിൽ നിന്നും) ദീർഘ കാല അടിസ്ഥാനത്തിൽ 1682.97 മെഗാ വാട്ട് വൈദ്യുതി വാങ്ങുന്നുണ്ട്.

2. ദീർഘകാല അടിസ്ഥാനത്തിൽ കേരളത്തിന് പുറത്ത് ഏർപ്പെട്ടിട്ടുള്ള വൈദ്യുതി വാങ്ങൽ കരാറുകൾ.

a. <u>ധാരണാപത്രം മുഖേന (Mou Route)</u>

ഇന്ത്യൻ ഇലക്ട്രിസിറ്റി ആക്ട് 2003 -ലെ സെക്ഷൻ 62 അനുസരിച്ച് മൈതൺ പവർ ലിമിറ്റഡിൽ നിന്നും (Maithon Power Limited MPL-TATA Power) ദാമോദർ വാലി കോർപ്പറേഷനിൽ നിന്നും [Damodhar Valley Corporation (DVC)] ധാരണാപത്രം വഴി കരാറിൽ ഏർപ്പെട്ട് CERC നിശ്ചയിച്ച നിരക്കിൽ 450 മെഗാവാട്ട് വൈദ്യുതി ദിവസം മുഴുവനും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷന്റെ അനുമതിയോടെ വാങ്ങുവാൻ ദീർഘകാല കരാറിലേർപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

b. ടെൻഡർ മുഖേന (Bidding route)

ഇന്ത്യൻ ഇലക്ട്രിസിറ്റി ആക്ട് 2003-ലെ സെക്ഷൻ 63 അനുസരിച്ച് കേന്ദ്ര സർക്കാരിന്റെ നിയമാവലിക്കനുസൃതമായി സുതാര്യമായ ടെൻഡർ നടപടി ക്രമത്തിലൂടെ നിർണ്ണയിക്കുന്ന വൈദ്യുതിയുടെ വിലയുടെ അടിസ്ഥാനത്തിൽ അതാത് റെഗുലേറ്ററി കമ്മീഷൻ അംഗീകാരത്തോടെ വിതരണ ലൈസൻസിക്ക് വാങ്ങാവുന്നതാണ്. ഇതുപ്രകാരം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച DBFOO (ഡിസൈൻ, ബിൽഡ്, ഫിനാൻസ്, ഓൺ, ഓപ്പറേറ്റ്) നിയമാവലിയുടെ അടിസ്ഥാനത്തിൽ 765 മെഗാവാട്ട് വൈദ്യുതി ദിവസം മുഴുവനും (24 hrs) വാങ്ങുവാനായി ദീർഘകാല കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി * ആയി ചേർത്തിരിക്കുന്നു.

3. കേരളത്തിനുള്ളിൽ നിന്നുമുള്ള വൈദ്യുതി വാങ്ങൽ കരാറുകൾ.

ഇന്ത്യൻ ഇലക്ട്രിസിറ്റി ആക്ട് 2003 -ലെ സെക്ഷൻ 62 അനുസരിച്ച് കേരളത്തിലുള്ള സ്വകാര്യ സംരംഭകരുടെ ചെറുകിട ജലവൈദ്യുത പദ്ധതികൾ, കാറ്റ് തുടങ്ങിയവയിൽ നിന്നും ധാരണാപത്രം വഴിയുള്ള കരാറുകളിൽ ഏർപ്പെട്ട് സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ നിഷ്കർഷിക്കുന്ന നിരക്കിൽ ഏകദേശം 74 മെഗാവാട്ട് വൈദ്യുതി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് വാങ്ങുന്നുണ്ട്.

4. പവർ എക്സ്ചേഞ്ചിൽ നിന്നുള്ള വൈദ്യുതി വാങ്ങൽ

ജലസംഭരണികളിലെ വെള്ളം സംരക്ഷിക്കുന്നതിനായി വൈദ്യുത കമ്പോളത്തിൽ വില കുറവുള്ള സമയത്ത് കെ.എസ്.ഇ.ബി.-യുടെ ലോഡ് ഡെസ്പാച്ച് സെന്റർ (LD Kalamassery) ഡേ എഹഡ് (day ahead) ടേം എഹഡ് (term ahead) വ്യവസ്ഥകളിലൂടെ പവർ എക്സ്ചേഞ്ചിൽ നിന്നും വൈദ്യുതി ആവശ്യാനുസരണം വാങ്ങുന്നു. ആഭ്യന്തര ഉത്പാദനം പരമാവധിയാക്കുക എന്നത് വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിനായുള്ള ദീർഘകാല പരിപാടികളുടെ ഭാഗമാണ്.

**കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ വൈദ്യുതിപ്രശ്നം**

183 (4788) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ കോലഞ്ചേരി പട്ടണത്തിൽ റബ്ബർ തോട്ടങ്ങൾക്കിടയിലൂടെയും, പാടശേഖരങ്ങളിലൂടെയും വൈദ്യുതിലൈൻ

കടന്നുപോകുന്നതുമൂലം നേരിടുന്ന വൈദ്യുതി പ്രശ്നത്തിന് പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ;

(ബി) പുതുപ്പനം ഫീഡറിൽ നിന്നും മെയിൻ റോഡിലൂടെ വൈദ്യുതി എത്തിക്കണമെന്ന വർഷങ്ങളായുള്ള ആവശ്യത്തിന്മേൽ നടപടി സ്വീകരിക്കാത്തതിന് കാരണം വിശദമാക്കാമോ?

ഉത്തരം

(എ&ബി) സുരക്ഷിതവും കാര്യക്ഷമവുമായ വൈദ്യുതി എല്ലായ്പ്പോഴും ലഭ്യമാക്കുന്നതിന് എച്ച്.റ്റി. ശൃംഖലയുടെ എല്ലാ ഭാഗത്തും കുറഞ്ഞത് രണ്ട് സ്രോതസ്സിൽ നിന്നെങ്കിലും വൈദ്യുതി എത്തിക്കുന്നതിന് സംവിധാനം ഒരുക്കുക, എ.ബി.സി. ഭൂഗർഭ കേബിൾ തുടങ്ങിയ കവചിത ചാലകങ്ങൾ ആർ. എം. യു. എന്നിവ ഉപയോഗിച്ച് പരമാവധി വൈദ്യുതി തടസ്സം ഒഴിവാക്കുക, പുരയിടങ്ങൾക്ക് കുറുകെ കടന്നുപോകുന്ന ലൈനുകൾ വൈദ്യുതി തടസ്സത്തിനോ അപകടങ്ങൾക്കോ കാരണമാകുന്നുവെങ്കിൽ അവ മാറ്റി സ്ഥാപിക്കുക, ലൈനുകളുടേയും പ്രതിഷ്ഠാപനങ്ങളുടെയും നവീകരണം ഉറപ്പാക്കുക തുടങ്ങിയ പ്രവൃത്തികൾ ആസൂത്രണം ചെയ്ത് 2018-22 കാലയളവിൽ നടപ്പിലാക്കാൻ സർക്കിൾ തലത്തിൽ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ (പി.എം.യു.) രൂപീകരിക്കുകയും അതിന്റെ പ്രവർത്തനങ്ങൾ ധ്രുതഗതിയിൽ നടന്നു വരികയും ചെയ്യുന്നു. കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ കോലഞ്ചേരി പട്ടണത്തിൽ റബ്ബർ തോട്ടങ്ങൾക്കിടയിലൂടെയും പാടശേഖരങ്ങളിലൂടെയും ലൈൻ കടന്നു പോകുന്നതുമൂലം നേരിടുന്ന വൈദ്യുതി പ്രശ്നം പരിഹരിക്കുന്നതിനുള്ള പ്രവൃത്തികളും, നിലവിലുള്ള പുതുപ്പനം ഫീഡർ, റോഡിന്റെ വശങ്ങളിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തിയും 2018-22 കാലയളവിലേയ്ക്കുള്ള ഡിസ്ട്രിബ്യൂഷൻ പ്ലാനിൽ ഉൾപ്പെടുത്താൻ വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

**വ്യവസായ സ്ഥാപനങ്ങൾക്കുള്ള വൈദ്യുതി നിരക്ക്**

184 (4789) ഡോ. എം. കെ. മുനീർ:
ശ്രീ. പാറക്കൽ അബ്ദുല്ല:
ശ്രീ. അബ്ദുൽ ഹമീദ്. പി.:
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ സ്ഥാപനങ്ങൾക്ക് ഏതു നിരക്കിലാണ് വൈദ്യുതി വിതരണം ചെയ്യുന്നത്; വ്യക്തമാക്കുമോ;

(ബി) പുതുതായി ആരംഭിക്കുന്ന വ്യവസായങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വൈദ്യുതി നൽകുവാൻ നിലവിൽ വ്യവസ്ഥയുണ്ടോ; ഇല്ലെങ്കിൽ പുതിയ വ്യവസായങ്ങളെ ആകർഷിക്കുന്നതിനായി കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

## ഉത്തരം

(എ) വ്യവസായ സ്ഥാപനങ്ങളെ വൈദ്യുതി നിരക്ക് നിർണ്ണയിക്കുന്നതിന് അവയുടെ സ്വഭാവമനുസരിച്ച് രണ്ടായി തിരിച്ചിരിക്കുന്നു. എൽ.റ്റി 4 -എ യും എൽ.റ്റി 4 – ബിയും. എൽ.റ്റി 4 – എ യിൽ 10 കിലോ വാട്ട് വരെ കണക്ടഡ് ലോഡുള്ള കണക്ഷന് മാസം 100 രൂപയും, 10 കിലോ വാട്ട് മുതൽ 20 കിലോ വാട്ട് വരെ, കിലോവാട്ടിന് മാസം 75 രൂപയും, 20 കിലോ വാട്ടിന് മുകളിൽ ഒരു കെ.വി.എ.-യ്ക്ക് പ്രതിമാസം 150 രൂപയും ഫിക്സഡ് ചാർജ്ജ് ആയും യൂണിറ്റൊന്നിന് 5.50 രൂപ എനർജി ചാർജ്ജായും ഈടാക്കുന്നു. എന്നാൽ വിവര സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായി പ്രവർത്തിക്കുന്ന കേന്ദ്രങ്ങളിലെ വൈദ്യുതി കണക്ഷനുകൾക്ക് (എൽ.റ്റി 4 – ബി), 10 കിലോവാട്ട് വരെ കണക്ടഡ് ലോഡുള്ള കണക്ഷന് പ്രതിമാസം 100 രൂപയും, 10 മുതൽ 20 വരെ കണക്ടഡ് ലോഡുള്ള കണക്ഷന് കിലോവാട്ടിന് പ്രതിമാസം 60 രൂപയും, 20 കിലോവാട്ടിന് മുകളിൽ ഒരു കെ.വി.എ.-യ്ക്ക് പ്രതിമാസം 125 രൂപ നിരക്കിലും ഫിക്സഡ് ചാർജ്ജ് ഇനത്തിലും യൂണിറ്റൊന്നിന് 6.00 രൂപ നിരക്കിൽ എനർജി ചാർജ്ജിനത്തിലും ഈടാക്കി വരുന്നു.

(ബി) നിലവിൽ ഇത്തരത്തിൽ ഒരു വ്യവസ്ഥയില്ല. പുതുതായി വ്യവസായങ്ങളെ ആകർഷിക്കുന്നതിനാവശ്യമായ നടപടികൾ നയപരമായ തീരുമാനം എടുക്കേണ്ടുന്ന വിഷയമാണ്. ഇലക്ട്രിസിറ്റി ആക്ട്, 2003 ലെ സെക്ഷൻ 65 പ്രകാരം സംസ്ഥാന സർക്കാരിന് ഏതൊരു ഉപഭോക്താവിനോ, ഏതൊരു വിഭാഗങ്ങൾക്കോ സബ്സിഡി നൽകി താരിഫ് കുറയ്ക്കുന്നതിന് വ്യവസ്ഥയുണ്ട്. എന്നാൽ ഈ വിധത്തിൽ ഇളവുകൾ നൽകുമ്പോൾ ഉണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യത മുൻകൂറായി കെ.എസ്.ഇ.ബി.എൽ.-ന് നൽകേണ്ടതാണ് എന്നാണ് നിയമവ്യവസ്ഥ.

## വൈദ്യുതി ബോർഡിന്റെ സാമ്പത്തിക നില

185 (4790) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കണമെന്ന് വൈദ്യുതി ബോർഡ് റെഗുലേറ്ററി കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച് ബോർഡ് മുന്നോട്ട് വച്ചിട്ടുള്ള നിർദ്ദേശങ്ങൾ എന്തൊക്കെയാണ്;

(ബി) വൈദ്യുതി ബോർഡിന്റെ നിലവിലെ സാമ്പത്തിക നില എപ്രകാരമാണ്; ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വൈദ്യുതി ബോർഡിന്റെ സാമ്പത്തിക നില മെച്ചപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) റെഗുലേറ്ററി കമ്മീഷൻ നിരക്ക് വർദ്ധനവ് പരിഗണിക്കുമ്പോൾ ബോർഡിന്റെ ലാഭ നഷ്ട കണക്കുകൂടി കണക്കിലെടുത്താണോ അന്തിമ തീരുമാനം കൈക്കൊള്ളുന്നത്?

ഉത്തരം

(എ) ഇല്ല. ഇതു സംബന്ധിച്ച് യാതൊരുവിധ നിർദ്ദേശങ്ങളും ഇതുവരെ കമ്മീഷനിൽ സമർപ്പിച്ചിട്ടില്ല.

(ബി) കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ആഡിറ്റ് പൂർത്തിയായ 2016-17 സാമ്പത്തികവർഷത്തെ നഷ്ടം 1494.63 കോടി രൂപയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതി ബോർഡിന്റെ സാമ്പത്തിക നില മെച്ചപ്പെടുത്തുന്നതിനായി വിവിധ തരം പരിഷ്കാരങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

(സി) അതെ. 2018-19 സാമ്പത്തികവർഷം മുതൽ 2021-22 സാമ്പത്തിക വർഷം വരെയുള്ള നാല് വർഷത്തേയ്ക്ക് ഒന്നിച്ച്, താരിഫ് നിർണ്ണയിക്കുന്നതിനുള്ള 'ഡ്രാഫ്റ്റ് റെഗുലേഷൻ' കമ്മീഷൻ പ്രസിദ്ധീകരിക്കുകയും പൊതു തെളിവെടുപ്പ് നടത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ കമ്മീഷൻ അന്തിമ റെഗുലേഷൻ സമർപ്പിച്ചിട്ടില്ല. ടി റെഗുലേഷനിലെ മാനദണ്ഡങ്ങളിലൂടെ തയ്യാർ ചെയ്യുന്ന കെ.എസ്.ഇ.ബി.-യുടെ വാർഷിക വരവു ചെലവു കണക്കിലെ അന്തരം കുറയ്ക്കുന്നതിനായാണ് നിരക്ക് വർദ്ധനവ് കമ്മീഷൻ അംഗീകരിക്കുന്നത്.

## സമ്പൂർണ്ണ വൈദ്യുതീകരണം

186 (4791) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ വീടുകളിലും വൈദ്യുതി എത്തുന്ന രാജ്യത്തെ ആദ്യ സംസ്ഥാനമാക്കി കേരളത്തെ മാറ്റുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) ഇതിനുള്ള ഗുണഭോക്താക്കളെ കണ്ടെത്താൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്;

(സി) ഇവരുടെ ലിസ്റ്റ് എന്ന് പ്രസിദ്ധീകരിക്കാനാകുമെന്നാണ് കരുതുന്നത്;

(ഡി) സംസ്ഥാനത്തെ എല്ലാ വീടുകളിലും വൈദ്യുതി ലഭ്യമാക്കുന്ന നടപടി എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്നാണ് കരുതുന്നത്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-ഡി) കേരള സർക്കാർ 24-6-2016-ൽ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി പ്രഖ്യാപിക്കുകയും പദ്ധതി വിജയകരമായി പൂർത്തീകരിച്ച് 29-5-2017-ന് കേരളം സമ്പൂർണ്ണ വൈദ്യുതീകൃത സംസ്ഥാനമായി പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്.

പദ്ധതിയുടെ ഭാഗമായി ഒരു ലക്ഷത്തിഅൻപത്തി രണ്ടായിരത്തോളം ഗുണഭോക്താക്കൾ രജിസ്റ്റർ ചെയ്യുകയും ഇവയിൽ റവന്യൂ വകുപ്പിന്റെ ഉത്തരവ് ലഭിക്കേണ്ടതും വനം വകുപ്പിന്റെ അനുമതി ലഭിക്കാനുള്ളതും ആയ ഏതാനും ഗുണഭോക്താക്കൾ ഒഴിച്ച് 150219 വൈദ്യുതി കണക്ഷനുകൾ നൽകുകയും ചെയ്തിട്ടുണ്ട്.

സമ്പൂർണ്ണ വൈദ്യുതീകരണത്തിനായി ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന്, നിലവിൽ വൈദ്യുതീകരിക്കാത്ത വീടുകളെ സംബന്ധിച്ച കൃത്യമായ കണക്കുകൾ ലഭ്യമല്ലാത്തതിനാൽ വിപുലമായ സംവിധാനങ്ങൾ തയ്യാറാക്കുകയും അപേക്ഷകർ Missed call നൽകുമ്പോൾ കെ.എസ്.ഇ.ബി.-യുടെ "Customer Care Centre" ലെ ഓപ്പറേറ്റർ ഗുണഭോക്താവിനെ ബന്ധപ്പെട്ട് അപേക്ഷ രജിസ്റ്റർ ചെയ്യുന്ന സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ സെക്ഷൻ ഓഫീസ് വഴിയും ജനപ്രതിനിധികൾ മുഖേനയും ഗുണഭോക്താക്കൾക്ക് പദ്ധതിയിൽ അപേക്ഷ സമർപ്പിക്കാൻ അവസരം നൽകിയിരുന്നു. അപേക്ഷ സമർപ്പിക്കാൻപോലും കഴിവില്ലാത്ത ഗുണഭോക്താക്കൾ ഉൾപ്പെടെയുള്ളവരെ പദ്ധതിയിൽ ഉൾപ്പെടുത്താൻ ജനപ്രതിനിധികൾ വലിയ പങ്ക് വഹിച്ചിട്ടുണ്ട്. അപേക്ഷകൾ രജിസ്റ്റർ ചെയ്യുന്നതിനും മറ്റു വിവരങ്ങൾ ശേഖരിക്കുന്നതിനുമായി Web Portal രൂപീകരിച്ച് പേരുകളുൾപ്പെടെയുള്ള വിശദ വിവരങ്ങൾ രേഖപ്പെടുത്തുകയുണ്ടായി.

വൈദ്യുതി ലൈൻ എത്തിക്കാൻ കഴിയാത്ത പ്രദേശങ്ങളിൽ വികേന്ദ്രീകൃത വൈദ്യുതോൽപ്പാദനവും വിതരണവും (DDG) വഴി വൈദ്യുതി ലഭ്യമാക്കാൻ ANERT, EMC എന്നീ സ്ഥാപനങ്ങളെ പദ്ധതിയിൽ പങ്കാളികളാക്കി തങ്ങളുടെ വീട് വയറിംഗ് ചെയ്യുന്നതിനുള്ള സാമ്പത്തിക സ്രോതസ്സ് കണ്ടെത്താൻ കഴിയാത്ത ഗുണഭോക്താക്കൾക്ക് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഉടമസ്ഥതയിലുള്ള പ്രമുഖ കമ്പനികളുടെ Corporate Social Responsibility -യിൽപ്പെടുത്തി ആയതിനുള്ള പണം കണ്ടെത്താമെന്ന പ്രതീക്ഷയിൽ വയറിംഗ് പൂർത്തിയാക്കാത്ത BPL, ST കുടുംബങ്ങളുടെ വയറിംഗ് കെ.എസ്.ഇ.ബി. ഏറ്റെടുത്ത് പൂർത്തിയാക്കുകയും ചെയ്തിരുന്നു.

പദ്ധതി പൂർത്തീകരണത്തെ തുടർന്ന് സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനം എന്ന പദവി നിലനിർത്തുന്നതിനായി മറ്റു പല പദ്ധതികളിൽ ഉൾപ്പെടുത്തി പുതിയ കണക്ഷനുകൾ സമയബന്ധിതമായി നല്കി വരുന്നുണ്ട്.

എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കുന്നതുമായി ബന്ധപ്പെട്ട് കേരളത്തിലെ ഇടുക്കി, വയനാട്, പാലക്കാട് ജില്ലകളിലായി കെ.എസ്.ഇ.ബി-ക്ക് വൈദ്യുതി എത്തിക്കാൻ സാധിക്കാത്ത വിദൂരങ്ങളായ കോളനികളിലെ പൊതു സ്ഥാപനങ്ങൾ, സ്കൂളുകൾ, വീടുകൾ ഉൾപ്പെടെ ആകെ 2322 സ്ഥലങ്ങളിൽ സോളാർ പവർ പ്ലാന്റ്, സോളാർ ഹോം ലൈറ്റിംഗ് സിസ്റ്റം, സോളാർ റാന്തലുകൾ എന്നീ സൗരോർജ്ജ പദ്ധതികൾ അനെർട്ട് വഴി എത്തിച്ചിട്ടുണ്ട്.

വൈദ്യുതി എത്താത്ത വീടുകളിലെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി ഓരോ ആദിവാസി കോളനികളിലും ജനപ്രതിനിധികൾ ഉൾപ്പെടെ ഊരുകൂട്ടം വിളിച്ച് അവരുടെ നിർദ്ദേശ പ്രകാരം കോളനികളിലെ മുഴുവൻ വീടുകളിലും സർവ്വേ നടത്തി വീടുകളിൽ താമസക്കാരുണ്ടോയെന്ന് ഉറപ്പാക്കിയ ശേഷം ആൾതാമസമുള്ള വീടുകളിലും വൈദ്യുതി എത്താത്ത പൊതു സ്ഥലങ്ങളിലും സ്കൂളുകളിലും ഗുണഭോക്താക്കളുടെ നിർദ്ദേശം അനുസരിച്ച് വൈദ്യുതി എത്തിക്കാനുള്ള നടപടിയാണ് സ്വീകരിച്ചത്.

## മെറ്റീരിയൽസിന്റെ അപര്യാപ്തതമൂലം വൈദ്യുതി കണക്ഷൻ നൽകുന്നതിന് കാലതാമസം

187 (4792) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള മെറ്റീരിയൽസിന്റെ അലോട്ട്മെന്റ് മറ്റ് ജില്ലകളെ അപേക്ഷിച്ച് കുറവാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജില്ലയിൽ ത്രീ ഫെയ്സ് മീറ്ററിന്റെ കുറവുമൂലം കണക്ഷൻ നൽകാൻ പറ്റാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) പ്രസ്തുത ജില്ലയിലെ മെറ്റീരിയൽസിന്റെ കുറവ് നികത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉണ്ട്. ത്രീ ഫേസ് മീറ്ററിന്റെ കുറവ് നികത്തുന്നതിലേയ്ക്കായുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2018-ൽ 120683 ത്രീ ഫേസ് മീറ്ററുകൾ വാങ്ങാനുള്ള പർച്ചേസ് ഓർഡറുകൾ നൽകിയിട്ടുണ്ട്. ഈ മീറ്ററുകൾ മാർച്ച് മാസം മുതൽ ലഭ്യമാകുന്നതാണ്.

(സി) കാസർഗോഡ് ജില്ലയിൽ ആവശ്യമായ സാധന സാമഗ്രികൾ ലഭ്യമാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

## വർദ്ധിച്ചുവരുന്ന വൈദ്യുതി ഉപഭോഗം നേരിടാൻ പദ്ധതികൾ

188 (4793) ശ്രീ. കെ. എൻ. എ. ഖാദർ
ശ്രീ. ടി. വി. ഇബ്രാഹിം
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരും വർഷങ്ങളിൽ കേരളത്തിലെ വൈദ്യുതി ഉപഭോഗം കുതിച്ചുയരുമെന്നും, വൈദ്യുതി ലഭ്യത ഉറപ്പാക്കിയില്ലെങ്കിൽ കേരളം കടുത്ത വൈദ്യുതി പ്രതിസന്ധി നേരിടുമെന്നുമുള്ള കേന്ദ്ര വൈദ്യുതി അതോറിറ്റിയുടെ പത്തൊമ്പതാമത് വൈദ്യുതോർജ്ജ സർവ്വേ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വൈദ്യുതി ഉപഭോഗം കുതിച്ചുയരുമ്പോഴും സംസ്ഥാനത്ത് വൈദ്യുത സ്ഥാപിത ശേഷിയിലെ ആനുപാതിക വർദ്ധനവില്ലായ്മ മറി കടക്കാൻ എന്ത് പദ്ധതിയാണ് സർക്കാർ വിഭാവനം ചെയ്യുന്നത്; വ്യക്തമാക്കുമോ;

(സി) മഴയെയും പുറത്തു നിന്നു വാങ്ങുന്ന വൈദ്യുതിയെയും ആശ്രയിച്ചു കഴിയുന്ന കേരളത്തിൽ വൈദ്യുതി പ്രതിസന്ധിയെ നേരിടാൻ തക്കവിധം കൂടുതൽ വൈദ്യുത പദ്ധതികൾ പ്രാവർത്തികമാക്കുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്

(ബി) വൈദ്യുത ആവശ്യകതയുടെ ഏകദേശം 30% മാത്രമേ ആഭ്യന്തര ഉത്പാദനം വഴി നിറവേറ്റുന്നുള്ളൂ. ബാക്കിയുള്ളവ കേന്ദ്രവിഹിതം, ദീർഘകാല-ഹ്രസ്വകാല കരാറുകൾ, പവർ എക്സ്ചേഞ്ച് തുടങ്ങിയവ മുഖേന ലഭ്യമാക്കുന്നു. സംസ്ഥാനത്തെ വൈദ്യുതി ആവശ്യകതയും ഉത്പാദനവും തമ്മിലുള്ള അന്തരം കുറയ്ക്കുന്നതിനുവേണ്ടി സംസ്ഥാനത്ത് സാധ്യമായിട്ടുള്ള ചെറുകിട ജലവൈദ്യുത പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളായ സൗരോർജ്ജം, കാറ്റ് എന്നിവയിൽ നിന്നുള്ള ഉത്പാദനവും പരമാവധി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

വൈദ്യുതി പ്രതിസന്ധിയെ നേരിടാൻ തക്കവിധം കൂടുതൽ ജലവൈദ്യുത പദ്ധതികൾ പ്രാവർത്തികമാക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. നിലവിൽ നിർമ്മാണം നടന്നുവരുന്ന '9' ജലവൈദ്യുത പദ്ധതികൾ, ആകെ 166.5 മെഗാവാട്ട് സമയബന്ധിതമായി പൂർത്തിയാക്കുവാനും, കൂടാതെ പുതിയ '15' ജലവൈദ്യുത പദ്ധതികൾ (149 മെഗാവാട്ട്) നടപ്പിലാക്കുവാനുമാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

'ബൂട്ട്' അടിസ്ഥാനത്തിൽ ചെറുകിട ജലവൈദ്യുത പദ്ധതികൾ 30 കൊല്ലത്തേക്ക് മത്സര ദർഘാസിന്റെ അടിസ്ഥാനത്തിൽ സ്വകാര്യ സംരംഭകർ വഴി പദ്ധതി നടപ്പിലാക്കി വരുന്നു.

2017-18 സാമ്പത്തികവർഷം അനെർട്ട് മുഖേന സോളാർ ഫോട്ടോവോൾട്ടായിക്- സോളാർ വിന്റ് ഹൈബ്രിഡ് പവർ പ്ലാന്റുകൾ (3 മെഗാവാട്ട് വരെ ശേഷിയുള്ളവ) സ്ഥാപിക്കുന്നതിനായി 16.65 കോടി രൂപയുടെ പദ്ധതിയുണ്ട്. കൂടാതെ 1.4 മെഗാവാട്ട് ആകെ ശേഷിയുള്ളവ ശൃംഖലാബന്ധിത സോളാർ പവർപ്ലാന്റുകൾ ജില്ലാ കളക്ടറേറ്റ് അടക്കമുള്ള സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ സ്ഥാപിക്കുന്നതിനും 11.87 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിച്ചുവരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ നിർമ്മാതാക്കളെ എംപാനൽ ചെയ്തും, നിർദ്ദിഷ്ട സാങ്കേതിക മാനദണ്ഡങ്ങൾ നടപ്പിലാക്കിയും പ്രചാരണ പ്രവർത്തനങ്ങൾ നടത്തിയും വ്യാപകമായ തോതിൽ സൗരോർജ്ജ സംവിധാനങ്ങൾ സ്ഥാപിച്ചു നൽകാൻ പദ്ധതിയുണ്ട്.

(സി) സംസ്ഥാനത്തിന്റെ ആവശ്യകതയ്ക്കനുസരിച്ചുള്ള വൈദ്യുതി ലഭ്യത വിവിധ സ്രോതസ്സുകളിൽ നിന്നും ഉറപ്പാക്കിയിട്ടുള്ളതിനാൽ വൈദ്യുതി പ്രതിസന്ധി

നിലവിലില്ല. വരും കാലങ്ങളിലെ ആവശ്യകതയ്ക്കനുസരിച്ച് ആഭ്യന്തര ഉത്പാദനം പരമാവധി വർദ്ധിപ്പിക്കുന്നതിന് വൈദ്യുത പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതാണ്. സാധ്യമായ എല്ലാ സ്രോതസ്സുകളും ഉപയോഗപ്പെടുത്തി വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിച്ച് കൊണ്ടുമാത്രമേ വർദ്ധിച്ച് വരുന്ന വൈദ്യുതി ആവശ്യകത നിറവേറ്റാൻ സാധിക്കുകയുള്ളൂ. റിന്യൂവബിൾ ഊർജ്ജ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നു.

## വൈദ്യുതിയുടെ ഉപഭോഗം

189 (4794) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ദിവസേനയുള്ള വൈദ്യുതിയുടെ ഉത്പാദനം, ഉപഭോഗം എന്നിവ എത്ര യൂണിറ്റ് വീതമാണെന്നും ഓരോ ഉത്പാദന മേഖലകളിൽ നിന്നും ഉത്പാദിപ്പിക്കുന്ന വൈദ്യുതിയുടെ അളവ് എത്രയാണെന്നും വിശദമാക്കാമോ?

ഉത്തരം

2018 മാർച്ച് 15-ാം തീയതി വരെയുള്ള കണക്കനുസരിച്ച് സംസ്ഥാനത്തെ പ്രതിദിന ശരാശരി ഉപഭോഗം 74.11 ദശലക്ഷം യൂണിറ്റാണ്. സംസ്ഥാനത്തെ പ്രതിദിന ശരാശരി വൈദ്യുതി ഉല്പാദനം ഏകദേശം 24.07 ദശലക്ഷം യൂണിറ്റാണ്. ജലവൈദ്യുതി നിലയങ്ങളിൽ നിന്നും 23.19 ദശലക്ഷം യൂണിറ്റും, കാറ്റാടിപ്പാടങ്ങളിൽ നിന്നും 0.1935 ദശലക്ഷം യൂണിറ്റും, സൗരോർജ്ജത്തിൽ നിന്നും 0.32885 ദശലക്ഷം യൂണിറ്റും, കോ-ജനറേഷൻ നിലയങ്ങളിൽ നിന്നും 0.1302 ദശലക്ഷം യൂണിറ്റുമാണ് ഉല്പാദിപ്പിക്കുന്നത്. ഇതിനുപുറമെ കേന്ദ്രവിഹിതമായും, ദീർഘകാല കരാറുകൾ അനുസരിച്ചും, ഡീവിയേഷൻ അക്കൗണ്ട് വഴിയും, ഉപഭോക്താക്കൾ നേരിട്ട് പവർ എക്സ്ചേഞ്ചിൽ നിന്നും വാങ്ങുന്ന വൈദ്യുതിയുൾപ്പെടെ ഏകദേശം 50.04 ദശലക്ഷം യൂണിറ്റ് വൈദ്യുതി കൂടി ലഭ്യമാക്കിയാണ് വൈദ്യുതി ആവശ്യകത നിറവേറ്റുന്നത്. വിശദവിവരങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

## വൈദ്യുതി ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ

190 (4795) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വൈദ്യുതി ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദീകരിക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വൈദ്യുതി ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ. താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. മുൻസർക്കാരിന്റെ കാലത്ത് നിർമ്മാണം മുടങ്ങിക്കിടന്നിരുന്ന പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം (60 മെഗാവാട്ട്), ചാത്തൻകോട്ടുനട II (6 മെഗാവാട്ട്), തോട്ടിയാർ (40 മെഗാവാട്ട്) എന്നീ പദ്ധതികളുടെ നിർമ്മാണം പുനരാരംഭിച്ചിട്ടുണ്ട്.

2. കെ.എസ്.ഇ.ബി.എൽ.-ന്റെ വെള്ളത്തൂവൽ (3.6 മെഗാവാട്ട്), പെരുന്തേനരുവി (6 മെഗാവാട്ട്) എന്നീ പദ്ധതികൾ കമ്മീഷൻ ചെയ്തിട്ടുണ്ട്.

3. ലാഡ്രം (3.5 MW/ 12.13 Mu) ചെറുകിട ജലവൈദ്യുത പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. അപ്പർ കല്ലാർ (2 MW/5.14 Mu), പഴശ്ശിസാഗർ (7.5 MW/25.16 Mu) (ആകെ 9.5 MW) എന്നീ പദ്ധതികളുടെ നിർമ്മാണം ആരംഭിക്കുകയും 24 MW-ന്റെ ചിന്നാർ ചെറുകിട ജലവൈദ്യുത പദ്ധതിയുടെ വർക്ക് അവാർഡ് ചെയ്യുകയുമുണ്ടായി. ഇതിനുപുറമെ പെരുവണ്ണാമൂഴി (6 MW/24.7 Mu) പദ്ധതിയുടെ ടെൻഡർ ക്ഷണിച്ചു.

4. നിർമ്മാണ പ്രവർത്തനം നടന്നുവരുന്ന ജലവൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുക എന്ന ലക്ഷ്യം മുൻനിർത്തി രൂപീകരിച്ച പ്രോജക്ട് മോണിറ്ററിംഗ് കമ്മിറ്റി ചുരുങ്ങിയത് രണ്ട് മാസത്തിലൊരിക്കൽ കൂടുകയും പുരോഗതി വിലയിരുത്തുകയും, തടസ്സങ്ങൾ നേരിടുന്നുവെങ്കിൽ അവ പരിഹരിക്കുന്നതിനായി വേണ്ട നിർദ്ദേശങ്ങൾ നൽകുകയും പദ്ധതികളുടെ നിർമ്മാണ പുരോഗതി ഊർജ്ജ വകുപ്പുമന്ത്രി മുതൽ വിവിധ തലങ്ങളിൽ അവലോകനം ചെയ്യുകയും പദ്ധതികളുടെ നിർമ്മാണ പുരോഗതി ഓരോ ആഴ്ചയിലും, രൂപീകരിച്ച പ്രോജക്ട് മോണിറ്ററിംഗ് സെൽ വിലയിരുത്തുകയും ചെയ്തുവരുന്നു.

5. നിർമ്മാണത്തിലിരിക്കുന്ന പാരമ്പര്യേതര ഊർജ്ജ സ്രോതസ്സായ സൗരോർജ്ജം വഴിയുള്ള പദ്ധതികളുടെ പുരോഗതി വിവിധ തലങ്ങളിൽ അവലോകനം നടത്തി ത്വരിതപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്.

6. അടുത്ത മൂന്ന് വർഷത്തിനുള്ളിൽ 500 മെഗാവാട്ട് സൗരോർജ്ജ പദ്ധതികൾ കെ.എസ്.ഇ.ബി.എൽ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനുള്ള സാധ്യത പരിശോധിച്ചു വരുന്നു.

എനർജി മാനേജ്മെന്റ് സെന്ററിൽ പ്രവർത്തിക്കുന്ന സ്മാൾ ഹൈഡ്രോ പ്രൊമോഷൻ സെൽ വഴി പാരമ്പര്യേതര ഊർജ്ജ സ്രോതസ്സായ ചെറുകിട ജലവൈദ്യുത പദ്ധതികളിൽ നിന്നും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി 47.4 മെഗാവാട്ട് സ്ഥാപിതശേഷി വരുന്ന 20 പദ്ധതികൾ അനുവദിച്ചിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 12.5 മെഗാവാട്ട് വൈദ്യുതി സ്വകാര്യമേഖലയിൽ അനുവദിച്ച ചെറുകിട ജലവൈദ്യുത പദ്ധതികളിൽ നിന്നും ഉല്പാദിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

അനെർട്ട് മുഖേന പാലക്കാട് ജില്ലയിലെ കുഴൽമന്ദത്ത് 2 മെഗാവാട്ട് ശേഷിയുള്ള ശൃംഖലാബന്ധിത സൗരോർജ്ജ പവർ പ്ലാന്റ് സ്ഥാപിച്ച് വൈദ്യുതി കെ.എസ്.ഇ.ബി. ഗ്രിഡിലേയ്ക്ക് നൽകി വരുന്നു.

അനെർട്ട് മുഖേന 2016-17 വർഷത്തെ പദ്ധതിയുടെ ഭാഗമായി 2 കിലോവാട്ട് മുതൽ 100 കിലോവാട്ട് വരെ ശേഷിയുള്ള ശൃംഖലാബന്ധിത സോളാർ പവർ പ്ലാന്റുകൾ (ആകെ ശേഷി: 5000 കിലോവാട്ട്) കേന്ദ്ര-സംസ്ഥാന സർക്കാർ സബ്സിഡിയോടെ വ്യക്തികൾക്കും, സ്ഥാപനങ്ങൾക്കും സ്ഥാപിച്ചു നൽകാനും, 1 കിലോവാട്ട് മുതൽ 5 കിലോവാട്ട് വരെ ശേഷിയുള്ള ഓഫ് ഗ്രിഡ് സോളാർ പവർ പ്ലാന്റുകൾ (ആകെ ശേഷി: 4000 കിലോവാട്ട്) കേന്ദ്ര-സംസ്ഥാന സർക്കാർ സബ്സിഡിയോടെ സ്ഥാപിച്ച് നൽകുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു.

2017-18 സാമ്പത്തികവർഷം അനെർട്ട് മുഖേന 3 മെഗാവാട്ട് വരെ ശേഷിയുള്ള സോളാർ, സോളാർ വിന്റ് ഹൈബ്രിഡ് പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി 16.65 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. കൂടാതെ 1.4 മെഗാവാട്ട് ആകെ ശേഷിയുള്ള ശൃംഖലാബന്ധിത സോളാർ പവർ പ്ലാന്റുകൾ സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ സ്ഥാപിക്കുന്നതിനും 11.87 കോടി രൂപയുടെ പദ്ധതിയുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ, അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ നിർമ്മാതാക്കളെ എംപാനൽ ചെയ്തും, നിർദ്ദിഷ്ട സാങ്കേതിക മാനദണ്ഡങ്ങൾ നടപ്പിലാക്കിയും പ്രചരണ പ്രവർത്തനങ്ങൾ നടത്തിയും വ്യാപകമായ തോതിൽ വിവിധ അക്ഷയ ഊർജ്ജ ഉപകരണങ്ങൾ അനെർട്ട് മുഖേന സ്ഥാപിച്ചു നൽകാൻ പദ്ധതിയുണ്ട്.

സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ ഭാഗമായി അനെർട്ട് ഇതിനകം ഇടുക്കി ജില്ലയിൽ 1625 വീടുകളും, പാലക്കാട് ജില്ലയിൽ 681 വീടുകളും, വയനാട് ജില്ലയിൽ 16 വീടുകളും സൗരോർജ്ജ വൈദ്യുതി ലഭ്യമാക്കി വൈദ്യുതീകരിച്ചു കഴിഞ്ഞു.

## എനർജി മാനേജ്മെന്റ് സെന്റർ

191 (4796) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എനർജി മാനേജ്മെന്റ് സെന്ററിന്റെ ഭാഗമായ എനർജി മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ എന്തെങ്കിലും പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) എനർജി മാനേജ്മെന്റ് സെന്ററിന് റീജിയണൽ സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടം വരെയായി എന്ന് വിശദമാക്കാമോ;

(സി) എനർജി മാനേജ്മെന്റ് സെന്ററിലെ പ്രോജക്ട് എഞ്ചിനീയർക്ക് നൽകി വരുന്ന വേതനം വളരെ കുറവാണ് എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; പ്രോജക്ട് എഞ്ചിനീയർ-ന്റെ വേതനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) എഞ്ചിനീയറിംഗ് ബിരുദധാരികൾക്ക് മറ്റ് സർക്കാർ ഏജൻസികളിൽ നൽകുന്ന വേതനം എനർജി മാനേജ്മെന്റ് സെന്ററിലെ പ്രോജക്ട് എഞ്ചിനീയർക്ക് നൽകാത്തതുമൂലം ഉന്നതനിലവാരമുള്ള എഞ്ചിനീയർമാർ ഇവിടെ ജോലി ചെയ്യുന്നതിന് വൈമുഖ്യം കാട്ടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഇ) എനർജി മാനേജ്മെന്റ് സെന്ററിന്റെ ജില്ലാതല ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(എഫ്) എനർജി മാനേജ്മെന്റ് സെന്ററിലെ സാംഗ്ഷൻഡ് പോസ്റ്റുകൾ എത്രയാണ്; പ്രോജക്ട് സ്റ്റാഫിന്റെ എണ്ണം എത്രയാണ്; വിവരങ്ങൾ ഇനം തിരിച്ച് നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) എനർജി മാനേജ്മെന്റ് സെന്ററിന് മദ്ധ്യ കേരളത്തിലും ഉത്തര കേരളത്തിലും ഓരോ മേഖല കേന്ദ്രങ്ങൾ തുടങ്ങുന്നതിന് എനർജി മാനേജ്മെന്റ് സെന്റർ പരിശോധിച്ച് വരുന്നു.

(സി) ഇ.എം.സി. സർക്കാരിന്റെ ഗ്രാന്റ് ഇൻ എയ്ഡിൽ പ്രവർത്തിക്കുന്ന ഒരു സ്വയംഭരണ സ്ഥാപനമാണ്. ഇ.എം.സി.-യിൽ പ്രോജക്ട് എഞ്ചിനീയർമാരെ താൽക്കാലികമായി നിലവിലുള്ള പ്രോജക്ടുകളുടെ അടിസ്ഥാനത്തിലാണ് നിയമിക്കുന്നത്. ഇവരുടെ വേതനം ഇ.എം.സി.-യുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനപ്രകാരമാണ് ഇപ്പോൾ നിശ്ചയിച്ചിരിക്കുന്നത്. നിലവിലുള്ള സാഹചര്യത്തിൽ വേതനം വർദ്ധിപ്പിക്കുന്നതിന് കഴിയില്ല.

(ഡി) ഇല്ല.

(ഇ) ഇല്ല. ഇപ്പോൾ ഇ.എം.സി പല സ്ഥാപനങ്ങളും സംഘടനകളുമായി നെറ്റ് വർക്ക് ചെയ്താണ് സംസ്ഥാനത്തുടനീളം ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നത്.

(എഫ്) സാംഗ്ഷൻ പോസ്റ്റുകളുടെ എണ്ണം - 30

നിലവിൽ ജോലി ചെയ്യുന്ന പ്രോജക്ട് സ്റ്റാഫുകളുടെ എണ്ണം -21 (ഇവരെ ഇ.എം.സി.-യുടെ ചെറുകിട ജലവൈദ്യുത പദ്ധതി വിഭാഗത്തിലെയും, പരിശീലന വിഭാഗത്തിലെയും, ഊർജ്ജ കാര്യക്ഷമതാ വിഭാഗത്തിലെയും, ഐ. ടി. വിഭാഗത്തിലെയും വിവിധ പ്രോജക്ടുകളിൽ നിയമിച്ചിരിക്കുന്നു.)

## സോളാർ എനർജി ഉപയോഗങ്ങൾക്ക് പ്രോത്സാഹനം

192 (4797) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സോളാർ എനർജിയെ കൂടുതലായി ആശ്രയിക്കുന്നതിന് എന്തെങ്കിലും സാങ്കേതികതടസ്സം നേരിടുന്നുണ്ടോ; വിശദവിവരം നൽകുമോ;

(ബി) സോളാർ പാനൽ ഉപയോഗിക്കുന്നതിന് പ്രോത്സാഹനമായി എന്തെല്ലാം ആനുകൂല്യങ്ങളാണ് നിലവിൽ നൽകിവരുന്നത്; വിശദമാക്കാമോ?

### ഉത്തരം

(എ) കേരളത്തിൽ സൗരോർജ്ജം വലിയതോതിൽ തന്നെ ഉപയോഗിച്ചു വരുന്നുണ്ട്. സൂര്യപ്രകാശം പകൽനേരം മാത്രമേ ലഭിക്കുകയുള്ളൂ എന്നതും ലഭിക്കുന്ന സൗരോർജ്ജത്തിന്റെ അളവ് ഓരോ നിമിഷവും മാറിക്കൊണ്ടിരിക്കും എന്നതുമാണ് ഇതിനുള്ള ചില സാങ്കേതിക ന്യൂനതകൾ. ഇങ്ങനെ ലഭിക്കുന്ന വൈദ്യുതി രാത്രി സമയത്തെ ഉപയോഗത്തിന് കരുതിവക്കുന്നതിന് ബാറ്ററി പോലുള്ള സ്റ്റോറേജ് സംവിധാനങ്ങൾ ഉപയോഗിക്കേണ്ടതിനാൽ ചെലവ്

കൂടുതലാകും. ഈ വൈദ്യുതി, വൈദ്യുത വിതരണ ശൃംഖലയുമായി ബന്ധിപ്പിക്കുക വഴി ബാറ്ററികളുടെ ആവശ്യകത ഒഴിവാക്കാവുന്നതാണ്. ഇങ്ങനെ ബന്ധിപ്പിക്കുമ്പോൾ വൈദ്യുതി വിതരണ ശൃംഖലയുടെ സന്തുലിത ഉറപ്പാക്കേണ്ടതുമുണ്ട്. ഇങ്ങനെ സന്തുലിത ഉറപ്പുവരുത്താൻ കഴിയുന്ന അളവിൽ മാത്രമേ ശൃംഖലയിൽ ബന്ധിപ്പിക്കാൻ കഴിയുകയുള്ളൂ.

(ബി) സോളാർ പാനൽ ഉപയോഗിക്കുന്നതിന് പ്രോത്സാഹനമായി നിലവിൽ നൽകി വരുന്ന ആനുകൂല്യങ്ങൾ ചുവടെ ചേർക്കുന്നു:

1. 2017-18 വർഷത്തെ പദ്ധതിയുടെ ഭാഗമായി അനെർട്ട് മുഖേന സ്ഥാപിക്കുന്ന 1 കിലോവാട്ട് മുതൽ 5 കിലോവാട്ട് വരെ ശേഷിയുള്ള ഓഫ് ഗ്രിഡ് സോളാർ പവർ പ്ലാന്റുകൾക്ക് കിലോവാട്ടിന് 40500 രൂപ കേന്ദ്ര സർക്കാർ (MNRE) സബ്സിഡിക്ക് അർഹതയുണ്ട്.

2. 2 കിലോവാട്ട് മുതൽ 100 കിലോവാട്ട് വരെ ശേഷിയുള്ള ശൃംഖലാബന്ധിത സോളാർ പവർ പ്ലാന്റുകൾക്ക് അടിസ്ഥാന വിലയുടെ 30 ശതമാനം കേന്ദ്ര സർക്കാർ സബ്സിഡി ലഭ്യമാണ്.

3. അക്ഷയ ഊർജ്ജ ഉപകരണങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കുന്നു.

4. ഈ മേഖലയിൽ മികച്ച നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നവർക്ക് പുരസ്കാരം നൽകുന്നു.

5. തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന സോളാർ ഉപകരണങ്ങൾക്ക് സബ്സിഡി അനുവദിക്കുന്നതിനുള്ള മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്.

**സൗരോർജ്ജ വൈദ്യുതി**

193 (4798) ശ്രീ. വി. ഡി. സതീശൻ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊർജ്ജ പ്രതിസന്ധി പരിഹരിക്കുന്നതിന് ഏറ്റവും നല്ല മാർഗ്ഗം സൗരോർജ്ജ വൈദ്യുതിയുടെ ഉല്പാദനം വർദ്ധിപ്പിക്കുകയാണെന്നതിന്റെ അടിസ്ഥാനത്തിൽ ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയാണ്;

(ബി) ഇതുമായി ബന്ധപ്പെട്ട സോളാർ പാനൽ പദ്ധതി വിജയപ്രദമായിരുന്നോ; വിശദാംശം നൽകുമോ;

(സി) സൗരോർജ്ജ പദ്ധതികൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി നൽകുന്ന സബ്സിഡി തുക വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ & ബി) സൗരോർജ്ജം മാത്രം ഉപയോഗിച്ചുകൊണ്ട് സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകത നിറവേറ്റാനാകില്ല. സൗരോർജ്ജ വൈദ്യുതിയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് വേണ്ടി കെ.എസ്.ഇ.ബി.എൽ. നിർമ്മാണം പൂർത്തീകരിച്ചതും നിർമ്മാണം നടത്തിക്കൊണ്ടിരിക്കുന്നതുമായ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

സൗരോർജ്ജ വൈദ്യുതിയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി അനെർട്ട് സ്വീകരിച്ച പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു:

2017-18 സാമ്പത്തികവർഷം അനെർട്ട് മുഖേന സോളാർ ഫോട്ടോവോൾട്ടായിക് -സോളാർ വിന്റ് ഹൈബ്രിഡ് പവർ പ്ലാന്റുകൾ (3 മെഗാവാട്ട് വരെ ശേഷിയുള്ളവ) സ്ഥാപിക്കുന്നതിനായി 16.65 കോടി രൂപയുടെ പദ്ധതിയുണ്ട്. കൂടാതെ 1.4 മെഗാവാട്ട് ആകെ ശേഷിയുള്ള ശൃംഖലാബന്ധിത സോളാർ പവർപ്ലാന്റുകൾ ജില്ലാ കളക്ടറേറ്റ് അടക്കമുള്ള സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ സ്ഥാപിക്കുന്നതിനും 11.87 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കുവാനും നടപടി സ്വീകരിച്ചുവരുന്നു.

2016-17 വർഷത്തെ പദ്ധതിയുടെ ഭാഗമായി അനെർട്ട് മുഖേന 5000 കിലോവാട്ട് ശേഷിയുള്ള ശൃംഖലാബന്ധിത സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് വർക്ക് ഓർഡർ നൽകി പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. കൂടാതെ 4000 കിലോവാട്ട് ആകെ ശേഷിയുള്ള ഓഫ് ഗ്രിഡ് സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് വർക്ക് ഓർഡർ നൽകി പ്രവർത്തനം തുടങ്ങിയിട്ടുണ്ട്.

പാലക്കാട് കുഴൽമന്ദത്ത് 2 മെഗാവാട്ടിന്റെ ശൃംഖലാബന്ധിത സൗരോർജ്ജ പവർ പ്ലാന്റ് സ്ഥാപിച്ച് വൈദ്യുതി കെ.എസ്.ഇ.ബി ഗ്രിഡിലേയ്ക്ക് നൽകി വരുന്നു.

സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ ഭാഗമായി അനെർട്ട് ഇതിനകം ഇടുക്കി ജില്ലയിൽ 1625 വീടുകളും, പാലക്കാട് ജില്ലയിൽ 681 വീടുകളും, വയനാട് ജില്ലയിൽ 16 വീടുകളും സൗരോർജ്ജ വൈദ്യുതി ലഭ്യമാക്കി വൈദ്യുതീകരിച്ചു കഴിഞ്ഞു. ഇവ പ്രസരണ വൈദ്യുതി ലഭ്യമല്ലാത്ത വിദൂരസ്ഥമായ പ്രദേശങ്ങളിലാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

2012-13-ൽ തുടങ്ങിയതും കേന്ദ്ര-സംസ്ഥാന സർക്കാർ സബ്സിഡിയോടെ നടപ്പാക്കിയതുമായ പതിനായിരം വീടുകളിൽ സോളാർ ഓഫ് ഗ്രിഡ് പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി പ്രകാരം 9837 വീടുകളിൽ 1 കിലോവാട്ട് ശേഷിയുള്ള ഓഫ് ഗ്രിഡ് സോളാർ പവർ പ്ലാന്റുകൾ സ്ഥാപിച്ചു നൽകി 2016-17 വർഷം പദ്ധതി വിജയകരമായി പൂർത്തിയാക്കി. ഇവ മാത്രം ഏകദേശം 10 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദനശേഷിക്ക് പര്യാപ്തമാണ്.

(സി) തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന സോളാർ ഉപകരണങ്ങൾക്ക് സബ്സിഡി അനുവദിക്കുന്നതിനുള്ള മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്.

## ഊർജ്ജ സ്രോതസ്സുകൾ

194 (4799) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാരമ്പര്യേത ഊർജ്ജ സ്രോതസ്സുകളുടെ ചൂഷണം സംബന്ധിച്ച് സർക്കാർ നയരൂപീകരണം നടത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) പുനരുപയോഗസാദ്ധ്യതയുള്ളതും പാരിസ്ഥിതിക പ്രശ്നങ്ങളില്ലാത്തതുമായ ഊർജ്ജ സ്രോതസ്സുകൾ കണ്ടെത്തുന്നത് പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളുടെ ഉപയോഗം സംബന്ധിച്ച് 2002-ൽ 'കേരള റീന്യൂവബിൾ എനർജി പോളിസി' പ്രഖ്യാപിച്ചിട്ടുണ്ട്. കാറ്റിൽ നിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് പിന്തുടരേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ 22-11-2008 G.O. (Rt) No.295/08/PD ആയി പുറപ്പെടുവിച്ചിട്ടുണ്ട്. സൗരോർജ്ജം സംബന്ധിച്ച് നയം 2013-ൽ 'കേരള സോളാർ എനർജി പോളിസി' 25-11-2013-ലെ G.O. (P) No.49/2013/PD ആയി പ്രാബല്യത്തിലുണ്ട്.

(ബി) പുനരുപയോഗ സാധ്യതയുള്ളതും പാരിസ്ഥിതിക പ്രശ്നങ്ങളില്ലാത്തതുമായ ഊർജ്ജ സ്രോതസ്സുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിന് കെ.എസ്.ഇ.ബി.എൽ. സ്വീകരിച്ച നടപടികൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

അനെർട്ട് മുഖേന 2016-17 വർഷത്തെ പദ്ധതിയുടെ ഭാഗമായി 2 കിലോവാട്ട് മുതൽ 100 കിലോവാട്ട് വരെ ശേഷിയുള്ള ശൃംഖലാബന്ധിത സോളാർ പവർ പ്ലാന്റുകൾ (ആകെ ശേഷി: 5000 കിലോവാട്ട്) കേന്ദ്ര-സംസ്ഥാന സർക്കാർ സബ്സിഡിയോടെ വ്യക്തികൾക്കും, സ്ഥാപനങ്ങൾക്കും സ്ഥാപിച്ച് നൽകാനും, 1 കിലോവാട്ട് മുതൽ 5 കിലോവാട്ട് വരെ ശേഷിയുള്ള ഓഫ് ഗ്രിഡ് സോളാർ പവർ പ്ലാന്റുകൾ (ആകെ ശേഷി:4000 കിലോവാട്ട്) കേന്ദ്ര-സംസ്ഥാന സർക്കാർ സബ്സിഡിയോടെ സ്ഥാപിച്ച് നൽകാനുമുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു.

അനെർട്ട് മുഖേന അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ ലഭ്യത, പരിപാലനം എന്നിവ സംബന്ധമായി വ്യാപകമായ പ്രചരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. അക്ഷയ ഊർജ്ജ മേഖല സംബന്ധമായി പോർട്ടൽ സംവിധാനം ഒരുക്കുന്നതിനും, കോൾ സെന്റർ ഫെസിലിറ്റി നടപ്പിലാക്കുന്നതിനും, ടോൾ ഫ്രീ നമ്പരിലൂടെ പൊതുജനങ്ങൾക്ക് വേണ്ട നിർദ്ദേശങ്ങളും, വിവരങ്ങളും, ലഭ്യമാക്കുന്നതിനും, വിവിധ പ്രചരണ പരിപാടികൾ, സെമിനാറുകൾ, സഞ്ചരിക്കുന്ന പ്രദർശനശാലകൾ എന്നിവ പൊതുജന പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിനും ദൃശ്യ-ശ്രാവ്യ-പത്ര മാധ്യമങ്ങളിലൂടെ വേണ്ട പ്രചരണം നൽകുന്നതിനും ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.

2016-17 വർഷത്തെ പദ്ധതിയുടെ ഭാഗമായി അനെർട്ട് മുഖേന 5000 കിലോവാട്ട് ശേഷിയുള്ള ശൃംഖലാബന്ധിത സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് വർക്ക് ഓർഡർ നൽകി പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. കൂടാതെ 4000 കിലോവാട്ട് ശേഷിയുള്ള ഓഫ് ഗ്രിഡ് സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും വർക്ക് ഓർഡർ നൽകി പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. 2016-17 വർഷത്തെ പദ്ധതി പ്രകാരം അതേവരെ 2303 എണ്ണം പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റുകളും 145 ക്യൂബിക് മീറ്റർ പ്രതിദിന ശേഷിയുള്ള വൻകിട ബയോഗ്യാസ് പ്ലാന്റുകളും, 9353 സ്ക്വയർ മീറ്റർ വിസ്തൃതിയുള്ള സോളാർ വാട്ടർ ഹീറ്ററുകളും സർക്കാർ സബ്സിഡിയോടെ സ്ഥാപിച്ചു നൽകി. പാലക്കാട് കുഴൽമന്ദത്ത് 2 മെഗാവാട്ടിന്റെ ശൃംഖലാബന്ധിത സൗരോർജ്ജ പവർ പ്ലാന്റ് സ്ഥാപിച്ച് വൈദ്യുതി കെ. എസ്. ഇ.ബി. ഗ്രിഡിലേയ്ക്ക് നൽകി വരുന്നു.

സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ ഭാഗമായി അനെർട്ട് ഇതിനകം ഇടുക്കി ജില്ലയിൽ 1625 വീടുകളും, പാലക്കാട് ജില്ലയിൽ 681 വീടുകളും, വയനാട് ജില്ലയിൽ 16 വീടുകളും സൗരോർജ്ജ വൈദ്യുതി ലഭ്യമാക്കി വൈദ്യുതീകരിച്ചു കഴിഞ്ഞു.

2016-17 വർഷത്തിലാണ് കേന്ദ്ര-സംസ്ഥാന സർക്കാർ സബ്സിഡിയോടെ 10000 വീടുകളിൽ സോളാർ ഓഫ് ഗ്രിഡ് പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതിയായ 10000 റൂഫ് ടോപ്പ് സോളാർ പവർ പ്ലാന്റ് പദ്ധതി പ്രകാരം 9837 വീടുകളിൽ 1 കിലോവാട്ട് ശേഷിയുള്ള ഓഫ് ഗ്രിഡ് സോളാർ പവർ പ്ലാന്റുകൾ സ്ഥാപിച്ചു നൽകി പദ്ധതി പൂർത്തിയാക്കിയത്. ഇവ മാത്രം ഏകദേശം 10 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദന ശേഷിക്ക് പര്യാപ്തമാണ്.

**പാരമ്പര്യേതര ഊർജ്ജം**

195 (4800) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാരമ്പര്യേതര ഊർജ്ജത്തിന്റെ സാദ്ധ്യതകൾ കേരളത്തിൽ എത്രമാത്രമുണ്ടെന്നുള്ള പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) അനെർട്ട്-നെ ഉപയോഗിച്ചുകൊണ്ട് പാരമ്പര്യേതര ഊർജ്ജം ഉപയോഗിക്കുന്ന രീതികൾ കൂടുതൽ ജനകീയമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് നിർമ്മാണം നടത്തി ഇതുവരെ പൂർത്തീകരിച്ച സൗരോർജ്ജ പദ്ധതികളുടേയും നിർമ്മാണം നടത്തിക്കൊണ്ടിരിക്കുന്ന സൗരോർജ്ജ പദ്ധതികളുടേയും വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു. കൂടാതെ കാറ്റിൽ നിന്നും സംസ്ഥാനത്ത് 605 മെഗാവാട്ടിന്റെ പദ്ധതികൾ നടപ്പിലാക്കാൻ കഴിയുമെന്ന് കണ്ടെത്തിയിട്ടുണ്ട്.

കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ വിന്റ് മോണിറ്ററിംഗ് സ്റ്റേഷൻ സ്ഥാപിച്ച് കേന്ദ്ര ഗവണ്മെന്റ് സ്ഥാപനമായ National Institute of Wind Energy (NIWE, Chennai) നടത്തിയ പഠനങ്ങളിൽ കേരളത്തിൽ കാറ്റിൽ നിന്നും 790 മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കാൻ കഴിയുമെന്ന് അനെർട്ട് കണ്ടെത്തിയിട്ടുണ്ട്. NIWE-ടെ സഹായത്തോടെ കേരളത്തിൽ കേന്ദ്ര പദ്ധതിയായ Solar Radiation Resource Assessment സ്കീമിൽ കണ്ണൂർ, ആലപ്പുഴ എന്നിവിടങ്ങളിൽ പഠന പ്രവർത്തനം നടന്നുവരുന്നു. ഇടുക്കി ജില്ലയിൽ രാമക്കൽമേട്ടിലും പാലക്കാട് ജില്ലയിൽ കുഴൽമന്ദത്തും Solar Radiation Resource Assessment Station -കൾ ഉടൻ തന്നെ ആരംഭിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ചെറുകിട ജലവൈദ്യുത പദ്ധതികൾക്ക് ഏകദേശം 700 MW-ന്റെ സാങ്കേതിക സാധ്യത ഉള്ളതായി എനർജി മാനേജ്മെന്റ് സെന്റർ കണ്ടെത്തിയിട്ടുണ്ട്.

(ബി) അനെർട്ടിനെ ഉപയോഗിച്ച് പാരമ്പര്യേതര ഊർജ്ജം ഉപയോഗിക്കുന്ന രീതികൾ ജനകീയമാക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ ചുവടെ ചേർക്കുന്നു.

2017-18 സാമ്പത്തികവർഷം അനെർട്ട് മുഖേന സോളാർ ഫോട്ടോവോൾട്ടായിക് -വിന്റ് ഹൈബ്രിഡ് പവർ പ്ലാന്റുകൾ (3 മെഗാവാട്ട് വരെ ശേഷിയുള്ളവ) സ്ഥാപിക്കുന്നതിനായി 16.65 കോടി രൂപയുടെ പദ്ധതിയുണ്ട്. കൂടാതെ 1.4 മെഗാവാട്ട് ആകെ ശേഷിയുള്ള ശൃംഖലാബന്ധിത സോളാർ പവർപ്ലാന്റുകൾ ജില്ലാകളക്ടറേറ്റ് അടക്കമുള്ള സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ സ്ഥാപിക്കുന്നതിന് 11.87 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ, അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ നിർമ്മാതാക്കളെ എംപാനൽ ചെയ്തും, നിർദ്ദിഷ്ട സാങ്കേതിക മാനദണ്ഡങ്ങൾ നടപ്പിലാക്കിയും പ്രചരണ പ്രവർത്തനങ്ങൾ നടത്തിയും വ്യാപകമായ തോതിൽ വിവിധ അക്ഷയ ഊർജ്ജ ഉപകരണങ്ങൾ അനെർട്ട് മുഖേന സ്ഥാപിച്ചു നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

2017-2018 സാമ്പത്തികവർഷം അനെർട്ട് മുഖേന അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ ലഭ്യത, പരിപാലനം എന്നിവ സംബന്ധമായി വ്യാപകമായ പ്രചരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. അക്ഷയ ഊർജ്ജ മേഖല സംബന്ധമായി പോർട്ടൽ സംവിധാനം ഒരുക്കുന്നതിനും, കോൾ സെന്റർ ഫെസിലിറ്റി നടപ്പിലാക്കുന്നതിനും, ടോൾ ഫ്രീ നമ്പരിലൂടെ പൊതുജനങ്ങൾക്ക് വേണ്ട നിർദ്ദേശങ്ങളും, വിവരങ്ങളും, ലഭ്യമാക്കുന്നതിനും, വിവിധ പ്രചരണ പരിപാടികൾ, സെമിനാറുകൾ, സഞ്ചരിക്കുന്ന പ്രദർശനശാലകൾ എന്നിവ പൊതുജന പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിനും ദൃശ്യ-ശ്രാവ്യ-പത്ര മാധ്യമങ്ങളിലൂടെ വേണ്ട പ്രചരണം നൽകുന്നതിനും ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.

അക്ഷയ ഊർജ്ജ സ്രോതസ്സുകളായ സൗരോർജ്ജം, ജൈവോർജ്ജം എന്നിവ ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഉപകരണങ്ങളുടെയും സംവിധാനങ്ങളുടെയും പ്രചരണവും, കേന്ദ്ര ഗവണ്മെന്റ് സബ്സിഡിയോടുകൂടിയുള്ള നിർമ്മാണ പ്രവർത്തനങ്ങളും കാറ്റിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് സാധ്യതയുള്ള പ്രദേശങ്ങളിൽ സംരംഭകർക്ക് സാങ്കേതിക അനുമതിയും അനെർട്ട് മുഖേനയാണ് നൽകി വരുന്നത്.

അക്ഷയ ഊർജ്ജ ഉപകരണങ്ങൾക്ക്, നിർദ്ദിഷ്ട സാങ്കേതിക മാനദണ്ഡങ്ങൾ തയ്യാറാക്കുന്നതിനും, നിർമ്മാതാക്കളെ എംപാനൽ ചെയ്യുന്നതിനും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനും കോ-ഓപ്പറേറ്റീവ് സ്ഥാപനങ്ങൾക്കും, സംരംഭകർക്കും ഇൻസെന്റീവ് നൽകി അക്ഷയ ഊർജ്ജ ഉപകരണങ്ങൾ വ്യാപകമായി പ്രചരിപ്പിക്കുന്നതിനും ജില്ലാതലത്തിൽ ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും, കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും ഇന്റഗ്രേഡ് റെന്യൂവബിൾ എനർജി കോംപ്ലക്സുകൾ സ്ഥാപിക്കുന്നതിനും പദ്ധതിയുണ്ട്.

## പാരമ്പര്യേതര മാർഗ്ഗത്തിലൂടെയുള്ള വൈദ്യുതി ഉല്പാദനം

196 (4801) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് പാരമ്പരേതര മാർഗ്ഗത്തിലൂടെ എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉല്പാദിപ്പിച്ചിരുന്നത്;

(ബി) എത്ര പുതിയ പദ്ധതികൾക്ക് പ്രസ്തുത കാലത്ത് തുടക്കം കുറിക്കുവാൻ കഴിഞ്ഞു ; വിശദാംശം നൽകുമോ;

(സി) ഈ സർക്കാരിന്റെ കാലത്ത് പാരമ്പര്യേതര മാർഗ്ഗത്തിലൂടെ എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആരംഭിച്ചുവെന്ന് അറിയിക്കുമോ; അതിൽ എത്രയെണ്ണം മുൻ സർക്കാരിന്റെ കാലത്ത് തുടക്കം കുറിച്ചവയായിരുന്നു?

### ഉത്തരം

(എ) മുൻ സർക്കാരിന്റെ കാലത്ത് കെ.എസ്.ഇ.ബി.എൽ., അനെർട്ട്, എനർജി മാനേജ്മെന്റ് സെന്റർ എന്നിവ മുഖേന പാരമ്പര്യേതര മാർഗ്ഗത്തിലൂടെ ഉല്പാദിപ്പിച്ചിട്ടുള്ള വൈദ്യുതി സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

കെ.എസ്.ഇ.ബി.എൽ 1.159372 മെഗാവാട്ട് സൗരോർജ്ജ വൈദ്യുതി ഉത്പാദിപ്പിച്ചു. 2015-16 വർഷം വരെ സംസ്ഥാനത്ത് കാറ്റിൽ നിന്നും ഉത്പാദിപ്പിച്ച ആകെ 34.875 മെഗാവാട്ട് സ്ഥാപിത ശേഷിയിൽ 2.025 മെഗാവാട്ട് കെ.എസ്.ഇ.ബി.എൽ.-ന്റേതും 32.85 മെഗാവാട്ട് സ്വകാര്യ സംരംഭകർ സ്ഥാപിച്ചിട്ടുള്ളതുമാണ്. ഇതിൽ ആകെ 9.6 MW പദ്ധതിയാണ് മുൻ സർക്കാരിന്റെ കാലത്ത് സ്ഥാപിച്ചത്. അനെർട്ടിന്റെ നേതൃത്വത്തിൽ 7.91 MW സൗരോർജ്ജവും ഈ കാലയളവിൽ സ്ഥാപിച്ചിട്ടുണ്ട്.

ചെറുകിട ജലവൈദ്യുത പദ്ധതികളിൽ നിന്ന് 15MW സ്ഥാപിത ശേഷി 'ബൂട്ട്' (BOOT) അടിസ്ഥാനത്തിലുള്ള പദ്ധതി സ്വകാര്യ സംരംഭകർ വഴി എനർജി മാനേജ്മെന്റ് സെന്റർ നടപ്പിലാക്കിയിട്ടുണ്ട്. മൊത്തത്തിൽ 67.954 മെഗാവാട്ട് വൈദ്യുതിയാണ് മുൻ സർക്കാരിന്റെ കാലത്ത് സ്ഥാപിച്ചത്.

(ബി) മുൻ സർക്കാരിന്റെ കാലത്ത് കെ.എസ്.ഇ.ബി.എൽ. തുടക്കം കുറിച്ച സൗരോർജ്ജ പദ്ധതികളുടെയും കാറ്റിൽ നിന്നുള്ള പദ്ധതികളുടെയും വിശദാംശം അനുബന്ധമായി* ചേർത്തിരിക്കുന്നു.

മുൻ സർക്കാരിന്റെ കാലത്ത് അനെർട്ട് വഴി തുടക്കം കുറിച്ച പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. പാലക്കാട് ജില്ലയിലെ കുഴൽമന്ദത്ത് 2 മെഗാവാട്ട് സോളാർ പവർപ്ലാന്റ്.
2. ഒരു കിലോവാട്ട് ശേഷിയുള്ള പതിനായിരം ഓഫ്ഗ്രിഡ് സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുക എന്ന ഉദ്ദേശത്തോടുകൂടി പതിനായിരം റൂഫ് ടോപ്പ് സോളാർ പ്ലാന്റ്.
3. വൈദ്യുതി വിതരണ ശൃംഖലയുമായി ബന്ധിപ്പിക്കുന്ന 5 മെഗാവാട്ട് സ്ഥാപനശേഷി ഉദ്ദേശിച്ചുള്ള സോളാർ കണക്ട് 2014-15 പദ്ധതി.

എനർജി മാനേജ്മെന്റ് സെന്റർ വഴി മൂന്ന് ചെറുകിട ജലവൈദ്യുത പദ്ധതികൾ സ്വകാര്യ മേഖലയുടെ സഹകരണത്തോടെ 'ബൂട്ട്'അടിസ്ഥാനത്തിൽ തുടക്കം കുറിച്ചു.

1. 8MW ന്റെ പാതംകയം.
2. 4.5 MW ന്റെ അരിപ്പാറ.
3. 8 MW ന്റെ ആനക്കാം പൊയിൽ.

(സി) ഈ സർക്കാരിന്റെ കാലത്ത് കെ.എസ്.ഇ.ബി. എൽ. 5.799 മെഗാവാട്ട് സൗരോർജ്ജ വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള ടെൻഡർ നടപടികൾ ആരംഭിച്ചു. ഇതിനുപുറമേ 200 മൊഗാവാട്ട് സൗരോർജ്ജ വൈദ്യുതി റിവേഴ്സ് ബിഡിംഗിലൂടെ വാങ്ങുന്നതിന് ദർഘാസ് ക്ഷണിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു. ഈ സർക്കാരിന്റെ കാലത്ത് നടപ്പിൽ വരുത്താൻ ലക്ഷ്യം വയ്ക്കുന്ന കാറ്റിൽ നിന്നുള്ള പദ്ധതികളുടെയും കെട്ടിടങ്ങളുടെ മേൽക്കൂരയിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്ന പദ്ധതികളുടെയും വിശദാംശങ്ങൾ അനുബന്ധമായി * ചേർത്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

വൈദ്യുതി വിതരണ ശൃംഖലയുമായി ബന്ധിപ്പിക്കുന്ന 15 മെഗാവാട്ട് സ്ഥാപിത ശേഷിയോടുകൂടിയ പദ്ധതിക്കും (സോളാർ കണക്ട് 2016-17, 2017-18) ബാറ്ററി ശേഷിയോടുകൂടിയുള്ള 10 മെഗാവാട്ട് പദ്ധതിക്കും (സോളാർ സ്മാർട്ട് 2016-17, 2017-18) അനെർട്ട് വഴി ഈ സർക്കാർ തുടക്കം കുറിച്ചു. മുൻ സർക്കാരിന്റെ കാലത്ത് തുടങ്ങിയ 10000 റൂഫ് ടോപ്പ് പദ്ധതിയിൻ കീഴിൽ 1.92 മെഗാവാട്ട് സ്ഥാപിതശേഷി ഈ കാലയളവിലാണ് കൈവരിക്കാനും കഴിഞ്ഞത്.

ഈ സർക്കാരിന്റെ കാലത്ത് ഇതുവരെ 12.5 MW സ്ഥാപിതശേഷിയുള്ള 2 പദ്ധതികൾ സ്വകാര്യ മേഖലയിൽ 'ബൂട്ട്' അടിസ്ഥാനത്തിൽ എനർജി മാനേജ്മെന്റ് സെന്റർ കമ്മീഷൻ ചെയ്തു.

1. 8 MW ന്റെ പാതംകയം

2. 4.5 MW ന്റെ കാരിക്കയം (രണ്ടാം ഘട്ടം)

ഇതിൽ 8 MW ന്റെ പാതംകയം പദ്ധതി മുന്ന സർക്കാരിന്റെ കാലത്ത് തുടക്കം കുറിച്ചതാണ്. 47.4 MW സ്ഥാപിത ശേഷി കൈവരിയ്ക്കാവുന്ന 20 പദ്ധതികൾ 'ബൂട്ട്' അടിസ്ഥാനത്തിൽ നിർമ്മാണത്തിന് സ്വകാര്യ മേഖലയ്ക്ക് അനുമതി നല്കിയിട്ടുണ്ട്.

## വൈദ്യുതിമൂലമുണ്ടാകുന്ന അപകടങ്ങൾ

197 (4802) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതിമൂലമുണ്ടാകുന്ന അപകടങ്ങളിൽ പരിക്കേൽക്കുന്നവർക്കും മരണപ്പെടുന്നവരുടെ കുടുംബങ്ങൾക്കും എന്തെല്ലാം സഹായങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കാമോ;

(ബി) ടി ആനുകൂല്യങ്ങൾ ലഭ്യമാകുന്നതിന് കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് പരിഹാര നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് വൈദ്യുതി അപകടങ്ങളിൽ മരണപ്പെടുന്നവരുടെ ആശ്രിതർക്കും പരിക്കേൽക്കുന്നവർക്കും നൽകി വരുന്ന സഹായങ്ങളുടെ വിവരം ചുവടെ ചേർത്തിരിക്കുന്നു:

1. <u>പൊതുജനങ്ങൾക്കുണ്ടാകുന്ന അപകടങ്ങൾ</u>

അശ്രദ്ധ, സൂഷ്മതക്കുറവ്, അറിവില്ലായ്മ, സുരക്ഷാ മുൻകരുതലുകൾ എടുക്കുന്നതിൽ വിമുഖത കാണിക്കുക എന്നീ കാരണങ്ങളാൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പ്രതിഷ്ഠാപനങ്ങളിൽ നിന്നും വൈദ്യുതാഘാതമേറ്റ് മരണമടയുന്ന പൊതുജനങ്ങളുടെ അനന്തരാവകാശികൾക്ക് നിലവിലുള്ള വൈദ്യുതി സുരക്ഷാ പദ്ധതി പ്രകാരം 1 ലക്ഷം രൂപയും പരിക്കേൽക്കുന്നവർക്ക് അപകടത്തിന്റെ ഫലമായുണ്ടായ സ്ഥിരവും സ്ഥായിയുമായ അംഗവൈകല്യത്തിന്റെ ശതമാനത്തിന് ആനുപാതികമായി ആശ്വാസ ധനസഹായം (പരമാവധി 1 ലക്ഷം രൂപ) അനുവദിക്കുന്നുണ്ട്.

കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പ്രതിഷ്ഠാപനങ്ങളുടെ തകരാറുകൾമൂലവും പൊട്ടിവീണ വൈദ്യുതി കമ്പിയിൽ നിന്നും വൈദ്യുതാഘാതമേല്ക്കുന്നതുമൂലവും മരണം സംഭവിക്കുന്ന പൊതുജനങ്ങളുടെ അനന്തരാവകാശികൾക്ക് 5 ലക്ഷം രൂപയും പരിക്കേല്ക്കുന്നവർക്ക് അപകടത്തിന്റെ ഫലമായുണ്ടായ സ്ഥിരവും സ്ഥായിയുമായ അംഗവൈകല്യത്തിന്റെ ശതമാനത്തിന് ആനുപാതികമായ തുകയും (പരമാവധി 5 ലക്ഷം രൂപ) വ്യവസ്ഥകൾക്ക് വിധേയമായി ആശ്വാസ ധനസഹായമായി അനുവദിച്ച് നല്കിവരുന്നു.

2. <u>ബോർഡ് ജീവനക്കാർക്കുള്ള നഷ്ടപരിഹാരം.</u>

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ കീഴിൽ ജോലിയിൽ ഏർപ്പെട്ടിരിക്കുമ്പോൾ അപകടത്തിൽപ്പെടുകയോ അപകട മരണം സംഭവിക്കുകയോ ചെയ്യുന്ന ബോർഡ് ജീവനക്കാരായ തൊഴിലാളിക്ക് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുസരിച്ചാണ് നഷ്ടപരിഹാരം നിശ്ചയിക്കുന്നത്. കൂടാതെ ദീർഘകാല കരാർ പ്രകാരം സാമ്പത്തിക ആനുകൂല്യങ്ങളും നല്കിവരുന്നു. ഇപ്രകാരം താഴെപ്പറയുന്ന നഷ്ടപരിഹാരത്തിനും സാമ്പത്തിക ആനുകൂല്യങ്ങൾക്കും അർഹതയുണ്ട്.

<u>മരണാനന്തര നഷ്ടപരിഹാരം</u>

1. പ്രായത്തിനും മാസവേതനത്തിനും ആനുപാതികമായ നഷ്ടപരിഹാരം (3,97,480 രൂപ മുതൽ 9,14,160 രൂപ വരെ)
2. ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം 10 ലക്ഷം രൂപ, ഇൻഷ്വറൻസ് പദ്ധതിയുടെ നിബന്ധനകൾക്ക് വിധേയമായി സ്റ്റേറ്റ് ഇൻഷ്വറൻസ് ഡിപ്പാർട്ടുമെന്റിൽ നിന്നും ലഭിക്കുവാൻ അർഹതയുണ്ട്.

3. വൈദ്യുതി ബോർഡ് തൊഴിലാളി ക്ഷേമനിധിയിൽ നിന്നും മരണാനന്തര ആനുകൂല്യമായി 5 ലക്ഷം രൂപ ലഭിക്കുവാൻ അർഹതയുണ്ട്.

4. അപകടം സംഭവിക്കുന്ന ജീവനക്കാരന്റെ ആശ്രിതരിൽ ഒരാൾക്ക് വിദ്യാഭ്യാസ യോഗ്യത അനുസരിച്ച് ബോർഡിൽ ആശ്രിത നിയമനത്തിന് അർഹതയുണ്ട്.

5. ശവസംസ്കാര ചെലവിനായി 7,500 രൂപയ്ക്ക് അർഹതയുണ്ട്.

6. അപകടം സംഭവിക്കുന്ന ജീവനക്കാർക്ക് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ ദീർഘകാല കരാർ വ്യവസ്ഥകൾ പ്രകാരം പൂർണ്ണമായ മെഡിക്കൽ ചികിത്സാ ചെലവിനും അർഹതയുണ്ട്.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ ഓഫീസർ വിഭാഗത്തിൽ വരുന്ന ജീവനക്കാർ 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമത്തിന്റെ പരിധിയിൽ വരുന്നില്ല. എന്നിരുന്നാലും ജോലിക്കിടെ അപകടമരണം സംഭവിക്കുന്ന ഓഫീസർ വിഭാഗത്തിൽപ്പെടുന്ന ബോർഡ് ജീവനക്കാർക്കും ബോർഡിന്റെ തീരുമാനങ്ങൾക്ക് വിധേയമായി 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമത്തിന്റെ വ്യവസ്ഥകൾക്കനുസൃതമായി പ്രായത്തിനും മാസവേതനത്തിനും ആനുപാതികമായ ആശ്വാസധനസഹായവും (3,97,480 രൂപ മുതൽ 9,14,160 രൂപ വരെ) പൂർണ്ണമായ ചികിത്സാ ചെലവും നല്കുന്നു. ഇതിലുപരിയായി ജോലിക്കിടെ അപകടമരണം സംഭവിക്കുന്ന തൊഴിലാളികൾക്ക് നല്കുന്ന മുകളിൽ പറഞ്ഞ എല്ലാ മരണാന്തര സാമ്പത്തിക ആനുകൂല്യങ്ങളും ഓഫീസർ വിഭാഗത്തിനും ലഭിക്കുന്നതിന് അർഹതയുണ്ട്.

3. <u>കരാർ തൊഴിലാളികൾക്ക് നല്കുന്ന നഷ്ടപരിഹാരം.</u>

മൂന്ന് ലക്ഷം രൂപയിൽ കവിയാത്ത അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്തു നടത്തുന്ന ചെറുകിട കരാറുകാരുടെ കീഴിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുസരിച്ച് താഴെ പറയുന്ന മരണാനന്തര നഷ്ടപരിഹാരം ലഭിക്കുന്നതിന് അർഹതയുണ്ട്.

<u>മരണാനന്തര നഷ്ടപരിഹാരം</u>

1. മാസവേതനത്തിനും പ്രായത്തിനും ആനുപാതികമായ നഷ്ടപരിഹാരം 3,97,480 രൂപ മുതൽ 9,14,160 രൂപ വരെ

2. ശവസംസ്കാര ചെലവിനായി 5,000 രൂപ.

മൂന്ന് ലക്ഷം രൂപയിൽ കവിയുന്ന അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരുടെ കീഴിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്ക് ജോലിക്കിടെ അപകടമോ അപകടമരണമോ സംഭവിക്കുകയാണെങ്കിൽ നഷ്ടപരിഹാരംനല്കുന്നതിനുള്ള പൂർണ്ണമായ ഉത്തരവാദിത്വം കരാറുകാരനായിരിക്കും. മൂന്ന് ലക്ഷം രൂപയിൽ കവിയുന്ന അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരൻ അയാളുടെ കീഴിലുള്ള തൊഴിലാളികൾക്കും, കരാറുകാരൻ കൂടി പ്രസ്തുത ജോലിയിൽ ഏർപ്പെട്ടുവാൻ താൽപ്പര്യപ്പെടുന്ന സാഹചര്യത്തിൽ ടിയാന് ഉൾപ്പെടെ അപകട ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തേണ്ടതാണ്. അപകടമരണം സംഭവിക്കുന്ന കരാറുകാരുടെ കീഴിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്ക് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുസരിച്ച് നഷ്ട പരിഹാരം കണക്കാക്കുകയും പ്രസ്തുത തുക ഇൻഷ്വറൻസ് ക്ലെയിമിൽ നിന്നോ കരാറുകാരൻ കെട്ടിവെച്ചിട്ടുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നോ ഈടാക്കി നഷ്ടപരിഹാരം അനുവദിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പാലിച്ചു വരുന്നു.

ഇതിനുപുറമെ എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണർ പുറപ്പെടുവിക്കുന്ന ഉത്തരവ് പ്രകാരം നഷ്ടപരിഹാരം അനുവദിക്കുവാൻ കാലതാമസമുണ്ടാകുന്ന സാഹചര്യങ്ങളിൽ അപകടം സംഭവിച്ച ദിവസം മുതൽ അർഹമായ നഷ്ടപരിഹാരം നൽകുന്ന ദിവസം വരെയുള്ള കാലയളവിലേയ്ക്ക് നഷ്ടപരിഹാര തുകയുടെ 12% പലിശയുൾപ്പടെ ലഭിയ്ക്കുന്നതിന് മരണപ്പെടുന്നവരുടെ അനന്തരാവകാശികൾക്ക് അർഹതയുണ്ട്.

(ബി) നഷ്ടപരിഹാരം അനുവദിക്കുന്നതിന്റെ അർഹത പരിശോധിക്കുന്നതിന് വേണ്ടതായ രേഖകൾ/വിവരങ്ങൾ യഥാസമയം ലഭ്യമാക്കാത്തതുകാരണവും ബോർഡിന്റെ അറിവും സമ്മതവും ഇല്ലാതെ അനധികൃതമായി വൈദ്യുതി ബോർഡിന്റെ പ്രതിഷ്ഠാപനങ്ങളിൽ ജോലി ചെയ്ത് അപകടത്തിൽപ്പെടുന്ന സാഹചര്യങ്ങളിലും, work order, contract of agreement / provisional work order/ Employment slip/ M-slip എന്നീ രേഖകൾ പ്രകാരം ഔദ്യോഗികമായി ചുമതലപ്പെടുത്താത്ത കരാർ ജോലികൾ കരാർ ജീവനക്കാർ അനധികൃതമായി ചെയ്യുന്ന സാഹചര്യങ്ങളിലും, ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കി നഷ്ടപരിഹാരം അതിൽ നിന്നും ഈടാക്കേണ്ടുന്നതരം കരാർ ജോലികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ഉത്തരവുകൾ അനുസരിച്ച് എടുക്കാതിരിക്കുന്ന സാഹചര്യങ്ങളിലും, നഷ്ടപരിഹാര സംബന്ധമായ കേസ്സുകൾ വിവിധ കോടതികളുടെ പരിഗണനയിൽ നീണ്ട കാലയളവിലേയ്ക്ക് തീരുമാനമെടുക്കുവാൻ താമസം വരുന്ന സാഹചര്യങ്ങളിലും നഷ്ടപരിഹാരം അനുവദിക്കുന്നതിന് കാലതാമസം നേരിടാറുണ്ട്. നഷ്ടപരിഹാരം അനുവദിക്കുന്നതിനുള്ള അർഹത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ

ലഭ്യമാക്കുന്നതിനായി കത്തുകളും ഓർമ്മക്കുറിപ്പുകളും അപകടം റിപ്പോർട്ട് ചെയ്തിട്ടുള്ള ഓഫീസിലേക്കും അപകടം സംഭവിച്ച/അപകട മരണം സംഭവിച്ചയാളിന്റെ അനന്തരവകാശികൾക്കും നൽകി വരുന്നു. വൈദ്യുതി ബോർഡ് ലിമിറ്റഡിന്റെ പ്രതിഷ്ഠാപനങ്ങളിൽ ജോലി ചെയ്യുമ്പോൾ അപകടം സംഭവിക്കുകയാണെങ്കിൽ നഷ്ടപരിഹാരം ഉറപ്പുവരുത്തുന്നതിലേക്കായി പാലിക്കേണ്ടുന്ന വ്യവസ്ഥകളും മാനദണ്ഡങ്ങളും ഉൾച്ചേർത്ത് തയ്യാറാക്കിയിട്ടുള്ള പരിപത്രം എല്ലാ കെ.എസ്.ഇ.ബി. ലിമിറ്റഡ് ഓഫീസുകളിലും ലഭ്യമാക്കിയിട്ടുണ്ട്.

**അക്ഷയ ഊർജ്ജ സേവന കേന്ദ്രങ്ങൾ**

198 (4803) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അക്ഷയ ഊർജ്ജ സേവന കേന്ദ്രങ്ങളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്;

(ബി) കൊട്ടാരക്കര മണ്ഡലത്തിൽ പ്രസ്തുത കേന്ദ്രം ആരംഭിക്കുന്ന കാര്യം തീരുമാനമായോ; അതിനായി എത്ര അപേക്ഷകൾ ലഭിച്ചു; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) പൊതുജനങ്ങൾക്കും വിവിധ സ്ഥാപനങ്ങൾക്കും അനുയോജ്യമായ അക്ഷയ ഊർജ്ജ ഉപകരണങ്ങൾ തെരഞ്ഞെടുക്കുന്നതിനും അവ സ്ഥാപിക്കുന്നതിനും അവയുടെ പരിപാലനത്തിനും ആവശ്യമായ സാങ്കേതിക സഹായം ലഭ്യമാക്കുന്നതിനുമുള്ള സംവിധാനമാണ് അക്ഷയ ഊർജ്ജ സേവന കേന്ദ്രങ്ങൾ. സംസ്ഥാനത്ത് 140 അസംബ്ലി നിയോജകമണ്ഡലങ്ങളിലും ഓരോ അക്ഷയ ഊർജ്ജ സേവന കേന്ദ്രം ആരംഭിക്കുന്നതാണ്. സംരംഭകരെ തെരഞ്ഞെടുക്കുന്നതുൾപ്പെടെയുള്ള ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ സംസ്ഥാന സർക്കാർ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (സി.എം.ഡി.) മുഖേനയാണ് നടപ്പിലാക്കുന്നത്. മൂന്ന് വർഷം വിജയകരമായി സംരംഭം നടത്തുന്നവർക്ക് അനെർട്ട് ധനസഹായം ലഭ്യമാക്കുന്നതാണ്.

(ബി) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ അക്ഷയ ഊർജ്ജ സേവനകേന്ദ്രം ആരംഭിക്കുന്നതിന് 20 പേരിൽ നിന്ന് അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അപേക്ഷകൾ ഓൺലൈനായി സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റിന്റെ വെബ്സൈറ്റ് മുഖേനയാണ് സ്വീകരിച്ചത്. അപേക്ഷിച്ചവരിൽ നിന്ന് യോഗ്യതയുള്ള സംരംഭകനെ തെരഞ്ഞെടുക്കുന്നതിനുള്ള ഇന്റർവ്യൂവും സ്ഥല പരിശോധനയും പൂർത്തിയാക്കാനുണ്ട്.

## വാമനപുരം നിയോജകമണ്ഡലത്തിൽ വൈദ്യുതി ഓഫീസുകൾ

199 (4804) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ വൈദ്യുതി വകുപ്പിനുകീഴിൽ ഏതെല്ലാം ഓഫീസുകളാണ് പ്രവർത്തിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) അതിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതും സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നതുമായ ആഫീസുകളുടെ വിവരം നൽകാമോ ;

(സി) വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ആഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ?

ഉത്തരം

(എ&ബി) വാമനപുരം നിയോജകമണ്ഡലത്തിൽ വൈദ്യുതി ബോർഡിന് കീഴിൽ വാമനപുരം, കല്ലറ, വെഞ്ഞാറമൂട്, പാലോട്, പെരിങ്ങമല എന്നീ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളും പനവൂരിൽ സബ് എഞ്ചിനീയറുടെ ഓഫീസും പ്രവർത്തിക്കുന്നുണ്ട്. ഈ ഓഫീസുകളെല്ലാം തന്നെ വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. കൂടാതെ വാമനപുരം നിയോജകമണ്ഡലത്തിൽ പ്രസരണ വിഭാഗത്തിൽ രണ്ട് സബ്സ്റ്റേഷനുകൾ ഉണ്ട്.

1. 66 കെ.വി. സബ്സ്റ്റേഷൻ, പാലോട്
2. 33 കെ.വി. സബ്സ്റ്റേഷൻ, വെഞ്ഞാറമൂട്

രണ്ട് സബ്സ്റ്റേഷനുകളും വൈദ്യുതി ബോർഡ് ലിമിറ്റഡിന്റെ സ്വന്തം കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്.

(സി) സ്ഥലം ലഭ്യമായിട്ടുള്ള പ്രദേശങ്ങളിൽ കെട്ടിടം പണിയുന്നതിനുള്ള നടപടികൾ ബോർഡ് സ്വീകരിക്കുന്നുണ്ട്. പുതിയ കെട്ടിടം പണിയുന്നതിനാവശ്യമായ സ്ഥലം പഞ്ചായത്തോ മറ്റ് തദ്ദേശ സ്ഥാപനങ്ങളോ സൗജന്യമായി നൽകുന്ന പക്ഷം കെട്ടിടം പണിയുന്നതിനുള്ള നടപടികൾ ബോർഡ് സ്വീകരിക്കുന്നതാണ്.

## വൈദ്യുതി ബോർഡിന്റെ വാർഷിക വരുമാനം

200 (4805) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരുമാനം എത്ര കോടി രൂപയാണെന്ന് അറിയിക്കാമോ;

(ബി) പ്രതിദിനം എത്ര കോടി രൂപയുടെ വൈദ്യുതിയാണ് സംസ്ഥാനത്തിന് പുറത്ത് നിന്നും വാങ്ങുന്നത്; വിശദമാക്കാമോ;

(സി) പ്രതിവർഷം ലഭിക്കുന്ന വരുമാനത്തിന്റെ എത്ര തുകയാണ് ബോർഡിന് ചെലവാകുന്നത് വിശദമാക്കാമോ?

ഉത്തരം

(എ) വൈദ്യുതി ബോർഡിന്റെ 2017-18 സാമ്പത്തികവർഷത്തെ കണക്ക് തിട്ടപ്പെടുത്തൽ പൂർത്തിയായിട്ടില്ല.

(ബി) പ്രതിദിനം ഏകദേശം 18.33 കോടി രൂപയുടെ വൈദ്യുതിയാണ് സംസ്ഥാനത്തിന് പുറത്തുനിന്ന് 2017-18-ൽ വാങ്ങിയത്. കെ.എസ്.ഇ.ബി. ജനുവരി മാസം കേന്ദ്ര നിലയങ്ങളിൽനിന്നും സ്വകാര്യ സംരംഭകരിൽനിന്നും പ്രതിദിനം വാങ്ങിയ വൈദ്യുതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| നിലയങ്ങൾ | വൈദ്യുതി വാങ്ങിയത് (ദശലക്ഷം) | ചെലവായ തുക (കോടി) | പ്രതിദിനം (6 കോടി രൂപ) (ശരാശരി) |
|---|---|---|---|
| 1. കേന്ദ്ര നിലയങ്ങൾ | 884.352 | 348.90 | 11.25 |
| 2. കാറ്റാടി ഉത്പാദകർ | 2.4 | 0.84 | 0.02 |
| 3. ചെറുകിട ജല വൈദ്യുതി ഉത്പാദകർ | 2.9 | 1.008 | 0.033 |
| 4. ദീർഘകാല കരാർ മുഖേന പുറമേ നിന്നും വാങ്ങിയത് | 721.74 | 297.44 | 9.6 |
| 5. ഡീവിയേഷൻ സെറ്റിൽമെന്റ് | 19.83 | 3.76 | 0.12 |
| 6.ബാങ്കിംഗ് അടിസ്ഥാനത്തിൽ ഹരിയാനയിൽ നിന്ന് | 27.27 | 0.5 (OpenAcces ചാർജ്ജിനത്തിൽ) | 0.016 |
| 7. കായംകുളം (NTPC) fixed charge | Nil | 17.97 | 0.58 |
| ആകെ | 1658.492 | 670.42 | 21.62 |

(സി) 2016-17 സാമ്പത്തികവർഷത്തെ വരുമാനം 11619.60 കോടി രൂപയും ചെലവ് 13114.23 കോടി രൂപയുമാണ്.

## കാസർഗോഡ് വൈദ്യുതി ഭവൻ

201 (4806) ശ്രീ. എൻ .എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് വൈദ്യുതി ഭവന് എപ്പോൾ, ആരാണ് തറക്കല്ലിട്ടതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന് എത്ര രൂപയുടെ ഭരണാനുമതിയാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പ്രവൃത്തിയുടെ കരാർ ആർക്കാണ് നൽകിയതെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രവൃത്തി എപ്പോഴാണ് തുടങ്ങിയതെന്നും, എപ്പോൾ തീർക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ;

(ഇ) പ്രവൃത്തിയുടെ കാലാവധി എത്രയാണെന്ന് വ്യക്തമാക്കാമോ;

(എഫ്) ഈ വൈദ്യുതി ഭവനിൽ ഏതെല്ലാം ഓഫീസുകളാണ് പ്രവർത്തിക്കുക എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) 12-3-2017-ന് ബഹുമാനപ്പെട്ട ഊർജ്ജ വകുപ്പുമന്ത്രി ശ്രീ. എം.എം. മണിയാണ് കാസർഗോഡ് വൈദ്യുതി ഭവന് തറക്കല്ലിട്ടത്.

(ബി) ഇതിന് 4.57 കോടി രൂപയുടെ ഭരണാനുമതിയാണുള്ളത്.

(സി) കരാർ ആർക്കും നൽകിയിട്ടില്ല.

(ഡി&ഇ) നിർമ്മാണം ആരംഭിച്ചിട്ടില്ല.

(എഫ്) ഈ വൈദ്യുതിഭവനിൽ ഇലക്ട്രിക്കൽ സർക്കിൾ, ഇലക്ട്രിക്കൽ ഡിവിഷൻ, റീജിയണൽ ഓഡിറ്റ് ഓഫീസ്, ആന്റി പവർ തെഫ്റ്റ് യൂണിറ്റ്, സബ് റീജിയണൽ സ്റ്റോർ, ട്രാൻസ്മിഷൻ ഡിവിഷൻ, സബ് സ്റ്റേഷൻ സബ്ഡിവിഷൻ, മീറ്റർ ടെസ്റ്റിംഗ് യൂണിറ്റ് എന്നീ ഓഫീസുകളാണ് പ്രവർത്തിക്കുക.

## കാസർഗോഡ് വൈദ്യുതി ഭവൻ

202 (4807) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് വൈദ്യുതി ഭവൻ നിലവിൽ എവിടെയാണ് പ്രവർത്തിക്കുന്നത്; വാടകയിനത്തിൽ വർഷത്തിൽ എത്ര രൂപ ഇതിനായി ചെലവഴിക്കുന്നുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) വൈദ്യുതി ഭവന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള

നടപടിയായിട്ടുണ്ടോ; ഈ പ്രവൃത്തിയുടെ തറക്കല്ലിടൽ നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) എങ്കിൽ തറക്കല്ലിടൽ കഴിഞ്ഞിട്ടും പ്രവൃത്തി തുടങ്ങാതിരിക്കാനുള്ള കാരണം വിശദമാക്കാമോ;

(ഡി) നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി എന്ന് തുടങ്ങാനാവും എന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് പുലിക്കുന്ന് എന്ന സ്ഥലത്തുള്ള കെട്ടിടത്തിലാണ് ഡെപ്യൂട്ടി ചീഫ് എഞ്ചിനിയറുടെ ഓഫീസും ഡിവിഷൻ ഓഫീസും പ്രവർത്തിക്കുന്നത്.

ഈ കെട്ടിടത്തിന്റെ വാടകയിനത്തിൽ പ്രതിവർഷം 13,63,224 രൂപ ചെലവഴിക്കുന്നുണ്ട്.

(ബി&സി) 12-3-2017-ന് ബഹുമാനപ്പെട്ട ഊർജ്ജവകുപ്പ് മന്ത്രി പുതിയ വൈദ്യുതി ഭവനത്തിന് തറക്കല്ലിട്ടു.

വൈദ്യുതി ഭവനത്തിന്റെ നിർമ്മാണത്തിനായി ടെണ്ടർ വിളിച്ചിരുന്നു. ക്വാട്ട് ചെയ്ത തുക എസ്റ്റിമേറ്റ് തുകയെക്കാൾ വളരെ കൂടുതലായതിനാൽ ടെണ്ടർ റദ്ദ് ചെയ്തു. എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് റീ-ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി പുരോഗമിക്കുന്നു.

(ഡി) നിർദ്ദിഷ്ട വൈദ്യുതിഭവന്റെ നിർമ്മാണം 6 മാസത്തിനകം ആരംഭിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

### പിലാത്തറയിൽ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ്

203 (4808) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പിലാത്തറ കേന്ദ്രമാക്കി പുതിയ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഇവിടെ സെക്ഷൻ ഓഫീസ് തുടങ്ങുന്നതിന് എന്തെങ്കിലും പഠനം കെ.എസ്.ഇ.ബി. നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ&ബി) നിലവിലുള്ള സെക്ഷൻ ഓഫീസിന്റെ പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 2500-ൽ

അധികമാവുകയോ, അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 20000-ൽ അധികമാവുകയും ചെയ്യുന്ന സാഹചര്യത്തിൽ ആണ് സാധാരണഗതിയിൽ ബോർഡ് പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നത്. പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിനായി അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് നിലവിൽ പ്രായോഗികമല്ല. എന്നാൽ ആധുനിക സാങ്കേതിക വിദ്യകൾ കൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അതോടൊപ്പം നിലവിലുള്ള ഓഫീസുകളുടെ പുനഃക്രമീകരണ സാധ്യതകളും ബോർഡ് പരിശോധിച്ചുവരികയാണ്. ഇക്കാര്യങ്ങൾ കണക്കിലെടുത്ത് കണ്ണൂർ ജില്ലയിലെ പിലാത്തറ കേന്ദ്രമാക്കി കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് ആരംഭിക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല.

## കെ.എസ്.ഇ.ബി. സബ്സ്റ്റേഷനുകളിലെ ജീവനക്കാർ

204 (4809) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെൻട്രൽ ഇലക്ട്രിസിറ്റി റെഗുലേറ്ററി അതോറിറ്റിയുടെ നിർദ്ദേശ പ്രകാരം കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ 33 കെ.വി. സബ്സ്റ്റേഷനുകളിൽ ഒരു ഷിഫ്റ്റിൽ എത്ര തൊഴിലാളികൾ വേണമെന്നും പ്രസ്തുത തൊഴിലാളികളുടെ യോഗ്യത എന്തായിരിക്കണമെന്നും വ്യക്തമാക്കാമോ;

(ബി) സെൻട്രൽ ഇലക്ട്രിസിറ്റി റെഗുലേറ്ററി അതോറിറ്റിയുടെ നിയമ പ്രകാരം 750 കെ.വി.എ.- യ്ക്ക് മുകളിൽ ക്ഷമതയുള്ള ട്രാൻസ്ഫോർമറുകൾ പ്രവർത്തിപ്പിക്കാൻ മൂന്നുവർഷത്തെ പ്രവൃത്തിപരിചയം ഉള്ള ഡിപ്ലോമ ഹോൾഡറും അയാളെ സഹായിക്കാൻ കുറഞ്ഞത് മൂന്ന് ഐ.ടി.ഐ. ഹോൾഡറും വേണമെന്ന് 18-9-2004-ലെ നമ്പർ ബി1-17175/2004/സി.ഇ.ഐ, തിരുവനന്തപുരം പരിപത്രം പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ ആയതനുസരിച്ച് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(സി) കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ 33 കെ.വി. സബ്സ്റ്റേഷനുകളിൽ വർഷങ്ങളായി ജോലിചെയ്യുന്ന ഐ.ടി.ഐ യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ മാറ്റി പകരം ഡിപ്ലോമ യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ നിയമിക്കാൻ നിർദ്ദേശം നല്കിയിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് സഹിതം വ്യക്തമാക്കാമോ;

(ഡി) 33 കെ.വി. സബ്സ്റ്റേഷനുകളിൽ സുരക്ഷയെ കരുതി ഒരു സമയം ഒന്നിൽ കൂടുതൽ ജീവനക്കാരുടെ സാനിധ്യം വേണം എന്ന് ആവശ്യപ്പെട്ട് മുമ്പ് കെ.എസ്.ഇ.ബി. ഉന്നത അധികാരികൾ റിപ്പോർട്ട് നൽകിയിരുന്നോ; എങ്കിൽ ആയതിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(ഇ) എങ്കിൽ മേൽ സൂചിപ്പിച്ചിട്ടുള്ള സാഹചര്യങ്ങളിൽ, വർഷങ്ങളായി ജോലി ചെയ്തു വരുന്ന പ്രവൃത്തി പരിചയവും ഐ.ടി.ഐ യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ നിലവിൽ അവരുടെ ജോലി സമയം വെട്ടിക്കുറയ്ക്കാതെ തുടരാൻ അനുവദിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 33 കെ.വി. സബ്സ്റ്റേഷനുകളിൽ ഒരു ഷിഫ്റ്റിൽ എത്ര തൊഴിലാളികൾ വേണമെന്ന് സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി നിർദ്ദേശിച്ചിട്ടില്ല. എന്നാൽ പ്രസരണ സംവിധാനങ്ങൾ പ്രവർത്തിപ്പിക്കുന്നതിനുള്ള കുറഞ്ഞ യോഗ്യത ഡിപ്ലോമ (ഇലക്ട്രിക്കൽ, മെക്കാനിക്കൽ, ഇലക്ട്രോണിക്സ്, ഇൻസ്ട്രുമെന്റേഷൻ) ആയി നിജപ്പെടുത്തിയിട്ടുണ്ട്.

(ബി) നൽകിയിരുന്നു. എന്നാൽ വൈദ്യുതി നിയമം 2003 നടപ്പിലാക്കിയതോടുകൂടി ടി സർക്കുലറിന് ആധാരമാക്കിയിരുന്ന ഇൻഡ്യൻ ഇലക്ട്രിസിറ്റി റൂൾസ് 1956-ൽ (IE Rules 1956) മാറ്റം വരികയും തൽസ്ഥാനത്ത് നിലവിൽവന്ന സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (മെഷേഴ്സ് റിലേറ്റിംഗ് റ്റു സേഫ്റ്റി& ഇലക്ട്രിക് സപ്ലൈ റെഗുലേഷൻ, 2010) റെഗുലേഷൻ അനുശാസിക്കുന്ന നിബന്ധനകൾ പാലിക്കണമെന്ന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(സി) പ്രസരണ സംവിധാനങ്ങൾ പ്രവർത്തിപ്പിക്കുന്നതിനുള്ള കുറഞ്ഞ യോഗ്യത ഡിപ്ലോമയായി നിജപ്പെടുത്തിക്കൊണ്ട് CEA റെഗുലേഷൻ നിലിവിലുള്ളതിനാൽ ടി റെഗുലേഷൻ നടപ്പാക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ടി ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ഡി) കെ.എസ്.ഇ.ബി.-യിൽ നിന്ന് അത്തരമൊരു റിപ്പോർട്ട് നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) പ്രസരണ സംവിധാനങ്ങൾ പ്രവൃത്തിപ്പിക്കുന്നതിനുള്ള കുറഞ്ഞ യോഗ്യത ഡിപ്ലോമയായി നിജപ്പെടുത്തികൊണ്ട് CEA റഗുലേഷൻ നിലവിലുള്ളതിനാൽ ഐ.റ്റി.ഐ. യോഗ്യതയുള്ളവരെ ആ സ്ഥാനത്തേയ്ക്ക് പരിഗണിക്കുന്നതിന് തടസ്സങ്ങളുണ്ട്. എന്നാൽ ഓപ്പറേറ്ററുടെ സഹായി എന്ന നിലയിൽ, അനുവദിക്കപ്പെട്ടിട്ടുള്ള തസ്തികകളിലെ ഒഴിവുകളിലേയ്ക്ക് പരിഗണിക്കപ്പെടുവാൻ ഐ.ടി.ഐ. യോഗ്യതയുള്ളവർക്ക് അർഹതയുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മൈലാട്ടി സബ് സ്റ്റേഷൻ

205 (4810) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് 220 KV മൈലാട്ടി സബ് സ്റ്റേഷനിലേയ്ക്ക് എവിടെ നിന്നാണ് വൈദ്യുതി വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) അയൽ സംസ്ഥാനങ്ങളിൽ നിന്ന് ഈ സബ് സ്റ്റേഷനിലേയ്ക്ക് വൈദ്യുതി വിതരണമുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) കേരളത്തിലെ ഏതെല്ലാം ജില്ലകളാണ് അയൽ സംസ്ഥാനങ്ങളിലെ വൈദ്യുതി കിട്ടാതെ കേരളത്തിലെ വൈദ്യുതി മാത്രം ആശ്രയിച്ച് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ:

(ഡി) കർണാടകയിൽ നിന്ന് കാസർഗോഡ് ജില്ലയിലേയ്ക്ക് വൈദ്യുതി എത്തിക്കുന്നതിന് പദ്ധതിയുണ്ടോ എന്നും എങ്കിൽ ഈ പദ്ധതി ഇതുവരെ നടപ്പിലാക്കാൻ കഴിയാത്തതെന്തുകൊണ്ടാണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) കാസർഗോഡ് 220 KV മൈലാട്ടി സബ്സ്റ്റേഷനിലേയ്ക്ക് 220 KV കാഞ്ഞിരോട് സബ്സ്റ്റേഷനിൽ നിന്നുമാണ് വൈദ്യുതി എത്തിക്കുന്നത്.

(ബി) അയൽ സംസ്ഥാനങ്ങളിൽനിന്നും നിലവിൽ ഈ സബ്സ്റ്റേഷനിലേയ്ക്ക് വൈദ്യുതി വിതരണമില്ല.

(സി) കേരളത്തിലെ പ്രസരണ ശൃംഖല പരസ്പരം ബന്ധപ്പെട്ട് കിടക്കുന്നതിനാൽ കേരളത്തിലെ ജില്ലകളെ അയൽ സംസ്ഥാനങ്ങളിൽ നിന്നുമുള്ള വൈദ്യുതിയെ ആശ്രയിച്ച് കഴിയുന്നവ അഥവാ കേരളത്തിലെ വൈദ്യുതിയെമാത്രം ആശ്രയിച്ച് പ്രവർത്തിക്കുന്നവ എന്ന് വേർതിരിച്ച് കാണുവാൻ നിർവ്വാഹമില്ല.

(ഡി) കർണ്ണാടകയിലെ ഉടുപ്പിയിൽനിന്നും കാസർഗോഡ് ജില്ലയിലെ ചീമേനിയിലേയ്ക്ക് ഒരു പ്രസരണ സംവിധാനം സ്ഥാപിച്ച് വൈദ്യുതി എത്തിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിന്റെ നിർമ്മാണത്തിലേയ്ക്ക് നയിക്കുന്ന പ്രാഥമിക നടപടികൾ കേന്ദ്ര സ്ഥാപനമായ CEA നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.

## കുട്ടനാട്ടിലെ ആർ. ബ്ലോക്കിലും, കായൽ പാടശേഖരത്തിലും വോൾട്ടേജ് ക്ഷാമം

206 (4811) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുട്ടനാട്ടിലെ ആർ. ബ്ലോക്കിലും, കായൽ പാടശേഖരത്തിലും വോൾട്ടേജ് ക്ഷാമംമൂലം പമ്പിംഗ് സ്ഥിരമായി മുടങ്ങുന്നത് കൃഷിയുടെ സുഗമമായ നടത്തിപ്പിന് തടസമുണ്ടാക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; എച്ച് ബ്ലോക്കിൽ 66 കെ.വി. സബ് സ്റ്റേഷൻ സ്ഥാപിക്കുന്ന നടപടിയുടെ പുരോഗതി വിശദമാക്കാമോ?

ഉത്തരം

കുട്ടനാട്ടിലെ ആർ. ബ്ലോക്കിലും, കായൽ പാടശേഖരത്തിലും വോൾട്ടേജ് ക്ഷാമംമൂലം പമ്പിംഗ് സ്ഥിരമായി മുടങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

എച്ച് ബ്ലോക്കിൽ ഒരു സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം 2001-ൽ ഉയർന്നിരുന്നു. എന്നാൽ ടി നിർദ്ദേശം സാങ്കേതികമായി പ്രായോഗികമല്ലാതിരുന്നതിനാൽ തുടർനടപടി സ്വീകരിച്ചിട്ടില്ല.

## അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലേയ്ക്കുള്ള പ്രൊമോഷൻ

207 (4812) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളാണുള്ളതെന്ന് വിശദമാക്കാമോ;

(ബി) 2015-ന് ശേഷം പ്രസ്തുത തസ്തികയിലേയ്ക്ക് അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽനിന്നും പ്രൊമോഷൻ നൽകാത്തതെന്തു കൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(സി) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികകളിലെ ഒഴിവുകൾ പ്രൊമോഷൻമൂലം നികത്തുന്നതിന് ബോർഡ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) പ്രസ്തുത തസ്തികയിലേയ്ക്കുള്ള പ്രൊമോഷൻ നടപടികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കുമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ-ഡി) കെ.എസ്.ഇ.ബി. ലിമിറ്റഡിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)-മാരുടെ ആകെ അംഗീകൃത എണ്ണം 679 ആണ്. ഗവൺമെന്റ് ഉത്തരവ് പ്രകാരം 167 അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികകൾ താൽക്കാലികമായി അപ്ഗ്രേഡ് ചെയ്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) ആക്കുകയും ഇവയിൽ 124 തസ്തികകൾ ഇപ്പോഴും തുടരുകയും ചെയ്യുന്നു. മേൽ തസ്തികകളിൽ ആകെക്കൂടി 672 പേർ (23 LWA+ 3 deputation) പ്രവൃത്തിയെടുക്കുന്നു.

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി നിയമനം ലഭിച്ച അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)-മാർക്ക് ഉദ്യോഗക്കയറ്റത്തിന് വളരെയധികം കാലതാമസം നേരിട്ടതിനെത്തുടർന്ന് 2014-ൽ ഗവൺമെന്റ് ഉത്തരവ് പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)-മാരുടെ 167 തസ്തിക താൽക്കാലികമായി അപ്ഗ്രേഡ് ചെയ്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) ആയി മാറ്റുകയുണ്ടായി. ടി ഉത്തരവ് പ്രകാരം മേൽപ്പറഞ്ഞ 167 തസ്തികകൾ തിരികെ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) ആയി പുനഃക്രമീകരിച്ച കഴിഞ്ഞതിനുശേഷം ശേഷം മാത്രമേ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)-ൽ നിന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകാവൂ എന്ന് നിഷ്കർഷിച്ചിരുന്നു. ഇക്കാരണത്താൽ ഇതിനു ശേഷം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)-ൽ നിന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)-ലേയ്ക്ക് പ്രമോഷൻ നൽകാൻ സാധിച്ചിരുന്നില്ല.

കൂടാതെ കെ.എസ്.ഇ.ബി. ലിമിറ്റഡിൽ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽനിന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകേണ്ടത് കേരള എഞ്ചിനീയറിംഗ് സർവ്വീസ് റൂൾസ് അനുസരിച്ചാണ്. ഇതനുസരിച്ച് ഡിഗ്രി ഉള്ള അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെയും, ഡിപ്ലോമ ഉള്ള അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെയും കേഡർ സെടങ്ങ്ത് 3:1 എന്ന അനുപാതത്തിലായിരിക്കണം. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലെ നിലവിലുള്ള സാംഗ്ഷൻഡ് സ്ട്രെങ്ത് 679 ആണ്. ഇതിൽ 509 തസ്തിക ഡിഗ്രി ക്വാട്ടയിലും 170 തസ്തിക ഡിപ്ലോമ ക്വാട്ടയിലുമാണ്

ഉള്ളത്. എന്നാൽ ഇപ്പോൾത്തന്നെ ഡിഗ്രി ക്വാട്ടയിൽ നിലവിലെ വർക്കിംഗ് സ്ട്രെങ്ത് (1-3-2018-ൽ) 544-ഉം (ദീർഘകാല അവധി, ഡെപ്യൂട്ടേഷൻ ഉൾപ്പെടെ) ഡിപ്ലോമ ക്വാട്ടയിൽ 14-ഉം ആണ്. അപ്ഗ്രേഡ് ചെയ്തതിൽ അവശേഷിക്കുന്ന 124 അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരിൽ 108 പേർ ഡിഗ്രി ക്വാട്ടയിലും 16 പേർ ഡിപ്ലോമ ക്വാട്ടയിലും ഉള്ളവരാണ്. നിലവിൽ ഡിഗ്രി ക്വാട്ടയിൽ ഒഴിവില്ലാത്തതിനാൽ (509 എണ്ണം വേണ്ടിടത്ത് 544 പേർ ഉണ്ട്) ക്വാട്ട മറികടന്നുകൊണ്ട് 108 അപ്ഗ്രേഡ് ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ റെഗുലറൈസ് ചെയ്യാനോ അതിലൂടെ ടി ഒഴിവുകൾ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലെ ഒഴിവുകളായി മാറ്റാനോ സാധിക്കുന്നില്ല. നിലവിൽ ഡിപ്ലോമ ക്വാട്ടയിൽ മാത്രമേ ഒഴിവുള്ളൂ. എന്നാൽ ഈ ഒഴിവിലേയ്ക്ക് ഡിഗ്രിക്കാരെ റെഗുലറൈസ് ചെയ്യുവാൻ നിയമാനുസൃതം കഴിയുകയില്ല. താൽക്കാലികമായി അപ്ഗ്രേഡ് ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)-മാരെ റഗുലറൈസ് ചെയ്തതിനുശേഷം മാത്രമേ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽനിന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലേയ്ക്ക് പ്രമോഷൻ നൽകാൻ സാധിക്കുകയുള്ളൂ.

കൂടാതെ, ടി വിഷയം CCC No.36/2018 in IA No.11567/2017 in W.P(C)No.9807/2017 പ്രകാരം ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ പരിഗണനയിലുള്ള വിഷയമായതിനാൽ കോടതിയുടെ വിധിക്ക് അനുസൃതമായി മാത്രമേ മേൽ നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ.

## കെ.എസ്.ഇ.ബി.-യിൽ കാസർഗോഡ് ജില്ലയിലെ ഒഴിവുകൾ

208 (4813) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ഇ.ബി.-യിൽ നിലവിൽ കാസർഗോഡ് ജില്ലയിൽ എത്ര ഒഴിവുകൾ വിവിധ തസ്തികകളിലായി നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ; ടി ഒഴിവുകൾ നികത്താൻ നടപടി സ്വീകിരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

KSEB-ലിമിറ്റഡിന്റെ ഇലക്ട്രിസിറ്റി വർക്കർ തസ്തികയിൽ മാത്രമേ ജില്ലാടിസ്ഥാനത്തിൽ നിയമനങ്ങൾ നടത്തുന്നുള്ളൂ. ഈ തസ്തികയിൽ കാസർഗോഡ് ജില്ലയിൽ ഒഴിവുകൾ ഇല്ല. മറ്റ് തസ്തികകളിൽ സംസ്ഥാനാടിസ്ഥാനത്തിൽ മൊത്തമായാണ് തസ്തികകളുടെ എണ്ണം നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. ജില്ലാടിസ്ഥാനത്തിൽ ഒഴിവുകൾ തിട്ടപ്പെടുത്തുന്നില്ല.

## കെ.എസ്.ഇ.ബി. ലിമിറ്റഡിലെ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തിക

209 (4814) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡിലെ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയുടെ സാങ്ഷൻഡ് സ്ട്രെങ്ത് എന്തിന്റെ അടിസ്ഥാനത്തിലാണ് കണക്കാക്കിയിരിക്കുന്നത് എന്നറിയിക്കാമോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത സ്ഥാപനത്തിലെ ടി തസ്തികയുടെ പി.എസ്.സി. ഓപ്പൺ ക്വാട്ട, പി.എസ്.സി. ഇൻ സർവ്വീസ് ക്വാട്ട, ഡിപ്ലോമ പ്രൊമോഷൻ ക്വാട്ട, ഐ.ടി.ഐ. പ്രെമോഷൻ ക്വാട്ട എന്നീ വിഭാഗങ്ങളിലെ സാംഗ്ഷൻഡ് സ്ട്രെങ്ത്തും വർക്കിംഗ് സ്ട്രെംങ്ത്തും തരംതിരിച്ച് അറിയിക്കുമോ; വിശദാംശം നൽകുമോ;

(സി) ഈ തസ്തിക അനുവദിച്ചിട്ടുള്ള ഓഫീസുകളുടെ പേരും അവിടുത്തെ സാംഗ്ഷൻഡ് സ്ട്രെംങ്ത്തും വർക്കിംഗ് സ്ട്രെംഗതും അനുസരിച്ചുള്ള വിശദമായ കണക്കുകൾ അറിയിക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) കെ.എസ്.ഇ.ബി. ലിമിറ്റഡിലെ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയുടെ സാംഗ്ഷൻഡ് സ്ട്രെങ്ത് 2340 ആണ്. എന്നാൽ വേക്കൻസികൾ കണക്കാക്കുന്നത് കേഡർ സ്ട്രെംഗ്തിനെ അടിസ്ഥാനമാക്കിയാണ്. അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികകൾ, താൽക്കാലികമായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറായി ഉയർത്തിയതിനുശേഷം നിലവിലെ കേഡർ സ്ട്രെങ്ത് 2171 ആണ്. ഇതിലെ ഓരോ വിഭാഗത്തിലെയും കേഡർ സ്ട്രെങ്ത്തും, വർക്കിംഗ് സ്ട്രെങ്ത്തും ചുവടെ ചേർക്കുന്നു.

| | കേഡർ സ്ട്രെങ്ത് | വർക്കിംഗ് സ്ട്രെങ്ത് |
|---|---|---|
| 1. KPSC | 822 | 812 |
| 2. In service | 218 | 216 |
| 3. Diploma | 672 | 614 |
| 4. ITI | 459 | 279 |

(സി) വിവരം ശേഖരിച്ചുവരുന്നു.

## കെ.എസ്.ഇ.ബി.-യുടെ സ്പോർട്സ് & ഗെയിംസ് ടീമുകൾ

210 (4815) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.യ്ക്ക് ഏതൊക്കെ പുരുഷ, വനിതാ സ്പോർട്സ് ആൻഡ് ഗെയിംസ് ടീമുകൾ നിലവിലുണ്ട്; വിശദമാക്കുമോ;

(ബി) അത്‌ലറ്റിക്സിലും വിവിധ ഗെയിംസിലും കൂടുതൽ നല്ല നിലവാരമുള്ള സ്പോർട്സ് താരങ്ങളെ നിയമിച്ച് കേരളത്തിന്റെ കായികയശസ്സ് ഉയർത്തുവാൻ നടപടി സ്വീകരിക്കുമോ;

(സി) കേരളത്തിൽ വിവിധ തരത്തിലുള്ള സ്പോർട്സ് ആൻഡ് ഗെയിംസ് താരങ്ങൾ യാതൊരു ജീവിത മാർഗ്ഗവും ഇല്ലാതെ ജോലിയില്ലാതെ അലയുന്നത് കൂടി കണക്കിലെടുത്ത് കെ.എസ്.ഇ.ബി.-യിൽ അടിയന്തരായി ഓരോ വർഷവും ഓരോ ഗെയിമിനും വേണ്ട എണ്ണം ആളുകളെ നിയമിയ്ക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നിലവിൽ താഴെപ്പറയുന്ന സ്പോർട്സ് ടീമുകൾ നിലനിർത്തുന്നതിനാണ് ബോർഡ് അംഗീകാരം നൽകിയിട്ടുള്ളത്.

1. വോളിബോൾ (പുരുഷന്മാർ)
2. വോളിബോൾ (വനിതകൾ)
3. ബാസ്കറ്റ് ബോൾ (പുരുഷന്മാർ)
4. ബാസ്കറ്റ് ബോൾ (വനിതകൾ)
5. ഫുട്ബോൾ (പുരുഷന്മാർ)
6. ടെന്നീസ് (പുരുഷന്മാർ)
7. ബാഡ്മിന്റൺ - ഷട്ടിൽ (പുരുഷന്മാർ)

(ബി&സി) നിലവിലുള്ള മാനദണ്ഡമനുസരിച്ച് ഒരു വർഷം പരമാവധി 15 കായികതാരങ്ങൾക്കാണ് സ്പോർട്സ് ക്വാട്ടയിൽ നിയമനം നൽകാൻ കഴിയുന്നത്. പ്രസ്തുത 15 പേരുടെ നിയമനം, മുകളിൽ സൂചിപ്പിച്ചിരിക്കുന്ന സജീവമായിട്ടുള്ള ടീമുകൾ ശക്തിപ്പെടുത്തുന്നതിനും നിലനിർത്തുന്നതിനും അത്യാവശ്യമാണ്. കൂടുതൽ കായിക ഇനങ്ങളിലേയ്ക്ക് നിയമനം നടത്തിയാൽ നിലവിലുള്ള ടീമുകളെ ദുർബ്ബലപ്പെടുത്താനും കെ.എസ്.ഇ.ബി ലിമിറ്റഡിൽ അധിക സാമ്പത്തിക ബാധ്യത വരുത്താനും സാധ്യതയുണ്ട്. ആയതിനാൽ കെ.എസ്.ഇ.ബി. ലിമിറ്റഡിൽ പുതിയ കായിക ഇനങ്ങളിലേയ്ക്ക് സ്പോർട്സ് ക്വാട്ട നിയമനം നടത്താൻ നിർവ്വാഹമില്ല.

## അനെർട്ട്

211 (4816) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനെർട്ട് വിപുലീകരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

(ബി) സൗരോർജ്ജത്തിൽ നിന്നാണ് നാളെയുടെ ഊർജ്ജാവശ്യം പരിഹരിക്കപ്പെടുന്നത് എന്നിരിക്കെ സൗരോർജ്ജ പദ്ധതികൾ കൂടുതൽ വ്യാപിപ്പിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദ വിവരം നൽകാമോ;

(സി) ഈ സർക്കാർ വന്നശേഷം പ്രസ്തുത പദ്ധതിയുടെ കാര്യത്തിൽ എന്തെല്ലാം വിപുലീകരണ പ്രവർത്തനങ്ങളാണ് ഏറ്റെടുത്തിട്ടുള്ളത്? വിശദാംശം ലഭ്യമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്. അനെർട്ട് പുനഃസംഘടിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കുന്നതിനുവേണ്ടി സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (സി.എം.ഡി.) എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) ഉണ്ട്. 2017 -18 സാമ്പത്തികവർഷം അനെർട്ട് മുഖേന സോളാർ ഫോട്ടോവോൾട്ടായിക്-സോളാർവിന്റ് ഹൈബ്രിഡ് പവർ പ്ലാന്റുകൾ (3 മെഗാവാട്ട് വരെ ശേഷിയുള്ളവ) സ്ഥാപിക്കുന്നതിനായി 16.65 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. കൂടാതെ 1.4 മെഗാവാട്ട് ആകെ ശേഷിയുള്ള ശൃംഖലാബന്ധിത സോളാർ പവർപ്ലാന്റുകൾ ജില്ലാകളക്ടറേറ്റ് അടക്കമുള്ള സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ സ്ഥാപിക്കുന്നതിനും 11.87 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ സൗരോർജ്ജത്തിൽ നിന്നുള്ള വൈദ്യുതി ഉത്പാദനം 2022- ഓടെ 1870 മെഗാവാട്ട് ശേഷി കൈവരിക്കുമെന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് കെ.എസ്.ഇ.ബി. ലിമിറ്റഡ്, തദ്ദേശഭരണ സ്ഥാപനങ്ങൾ, മറ്റ് സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, വാണിജ്യ സ്ഥാപനങ്ങൾ, സ്വകാര്യ സംരംഭങ്ങൾ എന്നിവയുടെ സഹകരണത്തോടെ താഴെപ്പറയുന്ന മൂന്ന് രീതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാവുന്നതാണ്.

1. സൗരോർജ്ജ മേൽക്കൂര വൈദ്യുതി നിലയങ്ങൾ വ്യാപകമാക്കുക വഴി - 970 മെഗാവാട്ട്

2. ജലാശയങ്ങളുടെ/കനാലുകളുടെ മുകൾപ്പരപ്പിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുക വഴി - 600 മെഗാവാട്ട്

3. പാഴ്സ്ഥലങ്ങൾ ഉപയോഗപ്പെടുത്തി വൻകിട സൗരോർജ്ജ നിലയങ്ങൾ വഴി - 300 മെഗാവാട്ട്

(സി) അനെർട്ട് മുഖേന 2016 – 17 സാമ്പത്തിക വർഷത്തെ പദ്ധതിയുടെ ഭാഗമായി 2 കിലോവാട്ട് മുതൽ 100 കിലോവാട്ട് വരെ ശേഷിയുള്ള ശൃംഖലാബന്ധിത സോളാർ പവർ പ്ലാന്റുകൾ (ആകെ ശേഷി : 5000 കിലോവാട്ട്) കേന്ദ്ര – സംസ്ഥാന സർക്കാർ സബ്സിഡിയോടെ വ്യക്തികൾക്കും, സ്ഥാപനങ്ങൾക്കും സ്ഥാപിച്ചുനൽകാനും 1 കിലോവാട്ട് മുതൽ 5 കിലോവാട്ട് വരെ ശേഷിവുള്ള ഓഫ് ഗ്രിഡ് സോളാർ പവർ പ്ലാന്റുകൾ (ആകെ ശേഷി : 4000 കിലോവാട്ട്) കേന്ദ്ര – സംസ്ഥാന സർക്കാർ സബ്സിഡിയോടെ സ്ഥാപിച്ചു നൽകാനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. സോളാർ ഉപകരണങ്ങളുടെ നിർമ്മാതാക്കളെ എംപാനൽ ചെയ്തും നിർദ്ദിഷ്ട സാങ്കേതിക മാനദണ്ഡങ്ങൾ നടപ്പിലാക്കിയും പ്രചരണ പ്രവർത്തനങ്ങൾ നടത്തിയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ വ്യാപകമായ തോതിൽ ഇത്തരം ഉപകരണങ്ങൾ സ്ഥാപിക്കാനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. കൂടാതെ അക്ഷയ ഊർജ്ജ ഉപകരണങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കുന്നതിനും ഈ മേഖലയിൽ മികച്ച പ്രവർത്തനം കാഴ്ച വയ്ക്കുന്നവർക്ക് പുരസ്കാരവും നൽകിവരുന്നു. സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ ഭാഗമായി പ്രസരണ വൈദ്യുതിയെത്താനും ഒറ്റപ്പെട്ട വിദൂരസ്ഥലങ്ങളായ പ്രദേശങ്ങളിൽ വൈദ്യുതീകരണം നടത്തുന്നതിന്റെ ഭാഗമായി ഇടുക്കി ജില്ലയിൽ 1625 വീടുകളും പാലക്കാട് ജില്ലയിൽ 681 വീടുകളും വയനാട് ജില്ലയിൽ 16 വീടുകളും സൗരോർജ്ജ വൈദ്യുതി ലഭ്യമാക്കി വൈദ്യുതീകരിച്ചു കഴിഞ്ഞു.

### ഇലക്ട്രിസിറ്റി ഡ്യൂട്ടിയിനത്തിൽ പിരിച്ചെടുക്കുന്ന തുക

212 (4817) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1963-ലെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ഡ്യൂട്ടി ആക്ട് പ്രകാരം കെ.എസ്.ഇ.ബി. 2015-16, 2016-17, 2017-18 കാലയളവുകളിൽ എത്ര രൂപയാണ് ഇലക്ട്രിസിറ്റി ഡ്യൂട്ടിയായി പിരിച്ചെടുത്തിട്ടുള്ളത്; വിശദമാക്കാമോ;

(ബി) പ്രസ്തുത തുക സർക്കാർ ഖജനാവിൽ അടയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) 2015-16, 2016-17, 2017-18, 2018 ഫെബ്രുവരി വരെ ഡ്യൂട്ടി ഇനത്തിൽ കെ.എസ്.ഇ.ബി ലിമിറ്റഡ് സർക്കാരിലേയ്ക്ക് 2576.15 കോടി രൂപ അടയ്ക്കേണ്ടതിൽ അവരുടെ പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ സർക്കാർ അടയ്ക്കേണ്ട 1758.30 കോടി രൂപ കഴിച്ച് 815.85 കോടി രൂപ KSEBL സർക്കാരിലേയ്ക്ക് അടയ്ക്കേണ്ടതായിട്ടുണ്ട്.

## വൈദ്യുതി ക്ഷാമം

213 (4818) <u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലവർഷം കുറഞ്ഞതുമൂലം സംസ്ഥാനം കടുത്ത വൈദ്യുതി ക്ഷാമത്തിലേയ്ക്ക് നീങ്ങുന്നുണ്ടോ;വിശദമാക്കുമോ;

(ബി) ഉണ്ടെങ്കിൽ ഇതിനുള്ള കാരണങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രതിസന്ധി തരണം ചെയ്യുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഇല്ല.

(സി) വരുന്ന വേനൽ കാലത്ത് സംസ്ഥാനത്ത് പരമാവധി പ്രതിദിന ഉപഭോഗം ഏകദേശം 8.2 കോടി യൂണിറ്റാകുമെന്നും പരമാവധി ഡിമാന്റ് 4200 മെഗാവാട്ട് ആകുമെന്നുമാണ് പ്രതീക്ഷിക്കുന്നത്. താഴെപ്പറയുന്ന നടപടികളാണ് വൈദ്യുതി പ്രതിസന്ധി ഒഴിവാക്കാൻ കെ.എസ്.ഇ.ബി. ലിമിറ്റഡ് സ്വീകരിച്ചിട്ടുള്ളത്:

1. മേയ് 31 വരെ ജലസംഭരണികളിൽ ലഭ്യമായ ജലം ഉപയോഗിച്ച് പ്രതിദിനം ശരാശരി 2.2 കോടി യൂണിറ്റ് വൈദ്യുതി 1700 മെഗാവാട്ട് വരെ ഉല്പാദിപ്പിക്കുക.
2. കേന്ദ്ര വിഹിതമായി കിട്ടുന്നതും (1682 മെഗാവാട്ട്), ദീർഘകാല കരാർവഴി (1215 മെഗാവാട്ട്), ഉറപ്പാക്കിയിട്ടുള്ള മൊത്തം പ്രതിദിനം 6.0 കോടി യൂണിറ്റ്/2897 മെഗാവാട്ട് ഡിമാന്റ് വരെ പരമാവധി ഉപയോഗിക്കുക.
3. ഹരിയാനയിൽനിന്നും രാവിലെ 8 മണി മുതൽ വൈകിട്ട് 5 മണിവരെ ബാങ്കിംഗ് അടിസ്ഥാനത്തിൽ മാർച്ച് 31 വരെ എത്തിക്കുന്ന 100 മെഗാവാട്ട് വൈദ്യുതി പ്രയോജനപ്പെടുത്തുക.

4. ബാക്കി ആവശ്യം വരുന്ന വൈദ്യുതി പവർ എക്സ്ചേഞ്ചിൽനിന്നും വാങ്ങുക.

5. അത്യാവശ്യഘട്ടങ്ങളിൽ ബ്രഹ്മപുരത്തും കോഴിക്കോട്ടും സ്ഥാപിച്ച സ്വന്തം താപവൈദ്യുത നിലയങ്ങൾ (160 മെഗാവാട്ട്) പ്രവർത്തിപ്പിക്കുക.

**അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേയ്ക്കുള്ള ഉദ്യോഗക്കയറ്റം**

214 (4819) <u>ശ്രീ. എം. സ്വരാജ് :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.ഇ.ബി. സബ്എഞ്ചിനീയർ തസ്തികയിൽ നിന്ന് അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേയ്ക്കുള്ള 50% ഉദ്യോഗക്കയറ്റ ക്വാട്ടയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രൊമോഷൻ സംബന്ധിച്ച കേരള ഹൈക്കോടതിയിലെ WPC7964/2017 എന്ന കേസിലെ വിധിക്ക് നിലവിൽ സ്റ്റേ ഉത്തരവുകൾ ഉണ്ടോ;

(സി) പ്രസ്തുത കോടതിവിധിയനുസരിച്ച് സീനിയറായവരെ ഒഴിവാക്കി ജൂനിയറായ ഒരു വ്യക്തിക്കുമാത്രം പ്രൊമോഷൻ നൽകിയിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടാണെന്ന് അറിയിക്കാമോ;

(ഡി) കോടതി വിധി വന്ന് മൂന്ന് വർഷമായിട്ടും ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനുള്ള കാരണം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 238.

(ബി) അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയുടെ സ്ഥാനക്കയറ്റവുമായി ബന്ധപ്പെട്ട റിട്ട് പെറ്റീഷൻ 7964/2012 എന്നതാണ്. (ചോദ്യാവലിയിൽ WPC.7964/2017 എന്ന് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു.) 7964/2012-ന്റെ വിധിക്കെതിരെ സ്റ്റേ ഉത്തരവ് നിലവിലില്ല.

(സി) ബഹുമാനപ്പെട്ട കേരള ഹൈക്കോടതി 7964/2012-ലെ ആദ്യ പെറ്റീഷണറായ ശ്രീ. സജീവ് എസ്.-ന് പ്രൊമോഷൻ നൽകുവാൻ കോടതി ഉത്തരവ് നൽകിയിരുന്നു. ഇതിനെത്തുടർന്ന് ശ്രീ. സജീവ് എസ്. ഗ്രഡേഷൻ ലിസ്റ്റിൽ ജൂനിയർ ആയിരുന്നുവെങ്കിലും 'പ്രൊവിഷണ'ലായി അസിസ്റ്റന്റ്

എൻജിനിയറായി സ്ഥാനക്കയറ്റം നൽകുകയുണ്ടായി. എന്നാൽ ടിയാളുടെ സ്ഥിര നിയമനം, ബോർഡ് 7964/2012 എന്ന റിട്ട് പെറ്റീഷന്റെ വിധിക്കെതിരെ സമർപ്പിച്ചിരിക്കുന്ന 2788/2015 എന്ന റിട്ട് അപ്പീലിന്റെ വിധിക്ക് വിധേയമായിരിക്കും.

(ഡി) കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യേണ്ട എല്ലാ ഒഴിവുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 7964/2012 എന്ന കേസ്സിന്റെ വിധി കെ.പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യേണ്ട ഒഴിവുകളുമായി ബന്ധപ്പെട്ടതല്ല.

**പവർ ഗ്രിഡ് കോർപ്പറേഷന്റെ ടവർ ലൈനിന് സമീപം കെട്ടിടം**

215 (4820) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ കുവപ്പടി ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഐമുറി പബ്ലിക് ലൈബ്രറിക്കുവേണ്ടി പവർ ഗ്രിഡ് കോർപ്പറേഷന്റെ ടവർ ലൈനിന് സമീപം കെട്ടിടം നിർമ്മിക്കുവാനുള്ള അനുവാദത്തിന് സമർപ്പിച്ച അപേക്ഷ പരിഗണനയിൽ ഉണ്ടോയെന്നറിയിക്കാമോ;

(ബി) പ്രസ്തുത അപേക്ഷയിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) എറണാകുളം ജില്ലയിലെ കുവപ്പടി ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഐമുറി പബ്ലിക് ലൈബ്രറിക്കുവേണ്ടി പവർ ഗ്രിഡ് കോർപ്പറേഷന്റെ ടവർ ലൈനിന് സമീപം കെട്ടിടം നിർമ്മിക്കാനുള്ള അനുവാദത്തിന് സമർപ്പിച്ച അപേക്ഷ ലഭ്യമായിട്ടില്ല.

**അരൂർ മണ്ഡലത്തിലെ മാട്ടേൽ തുരുത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം**

216 (4821) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ ചേന്നം പള്ളിപ്പുറം പഞ്ചായത്തിലെ മാട്ടേൽ തുരുത്തിലേയ്ക്ക് സമ്പൂർണ്ണ വൈദ്യുതീകരണത്തിൽ ഉൾപ്പെടുത്തി ഗാർഹിക കണക്ഷൻ നൽകുന്നതിലേയ്ക്ക് സ്വീകരിച്ച നടപടി വിശദമാക്കാമോ ;

(ബി) പ്രസ്തുത ആവശ്യത്തിലേയ്ക്ക് ടവർ സ്ഥാപിക്കുന്നതിന് സൗജന്യമായി സ്ഥലം ലഭ്യമായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് ഫണ്ട് ലഭ്യമാക്കിയിട്ടുണ്ടോ എന്ന് വിശദമാക്കാമോ ;

(ഡി) പ്രസ്തുത പ്രവൃത്തി എന്ന് ആരംഭിക്കുമെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ-ഡി) സമ്പൂർണ്ണ വൈദ്യുതീകരണം പദ്ധതിക്ക് ആലപ്പുഴ ജില്ലയിലെ അരൂർ നിയോജകമണ്ഡലത്തിൽ 74.7 ലക്ഷം രൂപയുടെ പദ്ധതിക്കാണ് അനുമതി നൽകിയിരുന്നത്. ഇതിൽ 33.92 ലക്ഷം രൂപ ശ്രീ. എ. എം. ആരിഫ്, എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽനിന്നുമായിരുന്നു. അരൂർ നിയോജക മണ്ഡലത്തിലെ മാട്ടേൽ തുരുത്തിലേയ്ക്ക് വൈദ്യുതിയില്ലാത്ത 10 നിർദ്ധന കുടുംബങ്ങൾക്ക് വൈദ്യുതി എത്തിക്കാനുള്ള പ്രവൃത്തി മാത്രമാണ് ഈ പദ്ധതിയിൽ പൂർത്തീകരിക്കാനുള്ളത്. വേമ്പനാട് കായലിനുകുറുകെ വലിയ ടവറുകൾ സ്ഥാപിച്ചുവേണം മാട്ടേൽ തുരുത്തിൽ വൈദ്യുതി എത്തിക്കേണ്ടത്. കായലിനുകുറുകെ വൈദ്യുതി ലൈൻ സ്ഥാപിക്കുന്നതിന് ഇൻലാന്റ് വാട്ടർ വേയ്സ് ഓഫ് ഇന്ത്യയുടെ അനുമതി ആവശ്യമാണ്. പ്രസ്തുത അനുമതി ഇപ്പോൾ ലഭ്യമാക്കിയിട്ടുണ്ട്. വേമ്പനാട്ട് കായലിനുകുറുകെ ലൈൻ നിർമ്മിക്കുന്നതിന് 23 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി അതിൽ 34% അധിക തുക രേഖപ്പെടുത്തിയത് പ്രകാരം പ്രസ്തുത തുകയ്ക്ക് ബോർഡ് വർക്ക് ഓർഡർ നൽകുകയും ചെയ്തു. എന്നാൽ സ്ഥലം ഉടമകളുടെ തർക്കത്തെതുടർന്ന് എസ്റ്റിമേറ്റിൽ ചില മാറ്റങ്ങൾ വരുത്തേണ്ടതായി വന്നു. ടവർ സ്ഥാപിക്കുന്നതിനുള്ള സ്ഥലം ലഭ്യമാക്കി അധികമായി വേണ്ടിവന്ന ജോലികൾ ഉൾപ്പെടെ നിലവിലെ കരാറുകാരനെ കൊണ്ടുതന്നെ ചെയ്യിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

## വൈദ്യുതി ബോർഡിലെ സാമ്പത്തിക പ്രതിസന്ധി

217 (4822) <u>ശ്രീ. കെ. സി. ജോസഫ്:</u>

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:</u>

<u>ശ്രീ. കെ. മുരളീധരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ആസൂത്രണത്തിലുണ്ടായ ഗുരുതരമായ പാളിച്ചമൂലം വൈദ്യുതി ബോർഡ് വൻ സാമ്പത്തിക പ്രതിസന്ധിയിലാണെന്ന ആക്ഷേപം വാസ്തവമാണോ ;

(ബി) പ്രസ്തുത പ്രതിസന്ധി തരണം ചെയ്യുന്നതിനായി എന്തൊക്കെ കാര്യങ്ങളാണ് ബോർഡ് നടപ്പിലാക്കുന്നത്;

(സി) കേന്ദ്ര പൂളിൽ നിന്നും സ്വകാര്യ വൈദ്യുതി നിലയങ്ങളിൽ നിന്നും പ്രതിമാസം എത്ര മെഗാവാട്ട് വൈദ്യുതിയാണ് നിലവിൽ സംസ്ഥാനത്തിന് ലഭിക്കുന്നത്;

(ഡി) ഈയിനത്തിൽ വൈദ്യുതി വാങ്ങുന്നതിന് ബോർഡ് 2017-18 സാമ്പത്തികവർഷം ഇതുവരെ എന്ത് തുക മുടക്കി; എന്തെങ്കിലും തുക കുടിശ്ശികയുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) അല്ല. വൈദ്യുതി ബോർഡ് വർഷങ്ങളായി സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ട്.

(ബി) കെ.എസ്.ഇ.ബി.-യുടെ സാമ്പത്തിക കമ്മി പരിഹരിക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

1. ഉയർന്ന നിരക്കിലുള്ള വായ്പകൾ തിരിച്ചടച്ച് കുറഞ്ഞ പലിശ നിരക്കുള്ള വായ്പയെടുക്കുന്നതാണ്.

2. കെ.എസ്.ഇ.ബി.-യുടെ വിവിധ ശീർഷകങ്ങളിലുള്ള ചെലവുകൾ പരമാവധി കുറച്ചും വൈദ്യുതി ചാർജ്ജ് കുടിശ്ശിക പരമാവധി പിരിച്ചെടുത്ത് വരുമാനം കൂട്ടിയും നഷ്ടം കുറയ്ക്കുന്നതാണ്.

3. കേന്ദ്ര സർക്കാർ 20-11-2015 - ൽ പ്രഖ്യാപിച്ച 'ഉദയ് 'പദ്ധതിയുടെ പ്രവർത്തനമികവ് വർദ്ധിപ്പിക്കുന്ന ഭാഗത്തിൽ പങ്കാളിയാകുന്നതിന് നടപടിയെടുത്തു. പ്രസ്തുത പദ്ധതി പ്രകാരം AT&C-Loss ഉം റവന്യൂ ഗ്യാപ്പും കുറയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

4. മിതമായ വിലയിൽ ഹ്രസ്വ – ദീർഘകാലാടിസ്ഥാനത്തിലുള്ള കരാറുകൾ വഴി വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും പ്രവർത്തന മികവ് കൂടുതൽ മെച്ചപ്പെടുത്തുന്നതിലൂടെയും ബോർഡിന്റെ ബാധ്യതകൾ പരിഹരിക്കുവാനാണ് ശ്രമിക്കുന്നത്.

കൂടാതെ കേരള വാട്ടർ അതോറിറ്റിയിൽനിന്നും മറ്റു പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും വൈദ്യൂതി ചാർജ്ജ് കുടിശ്ശിക ഇനത്തിൽ പിരിഞ്ഞുകിട്ടേണ്ട ഏകദേശം 1400 കോടി രൂപ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സംസ്ഥാനത്തിന് 2018 ജനുവരി മാസത്തെ കണക്കുകൾ പ്രകാരം പ്രതിമാസം ലഭിച്ച വൈദ്യുതിയുടെ കണക്കുകൾ ചുവടെ ചേർക്കുന്നു:

| പദ്ധതികൾ | ലഭിച്ച വൈദ്യുതി (ദശലക്ഷം യൂണിറ്റ്) | കരാറു മുഖേന ലഭ്യമാകുന്ന വൈദ്യുത ശേഷി (MW) |
|---|---|---|
| 1. കേന്ദ്ര നിലയങ്ങൾ | 884.352 | 1682 |
| 2. ദീർഘകാല കരാർ മുഖേന അന്യ സംസ്ഥാനത്ത് നിന്ന് വാങ്ങിയവ | 721.74 | 1215 (സംസ്ഥാനത്തിന് പുറമേനിന്ന് കേന്ദ്രവിഹിതമായും ദീർഘകാല കരാറിലൂടെയും 2897 MW-ന്റെ ലഭ്യത ഉറപ്പാക്കിയിട്ടുണ്ട്. ഇവയിൽ നിന്ന് അന്തർസംസ്ഥാന പ്രസരണ നഷ്ടവും അറ്റകുറ്റപ്പണിക്ക് നീക്കി വയ്ക്കുന്ന കപ്പാസിറ്റിയും കിഴിച്ച് ഏകദേശം 2500 MW ആണ് ലഭ്യമാകുന്നത്.) |
| 3. സ്വകാര്യ കാറ്റാടി ഉത്പാദകർ | 2.4 | 41.25 |
| 4. സ്വകാര്യ ചെറുകിട ജല വൈദ്യുതി ഉത്പാദകർ | 2.9 | 33 |
| 5.ഡീവിയേഷൻ സെറ്റിൽമെന്റ് | 19.83 | - |
| 6. ബാങ്കിംഗ് സമ്പ്രദായം | 27.27 | 100 |
| ആകെ | 1658.492 | |

(ഡി) 2018 ജനുവരി മാസം വരെ വൈദ്യുതി വാങ്ങിയ ഇനത്തിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന് 5189.29 കോടി രൂപ ചെലവായിട്ടുണ്ട്. കേന്ദ്ര പൂളിൽനിന്നും മറ്റ് സ്വകാര്യ വൈദ്യുതി നിലയങ്ങളിൽനിന്നും വാങ്ങിയ വൈദ്യുതിക്ക് ബിൽ ലഭിക്കുന്ന മുറയ്ക്ക് കെ.എസ്.ഇ.ബി. ലിമിറ്റഡ് തുക ഒടുക്കുന്നുണ്ട്. നിലവിൽ കുടിശ്ശികയൊന്നുമില്ല.

## സഹകരണ വിജിലൻസ് - ആഡിറ്റ് വിഭാഗങ്ങൾ

218 (4823) ശ്രീ. അനൂപ് ജേക്കബ്:

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:

ശ്രീ. വി. ടി. ബൽറാം:

ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളുടെ ആഡിറ്റ് വിഭാഗത്തെ ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(ബി) സഹകരണ വിജിലൻസിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; പ്രസ്തുത അന്വേഷണ സംഘം നൽകുന്ന റിപ്പോർട്ടുകളിന്മേൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ)

1. കമ്പ്യൂട്ടർവൽകൃത സംഘങ്ങളിൽ പരിശോധന നടത്തുന്നതിന് ആഡിറ്റർമാർക്ക് മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്.
2. ആഡിറ്റർമാർക്ക് ആഡിറ്റ് സംബന്ധിച്ച് തുടർച്ചയായ പരിശീലനം നൽകിവരുന്നു.
3. സ്വർണ്ണപ്പണയ പണ്ടങ്ങളുടെ പരിശോധന കാര്യക്ഷമമായ രീതിയിൽ നടത്തുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.
4. വകുപ്പ് തലത്തിൽ ആഡിറ്റർമാരുടെ പ്രവൃത്തി അവലോകനം താലൂക്ക് - ജില്ലാ - സംസ്ഥാനതലത്തിലും നടത്തുന്നുണ്ട്.
5. ആഡിറ്റ് മാന്വൽ പരിഷ്ക്കരണം അന്തിമഘട്ടത്തിലാണ്.
6. പ്രതിമാസ നിക്ഷേപ പദ്ധതികളുടെ ആഡിറ്റ് ഏകീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.
7. അനുപാത വിശകലനം നടത്തി സംഘത്തിന്റെ സാമ്പത്തിക നില മനസ്സിലാക്കി സംഘങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിന് ആഡിറ്റർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.
8. ആഡിറ്റ് സംബന്ധിച്ച വിവരങ്ങൾ ഓൺലൈൻ ആക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സഹകരണ വിജിലൻസിന്റെ പ്രവർത്തനം വിലയിരുത്തുന്നതിനായി 14-3-2018-ൽ സഹകരണ സംഘം രജിസ്ട്രാർ ഓഫീസിൽവച്ച് സഹകരണ വിജിലൻസ് വിഭാഗത്തിൽപ്പെട്ട ഓഫീസർമാരുടെ യോഗം ചേരുകയും സഹകരണ വിജിലൻസ് വിഭാഗത്തെ ശക്തിപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത അന്വേഷണ സംഘം സമർപ്പിക്കുന്ന റിപ്പോർട്ടുകളിൽ സമയബന്ധിതമായി നടപടികൾ സ്വീകരിക്കുന്നുണ്ട്.

**സഹകരണ ബാങ്കുകളുടെ ആധുനികവൽക്കരണം**

219 (4824) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയുടെ ആധുനികവത്കരണത്തിന് എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്; വിവരിക്കുമോ;

(ബി) സഹകരണ ബാങ്കുകളെ വാണിജ്യാടിസ്ഥാനത്തിൽ പുത്തൻ തലമുറ ബാങ്കുകളുമായി കിടപിടിക്കുന്ന വിധം സജ്ജമാക്കുവാൻ ശ്രമിക്കുമോ;

(സി) ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ എല്ലാ സഹകരണ സംഘങ്ങളിലും ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഏകദേശം 35% പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിലും 45 അർബൻ സഹകരണ ബാങ്കുകളിലും കോർ ബാങ്കിംഗ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് കോർ ബാങ്കിംഗ് സംവിധാനം നടപ്പിലാക്കുന്നതിലേക്കായി പദ്ധതി ചെലവിന്റെ 90% അല്ലെങ്കിൽ 10 ലക്ഷം രൂപ ഏതാണോ കുറവ് ടി തുക കോർ ബാങ്കിംഗിന് സർക്കാർ ധനസഹായമായി അനുവദിക്കുന്നുണ്ട്. മൊത്തം ധനസഹായത്തിന്റെ 50% വായ്പയായും 20% ഓഹരിയായും 20% സബ്സിഡിയുമായിട്ടാണ് തുക അനുവദിക്കുന്നത്.

പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളുടെ ആധുനിക വൽക്കരണത്തിനായി 25 കോടി രൂപ സർക്കാർ 2017- 18 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. സഹകരണ വകുപ്പിന്റെ കീഴിലുള്ള എല്ലാ സഹകരണ സ്ഥാപനങ്ങളുടെയും ആധുനികവൽക്കരണത്തിനായി ഓഹരി, വായ്പാ, സബ്സിഡി സഹായം നൽകുവാനായി 2017– 18 വർഷം 150 ലക്ഷം രൂപയും 2018 – 19 വർഷത്തേയ്ക്ക് 170 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

2017 - 18 സാമ്പത്തിക വർഷത്തിൽ നാളിതുവരെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് കോർ ബാങ്കിംഗ് നടപ്പിലാക്കുന്നതിനായി 141.929 ലക്ഷം രൂപ ഓഹരിയായും 305.6875 ലക്ഷം രൂപ വായ്പയായും 141.655 ലക്ഷം രൂപ സബ്സിഡിയായും ധനസഹായം അനുവദിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ആധുനികവത്കരണത്തിനും അടിസ്ഥാന സൗകര്യവികസനത്തിനുമായി എൻ.സി.ഡി.സി. മുഖേനയും ധനസഹായം അനുവദിച്ചുവരുന്നു.

(ബി) സഹകരണ ബാങ്കുകളെ വാണിജ്യാടിസ്ഥാനത്തിൽ പുത്തൻ തലമുറ ബാങ്കുകളുമായി കിടപിടിക്കുന്ന വിധം സജ്ജമാക്കാനുള്ള നടപടികൾ ഇതിനകംതന്നെ സ്വീകരിച്ചിട്ടുണ്ട്.

(സി) സഹകരണ സംഘങ്ങളിൽ കോർ ബാങ്കിംഗ് സൊല്യൂഷൻ, നെറ്റ് ബാങ്കിംഗ്, ആർ.ടി.ജി.എസ്., ഇന്റർനെറ്റ് ബാങ്കിംഗ് തുടങ്ങിയ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ്വെയർ നടപ്പിലാക്കുന്ന നടപടി സ്വീകരിച്ചുവരുന്നു.

സംസ്ഥാന സഹകരണ ബാങ്കിലും 14 ജില്ലാ സഹകരണ ബാങ്കുകളിലും ആർ.ടി.ജി.എസ്., എൻ.ഇ.എഫ്.റ്റി. സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. റിസർവ് ബാങ്ക് ഓഫ് ഇൻഡ്യയുടെ ഡയറക്ട് മെമ്പർഷിപ്പ് ലഭിച്ച ഇടുക്കി, കോഴിക്കോട് ജില്ലാ സഹകരണ ബാങ്കുകളിൽ മൊബൈൽ ബാങ്കിംഗ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. കോർ ബാങ്കിംഗ് സംവിധാനം പൂർത്തിയാക്കുന്നതിന് അനുസരിച്ച് പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ ജില്ലാ സഹകരണ ബാങ്കുകളുടെ ആഭിമുഖ്യത്തിൽ ഇലക്ട്രോണിക് ട്രാൻസ്ഫർ സംവിധാനം ഏർപ്പെടുത്തുന്നതിന്റെ സാധ്യതകൾ പരിശോധിക്കുന്നതാണ്.

## സ്വർണ്ണപ്പണയ വായ്പാ തട്ടിപ്പ്

220 (4825) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതുമുതൽ നാളിതുവരെ സംസ്ഥാനത്ത് എത്ര സഹകരണ സംഘങ്ങളിൽ സ്വർണ്ണപ്പണയ വായ്പാ തട്ടിപ്പ് നടന്നിട്ടുണ്ടെന്ന് അറിയിക്കുമോ; ഏറ്റവും കൂടുതൽ തട്ടിപ്പ് നടന്നിട്ടുള്ളത് ഏത് ജില്ലയിലാണെന്ന് വ്യക്തമാക്കുമോ;

(ബി) സ്വർണ്ണപ്പണയ വായ്പാ തട്ടിപ്പ് നടത്തിയ എത്ര പേർക്കെതിരെ കേസെടുത്തിട്ടുണ്ടെന്നും ഇതിൽ എത്ര പേരെ ശിക്ഷിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) ഇത്തരം തട്ടിപ്പുകൾ തടയുന്നതിന് സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നത് മുതൽ നാളിതുവരെ 35 പ്രാഥമിക സഹകരണ സംഘങ്ങളിൽ സ്വർണ്ണപ്പണയ വായ്പ തട്ടിപ്പ് നടന്നിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിൽ കാസർഗോഡ് ജില്ലയിലാണ് ഏറ്റവും കൂടുതൽ തട്ടിപ്പ് നടന്നിട്ടുള്ളത്.

(ബി) സ്വർണ്ണപ്പണയ വായ്പ തട്ടിപ്പുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് 41 ജീവനക്കാർക്കെതിരെ കേസ്സെടുത്തിട്ടുണ്ട്. കേസ്സന്വേഷണം പൂർത്തിയാകാത്തതിനാൽ ശിക്ഷണ നടപടികൾ സ്വീകരിച്ചിട്ടില്ല.

(സി) സഹകരണ സംഘങ്ങളിൽ സ്വർണ്ണപ്പണയാഭരണ ക്രമക്കേടുകൾ കണ്ടെത്തുന്നതിന് സഹകരണസംഘം രജിസ്ട്രാറുടെ 22/2016 സർക്കുലർ പ്രകാരം കർശന നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതാണ്. ഇതിനുപുറമെ വായ്പേതര സഹകരണ സംഘങ്ങളിൽ സ്വർണ്ണപ്പണയ പരിശോധന നടത്തുകയും വായ്പാ സംഘങ്ങളുടെ സ്വർണ്ണപ്പണയ പരിശോധന നടത്തുന്നതിന് നിർദ്ദേശവും നൽകിയിട്ടുള്ളതാണ്. എന്നാൽ വീണ്ടും സഹകരണ ബാങ്കുകളിൽ പണയ ഉരുപ്പടികൾ കൈകാര്യം ചെയ്യുന്നതിൽ കൃത്രിമം കാണിക്കുന്നതും സാമ്പത്തിക ക്രമക്കേടുകൾ നടത്തുന്നതും സഹകരണ ബാങ്കുകളിൽ തുടർന്നുവരുന്നതായി ആക്ഷേപമുയർന്നിരിക്കുന്ന സാഹചര്യത്തിൽ ആയത് തടയാൻ സഹകരണ സംഘം രജിസ്ട്രാർ 13/2018 സർക്കുലർ പ്രകാരം 22/2016 സർക്കുലറിലെ നിർദ്ദേശങ്ങളെ സ്പഷ്ടീകരിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘങ്ങളിൽ സൂക്ഷിച്ചിരിക്കുന്ന മുഴുവൻ സ്വർണ്ണപ്പണയ പണ്ടങ്ങളുടെയും തൂക്കത്തിലെ കൃത്യതയും പരിശുദ്ധിയും ഉറപ്പുവരുത്തുന്നതിന് സംഘംതലത്തിൽ ഒരു കമ്മിറ്റിയെ രൂപീകരിക്കുകയും സംഘത്തിൽ നടക്കുന്ന എല്ലാ സ്വർണ്ണപ്പണയ ക്രമക്കേടുകൾക്കും പൂർണ്ണ ഉത്തരവാദിത്വം ടി കമ്മിറ്റിക്കും സംഘത്തിലെ ഭരണസമിതി അംഗങ്ങളിലും നിക്ഷിപ്തമാക്കി വ്യവസ്ഥ ചെയ്യുകയും ചെയ്തിട്ടുണ്ട്.

**സഹകരണ ബാങ്കുകളിലെ വായ്പാ കുടിശ്ശികയുടെ തിരിച്ചടവ്**

221 (4826) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ സഹകരണബാങ്കുകളിൽ നിന്നും ലോൺ എടുത്ത് കുടിശ്ശികയായി, ജപ്തി നടപടികളും മറ്റും നേരിടുന്ന പാവപ്പെട്ട ജനങ്ങളെ

സഹായിക്കാൻ, പലിശ ഒഴിവാക്കിക്കൊണ്ട് മുതൽ തിരിച്ചടയ്ക്കാൻ തവണ അനുവദിച്ച് നൽകുന്ന ഏതെങ്കിലും പദ്ധതി നിലവിലുണ്ടോ;

(ബി) ഇല്ലെങ്കിൽ കടബാധ്യതയുള്ള പാവപ്പെട്ട ജനങ്ങൾക്ക് സാധിക്കുന്ന രീതിയിൽ ലോൺ തിരിച്ചടയ്ക്കൽ സംവിധാനം നടപ്പിലാക്കി അവരെ രക്ഷിക്കുമോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) നിലവിലുണ്ട്. സംസ്ഥാനത്തെ വിവിധ സഹകരണ ബാങ്കുകളിൽനിന്നും ലോണെടുത്ത് കുടിശ്ശികയായി ജപ്തി നടപടികളും മറ്റും നേരിടുന്ന പാവപ്പെട്ട ജനങ്ങളെയും, സഹകാരികളെയും സഹായിക്കുന്നതിനും സംഘങ്ങൾ/ബാങ്കുകളുടെ കുടിശ്ശിക കുറയ്ക്കുന്നതിനും സഹകാരികളെ അവരുടെ കടബാധ്യതയിൽനിന്നും ഒഴിവാക്കുന്നതിന് അവസരം ഒരുക്കുന്നതിനുമായി സംസ്ഥാനത്ത് സഹകരണ മേഖലയിൽ ഒരു ഊർജ്ജിത കുടിശ്ശിക നിവാരണ പദ്ധതി "നവകേരളീയം കുടിശ്ശിക നിവാരണം - ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി - 2018" ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയുടെ കാലാവധി 2018 ഫെബ്രുവരി 15 മുതൽ മാർച്ച് 25 വരെ ആണ്. വിവിധ ഇളവുകളോടെ വായ്പ കുടിശ്ശികയായവർക്കും, ജപ്തിനടപടികളും മറ്റും നേരിടുന്ന പാവപ്പെട്ട ജനങ്ങൾക്കും വായ്പാ കണക്ക് ഈ പദ്ധതി പ്രകാരം അവസാനിപ്പിക്കാവുന്നതാണ്. മുതലിനൊപ്പം പലിശ ക്രമീകരിച്ചും കുറഞ്ഞ നിരക്കിലും സാധാരണ പലിശയിലും പലിശ കണക്കാക്കി വായ്പാ കണക്ക് അവസാനിപ്പിക്കാൻ അവസരം ലഭിക്കുന്നു.

**നവകേരളീയം കുടിശ്ശിക നിവാരണ പദ്ധതി**

222 (4827) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിന്റെ നവകേരളീയം കുടിശ്ശിക നിവാരണ പദ്ധതിയിൽ ഏതെല്ലാം ബാങ്കുകളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കാമോ ;

(ബി) കാർഷിക ഗ്രാമ വികസന ബാങ്കുകളിൽ നിന്നും വായ്പ എടുത്ത് കിടിശ്ശികയായവർക്ക് ഈ പദ്ധതിയുടെ പ്രയോജനം നിലവിൽ ലഭിക്കുന്നുണ്ടോ;

(സി) സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകൾ കുടിശ്ശിക നിവാരണ പദ്ധതി ആവിഷ്കരിച്ച് അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സർക്കാർ മുൻകയ്യെടുത്ത് കാർഷിക ഗ്രാമ വികസന ബാങ്കുകളെ കൂടി ഉൾക്കൊള്ളിച്ച് കുടിശ്ശികക്കാർക്ക് ആശ്വാസം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ളതും വായ്പ നൽകുന്നതുമായ എല്ലാ സഹകരണ സംഘങ്ങൾക്കും/സഹകരണ ബാങ്കുകൾക്കും ഈ പദ്ധതി ബാധകമായിരിക്കും.

(ബി) സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളിൽ 15-2-2018 മുതൽ 25-3-2018 വരെയുള്ള കാലാവധിയിൽ കുടിശ്ശിക നിവാരണം- 2018 പദ്ധതി ആരംഭിച്ചിട്ടുണ്ട്.

(സി) സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് കുടിശ്ശിക നിവാരണ പദ്ധതി ആവിഷ്കരിച്ച് സഹകരണ സംഘം രജിസ്ട്രാറുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

**വിദ്യാലയങ്ങളിൽ പശ്ചാത്തല സൗകര്യവികസനം**

223 (4828) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ പശ്ചാത്തല സൗകര്യ വികസനത്തിനായി സഹകരണ വകുപ്പ് അധികൃതരുടെ നിർദ്ദേശപ്രകാരം സമർപ്പിച്ച ആവശ്യങ്ങൾ പരിഗണിക്കാൻ വൈകുന്നതെന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതി എപ്പോൾ നടപ്പിലാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ പശ്ചാത്തല സൗകര്യ വികസനത്തിനായി സ്മാർട്ട് ക്ലാസ് റൂം പദ്ധതി ആരംഭിക്കുന്നതിന്റെ പ്രാരംഭ നടപടിയായി അതാത് നിയോജകമണ്ഡലത്തിലെ സ്മാർട്ട് ക്ലാസ്റൂം ആവശ്യമുള്ള സ്കൂളുകളുടെ ലിസ്റ്റും സ്മാർട്ട് ക്ലാസ്റൂം നിർമ്മിച്ച് നൽകുന്നതിന് സന്നദ്ധരായ സഹകരണ സംഘങ്ങളുടെ എണ്ണവും തയ്യാറാക്കി വരുന്നു.

## പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ നല്കുന്ന സഹായങ്ങൾ

224 (4829) ശ്രീ. പി. ഉണ്ണി:

ശ്രീ. പുരുഷൻ കടലുണ്ടി:

ശ്രീ. ആർ. രാജേഷ്:

ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമ സമ്പദ്‌വ്യവസ്ഥയുടെ ഉദ്ധാരണമെന്ന പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ ലക്ഷ്യം നിറവേറ്റുന്നതിന് സ്വാശ്രയ സഹായ സംഘങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് നൽകി വരുന്ന സഹായങ്ങൾ എന്തെല്ലാമാണ്;

(ബി) ഭക്ഷ്യ സുരക്ഷാ പദ്ധതിയുടെ ഭാഗമായി നെൽകൃഷിക്ക് പ്രത്യേകം പ്രോത്സാഹനം നൽകാൻ എന്തെല്ലാം ഇടപെടലുകൾ സംഘങ്ങൾ നടത്തുന്നുണ്ട്;

(സി) പലിശ രഹിത വായ്പ നൽകുക, കാർഷികോപകരണങ്ങൾ വാങ്ങി മിതമായ വാടകയ്ക്ക് നൽകുക തുടങ്ങിയ പ്രവർത്തനങ്ങൾ ഫലപ്രദമായി നടക്കുന്നുണ്ടോ;

(ഡി) സ്വയം സഹായ സംഘങ്ങളിലൂടെ കാർഷിക സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് നൽകി വരുന്ന സഹായങ്ങൾ എന്തെല്ലാമാണ്?

ഉത്തരം

(എ) സ്വയം സഹായ സംഘങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി പ്രാരംഭ ചെലവിനത്തിൽ ഓരോ ഗ്രൂപ്പുകൾക്കും 1000 രൂപ വീതം സബ്സിഡിയായി അനുവദിച്ചുവരുന്നുണ്ട്.

(ബി) 2010 - 11 സാമ്പത്തികവർഷം മുതൽ സഹകരണ വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ സംസ്ഥാനത്തെ നെൽകർഷകർക്ക് പലിശരഹിത വായ്പ നൽകുന്നതിനുള്ള നെൽകൃഷി പലിശരഹിത വായ്പാചട്ടങ്ങൾ അംഗീകരിച്ച് നൽകി സർക്കാർ 28-3-2011 - ൽ സ.ഉ. (കൈ) 66/2011/സഹ. നമ്പർ ഉത്തരവ് നൽകിയിട്ടുണ്ട്. ഇപ്രകാരം അംഗീകരിച്ച് നൽകിയ വായ്പാചട്ടങ്ങൾ പ്രകാരം നെൽകൃഷിക്ക് വായ്പ എടുത്ത ശേഷം വായ്പ കാലാവധിക്കുള്ളിൽ കൃത്യമായി തിരിച്ചടക്കുന്നവർക്ക് നിലവിൽ പലിശരഹിതമായാണ് വായ്പ നൽകി വരുന്നത്.

(സി) കാർഷിക വായ്പ കൃത്യമായി തിരിച്ചടയ്ക്കുന്ന ചെറുകിട നാമമാത്ര കർഷകർക്ക് ടി വായ്പകൾ പൂർണ്ണമായും പലിശരഹിതമാക്കുന്നതിന് പലിശ സബ്സിഡി നൽകുന്ന 'ഉത്തേജന പലിശയിളവ് പദ്ധതി' 2011-12 സാമ്പത്തിക വർഷം മുതൽ സഹകരണ വകുപ്പിലൂടെ നടപ്പിലാക്കി വരുന്നു. സഹകരണ

സംഘങ്ങളിൽ കാർഷിക സേവനകേന്ദ്രങ്ങൾ ആരംഭിച്ച് ടി കേന്ദ്രങ്ങൾ വഴി കാർഷിക ഉപകരണങ്ങൾ വാങ്ങി കർഷകർക്ക് മിതമായ വാടകയ്ക്ക് നൽകിവരുന്നുണ്ട്.

(ഡി) പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് സ്വാശ്രയ സഹായ സംഘങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി പരമാവധി 2 ലക്ഷം രൂപയുടെ ധനസഹായം സർക്കാർ ഓഹരിയായി നൽകി വരുന്നുണ്ട്.

**കൺസ്യൂമർഫെഡ്**

225 (4830) ശ്രീ. പി. കെ. ബഷീർ :

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർഫെഡിന്റെ നേതൃത്വത്തിൽ എന്തെല്ലാം സംരംഭങ്ങളാണ് പ്രവർത്തിച്ച് വരുന്നത് ; വിശദമാക്കുമോ;

(ബി) ഇവയിൽ പ്രവർത്തനലാഭം നേടിയ സംരംഭങ്ങൾ, നഷ്ടത്തിൽ പ്രവർത്തിക്കുന്ന സംരംഭങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഓരോ സംരംഭങ്ങളും നേടിയ ലാഭം/നഷ്ടം ഇവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ;

(ഡി) കൺസ്യൂമർഫെഡിന്റെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് വ്യക്തമാക്കുമോ ;

(ഇ) സംസ്ഥാനത്തെ വിലക്കയറ്റം പിടിച്ച് നിർത്തുന്നതിന് കൺസ്യൂമർ ഫെഡിന്റെ നേതൃത്വത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ ?

ഉത്തരം

(എ) കൺസ്യൂമർഫെഡിന്റെ നേതൃത്വത്തിൽ താഴെപ്പറയുന്ന സംരംഭങ്ങൾ പ്രവർത്തിച്ചുവരുന്നു:

1) ത്രിവേണി സൂപ്പർ മാർക്കറ്റ്

2) മൊബൈൽ ത്രിവേണി

3) ഗോഡൗൺ

4) ഇ - ത്രിവേണി

5) നീതി മെഡിക്കൽ വെയർ ഹൗസ്

6) നീതി മെഡിക്കൽ സ്റ്റോർ

7) എൽ.പി.ജി. ബോട്ടിലിംഗ് പ്ലാന്റ്

8) നോട്ട് ബുക്ക് / കമ്പ്യൂട്ടർ സ്റ്റേഷനറി മാനുഫാക്ച്ചറിംഗ് യൂണിറ്റ്

9) ത്രിവേണി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാർമസി

10) ശുശ്രൂഷ ഹൈടെക് ക്ലിനിക്കൽ ലാബ്

(ബി) മേൽപ്പറഞ്ഞ സംരംഭങ്ങളിൽ ത്രിവേണി വിഭാഗം ഒഴികെ മറ്റ് എല്ലാ സംരംഭങ്ങളും ലാഭത്തിലാണ് പ്രവർത്തിക്കുന്നത്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ സംരംഭങ്ങളും നേടിയ ലാഭം/നഷ്ടം സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു:

| | കാലയളവ് - 1-6-2016 മുതൽ 28-2-2018 വരെ | |
|---|---|---|
| | സംരംഭം | ലാഭം/നഷ്ടം(കോടിയിൽ) |
| 1 | ബിവറേജസ് | 309.162 |
| 2 | നീതി മെഡിക്കൽ സ്കീം | 9.035 |
| 3 | നീതി ഗ്യാസ് | 0.622 |
| 4 | ത്രിവേണി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാർമസി | 0.466 |
| 5 | നോട്ട് ബുക്ക് യൂണിറ്റ് | 3.559 |
| 6 | ത്രിവേണി, നീതി & ഇ - ത്രിവേണി | -(87.248) (loss) |
| 7 | ശുശ്രൂഷാ ഹൈടെക് ലാബ് | 0.022 |
| | ആകെ | 235.530 |
| | Less ആഫീസ് ചെലവുകൾ | 112.109 |
| | ലാഭം/നഷ്ടം | 123.421 |

(ഡി) കൺസ്യൂമർഫെഡിന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ത്രിവേണികൾ, മൊബൈൽ ത്രിവേണികൾ, പ്രാഥമിക സഹകരണ സംഘങ്ങൾ, വനിതാ സഹകരണ സംഘങ്ങൾ, മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ,

എസ്.സി./എസ്.ടി. സഹകരണ സംഘങ്ങൾ എന്നു തുടങ്ങി വിവിധ സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ നടത്തുന്ന നീതി സ്റ്റോറുകളുടെ കൂട്ടായ്മയിൽ 2018 ഏപ്രിൽ 1 മുതൽ 2019 മാർച്ച് 31 വരെ നീണ്ടു നിൽക്കുന്ന 12 മാസക്കാലത്തേക്ക് 13 ഇനം നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ വർഷത്തിലുടനീളം ലഭ്യമാക്കികൊണ്ട് വില സ്ഥിരത ഉറപ്പുവരുത്തുന്നതിനായുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

കൺസ്യൂമർഫെഡിന്റെ കീഴിലുള്ള സ്ഥാപനങ്ങളെ വില്പനയുടെ അടിസ്ഥാനത്തിൽ തരംതിച്ച് നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ റിവൈവ് ചെയ്യുന്നതിനുള്ള കർമ്മപദ്ധതിക്ക് രൂപം നൽകി വരുന്നു. നിത്യോപയോഗ സാധനങ്ങൾ വിലകുറച്ച് ലഭ്യമാക്കുന്നതിന് ഇ - ടെണ്ടർ സംവിധാനം ഫലപ്രദമാക്കി വരുന്നു.

പ്രാഥമിക സഹകരണ സംഘങ്ങളുടെ പ്രതിനിധികളെ കൂടി ഉൾപ്പെടുത്തി പർച്ചേസ് കമ്മിറ്റി വിപുലീകരിച്ചു.

പ്രാഥമിക സഹകരണ സംഘങ്ങളിൽ നിന്നുള്ള ഇന്റൻഡുകൾ ശേഖരിച്ച് അഡ്വാൻസ് വാങ്ങി സാധനങ്ങൾ വാങ്ങാൻ തുടങ്ങിയതോടെ പ്രവർത്തന മൂലധനത്തിന്റെ ആവശ്യകത കുറയ്ക്കാനായി മരുന്ന് കമ്പനികളിൽ നിന്നും നേരിട്ട് മരുന്ന് വാങ്ങുന്നതിലൂടെ കൂടുതൽ വില കുറവിൽ മരുന്നുകൾ വിപണിയിൽ എത്തിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

ത്രിവേണ നോട്ടുബുക്കുകളും പഠന സാമഗ്രികളും കുറഞ്ഞ നിരക്കിൽ ലഭ്യമാകുന്ന തരത്തിൽ സ്കൂൾ മാർക്കറ്റുകൾ സംഘടിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്.

സാധാരണക്കാർ തിങ്ങി പാർക്കുന്ന സ്ഥലങ്ങളിലും ആദിവാസി, തീരദേശ മേഖലകളിലും കൺസ്യൂമർഫെഡിന്റെ മൊബൈൽ ത്രിവേണിയുടെ സേവനം എത്തിക്കുന്നതിന് സാധിച്ചിട്ടുണ്ട്.

(ഇ) സഹകരണ മേഖലയുടെ ഇടപെടലിനെ പ്രധാനമായും രണ്ടായി തരം തിരിക്കാം. ഒന്ന് ഉല്പാദനം വർദ്ധിപ്പിക്കാനായി ആവശ്യമായ ഇടപെടൽ. ഇതിന്റെ ഭാഗമായി പ്രാഥമിക സർവ്വീസ് സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ കർഷക സേവന കേന്ദ്രങ്ങൾ വഴി വിവിധ അവശ്യ വസ്തുക്കളുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് ശക്തമായി ഇടപെടുന്നുണ്ട്. രണ്ടാമതായി വിതരണത്തിന്റെ കാര്യത്തിലുള്ള ഇടപെടലും വിപണി നിയന്ത്രിക്കലും ഇതിന്റെ ഭാഗമായി കൺസ്യൂമർഫെഡ് നേരിട്ടും പ്രാഥമിക സഹകരണ സംഘങ്ങൾ മുഖേനയും അവശ്യ വസ്തുക്കളുടെ ലഭ്യത ഉറപ്പാക്കി വിതരണ രംഗത്ത് ശക്തമായി ഇടപെടുന്നുണ്ട്.

അരിവില നിയന്ത്രണാതീതമായി കുതിച്ചുയർന്ന സമയത്ത് പശ്ചിമ ബംഗാളിൽ നിന്നും അരി കൊണ്ടുവന്ന് സംസ്ഥാനത്ത് വിതരണം ചെയ്ത് വില കുറയ്ക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. 13 ഇനം നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ കൺസ്യൂമർഫെഡിന്റെ ത്രിവേണി സൂപ്പർ മാർക്കറ്റുകൾ ഇ - ത്രിവേണി സ്റ്റോറുകൾ, മൊബൈൽ ത്രിവേണികൾ എന്നീ ഔട്ട്ലെറ്റുകൾ വഴിയും, പ്രാഥമിക സഹകരണ സംഘങ്ങളുടെ നീതി സ്റ്റോറുകൾ വഴിയും ഉത്സവ ചന്തകൾ വഴിയും വിപണനം നടത്തിയതിലൂടെ സംസ്ഥാനം ഒട്ടാകെ വിലനിലവാരം പിടിച്ചുനിർത്തുന്നതിന് സാധിച്ചു.

### വാമനപുരം നിയോജകമണ്ഡലത്തിലെ നീതി സ്റ്റോറുകൾ

226 (4831) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ എത്ര നീതി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട് ; വിശദ വിവരങ്ങൾ നൽകാമോ ;

(ബി) മണ്ഡലത്തിൽ നീതി സ്റ്റോറുകൾ ഇല്ലാത്ത പഞ്ചായത്തുകൾ ഉണ്ടോയെന്ന് അറിയിക്കുമോ?

(സി) എങ്കിൽ അവിടെ നീതി സ്റ്റോറുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ താഴെപ്പറയുന്ന 6 നീതി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്.

1. ആനാട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക് (ആനാട്)
2. മാണിക്കൽ റൂറൽ സഹകരണ സംഘം (മാണിക്കൽ)
3. നന്ദിയോട് സർവ്വീസ് സഹകരണ ബാങ്ക് (കുറുപുഴ)
4. പാലോട് സർവ്വീസ് സഹകരണ ബാങ്ക് (പാലോട് ജംഗ്ഷൻ)
5. വാമനപുരം സർവ്വീസ് സഹകരണ ബാങ്ക് (വാമനപുരം)
6. മാണിക്കൽ സർവ്വീസ് സഹകരണ ബാങ്ക് (മാണിക്കൽ)

(ബി&സി) ഉണ്ട്. നീതി സ്റ്റോറുകൾ ആരംഭിക്കുന്നതിന് അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

## സ്വര്‍ണ്ണ പണയ വായ്പ നല്‍കുന്ന സഹകരണ ബാങ്കുകള്‍

227 (4832)<u>ശ്രീ. എന്‍. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) കാസര്‍ഗോഡ് ജില്ലയില്‍ സ്വര്‍ണ്ണ പണയ വായ്പ നല്‍കുന്ന സഹകരണ ബാങ്കുകള്‍ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) സ്വര്‍ണ്ണ പണയ വായ്പ നല്‍കുന്ന ബാങ്കുകളുടെ ഭരണഘടനയില്‍ ഇത്തരം വായ്പയെക്കുറിച്ച് പറഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) ഭരണഘടനയില്‍ സ്വര്‍ണ്ണ പണയ വായ്പയെക്കുറിച്ച് പറയാത്ത ഏതെങ്കിലും സഹകരണ ബാങ്കുകള്‍ സ്വര്‍ണ്ണ പണയം സ്വീകരിച്ച് വായ്പ നല്‍കാറുണ്ടോ;

(ഡി) ഇത് നിയമവിരുദ്ധമാണെങ്കില്‍ ഇത്തരം സ്ഥാപനങ്ങള്‍ക്കെതിരെ എന്ത് നടപടികളാണ് സ്വീകരിക്കുക എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കാസര്‍ഗോഡ് ജില്ലയില്‍ സ്വര്‍ണ്ണപ്പണയ വായ്പ നല്‍കുന്ന സഹകരണ ബാങ്കുകള്‍ ചുവടെ ചേര്‍ക്കുന്നു:

1 ബിരിക്കുളം സര്‍വ്വീസ് സഹകരണ ബാങ്ക്

2 ചിത്താരി സര്‍വ്വീസ് സഹകരണ ബാങ്ക്

3 ചീമേനി സര്‍വ്വീസ് സഹകരണ ബാങ്ക്

4 ഈസ്റ്റ് എളേരി സര്‍വ്വീസ് സഹകരണ ബാങ്ക്

5 ഹോസ്ദുര്‍ഗ്ഗ് സര്‍വ്വീസ് സഹകരണ ബാങ്ക്

6 കോട്ടച്ചേരി സര്‍വ്വീസ് സഹകരണ ബാങ്ക്

7 കരിന്തളം സര്‍വ്വീസ് സഹകരണ ബാങ്ക്

8 കിനാനൂര്‍ സര്‍വ്വീസ് സഹകരണ ബാങ്ക്

9 ക്ലായിക്കോട് സര്‍വ്വീസ് സഹകരണ ബാങ്ക്

10 കോടക്കാട് സര്‍വ്വീസ് സഹകരണ ബാങ്ക്

11 കയ്യൂര്‍ സര്‍വ്വീസ് സഹകരണ ബാങ്ക്

12 മടിക്കൈ സര്‍വ്വീസ് സഹകരണ ബാങ്ക്

13 മാലോത്ത് സർവ്വീസ് സഹകരണ ബാങ്ക്
14 മാണിയാട്ട് സർവ്വീസ് സഹകരണ ബാങ്ക്
15 നീലേശ്വരം സർവ്വീസ് സഹകരണ ബാങ്ക്
16 പനത്തടി സർവ്വീസ് സഹകരണ ബാങ്ക്
17 പിലിക്കോട് സർവ്വീസ് സഹകരണ ബാങ്ക്
18 പെരിയ സർവ്വീസ് സഹകരണ ബാങ്ക്
19 പുല്ലൂർ സർവ്വീസ് സഹകരണ ബാങ്ക്
20 പനയാൽ സർവ്വീസ് സഹകരണ ബാങ്ക്
21 പൂതങ്ങാനം സർവ്വീസ് സഹകരണ ബാങ്ക്
22 പടന്ന സർവ്വീസ് സഹകരണ ബാങ്ക്
23 പള്ളിക്കര സർവ്വീസ് സഹകരണ ബാങ്ക്
24 തായന്നൂർ സർവ്വീസ് സഹകരണ ബാങ്ക്
25 തിമിരി സർവ്വീസ് സഹകരണ ബാങ്ക്
26 ഉദുമ സർവ്വീസ് സഹകരണ ബാങ്ക്
27 വലിയപറമ്പ സർവ്വീസ് സഹകരണ ബാങ്ക്
28 വെസ്റ്റ് എളേരി സർവ്വീസ് സഹകരണ ബാങ്ക്
29 ചെറുവത്തൂർ ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക്
30 തൃക്കരിപ്പൂർ ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക്
31 നീലേശ്വരം അർബൻ സഹകരണ ബാങ്ക്
32 അടൂർ സർവ്വീസ് സഹകരണ ബാങ്ക്
33 അംഗടിമൊഗർ സർവ്വീസ് സഹകരണ ബാങ്ക്
34 ബായാർ സർവ്വീസ് സഹകരണ ബാങ്ക്
35 ബെള്ളൂർ സർവ്വീസ് സഹകരണ ബാങ്ക്
36 ചെമ്മനാട് സർവ്വീസ് സഹകരണ ബാങ്ക്
37 ചെങ്കള സർവ്വീസ് സഹകരണ ബാങ്ക്
38 ദേലംപാടി സർവ്വീസ് സഹകരണ ബാങ്ക്

| | |
|---|---|
| 39 | എടനാട് കണ്ണൂർ സർവ്വീസ് സഹകരണ ബാങ്ക് |
| 40 | കാടകം സർവ്വീസ് സഹകരണ ബാങ്ക് |
| 41 | കളനാട് സർവ്വീസ് സഹകരണ ബാങ്ക് |
| 42 | കാസർഗോഡ് സർവ്വീസ് സഹകരണ ബാങ്ക് |
| 43 | കാട്ടുകുക്കെ സർവ്വീസ് സഹകരണ ബാങ്ക് |
| 44 | കൊടലമൊഗർ പാത്തൂർ സർവ്വീസ് സഹകരണ ബാങ്ക് |
| 45 | കൊളത്തൂർ സർവ്വീസ് സഹകരണ ബാങ്ക് |
| 46 | കുഡ്ലു സർവ്വീസ് സഹകരണ ബാങ്ക് |
| 47 | കുമ്പഡാജെ സർവ്വീസ് സഹകരണ ബാങ്ക് |
| 48 | കുമ്പള സർവ്വീസ് സഹകരണ ബാങ്ക് |
| 49 | കുറ്റിക്കോൽ സർവ്വീസ് സഹകരണ ബാങ്ക് |
| 50 | മധൂർ സർവ്വീസ് സഹകരണ ബാങ്ക് |
| 51 | മജ്ബയിൽ സർവ്വീസ് സഹകരണ ബാങ്ക് |
| 52 | മംഗൽപ്പാടി സർവ്വീസ് സഹകരണ ബാങ്ക് |
| 53 | മഞ്ചേശ്വരം സർവ്വീസ് സഹകരണ ബാങ്ക് |
| 54 | മിയാപദവ് സർവ്വീസ് സഹകരണ ബാങ്ക് |
| 55 | മുഗു സർവ്വീസ് സഹകരണ ബാങ്ക് |
| 56 | മുളിയാർ സർവ്വീസ് സഹകരണ ബാങ്ക് |
| 57 | മുട്ടത്തോടി സർവ്വീസ് സഹകരണ ബാങ്ക് |
| 58 | നെക്രാജെ സർവ്വീസ് സഹകരണ ബാങ്ക് |
| 59 | പൈവളിഗെ സർവ്വീസ് സഹകരണ ബാങ്ക് |
| 60 | പെർഡാല സർവ്വീസ് സഹകരണ ബാങ്ക് |
| 61 | പെർള സർവ്വീസ് സഹകരണ ബാങ്ക് |
| 62 | പെരുമ്പള സർവ്വീസ് സഹകരണ ബാങ്ക് |
| 63 | വോർക്കാടി സർവ്വീസ് സഹകരണ ബാങ്ക് |
| 64 | ബേഡഡുക്ക ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക് |
| 65 | കാസർഗോഡ് കോ - ഓപ്പറേറ്റീവ് ടൗൺ ബാങ്ക് |
| 66 | ഹോസ്ദുർഗ്ഗ് പി.സി.എ.ആർ.ഡി. ബാങ്ക് |

67 വെള്ളരിക്കുണ്ട് പി.സി.എ.ആർ.ഡി. ബാങ്ക്

68 കാസർഗോഡ് പി.സി.എ.ആർ.ഡി. ബാങ്ക്

69 മഞ്ചേശ്വരം പി.സി.എ.ആർ.ഡി. ബാങ്ക്

70 ജില്ലാ സഹകരണ ബാങ്ക് കാസർഗോഡ്

(ബി) പറഞ്ഞിട്ടുണ്ട്.

(സി) ഇടുക്കി ജില്ലയിൽ ഇടുക്കി താലൂക്ക് പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കും പാലക്കാട് ജില്ലയിൽ ചിറ്റൂർ സർക്കിളിലെ പല്ലശ്ശന അഗ്രികൾച്ചറൽ ഇംപ്രൂവ്മെന്റ് സഹകരണ സംഘം ക്ലിപ്തം നമ്പർ പി.1391 എന്നീ സംഘങ്ങൾ ബൈലായിൽ വ്യവസ്ഥയില്ലാതെ സ്വർണ്ണപ്പണയം നൽകി വരുന്നതായി കണ്ടെത്തിയിട്ടുണ്ട്.

(ഡി) ഇത്തരത്തിൽ നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന സംഘങ്ങൾക്ക് ടി നടപടികൾ നിർത്തിവയ്ക്കുന്നതിനും ആവശ്യമായ തുടർ നടപടി അടിയന്തരമായി കൈക്കൊള്ളുന്നതിനും കർശന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

**പട്ടികജാതി പരിവർത്തിത ക്രൈസ്തവ വിഭാഗക്കാരുടെ വായ്പാകുടിശ്ശിക**

228 (4833) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2006 മാർച്ച് 31-ന് മുൻപ് തിരിച്ചടവ് കാലാവധി കഴിഞ്ഞ പട്ടികജാതി പരിവർത്തിത ക്രൈസ്തവ വിഭാഗക്കാക്കാർ എടുത്ത സംസ്ഥാന സഹകരണ സ്ഥാപനങ്ങളിലെ 50000 രൂപ വരെയുള്ള വായ്പ കുടിശ്ശിക എഴുതി തള്ളുന്നതിന് തീരുമാനിച്ച ഉത്തരവ് എന്നത്തേതാണ്; ഇതുസംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ശ്രീ. ഡബ്ല്യൂ. അശോകൻ, പ്ലാന്തോട്ടം റോഡരികത്ത് വീട് ,പരപ്പാറ പി.ഒ ,വിതുര എന്നയാൾ തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക് വിതുര ശാഖയിൽ നിന്നും 569 നമ്പർ കൺസ്യൂമർ വായ്പ 29-3-2001ൽ എടുത്തതിൽ ഉണ്ടായിട്ടുള്ള കുടിശ്ശിക പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ എഴുതിത്തള്ളിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത് സംബന്ധിച്ച അപേക്ഷയിൽ എന്ത് നടപടി സ്വീകരിച്ചു;

(സി) ലോൺ എഴുതിത്തള്ളുന്നതിലെ കാലതാമസം നേരിട്ടതിന്റെ കാരണം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, വ്യവസായ വാണിജ്യ വകുപ്പ്, സഹകരണ സ്ഥാപനങ്ങൾ, കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് എന്നിവിടങ്ങളിൽ നിന്ന് എടുത്തിട്ടുള്ളതും 31-3-2006 -ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശിക ആയിട്ടുള്ളതുമായ വായ്പ കുടിശ്ശികയിന്മേൽ സർക്കാരിന് ഏറ്റെടുക്കാവുന്ന ബാധ്യതയുടെ പരിധിയും അത്തരം കേസ്സുകളിലെ വായ്പാത്തുകയുടെ പരിധിയും 50,000 രൂപയാക്കി വർദ്ധിപ്പിച്ചുകൊണ്ട് സർക്കാരിന്റെ 10-12-2013-ലെ സ.ഉ.(അച്ചടി) 99/2013/ പ.ജ.പ.വ.വി.വ. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം* ചെയ്യുന്നു.

(ബി & സി) എഴുതിത്തള്ളിയിട്ടില്ല. എഴുതിത്തള്ളാനുള്ള വായ്പാ കക്ഷിയുടെ അപേക്ഷ ജില്ലാ സഹകരണ ബാങ്കിന്റെ ശാഖയിൽ ലഭിച്ചിട്ടുണ്ട്. എന്നാൽ എഴുതിത്തള്ളുവാൻ ആവശ്യമായ പൂർണ്ണമായ വിവരങ്ങൾ ശാഖയിൽ ലഭിച്ചിട്ടില്ല. ടി വിവരം ബാങ്ക് വായ്പക്കാരനെ അറിയിച്ചിട്ടുണ്ട്.

## സഹകരണ റിസ്ക് ഫണ്ട് പദ്ധതി

229 (4834) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ റിസ്ക് ഫണ്ട് പദ്ധതിയുടെ വിശദവിവരം ലഭ്യമാക്കുമോ?

(ബി) പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം വായ്പാക്കാരൻ മരണപ്പെട്ടാൽ ആ വിവരം ആശ്രിതൻ ബാങ്കിൽ അറിയിച്ചുകഴിഞ്ഞാൽ സമയബന്ധിതമായി ആശ്രിതർക്ക് ലഭിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) വായ്പ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും കാർഷിക, കാർഷികേതര (സ്വർണ്ണപ്പണയ വായ്പയും, നിക്ഷേപ വായ്പയും ഒഴികെയുള്ളവ) ആവശ്യങ്ങൾക്ക് വായ്പയെടുക്കുന്ന അംഗങ്ങൾ വായ്പാ കാലാവധിയിലോ, വായ്പാ കാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരണപ്പെട്ടാൽ നിബന്ധനകൾക്ക് വിധേയമായി ഒന്നരലക്ഷം രൂപ വരെയുള്ള മുതലും അതിന്റെ പലിശയും എഴുതിതള്ളാൻ കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി എന്ന പദ്ധതി നിലവിലുണ്ട്. റിസ്ക് ഫണ്ട് പദ്ധതി പ്രകാരം ബാങ്കുകളിൽനിന്നും വായ്പ എടുക്കുന്ന

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അംഗങ്ങൾ വായ്പാ കാലാവധിയിലോ കാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ അന്നേ ദിവസം ബാക്കി നൽകുന്ന ഒന്നര ലക്ഷം രൂപ വരെയുള്ള മുതലും അതിന്റെ പലിശയും റിസ്ക് ഫണ്ടിൽ നിന്നും നൽകും. കൂടാതെ റിസ്ക് ഫണ്ട് നിയമാവലിയിൽ പരാമർശിച്ചിട്ടുള്ള ഏഴ് മാരകരോഗങ്ങളിൽ ഏതെങ്കിലും ബാധിച്ചവരുടെ വായ്പാ മുതൽ ഇനത്തിൽ 75,000 രൂപ പദ്ധതിയിലെ ഇതര നിബന്ധനകൾക്ക് വിധേയമായി നൽകും. റിസ്ക് ഫണ്ട് ആനുകൂല്യം ലഭിക്കുന്നതിന് അപേക്ഷയും അനുബന്ധങ്ങളും ബന്ധപ്പെട്ട സഹകരണ സംഘം/ബാങ്കിന് നൽകണം. സംഘം/ബാങ്ക് കമ്മിറ്റി തീരുമാനം കൈകൊണ്ട് സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥരുടെ ശിപാർശയോടെ സഹകരണ വികസന ക്ഷേമനിധി ബോർഡ് സെക്രട്ടറിക്ക് സമർപ്പിക്കണം. വായ്പാക്കാരൻ മരിച്ചുപോയ കേസ്സുകളിൽ മരണസർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം സമർപ്പിക്കണം. റിസ്ക് ഫണ്ട് ആനുകൂല്യം ലഭിക്കുന്നതിനായി വായ്പ എടുക്കുന്ന സമയത്ത് വായ്പാ തുകയുടെ 0.35% എന്ന നിരക്കിൽ കുറഞ്ഞത് 100 രൂപയും പരമാവധി 525 രൂപയും ഒറ്റത്തവണ റിസ്ക് ഫണ്ട് പ്രീമിയം/വിഹിതം അടച്ചിരിക്കണം. മരണപ്പെട്ടതോ/മാരകരോഗം പിടിപെട്ടതോ ആയ ആളിന്റെ പേരിലുള്ളതും മരണപ്പെട്ട/മാരകരോഗം പിടിപെട്ട തീയതിയിൽ 70 വയസ്സിൽ അധികരിക്കാത്തതുമായ വായ്പാക്കാരുടെ വായ്പകൾക്ക് മാത്രമാണ് യഥാക്രമം മരണാനന്തര ആനുകൂല്യം/ചികിത്സാ ധനസഹായം ലഭിക്കുക. വായ്പാ കാലാവധിയിൽ വായ്പാക്കാരൻ മരണപ്പെട്ടാൽ മരണപ്പെട്ട തീയതിക്ക് തൊട്ട്മുൻപ് തുടർച്ചയായി 6 മാസത്തിൽ അധികരിച്ചും വായ്പാ കാലാവധി കഴിഞ്ഞ് വായ്പാക്കാരൻ മരണപ്പെട്ടാൽ വായ്പാകാലാവധി തീരുന്ന തീയതിക്ക് തൊട്ടുമുൻപ് തുടർച്ചയായി ആറ് മാസത്തിൽ അധികരിച്ചും വായ്പാമുതലിൽ തിരിച്ചടവിൽ വീഴ്ച വരുത്തിയാൽ ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല. കേരള സഹകരണ വികസന ക്ഷേമനിധി ബോർഡാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

(ബി) വായ്പാക്കാരൻ മരണപ്പട്ടാൽ പ്രസ്തുത വിവരം സഹിതം ആശ്രിതൻ ബാങ്കിൽ അപേക്ഷ സമർപ്പിച്ചാൽ റിസ്ക് ഫണ്ട് നിയമാവലി പ്രകാരമുള്ള കൃത്യമായ മാനദണ്ഡങ്ങൾ പാലിച്ചിട്ടുള്ളതാണെങ്കിൽ, ബന്ധപ്പെട്ട അസിസ്റ്റന്റ് രജിസ്ട്രാർ മുഖേന കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിന്റെ സെക്രട്ടറിക്ക് നൽകേണ്ടതുണ്ട്. ഇതിൻ പ്രകാരം റിസ്ക് ഫണ്ട് ആനുകൂല്യം നൽകി വരുന്നു.

### റിസ്ക് ഫണ്ട്

230 (4835) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം റിസ്ക് ഫണ്ട് ആനുകൂല്യം അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് എത്ര അപേക്ഷ ലഭിച്ചുവെന്നും എത്രയെണ്ണം തീർപ്പാക്കിയെന്നും വ്യക്തമാക്കുമോ;

(ബി) റിസ്ക് ഫണ്ട് ആനുകൂല്യം അനുവദിക്കുന്നതിലെ മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) ഗുരുതര രോഗത്തിന് ചികിത്സയിലുള്ളവർക്കും, വായ്പാ കുടിശ്ശിക 1 ലക്ഷത്തിൽ കൂടുതൽ ഉള്ളവർക്കും, അവരുടെ സാമ്പത്തികാവസ്ഥ പരിശോധിച്ച് റിസ്ക് ഫണ്ട് ആനുകൂല്യം ലഭ്യമാക്കുന്നതിന് ഇളവുകൾ നൽകുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) റിസ്ക് ഫണ്ട് പദ്ധതി നടപ്പിലാക്കുന്ന കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 22231 അപേക്ഷകർ 28-2-2018 തീയതി വരെ ലഭ്യമായിട്ടുള്ളതും ആയതിൽ 8983 അപേക്ഷകർക്ക് ധനസഹായം അനുവദിച്ചു നൽകിയിട്ടുള്ളതുമാണ്. ധനസഹായം ലഭിക്കാൻ അർഹതയില്ലാത്ത 3018 അപേക്ഷകൾ നിരസിച്ചിട്ടുള്ളതുമാണ്. ഇപ്രകാരം ആകെ 12001 അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്.

(ബി) വായ്പാകാലാവധിയിൽ വായ്പാക്കാരൻ മരണപ്പെട്ടാൽ മരണപ്പെട്ട തീയതിക്ക് തൊട്ടുമുൻപ് 6 മാസത്തിൽ അധികരിച്ച് കുടിശ്ശിക ഉണ്ടാകുവാൻ പാടില്ല. മരണപ്പെട്ടതോ/മാരകരോഗം പിടിപെട്ടതോ ആയ ആളിന്റെ പേരിലുള്ളതും, മരണപ്പെട്ട/മാരകരോഗം പിടിപെട്ട തീയതിയിൽ 70 വയസ്സിൽ അധികരിക്കാത്തതുമായ വായ്പാക്കാരുടെ വായ്പകൾക്ക് മാത്രമാണ് മരണാനന്തര ആനുകൂല്യം/ചികിത്സാ ധനസഹായം ലഭിക്കുക. വായ്പ എടുക്കുന്ന വ്യക്തികളിൽനിന്നും 0.35% എന്ന നിരക്കിൽ കുറഞ്ഞത് 100 രൂപയും പരമാവധി 525 രൂപയും ബന്ധപ്പെട്ട സഹകരണ സംഘം, വായ്പാക്കാരിൽ നിന്നും ഈടാക്കി സ്കീം നടപ്പിലാക്കുന്ന ബോർഡിലേയ്ക്ക് അടയ്ക്കേണ്ടതാണ്. വായ്പ എടുത്തശേഷം വായ്പക്കാരന് മാരകരോഗം പിടിപെടുന്ന കേസ്സുകളിലാണ് ചികിത്സാ ധനസഹായം ലഭിക്കുന്നത്. മരണപ്പെട്ട കേസ്സുകളിൽ വായ്പാക്കാരന്റെ മരണസർട്ടിഫിക്കറ്റ് അനന്തരാവകാശി ഹാജരാക്കേണ്ടതുണ്ട്. ചികിത്സാ ധനസഹായത്തിന് ബന്ധപ്പെട്ട ഡോക്ടറുടെ ചികിത്സാ സർട്ടിഫിക്കറ്റും അനുബന്ധരേഖകളും സമർപ്പിക്കേണ്ടതാണ്.

(സി) സർക്കാരിന്റെ 31-3-2012-ലെ സ.ഉ. (കൈ) 42/2012/സഹ. നമ്പർ ഉത്തരവ് പ്രകാരം റിസ്ക് ഫണ്ട് നിയമാവലിയിൽ ഭേദഗതി വരുത്തുകയും മാരകരോഗം പിടിപെട്ടവർക്ക് 75,000 രൂപ ചികിത്സാ ധനസഹായമായി അനുവദിച്ചുവരികയും ചെയ്യുന്നുണ്ട്.

ഗുരുതര രോഗത്തിന് ചികിത്സയിലുള്ളവർക്കും വായ്പാ കുടിശ്ശിക ഒരു ലക്ഷം രൂപയിൽ കൂടുതലുള്ളവർക്കും അവരുടെ സാമ്പത്തികാവസ്ഥ പരിശോധിച്ച് റിസ്ക് ഫണ്ട് ആനുകൂല്യം ലഭ്യമാക്കുന്നതിന് ഇളവുകൾ നൽക്കുന്ന കാര്യം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

**സഹകരണ വകുപ്പിലെ അസിസ്റ്റന്റ് രജിസ്ട്രാർ തസ്തികയിലെ ഒഴിവുകൾ**

231 (4836) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് സഹകരണ വകുപ്പിലെ വിവിധ സ്ഥാപനങ്ങളിൽ അസിസ്റ്റന്റ് രജിസ്ട്രാർമാരുടെ എത്ര ഒഴിവുകൾ ഉണ്ടെന്ന് ജില്ലകൾ തിരിച്ച് ലഭ്യമാക്കാമോ?

ഉത്തരം

സംസ്ഥാനത്ത് സഹകരണ വകുപ്പിലെ വിവിധ സ്ഥാപനങ്ങളിൽ അസിസ്റ്റന്റ് രജിസ്ട്രാർ/അസിസ്റ്റന്റ് ഡയറക്ടർമാരുടെ 7 ഒഴിവുകൾ നിലവിലുണ്ട്. ജില്ല തിരിച്ചുള്ള ഒഴിവ് വിവരം ചുവടെ ചേർക്കുന്നു:

| ജില്ല | ഒഴിവുകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 2 |
| കൊല്ലം | 2 |
| ആലപ്പുഴ | 1 |
| കണ്ണൂർ | 1 |
| കാസർഗോഡ് | 1 |
| ആകെ | 7 |

**സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിന് നടപടി**

232 (4837) ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. കെ. ദാസൻ :
ശ്രീ. പി.കെ. ശശി :
ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനായി സർക്കാർ ഭൂമി പാട്ടത്തിന് ലഭ്യമാകുന്നതിന് നിലവിലുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) സ്വകാര്യ സംരംഭങ്ങൾക്ക് നൽകുന്ന പരിഗണനയും വേഗതയും ആനുകൂല്യവും സഹകരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്നില്ലെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വിവിധ തരത്തിലുള്ള സഹകരണ സ്ഥാപനങ്ങൾക്ക് വിവിധ പ്രോജക്റ്റുകൾ നടപ്പിലാക്കുന്നതിനായി സ്ഥല ലഭ്യത ഉറപ്പുവരുത്തുന്നതിനാവശ്യമായ വകുപ്പുതല ഇടപെടൽ നടത്തുന്നതിനും പൊതുവായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനും നടപടി സ്വീകരിക്കുമോ;

(ഡി) സ്വകാര്യ വസ്തു ന്യായ വിലയ്ക്ക് വാങ്ങുന്നതിന് സംഘങ്ങൾക്ക് സാമ്പത്തിക സഹായവും കുറഞ്ഞ പലിശയ്ക്ക് വായ്പാ സൗകര്യവും ലഭ്യമാക്കുന്നതിനാവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളുമോ?

<u>ഉത്തരം</u>

(എ) 1984-ലെ കേരള ഭൂമി പതിവ് ചട്ട പ്രകാരവും 1995-ലെ മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിവ് ചട്ട പ്രകാരവും പരമാർശിക്കുന്ന പാട്ടത്തിനായുള്ള അപേക്ഷ നിർദ്ദിഷ്ട ഫോറത്തിൽ സമർപ്പിക്കുന്ന മുറയ്ക്ക് ഭൂമിയുടെ ലഭ്യതയ്ക്ക് അനുസരിച്ച് സർക്കാരിന്റെ അനുമതിക്ക് വിധേയമായാണ് പാട്ടം അനുവദിക്കുന്നത്. സർക്കാർ ഭൂമി പാട്ടത്തിന് ലഭ്യമാക്കുന്നത് സംബന്ധിച്ച് സഹകരണ വകുപ്പിന് മാത്രമായി പ്രത്യേക നിയമങ്ങൾ ഒന്നുംതന്നെ ഇല്ല.

(ബി) ഇപ്രകാരത്തിലുള്ള ആക്ഷേപങ്ങൾ ഒന്നുംതന്നെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങൾക്ക് വിവിധ പ്രോജക്റ്റുകൾ നടപ്പിലാക്കുന്നതിനായി നിലവിൽ സ്വന്തമായി മോർട്ട്ഗേജ് ചെയ്യുന്നതിന് ഭൂമിയുള്ള സംഘങ്ങൾക്ക് മാത്രമാണ് സാമ്പത്തിക സഹായം അനുവദിച്ചുവരുന്നത്.

(ഡി) നിലവിൽ ഇക്കാര്യം പരിഗണനയിലില്ല.

## ഒറ്റപ്പാലം മണ്ഡലത്തിലെ കെ.എസ്.ആർ.ടി.സി. പെൻഷൻ വിതരണം

233 (4838) <u>ശ്രീ. പി. ഉണ്ണി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകൾ വഴിയുള്ള കെ.എസ്.ആർ.ടി.സി. പെൻഷൻ വിതരണം പൂർത്തിയായോ; എത്ര പേർക്ക് പെൻഷൻ നൽകുകയുണ്ടായി; എത്ര തുക ഇതിനായി ചെലവഴിച്ചു; വിശദാംശം ലഭ്യമാക്കാമോ;

(ബി) കെ.എസ്.ആർ.ടി.സി. പെൻഷൻ വിതരണം ചെയ്യുന്നതിനായി ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ഏതെല്ലാം സഹകരണ ബാങ്കുകളെയാണ് ചുമതലപ്പെടുത്തിയിരുന്നത്; ഓരോ ബാങ്കും എത്ര പെൻഷൻകാർക്ക് പെൻഷൻ നൽകുകയുണ്ടായി; എത്ര തുക നൽകി; വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ) സഹകരണ ബാങ്കുകൾ വഴിയുള്ള കെ.എസ്.ആർ.ടി.സി പെൻഷൻ വിതരണത്തിന്റെ ആദ്യഘട്ടം പൂർത്തിയായിട്ടില്ല. 15-3-2018 വരെ 37338 പെൻഷൻകാർക്ക് 2,11,59,22,724 രൂപയുടെ പെൻഷൻ വിതരണം നടത്തിയിട്ടുണ്ട്. 576 പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ ബാങ്കുകൾ മുഖേനയാണ് ടി തുക വിതരണം ചെയ്തിട്ടുള്ളത്. 95.49 പെൻഷൻകാർക്കും പെൻഷൻ തുക വിതരണം ചെയ്തിട്ടുണ്ട്.

(ബി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ 4 പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകളെയാണ് കെ.എസ്.ആർ.ടി.സി. പെൻഷൻകാരുടെ പെൻഷൻ വിതരണത്തിനായി ചുമതലപ്പെടുത്തിയിട്ടുള്ളത്. വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു *.

## വിദേശ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിന് അന്താരാഷ്ട്ര പ്രചരണ പരിപാടി

234 (4839) <u>ശ്രീ. സി. മമ്മൂട്ടി</u> :
<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> :
<u>ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്</u> :
<u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി അന്താരാഷ്ട്ര പ്രചരണ പരിപാടി സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഏതെല്ലാം രാജ്യങ്ങളിൽ പ്രചരണം നടത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്;

(സി) കേരളത്തിന്റെ പാരമ്പര്യവും പൈതൃകവും മറ്റ് രാജ്യങ്ങളിൽ എത്തിക്കുവാൻ ഇതിലൂടെ സാധ്യമാണോ എന്നത് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഗൾഫ് രാജ്യങ്ങളായ സൗദി, ദുബായ്, ഒമാൻ, കുവൈറ്റ്, സൗത്ത് ഈസ്റ്റ് ഏഷ്യൻ രാജ്യങ്ങളായ സിംഗപ്പൂർ, മലേഷ്യ എന്നിവിടങ്ങളിലും ആസ്ട്രേലിയ, സ്യൂസിലാന്റ്, അമേരിക്ക, ബ്രിട്ടൺ, ഫ്രാൻസ്, ജർമ്മനി എന്നിവിടങ്ങളിലുമാണ് വിവിധ കാമ്പയിനുകൾ നടത്താൻ തീരുമാനിച്ചിട്ടുള്ളത്.

(സി) കേരളത്തിന്റെ പാരമ്പര്യവും പൈതൃകവും മറ്റ് രാജ്യങ്ങളിൽ എത്തിക്കുവാൻ വിവിധ പ്രചാരണ മാർഗ്ഗങ്ങളിലൂടെ സാധ്യമാണ്. ഗൾഫ് രാജ്യങ്ങളിൽ നടത്തുന്ന മിഡിൽ ഈസ്റ്റ് കാമ്പയിൻ വഴി ദുബായ്, കുവൈറ്റ്, ഒമാൻ, സൗദി എന്നിവിടങ്ങളിൽ കേരള ടൂറിസംവഴി കേരളത്തിന്റെ പാരമ്പര്യവും പൈതൃകവും പ്രചരണമാകുന്നുണ്ട്. വിദേശ രാജ്യങ്ങളായ അമേരിക്ക, ആസ്ട്രേലിയ, ന്യൂസിലാന്റ്, ഇംഗ്ലണ്ട്, ഫ്രാൻസ്, ജർമ്മനി, സിംഗപ്പൂർ, മലേഷ്യ എന്നിവിടങ്ങളിൽ നടത്തുന്ന വിവിധ പ്രചാരണങ്ങളിലും കേരള ടൂറിസം ബ്രാന്റിംഗ് വഴി പൈതൃകവും സംസ്കാരവും പാരമ്പര്യവും മറ്റ് രാജ്യങ്ങളിൽ എത്തിക്കുന്നുണ്ട്. ഇവിടങ്ങളിലെ പത്ര/ദൃശ്യ/സോഷ്യൽ മീഡിയ പ്രചാരണം എന്നിവയും ഇത്തരത്തിൽ തന്നെയാണ് നടത്തി വരുന്നത്. വിദേശ രാജ്യങ്ങളിലെ ട്രേഡ് ഫെയറുകളിലും പാർട്ട്ണർഷിപ്പ് മീറ്റുകളിലും വകുപ്പ് പങ്കെടുക്കുന്നത് നമ്മുടെ പൈതൃകം ആ രാജ്യങ്ങളിൽ പ്രചരിപ്പിച്ച് അവിടെ നിന്നും സഞ്ചാരികളെ കേരളത്തിൽ എത്തിക്കാൻ തന്നെയാണ്.

**വിദേശ വിനോദസഞ്ചാരികളെ ആകർഷിക്കാൻ പ്രോജക്ടുകൾ**

235 (4840) <u>ശ്രീ. ബി. ഡി. ദേവസ്സി:</u>

<u>ശ്രീ. ആന്റണി ജോൺ:</u>

<u>ശ്രീ. പി. ടി. എ. റഹീം:</u>

<u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ വിനോദസഞ്ചാരികളുടെ എണ്ണം പരിമിതമാണെന്നത് പരിഗണിച്ച് പ്രസ്തുത വിനോദസഞ്ചാരികളെ കൂടുതലായി ആകർഷിക്കുന്നതിന് എന്തെങ്കിലും പദ്ധതിയുണ്ടോ ; വിശദമാക്കാമോ;

(ബി) സ്പൈസ് റൂട്ട് ടൂറിസം, പൈതൃക ടൂറിസം, കായൽ ടൂറിസം, ആയുർവേദ ടൂറിസം തുടങ്ങി വിദേശ വിനോദസഞ്ചാരികളെ ആകർഷിക്കാൻ പര്യാപ്തമായ സംരംഭങ്ങൾ സമയബന്ധതിമായി പൂർത്തിയാക്കുവാനും പ്രസ്തുത പ്രോജക്ടുകൾ അന്താരാഷ്ട്ര തലത്തിൽ വിപണനം നടത്താനും ചെയ്തുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാം; വിശദമാക്കാമോ;

(സി) വിനോദസഞ്ചാര കേന്ദ്രങ്ങൾ വൃത്തിയായി പരിപാലിക്കുന്നതിനും റോഡ്, താമസ സൗകര്യം മുതലായ പശ്ചാത്തലസൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും സ്വീകരിച്ച പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) വിദേശ വിനോദസഞ്ചാരികളെ കൂടുതലായി കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിന് വകുപ്പ് മുന്തിയ പരിഗണനയാണ് നൽകി വരുന്നത്. ഇതിന്റെ ഭാഗമായി അറബ് രാജ്യങ്ങളായ ദുബായ്/ഒമാൻ/കുവൈറ്റ്/സൗദി അറേബ്യ എന്നിവിടങ്ങൾ കേന്ദ്രീകരിച്ച് വകുപ്പ് മിഡിൽ ഈസ്റ്റ് ക്യാമ്പയിൻ സംഘടിപ്പിച്ചു. സിംഗപ്പൂർ, മലേഷ്യ എന്നീ സൗത്ത് ഈസ്റ്റ് ഏഷ്യൻ രാജ്യങ്ങളിൽ മാൾ ബ്രാന്റിംഗ്, ഔട്ട് ഓഫ് ഹോം എന്നിവയും പ്രൊമോഷൻ ക്യാമ്പയിൻ ഇൻ യൂറോപ്പ് വഴി ഇംഗ്ലണ്ട്, ജർമ്മനി, ഫ്രാൻസ് എന്നിവിടങ്ങളിൽ വകുപ്പ് വിവിധങ്ങളായ പ്രചരണ പരിപാടികൾ സംഘടിപ്പിച്ചുകഴിഞ്ഞു. ഇന്റർനാഷണൽ മാർക്കറ്റ് ക്യാമ്പയിൻ വഴി അമേരിക്ക, ന്യൂസിലന്റ്, ആസ്ട്രേലിയ എന്നീ രാജ്യങ്ങളിൽ ഓൺലൈൻ ക്യാമ്പയിനും പ്രധാന പോർട്ടലുകളിൽ ബാനർ പരസ്യം പ്രചരിപ്പിച്ചു. സിംഗപ്പൂർ/മലേഷ്യ എന്നീ രാജ്യങ്ങളിൽ എയർപോർട്ട്/മാളുകളിൽ പരസ്യം വഴി ബ്രാന്റിംഗ് നടത്തി. വിദേശ രാജ്യങ്ങളിലെ പത്ര/ടി.വി/ ഓൺലൈൻ/സോഷ്യൽ മീഡിയകൾ വഴി മികച്ച പ്രചരണം വകുപ്പ് സംഘടിപ്പിച്ചിട്ടുണ്ട്. സ്പെയിൻ, ന്യൂയോർക്ക്, മിലാൻ, ജർമ്മനി, ലണ്ടൻ എന്നിവിടങ്ങളിലെ ബി2ബി മീറ്റുകളിൽ വകുപ്പ് പങ്കെടുത്തു. മാത്രമല്ല മോസ്കോ, വാഴ്സ, ക്വാലാലംപൂർ, ചെജ്ഡു, മെൽബൺ, സിഡ്നി, ഗാറ്റ്വിക്ക്, ബർമിംഹാം, മാഞ്ചസ്റ്റർ എന്നിവിടങ്ങളിലെ ബി2ബി മീറ്റുകളിലും വകുപ്പ് പങ്കെടുക്കുകയുണ്ടായി. ഇവിടങ്ങളിൽ ഇതുവഴി നടത്തിയ പ്രചരണം വിദേശ രാജ്യങ്ങളിലെ സഞ്ചാരികളെ കൂടുതലായി ആകർഷിക്കുന്നതിനായി നടത്തിയ പദ്ധതികൾ ആണ്. കേരള ബ്ലോഗ് എക്സ്പ്രസ് വഴിയും വിദേശ വിനോദസഞ്ചാരികളെ ആകർഷിക്കാൻ വകുപ്പ് ശ്രമം നടത്തുന്നുണ്ട്. വിവിധ ഓൺലൈൻ, സോഷ്യൽ മീഡിയകൾ വഴിയും വിദേശത്ത് മികച്ച പ്രചരണം നടത്തി വിദേശ വിനോദസഞ്ചാരികളെ കേരളത്തിലേക്കെത്തിക്കാൻ കേരള ടൂറിസം വകുപ്പ് പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്.

(ബി) സംസ്ഥാനത്ത് ആവിഷ്കരിച്ചിട്ടുള്ള പൈതൃക ടൂറിസം പദ്ധതികൾ താഴെ പറയുന്നവയാണ്:

1. മുസിരീസ് പൈതൃക പദ്ധതി

2. തലശ്ശേരി പൈതൃക ടൂറിസം പദ്ധതി

3. ആലപ്പുഴ പൈതൃക ടൂറിസം പദ്ധതി

ഇതിൽ മുസിരീസ് പൈതൃക പദ്ധതിയുടെ ആദ്യഘട്ടം പൂർത്തീകരിച്ചിട്ടുണ്ട്. തലശ്ശേരി പൈതൃക ടൂറിസം പദ്ധതിയുടെ രണ്ടാം ഘട്ടപ്രവർത്തനങ്ങൾ നടന്നുവരുന്നു. ആലപ്പുഴ പൈതൃക ടൂറിസം പദ്ധതിയുടെ സമഗ്രമായ DPR തയ്യാറാക്കിവരുന്നു.

സ്പൈസ് റൂട്ട് പദ്ധതി - മുസിരിസ് പദ്ധതിയുടെ നടത്തിപ്പിനോടൊപ്പം അന്താരാഷ്ട്ര വിനോദസഞ്ചാരികളെ ആകർഷിക്കാൻ വേണ്ടി, പൗരാണിക കാലത്ത് സുഗന്ധവ്യഞ്ജന വ്യാപാര പങ്കാളിത്ത രാജ്യങ്ങളായിരുന്ന ബർമ്മ, ചൈന, ഡെൻമാർക്ക്, ഈജിപ്റ്റ്, ഗ്രീസ് തുടങ്ങിയ 31-ഓളം വിദേശ രാജ്യങ്ങളെ ബന്ധപ്പെടുത്തി ഒരു റൂട്ട് മാപ്പ് തയ്യാറാക്കുകയും അതിനെ സ്പൈസ് റൂട്ട് എന്ന് നാമകരണം ചെയ്യുകയും ചെയ്തു. ഈ പദ്ധതിക്ക് അന്താരാഷ്ട്ര തലത്തിൽ വൻ വരവേൽപ്പ് ലഭിക്കുകയും യുനെസ്കോ സഹകരണം നൽകുകയുമുണ്ടായി. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് സംഘടിപ്പിച്ച സ്പൈസ് റൂട്ട് 'കൾനറിഫെസ്റ്റ് '- ന് അന്താരാഷ്ട്ര തലത്തിൽ മികച്ച പ്രതികരണം ലഭിക്കുകയുണ്ടായി. പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാനുള്ള നടപടികൾ ത്വരിതഗതിയിൽ വകുപ്പ് നടത്തിവരുന്നു.

(സി) ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ ശുചീകരണത്തിനായി കുടുംബശ്രീ മുഖേന ക്ലീൻ കേരള കാമ്പയിൻ പദ്ധതിയും മറ്റ് പ്രധാന കേന്ദ്രങ്ങളിൽ സന്നദ്ധ സംഘടനകൾ മുഖേനയും ശുചീകരണം വകുപ്പ് നടത്തിവരുന്നു. ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയും ടൂറിസം സെന്ററുകളെ ഭിന്നശേഷി സൗഹൃദമാക്കിയും ബാരിയർ ഫ്രീ സൗകര്യം ഏർപ്പെടുത്തിയും പരിസ്ഥിതി സൗഹൃദമായ വികസനങ്ങൾ ഏർപ്പെടുത്തിയും ഹരിതചട്ടം പാലിച്ചും സഞ്ചാരികളെ ആകർഷിക്കുന്നതിനുള്ള നടപടികളാണ് വകുപ്പ് കൈക്കൊണ്ടുവരുന്നത്. സർക്കാർ മേഖലയിലും സ്വകാര്യമേഖലയിലും പൊതുസ്വകാര്യ സംരംഭകർ മുഖേന വിനോദസഞ്ചാരികൾക്കായി ഹോട്ടലുകൾ, മോട്ടലുകൾ തുടങ്ങിയവ നിർമ്മിച്ചുവരുന്നു.

## ടൂറിസം മേഖലയിലെ തൊഴിലവസരങ്ങൾ

236 (4841) ശ്രീ. അടൂർ പ്രകാശ്:

ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം മേഖലയ്ക്ക് ആവശ്യമുള്ള മാനവ വിഭവശേഷിയെക്കുറിച്ച് വകുപ്പിന്റെ നേതൃത്വത്തിൽ എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പഠനം നടത്തിയ ഏജൻസി ഏതെന്നും ഏതു വർഷമാണ് പഠനം നടത്തിയതെന്നുമുള്ള വിവരങ്ങൾ വിശദമാക്കാമോ;

(ബി) പഠനം നടത്തിയിട്ടുണ്ടെങ്കിൽ പഠന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ടൂറിസം മേഖലയിലെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിന് ഏതെങ്കിലും കർമ്മ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ) ടൂറിസം മേഖലയ്ക്ക് ആവശ്യമുള്ള മാനവ വിഭവശേഷിയെക്കുറിച്ചുള്ള ഒരു പഠനവും റിസർച്ച് & സ്റ്റാറ്റിസ്റ്റിക്സ് ഡിവിഷൻ നേരിട്ടോ ഏജൻസി മുഖേനയോ നടത്തിയിട്ടില്ല. എന്നാൽ ടൂറിസം വകുപ്പിന്റെ നിർദ്ദേശ പ്രകാരം ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ 2016 വർഷത്തിൽ ടൂറിസം സാറ്റലൈറ്റ് അക്കൗണ്ട്സ് (ടിഎസ്എ) എന്ന ഒരു പഠനം നടത്തുകയുണ്ടായി. ഈ പഠനത്തിൽ ടൂറിസം മേഖലയിൽ നിലവിലുള്ള മാനവ വിഭവശേഷിയെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. പ്രസ്തുത പഠനത്തിൽ 2013-14-ലെ കണക്കനുസരിച്ച് 15.87 ലക്ഷം പ്രത്യക്ഷ തൊഴിലവസരങ്ങളാണ് ടൂറിസം മേഖലയിലുള്ളത്.

(ബി) ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ സമർപ്പിച്ച ടൂറിസം സാറ്റലൈറ്റ് അക്കൗണ്ട്സ് എന്ന കരട് റിപ്പോർട്ടിലെ ബന്ധപ്പെട്ട പേജിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു *.

(സി) പ്രാദേശിക ഉപഗ്രഹ കണക്ക് പ്രകാരം കേരളത്തിന്റെ മൊത്തം തൊഴിലെണ്ണത്തിന്റെ 11.49% വിനോദസഞ്ചാര മേഖലയുടെ സംഭാവനയാണ്. ഇത് നേരിട്ടുള്ള തൊഴിൽ ലഭ്യതയാണ്. ഇതിനോടൊപ്പം പരോക്ഷ തൊഴിൽ ലഭ്യതകൂടി കണക്കാക്കുമ്പോൾ 23.74% തൊഴിലുകൾ ലഭ്യമായിട്ടുണ്ട്. വിനോദസഞ്ചാര മേഖല നേരിട്ട് 14 ലക്ഷത്തോളം തൊഴിൽ ലഭ്യമാക്കിയിട്ടുള്ളതായി കണക്കാക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

അഞ്ച് വർഷത്തിനിടയിൽ വിദേശ ടൂറിസ്റ്റുകളുടെ എണ്ണം ഇരട്ടിയാക്കുന്നതിനും ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണം 50% വർദ്ധിപ്പിക്കുന്നതിനും വകുപ്പ് ലക്ഷ്യമിടുന്നു. ഇതിലൂടെ 5 വർഷത്തിനിടെ 4 ലക്ഷം തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും വകുപ്പ് ലക്ഷ്യമിടുന്നു. ഇപ്രകാരം ഈ മേഖലയിൽ നിന്നുള്ള വരുമാനം ഗണ്യമായി വർദ്ധിക്കുമെന്ന് കണക്കാക്കുന്നു. വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന ഗ്രീൻ കാർപ്പറ്റ് പദ്ധതി പ്രാദേശിക തലത്തിൽ തൊഴിൽ ലഭ്യമാക്കുന്നതിനുള്ള ലക്ഷ്യത്തോട് കൂടിയുള്ളതാണ്. ഇതിനുപുറമേ വകുപ്പ് ആവിഷ്കരിച്ച നടപ്പിലാക്കി വരുന്ന ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ എന്ന പദ്ധതിയിലും വിവിധ ടൂറിസം കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യ മേഖലയിലും വിപുലീകരണം നടത്തി ഈ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനാണ് വകുപ്പ് ലക്ഷ്യമിടുന്നത്. ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ മുഖേന വകുപ്പ് നടത്തിയ പഠനത്തിന്റെ ഡ്രാഫ്റ്റ് റിപ്പോർട്ട് അനുസരിച്ച് കൃഷി, കച്ചവടം, പ്രോസസ്സ് ചെയ്ത ആഹാരപദാർത്ഥങ്ങൾ, റെഡിമെയ്ഡ് വസ്ത്രങ്ങൾ, അച്ചടിയും പ്രസിദ്ധീകരണവും, കര-ജല-വ്യോമ സഞ്ചാര മേഖലകൾ, ഹോട്ടലുകൾ, ആരോഗ്യം തുടങ്ങിയ മേഖലകളിൽ ടൂറിസവുമായി ബന്ധപ്പെട്ട തൊഴിലുകൾ ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രവർത്തനം 14 ജില്ലകളിലും വ്യാപിപ്പിച്ചുവരികയാണ്. വിവിധ ഗ്രാമീണ ടൂറിസം മേഖലയിലെയും ആർ.ടി മിഷൻ പ്രവർത്തനം വിപുലമാകുന്നതോടെ വൻതോതിൽ തൊഴിലവസരം സൃഷ്ടിക്കുമെന്നാണ് വിലയിരുത്തിയിട്ടുള്ളത്.

### ടൂറിസം കേന്ദ്രങ്ങളുടെ നവീകരണവും നൂതന പദ്ധതികളും

237 (4842) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മികച്ച ടൂറിസം കേന്ദ്രങ്ങളുടെ നവീകരണത്തിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(ബി) ഓരോ ജില്ലയിലെയും മികച്ച ടൂറിസം കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് മികവുറ്റവയാക്കാൻ ഡി.ടി.പി.സി. ഉൾപ്പെടെയുള്ള ഏജൻസികൾ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) ടൂറിസം മേഖലയിൽ നിന്നും റവന്യൂ ഇനത്തിൽ ലഭിക്കുന്ന തുകയുടെ വിശദാംശങ്ങൾ ജില്ലാ അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ഡി) വിനോദസഞ്ചാര മേഖലയിൽ മുന്നോട്ട് വയ്ക്കുന്ന നൂതന പദ്ധതികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനും പ്രസ്തുത കേന്ദ്രങ്ങളിലെ സൗകര്യങ്ങൾ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുമായി വിവിധ പദ്ധതികൾ ആവിഷ്കരിച്ചു വരുന്നു.

1. ടൂറിസം കേന്ദ്രങ്ങളുടെ വികസനത്തിനും വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനുമായി തെരഞ്ഞെടുക്കപ്പെട്ട ഡെസ്റ്റിനേഷനുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് ഗ്രീൻ കാർപ്പെറ്റ് എന്ന പദ്ധതി
2. ടൂറിസം സെന്ററുകളിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തൽ
3. ഭിന്നശേഷി സൗഹൃദ സൗകര്യങ്ങൾ
4. ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കൽ
5. ടൂറിസ്റ്റുകളുടെ സുരക്ഷയ്ക്കായി ലൈഫ് ഗാർഡുകൾ, ടൂറിസം പോലീസ്, പോലീസ് എന്നിവരുടെ സേവനം
6. ടൂറിസം സെന്ററുകളിൽ മുന്നറിയിപ്പ് ബോർഡുകൾ, സഞ്ചാരികൾക്കുള്ള അവബോധന ബോർഡുകൾ എന്നിവ സ്ഥാപിക്കൽ
7. ടൂറിസം സെന്ററുകളിൽ മാലിന്യ നിയന്ത്രണം, ശുചീകരണം എന്നിവയ്ക്കുള്ള പ്രത്യേകം പദ്ധതികൾ
8. ബാരിയർ ഫ്രീ ടൂറിസം പദ്ധതി
9. വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളുടെ ആധുനികവത്കരണം, പൊതു സ്വകാര്യ സംരംഭങ്ങൾ എന്നിവയുടെ പരിപോഷണവും പ്രോത്സാഹനവും
10. വകുപ്പിന്റെ കീഴിലുള്ള ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേന ഗ്രാമീണ ടൂറിസം വികസനവും തൊഴിൽ സാധ്യതയും ഉറപ്പാക്കൽ

11. നവമാധ്യമങ്ങളിലെ പ്രചാരണങ്ങളുടെ ഭാഗമായി ഗോ കേരള ആപ്പ്, ലോവസ്റ്റ് യൂണിക് ബിഡ് എന്നീ വിപണന പരിപാടികൾ

12. ഉത്തരവാദിത്ത ടൂറിസം എല്ലാ ജില്ലകളിലും വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾക്ക് ഉത്തരവാദിത്ത ടൂറിസത്തിന് പ്രത്യേക മിഷൻ

13. ഹൗസ് ബോട്ടുകൾ, ആയുർവേദ സെന്ററുകൾ, ഹോംസ്റ്റേകൾ, ഹോട്ടലുകൾ റെസ്റ്റോറന്റുകൾ തുടങ്ങിയ സർവ്വീസ് മേഖലകൾക്ക് ഉത്തരവാദിത്ത ടൂറിസത്തിലൂന്നിയ ക്ലാസിഫിക്കേഷൻ സിസ്റ്റം.

14. ഹൗസ് ബോട്ടുകളിൽ ഹൗസ് ബോട്ട് ട്രാക്കിംഗ് സിസ്റ്റം ഏർപ്പെടുത്തൽ.

(ബി) വിനോദസഞ്ചാരികൾക്ക് മികവുറ്റ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക, ടൂറിസം കേന്ദ്രങ്ങളിൽ മാലിന്യ നിയന്ത്രണം, ശുചീകരണം എന്നിവ നടപ്പാക്കുക, ബാരിയർ ഫ്രീ ടൂറിസം പദ്ധതി നടപ്പിലാക്കുക തുടങ്ങി നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇവയിൽ ഡിറ്റിപിസി മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ പരിപാലനവും ചുമതലയും ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കമ്മിറ്റികൾക്കാണ്. പദ്ധതി രൂപരേഖ തയ്യാറാക്കൽ, പദ്ധതി നിർവ്വഹണം എന്നിവ ഈ ഏജൻസികളാണ് നിർവ്വഹിക്കുന്നത്.

(സി) റവന്യു വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ഡി) ടൂറിസം മേഖലയുടെ വളർച്ചയ്ക്കായി വിവിധ മേഖലകളിൽ നൂതനമായ കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. വിനോദസഞ്ചാര മേഖലയുടെ വിപണനവുമായി ബന്ധപ്പെട്ട ആഭ്യന്തര-വിദേശ രാജ്യങ്ങളിലെ ക്യാമ്പയിനുകളും ട്രേഡ് ഫെയറുകളും പാർട്ട്ണർഷിപ്പ് മീറ്റുകളും നൂതനമായ പദ്ധതികൾ തന്നെയാണ്. ഇതിനുപുറമെ ഈ വർഷം വിവിധ വിദേശ രാജ്യങ്ങളിലെ ടി.വി. ചാനലുകളിലെ പ്രചരണം ലക്ഷ്യമിട്ട് വകുപ്പ് സ്പെയിനിലെ ടാനിറ്റ ടി.വി.-യുമായി ചേർന്ന് ഡെസ്ക്യൂബർ ട്രാവൽ ഷോ നടത്തി വരുന്നുണ്ട്. ഇതിനുപുറമെ ഇത്തവണ ഹോളിഡെ ഐക്യു ട്രിപ് അഡ്വൈസർ-ഭാരത് മാട്രിമോണി എന്നീ പ്രചരണ മാർഗ്ഗങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട്. വിവിധ രാജ്യങ്ങളിലെ മുപ്പതോളം പ്രമുഖ ബ്ലോഗർമാരെ ഉൾപ്പെടുത്തികൊണ്ട് വകുപ്പ് സംഘടിപ്പിക്കുന്ന കേരള ബ്ലോഗ് എക്സ്പ്രസിന് മാർച്ചിൽ തുടക്കമാകും. വിദേശത്തും

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സ്വദേശത്തും കേരള ടൂറിസം പ്രചരണവുമായി ബന്ധപ്പെട്ട് നൂതനമായ ബ്രാന്റിംഗ് ആണ് ഈ വർഷം വകുപ്പ് നടത്തിയിട്ടുള്ളത്. പാരീസ് ഡ്രാമാ തിയേറ്റർ ബ്രാന്റിംഗ്, ലണ്ടൻ ബസ് ബ്രാന്റിംഗ്, ഐ.റ്റി.ബി. ബർലിൻ ബ്രാന്റിംഗ് എന്നിവയും നൂതന ആശയങ്ങൾ ആയിരുന്നു. വിവിധ സോഷ്യൽ മീഡിയകൾ വഴിയും നൂതനമായ ആശയങ്ങളും പരസ്യങ്ങളും പ്രചരണത്തിന്റെ ഭാഗമായി നടത്തിവരുന്നുണ്ട്.

കേരളത്തിലെ ടൂറിസം കേന്ദ്രങ്ങളെ അന്താരാഷ്ട്ര നിലവാരത്തിൽ ഉയർത്തുന്നതിനും സഞ്ചാരികൾക്ക് പുതിയ അനുഭവങ്ങൾ നൽകുന്ന രീതിയിലുമുള്ള പദ്ധതികൾക്ക് പ്രാധാന്യം നൽകിവരുന്നു. വകുപ്പ് നേരിട്ടും, പൊതു-സ്വകാര്യ പങ്കാളിത്തത്തോടെയും സ്വകാര്യ സംരംഭകരിലൂടെയും ആവിഷ്കരിച്ച വരുന്ന പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു:

- ആലപ്പുഴ ഹെറിറ്റേജ് ടൂറിസം പ്രോജക്ട്
- മലനാട്-മലബാർ ക്രൂയിസ് ടൂറിസം പ്രോജക്ട്
- മുസിരിസ് ഹെറിറ്റേജ് പദ്ധതി (രണ്ടാം ഘട്ടം)
- തലശ്ശേരി ഹെറിറ്റേജ് പദ്ധതി (രണ്ടാം ഘട്ടം)
- ഗ്രാമീണ മേഖലയിലെ പ്രാദേശിക ടൂറിസം വികസനത്തിനായി ആർ.ടി. മിഷൻ
- ഹൗസ്ബോട്ട് ട്രാക്കിംഗ് സിസ്റ്റം
- പൈതൃക ഗ്രാമപദ്ധതികൾ
- ജഡായു പാറ ടൂറിസം പദ്ധതി
- ബാരിയർ ഫ്രീ ടൂറിസം പദ്ധതി

## മെഡിക്കൽ ടൂറിസം

238 (4843) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മെഡിക്കൽ ടൂറിസത്തിന്റെ സാധ്യത വിലയിരുത്തിയിട്ടുണ്ടോ;

(ബി) മെഡിക്കൽ ടൂറിസം വിപുലീകരിക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം കർമ്മ പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് മെഡിക്കൽ ടൂറിസത്തിന് വളരെയധികം സാധ്യതയുണ്ട്.

(ബി) മെഡിക്കൽ ടൂറിസം മേഖലയുടെ മികച്ച പുരോഗതിക്കും വിപുലീകരണത്തിനും മറ്റുമായി ആയുർവേദ ക്ലാസിഫിക്കേഷൻ സിസ്റ്റം നടപ്പിലാക്കിയിട്ടുണ്ട്. ആയുർവേദം ബ്രാന്റായി വിവിധ മേളകളിലും മറ്റും വിനോദസഞ്ചാര വകുപ്പ് പ്രചരണ മാർഗ്ഗമായി നടപ്പിലാക്കി വരുന്നുണ്ട്. ഇന്ത്യയിലും വിദേശ രാജ്യങ്ങളിലും വിനോദസഞ്ചാര വകുപ്പ് നടത്തുന്ന റോഡ് ഷോകളിലും ഫെയറുകളിലും ആയുർവേദത്തിന് പ്രമുഖ സ്ഥാനം നൽകി വരുന്നു.

**അന്യ സംസ്ഥാന വിനോദസഞ്ചാരികളുടെ എണ്ണം**

239 (4844) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>:

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ആഭ്യന്തര വിനോദസഞ്ചാരികളിൽ അന്യ സംസ്ഥാനങ്ങളിൽ നിന്നുള്ളവരുടെ എണ്ണം വളരെ കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തമിഴ്നാട്, കർണാടക, മഹാരാഷ്ട്ര ഒഴികെയുള്ള സംസ്ഥാനങ്ങളിൽ നിന്നും നമ്മുടെ വിനോദസഞ്ചാരകേന്ദ്രങ്ങൾ സന്ദർശിക്കുന്നവരുടെ എണ്ണം മൊത്ത ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണവുമായി താര്യതമ്യപ്പെടുത്തുമ്പോൾ വളരെ കുറവാണെന്നതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാമാണ് കാരണങ്ങൾ എന്നാണ് വിലയിരുത്തപ്പെട്ടിട്ടുള്ളത്;

(സി) അന്യസംസ്ഥാനത്ത് നിന്നുമുള്ള വിനോദസഞ്ചാരികളെ ആകർഷിക്കുന്ന തരത്തിൽ വിനോദസഞ്ചാര നയത്തിൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; ഇല്ലെങ്കിൽ ഇത്തരം സഞ്ചാരികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) 2016 കലണ്ടർ വർഷത്തെ ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണവുമായി താരതമ്യം ചെയ്യുമ്പോൾ 2017 കലണ്ടർ വർഷത്തിൽ ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 11.39 ശതമാനം വർദ്ധനവുണ്ടായിട്ടുണ്ട്.

2017-ലെ ആഭ്യന്തര വിനോദസഞ്ചാരികളുടെ ആകെ എണ്ണത്തിൽ ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള വിനോദസഞ്ചാരികൾ 37.07 ശതമാനമാണ്. 2016 വർഷത്തിൽ ഇത് 33.95 ശതമാനം മാത്രമായിരുന്നു. ആയതിനാൽ 2017 കലണ്ടർ വർഷത്തിൽ കേരളം സന്ദർശിച്ച വിനോദസഞ്ചാരികളുടെ എണ്ണത്തിലും ശതമാനത്തിലും മുൻവർഷങ്ങളെ അപേക്ഷിച്ച് വർദ്ധനവുണ്ടായിട്ടുണ്ട്.

(ബി) തമിഴ്നാട്, കർണാടക, മഹാരാഷ്ട്ര ഒഴികെയുള്ള സംസ്ഥാനങ്ങളിൽ നിന്നുള്ള വിനോദസഞ്ചാരികളുടെ എണ്ണം താരതമ്യേന കുറവാണ്. 2017-ലെ കണക്കനുസരിച്ച് മൊത്തത്തിലുള്ള ആഭ്യന്തര വിനോദസഞ്ചാരികളുടെ മൊത്തം എണ്ണത്തിന്റെ 62.93 ശതമാനവും കേരളത്തിൽ നിന്നാണ്. തമിഴ്നാട്, കർണ്ണാടക, മഹാരാഷ്ട്ര എന്നിവിടങ്ങളിൽ നിന്നുള്ളത് ആകെയുള്ളതിന്റെ 18.76 ശതമാനമാണ്. എന്നാൽ 18.31 ശതമാനം മാത്രമാണ് മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ളത്.

(സി) കേരളത്തിലെത്തുന്ന വിനോദസഞ്ചാരികളെ മറ്റു രാജ്യങ്ങളിൽ നിന്നുള്ള വിനോദസഞ്ചാരികൾ, സംസ്ഥാനത്തിന് പുറത്ത് നിന്നുള്ള വിനോദസഞ്ചാരികൾ, സംസ്ഥാനത്തിന് അകത്തുതന്നെ സഞ്ചാരം നടത്തുന്നവർ എന്നിങ്ങനെ തരം തിരിച്ചുകൊണ്ടാണ് സർക്കാരിന്റെ പുതിയ ടൂറിസം നയം ആവിഷ്കരിച്ചിട്ടുള്ളത്. അഞ്ച് വർഷത്തിനിടെ ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണത്തിൽ 50 ശതമാനം വർദ്ധനവ് ടൂറിസം നയം ലക്ഷ്യമിടുന്നു.

ആധുനിക സാങ്കേതികവിദ്യകളും, നവമാധ്യമങ്ങളും പരമാവധി പ്രയോജനപ്പെടുത്തുന്നതോടൊപ്പം ദേശീയവും അന്തർദേശീയവുമായ ടൂറിസം മേളകൾ, റോഡ് ഷോകൾ എന്നിവയിൽ പങ്കെടുത്തും, പുതിയ വിപണന മേഖലകളുടെ കണ്ടെത്തലിനും പുതിയ നയം പ്രാധാന്യം നൽകുന്നു. പുതിയ നയത്തിൽ ലക്ഷ്യമിടുന്ന സംഗതികൾ താഴെ പറയുന്നവയാണ്:

1. വിനോദസഞ്ചാര കേന്ദ്രങ്ങളുടെ ശുചിത്വ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകി വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുക

2. വിനോദസഞ്ചാരികളുടെ സുരക്ഷയും സംരക്ഷണവും ഉറപ്പു വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുക

3. പാരിസ്ഥിതിക പരിഗണനകൾക്ക് മുൻതൂക്കം നൽകിയിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് മുൻഗണന നൽകുക

4. പ്രാദേശിക തലത്തിലുള്ള വിനോദസഞ്ചാര വികസന പദ്ധതികൾ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സഹകരണത്തോടെ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക

5. യുവസഞ്ചാരികളെ ആകർഷിക്കുന്നതിനായി സാഹസിക വിനോദ സഞ്ചാരത്തിന് പ്രത്യേക ഊന്നൽ നൽകുക
6. ലോക വിനോദസഞ്ചാര ഭൂപടത്തിൽ കേരളത്തെ ആഗോള ബ്രാൻഡായി വികസിപ്പിക്കുക
7. ദേശീയ തലത്തിലും അന്തർദ്ദേശീയ തലത്തിലും കേരളത്തിന്റെ വിപണി വിഹിതം ഗണ്യമായി വർദ്ധിപ്പിക്കൽ
8. വിപണനത്തിന് ആധുനികവും, നൂതനവുമായ മാർഗ്ഗങ്ങളും, നൂതന സാങ്കേതികവിദ്യയുടെ പ്രയോജനപ്പെടുത്തലും.

## വിദേശ വിനോദ സഞ്ചാരികളെ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിനായി പദ്ധതി

240 (4845) ശ്രീ. സി. ദിവാകരൻ:
ശ്രീമതി ഗീതാ ഗോപി:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വിനോദസഞ്ചാര സാധ്യതകൾ വിദേശ രാജ്യങ്ങളിൽ പ്രചരിപ്പിക്കുന്നതിനും അവിടങ്ങളിൽ നിന്ന് കൂടുതൽ വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനുമായി സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കുമോ ;

(ബി) മലയാളികൾ ഏറെയുള്ള ഗൾഫ് രാജ്യങ്ങളിൽ നിന്ന് അറബി വിനോദ സഞ്ചാരികളെ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിനായി സർക്കാർ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ ;

(സി) സാമ്പത്തിക ശക്തിയായ ചൈനയിൽ നിന്നും മറ്റ് കിഴക്കൻ ഏഷ്യൻ രാജ്യങ്ങളിൽ നിന്നും കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിന് പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ ;

(ഡി) ഇന്റർനെറ്റിലൂടെയും നവമാധ്യമങ്ങളിലൂടെയും കേരള ടൂറിസത്തിനെ കുറിച്ചുള്ള പ്രചരണത്തിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തിന്റെ വിനോദസഞ്ചാര സാധ്യതകൾ വിദേശ രാജ്യങ്ങളിൽ പ്രചരിപ്പിക്കുന്നതിനും അവിടങ്ങളിൽനിന്ന് കൂടുതൽ വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനുമായി സംസ്ഥാന ടൂറിസം വകുപ്പ് വിവിധ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. മിഡിൽ ഈസ്റ്റ് ക്യാമ്പയിൻ വഴി ഗൾഫ് രാജ്യങ്ങളായ ദുബായ്, സൗദി അറേബ്യ, കുവൈറ്റ്, ഒമാൻ, മറ്റ് ഗൾഫ് രാജ്യങ്ങൾ എന്നിവിടങ്ങളിൽ പ്രചരണം നടത്തിക്കഴിഞ്ഞു. ഗൾഫ് രാജ്യങ്ങളിലെ ടാക്സി ബ്രാൻഡിംഗ്, മാൾ ബ്രാൻഡിംഗ്, പ്രിന്റ്/ടെലിവിഷൻ, മറ്റ് നൂതന പ്രചരണ മാധ്യമങ്ങൾ എന്നിവ വഴി കേരള ടൂറിസം പ്രചാരണം ഇവിടെ നടത്തിക്കഴിഞ്ഞു. അറേബ്യൻ ട്രാവൽ മാർട്ടിൽ കേരള ടൂറിസം വകുപ്പ് പങ്കെടുത്ത് പ്രചാരണം നടത്തുന്നുണ്ട്. ഇതിനുപുറമേ പ്രൊമോഷണൽ കാമ്പയിൻ ഇൻ യൂറോപ്പ്, ഇന്റർനാഷണൽ മാർക്കറ്റ് കാമ്പയിൻ എന്നിവയും സംഘടിപ്പിച്ചുകഴിഞ്ഞു. ലണ്ടൻ ബസ് ബ്രാന്റിംഗ്, പാരീസ് മാൾ ബ്രാന്റിംഗ്, ഡ്രാമ തിയേറ്റർ പരസ്യങ്ങൾ, ITB ബെർലിൻ വേദിയിൽ പരസ്യം എന്നിവയും നടത്തുന്നുണ്ട്. ഡെസ്റ്റിനേഷൻ ട്രാവൽ ഷോ വഴി കേരള ടൂറിസം പ്രചാരണം വിദേശ രാജ്യങ്ങളിലെ ടി.വി. ചാനലുകളിൽ നടന്നു വരുന്നു. വിദേശ രാജ്യങ്ങളായ സിംഗപ്പൂർ, മലേഷ്യ, ആസ്ട്രേലിയ, ന്യൂസിലാന്റ്, അമേരിക്ക എന്നിവിടങ്ങളിലും കേരള ടൂറിസം പരസ്യങ്ങൾ നൽകുന്നുണ്ട്. സൗത്ത് ഈസ്റ്റ് ഏഷ്യ കാമ്പയിനും വകുപ്പ് നടത്തുന്നുണ്ട്. യു.കെ., റഷ്യ, ഫ്രാൻസ്, ഏഷ്യൻ രാജ്യങ്ങൾ, അമേരിക്ക എന്നിവിടങ്ങളിലെ വിവിധ ട്രേഡ് ഫെയറുകളിൽ ടൂറിസം വകുപ്പ് പങ്കെടുത്തു വരുന്നു. വിവിധ രാജ്യങ്ങളിലെ ബി2ബി പാർട്ട്ണർഷിപ്പ് മീറ്റുകളിലും ടൂറിസം വകുപ്പ് പങ്കെടുത്ത് പ്രചരണം നടത്തി വരുന്നു.

(ബി) മലയാളികൾ ഏറെയുള്ള ഗൾഫ് രാജ്യങ്ങളിൽനിന്ന് അറബി വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനായി വിവിധ ഗൾഫ് രാജ്യങ്ങളായ ദുബായ്, കുവൈറ്റ്, സൗദ്യ അറേബ്യ, ഒമാൻ എന്നിവിടങ്ങൾ കേന്ദ്രീകരിച്ച് ടൂറിസം വകുപ്പ് മിഡിൽ ഈസ്റ്റ് കാമ്പയിൻ സംഘടിപ്പിച്ചു. മിഡിൽ ഈസ്റ്റ് ട്രാവൽ മാർക്കറ്റിൽ ടൂറിസം വകുപ്പ് പങ്കെടുത്ത് കേരള ടൂറിസം പ്രചരണം നടത്തുകയുണ്ടായി.

(സി) കിഴക്കൻ ഏഷ്യൻ രാജ്യങ്ങളായ സിംഗപ്പൂർ, മലേഷ്യ എന്നിവിടങ്ങളിൽ ടൂറിസം വകുപ്പ് സൗത്ത് ഈസ്റ്റ് ഏഷ്യൻ കാമ്പയിൻ സംഘടിപ്പിച്ചു. ഇവിടത്തെ പത്രങ്ങളിൽ പരസ്യം നൽകാൻ പ്രിന്റ് കാമ്പയിനും സംഘടിപ്പിച്ചു. സിംഗപ്പൂർ, മലേഷ്യ എന്നിവിടങ്ങളിൽ ഔട്ട് ഓഫ് ഹോം, എയർപോർട്ട്/മാൾ ബ്രാന്റിംഗ് എന്നിവയും സംഘടിപ്പിച്ചു. ചൈനയിൽ കൂടുതൽ പ്രചരണം സംഘടിപ്പിക്കേണ്ടതുണ്ട്. സിംഗപ്പൂർ, മലേഷ്യ എന്നിവിടങ്ങളിലെ

ഓൺലൈൺ/ടി.വി., മറ്റു സോഷ്യൽ മീഡിയകൾ എന്നിവയിലും പ്രചാരണം നടത്തിവരുന്നു.

(ഡി) പ്രതിവർഷം 50 ലക്ഷത്തോളം സന്ദർശകരും 21 ഭാഷകളും ഉള്ള കേരള ടൂറിസത്തിന്റെ വെബ്സൈറ്റ് ടൂറിസം പ്രചാരണത്തിന് മുഖ്യ ഉപാധിയാണ്. കേരള ടൂറിസത്തിന്റെ യൂ ട്യൂബ് ചാനലുകളിലും ഫേസ് ബുക്ക്, ട്വിറ്റർ, ഇൻസ്റ്റഗ്രാം എന്നിവ വഴിയും കേരള ടൂറിസം പ്രചാരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നുണ്ട്. കേരള ടൂറിസത്തിന്റെ തനത് കലകൾ ഇവ വഴി അവതരിപ്പിക്കുകയും ബ്രാന്റ് ചെയ്ത് നവ മാധ്യമങ്ങൾവഴി അവതരിപ്പിക്കുകയും ചെയ്യുന്നുണ്ട്. ഇതിനുപുറമെ, ഹോളിഡേ-ഐക്യൂ, ട്രിപ്പ് അഡ്വൈസർ, ഭാരത് മാട്രിമോണി എന്നിവ വഴിയും കേരള ടൂറിസം പ്രചാരണം നടത്തുന്നുണ്ട്. നവ മാധ്യമങ്ങൾ വഴി കേരള ടൂറിസം നടത്തുന്ന ഏറ്റവും വലിയ പ്രചാരണമാണ് കേരള ബ്ലോഗ് എക്സ്പ്രസ്.

**ടൂറിസം മേഖലയിലെ വൻകിട പദ്ധതികൾ**

241 (4846) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2018-19 വർഷത്തിൽ ടൂറിസം മേഖലയിൽ ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന 10 കോടി രൂപയ്ക്കുമേലുള്ള വൻകിടപദ്ധതികൾ എന്തെല്ലാമാണ്; ജില്ലതിരിച്ചുള്ള വിശദവിവരം നൽകുമോ?

ഉത്തരം

2018-19 സാമ്പത്തിക വർഷത്തെ ടൂറിസം പദ്ധതികൾ തയ്യാറാക്കി വരുന്നതേയുള്ളൂ.

**ഗ്രീൻ കാർപ്പെറ്റ് പദ്ധതി**

242 (4847) ശ്രീ. ജെയിംസ് മാത്യു:
ശ്രീ. സി. കെ. ശശീന്ദ്രൻ:
ശ്രീ. കെ. കുഞ്ഞിരാമൻ:
ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിനോദസഞ്ചാര കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനവും സുസ്ഥിരമായ സംരക്ഷണവും ലക്ഷ്യമാക്കി ഗ്രീൻ കാർപ്പറ്റ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ടൂറിസം കേന്ദ്രങ്ങളിൽ ശുചിത്വവും സുരക്ഷിതത്വവും ഉറപ്പ് വരുത്തുന്നതിനായി എന്തെല്ലാം പ്രവർത്തനങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;

(സി) ഇതിനായി സംസ്ഥാനതലത്തിലും ജില്ലാ തലത്തിലും മേഖലാ തലത്തിലും രൂപീകരിച്ചിട്ടുള്ള നിരീക്ഷണ സമിതികളുടെ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(ഡി) മാലിന്യ സംസ്കരണത്തിന് പ്രത്യേക പ്രാധാന്യം നൽകി പരിസ്ഥിതി സൗഹൃദ ടൂറിസമെന്ന ഖ്യാതി നേടാനും കൂടുതൽ വിനോദസഞ്ചാരികളെ ടൂറിസം കേന്ദ്രങ്ങളിലേയ്ക്ക് ആകർഷിക്കുന്നതിനും എന്തെല്ലാം പ്രവർത്തനങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ടൂറിസം കേന്ദ്രങ്ങളിലെ ശുചിത്വവും സുരക്ഷിതത്വവും ഉറപ്പു വരുത്തുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ഗ്രീൻ കാർപ്പെറ്റ്. ഇതിൽ പ്രധാനമായും താഴെപ്പറയുന്ന പ്രവർത്തനങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്:

1. വൃത്തിയും ശുചിത്വവുമുള്ള പരിസരം, ഖരമാലിന്യങ്ങളുടെ ശാസ്ത്രീയമായ ശേഖരണവും സംസ്കരണവും
2. മേന്മയേറിയ പൊതുശുചിമുറികളും അവയുടെ കൃത്യമായ പരിപാലനവും
3. ശുദ്ധമായ കുടിവെള്ളവും ഭക്ഷണവും
4. കേടുപാടുകൾ ഇല്ലാത്ത നടപ്പാത, ലൈറ്റിംഗ്, സൂചക ബോർഡുകൾ
5. പ്രകൃതിയുടെ സ്വാഭാവികത നിലനിർത്താനുള്ള നടപടികൾ
6. വിനോദസഞ്ചാരികളുടെ സുരക്ഷിതത്വം, സംരക്ഷണം എന്നിവ ഉറപ്പുവരുത്തൽ, അടിയന്തര ഘട്ടങ്ങളിൽ എത്രയും പെട്ടെന്ന് സഹായം ഉറപ്പാക്കുന്നതിനുള്ള സംവിധാനം.
7. ടൂറിസ്റ്റുകൾക്ക് ആവശ്യമായ വിവരങ്ങൾ നൽകുന്നതിനും പരാതികളും നിർദ്ദേശങ്ങളും സ്വീകരിക്കുന്നതിനുമുള്ള സംവിധാനം.
8. ജീവനക്കാർ, സന്നദ്ധ പ്രവർത്തകർ എന്നിവർക്ക് കൃത്യമായ പരിശീലനം-തിരിച്ചറിയൽ കാർഡ്

സുരക്ഷിതത്വം ലക്ഷ്യമാക്കി കണ്ടിജൻസി റെസ്പോൺസ് സിസ്റ്റം ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ ലൈഫ് ഗാർഡുകളുടെ സേവനം, ടൂറിസം പോലീസ്, പോലീസ് എയ്ഡ് പോസ്റ്റ്, പോലീസ് പട്രോളിംഗ് എന്നിവ ഉൾപ്പെടുന്നു. കൂടാതെ സുരക്ഷിതത്വത്തിനായി പ്രധാനമായും താഴെപ്പറയുന്ന കാര്യങ്ങളാണ് ഉറപ്പാക്കുന്നത്.

1. നിയമപാലകരുടെ സേവനം എപ്പോഴും ഉറപ്പാക്കുക
2. നിയമലംഘന പ്രവർത്തനങ്ങൾ അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുക.
3. അനാശാസ്യ പ്രവർത്തനങ്ങൾക്കെതിരെ ജാഗരൂകരാകുക
4. ടൂറിസം ബന്ധിത ഉല്ലാസ പരിപാടികൾ സുരക്ഷിതത്വ നിയമം പാലിക്കുന്നുവെന്ന് ഉറപ്പാക്കുക.
5. കായൽ, കടൽ എന്നിവയുമായി ബന്ധപ്പെട്ട ടൂറിസം പ്രവർത്തകരുടെ സാഹസിക ടൂറിസം പരിപാടികളും സുരക്ഷിതമായി നടപ്പാക്കുന്നുവെന്ന് ഉറപ്പാക്കുക.
6. അത്യാഹിതം സംഭവിച്ചാൽ പ്രഥമ ശുശ്രൂഷ നൽകുന്നതിനും, അത്യാഹിതങ്ങൾ സംഭവിച്ചാൽ ശ്രദ്ധിക്കുവാനുള്ള ക്രൈസിസ് മാനേജ്മെന്റ് സംവിധാനമൊരുക്കുക.

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വിനോദസഞ്ചാര വകുപ്പിന്റെ ഓരോ പദ്ധതികളുടെയും സൂക്ഷ്മമായ അവലോകനം ജില്ല തിരിച്ച് ബഹുമാനപ്പെട്ട ടൂറിസം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിലും സെക്രട്ടറി തലത്തിലും ഡയറക്ടർ തലത്തിലും കാലാകാലങ്ങളിൽ നടത്തി വരുന്നു.

ഓരോ മൂന്നുമാസത്തിലൊരിക്കൽ ബഹുമാനപ്പെട്ട ടൂറിസം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി പദ്ധതി അവലോകന യോഗങ്ങൾ കൂടുകയും പ്രസ്തുത യോഗത്തിൽ പദ്ധതി നടത്തിപ്പ് സംബന്ധിച്ചും പദ്ധതികളുടെ പുരോഗതി, കാര്യക്ഷമത തുടങ്ങിയ ഘടകങ്ങൾ പരിശോധിച്ച് പദ്ധതി നിർവ്വഹണ ഏജൻസികളുടെ കാര്യക്ഷമത വിലയിരുത്തി പദ്ധതികൾ കുറ്റമറ്റ രീതിയിൽ യഥാസമയം പൂർത്തീകരിക്കുന്നതിനും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യാറുണ്ട്. വിനോദസഞ്ചാര വകുപ്പിന്റെ പദ്ധതികളുടെ പുരോഗതിയും കാര്യക്ഷമതയും വിലയിരുത്തുന്നതിനും പദ്ധതികൾ യഥാസമയം പൂർത്തിയാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുന്നതിനുമായി ബന്ധപ്പെട്ട വകുപ്പിന്റെ റീജിയണൽ ജോയിന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലുള്ള ഓഫീസർമാർ, പ്രോജക്ട് എഞ്ചിനീയർ എന്നിവരുടെ സേവനം എല്ലാ ജില്ലകളിലും ഉറപ്പുവരുത്തിയിട്ടുണ്ട്.

അതാത് ടൂറിസം ഡെസ്റ്റിനേഷനിലെ പ്രവർത്തന പുരോഗതികൾ വിലയിരുത്തുന്നതിന് ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്.

വിനോദസഞ്ചാര കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യവികസനവും സുസ്ഥിരമായ സംരക്ഷണവും ലക്ഷ്യമിടുന്ന ഗ്രീൻ കാർപ്പെറ്റ് പദ്ധതി വിലയിരുത്തുന്നതിനായി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരെ ഡെസ്റ്റിനേഷൻ മാനേജരായി ചുമതലപ്പെടുത്തിയിട്ടുണ്ട്.

14 ജില്ലകളിലെയും പദ്ധതികളുടെ പൂർത്തീകരണം കൃത്യമായി മോണിറ്റർ ചെയ്യുന്നതിന് ടൂറിസം ഡയറക്ടറേറ്റിൽ ഒരു പ്രോജക്ട് മോണിറ്ററിംഗ് സെൽ പ്രവർത്തിച്ചുവരുന്നു.

(ഡി) പരിസ്ഥിതിക്ക് കോട്ടം വരാത്ത വിധത്തിലാണ് പദ്ധതികൾ ആവിഷ്കരിച്ചുവരുന്നത്. കേരളത്തിലേയ്ക്ക് എത്തുന്ന ആഭ്യന്തര വിദേശ വിനോദസഞ്ചാരികൾക്ക് അന്താരാഷ്ട്ര നിലവാരത്തിലുള്ള വിനോദസഞ്ചാര അനുഭവം നൽകുന്നതിനായി അടിസ്ഥാന സൗകര്യ വികസനത്തിനും അവ മെച്ചപ്പെടുത്തുന്നതിനും നില നിർത്തുന്നതിനും വേണ്ട വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ടൂറിസം പദ്ധതി നടപ്പിലാക്കുന്ന പ്രദേശത്തിന്റെ പരിസ്ഥിതിക്ക് ഒട്ടുംതന്നെ കോട്ടം തട്ടാതെയുള്ള വികസനമാണ് ആസൂത്രണം ചെയ്യുന്നത്. മാലിന്യ നിയന്ത്രണം, ടൂറിസം കേന്ദ്രങ്ങളുടെ ശുചീകരണം എന്നിവയ്ക്കായി പദ്ധതികൾ നടപ്പിലാക്കി വരുന്നു.

മാലിന്യ സംസ്കരണത്തിനും ശുചിത്വത്തിനും പ്രാധാന്യം നൽകിയുള്ള പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. ഇതിനായി കുടുംബശ്രീ, സന്നദ്ധ സംഘടനകൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹായം ലഭ്യമാക്കിയിട്ടുണ്ട്. ആവശ്യമായ ഇടങ്ങളിൽ സ്വീവേജ് ട്രീറ്റ് പ്ലാന്റുകൾ സ്ഥാപിച്ചുവരുന്നു.

## സംസ്ഥാനത്ത് ഉത്തരവാദിത്ത ടൂറിസം

243 (4848) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉത്തരവാദിത്ത ടൂറിസം പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) ഉത്തരവാദിത്ത ടൂറിസം പദ്ധതിയിൻ കീഴിൽ ഏതൊക്കെ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ എന്തൊക്കെ പുതിയ പദ്ധതികളും പരിപാടികളുമാണ് നടപ്പിലാക്കുന്നത്; വിശദവിവരങ്ങൾ അറിയിക്കുമോ?

## ഉത്തരം

(എ) ഉണ്ട്. വിനോദസഞ്ചാര മേഖലയുടെ ഗുണഫലങ്ങൾ തദ്ദേശവാസികൾക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ഉത്തരവാദിത്ത ടൂറിസം പദ്ധതി 2008-ൽ കുമരകം, കോവളം, തേക്കടി, വൈത്തിരി (വയനാട്) എന്നിവിടങ്ങളിൽ പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ചു. ഈ പ്രദേശങ്ങളിൽ തദ്ദേശവാസികളെ ഉൾപ്പെടുത്തി ഹോട്ടൽ വ്യവസായത്തിനും വിനോദ സഞ്ചാരികൾക്കും ആവശ്യമായ സാധന സാമഗ്രികളുടെയും സേവനങ്ങളുടെയും ഉൽപ്പാദനത്തിനും വിതരണത്തിനും ഒരു ശൃംഖല സൃഷ്ടിച്ചു. ഇത് തദ്ദേശ വാസികൾക്ക് വിനോദസഞ്ചാരം വഴി തൊഴിലും വരുമാനവും ലഭിക്കാൻ ഏറെ സഹായകമായി. 2012 ഫെബ്രുവരിയിൽ രണ്ടാംഘട്ടം ആരംഭിക്കുകയും അമ്പലവയൽ (വയനാട്), ബേക്കൽ, കുമ്പളങ്ങി എന്നിവിടങ്ങൾ ഉൾപ്പെടുത്തി എഴ് ഡെസ്റ്റിനേഷനുകളിലേയ്ക്ക് പദ്ധതി വിപുലപ്പെടുത്തുകയും ചെയ്തു. കേരളത്തിലെ 14 ജില്ലകളിലും ഉത്തരവാദിത്ത ടൂറിസം പദ്ധതി വ്യാപിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകരിച്ചു. ടൂറിസത്തെ വരേണ്യവിഭാഗത്തിന്റെ മാത്രം പ്രവർത്തനമേഖല എന്ന അവസ്ഥ മാറ്റി ഗ്രാമീണ വികസനത്തിനും ദാരിദ്ര്യ ലഘൂകരണത്തിനും സ്ത്രീ ശാക്തീകരണത്തിനുമുള്ള ഉപാധിയാക്കി മാറ്റുകയാണ് ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രധാന ലക്ഷ്യം

(ബി) പുതിയ ഉത്തരവാദിത്ത ടൂറിസം ഡെസ്റ്റിനേഷനുകൾ

ഇപ്പോൾ നടപ്പാക്കുന്ന പ്രദേശങ്ങൾക്കും കേരളത്തിലെ പൊതുവിൽ നടക്കുന്ന പ്രവർത്തനങ്ങൾക്കും പുറമെ പ്രത്യേക ശ്രദ്ധപതിപ്പിച്ചു ഉത്തരവാദിത്ത ടൂറിസം പദ്ധതി നടപ്പാക്കുന്ന പ്രദേശങ്ങളാണ് താഴെ സൂചിപ്പിക്കുന്നത്:

1. ധർമ്മടം
2. വർക്കല
3. പൂവാർ
4. അഷ്ടമുടി

5. വൈക്കം-പെപ്പർ ടൂറിസം പദ്ധതി പ്രദേശം
6. ആലപ്പുഴ
7. മുഹമ്മ
8. ഫോർട്ട് കൊച്ചി
9. നിള ടൂറിസം പ്രദേശം
10. ഉത്തര മലബാർ റിവർ ക്രൂയിസ് സർക്യൂട്ട്
11. ജലായനം പ്രോജക്ട് ഏരിയ (കോഴിക്കോട്)

മാതൃക ഉത്തരവാദിത്ത ടൂറിസം ഗ്രാമങ്ങൾ-പദ്ധതി നടപ്പിലാക്കുന്ന പ്രദേശങ്ങൾ

1. വലിയ പറമ്പ
2. കോൾത്തുരുത്തി (ആന്തൂർ മുനിസിപ്പാലിറ്റിയിലെ ദ്വീപ്)
3. പാമ്പുരുത്തി (കോളച്ചേരി പഞ്ചായത്ത് ദ്വീപ്)
4. മലപ്പട്ടം
5. തെക്കുംപാട്ട് (മാട്ടൂൾ പഞ്ചായത്ത് ദ്വീപ്)
6. ഏഴോം പഞ്ചായത്ത്
7. തിരുവാർപ്പ് പഞ്ചായത്ത്
8. അയ്മനം പഞ്ചായത്ത്
9. ചെറുതുരുത്തി
10. പെരുവെമ്പ
11. വെള്ളിനേഴി
12. കാന്തല്ലൂർ
13. ഒളവണ്ണ

മാലിന്യരഹിത ടൂറിസം കേന്ദ്രങ്ങൾ

താഴെ പറയുന്ന 20 ടൂറിസം കേന്ദ്രങ്ങളെ മാലിന്യ രഹിത ടൂറിസം കേന്ദ്രങ്ങളായി പ്രഖ്യാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഉത്തരവാദിത്ത ടൂറിസം മിഷൻ നടപ്പാക്കും.

1. പള്ളാത്തുരുത്തി
2. ഫിനിഷിംഗ് പോയിന്റ്
3. മാരാരി ബീച്ച്
4. മുഹമ്മ
5. കുമരകം
6. വൈക്കം
7. പൂവാർ
8. ഫോർട്ട് കൊച്ചി
9. മൂന്നാർ
10. ധർമ്മടം
11. ബേക്കൽ
12. വലിയപറമ്പ
13. തേക്കടി
14. കോവളം
15. ഒളവണ്ണ
16. അതിരപ്പിള്ളി
17. മുഴപ്പിലങ്ങാട്
18. വെള്ളിനേഴി
19. വൈത്തിരി
20. അമ്പലവയൽ

<u>ടൂറിസം സംരംഭകരുമായി ചേർന്ന് മാലിന്യ സംസ്കരണത്തിന് സംയുക്ത പരിപാടികൾ</u>

1. തുടർച്ചയായ ക്ലീനിംഗ് പ്രോഗ്രാമുകൾ
2. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ടൂറിസം സംരംഭകരുമായി ചേർന്ന് കുറഞ്ഞത് 20 കേന്ദ്രങ്ങളിൽ സ്ഥിരമായ മാലിന്യ സംസ്കരണ സംവിധാനം.

3. പോളയിൽ നിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മാണം-അവയുടെ ടൂറിസം മേഖലയിലെ വിപണനം ഉറപ്പാക്കൽ.

4. പോളശല്യം ഒഴിവാക്കാൻ സ്ഥിരം സംവിധാനം രൂപപ്പെടുത്തൽ

5. നൂറു ശതമാനം ഉത്തരവാദിത്ത ടൂറിസം നടപ്പാക്കലിലൂടെ 20 ടൂറിസം കേന്ദ്രങ്ങൾക്ക് ഗ്രീൻ സർട്ടിഫിക്കേഷൻ ഉറപ്പാക്കൽ

പെപ്പർ ടൂറിസം പദ്ധതിയുടെ വ്യാപനം

50 പുതിയ പെപ്പർ ടൂറിസം പദ്ധതി കേന്ദ്രങ്ങൾ. 2018-19 -ൽ വൈക്കത്തിനു പുറമേ 20 കേന്ദ്രങ്ങൾ, 2019-20-ൽ പുതിയ 20 കേന്ദ്രങ്ങൾ, 2020-21-ൽ പുതിയ 10 കേന്ദ്രങ്ങൾ.

ഉത്തരവാദിത്ത ടൂറിസം ക്ലാസിഫിക്കേഷൻ

1. മാർച്ച് 31-ന് മുൻപായി മാർഗനിർദ്ദേശങ്ങൾ തയ്യാറാക്കുകയും സ്റ്റേക്ക് ഹോൾഡർമാരുമായി ചർച്ചകൾ പൂർത്തിയാക്കുകയും ചെയ്യും

2. കുമരകം, തേക്കടി, വൈത്തിരി എന്നീ ടൂറിസം കേന്ദ്രങ്ങളിൽ ക്യാമ്പയിൻ മോഡിൽ 2018 മാർച്ച് 31-ന് മുൻപായി നടപ്പാക്കാൻ ശ്രമിക്കും.

3. 2019 മാർച്ച് 31-ന് മുൻപായി 300 യൂണിറ്റുകളിൽ ഉത്തരവാദിത്ത ടൂറിസം ക്ലാസിഫിക്കേഷൻ നടപ്പാക്കും.

4. 2020 മാർച്ച് 31-ന് മുൻപായി 600 യൂണിറ്റുകളിൽ ഉത്തരവാദിത്ത ടൂറിസം ക്ലാസിഫിക്കേഷൻ നടപ്പാക്കും.

5. 2019 മാർച്ച് 31-ന് മുൻപായി 1000 യൂണിറ്റുകളിൽ ഉത്തരവാദിത്ത ടൂറിസം ക്ലാസിഫിക്കേഷൻ നടപ്പാക്കും.

1000 റിസോർസ് പേഴ്സൺസിനെ സജ്ജരാക്കൽ

ഉത്തരവാദിത്ത ടൂറിസം മിഷൻ യഥാർത്ഥ മിഷൻ മോഡിൽ പ്രവർത്തിക്കണമെങ്കിൽ ഒട്ടേറെ മനുഷ്യ അദ്ധ്വാനം ആവശ്യമാണ്. അതിനായി കൂടതൽ ജീവനക്കാരെ നിയമിക്കാനാവില്ല എന്നതിനാൽ 2018 മാർച്ച് 31-ന് മുൻപായി കേരളത്തിൽ 2 ദിവസം വീതം നീണ്ടുനിൽക്കുന്ന 5 പ്രാദേശിക ശിൽപ്പശാലകൾ നടക്കും. ഇതിൽ 850 റിസോർസ് പേർസൻമാരെ പരിശീലിപ്പിച്ചെടുക്കും. ഇവരെ ഉപയോഗിച്ച് മിഷന്റെ പ്രവർത്തനം സംസ്ഥാനത്ത് വ്യാപിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിനായി ഇപ്പോൾ ഭരണാനുമതി നൽകിയിട്ടുള്ള അന്തർദ്ദേശീയ സെമിനാറും ടൂറിസം മിനിസ്റ്റേഴ്സ് സമ്മിറ്റും മാറ്റിവയ്ക്കാനും പ്രസ്തുത പണവും മെറ്റിരിയലൈസിങ്ങ് ആർ.ടി. മിഷൻ എന്ന ഹെഡിൽ ഭരണാനുമതി ലഭിച്ച തുകയിൽ ബാക്കി വരാവുന്ന തുകയും പുതിയ

ഭരണാനുമതിയ്ക്ക് വിധേയമായി ഇതിനായി വിനിയോഗിക്കും. തദ്ദേശഭരണസ്ഥാനങ്ങളെ ടൂറിസവുമായി കൂടുതൽ ബന്ധിപ്പിക്കാനും ഈ റിസോർസ് പേഴ്സൺസിനെൻമാരെ ഉപയോഗപ്പെടുത്താനാകും. ഇവർ പ്രാദേശിക തലത്തിൽ പിന്നീട് കുറഞ്ഞത് 1000 റിസോഴ്സ് പേഴ്സൺമാരെ കൂടി കണ്ടെത്തും.

1000 സ്പെഷ്യൽ ടൂറിസം ഗ്രാമസഭകൾ

ഉത്തരവാദിത്ത ടൂറിസം മിഷൻ വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി സർക്കാരിന്റെ പുതിയ ടൂറിസം നയം ജനങ്ങളിൽ എത്തിക്കുവാനും ടൂറിസം മേഖലയിലെ എല്ലാ പദ്ധതികളും പ്രാദേശിക തലത്തിൽ വിശദീകരിക്കുവാനും 1000 സ്പെഷ്യൽ ടൂറിസം ഗ്രാമസഭകൾ കേരളത്തിൽ വിളിച്ച് ചേർക്കും.

കേരള ഉത്തരവാദിത്ത ടൂറിസം നെറ്റ്‌വർക്ക്

സംസ്ഥാനത്ത് ഉത്തരവാദിത്ത ടൂറിസം പദ്ധതിയുടെ ഭാഗമായും പ്രാദേശിക തലത്തിലും പ്രവർത്തിച്ചുവരുന്ന ചെറുതും വലുതുമായ സംരംഭങ്ങളെ കൂട്ടിയിണക്കി കേരള ഉത്തരവാദിത്ത ടൂറിസം നെറ്റ്‌വർക് എന്ന ഓൺ ലൈൻ പ്ലാറ്റ് ഫോം കൂടുതൽ വിപുലമാക്കും. ജൈവ കാർഷിക വിഭവങ്ങൾ, കരകൗശല വസ്തുക്കൾ, സോവനീറുകൾ, കൈത്തറി ഉൽപ്പന്നങ്ങൾ, വിവിധ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ, തുണിസഞ്ചികൾ, പേപ്പർ ബാഗുകൾ എന്നിങ്ങനെ കേരളത്തിലെ എല്ലാ പ്രാദേശിക ഉൽപ്പന്നങ്ങളെയും ടൂറിസം വ്യവസായത്തിനും ടൂറിസ്റ്റുകൾക്കും മലയാളി കുടുംബങ്ങൾക്കും ഓൺലൈൻ ഓർഡർ വഴി ലഭ്യമാക്കാൻ വേണ്ടിയാണ് ഈ സൗകര്യം ഒരുക്കുന്നത്. ഇതിലേയ്ക്ക്

1. 2018-19 -ൽ - 500 പുതിയ സംരംഭകരെയും
2. 2019-20 - ൽ - 1000 പുതിയ സംരംഭകരെയും
3. 2020-21-ൽ - 3000 സംരംഭകരെയും ഉൾപ്പെടുത്തും

വില്ലേജ് ലൈഫ് എക്സ്പീരിയൻസ് പാക്കേജുകൾ

ഗ്രാമീണ ടൂറിസം പാക്കേജുകൾക്ക് പുതിയരൂപം നൽകും. ഇതിന്റെ ഭാഗമായി പുതിയ കൾച്ചറൽ ടൂർ പാക്കേജുകൾ, ഉൽസവ പാക്കേജുകൾ എന്നിവയ്ക്ക് രൂപം നൽകും. ടെണ്ടഡ് അക്കോമൊഡേഷൻ പ്രാധാന്യം നൽകുന്ന എക്സ്പീരിയെൻഷ്യൽ ടൂർ പാക്കേജുകൾ, പൈതൃക ടൂർ പാക്കേജുകൾ, കാർബൺ വിമുക്ത പാക്കേജുകൾ, മൽസ്യബന്ധനം, കൃഷി, ക്രാഫ്റ്റ് വില്ലേജുകൾ, സ്റ്റോറിടെല്ലിംഗ് എന്നിവയ്ക്ക് പ്രാധാന്യം നൽകുന്ന പാക്കേജുകൾ, സ്വദേശികളും വിദേശികളുമായ പ്രത്യേക കഴിവുകൾ ഉള്ള കുട്ടികളെയും അവരുടെ രക്ഷകർത്താക്കളെയും തെരഞ്ഞെടുത്ത് പ്രത്യേക പാക്കേജുകൾ ഓഫർ ചെയ്ത് വില്ലേജ് ലൈഫ് എക്സ്പീരിയൻസ് പാക്കേജുകൾക്ക് പ്രത്യേക പ്രചാരണ തന്ത്രം നടപ്പാക്കും.

ടൂറിസം ക്ലബ്ബുകൾ

പുതിയ കേരള ടൂറിസം പോളിസി വ്യക്തമാക്കുന്നത് പോലെ കേരളത്തിലെ സ്കൂൾ, കോളേജ് തലങ്ങളിൽ വിദ്യാർത്ഥികളെ ഉത്തരവാദിത്തപൂർണ്ണമായ ടൂറിസ്റ്റുകളായി വളർത്തിക്കൊണ്ടുവരാൻ ഉത്തരവാദിത്ത ടൂറിസം മിഷന്റെ നേതൃത്വത്തിൽ ടൂറിസം ക്ലബ്ബുകൾ ആരംഭിക്കും. നിലവിൽ പ്രവർത്തനം നിലച്ച കോളേജുകളിലെ ക്ലബ്ബുകൾ പ്രവർത്തന സജ്ജമാക്കുന്നതിന് പുറമെ ഹൈസ്കൂൾതലം മുതൽ ഈ ക്ലബ്ബുകൾ പ്രവർത്തനം ആരംഭിക്കും.

## സ്പിരിച്വൽ ടൂറിസം

244 (4849) ശ്രീ. ജി. എസ്. ജയലാൽ:

ശ്രീ. കെ. രാജൻ:

ശ്രീമതി ഇ. എസ്. ബിജിമോൾ:

ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്പിരിച്വൽ ടൂറിസം നടപ്പിലാക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) ഏതൊക്കെ കേന്ദ്രങ്ങളെ ഉൾപ്പെടുത്തിയാണ് സ്പിരിച്വൽ ടൂറിസം നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ആത്മീയ കേന്ദ്രങ്ങളെ ബന്ധിപ്പിച്ച് കൊണ്ട് ഒരു സ്പിരിച്വൽ ടൂറിസം സർക്യൂട്ട് സ്ഥാപിക്കുമോ; വ്യക്തമാക്കുമോ;

(ഡി) കേന്ദ്രം ടൂറിസം മന്ത്രാലയത്തിന്റെ പദ്ധതിയായ പ്രസാദ് സ്കീമിൽ കേരളത്തിൽ നിന്നുള്ള ഏതൊക്കെ പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഇ) പ്രസാദ് സ്കീമിൽ കൂടുതൽ കേന്ദ്രങ്ങളെ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ ധനസഹായത്തോടെ ചുവടെ ചേർക്കുന്ന രണ്ട് സ്പിരിച്വൽ ടൂറിസം പദ്ധതികൾ നടപ്പിലാക്കിവരുന്നു:

1. ശബരിമല വികസനം (എരുമേലി-പമ്പ-സന്നിധാനം)

2. ശ്രീപത്മനാഭ-ആറന്മുള-ശബരിമല വികസനം

(ബി) എരുമേലി-പമ്പ-സന്നിധാനം എന്നീ സ്ഥലങ്ങളെ ഉൾപ്പെടുത്തി ശബരിമല വികസനവും, ശ്രീപത്മനാഭ സ്വാമി ക്ഷേത്രം - ആറമുള ക്ഷേത്രം- നിലയ്ക്കൽ - പമ്പ എന്നീ സ്ഥലങ്ങളെ ഉൾപ്പെടുത്തി ശ്രീപത്മനാഭ -ആറന്മുള - ശബരിമല വികസനവും ഉൾപ്പെടുത്തിയാണ് സ്പിരിച്വൽ ടൂറിസം സർക്യൂട്ട് പദ്ധതികൾ നടപ്പിലാക്കി വരുന്നത്.

(സി) ആത്മീയ കേന്ദ്രങ്ങളെ ബന്ധപ്പെടുത്തിക്കൊണ്ട് സ്പിരിച്വൽ ടൂറിസം സർക്യൂട്ട് സംസ്ഥാന സർക്കാർ നടപ്പാക്കുന്നില്ല.

(ഡി) കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ പ്രസാദ് സ്കീമിൽ ഉൾപ്പെടുത്തി കേരളത്തിൽനിന്നും നിലവിൽ ഗുരുവായൂർ ക്ഷേത്ര വികസനത്തിനാണ് അനുമതി ലഭിച്ചത്.

(ഇ) പ്രസാദ് സ്കീമിൽ കൂടുതൽ കേന്ദ്രങ്ങളെ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് കേന്ദ്ര ടൂറിസം മന്ത്രാലയമാണ് തീരുമാനം എടുക്കേണ്ടത്. എന്നാൽ ഇത് സംബന്ധിച്ച് കൂടുതൽ പ്രൊപ്പോസൽ സമർപ്പിക്കുന്നതിനുള്ള നടപടികളുമായി സർക്കാർ മുന്നോട്ടുപോകുകയാണ്. ഇതിന്റെ ഭാഗമായി താഴെ പറയുന്ന രണ്ട് കൺസെപ്റ്റ് നോട്ടുകൾ കേന്ദ്ര ടൂറിസം മന്ത്രാലയത്തിന് സമർപ്പിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

1. ചെട്ടികുളങ്ങര-ഓച്ചിറ-ഹരിപ്പാട്-മണ്ണാറശാല-മാവേലിക്കര പിൽഗ്രിം ടൂറിസം സർക്യൂട്ട്
2. നാലമ്പലം സർക്യൂട്ട്

(തൃപ്രയാർ ശ്രീരാമ സ്വാമി ക്ഷേത്രം-കൂടൽമാണിക്യം ക്ഷേത്രം-മൂഴിക്കുളം ശ്രീ ലക്ഷമണ പെരുമാൾ ക്ഷേത്രം-പായമ്മൽ ശ്രീ ശത്രുഘ്ന ക്ഷേത്രം)

**ടൂറിസം മേഖലകൾ കണ്ടെത്തുവാൻ സർവ്വെ**

245 (4850) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദ സഞ്ചാര മേഖലയിൽ കൂടുതൽ മെച്ചപ്പെട്ട പ്രവർത്തനങ്ങൾക്കായി ഒരോ നിയോജക മണ്ഡലാടിസ്ഥാനത്തിൽ സർവ്വെ നടത്തി ടൂറിസം മേഖലകൾ കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) ഇതിനായി നിയമസഭാ സാമാജികൻ അദ്ധ്യക്ഷനായ ഒരു കമ്മിറ്റി മണ്ഡലാടിസ്ഥാനത്തിൽ രൂപീകരിച്ച് മേഖല കണ്ടെത്തുന്നതിനും യോജ്യമായ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(സി) മങ്കട നിയോജകമണ്ഡലത്തിലെ പാലൂർക്കോട്ട വെള്ളച്ചാട്ട മേഖലയെ ടൂറിസം മേഖലയായി മാറ്റി അടിസ്ഥാന സൗകര്യങ്ങൾ നൽകുമോ; ഇതിനായി ഫണ്ട് അനുവദിക്കുമോ?

<u>ഉത്തരം</u>

(എ&ബി) നിയോജക മണ്ഡലാടിസ്ഥാനത്തിൽ സർവ്വെ നടത്താനുള്ള നടപടി ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ ഓരോ നിയോജക മണ്ഡലത്തിലെയും ടൂറിസം കേന്ദ്രങ്ങളെക്കുറിച്ച് ബന്ധപ്പെട്ട എം.എൽ.എ-മാർ നൽകുന്ന നിർദ്ദേശങ്ങളും ടൂറിസം വകുപ്പ് പദ്ധതികൾ നടപ്പാക്കുമ്പോൾ പരിഗണിക്കുന്നുണ്ട്.

(സി) അനുയോജ്യമായ പദ്ധതി രൂപരേഖകൾ ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കാവുന്നതാണ്.

**ചെറായി ബീച്ചിലെ വാട്ടർ സ്പോർട്സ് പദ്ധതി**

246(4851) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറായി ബീച്ചിൽ ഏറെ അപകടസാധ്യതയുള്ള വാട്ടർ സ്പോർട്സ് പദ്ധതി നടത്തുന്നതിനായി എറണാകുളം ഡി.ടി.പി.സി. അനുവാദം നൽകിയിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി നടത്തുന്നതിന് തുറമുഖ വകുപ്പിൽ നിന്നും ലൈസൻസ് ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ വിശദാംശം നൽകാമോ;

(സി) വാട്ടർ സ്പോർട്സ് പദ്ധതി നടത്തുന്നതിനായി എന്തെല്ലാം സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ഡി) സേവനദാതാവിൽ നിന്നും ബ്രാൻഡ് ഫീ കൈപ്പറ്റിയിട്ടുള്ള എറണാകുളം ഡി.ടി.പി.സി.-ക്ക് പ്രസ്തുത പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ടുള്ള ഉത്തരവാദിത്വം, ചുമതല എന്നിവ എന്തൊക്കെയെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) വാട്ടർ സ്പോർട്സ് പദ്ധതി നടത്തുന്നതിനായി എറണാകുളം ഡി.ടി.പി.സി. അനുവാദം നൽകിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ജലകായിക വിനോദത്തിനായി ഉപയോഗിക്കുന്ന സ്പീഡ് ബോട്ടിന് തുറമുഖ വകുപ്പിന്റെ ലൈസൻസ് 9-8-2018 വരെ പ്രാബല്യത്തിൽ ഉള്ളതാണ്.

(സി) നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സ്, കേരള സംസ്ഥാന തുറമുഖ വകുപ്പ്, കോസ്റ്റ് ഗാർഡ് ട്രെയിനിംഗ് സെന്റർ, സ്കൂൾ ഫോർ നേവൽ എയർമെൻ തുടങ്ങിയ ഈ രംഗത്തെ വിവിധ പരിശീലന സ്ഥാപനങ്ങളിൽ നിന്നും പവർബോട്ട് കൈകാര്യം ചെയ്യുന്നതിനും ജീവൻ സുരക്ഷാ ടെക്നിക്കലും ഉൾപ്പടെ പരിശീലനങ്ങളും സർട്ടിഫിക്കറ്റുകളും നേടിയിട്ടുള്ളവരാണ്, ചെറായി വാട്ടർ സ്പോർട്സിന്റെ ഓപ്പറേഷൻ/പരിശീലക വിഭാഗത്തിലുള്ളത്.

പ്രഥമ ശുശ്രൂഷാ സേവനങ്ങളും അഗ്നി സുരക്ഷാ ഉപകരണങ്ങളുടേയും അനുബന്ധ സുരക്ഷാ ഉപകരണങ്ങളുടേയും പ്രവർത്തന പരിചയം സിദ്ധിച്ചിട്ടുള്ളവരാണ് ഇവർ. കൂടാതെ ലൈഫ് ഗാർഡുകൾ എയർ ക്രൂ ഡൈവർ എന്നിവരുടെ സേവനവും ചെറായി ബീച്ചിൽ ലഭ്യമാക്കിയിട്ടുണ്ടെന്നും ഇവർ അറിയിച്ചിട്ടുണ്ട്. യാത്രക്കാർക്കും ജീവനക്കാർക്കും ഇൻഷ്വറൻസ് സംരക്ഷണവും ഉറപ്പുവരുത്തിയിട്ടുണ്ട്.

(ഡി) ചെറായിബീച്ചിൽ ജലകായിക വിനോദ സൗകര്യങ്ങൾ സന്ദർശകർക്കായി ലഭ്യമാണെന്നുള്ള കാര്യം പരമാവധി പ്രചാരണത്തിനും വിപണനത്തിനുമായി എത്തിക്കുന്നതിനും സുരക്ഷിതമായ ജലകായിക വിനോദങ്ങളിലൂടെ ചെറായി ബീച്ചിലേയ്ക്ക് കൂടുതൽ സ്വദേശികളും വിദേശികളുമായ സന്ദർശകരെ ആകർഷിക്കുന്നതിനും അതുവഴി ചെറായി ബീച്ചിന്റെ പ്രശസ്തി വർദ്ധിപ്പിക്കുകയെന്ന ഉത്തരവാദിത്തമാണ് ഡി.ടി.പി.സി-യ്ക്ക് ഈ സംരംഭവുമായുള്ളത്. ഇപ്രകാരമാണ് ഡി.ടി.പി.സി. -യുടെ എംപാൻഡ് സേവന ദാതാക്കൾ എന്ന നിലയിൽ ഈ സാഹസിക ജല കായിക വിനോദ പരിപാടിയെ പ്രോൽസാഹിപ്പിക്കുതിനുള്ള ഉത്തരവാദിത്തം ഡി.ടി.പി.സി. ഏറ്റെടുത്തിട്ടുള്ളത്. ഇവയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് നിലവിലുള്ള എല്ലാ നിയമങ്ങളും ലൈസൻസുകളും ഉറപ്പാക്കികൊണ്ട് ഈ സംരംഭം നടത്തികൊണ്ടുപോകുന്നതിന്റെ പൂർണചുമതല ഇതിന്റെ സംരംഭകനായി ശ്രീ.മെഷ് മനോഹരനിൽ നിക്ഷിപ്തമാണ്. ഇതുസംബന്ധിച്ച് ശ്രീ.മെഷ് മനോഹരൻ ഡി.റ്റി.പി.സി-യുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

## ചെറായി ബീച്ചിലെ പാർക്കിംഗ് ഫീ

247 (4852) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറായി ബീച്ചിലെ പാർക്കിംഗ് ഫീ പിരിച്ചെടുക്കുന്നതിനായി എറണാകുളം ഡി.ടി.പി.സി. ഏർപ്പെട്ട കരാറിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ബീച്ചിലെ പാർക്കിംഗ് ഫീ പിരിച്ചെടുക്കുന്ന കരാറുകാരൻ കരാർ വ്യവസ്ഥകൾ ലംഘിച്ചതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എത്ര തവണ കരാർ ലംഘിച്ചുവെന്നും കരാർ വ്യവസ്ഥകൾ ഏതൊക്കെയെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത കരാറുകാരനെതിരെ എറണാകുളം ഡി.ടി.പി.സി. ഏതെങ്കിലും തരത്തിലുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കരാറിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

(ബി) ലൈസൻസ് ഫീസ് അതാതുമാസം കൃത്യമായി അടയ്ക്കുന്നതിൽ കരാറുകാരൻ വീഴ്ച വരുത്തുകയും അപ്രകാരം തുടർ നടപടികൾ സ്വീകരിച്ചു വരുന്നുമുണ്ട്. തുടർച്ചയായി ഇക്കാര്യത്തിൽ കരാർ ലംഘനം നടത്തിവരുന്നതിനാൽ കരാറുകാരന്റെ ഭാഗം കേൾക്കുന്നതിനായി ടൂറിസം ജോയിന്റ് ഡയറക്ടറും ഡി.റ്റി.പി.സി. സെക്രട്ടറിയും മറ്റ് മൂന്ന് എക്സിക്യൂട്ടീവ് കമ്മറ്റിയംഗങ്ങളും ഉൾപ്പെടുന്ന ഒരു ഉപ സമിതി 16-3-2018-ൽ ഒരു ഹിയറിംഗ് നടത്തുകയും 20-3-2018 വരെ സമയം നീട്ടി നൽകുകയും ചെയ്തിട്ടുണ്ട്. ഇതിലും വീഴ്ചവരുത്തുന്ന പക്ഷം കരാർ ടെർമിനേറ്റ് ചെയ്യുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

(സി&ഡി) ഉണ്ട്. 4-12-2012-ൽ തീയതിയിൽ റദ്ദാക്കൽ നോട്ടീസ് നൽകുകയും തുടർന്ന് 21-12-2017 തീയതിയിൽ 2,23,020 രൂപ അടച്ചതിനെ തുടർന്ന് നടപടി ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. 16-3-2018-ൽ ഉപസമിതി മുമ്പാകെ നോട്ടീസ് നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ചെറായി ബീച്ചിൽ നടപ്പാക്കുന്ന വികസന പ്രവർത്തനങ്ങൾ

248(4853) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറായി ബീച്ചിൽ എറണാകുളം ഡി.ടി.പി.സി. മുഖാന്തരം സർക്കാർ നടപ്പാക്കുന്ന വിവിധ വികസന പ്രവർത്തനങ്ങൾ സംബന്ധിച്ച് 2018 മാർച്ച് മാസത്തിൽ ഡി.ടി.പി.സി.യുടെ നേതൃത്വത്തിൽ പള്ളിപ്പുറം ഗ്രാമപഞ്ചായത്തിൽ വച്ച് ചേർന്ന യോഗത്തിൽ ഏതെല്ലാം വകുപ്പുകളിലെ ഉദ്യോഗസ്ഥർ പങ്കെടുത്തിരുന്നുവെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത യോഗത്തിന്റെ മിനിട്സിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) വൈപ്പിൻ നിയോജകമണ്ഡലത്തിലുൾപ്പെട്ട ടൂറിസം ഡെസ്റ്റിനേഷനായ ചെറായി ബീച്ചിലെ സുപ്രധാന പ്രവൃത്തികൾ സംബന്ധിച്ച യോഗം പ്രദേശത്തെ എം.എൽ.എ.-യെ അറിയിച്ചിരുന്നുവോയെന്ന് വ്യക്തമാക്കാമോ;

(ഡി) ഇല്ലെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം തേടുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ;

(ഇ) ഭാവിയിൽ മണ്ഡലത്തിലെ വികസന പ്രവൃത്തികൾ സംബന്ധിച്ച വിവരങ്ങൾ എം.എൽ.എ.-യെ അറിയിക്കുന്നതിനും അഭിപ്രായങ്ങൾ ആരായുന്നതിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ചെറായി ബീച്ച് വികസന പ്രവർത്തനങ്ങൾ ഡി.റ്റി.പി.സി. മുഖേന കേരള ഇലക്ട്രിക്കൽസ് ലിമിറ്റഡ് എന്ന സ്ഥാപനംവഴി നിർവ്വഹിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സമയബന്ധിതമായി നിർവ്വഹണ പ്രവർത്തനങ്ങൾ ഏകോപനം ചെയ്യുന്നതിന്റെ ഭാഗമായി ടൂറിസം സ്റ്റേക് ഹോൾഡേഴ്സിന്റെ ഒരു യോഗം ജില്ലാ കളക്ടറുടെ നിർദ്ദേശപ്രകാരം 3-3-2018-ൽ പള്ളിപ്പുറം ഗ്രാമപഞ്ചായത്തിൽ വച്ച് കൂടുകയുണ്ടായി. ഈ യോഗത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി, ജനറൽ മാനേജർ, കേരള ഇലക്ട്രിക്കൽസ് ലിമിറ്റഡ്, എക്സി.എഞ്ചിനീയർ, തുറമുഖ വകുപ്പ്, എം.ഡി, മുസിരീസ് പൈതൃക പദ്ധതി, സൂപ്പർവൈസർ, ജില്ലാ നിർമ്മിതികേന്ദ്ര, തഹസിൽദാർ, വില്ലേജ് ഓഫീസർ, ഡി.ടി.പി.സി. സെക്രട്ടറി തുടങ്ങിയവരും കൂടാതെ പള്ളിപ്പുറം പഞ്ചായത്ത് പ്രസിഡന്റ്, വാർഡ് മെമ്പർമാർ, ഡി.ടി.പി.സി.

എക്സിക്യൂട്ടീവ് കമ്മിറ്റി മെമ്പർ തുടങ്ങിയവരും ടൂറിസം മേഖലയെ പ്രതിനിധീകരിച്ച് ചെറായി ടൂറിസം അസോസിയേഷന്റെ പ്രസിഡന്റ്/ സെക്രട്ടറി/ ഭരണസമിതി അംഗങ്ങൾ എന്നിവരുമാണ് പങ്കെടുത്തിട്ടുള്ളത്.

(ബി) മിനിട്ട്സിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

(സി&ഡി) അറിയിച്ചിരുന്നില്ല. ഗ്രീൻകാർപ്പെറ്റ് പദ്ധതിയിലുൾപ്പെടുത്തി ചെറായി ബീച്ചിലെ വികസന പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകിയ സാഹചര്യത്തിൽ പ്രദേശത്തെ ടൂറിസം സ്റ്റേക്ക്ഹോൾഡേഴ്സിനെക്കൂടി പങ്കെടുപ്പിച്ചു കൊണ്ടുള്ള പ്രാരംഭ യോഗമായിരുന്നു ജില്ലാ കളക്ടർ നടത്തിയത്.

(ഇ) ഭാവിയിൽ മണ്ഡലത്തിലെ വികസന പ്രവൃത്തികൾ സംബന്ധിച്ച വിവരങ്ങൾ എം.എൽ.എ.-യെ അറിയിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## ചെറായി ബീച്ചിൽ വാട്ടർ സ്പോർട്സ് നടപ്പാക്കുന്ന ഏജൻസി

249 (4854) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറായി ബീച്ചിൽ വാട്ടർ സ്പോർട്സ് നടത്തുന്നതിനായി അനുമതി നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി നിശ്ചയിക്കപ്പെട്ടിട്ടുള്ള ഏജൻസി ഏതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഏജൻസി കേരളത്തിൽ മറ്റെവിടെയെങ്കിലും വാട്ടർ സ്പോർട്സ് പദ്ധതി നടപ്പാക്കി പരിചയസമ്പത്തുള്ളവരാണോ; എങ്കിൽ എവിടെയൊക്കെയെന്നും എത്ര നാളത്തെ പരിചയസമ്പത്തുണ്ടെന്നും വിശദമാക്കാമോ?

ഉത്തരം

(എ) ചെറായി ബീച്ചിൽ വാട്ടർ സ്പോർട്സിന്റെ ഭാഗമായുള്ള സ്പീഡ് ബോട്ട് തുറമുഖവകുപ്പിന്റെ അനുമതിക്ക് വിധേയമായാണ് പ്രവർത്തിക്കുന്നത്. ശ്രീ. മെഷ് മനോഹരൻ, നിലാവ് ഹൗസ്, കരിപ്പാവിക്കാട്, ചേന്ദമംഗലം പി.ഒ എന്ന സ്വകാര്യ സംരംഭകന്റെ നേതൃത്വത്തിൽ ചെറായി വാട്ടർ സ്പോർട്സ് എന്ന പേരിലാണ് സാഹസിക ജലകായിക വിനോദ സൗകര്യങ്ങൾ ചെറായി ബീച്ച് കേന്ദ്രീകരിച്ച് നടത്തുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ചെറായി വാട്ടർ സ്പോർട്സ് എന്ന പേരിൽ ശ്രീ. മെഷ് മനോഹരൻ എന്ന സംരംഭകന്റെ നേതൃത്വത്തിൽ ചെറായി ബീച്ചിൽ നടത്തുന്ന വിവിധ ജലകായിക വിനോദ സൗകര്യങ്ങളിൽ, പ്രവർത്തന പരിചയവും വൈദഗ്ദ്ധ്യവും ഉള്ളവരാണ് ഓപ്പറേഷൻ/പരിശീലക വിഭാഗത്തിലുള്ളത്.

## ചെറായി ബീച്ചിൽ വാട്ടർ സ്പോർട്സ്

250(4855) ശ്രീ. എസ്. ശർമ്മ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറായി ബീച്ചിൽ വാട്ടർ സ്പോർട്സ് നടത്തുന്നതിനായി എറണാകുളം ഡി.ടി.പി.സി. എന്ന ബ്രാൻഡ് ഉപയോഗിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി നിശ്ചയിക്കപ്പെട്ടിട്ടുള്ള ഏജൻസി ഏതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി ഏതെല്ലാം ഏജൻസികൾ എറണാകുളം ഡി.ടി.പി.സി.-യെ സമീപിച്ചിരുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) ഏജൻസിയെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത ഏജൻസിയുമായി എറണാകുളം ഡി.ടി.പി.സി. കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ?

### ഉത്തരം

(എ) ചെറായി ബീച്ചിലെ ജല കായിക വിനോദ പരിപാടികൾ ഡി.ടി.പി.സി.-യുടെ എംപാനൽ ചെയ്ത സേവനദാതാവ് എന്ന നിലയിൽ പ്രചാരണത്തിനും വിപണനത്തിനുമായുള്ള പ്രോത്സാഹനമാണ് നൽകിയിട്ടുള്ളത്. ഇതിലേയ്ക്കായി 25,000 രൂപ ബ്രാൻഡിംഗ് ഫീസ് ആയി ഡി.ടി.പി.സി ഭരണസമിതി അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഈടാക്കിയിട്ടുള്ളത്. ചെറായി വാട്ടർ സ്പോർട്സ് എന്ന ഏജൻസിയെയാണ് പദ്ധതി നടപ്പാക്കാനായി നിശ്ചയിച്ചിട്ടുള്ളത്.

(ബി) മറ്റ് ഏജൻസികളോ സംരംഭകരോ ചെറായി സ്പോർട്സ് നടത്തിപ്പിനായി ഡി.ടി.പി.സി-യുടെ സേവനം ആവശ്യപ്പെട്ടിട്ടില്ല.

(സി) ബീച്ച് ടൂറിസം വികസനത്തിനും കൂടുതൽ സഞ്ചാരികളെ ആകർഷിക്കുന്നതിനും സഹായകരമായ ഒരു സംരംഭമെന്ന നിലയിലും ഇത്തരം വിനോദോപാധികൾ പ്രവർത്തിപ്പിക്കുന്നതിൽ സംരംഭകന്റെയും ടിയാന്റെ നേതൃത്വത്തിലുള്ള ഓപ്പറേഷൻ വിഭാഗത്തിന്റെയും ഈ മേഖലയിലെ പരിചയത്തിന്റെയും പരിശീലനത്തിന്റെയും സാക്ഷ്യപത്രങ്ങളുടെ അടിസ്ഥാനത്തിലും തുറമുഖ വകുപ്പിന്റെ സ്പീഡ്ബോട്ട് പ്രവർത്തന ലൈസൻസ് ഉൾപ്പെടെയുള്ളവയുടെ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് ഈ സംരംഭത്തെ ഡി.ടി.പി.സി. എംപാനൽ ചെയ്തിട്ടുള്ളത്.

(ഡി) ഉണ്ട്. അനുബന്ധമായി ചേർക്കുന്നു.*

## മലബാർ റിവർ ടൂറിസം

251 (4856) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ റിവർ ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിന് ഇതുവരെ എന്തൊക്കെ നടപടിക്രമങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ആയത് ഏതൊക്കെ മണ്ഡലങ്ങളിലാണെന്നും ഏതെല്ലാം നദികളാണ് ഈ പദ്ധതിയിൽ ഉള്ളതെന്നും വ്യക്തമാക്കുമോ;

(സി) ഈ പദ്ധതിക്ക് വേണ്ടി തലശ്ശേരി നിയോജകമണ്ഡലത്തിൽ എന്തെല്ലാം കാര്യങ്ങൾ ആണ് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) നിലവിൽ ക്രൂയിസ് ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് 9 ബോട്ട് ടെർമിനൽ പദ്ധതികൾക്ക് ഇതുവരെയായി ഭരണാനുമതി നൽകിയിട്ടുണ്ട്.

1. പഴയങ്ങാടി ബോട്ട് ടെർമിനൽ
2. പറശ്ശിനിക്കടവ് ബോട്ട് ടെർമിനൽ
3. ധർമ്മടം ബോട്ട് ടെർമിനൽ
4. ചമ്പാട്ബോട്ട് ടെർമിനൽ
5. പിണറായി കമ്പനിമെട്ട ബോട്ട് ടെർമിനൽ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

6. പാറപ്രം ബോട്ട് ടെർമിനൽ

7. പെരിങ്ങത്തൂർ ബോട്ട് ടെർമിനൽ

8. മോന്താൽ ബോട്ട് ടെർമിനൽ

9. കരിയാട് ബോട്ട് ടെർമിനൽ

ഇൻലാന്റ് നാവിഗേഷൻ വകുപ്പിനെ പദ്ധതി നിർവ്വഹണ ഏജൻസിയായി നിശ്ചയിച്ച് 2 പദ്ധതികളുടെ (പഴയങ്ങാടി, പറശ്ശിനിക്കടവ്) പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. മറ്റ് പദ്ധതികൾക്ക് ടെക്നിക്കൽ സാംഗ്ഷൻ ലഭ്യമായിട്ടില്ല.

(ബി) കല്യാശ്ശേരി, തളിപ്പറമ്പ്, ധർമ്മടം, കൂത്തുപറമ്പ് എന്നീ മണ്ഡലങ്ങളിലായി 9 പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. തലശ്ശേരി, പയ്യന്നൂർ മണ്ഡലത്തിൽപ്പെടുന്ന പാത്തിക്കൽ, ന്യൂ മാഹി, കക്കടവ് മുക്കവച്ചേരി, പുന്നക്കടവ് എന്നിവിടങ്ങളിലെ പദ്ധതികൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. കുപ്പം, വളപട്ടണം, അഞ്ചരക്കണ്ടി, മാഹി, കവ്വായി, പെരുമ്പ എന്നീ നദികളാണ് ഈ പദ്ധതിയിൽ ഉള്ളത്.

(സി) തലശ്ശേരി നിയോജകമണ്ഡലത്തിൽപ്പെടുന്ന പാത്തിക്കൽ, ന്യൂ മാഹി, കക്കടവ് എന്നിവിടങ്ങളിലെ പദ്ധതികൾക്കുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

**ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ**

252 (4857) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ നിലവിലുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയ്ക്കായി 2017-18 ബഡ്ജറ്റിൽ അനുവദിച്ച തുകയിൽ ഒരു രൂപ പോലും ചെലവഴിക്കാൻ സാധിക്കാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷന് 2017-18 ബഡ്ജറ്റിൽ അനുവദിച്ച 300 ലക്ഷം രൂപ ചെലവഴിച്ചുവരുന്നു. ഇതു സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കായംകുളം മണ്ഡലത്തിൽ അഡ്വഞ്ചർ ടൂറിസം

253 (4858) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിൽ അഡ്വഞ്ചർ ടൂറിസം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലിന്റെ നിലവിലുള്ള പുരോഗതി വിശദമാക്കാമോ?

ഉത്തരം

പരിശോധിച്ചുവരുന്നു.

## നെടുമങ്ങാട് മണ്ഡലത്തിലെ ടൂറിസം വകുപ്പ് പദ്ധതികൾ

254 (4859) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ടൂറിസം വകുപ്പ് മുഖാന്തരം നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഓരോ പദ്ധതിക്കും എത്ര തുക ചെലവഴിച്ചുവെന്നും എത്ര പദ്ധതികൾ പൂർത്തീകരിച്ചുവെന്നും പൂർത്തിയാകാത്തവ എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) അനുബന്ധമായി ചേർക്കുന്നു*.

## വിഴിഞ്ഞം തുറമുഖംമൂലമുള്ള വിനോദസഞ്ചാര സാധ്യതകൾ

255 (4860) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖം ഇമിഗ്രേഷൻ സെന്ററായി തെരഞ്ഞെടുത്ത് കേന്ദ്രസർക്കാർ ഉത്തരവ് പുറപ്പെടുവിച്ചതുമൂലം എന്തെല്ലാം സാധ്യതകളാണ് സംസ്ഥാനത്തെ വിനോദസഞ്ചാര വികസനത്തിന് പ്രതീക്ഷിക്കുന്നത് ;

(ബി) വിഴിഞ്ഞം തുറമുഖം വഴി സംസ്ഥാനത്തെ ടൂറിസം രംഗത്ത് ഉണ്ടാകാൻ പോകുന്ന മാറ്റങ്ങൾ മുൻകൂട്ടി കണ്ടുകൊണ്ട് വിനോദസഞ്ചാര വികസനത്തിനായി സംസ്ഥാനം എന്തെല്ലാം പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്; വ്യക്തമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ&ബി) വിഴിഞ്ഞം തുറമുഖം യാഥാർത്ഥ്യമാകുന്ന മുറയ്ക്ക് കോവളത്തിന്റെ സമഗ്ര മാസ്റ്റർ പ്ലാൻ തയ്യാറാക്കി അതനുസരിച്ച് പദ്ധതികൾ ആസൂത്രണം ചെയ്യുന്നതാണ്.

**വിനോദസഞ്ചാര മേഖലകളിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ**

256 (4861) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിനോദസഞ്ചാര മേഖലകളിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ്; നിലവിലെ സംവിധാനങ്ങൾ അപര്യാപ്തമാണെന്ന് സർക്കാർ കരുതുന്നതിന് കാരണമെന്തെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിനോദസഞ്ചാര വകുപ്പിന്റെ ഓരോ പദ്ധതിയുടെയും സൂക്ഷ്മമായ അവലോകനം ജില്ല തിരിച്ച് വിനോദസഞ്ചാര വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും സെക്രട്ടറി തലത്തിലും ഡയറക്ടർ തലത്തിലും കാലാകാലങ്ങളിൽ നടത്തിവരുന്നു.

ഓരോ മൂന്ന് മാസത്തിലൊരിക്കൽ വിനോദസഞ്ചാര വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി പദ്ധതി അവലോകന യോഗങ്ങൾ കൂടുകയും പ്രസ്തുത യോഗത്തിൽ പദ്ധതി നടത്തിപ്പ് സംബന്ധിച്ചും പദ്ധതികളുടെ പുരോഗതി, കാര്യക്ഷമത തുടങ്ങിയ ഘടകങ്ങൾ പരിശോധിച്ചും പദ്ധതി നിർവ്വഹണ ഏജൻസികളുടെ കാര്യക്ഷമത വിലയിരുത്തി പദ്ധതികൾ കുറ്റമറ്റ രീതിയിൽ യഥാസമയം പൂർത്തീകരിക്കുന്നതിനുവേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. വിനോദസഞ്ചാര വകുപ്പിന്റെ പദ്ധതികളുടെ പുരോഗതിയും കാര്യക്ഷമതയും വിലയിരുത്തുന്നതിനും പദ്ധതികൾ യഥാസമയം പൂർത്തിയാക്കുന്നതിനും വേണ്ട നടപടി സ്വീകരിക്കുന്നതിനുമായി ബന്ധപ്പെട്ട റീജിയണൽ ജോയിന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലുള്ള ഓഫീസർമാർ, പ്രോജക്ട് എഞ്ചിനീയർമാർ എന്നിവരുടെ സേവനം എല്ലാ ജില്ലകളിലും ഉറപ്പുവരുത്തിയിട്ടുണ്ട്.

അതാത് ടൂറിസം ഡെസ്റ്റിനേഷനുകളിലെ പ്രവർത്തന പുരോഗതികൾ വിലയിരുത്തുന്നതിന് ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്.

വിനോദസഞ്ചാര കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനവും, സുസ്ഥിരമായ സംരക്ഷണവും ലക്ഷ്യമിടുന്ന ഗ്രീൻ കാർപ്പെറ്റ് പദ്ധതിയിൽ പദ്ധതി പ്രവർത്തനം വിലയിരുത്തുന്നതിനായി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരെ ഡെസ്റ്റിനേഷൻ മാനേജർമാരായി ചുമതലപ്പെടുത്തിയിട്ടുണ്ട്.

14 ജില്ലകളിലെയും പദ്ധതികളുടെ പൂർത്തീകരണം കൃത്യമായി മോണിറ്റർ ചെയ്യുന്നതിന് ടൂറിസം ഡയറക്ടറേറ്റിൽ ഒരു പ്രോജക്ട് മോണിറ്ററിംഗ് സെൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ ടൂറിസം പദ്ധതികൾ മോണിറ്റർ ചെയ്യുന്നതിനായി അതത് എം.എൽ.എ.-മാർ ചെയർമാനായി അസംബ്ലി നിയോജക മണ്ഡലാടിസ്ഥാനത്തിൽ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ടി കമ്മിറ്റികൾ പദ്ധതികൾ അവലോകനം ചെയ്യുന്നുണ്ട്. ഇത്തരത്തിൽ പദ്ധതി വിലയിരുത്തൽ കാര്യക്ഷമമായതിനാൽ നിലവിലെ സംവിധാനങ്ങൾ അപര്യാപ്തമാണെന്ന് കരുതുന്നില്ല.

### ക്ഷേത്രങ്ങളിലെ ജാതി വിവേചനം

257 (4862) <u>ശ്രീ. ഇ. പി. ജയരാജൻ:</u>
<u>ശ്രീ. ഐ. ബി. സതീഷ്:</u>
<u>ശ്രീ. എം. സ്വരാജ്:</u>
<u>ശ്രീ. എം. മുകേഷ് </u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡുകൾക്ക് കീഴിലുള്ള ക്ഷേത്രങ്ങളിലെ പാരമ്പര്യ തസ്തികകൾ എന്ന് വിവക്ഷിച്ചിരിക്കുന്നവ ഏതെല്ലാമാണ്;

(ബി) പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് നിയമനം നൽകാത്ത ഗുരുവായൂർ, കൂടൽമാണിക്യം ഒഴികെയുള്ള ദേവസ്വം ബോർഡുകൾക്ക് കീഴിലുള്ള ക്ഷേത്ര ജീവനക്കാരിൽ മുൻ സർക്കാരിന്റെ കാലത്ത് ആകെയുണ്ടായിരുന്ന 12489 പേരിൽ ഒന്നേകാൽ ശതമാനം പേർ മാത്രമായിരുന്നു പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവർ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) ഈ തസ്തികകളിലേയ്ക്കുള്ള നിയമനരീതി എപ്രകാരമാണ്; പ്രസ്തുത നിയമനം ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന് കൈമാറുന്നതിനുള്ള നടപടിയെടുക്കുമോയെന്നറിയിക്കുമോ?

(ഡി) ക്ഷേത്രത്തിൽ ഉറക്കെ പ്രാർത്ഥിച്ചെന്ന ആക്ഷേപത്തിൻമേൽ നെടുമങ്ങാടിനു സമീപം ഒരു ദളിത് യുവാവിന് മർദ്ദനമേൽക്കേണ്ടി വന്നത് ജാത്യന്ധതകൊണ്ടുള്ള അസഹിഷ്ണുതമൂലമാണെന്ന സാഹചര്യം കൂടി കണക്കിലെടുത്ത്, വിവിധ ക്ഷേത്ര ഭരണ സമിതികളിൽ നിലനിൽക്കുന്ന വർഗ്ഗീയ വാദവും ജാതി വിവേചനവും അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

<u>ഉത്തരം</u>

(എ) ഗുരുവായൂർ ദേവസ്വത്തിൽ ക്ഷേത്ര കീഴ്ശാന്തിമാർ, കഴക പ്രവൃത്തിക്കാർ, മാരാർ അടിയന്തിരം, പത്തുക്കാർ, നെല്ല് കുത്ത് ജീവനക്കാർ, പാത്രംതേപ്പ് മുതലായവരും മലബാർ ദേവസ്വം ബോർഡിൽ ശാന്തി, കഴകം, വാദ്യം, അടിച്ചുതളി, അലക്ക്, തീയാട്ട്, കളംപാട്ട്, പാട്ട് അടിയന്തിരം, സർവ്വസഹായി, സ്ഥാനികൻ, കൈവിളക്ക്, ചിത്ര അഗ്രശാല, ഇല, കൊടിനൂൽ കൊട്ടക്കൽ, പാലമൂതൻ, അന്തിതിരിയൻ, കോമരം, ഉപകർമ്മി, നിത്യകർമ്മി, വെളിച്ചപ്പാട്, കർമ്മി, കാരണവർ, നർത്തകൻ, വിളക്ക് വെപ്പ്, ഇളമ, കലശക്കാരൻ, ദർശനപാത്രി, ബുൾമാൻ, ഗ്രാമപിള്ള, പാല് എഴുന്നള്ളിപ്പ്, കോമരത്തച്ചൻ, കാരായ്മ, തൃക്കോവിൽ എന്നിവരും തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ശാന്തി, കൈസ്ഥാനി, കഴകം, സംബന്ധി, തളി എന്നിവരും കൂടൽമാണിക്യം ദേവസ്വത്തിൽ മേൽശാന്തി, തൃക്കോൽമൂസ്സ്, കഴകം (2 മാസം) എന്നിവരും കൊച്ചിൻ ദേവസ്വം ബോർഡിൽ ശാന്തി, കഴകം, സംബന്ധി, അടിച്ചുതളി എന്നിവരുമാണ്.

(ബി) ഇത്തരത്തിലുള്ള പരിശോധന നടത്തിയിട്ടില്ല. മുമ്പ് ദേവസ്വം ബോർഡുകളിൽ നിയമനങ്ങളിൽ സംവരണതത്വം പാലിക്കണമെന്ന വ്യവസ്ഥ ഉണ്ടായിരുന്നില്ല. എന്നാൽ കേരള ദേവസ്വം റിക്രൂട്ട്മെന്റ് രൂപീകരിച്ച സാഹചര്യത്തിൽ സംവരണതത്വം പാലിച്ചുകൊണ്ടാണ് നിയമനങ്ങൾ നടത്തിവരുന്നത്. ഇതുകാരണം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് അർഹമായ പ്രാതിനിധ്യം ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) പാരമ്പര്യ തസ്തികകൾ ഒഴികെയുള്ള തസ്തികകൾക്ക് കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് വഴിയാണ് ഇപ്പോൾ നിയമനം നടത്തിവരുന്നത്.

(ഡി) ദേവസ്വം ബോർഡുകളിലെ ക്ഷേത്രങ്ങളിൽ ഉറക്കെ പ്രാർത്ഥിച്ച എന്ന ആക്ഷേപത്തിന്മേൽ മർദ്ദനം നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ക്ഷേത്ര ഭരണസമിതികളിൽ വർഗ്ഗീയവാദമോ ജാതി വിവേചനമോ ഇല്ലാത്ത തരത്തിലാണ് ക്ഷേത്ര ഭരണസമിതി തെരഞ്ഞെടുപ്പ് നടത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

**ശബരിമലയിൽ ദേവസ്വം ബോർഡിന് ലഭിച്ചിട്ടുള്ള ഭൂമി**

258 (4863) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല, പമ്പ, നിലയ്ക്കൽ എന്നീ സ്ഥലങ്ങളിൽ ദേവസ്വം ബോർഡിന് എത്രമാത്രം ഭൂമിയാണ് ലഭിച്ചിട്ടുള്ളത്; ഈ ഭൂമി അളന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; ഈ ഭൂമിയുടെ ഉടമസ്ഥാവകാശം മാത്രമാണോ ഉള്ളത്; അതോ ഭൂമിക്ക് പട്ടയം ലഭിച്ചിട്ടുണ്ടോ;

(ബി) ദേവസ്വം ബോർഡിന് ലഭിച്ചിട്ടുള്ള ഭൂമിയിൽ, ഹൈക്കോടതി നിർദ്ദേശ പ്രകാരം ശബരിമല ഉത്സവ സീസണിൽ വച്ച കടകൾ, വനംവകുപ്പ് ഉദ്യോഗസ്ഥർ പൊളിച്ചുകളഞ്ഞതായ വാർത്ത സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) ശബരിമലയിലെ ടോയ്‌ലെറ്റ് കോംപ്ലക്സ് ഇത്തരത്തിൽ നശിപ്പിക്കപ്പെട്ടതായി പത്രത്തിൽ വാർത്ത വന്നത് ശരിയാണോ; എങ്കിൽ ആരാണ് ഇത് നശിപ്പിച്ചത്; ഇത് സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടത്തുകയുണ്ടായോ; കുറ്റക്കാരായവർ ആരൊക്കെയെന്ന് കണ്ടെത്തുന്നതിനും അവർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും തയ്യാറാവുമോ;

(ഡി) ദേവസ്വം ബോർഡിന്റെ ഭൂമി സംബന്ധിച്ച തർക്കം പരിഹരിക്കുന്നതിനായി റവന്യൂ, വനം എന്നീ വകുപ്പുകളെ കൂടി ഉൾപ്പെടുത്തി സംയുക്ത പരിശോധന നടത്തി കൃത്യമായ അതിർത്തി നിർണ്ണയിച്ച് ദേവസ്വം ബോർഡിന്റെ ഭൂമി സംരക്ഷിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഇ) ഭാവിയിൽ ദേവസ്വം ബോർഡ് വക ഭൂമിയിൽ മറ്റ് വകുപ്പുകളുടെ ഇടപെടലുകൾ ഉണ്ടാകാതിരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ശബരിമലയിൽ 67.7 ഏക്കറും പമ്പയിൽ 28.5 ഏക്കറും നിലയ്ക്കലിൽ 110 ഹെക്ടർ ഭൂമിയും തിരുവിതാംകൂർ ദേവസ്വം ബോർഡിന് കൈവശമുണ്ട്. ഈ ഭൂമി അളന്ന് തിട്ടപ്പെടുത്തിയിട്ടില്ലാത്തതാണ്. ഹൈക്കോടതി നിർദ്ദേശ പ്രകാരം തിരുവിതാംകൂർ ദേവസ്വം ബോർഡ്, വനം വകുപ്പും റവന്യൂ വകുപ്പും ചേർന്ന് സംയുക്ത സർവ്വേ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലത്തിന് ഉടമസ്ഥാവകാശം, പട്ടയം എന്നിവ ലഭിച്ചിട്ടില്ല.

(ബി) ഉണ്ട്. ഇക്കാര്യത്തിൽ വനം വകുപ്പ് ഉദ്യാഗസ്ഥരുമായി അതാതു സമയങ്ങളിൽ ചർച്ച നടത്തി പരിഹാരമുണ്ടാക്കിയിട്ടുള്ളതാണ്.

(സി) പത്രവാർത്ത ശ്രദ്ധയിൽപ്പെട്ട പ്രകാരം ഒരു ടോയ്‌ലെറ്റ് ബ്ലോക്ക് പൊളിച്ച് മാറ്റിയതിനെതിരെ പമ്പ സർക്കിൾ ഇൻസ്പെക്ടർക്ക് പരാതി നൽകിയിട്ടുണ്ട്.

(ഡി) സ്വീകരിച്ചുവരുന്നു.

(ഇ) ഇപ്പോൾ വനം വകുപ്പുമായി ചേർന്ന് നടക്കുന്ന സംയുക്ത സർവ്വേ പൂർത്തിയാക്കിയശേഷം തിരുവിതാംകൂർ ദേവസ്വം ബോർഡിന് അവകാശപ്പെട്ട വസ്തുക്കൾ നിയമാനുസൃതം അടയാളങ്ങൾ സ്ഥാപിച്ച് സംരംക്ഷിക്കുന്നതാണ്.

## ശബരിമലയുമായി ബന്ധപ്പെട്ട ഇടത്താവളങ്ങൾ

259 (4864) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയുമായി ബന്ധപ്പെട്ടുള്ള പ്രധാനപ്പെട്ട ഇടത്താവളങ്ങൾ ഏതൊക്കെയാണെന്ന് പറയാമോ; ഓരോ ഇടത്താവളത്തിലും തീർത്ഥാടകർക്കായി എന്തൊക്കെ സൗകര്യങ്ങളാണ് നിലവിലുള്ളത് എന്ന് വിശദമാക്കാമോ;

(ബി) ഇടത്താവളങ്ങളുടെ വികസനങ്ങൾക്കായി പുതിയ പദ്ധതി നടപ്പാക്കാൻ ഉദ്ദേശമുണ്ടോ;

(സി) ഉണ്ടെങ്കിൽ ഏതൊക്കെ ഇടത്താവളങ്ങളെയാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത് എന്നും ഓരോയിടത്തും എന്തൊക്കെ വികസനങ്ങളാണ് നടപ്പാക്കുന്നത് എന്നും ഇതിന് ചെലവാകുന്ന തുകയും ഇനം തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശബരിമല തീർത്ഥാടകർക്ക് വിശ്രമത്തിനും വിരിവയ്ക്കുന്നതിനും പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുന്നതിനും സൗകര്യമുള്ള തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ഇടത്താവളങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി&സി) ഉണ്ട്. വിവിധ ദേവസ്വം ബോർഡുകളുടെ അധീനതയിലുള്ള സ്ഥലത്ത് നിർമ്മിക്കാനുദ്ദേശിക്കുന്ന ഇടത്താവളങ്ങളുടെ ലിസ്റ്റ് അനുബന്ധമായി* ചേർത്തിട്ടുണ്ട്. ശബരിമല തീർത്ഥാടകർക്ക് പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള സൗകര്യങ്ങൾ, വൃത്തിയുള്ള ഭക്ഷണശാലകൾ, അന്നദാനത്തിനുള്ള സൗകര്യം, ATM സൗകര്യം, വാഹനങ്ങൾക്ക് ഇന്ധനം നിറയ്ക്കാനുള്ള സൗകര്യം എന്നിവ ലഭ്യമാക്കുന്ന തരത്തിൽ ഇടത്താവളങ്ങൾ നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്. ഓരോ ഇടത്താവളങ്ങളുടെയും എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ തുകയുടെ വിവരം അറിയാൻ കഴിയുകയുള്ളൂ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ശ്രീപത്മനാഭസ്വാമി ക്ഷേത്ര ഫണ്ട് വിനിയോഗം

260 (4865) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിനായി 2011 മുതൽ 2017 വരെ എത്ര രൂപ അനുവദിച്ചിട്ടുണ്ട്; ഇനം തിരിച്ച് കണക്ക് വ്യക്തമാക്കാമോ;

(ബി) സർക്കാർ നൽകിയ ഫണ്ട് വിനിയോഗത്തെ സംബന്ധിച്ച് അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഫണ്ട് വിനിയോഗത്തെ സംബന്ധിച്ച് അക്കൗണ്ടന്റ് ജനറലിനെക്കൊണ്ട് ഓഡിറ്റ് നടത്തിക്കുന്നതിന് എന്തൊക്കെ നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2011 മുതൽ 2017 വരെ 20 ലക്ഷം രൂപ നിരക്കിൽ 1.40 കോടി രൂപ വാർഷിക ആനുകൂല്യം (Annual contribution) അനുവദിച്ച് നൽകിയിട്ടുണ്ട്.

ഇതിനുപുറമെ 2014-15-ൽ പത്മതീർത്ഥക്കുളം നവീകരണ പ്രവർത്തനങ്ങൾക്കായി ഒരു കോടി രൂപയും 2017-18-ൽ മിത്രാനന്ദപുരം കുളം നവീകരണത്തിനായി ഒരു കോടി രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി&സി) സുപ്രീംകോടതി ഉത്തരവ് പ്രകാരം ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ ഫണ്ട് വിനിയോഗം സംബന്ധിച്ച് ഓഡിറ്റ് നടത്തുന്നതിന് IA&AS ഉദ്യോഗസ്ഥരെ നിയോഗിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിനായി അക്കൗണ്ടന്റ് ജനറലിന് 8-3-2018-ലും 17-3-2018-ലും കത്ത് നൽകിയിട്ടുണ്ട്.

## കോഴിക്കോട് ജില്ലയിലെ ക്ഷേത്രങ്ങൾക്ക് ധനസഹായം

261 (4866) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ഏതൊക്കെ ക്ഷേത്രങ്ങൾക്കാണ് ദേവസ്വം ബോർഡ് വഴി ഈ സർക്കാർ ധനസഹായം അനുവദിച്ചിട്ടുള്ളത് എന്നറിയിക്കാമോ;

(ബി) ഇതിൽ ബാലുശ്ശേരി മണ്ഡലത്തിൽ ഏതൊക്കെ ക്ഷേത്രങ്ങളുടെ നവീകരണത്തിനാണ് ഫണ്ട് അനുവദിച്ചതെന്നും അത് ഏതൊക്കെ പ്രവൃത്തികൾക്കാണെന്നും അറിയിക്കാമോ?

<u>ഉത്തരം</u>

(എ) കോഴിക്കോട് ജില്ലയിൽ ദേവസ്വം ബോർഡ് വഴി ധനസഹായം അനുവദിച്ച ക്ഷേത്രങ്ങളുടെ ലിസ്റ്റ് അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(ബി) ബാലുശ്ശേരികോട്ട ചാല ദേവസ്വത്തിന് ചുറ്റമ്പല നിർമ്മാണത്തിനും തൃക്കോയിക്കൽ ക്ഷേത്രത്തിന് ശ്രീകോവിൽ പുനർനിർമ്മാണത്തിനും മലബാർ ദേവസ്വം ബോർഡ് ഫണ്ട് അനുവദിച്ച് നൽകിയിട്ടുണ്ട്.

**പത്മതീർത്ഥക്കുള നവീകരണം**

262 (4867) <u>ശ്രീ. കെ. മുരളീധരൻ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ പത്മതീർത്ഥക്കുളത്തിന്റെ നവീകരണത്തിനായി നാളിതുവരെ എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്;

(ബി) പത്മതീർത്ഥക്കുള്ള നവീകരണം നാളിതുവരെ ഏതൊക്കെ ഏജൻസികളെയാണ് ഏൽപ്പിച്ചിരുന്നത് എന്നുള്ള കാര്യം വ്യക്തമാക്കാമോ; ഓരോ ഏജൻസിക്കും അനുവദിച്ച നൽകിയ തുക വ്യക്തമാക്കാമോ;

(സി) നവീകരണവുമായി ബന്ധപ്പെട്ട് സർക്കാർ അനുവദിച്ച ഫണ്ട് സംബന്ധിച്ച് ഓഡിറ്റ് നടത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പത്മതീർത്ഥകുളത്തിന്റെ നവീകരണത്തിന് സർക്കാർ അനവിച്ച ഒരു കോടി രൂപയിൽ ആകെ 71,48,235 രൂപ ചെലവഴിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) നവീകരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഭരണസമിതി വ്യക്തിഗത കരാറുകൾ വഴിയും കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്രം വഴിയും നടത്തിയിട്ടുണ്ട്. ശ്രീ. എസ്. ബാബു, കെ.എസ്.അനിരുദ്ധൻ എന്നിവർക്ക് 14,24,046 രൂപയും, കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്രയ്ക്ക് 49,82,603 രൂപയും അനുവദിച്ചുനൽകിയിട്ടുണ്ട്.

(സി) ക്ഷേത്രത്തിന്റെ ആഭിമുഖ്യത്തിൽ ഓഡിറ്റ് നടത്തിയിട്ടുണ്ടെന്നും പ്രസ്തുത ഓഡിറ്റ് റിപ്പോർട്ടിൽ ഇതുസംബന്ധിച്ച പരാമർശങ്ങളൊന്നുമില്ലെന്നും എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചിട്ടുണ്ട്.

**മാടായിക്കാവിലെ ക്ഷേത്രകലാ അക്കാദമി**

263 (4868) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ മലബാർ ദേവസ്വം ബോർഡിന് കീഴിൽ സ്ഥാപിതമായ മാടായിക്കാവിലെ ക്ഷേത്രകലാ അക്കാദമിയിൽ പുതിയ കോഴ്സുകൾ തുടങ്ങുന്നതിനും സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ബി) ഈ ബഡ്ജറ്റിൽ എത്ര രൂപയാണ് അക്കാദമിക്ക് നീക്കിവച്ചിട്ടുള്ളത്; കൂടുതൽ തുക ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) സ്വീകരിച്ചുവരുന്നു.

(ബി) 2018-19 സാമ്പത്തികവർഷത്തിൽ 5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടുതൽ തുക അനുവദിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു.

( നക്ഷത്രചിഹ്നമിടാത്ത 4636-ാംനമ്പർ ചോദ്യത്തിന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

9.30 A M ]

## II. അടിയന്തരപ്രമേയം

### വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി

മി.സ്പീക്കർ: വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി സമയപരിധിക്കകം പൂർത്തിയാക്കാൻ സാധിക്കില്ലെന്ന് കാണിച്ച് അദാനി ഗ്രൂപ്പ് സർക്കാരിന് കത്ത് നൽകിയിരിക്കുന്ന സാഹചര്യത്തിൽ അദാനി ഗ്രൂപ്പിന്റെ കെടുകാര്യസ്ഥതയും സർക്കാരിന്റെ അനാസ്ഥയുംമൂലം പദ്ധതി പ്രതിസന്ധിയിലായതായി പറയപ്പെടുന്ന ഗുരുതരമായ സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ എം. വിൻസെന്റ്, പി. ഉബൈദുള്ള, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. എം. വിൻസെന്റ് ഇവിടെ അവതരിപ്പിക്കുന്ന അടിയന്തരപ്രമേയം സംബന്ധിച്ച്, സർക്കാരിന്റെ നിലപാടുകളും അഭിപ്രായങ്ങളുമൊക്കെ ബഡ്ജറ്റ് ചർച്ചാവേളയിൽ ബഹുമാനപ്പെട്ട എം.എൽ.എ. ഉന്നയിക്കുകയും അതിന് സർക്കാരിനുവേണ്ടി വിശദീകരണം നൽകിയിട്ടുള്ളതുമാണ്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണം 1460 ദിവസങ്ങൾകൊണ്ട് പൂർത്തിയാക്കുമെന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. കരാറുകാരനായ അദാനി, വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് കമ്പനി അതിനു മുൻപുതന്നെ പണി പൂർത്തിയാക്കുമെന്ന് വാഗ്ദാനം ചെയ്തിരുന്നു. അപ്രതീക്ഷിതമായ ചില പ്രയാസങ്ങൾ നിർമ്മാണ പുരോഗതിയെ തടസ്സപ്പെടുത്തിയിട്ടുണ്ട്. എന്നിരുന്നാലും കരാർ വ്യവസ്ഥചെയ്ത സമയത്തുതന്നെ നിർമ്മാണം പൂർത്തീകരിക്കാൻ കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്, അതിനുവേണ്ടിയാണ് ശ്രമിക്കുന്നത്. കേരള തീരത്ത് ആഞ്ഞടിച്ച ഓഖി ചുഴലിക്കാറ്റ് തുറമുഖ നിർമ്മാണ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുകയുണ്ടായി. ബ്രേക്ക്‌വാട്ടറിൽ ഇട്ടിരുന്ന കല്ലുകൾക്ക് സ്ഥാനചലനം സംഭവിക്കുകയും റിക്ലെയിം ചെയ്ത മണ്ണിന്റെ ചില ഭാഗങ്ങൾ ഒലിച്ചുപോകുകയും ബെർത്തിന്റെ പ്ലാറ്റ്ഫോമിന് കേടുവരികയും ചെയ്തു. നിർമ്മാണ പ്രവൃത്തികളിൽ ഏർപ്പെട്ടിരുന്ന രണ്ട് ഡ്രഡ്ജറുകൾക്ക് സാരമായ കേടുപാടുകൾ സംഭവിച്ചതിനാൽ

റിക്ലമേഷൻ ജോലികൾ താൽക്കാലികമായി നിർത്തിവയ്ക്കേണ്ടിവന്നു. ഇവയുടെ അറ്റകുറ്റപ്പണികൾ അടിയന്തരമായി പൂർത്തീകരിച്ച് നിർമ്മാണപ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാനുള്ള ശ്രമമാണ് നടത്തിവരുന്നത്. ഇത്രയും ഹൈ കപ്പാസിറ്റി ഡ്രഡ്ജറുകൾ ലഭിക്കാനുള്ള ബുദ്ധിമുട്ട് നിലവിലുണ്ട്. അതിനാൽ നിലവിലുള്ളവയുടെ കേടുപാടുകൾ തീർക്കാനുള്ള ശ്രമമാണ് നടത്തിവരുന്നത്. പദ്ധതിയുടെ പ്രധാന ഘടകമായ 3100 മീറ്റർ നീളമുള്ള പുലിമുട്ടിൽ ഏകദേശം 600 മീറ്ററിന്റെ നിർമ്മാണം ഇതിനകം പൂർത്തിയായിട്ടുണ്ട്. പാറ ലഭിക്കുന്നതിലുള്ള പ്രയാസം നിർമ്മാണ പുരോഗതിയെ ബാധിച്ചിട്ടുള്ളതായി നിർമ്മാണ കമ്പനി അറിയിക്കുകയും സർക്കാരിന്റെ ഇടപെടൽ ആവശ്യപ്പെടുകയുമുണ്ടായി. സർക്കാരിന്റെ അധീനതയിലുള്ള കൊല്ലം ജില്ലയിലെ ചില പാറമടകളിൽനിന്നും നിർമ്മാണത്തിനാവശ്യമായ പാറ നൽകണമെന്നും മറ്റു നടപടികൾ വേഗത്തിലാക്കണമെന്നും ആവശ്യപ്പെട്ടിരുന്നു. ഇതിലേക്കായി ജില്ലാ കളക്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. കരാർപ്രകാരം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് മുമ്പ് പാറ ഏർപ്പാടാക്കേണ്ടത് അദാനിയുടെ ചുമതലയാണ്. എന്നാൽ സമയബന്ധിതമായി അനുമതി ലഭിക്കുന്നില്ലെന്ന പരാതി സർക്കാരിന് നൽകുന്ന സ്ഥിതിയാണ് കമ്പനി സ്വീകരിച്ചത്. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ക്രിയാത്മകമായ ഇടപെടലാണ് സർക്കാർ നടത്തിയിട്ടുള്ളത്. പാറ നൽകാൻ താൽപ്പര്യമുള്ള ഉടമകൾക്ക് മതിയായ വില നൽകാൻ തയ്യാറാകുന്നില്ലെന്ന ആക്ഷേപവും നിലവിലുണ്ട്. ഇക്കാര്യത്തിൽ ഇടപെടാൻ സർക്കാരിന് ചില പരിമിതികളുണ്ട്. വിഴിഞ്ഞം നിർമ്മാണ പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിന് കൺസ്ട്രക്ഷൻ കരാർ പ്രകാരം ഒരു ഇൻഡിപെൻഡന്റ് എഞ്ചിനീയറെ നിയമിച്ചിട്ടുണ്ട്. ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഒരു എംപവേർഡ് കമ്മിറ്റിയും പ്രോജക്ട് ഇംപ്ലിമെന്റേഷൻ കമ്മിറ്റിയും നിർമ്മാണ പുരോഗതി വിലയിരുത്തുന്നുണ്ട്. കരാർ വ്യവസ്ഥ ചെയ്ത സമയത്തുതന്നെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കാൻ കഴിയുമെന്നു തന്നെയാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. സംസ്ഥാനത്ത് നിർമ്മാണ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് ബന്ധപ്പെട്ട ക്വാറി ഉടമസ്ഥരുടെയും അനുമതി നൽകുന്ന വകുപ്പിലെ ബന്ധപ്പെട്ടവരുടെയും ഉന്നത ഉദ്യോഗസ്ഥരുടെയും യോഗങ്ങൾ വിളിച്ചു ചേർത്ത് പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിനുള്ള കാര്യക്ഷമമായ ഇടപെടലുകൾ സർക്കാർ നടത്തിവരുന്നുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വ്യവസായ വകുപ്പുമന്ത്രിയെ ഇതിനായി ചുമതലപ്പെടുത്തിയിട്ടുമുണ്ട്. കരാർ പ്രകാരം നിർവ്വഹിക്കേണ്ട ചുമതലകളെല്ലാം സർക്കാർ ചെയ്തുവരികയാണ്. സമയോചിതമായി കരാർ പൂർത്തിയാക്കുമെന്നു തന്നെയാണ് സർക്കാർ

പ്രതീക്ഷിക്കുന്നത്. കരാറിന്റെ കാലാവധി നീട്ടാനുള്ള അദാനി കമ്പനിയുടെ ന്യായവാദങ്ങളൊന്നും സർക്കാർ അംഗീകരിക്കില്ല. അവരുടെ ഭാഗത്ത് വീഴ്ച വന്നാൽ കരാർ പ്രകാരമുള്ള പിഴ ഈടാക്കാൻ ആവശ്യമായ നടപടി സർക്കാർ സ്വീകരിക്കും. തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് സർക്കാരിന്റെ ഭാഗത്തുനിന്നും ഒരു അനാസ്ഥയും ഉണ്ടായിട്ടില്ല. ഇക്കാര്യത്തിൽ ആവശ്യമായ സഹായങ്ങൾ ചെയ്തുകൊടുക്കുകയാണ് ഉണ്ടായതെന്ന് വ്യക്തമാകുന്നു. നിയമസഭയിൽ ഇക്കാര്യം സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സർക്കാരിന്റെ ഭാഗത്തു നിന്നുള്ള നിലപാടുകൾ വ്യക്തമാക്കുകയും സമയോചിതമായി കാര്യങ്ങൾ പൂർത്തീകരിക്കുമെന്ന് പറയുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ.യ്ക്കും മറുഭാഗത്ത് ഇരിക്കുന്നവർക്കും ഇപ്പോഴാണ് വിഴിഞ്ഞം കമ്പനിയുടെ കെടുകാര്യസ്ഥതയെക്കുറിച്ച് ഉത്കണ്ഠയും ആശങ്കയുമുണ്ടായത്. ഈ പദ്ധതിയുടെ പൂർത്തീകരണം സമയക്രമമനുസരിച്ച് നടപ്പിലാക്കുന്നതിന് തന്നെയാണ് സംസ്ഥാന സർക്കാരിന്റെ പ്രവർത്തനങ്ങളും തീരുമാനങ്ങളും. അതുകൊണ്ട് ഈ വിഷയത്തെക്കുറിച്ച് അടിയന്തര പ്രാധാന്യത്തോടുകൂടി ചർച്ച ചെയ്യേണ്ട ആവശ്യമില്ല. നമ്മുടെ ബഡ്ജറ്റ് ചർച്ചാവേളയിൽ സ്ഥലം എം.എൽ.എ. കൂടിയായ ശ്രീ. എം. വിൻസെന്റ് ഈ കാര്യങ്ങൾ ഉന്നയിച്ചിട്ടുണ്ട്. അതിനു മറുപടി നൽകിയതുമാണ്. ആ ചർച്ചയ്ക്കുശേഷം ഇപ്പോൾ അടിയന്തരാവസ്ഥയൊന്നും ഇക്കാര്യത്തിൽ ഉണ്ടായിട്ടില്ല.

ശ്രീ. എം. വിൻസെന്റ്: സർ, വിഴിഞ്ഞത്ത് ഒരു തുറമുഖം നിർമ്മിക്കണമെന്ന ആവശ്യത്തിന് 50 വർഷത്തിലേറെ പഴക്കമുണ്ട്. 25 വർഷങ്ങളായി മാറിമാറി വന്ന സർക്കാരുകൾ പരിശ്രമിച്ചിട്ടും സാധ്യമാകാത്ത ഒരു പദ്ധതിയാണ് കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയുടെ കഠിനാദ്ധ്വാനത്തിന്റെയും ആത്മാർത്ഥമായ പരിശ്രമത്തിന്റെയും ഫലമായി യാഥാർത്ഥ്യമായത്. നമ്മളെല്ലാവരും ആഗ്രഹിച്ച ആ സ്വപ്നപദ്ധതി, ഇന്ന് 'വെറും സ്വപ്നമായിത്തന്നെ അവശേഷിക്കും എന്ന നിലയിലാണ്. 2015 ആഗസ്റ്റ് മാസം 17-ാം തീയതിയാണ് ഈ പദ്ധതിക്ക് കരാർ ഒപ്പിട്ടത്. 2015 ഡിസംബർ മാസം 5-ാം തീയതിയാണ് ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചത്. 2019 ഡിസംബർ മാസം 5-ാം തീയതിയാണ് ഇത് പൂർത്തീകരിക്കേണ്ടത്. കൃത്യമായി പറഞ്ഞാൽ 48 മാസങ്ങൾക്കുള്ളിൽ പൂർത്തീകരിക്കേണ്ട ഒരു പദ്ധതിയാണ്. ഇതിനോടകം 28 മാസങ്ങൾ കഴിഞ്ഞു, ഇനി അവശേഷിക്കുന്നത് വെറും 20 മാസങ്ങൾ മാത്രം. 800 മീറ്റർ നീളമുള്ള ബെർത്ത് 400 മീറ്റർ കടൽ നികത്തി നിർമ്മിക്കണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. 200 മീറ്റർപോലും കടൽ നികത്തിയിട്ടില്ല. 3.14 കിലോമീറ്റർ

ബ്രേക്ക്‌വാട്ടർ നിർമ്മിക്കണമെന്ന് പറഞ്ഞിട്ട് ഇപ്പോൾ മന്ത്രി മറുപടി പറഞ്ഞത് വെറും 600 മീറ്റർ എന്നാണ്. എന്നുപറഞ്ഞാൽ 25 ശതമാനം ബ്രേക്ക്‌വാട്ടറിന്റെ പണിപോലും ഇതുവരെയും പൂർത്തിയാക്കിയിട്ടില്ല. ബ്രേക്ക്‌വാട്ടറിന്റെ പണി പൂർത്തിയായാൽ മാത്രമേ ബെർത്തിന്റെ പണി പൂർത്തിയാക്കാൻ സാധിക്കുകയുള്ളൂ. ക്രെയിൻ ഉൾപ്പെടെയുള്ള എക്യൂപ്‌മെന്റ്സ് സ്ഥാപിക്കണമെങ്കിൽ ബ്രേക്ക്‌വാട്ടറിന്റെ പണി പൂർത്തിയാക്കണം. വളരെ നിർണ്ണായകമായ ആ പണിപോലും പൂർത്തീകരിച്ചിട്ടില്ലെന്നാണ് നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നത്. അപ്രോച്ച് റോഡിന്റെ പണികൾ എവിടെയുമെത്തിയിട്ടില്ല. 28 മാസം കഴിഞ്ഞിട്ടും 25 ശതമാനം പണിപോലും പൂർത്തിയാക്കാതെ നമ്മുടെ സ്വപ്നപദ്ധതി ഇവിടെ അവശേഷിക്കുകയാണ്. ഈ പശ്ചാത്തലത്തിലാണ് ഒരു കത്ത് തുറമുഖ നിർമ്മാണ കമ്പനി ഗവൺമെന്റിന് നൽകിയത്. ഞങ്ങൾക്ക് 18 മാസക്കാലംകൂടി നീട്ടിനൽകണമെന്നാണ് പറഞ്ഞിരിക്കുന്നത്. നമ്മുടെ കരാർ പ്രകാരം ഒരു ദിവസം വൈകുകയാണെങ്കിൽ 12 ലക്ഷത്തോളം രൂപ ഗവൺമെന്റിന് നിർമ്മാണക്കമ്പനി നഷ്ടപരിഹാരമായി നൽകേണ്ടതുണ്ട്. പ്രകൃതി ദുരന്തമോ അല്ലെങ്കിൽ നിർമ്മാണ സാമഗ്രികളുടെ ലഭ്യതയിൽ തടസ്സമോ ഉണ്ടായാൽ ആ നഷ്ടം നൽകേണ്ടതില്ല. പക്ഷെ ഇവിടെ അദാനി കമ്പനി നൽകിയിരിക്കുന്ന കത്തിൽ പറഞ്ഞിരിക്കുന്നത് 'ഓഖി ദുരന്തവും അതുപോലെ നിർമ്മാണ സാമഗ്രിയായ കരിങ്കല്ലിന്റെ ക്ഷാമവുംകൊണ്ട് ഞങ്ങൾക്ക് പണി പൂർത്തിയാക്കാൻ തടസ്സങ്ങൾ നേരിടുന്നു, അതുകൊണ്ട് സമയം നീട്ടിനൽകണം' എന്നാണ്. ഇത് ഗവൺമെന്റുമായി ചേർന്നുള്ള ഒരു ഒത്തുകളിയാണോ എന്നുതന്നെ സംശയിക്കേണ്ടിയിരിക്കുന്നു. അദാനി കമ്പനി ഉന്നയിച്ച വാദഗതികളൊന്നും സർക്കാർ അംഗീകരിക്കുകയില്ലെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ ഈ ഫ്ലോറിൽ മറുപടി നൽകിയിരിക്കുന്നത്. പക്ഷെ ഈ മാസം 13-ാം തീയതി ശ്രീ. വി. അബ്ദുറഹിമാൻ എം.എൽ.എ.-യ്ക്ക് മന്ത്രി നൽകിയ മറുപടിയിൽ 2017 നവംബർ 30-ന് കേരളതീരത്ത് ആഞ്ഞടിച്ച ഓഖി ചുഴലിക്കാറ്റും പാറ ലഭിക്കുന്നതിനുള്ള പ്രയാസങ്ങളും നിർമ്മാണ പുരോഗതിയെ തടസ്സപ്പെടുത്തുമെന്ന് പറഞ്ഞിരിക്കുകയാണ്. ഈ മറുപടിയിലൂടെ അദാനി ഉന്നയിച്ച വാദഗതികൾ അദാനി പറയുന്നതിനു മുമ്പുതന്നെ സർക്കാർ സാധൂകരിച്ച് അംഗീകരിച്ചിരിക്കുകയാണ്. ഒരു ദിവസം 12 ലക്ഷം രൂപ വച്ച് 18 മാസം നീട്ടികൊടുക്കുകയാണെങ്കിൽ ന്യായമായും സർക്കാരിന് വരേണ്ടത് 57 കോടി രൂപയാണ്. സർക്കാർ ഇത് അംഗീകരിച്ച പശ്ചാത്തലത്തിൽ, അദാനിക്ക് കോടതിയിൽ പോകാൻ കഴിയുമെന്ന തരത്തിലുള്ള നിലപാട് സ്വീകരിച്ചിരിക്കുന്നു എന്നുള്ളത് ഈ അവസരത്തിൽ എടുത്തുപറയാൻ ആഗ്രഹിക്കുകയാണ്. ഇതാണ്

ഈ സർക്കാരിന്റെ സമീപനം. ഇത് വിലയിരുത്തിയിട്ട്, 'നിങ്ങൾ ഇത് പൂർത്തിയാക്കിയിട്ടില്ല' എന്നു പറഞ്ഞുകൊണ്ട് സർക്കാർ എന്തെങ്കിലും നോട്ടീസ് അങ്ങോട്ട് കൊടുത്തിട്ടുണ്ടോ? ഒന്നും കൊടുത്തിട്ടില്ല. ഈ സർക്കാർ നിഷ്ക്രിയമാണ്. ഗവൺമെന്റ് ഈ പദ്ധതിയെ അവഗണിക്കുകയാണ്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് രൂപീകരിച്ച പാക്കേജ് കൊടുക്കാൻ ഇതുവരെ ഈ സർക്കാർ തയ്യാറായിട്ടില്ല. ഇതിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് 10 ശതമാനം ഭൂമി ഇനിയും ഏറ്റെടുക്കാനുണ്ട്. ആ ഭൂമി മുഴുവനും റിസോർട്ട് ഉടമകളുടെ കൈവശമാണിരിക്കുന്നത്. ആ ഭൂമി ഏറ്റെടുക്കാൻ സർക്കാർ മടിക്കുകയാണ്. റെയിൽവേയ്ക്കുള്ള സ്ഥലമെടുപ്പ് പൂർത്തിയായിട്ടില്ല, കാരണം റെയിൽവേ ലൈനിന് കേന്ദ്രഗവൺമെന്റിന്റെ അംഗീകാരം വേണം. അത് നേടിയെടുത്താൽ മാത്രമേ അക്വിസിഷൻ നടപടികളുമായി മുന്നോട്ടുപോകാൻ സാധിക്കുകയുള്ളു. സംസ്ഥാന ഗവൺമെന്റ് അതിനുള്ള അംഗീകാരം ഇതുവരെ നേടിയെടുത്തിട്ടില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത്, തുറമുഖ വകുപ്പുമന്ത്രി ഓരോ മാസവും തുറമുഖ വകുപ്പ് സെക്രട്ടറി രണ്ടാഴ്ചയിലൊരിക്കലും ഈ പ്രോജക്ടിന്റെ മോണിറ്ററിംഗ് നടത്തുമായിരുന്നു. എന്നാൽ ഒരു ദിവസംപോലും ഇവർ മോണിറ്ററിംഗ് നടത്തിയിട്ടില്ല. ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു എംപവേർഡ് കമ്മിറ്റിയുണ്ടെന്നും അത് മോണിറ്ററിംഗ് ചെയ്യുന്നുണ്ടെന്നും ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. അങ്ങനെ മോണിറ്ററിംഗ് ചെയ്യുകയായിരുന്നെങ്കിൽ ഈ കത്ത് ലഭിക്കുന്നതിന് മുൻപുതന്നെ 'നിങ്ങൾ ഈ പണി കൃത്യമായി നടത്തുന്നില്ല' എന്ന് പറഞ്ഞ് ഒരു കടലാസു തുണ്ടെങ്കിലും അവർക്ക് കൊടുക്കേണ്ടതല്ലേ? ഒന്നും കൊടുത്തിട്ടില്ല. കൃത്യമായ മോണിറ്ററിംഗ് നടക്കുന്നില്ല. അതുപോലെ പോർട്ട് സിറ്റി ഡെവലപ്മെന്റ് പ്ലാൻ ഉണ്ടാക്കുന്നതിനുവേണ്ടി, ഒരു ഏരിയ ഡെവലപ്മെന്റ് പ്ലാൻ തയ്യാറാക്കുന്നതിനായി അന്നത്തെ യു.ഡി.എഫ്. ഗവൺമെന്റ് അഹമ്മദാബാദിലെ സെൻട്രൽ യൂണിവേഴ്സിറ്റിയെ ഏൽപ്പിച്ചു. ആ പ്ലാൻ തയ്യാറാക്കുകയോ അതിനുള്ള നടപടികളുമായി മുന്നോട്ടു പോകുകയോ ചെയ്തിട്ടില്ല. അന്ന് 'കമ്പനിയുടെ സാമൂഹ്യ ഉത്തരവാദിത്ത പദ്ധതിയുടെ ഭാഗമായി ഒരു സീ ഫുഡ് പാർക്ക് അവിടെ നിർമ്മിക്കുമെന്ന് പറഞ്ഞിരുന്നു. തദ്ദേശവാസികളായ മത്സ്യത്തൊഴിലാളികൾക്ക് പ്രസ്തുത പാർക്കിൽ ജോലി കൊടുത്തുകൊണ്ട് മത്സ്യത്തെ വാല്യൂ ആഡഡ് പ്രോഡക്ടാക്കി മാറ്റുന്ന വിശാലമായ 'സീഫുഡ് പാർക്ക്' പദ്ധതി എവിടെയുമെത്തിയിട്ടില്ല. അങ്ങനെ കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ നടത്തിയിട്ടുള്ള എല്ലാ കാര്യങ്ങളും ഈ ഗവൺമെന്റ് അവഗണിച്ചിരിക്കുന്നു. അദാനിയും സർക്കാരും ഈ പദ്ധതിയുമായി മുന്നോട്ടുപോകുന്നതിൽ കുറ്റകരമായ കൃത്യവിലോപം കാണിച്ചിരിക്കുന്നു. മാത്രമല്ല, ഈ പദ്ധതിയെ അട്ടിമറിക്കുന്നതിനായി ചില ഉദ്യോഗസ്ഥർ നടത്തിയിട്ടുള്ള...... അക്കാലത്ത്

ഫിഷർമെൻ കമ്മ്യൂണിറ്റിയെ മുന്നിൽ നിർത്തി കേസ് നടത്തി ഇതിനെ അട്ടിമറിക്കാൻ ശ്രമിച്ചു. ഇന്നിപ്പോൾ അക്കൗണ്ടന്റ് ജനറലിന്റെ റിപ്പോർട്ടിലൂടെ ചില റിട്ടയേർഡ് ഉദ്യോഗസ്ഥരെ തിരുകിക്കയറ്റിക്കൊണ്ട് ചില റിപ്പോർട്ടുകൾ ഉണ്ടാക്കിയിരിക്കുന്നു. അത് പമ്പര വിഡ്ഢിത്തമാണെന്ന് ഈ സർക്കാർതന്നെ നിശ്ചയിച്ചിട്ടുള്ള ജുഡീഷ്യൽ കമ്മീഷൻ വിലയിരുത്തിയിട്ടുള്ള കാര്യവും ഈയവസരത്തിൽ ഞാൻ ഓർമ്മിപ്പിക്കുകയാണ്. ഈ പദ്ധതി ഒരു സുപ്രഭാതത്തിൽ ഉറങ്ങിയെഴുന്നേറ്റപ്പോൾ നമുക്ക് വീണുകിട്ടിയതല്ല. കഴിഞ്ഞ ഗവൺമെന്റ് അനുദിനം നടത്തിയ നിരന്തരമായ പരിശ്രമത്തിന്റെ ഭാഗമായിട്ടാണ് ഈ പദ്ധതി യാഥാർത്ഥ്യമായിട്ടുള്ളത്. രണ്ട് സീസണുകളിൽ മാറിമാറി വരുന്ന ഋതുഭേദങ്ങൾ പഠിച്ചുകൊണ്ട് അന്ന് നടത്തിയിട്ടുള്ള പാരിസ്ഥിതിക പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള പബ്ലിക് ഹിയറിംഗിനുശേഷം 4000 പേജുകളുള്ള വിശദമായ പാരിസ്ഥിതിക പഠന റിപ്പോർട്ട് സെൻട്രൽ ഗവൺമെന്റിന് സമർപ്പിച്ചു. ശക്തമായ സമ്മർദ്ദം ചെലുത്തി അതിന് അംഗീകാരം നേടിയെടുത്തു. അതിനുമുമ്പുതന്നെ പ്രതിരോധ അനുമതി നേടിയെടുത്തു. പാരിസ്ഥിതിക അനുമതി നേടിയെടുത്തു കഴിഞ്ഞപ്പോൾ, നേരത്തേ സൂചിപ്പിച്ചപോലെ മത്സ്യത്തൊഴിലാളികളെ മുൻനിർത്തിയുള്ള കേസ്സുകളായി. ഗ്രീൻ ട്രൈബ്യൂണലിലും സുപ്രീംകോടതിയിലുംകൂടി നാല് കേസ്സുകളുണ്ടായി. അന്നത്തെ ഗവൺമെന്റ് വളരെ കാര്യക്ഷമമായി കേസ് നടത്തിയതിന്റെ ഫലമായി ആ നാല് കേസ്സുകളിലും നമ്മൾ വിജയിച്ചു. അതുമാത്രമല്ല, 200 ഏക്കറോളം ഭൂമി അന്ന് ഏറ്റെടുത്തു. ഇന്ന് നമുക്ക് കാണാൻ കഴിയുന്നതെന്താണ്? കഴിഞ്ഞ ദിവസം കീഴാറ്റൂരിലെ ഭൂമിയേറ്റെടുപ്പ് സംബന്ധിച്ച് അടിയന്തര പ്രമേയമുണ്ടായി. കീഴാറ്റൂരിലെ ഭൂമിയേറ്റെടുക്കലുമായി ബന്ധപ്പെട്ട് വലിയ മനുഷ്യാവകാശ ലംഘനങ്ങളും പോലീസ് മർദ്ദനവും സമരപ്പന്തൽ കത്തിക്കലുമെല്ലാം ഉണ്ടായപ്പോൾ, ഇവിടെ 200 ഏക്കർ ഭൂമി ഏറ്റെടുത്തപ്പോൾ പ്രതിഷേധത്തിന്റെ ഒരില കൊഴിയുന്ന ശബ്ദം പോലുമുണ്ടാകാത്തതിന് കാരണം കഴിഞ്ഞ ഗവൺമെന്റ് ജനങ്ങളുമായി നിരന്തരം ചർച്ച നടത്തി അവരുടെ ആവശ്യങ്ങളെല്ലാം അംഗീകരിച്ചുകൊണ്ട് മുന്നോട്ടു പോയതുകൊണ്ടാണ്. അല്ലാതെ അവിടത്തെ ജനങ്ങളെ കഴുകന്മാരായിട്ടല്ല കഴിഞ്ഞ ഗവൺമെന്റ് കണ്ടിട്ടുള്ളത്. കഴിഞ്ഞ ഗവൺമെന്റ് അവരെ മനുഷ്യരായി കണ്ടുകൊണ്ട് അവരുടെ അവകാശങ്ങളെല്ലാം സ്ഥാപിച്ചുകൊണ്ടാണ് മുന്നോട്ടു പോയിട്ടുള്ളത്. ഈ പദ്ധതി നടക്കുന്നതിന്റെ 40 കി.മീ. അപ്പുറത്താണ് കേന്ദ്ര ഗവൺമെന്റ് 25,000 കോടി രൂപ മുടക്കി ഒരു തുറമുഖ പദ്ധതി നടപ്പിലാക്കുന്നത്. പതിനായിരക്കണക്കിന് മത്സ്യത്തൊഴിലാളികൾ ആ പദ്ധതിക്കെതിരായി രംഗത്തുവന്നിരിക്കുന്നു. ഒരു മെഗാ പ്രോജക്ട് നടപ്പിലാക്കുമ്പോൾ

തദ്ദേശവാസികളുടെ പ്രതിഷേധത്തിന്റെ ഒച്ചിഴയുന്ന ശബ്ദംപോലുമുണ്ടാകാതെ ഒരു പദ്ധതി നടപ്പിലാക്കിയത് ഇന്ത്യാ ചരിത്രത്തിലാദ്യമാണ്. അന്നത്തെ ഗവൺമെന്റിന്റെ വളരെ ശുഷ്കാന്തിയോടെയുള്ള, നിരന്തരമായ പരിശ്രമത്തിന്റെ ഭാഗമായാണ് ഈ പദ്ധതി യാഥാർത്ഥ്യമായത്. ആ പദ്ധതിയെ തുരങ്കംവയ്ക്കുന്നതിന് വേണ്ടിയാണ് ഇപ്പോൾ ശ്രമിക്കുന്നത്. അതുകൊണ്ട് ഞങ്ങൾക്ക് പറയാനുള്ളത്, ഈ പാക്കേജ് അടിയന്തരമായി നടപ്പിലാക്കണമെന്നും ചെയ്യേണ്ട കാര്യങ്ങൾ കൃത്യമായി ചെയ്യാൻ ഈ സർക്കാർ തയ്യാറാകണമെന്നുമാണ്. കത്ത് കൊടുക്കുന്നതിന് പിന്നിലുള്ള കാര്യമെന്താണ്? പ്രകൃതി ദുരന്തത്തിന്റെ പേരിലും നിർമ്മാണ സാമഗ്രികളുടെ ലഭ്യതക്കുറവുകൊണ്ടും സമയം നീട്ടിക്കൊടുത്താൽ കരാർ തുകയിൽനിന്നും കാര്യമായ എസ്കലേഷൻ ഈ കമ്പനി പ്രതീക്ഷിക്കുന്നുണ്ട്. അത് കൊടുക്കുന്നതിനും നഷ്ടപരിഹാരത്തിൽ നിന്നും അവരെ ഒഴിവാക്കുന്നതിനും വേണ്ടിയുള്ള ഗൂഢമായ ശ്രമമാണ് ഉണ്ടായിട്ടുള്ളത്. അദാനിയുടെ എല്ലാ വാദങ്ങളും ഈ ഗവൺമെന്റ് അംഗീകരിച്ചിരിക്കുകയാണ്. ഞാൻ ദീർഘിപ്പിക്കുന്നില്ല, വികസനം മുരടിച്ച കേരളത്തിന്റെ ചക്രവാളത്തിലേയ്ക്ക്, കേരളത്തിന്റെ അനന്ത വിഹായസ്സിലേയ്ക്ക്, ശ്രീ. ഉമ്മൻ ചാണ്ടി പറത്തിവിട്ട വികസനത്തിന്റെ പക്ഷിയാണ് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി. ഈ സർക്കാരിന്റെ നിഷ്ക്രിയത്വത്തിന്റെ സൂര്യതാപമേറ്റ് ആ പക്ഷിയുടെ ചിറകുകൾ ഈ മണ്ണിൽ കൊഴിഞ്ഞുവീഴുമ്പോൾ ഞങ്ങൾക്ക് കയ്യുംകെട്ടി നോക്കിയിരിക്കാൻ സാധിക്കുകയില്ല. കാരണം, ഇത് ഞങ്ങളുടെ കുഞ്ഞാണ്. അതുകൊണ്ട് ഈ സർക്കാരിനോട് ഞങ്ങൾക്ക് രണ്ട് കയ്യും കൂപ്പി അഭ്യർത്ഥിക്കാനുള്ളത്, ഞങ്ങളുടെ ആ കുഞ്ഞിനെ, ഈ കേരളത്തിന്റെ കുഞ്ഞിനെ, കഴുത്തുഞെരിച്ച് കൊല്ലരുതേ എന്നാണ്. ഇത്രയും ഗുരുതരമായിട്ടുള്ള സ്ഥിതിവിശേഷം സഭനിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ നിർത്തുകയാണ്.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ബഹുമാനപ്പെട്ട എം.എൽ.എ. ഇവിടെ പ്രമേയം അവതരിപ്പിച്ചു കൊണ്ട് നടത്തിയ വിശദീകരണ പ്രസംഗത്തിൽ സൂചിപ്പിച്ച കാര്യങ്ങളിലെല്ലാം സംസ്ഥാന ഗവൺമെന്റ് ഉചിതമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കമ്പനിയുമായി കഴിഞ്ഞ ഗവൺമെന്റുണ്ടാക്കിയ കരാറും ആ കരാറിന്റെ കാര്യത്തിൽ പിന്തുടർന്നുവന്ന ആശങ്കകളുമെല്ലാം നമുക്കറിയാവുന്നതാണ്. കഴിഞ്ഞ സർക്കാർ പറഞ്ഞത്, പദ്ധതി പൂർത്തീകരിക്കണമെങ്കിൽ അദാനി കമ്പനിക്കുതന്നെ നൽകണമെന്നായിരുന്നു. അദാനി കമ്പനിയുമായുള്ള ബന്ധത്തെക്കുറിച്ചും കരാറിനെ സംബന്ധിച്ചുള്ള വിശദാംശങ്ങളിലേയ്ക്കൊന്നും ഞാൻ കടന്നുപോകുന്നില്ല. ബഹുമാനപ്പെട്ട

എം.എൽ.എ.-യ്ക്ക് ഇപ്പോഴാണ് അദാനി കമ്പനി കെടുകാര്യസ്ഥത കാണിക്കുന്ന കമ്പനിയാണെന്ന് വിശ്വാസമുണ്ടായത്. അതുകൊണ്ട് സംസ്ഥാന സർക്കാരിന്റെ നടപടികൾ പൂർത്തീകരിക്കുന്നതിൽ ഇപ്പറയുന്ന ആശങ്കകളും ഉത്കണ്ഠയും അടിസ്ഥാന രഹിതമാണെന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റ് ചെയ്തതിന്റെ തുടർച്ച എന്ന നിലയിൽ ഈ പദ്ധതി യാതൊരു വിട്ടുവീഴ്ചയുമില്ലാതെ പൂർത്തീകരിക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അസന്നിദ്ധമായി ഈ സഭയിൽ ആവർത്തിച്ചത് ഒരിക്കൽക്കൂടി ഞാൻ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അതുകൊണ്ട് ഇത് സംബന്ധിച്ച് യാതൊരു ആശങ്കയുമില്ല. ഈ പറഞ്ഞ ചില സാങ്കേതിക പ്രശ്നങ്ങൾ ഉണ്ടെന്നുള്ളത് വസ്തുതയാണ്. കമ്പനി ഉന്നയിച്ച കാര്യങ്ങൾ അംഗീകരിച്ചുകൊണ്ട് ഗവൺമെന്റ് മുന്നോട്ടുപോകുകയില്ല, ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ഈ പദ്ധതിക്കുവേണ്ടി 92 ശതമാനം ഭൂമിയും ഏറ്റെടുത്ത് കമ്പനിക്ക് കൈമാറിക്കഴിഞ്ഞു. ഇനി 12 ഏക്കർ ഭൂമി കൂടി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്ന സമയത്തുണ്ടായിരുന്ന കുടുംബങ്ങൾക്ക് അഞ്ച് സെന്റ് ഭൂമിയും വീടിന്റെ വിലയും നിശ്ചിത തുകയും നൽകി പുനരധിവസിപ്പിച്ചിട്ടുണ്ട്. പദ്ധതിമൂലമുണ്ടാകാവുന്ന പ്രയാസങ്ങൾക്ക് പരിഹാരം കാണുന്നതിന് അതാതു ഘട്ടങ്ങളിൽ ചർച്ച നടത്തുകയാണ്. അതിനാവശ്യമായ സമിതി രൂപീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ സാന്നിദ്ധ്യത്തിൽ ഞാൻ നിരവധി തവണ യോഗം ചേരുകയുണ്ടായി. രണ്ട് ഘട്ടങ്ങളിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ യോഗം ചേരുകയും തീരുമാനങ്ങൾ പ്രാവർത്തികമാക്കുന്നതിന് സഹായകരമായ നിലപാടുകളുമായി മുന്നോട്ടുപോകുകയുമാണ്. ഇക്കാര്യത്തിൽ സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്നും കാലതാമസമോ കൃത്യവിലോപമോ ഉണ്ടായിട്ടില്ല. ഈ പദ്ധതിയുടെ കാര്യത്തിൽ അങ്ങനെയൊരു ഗൂഢാലോചന നടത്തേണ്ട ആവശ്യം ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളമില്ല. വിഴിഞ്ഞം പോർട്ടുമായി ബന്ധപ്പെട്ട് കേരളത്തിന്റെ പൊതുവായ വികസന കാര്യങ്ങളെക്കുറിച്ച് ദീർഘമായി സംസാരിക്കുന്നില്ല. ജലഗതാഗത വികസനവും വാണിജ്യ വ്യാപാര ബന്ധവും അന്തർദ്ദേശീയ തുറമുഖ ഭൂപടത്തിൽ വിഴിഞ്ഞത്തിനുള്ള പ്രാധാന്യം കണക്കിലെടുത്തുകൊണ്ടും തന്നെയാണ് ഗവൺമെന്റ് ഈ കാര്യങ്ങളിൽ മുന്നോട്ടുപോകുന്നത്. ഇതിന്റെ ഭാഗമായി തുറമുഖത്തുവരുന്ന കണ്ടെയ്നറുകളെ രാജ്യത്തിന്റെ വിവിധ മേഖലകളിൽ എത്തിക്കുന്നതിന് കൊങ്കൺ റെയിൽവേയുമായി, വിഴിഞ്ഞം തുറമുഖത്തെ ബാലരാമപുരം റെയിൽവേയുമായി ബന്ധിപ്പിക്കുന്നത് സംബന്ധിച്ച് ഒരു പഠനം നടത്തുകയും തുടർ നടപടികളുമായി

മുന്നോട്ട് പോകുകയുമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ റെയിൽവേ അധികൃതരുമായും ഉത്തരവാദപ്പെട്ടവരുമായും റെയിൽവേയുടെ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനുവേണ്ടിയുള്ള കരാർ ഒപ്പു വച്ചിരിക്കുകയാണ്. ഓരോ ഘട്ടങ്ങളിലും ഈ പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ ക്രമാനുഗതമായി സ്വീകരിച്ചുവരികയാണ്. അതിന്റെ ഭാഗമാണ് ഈ പറഞ്ഞ കാര്യങ്ങളെല്ലാം. ഇവിടെ അനാസ്ഥ കാണിച്ചു എന്നു പറഞ്ഞതിനോട് യോജിപ്പില്ല. ഇത്തരം കാര്യങ്ങളിൽ ഗവൺമെന്റ് ആവശ്യമായ നടപടികൾ സ്വീകരിക്കും. ടെണ്ടർ എടുക്കുന്ന ഘട്ടത്തിൽത്തന്നെ ആർ.എഫ്.പി. വാങ്ങിയ കമ്പനിയുമായി പ്രീ-ബിഡ് ചർച്ചകൾ നടത്തിയപ്പോൾ അന്നത്തെ ഉത്തരവാദപ്പെട്ട മന്ത്രിമാർ ഈ കാര്യങ്ങൾ ശ്രദ്ധിച്ചില്ല എന്നതും ടെണ്ടർ സമയത്തിനുമുമ്പ് അദാനിയുമായി ചർച്ച നടത്തി മറ്റ് കാര്യങ്ങളിലേയ്ക്ക് നീങ്ങി എന്നത് സംബന്ധിച്ചും അന്ന് ആക്ഷേപം ഉന്നയിച്ചതാണ്. അതുകൊണ്ട് ഇപ്പോൾ ഇക്കാര്യങ്ങളിൽ ദുരൂഹത പറയുന്ന ബഹുമാന്യരായ സുഹൃത്തുക്കൾ ഇത്രയും ആശങ്കകളും ഉത്കണ്ഠയും ദുരൂഹതയും അന്നുമുണ്ടായിരുന്നു എന്ന കാര്യംകൂടി ഓർക്കുന്നത് നന്നായിരിക്കും.

ഇക്കാര്യങ്ങളെക്കുറിച്ച് പഠനം നടത്തി ഉചിതമായ നടപടി സ്വീകരിക്കുന്നതിന് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ എംപവേർഡ് കമ്മിറ്റിയെയും പ്രോജക്ട് ഇംപ്ലിമെന്റേഷൻ കമ്മിറ്റിയെയും ഒരു ഇൻഡിപെൻഡന്റ് എഞ്ചിനീയറെയും ചുമതലപ്പെടുത്തി അതിന്റെ വ്യവസ്ഥാപിതമായ മാർഗ്ഗങ്ങളിലൂടെയാണ് കാര്യങ്ങൾ നിർവ്വഹിച്ചിട്ടുള്ളത്. അതിന്റെ നിർദ്ദേശങ്ങൾ വന്നിട്ടില്ല, ഗവൺമെന്റ് ഒരു തീരുമാനവുമെടുത്തിട്ടില്ല. കമ്പനിയുടെ നിർദ്ദേശമനുസരിച്ച് കാലാവധി നീട്ടിക്കൊടുക്കാനും അവർ പറയുന്ന ഉപാധികൾ അംഗീകരിക്കാനുമുള്ള നിലപാട് സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചിട്ടില്ല. ഇത് സാങ്കല്പികമായ കാര്യം തന്നെയാണ്. ഉത്തരവാദിത്വത്തോടുകൂടി അത് പൂർത്തീകരിക്കുന്നതിൽ യാതൊരു കൃത്യവിലോപവും സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുകയില്ല എന്നാണ് എനിക്ക് ഒരിക്കൽകൂടി വിശദീകരിക്കാനുള്ളത്. മുല്ലൂർ, വിഴിഞ്ഞം നോർത്ത് പ്രദേശങ്ങളിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളിൽ ജീവനോപാധി നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരം വിതരണം ചെയ്തിട്ടുണ്ട്. നാളിതുവരെ 2378 ഗുണഭോക്താക്കൾക്ക് മണ്ണെണ്ണ നൽകുന്നതിനുൾപ്പെടെ 31.71 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. ഇതുകൂടാതെ അടിമലത്തുറ ഭാഗത്തെ മത്സ്യത്തൊഴിലാളികളുടെ ജീവനോപാധികൾ നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. 18000 അപേക്ഷകൾ നഷ്ടപരിഹാരത്തിന് ലഭിച്ചിട്ടുണ്ട്. പദ്ധതിയുമായി നേരിട്ട്

ബന്ധമുള്ള പ്രദേശങ്ങളിൽ അത് പരിഹരിക്കുന്നതിന് പരിശോധന നടത്തേണ്ടതായിട്ടുണ്ട്. നിരവധി ആളുകൾ അപേക്ഷ സമർപ്പിക്കുമ്പോൾ അർഹതപ്പെട്ട ആളുകൾ ഒഴിഞ്ഞുപോകുന്നതും അനർഹർ ഉൾക്കൊള്ളുന്നതും ഒഴിവാക്കാനാവശ്യമായ ജാഗ്രതയോടുകൂടി പ്രത്യേകമായ സമിതികളെക്കൂടി സംഘടിപ്പിച്ചുകൊണ്ട് ആ പ്രവർത്തനം മുന്നോട്ടു പോകുന്നുണ്ട്. ഇവിടെ ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ചതുപോലെ ഇക്കാര്യങ്ങളിൽ ആശങ്കയോ ഉത്കണ്ഠയോ ഉണ്ടാകേണ്ട കാര്യമില്ല. സംസ്ഥാന ഗവൺമെന്റ് ഈ തുറമുഖം പൂർത്തീകരിക്കുന്നതിനാവശ്യമായ എല്ലാ സൗകര്യങ്ങളും ചെയ്തു കൊടുക്കുമെന്ന് പറഞ്ഞത് ഒരിക്കൽക്കൂടി ആവർത്തിക്കുന്നു. അതിന് സമരങ്ങളോ ജനകീയ പ്രശ്നങ്ങളോ ഉന്നയിക്കുമ്പോൾ അവയ്ക്ക് പരിഹാരം കാണാനും ഈ പദ്ധതിപ്രവർത്തനം സമയോജിതമായി പൂർത്തീകരിക്കാനുമുള്ള നടപടിക്രമങ്ങളിൽ സർക്കാർ സ്വീകരിക്കുന്ന ക്രിയാത്മകമായ ഇടപെടലുകൾക്ക് പിന്തുണയും സഹകരണവും സമാർജ്ജിക്കാനുള്ള സഹായസഹകരണങ്ങൾ ബഹുമാനപ്പെട്ട എം.എൽ.എ.-യുടെയും ഉത്തരവാദപ്പെട്ടവരുടെയും ഭാഗത്തു നിന്നും ഉണ്ടാകണമെന്നാണ് എന്റെ വിനീതമായ അഭ്യർത്ഥന. ഇവിടെ വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട് ഉന്നയിച്ചിട്ടുള്ള മറ്റു കാര്യങ്ങൾക്കെല്ലാംതന്നെ വ്യക്തമായി മറുപടി നൽകിയിട്ടുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട എം.എൽ.എ. ഉന്നയിച്ചതുപോലെയുള്ള ആശങ്കകളും ഉത്കണ്ഠയുമൊന്നും ജനങ്ങളിൽ സൃഷ്ടിക്കേണ്ട കാര്യമില്ല. മറ്റ് സംസ്ഥാനങ്ങളിലുണ്ടായ തുറമുഖത്തെക്കുറിച്ച് ആശങ്കപ്പെടേണ്ട, അവിടെ വരികയോ വരാതിരിക്കുകയോ ചെയ്യട്ടെ. ക്രിയാത്മകമായ നിലപാട് മാത്രമേ സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളൂ. സംസ്ഥാന ഗവൺമെന്റ് ചെയ്യേണ്ട കാര്യങ്ങൾ പൂർണ്ണരൂപത്തിൽ നിർവ്വഹിക്കുമെന്ന് അസന്നിഗ്ദ്ധമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് ഒരിക്കൽക്കൂടി ആവർത്തിച്ചുകൊണ്ടും ബഡ്ജറ്റ് ചർച്ചാ വേളയിൽ സംസാരിച്ചതിനെക്കാൾ കൂടുതലായി പ്രത്യേകിച്ച് ഒരു സാഹചര്യവും ഉണ്ടാകാത്ത പശ്ചാത്തലത്തിൽ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട യാതൊരാവശ്യവുമില്ല എന്ന് ഒരിക്കൽക്കൂടി അറിയിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

മി.സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാന്യനായ തുറമുഖ വകുപ്പുമന്ത്രി വളരെ ലാഘവത്തോടുകൂടിയാണ് ഇക്കാര്യത്തെ സമീപിക്കുന്നത്. ലൈറ്റ് മെട്രോയെയും ശ്രീധരനെയും ഓടിച്ചുവിട്ടതും കേരളത്തിലെ സ്വപ്ന പദ്ധതിയായ വിഴിഞ്ഞം പദ്ധതി വെള്ളത്തിലാകുന്നു എന്നുള്ള ആശങ്കയുമാണ് ഞങ്ങളെ ഈ അടിയന്തരപ്രമേയം അവതരിപ്പിക്കാൻ നിർബന്ധിതരാക്കിയത്. സർക്കാരിന്റെ ജാഗ്രതക്കുറവും പിടിപ്പുകേടും കൊണ്ടാണ് ഇത്തരമൊരു സാഹചര്യം സംജാതമായിരിക്കുന്നത്. ഈ സർക്കാർ അധികാരമേറ്റശേഷം പുതുതായി ഒരു പദ്ധതിയും ആരംഭിച്ചിട്ടില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. യു.ഡി.എഫ്. സർക്കാർ ആരംഭിച്ച ഓരോ പദ്ധതികളും കാര്യക്ഷമതയില്ലാത്തതുകൊണ്ടും പിടിപ്പുകേടുകൊണ്ടും പാതിവഴിയിൽ ഉപേക്ഷിക്കേണ്ടിവരികയോ അല്ലെങ്കിൽ പൂർത്തീകരിക്കാൻ കഴിയാതെ വരികയോ ചെയ്യുന്നു എന്നുള്ളതാണ് യാഥാർത്ഥ്യം. 2018-ൽ 7525 കോടി രൂപയുടെ കരാറിൽ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം നിർമ്മിക്കുന്നതിന് ബഹുമാന്യനായ മുൻ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി ശക്തമായ താല്പര്യമെടുത്തതിന്റെ ഫലമായിട്ടാണ് അദാനി ഗ്രൂപ്പുമായി അന്ന് സർക്കാർ കരാർ ഒപ്പിട്ടത്. 1460 ദിവസംകൊണ്ട് അതായത്, നാലുവർഷംകൊണ്ട് പണി പൂർത്തിയാക്കാം എന്നായിരുന്നു കരാർ. അത്രയും ദിവസം വേണ്ടെന്നും 1000 ദിവസം കൊണ്ടുതന്നെ വിഴിഞ്ഞം പദ്ധതി പൂർത്തീകരിക്കുമെന്നുമാണ് അന്ന് അദാനി ഗ്രൂപ്പ് പരസ്യമായി പ്രഖ്യാപിച്ചത്. പദ്ധതി വൈകിയാൽ ഓരോ ദിവസവും 12 ലക്ഷം രൂപ വീതം അദാനി ഗ്രൂപ്പ് സംസ്ഥാന സർക്കാരിന് നഷ്ടപരിഹാരം നൽകണമെന്നതായിരുന്നു കരാറിലെ പ്രധാന വ്യവസ്ഥ. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഈ പദ്ധതി ഊർജ്ജസ്വലമായിട്ടാണ് മുന്നോട്ടുപോയത്. ഇടതുമുന്നണി അധികാരത്തിലേറിയതു മുതൽ പണി മന്ദഗതിയിലാകുകയും ചെയ്തു. ഇപ്പോൾ നിശ്ചിത സമയത്ത് പണി പൂർത്തിയാക്കാൻ കഴിയില്ലെന്ന് അദാനി ഗ്രൂപ്പുതന്നെ രേഖാമൂലം സംസ്ഥാന സർക്കാരിനെ അറിയിച്ചിരിക്കുന്നു എന്നുള്ളതാണ് ആശങ്കാജനകമായ ഒരു കാര്യം. ഓഖി ചുഴലിക്കാറ്റുമൂലം തുറമുഖത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിരുന്ന ഡ്രെഡ്ജറിലുണ്ടായ കേടുപാടാണ് പദ്ധതി സമയത്തിന് പൂർത്തിയാക്കാൻ സാധിക്കാത്തതിന് കാരണമെന്നാണ് അദാനി ഗ്രൂപ്പ് പറഞ്ഞിട്ടുള്ളത്. നിശ്ചിത സമയത്തിനുശേഷം 16 മാസംകൂടി വേണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടിരിക്കുന്നു. ഇവിടെ രസകരമായ ഒരു കാര്യം, അദാനി ഗ്രൂപ്പ് ഇത് ആവശ്യപ്പെടുന്നതിനുമുമ്പ് ബഹുമാന്യനായ മന്ത്രി ചോദ്യം നമ്പർ 290-ൽ പറയുന്നത്, 'എന്നാൽ നിർമ്മാണം ആയിരം ദിവസംകൊണ്ട് പൂർത്തീകരിക്കാമെന്ന് കരാറുകാരനായ അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് വാഗ്ദാനം ചെയ്തിരുന്നു. എന്നാൽ 2017 നവംബർ 30-ന് കേരളതീരത്ത് ആഞ്ഞുവീശിയ ഓഖി ചുഴലിക്കാറ്റും പാറ ലഭിക്കുന്നതിനുള്ള പ്രയാസവും നിർമ്മാണ പുരോഗതിയെ തടസ്സപ്പെടുത്തിയതു കൊണ്ട് ആയിരം ദിവസംകൊണ്ട്, കാലാവധിക്കുമുമ്പ് നിർമ്മാണം പൂർത്തീകരിക്കുന്ന കാര്യം സംശയമാണ് എന്നാണ്. അദാനി കമ്പനി പോലും

കത്ത് കൊടുക്കുന്നത് 20-ാം തീയതിയാണ്. അദാനിക്ക് ഇത് പൂർത്തീകരിക്കാൻ സാധിക്കില്ല എന്ന് മന്ത്രി 13-ാം തീയതി ഉത്തരം തരികയാണ്. ഇത് എന്ത് ന്യായമാണ്? അദാനിപോലും ആവശ്യപ്പെടുന്നതിനുമുമ്പ് നിയമസഭയിൽ ചോദ്യത്തിനുത്തരമായി ബഹുമാന്യനായ മന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി പറയുന്നത് ഓഖി ചുഴലിക്കാറ്റുകൊണ്ട് ഡ്രെഡ്ജർ നഷ്ടപ്പെട്ടു അല്ലെങ്കിൽ കേടായി അതുകൊണ്ട് സമയത്തിന് പണി പൂർത്തിയാക്കാൻ സാധിക്കുകയില്ല എന്ന്. ഇത് കള്ളക്കളിയല്ലേ? അദാനിപോലും ആവശ്യപ്പെടുന്നതിനുമുമ്പ് അദ്ദേഹത്തിന്റെ വാദഗതികൾ ഈ നിയമസഭയിൽ പറഞ്ഞത് കള്ളക്കളി അല്ലെങ്കിൽപ്പിന്നെ എന്താണ്? അതാണ് ഞങ്ങൾക്ക് മനസ്സിലാകാത്തത്. ഇതൊരു കള്ളക്കളിയാണ്. ഓഖി ദുരന്തത്തിന്റെ പേരുപറഞ്ഞ് സംസ്ഥാന സർക്കാരിന് നഷ്ടപരിഹാരം നൽകുന്നതിൽനിന്ന് ഒഴിഞ്ഞുമാറുകയാണ്. കാലതാമസം വന്നാൽ നഷ്ടപരിഹാരം നൽകണം, ആ നഷ്ടപരിഹാരം നൽകുന്നതിൽ നിന്ന് അദാനിയെ രക്ഷിക്കാൻവേണ്ടി എന്തിനാണ് ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി നിയമസഭയിൽ ഇങ്ങനെ മറുപടി പറഞ്ഞത് എന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഇതിന് പിന്നിലുള്ള കാര്യം എന്താണെന്ന് മനസ്സിലാകുന്നില്ല. തുറമുഖ വകുപ്പുമന്ത്രിക്ക് വേറൊരു വകുപ്പുമില്ല, ഈ വകുപ്പ് മാത്രമേയുള്ളൂ. അതെങ്കിലും അദ്ദേഹത്തിന് നല്ലതുപോലെ നടത്തിക്കൂടേ? വേറെ ഏതെങ്കിലും വകുപ്പുണ്ടെങ്കിൽ ജോലി തിരക്കാണെന്ന് പറയാമായിരുന്നു. വേറെ ഒരു വകുപ്പും ഉള്ളതായി എനിക്ക് തോന്നുന്നില്ല. പുരാവസ്തു കൂടിയുണ്ട്. ഇവിടെ തുടക്കം മുതൽതന്നെ ഇടതുമുന്നണി സർക്കാർ ഈ പദ്ധതിക്ക് എതിരായിരുന്നു. കരാറിൽ ശ്രീ. ഉമ്മൻ ചാണ്ടി ഗവൺമെന്റ് ഒപ്പിടുന്ന സമയത്ത് ഇടതു മുന്നണി ഗവൺമെന്റ് വൻപ്രചരണമാണ് നടത്തിയത്. ഭൂമി കച്ചവടമാണ്, അഴിമതിയാണ് തുടങ്ങിയ പ്രചരണങ്ങളാണ് നടത്തിയിരുന്നത്. ഇടതു മുന്നണി അധികാരത്തിൽ വന്നശേഷം ഈ പദ്ധതി ഊർജ്ജസ്വലമായി നടപ്പാക്കാൻ ഒരു ശുഷ്കാന്തിയും കാണിച്ചില്ല. പദ്ധതിക്കുവേണ്ടി കുടിയൊഴിക്കപ്പെട്ടവരെ സമയബന്ധിതമായി പുനരധിവസിപ്പിക്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിച്ചില്ല. ഇതു കാരണം നാട്ടുകാർക്ക് വിഴിഞ്ഞം പദ്ധതിക്കുവേണ്ടി ഉപരോധ സമരംപോലും നടത്തേണ്ടിവന്നു. കഴിഞ്ഞ ഗവൺമെന്റ് പുനരധിവാസ പദ്ധതി പ്രഖ്യാപിക്കുകയും എല്ലാവരെയും വിശ്വാസത്തിലെടുക്കുകയുമാണ് ചെയ്തത്. മത്സ്യത്തൊഴിലാളികൾക്ക് ഇവിടെ ഒരു പ്രശ്നവും ഉണ്ടായില്ല. പക്ഷേ ആ പദ്ധതി നടപ്പാക്കാൻ കാലതാമസമുണ്ടായപ്പോഴാണ് അവിടെ പ്രതിഷേധം ഉയർന്നുവന്നത്. വിഴിഞ്ഞം പദ്ധതി കാരണം ഭൂമിയും തൊഴിലും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് കൃത്യസമയത്ത് നഷ്ടപരിഹാരം നൽകുന്നതിൽ സർക്കാരിന് വീഴ്ചയുണ്ടായി. എല്ലാ കാര്യത്തിലുമെന്നപോലെ വിഴിഞ്ഞം പദ്ധതിയുടെ കാര്യത്തിലും സർക്കാർ ഉറങ്ങുകയാണ് ചെയ്തത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് മുഖ്യമന്ത്രിയും തുറമുഖ വകുപ്പുമന്ത്രിയും ഈ പദ്ധതി വിലയിരുത്തുകയും സമയാസമയങ്ങളിലുണ്ടാകുന്ന പ്രശ്നങ്ങളിൽ ഇടപെടുകയും ചെയ്തിരുന്നു. ഇവിടെ പാറയുടെ ക്ഷാമത്തെക്കുറിച്ച്

പറഞ്ഞു. പാറയ്ക്ക് ക്ഷാമമുണ്ടാകുമ്പോൾ സർക്കാർ ഇടപെടേണ്ടതല്ലേ; എത്ര വൈകിയാണ് സർക്കാർ ഇടപെട്ടത്; അതുകൊണ്ട് എത്ര ദിവസമാണ് നഷ്ടപ്പെട്ടത്. ഒരു പദ്ധതി ആരംഭിക്കുമ്പോൾ ധാരാളം സാങ്കേതിക പ്രശ്നങ്ങളുണ്ടാകും. ആ പ്രശ്നങ്ങളിൽ സർക്കാർ ഇടപെടുകയല്ലേ ചെയ്യേണ്ടത്; അദാനിക്കുമാത്രം വിട്ടുകൊടുക്കുകയാണോ ചെയ്യേണ്ടത്. സർക്കാർ ഇടപെട്ട് പ്രശ്നപരിഹാരത്തിന് മുൻകയ്യെടുക്കുകയും നടപടികൾ സ്വീകരിക്കുകയുമല്ലേ ചെയ്യേണ്ടത്; അതിവിടെ ഉണ്ടായിട്ടില്ല. 3.10 കിലോമീറ്റർ പുലിമുട്ട് നിർമ്മിക്കുന്നതിന് 72 ലക്ഷം മെട്രിക് ടൺ പാറയാണ് വേണ്ടിയിരുന്നത്. 600 മീറ്റർ പുലിമുട്ട് മാത്രമാണ് നിർമ്മിക്കാനായത്. അതിൽത്തന്നെ 200 മീറ്റർ തിരമാലകളിൽപ്പെട്ട് തകരുകയും ചെയ്തു. അതായത്, പണിയുടെ ചെറിയൊരു ശതമാനംപോലും ഇനിയും പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. ഇനി എന്നാണ് ഇത് പൂർത്തിയാക്കുന്നത് എന്നതു സംബന്ധിച്ച് ആർക്കും നിശ്ചയമില്ലാത്ത അവസ്ഥയാണ്. പദ്ധതി അവതാളത്തിലാകുന്നതിന്റെ ലക്ഷണം നേരത്തെ തന്നെയുണ്ടായിരുന്നു. പദ്ധതിയുടെ മുഖ്യശില്പികളിൽ ഒരാളും സംസ്ഥാന സർക്കാരുമായി കരാറൊപ്പിട്ട ഉദ്യോഗസ്ഥനുമായ സന്തോഷ് കുമാർ മഹാപാത്ര 2018 ജനുവരി 19-ന് സി.ഇ.ഒ. സ്ഥാനം രാജിവച്ചു. പദ്ധതി സമയബന്ധിതമായി തീർക്കാൻ കഴിയാതെവരുന്ന എന്നുള്ള മനോവിഷമമാണ് രാജിവയ്ക്കാനുള്ള കാരണമെന്ന് എല്ലാ മാധ്യമങ്ങളും റിപ്പോർട്ട് ചെയ്ത കാര്യമാണ്. അപ്പോഴെങ്കിലും സംസ്ഥാന സർക്കാർ ഉണർന്ന് പ്രവർത്തിച്ച് ഈ പ്രശ്നത്തിൽ ഇടപെടേണ്ടതായിരുന്നു. വിഴിഞ്ഞം പദ്ധതിയുടെ കാര്യത്തിൽ എൽ.ഡി.എഫ്. ഗവൺമെന്റിന് ഇരട്ട മനസ്സാണ്. പദ്ധതി മുന്നോട്ടുകൊണ്ടുപോകുന്നതോടൊപ്പം അതിൽ ജുഡീഷ്യൽ അന്വേഷണം കൂടി പ്രഖ്യാപിച്ചു എന്നത് നല്ല കാര്യംതന്നെയാണ്. ജുഡീഷ്യൽ അന്വേഷണം പ്രഖ്യാപിച്ച് അതിന് അപ്പോയിന്റ് ചെയ്ത രാമചന്ദ്രൻ നായർ കമ്മീഷൻ റിപ്പോർട്ടിലെ ഒരു വാചകം ഞാൻ വായിക്കാം. "പൂർണ്ണമായും സർക്കാർ സഹായത്തോടെയുള്ള പദ്ധതിയുടെ സാമ്പത്തിക വിലയിരുത്തലിനെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഗണത്തിൽപ്പെടുത്തിയ സി.ആന്റ് എ.ജി.-യുടെ നടപടി വിഡ്ഢിത്തവും ബുദ്ധിശൂന്യവുമാണെന്ന് കമ്മീഷൻ വിലയിരുത്തുന്നു." വിഴിഞ്ഞത്തിനെതിരെ സി.ആന്റ് എ.ജി. നടത്തിയ വിമർശനം വിഡ്ഢിത്തമെന്ന് ജുഡീഷ്യൽ കമ്മീഷന്റെ റിപ്പോർട്ടിൽ പറയുന്നു. കഴിഞ്ഞ ഗവൺമെന്റ് കൊണ്ടുവന്ന കേരളത്തിന്റെ സ്വപ്ന പദ്ധതിയെ ഇല്ലാതാക്കാൻവേണ്ടി ആരോപണമുന്നയിച്ചവർക്കുള്ള ശക്തമായ മറുപടിയാണ് ജുഡിഷ്യൽ കമ്മീഷൻ നൽകിയിട്ടുള്ളത്. പദ്ധതിയിൽ അപാകതയുണ്ടെങ്കിൽ അത് നിർത്തിവയ്ക്കണം. അതിന് സർക്കാർ ധൈര്യം കാണിച്ചില്ല. ഈ പ്രശ്നത്തിൽ അഴിമതിയുള്ളതായി സംശയമുണ്ടെങ്കിൽ നിങ്ങളിത് നിർത്തിവയ്ക്കണമെന്ന് ഞങ്ങൾ അന്ന് വെല്ലുവിളിച്ചതാണ്. ഗവൺമെന്റ് അത് നിർത്തിവച്ചില്ല. കാരണം അതിനുള്ള ധൈര്യം കാണിക്കാൻ ഗവൺമെന്റിന് കഴിയില്ലായിരുന്നു. കേരളത്തിലെ ജനങ്ങളുടെ സ്വപ്ന പദ്ധതിയാണിത്. അനാവശ്യമായ ആരോപണങ്ങളുന്നയിച്ച്

തെറ്റായ പുകമറയുണ്ടാക്കി ഇത്തരം വികസന പദ്ധതികളെ തുരങ്കം വയ്ക്കുന്ന മാർക്സിസ്റ്റ് പാർട്ടിയുടെ സമീപനമാണ് ഇക്കാര്യത്തിലും തുടർന്നുവന്നത്. ആ മനോഭാവം ഇപ്പോഴും ഗവൺമെന്റിനുള്ളതുകൊണ്ടാണ് ഈ പദ്ധതിയുടെ കാര്യത്തിൽ ഗവൺമെന്റ് ശുഷ്കാന്തി കാട്ടാത്തത് എന്നാണ് ഞങ്ങൾക്ക് പറയാനുള്ളത്. കേരളത്തിന്റെ ദീർഘകാല സ്വപ്ന പദ്ധതിയാണ് വിഴിഞ്ഞം. കേരളത്തിന് സമീപത്തായി കേന്ദ്ര ഗവൺമെന്റ് സഹായത്തോടെ തമിഴ്നാട് കുളച്ചൽ പദ്ധതി ആരംഭിക്കുന്നു. കുളച്ചൽ പദ്ധതി കേരളത്തിന് ഭീഷണി തന്നെയാണ്. ആ പദ്ധതികൂടി കണ്ടുകൊണ്ടാണ് വിഴിഞ്ഞം പദ്ധതി നേരത്തെ നടപ്പാക്കാൻ നമ്മൾ തീരുമാനിച്ചത്. കേരളത്തിന്റെ വികസന കുതിപ്പിന് നേതൃത്വം നൽകാൻ കഴിയുന്ന, സംസ്ഥാനത്തിന്റെ മുഖച്ഛായ തന്നെ മാറ്റുന്ന ഒരു പദ്ധതിയാണിത്. ഈ പദ്ധതി വൈകിയാൽ അതിന്റെ ഗുണം ലഭിക്കുന്നത് കുളച്ചൽ പോലുള്ള പദ്ധതികൾക്കായിരിക്കും എന്ന കാര്യം നമ്മൾ മനസ്സിലാക്കേണ്ടതാണ്. അതുകൊണ്ടുതന്നെ സർക്കാർ ഈ പദ്ധതി വൈകിപ്പിക്കാൻ മുൻകയ്യെടുക്കരുത്. സങ്കുചിതമായ രാഷ്ട്രീയ താല്പര്യങ്ങൾ മാറ്റിവച്ചുകൊണ്ട് ഈ പദ്ധതി നടപ്പാക്കാനുള്ള ഇച്ഛാശക്തിയാണ് ഗവൺമെന്റ് കാണിക്കേണ്ടത്. അദാനി പറയുന്നതെല്ലാം മുഖവിലയ്ക്കെടുക്കേണ്ട കാര്യം സർക്കാരിനില്ല. ഓഖി ദുരന്തത്തിൽ ഒരു ഡ്രഡ്ജർ കേടായി എന്നതിന്റെ പേരിൽ 6 മാസത്തെ സമയംകൂടി നീട്ടി ചോദിക്കുന്നതിൽ എന്ത് യുക്തിയാണുള്ളത്. ഒരു ഡ്രഡ്ജർ നന്നാക്കാൻ എത്രസമയമാണ് വേണ്ടിവരുന്നത്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി 13-ാം തീയതി നൽകിയ ഉത്തരം, 20-ാം തീയതി അദാനിയുടെ കത്ത് ഇതെല്ലാം സംശയാസ്പദമായ കാര്യമാണ്. ഗവൺമെന്റ് ഇക്കാര്യത്തിൽ കാണിക്കുന്ന അനാസ്ഥയും ഉദാസീനതയും വളരെ പ്രകടമാണ്. വിഴിഞ്ഞം പദ്ധതി വൈകിപ്പിക്കാനുള്ള ഈ ശ്രമങ്ങൾ ഒരു കാരണവശാലും നീതീകരിക്കാൻ കഴിയുന്നതല്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെയുണ്ടായിരുന്നെങ്കിൽ ഈ കാര്യത്തിൽ ഇടപെടണമെന്ന് അദ്ദേഹത്തോട് ആവശ്യപ്പെടുമായിരുന്നു. കേരളത്തിന്റെ സ്വപ്ന പദ്ധതി വൈകിപ്പിക്കാനും അദാനി ഗ്രൂപ്പിന് ലാഭമുണ്ടാക്കാനുമുള്ള ഒരു നടപടിയോടും കേരളത്തിന് യോജിക്കാൻ കഴിയില്ല. ഇതിനെ ലാഘവ ബുദ്ധിയോടുകൂടി സമീപിച്ച മന്ത്രിയുടെ നടപടിയിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

10.00 A M ]

<u>ഡോ. എം. കെ. മുനീർ</u>: സർ, വിഴിഞ്ഞം പോർട്ട് പദ്ധതിയെ പുരാവസ്തുവാക്കി മാറ്റരുതെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് ഞങ്ങൾക്ക് പറയാനുള്ളത്.

ഞങ്ങൾക്കുണ്ടായ സ്വാഭാവികമായ സംശയത്തിന് അങ്ങ് മറുപടി പറഞ്ഞില്ല. സർക്കാരിന് ഓരോ ദിവസം കഴിയുന്തോറും അദാനി കമ്പനി നൽകേണ്ട നഷ്ടപരിഹാരം എങ്ങനെ ഒഴിവാക്കിക്കിട്ടുമെന്ന് അദ്ദേഹം ആലോചിച്ചു കൊണ്ടിരിക്കുമ്പോൾ അതിന് വഴി ഞാൻ പറഞ്ഞുതരാമെന്ന രീതിയിലാണ് അങ്ങ് നിയമസഭയിൽ മറുപടി നൽകിയത്. ഞങ്ങൾക്ക് ഇക്കാര്യത്തിൽ സംശയം കൂടാൻ കാരണം, വിഴിഞ്ഞം പോർട്ട് പദ്ധതിയിൽ താല്പര്യം പ്രകടിപ്പിച്ചുകൊണ്ട് താനൂരിലുള്ള എം.എൽ.എ.-യാണ് ചോദ്യം ചോദിച്ചിരിക്കുന്നത്. ഭരണപക്ഷത്തുനിന്നുതന്നെ ചോദ്യവും മറുപടിയും വരുന്നു, അതിനുശേഷം കുറെ ദിവസം കഴിഞ്ഞ് അദാനി ഇതേ രണ്ടുകാര്യങ്ങൾവച്ച് ഞങ്ങൾക്ക് സമയം നീട്ടി നൽകണമെന്ന് ആവശ്യപ്പെടുന്നു. ഒന്ന്, ഗ്രാനൈറ്റ് ലഭിക്കുന്നില്ല എന്നതും മറ്റൊന്ന് ഡ്രഡ്ജർ ഇല്ല എന്നുള്ളതും. രണ്ട് ഡ്രഡ്ജർ ഓഖി ചുഴലിക്കാറ്റിൽ പൊളിഞ്ഞുപോയി എന്നാണ് പറയുന്നത്. 7000 കോടി രൂപയുടെ പദ്ധതിക്ക് രണ്ട് ഡ്രഡ്ജറുമായാണോ അദാനി വരേണ്ടത്; സ്റ്റാന്റ്ബൈ ആയി 8 ഡ്രഡ്ജറെങ്കിലും അവിടെ വേണ്ടതല്ലേ; ഡ്രഡ്ജറുകൾ ലഭിക്കാൻ അത്രയ്ക്ക് ബുദ്ധിമുട്ടാണോ? ഇന്ന് ആധുനികമായ ഡ്രഡ്ജറുകൾ കുറഞ്ഞ വിലയ്ക്കുതന്നെ വാങ്ങാൻ കിട്ടുന്നുണ്ട്. കൂടാതെ, വാടകയ്ക്ക് ഡ്രഡ്ജറുകൾ ലഭിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ രണ്ട് ഡ്രഡ്ജർ കൊണ്ടുപോയി വച്ചിട്ട് ഒന്ന് പൊളിഞ്ഞുപോയി, ഒന്ന് അങ്ങനെയായിപ്പോയി, ഇനി കൊച്ചിൻ ഷിപ്പ്യാർഡിലോ ചെന്നൈയിലോ കൊണ്ടുപോയാലെ ശരിയാക്കാൻ കഴിയൂ, അത് ശരിയാക്കി വരണമെങ്കിൽ സെപ്റ്റംബർ മാസം ആകണം എന്നൊക്കെ പറയുമ്പോൾ അത് വിശ്വസിച്ച് നിയമസഭയിൽ മുൻകൂട്ടി അതിന് മറുപടി പറഞ്ഞത് ഞങ്ങൾക്ക് വലിയ സംശയങ്ങളുണ്ടാക്കുന്നു. നമ്മൾ വിഴിഞ്ഞം പദ്ധതി എങ്ങനെയാണ് നേടിയെടുത്തത്? ദേശീയതലത്തിൽ കോൺഗ്രസിന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റായിരുന്നുവെങ്കിലും അന്നത്തെ തുറമുഖ വകുപ്പുമന്ത്രിക്ക് ഈ പദ്ധതി ഇവിടെ അനുവദിക്കുന്നതിന് താല്പര്യമുണ്ടായിരുന്നില്ല. കാരണം അദ്ദേഹത്തിന്റെ സംസ്ഥാനത്തിൽ വിഴിഞ്ഞം പദ്ധതി ആവശ്യമില്ല, കുളച്ചൽ പദ്ധതി മതിയെന്ന് പറഞ്ഞപ്പോൾ അന്നത് പിടിച്ചുവാങ്ങിയത് ഐക്യജനാധിപത്യ മുന്നണിയാണ്. വിഴിഞ്ഞം നാച്വറൽ പോർട്ടാണ്. വിഴിഞ്ഞം പദ്ധതി നടപ്പായാൽ തകരാൻ പോകുന്നത് ലോകത്തുള്ള മറ്റ് പോർട്ടുകളാണ്. ശ്രീലങ്കൻ പോർട്ടുവഴി പോകേണ്ട എല്ലാ കപ്പലുകളും വിഴിഞ്ഞം വഴി പോകേണ്ടിവരും. കപ്പലുകൾക്ക് കരയോളം വന്നടുക്കാൻ സാധിക്കുന്ന ഇത്രയും നാച്വറൽ ഡെപ്ത്തുള്ള പോർട്ട് വന്നുകഴിഞ്ഞാൽ ലോകശ്രദ്ധ ആകർഷിക്കുന്ന രീതിയിൽ കേരളം മാറും. ഒരവലോകനം പോലുമില്ലാതെ അത് പോയാൽ പോകട്ടെ എന്ന രീതിയിൽ, മാത്രമല്ല ഒരു ജുഡീഷ്യൽ കമ്മീഷനെ കൊണ്ടുവന്ന് അതിലൂടെ ഇത് എങ്ങനെയെങ്കിലും torpid

ചെയ്യാൻ പറ്റുമോ എന്നുവരെ പരിശോധിച്ച് ജുഡിഷ്യൽ കമ്മീഷൻ സി.ആന്റ് എ.ജി. റിപ്പോർട്ടിൽ യാതൊരു കഴമ്പുമില്ലെന്ന് പറഞ്ഞിട്ടും ഇത് ആരുടെയെങ്കിലും തലയിൽ കെട്ടിവയ്ക്കാതെ ഏറ്റെടുക്കേണ്ടിയിരുന്നു. പോർട്ടിന്റെ മാത്രം ചുമതലയുള്ള അങ്ങ് സമയം കണ്ടെത്തി, വിഴിഞ്ഞം പദ്ധതിക്ക് ആഴ്ചയിലൊരു ദിവസം ചെലവഴിച്ചിരുന്നുവെങ്കിൽ ഇത് കൃത്യമായി നടന്നുപോകുമായിരുന്നു. ഈ പദ്ധതി നഷ്ടപ്പെടുമോ എന്ന ഭയമുണ്ട്. ഇവിടെ ഓരോ പദ്ധതികളായി നഷ്ടപ്പെടുന്നു, മെട്രോ പോയി, അങ്ങനെ ഓരോ പദ്ധതികളും നഷ്ടപ്പെടുത്തി കേരളത്തെ എങ്ങോട്ട് കൊണ്ടുപോകാനാണ്, എവിടെയാണ് നവകേരളം വരാൻപോകുന്നത് എന്നതിനെക്കുറിച്ച് ഞങ്ങൾക്ക് അറിയാൻ താല്പര്യമുണ്ട്. ഇതൊന്നും ചർച്ച ചെയ്യാൻ താല്പര്യം കാണിക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. കെ. എം. മാണി: സർ, പ്രകൃതി ദുരന്തം മറയാക്കി കാലാവധി നീട്ടിക്കിട്ടാനുള്ള ശ്രമം ഒരിക്കലും അനുവദനീയമല്ല. അങ്ങനെ ഒരിക്കലും കാലാവധി നീട്ടിക്കൊടുക്കാൻ പാടില്ല. പ്രകൃതിദുരന്തം കാരണം അദാനിക്ക് നഷ്ടമുണ്ടായിട്ടുണ്ടെന്ന് പറയുന്നു. അതിന് ഇൻഷ്വറൻസ് പരിരക്ഷ കിട്ടും. പകരം കാലാവധി നീട്ടിക്കിട്ടണമെന്ന് പറയുന്നതിൽ യാതൊരു ന്യായീകരണവുമില്ല. ഇക്കാര്യത്തിൽ ഗവൺമെന്റ് ഉറച്ച നിലപാട് സ്വീകരിക്കണം. അദാനിക്ക് സഹായകരമായ നിലപാടാണ് ഗവൺമെന്റ് സ്വീകരിക്കുന്നത് എന്നുള്ളത് വളരെ ദുഃഖകരവും ലജ്ജാകരവുമായിട്ടുള്ള കാര്യമാണ്. ഗവൺമെന്റിന്റെ ഈ നയത്തിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. എം. മാണിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട സ്വപ്ന പദ്ധതികളിൽ ഒന്നാണ് വിഴിഞ്ഞം പദ്ധതി. ആ പദ്ധതി അനസ്യൂതമായി നീണ്ടുപോകുന്ന സാഹചര്യമാണ് ഇന്നുള്ളത്. ഗവൺമെന്റ് അക്കാര്യത്തിൽ ശക്തമായ നിലപാട് സ്വീകരിക്കണമെന്നാണ് ഞങ്ങൾക്ക് പറയാനുള്ളത്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട സി.ഇ.ഒ. രാജിവച്ചതുൾപ്പെടെയുള്ള കാര്യങ്ങൾ നമ്മുടെ മുമ്പിലുണ്ട്. സർക്കാരിന്റെ കൃത്യമായ നിലപാട് ഇല്ലായ്മ, നിസ്സഹായ സമീപനം എന്നിവ ഇവിടെ കാണാൻ കഴിയുന്നുണ്ട്. പ്രകൃതി ദുരന്തത്തെ മുൻനിർത്തി പദ്ധതിയുടെ കാലാവധി നീട്ടിയെടുക്കാൻ അദാനി ഗ്രൂപ്പ് ശ്രമിക്കുമ്പോൾ ദയവായി

അവർക്ക് കുട ചൂടുന്ന സമീപനം ഗവൺമെന്റ് സ്വീകരിക്കരുത്. അവരിൽ നിന്ന് പിഴ ഈടാക്കാനുള്ള നടപടികളുണ്ടാകണം. പ്രതിപക്ഷ നേതാവ് ചൂണ്ടിക്കാണിച്ചതുപോലെ അദാനി ഗ്രൂപ്പ് കത്ത് തരുന്നതിന് മുമ്പ് ബഹുമാനപ്പെട്ട മന്ത്രി നിയമസഭയിൽ മറുപടി നൽകിയത് തീർച്ചയായും ദുരൂഹത ഉളവാക്കുന്ന ഒന്ന് തന്നെയാണ്. നെടുമ്പാശ്ശേരി പദ്ധതി മുതൽ യു.ഡി.എഫ്. ഗവൺമെന്റ് കൊണ്ടുവന്നിട്ടുള്ള പദ്ധതികളുടെ തുടർച്ച മാത്രമാണ് പലപ്പോഴും നിങ്ങൾക്ക് ചെയ്യാൻ കഴിഞ്ഞിട്ടുള്ളത്. യു.ഡി.എഫ്. തുടങ്ങിയതല്ലാത്ത ഏതെങ്കിലും ഒരു പുതിയ പദ്ധതി കേരളത്തിന് നൽകാൻ ഒരു ഇടതുപക്ഷ സർക്കാരിനും കഴിഞ്ഞിട്ടില്ലെന്നുള്ളത് വസ്തുതയും യാഥാർത്ഥ്യവുമാണ്. ഇക്കാര്യത്തിൽ ഗവൺമെന്റിന് ശക്തമായ നിലപാടുകളുണ്ടാകണം. ഗവൺമെന്റിന്റെ ഈ സമീപനത്തിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭവിട്ട് പുറത്തുപോയി.)

ശ്രീ. ഒ. രാജഗോപാൽ: സർ, വിഴിഞ്ഞം പദ്ധതി യു.ഡി.എഫ്.-ന്റെ കാലത്താണ് കൊണ്ടുവന്നത് എന്നുള്ളത് ശരിയാണ്. 1950-ലെ സി.പി. രാമസ്വാമി അയ്യരുടെ കാലം മുതൽ വിഴിഞ്ഞം പദ്ധതി സംബന്ധിച്ച് പറഞ്ഞ് കേൾക്കുന്നതാണ്. ആ പദ്ധതി വരികയാണെങ്കിൽ കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ അടിസ്ഥാനപരമായ വലിയ മാറ്റങ്ങളുണ്ടാകും. ദൈവത്തിന്റെ കൃപകൊണ്ട് നമുക്ക് ലഭിച്ചിട്ടുള്ളത് അനുകൂല സാഹചര്യമാണ്. അതിനെ പ്രയോജനപ്പെടുത്തുന്ന കാര്യത്തിൽ നിർഭാഗ്യവശാൽ കുറച്ച് കാലമായി ഉപേക്ഷ ഉണ്ടായിട്ടുണ്ട്. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. ഇപ്പോഴത്തെ കേന്ദ്ര ഗവൺമെന്റ് വന്നപ്പോൾ ശ്രീ. നിതിൻ ഗഡ്കരി ആയിരുന്നു വകുപ്പുമന്ത്രി. ഈ പദ്ധതിക്കുവേണ്ടി ആരും ശബ്ദം ഉയർത്തുന്നില്ലെന്ന് സംസാരമുണ്ടായിരുന്നു. സ്വതന്ത്രമായി ഡൽഹിയിൽ പോയി ഈ പദ്ധതിക്ക് അനുവാദം നൽകണമെന്ന് പറഞ്ഞപ്പോൾ, കഴിഞ്ഞ 10 വർഷമായി ഈ പദ്ധതി ആരും ആവശ്യപ്പെട്ടിട്ടില്ലെന്നാണ് അദ്ദേഹം മറുപടി പറഞ്ഞത്. അനുവാദം നൽകിയേ പറ്റുള്ളുവെന്ന് നിർബന്ധിച്ച് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച പദ്ധതിയാണിത്. ആ പദ്ധതി അട്ടിമറിക്കാൻ വൻ ഗൂഢാലോചന നടക്കുന്നുണ്ട്. അതിന്റെ പുറകിൽ വൻ ശക്തികൾ പ്രവർത്തിക്കുന്നുണ്ട്. പല ആളുകളും മാറി നിൽക്കുന്നുണ്ട്. ഇത് വെറും ഉദാസീനതയുടെയോ, കഴിവ് കേടിന്റെയോ മാത്രം പ്രശ്നമല്ല. ഇതിന്റെ പുറകിൽ വലിയ ഉദ്ദേശ്യങ്ങളുണ്ട്. കേരളത്തിന്റെ സാമ്പത്തിക വികസനത്തിന് തടസ്സം നിൽക്കുന്ന സമീപനമായതുകൊണ്ട് ഞാൻ ഇതിനെ എതിർക്കുന്നു. ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ഒ. രാജഗോപാൽ സഭവിട്ട് പുറത്തുപോയി.

സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ തിരികെ പ്രവേശിച്ചു. )

## III. ശ്രദ്ധ ക്ഷണിക്കൽ

### (1) സ്വകാര്യ ആശുപത്രികളിലെ നഴ്സുമാർക്ക് തൊഴിൽ സംരക്ഷണം

ശ്രീ. കെ. രാജൻ: സർ, സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന നഴ്സുമാർ അവരുടെ ജീവിതത്തിലും തൊഴിൽ രംഗത്തും അനുഭവിക്കുന്ന വലിയ പ്രതിസന്ധിയാണ് ഞാൻ ഈ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നത്. 2011 ഒക്ടോബർ 18-ന് മുംബൈ ഏഷ്യൻ ഹാർട്ട് ഹോസ്പിറ്റലിൽ ബോണ്ട് വയ്ക്കാൻ പണമില്ലാത്തതിന്റെ പേരിൽ ആത്മഹത്യ ചെയ്ത ഒരു നഴ്സിന്റെ കഥ, കേരളത്തിലെ നഴ്സിംഗ് മേഖലയിലെ വലിയ സമരങ്ങൾക്ക് തുടക്കം കുറിച്ചത്, ചരിത്രത്തിലുണ്ട്. തൊഴിലുറപ്പ് പദ്ധതിയിൽ ഏർപ്പെടുന്ന തൊഴിലാളികൾക്ക് ലഭിക്കുന്ന വേതനംപോലും ലഭ്യമാകാതെ കടുത്ത തൊഴിൽ ചൂഷണത്തിന് നഴ്സുമാർ ഇപ്പോൾ വിധേയരായിക്കൊണ്ടിരിക്കുകയാണ്. 8 മണിക്കൂർ ജോലി, 8 മണിക്കൂർ വിനോദം, 8 മണിക്കൂർ വിശ്രമം എന്ന ലോക തൊഴിൽതത്വംപോലും പാലിക്കപ്പെടാതെ, ഒ.റ്റി. പോലും ലഭിക്കാതെ 16-17 മണിക്കൂറുകൾ തുടർച്ചയായി ജോലി ചെയ്യേണ്ട സ്ഥിതിയിലാണ് സ്വകാര്യ മേഖലയിലെ നഴ്സുമാർ. ഡ്യൂട്ടി സമയം നിശ്ചയിച്ചുകൊടുക്കുന്ന കാര്യത്തിലും കടുത്ത അക്രമമാണ് നഴ്സുമാരുടെ മേഖലയിൽ നടക്കുന്നത്. മഹാഭൂരിപക്ഷം വനിതകൾ ജോലി ചെയ്യുന്ന ഈ മേഖലയിൽ വിവിധ തലത്തിലുള്ള ചൂഷണങ്ങൾ മാനേജ്മെന്റിന്റെ തുടർക്കഥകളായി നടന്നുകൊണ്ടിരിക്കുകയാണ്. പ്രായമായ ഘട്ടത്തിൽ മക്കൾ പോലും നോക്കാത്ത, രക്തവും ചലവും ഒലിപ്പിച്ച് കിടക്കുന്ന പാവപ്പെട്ട രോഗികളെ മക്കളെപ്പോലെ നോക്കുന്ന നഴ്സുമാർ അനുഭവിക്കുന്ന പീഡനത്തിന് അറുതിവരുത്തണമെന്നുള്ളതിന്റെ അടിസ്ഥാനത്തിലാണ് 2011 ഡിസംബറിൽ ഡോ. ബലരാമൻ കമ്മിറ്റി ഈ രംഗത്ത് പഠനം ആരംഭിച്ചത്. 50 നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചെങ്കിലും ആകെ നടപ്പിലാക്കിയത് 18 നിർദ്ദേശങ്ങൾ മാത്രമാണ്. അതിനുശേഷം അഡീഷണൽ ലേബർ കമ്മീഷണർ ശ്രീ. വീരകുമാർ ചെയർമാനായി ഒരു കമ്മീഷനെ വയ്ക്കുകയും അവർ 6 -6-12 എന്ന ഡ്യൂട്ടി സമയം നിശ്ചയിക്കുകയും ചെയ്തു. രവിലെ 7 മണി മുതൽ ഉച്ചയ്ക്ക് 1 മണി വരെ. ഉച്ചയ്ക്ക് 1 മണി മുതൽ രാത്രി 7 മണി വരെ. രാത്രി 7 മണി മുതൽ പുലർച്ച 7 മണിവരെ.

ഇതിൽ ഒന്നും നടന്നില്ല. 4 മണിക്ക് ആരംഭിക്കുന്ന ഡ്യൂട്ടി രാത്രി 12 മണി വരെയും 5 മണിക്ക് ആരംഭിക്കുന്ന ഡ്യൂട്ടി രാത്രി 1 മണി വരെയുമാണ്. ഇവർക്ക് ഡ്യൂട്ടി കഴിഞ്ഞാൽ വീട്ടിൽ പോകാൻ സാധിക്കില്ലെന്ന് മാത്രമല്ല, ഡ്യൂട്ടി തീർന്നുവെന്നതിന്റെ പേരിൽ അക്കോമഡേഷനും നൽകുന്നില്ല. ജോലി രംഗത്ത് ഇത്തരം കാര്യങ്ങൾ പുനഃക്രമീകരിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. 2012 ജൂലൈ മാസത്തിൽ നിശ്ചയിച്ച മിനിമം വേജസ് കമ്മിറ്റി, 2013 നവംബർ മാസം 5-ാം തീയതി മിനിമം വേജസ് പ്രഖ്യാപിച്ചുകൊണ്ട് ഉത്തരവിറക്കി. മിനിമം വേജസ് കമ്മിറ്റിയുടെ ശമ്പളം ബലരാമൻ കമ്മിറ്റി ശിപാർശ ചെയ്ത റിപ്പോർട്ടിന്റെ അടുത്തുപോലും വന്നിട്ടില്ല. വീരകുമാർ റിപ്പോർട്ട് പിന്നീട് വെളിച്ചം കണ്ടിട്ടേയില്ല. 2016 ജനുവരി 29-ന് സുപ്രീംകോടതി, കേന്ദ്ര ആരോഗ്യ സെക്രട്ടറി ശ്രീ. ജഗദീഷ് പ്രസാദിനെ അദ്ധ്യക്ഷനാക്കി ഒരു സമിതിയെ നിയോഗിച്ചു. സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന നഴ്സുമാർക്ക് മാന്യമായ വേതനം കൊടുക്കാനുള്ള പ്രഖ്യാപനമായിരുന്നു യഥാർത്ഥത്തിൽ ജഗദീഷ് പ്രസാദ് കമ്മിറ്റി സുപ്രീംകോടതിയുടെ നിർദ്ദേശത്തെ തുടർന്ന് മുന്നോട്ടു വച്ചത്. എന്നാൽ കേരളത്തിൽ ഇത് അംഗീകരിക്കാത്ത സ്ഥിതി ഉണ്ടായപ്പോൾ, നഴ്സുമാരുടെ നേതൃത്വത്തിൽ നിരവധി സമരങ്ങൾ കേരളത്തിന്റെ മണ്ണിൽ ആരംഭിച്ചു. 2017-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഖാവ് പിണറായി വിജയൻ തന്നെ ഹോസ്പിറ്റൽ മാനേജ്മെന്റിന്റെയും തൊഴിലാളികളുടെയും യോഗം വിളിച്ചു ചേർത്ത് ജഗദീഷ് പ്രസാദ് കമ്മിറ്റി നിർദ്ദേശിച്ച ശമ്പളം കൊടുക്കണമെന്ന് മാനേജ്മെന്റുകളോട് കർശനമായി നിർദ്ദേശിച്ചു. മാനേജ്മെന്റുകൾ കാണിക്കുന്ന ഒരു ധാർഷ്ട്യത്തെയും അംഗീകരിക്കാൻ മുഖ്യമന്ത്രി തയ്യാറായില്ലെന്നുള്ളത് നഴ്സിംഗ് രംഗത്ത് ഈ ഗവൺമെന്റ് സ്വീകരിക്കുന്ന ഉജ്ജ്വലമായ നടപടികളുടെ ഏറ്റവും പ്രധാന തെളിവാണ്. മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരം സുപ്രീംകോടതി റിപ്പോർട്ട് നടപ്പിലാക്കുന്നതിന്റെ സാധ്യത പരിശോധിക്കാൻ ഹെൽത്ത് സെക്രട്ടറിയും ലാ സെക്രട്ടറിയും ലേബർ കമ്മീഷണറും അംഗങ്ങളായുള്ള മൂന്നംഗ സമിതിയെ നിശ്ചയിക്കുകയും ഒരു മാസത്തിനകം കമ്മിറ്റി അതിന്റെ റിപ്പോർട്ട് തയ്യാറാക്കി അംഗീകരിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. സർക്കാർ പ്രിലിമിനറി നോട്ടിഫിക്കേഷൻ ഇറക്കി ജനുവരി 26-ന് എല്ലാ പരിപാടികളും പൂർത്തീകരിച്ചു. 460 പരാതികൾ മിനിമം വേജസ് അഡ്വൈസറി ബോർഡ് കേട്ടു. ഈ നിലവാരത്തിൽ ശമ്പളം കൊടുക്കാനുള്ള സർക്കാരിന്റെ നിർദ്ദേശത്തെത്തുടർന്ന് സ്വീകരിച്ച നടപടികളെ അട്ടിമറിക്കുന്നതിന് മാനേജ്മെന്റുകൾ ഇപ്പോൾ ബോധപൂർവ്വമായ ശ്രമങ്ങൾ നടത്തുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകുമെന്ന് ഞാൻ കരുതുന്നു. ജൂലൈ മാസം 20-ന് ശമ്പളം വർദ്ധിപ്പിക്കണമെന്ന് മുഖ്യമന്ത്രി നിർദ്ദേശിച്ചപ്പോൾത്തന്നെ എല്ലാ ചികിത്സാ ചെലവുകളും വർദ്ധിപ്പിക്കാൻ

മാനേജ്മെന്റ് തീരുമാനിച്ചു. സാധാരണക്കാരായ സ്ത്രീകൾ ഉൾപ്പെടുന്ന നഴ്സിംഗ് സമൂഹത്തെ മനുഷ്യത്വ രഹിതമായി നേരിടുന്ന മാനേജ്മെന്റ് നടപടികളെ ശരിയായ രീതിയിൽ ചെറുക്കാൻ നമുക്ക് കഴിയണം. സമരം നടത്തിയ നഴ്സുമാർക്കെതിരെ ഒരു പ്രതികാര നടപടിയും പാടില്ലെന്ന് മുഖ്യമന്ത്രി നിർദ്ദേശിച്ചിരുന്നതാണ്. എന്നാൽ സമരം നടത്തിയവരെ ശാരീരികമായും മാനസികമായും നേരിടുന്നു. മൂന്ന് നഴ്സുമാർ ഇതിന്റെ ഭാഗമായി ആത്മഹത്യയ്ക്ക് ശ്രമിച്ചു. ചേർത്തല കെ.വി.എം. ആശുപത്രിയിൽ 214 ദിവസമായി സമരം നടക്കുകയാണ്. ആശുപത്രി പൂട്ടിപ്പോവുകയാണെന്നാണ് മാനേജ്മെന്റ് ധാർഷ്ട്യത്തോടെ പ്രഖ്യാപിച്ചത്. അവിടെയുള്ള 1535 കുട്ടികൾ പഠിക്കുന്ന നഴ്സിംഗ് സ്ഥാപനത്തെ ചൂണ്ടിക്കാണിച്ച് എ.ഐ.വൈ.എഫ്.-ന്റെ ജില്ലാ സെക്രട്ടറി സഖാവ് ടി. പി. ജിസ്മോൻ നഴ്സിംഗ് രജിസ്ട്രാർക്ക് കൊടുത്ത പരാതിയുടെ അടിസ്ഥാനത്തിൽ നഴ്സിംഗ് കൗൺസിൽ വാദം കേട്ടതിനുശേഷമാണ് അടച്ചുപൂട്ടൽ ഒഴിവാക്കുന്ന നടപടിയിലേയ്ക്ക് കടക്കാൻ തീരുമാനിച്ചത്. മതിയായ ട്രെയിനിംഗ് ഇല്ലാത്ത സ്റ്റാഫിനെ വച്ച് ആശുപത്രി പ്രവർത്തിപ്പിക്കുന്നുവെന്നുള്ളതാണ് ഇപ്പോൾ അവിടെയുള്ള പ്രധാന ആരോപണം. ആദ്യഘട്ടത്തിൽ മന്ത്രിമാരായ ഡോ. ടി. എം. തോമസ് ഐസക്കും ശ്രീ. പി. തിലോത്തമനും മുൻകയ്യെടുത്ത് കളക്ടർ മുഖാന്തിരം ആശുപത്രി മാനേജ്മെന്റിന്റെ മുന്നിൽ ഒരു ഫോർമുല വച്ചുവെങ്കിലും അത് നടപ്പിലാക്കപ്പെട്ടില്ല. രണ്ടാമത് തൊഴിൽ വകുപ്പുമന്ത്രി ശ്രീ. റ്റി. പി. രാമകൃഷ്ണൻ മുൻകയ്യെടുത്ത് മാനേജ്മെന്റുകളുമായി കൂടിയാലോചന നടത്തി. ഇതൊന്നും അംഗീകരിക്കാൻ മാനേജ്മെന്റുകൾ തയ്യാറാകുന്നില്ല. മാനേജ്മെന്റുകൾ ധാർഷ്ട്യത്തോടെ പെരുമാറുകയാണ്. ഭൂമിയിൽ മാലാഖമാരെപ്പോലെ കാണേണ്ട നഴ്സുമാരെ ഇത്രയും ഭീകരമായി പീഡിപ്പിക്കുന്നതിനെതിരായി ശക്തമായ നിലപാട് സ്വീകരിക്കണമെന്നാണ് എന്റെ അഭ്യർത്ഥന. സ്വകാര്യ മേഖലയിലെ നഴ്സുമാരോട് കാണിക്കുന്ന ഈ അനീതി ഒരു സാമൂഹിക പ്രശ്നമായി കാണേണ്ടിവരും. കേരള ഗവൺമെന്റ് ജൂലൈ 20-ന് നിർദ്ദേശിച്ച പ്രകാരം ജഗദീഷ് പ്രസാദ് കമ്മിറ്റി നിർദ്ദേശിക്കുന്ന ശമ്പളം കൊടുക്കാൻ മാനേജ്മെന്റുകളെ നിർബന്ധിക്കുകയും മാന്യമായ ശമ്പളം, ജോലി സമയത്തിൽ നീതി, തൊഴിൽ സുരക്ഷ, ജീവിത സുരക്ഷ, ഷിഫ്റ്റ് സമ്പ്രദായം എന്നീ പ്രശ്നങ്ങൾ ഗൗരവമായി ഉയർത്തിപ്പിടിച്ചുകൊണ്ട് സാധാരണക്കാരായ ജീവനക്കാരുടെ കാര്യത്തിൽ ഉചിതമായ നടപടി സ്വീകരിക്കാൻ കേരള ഗവൺമെന്റ് രംഗത്ത് വരണമെന്ന് ഈ ശ്രദ്ധ ക്ഷണിക്കലിലൂടെ ഞാൻ സർക്കാരിനോട് ആവശ്യപ്പെടുകയാണ്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, 2013 നവംബർ 5-ലെ ഗവൺമെന്റ് ഉത്തരവുപ്രകാരമാണ് സ്വകാര്യ ആശുപത്രി ജീവനക്കാരുടെ മിനിമം വേതനം ഏറ്റവും ഒടുവിൽ പുതുക്കി നിശ്ചയിച്ചത്. ഇപ്രകാരം നിശ്ചയിച്ച വേതനം പുതുക്കി നിശ്ചയിക്കുന്നതിനുള്ള ശിപാർശ സമർപ്പിക്കുന്നതിനായി സ്വകാര്യ ആശുപത്രി വ്യവസായബന്ധ സമിതിയെ ചുമതലപ്പെടുത്തിയിരുന്നു. വ്യവസായബന്ധ സമിതി തെളിവെടുപ്പുകളും ചർച്ചകളും നടത്തിയെങ്കിലും തൊഴിലാളി-തൊഴിലുടമ പ്രതിനിധികൾ യോജിപ്പിലെത്താത്തതിനാൽ മിനിമം വേതനം സംബന്ധിച്ച കരട് ശിപാർശയ്ക്ക് രൂപം നൽകാനായില്ല. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി, നിയമ വകുപ്പുമന്ത്രി, തൊഴിൽ വകുപ്പുമന്ത്രി എന്നിവരുടെ സാന്നിദ്ധ്യത്തിൽ 10-7-2017-ൽ കൂടിയ വ്യവസായബന്ധ സമിതി യോഗത്തിൽ പ്രസ്തുത മേഖലയിലെ അടിസ്ഥാന വേതനം, ആശുപത്രികളുടെ തരംതിരിവ്, അഡീഷണൽ അലവൻസ്, നഴ്സിംഗ് അലവൻസ് എന്നിവ സംബന്ധിച്ച് ധാരണയിലെത്തിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ മിനിമം വേതനം സംബന്ധിച്ച കരട് ശിപാർശ തയ്യാറാക്കാനായി 20-07-2017-ൽ കൂടിയ മിനിമം വേതന കമ്മിറ്റി യോഗത്തിൽ തൊഴിലാളി-തൊഴിലുടമ പ്രതിനിധികൾക്ക് ധാരണയിലെത്താൻ കഴിഞ്ഞില്ല. 20-7-2017-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ സുപ്രീം കോടതി നിർദ്ദേശാനുസരണം നഴ്സുമാരുടെ ഏറ്റവും കുറഞ്ഞ വേതനം 20,000 രൂപയായി നിശ്ചയിക്കുകയും കമ്മിറ്റിയുടെ ശിപാർശകൾ പരിശോധിച്ച് നിർദ്ദേശം സമർപ്പിക്കാൻ തൊഴിൽ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി ഒരു ഉന്നതതല കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ 28-7-2017-ലെ സർക്കാർ ഉത്തരവുപ്രകാരം രൂപീകൃതമായ കമ്മിറ്റി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ട് വ്യവസായ ബന്ധ സമിതി ചർച്ച ചെയ്യുകയും മിനിമം വേതനം സംബന്ധിച്ച ശിപാർശ 26-10-2017-ന് സർക്കാരിന് സമർപ്പിക്കുകയും ചെയ്തു. ഈ ശിപാർശയുടെ അടിസ്ഥാനത്തിൽ 16-11-2017-ലെ ജി.ഒ. 375/2017/തൊഴിൽ നമ്പരായി സർക്കാർ മിനിമം വേതനം സംബന്ധിച്ച കരട് വിജ്ഞാപനം പുറപ്പെടുവിച്ചു. കരട് വിജ്ഞാപനത്തിന്മേൽ ലഭ്യമായ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അന്തിമ വിജ്ഞാപനത്തിനുള്ള ശിപാർശ സമർപ്പിക്കുന്നതിനായി സംസ്ഥാന മിനിമം വേതന ഉപദേശക സമിതിക്ക് അയച്ചുകൊടുത്തിട്ടുണ്ട്. നിലവിൽ ഈ വിഷയം മിനിമം വേതന ഉപദേശക സമിതിയുടെ പരിഗണനയിലാണ്. ഈ വിഷയത്തിൽ അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്ന നടപടി ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. സ്വകാര്യ ആശുപത്രികളടക്കമുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകളും തൊഴിൽ സംരക്ഷണവും ഉറപ്പുവരുത്തുന്നതിനായി തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം പ്രവർത്തിച്ചുവരുന്നു. അസിസ്റ്റന്റ് ലേബർ ഓഫീസർതലത്തിൽ സ്ഥാപന പരിശോധനകളും ജില്ലാതലത്തിൽ സ്ക്വാഡ്

പരിശോധനകളും നടത്തി നിലവിലുള്ള മിനിമം വേതനം ജീവനക്കാർക്ക് ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്തുന്നുണ്ട്. കൂടാതെ സ്പെഷ്യൽ പരിശോധനകളും നടത്തുന്നു. ഇത്തരത്തിൽ 2017-ൽ 100 സ്വകാര്യ ആശുപത്രികളിൽ സ്പെഷ്യൽ പരിശോധന നടത്തുകയും നിയമ ലംഘനങ്ങൾക്ക് നോട്ടീസ് നൽകുകയും നിയമ ലംഘനങ്ങൾ പരിഹരിക്കാത്ത സ്ഥാപനങ്ങൾക്കെതിരെ 26 പ്രോസിക്യൂഷനും 20 ക്ലെയിം പെറ്റീഷനും ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇതുൾപ്പെടെ 594 പരിശോധനകൾ നടത്തുകയും ആകെ 183 പ്രോസിക്യൂഷനുകളും 50 ക്ലെയിം പെറ്റീഷനുകളും ഫയൽ ചെയ്യുകയും ചെയ്തു. നിശ്ചയിച്ചിട്ടുള്ള വേതനം ജീവനക്കാർക്ക് യഥാസമയം ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി തൊഴിൽ വകുപ്പ് വേതന സുരക്ഷാ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. പദ്ധതി വഴി ജീവനക്കാർക്ക് അവരുടെ വേതനം ബാങ്ക് അക്കൗണ്ടിൽ ലഭ്യമാകുന്നതോടൊപ്പം വേജ് സ്ലിപ്പും ഓൺലൈനായി ലഭ്യമാകുന്നു. ജീവനക്കാർക്ക് മിനിമം വേതനം ലഭ്യമാകുന്നുണ്ടോ എന്ന് തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർക്ക് സ്ഥാപന പരിശോധന കൂടാതെതന്നെ പരിശോധിക്കാനും സാധിക്കുന്നു. എന്നാൽ സംസ്ഥാനത്തെ ചില സ്വകാര്യ ആശുപത്രി മാനേജ്മെന്റുകൾ വേതന സുരക്ഷാ പദ്ധതി നടപ്പാക്കുന്നതിനെതിരെ ഹൈക്കോടതിയെ സമീപിക്കുകയും ചില ഇടക്കാല വിധികൾ സമ്പാദിക്കുകയും ചെയ്തു. പൊതുവെ നഴ്സുമാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് സഹായകരമായ നടപടികളാണ് സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കുന്നത്. ഇൻഡ്യയിൽ ഒരു സംസ്ഥാനത്തും സ്വീകരിക്കാത്ത ചില നടപടികൾ കേരള ഗവൺമെന്റ് ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുണ്ട്.

<u>ശ്രീ. കെ. രാജൻ</u>: സർ, അങ്ങയുടെ ഗവൺമെന്റ് നഴ്സുമാർക്ക് അനുകൂലമായി സ്വീകരിക്കുന്ന എല്ലാ നടപടികളെയും ശ്ലാഘിക്കുകയാണ്. ചേർത്തല കെ.വി.എം. ആശുപത്രിയിൽ 214 ദിവസമായി സമരം ചെയ്യുന്ന നഴ്സുമാരുടെ മാന്യമായ ആവശ്യങ്ങൾ നേടിയെടുക്കുന്നതിനും അവർക്ക് നീതി ലഭ്യമാക്കുന്നതിനുമായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്?

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>: സർ, അങ്ങ് ആദ്യം നൽകിയ നോട്ടീസിൽ കെ.വി.എം. ആശുപത്രിയെപ്പറ്റി പറഞ്ഞിരുന്നില്ല. കെ.വി.എം. ആശുപത്രിയിൽ ഗവൺമെന്റ് സ്വീകരിക്കുന്ന നടപടി ബഹുമാനപ്പെട്ട അംഗം കെ. രാജൻ തന്നെ ഇവിടെ പറഞ്ഞുകഴിഞ്ഞു. തൊഴിൽ വകുപ്പ് മുൻകയ്യെടുത്ത് രണ്ടുതവണ ഈ ആശുപത്രി മാനേജ്മെന്റും തൊഴിലാളി പ്രതിനിധികളുമായി ചർച്ച നടത്തിയിട്ടുണ്ട്. ചില കാര്യങ്ങളിൽ ധാരണയിലെത്തിയെങ്കിലും എല്ലാ കാര്യങ്ങളിലും ധാരണയിലെത്താൻ കഴിഞ്ഞില്ല. അവിടെ തൊഴിലാളികളുടെ പേരിൽ എൻക്വയറി നടക്കുന്നതുകൊണ്ട് ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ നടപടിയെടുക്കാൻ പാടുള്ളൂവെന്ന നിലപാട് മാനേജ്മെന്റ് സ്വീകരിച്ചു.

അവിടെയുള്ള ജീവനക്കാർക്ക് തൊഴിൽ നൽകിക്കൊണ്ടുള്ള സമീപനം സ്വീകരിക്കണമെന്നുള്ളതാണ് ഗവൺമെന്റ് നിലപാട്. ഈ കാര്യത്തിൽ മാനേജ്മെന്റും തൊഴിലാളി സംഘടനകളും തമ്മിൽ പരസ്പര യോജിപ്പിലെത്തിയിട്ടില്ല. പ്രാദേശികതലത്തിൽതന്നെ ഈ പ്രശ്നങ്ങൾ ചർച്ചയ്ക്ക് വിധേയമാക്കി പരിഹരിക്കണമെന്നാണ് അവരോട് പറഞ്ഞിട്ടുള്ളത്. ഈ പ്രശ്നം തീർക്കുന്നതിനുവേണ്ടിയുള്ള എല്ലാ ശ്രമങ്ങളും ഗവൺമെന്റ് നടത്തിയിട്ടുണ്ട്. തുടർന്നും അത്തരം ശ്രമം നടത്തുന്നതിന് ഗവൺമെന്റ് സന്നദ്ധമാണ്.

## (2) കോന്നി മെഡിക്കൽ കോളേജിന്റെ പ്രവർത്തനം

ശ്രീ. അടൂർ പ്രകാശ്: സർ, കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലഘട്ടത്തിൽ അവതരിപ്പിച്ച ആദ്യ ബഡ്ജറ്റിൽ 4 മെഡിക്കൽ കോളേജുകൾ പുതുതായി ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. കാസർഗോഡ്, മലപ്പുറം, ഇടുക്കി, പത്തനംതിട്ട എന്നിവിടങ്ങളിലാണ് തുടങ്ങാൻ തീരുമാനിച്ചത്. ശബരിമലയുടെ പ്രാധാന്യം കണക്കിലെടുത്താണ് പത്തനംതിട്ടയിൽ മെഡിക്കൽ കോളേജ് ആരംഭിക്കുവാൻ തീരുമാനിച്ചത്. അതിന്റെ അടിസ്ഥാനത്തിൽ കോന്നിയിൽ സർക്കാരിന്റെ കൈവശമുണ്ടായിരുന്ന 50 ഏക്കർ സ്ഥലം വിട്ടുകൊടുക്കുകയുണ്ടായി. കെട്ടിടം പണി ആരംഭിക്കാൻ എച്ച്.എൽ.എൽ.-നെ ചുമതലപ്പെടുത്തി. 15-5-2014-ന് പണി ആരംഭിച്ചു. അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. ഉമ്മൻ ചാണ്ടിയാണ് അതിന്റെ കല്ലിടൽ കർമ്മം നിറവേറ്റിയത്. നാഗാർജ്ജുന കൺസ്ട്രക്ഷൻ കോർപ്പറേഷനെയാണ് പണി നടത്തുന്നതിന് ചുമതലപ്പെടുത്തിയത്. ആദ്യഘട്ടത്തിൽ 300 ബെഡ്ഡുകളുള്ള ഹോസ്പിറ്റൽ ബിൽഡിംഗും അക്കാദമിക് ബ്ലോക്കുമാണ് നിർമ്മിക്കാൻ ഏൽപ്പിച്ചത്. 167.50 കോടി രൂപയാണ് ഇതിനുവേണ്ടി അനുവദിച്ചത്. അതിൽ 142.50 കോടി രൂപ നബാർഡിന്റെ സഹായവും ബാക്കിയുള്ള തുക ബഡ്ജറ്റിലും ഉൾപ്പെടുത്തി. 143 കോടി രൂപയ്ക്കാണ് ടെണ്ടർ നൽകിയത്. പണി ആരംഭിക്കുന്നതിന് ഇവിടെയുണ്ടായിരുന്ന പാറ പൊട്ടിച്ച് മാറ്റുകയുണ്ടായി. ഏതാണ്ട് മൂന്നര ലക്ഷത്തോളം ടൺ പാറയാണ് പൊട്ടിച്ച് മാറ്റേണ്ടിവന്നത്. അത് മെഡിക്കൽ കോളേജ് സൈറ്റിൽത്തന്നെ ഡമ്പ് ചെയ്തിരിക്കുകയാണ്. ഇത് നീക്കം ചെയ്യുന്നതിന് 14-10-2016-ന് കെ.എം.എം.എൽ.-നെ ചുമതലപ്പെടുത്തി ഉത്തരവിറക്കി. എന്നാൽ ഇതുവരെയായി അവർ 10000 ടൺ മാത്രമാണ് അവിടെനിന്ന് നീക്കം ചെയ്തിട്ടുള്ളത്. 340000 ടൺ പാറ ഇപ്പോഴും അവിടെയുണ്ട്. 300 ബെഡ്ഡുകളുള്ള ഹോസ്പിറ്റൽ ബിൽഡിംഗ്, അതായത് 3,30,000 സ്ക്വയർ ഫീറ്റ് പണികൾ പൂർത്തീകരിച്ചുകഴിഞ്ഞു. അവസാനഘട്ടത്തിലുള്ള പണികളാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. 2018 ജൂൺ-ജൂലൈ മാസത്തോടുകൂടി പൂർത്തീകരിക്കുമെന്നാണ് കരാറുകാർ

പറഞ്ഞിട്ടുള്ളത്. അതുപോലെ അക്കാഡമിക് ബ്ലോക്കിന്റെ ഏതാണ്ട് 110000 സ്ക്വയർ ഫീറ്റ് പണികളാണ് നടക്കുന്നത്. 75 ശതമാനത്തിലധികം പണികൾ ഇതിനോടകം തന്നെ നടന്നുകഴിഞ്ഞു. ജൂൺ-ജൂലൈ മാസത്തിൽ പണി പൂർത്തീകരിക്കാമെന്ന് അവർ ഏറ്റിരിക്കുകയാണ്. ഇപ്പോൾ രാവും പകലും 250-ലധികം തൊഴിലാളികൾ അവിടെ പണിയെടുക്കുകയാണ്. അതുപോലെതന്നെ 13.50 കോടി രൂപ കുടിവെള്ള പദ്ധതിക്കുവേണ്ടി നബാർഡിൽനിന്നും അനുവദിച്ചു. അതിന്റെ പണികളും പൂർത്തീകരിച്ചു വരികയാണ്. അതുകൊണ്ട് ഈ വരുന്ന അധ്യയന വർഷംതന്നെ മെഡിക്കൽ കോളേജിന്റെ പ്രവർത്തനം ആരംഭിക്കണമെന്നതാണ് എന്റെ പ്രധാന ആവശ്യം. കൂടാതെ, മെഡിക്കൽ കോളേജ് സൈറ്റിലുള്ള പാറ നീക്കം ചെയ്യണം. 340000 ടൺ പാറ ഇപ്പോൾ അവിടെയുണ്ട്. കെ.എം.എം.എൽ.-നെ ഒഴിവാക്കികൊണ്ട് പാറ ലേലം ചെയ്യുകയോ അല്ലെങ്കിൽ മറ്റ് മാർഗ്ഗങ്ങളിലൂടെയോ നീക്കം ചെയ്യാൻ തയ്യാറാകണം. നിശ്ചയമായും ഈ കാര്യത്തിൽ കൂടുതൽ പണം ലഭിക്കുന്നതാണ്. ഇതിലൂടെ കിട്ടുന്ന പണവും നേരത്തെ അനുവദിച്ച 167 ½ കോടി രൂപയിൽ ബാക്കി നിൽക്കുന്ന 25 കോടി രൂപയും മെഡിക്കൽ കോളേജിന്റെ ആവശ്യത്തിന് വേണ്ടിത്തന്നെ വിനിയോഗിക്കണം. അതുപോലെ രണ്ടാംഘട്ട പണികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കണം. 500 ബെഡ്ഡുകളുള്ള ഹോസ്പിറ്റൽ ബിൽഡിംഗിന്റേത് ഉൾപ്പെടെയുള്ള പണികളാണ് നടക്കേണ്ടിയിരിക്കുന്നത്. ഇതുകൂടി പൂർത്തീകരിക്കാൻ കഴിഞ്ഞാൽ 50 കുട്ടികൾക്ക് അഡ്മിഷൻ നൽകാൻ കഴിയും. ഇന്ന് സ്വാശ്രയ മേഖലയിലും മറ്റുമുണ്ടായിരിക്കുന്ന അസന്നിഗ്ദ്ധാവസ്ഥ ഒഴിവാക്കാൻ സർക്കാരിന്റെ നേതൃത്വത്തിലുള്ള ഒരു മെഡിക്കൽ കോളേജ് എന്ന നിലയിൽ ഇതിന്റെ ആരംഭം കുറിച്ചാൽ തീർച്ചയായും ഈ ഗവൺമെന്റിന് ആദ്യഘട്ടത്തിൽ 50 കുട്ടികൾക്കും അടുത്ത ഘട്ടത്തിൽ നൂറ് കുട്ടികൾക്കും അഡ്മിഷൻ കൊടുക്കാൻ കഴിയും. അതുകൊണ്ട് ബഹുമാന്യയായ മന്ത്രി താല്പര്യമെടുത്ത് ഇക്കാര്യത്തിലൊരു തീരുമാനമെടുക്കണമെന്നതാണ് എനിക്ക് അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരാനുള്ളത്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>): സർ, പത്തനംതിട്ട ജില്ലയിലെ കോന്നി താലൂക്കിലെ ഐരവൺ വില്ലേജിലാണ് 2012-ൽ ഈ മെഡിക്കൽ കോളേജിനുവേണ്ടി 50 ഏക്കർ ഭൂമി സർക്കാർ ഏറ്റെടുത്ത് വിദ്യാഭ്യാസ വകുപ്പിന് കൈമാറിയിട്ടുള്ളത്. 2012-ൽ തന്നെ ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ ഉത്തരവ് പ്രകാരം ഹിന്ദുസ്ഥാൻ ലൈഫ് കെയർ ലിമിറ്റഡിനെ പ്രോജക്ട് മാനേജരായി നിശ്ചയിച്ച് 300 കിടക്കകളുള്ള മെഡിക്കൽ കോളേജ് ആശുപത്രിയും മെഡിക്കൽ കോളേജും നിർമ്മിക്കാൻ

ഉത്തരവാകുകയും ചെയ്തു. കൂടാതെ നേരത്തെ ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ 167.33 കോടി രൂപയുടെ ഭരണാനുമതി നൽകി. 143.20 കോടി രൂപയുടെ ഭരണാനുമതി ഹിന്ദുസ്ഥാൻ ലാറ്റക്സിന് കൊടുക്കുകയാണ് ചെയ്തത്. ഇതിൽ സർക്കാർ വിഹിതം 25.09 കോടി രൂപയാണ്. നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്ന കോന്നി മെഡിക്കൽ കോളേജിന്റെ ഹോസ്പിറ്റൽ ബ്ലോക്കിനുവേണ്ടിയുള്ള 340000 sq.ft.-ലുള്ള നിർമ്മാണമാണ് ആദ്യഘട്ടത്തിൽ ഏറ്റെടുത്തത്. 80 ശതമാനത്തോളം നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ആധുനിക രീതിയിലുള്ള ഓപ്പറേഷൻ തിയേറ്ററുകൾ, സി.ടി. സ്കാൻ, എം.ആർ.ഐ. സ്കാൻ തുടങ്ങിയ വിഭാഗങ്ങളും ഒ.പി. വിഭാഗവും അടക്കമാണ് മെഡിക്കൽ കോളേജിനുവേണ്ടി തയ്യാറായിട്ടുള്ളത്. ഹോസ്പിറ്റൽ ബ്ലോക്കിനുപുറമെ മെഡിക്കൽ കോളേജ് ബ്ലോക്കിന് ഗ്രൗണ്ട് ഫ്ലോറും രണ്ട് നിലകളോടുകൂടിയ 150000 sq. ft. കെട്ടിടവുമാണ് നിർമ്മിച്ചുകൊണ്ടിരിക്കുന്നത്. മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ ചട്ടങ്ങളനുസരിച്ചുള്ള ലക്ചർ ഹാളുകളും അനുബന്ധ മുറികളും സജ്ജീകരിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഈ കെട്ടിടത്തിന്റെ സിവിൽ ജോലികളുടെ 50 ശതമാനം പൂർത്തിയായിട്ടുണ്ട്. ശേഷിക്കുന്ന ജോലികൾ 2018 അവസാനത്തോടെ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. മെഡിക്കൽ കോളേജിന്റെ രണ്ടാം ഘട്ടമായി റസിഡൻഷ്യൽ ക്വാർട്ടേഴ്സും വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റൽ സംവിധാനങ്ങളും കളിസ്ഥലവും ഓഡിറ്റോറിയവും മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ നിർദ്ദേശിച്ച പ്രകാരമുള്ള മറ്റെല്ലാ കെട്ടിടങ്ങളും ആവശ്യമാണ്. അതായത് എം.സി.ഐ.-യുടെ അംഗീകാരം ലഭിച്ച് മെഡിക്കൽ കോളേജാകണമെങ്കിൽ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, കാന്റീൻ, ഹോസ്റ്റലുകൾ, ക്വാർട്ടേഴ്സുകൾ, ലോൺട്രി സൗകര്യം, അനിമൽ ഹൗസ്, ഓഡിറ്റോറിയം, മോർച്ചറി എന്നിവ നിർമ്മിക്കണം. ഒരു മെഡിക്കൽ കോളേജായി മാറാൻ ചെറിയ കാര്യങ്ങളല്ല, വലിയ വലിയ കാര്യങ്ങൾതന്നെ രണ്ടാംഘട്ടത്തിൽ പൂർത്തിയാകാനുണ്ട്. കരാർ അനുവദിച്ചിട്ടുള്ള കമ്പനിക്ക് 143 കോടി രൂപയുടെ ഒന്നും രണ്ടും ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള കരാറാണ് കൊടുത്തത്. അതിന്റെ ജോലികൾ നടന്നുകൊണ്ടിരിക്കുകയാണ്. കോന്നി മെഡിക്കൽ കോളേജിന്റെ നിർമ്മാണ പുരോഗതി സംബന്ധിച്ച് വിവിധ തലങ്ങളിൽ കൃത്യമായ വിലയിരുത്തലുകൾ നടത്തുന്നുണ്ട്. അനുവദിക്കപ്പെട്ടതിനു പുറമെ അധിക തുക വേണ്ടിവന്നാൽ അത് കണ്ടെത്തി ആദ്യഘട്ടത്തിലെ പണികൾ പൂർത്തീകരിക്കാനാണ് ഇപ്പോൾ ശ്രമിക്കുന്നത്. ഇതിന് മതിയായ തസ്തികകൾ സൃഷ്ടിച്ച് രണ്ടാംഘട്ടത്തിൽ ആവശ്യമായ കാര്യങ്ങൾ പൂർത്തീകരിച്ചാൽ മാത്രമേ 50 സീറ്റിൽ കുട്ടികളെ പ്രവേശിപ്പിക്കാനുള്ള അനുമതി ലഭ്യമാകുകയുള്ളൂ. അതുമാത്രമല്ല, അവിടെ 340000 ടൺ പാറ പൊട്ടിച്ച് കൂട്ടിയിട്ടിരിക്കുകയാണ്. മെഡിക്കൽ കോളേജുകൾക്കുവേണ്ടി

അനുയോജ്യമല്ലാത്ത സ്ഥലം തെരഞ്ഞെടുക്കുമ്പോൾ ഉണ്ടാകുന്ന പ്രയാസമാണിത്. ഈ സ്ഥലത്തിന്റെ പേരുതന്നെ ആനകുത്തി നെടുമ്പാറ എന്നാണ്. അമ്പത് ഏക്കർ സ്ഥലമെടുത്ത് അവിടെ മെഡിക്കൽ കോളേജ് നിർമ്മിക്കാൻ പുറപ്പെട്ടത് സാഹസികമായ ഒരു കാര്യമാണ്. മെഡിക്കൽ കോളേജ് നിഷേധിക്കാനല്ല, ശബരിമലയും മറ്റ് കാര്യങ്ങളുമെല്ലാം വച്ചുകൊണ്ട് അവിടെയൊരു അസറ്റ് ക്രിയേറ്റ് ചെയ്യുതുകൊണ്ട് അതുപേക്ഷിക്കാൻ കഴിയാത്തൊരവസ്ഥയാണ് ഇപ്പോഴുള്ളത്. എന്നാൽ അവിടം മെഡിക്കൽ കോളേജിന് ഒട്ടും അനുയോജ്യമായ സ്ഥലമല്ല. ഇതിന് അനുവദിച്ചിട്ടുള്ള 50 ഏക്കർ ഭൂമി ഉയരംകൂടിയ ഒരു പാറമലയുടെ മുകൾതട്ടാണ്. അതിൽ 25 ഏക്കറോളം ഭൂമിയിൽ മാത്രമേ മനുഷ്യസഞ്ചാരം സാധ്യമായിട്ടുള്ളൂ. ശേഷിക്കുന്ന ഭാഗം ഭീതിജനകമായിട്ടുള്ള ചരിവാണ്. തറനിരപ്പിൽനിന്നും ഒന്നര കിലോമീറ്ററോളം ചെങ്കുത്തായ റോഡിലൂടെ സഞ്ചരിച്ചുവേണം അവിടെയെത്താൻ. മെഡിക്കൽ കോളേജിന്റെ നിർമ്മാണത്തിന് യാതൊരു വിധത്തിലും അനുയോജ്യമല്ലാത്ത ഇവിടെ മൂന്ന് ലക്ഷത്തോളം മെട്രിക് ടൺ പാറ പൊട്ടിച്ചുമാറ്റിയാണ് നിലവിലെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളത്. കൂട്ടിയിട്ട പാറ നീക്കം ചെയ്താൽ പോലും ഒന്നോ രണ്ടോ സ്റ്റാഫ് ക്വാർട്ടേഴ്സോ ഹോസ്റ്റലോ പണിയുന്നതിനുമാത്രമേ ഈ സ്ഥലം വിനിയോഗിക്കാൻ കഴിയൂ. മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ മാനദണ്ഡത്തിൽപ്പെട്ട കളിസ്ഥലമടക്കം നിർമ്മിക്കുന്നതിനും നിർബന്ധമായും ഉണ്ടാകേണ്ട മറ്റ് അമിനിറ്റീസ് ഏർപ്പെടുത്തുന്നതിനും കൂടുതൽ സ്ഥലം സജ്ജമാക്കേണ്ടിവരും. ഈ സ്ഥലം അതിന് അനുയോജ്യമേയല്ല. ഈ പറഞ്ഞ കെട്ടിടങ്ങളൊക്കെ അവിടെ നിർമ്മിക്കുകയാണെങ്കിൽ വർദ്ധിച്ച തോതിൽ പാറപൊട്ടിച്ച് നീക്കേണ്ടതായി വരും. ഇനി അവിടെ പാറ പൊട്ടിക്കാൻ ശ്രമിച്ചാൽ അത് നിലവിലെ നിർമ്മിതിയെ സാരമായി ബാധിക്കും. അത് അങ്ങേയ്ക്ക് അറിയുന്ന കാര്യമാണ്. ഇത്തരം നിർമ്മിതികൾക്ക് അനുയോജ്യമായ മറ്റ് സ്ഥലങ്ങളുടെ ലഭ്യതകൂടി പരിശോധിച്ചശേഷം മാത്രമേ മെഡിക്കൽ കോളേജ് യാഥാർത്ഥ്യമാക്കാൻ കഴിയൂ. ഈ മെഡിക്കൽ കോളേജ് യാഥാർത്ഥ്യമാക്കാൻവേണ്ടി ഞാൻ വിശദമായി പഠിക്കുകയുണ്ടായി. 500 കിടക്കകളുള്ള മെഡിക്കൽ കോളേജിന് പദ്ധതിയിട്ടു കൊണ്ട് ഇപ്പോൾ നടന്നുവരുന്ന പ്രകാരം 300 കിടക്കകളുള്ള മെഡിക്കൽ കോളേജ് സ്ഥാപിച്ചാൽ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ 50 കുട്ടികൾക്ക് പഠന സൗകര്യമുണ്ടാക്കാനുള്ള സാധ്യതയാണുള്ളത്. ഇതിനുവേണ്ടി വിവിധ വിഭാഗങ്ങളിൽപ്പെട്ട 750-ലേറെ തസ്തികകൾ ഒന്നാംഘട്ടത്തിൽ ക്രിയേറ്റ് ചെയ്യുകയും വേണം. അങ്ങയുടെ കാലത്ത് 108 തസ്തികകൾ ക്രിയേറ്റ് ചെയ്തിട്ടുണ്ട്. അതൊരു നല്ല കാര്യമാണ്. കാരണം, പ്രൊപ്പോസ് ചെയ്തിട്ടുള്ള മറ്റൊരു മെഡിക്കൽ കോളേജിനും തസ്തികകൾ സൃഷ്ടിച്ചിരുന്നില്ല. കോന്നി മെഡിക്കൽ കോളേജിൽ 108 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെങ്കിലും അത് തുലോം അപര്യാപ്തമാണ്. പാരിപ്പള്ളി

മെഡിക്കൽ കോളേജിൽ ആദ്യംതന്നെ 600-ലേറെ തസ്തികകൾ കൊടുത്തിട്ടാണ് മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരം നേടിയെടുത്തത്. അതുകൊണ്ട് അത്രയും തസ്തികയും സൃഷ്ടിക്കേണ്ടതുണ്ട്. ഇപ്പോൾ നടന്നുവരുന്ന നിർമ്മാണ ജോലികൾ പൂർത്തിയാകുന്ന നിലയ്ക്ക് ഒരു മെഡിക്കൽ കോളേജിനാവശ്യമായ ഓപ്പറേഷൻ തിയേറ്ററുകളും അനുബന്ധ സജ്ജീകരണങ്ങളും കിടക്കകളും മറ്റ് സംവിധാനങ്ങളും സൃഷ്ടിക്കാൻതന്നെ കൂടുതൽ തുക ആവശ്യമാണ്. ഇപ്പോഴുള്ള 141 കോടി രൂപ തീരെ അപര്യാപ്തമാണ്. പത്തനംതിട്ട ജില്ലയിലെ ആരോഗ്യ സേവനങ്ങൾ മെച്ചപ്പെടുത്താനുള്ള നടപടി പൊതുവെ സ്വീകരിച്ചിട്ടുണ്ട്. താലൂക്ക് ആശുപത്രികൾ, പി.എച്ച്.സി., സി.എച്ച്.സി. എന്നിവ നവീകരിക്കാനുള്ള പ്രവർത്തനങ്ങൾ നല്ല രീതിയിൽ പുരോഗമിച്ചുവരുന്നതിനാൽ പത്തനംതിട്ട ജില്ലയിലെ വിദൂര പ്രദേശത്തുള്ളവർക്കുപോലും ഗുണമേന്മയുള്ള ചികിത്സയും പരിചരണവും ലഭ്യമാകുന്നതാണ്. എന്നാൽ ശബരിമലയുടെ പ്രാധാന്യംകൂടി കണക്കിലെടുത്ത് ആരംഭിച്ച പ്രവൃത്തി നിർത്തിവയ്ക്കാൻ കഴിയില്ല. പ്രവൃത്തി ആരംഭിച്ചില്ലായിരുന്നുവെങ്കിൽ ഒട്ടും അനുയോജ്യമല്ലാത്ത സ്ഥലമായിരുന്നു ഇതെന്ന് എഴുതിത്തള്ളേണ്ടിവരുമായിരുന്നു. ആരംഭിച്ച കഴിഞ്ഞ ഒരു പ്രവൃത്തി തടസ്സപ്പെടുത്താൻ മടിയുള്ളതുകൊണ്ട് ഈ മെഡിക്കൽ കോളേജിന്റെ പ്രവർത്തനം മുന്നോട്ട് കൊണ്ടുപോകാം. പക്ഷെ ഈ പ്രയാസമെല്ലാം നിലനിൽക്കുന്നുവെന്നത് ബഹുമാനപ്പെട്ട മെമ്പർ മനസ്സിലാക്കണം. അതിനനുയോജ്യമായ സ്ഥലം കണ്ടെത്തി ഘട്ടംഘട്ടമായി ഇതിന്റെ നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കി മെഡിക്കൽ കോളേജാക്കി മാറ്റാൻ ശ്രമിക്കാം.

ശ്രീ. അടൂർ പ്രകാശ് : സർ, ഇത് അനുയോജ്യമായ സ്ഥലമല്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി മറുപടിയിൽ പറയുകയുണ്ടായി. അത് എന്തർത്ഥത്തിലാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഏതായാലും മന്ത്രിയുമായി ഒരു തർക്കത്തിന് ഞാനില്ല. അവിടെ പാറ പൊട്ടിച്ചുമാറ്റി ഏതാണ്ട് 340000 sq.ft. വരുന്ന കെട്ടിടത്തിന്റെ പണി പൂർത്തീകരിച്ചുകഴിഞ്ഞു. അങ്ങേയ്ക്ക് എഴുതിത്തന്ന ഉത്തരം നല്ലതുപോലെ വിലയിരുത്തിയതിനുശേഷം പറഞ്ഞതാണെന്ന് ഞാൻ കരുതുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി ഒന്നുകൂടി അത് പരിശോധിക്കണം. രണ്ടാംഘട്ടത്തിലെ പണികൾ നടത്തുന്നതിനുവേണ്ടിയുള്ള ലിസ്റ്റുകൾ എന്റെ കൈവശമുണ്ട്. നിങ്ങൾ നിയോഗിച്ചിട്ടുള്ള സ്പെഷ്യൽ ഓഫീസറുടെ നേതൃത്വത്തിൽ അവിടെ ചർച്ചകൾ നടക്കുന്നുണ്ട്. ആ ചർച്ചകൾ നടക്കുന്നത് അവിടെ പണി ചെയ്യുന്നതിനാണ്. അല്ലാതെ അവിടെനിന്ന് മാറ്റി വേറെ എങ്ങോട്ടെങ്കിലും കൊണ്ടുപോകാനല്ല. ആരെങ്കിലും അങ്ങയോട് ഈ കാര്യത്തിൽ എന്തെങ്കിലും പ്രത്യേക താല്പര്യം കാണിച്ചിട്ടുണ്ടോ എന്ന് എനിക്ക് അറിയില്ല. ഏതെങ്കിലും താല്പര്യത്തിന്റെ അടിസ്ഥാനത്തിലാണോ ബഹുമാനപ്പെട്ട മന്ത്രി ഇങ്ങനെയൊരു മറുപടി പറഞ്ഞതെന്ന് എനിക്ക് സംശയമുണ്ട്. ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്ന

167.33 കോടി രൂപയിൽ 142 ½ കോടി രൂപ നബാർഡിലുള്ളതാണ്. 143 കോടി രൂപയ്ക്കാണ് ടെണ്ടർ ക്ഷണിച്ചത്. ബാക്കിവരുന്ന ഏതാണ്ട് 25 കോടി രൂപയും അവിടെ പൊട്ടിച്ചുവച്ചിരിക്കുന്ന പാറകൾ നീക്കം ചെയ്യുമ്പോൾ കിട്ടുന്ന തുകയുംകൂടി വിനിയോഗിച്ചുകൊണ്ട് ആശുപത്രിക്കാവശ്യമുള്ള ഫർണിച്ചറുകളും മറ്റ് എക്യുപ്മെന്റ്സും വാങ്ങാനുള്ള നടപടി സ്വീകരിക്കുമോ എന്നതാണ് എന്റെ ചോദ്യം.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ബഹുമാനപ്പെട്ട മെമ്പർ തെറ്റിദ്ധരിക്കേണ്ടതില്ല, അങ്ങയുടെ മണ്ഡലത്തിൽ നിന്നും മെഡിക്കൽ കോളേജ് മാറ്റി സ്ഥാപിക്കാനുള്ള തീരുമാനമൊന്നും ഞാൻ പറഞ്ഞിട്ടില്ല. നമുക്ക് രണ്ടുപേർക്കുംകൂടി ചർച്ച ചെയ്ത് അങ്ങയുടെ മണ്ഡലത്തിൽ അനുയോജ്യമായ സ്ഥലം കണ്ടെത്തുകതന്നെ വേണം. നമുക്ക് മനുഷ്യസാധ്യമായതല്ലേ ചെയ്യാനാകൂ. അവിടെ 340000 ടൺ പാറ പൊട്ടിച്ച് സ്റ്റോക്ക് ചെയ്തിട്ടുണ്ട്. സാധാരണഗതിയിൽ ഇത്രയുമധികം പാറ പൊട്ടിച്ച് ഒരു കെട്ടിടം നിർമ്മിക്കുക സാഹസിക കൃത്യമാണ്. ഏതായാലും അത് ചെയ്യുന്നുണ്ട്. പാറ നീക്കം ചെയ്യുന്നതിനുള്ള ബുദ്ധിമുട്ട് ബഹു. അംഗത്തിനും അറിയാവുന്നതാണ്. ആരെങ്കിലും പാറ എടുക്കാൻ വരണ്ടേ? ഇപ്പോൾ ഒരുകൂട്ടർ പാറയെടുക്കുന്നുണ്ട്. ഒന്നാം ഘട്ടത്തിൽ പാറ നീക്കം ചെയ്ത് ലഭിച്ച പണം ജില്ലാ കളക്ടറുടെ പേരിൽ ഒരു പ്രത്യേക അക്കൗണ്ടിലിട്ടിട്ടുണ്ട്. നാമമാത്രമായ കാശാണ് ലഭിക്കുന്നത്. മെഡിക്കൽ കോളേജ് നിർമ്മിക്കാനാവശ്യമായ പണമൊന്നും പാറ വിൽപ്പനയിലൂടെ ലഭിക്കില്ല.

ശ്രീ. അടൂർ പ്രകാശ്: സർ, ...(മൈക്ക് ഓഫ്)... അദാനി ഗ്രൂപ്പിന് പാറ കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ; പത്രത്തിൽ അങ്ങനെയൊരു വാർത്ത വന്നിട്ടുണ്ട്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: അങ്ങയുടെയുംകൂടി സമ്മതത്തോടെ പാറയെടുക്കാൻ തയ്യാറുള്ള ആർക്കായാലും കൊടുക്കാം. അക്കാര്യത്തിൽ തർക്കമില്ല. പാറ നീക്കം ചെയ്യാൻ ആളെ കിട്ടാത്തതാണ് ഇടയ്ക്കുണ്ടായിരുന്ന തടസ്സം. ആളിനെ കൊണ്ടുവന്നാൽ പാറ കൊടുക്കാം. കുറച്ച് പാറ മാത്രമേ നീക്കം ചെയ്തിട്ടുള്ളൂ. പാറ നീക്കം ചെയ്തതിലൂടെ ലഭിച്ച പണം ജില്ലാ കളക്ടറുടെ പേരിലുള്ള പ്രത്യേക അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. അത് നിർമ്മാണ പ്രവർത്തനങ്ങൾക്കൊന്നും തികയുകയില്ല. ഈ പ്രയാസം ഞാൻ സഭാതലത്തിൽ ഇപ്പോൾ പറയാതിരുന്നാൽ എന്തുകൊണ്ട് ഈ മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നീളുന്നുവെന്ന ചോദ്യത്തിന് പിന്നീട് മറുപടി പറയേണ്ടിവരും. ഘട്ടംഘട്ടമായി ഈ പ്രയാസങ്ങളെല്ലാം തരണം ചെയ്തുകൊണ്ട് മെഡിക്കൽ കോളേജ് യാഥാർത്ഥ്യമാക്കാൻ ശ്രമിക്കുന്നതാണ്. അനുയോജ്യമായ സ്ഥലം നമുക്ക് ചർച്ച ചെയ്ത് കണ്ടെത്താം.

# IV. സബ്മിഷൻ

## (1) ശ്രീജിത്തിന്റെ മരണം

മി. ഡെപ്യൂട്ടി സ്പീക്കർ: പ്രസ്തുത വിഷയത്തിന്മേൽ ശ്രീ. സി. ദിവാകരനും നോട്ടീസ് നൽകിയിട്ടുണ്ട്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, തിരുവനന്തപുരം ജില്ലയിലെ മാണിക്കൽ പിരപ്പൻകോട് അന്താരാഷ്ട്ര സ്വിമ്മിംഗ് പൂളിൽ ഇക്കഴിഞ്ഞ 20-ാം തീയതി ശ്രീജിത്ത് എന്ന നീന്തൽ വിദ്യാർത്ഥി മുങ്ങിമരിച്ച ദാരുണ സംഭവമുണ്ടായി. ജീവനക്കാരുടെ ഭാഗത്തുനിന്നുണ്ടായ അനാസ്ഥയാണ് മരണത്തിന് കാരണമെന്ന് പരക്കെ ആക്ഷേപമുണ്ട്. കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് നിയമിച്ച മുഴുവൻ ജീവനക്കാരെയും പിരിച്ചുവിട്ട് യാതൊരു യോഗ്യതയും പരിചയവുമില്ലാത്ത കുറേപ്പേരെ ഇന്റർവ്യൂവോ മാനദണ്ഡങ്ങളോ കൂടാതെ നിയമിച്ചതാണ് ഇങ്ങനെയൊരു അപകടമുണ്ടാകാൻ കാരണമായതെന്ന പരാതി വ്യാപകമായി ഉയർന്നുവന്നിരിക്കുകയാണ്. യു.ഡി.എഫ്. ഭരണകാലത്ത് അന്താരാഷ്ട്ര നീന്തൽതാരവും നീന്തൽ കോച്ചുമായ ശശിധരൻ നായരെയാണ് ഇതിന്റെ അഡ്മിനിസ്ട്രേറ്ററായി നിയമിച്ചത്. ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ ഷിജു എന്ന ഡി.വൈ.എഫ്.ഐ. നേതാവിനെ അവിടെ അഡ്മിനിസ്ട്രേറ്ററായി കൊണ്ടുവന്നു. ഇയാൾ ശമ്പളം വാങ്ങാൻ മാത്രമാണ് അവിടേയ്ക്ക് വരുന്നത്. ജലശുദ്ധീകരണ പ്ലാന്റിൽ കഴിഞ്ഞ സർക്കാർ നിയോഗിച്ച അന്താരാഷ്ട്ര നിലവാരമുള്ള മൂന്ന് ജീവനക്കാരെ പിരിച്ചുവിട്ട് പ്ലാന്റ് പ്രവർത്തിപ്പിക്കാൻ അറിയാത്ത നന്ദുവെന്ന ഡി.വൈ.എഫ്.ഐ. പഞ്ചായത്ത് സെക്രട്ടറിയെ ഈ ഗവൺമെന്റ് നിയമിച്ചു പ്ലാന്റ് പ്രവർത്തിപ്പിക്കാൻ അറിയാത്തതു കൊണ്ട് റബ്ബറിനടിക്കുന്ന തുരിശ് ചാക്കുകണക്കിന് വെള്ളത്തിൽ കെട്ടിയിട്ട് താല്ക്കാലികമായി ജലം ശുചീകരിക്കുകയാണ്. 20-ാം തീയതി ഉച്ചയ്ക്ക് 2.30-ന് പരിശീലനത്തിനെത്തിയ ശ്രീജിത്ത് ബോർഡിംഗ് പാസ്സ് വാങ്ങി നീന്തൽ കുളത്തിലിറങ്ങുകയുണ്ടായി. വൈകിട്ട് 6 മണിക്ക് കുട്ടികൾ അറിയിച്ചപ്പോഴാണ് ശ്രീജിത്ത് വെള്ളത്തിനടിയിൽ മരിച്ചുകിടക്കുന്നതായി ജീവനക്കാർ അറിയുന്നത്. മരണം രഹസ്യമാക്കിവച്ച് പോലീസും ചില സി.പി.ഐ(എം.) നേതാക്കളുംകൂടി മൃതദേഹം മോർച്ചറിയിൽ കൊണ്ടു പോകുകയാണുണ്ടായത്. വിവരമറിഞ്ഞ് ഓടിക്കൂടിയ നാട്ടുകാർ ആംബുലൻസ് തടഞ്ഞ് മൃതദേഹം

കാണണമെന്ന് പറഞ്ഞപ്പോൾ അവരെ ലാത്തിച്ചാർജ് ചെയ്ത് ഓടിച്ചശേഷം ബോഡി മോർച്ചറിയിലേയ്ക്ക് കൊണ്ടുപോയി. ദുരൂഹ സാഹചര്യത്തിൽക്കണ്ട ബോഡി ബന്ധുക്കളെയോ നാട്ടുകാരെയോ കാണിക്കാതെ, ഇൻക്വസ്റ്റും കൃത്യമായ മഹസറും തയ്യാറാക്കാതെ നീക്കം ചെയ്തതിലും ദുരൂഹതയുണ്ടെന്ന് നാട്ടുകാർ ആരോപിക്കുന്നു. വെക്കേഷൻ സമയത്ത് മൂന്ന് വയസ് മുതൽ പ്രായമുള്ള ആയിരത്തോളം കുട്ടികൾ പരിശീലനത്തിനെത്തുന്ന നീന്തൽക്കുളത്തിൽ യോഗ്യതയുള്ളവരെ നിയമിച്ച് പരിശീലനം നടത്തിയില്ലെങ്കിൽ ഇനിയും ദുരന്തങ്ങൾ ആവർത്തിക്കാൻ സാധ്യതയുണ്ട്. സ്പോർട്സ് വകുപ്പുമന്ത്രി ഇക്കാര്യങ്ങളെല്ലാം അറിഞ്ഞിട്ടുണ്ടോ എന്ന് എനിക്ക് അറിയില്ല. സ്പോർട്സ് കൗൺസിലാണ് ഇതെല്ലാം ചെയ്യുന്നത്. സ്പോർട്സ് കൗൺസിലിലെ ആളുകൾ യാതൊരു പരിശീലനവുമില്ലാത്ത ലോക്കലായിട്ടുള്ള ഇഷ്ടക്കാരെ നിയമിച്ചതിന്റെ പരിണിത ഫലമാണിത്. അവധിക്കാലത്ത് ആയിരക്കണക്കിന് കുട്ടികൾ അവിടെ നീന്തൽ പരിശീലനത്തിന് വരാറുണ്ട്. ഇനിയുള്ള ദുരന്തങ്ങൾ ഒഴിവാക്കാനും ശ്രീജിത്തിന്റെ മരണം സംബന്ധിച്ച് വിശദമായ അന്വേഷണം നടത്താനും സർക്കാർ തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. സി. ദിവാകരൻ</u>: സർ, എന്റെ നിയോജകമണ്ഡലത്തിൽ നടന്ന സംഭവമാണിത്. നാളെ എന്തെങ്കിലുമൊരു സംഭവം ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറുടെ മണ്ഡലത്തിൽ നടന്നാൽ അതിന്റെ സബ്മിഷൻ കൊടുക്കുന്നത് വേറൊരു അംഗത്തിനാകുമോ; ...(ബഹളം)... ആ കീഴ്വഴക്കം ശരിയല്ല. എല്ലാവർക്കും വേണ്ടിയാണ് ഞാൻ വാദിക്കുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഈ വിഷയം ഉന്നയിച്ചതിന്റെ ഔചിത്യത്തെയാണ് ഞാൻ ചോദ്യം ചെയ്തത്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, സാധാരണഗതിയിൽ ഇത്തരം വിവാദ സംഭവങ്ങളുണ്ടാകുമ്പോൾ നിയോജകമണ്ഡലങ്ങൾ നോക്കാറില്ല. പണ്ടും അങ്ങനെയാണ്. അവിടത്തെ അംഗമെന്ന നിലയിൽ നോട്ടീസില്ലാതെ തന്നെ സംസാരിക്കാനുള്ള അനുവാദം ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ അങ്ങേയ്ക്ക് തരുമല്ലോ. നമ്മൾ എപ്പോഴും അങ്ങനെയാണ് ചെയ്യാറുള്ളത്. അങ്ങ് മന്ത്രിയായിരുന്ന ആളല്ലേ; അങ്ങേയ്ക്ക് ഇതെല്ലാം അറിയാവുന്നതല്ലേ.

<u>ശ്രീ. സി. ദിവാകരൻ</u>: സർ, ഇത് അറിവില്ലാത്തതിന്റെ പ്രശ്നമല്ല. ഞാൻ സബ്മിഷന് നോട്ടീസ് കൊടുത്തെങ്കിലും എന്റെ നോട്ടീസ് എടുത്തില്ല. അതാണ് എന്റെ പരാതി. ഹരിപ്പാട് നടന്ന സംഭവത്തിൽ എനിക്ക് സബ്മിഷൻ അനുവദിക്കാൻ അനുമതി നൽകിയാൽ എങ്ങനെയിരിക്കും? ...(ബഹളം)... ഞാൻ ആദ്യം കൊടുത്തില്ലെന്ന് നിങ്ങൾക്ക് എങ്ങനെ അറിയാം. ഇത് വളരെ ദാരുണമായ ഒരു സംഭവമാണ്....(ബഹളം)... ആദ്യം കൊടുത്തോ അവസാനം കൊടുത്തോയെന്ന് എനിക്കറിയില്ല. ഞാൻ ഇന്നലെത്തന്നെ സബ്മിഷൻ കൊടുത്തിരുന്നു.

ഇക്കാര്യത്തിലുള്ള ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ അവതരണം തികച്ചും നിർഭാഗ്യകരമാണ്. രാഷ്ട്രീയ പ്രേരിതമായാണ് ഈ സംഭവത്തെ കാണുന്നത്. എന്റെ നിയോജകമണ്ഡലത്തിലെ ഒരു ദരിദ്ര കുടുംബത്തിന്റെ ഏക സ്വപ്നമായ ശ്രീജിത്താണ് ദുരൂഹ സാഹചര്യത്തിൽ സ്വിമ്മിംഗ് പൂളിൽ കൊല്ലപ്പെട്ടത്. അതൊരു സ്വാഭാവിക മരണമല്ല. നാട്ടുകാരുടെ സംശയവും അതാണ്. കേരളത്തിന്റെ അഭിമാനമായ ഏറ്റവും പ്രശസ്തമായ ഈ സ്ഥാപനത്തിൽ 33-ൽപ്പരം ജീവനക്കാരുണ്ട്. പകലാണ് ഈ സംഭവം നടന്നിരിക്കുന്നത്. ശ്രീജിത്ത് രാവിലെ 11 മണിക്ക് പരിശീലനത്തിന് പോയി. വൈകുന്നേരം 6-മണിക്കുള്ള ബാച്ചിൽ സ്വിമ്മിംഗ് പരിശീലനത്തിനെത്തിയ കുട്ടികളാണ് ഇത് കണ്ടെത്തിയത്. അവർ അറിയിച്ചതിനെ തുടർന്ന് നാട്ടുകാരും പോലീസും ഫയർഫോഴ്സും വരികയും ബോഡിയെടുത്ത് തിരുവനന്തപുരം മെഡിക്കൽ കോളേജ് മോർച്ചറിയിലേയ്ക്ക് കൊണ്ടുപോകുകയും ചെയ്തു. അവിടെയും ബഹളം ഉണ്ടായപ്പോഴാണ് ഞാൻ അറിഞ്ഞത്. ഞാൻ ആർ.ഡി.ഒ.-യുമായും പോലീസുമായും ബന്ധപ്പെടുകയും ആർ.ഡി.ഒ.-യുടെ സാന്നിദ്ധ്യത്തിൽ ഇൻക്വസ്റ്റ് നടത്തുകയും ചെയ്തു. ഞാൻ ഇന്നലെത്തന്നെ ആ വീട്ടിൽ പോയിരുന്നു. അവിടത്തെ സ്ഥിതി വളരെ ദയനീയമാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉന്നയിച്ചതു പോലെ ഇക്കാര്യത്തിൽ ഒരന്വേഷണം നടത്തണം. അത് പ്രധാനപ്പെട്ട കാര്യമാണ്. ആ കുടുംബം തകർന്നിരിക്കുകയാണ്. ആകെ രണ്ട് കുട്ടികളാണ്. ദരിദ്ര കുടുംബമാണ്. അച്ഛൻ ചായക്കടയിലെ തൊഴിലാളിയാണ്. മരണപ്പെട്ട ശ്രീജിത്തിന് ഫയർ ഫോഴ്സിൽ സെലക്ഷൻ ലഭിച്ചിരുന്നു. സ്വിമ്മിംഗും കൂടി പഠിക്കണമെന്നുള്ളതുകൊണ്ട് സ്വിമ്മിംഗിന് പോയതാണ്. രണ്ടാമതൊരു കുട്ടിയുണ്ട്. ആ ദരിദ്ര കുടുംബത്തെ ഗവൺമെന്റ് കാര്യമായി സഹായിക്കണം. ഇളയ കുട്ടിക്ക് ജോലി കൊടുക്കണം. ഇതിന്മേൽ അന്വേഷണം നടത്തണം. ഏറ്റവും പാവപ്പെട്ട കുടുംബത്തിലെ കാര്യമായതുകൊണ്ടാണ് ഞാൻ ഈ വിഷയം ഉന്നയിക്കുന്നത്. ഇതിൽ രാഷ്ട്രീയം കാണുന്നത് ശരിയല്ല, അത് നിർഭാഗ്യകരമാണ്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും സ്ഥലത്തെ ജനപ്രതിനിധി കൂടിയായ ശ്രീ. സി. ദിവാകരനും ഉന്നയിച്ച ശ്രീജിത്തിന്റെ മരണം, ദൗർഭാഗ്യകരവും ദുഃഖകരവുമായ ഒരു സംഭവം തന്നെയാണ്. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ അധീനതയിലുള്ളതാണ് പിരപ്പൻകോടുള്ള അന്താരാഷ്ട്ര നീന്തൽ സമുച്ചയം. സ്വിമ്മിംഗ് പൂളിൽ രാവിലെ 6 മണി മുതൽ 8.30 വരെയും വൈകുന്നേരം 4.30 മുതൽ 6.30 വരെയും കേരള സ്പോർട്സ് കൗൺസിലിന്റെ നിയന്ത്രണത്തിലുള്ള സ്പോർട്സ് ഹോസ്റ്റലിലെ

49 കായികതാരങ്ങളും പ്രദേശവാസികളായ 250 വിദ്യാർത്ഥികളും പരിശീലനം നടത്തുന്നുണ്ട്. രാവിലെ 9 മണി മുതൽ 10 മണി വരെ പ്രദേശത്തെ 20-ഓളം വനിതകളും നീന്തൽ പരിശീലനം നടത്തുന്നുണ്ട്. കൂടാതെ ഉച്ചയ്ക്ക് 2.30 മുതൽ 3.30 വരെ പൊതുജനങ്ങൾക്ക് നീന്തൽ പരിശീലനം നടത്താനും അനുവദിച്ചിട്ടുണ്ട്. ഇതിനുവേണ്ടി 25 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത ദിവസം ഈ 25 പേരിൽ 8 പേർ അവിടെ നീന്താൻ എത്തിയിരുന്നുവെന്നാണ് ലഭ്യമായ വിവരം. ആ ദിവസമാണ് മുക്കംപാലമൂട് കുന്നൂർക്കോണത്തെ വീട്ടിൽ ശ്രീകണ്ഠൻ, ബീന ദമ്പതികളുടെ മൂത്തമകൻ ശ്രീജിത്ത് മരണപ്പെട്ടത്. 22 വയസ്സേ ആയിട്ടുള്ളൂ, ഫയർ ആൻഡ് റെസ്ക്യൂ വകുപ്പിലേയ്ക്ക് പി.എസ്.സി. ലിസ്റ്റിൽ പേര് വന്നിട്ടുള്ള ചെറുപ്പക്കാരനായിരുന്നു. രണ്ട് ആൺമക്കളാണുള്ളത്. പാവപ്പെട്ട ഒരു കുടുംബമാണ്. ബഹുമാനപ്പെട്ട എം.എൽ.എ. ഇന്നലെ ആ വീട്ടിൽ പോയി സ്ഥിതിയൊക്കെ മനസ്സിലാക്കിയിരുന്നു. ഞാനും അന്വേഷിച്ചിരുന്നു.

നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ പതിവ് പരിശീലനത്തിനായി ഹോസ്റ്റലിലെ കായികതാരങ്ങൾ 3.30-ന് എത്തിയപ്പോഴാണ് ശ്രീജിത്തിനെ ചലനമറ്റ നിലയിൽ കണ്ടത്. ഉടനെ ലൈഫ് ഗാർഡുകൾ ശ്രീജിത്തിനെ നീന്തൽക്കുളത്തിന് പുറത്തെടുക്കുകയും വിവരം വെഞ്ഞാറമൂട് പോലീസ് സ്റ്റേഷനിൽ അറിയിക്കുകയും ചെയ്തു. പോലീസ് എത്തിയാണ് മെഡിക്കൽ കോളേജിലേയ്ക്ക് ബോഡി മാറ്റുന്നത്. സ്വാഭാവികമായും ഇത്തരം സന്ദർഭത്തിലുണ്ടാകുന്ന സംസാരമല്ലാതെ പോലീസിന് നാട്ടുകാരെ ഓടിക്കേണ്ട ഒരു സാഹചര്യമോ ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സൂചിപ്പിച്ച രീതിയിലുള്ള പ്രശ്നങ്ങളോ അവിടെയുണ്ടായിട്ടില്ല. ഇന്നലെ ആർ.ഡി.ഒ.-യുടെ സാന്നിദ്ധ്യത്തിൽ ഇൻക്വസ്റ്റ് നടത്തുകയും മെഡിക്കൽ കോളേജിൽ പോസ്റ്റ്മോർട്ടം നടത്തി ബോഡി ബന്ധുക്കൾക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. വെള്ളത്തിൽ മുങ്ങിമരിച്ചുവെന്ന് തന്നെയാണ് പ്രാഥമിക നിഗമനം. പോസ്റ്റ്മോർട്ടം റിപ്പോർട്ട് കിട്ടിയാലേ കൂടുതൽ വിശദാംശങ്ങളിലേയ്ക്ക് പോകാൻ കഴിയൂ. മിനിഞ്ഞാന്ന് ഞാൻ സഭയിലുണ്ടായിരുന്നില്ല, ഫോൺ മുഖാന്തരമാണ് ഈ വിവരം അറിഞ്ഞത്. നീന്തൽക്കുളത്തിന്റെ ചുമതലയുള്ള ജീവനക്കാർക്ക് വീഴ്ച പറ്റിയിട്ടുണ്ടോ എന്ന് അന്വേഷിക്കാൻ സ്പോർട്സ് കൗൺസിൽ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നു. ഈ സംഭവം അറിഞ്ഞയുടൻ സ്പോർട്സ് കൗൺസിൽ സെക്രട്ടറിയും പ്രസിഡന്റും ആ സ്ഥലത്ത് എത്തുകയും ചെയ്തിരുന്നു. പ്രാഥമിക അന്വേഷണത്തിൽ ജീവനക്കാരിൽ ചിലരുടെ പേരിൽ വീഴ്ചയുണ്ടായിട്ടുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്.

അന്നേ ദിവസം ഡ്യൂട്ടിയിലുണ്ടായിരുന്ന താൽക്കാലിക അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള രണ്ട് ലൈഫ് ഗാർഡുകൾ, ഒരു കെയർ ടേക്കർ എന്നിവരെ ഇന്നലെ പിരിച്ചുവിട്ടിട്ടുണ്ട്. ഭാവിയിൽ ഇത്തരം സംഭവങ്ങളുണ്ടാകാതിരിക്കാൻ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ആവശ്യമായ പരിശോധനയുണ്ടാകും. നിയമന കാര്യങ്ങളിലേയ്ക്കും മറ്റു വിവാദങ്ങളിലേയ്ക്കുമൊന്നും ഞാൻ പോകുന്നില്ല. മുമ്പുണ്ടായിരുന്ന നിയമനരീതി തന്നെയാണ് ഇപ്പോഴും സ്വീകരിച്ചിട്ടുള്ളത്. ഈ ദാരുണമായ സംഭവത്തിന്റെ പശ്ചാത്തലത്തിൽ രാഷ്ട്രീയമായി ഉന്നയിക്കാൻ ഞാനും തയ്യാറാകുന്നില്ല. പക്ഷെ നിർഭാഗ്യകരമായ ഒരു സംഭവമാണ്. ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ചതുപോലെ ചെറുപ്പക്കാരന്റെ മരണത്തിൽ ദുഃഖമനുഭവിക്കുന്ന കുടുംബത്തിനോട് സർക്കാരിന് സഹതാപമുണ്ട്. ആവശ്യമായ സാമ്പത്തിക സഹായം ഉൾപ്പെടെയുള്ള കാര്യങ്ങൾ സർക്കാർ തീരുമാനിക്കും. ശ്രീജിത്തിന്റെ അനുജൻ ഐ.ടി.ഐ.-യിൽ പഠിക്കുകയാണ്, 18 വയസ്സേ ആയിട്ടുള്ളൂ. ആ കുട്ടി തയ്യാറാണെങ്കിൽ ഈ നീന്തൽക്കുളത്തിൽ തന്നെ താൽക്കാലിക സംവിധാനത്തിൽ ജോലി കൊടുക്കുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങൾ ചെയ്യും. ഇക്കാര്യത്തെക്കുറിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ബഹുമാനപ്പെട്ട എം.എൽ.എ.-യും ഉന്നയിച്ച ഏത് അന്വേഷണവും നടത്താൻ തയ്യാറാണ്. ജില്ലാ കളക്ടറെക്കൊണ്ട് ഇപ്പോൾ തന്നെ ഒരു അന്വേഷണത്തിന് തീരുമാനിക്കുന്നതാണ്.

## (2) എഞ്ചിനീയർമാരുടെ വിദ്യാഭ്യാസ യോഗ്യത

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u>: സർ, മലയാളികൾ ഉൾപ്പെടെയുള്ള നൂറുക്കണക്കിന് ഇന്ത്യൻ എഞ്ചിനീയർമാർ കുവൈറ്റിൽ ജോലി ചെയ്യുന്നുണ്ട്. ഇവരുടെ വിസയ്ക്കും റസിഡൻസ് പെർമിറ്റിനും ജോലിക്കുമെല്ലാം ഇതുവരെയും നാളും ഇന്ത്യാ ഗവൺമെന്റിന്റെ ഹ്യൂമൻ റിസോഴ്സ് ഡിപ്പാർട്ടുമെന്റും ഇന്ത്യൻ എംബസിയും സ്റ്റാമ്പ് ചെയ്ത സർട്ടിഫിക്കറ്റുകൾ മതിയായിരുന്നു. മാർച്ച് 11-ാം തീയതി കുവൈറ്റിലെ പബ്ലിക് അതോറിറ്റി ഓഫ് മാൻപവർ പുറപ്പെടുവിച്ച സർക്കുലർ അനുസരിച്ച് ഇനിമുതൽ കുവൈറ്റിലുള്ള എല്ലാ എഞ്ചിനീയർമാരും കുവൈറ്റ് സൊസൈറ്റി ഓഫ് എഞ്ചിനീയേഴ്സിന്റെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് മേടിക്കണം. പക്ഷെ ഇന്ത്യൻ നാഷണൽ ബോർഡ് ഓഫ് അക്രെഡിറ്റേഷൻ അംഗീകരിച്ചിട്ടുള്ള കോഴ്സുകൾ പഠിച്ചവർക്ക് മാത്രമേ അവർ സർട്ടിഫിക്കറ്റ് അറ്റസ്റ്റ് ചെയ്ത് നൽകുകയുള്ളൂ. N.B.A. നിലവിൽ വരുന്നത് 2010-ൽ ആണ്. അതിനുമുമ്പ് വിവിധ കോഴ്സുകൾ പാസ്സായവരുണ്ട്. ഇന്ത്യൻ ഐ.ഐ.ടി.-കൾ ഉൾപ്പെടെ പ്രധാനപ്പെട്ട

പല എഞ്ചിനീയറിംഗ് കോളേജുകളുടെയും പല കോഴ്സുകളും N.B.A.-യുടെ അംഗീകാര പട്ടികയിലില്ല. I.S.O. പോലുള്ള ഒരു സ്ഥാപനമാണ് N.B.A.. ഇന്ത്യയിൽ എഞ്ചിനീയറിംഗ് കോളേജുകളുടെ അക്രെഡിറ്റേഷൻ പൂർണ്ണമായും A.I.C.T.E. ആണ് നിർവ്വഹിക്കുന്നത്. അഗ്രികൾച്ചറൽ ബി.ടെക് നോക്കുന്നത് I.C.A.R. ആണ്. യു.ജി.സി.-ക്ക് ഇതിൽ ഒരു മേൽനോട്ടമുണ്ട്. ഇന്ത്യാ ഗവൺമെന്റ് ഈ വിവരം കുവൈറ്റ് ഗവൺമെന്റിനെ അറിയിക്കുകയും A.I.C.T.E. അംഗീകരിച്ച എഞ്ചിനീയറിംഗ് കോളേജുകളുടെ ലിസ്റ്റ് കുവൈറ്റ് ഗവൺമെന്റിൽ എത്തിക്കുകയും ചെയ്യണം. ഉയർന്ന നിലവാരത്തിലുള്ള നയതന്ത്ര ഇടപെടൽ ഇക്കാര്യത്തിൽ ആവശ്യമുണ്ട്. കുവൈറ്റിൽ ജോലി ചെയ്യുന്ന അനവധി മലയാളികളെ ഈ നിയമം പ്രതികൂലമായി ബാധിക്കുമെന്നുള്ളതുകൊണ്ട് സർക്കാർ ഇക്കാര്യം സംബന്ധിച്ച് കേന്ദ്രത്തിൽ അടിയന്തരമായ സമ്മർദ്ദം ചെലുത്തേണ്ടതായിട്ടുണ്ട്.

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ശ്രീ. കെ. സുരേഷ് കുറുപ്പ് വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് സബ്മിഷനായി ഈ സഭയുടെ മുമ്പാകെ കൊണ്ടുവന്നിട്ടുള്ളത്. കുവൈറ്റിൽ ജോലി ചെയ്യുന്ന എഞ്ചിനീയർമാർ ഇന്ത്യയിലെ നാഷണൽ ബോർഡ് ഓഫ് അക്രെഡിറ്റേഷൻ (N.B.A.) അംഗീകരിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിച്ചിരിക്കണമെന്ന നിബന്ധന ഏർപ്പെടുത്തിയതിന്റെ ഫലമായി വന്നിട്ടുള്ള ബുദ്ധിമുട്ട് സംബന്ധിച്ച് സർക്കാരിന് ഇതിനകം തന്നെ നിരവധി പരാതികൾ ലഭിച്ചിട്ടുണ്ട്. ഇക്കാര്യത്തിന്റെ നിജസ്ഥിതി അറിയുന്നതിനായി കുവൈറ്റ് എംബസിക്ക് കത്തും അയച്ചിട്ടുണ്ട്. N.B.A. അംഗീകാരമുള്ള എഞ്ചിനീയറിംഗ് ബിരുദങ്ങൾക്ക് പൊതുവെ എല്ലാ രാജ്യങ്ങളിലും അംഗീകാരമുണ്ട്. അതുകൊണ്ട് ഈ വിഭാഗത്തിൽ ബിരുദമുള്ളവർക്ക് ജോലിക്കുവേണ്ടി അതാത് രാജ്യങ്ങൾ നടത്തുന്ന പരീക്ഷകൾ പാസ്സാകേണ്ടതില്ല. പകരം അതാത് രാജ്യവുമായി ഒരു പൊതു ഉടമ്പടി വച്ചിരിക്കണമെന്ന നിബന്ധന മാത്രമാണുള്ളത്. ഈ ഉടമ്പടിയിൽ ഇന്ത്യയും കുവൈറ്റും ഒപ്പുവച്ചിട്ടുണ്ട്. 2015 ജനുവരി മുതലാണ് ഇന്ത്യൻ കലാലയങ്ങൾക്ക് N.B.A. വേണമെന്ന നിബന്ധന പ്രാബല്യത്തിലായത്. അതിനുമുമ്പ് ബിരുദം നേടി കുവൈറ്റിൽ ജോലി തുടരുന്ന എല്ലാ എഞ്ചിനീയർമാരുടെയും ബിരുദങ്ങൾ N.B.A. ഉള്ളതാകണമെന്ന വ്യവസ്ഥ തീർച്ചയായും ഒരു പ്രതിസന്ധി സൃഷ്ടിക്കും. അതിനാൽ ഇവർക്കാവശ്യമായ ഇളവുകൾ ലഭ്യമാക്കാനും മറ്റുള്ളവർക്ക് യോഗ്യതാപരീക്ഷ നടത്തി തൊഴിൽ സംരക്ഷണം ഉറപ്പാക്കാനും കേന്ദ്രസർക്കാരുമായി ബന്ധപ്പെട്ട് അടിയന്തരമായി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

## (3) മോഡൽ റസിഡൻഷ്യൽ സ്കൂൾ മാറ്റുന്നത് സംബന്ധിച്ച്

ശ്രീ. യു. ആർ. പ്രദീപ്: സർ, എന്റെ നിയോജകമണ്ഡലമായ ചേലക്കരയിൽ അനുവദിച്ച മോഡൽ റസിഡൻഷ്യൽ സ്കൂൾ ഇപ്പോൾ തൊട്ടടുത്ത മണ്ഡലമായ വടക്കാഞ്ചേരിയിലെ എം.ആർ.എസ്.-ലാണ് പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത്. എന്റെ മണ്ഡലത്തിലെ തിരുവില്വാമല പഞ്ചായത്തിൽ 6.84 ഏക്കർ സ്ഥലത്ത് 5.9 കോടി രൂപ ചെലവഴിച്ചുകൊണ്ട് കെട്ടിടം പണി പൂർത്തീകരിച്ചിട്ടുണ്ട്. പൂർണ്ണമായ സൗകര്യം ഇപ്പോഴുമായിട്ടില്ല. അടുക്കളയും ഡൈനിംഗ് ഹാളും പണിയുന്നതിനായി ഏതാണ്ട് 74 ലക്ഷം രൂപ ഈ ഗവൺമെന്റ് അനുവദിച്ചിട്ടുണ്ട്. അതിന്റെ പണി അടുത്തദിവസം തുടങ്ങും. എന്നാലും കുട്ടികളെ ഇങ്ങോട്ടുമാറ്റണമെങ്കിൽ കുറച്ചുകൂടി സൗകര്യമേർപ്പെടുത്തേണ്ടി വരും. പി.ഡബ്ല്യൂ.ഡി. വിഭാഗം ഏതാണ്ട് 8 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. കോമ്പൗണ്ട് വാൾ, ഗേറ്റ്, ഇന്റീരിയർ റോഡ്, വാച്ച്മാൻ കാബിൻ, ജല സൗകര്യം, കളിസ്ഥലം, പ്രിൻസിപ്പൽ ക്വാർട്ടേഴ്സ് ഉൾപ്പെടെയുള്ള കാര്യങ്ങൾ ചെയ്യാൻ കഴിഞ്ഞാൽ ഈ അദ്ധ്യയനവർഷം തന്നെ കുട്ടികളെ അങ്ങോട്ടുമാറ്റി പഠിപ്പിക്കാൻ കഴിയുമെന്നാണ് തോന്നുന്നത്. അതിനോടൊപ്പം ഹൈടെക് ആക്കാൻ വേണ്ടിയുള്ള ഇടപെടൽ നടത്തുന്നത് നല്ലതാണ്. ഇക്കാര്യത്തിൽ അടിയന്തരമായി ഇടപെടണമെന്ന് ഈ സബ്മിഷനിലൂടെ ഉന്നയിക്കുകയാണ്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, പട്ടികജാതി വികസന വകുപ്പിന് കീഴിൽ തൃശ്ശൂർ ജില്ലയിലെ ചേലക്കരയിൽ 5.90 കോടി രൂപ ചെലവിൽ പുതുതായി നിർമ്മിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളിന്റെ സിവിൽ, ഇലക്ട്രിക്കൽ പണികൾ പൂർത്തീകരിച്ച് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് കെ.എസ്.ഇ.ബി.-ക്ക് അപേക്ഷ നൽകിയിട്ടുണ്ട്. മെസ് ഹാളിന്റെയും കിച്ചണിന്റെയും നിർമ്മാണം ആരംഭിക്കുന്നതിന് 74 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ടി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളതായി പൊതുമരാമത്ത് വകുപ്പ് ബിൽഡിംഗ് വിഭാഗം അറിയിക്കുകയും ചെയ്തിട്ടുണ്ട്. കുഴൽക്കിണർ നിർമ്മാണം, കുടിവെള്ള വിതരണം എന്നിവയ്ക്ക് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ 50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ജില്ലാ പട്ടികജാതി വികസന ഓഫീസിൽനിന്നും ലഭിച്ചിട്ടുണ്ട്. അതിന്മേൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. കളിസ്ഥലം ഒരുക്കൽ, ക്വാർട്ടേഴ്സ് നിർമ്മാണം തുടങ്ങിയ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് ബിൽഡിംഗ് വിഭാഗത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. 2018-19 അദ്ധ്യയനവർഷം തന്നെ ചേലക്കരയിൽ എം.ആർ.എസ്. പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

11.00 A M ]

## (4) തൊഴിലാളികൾക്ക് പട്ടയം

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, പെരുമ്പാവൂർ ട്രാവൻകൂർ റയോൺസിലെ താഴ്ന്ന വരുമാനക്കാരായ തൊഴിലാളികൾക്കുള്ള ഇൻഡസ്ട്രിയൽ ഹൗസിംഗ് സ്കീം ക്വാർട്ടേഴ്സിൽ ഇപ്പോൾ താമസിച്ചുവരുന്നവർക്ക് പട്ടയം അനുവദിക്കുന്നത് സംബന്ധിച്ചാണ് എന്റെ സബ്മിഷൻ. 2001 മുതൽ അടച്ചുപൂട്ടിക്കിടക്കുന്ന പൊതുമേഖലാ സ്ഥാപനമായ ട്രാവൻകൂർ റയോൺസിലെ താഴ്ന്ന വരുമാനക്കാരായ തൊഴിലാളികൾക്കുള്ള ചേലമറ്റം കുന്നയ്ക്കാട്ട് മലയിലെ ഇൻഡസ്ട്രിയൽ ഹൗസിംഗ് സ്കീം ക്വാർട്ടേഴ്സിൽ പതിറ്റാണ്ടുകളായി താമസിച്ചുവരുന്ന 50 കുടുംബങ്ങൾക്ക് ഇതുവരെയും പട്ടയം ലഭിച്ചിട്ടില്ല. രേഖകളിൽ ഇൻഡസ്ട്രിയൽ ക്വാർട്ടേഴ്സായി കിടക്കുന്ന ഇവ 1952-ൽ സർക്കാർ പുറമ്പോക്കിൽ പണിത കെട്ടിടങ്ങളാണ്. 1963-ൽ അന്നത്തെ റയോൺസ് മാനേജ്മെന്റും ജില്ലാ കളക്ടറും ചേർന്നുണ്ടാക്കിയ ധാരണയുടെ അടിസ്ഥാനത്തിൽ തൊഴിലാളികൾക്ക് ഈ കെട്ടിടവും സ്ഥലവും വാടകയ്ക്ക് കൊടുക്കാനും 12 വർഷങ്ങൾക്കുശേഷം ചെറിയൊരു വിലയ്ക്ക് കെട്ടിടവും സ്ഥലവും അവർക്ക് പതിച്ച് നൽകുവാനും വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ ആ വ്യവസ്ഥ പാലിക്കപ്പെട്ടില്ല. തുടർന്ന് അവർ ഹൈക്കോടതിയെ സമീപിക്കുകയും 2002-ൽ അനുകൂല ഉത്തരവുണ്ടാകുകയും ചെയ്തു. പക്ഷെ ഇപ്പോഴും നടപടിയുണ്ടായിട്ടില്ല. പിന്നീട് താമസക്കാർ നിരവധി തവണ പല നിവേദനങ്ങൾ ഗവൺമെന്റിൽ നൽകിയെങ്കിലും തീരുമാനമുണ്ടായിട്ടില്ല. 25 ഇരട്ട വീടുകളിലായിട്ടാണ് 50 കുടുംബങ്ങൾ താമസിച്ചുവരുന്നത്. 4 സെന്റ് മുതൽ 6 സെന്റ് വരെയാണ് ഓരോ ക്വാർട്ടേഴ്സും. ഇവിടത്തെ താമസക്കാരിൽ കൂടുതലും വിധവകളാണ്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട ആളുകളുമുണ്ട്. കെട്ടിടങ്ങളെല്ലാം തന്നെ കാലപ്പഴക്കത്താൽ ജീർണ്ണാവസ്ഥയിലാണ്. യാതൊരുവിധ മെയിന്റനൻസും നടത്താത്ത ഇവ ഏത് നിമിഷവും നിലംപതിക്കാവുന്ന അവസ്ഥയിലാണ്. ഉടമസ്ഥാവകാശമില്ലാത്തതിനാൽ സർക്കാരിൽ നിന്നോ പഞ്ചായത്തിൽ നിന്നോ ഇവർക്ക് യാതൊരുവിധ ആനുകൂല്യവും ലഭിക്കുന്നില്ല. കമ്പനി പൂട്ടിയതിനാൽ മിക്കവരും കൂലിപ്പണിയെടുത്താണ് ജീവിക്കുന്നത്. ഇപ്പോൾ ട്രാവൻകൂർ റയോൺസുമായി ബന്ധപ്പെട്ട ധനകാര്യ സ്ഥാപനങ്ങളുടെയും തൊഴിലാളികളുടെയും കുടിശ്ശിക തീർത്തുകൊണ്ടുള്ള ഉത്തരവ് സർക്കാർ പുറപ്പെടുവിച്ച സാഹചര്യത്തിൽ ഇവരുടെ ദയനീയ സ്ഥിതി കണക്കിലെടുത്ത് പതിറ്റാണ്ടുകളായി ഇവർ താമസിച്ചുവരുന്ന ക്വാർട്ടേഴ്സ് ഉൾപ്പെട്ട സ്ഥലത്തിന് പട്ടയം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർത്ഥിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, കുന്നത്തുനാട് താലൂക്കിലെ ചേലമറ്റം വില്ലേജ് ബ്ലോക്ക് നമ്പർ VIII, സർവ്വേ 515/1-ൽപ്പെട്ടതും ട്രാവൻകൂർ റയോൺസ് സ്ഥിതി ചെയ്യുന്നതുമായ ഭൂമിയിലെ ക്വാർട്ടേഴ്സിൽ നിലവിൽ താമസിച്ചുവരുന്ന തൊഴിലാളികൾക്കും മരിച്ചുപോയ തൊഴിലാളികളാണെങ്കിൽ അവരുടെ നിയമാനുസൃത അവകാശികൾക്കും അവർ താമസിച്ചുവരുന്ന ക്വാർട്ടേഴ്സിന്റെ വാടക കുടിശ്ശികയും പ്രസ്തുത സ്ഥലത്തിന്റെയും കെട്ടിടത്തിന്റെയും വിലയും ഈടാക്കി പതിച്ചുനൽകുന്നതിന് 11.05.2004-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുകയാണ്. നിലവിൽ താമസക്കാരായ അപേക്ഷകർക്കും മരണപ്പെട്ടവരുടെ നിയമപരമായ അവകാശികൾക്കും വാടക കുടിശ്ശികയും ഭൂമി, കെട്ടിട വിലയും ഈടാക്കി പതിച്ച നൽകുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്.

## (5) വിലത്തകർച്ച

ശ്രീ. സി. കെ. ശശീന്ദ്രൻ: സർ, വയനാട്ടിലെ ഏറ്റവും പ്രധാനപ്പെട്ട നാണ്യവിളകളായ കാപ്പി, കുരുമുളക്, ഇഞ്ചി എന്നിവയുടെ വിലയും ഉല്പാദനവും വലിയ രീതിയിൽ കുറഞ്ഞിരിക്കുന്നതായി കാണാൻ കഴിയും. കാപ്പിക്ക് കിലോഗ്രാമിന് 115 രൂപയുണ്ടായിരുന്നത് 64 രൂപയായി കുറഞ്ഞിട്ടുണ്ട്. ഇഞ്ചിയുടെ വില 550 രൂപയിൽനിന്ന് 360 രൂപയായി കുറഞ്ഞു. 60 കിലോ വരുന്ന ഒരു ചാക്ക് ഇഞ്ചിയുടെ വില 4000 രൂപയിൽനിന്ന് 1000 രൂപയായി കുറഞ്ഞു. ഇതുമൂലം ഏകദേശം 500 കോടി രൂപയിലേറെ നഷ്ടമാണ് വയനാട്ടിലെ കർഷകർക്കുണ്ടായിരിക്കുന്നത്. നാമമാത്ര സ്ഥലം മാത്രമുള്ള ചെറുകിട കർഷകരാണ് അവിടെയുള്ളത്. അവർ വലിയ ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. വാണിജ്യ മന്ത്രാലയത്തിന്റെ കീഴിലാണ് കാപ്പിയും കുരുമുളകുമെല്ലാം വരുന്നത്. കേന്ദ്രഗവൺമെന്റ് അടിയന്തരമായി ഇടപെട്ടാൽ മാത്രമേ അത് പരിഹരിക്കാൻ കഴിയൂ. കേന്ദ്രഗവൺമെന്റ് കുരുമുളകിന് 500 രൂപ താങ്ങുവില നിശ്ചയിച്ചെങ്കിലും ആസിയാൻ കരാറും സൗത്ത് ഏഷ്യൻ ഫ്രീ ട്രേഡ് കരാറും ഉണ്ടാക്കിയതിന്റെ ഫലമായി സിലോൺ വഴി ഇറക്കുമതി ചെയ്യുന്നതിന് നികുതി 8 ശതമാനമായി കുറച്ചിട്ടുണ്ട്. അതുകൊണ്ട് കർഷകർക്ക് അതിന്റെ ഗുണമൊന്നും ലഭിക്കുന്നില്ല. ഈ തകർച്ചയിൽനിന്ന് വയനാടിനെ സംരക്ഷിക്കാനാവശ്യമായ സമ്മർദ്ദം ചെലുത്തണം. ധനകാര്യ സ്ഥാപനങ്ങൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ജപ്തി, ലേലം നടപടികളും സർഫാസി ആക്ട് അനുസരിച്ചുള്ള ഭൂമി ഏറ്റെടുക്കലും വലിയ പ്രയാസമുണ്ടാക്കുന്നുണ്ട്. മൊറട്ടോറിയം പ്രഖ്യാപിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ ചെയ്യാൻ കഴിയുമോ എന്ന് സർക്കാർ ആലോചിക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, കേരളത്തിൽ വയനാട് ജില്ലയിൽ മാത്രമല്ല, ഇടുക്കി ഉൾപ്പെടെയുള്ള ജില്ലകളിലെ കർഷകരെ സംബന്ധിച്ച വിഷയമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചിരിക്കുന്നത്. കാപ്പി, കുരുമുളക്, ഇഞ്ചി ഉൾപ്പെടെയുള്ള നാണ്യവിളകളുടെ വിലയിടിവിന്റെ പ്രധാന കാരണം ഇറക്കുമതിയുമായി ബന്ധപ്പെട്ട കേന്ദ്ര സർക്കാർ നയമാണ്. കാലാവസ്ഥാ വ്യതിയാനവും വരൾച്ചമൂലമുണ്ടാകുന്ന ഉല്പദനക്കുറവും വിലയിടിവും വന്നതോടുകൂടി കേരളത്തിലെ കാർഷികരംഗം മുഴുവനായും പ്രത്യേകിച്ച് വയനാടിനെ ഗുരുതരമായും ഇത് ബാധിച്ചു. കർഷകരുടെ പ്രശ്നം പരിഹരിക്കാനായി സംസ്ഥാന സർക്കാരിനാൽ കഴിയുന്ന എല്ലാ പരിഹാര മാർഗ്ഗങ്ങളും സ്വീകരിച്ചുവരികയാണ്. കാലാവസ്ഥാ വ്യതിയാനം, ജലദൗർലഭ്യം, വരൾച്ച എന്നിവ മൂലമുള്ള ഉല്പാദനക്കുറവ് പരിഹരിക്കുന്നതിന് വയനാട് പാക്കേജിൽ ഉൾപ്പെടുത്തി അവിടത്തെ പ്രധാനപ്പെട്ട കുരുമുളക് ഉല്പാദന കേന്ദ്രമായ പഞ്ചായത്തുകളെ കേന്ദ്രീകരിച്ച് കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ ആരംഭിച്ചിരിക്കുന്ന പദ്ധതിക്കുവേണ്ടി 285 ലക്ഷം രൂപയുടെ ജലവിഭവ വികസന പദ്ധതി ഇപ്പോൾ ആരംഭിച്ചിരിക്കുകയാണ്. സുഗന്ധവിള പദ്ധതി പ്രകാരം കുരുമുളക്, ജാതി, ഗ്രാമ്പു എന്നിവയുടെ വിള വ്യാപനത്തിന് ഹെക്ടറിന് 20,000 രൂപ വീതം ധനസഹായം നൽകുന്നുണ്ട്. ഗുണമേന്മയുള്ള കുരുമുളക് തൈകൾ വ്യാപകമായി ഉല്പാദിപ്പിച്ച് കർഷകർക്ക് നൽകുന്നതിന് നഴ്സറികൾ സ്ഥാപിക്കുന്നതിലേയ്ക്കായി ഹെക്ടറിന് 30,000 രൂപയും ധനസഹായമായി നൽകുകയാണ്. ഇഞ്ചിക്കൃഷിയുടെ വിസ്തൃതി വ്യാപനത്തിന് ഹെക്ടറിന് 12500 രൂപയാണ് ഇപ്പോൾ ധനസഹായമായി നൽകുന്നത്. കൂടാതെ വയനാട് പാക്കേജിൽ ഉൾപ്പെടുത്തി സുഗന്ധവിള കൃഷിയുടെ വ്യാപനത്തിനും പുനരുദ്ധാരണത്തിനുമായി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരികയാണ്. തോട്ടവിളയായ കാപ്പിയുടെ വികസനം, വിപണനം എന്നീ വിഷയങ്ങൾ കേന്ദ്ര സർക്കാർ സ്ഥാപനമായ കോഫി ബോർഡാണ് നടപ്പാക്കുന്നത്. എന്നാൽ കേന്ദ്ര സഹായത്തോടെ കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രമങ്ങൾ നടത്തിവരുന്നു. ഇതിന്റെ ഭാഗമായി അടുത്ത മാസം കോഫി ബോർഡ് ചെയർമാനുമായി ഒരു യോഗം വിളിച്ചുകൂട്ടാൻ കൃഷി വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. നാണ്യവിള ഉല്പന്നങ്ങളെ വിലയിടിവിൽനിന്നും സംരക്ഷിക്കുന്നതുൾപ്പെടെയുള്ള വിവിധ പ്രശ്നങ്ങൾ കേന്ദ്ര സർക്കാരിന്റെ അടിയന്തര ശ്രദ്ധയിൽ കൊണ്ടുവരുന്നതിനായി സംസ്ഥാന കൃഷി വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ഒരു ഉന്നതതല സംഘം 22-2-2018- ൽ കേന്ദ്ര വാണിജ്യകാര്യ വകുപ്പുമന്ത്രി ശ്രീ. സുരേഷ് പ്രഭുവിനെ നേരിൽക്കണ്ട് ചർച്ച നടത്തുകയുണ്ടായി.

കുരുമുളകിന് കുറഞ്ഞ ഇറക്കുമതി വില, എം.ഐ.പി. ആയി 500 രൂപ നിശ്ചയിച്ചിട്ടും വിലയിടിവ് നേരിടുന്നത് പരിശോധിക്കേണ്ട കാര്യമാണെന്ന് കേന്ദ്ര സർക്കാരിനെ ബോധ്യപ്പെടുത്താൻ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. എം.ഐ.പി. നിശ്ചയിച്ചിട്ടും 400 രൂപയിൽത്താഴെ വില നിൽക്കുന്നതിന് കാരണം കേന്ദ്ര ഗവൺമെന്റ് അക്കാര്യം വേണ്ടത്ര രീതിയിൽ മോണിറ്റർ ചെയ്യാത്തതു കൊണ്ടാണെന്നത് ബോധ്യപ്പെടുത്താൻ സംസ്ഥാന സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. കർഷകർക്ക് വരുമാന വർദ്ധനവ് ഉണ്ടാക്കുന്നതിനായി വയനാട് കേന്ദ്രീകരിച്ച് സുഗന്ധ നെല്ലിന്റെയും പൂക്കളുടെയും പ്രത്യേക കാർഷിക മേഖല വിഭാവനം ചെയ്ത് നടപ്പിലാക്കിവരുന്നു. സർഫാസി ആക്ടിൽ കൃഷിഭൂമി ഒഴിവാക്കിയിട്ടുള്ളതിനാൽ പ്രസ്തുത ആക്ട് ദുരുപയോഗം ചെയ്ത് കർഷകരെ ദ്രോഹിക്കുന്നതിന് ഒരു ധനകാര്യ സ്ഥാപനത്തെയും സർക്കാർ അനുവദിക്കില്ല. വയനാട് ജില്ലയിൽ 2014 വരെയുള്ള കാർഷിക ലോണുകൾക്കും മറ്റ് ജില്ലകളിൽ 2012 വരെയുള്ള ലോണുകൾക്കും ഇളവ് നൽകുന്നത് സംബന്ധിച്ചുള്ള കാർഷിക കടാശ്വാസ കമ്മീഷന്റെ തീരുമാനം ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്. മൊറട്ടോറിയം പ്രഖ്യാപിക്കുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങൾ ഗവൺമെന്റ് പരിഗണിച്ചുവരുന്ന കാര്യമാണ്. ഇപ്പോൾ തീരുമാനം അറിയിക്കാൻ കഴിയാത്തതുകൊണ്ട് അതിനെക്കുറിച്ച് പറയുന്നില്ല.

## (6) കുടുംബ കോടതി കെട്ടിടത്തിന് സ്ഥലം ലഭ്യമാക്കൽ

ശ്രീ. പി. ഉബൈദുള്ള: സർ, മലപ്പുറത്ത് ഒരു കോർട്ട് കോംപ്ലക്സ് സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. 1884 നവംബർ 13-നാണ് മലപ്പുറം സെക്കന്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയായി ഉയർത്തപ്പെട്ടത്. ഇപ്പോൾ ടൗൺ ഹാൾ സ്ഥിതിചെയ്യുന്ന സ്ഥലത്തായിരുന്നു നേരത്തെ കോടതി പ്രവർത്തിച്ചിരുന്നത്. 1990-ൽ കോടതി സിവിൽ സ്റ്റേഷൻ ബി -1 ബ്ലോക്കിലേയ്ക്ക് മാറ്റി സ്ഥാപിച്ചു. നിരവധി സർക്കാർ ഓഫീസുകൾ പ്രവർത്തിക്കുന്ന കെട്ടിടത്തിലാണ് കോടതി ഇപ്പോൾ സ്ഥിതിചെയ്യുന്നത്. മലപ്പുറം, കൊണ്ടോട്ടി, കോട്ടയ്ക്കൽ, വാഴക്കാട്, വേങ്ങര എന്നീ 5 പോലീസ് സ്റ്റേഷനുകൾ ഈ കോടതിയുടെ പരിധിയിലാണ് വരുന്നത്. ഒരു വർഷത്തിൽ അയ്യായിരത്തോളം കേസ്സുകൾ വരുന്ന ഈ കോടതിയിൽ പ്രതികൾക്കും സാക്ഷികൾക്കും പോലീസ് ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ളവർക്കും നിൽക്കാനാവശ്യമായ സ്ഥലമില്ല. നീതി തേടിയെത്തുന്ന സ്ത്രീകൾക്കും മുതിർന്ന പൗരന്മാർക്കും ഇരിപ്പിടവുമില്ല. സ്ഥല പരിമിതികൊണ്ട് ഓഫീസ് ജീവനക്കാരും പ്രയാസമനുഭവിക്കുന്നു. എ.പി.പി.-യുടെ ഓഫീസ് വളരെ ചെറിയ റൂമിലാണ്

പ്രവർത്തിക്കുന്നത്. അതിനുപുറമെ മലപ്പുറം ജില്ലാ കുടുംബ കോടതി 2007 മുതൽ സിവിൽ സ്റ്റേഷന്റെതന്നെ മറ്റൊരു പഴയ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഏറനാട്, കൊണ്ടോട്ടി, നിലമ്പൂർ, പെരുന്തൽമണ്ണ താലൂക്കുകളിലെയും തിരൂർ താലൂക്കിന്റെ ഏതാനും ഭാഗത്തെയും കേസുകളാണ് മലപ്പുറം കുടുംബ കോടതിയുടെ പരിധിയിൽ വരുന്നത്. കേസ്സിന്റെ ആധിക്യംകൊണ്ടും കെട്ടിടത്തിന്റെ സ്ഥലപരിമിതികൊണ്ടും വലിയ ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. ഈ സാഹചര്യത്തിലാണ് കുടുംബ കോടതിക്ക് പ്രത്യേക കെട്ടിടം നിർമ്മിക്കണമെന്ന നിർദ്ദേശം ഉയരുകയും ആയത് അംഗീകരിക്കുകയും ചെയ്തത്. 3-9-2016-ലെ സ.ഉ. (എം.എസ്.) നമ്പർ 495/16/റ.വ. പ്രകാരം 25.11 സെന്റ് ഭൂമി നീതിന്യായ വകുപ്പിന് കൈമാറിയിട്ടുണ്ട്. കോടതിയുടെ നിർദ്ദിഷ്ട ബിൽഡിംഗ് പ്ലാൻ അനുസരിച്ച് കെട്ടിടം പണിയുന്നതിന് പ്രസ്തുത സ്ഥലം അപര്യാപ്തമായതിനാൽ ജില്ലാ ജഡ്ജിയുടെ റിക്വസ്റ്റ് പ്രകാരം ഈ സ്ഥലത്തോട് ചേർന്ന് ഒഴിഞ്ഞുകിടക്കുന്ന 7 സെന്റ് ഭൂമികൂടി വിട്ടുകിട്ടുന്നതിന് 31-1-2018-ന് റവന്യൂ വകുപ്പിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. മലപ്പുറം വില്ലേജിൽ സിവിൽ സ്റ്റേഷൻ കോമ്പൗണ്ടിൽ സർവ്വേ നമ്പർ 430/1(A)3(A)1-ൽപ്പെട്ട 7 സെന്റ് ഭൂമി കൈമാറി നൽകുന്നതിനുള്ള ശിപാർശ ലാൻഡ് റവന്യൂ കമ്മീഷണറുടെ 22-1-2018-ലെ LRK-2/62348/17 നമ്പർ കത്ത് പ്രകാരം സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. ഇതിനുപുറമെ മലപ്പുറത്ത് പുതുതായി ഒരു സിവിൽ കോടതി കൂടി സ്ഥാപിക്കണമെന്ന ആവശ്യവും ഉയർന്നുവന്നിരിക്കുകയാണ്. മറ്റ് സർക്കാർ ഓഫീസുകൾക്കിടയിൽ പ്രവർത്തിക്കുന്ന ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയും സ്ഥലപരിമിതികൊണ്ട് വീർപ്പുമുട്ടുന്ന പഴയ കെട്ടിടത്തിലുള്ള കുടുംബകോടതിയും ഒരു കോമ്പൗണ്ടിൽ കൊണ്ടുവരുന്നത് കോടതിയുടെ സുരക്ഷിതത്വത്തിന് അനിവാര്യമാണ്. എല്ലാ ഓഫീസുകളുമുള്ള ബിൽഡിംഗിന് അകത്താണ് കോടതി പ്രവർത്തിക്കുന്നത്. ആ കോടതിക്ക് മുമ്പിലാണ് അടുത്തകാലത്ത് ഒരു പഴയ വാഹനത്തിനുതാഴെ ബോംബ് കൊണ്ടുവച്ച് സ്ഫോടനമുണ്ടായത്. കോടതിയുടെ സുരക്ഷിതത്വത്തിന് സ്വന്തമായി കോർട്ട് കോംപ്ലക്സ് ഉണ്ടാക്കേണ്ടത് അനിവാര്യമാണ്. അതുകൊണ്ട് കോർട്ട് കോംപ്ലക്സിന് ആവശ്യമായ സ്ഥലം വിട്ടുനൽകി ഇത് യാഥാർത്ഥ്യമാക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. ഇ. ചന്ദ്രശേഖരൻ):</u> സർ, മലപ്പുറം ജില്ലയിൽ ഏറനാട് താലൂക്കിലെ മലപ്പുറം വില്ലേജിൽ റീസർവ്വേ 430-1(എ)3 -(എ)1-ൽപ്പെട്ട 18.2371 ഹെക്ടർ റവന്യൂ പുറമ്പോക്ക് ഭൂമിയിൽ നിന്നും 10.176 ഹെക്ടർ സ്ഥലം കുടുംബകോടതി നിർമ്മിക്കുന്നതിനായി, നിർദ്ദിഷ്ട ഭൂമിയുടെ

ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തിക്കൊണ്ട് നീതിന്യായവകുപ്പിന് ഉപയോഗ അനുമതി നൽകി 3-9-2016-ൽ സർക്കാർ ഉത്തരവ് നൽകി. എന്നാൽ ബഹുമാനപ്പെട്ട കോടതിയുടെ സുഗമമായ പ്രവർത്തനത്തിന് മേൽപ്പറഞ്ഞ സ്ഥലം പര്യാപ്തമല്ലെന്ന ചൂണ്ടിക്കാട്ടി കൂടുതൽ സ്ഥലം ലഭ്യമാക്കുന്നതിന് ജില്ലാ ജഡ്ജി ആവശ്യപ്പെട്ടു. അതനുസരിച്ച് മലപ്പുറം ജില്ലയിലെ ഏറനാട് താലൂക്കിൽ മലപ്പുറം വില്ലേജിൽ നിലവിൽ കളക്ടറേറ്റും മറ്റ് വിവിധ ഓഫീസുകളും പ്രവർത്തിച്ചുവരുന്ന റീസർവ്വേ 430-1-എ(3)-എ-(1)-ൽ പ്പെട്ട 45 ഏക്കർ ഭൂമിയും ഗതാഗത യോഗ്യമായ പി.ഡബ്ല്യു.ഡി. റോഡ് സൗകര്യവും വണിജ്യ പ്രാധാന്യമുള്ളതും കെട്ടിട നിർമ്മാണത്തിന് അനുയോജ്യമായതുമായ 32 സെന്റ് ഭൂമി നിലവിൽ കുടുംബകോടതി നിർമ്മിക്കുന്നതിനായി കണ്ടെത്തിയിട്ടുണ്ടെന്നും ആയതിനാൽ 3-9-2016-ലെ ഉത്തരവ് റദ്ദാക്കിക്കൊണ്ട് മലപ്പുറം വില്ലേജിലെ സർവ്വേ 430-1-എ(3)എ(1)-ൽപ്പെട്ട 32 സെന്റ് പുറമ്പോക്ക് ഭൂമി കുടുംബകോടതി നിർമ്മിക്കുന്നതിന് കൈമാറാവുന്നതാണെന്നും ജില്ലാ കളക്ടർ ശിപാർശ ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിക്കുവാൻ ലാൻഡ് റവന്യൂ കമ്മീഷണറും ശിപാർശ ചെയ്തിരുന്നു. തുടർന്ന് ഈ വിഷയത്തിൽ 38 എൽ-1/18 21-3-2018 നമ്പർ ഫയൽപ്രകാരം ആഭ്യന്തരവകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരുന്നു. കോടതി സമുച്ചയം സ്ഥാപിക്കുന്നതിനായി ഹൈക്കോടതി രജിസ്ട്രാറുടെ അംഗീകാരത്തോടെ പ്ലാനും എസ്റ്റിമേറ്റും പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർക്ക് സമർപ്പിക്കുമ്പോഴാണ് ആയതിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടി ആഭ്യന്തരവകുപ്പ് സ്വീകരിക്കുന്നത്. മലപ്പുറം സിവിൽ സ്റ്റേഷനിൽ സ്ഥാപിക്കുന്ന കോടതി സമുച്ചയം സംബന്ധിച്ച പ്രൊപ്പോസലുകളൊന്നും ഹൈക്കോടതി രജിസ്ട്രാറോ പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയറോ ആഭ്യന്തര വകുപ്പിന് സമർപ്പിച്ചിട്ടില്ലെന്ന് ആഭ്യന്തരവകുപ്പ് അറിയിച്ചിരിക്കുകയാണ്.

## (7) താലൂക്കാശുപത്രിയായി ഉയർത്തൽ

ശ്രീമതി ഗീതാ ഗോപി: സർ, നാട്ടിക മണ്ഡലത്തിൽ ചേർപ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന 600-ൽപ്പരം ജനങ്ങൾ ചികിത്സ തേടുന്ന ഓഫീസ് സംവിധാനമുള്ള ചേർപ്പ് സാമൂഹ്യ ആരോഗ്യ ആശുപത്രിയെ താലൂക്കാശുപത്രിയായി ഉയർത്തുന്നതിന് അങ്ങ് നടപടി സ്വീകരിക്കുമോ? ചേർപ്പ്, പാർലം, ചാഴൂർ, വല്ലച്ചിറ, ആവണിശ്ശേരി എന്നീ അഞ്ച് പഞ്ചായത്തുകളിലെ ഏറ്റവും സാധാരണക്കാരും സമൂഹത്തിൽ പിന്നോക്കം നിൽക്കുന്നവരും അതിലേറെ സാമ്പത്തികമായി ഒട്ടും കഴിവില്ലാത്തതുമായ ഒട്ടനവധി ജനങ്ങൾ വന്നുപോകുന്ന ഏക ആശുപത്രിയാണ് ചേർപ്പ് ഗവൺമെന്റ് ആശുപത്രി. അത്യന്തം ഗുണകരമായ ഈ ആശുപത്രി എല്ലാ സംവിധാനങ്ങളോടും കൂടിയാണ് പ്രവർത്തിക്കുന്നത്. അവിടെ കഴിഞ്ഞദിവസം വളരെ വിപുലമായ രീതിയിൽ എച്ച്.എം.സി. കമ്മിറ്റി

നടത്തുകയുണ്ടായി. എച്ച്.എം.സി. കമ്മിറ്റിയുടെ നിർദ്ദേശവും പഞ്ചായത്തുകളിലെ ജനങ്ങളുടെ ആവശ്യവും കണക്കിലെടുത്ത് ചേർപ്പ് ആശുപത്രിയെ താലൂക്കാശുപത്രിയാക്കി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ യെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, തൃശ്ശൂർ ജില്ലയിലെ ചേർപ്പ് സാമൂഹിക ആരോഗ്യ കേന്ദ്രത്തിൽ ശരാശരി 500 ഒ.പി.-യും 20 ഐ.പി.-യുമാണ് ഇപ്പോഴുള്ളത്. 82 പേരെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യവും 8 പേവാർഡ്, ലേബർ റൂം, ഫീമെയിൽ സർജിക്കൽ വാർഡ്, മെയിൽ വാർഡ്, ലബോറട്ടറി, എക്സ്റേ, ഓപ്പറേഷൻ തീയേറ്റർ, ഐ.സി.ഡി.സി. സെന്റർ, കാഷ്വാലിറ്റി, മോർച്ചറി, ആംബുലൻസ് എന്നീ സൗകര്യങ്ങളും ഡോക്ടർമാരുടെ സേവനവും ഇവിടെ ഒരുക്കിയിട്ടുണ്ട്. ഈ ആശുപത്രിയിൽ നിന്നും ഏകദേശം 18 കിലോമീറ്റർ അകലെ ഇരിങ്ങാലക്കുട ജനറൽ ആശുപത്രിയും 13 കിലോമീറ്റർ അകലെ തൃശ്ശൂർ ജനറൽ ആശുപത്രിയും മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കിവരുന്നു. നിലവിൽ പദവി ഉയർത്തുകയല്ല, നവകേരള മിഷന്റെ ഭാഗമായ ആർദ്രം പദ്ധതിയിലൂടെ സംസ്ഥാനത്തെ എല്ലാ പി.എച്ച്.സി.-കളെയും ഘട്ടംഘട്ടമായി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുകയും സി.എച്ച്.സി.-കളിൽ ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തി രോഗീ സൗഹൃദമാക്കുകയും ചെയ്യുക എന്നതാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഒരു താലൂക്കിൽ ഒരു താലൂക്കാശുപത്രി, ഒരു ജില്ലയിൽ ഒരു ജില്ലാ ആശുപത്രി എന്ന അടിസ്ഥാനത്തിൽ ആശുപത്രികളെ തെരഞ്ഞെടുത്ത് ഘട്ടംഘട്ടമായി ആശുപത്രികളുടെ അടിസ്ഥാന സൗകര്യം ഒരുക്കുക എന്നതും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. ആർദ്രം പദ്ധതിയിലൂടെ സി.എച്ച്.സി.-കളുടെ പദവി ഉയർത്തി താലൂക്കാശുപത്രികളാക്കാൻ ഉദ്ദേശിക്കുന്നില്ല. എന്നിരുന്നാലും കൃത്യമായ ഇടപെടലുകളിലൂടെ പ്രദേശത്തിന്റെ പ്രത്യേകതയും ലഭ്യമായ അടിസ്ഥാന സൗകര്യങ്ങളും രോഗികളുടെ ബാഹുല്യവും കണക്കിലെടുത്ത് ചേർപ്പ് സാമൂഹിക ആരോഗ്യ കേന്ദ്രത്തിലെ സേവനങ്ങൾ കൂടുതൽ രോഗീ സൗഹൃദമാക്കുന്നതിനും പ്രദേശത്ത് ആകെയുള്ള ജനവിഭാഗത്തിന്റെ ആരോഗ്യ സുരക്ഷയ്ക്ക് അനുകൂലമായ ഒരു സ്ഥാപനമാക്കി മാറ്റുന്നതിനും സർക്കാർ പരിശ്രമിക്കുന്നതാണ്.

## (8) ബോഗികളിൽ ഇലക്ട്രോണിക് ഡിസ്പ്ലേ

ശ്രീമതി യു. പ്രതിഭ ഹരി: സർ, ലക്ഷക്കണക്കിന് ആളുകളാണ് റെയിൽവേയെ ആശ്രയിച്ച് പ്രതിദിനം യാത്ര ചെയ്യുന്നത്. യാത്രക്കാരായ സ്ത്രീകൾ നേരിടുന്ന നിരവധി പ്രശ്നങ്ങൾക്ക് റെയിൽവേ ഇനിയും വേണ്ടത്ര പരിഗണന

നൽകിയിട്ടില്ല. 2011-ൽ സൗമ്യയുടെ കൊലപാതകത്തിനുശേഷം റെയിൽവേ സ്ത്രീകളുടെ സുരക്ഷയ്ക്കായി ചില കാര്യങ്ങളൊക്കെ ചെയ്തെങ്കിലും അത് വേണ്ടത്ര ഫലപ്രദമായിട്ടില്ല. ലേഡീസ് കമ്പാർട്ട്മെന്റ് ഇപ്പോഴും ഏറ്റവും പുറകിലാണ്. അത് മധ്യഭാഗത്തേയ്ക്ക് മാറ്റേണ്ടതായിട്ടുണ്ട്. അതുപോലെ തന്നെ റെയിൽവേ പ്രൊട്ടക്ഷൻ ഫോഴ്സ്, റെയിൽവേ പോലീസ് എന്നിവയുടെ കുറവും നികത്തേണ്ടതായിട്ടുണ്ട്. നിലവിലുള്ള പോലീസ് ഉദ്യോഗസ്ഥരുടെ പ്രവർത്തനം കുറേക്കൂടി കാര്യക്ഷമമാക്കണം. ഈ സബ്മിഷനിലൂടെ പ്രധാനമായി പറയാനുള്ളത്, രാത്രികാലത്ത് യാത്ര ചെയ്യുന്ന, പ്രത്യേകിച്ച് റിസർവേഷൻ കമ്പാർട്ടുമെന്റിൽ വരുന്നവർക്ക് കൃത്യമായി സ്റ്റേഷൻപോലും അറിയാൻ കഴിയുന്നില്ല എന്നുള്ളതാണ്. 'Where is my train' അടക്കമുള്ള ചില ആപ്ലിക്കേഷൻസ് ഉണ്ടെന്ന് റെയിൽവേ പറയാറുണ്ട്. പക്ഷെ, അതൊന്നും ഉപയോഗിക്കാനായിട്ടുള്ള ഇന്റർനെറ്റ് കണക്ഷൻ ട്രെയിനിനകത്ത് കിട്ടാറില്ല. അതുകൊണ്ടുതന്നെ സ്ഥലം ഐഡന്റിഫൈ ചെയ്യുന്നതിന് എൽ.ഇ.ഡി. ഡിസ്പ്ലേ, വൈഫൈ എന്നീ സംവിധാനങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് കുറച്ചുകൂടി ശക്തമായ ഒരു ഇടപെടലാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീമതി യു. പ്രതിഭ ഹരി ഇവിടെ ഉന്നയിച്ച സബ്മിഷൻ വളരെ പ്രധാനപ്പെട്ടതും സാമൂഹികമായി സ്ത്രീകൾക്ക് വളരെയേറെ ആവശ്യമായിട്ടുള്ളതുമാണ്. ഒരു പൊതു കാര്യമാണ് ഇവിടെ ഉന്നയിച്ചത്. ബഹുമാനപ്പെട്ട മെമ്പർ ഈ വിഷയം ഇവിടെ ഉന്നയിച്ചതിന് ഗവൺമെന്റ് അഭിനന്ദിക്കുകയാണ്. കേന്ദ്ര റെയിൽവേ ബോർഡ് ചെയർമാന് അടിയന്തരമായി ഞാനിത് അയച്ചുകൊടുക്കും. വനിതകൾക്കും വയോധികർക്കും രാത്രി കാലത്തുണ്ടാകുന്ന പ്രയാസങ്ങളെപ്പറ്റിയാണ് സൂചിപ്പിച്ചത്. സ്ഥലം അറിയാൻ കാലേക്കൂട്ടി തന്നെ ഉറങ്ങാതെ എഴുന്നേറ്റിരിക്കേണ്ടിവരുന്നത് വളരെ പ്രയാസമാണ്. അതുകൊണ്ടുതന്നെ ഇലക്ട്രോണിക് ഡിസ്പ്ലേ സ്ഥാപിക്കണമെന്ന ആവശ്യം ന്യായമാണ്, അത് ഗവൺമെന്റ് ശക്തമായി ഉന്നയിക്കുന്നു. എല്ലാ പരിഷ്കൃത രാജ്യങ്ങളിലും ഇതൊക്കെയുണ്ട്. അതുപോലെതന്നെ സ്ത്രീകൾ സഞ്ചരിക്കുന്ന സ്പെഷ്യൽ കമ്പാർട്ട്മെന്റ് പിറകിൽ നിന്നും മധ്യഭാഗത്തേയ്ക്ക് മാറ്റണമെന്നുള്ള ആവശ്യവും വളരെ പ്രധാനമാണ്.അത് അംഗീകരിക്കാവുന്നതാണ്, കേന്ദ്രത്തോട് ശക്തമായി ആവശ്യപ്പെടും.

എൽ.പി.ജി., അതായത്, Liberalisation, Privatisation, Globalisation നടപ്പായതിനുശേഷം യാത്രക്കാരായ ജനങ്ങളുടെ സുരക്ഷിതത്വം കുറഞ്ഞിട്ടുണ്ട്. പ്രത്യേകിച്ച് സ്ത്രീകളുടെ. വൈറ്റ് കോളർ ക്രിമിനലിസം ഏറ്റവും കൂടുതലുള്ള രാജ്യങ്ങളുടെ പട്ടികയിൽ കേരള സംസ്ഥാനവും ഉൾപ്പെട്ടിരിക്കുകയാണ്. വികസിത

രാജ്യങ്ങളായ അമേരിക്കയിലും യൂറോപ്യൻ രാജ്യങ്ങളിലും ഉള്ളതുപോലെ വൈറ്റ് കോളർ ക്രിമിനൽസാണ് ഇപ്പോൾ ഇവിടെയുള്ളത്. പണ്ട് കായംകുളം കൊച്ചുണ്ണിയാണ്. ഒരു ബനിയനും കൈലിയുമുടുത്ത് ബെൽറ്റുംകെട്ടി, അയാളുടെ പിച്ചാത്തി അരയിൽ തന്നെയിരിക്കും; ഇയാളെ കണ്ടാൽ അറിയാം. കായംകുളം കൊച്ചുണ്ണി കുഴപ്പക്കാരനല്ല, സോഷ്യലിസ്റ്റ് കള്ളനായിരുന്നു എന്ന്. ഒരു ഉദാഹരണം പറഞ്ഞതാണ്. അത്തരം കള്ളന്മാരല്ല ഇപ്പോഴുള്ളത്. ഇപ്പോൾ നല്ല കാറിൽ കൂളിംഗ് ഗ്ലാസ്സൊക്കെ വച്ച്, വൈറ്റ് കോളർ ക്രിമിനൽസാണുള്ളത്. അമേരിക്കയിലൊക്കെ ഇവർ വളരെ കൂടുതലാണ്. ഇതിനെപ്പറ്റി ഗവേഷണം നടക്കുകയാണ്. ബഹുമാനപ്പെട്ട തോമസ് ഐസക്കിനൊക്കെ അറിയാം. ഞാനൊരു പുസ്തകം വായിക്കുന്നുണ്ട്. അത്തരക്കാരും കൂടിയുള്ളപ്പോൾ സ്ത്രീകളുടെ സുരക്ഷിതത്വം വളരെ പ്രധാനമാണ്. ഇപ്പോൾ ലോകത്ത് on the rise ആണ്. കാരണം കേരളം ആ ലെവലിലെത്തി. കണ്ടാൽ മാന്യന്മാരായിരിക്കും, പക്ഷെ കുഴപ്പക്കാരാണ്. സാധാരണയായി കള്ളന്മാരെ കണ്ടാലറിയാം. ഇപ്പോൾ അതൊക്കെ പോയി. തീർച്ചയായും ഇത് പ്രധാനപ്പെട്ട കാര്യമാണ്. നമ്മുടെ ഗവൺമെന്റിന്റെയും റെയിൽവേയുടെയും ജനപ്രതിനിധികളുടെയും ജനങ്ങളുടെയുമെല്ലാം ആവശ്യപ്രകാരം ഇപ്പോൾ ട്രെയിനുകളിൽ സ്ത്രീകൾക്കും വയോധികർക്കും പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. സ്ലീപ്പർ കോച്ചുകളിൽ സ്ത്രീകൾക്ക് 6 ബർത്തുകളും എ.സി.-യിൽ 3 ബർത്തുകളും സംവരണം ചെയ്തിട്ടുണ്ട്. ഇത് വർദ്ധിപ്പിക്കുന്നതിന് റെയിൽവേ ബോർഡിനോട് ആവശ്യപ്പെടുകയും അവർ വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നതായി അറിയിക്കുകയും ചെയ്തിട്ടുണ്ട്. തിരുവനന്തപുരം റെയിൽവേ ഡിവിഷനിൽ വനിതകൾക്കായി ഫെസിലിറ്റേഷൻ സെന്റർ ആരംഭിച്ചു. സ്ത്രീകൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ അവിടെ ലഭ്യമാണ്. വനിതകൾക്കായി ഒരു ഹെൽപ്പ്ലൈൻ ആരംഭിച്ചിട്ടുണ്ട്, മൊബൈൽ നം. 9567869385. പാസഞ്ചർ ട്രെയിനിൽ ലേഡീസ് കമ്പാർട്ടുമെന്റുകളിൽ ഒരു വനിതാ പോലീസിനെ സുരക്ഷയ്ക്കായി നിയോഗിക്കുന്നുണ്ട്. ഗർഭിണികളായ വനിതകൾക്ക് എമർജൻസി ക്വാട്ട പ്രകാരം ലോവർ ബെർത്ത് അനുവദിച്ചിട്ടുണ്ട്. വയോധികർ, 60 വയസ്സിന് മുകളിലുള്ള പുരുഷന്മാർക്ക് 40 ശതമാനം ഫെയർ കൺസഷനും 58 വയസ്സിന് മുകളിലുള്ള സ്ത്രീകൾക്ക് 60 ശതമാനം ഫെയർ കൺസഷനും അനുവദിച്ചിട്ടുണ്ട്. ലഭ്യതയനുസരിച്ച് അപേക്ഷയില്ലാതെ തന്നെ സീനിയർ സിറ്റിസൺസിന് ലോവർ ബർത്തിന് അനുമതി നൽകാവുന്നതാണ്. ഇതെല്ലാം നമ്മൾ നേരത്തെ പറഞ്ഞ് ഏർപ്പാട് ചെയ്തിട്ടുള്ളതാണ്. ഇലക്ട്രോണിക്സ് ഡിസ്പ്ലേ ബോർഡ്, ട്രെയിനിന്റെ മധ്യഭാഗത്ത് സ്ത്രീകൾക്ക് പ്രത്യേകം കോച്ച് അടക്കമുള്ള കാര്യങ്ങൾക്കുവേണ്ടി കേന്ദ്ര ഗവൺമെന്റിനും റെയിൽവേ ബോർഡിനും കത്തയയ്ക്കുന്നതാണ്.

## (9) സ്കൂൾ കെട്ടിട നിർമ്മാണം

ശ്രീ. വി. ടി. ബൽറാം: സർ, ഈ ഗവൺമെന്റ് പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം വളരെ പ്രധാനപ്പെട്ട ഒരു കർമ്മ പദ്ധതിയായി ഏറ്റെടുത്തിരിക്കുകയാണ്. നല്ല കാര്യമാണ്. കഴിഞ്ഞ ടേം മുതൽ ഞങ്ങളുടെയൊക്കെ മണ്ഡലങ്ങൾ അത്തരം പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുകയാണ്. അതുമായി ബന്ധപ്പെട്ട് ഉയർന്നുവന്നിട്ടുള്ള പ്രായോഗിക ബുദ്ധിമുട്ട് പരിഹരിച്ചുതരണമെന്ന അഭ്യർത്ഥനയാണ് ഈ സബ്മിഷനിലൂടെ മുന്നോട്ട് വയ്ക്കാനുള്ളത്. എന്റെ മണ്ഡലത്തിലെ തൃത്താല ഗ്രാമപഞ്ചായത്തിലെ ജി.എൽ.പി. സ്കൂൾ 1945-ൽ ആണ് സ്ഥാപിതമായത്. വളരെ പിന്നോക്ക പ്രദേശമാണ്. പട്ടികജാതി വിദ്യാർത്ഥികളടക്കമുള്ള പാവപ്പെട്ട വിദ്യാർത്ഥികളാണ് അവിടെ പഠിക്കുന്നത്. 1995 മുതൽ ഇതുപോലുള്ള സ്ഥാപനങ്ങളൊക്കെ പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ട്. 23 വർഷമായി പഞ്ചായത്തിന്റെ ചുമതലയിലുള്ള ഈ സ്കൂളിന് സ്വന്തമായി കെട്ടിടമില്ല. ഏകദേശം എഴുപത്തിയഞ്ചോളം വർഷമായി വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. അവിടെ ഇലക്ട്രിസിറ്റി കണക്ഷൻപോലുമില്ല. പഞ്ചായത്ത് എത്രയൊക്കെ ശ്രമിച്ചിട്ടും സ്കൂളിന് സ്വന്തമായൊരു സ്ഥലം കണ്ടെത്താൻ കഴിയാതെ വന്നു. ആ സാഹചര്യത്തിൽ അന്നത്തെ പഞ്ചായത്ത് പ്രസിഡന്റും ഭരണ സമിതി അംഗങ്ങളും ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഞാൻ ജനങ്ങളെ സമീപിച്ചു. അവിടെയുള്ള അൽ-അമീൻ ചാരിറ്റബിൾ ട്രസ്റ്റ് 14 ലക്ഷം രൂപ ജനങ്ങളിൽ നിന്നും സമാഹരിച്ചു. തൃത്താല സർവ്വീസ് സഹകരണ ബാങ്ക് അവരുടെ പൊതുനന്മ ഫണ്ടിൽ നിന്നും 6 ലക്ഷം രൂപയും ചേർത്ത് 20 ലക്ഷം രൂപ സമാഹരിച്ച് 20 സെന്റ് സ്ഥലം ഈ സ്കൂൾ കെട്ടിടം നിർമ്മിക്കുന്നതിനായി വാങ്ങി. ആ സ്ഥലം വയലാണെന്നുള്ള കാര്യം യാഥാർത്ഥ്യമാണ്. പക്ഷെ ഒരു പൊതു ആവശ്യത്തിന് മറ്റ് കര ഭൂമി കണ്ടെത്താൻ കഴിയാത്ത സാഹചര്യത്തിലാണ് നാട്ടുകാരുടെ നേതൃത്വത്തിൽ പഞ്ചായത്തിന്റെ നിർദ്ദേശപ്രകാരം ഈ സ്ഥലം വാങ്ങിയത്. 96/2 സർവ്വേ നമ്പറിലുള്ള 20 സെന്റ് സ്ഥലം ഈ സ്കൂളിന്റെ പുതിയ കെട്ടിട നിർമ്മാണാവശ്യത്തിന് എന്ന പേരിൽ പഞ്ചായത്ത് വാങ്ങി, സ്വീകരിച്ചു. പഞ്ചായത്തിന്റെ ആസ്തിയായി അത് മാറ്റി. ഇതിന്റെ പൊതു പ്രാധാന്യം കണക്കിലെടുത്ത് അന്നത്തെ ഗവൺമെന്റ് സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും ഒഴിവാക്കി നൽകിയിട്ടുണ്ട്. പഞ്ചായത്ത് ഇത് ഏറ്റുവാങ്ങി. ഈ ഭൂമി മണ്ണിട്ട് നികത്തി പാർശ്വഭിത്തി കെട്ടണമെന്ന് പഞ്ചായത്ത് പ്രസിഡന്റ് ഈ ബാങ്കിനോട് അഭ്യർത്ഥിച്ചു. ബാങ്ക് അത് ചെയ്തു. അതിനുശേഷം ഇങ്ങനെയൊരു സ്ഥലം കിട്ടിയിട്ടുണ്ടെന്നും ഈ പറഞ്ഞ ആളുകൾ സ്വന്തം കെട്ടിടം

നിർമ്മിക്കുന്നതിനുള്ള ആവശ്യത്തിലേയ്ക്കായി രജിസ്റ്റർ ചെയ്ത് തന്നിട്ടുണ്ടെന്നും മേൽ സാഹചര്യത്തിൽ ടി സ്ഥലത്ത് സ്കൂൾ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ ഫണ്ട് അനുവദിച്ച് ഉത്തരവുണ്ടാകണമെന്നും പറഞ്ഞ് തൃത്താല ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, കെ. പി. സ്വർണ്ണകുമാരി 30-11-2015-ന് എം.എൽ.എ. എന്ന നിലയ്ക്ക് എനിക്കൊരു കത്ത് നൽകി. അന്നത്തെ പഞ്ചായത്ത് പ്രസിഡന്റ് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 2015-16 വർഷത്തെ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ നിന്ന് ഒരു കോടി ഇരുപത് ലക്ഷം രൂപ ഈ സ്കൂൾ കെട്ടിടത്തിനുവേണ്ടി ഞാൻ അനുവദിച്ചു. ഇതിനുവേണ്ടി ജി.ഒ. (ആർ.ടി.) നമ്പർ 920/16/എൽ.എസ്.ജി.ഡി. എന്ന ഗവൺമെന്റ് ഉത്തരവ് പുറത്തിറങ്ങി. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന് നമ്മൾ കൊടുക്കുന്നത് ഒരു കോടി രൂപയാണ്. ഇതിനുവേണ്ടി ഒരു കോടി ഇരുപത് ലക്ഷം രൂപ എം.എൽ.എ. -യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചു. അവിടെ കെട്ടിടം നിർമ്മിക്കാൻ സാധിക്കില്ലെന്നും അത് വയലാണെന്നും ഒരു കാരണവശാലും അനുവദിക്കില്ലെന്നുമാണ് ഇപ്പോൾ മാറിവന്ന പഞ്ചായത്ത് ഭരണസമിതി പറയുന്നത്. ഇത് 20 സെന്റ് സ്ഥലം മാത്രമാണ്, ഒരു പൊതു ആവശ്യത്തിനാണ്, ഏറ്റവും കൂടുതൽ പാവപ്പെട്ട കുട്ടികൾ പഠിക്കുന്ന ഒരു സ്കൂളിന്റെ ആവശ്യത്തിനുവേണ്ടിയാണ്. പല രാഷ്ട്രീയ കാരണങ്ങളാൽ ഇത് തടഞ്ഞു വച്ചിരിക്കുകയാണ്. ഇത് കേൾക്കുമ്പോൾ കഴിഞ്ഞ പഞ്ചായത്ത് ഭരണ സമിതി മാറി പുതിയൊരു രാഷ്ട്രീയ മാറ്റം പഞ്ചായത്തിൽ ഉണ്ടായി എന്ന് തോന്നും. അല്ല. ഈ ഭരണ സമിതിയും കഴിഞ്ഞ പഞ്ചായത്ത് ഭരണ സമിതിയും ഒരേ പാർട്ടിയുടേത് തന്നെയാണ്. ഭരണ സമിതി മാത്രമേ മാറിയിട്ടുള്ളൂ. അന്നത്തെ പഞ്ചായത്ത് പ്രസിഡന്റ് ആവശ്യപ്പെട്ട കാര്യം ഇന്ന് നടക്കുന്നില്ല. തദ്ദേശസ്വയംഭരണ വകുപ്പ് ഇക്കാര്യത്തിൽ ഇടപെട്ട് സ്കൂൾ കെട്ടിടം നിർമ്മിക്കുന്നതിന് ഈ ഭൂമിക്ക് പരിവർത്തനാനുമതി നൽകണം. ആ കെട്ടിടത്തിന്റെ പണി എത്രയും പെട്ടെന്ന് പൂർത്തീകരിക്കാനുള്ള ഒരു സാഹചര്യം സൃഷ്ടിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, തൃത്താല ഗ്രാമപഞ്ചായത്തിലെ തൃത്താല വില്ലേജ് സർവ്വേ 101/7-ൽ സ്ഥിതി ചെയ്യുന്ന വി. കെ. കടവ് ജി.എം.എൽ.പി. സ്കൂൾ 1945-ൽ സ്ഥാപിക്കപ്പെട്ടതാണ്. ബി.ടി.ആർ. രജിസ്റ്ററിൽ ഈ സ്ഥലത്തിന്റെ ഉടമയായി കാണിച്ചിട്ടുള്ളത് തൃത്താല ദേവസ്വം കീഴിൽ മുത്തുലക്ഷ്മി അമ്മയാണ്. കെട്ടിടത്തിനോ സ്ഥലത്തിനോ ഗ്രാമപഞ്ചായത്ത് നാളിതുവരെ ആർക്കും വാടക

ഇനത്തിൽ തുക അനുവദിച്ചിട്ടില്ല. ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ച കെട്ടിടത്തിലാണ് സ്കൂൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. എന്നാൽ നിലവിലുള്ള സ്ഥലത്തുനിന്നും സ്കൂൾ മാറ്റി സ്ഥാപിക്കുന്നതിന് തൃത്താല ഗ്രാമപഞ്ചായത്തിന്റെ തെരഞ്ഞെടുപ്പിനും പുതിയ ഭരണസമിതിയുടെ അധികാരമേൽക്കലിനുമിടയിൽ യാതൊരുവിധ ഭരണസമിതി തീരുമാനവും കൂടാതെ അന്നത്തെ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ 20 സെന്റ് വെറ്റ് ലാന്റ് പഞ്ചായത്തിന്റെ പേരിൽ രജിസ്റ്റർ ചെയ്യുകയുണ്ടായി. കേരള എഡ്യൂക്കേഷണൽ റൂൾസ് Chapter IV റൂൾ 1 അനുശാസിക്കുന്നത് 'ചുരുങ്ങിയത് ഒരേക്കർ സ്ഥലം ലഭ്യമല്ലാത്തതിനാലും റൂൾ 2 (1) പ്രകാരം Land under wet cultivation etc., should be avoided എന്നുള്ളതിനാലും ഈ സ്ഥലം സ്കൂൾ നിർമ്മിക്കാൻ യോഗ്യമല്ലാത്തതാണ്. കൂടാതെ കേരള എഡ്യൂക്കേഷണൽ റൂൾസിൽ A proper approach road should be provided എന്നുണ്ട്. എന്നാൽ ഈ 20 സെന്റ് കൃഷി സ്ഥലത്തേയ്ക്ക് 3 അടി വീതിയുള്ള വഴി മാത്രമാണുള്ളത്. Chapter IV റൂൾ 3 പ്രകാരമുള്ള പ്ലേ ഗ്രൗണ്ടും ഈ 20 സെന്റ് സ്ഥലത്ത് ലഭ്യമല്ലാത്തതാണ്. ആയതിനാൽ കേരള എഡ്യൂക്കേഷണൽ റൂൾസിലെ വ്യവസ്ഥകൾ പ്രകാരം ഈ സ്ഥലം സ്കൂൾ നിർമ്മിക്കുവാൻ യോഗ്യമല്ല. സ്കൂൾ ഇപ്പോൾ പ്രവർത്തിക്കുന്നത് 4-ാം വാർഡിലാണ്. എന്നാൽ 20 സെന്റ് കൃഷി സ്ഥലം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളത് 5-ാം വാർഡിലാണ്. സ്കൂൾ മാറ്റി സ്ഥാപിക്കുന്നത് സംബന്ധിച്ച് ഇതിന്റെ സാങ്കേതികത്വം കൂടി പരിശോധിക്കേണ്ടതുണ്ട്.' പ്രസ്തുത കെട്ടിടം മെയിന്റനൻസ് ചെയ്യുന്നതിനുവേണ്ടി 2 ലക്ഷം രൂപ പഞ്ചായത്ത് വാർഷിക പദ്ധതിയിൽ വകയിരുത്തുകയും ഡി.പി.സി. അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. വികേന്ദ്രീകൃത ആസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 12-7-2017-ൽ കൂടിയ യോഗത്തിൽ ടി പ്രവൃത്തി തുടരുന്നതിനുള്ള അനുമതിയും ലഭിച്ചിട്ടുണ്ട്. സ്കൂൾ മാറ്റി സ്ഥാപിക്കുന്നതിനായി 20 സെന്റ് നിലം നികത്തുന്നതിന് അനുവാദം നൽകുന്നത് ചുറ്റുവട്ടത്തുള്ള ഇരിപ്പൂനിലങ്ങൾ കൂടി നികത്തപ്പെടാൻ ഇടയാകും. നിലവിലുള്ള സ്കൂൾ സ്ഥിതി ചെയ്യുന്ന കെട്ടിടം റോഡ് സൗകര്യമുള്ളതും കളിസ്ഥലമുള്ളതുമാണ്. നിലവിലുള്ള സ്ഥലത്തുതന്നെ സ്കൂൾ പ്രവർത്തിക്കണമെന്നാണ് പഞ്ചായത്ത് ഭരണസമിതിയുടെ നിലപാട്. പഞ്ചായത്ത് ഭരണസമിതി തീരുമാനമെടുത്ത് വിദ്യാഭ്യാസ വകുപ്പിനെയും സർക്കാരിനെയും അറിയിച്ചിട്ടുള്ളതായും പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മാത്രമല്ല 20 സെന്റ് കൃഷി സ്ഥലത്തേയ്ക്ക് വി. കെ. കടവ് ജി.എം.എൽ.പി. സ്കൂൾ മാറ്റി സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് സ്കൂളിന്റെ പി.ടി.എ. പ്രസിഡന്റായ കെ. അബ്ദുൾ നാസർ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുമ്പാകെ WPC No. 17633/2017 ആയി ഉപവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി ഒന്നാം എതിർകക്ഷിയായി ഹർജി ഫയൽ ചെയ്തിട്ടുണ്ടെന്നും നിലവിൽ മേൽ വിഷയം ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ പരിഗണയിലാണെന്ന വിവരവും കൂടി അറിയിക്കുകയാണ്.

# V. മേശപ്പുറത്തുവച്ച കടലാസുകൾ

ചട്ടം 236 (5) പ്രകാരമുള്ള കടലാസുകൾ

I. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, മുഖ്യമന്ത്രിക്കുവേണ്ടി താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| V—മരാമത്തും ഗതാഗതവും വാർത്താവിനിമയവും | 2014-15 | 5 | 1, 2 |
| | 2015-16 | 5 | 1, 2, 108 |
| | 2016-17 | 1 | 116, 117, 130, 133 |
| XIV—ആഭ്യന്തര കാര്യങ്ങൾ | 2015-16 | 5 | 66 |

2. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| II—ഭൂനികുതിയും ദേവസ്വവും | 2012-13 | 2 | 1, 7 |
| | 2014-15 | 4 | 10, 11 |

3. തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

| സബ്ജക്ട് കമ്മിറ്റി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| III—ജലവിഭവം | 2011-12 | 1 | 49, 64 |
| | 2012-13 | 2 | 31 |
| | 2014-15 | 4 | 29, 39, 40, 57, 58, 60 |
| | 2016-17 | 1 | 9, 32, 34, 35, 39, 45, 48, 49, 50, 53, 55, 56, 57, 58, 59, 60, 61, 63, 71, 74, 79 |

4. കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു

| സബ്ജക്ട് കമ്മിറ്റി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| I—കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും | 2014-15 | 4 | 26 |
| | 2015-16 | 5 | 3 |

5. വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

| സബ്ജക്ട് കമ്മിറ്റി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| IV—വ്യവസായവും ധാതുക്കളും | 2013-14 | 3 | 23, 25 |
| | 2014-15 | 4 | 51, 52, 53, 62, 63 |
| | 2016-17 | 1 | 2, 20, 26, 27, 28, 54, 55, 60, 61 |

6. വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| സബ്ജക്ട് കമ്മിറ്റി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| VII—വിദ്യുച്ഛക്തിയും, തൊഴിലും, തൊഴിലാളിക്ഷേമവും | 2016-17 | 1 | 86 |

## VI. റിപ്പോർട്ട് സമർപ്പണം

1. 2018-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ, 2018-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ റിപ്പോർട്ട്

ശ്രീ. ജെയിംസ് മാത്യു: സർ, 2018-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ, 2018-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ റിപ്പോർട്ടുകളും കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലുകളും കമ്മിറ്റി അദ്ധ്യക്ഷനായ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനുവേണ്ടി കമ്മിറ്റി അംഗമായ ഞാൻ സമർപ്പിക്കുന്നു.

2. 2018-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റ് (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ റിപ്പോർട്ട്

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, 2018-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റ് (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ റിപ്പോർട്ടും അതിനോടനുബന്ധമായി ചേർത്തിട്ടുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

3. പബ്ലിക് അക്കൗണ്ട്സ് സമിതിയുടെ 17 മുതൽ 21 വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. വി. ഡി. സതീശൻ: സർ, പബ്ലിക് അക്കൗണ്ട്സ് സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 17 മുതൽ 21 വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

4. പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതിയുടെ 64 മുതൽ 67 വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. സി. ദിവാകരൻ: സർ, പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 64 മുതൽ 67 വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

5. അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ 12-ാമത് റിപ്പോർട്ട്

ശ്രീ. എ. എം. ആരിഫ്: സർ, അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 12-ാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

# VII. ക്രമപ്രശ്നം

## വകുപ്പുകൾ വാർഷിക പ്രവർത്തന റിപ്പോർട്ട് യഥാസമയം സഭയിൽ സമർപ്പിക്കാത്തത് സംബന്ധിച്ച്

ശ്രീ. എം. ഉമ്മർ: സർ, ഓരോ വർഷവും വിവിധ വകുപ്പുകൾക്ക് ഒരു നിശ്ചിത തുക ബഡ്ജറ്റ് വിഹിതമായി നിയമസഭ പാസ്സാക്കുന്നു. എന്നാൽ ഇവയുടെ വിനിയോഗം സംബന്ധിച്ച് യാതൊരു പഠനവും നടത്തുന്നില്ല. ആയതിനാൽ വകുപ്പുകളുടെ ആന്വൽ പെർഫോമൻസ് റിപ്പോർട്ട് പരിശോധനാ സമിതിയുടെ പ്രത്യേക ചട്ടങ്ങളിൽ ഉൾപ്പെടുത്തണമെന്ന് ശിപാർശ ചെയ്യുന്നു. ധനാഭ്യർത്ഥനയുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിലെ ശിപാർശകൾ ഭൂരിഭാഗവും കാലിക പ്രസക്തമാണ്. ചിലത് പ്രത്യേക വർഷത്തിലെ ധനാഭ്യർത്ഥനയുടെ മേൽ അതാത് വർഷം നടപടി സ്വീകരിക്കേണ്ടവയാണ്. എന്നാൽ അതിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റ് യഥാസമയം ലഭ്യമാക്കാത്തതിനാൽ ഗവൺമെന്റ് സ്വീകരിച്ച നടപടികൾ വർഷങ്ങളോളം സമിതിക്കുമുമ്പിൽ പെന്റിംഗാകുകയും അത് സമിതിയുടെ കാര്യക്ഷമതയെത്തന്നെ ബാധിക്കുകയുമാണ്. സംസ്ഥാനത്ത് ചുരുക്കം ചില വകുപ്പുകളിൽ മാത്രമെ ആന്വൽ പെർഫോമൻസ് റിപ്പോർട്ട് തയ്യാറാക്കാറുള്ളൂ. ആയതിനാൽ എല്ലാ വകുപ്പുകളും ആന്വൽ പെർഫോമൻസ് റിപ്പോർട്ട് സാമ്പത്തിക വർഷം അവസാനിച്ച് നാല് മാസത്തിനുള്ളിൽ സഭയിൽ സമർപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നുണ്ട്. സമിതി കണ്ടെത്തിയ പോരായ്മകൾ പരിഹരിക്കുന്നതിനാണ് റൂൾ 236(5) റൂൾസ് ഓഫ് പ്രൊസീഡ്യുവറിൽ ചേർത്തിട്ടുള്ളത്. കേരള നിയമസഭയുടെ നടപടിക്രമവും

കാര്യനിർവ്വഹണവും സംബന്ധിച്ച് മേൽ പരാമർശിച്ച 236(5) ചട്ടപ്രകാരം "ഓരോ വർഷത്തേയ്ക്കുള്ള ധനാഭ്യർത്ഥനകളുടെ പരിശോധനയെ സംബന്ധിച്ച കമ്മിറ്റിയുടെ ശിപാർശകളിന്മേൽ സർക്കാർ എടുത്ത നടപടിയുടെ റിപ്പോർട്ട് ഓരോ സബ്ജക്ട് കമ്മിറ്റിയുടേയും അദ്ധ്യക്ഷൻ ആ സാമ്പത്തികവർഷം കഴിഞ്ഞ ഉടനേയോ സാമ്പത്തികവർഷം അവസാനിച്ചതിനുശേഷം ഉടനെയുള്ള നിയമസഭ സമ്മേളനത്തിലോ സമർപ്പിക്കേണ്ടതാണ്." ചട്ടം 236(6) പ്രകാരം "ഒരു വർഷത്തെ ബഡ്ജറ്റ് വിഭജനത്തിന്റെ ചെലവിന്മേലുള്ള വാർഷിക പ്രവർത്തന റിപ്പോർട്ട് സാമ്പത്തിക വർഷം പൂർണ്ണമായതിനുശേഷം നാല് മാസങ്ങൾക്ക് പിൻപല്ലാതെ മേശപ്പുറത്ത് വയ്ക്കേണ്ടതാണ്" എന്ന് അനുശാസിക്കുന്നു. എന്നാൽ 6-2-2018-ന് കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനമായി മേശപ്പുറത്ത് വച്ച ബഡ്ജറ്റ് വിഭജനപ്രകാരമുള്ള ചെലവ് സംബന്ധിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ പലതും വർഷങ്ങൾ കഴിഞ്ഞവയാണ്. അതിൽ പ്രധാനപ്പെട്ട ചിലതാണ്, XXIX-ാം നമ്പർ ധനാഭ്യർത്ഥന പശ്ചിമഘട്ടം സെൽ 2014-15-ലെ വാർഷിക പ്രവർത്തന റിപ്പോർട്ടാണ് മേശപ്പുറത്ത് വച്ചിട്ടുള്ളത്. ധനാഭ്യർത്ഥന നമ്പർ XLI-ൽ ഗതാഗത വകുപ്പ്, കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ ഇത് മേശപ്പുറത്ത് വച്ചത് 2013-14-ലെയും 2014-15- ലെയും വാർഷിക പ്രവർത്തന റിപ്പോർട്ടുകളാണ്. ധനാഭ്യർത്ഥന നമ്പർ XXVI പെൻഷനും പലവകയും 2012-13 വർഷത്തേതാണ് മേശപ്പുറത്ത് വച്ചിട്ടുള്ളത്. ധനാഭ്യർത്ഥന നമ്പർ XI ജില്ലാഭരണവും പലവകയും 2011-12-ലേതാണ് വച്ചിട്ടുള്ളത്. ധനാഭ്യർത്ഥന നമ്പർ XX ശുദ്ധജല വിതരണവും ശുചീകരണവും 2011-12-ലേതാണ് വച്ചിട്ടുള്ളത്. ധനാഭ്യർത്ഥന നമ്പർ XXXVII വ്യവസായങ്ങൾ എല്ലാ വർഷത്തെയുംകൂടി ഒരുമിച്ച് വച്ചിരിക്കുകയാണ്. 2010-11, 2011-12, 2012-13, 2013-14, 2014-15, 2015-16. അതുപോലെ ധനാഭ്യർത്ഥന നമ്പർ XVII വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം 2012-13, 2013-14, 2014-15, അതും ഒരുമിച്ച് വച്ചിരിക്കുകയാണ്. ധനാഭ്യർത്ഥന നമ്പർ XVIII വൈദ്യസഹായ രംഗവും പൊതുജനാരോഗ്യവും വച്ചിട്ടുള്ളത് 2014-15-ലേയും 2015-16-ലേയും റിപ്പോർട്ടുകളാണ്. ധനാഭ്യർത്ഥന നമ്പർ XXIV തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും 2012-13, 2013-14, 2014-15, 2015-16-ലെ റിപ്പോർട്ടുകളാണ് വച്ചിട്ടുള്ളത്. ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 250 പ്രകാരം സംസ്ഥാനത്തിന്റെ ധനപരമായ കാര്യങ്ങളുടെ യഥാസമയ പൂർത്തീകരണത്തിന് സംസ്ഥാനത്തിന്റെ നിയമനിർമ്മാണ മണ്ഡലത്തിന്റെ നടപടിക്രമവും കാര്യങ്ങളുടെ നടത്തിപ്പും നിയമംവഴി ക്രമപ്പെടുത്താവുന്നതാണെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാനത്തിന്റെ ധനപരമായ കാര്യങ്ങളുടെ യഥാസമയ

പൂർത്തീകരണത്തിനാണ് നിയമസഭാചട്ടം 236(5) -ഉം 236(6)-ഉം വകുപ്പുകൾ വ്യവസ്ഥ ചെയ്തിരിക്കുന്നത്. എന്നാൽ സർക്കാർ ഈ വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കാത്തതിന്റെ ചില ഉദാഹരണങ്ങളാണിവ. അതുപോലെ ഇന്ന് ബഹുമാനപ്പെട്ട മന്ത്രിമാർ മേശപ്പുറത്ത് വയ്ക്കാൻ പോകുന്നതിന്റെ ലിസ്റ്റുകൾ ഇന്നലെ നമുക്ക് തന്നിട്ടുണ്ട്. അതിൽ പലതും ഇതുപോലെ വളരെ വൈകി മേശപ്പുറത്ത് വയ്ക്കുന്നവയാണ്. മരാമത്തും ഗതാഗതവും വാർത്താവിനിമയവും വകുപ്പ് മന്ത്രി ഇന്ന് മേശപ്പുറത്ത് വച്ചത് 2014-15, 2015-16, 2016-17 വർഷങ്ങളിലേതാണ് . അതുപോലെ ഭൂനികുതിയും ദേവസ്വവും വകുപ്പ് 2012-13, 2014-15 വർഷങ്ങളിലെ റിപ്പോർട്ടുകളാണ് വച്ചിട്ടുള്ളത്. സബ്ജക്ട് കമ്മിറ്റി മുമ്പാകെ റിപ്പോർട്ടുകൾ വളരെ സുതാര്യമായി പരിശോധിക്കാനുള്ള മെമ്പർമാർക്കുള്ള അവകാശവും സബ്ജക്ട് കമ്മിറ്റിയുടെ സ്ക്രൂട്ടിണിയും ഇതുപ്രകാരം നടക്കാതെ പോകുകയാണ്. ഇത് യഥാർത്ഥത്തിൽ എക്സിക്യൂട്ടീവിന് നിയമസഭയോടുള്ള അക്കൗണ്ടബിലിറ്റി നിർവ്വഹിക്കുന്ന കാര്യത്തിലുള്ള വമ്പിച്ച പരാജയമാണ്. കാലഹരണപ്പെട്ട വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ ഇപ്പോൾ മേശപ്പുറത്ത് വച്ചു. ഞാൻ ഏതെങ്കിലും മന്ത്രിമാരെ കുറ്റപ്പെടുത്തുന്നതിനല്ല പറയുന്നത്. പക്ഷേ ഇത് ഉദ്യോഗസ്ഥരെക്കൊണ്ട് കൃത്യമായി ചെയ്യിപ്പിക്കേണ്ടതാണ്. അത് യഥാസമയം ചെയ്യിക്കുന്നതിൽ ഇവിടെ പരാജയമുണ്ടായി എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുപോലെ ഇവിടെ ഡിലേ സ്റ്റേറ്റ്മെന്റ് വയ്ക്കുകയാണ്. എത്രയോ വർഷങ്ങൾ കഴിഞ്ഞാണ് ഡിലേ സ്റ്റേറ്റ്മെന്റ് വരുന്നത്. വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ മേശപ്പുറത്ത് വയ്ക്കുന്നത്, അതിന്റെ കാലതാമസപത്രിക സമർപ്പിക്കുന്നത്, അതിൽ ഒപ്പുവയ്ക്കുമ്പോൾ ഡേറ്റ് പോലും വയ്ക്കുന്നില്ല. എന്നാണ് അത് സമർപ്പിച്ചതെന്നുപോലും അറിയില്ല. കാലതാമസത്തിനുള്ള കാരണം നാലും അഞ്ചും വർഷം കഴിഞ്ഞ് ഇങ്ങനെ മേശപ്പുറത്ത് വച്ചതുകൊണ്ട് എന്താണ് കാര്യം? ഇത് യഥാസമയം മേശപ്പുറത്ത് വയ്ക്കാത്തതുകൊണ്ട് ഡിമാന്റുകൾ സംബന്ധിച്ച ചർച്ചയിൽ സ്ക്രൂട്ടിണിക്ക് മെമ്പർമാർക്ക് ഫലപ്രദമായി ഇടപെടാനും അത് ചൂണ്ടിക്കാണിക്കാനുമുള്ള അവസരമാണ് ഇല്ലാതെ പോകുന്നത്. 2012-13 വർഷത്തേത് ഇപ്പോൾ കിട്ടിയിട്ട് എന്താണ് പ്രയോജനം? കഴിഞ്ഞ വർഷത്തേത് ഈ സഭയിൽ നേരത്തേ വച്ചിരുന്നുവെങ്കിൽ അത് സംബന്ധമായ കാര്യങ്ങൾക്ക് മെമ്പർമാർക്ക് ധനാഭ്യർത്ഥനയിൽ ഇടപെട്ട് സംസാരിക്കാമായിരുന്നു. ആ അവസരം നഷ്ടപ്പെട്ടിരിക്കുകയാണ്. ഇത് ഭരണപരമായ കാലതാമസമാണ്. നിയമസഭയോടുള്ള അക്കൗണ്ടബിലിറ്റി നിറവേറ്റാതെ എന്ത് ഭരണപരമായ കാലതാമസമാണ്? ഇത് എങ്ങനെയാണ് condone ചെയ്യുന്നത്? എനിക്ക് ബഹുമാനപ്പെട്ട ചെയറിനോട് അഭ്യർത്ഥിക്കാനുള്ളത്, ഇങ്ങനെ നിയമസഭയോട് അനാദരവ് കാണിക്കുകയും അതിന്റെ അക്കൗണ്ടബിലിറ്റി, പ്രത്യേകിച്ച്

ജനപരമായ കാര്യങ്ങളിൽ റിപ്പോർട്ട് മേശപ്പുറത്തുവയ്ക്കാനുള്ള, ഭരണ ഘടനാപരമായ, ചട്ടപ്രകാരമുള്ള ലംഘനങ്ങൾക്ക് പീനൽ പ്രൊവിഷൻ വയ്ക്കണം. ഇപ്പോൾ ഇവിടെ ബഹുമാനപ്പെട്ട ചെയറിൽ നിന്നും വരുന്ന റൂളിംഗുകൾ മൃതീയാക്ഷരങ്ങളായി നിലനിൽക്കുകയാണ്. അതിന് യാതൊരു ഫലവുമുണ്ടാകുന്നില്ല. ഇടയ്ക്കിടയ്ക്ക് ചില ആളുകൾ ഉണർന്ന് പ്രവർത്തിക്കുന്നുണ്ടെങ്കിലും കൃത്യമായി അത് ചെയ്യുന്നില്ല. അതുകൊണ്ട് ചട്ടങ്ങളെ സംബന്ധിച്ച് ഒരു ഭേദഗതി കൊണ്ടുവന്ന് ഇതിന് ഒരു പീനൽ പ്രൊവിഷൻ വയ്ക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ബഹുമാനപ്പെട്ട സ്പീക്കർ ഇക്കാര്യത്തിൽ ശക്തമായ റൂളിംഗ് നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ബാലൻ</u>): സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. എം. ഉമ്മർ ഇവിടെ ഉന്നയിച്ച കാര്യങ്ങൾ വളരെ പ്രസക്തമായിട്ടുള്ളതാണ്. ധനപരമായ കാര്യങ്ങളുടെ യഥാർത്ഥമായ പൂർത്തീകരണം ഉറപ്പുവരുത്താൻ ഭരണഘടനയുടെ ആർട്ടിക്കിൾ 209 അനുശാസിക്കുന്നുണ്ട്. അതിന്റെ ഭാഗമായാണ് ബന്ധപ്പെട്ട നിയമസഭകൾ ചട്ടമുണ്ടാക്കുന്നത്. നമ്മുടെ നിയമസഭാ ചട്ടത്തിൽ നേരത്തെ സൂചിപ്പിച്ചതുപോലെ 236(5)-ഉം 236(6)-ഉം ഇതിന്റെ ഭാഗമായാണ് വ്യവസ്ഥ ചെയ്യപ്പെടുന്നത്. യഥാർത്ഥത്തിൽ നിയമപരമായ, ഭരണഘടനപരമായ ബാധ്യതയാണ്. ഇവിടെ "ഓരോ വർഷത്തേയ്ക്കുള്ള ധനാഭ്യർത്ഥനകളുടെ പരിശോധനയെ സംബന്ധിച്ച കമ്മിറ്റിയുടെ ശിപാർശകളിന്മേൽ സർക്കാർ എടുത്ത നടപടിയുടെ റിപ്പോർട്ട് ഓരോ സബ്ജക്ട് കമ്മിറ്റിയുടെയും അദ്ധ്യക്ഷൻ ആ സാമ്പത്തിക വർഷം കഴിഞ്ഞ ഉടനേയോ സാമ്പത്തികവർഷം അവസാനിച്ചതിനുശേഷം ഉടനെയുള്ള നിയമസഭ സമ്മേളനത്തിലോ സമർപ്പിക്കേണ്ടതാണ്" എന്ന് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 236(5) അനുശാസിക്കുന്നു. അതുപോലെ തന്നെ, "ഒരു വർഷത്തെ ബഡ്ജറ്റ് വിഭജനത്തിന്റെ ചെലവിന്മേലുള്ള വാർഷിക പ്രവർത്തന റിപ്പോർട്ട് സാമ്പത്തിക വർഷം പൂർണ്ണമായതിനുശേഷം നാല് മാസങ്ങൾക്ക് പിൻപല്ലാതെ മേശപ്പുറത്ത് വയ്ക്കേണ്ടതാണ്" എന്നാണ് ചട്ടം 236 (6) അനുശാസിക്കുന്നത്. എന്നാൽ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ഈ നിബന്ധന പാലിക്കുന്നതിൽ പലപ്പോഴും സമയക്ലിപ്തത പാലിക്കുന്നില്ല. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച റിപ്പോർട്ടുകൾ 2011-12 വർഷത്തേതടക്കം 7 വർഷക്കാലത്തോളം കാലതാമസം വരുത്തിയതായാണ് കാണുന്നത്. ബഹുമാനപ്പെട്ട സ്പീക്കർ ഇക്കാര്യത്തിൽ റൂളിംഗ് നൽകിയിട്ടുള്ളതാണ്. ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗിനെത്തുടർന്ന് നിയമസഭയുടെ കാര്യനിർവ്വഹണ

ചട്ടങ്ങളിൽ നിഷ്കർഷിക്കുന്ന സമയത്തിനുള്ളിൽ ത്തന്നെ റിപ്പോർട്ടുകൾ സഭയുടെ മേശപ്പുറത്ത് വയ്ക്കണമെന്ന് എല്ലാ വകുപ്പുകൾക്കും പാർലമെന്ററികാര്യ വകുപ്പിൽ നിന്ന് നിർദ്ദേശവും നൽകി. എന്നിരുന്നാലും വീഴ്ച ആവർത്തിക്കുന്നതായി കാണുന്നു. ബഹുമാനപ്പെട്ട അംഗം പരാമർശിച്ചിട്ടുള്ളതെല്ലാംതന്നെ മുൻസർക്കാരിന്റെ കാലത്തുണ്ടായിട്ടുള്ള വീഴ്ചകളാണ്, അത് ശ്രദ്ധിച്ചിട്ടുണ്ടാകുമല്ലോ; 9 എണ്ണം ഞാൻ പരിശോധിച്ചപ്പോഴും 2010-11, 2012-13, 2013-14, 2014-15 കാലഘട്ടങ്ങളിലുള്ളതാണ്. സർക്കാരുകൾ മാറിമാറി വരും. സഭയുടെ മേശപ്പുറത്തുവയ്ക്കേണ്ട റിപ്പോർട്ടുകൾ നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിൽ നിർദ്ദേശിക്കുന്ന സമയത്തിനുള്ളിൽത്തന്നെ കൃത്യമായി വയ്ക്കേണ്ടതാണ്. അതുകൊണ്ടാണ് ഇത് ഭരണഘടനയിലും നമ്മുടെ ചട്ടത്തിലും enshrine ചെയ്തിട്ടുള്ളത്. അത് ആ ഗൗരവത്തിൽ കാണുന്നില്ല എന്നുള്ള ബഹുമാനപ്പെട്ട മെമ്പറുടെ പരാമർശം പരിപൂർണ്ണമായി ഉൾക്കൊള്ളുകയാണ്. എന്നാൽ ചില വകുപ്പുകൾക്ക് പ്രത്യേകിച്ച്, സ്വയംഭരണ സ്ഥാപനങ്ങൾക്ക് ആഡിറ്റിംഗിന് ശേഷം മാത്രമേ അന്തിമ കണക്കുകൾ തയ്യാറാക്കാൻ കഴിയുകയുള്ളൂ. അത്തരം വകുപ്പുകൾക്ക് അവർ ആഗ്രഹിച്ചാൽപ്പോലും കൃത്യമായ റിപ്പോർട്ട് നൽകാൻ കഴിയാത്ത സാഹചര്യമുണ്ട്. സർക്കാർ വകുപ്പുകൾക്ക് അപ്രോപ്രിയേഷൻ അക്കൗണ്ടും എ.ജി. ഫൈനലൈസ് ചെയ്തതിനുശേഷവും മാത്രമേ റിപ്പോർട്ട് നൽകാൻ കഴിയൂ. അതുകൊണ്ട് ചിലപ്പോൾ അത്തരം തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭാഗത്തുനിന്ന് കുറച്ച് ഡിലേ വരുന്നത് മനസ്സിലാക്കാം. എന്നാലും വകുപ്പുതലവന്മാർ കൂടുതൽ ജാഗ്രത പുലർത്തേണ്ടതാണ്. ഒരു നിയമവുമില്ലാതെ തന്നെ ഇത് ഇംപ്ലിമെന്റ് ചെയ്യുന്നതിന് ഒരു ബുദ്ധിമുട്ടുമില്ല. ചില വകുപ്പദ്ധ്യക്ഷന്മാർ ശക്തമായ നിലപാട് സ്വീകരിച്ചാൽ ഈ പ്രശ്നം നമുക്ക് പരിഹരിക്കാൻ സാധിക്കും. ചിലത് അശ്രദ്ധ കാരണമുണ്ടായിട്ടുള്ളത് തന്നെയാണ്. ബഹുമാനപ്പെട്ട മെമ്പർ ഇത്തരം പലകാര്യങ്ങളും വളരെ സജീവമായി സഭയുടെ മുമ്പിൽ കൊണ്ടുവരുന്നയാളാണ്. ഇക്കാര്യത്തിൽ ഞാൻ അദ്ദേഹത്തെ അനുമോദിക്കാൻ കൂടി ഈ അവസരം ഉപയോഗിക്കുകയാണ്.

## റൂളിംഗ്

മി. ഡെപ്യൂട്ടി സ്പീക്കർ: ഓരോ വർഷത്തെയും ബഡ്ജറ്റ് വിഭജനത്തിലെ ചെലവുകൾ സംബന്ധിച്ച് സാമ്പത്തികവർഷം പൂർത്തിയാക്കി നാല് മാസത്തിനകം ബന്ധപ്പെട്ട വകുപ്പുകൾ സഭാനടപടി ചട്ടം 236 (6) പ്രകാരം സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതായ വാർഷിക പ്രവർത്തന റിപ്പോർട്ട് ചട്ടപ്രകാരമുള്ള കാലപരിധിക്കുള്ളിൽ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നില്ല എന്നത് സംബന്ധിച്ചാണ് ബഹുമാനപ്പെട്ട അംഗം ശ്രീ. എം. ഉമ്മർ ഉദാഹരണസഹിതം ഇവിടെ ഉന്നയിച്ചത്.

സർക്കാർ നിയമസഭ മുമ്പാകെ വയ്ക്കുന്നതും സഭയുടെ ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റികൾ വിശദമായ പരിശോധനയും ചർച്ചയും നടത്തി പാസ്സാക്കുന്നതുമായ ധനാഭ്യർത്ഥനകൾ അനുസരിച്ചുള്ള തുകകൾ ചെലവഴിച്ചത് സംബന്ധിച്ച "വാർഷിക പ്രവർത്തന റിപ്പോർട്ട് സാമ്പത്തികവർഷം പൂർണ്ണമായതിനുശേഷം നാല് മാസങ്ങൾക്ക് പിൻപല്ലാതെ മേശപ്പുറത്തുവയ്ക്കേണ്ടതാണ്" എന്ന് ചട്ടം 236 (6)-ൽ പറഞ്ഞിരിക്കുന്നു.

സഭ പാസ്സാക്കുന്ന ധനാഭ്യർത്ഥനകൾ സംബന്ധിച്ച വിശദാംശം സഭാംഗങ്ങൾക്ക് ലഭിക്കാതിരുന്ന സാഹചര്യത്തിൽ പന്ത്രണ്ടാം കേരള നിയമസഭയുടെ കാലയളവിൽ നിയമസഭാ ചട്ടങ്ങളും നടപടിക്രമങ്ങളും പരിഷ്കരിക്കുന്നതിനുള്ള ശിപാർശകൾ സമർപ്പിക്കുന്നതിനായി 2009-ൽ രൂപീകരിച്ച നിയമസഭാ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിലാണ് 236-ാം ചട്ടത്തിന് (5), (6) എന്നീ രണ്ട് ഉപചട്ടങ്ങൾ കൂട്ടിച്ചേർത്തത്. (5)-ാം ഉപചട്ട പ്രകാരം ധനാഭ്യർത്ഥന പരിശോധന പൂർത്തീകരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റികൾ നൽകുന്ന ശിപാർശകളിന്മേൽ സ്വീകരിക്കുന്ന നടപടികൾ സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നു. ഉപചട്ടം (6)-ൽ ബഡ്ജറ്റ് വിഹിതത്തിന്റെ ചെലവ് സംബന്ധിച്ച് എല്ലാ വകുപ്പുകളുടെയും വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ സഭയുടെ മേശപ്പുറത്ത് വയ്ക്കണമെന്നും നിഷ്കർഷിച്ചിരിക്കുന്നു.

എന്നാൽ നിർഭാഗ്യമെന്നു പറയട്ടെ, 2010 മാർച്ച് 31 മുതൽ നിലവിൽ വന്ന പ്രസ്തുത രണ്ട് ഉപചട്ടങ്ങളും അനുസരിച്ചുള്ള നടപടികൾ മിക്ക വകുപ്പുകളിലും കാര്യക്ഷമമായി നടക്കുന്നില്ല എന്നാണ് ഇതുസംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽനിന്നും മനസ്സിലാക്കുന്നത്. ഈ സഭയുടെതന്നെ ഒന്നാം സമ്മേളനത്തിൽ 2016 ജൂലൈ 19-ാം തീയതി ശ്രീ. കെ. എസ്. ശബരീനാഥൻ ചട്ടം 303 പ്രകാരം ഇക്കാര്യം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരികയുണ്ടായി. വാർഷിക പ്രവർത്തന റിപ്പോർട്ട് സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിൽ കാലതാമസമുണ്ടാകുന്നു എന്നത് ശരിയാണെന്നും ഭാവിയിൽ ഇങ്ങനെ സംഭവിക്കാതിരിക്കാൻ എല്ലാ വകുപ്പുമേധാവികൾക്കും നിർദ്ദേശം നൽകാൻ ചീഫ് സെക്രട്ടറിയോട് ആവശ്യപ്പെടുന്നതാണെന്നും ബഹുമാനപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി അന്ന് സഭയ്ക്ക് ഉറപ്പുനൽകിയിരുന്നതുമാണ്.

ഇക്കാര്യത്തിൽ ആശാവഹമായ ഒരു പുരോഗതിയുണ്ടാകാത്ത സാഹചര്യത്തിൽ ഈ സഭയിലെ ചട്ടങ്ങൾ സംബന്ധിച്ച സമിതി ഈ രണ്ട് ഉപചട്ടങ്ങളിലെയും വ്യവസ്ഥകൾ സമഗ്രമായി പരിശോധിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ യഥാസമയം സഭയിൽ

സമർപ്പിക്കാതിരിക്കുന്ന സാഹചര്യം ഉണ്ടാകുന്നപക്ഷം ആയതിനുള്ള കാരണംകൂടി ബന്ധപ്പെട്ട മന്ത്രി സഭയെ അറിയിക്കണമെന്ന വ്യവസ്ഥകൂടി ചട്ടങ്ങളിൽ ഉൾപ്പെടുത്തുന്നതിന് നിർദ്ദേശിക്കുകയും അതുൾപ്പെടെയുള്ള ചട്ട ഭേദഗതികൾ സംബന്ധിച്ച നടപടികൾ അതിന്റെ അന്തിമഘട്ടത്തിൽ ആയിട്ടുള്ളതുമാണ്.

ഏതായാലും ഉദാഹരണ സഹിതം ശ്രീ. എം. ഉമ്മർ ഉന്നയിച്ച പ്രകാരമുള്ള വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ വകുപ്പുതലത്തിൽ സ്വീകരിക്കേണ്ട നടപടികൾ പാർലമെന്ററികാര്യവകുപ്പിന്റെ നേതൃത്വത്തിൽ അടിയന്തരമായി ആവിഷ്കരിക്കണമെന്നും ഇതുസംബന്ധിച്ച വിശദവും വ്യക്തവുമായ ഒരു റിപ്പോർട്ട് പാർലമെന്ററികാര്യ വകുപ്പ് ഒരു മാസത്തിനകം ലഭ്യമാക്കണമെന്നും ചെയർ റൂൾ ചെയ്യുന്നു.

## VIII. ധനകാര്യം

### 2018-19 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രിക്ക് മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുകകൾ 2018-19 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2018-2019 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ

സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2018-2019 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| | | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2018-2019 | | |
|---|---|---|---|---|
| | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | |
| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | റവന്യൂ (രൂപ) | മൂലധനം (രൂപ) | ആകെ (രൂപ) |
| (1) | (2) | (3) | (4) | (5) |
| XVII | വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം | 20352,89,00,000 | 536,37,00,000 | 20889,26,00,000 |
| XXXIII | മത്സ്യബന്ധനം | 399,37,62,000 | 434,05,00,000 | 833,42,62,000 |

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ മാത്യു ടി. തോമസ്): സർ, ഞാൻ പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയെയും മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റിയുടെ ശിപാർശകളിന്മേൽ ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇനി പറയുന്ന ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

## ധനാഭ്യർത്ഥന നമ്പർ XVII വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം

### നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള

20889,26,00,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പൊതു വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 20889,26,00,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി 40,000 ക്ലാസ് റൂമുകൾ ഹൈടെക്ക് നിലവാരത്തിലേയ്ക്ക് ഉയർത്തുമെന്ന പ്രഖ്യാപനം നടപ്പിലാക്കാൻ സാധിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ: സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 20889,26,00,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ആയിരം സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുമെന്ന പ്രഖ്യാപനം നടപ്പിലാക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. സി. ജോസഫ്: സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 20889,26,00,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വിദ്യാർത്ഥികളുടെ കഴിവുകൾ കണ്ടെത്തി പരിപോഷിപ്പിക്കാൻ ലക്ഷ്യമിട്ടിട്ടുള്ള ടാലന്റ് ലാബ് പദ്ധതി നടപ്പാക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 20889,26,00,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പൊതു വിദ്യാലയങ്ങളിൽ 2016 ജൂൺ മുതൽ അംഗീകാരം ലഭിക്കാതെ ജോലി ചെയ്തുവരുന്ന അദ്ധ്യാപകർക്ക് നിയമനാംഗീകാരവും ശമ്പളവും ലഭ്യമാക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 20889,26,00,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (അൺ-

എയ്ഡഡ് സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർക്ക് ന്യായമായ വേതന നിരക്കുകൾ ഉറപ്പാക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 20889,26,00,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പ്രീ-പ്രൈമറി സ്കൂളുകളിലെ അമിത ഫീസും ചൂഷണവും അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. ഉമ്മർ: സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 20889,26,00,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 20889,26,00,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പാഠപുസ്തകങ്ങൾ സ്കൂൾ വർഷാരംഭത്തിൽ തന്നെ വിതരണം ചെയ്യണമെന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ്. പി. : സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 20889,26,00,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സ്കൂൾ ലൈബ്രറികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. എം. കെ. മുനീർ: സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 20889,26,00,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സ്കൂൾ ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പിലെ ബുദ്ധിമുട്ടുകൾ പരിഹരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. ടി. വി. ഇബ്രാഹിം:</u> സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 20889,26,00,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സ്കൂളുകളിൽ കായിക വിനോദം പ്രോത്സാഹിപ്പിക്കുന്നതിനായി കായികാദ്ധ്യാപകർക്ക് തുല്യവേതനം അനുവദിക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:</u> സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 20889,26,00,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സ്കൂൾ കലോത്സവങ്ങളിലെ വിധികർത്താക്കളുടെ നിയമനത്തിൽ അപാകതകൾ ഉള്ളതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്:</u> സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 20889,26,00,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഹയർ സെക്കണ്ടറി സ്കൂളുകളിൽ ക്ലാർക്കുമാരെ നിയമിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. ഷംസുദ്ദീൻ:</u> സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 20889,26,00,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഉന്നത വിദ്യാഭ്യാസ രംഗത്ത് നിലനിൽക്കുന്നതായി പറയപ്പെടുന്ന വിവിധ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എം. വിൻസെന്റ്:</u> സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 20889,26,00,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സർവ്വകലാശാലാ ലൈബ്രറികളെ അന്തർദേശീയ നിലവാരത്തിലുള്ള ഗവേഷണ കേന്ദ്രങ്ങളാക്കി മാറ്റുമെന്ന പ്രഖ്യാപനം നടപ്പിലാക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്:</u> സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 20889,26,00,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കായിക പ്രതിഭകൾക്ക് പ്രോത്സാഹനവും പരിശീലനവും നൽകാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അടൂർ പ്രകാശ്: സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 20889,26,00,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കല്പിത സർവ്വകലാശാലയായ കേരള കലാമണ്ഡലത്തെ സാംസ്കാരിക സർവ്വകലാശാലയാക്കുമെന്ന പ്രഖ്യാപനം പ്രവർത്തികമാക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഹൈബി ഈഡൻ: സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 20889,26,00,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പത്ത് കോടി രൂപ ചെലവിൽ, മൺമറഞ്ഞ രാഷ്ട്രീയ നേതാക്കളുടെ പേരിൽ മ്യൂസിയം നിർമ്മിക്കാൻ നീക്കം നടക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സണ്ണി ജോസഫ്: സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 20889,26,00,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ചിത്രാഞ്ജലി സ്റ്റുഡിയോയിൽ സാംസ്കാരികോത്സവ സമുച്ചയം നിർമ്മിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

**സൂചക വെട്ടിക്കുറയ്ക്കൽ**

വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 20889,26,00,000 രൂപയിൽ നിന്ന് നൂറു രൂപ കുറവു ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. റോഷി അഗസ്റ്റിൻ
2. ശ്രീ. അനിൽ അക്കര
3. ശ്രീ. വി. ടി. ബൽറാം
4. ശ്രീ. ഐ. സി. ബാലകൃഷ്ണൻ

## ധനാഭ്യർത്ഥന നമ്പർ XXXIII മത്സ്യബന്ധനം നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. ഹൈബി ഈഡൻ: സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 833,42,62,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഓഖി കൊടുങ്കാറ്റ് സംബന്ധിച്ച മുന്നറിയിപ്പ് നൽകുന്നതിൽ കേന്ദ്ര കാലാവസ്ഥാ നിരീക്ഷണ കേന്ദ്രവും, ഇൻകോയിസും പരാജയപ്പെട്ടുമൂലം 55 മത്സ്യത്തൊഴിലാളികൾ മരിക്കുന്നതിനും 115 പേരെ കാണാതാകുന്നതിനും ഇടയായതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. വിൻസെന്റ്: സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 833,42,62,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഓഖി ദുരന്തത്തിൽ കാണാതായവരുടെ ആശ്രിതർക്ക് പ്രഖ്യാപിച്ച ധനസഹായം നൽകാത്തതുമൂലം അവരുടെ ബന്ധുക്കൾ ബുദ്ധിമുട്ട് നേരിടുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 833,42,62,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പുവരുത്തേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 833,42,62,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഓഖി ദുരിതബാധിതർക്കായി പ്രഖ്യാപിച്ച പാക്കേജ് നടപ്പിലാക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 833,42,62,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംസ്ഥാനത്തെ ചില പ്രദേശങ്ങളിൽ സ്ഥാപിച്ചിട്ടുള്ള പ്രകൃതിക്ഷോഭ മുന്നറിയിപ്പ് സംവിധാനം പ്രവർത്തനക്ഷമമല്ലെന്ന് പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. ബഷീർ: സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 833,42,62,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കടലാക്രമണത്തിൽ വീടും മത്സ്യബന്ധന ഉപകരണങ്ങളും നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരത്തുക അനുവദിക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 833,42,62,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മത്സ്യബന്ധന ബോട്ടുകളിൽ വലിയ കപ്പലുകൾ ഇടിച്ച് നാശനഷ്ടങ്ങൾ ഉണ്ടാകുന്നത് തടയാൻ ആവശ്യമായ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 833,42,62,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സബ്സിഡി നിരക്കിൽ മണ്ണെണ്ണ നൽകാത്തതിനെ തുടർന്നുണ്ടായതായി പറയപ്പെടുന്ന പ്രയാസങ്ങൾ ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അടൂർ പ്രകാശ്: സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 833,42,62,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മത്സ്യത്തൊഴിലാളികൾക്ക് സബ്സിഡി നിരക്കിൽ മണ്ണെണ്ണ ലഭിക്കാത്തതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 833,42,62,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മത്സ്യബന്ധന ബോട്ടുകൾക്ക് ഡീസൽ സബ്സിഡി അനുവദിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 833,42,62,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (നല്ല മത്സ്യം കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുന്നതിന് മത്സ്യഫെഡിന്റെ കൂടുതൽ വിപണന കേന്ദ്രങ്ങൾ ആരംഭിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. എം. കെ. മുനീർ: സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 833,42,62,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മത്സ്യഫെഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 833,42,62,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വിൽപ്പനക്കായി കൊണ്ടുവരുന്ന മത്സ്യങ്ങളിൽ വ്യാപകമായി രാസപദാർത്ഥങ്ങൾ ചേർക്കുന്നതുമൂലം ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. ഉമ്മർ: സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 833,42,62,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മത്സ്യമാർക്കറ്റുകളിലെ വൃത്തിയില്ലായ്മമൂലം ഉണ്ടാകുന്നതായി പറയപ്പെടുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്: സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 833,42,62,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഉൾനാടൻ മത്സ്യബന്ധന മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കണമെന്ന ആവശ്യം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ്. പി. : സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 833,42,62,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഉൾനാടൻ മത്സ്യമേഖലയിൽ നല്ലയിനം മത്സ്യവിത്തുകളുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 833,42,62,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനു കീഴിലുള്ള റോഡ് നിർമ്മാണം, കടൽഭിത്തി നിർമ്മാണം എന്നിവ സമയബന്ധിതമായി നടത്താത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## സൂചക വെട്ടിക്കുറയ്ക്കൽ

മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 833,42,62,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവു ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ശ്രീ. റോഷി അഗസ്റ്റിൻ അവതരിപ്പിച്ചു.

ശ്രീ. എ. എൻ. ഷംസീർ: സർ, ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. രാജ്യത്തെ പ്രക്ഷോഭകാരിയും ആദ്യ പ്രതിപക്ഷനേതാവുമായ സഖാവ് എ.കെ.ജി.-യുടെ 41-ാമത് ചരമവാർഷിക ദിനമാണിന്ന്. അദ്ദേഹത്തിന്റെ ജ്വലിക്കുന്ന സ്മരണകൾക്കുമുന്നിൽ ഒരുപിടി രക്തപുഷ്പം അർപ്പിച്ചുകൊണ്ട് ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു.

നെൽസൺ മണ്ടേല വിദ്യാഭ്യാസത്തെക്കുറിച്ച് സൂചിപ്പിച്ചത്, " Education is the most powerful weapon which you can use to change the world" എന്നാണ്. അക്ഷരാർത്ഥത്തിൽ കേരള സംസ്ഥാന സർക്കാർ അധികാരം ഏറ്റെടുത്തപ്പോൾ വിദ്യാഭ്യാസ മേഖലയിൽ കാതലായ മാറ്റങ്ങൾക്ക് തുടക്കം കുറിച്ചിരിക്കുന്നു. പൊതുവിദ്യാഭ്യാസ സംരക്ഷണത്തിനാണ് സർക്കാർ ഊന്നൽ കൊടുക്കുന്നത്. അതിന്റെ ഭാഗമായി പ്രാഥമികതലം മുതൽ പി.എച്ച്.ഡി. വരെ കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയിൽ കാതലായ പരിഷ്കാരങ്ങൾ ഉണ്ടായിരിക്കുന്നു. ഞാൻ പ്രസംഗിക്കുന്ന ഇന്ന് മാർച്ച് 22 ആണ്. ഒരു അക്കാദമിക് വർഷം അവസാനിക്കാൻ പോകുകയാണ്. അക്കാദമിക് വർഷം അവസാനിക്കുമ്പോൾ അടുത്ത അക്കാദമിക് വർഷത്തെ പാഠപുസ്തകങ്ങൾ കൃത്യമായി അച്ചടിച്ചുകൊടുത്തുവെന്ന അഭിമാനവുമായാണ് ഈ സർക്കാർ വിദ്യാഭ്യാസ മേഖലയെ മുന്നോട്ടുകൊണ്ടുപോകുന്നത്. സ്കൂൾ കുട്ടികൾ അടുത്ത അദ്ധ്യയന വർഷത്തെ പുസ്തകവുംപേറി പോകുകയാണ്. മുമ്പ് അങ്ങനെയായിരുന്നില്ല, ശ്രീ. പി. കെ. അബ്ദു റബ്ബിന്റെ കാലത്ത് പാഠപുസ്തകങ്ങൾ ചോദിച്ചപ്പോൾ തല അടിച്ചുപൊളിച്ചിരുന്നു. അതിൽനിന്നും വ്യത്യസ്തമാണ് ഈ സർക്കാരെന്ന് ഞാൻ ഇവിടെ സൂചിപ്പിക്കുകയാണ്. 45000-ത്തോളം വരുന്ന ക്ലാസ്റൂമുകൾ ഡിജിറ്റൈസ് ചെയ്യപ്പെട്ടു. അതോടൊപ്പം വിദ്യാഭ്യാസ മേഖലയ്ക്കകത്ത് പുതിയ പരിഷ്കാരങ്ങൾ ഈ സർക്കാർ നടപ്പിലാക്കുന്നു. കേരളത്തിലെമ്പാടും പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായ വലിയ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ഉന്നത വിദ്യാഭ്യാസ മേഖലയിലും വലിയ പുരോഗതിയും മാറ്റവുമുണ്ട്. ഓട്ടോണമസ് കോളേജുകളുമായി ബന്ധപ്പെട്ട അഭിപ്രായം ഞങ്ങൾക്കുണ്ട്, ഓട്ടോണമസിനെ അന്ധമായി എതിർക്കുന്നവരല്ല ഞങ്ങൾ. ഓട്ടോണമസ് കോളേജുകളിൽ നല്ല നിലയിൽ പ്രവർത്തിക്കുന്ന സെന്റ്

തെരേസാസ് കോളേജ് പോലുള്ള കോളേജുകളുണ്ട്. അവയുടെ കാര്യത്തിലും ഈ സർക്കാരിന് വളരെ വ്യക്തമായ നിലപാടുണ്ട്. സാധാരണനിലയിൽ നമ്മുടെ വിദ്യാഭ്യാസ മേഖലയിൽ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽനിന്നും അൺ-എയ്ഡഡ് സ്ഥാപനങ്ങളിലേയ്ക്ക് ഒരു ഫ്ലോ ആയിരുന്നു. പക്ഷെ, ഈ ഗവൺമെന്റ് വന്നപ്പോൾ റിവേഴ്സ് ഫ്ലോ ആണ്. ഗവൺമെന്റ് സ്കൂളുകളിലേയ്ക്കും എയ്ഡഡ് സ്കൂളുകളിലേയ്ക്കും റിവേഴ്സ് ഫ്ലോ കാണുന്നു. അത് സർക്കാർ ഇടപെടലിന്റെ ഭാഗമാണെന്ന് പറയാൻ നമുക്ക് സാധിക്കും. വിദ്യാഭ്യാസ മേഖലയ്ക്കകത്ത് കാതലായ പരിഷ്കാരങ്ങൾ വരുത്തുന്നതോടൊപ്പം വിദ്യാർത്ഥികൾക്ക് അനിവാര്യമായ സംഘടനാ സ്വാതന്ത്ര്യം സംബന്ധിച്ച് പരിശോധിക്കാൻ ഒരു കമ്മിറ്റിയെ നിശ്ചയിച്ച സർക്കാരാണിതെന്ന കാര്യം ഞാനിവിടെ സൂചിപ്പിക്കുകയാണ്.

കായിക മേഖലയെക്കുറിച്ച് സൂചിപ്പിക്കുമ്പോൾ, ശ്രീ. സി. കെ. വിനീതിനും കുമാരി പി. യു. ചിത്രയ്ക്കും ജോലി കൊടുക്കാൻ സന്നദ്ധമായ സർക്കാരാണിത്. ശ്രീ. സി. കെ. വിനീത് നമ്മുടെ നാടിന്റെ യശസ്സുയർത്തിയ കായികതാരമാണ്. ഞാൻ സർക്കാരിന് കൃതജ്ഞത രേഖപ്പെടുത്തുന്നു. എന്റെ മണ്ഡലത്തിലെ സ്റ്റേഡിയത്തിന് ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യരുടെ പേരിട്ട് അന്താരാഷ്ട്ര സ്റ്റേഡിയമാക്കി ഉയർത്തുന്ന പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. അതിന് ഈ വകുപ്പുമന്ത്രിയോടും ഗവൺമെന്റിനോടും നന്ദി അറിയിക്കുകയാണ്. പുതിയ തലമുറ ജീവിതശൈലീ രോഗങ്ങൾക്ക് അടിമപ്പെടുകയാണ്. അതുകൊണ്ട് അവരുടെ കായിക വിനോദത്തെ പ്രോത്സാഹിപ്പിക്കാൻ ഓരോ പഞ്ചായത്തിലും ഗ്രൗണ്ടുകൾ അനുവദിക്കുന്ന സമീപനവും ഈ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

എന്റെ കോൺസ്റ്റിറ്റ്യുവൻസിയിൽ പരന്നുകിടക്കുന്ന തീരദേശമുണ്ട്. മത്സ്യത്തൊഴിലാളികൾക്ക് ഭവനവും സുരക്ഷയും ഉറപ്പാക്കുന്ന പദ്ധതി നമ്മുടെ സർക്കാർ നടപ്പിലാക്കിയെന്നത് ഏറ്റവും അഭിമാനകരമായ കാര്യം തന്നെയാണ്. ഏതാണ്ട് രണ്ടായിരം കോടി രൂപയുടെ സമഗ്ര പാക്കേജാണ് സർക്കാർ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കുവേണ്ടി നീക്കിവച്ചത്. കടലിന്റെ മക്കളുടെ വികാരം മനസ്സിലാക്കാൻ ഈ സർക്കാരിനാകുന്നു. തീരദേശത്ത് ഫ്ലാറ്റുകൾ നിർമ്മിച്ച് അവരെ പുനരധിവസിപ്പിക്കുന്നു. സി.ആർ.ഇസഡ്. മേഖലയ്ക്കകത്തും ശക്തമായ രീതിയിൽ ഇടപെടാൻ ഈ സർക്കാരിനായി എന്ന കാര്യം ഞാനിവിടെ ഓർമ്മപ്പെടുത്തുകയാണ്. മത്സ്യത്തൊഴിലാളികളുടെ മക്കളുടെ മെഡിക്കൽ പ്രവേശനത്തിനുവേണ്ടി സ്വാശ്രയ സ്ഥാപനങ്ങൾക്ക് പണം നൽകുന്നതിന് സർക്കാർ തീരുമാനമെടുത്തുവെന്നതും ഞാൻ ഇവിടെ സ്മരിക്കുകയാണ്. തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ, തീരദേശ ഹരിതപാത 5 വർഷംകൊണ്ട് പൂർത്തിയാക്കാനുള്ള പദ്ധതിക്ക് തുടക്കംകുറിക്കാൻ ഈ

സർക്കാരിന് സാധിച്ചു. ഓഖി ദുരന്തം ആഞ്ഞടിച്ചപ്പോൾ അവിടെ ആശ്വാസമേകാൻ, ഇടപെടാൻ ഈ സർക്കാരിന് സാധിച്ചു. മത്സ്യത്തൊഴിലാളികളുടെ ചരിത്രത്തിലാദ്യമായാണ് ഇത്രയും വലിയ നഷ്ടപരിഹാരത്തുക നമ്മുടെ സർക്കാർ നൽകിയിട്ടുള്ളത്. അത് ജനങ്ങൾക്കിടയിൽ സർക്കാരിന് വലിയ അംഗീകാരമാണ് ഉണ്ടാക്കിയിട്ടുള്ളത്.

സാംസ്കാരിക മേഖലയെക്കുറിച്ച് സൂചിപ്പിക്കുമ്പോൾ ആദ്യമായി അതിന്റെ വകുപ്പുമന്ത്രിയോടും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും ഗവൺമെന്റിനോടും ഞാൻ നന്ദി രേഖപ്പെടുത്തുകയാണ്. കേവലം ഒരു ഓഡിറ്റോറിയത്തിനകത്ത് ഒതുക്കിയ സംസ്ഥാന ചലച്ചിത്ര അവാർഡിനെ ജനകീയമാക്കാൻ ശ്രീ. എ. കെ. ബാലന് കഴിഞ്ഞു. അതിന്റെ ഭാഗമാണ് തലശ്ശേരിയിൽ കഴിഞ്ഞ വർഷം നടന്ന സംസ്ഥാന ചലച്ചിത്ര അവാർഡ് മേള. പതിനായിരങ്ങളാണ് ഒഴുകിവന്നത്. ഇത്തവണ അത് ശ്രീ. എം. മുകേഷിന്റെ മണ്ഡലമായ കൊല്ലത്തുവച്ച് നടക്കാൻ പോകുന്നു. ഇങ്ങനെ ചലച്ചിത്ര മേളകളെ ജനകീയമാക്കി മാറ്റാൻ ഈ സർക്കാരിന് കഴിഞ്ഞു. അതോടൊപ്പം കോൺഗ്രസ്സുകാർ മറന്ന മഹാത്മാഗാന്ധിയെ സ്മരിച്ചു. മഹാത്മാ ഗാന്ധിയുടെ രക്തസാക്ഷിത്വദിനം ഒരു വർഷം നീണ്ടുനിൽക്കുന്ന പരിപാടികളിലൂടെ ആഘോഷിക്കാൻ ഈ സർക്കാർ തീരുമാനിച്ചു. കോൺഗ്രസുകാർക്ക് മഹാത്മാ ഗാന്ധി മരിച്ച ദിവസംപോലും അറിയില്ല. യൂത്ത് കോൺഗ്രസുകാർ ഡിസംബർ മാസം ഗാന്ധി രക്തസാക്ഷി ദിനം ആചരിച്ചു. ബഹുമാനപ്പെട്ട പി. ടി. തോമസ് അവർക്ക് ഒരു ക്ലാസ് കൊടുക്കു. ഞങ്ങളെ പഠിപ്പിക്കാൻ വരുന്ന നേരത്ത് അവർക്ക് ഒരു ക്ലാസ് കൊടുക്കാനെങ്കിലും ബഹുമാനപ്പെട്ട പി. ടി. തോമസും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും തയ്യാറാകണമെന്ന് ഞാൻ ഓർമ്മപ്പെടുത്തുകയാണ്. യുവ കലാകാരൻമാർക്ക് സ്കോളർഷിപ്പ് ഏർപ്പെടുത്തിയത് ഈ സർക്കാരിന്റെ ഏറ്റവും മികച്ച നേട്ടമായി ഉയർത്തിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുപോലെ ഓരോ പ്രദേശങ്ങളിലും സാംസ്കാരികോത്സവങ്ങൾ, പൈതൃകോത്സവങ്ങൾ എന്നിവ സംഘടിപ്പിക്കാൻ ഈ സർക്കാരിന് കഴിഞ്ഞു.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. വി. പി. സജീന്ദ്രൻ)

ഇവിടെ ഞങ്ങൾക്കുനേരെ വലിയ രാഷ്ട്രീയ ആക്രമണങ്ങൾ നടത്തുകയാണ്. ഏതെങ്കിലുമൊരു ആക്രമണം നടന്നാലോ, വിമർശനം ഉന്നയിച്ചാലോ ഒലിച്ചു പോകുന്നവരല്ല ഞങ്ങൾ. പക്ഷേ ഒരു കാര്യം പറയട്ടെ, ഞാൻ ബഹുമാനപ്പെട്ട ചെയറിന് ഇവിടെ ഒരു അമെന്റ്മെന്റ് കൊണ്ടുവരികയാണ്. ഒരു ബഹുമാനപ്പെട്ട അംഗം* സൂചിപ്പിച്ചു, മുസ്ലീം ലീഗ് എന്നാൽ meeting and eating എന്ന്. Meeting

and eating അല്ല, eating and meeting ആണ്. Eating കഴിഞ്ഞ് ഒഴിവുണ്ടെങ്കിൽ മാത്രം meeting ചേരുക. അതാണ് മുസ്ലീം ലീഗിന്റെ സിദ്ധാന്തം. മാത്രമല്ല, ഇപ്പോൾ സി.എച്ച്. മുഹമ്മദ്കോയയിൽനിന്നും ശ്രീ. കെ. എം. ഷാജിയിലേയ്ക്ക് മുസ്ലീം ലീഗ് എത്തിയപ്പോൾ eating, meeting and cheating എന്നായിരിക്കുന്നു. E.M.C. അതാണ് മുസ്ലീം ലീഗ്. ആ നിലയിലേയ്ക്ക് മുസ്ലീം ലീഗ് മാറിയിരിക്കുന്നു.

12.00 Noon]

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, പോയിന്റ് ഓഫ് ഓർഡർ. ഇവിടെ ബഹുമാനപ്പെട്ട അംഗം പ്രസംഗിക്കുമ്പോൾ 'ചെയർ' എന്നു പറഞ്ഞു. 'ചെയർ' എന്നു പറഞ്ഞാൽ അത് നിയമസഭയുടെ രേഖകളിൽ കിടക്കും. മുസ്ലീം ലീഗ് എന്നു പറഞ്ഞാൽ Meeting and eating ആണെന്ന് വളരെ സദുദ്ദേശത്തോടുകൂടി, ഒരു അംഗം എന്നുള്ള നിലയ്ക്ക് പ്രസംഗിച്ചപ്പോൾ അങ്ങ് പറഞ്ഞതാണ്. അത് 'ചെയർ പറഞ്ഞു' എന്ന് അദ്ദേഹം പറഞ്ഞത് ശരിയായ ഓർഡറിലല്ല, അത് രേഖകളിൽ കാണാൻ പാടില്ല.

മി. ചെയർമാൻ: അക്കാര്യം പരിശോധിക്കാം. *

ശ്രീ. എ. എൻ. ഷംസീർ: സർ, അതൊരു coincidence ആണ്. താങ്കൾ ചെയറിലിരുന്നപ്പോൾ, ഞാൻ പറഞ്ഞുവെന്നേയുള്ളൂ. ഞാൻ പറഞ്ഞത് തിരുത്താം. ശ്രീ. വി. പി. സജീന്ദ്രൻ, നിങ്ങൾ പറഞ്ഞു meeting and eating എന്ന്. ഞാൻ പറയുന്നു, eating ഇടവേളകളിൽ 10 മിനിട്ട് meeting പിന്നെ cheating. അതാണ് E.M.C. അതാണ് മുസ്ലീം ലീഗ്. നിങ്ങൾ മറുപടി പറഞ്ഞോളൂ. മറുപടിയെ ഭയപ്പെടുന്നവരല്ല ഞങ്ങൾ.

ഡിസംബർ മാസം 6-ാം തീയതിയാണ് ബാബറി മസ്ജിദ് തകർത്തത്. ബാബറി മസ്ജിദ് തകർത്തപ്പോൾ സംസ്ഥാനത്താകെ 144 പ്രഖ്യാപിച്ചിരുന്നു. മുസ്ലീം ലീഗിന്റെ ഒരു നേതാവ് കണ്ണൂരിൽ മരിച്ചു. മൗനജാഥയ്ക്ക് പോലീസ് അനുമതി നിഷേധിച്ചു. യൂത്ത് ലീഗ് പ്രകടനം നടത്തി. "അടിക്കും ഞങ്ങൾ, പൊളിക്കും ഞങ്ങൾ, മൗനജാഥാ സിന്ദാബാദ്.'' അതാണ് നിങ്ങൾ. അതുകൊണ്ട് അതൊന്നും എന്നെക്കൊണ്ട് പറയിക്കണ്ട.

നിങ്ങൾ സി.ബി.ഐ.-യെ കാണിച്ച് ഞങ്ങളെ ഭയപ്പെടുത്തുകയാണ്. ഞങ്ങളെ ഭയപ്പെടുത്താൻ നോക്കേണ്ട. ഞങ്ങൾക്ക് സി.ബി.ഐ.-യുമായി

---

* സഭാദ്ധ്യക്ഷന്റെ' ഉത്തരവിൻപ്രകാരം (ഫയൽ നം 1701/ഇ.ബി/2018/നി.സെ തീയതി 22-3-2018) ചെയർ എന്ന വാക്ക് ഒരു ബഹുമാനപ്പെട്ട അംഗം എന്ന് മാറ്റം വരുത്തി.

ബന്ധപ്പെട്ട് ഒരു നിലപാടേയുള്ളൂ. ഞങ്ങൾക്ക് ഹിപ്പോക്രാറ്റിക് നിലപാടില്ല. ഭരണകക്ഷിയാകുമ്പോഴും പ്രതിപക്ഷമാകുമ്പോഴും ഞങ്ങളുടെ നിലപാട് ഒരു സംസ്ഥാനത്തിനുള്ളിലെ പോലീസ് ഇൻവെസ്റ്റിഗേഷൻ നടക്കട്ടെ എന്നാണ്. നിങ്ങൾ ഏതെങ്കിലുമൊരു കൊലപാതകം കാണിച്ച് ഞങ്ങളെ പേടിപ്പിക്കുകയാണ്. മാറാട് കൂട്ടക്കൊല സി.ബി.ഐ. അന്വേഷിക്കണമെന്ന് കേരള പോലീസ് പറഞ്ഞിട്ടും എന്തേ നിങ്ങൾ സി.ബി.ഐ.-ക്ക് വിടാത്തത്; അതുമാത്രമല്ല, ഹംസയും നൂറുദ്ദീനും. മണ്ണാർക്കാട് ഒരു വീട്ടിൽ പോയപ്പോൽ രണ്ടുപേരുടെ മൃതദേഹം, ... എന്തേ ആ കേസ്സന്വേഷിക്കാൻ സി.ബി.ഐ.-ക്ക് ശിപാർശ ചെയ്യാൻ നിങ്ങൾക്ക് ധൈര്യമില്ലാത്തത്; ഞങ്ങൾക്ക് സി.ബി.ഐ.-യെ ഭയമൊന്നുമില്ല. അത് 5 യത്തീം മക്കളല്ലേ; രണ്ടുപേർക്കും ചേർന്ന് 5 മക്കളാണ്. നിങ്ങൾക്കുനേരെ ഈ അഞ്ച് യത്തീം മക്കളുടെ കണ്ണീരുണ്ട് ; മുസ്ലീം ലീഗ് എന്ന രാഷ്ട്രീയ പ്രസ്ഥാനം ഇപ്പോൾ നടത്തുന്ന പ്രവർത്തനങ്ങൾ എന്താണ്; ലീഗിന്റെ നിലപാടുകൾ അവസരവാദപരമാണ്. മുസ്ലീം ലീഗ് കൊന്നാൽ നേരിട്ട് സ്വർഗ്ഗത്തിലെത്തും പോലും. നിങ്ങൾക്ക് ആരെയും കൊല്ലാം, എന്തും ചെയ്യാം. കൊലപാതകത്തിന്റെ പാർട്ടിയാണ് സി.പി.ഐ.(എം.) എന്ന് നിങ്ങൾ ആക്ഷേപിക്കുമ്പോൾ അക്ഷരാർത്ഥത്തിൽ നിങ്ങൾക്ക് നേരെയാണ് അവശേഷിക്കുന്ന വിരലുകൾ ചൂണ്ടുന്നത് എന്ന കാര്യം മറന്നുപോകരുത് എന്നുമാത്രമേ ഓർമ്മപ്പെടുത്തുന്നുള്ളൂ.

മുസ്ലീം ലീഗ് എന്താണ് ചെയ്തത്; കേരളത്തിന്റെ സാമൂഹിക മാറ്റത്തിൽ, മുസ്ലീം മത ന്യൂനപക്ഷമുൾപ്പെടെ ഇന്ന് കേരളത്തിൽ തല ഉയർത്തി ജീവിക്കുന്നുവെങ്കിൽ അത് ഇടതുപക്ഷ പ്രസ്ഥാനം ഭരിച്ചതുകൊണ്ടും ഇടതുപക്ഷം നടത്തിയ ഇടപെടലിന്റെ ഫലമായിട്ടുമാണെന്ന് ഞങ്ങൾക്ക് അഭിമാനത്തോടെ പറയാൻ സാധിക്കും. ഇപ്പോൾ കോൺഗ്രസ്സിന്റെ അവസ്ഥ എന്താണ്; കോൺഗ്രസ്സിന്റെ ദേശീയ നേതാക്കൾ ഇവിടെ ഇരിക്കുന്നുണ്ടല്ലോ. നിങ്ങൾ സമാജ്വാദി പാർട്ടി നേതാവ് ശ്രീ. അഖിലേഷ് യാദവിനെ പഠിക്കാൻ തയ്യാറാകണം. അമ്പലങ്ങളിൽ പോയി പ്രാർത്ഥിക്കുന്നതിന് പകരം, നിങ്ങളുടെ ആ സെക്യുലർ കൾച്ചർ, ആ ക്രെഡൻഷ്യൽ നിലനിർത്തണം. നെഹ്റുവിയൻ സംസ്കാരമുണ്ടല്ലോ, മതേതര സംസ്കാരം; ആ മതേതര സംസ്കാരത്തിൽനിന്ന് നിങ്ങൾ പുറകോട്ട്പോയി. പകരം നിങ്ങൾ മൃദു ഹിന്ദുത്വ സമീപനം സ്വീകരിച്ചു. ഫൂൽപൂരിലും ഗോരഖ്പൂരിലും ജയിച്ചത് ശ്രീ. അഖിലേഷ് യാദവ് പൂർണ്ണമായും സെക്യുലർ നിലപാട് ഉയർത്തിപ്പിടിച്ചതുകൊണ്ടാണ്. കോൺഗ്രസ് പാർട്ടി ആ സെക്യുലർ നിലപാട് ഉയർത്തിപ്പിടിക്കണം.

മദ്യത്തിന്റെ വിഷയം വന്നപ്പോൾ ഞങ്ങൾക്ക്, ഞങ്ങളുടെ പാർട്ടിയിലെ എം.എൽ.എ.-മാർക്ക് പറയാൻ സാധിക്കും, ഞങ്ങളിൽ ആരും മദ്യപിക്കുന്നവരില്ല

എന്ന്. എന്നാൽ നെഞ്ചത്ത് കൈവച്ചുകൊണ്ട് ബാറുകൾക്കെതിരെ നിലപാട് സ്വീകരിക്കാൻ കോൺഗ്രസ്സിനാകുമോ എന്ന് ഞങ്ങൾ ചോദിക്കുകയാണ്. നിങ്ങൾ ഹിപ്പോക്രാറ്റുകളാണ്. ഒരു ഭാഗത്ത് ഇതിനെതിരെ പരസ്യമായി പ്രതികരിക്കുകയും മറുഭാഗത്ത് പിന്തുണയ്ക്കുകയും ചെയ്യുന്ന സമീപനം നിങ്ങൾ സ്വീകരിക്കുന്നു. ഞങ്ങൾക്ക് ഇതുമായി ബന്ധപ്പെട്ട് വളരെ സോളിഡ് സ്റ്റാന്റുണ്ട്. അത് മദ്യ വർജ്ജനമാണ്. അതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളിൽ ഞങ്ങൾ ശക്തമായി ഇടപെടുമെന്ന് ഓർമ്മിപ്പിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ശക്തമായി പിന്തുണച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. ഹൈബി ഈഡൻ</u>: സർ, ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കേരളത്തിന്റെ തീരദേശ മേഖലയെ ദുരിതപൂർണ്ണമാക്കിയ, കണ്ണീരിലാഴ്ത്തിയ ഓഖി ചുഴലിക്കാറ്റിൽ ജീവൻ പൊലിഞ്ഞ നൂറു കണക്കിന് സഹോദരൻമാർക്ക് മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നതോടൊപ്പം ഈ ദുരന്തം കൈകാര്യം ചെയ്യുന്നതിൽ വലിയ വീഴ്ച വരുത്തിയ, ലാഘവ ബുദ്ധിയോടുകൂടി നോക്കിക്കണ്ട ഈ സർക്കാരിന്റെ നയങ്ങളെയും ഡിമാന്റിനെയും അതിശക്തമായി എതിർക്കുകയും ചെയ്യുന്നു.

കേരളത്തിൽ മത്സ്യോൽപ്പാദന രംഗത്ത് ദേശീയ റെക്കോർഡായി പ്രഖ്യാപിക്കപ്പെട്ട 8.39 ലക്ഷം ടൺ മത്സ്യോൽപ്പാദനമാണ് 2012-ൽ നടന്നിരുന്നതെങ്കിൽ 2017 കാലഘട്ടമായപ്പോൾ അത് 4.8 ടൺ ആയി ചുരുങ്ങി. മത്സ്യബന്ധന മേഖലയിൽ കടലിൽ പോയി മത്സ്യബന്ധനം നടത്തുന്ന ആളുകളേക്കാൾ കൂടുതൽ, 70 ശതമാനം മത്സ്യ വിപണനം നടത്തുന്ന അതിന്റെ ഇന്റർമീഡിയേറ്ററായി പ്രവർത്തിക്കുന്ന മത്സ്യത്തൊഴിലാളികളാണ്. ഈ 70 ശതമാനം പേരും ആശ്രയിക്കുന്നത് മത്തിയെന്ന് അറിയപ്പെടുന്ന ചാളയെന്ന് ഞങ്ങളുടെ നാട്ടിൽ വിളിക്കുന്ന മത്സ്യത്തെയാണ്. ഇത് 3.99 ലക്ഷം ടൺ ആയിരുന്നുവെങ്കിൽ അത് 43,000 ടൺ ആയി ഇന്ന് കുറഞ്ഞിരിക്കുകയാണ്. സി.എം.എഫ്.ആർ.ഐ.-യുടെ കണക്കുകൾ സൂചിപ്പിക്കുന്നത് 10,000 കോടി രൂപയുടെ നഷ്ടം ഈ മേഖലയുമായി ബന്ധപ്പെട്ട് നമുക്കുണ്ടായിട്ടുണ്ട്. ഒരു വലിയ ഇക്കോണമിയാണ് മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് നമ്മുടെ സംസ്ഥാനത്ത് നിലവിലുള്ളത്. അതിന് വലിയ ഇടിവ് സംഭവിച്ചു എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. 50 പേർ യാത്ര ചെയ്യുന്ന ഒരു ഇൻബോർഡ് വള്ളം. 80 ലക്ഷം രൂപ മുതൽ 1 കോടി രൂപ വരെ മുതൽ മുടക്കി കടലിൽ പോകുന്ന ഈ വള്ളത്തിൽ പണി ചെയ്യുന്ന തൊഴിലാളികൾ ഇന്ന് പട്ടിണിയിലാണ്. ഓഖി കഴിഞ്ഞതിനുശേഷം ദുരിതപൂർണ്ണമായ സാഹചര്യമാണ് നിലനിൽക്കുന്നത്. 20 ലക്ഷം രൂപയോളം പ്രതിവർഷം ഇതിന് പലിശയായും ഡിപ്രീസിയേഷൻ ഇനത്തിലുമെല്ലാം കൊടുക്കേണ്ട ഒരു സാഹചര്യമുണ്ട്. ഈ സാഹചര്യം നിലനിൽക്കുമ്പോൾ അവരെ സഹായിക്കാൻ ഈ ഗവൺമെന്റ് മുന്നോട്ടുവന്നിട്ടില്ല എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം.

മത്സ്യ വരൾച്ച (fish famine) എന്ന പ്രതിഭാസവുമായി ബന്ധപ്പെട്ട് ഞാൻ ഇവിടെ ഒരു അടിയന്തരപ്രമേയം കൊണ്ടുവന്നിരുന്നു. ആ മേഖലയിൽ മത്സ്യത്തൊഴിലാളികൾ നേരിടുന്ന ശക്തമായ ഒരു സാഹചര്യം, ഞാൻ നേരത്തെ സൂചിപ്പിച്ച മത്തി മുട്ടയിടുന്നത് ഫെബ്രുവരി മാസത്തിലാണ്. ആ പ്രക്രിയ ഇപ്പോഴും നടന്നിട്ടില്ല. ഈ വർഷവും ക്യാച്ച് കുറവായിരിക്കുമെന്നാണ് സി.എം.എഫ്.ആർ.ഐ.-യുടെ കണക്കുകൾ സൂചിപ്പിക്കുന്നത്. ഇങ്ങനെയുള്ള വിഷയങ്ങളിൽ ശാസ്ത്രീയമായ പിൻബലത്തോടുകൂടി അത് പഠിക്കാനും അതിനുവേണ്ടിയുള്ള മറ്റ് പ്രവർത്തനങ്ങൾ നടത്താനും ഗവൺമെന്റ് തയ്യാറായിട്ടില്ല എന്നുള്ളതാണ് ദൗർഭാഗ്യകരമായ ഒരു സ്ഥിതിവിശേഷം.

യു. ഡി. എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ 14 ഇനം മത്സ്യങ്ങൾക്ക് മിനിമം ലീഗൽ സൈസ് പ്രഖ്യാപിച്ചു. ഈ ഗവൺമെന്റ് വന്നതിനുശേഷം 44 ഇനമായി അത് വർദ്ധിപ്പിച്ചു. വളരെ നല്ല കാര്യമാണത്. അതിനെ സ്വാഗതം ചെയ്യുകയാണ്. കഴിഞ്ഞ ദിവസം മാധ്യമങ്ങളിൽ കോഴിക്കോട് ബേപ്പൂർ കടപ്പുറത്ത് ചെറുമത്സ്യങ്ങളെ പിടിച്ചതുമായി ബന്ധപ്പെട്ട ഒരു റിപ്പോർട്ട് ഉണ്ടായിരുന്നു. കോഴിക്കോട് ഡി.ഡി. പറഞ്ഞത്, ഞങ്ങൾക്കതിൽ യാതൊന്നും ചെയ്യാൻ സാധിക്കില്ല എന്നാണ്. ചെറുമത്സ്യങ്ങളെ പിടിക്കുന്നതുമായി ബന്ധപ്പെട്ട് എം.എൽ.എസ്. പ്രഖ്യാപിച്ചു, പക്ഷേ ഇതിന്റെ implementation-നുമായി ബന്ധപ്പെട്ട് യാതൊരു നടപടിയും ഗവൺമെന്റ് സ്വീകരിച്ചിട്ടില്ല. കർണ്ണാടക, തമിഴ്നാട് ഗവൺമെന്റുകൾ ഇതുമായി ബന്ധപ്പെട്ട് ഒരു നയം സ്വീകരിച്ച് നടപ്പാക്കാൻ തയ്യാറായിട്ടുണ്ട്. പലപ്പോഴും അന്യസംസ്ഥാനങ്ങളിൽനിന്നുപോലും ചെറുമത്സ്യങ്ങളെ പിടിക്കാൻ നമ്മുടെ ബോർഡേഴ്സിലേയ്ക്ക് മത്സ്യത്തൊഴിലാളികൾ, വലിയ ട്രോളികൾ എത്തുന്നുണ്ട്. അതിനെ നിയന്ത്രിക്കാൻ ഒരു സംയുക്ത യോഗം വിളിക്കാൻപോലും ഗവൺമെന്റ് തയ്യാറായിട്ടില്ല എന്നത് വലിയ വീഴ്ചയാണ്. ഇത് തടയുന്നതിൽ മറൈൻ എൻഫോഴ്സ്മെന്റ് പരിപൂർണ്ണമായി പരാജയപ്പെട്ടിരിക്കുകയാണ്. 40 എസ്.ഐ.-മാരെ നിയമിക്കണമെന്ന് മൂന്ന് വർഷം മുമ്പുള്ള റിപ്പോർട്ടിൽ പറഞ്ഞിരിക്കുകയാണ്. അവരെ നിയമിച്ചിട്ടില്ല എന്നുമാത്രമല്ല, ആവശ്യമായ യാനങ്ങളും സഫിഷ്യന്റായ ഇൻഫ്രാസ്ട്രക്ചറും മറൈൻ എൻഫോഴ്സ്മെന്റിന് കൊടുക്കാത്തതുകൊണ്ട് ഈ മേഖലയിൽ പരിപൂർണ്ണമായി പരാജയപ്പെട്ടിരിക്കുകയാണ്. ഓഖി ദുരന്തത്തോടനുബന്ധിച്ച് 7340 കോടി രൂപയാണ് സർക്കാർ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടത്. നമ്മൾ ആനയെന്നു പറഞ്ഞത് അവർ ആമയെന്നാണ് കേട്ടിരിക്കുന്നത്. State Government has utterly failured in convincing the Central Government. ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് 169 കോടി രൂപയാണ് നമുക്ക് കേന്ദ്ര സർക്കാർ

അനുവദിച്ചത്. ഇത് അവഗണന മാത്രമല്ല, നമ്മുടെ സർക്കാരിനോടും മത്സ്യത്തൊഴിലാളികളോടും കേന്ദ്ര ഗവൺമെന്റ് കാണിക്കുന്ന അവഹേളനം കൂടിയാണ്. 2000 കോടി രൂപയാണ് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളത്, 2000 കോടി രൂപയിൽ 10 കോടി രൂപ ചെലവഴിച്ചു. 10 കോടി രൂപ കൺസൾട്ടൻസിക്കുവേണ്ടി കൊടുത്തു. നമ്മുടെ സംസ്ഥാന സർക്കാർ ഓഖിയുമായി ബന്ധപ്പെട്ട് പ്ലാനോ പദ്ധതിയോ ഇതുവരെ തയ്യാറാക്കിയിട്ടില്ല. ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ ഒരു പടിപോലും മുന്നോട്ടുപോകാൻ സാധിച്ചിട്ടില്ല. തമിഴ്നാട് സർക്കാർ അതിന്റെ ആക്ഷനിലേയ്ക്ക് കടന്നിരിക്കുകയാണ് അതിന്റെ പ്രോസസ്സ് നടപ്പാക്കി കൊണ്ടിരിക്കുകയാണ്. ഓഖി ഏറ്റവും കൂടുതൽ ആഞ്ഞടിച്ചത് ശ്രീ. കെ. ജെ. മാക്സിയുടെ മണ്ഡലമായ കണ്ണമാലി-ചെല്ലാനം പ്രദേശത്താണ്. പുലിമുട്ട് നിർമ്മിക്കണമെന്ന് നിരന്തരമായി അവിടത്തെ മത്സ്യത്തൊഴിലാളികളും പൊതു സമൂഹവും ആവശ്യപ്പെടുകയാണ്. അവിടെ കടൽ ഭിത്തി നിർമ്മിക്കാൻ 8 കോടി രൂപയുടെ ടെണ്ടർ തയ്യാറായിരിക്കുകയാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ജിയോ ട്യൂബ് എന്ന ഉൽപ്പന്നമാണ് ഉപയോഗിക്കുന്നത്. വലിയ ഫോഴ്സിൽ തിരമാലകൾ വന്നാൽ ഇത് തകർന്നു പോകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അത് ചരൽ നിറച്ച ഒരു ജ്യൂട്ട് ബാഗാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഷാർപ്പ് ആയിട്ടുള്ള ഒബ്ജക്ട്സ് അതിൽ കൊണ്ടാൽ അത് തകർന്നു പോകും. കരിങ്കല്ലുകൊണ്ട് പുലിമുട്ട് നിർമ്മിക്കുകയെന്ന മത്സ്യത്തൊഴിലാളികളുടെ ദീർഘകാലമായ ആവശ്യം ഗവൺമെന്റ് പുനഃപരിശോധിക്കണമെന്നാണ് ഈ അവസരത്തിൽ പറയാനുള്ളത്. സസ്റ്റയിന ബിലിറ്റിയും സ്റ്റെബിലിറ്റിയും അതിൽ നിർബന്ധമായും വേണം. 1980-ലെ കെ.എം.എഫ്.ആർ. ആക്ട്, ത്രീ ടയർ മാനേജ്മെന്റ് സിസ്റ്റമാണ്. ആ ആക്ട് പരിഷ്കരിച്ചു, പക്ഷെ അതിൽ മത്സ്യത്തൊഴിലാളികളുടെ പ്രാതിനിധ്യമില്ലായെന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. സി.ആർ.ഇസഡ്. നിയമം 2011-ൽ പരിഷ്കരിച്ചു. ജനസാന്ദ്രതയുള്ള കേരളം പോലുള്ള സംസ്ഥാനത്തിന്റെ സവിശേഷതയും ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും പരിഗണിച്ച്, നവി മുംബൈയും ഗോവയും പോലെ സി.ആർ. ഇസഡ്-5 സോണിലേയ്ക്ക് കേരളത്തെയും ഉൾപ്പെടുത്തി. അതുകൊണ്ട് കാര്യങ്ങൾ ശരിയാകുന്ന മട്ടില്ല. 2014 ഫെബ്രുവരി 10-ാം തീയതി ശ്രീ. ഉമ്മൻ ചാണ്ടി കേരളത്തിന്റെ മുഖ്യമന്ത്രിയായിരുന്നപ്പോൾ കോസ്റ്റൽ മാനേജ്മെന്റ് പ്ലാൻ, 50 മീറ്ററാക്കി ചുരുക്കി 100 സ്ക്വയർ മീറ്ററിൽ വീടു പണിയാമെന്ന പ്രൊപ്പോസൽ കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചു. 2014 ആഗസ്റ്റിൽ കേന്ദ്ര സംഘം വന്ന് അത് ബോധ്യപ്പെട്ടു. ഇപ്പോൾ സംസ്ഥാന സർക്കാർ വരുത്തിയിട്ടുള്ള ഗുരുതരമായ വീഴ്ച കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള ശൈലേഷ് നായക് കമ്മിറ്റി റിപ്പോർട്ടിന്റെ ശിപാർശകൾ പ്രകാരം ഇളവുകൾ അനുവദിക്കുന്നത്

മത്സ്യത്തൊഴിലാളികൾക്ക് വീട് വയ്ക്കാൻ വേണ്ടി മാത്രമായിരിക്കണമെന്നാണ്. എന്നാൽ അതിന്റെ മറവിൽ ടൂറിസം വകുപ്പിന് അല്ലെങ്കിൽ റിസോർട്ടുകൾക്ക്, കോർപ്പറേറ്റ് സ്ഥാപനങ്ങൾക്ക് ഇളവുകൾ അനുവദിക്കരുതെന്നാണ്. കേന്ദ്ര ഗവൺമെന്റിന്റെ എക്കാലത്തെയും നയം കോർപ്പറേറ്റ് മാനേജ്മെന്റുകളെ സഹായിക്കുന്നതാണ്. ആ നയം സ്ഥിരീകരിക്കുന്ന തരത്തിലേയ്ക്ക് മത്സ്യത്തൊഴിലാളികളുടെ മറവിൽ അത് നടപ്പിലാക്കാൻ ഗവൺമെന്റ് തയ്യാറാകരുത്. അതുകൊണ്ടുതന്നെ കോസ്റ്റൽ മാനേജ്മെന്റ് പ്ലാൻ ഗവൺമെന്റ് പുനഃസ്ഥാപിക്കണം. ഗ്രീൻ കോറിഡോർ, തീരദേശക്കാർക്ക് ഒരു പാതയുണ്ടാകുന്നതിനെ ഞങ്ങൾ സ്വാഗതം ചെയ്യുകയാണ്. അതിന്റെ സർവ്വേ നടപടികൾ തുടങ്ങിയെന്നു പറഞ്ഞു. അതിന്, 6500 കോടി രൂപ 630 കിലോമീറ്ററിനുവേണ്ടി പ്രഖ്യാപിച്ചിട്ടുണ്ട്. എവിടെ നിന്നാണ് ഈ പണം, പ്രവാസികളുടെ ചിട്ടികളിൽ നിന്ന് ലഭിക്കുന്ന വരുമാനം, ഒരു ലക്ഷം എൻ.ആർ.ഐ-കളുടെ കയ്യിൽ നിന്ന് ചിട്ടി പിരിച്ചാണ് തീരദേശത്തെ മത്സ്യത്തൊഴിലാളികൾക്ക് കൊടുത്തത്, ബഡ്ജറ്റിൽ പ്രൊവിഷൻ വയ്ക്കാൻ പാടില്ലേ?

മി. ചെയർമാൻ: ബഹുമാനപ്പെട്ട ഹൈബി ഈഡൻ അങ്ങ് അവസാനിപ്പിക്കണം, അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. ഹൈബി ഈഡൻ: സർ, ഇന്നു വരെ എത്ര ചിട്ടി പിരിച്ചിട്ടുണ്ടെന്ന് ഗവൺമെന്റ് വ്യക്തമാക്കണം. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ എം.ടി.-യുടെ നാലുകെട്ട് അനുസ്മരിച്ചുകൊണ്ട് അമ്മിണി അമ്മയുടെ കുറിയെക്കുറിച്ച് പറയുകയുണ്ടായി. മത്സ്യത്തൊഴിലാളികളെ ഇങ്ങനെ അപമാനിക്കരുത്. ഈ തീരദേശ ഹൈവേ നടക്കാൻ പോകുന്നില്ല എന്നുള്ളതറിയാം, അവരുടെ റീഹാബിലിറ്റേഷനെക്കുറിച്ച് എന്തെങ്കിലും പ്ലാൻ ഗവൺമെന്റ് തയ്യാറാക്കിയിട്ടുണ്ടോ; ഇവിടെ തീരദേശത്ത് ഏറ്റവും കൂടുതൽ എം.എൽ.എ.-മാരുള്ളത് ഭരണപക്ഷത്താണ്. വനാവകാശ നിയമംപോലെ തന്നെ കടലിന്റെ മക്കൾക്ക് കടലവകാശ നിയമം പ്രഖ്യാപിക്കണമെന്ന് ഞാൻ ഈ ഗവൺമെന്റിനോട് ആവശ്യപ്പെടുകയാണ്.

ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, ധനാഭ്യർത്ഥനകളെ ഞാൻ പിൻതുണയ്ക്കുന്നു. ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ബദൽ രാഷ്ട്രീയമാണ് ബഡ്ജറ്റിലൂടെ ഇവിടെ അവതരിപ്പിച്ചത്. ബി.ജെ.പി. ഗവൺമെന്റിന്റെ സാമ്പത്തിക ഫാസിസ്റ്റ് നിലപാടുകൾക്കെതിരെയുള്ള ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചത്. വിദ്യാഭ്യാസ മേഖലയെ കാവിവൽക്കരണത്തിലേയ്ക്ക് നയിച്ചും ചാതുർവർണ്യത്തിന്റെയും ബ്രാഹ്മണിസത്തിന്റെയും ഇടപെടലുകൾ നടത്തിക്കൊണ്ട്

മുസ്ലീം ക്രിസ്ത്യൻ ജനവിഭാഗങ്ങളെ വർഗ്ഗീയ ധ്രുവീകരണത്തിന്റെ പാതയിലേയ്ക്ക് തള്ളിവിട്ടുകൊണ്ടുള്ള ഒരു വിദ്യാഭ്യാസ നയമാണ് ആർ.എസ്.എസ്.-കാർ ഭരിക്കുന്ന സ്ഥലങ്ങളിൽ നടത്തിക്കൊണ്ടിരിക്കുന്നത്. തീർച്ചയായിട്ടും അതിനെതിരായിട്ടുള്ള ഒരു മതേതര ബദൽ വിദ്യാഭ്യാസ സമ്പ്രദായമാണ് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ഇന്ത്യയുടെ ചരിത്രമെഴുതാനുള്ള എല്ലാ അവകാശങ്ങളും ഏറ്റെടുത്തുകൊണ്ട്, നമ്മുടെ ഇന്ത്യയുടെ ഇന്നലെകളുടെ ചരിത്രം മാറ്റിയെഴുതാനാണ് ആർ.എസ്.എസ്.-കാർ തീരുമാനമെടുത്തിരിക്കുന്നത്. നമ്മുടെ മഹാത്മാഗാന്ധിയും പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവും സുഭാഷ് ചന്ദ്രബോസും ഭഗത് സിംഗും സുഖ്ദേവും ഉൾപ്പെടെയുള്ളവർ നാളെകളിൽ ചരിത്രത്തിന്റെ ഭാഗമാകാൻ പോകുന്നില്ല. നാഥൂറാം വിനായക് ഗോഡ്സെ അടക്കമുള്ള ആർ.എസ്.എസ്.-കാരാണ് നാളെകളിൽ ഇന്ത്യയുടെ ചരിത്രത്തിന്റെ ഭാഗമാകാൻ പോകുന്നത്. അതിന് ബദലായി മതേതരത്വവും ജനാധിപത്യവും ഉൾക്കൊണ്ടുകൊണ്ടുതന്നെ വിദ്യാഭ്യാസ മേഖലയെ നയിക്കാനുള്ള ശ്രമമാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ബദൽ സംവിധാനങ്ങളിലൂടെ വിദ്യാഭ്യാസ മേഖലയിലേയ്ക്ക് കൊണ്ടുവരാൻ ശ്രമിച്ചിട്ടുള്ളത്. എല്ലാ സ്കൂളുകളും ഹൈടെക് ആക്കുന്നതിനും അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് വിദ്യാഭ്യാസ മേഖലയെ ഉയർത്തിക്കൊണ്ടുവരുന്നതിനുമുള്ള ശ്രമങ്ങളാണ് ഇവിടെ നടന്നത്. ഇതെല്ലാം തന്നെ നാളെകളിൽ യാഥാർത്ഥ്യമാകാൻ പോകുന്ന വിഷയങ്ങളാണ്. നാളെ ഈ ലോകത്തെക്കുറിച്ച് അറിയുന്നതിന്, വിദ്യാഭ്യാസപരമായി നമ്മുടെ വ്യക്തിത്വ രൂപീകരണത്തിന് ഉതകുന്ന രീതിയിലേയ്ക്ക് നമ്മുടെ വിദ്യാഭ്യാസ മേഖലകൾ മാറുക, ലോകത്തെ അറിയുക എന്നുള്ളതാണ് ലക്ഷ്യമാക്കുന്നത്. ഇന്റർനെറ്റ് സംവിധാനങ്ങളിലൂടെയും ടെലി വിദ്യാഭ്യാസ സമ്പ്രദായങ്ങളിലൂടെയുമെല്ലാം തന്നെ ഇന്നത്തെ വിദ്യാർത്ഥികൾക്ക് പഠിക്കാൻ പൂർണ്ണമായ അവകാശങ്ങൾ നേടിയെടുത്തുകൊണ്ടുതന്നെയാണ് വിദ്യാഭ്യാസ മേഖലയിൽ ഇടപെടുന്നത്. ലോക ഭാഷ പഠിക്കുന്നതിലൂടെ കല, ചരിത്രം, വർണ്ണങ്ങൾ, വർണ്ണവിവേചനങ്ങൾ, ശാസ്ത്രം, മാറിവരുന്ന സാങ്കേതികവിദ്യകൾ ഇവയെ കുറിച്ചെല്ലാം പഠിച്ചുകൊണ്ട് ലോക നിലവാരത്തിലേയ്ക്ക് ഉയർന്നു വരുന്ന വിദ്യാർത്ഥികളെ ലക്ഷ്യമിട്ടുകൊണ്ട് സർക്കാർ വിദ്യാഭ്യാസ മേഖലയിൽ ഇടപെട്ടുകൊണ്ടിരിക്കുന്നു. അത് മതേതരത്വപരവും ജനാധിപത്യപരവുമാണെന്ന് ഞങ്ങൾ തിരിച്ചറിയുന്നു. അത് മറ്റുള്ളവരും തിരിച്ചറിയണമെന്നുമാത്രമാണ് നിങ്ങളോട് എനിക്ക് സൂചിപ്പിക്കാനുള്ളത്. 1000 വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റിക്കൊണ്ട്, 9-ാം ക്ലാസ് മുതൽ 12-ാം ക്ലാസ് വരെയുള്ള എല്ലാ ക്ലാസ്സുമുറികളും ഹൈടെക് ആക്കി മാറ്റിക്കൊണ്ട്, ആയിരത്തിൽ കൂടുതൽ വിദ്യാർത്ഥികൾ പഠിക്കുന്ന സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങളെല്ലാം തന്നെ വർദ്ധിപ്പിച്ചുകൊണ്ട്, 11,000 ക്ലാസ്സുമുറികൾ ഈ മാസം ഹൈടെക് ആക്കുന്നുവെന്നുള്ളത് വലിയൊരു നേട്ടമായി കാണുന്നു. പരിമിതികൾ ഉണ്ടെന്ന് ഈ അവസരത്തിൽ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. എച്ച്.എം.-മാരുടെ ഭാരം

കുറയ്ക്കേണ്ടതായിട്ടുണ്ട്, ഇന്ന് എച്ച്.എം.-മാർക്ക് ബി.ആർ.സി. (പഞ്ചായത്ത്) ക്ലാസ്സ് ചാർജ്ജും പലചരക്കുകടയിൽ പോകേണ്ടതും ഒരു ഡിവിഷനിൽ ക്ലാസ്സെടുക്കേണ്ടതുമായിട്ടുള്ള അവസ്ഥകളുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. അതിന്റെ പരിമിതികൾ കുറയ്ക്കേണ്ടതായിട്ടുണ്ട്. മലയാളം പഠിപ്പിക്കുന്ന ടി.ടി.സി. അദ്ധ്യാപകർ ഉൾപ്പെടെയുള്ളവർ, മലയാളമറിയാത്ത അദ്ധ്യാപകരായിട്ടും വിദ്യാർത്ഥികളായിട്ടും വളരുന്ന കുട്ടികൾ എന്റെ കവിത പഠിക്കേണ്ട എന്ന് ബാലചന്ദ്രൻ ചുള്ളിക്കാട് പറയുന്നുണ്ടെങ്കിൽ തീർച്ചയായിട്ടും അതിന്റെ പരിഹാരം കൂടി നമ്മൾ കാണേണ്ടതായിട്ടുണ്ട്. ശിശു മന:ശാസ്ത്രത്തിൽ ബിരുദമെടുത്ത അദ്ധ്യാപകരെ ഈ മേഖലയിൽ നിയമിക്കണമെന്നുകൂടി ഞാൻ ഈ അവസരത്തിൽ സൂചിപ്പിക്കുകയാണ്. ആദിവാസി മേഖലപോലെ തന്നെ ദുരന്തപൂർണ്ണമായിട്ടുള്ള ഒരു മേഖലയായി മത്സ്യമേഖലയെ കാണേണ്ടതായിട്ടുണ്ട്. ഏറ്റവും ദരിദ്രപൂർണ്ണമായിട്ടുള്ള സാഹചര്യങ്ങളിൽ ജീവിക്കുന്ന തീരദേശ നിവാസികളാണ് ഇന്നുള്ളത്. വിദ്യാഭ്യാസപരമായും ആരോഗ്യപരമായും ശുചിത്വപരമായുമെല്ലാം പുറകിലോട്ട് പോയിക്കൊണ്ടിരിക്കുന്ന ഒരു മേഖലയാണ് മത്സ്യമേഖല. അവിടെയെല്ലാം ശക്തമായ ഇടപെടലുകളുമായാണ് ഇന്ന് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. തീരദേശ മേഖലയിൽ കോൺഗ്രസ് ഗവൺമെന്റിന്റെ കാലത്ത് ഉണ്ടാക്കിയിട്ടുള്ളതും ബി.ജെ.പി. പിൻതുടരുന്നതുമായ നിയമങ്ങളെല്ലാംതന്നെ പാവപ്പെട്ട പരമ്പരാഗത തൊഴിലാളികൾക്ക് ആ ഇടങ്ങളിലേക്ക് കയറി ചെല്ലാൻപോലും സാധിക്കാത്ത തരത്തിലുള്ളവയാണ്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, അങ്ങ് തീരദേശത്തെ മത്സ്യത്തൊഴിലാളികളുടെ ദുരവസ്ഥയെക്കുറിച്ച് ഇവിടെ സൂചിപ്പിച്ച, ശ്രീ. വി. ആർ. സുനിൽ കുമാർ ഇവിടെ പറഞ്ഞുകൊണ്ടിരിക്കുന്നത് മത്സ്യലഭ്യതയുടെ പ്രശ്നമാണ്. നേരത്തെ ശ്രീ. ഹൈബി ഈഡൻ ഇവിടെ സംസാരിച്ചപ്പോൾ ചാളയുടെ ലഭ്യതക്കുറവിനെക്കുറിച്ച് പറഞ്ഞിരുന്നു. ആരാണ് ആഴക്കടൽ അശാസ്ത്രീയമായി അരിച്ചു പെറുക്കാൻ വിദേശ ട്രോളറുകൾക്കും കപ്പലുകൾക്കും അനുമതി നൽകിയത് എന്ന കാര്യം മറച്ചുവച്ചുകൊണ്ടാണ് ശ്രീ. ഹൈബി ഈഡൻ സംസാരിച്ചത് എന്ന കാര്യം അങ്ങ് അറിയുന്നില്ലേ?

ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, വിദേശ കപ്പലുകൾക്ക് ആഴക്കടൽ മത്സ്യബന്ധനത്തിന് അനുവാദം കൊടുത്തത് കോൺഗ്രസ് ഗവൺമെന്റാണെന്നുള്ള യാഥാർത്ഥ്യം നമുക്കെല്ലാം അറിയാവുന്നതാണ്. ഇത്തരം കാര്യങ്ങളിലെല്ലാം വ്യക്തമായ ഇടപെടലുകൾ നടത്തിക്കൊണ്ടുതന്നെയാണ് ഇപ്പോൾ കേരളത്തിലെ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. പാവപ്പെട്ട അടിസ്ഥാന ജനവിഭാഗങ്ങൾക്കു വേണ്ടി, മത്സ്യത്തൊഴിലാളികൾക്കുവേണ്ടി കേരളത്തിലെ ഗവൺമെന്റ് ശക്തമായ ഇടപെടലുകളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഏറ്റവും ശ്ലാഘനീയമായ

പ്രവർത്തനം കാഴ്ചവയ്ക്കുന്ന ബഹുമാന്യയായ ഫിഷറീസ് വകുപ്പുമന്ത്രി ശ്രീമതി മേഴ്സിക്കുട്ടി അമ്മയെ ഈ അവസരത്തിൽ ഞാൻ അഭിനന്ദിക്കുകയാണ്. ഭരണഘടനയെ നോക്കുകുത്തിയാക്കിക്കൊണ്ടുള്ള ഒരു ഭരണമാണ് ഇന്ന് ഇന്ത്യയിൽ നടക്കുന്നത്. ആവിഷ്കാര സ്വാതന്ത്ര്യങ്ങൾക്കുനേരെയുള്ള കടന്നു കയറ്റമാണ് ഈ കാലഘട്ടത്തിൽ നടന്നുകൊണ്ടിരിക്കുന്നത്. ഗാന്ധി പ്രതിമ തകർക്കുന്നതിലൂടെ ഇന്ത്യയുടെ മതേതരത്വത്തെയും നമ്മുടെ ചരിത്രത്തെയും തകർക്കാൻ ശ്രമിക്കുകയാണ്. ഗാന്ധി പ്രതിമ തകർക്കുന്നതിലൂടെ ഇവിടെയുള്ള ദളിത് വിഭാഗത്തെയും ലെനിന്റെ പ്രതിമ തകർക്കുന്നതിലൂടെ തൊഴിലാളി വർഗ്ഗത്തേയുമാണ് ആർ.എസ്.എസ്സുകാർ ലക്ഷ്യമിടുന്നതെന്ന് നിങ്ങൾ തിരിച്ചറിയണം. പെരിയാറിന്റെ പ്രതിമ തകർക്കുന്നതിലൂടെ ബ്രാഹ്മണിസത്തിന്റെ തിരിച്ചുവരവാണ് ആർ.എസ്.എസ്.-കാരൻ ആഗ്രഹിക്കുന്നത്. അംബേദ്കറുടെ പ്രതിമ തകർക്കുമ്പോൾ ദളിത് സമൂഹത്തെ ഇല്ലായ്മ ചെയ്യുവാനുള്ള ബ്രാഹ്മണിസത്തിന്റെ അജൻഡയാണ് ആർ.എസ്.എസ്.-കാരനിലൂടെ നടപ്പിലാക്കുന്നതെന്ന് ഞാൻ സൂചിപ്പിക്കുകയാണ്. ഇതിനെല്ലാം ബദൽ സംവിധാനങ്ങൾ ഒരുക്കിക്കൊണ്ടാണ് നമ്മുടെ ഗവൺമെന്റ് കേരള സംസ്ഥാന ഗ്രന്ഥശാലാ കൗൺസിൽ നടപ്പിലാക്കാൻ ശ്രമിക്കുന്നത്. പണ്ഡിതന്മാരെയും എഴുത്തുകാരെയുമെല്ലാം തന്നെ എല്ലാ കാലഘട്ടങ്ങളിലും എല്ലാ ഫാസിസ്റ്റുകളും, ഹിറ്റ്ലറും മുസ്സോളിനിയും ഫ്രാങ്കോയുമുൾപ്പെടെയുള്ളവർ ഇല്ലായ്മ ചെയ്യാൻ ശ്രമിച്ചിട്ടുണ്ടെങ്കിൽ, ഇന്ന് ഇന്ത്യാ രാജ്യത്തും അതുതന്നെയാണ് സംഭവിക്കുന്നത്. ധബോൽക്കറും കൽബുർഗിയുമുൾപ്പെടെയുള്ളവരെ ഇല്ലായ്മ ചെയ്തതും എം.ടി.ക്കും കമലിനും കുരീപ്പുഴ ശ്രീകുമാറിനുമെതിരെയുള്ള ആക്രമണങ്ങളും അത് തന്നെയാണ് വ്യക്തമാക്കുന്നത്. അതുകൊണ്ടുതന്നെ ഈ മേഖലകളിൽ വ്യക്തമായിട്ടുള്ള ഇടപെടലുകളാണ് സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. കന്നിക്കൊയ്ത്തും മാമ്പഴവും കാക്കയും സഹ്യന്റെ മകനും നമുക്ക് നൽകിയിട്ടുള്ള കവിയാണ് വൈലോപ്പിള്ളി ശ്രീധര മേനോൻ.

'അങ്കണത്തൈമാവിൽ നിന്നാദ്യത്തെ പഴം വീഴ്കെ,

അമ്മതൻ നേത്രത്തിൽ നിന്നുതിർന്നു ചുടുകണ്ണീർ'-

എന്ന് നമ്മളെ പാടി പഠിപ്പിച്ച വൈലോപ്പിള്ളിക്ക് സ്മാരകമുയരുകയാണ്.

'ഓതിനാൻ ഭിക്ഷുവേറ്റം വിലക്ഷനായ്

ജാതി ചോദിക്കുന്നില്ല ഞാൻ സോദരീ

ചോദിക്കുന്നു നീർ നാവുവരണ്ടഹോ

ഭീതിവേണ്ടാതരികെനിക്കനീ,'-എന്ന പറഞ്ഞ് ജാതീയതയ്ക്കെതിരായി ഏറ്റവും ശക്തമായ പോരാട്ടം നടത്തിയ മഹാനായ കവി കുമാരനാശാന്റെ സ്മാരകത്തിന് പണം വകയിരുത്തിയും കവി ഒ.എൻ.വി.ക്ക് സ്മാരകം പണിതുകൊണ്ടും ഗവൺമെന്റ് ഈ രംഗത്ത് ഇടപെടുകയാണ്. അമ്മയെന്ന കവിതയിലൂടെ സ്നേഹമെന്താണെന്ന് പഠിപ്പിച്ച ഒ.എൻ.വി.-യുടെ വരികൾ ഓർക്കുകയാണ്-

എന്തിനോവേണ്ടി നീട്ടി നിൽക്കുന്ന
ചന്തമോലുന്നൊരാവലം കൈയും
ഞെട്ടിൽ നിന്ന് പാൽ തുള്ളികൾ ഊറും
മട്ടിലുള്ളൊരാ നഗ്നമാം മാറും
കണ്ടുണർന്നെന്റെയുള്ളിലെ പൈതൽ
അമ്മ അമ്മയെന്നാർത്തു നിൽക്കുന്നു..

ഞാൻ നീട്ടിക്കൊണ്ടുപോകുന്നില്ല, ഒന്നേ പറയാനുള്ളൂ ഈ രാജ്യത്ത് നിലനിൽക്കുന്ന ഫാസിസത്തിനെതിരായി ഇവിടെയിരിക്കുന്നവർ കണ്ണിമചിമ്മാതെ കാവൽ നിന്നീടണം എന്നുമാത്രം പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ടു നിർത്തുന്നു.

ശ്രീ. വി. അബ്ദുറഹിമാൻ: സർ, വിദ്യാഭ്യാസം, മത്സ്യബന്ധനം, സാംസ്കാരികം, വിനോദം, കല എന്നിവയ്ക്കുവേണ്ടി ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. ഇന്ന് കേരളത്തിൽ ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെടുന്ന രണ്ട് പ്രധാനപ്പെട്ട വകുപ്പുകളാണ് വിദ്യാഭ്യാസവും മത്സ്യബന്ധനവും. ഓഖി ദുരന്തത്തെക്കുറിച്ച് ബഹുമാനപ്പെട്ട എന്റെ സുഹൃത്ത് പറഞ്ഞത് കാര്യങ്ങൾ മനസ്സിലാക്കാതെയാണ്. ഓഖി ദുരന്ത സമയത്ത് ബഹുമാന്യയായ വകുപ്പുമന്ത്രി ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ ആ പ്രദേശങ്ങൾ സന്ദർശിച്ചതും അവിടെയുള്ള കുടുംബങ്ങളുടെ കണ്ണീരൊപ്പാൻ രാപ്പകൽ ഓടി നടന്ന കാര്യങ്ങളുമൊന്നും അങ്ങ് മറക്കുന്നത് നല്ലതല്ല. മാത്രമല്ല, ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് ഒരു സർക്കാരിന് ചെയ്യാവുന്ന മുഴുവൻ കാര്യങ്ങളും ഇടതുപക്ഷ സർക്കാർ ചെയ്തിട്ടുണ്ട് എന്നുള്ള കാര്യം നിങ്ങൾ മനസ്സിലാക്കണം. എതിർപ്പിനുവേണ്ടി എന്തെങ്കിലും പറയുകയെന്നല്ലാതെ കാര്യങ്ങൾ മനസ്സിലാക്കാതെയും ബോധപൂർവ്വം മറച്ചുവച്ചുകൊണ്ടും ഈ സർക്കാരിനെ കരിവാരിത്തേയ്ക്കാനുള്ള കുതന്ത്രങ്ങളാണ് നിങ്ങൾ പുറത്തെടുത്തുകൊണ്ടിരിക്കുന്നത്. ഈ ബഡ്ജറ്റിൽ ഏകദേശം രണ്ടായിരത്തോളം കോടി രൂപ കേരളത്തിലെ

തീരദേശത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി സർക്കാർ മാറ്റി വച്ചിരിക്കുകയാണ്. അതുമായി ബന്ധപ്പെട്ട ചർച്ചയാണ് ഇപ്പോൾ നടക്കുന്നത്. മത്സ്യത്തൊഴിലാളികളുടെ ഉന്നമനത്തിനും അതോടൊപ്പം അവരുടെ സ്വൈരജീവിതം ഉറപ്പുവരുത്തുന്നതിനും വേണ്ടിയുള്ള നിരവധിയായ പദ്ധതികൾ മത്സ്യമേഖലയിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. മത്സ്യ ത്തൊഴിലാളി കൾക്കും വ്യാപാരികൾക്കും മതിയായ പരിരക്ഷ ഉറപ്പുവരുത്താനുള്ള പരിപാടികളാണ് മത്സ്യവകുപ്പ് തയ്യാറാക്കിക്കൊണ്ടിരിക്കുന്നത്. ഗുണനിലവാരമുള്ള മത്സ്യവിത്തുകൾ ലഭ്യമാക്കുക വഴി സുരക്ഷിതവും ലാഭകരവുമായ മത്സ്യ വ്യവസായത്തിന് സാഹചര്യം ഒരുക്കുകയെന്നതാണ് ലക്ഷ്യം. ഇടനിലക്കാരെ ഒഴിവാക്കിക്കൊണ്ട് മത്സ്യത്തൊഴിലാളികൾക്കും അതുകൊണ്ട് ഉപജീവനം നടത്തുന്ന മറ്റ് വിഭാഗങ്ങൾക്കും പലിശ രഹിത വായ്പ നൽകുന്ന മറ്റ് നിരവധിയായ പദ്ധതികൾക്ക് രൂപം കൊടുത്തുകൊണ്ടിരിക്കുകയാണ്. ഇത്തരം സാഹചര്യത്തിൽ ഈ വകുപ്പിനെ മോശമായി ചിത്രീകരിക്കുന്ന രീതി ശരിയല്ലെന്ന് ഒരിക്കൽക്കൂടി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇന്ന് കേരളത്തിൽ ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെടുന്ന ഒരു മേഖലയാണ് വിദ്യാഭ്യാസമേഖല. കഴിഞ്ഞ കാലങ്ങളിൽ കുത്തഴിഞ്ഞുപോയ വിദ്യാഭ്യാസ സമ്പ്രദായം തിരിച്ചുകൊണ്ടുവരുന്നതിന് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് കാണിക്കുന്ന താല്പര്യം ഇന്ത്യയ്ക്ക് തന്നെ മാതൃകയാണ്. സ്കൂൾ വിദ്യാഭ്യാസത്തിലേർപ്പെടുന്ന ഒന്നാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികളിൽ 90 ശതമാനം പേരും അവരുടെ വിദ്യാഭ്യാസം പൂർത്തീകരിക്കുന്നുവെന്നുള്ളത് കേരള സംസ്ഥാനത്തിന് മാത്രമുള്ള ബഹുമതിയാണ്. ഈ വിഭാഗത്തിലെ പരിഷ്കരണത്തിനും ശക്തമായ വിദ്യാഭ്യാസ സമ്പ്രദായത്തിനും പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങളെ തിരിച്ചുകൊണ്ടു വരുന്നതിനും മറ്റുമായി 3500 കോടി രൂപ മൂന്ന് വർഷത്തേയ്ക്കായി ബഡ്ജറ്റിൽ മാറ്റിവച്ചിട്ടുണ്ട്. വിദ്യാഭ്യാസ മേഖലയ്ക്ക് മാത്രമായി ഇത്രയും തുക ഇടതുപക്ഷ സർക്കാർ ഇൻവെസ്റ്റ് ചെയ്തത് വലിയൊരു റിക്കോർഡാണ്. യൂണിഫോമുകൾക്ക് മാത്രമായി 150 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഗുജറാത്ത്, രാജസ്ഥാൻ പോലുള്ള സംസ്ഥാനങ്ങളിൽ ഏകദേശം 15,000-ത്തോളം സ്കൂളുകൾ പൂട്ടാൻ പോകുകയാണ്. പക്ഷെ കേരളത്തിൽ പൂട്ടിയ സ്കൂളുകൾ തുറക്കാനുള്ള പരിപാടികളുമായാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നത്. അംഗീകാരമില്ലാത്ത സ്കൂളുകൾ പൂട്ടുന്നതിനെതിരായി കൊടിപിടിക്കുന്ന വലതുപക്ഷത്തെക്കുറിച്ച് ഈ സമയത്ത് ഞാനൊന്നും പറയാൻ ആഗ്രഹിക്കുന്നില്ല. സമ്പൂർണ്ണ സാക്ഷരതയ്ക്കുവേണ്ടി നിരവധി പദ്ധതികൾ ഈ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്കായി 'അരലക്ഷം' പദ്ധതി, ആദിവാസി കൾക്കായുള്ള 'സമഗ്ര' പദ്ധതി, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള

'നവചേതന' പദ്ധതി, തീരദേശ നിവാസികൾക്കായുള്ള 'അക്ഷരസാഗരം' പദ്ധതി, ട്രാൻസ്ജെൻഡേഴ്സിനായുള്ള 'സമന്വയ' പദ്ധതി, ഇതര സംസ്ഥാന തൊഴിലാളികൾക്കായുള്ള 'ചങ്ങാതി' പദ്ധതി തുടങ്ങിയവയെല്ലാം തന്നെ സാക്ഷരതയുടെ പൂർണ്ണതയ്ക്കുവേണ്ടിയുള്ള പദ്ധതികളായി ഒരുക്കിയിരിക്കുകയാണ്. ഈ മേഖലയിൽ ജോലി ചെയ്യുന്ന പ്രേരക്മാരുടെ വേതനം 15,000 രൂപയായി വർദ്ധിപ്പിച്ചു എന്നുള്ള സന്തോഷ വാർത്ത നമുക്ക് കേൾക്കാൻ കഴിഞ്ഞതാണ്. അതോടൊപ്പം വിദ്യാഭ്യാസ രംഗത്ത് ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനുവേണ്ടി നിരവധി പദ്ധതികൾ ആവിഷ്കരിക്കേണ്ടിയിരിക്കുന്നു. മോണിറ്ററിംഗ് സംവിധാനം ശക്തമാക്കണം. ഇന്നുള്ള സംവിധാനത്തിൽ നിന്നും വ്യത്യസ്തമായി പുതിയ മോണിറ്ററിംഗ് സംവിധാനം കൊണ്ടുവരാനുള്ള ശ്രമം വിദ്യാഭ്യാസ വകുപ്പിന്റെ ഭാഗത്തുനിന്നുണ്ടാകണം. അതോടൊപ്പംതന്നെ ക്വാളിറ്റി ഓഫ് എഡ്യൂക്കേഷൻ വർദ്ധിപ്പിക്കണമെന്ന ആവശ്യം ഞാൻ മുന്നോട്ടുവയ്ക്കുകയാണ്. 45000-ത്തോളം ക്ലാസ്സ് റൂമുകൾ ഹൈടെക് നിലവാരത്തിലേയ്ക്ക് മാറ്റുന്ന പദ്ധതി കൂടുതൽ ഫലവത്തായി മുന്നോട്ടു നീങ്ങിക്കൊണ്ടിരിക്കുകയാണ്. എം.എൽ.എ.-മാരുടെയും മറ്റും ഫണ്ട് ഉപയോഗിച്ചും ധാരാളം സ്കൂളുകൾ ഹൈടെക് നിലവാരത്തിലേയ്ക്ക് വരികയാണ്. പക്ഷേ, ഇത്തരത്തിലുള്ള സംവിധാനങ്ങൾ സ്കൂളുകളിൽ വരുമ്പോൾ, എ.ഇ.ഒ. ഓഫീസിൽ ഒരു ടെക്നീഷ്യനെ എങ്കിലും അടിയന്തരമായി നിയമിക്കേണ്ട ആവശ്യകതയുണ്ട്. അത്തരത്തിലുള്ള മെയിന്റനൻസ് ഇല്ലെങ്കിൽ ഈ യന്ത്രങ്ങൾ നിശ്ചലമാകും. വലിയ നഷ്ടം സംഭവിക്കാനുള്ള സാധ്യത മുൻകൂട്ടി കണ്ടുകൊണ്ടുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. കഴിഞ്ഞ ദിവസങ്ങളിൽ എന്റെ പ്രിയ സുഹൃത്ത് ബഹുമാനപ്പെട്ട മന്ത്രി, മുസ്ലീം ലീഗിലെ 44-ഓളം ആളുകൾ കൊലചെയ്യപ്പെട്ട കാര്യം സൂചിപ്പിക്കുകയുണ്ടായി. പക്ഷേ, എന്റെ പ്രിയപ്പെട്ട സുഹൃത്ത് ശ്രീ. പി. ടി. എ. റഹീം 45 ആണെന്നു പറഞ്ഞു. പക്ഷേ, അതിലൊന്നും എനിക്ക് തർക്കമില്ല, ഒരെണ്ണം വർദ്ധിപ്പിക്കാൻ സാധ്യമല്ല. ലീഗിന് വോട്ട് ചെയ്താൽ സ്വർഗ്ഗത്തിൽ പോകുമെന്ന് പല പ്രസംഗത്തിലും ഞാൻ കേട്ടിട്ടുണ്ട്. അതിന്റെ സത്യാവസ്ഥ എന്താണെന്ന് ബഹുമാനപ്പെട്ട ലീഗ് അംഗങ്ങൾ വിശദീകരിച്ചാൽ നന്നായിരുന്നു, അത് കേൾക്കാനുള്ള ആഗ്രഹം എനിക്കുണ്ട്. അതോടൊപ്പം ശ്രീ. എൻ. ഷംസുദ്ദീൻ പറഞ്ഞതുപോലെ, ഈ കൊലപാതകങ്ങളിൽ മരിച്ചവരെല്ലാം സ്വർഗ്ഗത്തിലേക്കാണോ നരകത്തി ലേക്കാണോ പോകുന്നതെന്നുള്ള കാര്യം കൂടി അടുത്ത പ്രസംഗത്തിൽ ആരെങ്കിലും പറഞ്ഞാൽ, തീർച്ചയായിട്ടും അടുത്ത ഇലക്ഷനിൽ ആരെങ്കിലും ഏണിക്ക് വോട്ട് ചെയ്യാത്തവരുണ്ടെങ്കിൽ അവർ സ്വർഗ്ഗത്തിലാണോ നകരത്തിലേയ്ക്കാണോ എന്നുകൂടി പറയാമായിരുന്നു. പക്ഷേ, ഇത്തരത്തിലുള്ള പ്രചരണംകൊണ്ട് മലപ്പുറം

ജില്ലയിലെ മുസ്ലീം ലീഗുകാർ നാൾക്കുനാൾ താഴേയ്ക്കുവരുന്നു, ശക്തി കുറഞ്ഞു വരുന്നു എന്നുള്ള ബോദ്ധ്യം നിങ്ങൾക്കുണ്ടാകുന്നത് നല്ലതാണെന്നു മാത്രം പറഞ്ഞുകൊണ്ടും വിദ്യാഭ്യാസം, കല, മത്സ്യബന്ധനം തുടങ്ങിയ ധനാഭ്യർത്ഥനകളെ പിന്താങ്ങി കൊണ്ടും നിർത്തുന്നു.

<u>മി. ചെയർമാൻ</u>: Thank you ശ്രീ. വി. അബ്ദുറഹിമാൻ, അങ്ങ് സമയത്ത് നിർത്തി.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. കാരണം ധനം കൊടുത്തിട്ട് കാര്യമില്ല; ഈ ഗവൺമെന്റിന് ചെലവഴിക്കാൻ അറിയില്ല. ചോദ്യം നമ്പർ 976 പ്രകാരം ശ്രീ. ഹൈബി ഈഡനും ശ്രീ. സണ്ണി ജോസഫും കഴിഞ്ഞ ദിവസം ചോദിച്ചു. 2016-17, 2017-18 കാലഘട്ടത്തിൽ എത്ര രൂപയാണ് വിദ്യാഭ്യാസ വകുപ്പിൽ ചെലവഴിച്ചിട്ടുള്ളത് എന്നതായിരുന്നു ചോദ്യം. ആ ചോദ്യത്തിന് വിവരം ശേഖരിച്ചു വരുന്നു എന്നാണ് മറുപടി നൽകിയത്. 2016-17 കാലഘട്ടത്തിൽ വരെ ഇപ്പോൾ കൊടുത്ത ഉത്തരം വിവരം ശേഖരിച്ചു വരുന്നു എന്നുള്ളതാണ്. ഇന്ന് മാർച്ച് 22 ആണ്. ഇന്നലെവരെയുള്ള കണക്കെടുത്തപ്പോൾ അതിൽ ഉന്നത വിദ്യാഭ്യാസരംഗം, ഐ.എച്ച്.ആർ.ഡി.-ക്ക് 11.11 ശതമാനമാണ് ഇതുവരെ ചെലവഴിച്ചിട്ടുള്ളത്. 1800 ലക്ഷം രൂപ കൊടുത്തിട്ട് 200 ലക്ഷം രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. RUSA-യ്ക്ക് 11.52 മാത്രമാണ് എക്സ്പെൻഡിച്ചർ ആയിട്ടുള്ളത്. അസാപ് ചെലവഴിച്ചത് 22.91 ആണ്. Centre for Continuing Education Department ചെലവഴിച്ചിട്ടുള്ളത് 6.12 ശതമാനമാണ്. എസ്.സി.ഇ.ആർ.ടി. ചെലവഴിച്ചിട്ടുള്ളത് 5.16 ശതമാനമാണ്. ഹയർ എഡ്യൂക്കേഷൻ മേഖലയിൽ മൊത്തത്തിൽ എക്സ്പെൻഡിച്ചർ വന്നിട്ടുള്ളത് 34.64 ശതമാനമാണ്. ജനറൽ എഡ്യൂക്കേഷനിലേയ്ക്ക് പോയാൽ, വിശദമായി പറയാൻ സമയമില്ലാത്തതുകൊണ്ട് ചുരുക്കിപ്പറയാം. 44.87 ശതമാനം മാത്രമെ ചെലവഴിച്ചിട്ടുള്ളൂ. ഇതുവരെയായി ഗ്രാന്റ് ടോട്ടൽ 39.17 ശതമാനമാണ് എക്സ്പെൻഡിച്ചറായിട്ടുള്ളത്. എസ്.എസ്.എ.-യുടെ വിഹിതം കേന്ദ്ര ഗവൺമെന്റിൽനിന്നും വാങ്ങിയെടുക്കുന്നതിൽ സംസ്ഥാന ഗവൺമെന്റ് പരാജയപ്പെട്ടിട്ടുണ്ട്. 338 കോടി രൂപ ചോദിച്ചതിൽ 135 കോടി രൂപയാണ് ലഭിച്ചത്. സംസ്ഥാനത്തെ വിദ്യാഭ്യാസ രംഗത്ത് വലിയ കോലാഹലം നടന്നുകൊണ്ടിരിക്കുകയാണ്. വലിയ പ്രഖ്യാപനങ്ങളാണ്. ഇതിനുമുമ്പ് പ്രസംഗിച്ച അംഗങ്ങൾ വരെ, അത് ചെയ്തു, ഇത് ചെയ്തു, 900 കോടി, 1300 കോടി, 5000 കോടി ചെലവഴിച്ചു എന്നും കിഫ്ബിയും മറ്റുമൊക്കെ ചൂണ്ടിക്കാണിക്കുകയുമുണ്ടായി. ഇവിടെ എന്തുണ്ടായി, ഒരു കല്ലുപോലും ഇതുവരെ ഇടാൻ സാധിച്ചിട്ടില്ല. അഞ്ചു കോടി രൂപയുടെ ഹൈടെക് സ്കൂളുകൾ, മൂന്നു കോടി രൂപയുടെ സ്കൂളുകൾ, ഒരു കോടി

രൂപയുടെ സ്കൂളുകൾ, 50 ലക്ഷത്തിന്റെ സ്കൂളുകൾ. ഇക്കഴിഞ്ഞ ബഡ്ജറ്റിൽ 50 ലക്ഷം രൂപ വരെ പ്രഖ്യാപിച്ചു. എന്നാൽ ഇതുവരെ ഏതെങ്കിലുമൊന്നിന് എ.എസ്. കൊടുക്കുകയോ പ്രവൃത്തി തുടങ്ങുകയോ ചെയ്തിട്ടില്ല. ഇങ്ങനെ സംസ്ഥാനത്ത് വിദ്യാഭ്യാസ രംഗം മുരടിച്ചു നിൽക്കുകയാണ്. അതിന്റെ കൂടെ വിദ്യാഭ്യാസ ശാക്തീകരണ യജ്ഞം നടക്കുമ്പോൾ പ്രൈമറി സ്കൂളുകൾക്കുവേണ്ടി സ്ഥലമെടുക്കാൻ ശ്രമിക്കുകയാണ്. പഞ്ചായത്തുകൾ കാശ് നീക്കിവച്ചാൽ ആധാരത്തിന്റെ കാശുമാത്രമെ കൊടുക്കാൻ കഴിയുന്നുള്ളൂ. അതുകൊണ്ടുതന്നെ ഈ സ്ഥലം സ്വന്തമാക്കി സ്കൂളിന് കെട്ടിടം കൊടുക്കാൻ കഴിയുന്നില്ല. അതൊടൊപ്പം ഒരു കാര്യം കൂടി സൂചിപ്പിക്കുവാനുണ്ട്. 2016 വരെയുള്ള ഗവൺമെന്റ് സ്കൂളുകളിലെ പ്രൈമറി സ്കൂൾ അദ്ധ്യപകരെ K-TET-ൽ നിന്നും എക്സംപ്റ്റ് ചെയ്തു കൊടുത്തിരിക്കുന്നു. എന്നാൽ എയ്ഡഡ് സ്കൂൾ അദ്ധ്യാപകർക്ക് ഇതുവരെ ഈ ആനുകൂല്യം ലഭിച്ചിട്ടില്ല. ഇതുകൂടി ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. അതോടൊപ്പം ഓട്ടിസം ബാധിച്ചവർക്ക്, എം.ആർ. സ്റ്റുഡന്റ്സിന്റെ കാര്യത്തിൽ എക്സ്പെൻഡിച്ചർ വളരെ മോശമാണ്. അതിൽ അദ്ധ്യാപകർക്കുപോലും ശമ്പളം കൊടുത്തിട്ടില്ല എന്നുകൂടി ഞാൻ അറിയിക്കുകയാണ്.

ഉന്നത വിദ്യാഭ്യാസ രംഗത്ത് വലിയ മുരടിപ്പ് നിലനിൽക്കുകയാണ്. ഹയർ സെക്കണ്ടറി എഡ്യൂക്കേഷൻ രംഗത്ത്, പ്രിൻസിപ്പാൾ അദ്ധ്യാപകനാണ്, പഠിപ്പിക്കണം, സപ്പോർട്ടിംഗ് സ്റ്റാഫിനെ കൊടുക്കണം എന്നൊക്കെ പറയുമ്പോൾ, വിദ്യാഭ്യാസ വകുപ്പുമന്ത്രി കഴിഞ്ഞ ദിവസങ്ങളിലൊക്കെ നൽകിയിരിക്കുന്ന മറുപടി, ഇന്റഗ്രേഷൻ നടക്കുമ്പോൾ എല്ലാം ശരിയാകും എന്നാണ്. എല്ലാ കാലത്തും എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ഇന്റഗ്രേഷനുവേണ്ടി ശ്രമിക്കുകയും എന്നാൽ അത് നടത്താൻ കഴിയാത്ത സംഗതിയായി തീരുകയുമാണ്. ഇന്ത്യയിൽ തന്നെ ഏറ്റവും ഉയർന്ന നിലവാരം പുലർത്തുന്ന കേരളത്തിന്റെ സ്ട്രീമിൽ ഹയർ സെക്കണ്ടറിയാണെന്ന് Pratham പോലെയുള്ള ഏജൻസികൾ ഇവിടെ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതിനെ ക്വാളിറ്റിയുടെ കാര്യത്തിൽ ഏറ്റവും പിന്നോട്ട് പോയിട്ടുള്ള സ്കൂളുകളുമായി ബന്ധിപ്പിക്കാനാണ് ബഹുമാനപ്പെട്ട മന്ത്രിയും ഇടതുപക്ഷ ജനാധിപത്യമുന്നണിയും ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഇത് വലിയ അബദ്ധമാണ്. അതുപോലെ ഉന്നത വിദ്യാഭ്യാസരംഗം പാർട്ടി കേന്ദ്രങ്ങളായി മാറിയിരിക്കുകയാണ്. എസ്.സി.ഇ.ആർ.ടി.-യിൽ ഇപ്പോൾ കുറച്ച് താല്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. യാതൊരു മാനദണ്ഡവും കൂടാതെ സി.പി.ഐ.(എം.) അനുകൂലികളെമാത്രം സ്ഥിരപ്പെടുത്തുവാനും മറ്റുള്ളവരെ പിരിച്ചുവിടുവാനും ശ്രമിക്കുകയാണ്. ഒരു

മാനദണ്ഡവുമില്ലാതെയാണ് ഇതൊക്കെ ചെയ്തുകൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയെ മൂകസാക്ഷിയാക്കിക്കൊണ്ട്, പാർട്ടി സംവിധാനത്തിൽ കാര്യങ്ങൾ നടന്നു പോകുന്നത് കേരളത്തിന് അപമാനകരമാണ്. ഉന്നത വിദ്യാഭ്യാസ രംഗത്ത് യു.ഡി.എഫ്. ഗവൺമെന്റ് കൊണ്ടുവന്ന 22 കോളേജുകളെ തകർക്കാൻ ശ്രമിക്കുകയാണ്. അവിടെയുള്ള കോളേജ് അദ്ധ്യാപകർക്ക് തസ്തികകൾ സൃഷ്ടിക്കുകയോ ശമ്പളം കൊടുക്കുകയോ കോഴ്സുകൾക്ക് പെർമെനന്റ് അഫിലിയേഷൻ കൊടുക്കുകയോ ചെയ്തിട്ടില്ല. ASAP, SSP മേഖലകളാകെ തകർന്നു തരിപ്പണമായി. ഒരു അനക്കവുമില്ല. പുതിയ കോളേജുകളും കോഴ്സുകളും കൊടുക്കുന്നില്ല. അതിനുവേണ്ടിയുള്ള സ്റ്റഡി റിപ്പോർട്ടുകളില്ല, പ്രത്യേകിച്ച് മലബാർ പ്രദേശങ്ങളിൽ. മലബാർ പ്രദേശത്ത് ഹയർ എഡ്യൂക്കേഷൻ രംഗത്ത് 100 കുട്ടികൾ പ്ലസ്-ടു പാസ്സായി വരികയാണെങ്കിൽ മലപ്പുറത്ത് 10 കുട്ടികൾക്കുമാത്രമാണ് പഠന സൗകര്യമുള്ളത്. പത്തനംതിട്ടയിൽ 100 കുട്ടികളിൽ 42 കുട്ടികൾക്ക് യു.ജി.-ക്ക് പഠിക്കാനുള്ള സൗകര്യമുണ്ട്. ഇതു പരിഹരിക്കണ്ടേ? ഇങ്ങനെയുള്ള ഒട്ടനവധി പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. ശ്രീ എ. എൻ. ഷംസീർ അടക്കമുള്ളവർ ലീഗിനെതിരായി കുറെ ആരോപണങ്ങൾ ഉന്നയിച്ചു. കഴിഞ്ഞ പ്രാവശ്യം എന്റെ സ്നേഹിതൻ ഷാജി ഇവിടെ സി.പി.എം.-ന്റെ പാർട്ടി കേന്ദ്രങ്ങളിൽ, പാർട്ടി ഗ്രാമങ്ങളിൽ, മുസ്ലീങ്ങൾ ഇൻസെക്യൂർ ആണെന്ന് പ്രസംഗിച്ചപ്പോൾ ഡോ. കെ. ടി. ജലീൽ അതിനെതിരെ ഉറഞ്ഞുതുള്ളുന്ന ഒരു കാഴ്ചയാണ് നിയമസഭ കണ്ടത്. എന്താണ് നടക്കുന്നത്? ഇവിടെ ഇപ്പോൾ ആർ.എസ്.എസ്.-ന്റെ കാര്യമല്ല, ഡോ. കെ. ടി. ജലീൽ പ്രസംഗിച്ചതുകൊണ്ടും അദ്ദേഹത്തിന്റെ വാചകമടികൊണ്ടും സി.പി.ഐ.(എം.)-ന്റെ മുസ്ലീം വിരുദ്ധ മുഖം, ആ കരിമുഖം വെളുപ്പിക്കാൻ കഴിയില്ല. അത് ശ്രീ. എ. എൻ. ഷംസീറിനുമറിയാം. ഇവിടെ ആർ.എസ്.എസ്. വളരുകയാണ്, ആർ.എസ്.എസ്. വളരേണ്ട കാര്യമില്ല. ആർ.എസ്.എസ്.-ന്റെ സ്പെയ്സ് സി.പി.എം. കൃത്യമായി ഉപയോഗിച്ചു കൊണ്ടിരിക്കുകയാണ്. അങ്ങനെ നിരവധി സംഭവങ്ങൾ കേരളത്തിലുണ്ട്. ഇത് ഞാൻ വെറുതെ പറയുന്നതല്ല. 2009-ൽ മുസ്ലീം യൂത്ത് ലീഗിന്റെ രണ്ട് ഭാരവാഹികളുടെ അകമ്പടിയോടുകൂടി കണ്ണൂർ ജില്ലയിലെ പാർട്ടി ഗ്രാമങ്ങളിൽ ഞാൻ സഞ്ചരിച്ചിട്ടുണ്ട്. അവിടെ കണ്ട കാഴ്ചകൾ വളരെ ദയനീയമാണ്. ആർ.എസ്.എസ്. ചെയ്യുന്ന പണിയാണ് പാർട്ടിഗ്രാമങ്ങളിൽ സി.പി.ഐ.(എം.)-ന്റെ പ്രവർത്തകർ ചെയ്തുകൊണ്ടിരിക്കുന്നത്. ഇത് നിഷേധിക്കാൻ കഴിയില്ല. മുസ്ലീം ലീഗിന്റെ മീറ്റിംഗിനെക്കുറിച്ച് പറയുന്നു, ഞങ്ങൾ മീറ്റിംഗ് കൂടി അവിടെയുള്ള വികസന കാര്യങ്ങളും രാജ്യത്തിന്റെ കാര്യങ്ങളും പാവപ്പെട്ട ആളുകൾക്ക് വീട് നിർമ്മിച്ചുകൊടുക്കുന്ന കാര്യങ്ങളുമൊക്കെയാണ് ചർച്ച ചെയ്യുന്നത്. എന്നാൽ വീട് നിർമ്മിച്ചു നൽകുന്നതിനെ മുടക്കുന്ന പരിപാടിയാണ് സി.പി.ഐ.(എം.)

ചെയ്യുന്നത്. ഞാൻ ഇത് വെറുതെ പറയുന്നതല്ല. മുഖ്യമന്ത്രിയുടെ പിണറായി പഞ്ചായത്ത് സി.പി.ഐ.(എം.)-ന്റെ പാർട്ടി ഗ്രാമമാണ്. അവിടെ തലശ്ശേരിയിലെ ഒരു ഹാദിയ സക്കാത്ത് കമ്മിറ്റി 40 വീടുകൾ നിർമ്മിച്ചുകൊടുക്കാൻ തീരുമാനിച്ചു. 1999-ൽ ജസ്റ്റീസ് വി. ഖാലിദ് അവിടെ ശിലാസ്ഥാപനം നടത്തി. പിറ്റേദിവസം തന്നെ സി.പി.ഐ.(എം.)-പ്രവർത്തകർ അവിടെ സ്ഥാപിച്ച ശിലയും ബോർഡും വലിച്ചെറിയുകയും കിണറിൽ മാലിന്യം നിക്ഷേപിക്കുകയും അവിടെ നാഗവിഗ്രഹം സ്ഥാപിക്കുകയും ചെയ്തു. അതിനുശേഷം സി.പി.ഐ.(എം.) ഓഫീസിൽവച്ച് ഈ ട്രസ്റ്റുകൾ സി.പി.ഐ.(എം.)-കാരുമായി മധ്യസ്ഥം പറഞ്ഞു. 10 വീടുകൾ നിർമ്മിച്ചുകൊടുക്കാമെന്നുപറഞ്ഞിട്ടാണ് മധ്യസ്ഥർ പിരിയുന്നത്. അതുപോലെ മുഖ്യമന്ത്രിയുടെ ധർമ്മടം മണ്ഡലത്തിലെ കടമ്പൂർ പഞ്ചായത്തിൽ കാടാച്ചിറ എന്ന സ്ഥലമുണ്ട്. ഞാൻ അവിടെ പോയി കാണുകയും വീഡിയോ ക്ലിപ്പിംഗെടുക്കുകയും ചെയ്തതാണ്. സി.പി.ഐ.(എം.)-ന്റെ ഒരു ഏരിയ സെക്രട്ടറി വന്നതിനുശേഷം ആടൂർ പള്ളിയുടെ ഖബർസ്ഥാനിൽ ഖബറടക്കുന്നത് തടഞ്ഞിരിക്കുകയാണ്. ആ പള്ളിയിൽ ഉച്ചഭാഷിണി ഉപയോഗിച്ച് ബാങ്ക് വിളിക്കാൻ പാടില്ല. 2015-ൽ ഞങ്ങൾ ഇക്കാര്യം കേരളമാകെ പ്രസംഗിച്ചപ്പോൾ 2016-ൽ ബാങ്ക് വിളിക്കാൻ അനുവദിച്ചു. ഞങ്ങൾ അവിടെ പോകുമ്പോൾ ഞങ്ങളോടൊപ്പം വരാൻപോലും അവിടെയുള്ള മുസ്ലീം സഹോദരങ്ങൾക്ക് കഴിയാത്ത അവസ്ഥയാണ്. അങ്ങനെ സി.പി.ഐ.(എം.) അവിടെയുള്ള ആർ.എസ്.എസ്.-ന്റെ പണി നടത്തി കൊണ്ടിരിക്കുകയാണ്. ......(ബഹളം)........ ഞാൻ മുഖ്യമന്ത്രിയുടെ സി.പി.ഐ.(എം.)-ന്റെ പാർട്ടിഗ്രാമത്തിന്റെ കാര്യമാണ് പറയുന്നത്.

<u>മി. ചെയർമാൻ</u>: അങ്ങേയ്ക്ക് അനുവദിച്ച സമയം കഴിഞ്ഞു, പ്ലീസ് കൺക്ലൂഡ്...

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, പിണറായി പഞ്ചായത്തിൽ ഉമ്മൻചിറ എന്ന സ്ഥലത്ത്, കല്യാശ്ശേരിയുടെയും തളിപ്പറമ്പ് മണ്ഡലത്തിന്റെയും അതിർത്തിയുണ്ട്.

<u>മി. ചെയർമാൻ</u>: പ്ലീസ് കൺക്ലൂഡ് .......

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, അവിടെ എഞ്ചിനീയറിംഗ് കോളേജിൽ പഠിക്കുന്ന മുസ്ലീം വിദ്യാർത്ഥികൾക്ക് പ്രാർത്ഥനയ്ക്കുവേണ്ടി ജമാ-അത്ത് ഇസ്ലാമികൾ ഒരു പള്ളി നിർമ്മിച്ചുകൊടുത്തു. അത് സി.പി.ഐ.(എം.) പ്രവർത്തകർ മുടക്കി. ..... (മൈക്ക് ഓഫ്).....

<u>ശ്രീ. സി. കെ. നാണു</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വിദ്യാഭ്യാസ രംഗത്ത്, നമ്മുടെ നാട്ടിലെ നാലാം ക്ലാസ്, എഴാം ക്ലാസ്സ് വരെയുള്ള എയ്ഡഡ് വിദ്യാലയങ്ങളുടെ മാനേജർ ആരാണെന്ന് നോക്കാതെ അതിനെ മെച്ചപ്പെടുത്തി മുന്നോട്ട്

കൊണ്ടുപോകുകയാണ്. പാവപ്പെട്ട വിദ്യാർത്ഥികളെയടക്കം മുന്നോട്ടു കൊണ്ടു വരുന്നതിന്റെ ഭാഗമായി ഒരു ജനകീയ കൂട്ടായ്മ വളർത്തിയെടുക്കാൻ വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് സാധിച്ചു. എന്റെ മണ്ഡലത്തിലുള്ള ഹയർ സെക്കണ്ടറി സ്കൂളുകളിൽ 8 എണ്ണം സർക്കാർ ഉടമസ്ഥതയിലുള്ളതും 2 എണ്ണം എയ്ഡഡുമാണ്. എൽ.പി./ യു.പി. സ്കൂളുകളിൽ രണ്ടോ മൂന്നോ എണ്ണം മാത്രമാണ് സർക്കാർ ഉടമസ്ഥതയിലുള്ളത്. ബാക്കിയെല്ലാം എയ്ഡഡ് സ്കൂളുകളാണ്. ആ മേഖലയിലടക്കം ഉടമസ്ഥർ ആരെന്നു നോക്കാതെ ജനങ്ങൾ രംഗത്തേയ്ക്ക് വരുന്നു. വിദ്യാഭ്യാസ രംഗത്ത് ഒരു ജനകീയ മുന്നേറ്റം കൊണ്ടുവരാൻ വകുപ്പുമന്ത്രിക്ക് കഴിഞ്ഞു. ഞാനിത് രാഷ്ട്രീയമായി പറയുന്നതല്ല. എന്റെ നാട്ടിൽ, ഡെഫ് ആൻഡ് ഡമ്പ് ആയിട്ടുള്ള കുട്ടികളുടെ വിദ്യാഭ്യാസത്തെ സംബന്ധിച്ചും മറ്റും രക്ഷിതാക്കൾ കണ്ണുനീർ വാർത്തിരുന്ന അവസരത്തിലാണ് അവിടത്തെ റോട്ടറി ക്ലബ്ബ് അവരെ ഏറ്റെടുത്തത്. പക്ഷേ അന്ന് റോട്ടറി ക്ലബ്ബിന് അംഗീകാര മുണ്ടായിരുന്നില്ല, ക്ലബ്ബ് തന്നെയാണ് അത് നടത്തിയിരുന്നത്. പക്ഷേ അതു മുമ്പോട്ടുകൊണ്ടുപോകാൻ സാധിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രിയെ സമീപിച്ചപ്പോൾ വസ്തുതകൾ മനസ്സിലാക്കി അതിന് അംഗീകാരം നൽകുകയും എയ്ഡഡ് സ്ഥാപനമാക്കുകയും ചെയ്തു. ഇത്തരത്തിലുള്ള കുട്ടികൾ ജനിച്ചാൽ അവരെ സംരക്ഷിക്കാൻ ഒരു ഗവൺമെന്റുണ്ട് എന്ന ചിന്ത നമ്മുടെ നാട്ടിലെ ജനങ്ങൾക്കുണ്ടായിരിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രിയെ ഒരു എം.എൽ.എ. എന്ന നിലയിൽ ഞാൻ ഇക്കാര്യത്തിൽ നന്ദി അറിയിക്കാൻ ആഗ്രഹിക്കുന്നു.

നമ്മുടെ നാട് കളരിപ്പയറ്റിന്റെ നാടാണ്. മലബാറിലും കേരളത്തിന്റെ പലഭാഗത്തും കടത്തനാടൻ കളരിപ്പയറ്റ് ഉൾപ്പെടെ പലതരത്തിലുള്ള കളരിപ്പയറ്റുകൾ നിലവിലുണ്ട്. കളരിപ്പയറ്റ് മത്സരത്തിൽ വിജയിക്കുന്ന കുട്ടികൾക്ക് അതിന്റെ മെരിറ്റിന്റെകൂടി അടിസ്ഥാനത്തിൽ കോളേജുകളിൽ സീറ്റ് ലഭിക്കുന്നുണ്ട്. കളരിപ്പയറ്റ് ഗുരുക്കൻമാർക്ക്, അത് നന്നായി അറിയാവുന്നവർക്ക് ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചറായി ജോലി കൊടുക്കാൻ തീരുമാനിച്ച ഒരു കാലമുണ്ടായിരുന്നു. എന്നാൽ അത് നടപ്പിലാക്കാൻ സാധിച്ചില്ല. ഇന്നിപ്പോൾ ചെറിയ കുട്ടികളുൾപ്പെടെ ലഹരി വസ്തുക്കൾക്ക് അടിമകളാകുന്ന ഒരു സാഹചര്യമാണുള്ളത്. കേരളത്തിന്റെ അന്തരീക്ഷത്തിന് പറ്റിയ കളരിപ്പയറ്റിന്റെ ഗുരുക്കൻമാരെ 4 മുതൽ 7 വരെ ക്ലാസ്സുകളിൽ ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചറായി നിയമിക്കാൻ സാധിച്ചാൽ ആരോഗ്യമുള്ള തലമുറയെ വളർത്തിയെടുക്കാൻ സാധിക്കും. മുമ്പ് അത്തരത്തിലൊരു തീരുമാന മെടുത്തിരുന്നതാണ്. അതുസംബന്ധിച്ച് ആലോചിക്കണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.

മത്സ്യബന്ധന വകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രി, എന്റെ മണ്ഡലത്തിൽ മത്സ്യത്തൊഴിലാളി മേഖലയിലെ സ്കൂളുകൾ മെച്ചപ്പെടുത്താൻ കോടിക്കണക്കിന് രൂപ നൽകി, ആശുപത്രികൾക്ക് കെട്ടിടം അനുവദിച്ചു, കൂടാതെ റോഡുകൾ നന്നാക്കാനും സാമ്പത്തിക സഹായം നൽകി. മത്സ്യത്തൊഴിലാളികളുടെ കുട്ടികളുടെ പഠനത്തിനായി ഹയർ സെക്കണ്ടറി സ്കൂളുകൾക്കും കോളേജുകൾക്കുമുൾപ്പെടെ സാമ്പത്തിക സഹായം നൽകുകയും മത്സ്യത്തൊഴിലാളി മേഖലയെ എല്ലാ രീതിയിലും മെച്ചപ്പെടുത്താൻ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. വടകരയിലെ ഹാർബറിൽ വന്നിട്ട് മന്ത്രിയുടെ ചുറ്റും മത്സ്യത്തൊഴിലാളികൾ ഇരുന്ന് അവരുടെ ഡിമാന്റുകൾ പറഞ്ഞപ്പോൾ ബഹുമാനപ്പെട്ട മന്ത്രി അവരുമായി സംസാരിക്കുകയുണ്ടായി. അപ്പോൾ അവർ എന്നോട് പറഞ്ഞത്, 'ഞങ്ങൾ പറയേണ്ട, ഞങ്ങളേക്കാൾ ഞങ്ങളുടെ വിഷയങ്ങൾ അറിയുന്ന മന്ത്രിയെയാണല്ലോ നാണുവേട്ടാ ഞങ്ങൾക്ക് ലഭിച്ചത് ' എന്ന്. ഞാൻ സന്തോഷത്തോടുകൂടി പറയുകയാണ്. നമ്മുടെ മന്ത്രി മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ മനസ്സിലാക്കുകയും അവർ പറയുന്ന അവസരത്തിൽത്തന്നെ കാര്യങ്ങൾ നോട്ടുചെയ്ത് 'ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ഞാൻ സന്നദ്ധ'മാണെന്ന് അവരെ അറിയിക്കുകയും ചെയ്യുന്നു. ദുരന്തങ്ങൾ ഉണ്ടായി, പ്രകൃതി ദുരന്തങ്ങൾ ഏത് കാലത്താണുണ്ടാകുകയെന്ന് നമുക്ക് പറയാൻ കഴിയില്ല. കുറച്ചുമുമ്പ് പ്രകൃതി ക്ഷോഭമുണ്ടാകുമെന്നുപറഞ്ഞ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മന്ത്രിമാരുമെല്ലാം കടൽപ്പുറത്തായിരുന്നു, ഭാഗ്യത്തിന് നമ്മൾ രക്ഷപ്പെട്ടു. പ്രകൃതി ദുരന്തങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾവച്ച് മറ്റ് കാര്യങ്ങളെ വിലയിരുത്താൻ നമുക്ക് സാധിക്കില്ല.

ബഹുമാനപ്പെട്ട സ്പോർട്സ് വകുപ്പുമന്ത്രിയോട് പറയാനുള്ളത്, ഇന്ത്യയിലെ പ്രധാനപ്പെട്ട വോളിബോൾ കോച്ച് ശ്രീ. ഗോപിനാഥ് വടകരയിൽവന്ന് പ്രധാനപ്പെട്ട കളിക്കാർക്കൊക്കെ പരിശീലനം നൽകിയ കാലം എനിക്കോർമ്മയുണ്ട്. കേരളത്തിൽ മാത്രമല്ല ഇന്ത്യൻ വോളിബോളിന് ദേശീയ പ്രാധാന്യമുള്ള അബ്ദുറഹിമാൻ, മുകുന്ദൻ, ഭാസ്കരക്കുറുപ്പ്, അതുപോലെയുള്ള കളിക്കാരെ വളർത്തിയെടുത്ത പ്രദേശമാണ് വടകര. പല കാരണങ്ങളാൽ വടകര നഗരത്തിൽ ഒരു ഹൈസ്കൂളിൽ മാത്രമുണ്ടായിരുന്ന വോളിബോൾ കോർട്ട് മാറ്റേണ്ടിവന്നു. അതുകൊണ്ട് കുറെക്കാലം കളിക്കാരെ വളർത്തിയെടുക്കാൻ സാധിച്ചില്ല. ഈ ഗവൺമെന്റിന് അവിടെ ഒരു സ്റ്റേഡിയം ഏറ്റെടുക്കാൻ സാധിച്ചു. ആസ്തി വികസന ഫണ്ടുപയോഗിച്ച് നല്ലൊരു സ്റ്റേഡിയം അവിടെ വളർന്നുവരികയാണ്. വോളിബോൾ,

ബാസ്കറ്റ് ബോൾ, ഷട്ടിൽ, ഫുട്ബോൾ തുടങ്ങിയ കളിക്കാർക്കുള്ള ഒരു സ്റ്റേഡിയം വടകര നഗരത്തിന്റെ ഹൃദയത്തിൽ വരികയാണ്. അതിന് ബഹുമാനപ്പെട്ട മന്ത്രി പിന്തുണ നൽകാമെന്ന് പറഞ്ഞിരിക്കുന്നു. ആ സ്റ്റേഡിയം നല്ല നിലയിലേയ്ക്ക് കൊണ്ടുപോകുമ്പോൾ, കേരളത്തിലെ വോളിബോളിനും ഇന്ത്യൻ വോളിബോളിനും ഏറ്റവും നല്ല കളിക്കാരെ പ്രദാനം ചെയ്യാൻ സാധിക്കുന്ന വിധത്തിലുള്ള ഒരു മേഖലയായി അതിനെ വളർത്തിയെടുക്കാൻ സാധിക്കും. ഞാൻ രാഷ്ട്രീയത്തെ സംബന്ധിച്ച് ഒന്നും പറയുന്നില്ല. നമ്മൾ പലതും ആലോചിക്കേണ്ടതാണ്. ആർ.എസ്.എസ്.-നെ സംബന്ധിച്ച് പറയുമ്പോൾ, മതപരമായ രൂപത്തിലുള്ള ഒരു സംഘടന എന്ന നിലയ്ക്ക് നമ്മൾ രാഷ്ട്രീയം മുന്നോട്ട് കൊണ്ടുപോയാൽ മറ്റുള്ളവരെ എതിർക്കാൻ സാധിക്കാത്ത ദൗർഭാഗ്യകരമായ അവസ്ഥയുണ്ടാകും. ഞാൻ ഇത് രാഷ്ട്രീയമായി പറയുന്നതല്ല. ഒരു മതത്തിന്റെ പേര് പറഞ്ഞ് ഒരു സംഘടന ഉണ്ടാക്കുന്നു; അതുമായി ബന്ധപ്പെട്ട് നമ്മൾ പേടിക്കുന്ന തരത്തിലുള്ള സംഭവങ്ങൾ ഉണ്ടാകുന്നു. അവരെ എതിർക്കുമ്പോൾ നമ്മളും ജനാധിപത്യപരമായ ഒരു പ്രസ്ഥാനത്തിന്റെ ഭാഗത്തേയ്ക്ക് വളരെവേഗം മാറുന്നു. സാഹചര്യങ്ങൾ അവിടെ എത്തിച്ചിരിക്കുന്നു. മാർക്സിസ്റ്റ് പാർട്ടിയെയോ മറ്റ് കക്ഷികളെയോ പറഞ്ഞിട്ട് ഫലമില്ല. നന്നായി ഭരിക്കുന്ന ഒരു ഗവൺമെന്റ്, ഇന്നിവിടെ ധനാഭ്യർത്ഥന അവതരിപ്പിച്ച മന്ത്രിമാരുടെ വകുപ്പുകൾ വളരെ നന്നായി, സംസ്ഥാനത്തിന് അഭിമാനകരമായ രീതിയിൽ മുന്നോട്ട് കൊണ്ടുപോകുന്നുണ്ട്. ഇനിയും കൂടുതൽ മെച്ചപ്പെട്ട നിലയിലേയ്ക്ക് കൊണ്ടുപോകണം. ഇന്ത്യയിലെ വിദ്യാഭ്യാസ നിലവാരത്തോടല്ല കേരളത്തെ താരതമ്യപ്പെടുത്തുന്നത്; യൂറോപ്പിലെ ചില രാജ്യങ്ങളോടാണ്. ആരോഗ്യ വകുപ്പും മത്സരിച്ച് ആ മേഖലയിൽ വരുന്നു. ഓരോ വകുപ്പും മത്സരിച്ച് ആ നിലയിൽ വരുമ്പോൾ ഏറ്റവും നല്ല നിലയിൽ കൊണ്ടുപോകണം.

<u>മി. ചെയർമാൻ</u>: നാണുവേട്ടൻ ഈ സഭയിലെ മുതിർന്ന ആളാണ്. അങ്ങ് സമയത്തിൽ കൃത്യത പാലിക്കണം.

<u>ശ്രീ. സി. കെ. നാണു</u>: സർ, പരസ്പരം അടിച്ച് കഴുത്തറുക്കുന്ന മേഖല മാറ്റി സമാധാനത്തിന്റെ അന്തരീക്ഷത്തിൽ പരസ്പരം മത്സരിക്കണം. സമാധാനത്തിലൂടെ ജനങ്ങളെ അണിനിരത്തി ഗാന്ധിജിയുടെ സംസ്ഥാനമായി കേരളത്തെ മാറ്റാൻ നമുക്ക് മത്സരിക്കാം. ആ മത്സരത്തിൽ നമ്മൾ വിജയിക്കും. ഈ ധനാഭ്യർത്ഥനകളെ അനുകൂലിച്ചുകൊണ്ട് നിർത്തുന്നു.

പ്രൊഫ. കെ. യു. അരുണൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. നാരായണ പിള്ള എന്നൊരു എഴുത്തുകാരൻ ഉണ്ടായിരുന്നു. അത് എൻ. എൻ. പിള്ള ആണെന്ന് കൃത്യമായി ആളുകൾക്കറിയാം. അദ്ദേഹത്തിന്റെ പ്രസിദ്ധമായ ഒരു നാടകത്തിൽ ശ്രീകൃഷ്ണൻ തേര് തെളിച്ച് അർജ്ജുനനേയും കൊണ്ട് രംഗത്തേയ്ക്ക് വരികയാണ്. വൃദ്ധ ദമ്പതികൾ വിശന്ന് വലഞ്ഞിരിക്കുകയാണ്. പെട്ടെന്ന് തേര് കൊണ്ടുവന്ന് നിർത്തിയപ്പോൾ ദ്രുതചലനത്തിന്റെ ഭാഗമായി ചക്രങ്ങൾ അന്തരീക്ഷത്തിലേയ്ക്ക് ഉയർത്തിവിട്ട ധൂളീപടലങ്ങൾ വൃദ്ധരുടെ നാസാരന്ധ്രങ്ങളിലൂടെ മുകളിലേയ്ക്ക് കയറിയപ്പോൾ, അല്പമൊന്ന് നീക്കി നിർത്തണമെന്ന് പറയാൻ വൃദ്ധദമ്പതികളിലെ വൃദ്ധ പറഞ്ഞു. നടക്കില്ല, ഇത് പഴയ റോൾസ്-റോയ്സ് കാറാണെന്നും ഇതിന് റിവേഴ്സ് ഗിയറില്ലെന്നും മറുപടി പറഞ്ഞു. അത്തരത്തിൽ റിവേഴ്സ് ഗിയറില്ലാത്ത, വർഗ്ഗീയതയുടെ രാഷ്ട്രീയം നമ്മുടെ നാട്ടിൽ നൃത്തം ചെയ്യുകയാണ്. അത് ഈ സാംസ്കാരിക മണ്ഡലത്തിൽ ഏത് വിഷയമെടുത്താലും, സാധാരണ രൂപത്തിൽ പറഞ്ഞാൽ ചരിത്രം distorted (വളച്ചൊടിച്ചതാണ്) ആണ്. ആര്യന്മാർ എവിടെ നിന്നും വന്നു; അവർ പുറമെ നിന്ന് ആക്രമിച്ച് ഇവിടെ വന്നവരാണ്. They are all indigenous. അവരൊക്കെ ഇവിടെ ഉണ്ടായിരുന്നവരാണ്. ഇത് പഠിക്കു, പഠിപ്പിക്കു എന്ന നിർബന്ധമാണ്. ചരിത്രത്തെ വളച്ചൊടിച്ചു. കണക്ക് സംബന്ധിച്ച് ലീലാവതി ആണെങ്കിലും നമ്മൾ ആണെങ്കിലും നമ്മുടെ സംസ്കാരത്തെയും പാരമ്പര്യത്തെയും പൈതൃകത്തെയും ശിരസ്സാ വഹിച്ച് കൃത്യമായി ചരിത്രത്തിന്റെ വെളിച്ചമുള്ള പഥങ്ങളിലൂടെ മുന്നേറാൻ നിർബന്ധിക്കപ്പെടുന്നുണ്ട്. അതിലൊക്കെ നമ്മൾ അഭിമാനം കൊള്ളുന്നുണ്ട്. എന്നാൽ ലോകത്തിലെ, മാത്തമാറ്റിക്സ് ഫീൽഡിലെ, All the problems in the mathematical field can be easily solved through 16 formulae എന്നാണ് പുരി ശങ്കരാചാര്യരുടെ വേദിക് മാത്തമറ്റിക്സ് പറയുന്നത്. അതിൽ നിന്നും കുറച്ച് കാര്യങ്ങൾ ഉൾക്കൊള്ളേണ്ടതുണ്ട്, കുട്ടികളെ പഠിപ്പിക്കേണ്ടതുണ്ട്. എല്ലാ problems-ഉം നമുക്ക് പറ്റുമോ? ബോംബ് ഉണ്ടാക്കാൻ ആളുകൾ വിഷമിച്ച് നടക്കേണ്ട കാര്യമില്ല. Atomic charges are carved from spiritual forces. ആറ്റംബോംബ് ഉണ്ടാക്കാൻ ആത്മീയ ശക്തി മതിയെന്നാണ് പറയുന്നത്. ശാസ്ത്രം മനസ്സിലാകുകയില്ലെങ്കിൽ വില കുറഞ്ഞ ഇടപെടലുകൾ നടത്തരുത്. ഇതൊക്കെ വളരെ പ്രധാനപ്പെട്ട കാര്യങ്ങളാണ്. Atomic charges are carved from spiritual forces. അത് ഇലക്ട്രോ മാഗ്നെറ്റിക് ഫോഴ്സിൽ നിന്നാണ് എന്ന ശാസ്ത്രീയമായ, സത്യസന്ധമായ, വസ്തുനിഷ്ഠമായ കാര്യം വിസ്മരിച്ചുകൊണ്ട് കുട്ടികളെ പഠിപ്പിക്കാൻ നിർബന്ധിക്കുന്നു. ആ രൂപത്തിൽ നമ്മുടെ നാട്ടിലെ വിദ്യാഭ്യാസ മണ്ഡലത്തെ, മുകളിൽ നിന്ന് കൊണ്ടുവരുന്നുണ്ടെങ്കിലും ഇവിടെ ഭരിക്കുന്നത് നമ്മൾ ആയതുകൊണ്ട് തൽക്കാലം ഇത്തരം കാര്യങ്ങളെ മാറ്റി നിർത്താൻ കഴിയുന്നുണ്ടെന്നുള്ളതാണ് ഒരു കാര്യം. വിദ്യാഭ്യാസ വകുപ്പുമന്ത്രി വിദ്യാഭ്യാസ സംരക്ഷണ യജ്ഞം കൊണ്ടുവന്നു. അതിന്റെ ഭാഗമായി നവീനമായ ആശയങ്ങൾ, അക്കാദമിക് ആയിട്ടുള്ള വിഷയങ്ങൾ

തുടങ്ങിയ കാര്യങ്ങളിൽ സാധാരണ രൂപത്തിൽ മാറ്റം വരുന്നുണ്ട്. കുട്ടികളെ കളിയിലൂടെയും ചിരിയിലൂടെയും പഠിപ്പിക്കുകയെന്ന് പറയുമെങ്കിലും ആർട്സിനും സ്പോർട്സിനും മതിയായ പ്രാധാന്യം നൽകുന്ന ഒരു വിദ്യാഭ്യാസ പദ്ധതി ഇപ്പോഴും നമ്മുടെ നാട്ടിലുണ്ടോ എന്ന് ചോദിക്കുകയാണ്. രക്ഷിതാക്കൾ കുട്ടികളെ ആർട്സിലും സ്പോർട്സിലും പങ്കെടുക്കാൻ അനുവദിക്കുന്നില്ല. കേരളത്തെ സംബന്ധിച്ചിടത്തോളം ബാക്കി 28 സംസ്ഥാനങ്ങളെ അപേക്ഷിച്ച് പല കാര്യങ്ങളിലും മുൻപന്തിയിൽ നിൽക്കുന്നുണ്ട്; ഒപ്പം സ്പോർട്സിലും.

ശ്രീ. പി. സി. ജോർജ്: സർ, പ്രൊഫസർ എന്നുള്ള നിലയിൽ ചോദ്യം വരാത്തതുകൊണ്ട് അങ്ങ് വിഷമിക്കുന്നതായി എനിക്ക് മനസ്സിലായി. അങ്ങിവിടെ വിദ്യാഭ്യാസ മേഖലയിൽ സ്പോർട്സിന്റെ പ്രാധാന്യത്തെക്കുറിച്ച് പറഞ്ഞു. അമേരിക്ക ഉൾപ്പെടെ യൂറോപ്യൻ രാജ്യങ്ങൾ കുട്ടികൾക്ക് വിദ്യാഭ്യാസം കൊടുക്കുന്നത് പുസ്തകം പോലുമില്ലാതെയാണ്. കളിക്കുക എന്നുള്ള രീതിയിലാണ് വിദ്യാഭ്യാസം. ആ നിലയിലുള്ള വിദ്യാഭ്യാസമാണ് കേരളത്തിൽ കൊണ്ടുവരേണ്ടതെന്നാണോ അങ്ങയുടെ അഭിപ്രായം. അത്തരത്തിലുള്ള വിദ്യാഭ്യാസം നമുക്ക് ഗുണകരമാകുമെന്ന് അങ്ങ് കരുതുന്നുണ്ടോ? വ്യക്തിപരമായ ഒരു കാര്യംകൂടി ചോദിക്കാനുണ്ട്. അങ്ങ് ഏത് വിഷയത്തിലാണ് പ്രൊഫസർ ആയത്?

പ്രൊഫ. കെ. യു. അരുണൻ: സർ, ഒരിക്കലും നേരായി ഉത്തരം പറഞ്ഞിട്ടില്ലാത്തതുകൊണ്ട് അവസാനത്തെ ചോദ്യത്തിന് ആദ്യം ഉത്തരം പറയാം. B.Sc-ക്ക് ഫിസിക്സും കെമിസ്ട്രിയും മാത്തമാറ്റിക്സും ആയിരുന്നു വിഷയങ്ങൾ. പിന്നീട് ഇംഗ്ലീഷിലും മലയാളത്തിലും MA. പ്രൊഫസർ ആയത് മലയാളത്തിലാണ്. ശ്രീ. പി. സി. ജോർജ്, അമേരിക്കക്കാരുടെ കയ്യിൽ അവർക്ക് കാശുണ്ടാക്കാൻ വിൽക്കാനുള്ളത് കുറച്ച് യുദ്ധോപകരണങ്ങളും ഒന്നാന്തരം അശ്ലീല ഗ്രന്ഥങ്ങളുമാണ്. അമേരിക്കയിൽ പോകുന്ന ആളെന്ന നിലയിൽ കിട്ടിയാൽ വാങ്ങിക്കൊണ്ടുവരിക. സ്പോർട്സിന് മതിയായ പ്രാധാന്യം കൊടുക്കുന്നില്ലെന്ന് പറയുമ്പോൾ കേരളം ഒരു പരിധിവരെ അത്‌ലറ്റിക്സിന്, ഇവിടെ ഏത് സ്ഥലത്താണ് 400 മീറ്റർ ട്രാക്കുള്ളതെന്ന് ഞാൻ ചോദിക്കുകയാണ്. തൃശ്ശൂർ ജില്ലയിൽ തോപ്പിൽ സ്റ്റേഡിയവും ചാലക്കുടിയിൽ മറ്റൊരെണ്ണവും ഉണ്ട്. 200 മീറ്റർ ട്രാക്ക് പോലുമില്ലാതെ നമ്മുടെ കുട്ടികളെ കായിക വിനോദ രംഗത്ത് ഒന്നാംതരത്തിലേയ്ക്ക് കൊണ്ടുവരാമെന്ന് പ്രതീക്ഷിക്കുന്നത് തെറ്റാണ്. ആദ്യം പഞ്ചായത്ത് തലത്തിൽ ഏറ്റവും കുറഞ്ഞത് 200 മീറ്റർ ട്രാക്ക് നിർമ്മിക്കാനുള്ള പരിശ്രമമെങ്കിലും നടത്തണം. വളരെ അപൂർവ്വമായാണ് 400 മീറ്ററിന്റെ ട്രാക്കുള്ളത്. കേരളത്തിൽ ജനങ്ങൾ തിങ്ങിപ്പാർക്കുന്നതുകൊണ്ട് വിസ്തൃതമായ കളിക്കളങ്ങൾ നിർമ്മിക്കുന്നതിനുള്ള പരിമിതിയുണ്ട്. അത്തരത്തിൽ കളിക്കാൻ കഴിയുന്ന കളികളുണ്ട്. അതിൽ ഒന്നാണ് വോളിബോൾ. ഇൻഡ്യയിൽ ഒരു വോളിബോൾ ടീമിൽ ആറുപേരാണ് പ്രധാനമായി കളിക്കുന്നതെങ്കിൽ അതിൽ

നാലുപേർ മലയാളികളായിട്ടുള്ള കാലമുണ്ടായിരുന്നു. ഇപ്പോൾ അത് ചുരുങ്ങിവരികയാണ്. അതുപോലെ ഫുട്ബോളിൽ പഴയ മൊയ്തീൻകുട്ടി തുടങ്ങി സെബാസ്റ്റ്യൻ ഉൾപ്പെടെ ഐ. എം. വിജയൻവരെയുള്ള മലയാളികളാണ് മുന്നേറ്റനിരയിലെ കുന്തമുനകളായി പ്രവർത്തിച്ചിരുന്നത്. ഇപ്പോൾ അതിനുള്ള പ്രാധാന്യം കുറഞ്ഞുതുടങ്ങുകയാണ്. ബാലചന്ദ്രൻ ചുള്ളിക്കാട് 'കവിത പഠിപ്പിക്കേണ്ട' എന്നു പറഞ്ഞതിന്റെ മാന്യമായ ഉത്തരം കവിത അല്ലെങ്കിലും പഠിപ്പിക്കാനുള്ളതല്ല എന്നതാണ്. കവിത ആസ്വദിക്കാനുള്ളതാണ്. പലപ്പോഴും നിശബ്ദതയിൽ ചാരുകസേരയിൽ കിടന്ന് വായിച്ച് ആസ്വദിച്ച്, നമ്മുടെ ആർജ്ജിത സംസ്കാരം നമുക്ക് സംഭാവന ചെയ്ത അതിവിസ്തൃതവും വിഭിന്നവുമായ മേഖലകളിലേയ്ക്ക് സ്വർഗ്ഗീയ സഞ്ചാരം നടത്താനുള്ള ഒന്നാണ് കവിത. അത് വെറുതെ പഠിപ്പിക്കാൻ നിൽക്കുമ്പോൾ, കുട്ടികളെ ഭാഷ പഠിപ്പിക്കുന്നതിന്റെ ഭാഗമായി ചില വൃത്തികേടുകളും നെറികേടുകളും ചെയ്യേണ്ടിവരുന്നു. ആ വൃത്തികേടും നെറികേടുമാണ് കവിത പഠിപ്പിക്കുമ്പോൾ നമ്മൾ അലങ്കാരങ്ങളും വ്യാകരണങ്ങളും പഠിപ്പിക്കുന്നത്. കവിത ആസ്വദിക്കാനുള്ളതാണ്. കുട്ടികളുടെ കാര്യം നേരത്തെ സൂചിപ്പിച്ചതു തന്നെയാണ്. Take the students outside the class room; അങ്ങനെ ചെയ്യാൻ സാധിക്കുമോ? നമ്മുടെ വിദ്യാഭ്യാസ വകുപ്പുമന്ത്രി അതിനൊക്കെ പ്രാധാന്യം നൽകുന്ന ആളാണ്. Take the students outside the class room; ഇതൊരു കാരാഗൃഹമാണ്. ജയിലിൽ എന്നപോലെതന്നെ ബെല്ലടിക്കുമ്പോൾ ഉച്ചയ്ക്ക് ഭക്ഷണം കഴിച്ച് മാഷന്മാർ ഏമ്പക്കം വിടുന്നതും, കൈമണപ്പിക്കുന്നതുമൊക്കെ വൈലോപ്പിള്ളി കടൽകാക്ക എന്ന കവിതയിലെഴുതിയിട്ടുണ്ട്. ആ രൂപത്തിൽ ഇന്ന് നമുക്ക് അനുഭവപ്പെടുന്ന വിദ്യാഭ്യാസമെന്നു പറയുന്ന കാരാഗൃഹത്തിലെ കനത്ത ഇരുട്ട്, അന്ധത എന്നിവ അവസാനിപ്പിക്കുന്നതിനും അവിടെയൊക്കെ വെളിച്ചം കടത്തിവിടുന്നതിനും കുട്ടികളെ പുറത്തേയ്ക്ക് കൊണ്ടുവരുന്നതിനുംവേണ്ടി ആവിഷ്കരിക്കപ്പെട്ടിട്ടുള്ള പുതിയ സർക്കാരിന്റെ വിദ്യാഭ്യാസ പദ്ധതിയെക്കൂടി സ്വാഗതം ചെയ്തുകൊണ്ട് വീണ്ടും ഒരിക്കൽക്കൂടി ധനാഭ്യർത്ഥനകളെ പിന്താങ്ങിക്കൊണ്ട് അവസാനിപ്പിക്കുന്നു.

1.00 P M ]

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ഇ. കെ. വിജയൻ)

ശ്രീ. റോഷി അഗസ്റ്റിൻ: സർ, പൊതുവിദ്യാഭ്യാസ മേഖലയിൽ സമഗ്രമായ മാറ്റത്തിന് വഴിയൊരുക്കുന്ന വികസന പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്ന വകുപ്പിന്റെ പ്രവർത്തനങ്ങളെ പ്രത്യേകമായി അഭിനന്ദിക്കുന്നു. ഈ കഴിഞ്ഞ ബഡ്ജറ്റിൽ ധനകാര്യ വകുപ്പുമന്ത്രി വിദ്യാഭ്യാസത്തിനും ആരോഗ്യത്തിനും കുറച്ചേറെ തുക മാറ്റിവച്ചുവെന്നുള്ളത് ഏറെ ശ്രദ്ധേയമാണ്, ആ രംഗത്ത് വലിയ മാറ്റത്തിന് വഴിയൊരുക്കുമെന്ന് പ്രതീക്ഷിക്കുകയും ചെയ്യുന്നു. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി വിദ്യാഭ്യാസ വകുപ്പ് നടത്തി

കൊണ്ടിരിക്കുന്ന വിദ്യാഭ്യാസ നവീകരണ പ്രവർത്തനം ഈ മേഖലയിൽ വളരെ ശ്രദ്ധയോടെ മുന്നോട്ടു കൊണ്ടുപോകുകയാണ്. 2017-18 അധ്യയന വർഷം സംസ്ഥാനത്തൊട്ടാകെ 12198 കുട്ടികൾ അധികമായി പൊതു വിദ്യാലയത്തിലെത്തി എന്നതാണ് വളരെ ശ്രദ്ധേയമായ മാറ്റം. രാഷ്ട്രീയപരമായ പോരാട്ടത്തെക്കാളേറെ പൊതുവിദ്യാഭ്യാസത്തെ സംരക്ഷിക്കാൻ കൂട്ടായ പരിശ്രമം കേരളത്തിൽ നടക്കുന്നുണ്ട്. അതിന് മുഖ്യമായ പ്രാധാന്യവും പങ്കാളിത്തവും നൽകാൻ ജനപ്രതിനിധികളും അദ്ധ്യാപകരും രക്ഷിതാക്കളും പൊതുസമൂഹത്തിൽ തയ്യാറാകുന്നുവെന്നുള്ള നല്ല കാഴ്ചപ്പാടാണ് സുപ്രധാനം. ആ നിലയിൽ ചിന്തിക്കുമ്പോൾ അടിസ്ഥാനപരമായ സൗകര്യങ്ങൾ വളർത്തിക്കൊണ്ടുവരാൻ ഗവൺമെന്റ് ശ്രദ്ധിക്കുന്നു. 2018-19 സാമ്പത്തികവർഷം 500 കുട്ടികളിൽ കൂടുതലുള്ള എല്ലാ സ്കൂളുകൾക്കും പശ്ചാത്തല വികസനം ഒരുക്കുന്നതിനുവേണ്ടി 50 ലക്ഷം രൂപ മുതൽ 1 കോടി രൂപവരെ ചെലവഴിക്കാൻ ഗവൺമെന്റെടുത്ത തീരുമാനം ഏറെ ശ്ലാഘനീയമാണ്. ഗവൺമെന്റ് സ്കൂളുകളെ മാത്രമല്ല, എയ്ഡഡ് സ്കൂളുകളെയും പൊതുവിദ്യാഭ്യാസ വകുപ്പ് ശ്രദ്ധിക്കുന്നുണ്ട്. മികവിന്റെ കേന്ദ്രങ്ങൾ/ ഹൈടെക് ആക്കുന്ന കാര്യത്തിൽ എല്ലാ എയ്ഡഡ് സ്കൂളുകളെയും പരിഗണിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യ വികസനത്തിന്റെ കാര്യത്തിൽ ഇവിടെ ബഹുമാനപ്പെട്ട മെമ്പർ ശ്രീ. സി. കെ. നാണു സൂചിപ്പിച്ചതുപോലെ എൽ.പി./ യു.പി./ഹൈസ്കൂൾ തലങ്ങളിൽ നല്ല കോ-ഓപ്പറേറ്റീവ് മാനേജ്മെന്റുകളുണ്ട്. എൻ.എസ്.എസ്., എസ്.എൻ. മാനേജ്മെന്റുകൾ കൂടാതെ ഒട്ടേറെ ഇൻഡിവിഡ്വൽ മാനേജ്മെന്റുകളുമുണ്ട്. പക്ഷെ, ഇടുക്കി പോലുള്ള പ്രദേശങ്ങളിൽ ഗവൺമെന്റ് സ്കൂളുകളേക്കാൾ എയ്ഡഡ് സ്കൂളുകളെയാണ് കുട്ടികൾ ആശ്രയിക്കുന്നത്. സാധാരണക്കാരിൽ സാധാരണക്കാരായ കുട്ടികളാണ് അവിടെ പഠിക്കുന്നത്. 200-ഉം 300-ഉം കുട്ടികൾ പഠിക്കുന്ന യു.പി. സ്കൂളുകളുണ്ട്. പക്ഷെ ആ സ്കൂളുകളുടെ അടിസ്ഥാന സൗകര്യത്തിന്റെ ഏറ്റവും സുപ്രധാന ഭാഗമായ കെട്ടിടം നിർമ്മിക്കാൻ ആ മാനേജ്മെന്റിന് ഒരുപക്ഷെ സാധിച്ചെന്നുവരില്ല. ചലഞ്ച് ഫണ്ട് ശ്രദ്ധേയമായ ഒരു പദ്ധതിതന്നെയാണ്. മാനേജ്മെന്റിന്റെകൂടി പാർട്ടിസിപ്പേഷനോടുകൂടി നമുക്കത് ചെയ്യാം. പക്ഷെ അതും സാധിക്കാത്തതായ സ്കൂളുകൾ നിലവിലുള്ള മേഖലകളിൽ ഒരു ഇൻസ്പെക്ഷൻ വിംഗായി ഡിപ്പാർട്ടുമെന്റിനെത്തന്നെ ചുമതലപ്പെടുത്തിയശേഷം അനിവാര്യമാണെന്നു കണ്ടാൽ ആസ്തിവികസന ഫണ്ട് അനുവദിക്കാൻ പെർമിഷൻ തരണം. പത്തോ ഇരുപത്തിയഞ്ചോ ലക്ഷം രൂപ കൊടുത്താൽ ഒരു കെട്ടിടം നിർമ്മിക്കാൻ സാധിക്കും. പക്ഷെ, അത്തരത്തിലുള്ള മാറ്റങ്ങൾ നമ്മുടെ എയ്ഡഡ്/മാനേജ്മെന്റ് സ്കൂളുകളിലും ചെയ്യുന്നതിനുള്ള തീരുമാനം കൈക്കൊണ്ടില്ലെങ്കിൽ പൊതുവിദ്യാഭ്യാസത്തെ നമുക്ക് പൂർണ്ണമായി സംരക്ഷിക്കാൻ കഴിയില്ല. അവിടെ പഠിക്കുന്ന കുട്ടികളുടെ കാര്യം

അനിശ്ചിതാവസ്ഥയിലാകും. അതുകൊണ്ട് ഇത്തരം കാര്യങ്ങളിൽ ഭേദഗതികൾ കൊണ്ടുവരുന്നതാണ് അനിവാര്യമെന്ന് ഞാൻ സൂചിപ്പിക്കുകയാണ്. ഓരോ മണ്ഡലവുമെടുത്ത് പരിശോധിക്കുമ്പോഴും എം.എൽ.എ.-മാർ മത്സര ബുദ്ധിയോടുകൂടിയാണ് അവരുടെ ഫണ്ട് കൂടുതലും വിദ്യാഭ്യാസ മേഖലയിലും ആരോഗ്യ മേഖലയിലും ഉപയോഗിക്കുന്നത്. ഇത്തരത്തിലുള്ള ന്യൂലാമാലകൾ പൂർണ്ണമായും ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടത് അനിവാര്യമാണ്. അതോടൊപ്പംതന്നെ ഹയർ സെക്കണ്ടറിയിലും ധാരാളം പ്രശ്നങ്ങളുണ്ട്. പ്രിൻസിപ്പാൾമാരുടെ പ്രശ്നം നമ്മൾ കണ്ടില്ലെന്ന് നടിക്കരുത്. ഞാൻ പ്രിൻസിപ്പാൾമാരുടെ റിട്ടയർമെന്റ് മീറ്റിംഗിൽ പങ്കെടുത്തു. ഓരോ പ്രിൻസിപ്പാൾമാരും റിട്ടയർ ചെയ്യുന്നതിലെ സന്തോഷമാണ് അവിടെ പങ്കുവച്ചത്. കാരണം, ജോലി ഭാരത്തിൽനിന്നൊഴിഞ്ഞ് മനസ്വസ്ഥതയോടുകൂടി ജീവിക്കാൻ സാധിക്കുന്നു. അദ്ധ്യാപകന്റെ കണ്ണുനീരും ഏറെ ദുഃഖകരമാണ്. നിലവിലുള്ള ഹയർസെക്കണ്ടറി പ്രിൻസിപ്പാൾമാർ ഭരണപരമായ കാര്യങ്ങൾ നിർവ്വഹിക്കുന്നതോടൊപ്പം ആഴ്ചയിൽ 24 പിരീഡുകൾ പഠിപ്പിക്കണം. പൂർണ്ണമായ അദ്ധ്യാപകന്റെ റോളുകൂടി വഹിക്കുന്നതുകൊണ്ടുതന്നെ അവർക്ക് ഭരണപരമായ കാര്യങ്ങളിൽ വീഴ്ചകൾ സംഭവിക്കാറുണ്ട്. ഹയർ സെക്കണ്ടറിയിൽ ക്ലാർക്കിന്റെയും പ്യൂണിന്റെയും തസ്തിക ഇല്ലാത്തതിനാൽ വിദ്യാർത്ഥികളുടെയും ജീവനക്കാരുടെയും സങ്കീർണ്ണവും സമയബന്ധിതവും ഓഡിറ്റിന് വിധേയമായതുമായ ഒട്ടനവധി ഫയലുകളും കൈകാര്യം ചെയ്യേണ്ട അവസ്ഥയാണ്. ഓഫീസിന്റെ പലവിധ കാര്യങ്ങളിൽ വ്യഗ്രചിത്തരായതുകൊണ്ട് വിദ്യാർത്ഥികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം കൊടുക്കാൻ അദ്ധ്യാപകർക്ക് കഴിയാതെ വരുന്നു. മാനസികമായ ബുദ്ധിമുട്ട് നേരിട്ട് ആത്മഹത്യ ചെയ്ത അദ്ധ്യാപകരുടെ എണ്ണം 4 ആണ്, ഞാൻ പേര് പ്രത്യേകമായി പറയുന്നില്ല. അദ്ധ്യാപക നിയമനം സംബന്ധിച്ചുണ്ടായ പ്രശ്നങ്ങൾ പരിഹരിക്കണം. അദ്ധ്യാപകരുടെ പെൻഷൻ കണക്കാക്കുമ്പോൾ ബ്രോക്കൺ സർവീസ് പരിഗണിക്കുന്നതിനുള്ള 2016 ആഗസ്റ്റ് 15-ാം തീയതിയിലെ സർക്കാർ ഉത്തരവ് റദ്ദാക്കികൊണ്ട് ഹൈക്കോടതി ഉത്തരവിറക്കിയെങ്കിലും ഗവൺമെന്റിന്റെ തുടർ നടപടിയുണ്ടായിട്ടില്ല. അതിനെക്കുറിച്ച് ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. 2013-14 അദ്ധ്യയന വർഷം വിവിധ കോളേജുകളിൽ പുതുതായി കോഴ്സുകൾ അനുവദിച്ചു. അദ്ധ്യാപക തസ്തികകൾ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ഭൂരിപക്ഷം കോഴ്സുകളുടെയും തസ്തികകൾ അംഗീകരിക്കപ്പെടേണ്ടതുണ്ട്. കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് അംഗീകാരമില്ലാത്ത എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും നിർത്തലാക്കാൻ ഉത്തരവായത് ഇന്നിവിടെ

സൂചിപ്പിച്ചു. അത് പരിഗണിക്കുമെന്നു പറഞ്ഞത് ഏറെ ശ്ലാഘനീയവും സന്തോഷകരവുമാണ്. ഞാൻ ദീർഘിപ്പിക്കുന്നില്ല. എന്റെ നിയോജകമണ്ഡലത്തിൽ 2003-ൽ ഒരു വോളിബോൾ അക്കാദമി ആരംഭിച്ചതാണ്.

മി. ചെയർമാൻ: യെസ്.. പ്ലീസ്.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, കെ.എസ്.ഇ.ബി. ക്വാർട്ടേഴ്സിന്റെ കെട്ടിടത്തിൽ വാടകയ്ക്ക് പ്രവർത്തിക്കുകയായിരുന്നു. പുതുതായി കെട്ടിടം നിർമ്മിക്കാൻ 2012-ൽ തുടക്കം കുറിച്ചു. അത് പൂർത്തീകരിച്ചുവരുന്നതേയുള്ളൂ. 80 കുട്ടികൾക്ക് സംസ്ഥാനതലത്തിൽ ട്രെയിനിംഗ് നൽകാൻ കഴിയുന്ന നല്ലൊരു സെന്ററാക്കി അതിനെ മാറ്റിയെടുക്കാൻ കഴിയും. എം.ജി. യൂണിവേഴ്സിറ്റിയുടെ പരിധിയിലുള്ള പാലാ സെന്റ് തോമസ് കോളേജിൽ യൂണിവേഴ്സിറ്റിക്കുവേണ്ടി വോളിബോൾ കളിച്ച് നടന്ന കാലഘട്ടം മുതലുള്ള ഒരാഗ്രഹമായിരുന്നു വോളിബോൾ അക്കാദമി. അതിന്റെ പ്രവർത്തനങ്ങൾ നല്ലനിലയിൽ കൊണ്ടുവരാൻ സാധിക്കണം.

മി. ചെയർമാൻ: യെസ്.. പ്ലീസ്.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, അതിന്റെ പണികൾ പൂർത്തീകരിക്കാൻ ആവശ്യമായ തുക അനുവദിച്ചു. പക്ഷെ നിർമ്മാണ പ്രവർത്തനങ്ങൾ മന്ദഗതിയിലാണ് നടക്കുന്നത്. സ്പോർട്സ് ഡയറക്ടറേറ്റിനാണ് അതിന്റെ ചുമതല. വളരെ പെട്ടെന്ന് കെട്ടിടത്തിന്റെ പണികൾ പൂർത്തീകരിച്ച് ഉപയോഗ യോഗ്യമാക്കുന്നതിനുള്ള സൗകര്യം ചെയ്തുകൊടുക്കണം. ഒളിമ്പ്യൻ ബീനാ മോളിന്റെയും ബിനുവിന്റെയും നാടാണ് പാറത്തോട്. അവരുടെ നാട്ടിൽ ഫുട്ബോൾ സംഘടിപ്പിക്കാനായി നാട്ടുകാർ വലിയ താൽപ്പര്യമെടുത്ത്, അടിമാലി ബ്ലോക്ക് പഞ്ചായത്തും മർച്ചന്റ് അസോസിയേഷനും ജനമൈത്രി പോലീസുംകൂടി സംയുക്തമായി 300 പേർക്കായി നല്ലൊരു സമ്മർ കോച്ചിംഗ് ക്യാമ്പ് കഴിഞ്ഞ വർഷം നടത്തുകയുണ്ടായി. അതിൽ സെലക്ട് ചെയ്ത കുട്ടികൾക്ക് ശനിയും ഞായറുമായി തുടർച്ചയായി ക്യാമ്പ് നടന്നുവരുന്നു.

മി. ചെയർമാൻ: യെസ്.. പ്ലീസ്. അവസാനിപ്പിക്കൂ. അല്ലെങ്കിൽ അടുത്ത ആളെ വിളിക്കേണ്ടിവരും. പ്ലീസ്. ദയവായി സഹകരിക്കണം.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, വീണ്ടും ഈ വർഷം സമ്മർ കോച്ചിംഗ് ക്യാമ്പ് നടക്കുകയാണ്. പാറത്തോട്ടിൽ ഒളിമ്പ്യൻ ബീനാമോളിന്റെ പേരിൽ ഒരു സ്റ്റേഡിയമുണ്ട്. ആ സ്റ്റേഡിയം നവീകരിക്കണം. അതിനുള്ള നിലപാട് സ്വീകരിക്കണമെന്നാണ് എനിക്കഭ്യർത്ഥിക്കാനുള്ളത്.

മി. ചെയർമാൻ: യെസ്.. പ്ലീസ്. അവസാനിപ്പിക്കൂ.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, തീർച്ചയായും കായികരംഗത്തുള്ള പുത്തൻ മാറ്റത്തിന് വിദ്യാർത്ഥിയായിരിക്കുമ്പോൾത്തന്നെ തുടക്കം കുറിക്കാൻ സ്കൂൾതലത്തിലും കോളേജ് തലത്തിലും മാറ്റങ്ങൾക്ക് വിധേയമാക്കത്തക്കതരത്തിൽ കായിക.... (മൈക്ക് ഓഫ്)

ശ്രീ. പുരുഷൻ കടലുണ്ടി: സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്നീ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചട്ടം 300 അനുസരിച്ച് നടത്തിയ പ്രസ്താവന ഈ സർക്കാർ ആരുടെകൂടെയെന്ന് വ്യക്തമാക്കുന്നതാണ്. ഒപ്പമുണ്ടെന്ന് വിളംബരം ചെയ്യുന്നതായിരുന്നു ഈ പ്രഖ്യാപനം. ഇന്ത്യയ്ക്കുതന്നെ മാതൃകയായ ബിൽ സാധാരണക്കാരന്റെ ആശങ്ക അകറ്റുമെന്ന കാര്യത്തിൽ സംശയമില്ല. കായിക രംഗം മുമ്പ് കോർപ്പറേറ്റുകളുടെയും അംബാനിമാരുടെയും അദാനിമാരുടെയും കയ്യിലായിരുന്നു. കലയും സംസ്കാരവും വികസനവും സരിതമയമായിരുന്നു. ഈ സർക്കാർ പണാധിപത്യം എന്നത് അടിമുടി മാറ്റിയെടുത്തു; ഇപ്പോൾ ഈ രംഗം കുതിപ്പിലാണ്.

എവിടെ നിർഭയമാകുന്നു മാനസം
അവിടെ നിൽക്കുന്നു ശീർഷം സമുന്നതം,
എവിടെ വിജ്ഞാനം സർവ്വസ്വതന്ത്രമായ്
അവികലമായ് വിരാജിപ്പൂ നിത്യവും

ടാഗോറിന്റെ ഈ വരികൾ ഞാൻ ഓർക്കുന്നു. അസഹിഷ്ണുതയുടെ തീ ആളിക്കത്തുമ്പോൾ അണയ്ക്കാൻ പ്രാപ്തമായ ചിന്തകളും സൃഷ്ടികളും കായികശേഷിയുമുള്ള ഒരു സമൂഹം ഉണ്ടാകണമെന്നതാണ് സാംസ്കാരിക കേരളത്തിന്റെ ലക്ഷ്യം. ഇടതുപക്ഷ ജനാധിപത്യമുന്നണി ഭരിക്കുന്നതുകൊണ്ടാണ് ക്ഷേത്രങ്ങളിൽ ദളിതർക്ക് പൂജാരിയാകാൻ കഴിഞ്ഞത്. ഈ സർക്കാർ കീഴ്ജാതിക്കാരനെ അടിച്ചുകൊല്ലുകയല്ല, കൈപിടിച്ച് ഉയർത്തുകയാണ് ചെയ്യുന്നത്. ഗദ്ദിക കാണാനെത്തിയ ജനക്കൂട്ടത്തെകണ്ട് 'ഇത്രയും ജനം സിനിമാതാരങ്ങളെ കാണാൻ എത്തില്ല' എന്നാണ് വളരെ അത്ഭുതപ്പെട്ട് മഞ്ജുവാര്യർ പറഞ്ഞത്. സാധാരണക്കാരന്റെ കലകളും കവിതകളും പാട്ടുകളും ആവിഷ്കാരങ്ങളും കാണാനാണ് ജനങ്ങൾ തടിച്ചുകൂടിയത്. പട്ടികജാതിക്കാരും പട്ടികവർഗ്ഗക്കാരും ഉണ്ടാക്കിയ ഉത്പന്നങ്ങൾ കോടിക്കണക്കിന് രൂപയ്ക്കാണ് വിറ്റഴിച്ചത്. വമ്പിച്ച ഉണർവ്വാണ് ഈ രംഗത്തുണ്ടാകുന്നത്.

'ജാതിഭേദം മതദ്വേഷം
ഏതുമില്ലാതെ സർവ്വരും
സോദരത്വേന വാഴുന്ന
മാതൃകാ സ്ഥാനമാണിത്'

എന്ന് വിളംബരം ചെയ്യുന്ന പരിപാടിയായിരുന്നു ഗദ്ദിക. അന്താരാഷ്ട്ര ചലച്ചിത്രമേളയ്ക്ക് ഇവിടെ സ്ഥിരം വേദിയുണ്ടാകുന്നു. ചിത്രാഞ്ജലിയിൽ ഫെസ്റ്റിവൽ കോംപ്ലക്സുണ്ടാകുന്നു. 12000-ൽപ്പരം ഡെലിഗേറ്റ്സ് പങ്കെടുക്കുന്ന മേള തിരുവനന്തപുരത്ത് ഉത്സവമായിട്ടാണ് നടത്തുന്നത്. ചിത്രാഞ്ജലി കോംപ്ലക്സിൽ താമസ സൗകര്യങ്ങൾക്കുവേണ്ടി ഡോർമെറ്ററി കൂടി ഉണ്ടാക്കണമെന്നൊരു നിർദ്ദേശമുണ്ട്. ഫെസ്റ്റിവൽ കാണാൻ വരുന്നവരിൽ പലരും പാവങ്ങളാണ്. സ്വാമി വിവേകാനന്ദൻ കേരളം സന്ദർശിച്ചതിന്റെ 125-ാം വർഷം വിവേകാനന്ദ സ്പർശം എന്ന പരിപാടി പതിനാല് ജില്ലകളിലും നടത്തി. വർഗ്ഗീയ ഫാസിസ്റ്റുകളുടെ വെടിയേറ്റ് മരിച്ചുവീണ ഗാന്ധിജിയുടെ 70-ാം രക്തസാക്ഷിത്വം ഒരുവർഷം നീണ്ടുനിൽക്കുന്ന വിപുലമായ പരിപാടികളോടെ കേരളമൊട്ടാകെ ആചരിച്ചത് ഈ ഗവൺമെന്റാണ്. പുരാവസ്തു വകുപ്പുമായി സഹകരിച്ച് നടത്തിയ കേരള സാംസ്കാരിക പൈതൃകോത്സവം വളരെ ശ്രദ്ധേയമായി. ഡൽഹി, തെലുങ്കാന തുടങ്ങി വിവിധ സംസ്ഥാനങ്ങളിൽ സംഘടിപ്പിച്ച ഈ പരിപാടി ഹൃദ്യമായി. ഇത് സാംസ്കാരിക കേരളത്തിന് അഭിമാനിക്കാവുന്ന ഒന്നാണ്. 2017-18-ൽ 72 കോടി 67 ലക്ഷം രൂപയായിരുന്നത് 2018-19-ൽ 83 കോടി 60 ലക്ഷം രൂപയായി വർദ്ധിച്ചുവെന്നത് ഈ സർക്കാരിന്റെ ദിശാബോധമാണ് കാണിക്കുന്നത്. എല്ലാ ജില്ലകളിലും 40 കോടി രൂപയുടെ സാംസ്കാരിക സമുച്ചയം വരാൻ പോകുന്നു. എന്തൊരു ഭാവനാപൂർവ്വമായ തീരുമാനം. സംഗീത നാടക അക്കാദമിയുടെ ഇന്റർനാഷണൽ തിയേറ്റർ ഫെസ്റ്റിവൽ ജനപങ്കാളിത്തം കൊണ്ട് ശ്രദ്ധേയമാകുന്നു. അന്തരിച്ച നടൻ മുരളിയെ ഞാൻ ഈ അവസരത്തിൽ ഓർമ്മിക്കുകയാണ്; ലോകോത്തര നിലവാരമുള്ള നാടകങ്ങൾ നാടകവേദിയിൽ പങ്കെടുപ്പിക്കാൻ അദ്ദേഹം യത്നിച്ച കാലം. തൃശ്ശൂരിൽ അക്കാദമിയോട് ചേർന്ന് മാനവീയം വീഥി മാതൃകയിൽ സാംസ്കാരിക വീഥി ഉണ്ടാവാൻ പോകുന്നു. ഇന്ന് കേരള ലളിതകലാ അക്കാദമി നിരവധി ദേശീയ ചിത്രകലാ ക്യാമ്പുകളാലും ശില്പശാലകളാലും സമ്പന്നമാണ്. ചിത്രകാരന്മാരുടെ വലിയൊരു പങ്കാളിത്തമാണുണ്ടാകുന്നത്. സ്കൂളുകളിൽ ശില്പങ്ങൾ സ്ഥാപിച്ച് നിർമ്മാണ പ്രവർത്തനങ്ങളിൽ കുട്ടികളെക്കൂടി പങ്കെടുപ്പിക്കുന്ന പദ്ധതി സ്വാഗതാർഹമാണ്. കേരളീയ കലകളെയും ഇതര സംസ്ഥാന കലകളെയും കോർത്തിണക്കിയ ഭാരതോത്സവം എന്ന നവീന ആശയം പാരമ്പര്യ കലാകാരൻമാരുടെ അഭയകേന്ദ്രമായി മാറുകയാണ്. വലിയ മാറ്റങ്ങൾ ഈ രംഗത്തുണ്ടാകുന്നു. പലപ്പോഴും നമ്മൾ സ്പർശിക്കാതെ പോകുന്ന ഒന്നാണ് മലയാള മിഷൻ. യു.എ.ഇ., ഒമാൻ, കുവൈറ്റ്, ബഹറിൻ, യു.കെ. എന്നീ രാജ്യങ്ങളിലെ മലയാളി സംഘടനകളുടെ സംയുക്ത പരിപാടികളും ലോക കേരള സഭയുടെ ഇടപെടലുകളും ശ്രദ്ധേയമാണ്. ലോകത്തെവിടെയുമുള്ള മലയാളികൾക്ക് ഭാഷാ പഠനത്തിന് വീഡിയോ കോൺഫറൻസ് സംവിധാനം ഏർപ്പെടുത്തുന്നതും വിവിധ

സംസ്ഥാനങ്ങളുടെ കൊട്ടക്കൽ വാങ്ങലുകളും ശ്രദ്ധേയമാണ്. അവാർഡ് തുകകൾ വർദ്ധിപ്പിച്ചു. ഇപ്പോൾ എഴുത്തച്ഛൻ പുരസ്കാരം അഞ്ച് ലക്ഷം രൂപയാണ്. ചലച്ചിത്ര മേഖലയിൽ കെ.ടി.ഡി.സി.-യുടെ പുരസ്കാരം അഞ്ച് ലക്ഷം രൂപയാക്കി മാറ്റി. കഴിഞ്ഞ സർക്കാർ നിർത്തിവച്ച, തിയേറ്റർ രംഗത്തെ അന്താരാഷ്ട്ര പ്രതിഭകൾക്ക് നല്കാറുള്ള അമ്മന്നൂർ പുരസ്കാരം അഞ്ച് ലക്ഷം രൂപയാക്കി ഉയർത്തി. കലാകാരൻമാർക്കുള്ള പെൻഷൻ മൂവായിരം രൂപയാക്കി. യുവകലാകാരൻമാർക്ക് പ്രതിമാസം പതിനായിരം രൂപ ഫെലോഷിപ്പ് കൊടുക്കുന്നു. ക്ഷേമനിധി ബോർഡിന് സ്വന്തമായി ആസ്ഥാന മന്ദിരമുണ്ടാകാൻ പോകുന്നു. കിഫ്ബിവഴി ഗ്രാമങ്ങളിൽ കെ.എഫ്.ഡി.സി.-യുടെ നൂറ് തിയേറ്ററുകൾ വരുന്നുവെന്നത് ജനങ്ങളെ സഹായിക്കാനാണ്. കൂടുതൽ തുകകൾ കൊടുത്ത് വലിയ തിയേറ്ററുകളിൽ പോയി പടങ്ങൾ കാണുന്നതിനുപകരം പ്രസ്തുത തീയേറ്ററുകളിലൂടെ ജനങ്ങൾക്ക് നല്ല ചിത്രങ്ങൾ കാണാനുള്ള അവസരമൊരുക്കും.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, അങ്ങ് അവാർഡുകളെക്കുറിച്ചാണ് പറയുന്നത്. ഇത്തവണത്തെ ചലച്ചിത്ര അവാർഡ് വളരെ ശ്രദ്ധേയമായിട്ടുണ്ട്. ഇന്ദ്രൻസും പാർവ്വതിയുമൊക്കെ അവാർഡുകൾ നേടി. അതുമാത്രമല്ല, ചലച്ചിത്ര സംഗീത രംഗത്തെ ആചാര്യ സമാനനായിരുന്ന അർജ്ജുനൻ മാഷിന് 50 വർഷത്തിനുള്ളിൽ അവാർഡ് കൊടുത്തത് ഈ വർഷമായിരുന്നുവെന്നത് ഏറ്റവും ശ്രദ്ധിക്കപ്പെടേണ്ടൊരു കാര്യമല്ലേ?

ശ്രീ. പുരുഷൻ കടലുണ്ടി: സർ, അതാണ് ഞാൻ ആദ്യം തന്നെ പറഞ്ഞത്. ഈ സർക്കാരിന്റെ നയം അതാണ്. യു.ഡി.എഫ്.-ന് സ്വപ്നം കാണാൻ കഴിയാത്ത വികസനമാണ് വിദ്യാഭ്യാസ രംഗത്ത് അക്കാദമിക് തലത്തിലും ഭൗതീക രംഗത്തും ഉണ്ടാക്കികൊണ്ടിരിക്കുന്നത്. സർക്കാർ സ്കൂളുകളിൽ ഇപ്പോൾ അഡ്മിഷന് ക്യൂ നിൽക്കുകയാണ്. മുമ്പൊക്കെ കൊഴിഞ്ഞുപോക്കായിരുന്നു. കാൽ വളരുന്നോ കൈ വളരുന്നോയെന്ന് അമ്മ കുഞ്ഞിനെ ശ്രദ്ധിക്കുന്നതുപോലെയാണ് ഇന്നത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രി. എല്ലാ സ്കൂളുകളുടെയും മാസ്റ്റർ പ്ലാനും അക്കാദമിക് പ്ലാനും വാങ്ങി ശാസ്ത്രീയമായ രീതിയിൽ വിദ്യാഭ്യാസത്തെ അടിമുടി മാറ്റി. ഇത് ഈ ഗവൺമെന്റിന്റെ ദിശാബോധവും ജനങ്ങളോടുള്ള പ്രതിബദ്ധതയുമാണ് തെളിയിക്കുന്നത്. പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി ബാലുശ്ശേരി മണ്ഡലത്തിൽ അഞ്ച് സ്കൂളുകളാണ് തെരഞ്ഞെടുത്തത്. 17 കോടി രൂപയാണ് അതിനുവേണ്ടി വകയിരുത്തിയത്. അതിൽ രണ്ട് സ്കൂളുകൾക്ക് പണം കിട്ടിക്കഴിഞ്ഞു. കിഫ്ബിയെ കുറ്റം പറയുന്നതിന് ഒരു വിഘാതമാണിത്. എന്റെ മണ്ഡലത്തിൽ എട്ട് മുതൽ പന്ത്രണ്ടുവരെയുള്ള എല്ലാ ക്ലാസ് മുറികളും ഹൈടെക് ആക്കിവരുന്നു. ജനങ്ങളുടെ പിന്തുണയോടെ എയ്ഡഡ് സ്കൂളുകൾക്കുവരെ ഡിജിറ്റൽ

ക്ലാസ് റൂമുകൾ തയ്യാറായി വരുന്നു. നാല് യു. പി. സ്കൂളുകൾ ഡിജിറ്റൈസ് ചെയ്ത് കഴിഞ്ഞു. തൃക്കുടിശ്ശേരി ജി.യു.പി. സ്കൂൾ ഹൈടെക് ആക്കി മാറ്റി ഉദ്ഘാടനം നിർവ്വഹിച്ചത് ബഹുമാനപ്പെട്ട മന്ത്രിയാണ്. എല്ലാ സ്കൂളുകളും അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കി കൊടുത്തു കഴിഞ്ഞു. ബാലുശ്ശേരിയിലെ ഡോ. അംബേദ്കറിന്റെ നാമധേയത്തിലുള്ള ആർട്സ് ആന്റ് സയൻസ് കോളേജ് 12.5 കോടി രൂപയുടെ ഡി.പി.ആർ. കിഫ്ബിയിൽകൊടുത്തു കഴിഞ്ഞു. ഇന്റർനാഷണൽ നിലവാരത്തിലുള്ള കോളേജിന്റെ പൂർത്തീകരണത്തിനുവേണ്ടി അങ്ങയുടെ സഹായം ആവശ്യമാണ്. നന്മകൾ മായ്ച്ചുകളയാൻ, സ്മാരകങ്ങൾ തകർക്കാൻ, ബുദ്ധികുറഞ്ഞ വർഗ്ഗീയ വാദികൾ വാളെടുക്കുന്നു, തോക്കെടുക്കുന്നു. സാംസ്കാരിക കേരളത്തിന് അപമാനമാണിത്. എൻ. എൻ. കക്കാടിന്റെ പേരിൽ ഒരു സ്മാരകം അനുവദിച്ച നമ്മുടെ സാംസ്കാരിക വകുപ്പുമന്ത്രിയെ മലയാളികൾക്കുവേണ്ടി, കവികൾക്കുവേണ്ടി, സാംസ്കാരിക പ്രവർത്തകർക്കുവേണ്ടി അഭിനന്ദിക്കുന്നു. സഫലമീയാത്ര.

സർക്കാർ കായിക രംഗത്ത് വഴിമുടക്കികളല്ല. 47 കോടി രൂപയുടെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്. കായിക രംഗത്ത് മാറ്റത്തിന്റെ ട്രാക്കിലാണ് കേരളമെന്ന് ശ്രീ. ഐ. എം. വിജയൻ എഴുതി. വലിയ നേട്ടമാണ് കേരളം കൊയ്യുന്നത്. കായികതാരങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ, പി.എസ്.സി.മുഖേന ജോലി, മികവുറ്റ കായിക സംസ്കാരത്തിന് ആക്കം കൂട്ടുന്ന, മുഴുവൻ ജനങ്ങളെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പരിപാടികൾ, കായിക ക്ഷമത മിഷൻ. ബാലുശ്ശേരിയിൽ നടുവണ്ണൂർ വോളീബോൾ അക്കാദമിക്ക് 10 കോടി 63 ലക്ഷം രൂപയുടെ അനുമതി നൽകിയ സർക്കാരിനെയും മന്ത്രിയെയും അഭിനന്ദിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, ബഹുമാനപ്പെട്ട പുരുഷൻ കടലുണ്ടി കടലിനെപ്പറ്റി ഒരു വാക്കുപോലും പറഞ്ഞില്ല. കടലിനെപ്പറ്റി ഒരു വാക്കെങ്കിലും പറയേണ്ടേ? ഞാൻ ഇവിടെയിരുന്ന് ശ്രദ്ധിക്കുകയായിരുന്നു, അവാർഡെല്ലാം രാഷ്ട്രീയം വച്ചാണ് കൊടുക്കുന്നതെന്ന്. അങ്ങ് പറഞ്ഞപ്പോഴാണ് എനിക്ക് മനസ്സിലായത്. ഫിഷറീസ് വകുപ്പിനെക്കുറിച്ച് ശ്രീ. ഹൈബി ഈഡൻ മാത്രമാണ് സംസാരിച്ചത്. പക്ഷെ, അദ്ദേഹം കടലിനെപ്പറ്റി മാത്രമാണ് പറഞ്ഞത്. കടലിൽ മാത്രമല്ല, മലയോര മേഖലയിലും കുളങ്ങൾ സൃഷ്ടിക്കാനും മത്സ്യ സമ്പത്തുണ്ടാക്കാനും കഴിയും. അതുകൊണ്ട് ഗവൺമെന്റ് ആ കാര്യം പ്രത്യേകം ശ്രദ്ധിക്കണമെന്ന് പറയാതിരിക്കാനാകില്ല. ഉൾനാടൻ മത്സ്യകൃഷിയിൽ പ്രത്യേക ശ്രദ്ധയുണ്ടാകുന്നത് നന്നായിരിക്കുമെന്ന് സൂചിപ്പിക്കുന്നു. ഇത്തവണ ഫെഡറേഷൻ കപ്പ് നാഷണൽ വോളിബാൾ ചാമ്പ്യൻഷിപ്പ് വാങ്ങിയ കുട്ടികളെ

അഭിനന്ദിക്കുകയാണ്. സ്പോർട്സുമായി ബന്ധപ്പെട്ട കാര്യങ്ങൾ പറയുമ്പോൾ ആരെങ്കിലും ഇക്കാര്യം പറയുമെന്ന് ഞാൻ കരുതി. കഴിഞ്ഞതിന്റെ മുന്നിലത്തെ വർഷം ഓരോ കളിക്കാർക്കും 25,000 രൂപ വീതം കൊടുക്കാൻ മന്ത്രി തയ്യാറായി. ഇത്തവണ സീനിയർ വോളിബോൾ മത്സരത്തിൽ രണ്ട് ക്രൗൺ വാങ്ങിയിരിക്കുകയാണ്. ഫെഡറേഷൻ കപ്പ് ജയിച്ചതിനൊപ്പം നാഷണൽ വോളിബാൾ മത്സരത്തിലും ചാമ്പ്യന്മാരായിരിക്കുകയാണ്. കഴിഞ്ഞ തവണത്തേതുപോലെ ടീമിലെ അംഗങ്ങൾക്ക് 25000 രൂപ വീതം കൊടുക്കാനുള്ള നടപടിയുണ്ടാകണം. ഒന്നാം നമ്പർ ലിബെറോ കളിക്കാരനായി തെരഞ്ഞെടുത്ത സി. കെ. രതീഷ് കോഴിക്കോട് വച്ച് അപേക്ഷ നൽകിയപ്പോൾ തീർച്ചയായും ജോലി നൽകുമെന്ന് അങ്ങ് ഉറപ്പുനൽകിയിരുന്നു. രണ്ട് നാഷണൽ ലെവൽ മത്സരങ്ങളിലും ഡബിൾ ചാമ്പ്യന്മാരായി എന്ന് മാത്രമല്ല, എട്ട് കൊല്ലമായി നമ്മുടെ ടീമിന്റെ നെടുംതൂണായിട്ടുള്ള സി. കെ. രതീഷിന്റെ കാര്യമാണ് ഞാനിവിടെ സൂചിപ്പിച്ചത്. അദ്ദേഹത്തിന് ജോലി കൊടുക്കുമെന്ന് അങ്ങ് പറഞ്ഞതാണ്. എത്രയും വേഗം അദ്ദേഹത്തിന് ജോലി കൊടുക്കണം. കൂടാതെ, സ്പോർട്സ് രംഗത്ത് നാഷണൽ ലെവൽ മത്സരങ്ങളിൽ സമ്മാനം വാങ്ങിയിട്ടുള്ളവർക്കെല്ലാം ജോലി കൊടുക്കാനുള്ള നടപടി സ്വീകരിക്കണം. തീർച്ചയായും ചെയ്യാൻ കഴിയുന്ന കാര്യമാണ്, അങ്ങേയ്ക്കതിന് കഴിയും. അതിലൂടെ മാത്രമേ കേരളത്തിലെ സ്പോർട്സ് രംഗത്തെ ശക്തിപ്പെടുത്താൻ കഴിയൂ. അതിനുള്ള നടപടി സ്വീകരിക്കണം.

ശ്രീ. ആർ. രാജേഷ്: സർ, ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു. ഈ സർക്കാർ അധികാരമേറ്റശേഷം വിദ്യാഭ്യാസ മേഖലയിലും കായിക മേഖലയിലുമെല്ലാം പുതിയൊരു ഉണർവ്വാണുള്ളത്. കേരളത്തിന്റെ അഭിമാന കായികതാരമായ ശ്രീ. സി. കെ. വിനീതിന് ഈ സർക്കാർ, ജോലി കൊടുക്കുന്നതിലൂടെ കേരളത്തിലെ കായികതാരങ്ങൾക്കൊപ്പം ഗവൺമെന്റുണ്ട് എന്ന പ്രഖ്യാപനമാണ് കേരളത്തിലെ പിണറായി വിജയൻ ഗവൺമെന്റ് നടത്തിയത്. കായിക മേഖലയിൽ ഓപ്പറേഷൻ ഒളിമ്പ്യ എന്ന പരിപാടി പ്രഖ്യാപിക്കുകയാണ്. ഒളിമ്പ്യ 2024 പുനഃപരിശോധിച്ച് 2028 എന്നാക്കണം. 2018-ൽ എത്തിനിൽക്കുന്ന നമ്മൾ 2024-ലേയ്ക്ക് ഓപ്പറേഷൻ ഒളിമ്പ്യ പ്രഖ്യാപിച്ച് ഒരാളെ ഒളിമ്പിക്സിൽ പങ്കെടുപ്പിക്കുക യാഥാർത്ഥ്യമല്ല. ഏറ്റവും ചെറിയ പ്രായത്തിൽ കഴിവുള്ളവരെ കണ്ടെത്തി സൂക്ഷ്മവും ശാസ്ത്രീയവുമായ പരിശീലനം നൽകി ഒളിമ്പിക്സിലേയ്ക്ക് വിടാനുള്ള തയ്യാറെടുപ്പ് ഓപ്പറേഷൻ ഒളിമ്പ്യ 2028-ൽ ഉണ്ടാകണം. കേരളത്തിന്റെ ഒരു കായിക താരം 2028-ലെ ഒളിമ്പിക്സിൽ മെഡൽ നേടുന്നതിനാവശ്യമായ അടിത്തറ ഒരുക്കാൻ ഈ ഗവൺമെന്റിന് കഴിയണം. അതിന് കാടടച്ച് വെടിവയ്ക്കേണ്ടതില്ല. നമ്മുടെ സാധ്യതയ്ക്കനുസരിച്ചുള്ള ഇവന്റ് തെരഞ്ഞെടുത്ത് അതിന് പ്രാധാന്യം കൊടുത്ത്

കായികതാരങ്ങളെ വളർത്തിക്കൊണ്ട് വരാനാവശ്യമായ നടപടി സ്വീകരിക്കേണ്ടതായിട്ടുണ്ട്. കായിക താരങ്ങൾ സംസ്ഥാനത്തിന് പുറത്തേയ്ക്ക് മത്സരത്തിന് പോകുമ്പോൾ അവരുടെ യാത്രയെക്കുറിച്ച് പലപ്പോഴും പത്രമാധ്യമങ്ങളിൽ വാർത്ത വരാറുണ്ട്. ഈ ഗവൺമെന്റിന്റെ കാലത്തല്ല. ഈ ഗവൺമെന്റ് അതിനൊരു മാതൃകയാണ്. കായിക താരങ്ങൾക്ക് പുറത്തേയ്ക്ക് പോകേണ്ടിവരുന്നത് എപ്പോഴാണെന്ന് മുൻകൂട്ടി അറിഞ്ഞ് സൗകര്യപ്രദമായ നിലയിലുള്ള യാത്ര ഒരുക്കാൻ ഗവൺമെന്റ് ഇപ്പോൾത്തന്നെ നടപടി സ്വീകരിച്ചിട്ടുണ്ട്. നമുക്ക് മെഡൽ മാത്രം പോരാ, ആ മെഡൽ എങ്ങനെയാണ് കുട്ടികൾ നേടേണ്ടത് എന്നതിനെക്കുറിച്ച് ഗൗരവത്തോടെ ആലോചിക്കണം. നമുക്ക് രണ്ട് സ്പോർട്സ് സ്കൂളുകളുണ്ട് - ജി.വി. രാജാ സ്പോർട്സ് സ്കൂളും, കണ്ണൂർ ജില്ലയിലെ അയ്യങ്കാളി സ്പോർട്സ് സ്കൂളും. നിയമസഭാ യുവജനക്ഷേമ സമിതി ഹരിയാനയിലെ സ്പോർട്സ് സ്കൂളും പട്യാലയിലെ സ്പോർട്സ് ഇൻസ്റ്റിറ്റ്യൂഷനും സന്ദർശിച്ചു. കിഫ്ബിയിൽ 25,000 കോടി രൂപയുടെ പദ്ധതികൾ പ്രഖ്യാപിച്ചു. അന്തർദ്ദേശീയ നിലവാരത്തിലുള്ള ട്രെയിനിംഗ് കൊടുക്കാൻ കഴിയുന്ന ഒരു സ്പോർട്സ് അക്കാദമിയാക്കി നമ്മുടെ സ്പോർട്സ് സ്കൂളുകളെ ശക്തിപ്പെടുത്താൻ നിലവിൽ ഒരുപാട് പ്രശ്നങ്ങളുണ്ട്. പൂർണ്ണമായ ഒരു ഫുഡ്ബോൾ ഗ്രൗണ്ടോ 400 മീറ്റർ ട്രാക്കോ പോലും പലസ്ഥലത്തുമില്ല. മേനംകുളത്ത് ഭൂമി ഏറ്റെടുക്കാനാവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിച്ചിരുന്നു. സ്പോർട്സ് സ്കൂളുകളെ കായിക വകുപ്പിന്റെ ഭാഗമാക്കാൻ ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ കഴിഞ്ഞിട്ടുണ്ട്. ഇനിയും കൂടുതൽ മെച്ചപ്പെട്ട നിലയിലേയ്ക്ക് അതിനെ മാറ്റേണ്ടതായിട്ടുണ്ട്.

വളരെ സമർത്ഥമായി നമ്മുടെ നാടിന്റെ വിദ്യാഭ്യാസ മേഖല മുന്നോട്ട് പോകുകയാണ്. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയെക്കുറിച്ച് കോൺഗ്രസിന്റെ മുഖപത്രമായ 'വീക്ഷണം' എഴുതിയത് 'ഈജിയൻ തൊഴുത്ത് ' എന്നാണ്. ആ ഈജിയൻ തൊഴുത്ത് വൃത്തിയാക്കി. നിങ്ങൾ പ്രൈവറ്റൈസേഷൻ നടപ്പിലാക്കി, ഞങ്ങൾ ഡിജിറ്റൈസേഷൻ നടപ്പിലാക്കുകയാണ്.

പലപ്പോഴും നമ്മുടെ സ്കൂളുകളിൽ കോർ സബ്ജക്ട് എന്ന നിലയിലാണ് ഇംഗ്ലീഷ് അദ്ധ്യാപകരെ പരിഗണിക്കുന്നത്. നമ്മുടെ കുട്ടികൾക്ക് നല്ല ഇംഗ്ലീഷ് പഠിക്കാൻ ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യവും ഉയർന്ന യോഗ്യതയും നേടിയ അദ്ധ്യാപകരെ ഭാഷാ അദ്ധ്യാപകരായി നിയമിക്കണം. ഏതെങ്കിലും വിഷയത്തിൽ ഡിഗ്രിയും ഒരു ഡിസ്റ്റൻസ് പി.ജി.-യും നേടിവരുന്ന അദ്ധ്യാപകർ ഭാഷ പഠിപ്പിക്കാൻ യോഗ്യരാണോ എന്ന കാര്യം ഗവൺമെന്റ് പരിശോധിക്കണം. ഹയർ സെക്കണ്ടറി

മേഖലയിലെ ടീച്ചർമാർക്ക് റൂം വിട്ട് പുറത്തേയ്ക്ക് പോകാൻ സാധ്യമല്ല. ആ മേഖലയിൽ ആവശ്യമായ സ്റ്റാഫിനെ കൊടുക്കാൻ ഗവൺമെന്റ് ഫലപ്രദമായ നടപടി സ്വീകരിക്കണം. ശ്രീ. ടി. വി. ഇബ്രാഹിം ഇവിടെ നുണകളുടെ ഒരു പെരുമഴക്കാലം തീർക്കുകയുണ്ടായി. അദ്ദേഹം പ്രസംഗിക്കുമ്പോൾ ഓരോ നുണയ്ക്കും ബെല്ലടിച്ചിരുന്നെങ്കിൽ സഭയ്ക്കുള്ളിൽ കൂട്ടമണിയടിയുണ്ടാകുമായിരുന്നു. അത്രയും നുണകളാണ് അദ്ദേഹത്തിന്റെ പ്രസംഗത്തിലുണ്ടായിരുന്നത്. എസ്.എസ്.എ. ഫണ്ട് കേന്ദ്ര സർക്കാരാണ് അനുവദിക്കുന്നത്. നിങ്ങൾ എന്താണ് കേന്ദ്ര സർക്കാരിനെ വിമർശിക്കാത്തത്; നിങ്ങൾ കേന്ദ്ര സർക്കാരിനെ വിമർശിക്കേണ്ട സ്ഥലത്തുപോലും സംസ്ഥാന സർക്കാരിനെ വിമർശിക്കുന്നു. ദേശീയപാതാ സ്ഥലമേറ്റെടുപ്പ് സംബന്ധിച്ചും കേന്ദ്ര സർക്കാരിനെ വിമർശിക്കേണ്ടിടത്ത് കേരള സർക്കാരിനെ വിമർശിക്കുന്നു. നിങ്ങൾക്ക് കേന്ദ്രത്തെ വിമർശിക്കാൻ ഭയമാണോ? നിങ്ങളുടെ ഭരണകാലത്ത് 35 ശതമാനത്തോളം വരുന്ന റൂസ (രാഷ്ട്രീയ ഉച്ചതാർ ശിക്ഷാ അഭിയാൻ) ഫണ്ട് ഗവൺമെന്റ് മുടക്കാതിരുന്നതിന്റെ ഭാഗമായി റൂസ പദ്ധതിയിൽ പണം ചെലവഴിക്കാൻ കഴിയാതിരുന്ന കാലമായിരുന്നു കേരളത്തിലുണ്ടായിരുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം റൂസ ഫണ്ട് ഫലപ്രദമായി ചെലവഴിക്കാൻ സാധിച്ചു. ശാസ്ത്രയാൻ പദ്ധതിയെ കേന്ദ്ര മന്ത്രി അംഗീകരിക്കുകയും ആ വൈജ്ഞാനിക നേട്ടത്തെ രാജ്യത്തിനാകെ മാതൃകയാക്കി മാറ്റുകയും ചെയ്തു. എസ്.ഐ.ഇ.ടി.(സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ ടെക്നോളജി)-യെ നിങ്ങളുടെ കാലത്ത് ഞെക്കിക്കൊല്ലാൻ ശ്രമിച്ചു. ഒരു ഫണ്ടുപോലും കൊടുത്തില്ല. രണ്ട് വർഷക്കാലത്തിനിടയിൽ രണ്ട് ദേശീയ അവാർഡ് വാങ്ങിയെടുക്കാൻ എസ്.ഐ.ഇ.ടി.-ക്കായി. 45000 ക്ലാസ് മുറികൾ ഹൈടെക് ആക്കി മാറ്റി. അത് എവിടെയാണെന്ന് ശ്രീ. ടി. വി. ഇബ്രാഹിം ചോദിച്ചു. രണ്ട് വർഷക്കാലത്തേയ്ക്കുള്ള ഗവൺമെന്റല്ല, അഞ്ച് വർഷക്കാലം പൂർത്തിയാകുമ്പോൾ ആ നേട്ടങ്ങളുടെ പുറകിൽ നിന്നുകൊണ്ട് നിങ്ങൾക്ക് സംസാരിക്കാം. മുമ്പ് പാഠപുസ്തകങ്ങൾ ലഭ്യമല്ലാത്തത് സംബന്ധിച്ച് ഞാനിവിടെ റൂൾ 50 അവതരിപ്പിച്ചിട്ടുണ്ട്. എന്റെ റൂൾ 50 നിഷേധിച്ചിട്ടുണ്ട്. കേരളത്തിലെ സ്കൂൾ കുട്ടികൾക്ക് പാഠപുസ്തകങ്ങൾ കൊടുക്കാൻ റൂൾ 50 അവതരിപ്പിക്കേണ്ട കാലമായിരുന്നു യു.ഡി.എഫ്.-ന്റെ ഭരണകാലം. പാഠപുസ്തകത്തിന്റെ കാര്യം ചോദിക്കുമ്പോൾ ഞങ്ങളെ അടിച്ചിരുത്തുമായിരുന്നു. ഇപ്പോൾ കുട്ടികൾക്ക് അടുത്ത അധ്യയന വർഷത്തേയ്ക്കുള്ള പാഠപുസ്തകം കൊടുക്കാൻ ഈ ഗവൺമെന്റ് നടപടി സ്വീകരിക്കുകയാണ്. 900 കോടി രൂപയുടെ വിദ്യാഭ്യാസ പാക്കേജ്. ഓട്ടോണമേഷനെക്കുറിച്ച് ഇവിടെ പറഞ്ഞു. എൻട്രൻസ് ലോബിയുടെ താല്പര്യത്തിന്റെ ഭാഗമായി ട്രാൻസ്ഫർ നടപടികൾ അട്ടിമറിക്കാൻ യു.ഡി.എഫ്.

സർക്കാരിന്റെ കാലത്ത് ചില അദ്ധ്യാപകർക്ക് കോക്കസുണ്ടായിരുന്നു. അവർക്കെതിരെ നടപടി സ്വീകരിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. യൂണിഫോം; ജൈവ വൈവിദ്ധ്യ പാർക്ക്; ബ്രോഡ്ബാന്റ് ഇന്റർനെറ്റ്; ലാബ്; ലൈബ്രറി അടക്കമുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കാനും ഡിജിറ്റൈസേഷന് 800 കോടി രൂപ അനുവദിക്കാനും ഈ സർക്കാരിന് കഴിഞ്ഞു.

15-നും 20-നും ഇടയ്ക്ക് പ്രായമുള്ള 40490 പേർ ഇപ്പോഴും കേരളത്തിൽ അക്ഷരമറിയാത്തവരായി ജീവിക്കുന്നു. അവരെ കണ്ടുപിടിക്കുകയും അവർക്ക് അറിവ് പകർന്നു കൊടുക്കുകയും ചെയ്യുന്ന സാക്ഷരതാ പ്രസ്ഥാനം എന്തുചെയ്തുവെന്ന് ചോദിക്കുമ്പോൾ, മികവിന്റെ കേന്ദ്രങ്ങളായി 137 സ്കൂളുകൾ പ്രഖ്യാപിച്ച് അവയ്ക്ക് അനുമതി കൊടുത്തിരിക്കുന്നു. സംഘടനാ സ്വാതന്ത്ര്യം കലാലയത്തിലുണ്ടാകണം. രാജ്യത്ത് ലെനിൻ പ്രതിമ തകർത്തപ്പോൾ നിങ്ങൾ സന്തോഷിക്കുകയാണ്. ലെനിന്റെ പ്രതിമ തകർക്കപ്പെട്ടതിനുശേഷം അംബേദ്കറുടെ പ്രതിമ രാജ്യത്ത് ആർ.എസ്.എസ്. തകർക്കുകയാണ്. ഒരു പുതിയ കാലത്തിലൂടെയാണ് രാജ്യം കടന്നുപോകുന്നത്. രാജ്യം ഉറ്റുനോക്കുന്നത് രാജ്യത്തെ കർഷകർ, വിദ്യാർത്ഥികൾ എന്നിവരെയാണ്. അവിടെയെല്ലാം ഇടതുപക്ഷമാണ്. രാജ്യത്തെ കോളേജു കളിലാകെ ഇടതുപക്ഷമാണ്. പ്രമുഖമായ യൂണിവേഴ്സിറ്റികളിൽ ഇടതുപക്ഷമാണ്. അംബേദ്കർ യൂണിവേഴ്സിറ്റിയിൽ ഇടതുപക്ഷ വിദ്യാർത്ഥി പ്രസ്ഥാനമായ എസ്.എഫ്.ഐ.-യാണ്. സാംസ്കാരിക മേഖലയിൽ ഗാന്ധിയെ മറന്ന കോൺഗ്രസ്, മജ്ജയും മാംസവും രക്തവുമുള്ള ഒരു മനുഷ്യൻ ഇങ്ങനെ ഭൂമുഖത്ത് ജീവിച്ചിരുന്നുവെന്ന് പുതുതലമുറയ്ക്ക് വിശ്വസിക്കാൻ പ്രയാസമായിരിക്കുമെന്ന് ആൽബർട്ട് ഐൻസ്റ്റീൻ പറഞ്ഞിരുന്നു. അങ്ങനെയുള്ള ഗാന്ധിയെ മറന്ന കോൺഗ്രസിനെ, ആ ഗാന്ധിയുടെ 70-ാം രക്തസാക്ഷിത്വ ദിനാചരണ പരിപാടികൾ സംഘടിപ്പിക്കുകയാണ്. രാഷ്ട്രീയം നോക്കിയാണോ ഇന്ദ്രൻസിനും വിനായകനും അവാർഡ് കൊടുത്തതെന്ന് ഇവിടെ ചോദിച്ചു. രാഷ്ട്രീയം നോക്കിയല്ല, ഗ്ലാമർ നോക്കിയല്ല, മുഖം നോക്കിയല്ല, അഭിനയം നോക്കി അവാർഡ് കൊടുക്കുന്ന സർക്കാരായി ഈ സർക്കാർ മാറുന്നു. നിങ്ങൾ രാജ്യത്തിന്റെ മാറ്റം തിരിച്ചറിയേണ്ടതായിട്ടുണ്ട്. കടലവകാശ നിയമം വേണമെന്ന് ശ്രീ. ഹൈബി ഈഡൻ ഇവിടെ പറഞ്ഞു. പാവപ്പെട്ടവരോടുള്ള സ്നേഹം പ്രതിപക്ഷ ത്തിരിക്കുമ്പോൾ മാത്രംപോരാ.ഡോ. മൻമോഹൻ സിംഗ് ഇന്ത്യയുടെ പ്രധാനമന്ത്രിയായിരുന്നപ്പോൾ ഈ രാജ്യത്തെ പാവപ്പെട്ടവർക്ക് സബ്സിഡി ചോദിക്കുമ്പോൾ പണം കായ്ക്കുന്ന മരമില്ല, ഗ്യാസിന്റെ സബ്സിഡി ചോദിക്കുമ്പോൾ നിങ്ങൾ വിറകൊടിച്ച് അടുപ്പിലേയ്ക്ക് വയ്ക്കാൻ പറഞ്ഞ കാലം ഇന്ത്യയിലെ കോൺഗ്രസ് പാർട്ടി അധികാരത്തിലിരിക്കുമ്പോൾ ഉണ്ടായിരുന്നു.

പ്രതിപക്ഷത്തിരിക്കുമ്പോഴും പരാജയപ്പെടുമ്പോഴും മാത്രമല്ല ഈ രാജ്യത്തെ സാധാരണക്കാരെ ഓർക്കേണ്ടത്. ഭരണപക്ഷത്തിരിക്കുമ്പോഴും നിങ്ങൾ ഓർക്കേണ്ടിയിരുന്നു. ലീഗിനെക്കുറിച്ച് ഒന്നും പറയുന്നില്ല. നരിക്കാട്ട് സൂപ്പിയെന്ന ലീഗ് നേതാവിന്റെ പറമ്പിലാണ് ബോംബ് നിർമ്മിച്ചതും അഞ്ചാളുകൾ മരിച്ചതെന്നുമുള്ളത് യാഥാർത്ഥ്യമല്ലേ. ലീഗ് അംഗീകരിക്കാതിരിക്കുന്നുണ്ടോ; ലീഗും അതംഗീകരിക്കുന്നതല്ലേ.

മുസ്ലീം ലീഗിന് മദ്യത്തെക്കുറിച്ച് എന്താണ് പറയാൻ കഴിയുക? കേരളത്തിലേതെങ്കിലും ഒരു പാർട്ടിയുടെ സമ്മേളനം നടക്കുമ്പോൾ ബാറിന് അവധി കൊടുത്തിട്ടുണ്ടോ? ചിലപ്പോൾ ആഘോഷങ്ങൾ നടക്കുമ്പോൾ ഏതെങ്കിലും സ്ഥലത്തെ സ്കൂളുകൾക്ക് അവധി പ്രഖ്യാപിക്കാം. പക്ഷെ മുസ്ലീം ലീഗിന്റെ ജില്ലാ സമ്മേളനം നടക്കുമ്പോൾ കാസർഗോഡ് ജില്ലയിൽ ബാറിന് അവധി കൊടുത്ത ഒരു കാലം ഇവിടെയുണ്ടായിരുന്നു. ഞാൻ ദീർഘിപ്പിക്കുന്നില്ല.

തീരദേശത്തിന്റെ ബഡ്ജറ്റാണ് ഈ ഗവൺമെന്റ് അവതരിപ്പിച്ചത്. ഇന്നത്തെ ദിവസം മഹാനായ എ.കെ.ജി.-യുടെ ദിനമാണ്. എ.കെ.ജി. തീർത്ത ശൂന്യതയ്ക്ക് 41 വയസ്സ് പിന്നിടുകയാണ്. ആയില്യത്ത് കുറ്റ്യേരി ഗോപാലൻ എന്ന എ.കെ.ജി. ഇന്ത്യൻ ജനതയുടെ ഹൃദയത്തിൽ പാവപ്പെട്ടവന്റെ പടത്തലവനായി അമരത്വം നേടിയ ത്ര്യയാക്ഷരമാണ്. 1931-ലെ ഗുരുവായൂർ സത്യാഗ്രഹത്തിന്റെ ഭാഗമായി ജാഥ നയിക്കുമ്പോൾ പയ്യന്നൂരിലെ കണ്ടോത്ത് വച്ചാണ് എ.കെ.ജി.-ക്ക് അടി കിട്ടിയത്. 1936-ൽ സ. എ.കെ.ജി. മലബാറിൽ നിന്ന് മദ്രാസിലേയ്ക്ക് പട്ടിണി ജാഥ സംഘടിപ്പിച്ചു. 20 തവണ തടവറയിൽ കിടന്നു. രാജ്യം സ്വതന്ത്രമാകുമ്പോഴും സ. എ.കെ. ഗോപാലൻ തടവറയിൽ കിടന്നു. മർദ്ദനങ്ങളും ജയിൽവാസങ്ങളും ഏറ്റുവാങ്ങി. ആ എ.കെ.ജി.-യുടെ ജീവിതകഥയാണ് വായിക്കേണ്ടത്. ഒരു എൽ.കെ.ജി. കുട്ടി ബാലരമ വായിക്കുന്ന ലാഘവത്തോടുകൂടി വായിക്കേണ്ടതല്ല എ.കെ.ജി.-യുടെ ജീവിതകഥ. ഫെയ്സ് ബുക്ക് ലിബറൽസിയൻമാരുടെ കേരള മോഡലിന്റെ അപവാദ കഥാരംഗത്ത് മുട്ടുമടക്കുന്നതല്ല എ.കെ.ജി.-യുടെ ജീവിതവും ആ മഹാനുഭവന്റെ ഓർമ്മകളും എന്നുമാത്രം ഓർമ്മപ്പെടുത്തിക്കൊണ്ട് ഈ ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

<u>ശ്രീ. കെ. ജെ. മാക്സി</u>: സർ, 2018-19-ലെ സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം, മത്സ്യബന്ധനം എന്നിവ സംബന്ധിച്ച ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്.

ദേശീയ-സംസ്ഥാന സമ്പദ് വ്യവസ്ഥയിൽ വിജയ സാധ്യതയുള്ള മേഖലയായാണ് മത്സ്യബന്ധനത്തെ കണക്കാക്കിയിട്ടുള്ളത്. ലോകത്തിൽ ഏറ്റവും കൂടുതൽ മത്സ്യം ഉല്പാദിപ്പിക്കുന്ന രാജ്യങ്ങളിൽ രണ്ടാംസ്ഥാനം ഇന്ത്യയ്ക്കാണ്. അതിൽ പ്രധാന പങ്കുവഹിക്കുന്ന സംസ്ഥാനമാണ് കേരളം. കഴിഞ്ഞ നവംബർ മാസം 30-ാം തീയതി ഈ നൂറ്റാണ്ടിലെ എറ്റവും വലിയ ദുരന്തമായ ഓഖി ചുഴലിക്കാറ്റ് കേരള തീരത്ത് ആഞ്ഞടിച്ചപ്പോൾ അന്ന് ഉച്ചയ്ക്ക് മാത്രമാണ് നമുക്ക് മുന്നറിയിപ്പ് ലഭിച്ചത്. ഈ മുന്നറിയിപ്പിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ഗവൺമെന്റ് ഏറ്റവും ശ്രദ്ധേയമായ ദുരിതാശ്വാസ പ്രവർത്തനങ്ങളാണ് നടത്തിയത്. നാവികസേന, വ്യോമസേന, കോസ്റ്റ് ഗാർഡ് ഉൾപ്പെടെയുള്ള സംവിധാനങ്ങളെല്ലാം ഏറ്റവും സജീവമായാണ് പ്രവർത്തിച്ചത്. ഓഖി ദുരന്തത്തിൽ വിലപ്പെട്ട ഒട്ടേറെ ജീവനുകൾ നമുക്ക് നഷ്ടമായി. അതിൽ നാം വേദനിക്കുകയാണ്. ദുരന്തബാധിത കുടുംബങ്ങൾക്ക് ജീവിതം മുന്നോട്ടു കൊണ്ടുപോകാനുള്ള എല്ലാ പിന്തുണയും ഈ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുമെന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രഖ്യാപനം വന്നു. ഫിഷറീസ് വകുപ്പുമന്ത്രി ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മയും സഹകരണ വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രനും തീരപ്രദേശത്ത് ക്യാമ്പ് ചെയ്ത് ദുരിതത്തിൽപ്പെട്ടവരെ ആശ്വസിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുകയും ചെയ്തു. കേരളത്തിലെ ഈ മാതൃകാപരമായ രക്ഷാപ്രവർത്തനങ്ങളെ തമിഴ്നാട്ടിലെ പത്രങ്ങൾവരെ അഭിനന്ദിക്കുകയുണ്ടായി. കടലിൽപ്പെട്ടുപോയ മത്സ്യത്തൊഴിലാളികളെ രക്ഷിക്കുന്നതിനുള്ള ഊർജ്ജിതമായ തയ്യാറെടുപ്പുകളാണ് ഇതിന്റെ ഭാഗമായി നടന്നുകൊണ്ടിരുന്നത്. നവംബർ 30-ന് ഉച്ചയ്ക്ക് 12 മണിക്കാണ് കേന്ദ്ര കാലാവസ്ഥ വകുപ്പ് നമുക്ക് മുന്നറിയിപ്പ് നൽകുന്നത്. ഇങ്ങനെയൊരു ദുരന്തമുണ്ടാകുമ്പോൾ; ഒരു ചുഴലിക്കാറ്റ് ഉണ്ടാകുമ്പോൾ കേന്ദ്ര കാലാവസ്ഥാ വകുപ്പ് 72 മണിക്കൂറിന് മുമ്പ് നാല് പ്രാവശ്യം വിവരം അറിയിക്കേണ്ടതാണ്. അത് ചെയ്യാതെയാണ് മുന്നോട്ടുപോയത്. ആദ്യഘട്ടമെന്ന നിലയ്ക്ക് ന്യൂനമർദ്ദം ചുഴലിക്കാറ്റായി മാറാൻ സാധ്യതയുണ്ടെന്ന് സംസ്ഥാനങ്ങൾക്ക് മുന്നറിയിപ്പ് തരേണ്ടത് 72 മണിക്കൂർ മുമ്പാണ്. രണ്ടാംഘട്ടമെന്ന് പറയുന്നത്, 48 മണിക്കൂറിന് മുമ്പാണ്. ചുഴലിക്കാറ്റ് ബാധിക്കാൻ സാധ്യതയുള്ള ജില്ലകളേതെന്നും ദുരന്തനിവാരണ അതോറിറ്റി (മാധ്യമങ്ങൾ, പൊതുജനങ്ങൾ, മത്സ്യത്തൊഴിലാളികൾ എന്നിവർക്ക് നിർദ്ദേശം കൊടുക്കാൻ) സംസ്ഥാന ഗവൺമെന്റിനെ അറിയിക്കണം. മൂന്നാംഘട്ടം, 24 മണിക്കൂറിന് മുമ്പാണ്- തീരത്ത് എത്ര മണിക്കൂർ കാലാവസ്ഥ മോശമാകാൻ സാധ്യതയുണ്ടെന്നും ചുഴലിക്കാറ്റിന്റെ തീവ്രത എത്രയുണ്ടാകുമെന്നും അറിയിക്കണം. നാലാംഘട്ടം, 12 മണിക്കൂർ മുമ്പാണ്. ചുഴലിക്കാറ്റ് കരയിൽ എത്താൻ സാധ്യതയുള്ള ദിശയേതാണെന്ന് അറിയിക്കണം. എന്നാൽ ഏതാനും

മണിക്കൂറുകൾക്ക് മുമ്പുമാത്രമാണ് നമ്മളറിഞ്ഞത്. എന്നിട്ടുപോലും തീവ്രമായ പ്രവർത്തനങ്ങളാണ് നാം ഏറ്റെടുത്തു നടത്തിയത്. മുൻകൂട്ടി വിവരം ലഭിച്ചില്ലെന്ന് കേന്ദ്ര ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. രാജ്നാഥ് സിംഗ് പാർലമെന്റിൽ അറിയിക്കുകയുണ്ടായി. ദുരന്തത്തിന് സാക്ഷ്യം വഹിച്ച കേരളം രക്ഷാ പ്രവർത്തനത്തിലും ദുരിതാശ്വാസ നടപടിയിലും കാണിച്ച കൂട്ടായ ജാഗ്രത രാജ്യത്തിന് മാതൃകയായിരുന്നു. കേരളത്തിലെത്തിയ പ്രധാനമന്ത്രിയും ലോക്സഭയിൽ ആഭ്യന്തര വകുപ്പുമന്ത്രിയും സർക്കാരിന്റെ ഈ നടപടികളെ അഭിനന്ദിച്ചു. ദുരന്തത്തിന് മുമ്പിൽ കേരളം വിറങ്ങലിച്ചു നിന്നില്ല. കോസ്റ്റ് ഗാർഡിന്റെ 15 കപ്പലുകൾ ദിവസങ്ങളോളം കടലിൽ തിരച്ചിൽ നടത്തി. വ്യോമസേനയുടെയും നാവികസേനയുടെയും വിമാനങ്ങളും ഹെലികോപ്റ്ററുകളും തെരച്ചിൽ നടത്തി. 800 ഓളം പേരെയാണ് കടലിൽ നിന്ന് രക്ഷിക്കാൻ കഴിഞ്ഞത്. ഫിഷറീസ്, റവന്യൂ, പോലീസ്, ആരോഗ്യ വകുപ്പുകൾ ഒറ്റക്കെട്ടായി കൺട്രോൾ റൂമുകൾ തുറന്ന് പ്രവർത്തനങ്ങളാരംഭിച്ചു. മരിച്ചവരുടെ ആശ്രിതർക്ക് ഈ സർക്കാർ പ്രഖ്യാപിച്ചത് 20 ലക്ഷം രൂപയാണ്. ആ 20 ലക്ഷം രൂപ കൊടുക്കാൻ കഴിഞ്ഞു. കടലിൽ കാണാതായവരുടെ കുടുംബങ്ങൾക്ക് 10000 രൂപ പ്രതിമാസം കൊടുക്കുന്നു. ഇവർക്കായി പ്രഖ്യാപിച്ച 20 ലക്ഷം രൂപ അവരുടെ അവകാശികളുടെ പേരിൽ ബാങ്കിൽ നിക്ഷേപിച്ചു. കടലിൽപോകാൻ കഴിയാത്ത 7.6 ലക്ഷത്തോളം മത്സ്യത്തൊഴിലാളികളുടെ കുടുംബത്തിന് പ്രതിദിനം 60 രൂപയും കുട്ടികൾക്ക് 40 രൂപയും കൊടുക്കാൻ കഴിഞ്ഞു. ഗുരുതരമായി പരിക്കേറ്റവർക്ക് ജീവിതോപാധിയായി 5 ലക്ഷം രൂപ വരെ കൊടുക്കാൻ കഴിഞ്ഞു. കടൽ നമുക്കൊക്കെ ഒരു കാഴ്ചവസ്തുവാണ്. എന്നാൽ മത്സ്യത്തൊഴിലാളിക്ക് അവരുടെ ജീവിതമാണ്. മത്സ്യമേഖലയിൽ മത്സ്യത്തൊഴിലാളികൾക്ക് കടലിന്റെ അവകാശം ഉറപ്പുവരുത്തുന്ന സമഗ്ര ജലപരിഷ്കരണ നിയമം ആവിഷ്കരിച്ച് നടപ്പിലാക്കുമെന്ന് നമ്മുടെ പ്രിയപ്പെട്ട മുഖ്യമന്ത്രി സ. പിണറായി വിജയൻ വ്യക്തമാക്കിയിട്ടുണ്ട്. ഓഖി ദുരന്തത്തിനുശേഷം പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി, കേന്ദ്രമന്ത്രിമാരായ ശ്രീമതി നിർമ്മല സീതാരാമൻ, ശ്രീ. അൽഫോൺസ് കണ്ണന്താനം എന്നിവരെ കൂടാതെ മറ്റ് കേന്ദ്രസംഘങ്ങളും ഇവിടെ വന്നു. കേന്ദ്ര സംഘം ഓരോ പ്രദേശത്തുനിന്നും കണക്കുകളെടുത്തു, ഓരോ കുടുംബങ്ങളെ കണ്ട് നാശനഷ്ടങ്ങൾ മനസ്സിലാക്കി. നഷ്ടപരിഹാരമായി നാം കേന്ദ്രത്തോട് ആവശ്യപ്പെട്ടത് 7340.45 കോടി രൂപയാണ്. എന്നാൽ കേന്ദ്രം നമുക്ക് അനുവദിച്ചത് വെറും 169 കോടി രൂപയാണ്. ഇത് തീർത്തും വിവേചനപരമാണ്. ഗുജറാത്തിൽ ഈ ദുരന്തമുണ്ടായില്ലെങ്കിലും ആയിരത്തിലധികം കോടി രൂപ ഗുജറാത്തിന് കൊടുത്ത കേന്ദ്ര ഗവൺമെന്റാണ് നമ്മുടെ മുമ്പിലുള്ളത്.

സംസ്ഥാന ബഡ്ജറ്റിൽ തീരദേശ മേഖലയ്ക്ക് രണ്ടായിരത്തിലധികം കോടി രൂപ പ്രഖ്യാപിച്ചിരിക്കുകയാണ്. ഇതിന്റെ ഭാഗമായി ഈ മേഖലയെ സംരക്ഷിച്ച് കൊണ്ടുപോകാൻ കഴിയും. എന്റെ പ്രിയ സുഹൃത്തായ ശ്രീ. ഹൈബി ഈഡൻ ഒരു കാര്യം നേരത്തെ സൂചിപ്പിച്ചു. കൊച്ചി മണ്ഡലത്തിൽ ഓഖി ദുരന്തമുണ്ടായപ്പോൾ ഒരു കിലോമീറ്ററിൽ നൂറുമീറ്ററോളം കടൽഭിത്തി തകർന്നുപോയി. അതിന്റെ ഭാഗമായി അവിടെ മുന്നൂറോളം വീടുകൾ ദുരിതത്തിലായി, നാശനഷ്ടങ്ങളുമുണ്ടായി. അഞ്ഞൂറിലധികം വരുന്ന ആൾക്കാരെ ഒരു മാസത്തോളം ദുരിതാശ്വാസ ക്യാമ്പിൽ താമസിപ്പിക്കേണ്ടിവന്നു. ആ പ്രദേശത്ത് കടൽഭിത്തി നിർമ്മിക്കുന്നതിനു വേണ്ടിയാണ് 8 കോടി രൂപയുടെ ജിയോ ട്യൂബ് സംവിധാനം സ്വീകരിക്കാൻ പോകുന്നത്. ഐ.ഐ.ടി. റിപ്പോർട്ടുണ്ട്. ഇപ്പോൾ ജിയോ ട്യൂബ് മോശമാണെന്ന് പ്രഖ്യാപിച്ചുകൊണ്ട് ആ പദ്ധതിയെ അട്ടിമറിക്കാനുള്ള ശ്രമമാണ് നടന്നുകൊണ്ടിരിക്കുന്നത്. തീരപ്രദേശങ്ങളിൽ പുലിമുട്ട് സ്ഥാപിക്കാൻവേണ്ടി; കടൽഭിത്തികൾ കെട്ടാൻവേണ്ടി ടെണ്ടർ വിളിച്ചാൽ ആരും എടുക്കാനില്ല, കാരണം കരിങ്കല്ല് കിട്ടാനില്ല. അപ്പോഴാണ് ഐ.ഐ.ടി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജിയോ ട്യൂബ് സംവിധാനം കൊണ്ടുവരാനുള്ള നടപടി സ്വീകരിച്ചിരിക്കുന്നത്. ആ പദ്ധതി അട്ടിമറിക്കാനുള്ള ശ്രമമാണ് ഇവരുടെ ഭാഗത്തുനിന്നുണ്ടായിരിക്കുന്നത് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഈ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ കേരളം ഇന്ത്യയ്ക്കും ലോകത്തിനും മാതൃകയായി. ഈ നൂറ്റാണ്ടിലുണ്ടായ ഒരു സംഭവമാണ്. ഇത് എങ്ങനെ കൈകാര്യം ചെയ്യണമെന്ന് നമുക്കറിയില്ല. എങ്കിലും കേരളം വിറങ്ങലിച്ചുനിൽക്കാതെ ഏറ്റവും നല്ല നടപടികളാണ് സ്വീകരിച്ചത്.

വിദ്യാഭ്യാസ മേഖലയിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം വിജയം കണ്ടുതുടങ്ങി. കഴിഞ്ഞ ജൂൺ മാസം 1-ാം തീയതി പൊതുവിദ്യാഭ്യാസ രംഗത്ത് 1.5 ലക്ഷം കുട്ടികളാണ് പുതുതായി കടന്നുവന്നത്. കേരളത്തെ കേരളമാക്കി മാറ്റുന്നതിൽ വലിയ പങ്കുവഹിച്ച പൊതുവിദ്യാഭ്യാസത്തിന്റെ രണ്ടാം ജന്മമാണിത്. വിദ്യാഭ്യാസ മേഖലയിൽ സമഗ്രമായ മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുന്നു. എം.എൽ.എ.-മാർ നിർദ്ദേശിച്ച 141 വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. അദ്ധ്യാപകർ, പി.ടി.എ., സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി, പൂർവ്വ വിദ്യാർത്ഥി സംഘടനകൾ, ജനപ്രതിനിധികൾ, വിദഗ്ദ്ധർ തുടങ്ങിയവരുടെ പങ്കാളിത്തത്തോടുകൂടി വിദ്യാലയങ്ങളിൽ അക്കാദമിക് മാസ്റ്റർ പ്ലാൻ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. രണ്ടാം ഘട്ടമായി 217 വിദ്യാലയങ്ങളെ ലോകോത്തര നിലവാരത്തിലേയ്ക്ക് ഉയർത്തുവാനുള്ള പ്രവർത്തനങ്ങളാണ് ബഡ്ജറ്റിൽ ഉറപ്പുവരുത്തിയിട്ടുള്ളത്. ക്ലാസ്റൂം ഡിജിറ്റൈസേഷന് 700 കോടി രൂപയാണ് മാറ്റിവച്ചിട്ടുള്ളത്. മധ്യവേനൽ

അവധിക്കാലത്ത് ഇതിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുമെന്നാണ് പറഞ്ഞിട്ടുള്ളത്. അടുത്ത വർഷത്തേയ്ക്കുള്ള പാഠപുസ്തകങ്ങളുടെ രണ്ടുലക്ഷത്തിലധികം കോപ്പികൾ അച്ചടിച്ച് കുട്ടികളുടെ കൈയിൽ കൊടുത്തുകഴിഞ്ഞു. കുട്ടികൾ ഇതുമായി വീട്ടിലേയ്ക്കു പോകുമ്പോൾ നമുക്കറിയാം, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ജൂൺ ഒന്നാം തീയതി പോലും പാഠപുസ്തകം കിട്ടാത്ത സാഹചര്യമുണ്ടായിരുന്നു. ഓണപരീക്ഷയും ക്രിസ്തുമസ് പരീക്ഷയും കഴിഞ്ഞിട്ടും പാഠപുസ്തകം കിട്ടാനില്ലാതെ കുട്ടികൾ വിഷമിച്ചിരുന്ന കാലമുണ്ടായിരുന്നു. ഇവിടത്തെ ജനപ്രതിനിധികൾ, ഡി.വൈ.എഫ്.ഐ. പോലുള്ള യുവജന പ്രവർത്തകർ തുടങ്ങിയവർ പുസ്തകങ്ങളുടെ ഫോട്ടോകോപ്പിയെടുത്ത് കുട്ടികൾക്ക് കൊടുക്കേണ്ട സാഹചര്യം അക്കാലത്തുണ്ടായിരുന്നു. അതെല്ലാം മനസ്സിലാക്കിക്കൊണ്ട് വളരെ മുൻകൂട്ടി തന്നെയാണ് പാഠപുസ്തകങ്ങൾ കൊടുത്തിട്ടുള്ളത്. ഈ ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. വി. ടി. ബൽറാം</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ധാരാളം വിഷയങ്ങൾ ചർച്ച ചെയ്യാനുണ്ട്. സമയക്കുറവുകൊണ്ട് എല്ലാ വിഷയങ്ങളിലേയ്ക്കും ഞാൻ കടക്കുന്നില്ല. ഫിഷറീസ് വകുപ്പുമായി ബന്ധപ്പെട്ട് എന്റെ പ്രിയ സുഹൃത്ത് ശ്രീ. ഹൈബി ഈഡൻ വളരെ ആധികാരികമായ ഒരു പ്രസംഗം ഇവിടെ നടത്തിക്കഴിഞ്ഞു. വിദ്യാഭ്യാസത്തെക്കുറിച്ച് ഒന്നുരണ്ട് കാര്യങ്ങൾ പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് നമ്മുടെ പൊതുവിദ്യാഭ്യാസത്തെ ഉയർത്തുന്നതിനുള്ള നടപടികൾ ഈ ഗവൺമെന്റ് പ്രഖ്യാപിച്ചിരിക്കുകയാണ്. ആ പ്രഖ്യാപനത്തെ ഞാൻ സ്വാഗതം ചെയ്യുകയാണ്. ഈ വർഷമെങ്കിലും അത് പ്രയോഗതലത്തിലേയ്ക്ക് കടന്നുവരുമെന്നാണ് എന്റെ പ്രതീക്ഷ.

ഭൗതിക സൗകര്യങ്ങളുടെ കാര്യത്തിൽ വലിയ പ്രാധാന്യം നമ്മൾ നൽകുന്നുണ്ട്. ഞാൻ നേരത്തെ ഒരു സബ്മിഷൻ അവതരിപ്പിച്ചപ്പോൾ ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി വളരെ നെഗറ്റീവായ ഒരു മറുപടിയാണ് തന്നത്. 70 വർഷമായി സ്വന്തമായി കെട്ടിടമില്ലാതെ വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരു പൊതുവിദ്യാലയത്തിന്റെ ബുദ്ധിമുട്ടിനെക്കുറിച്ചാണ് ഞാൻ സൂചിപ്പിച്ചത്. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി നടപടിക്രമങ്ങളും നൂലാമാലകളുമൊക്കെ സാങ്കേതികമായി വ്യാഖ്യാനിച്ച് നൽകിയ ആ മറുപടിയിലെ പൊള്ളത്തരം മനസ്സിലാക്കി ഇക്കാര്യത്തിൽ ഇടപെടൽ നടത്താൻ വിദ്യാഭ്യാസ വകുപ്പുമന്ത്രിയെങ്കിലും തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഭൗതിക സൗകര്യങ്ങളുടെ കാര്യത്തിൽ സ്മാർട്ട്

ക്ലാസ്റൂമുകൾ ഉണ്ടാകുന്നുണ്ട്. അതോടൊപ്പം മറ്റ് പല കെട്ടിട നിർമ്മാണങ്ങളും നടക്കുമെന്ന് പ്രതീക്ഷിക്കുന്നു. അത് നല്ല കാര്യമാണ്. അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഞങ്ങളുടെ മണ്ഡലങ്ങളിലെ സ്കൂളുകളുടെ പ്രവർത്തനങ്ങളിൽ ഞങ്ങൾ ഏർപ്പെടുന്നുണ്ട്. അതൊക്കെ നല്ല കാര്യമാണ്. അന്താരാഷ്ട്ര നിലവാരവുമായി തട്ടിച്ചുനോക്കുമ്പോൾ നമ്മുടെ സ്കൂൾ വിദ്യാഭ്യാസം എവിടെ നിൽക്കുന്നു എന്നുള്ള നിഷ്പക്ഷമായ ഒരു വിലയിരുത്തൽ നടത്തേണ്ടതായിട്ടുണ്ട്. കുട്ടികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി അന്തർദ്ദേശീയ തലത്തിൽ പ്രോഗ്രാം ഫോർ ഇന്റർനാഷണൽ സ്റ്റുഡന്റ് അസെസ്സ്മെന്റ് (PISA) എന്ന പേരിലുള്ള ഒരു അസെസ്സ്മെന്റ് രീതി നിലനിൽക്കുന്നുണ്ട്. 15 വയസ്സായ സ്കൂൾ ഗോയിംഗ് കുട്ടികളെ പരിശോധിച്ചുകൊണ്ട് സയൻസിലും കണക്കിലും വായനയിലുമൊക്കെയുള്ള അവരുടെ കഴിവുകൾ വിലയിരുത്തി കൊണ്ടാണ് ഇതിന്റെ റേറ്റിംഗ് തയ്യാറാക്കുന്നത്. ഇങ്ങനെ പിസ റാങ്കിംഗിൽ ഉയർന്ന നിലവാരത്തിൽ വരുന്ന കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസത്തിനും കൂടുതൽ അവസരങ്ങൾ ലഭിക്കുന്നുണ്ട്. ഇത്തരത്തിൽ അന്തർദ്ദേശീയ തലത്തിലുള്ള അസെസ്സ്മെന്റിൽ പങ്കെടുക്കാൻ കഴിയുന്ന തരത്തിലേയ്ക്ക് നമ്മുടെ സ്കൂൾ വിദ്യാഭ്യാസത്തെ മാറ്റിയെടുക്കാൻ ഗവൺമെന്റ് ശ്രദ്ധിക്കണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്.

വിദേശ പഠനം ഇന്ന് പല ആളുകളും ആഗ്രഹിക്കുന്നതാണ്. പക്ഷേ അതിന്റെ മറവിൽ ധാരാളം തട്ടിപ്പുകൾ ഇവിടെ നടക്കുന്നുണ്ട്. വിദ്യാഭ്യാസ കൺസൾട്ടൻസികളെന്ന പേരിൽ പല ഏജൻസികൾ പ്രവർത്തിക്കുന്നു. ഇവരുടെമേൽ യാതൊരു നിയന്ത്രണവുമില്ല. ഇവർക്ക് രജിസ്ട്രേഷൻപോലും ഉണ്ടോയെന്ന് അറിയില്ല. ഹയർ എഡ്യൂക്കേഷൻ കൗൺസിൽ പോലെയുള്ള സർക്കാർ വെള്ളാനകൾ ഇക്കാര്യത്തിൽ ഇടപെടുന്നുണ്ടോ എന്നുള്ളതിനെക്കുറിച്ച് യാതൊരു വാർത്തയും പുറത്തുവരുന്നില്ല. അങ്ങനെയൊരു ഇഫക്ടീവായ ഇടപെടൽ നമുക്ക് കാണാൻ സാധിക്കുന്നില്ല. ഇന്ത്യയിലോ വിദേശത്തോ അംഗീകാരമുള്ള കോളേജുകളുടെയും യൂണിവേഴ്സിറ്റികളുടെയും പേരിൽ, അംഗീകാരമില്ലാത്ത കോഴ്സുകളുടെ പേരിൽ, ഇവിടത്തെ കുട്ടികളെ കബളിപ്പിക്കുന്ന തരത്തിലുള്ള വിദ്യാഭ്യാസ കൺസൾട്ടൻസികളെ നിലയ്ക്കുനിർത്താൻ, അവരെ നിയന്ത്രണ വിധേയമാക്കാൻ ഗവൺമെന്റിന്റെ ഇടപെടലുണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ഓൺലൈൻ വിദ്യാഭ്യാസത്തിനുള്ള സാധ്യതകൾ വളർന്നുവരികയാണ്. ഒരുപക്ഷേ നാളത്തെ വിദ്യാഭ്യാസ രീതിതന്നെ അങ്ങനെയാകുമെന്നുള്ളതാണ് ലോക വ്യാപകമായി വിലയിരുത്തപ്പെടുന്നത്. വിദ്യാഭ്യാസത്തിന്റെ ഒരു

വിപ്ലവമായി ഇത് മാറിക്കൊണ്ടിരിക്കുകയാണ്. മാസീവ് ഓപ്പൺ ഓൺലൈൻ കോഴ്സസ് (MOOC) എന്നുപറയുന്ന ഒരു സംവിധാനത്തെക്കുറിച്ച് ലോകം മുഴുവൻ ഇന്ന് ചർച്ച ചെയ്യുകയാണ്. ലോകത്തിലെ ഏറ്റവും പ്രഗത്ഭരായ അദ്ധ്യാപകരുടെ ക്ലാസ്സുകൾ ശ്രവിച്ച് ഏറ്റവും ലേറ്റസ്റ്റായിട്ടുള്ള സിലബസുകൾ സ്വീകരിച്ച് കോഴ്സുകളിൽ പങ്കെടുക്കാനും അതിന്റെ ക്രെഡിറ്റ് നേടാനുമുള്ള അവസരം ഈ മാസീവ് ഓപ്പൺ ഓൺലൈൻ കോഴ്സിലൂടെ ലഭിക്കുകയാണ്. കേരളത്തിലെ സർവ്വകലാശാലകൾ ഇത്തരത്തിലുള്ള ഓൺലൈൻ കോഴ്സുകളുമായി ഏത് നിലയിലാണ് ബന്ധപ്പെടുന്നത്; ആ നിലവാരത്തിലേയ്ക്ക് എത്താൻ സാധിക്കുന്നുണ്ടോ? അതിന്റെ സിലബസുകൾ സമയാനുസൃതമായി അഡോപ്റ്റ് ചെയ്ത് പരിഷ്കരിക്കാൻ നമുക്ക് സാധിക്കുന്നുണ്ടോ? ഇത്തരത്തിലുള്ള നൂതന സമീപനങ്ങൾ ഉൾക്കൊള്ളാൻ നമ്മുടെ സർവ്വകലാശാലകൾക്ക് സാധിക്കുന്നുണ്ടോ? ഇത് നമ്മൾ ചർച്ച ചെയ്യേണ്ട കാര്യമാണ്.

അദ്ധ്യാപകരുടെ നിലവാരത്തെക്കുറിച്ച് ഇവിടെ ചർച്ച ചെയ്തു. പ്രശസ്ത കവി ശ്രീ. ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ വിലാപം ഇന്ന് കേരളം കേട്ടുകൊണ്ടിരിക്കുകയാണ്.വലിയ യാഥാർത്ഥ്യമാണത്. പല കോളേജുകളിലെയും പി.ജി.(ഇംഗ്ലീഷ് ലിറ്ററേച്ചർ) കോഴ്സിനുപോലും മലയാളത്തിലാണ് ക്ലാസുകളെടുക്കുന്നത്. ആ നിലയിലാണ് നമ്മുടെ ഉന്നത വിദ്യാഭ്യാസം മുന്നോട്ടുപോകുന്നത് എന്നുള്ളതുകൊണ്ട് അതിൽ ഇടപെടാനും മാറ്റം വരുത്താനും ഹയർ എഡ്യൂക്കേഷൻ കൗൺസിലിന് സാധിക്കേണ്ടതായിട്ടുണ്ട്. ആ നിലയിലുള്ള ഒരു ഇടപെടൽ ഏതായാലും ദൃശ്യമാകുന്നില്ല. തൽക്കാലത്തേയ്ക്കെങ്കിലും ഗവൺമെന്റ് ശ്രദ്ധിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ഇന്ന് ചർച്ച ചെയ്യപ്പെടുന്ന മറ്റൊരു ആശയമാണ് ക്രെഡിറ്റ് ട്രാൻസ്ഫർ. ലോകവ്യാപകമായി സർവ്വകലാശാലകളെ തമ്മിൽ ബന്ധിപ്പിക്കുകയാണ്. ഒരു രാജ്യത്തെ യൂണിവേഴ്സിറ്റിയിൽനിന്ന് ആറ് മാസമോ ഒരു വർഷമോ പഠിച്ച വിദ്യാർത്ഥിക്ക് മറ്റൊരു രാജ്യത്ത് പോയി പഠിക്കുമ്പോൾ ആദ്യത്തെ കോഴ്സിന്റെ ക്രെഡിറ്റ് ഉപയോഗപ്പെടുത്താൻ കഴിയുന്ന അവസ്ഥ ഇന്ന് പല രാജ്യങ്ങളിലുമുണ്ട്. ആ നിലയിലുള്ള ഒരു ഇന്റഗ്രേഷനിലേയ്ക്കാണ് ലോകം പോകുന്നത്. പക്ഷേ കേരളത്തിലെ ഒരു സർവ്വകലാശാലയിൽനിന്ന് അടുത്ത സർവ്വകലാശാലയിലേയ്ക്കു പോലും ഈ പഠന സൗകര്യം ലഭിക്കുന്നില്ല. ബി.ടെക് കോഴ്സിന് ചേർന്ന് രണ്ട് വർഷം കഴിയുമ്പോഴാണ് ഈ കോഴ്സ് അവർക്ക് ചേരുന്നതല്ലെന്ന് കുട്ടികൾ തിരിച്ചറിയുന്നത്. അതുകൊണ്ട് ഇടയ്ക്കുവച്ച് അവർക്ക് പഠനം ഉപേക്ഷിക്കേണ്ടതായി വരുന്നു. പലരും പരീക്ഷ പാസ്സാകാത്ത അനുഭവവുമുണ്ട്. അവർക്ക് ഒരുപക്ഷേ ആർട്സ് സ്ട്രീമോ സയൻസ് സ്ട്രീമോ ആയിരിക്കും കൂടുതൽ ഗുണകരം.

അങ്ങനെയുള്ള കുട്ടികൾക്ക് ആദ്യവർഷങ്ങളിൽ പഠിച്ച ക്രെഡിറ്റ് ഉപയോഗപ്പെടുത്തിക്കൊണ്ട് മറ്റ് കോഴ്സുകളിലേയ്ക്ക് മാറാനുള്ള ഒരു സാഹചര്യം അനുവദിക്കാൻ സാധിച്ചാൽ ധാരാളം കുട്ടികളുടെ ഭാവി രക്ഷപ്പെടുത്താൻ സാധിക്കും. ഐ.ഐ.ടി.-കൾ അടക്കമുള്ള സ്ഥാപനങ്ങൾ ഇന്ന് വിജ്ഞാനത്തിന്റെ ഒരു തുരുത്തായിട്ടല്ല നിലനിൽക്കുന്നത്. മറിച്ച് എല്ലാ വിജ്ഞാനത്തെയും ഉൾക്കൊള്ളുന്ന തരത്തിൽ മാറാനാണ് അവർ ആഗ്രഹിക്കുന്നത്. അവിടെ സയൻസും മാനേജ്മെന്റും പഠിപ്പിക്കുന്നു. ഹ്യുമാനിറ്റീസ് കോഴ്സുപോലും ഐ.ഐ.റ്റി.-കളിൽ പഠിപ്പിക്കുന്ന സാഹചര്യത്തിലേയ്ക്ക് വരുമ്പോൾ നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആർട്സ് ആന്റ് സയൻസ് കോളേജാണെങ്കിൽ ആ നിലയിലുള്ള കാര്യങ്ങളും എഞ്ചിനീയറിംഗ് കോളേജുകളിൽ ആ നിലയ്ക്കുള്ള കോഴ്സുകളും മാത്രമേ പഠിപ്പിക്കുകയുള്ളൂ. വ്യത്യസ്ത സ്കീമുകളെ സമന്വയിപ്പിക്കാനും കുട്ടികളുടെ അഭിരുചിക്കനുസൃതമായി ഒന്നോ രണ്ടോ കോഴ്സുകളെങ്കിലും പുറത്ത് ചെയ്യാനുമുള്ള അവസരം ഹയർ എഡ്യൂക്കേഷന്റെ ഭാഗമായി ഉറപ്പുവരുത്താൻ സാധിക്കണം.

ഭിന്നശേഷിയുള്ള കുട്ടികളുടെ കാര്യം വളരെയധികം ശ്രദ്ധിക്കേണ്ടതാണ്. സി.ഡബ്ല്യു.എസ്.എൻ. (Children With Special Needs) കുട്ടികളെ സംബന്ധിച്ച് അവരുടെ ഫിസിക്കൽ, സോഷ്യൽ, ക്വാളിറ്റി അക്സസുകൾ ഉറപ്പു വരുത്തണമെന്നാണ് ആർ.എം.എസ്.എ. നിർദ്ദേശിച്ചിരിക്കുന്നത്. അങ്ങനെ വരുമ്പോൾ നമ്മുടെ സ്പെഷ്യൽ സ്കൂളുകളുടെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതായിട്ടുണ്ട്. മുപ്പത്തിമൂന്നോളം സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകണമെന്ന ആവശ്യം ഇതുവരെ പരിഗണിക്കപ്പെട്ടിട്ടില്ല. നമ്മുടെ പൊതുവിദ്യാഭ്യാസത്തിന്റെ ഭാഗമായി വെറും 865-ഓളം സ്പെഷ്യൽ ടീച്ചർമാർ മാത്രമേയുള്ളൂ എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. പക്ഷേ ഏതാണ്ട് അയ്യായിരത്തോളം ടീച്ചർമാരുണ്ടാകണമെന്നാണ് നമ്മൾ ആഗ്രഹിക്കുന്നത്. സാധാരണ വിദ്യാഭ്യാസത്തിന്റ ഭാഗമായി ഭിന്നശേഷിയുള്ള കുട്ടികളെ ഉൾക്കൊള്ളാൻ നമുക്ക് കഴിയേണ്ടതായിട്ടുണ്ട്. ആ നിലയിലുള്ള ഒരു ഇൻക്ലൂസീവ് എഡ്യൂക്കേഷനെക്കുറിച്ചാണ് ചിന്തിക്കേണ്ടത്. പ്രത്യേകിച്ചും സ്വഭാവ രൂപീകരണത്തിന്റെ അടിസ്ഥാനത്തിൽ അവരെ മാറ്റിനിർത്തുകയാണെങ്കിൽ പിന്നീട് അവരെ ഇന്റഗ്രേറ്റ് ചെയ്യാൻ സാധിക്കില്ല. അവരുടെ വ്യക്തിത്വംതന്നെ ഒറ്റപ്പെട്ടതായിപ്പോകും. അങ്ങനെയുള്ള അവസ്ഥ മാറ്റി എല്ലാവരെയും ഉൾക്കൊള്ളുന്ന തരത്തിലുള്ള ഒരു ഇൻക്ലൂസീവ് എഡ്യൂക്കേഷൻ വരികയാണെങ്കിൽ ഭിന്നശേഷിയുള്ള കുട്ടികളോട് എങ്ങനെയാണ് സമീപിക്കേണ്ടത് എന്നതിനെക്കുറിച്ചുള്ള ശരിയായ സെൻസിറ്റിവിറ്റി നമുക്ക് മറ്റ് കുട്ടികളിൽ

വളർത്തിയെടുക്കാൻ സാധിക്കും. ആ നിലയ്ക്കുള്ള ഇടപെടലിന് ഗവൺമെന്റ് തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

നമ്മുടെ വി.എച്ച്.എസ്.ഇ. കുത്തഴിഞ്ഞ അവസ്ഥയിലേയ്ക്ക് പോകുകയാണ്. നാഷണൽ സ്കിൽസ് ക്വാളിഫിക്കേഷൻസ് ഫ്രെയിം വർക്ക് (NSQF) ഈ അദ്ധ്യയന വർഷം മുതൽതന്നെ നടപ്പിലാക്കണമെന്നാണ് നിർദ്ദേശിച്ചിരിക്കുന്നത്. വിദ്യാഭ്യാസ വകുപ്പിന് ഇക്കാര്യത്തിൽ എന്തെങ്കിലും കാഴ്ചപ്പാടുണ്ടോയെന്നുള്ളത് സംശയമാണ്. ഇതിനുവേണ്ടി കഴിഞ്ഞ ഏപ്രിൽ മാസത്തിൽ ഡോ. ആർ. വി. ജി. മേനോന്റെ നേതൃത്വത്തിൽ ഒരു കമ്മിറ്റിയെ നിയോഗിച്ചിരുന്നു. ആ കമ്മിറ്റി അതിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുമ്പോഴാണ് അതേ ആവശ്യങ്ങൾ പറഞ്ഞുകൊണ്ട് എൻ.സി.ഇ.ആർ.റ്റി.-യുടെ മറ്റൊരു കമ്മിറ്റിയെ ഗവൺമെന്റ് നിശ്ചയിച്ചതായി കാണുന്നത്. ഇക്കാര്യത്തിൽ ഒരു ക്ലാരിറ്റി വേണം.

വി.എച്ച്.എസ്.ഇ.-യിലെ ചോദ്യപേപ്പർ ചോരുന്നുവെന്ന വളരെ ഗുരുതരമായ ഒരു ആക്ഷേപം ഉയർന്നുവന്നിട്ടുണ്ട്. അതൊടൊപ്പം ഒന്നേകാൽ ലക്ഷത്തോളം സർട്ടിഫിക്കറ്റുകളിൽ അച്ചടി പിശകുണ്ടായതായി ശ്രദ്ധയിൽപ്പെട്ടപ്പോൾ പേന വച്ച് സർട്ടിഫിക്കറ്റ് തിരുത്തുന്ന രീതി വി.എച്ച്.എസ്.ഇ.-ൽ നമുക്ക് കാണാം. പേന വച്ച് ഒരു സർട്ടിഫിക്കറ്റ് തിരുത്തിയാൽ ഭാവിയിൽ അവരുടെ അനുഭവം എന്തായിരിക്കും ? ഈ സർട്ടിഫിക്കറ്റിന്റെ ക്രെഡിബിലിറ്റിയെക്കുറിച്ച് ആളുകൾ സംശയിക്കില്ലേ? അതുകൊണ്ട് ആ നിലയിലുള്ള ഒരു മാറ്റമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ഞാൻ മറ്റ് കാര്യങ്ങളിലേയ്ക്കൊന്നും കടക്കുന്നില്ല, അവസാനിപ്പിക്കുകയാണ്. ഇവിടെ അപ്പുറത്തുള്ള ചില സുഹൃത്തുക്കൾ കോൺഗ്രസിനെക്കുറിച്ച് പറയുന്നു. ശ്രീ. രാഹുൽ ഗാന്ധി ക്ഷേത്രത്തിൽ പോകുന്നുവെന്ന് പറഞ്ഞ് ആക്ഷേപിക്കുന്നു. ക്ഷേത്രത്തിൽ പോകുന്നത് തെറ്റാണോ? വിശ്വാസികളായ ആളുകൾ ക്ഷേത്രത്തിൽ പോകും. ഞാൻ വ്യക്തിപരമായി വിശ്വാസിയല്ല. ഞാൻ ക്ഷേത്ര ആരാധനയ്ക്കായി പോകാറില്ല. പക്ഷെ എന്റെ അപ്പുറത്തും ഇപ്പുറത്തുമിരിക്കുന്ന എല്ലാ സുഹൃത്തുക്കളും ആരാധനയ്ക്കായി അവരവരുടേതായ ദേവാലയങ്ങളിൽ പോകാറുണ്ട്. ബി.ജെ.പി. ഉന്നയിക്കുന്നതുപോലെ കോൺഗ്രസിന്റെ നേതാവ് ശ്രീ. രാഹുൽ ഗാന്ധി ക്ഷേത്രത്തിൽ പോകുന്നുവെന്ന് ഡി.വൈ.എഫ്.ഐ.-യുടെ നേതാക്കന്മാർ ഇവിടെ വന്ന് പറയുന്നത് വലിയ കഷ്ടമാണ്. കോൺഗ്രസ് എല്ലാവരും ഉൾക്കൊള്ളുന്ന പാർട്ടിയാണ്. ശ്രീ. രാഹുൽ ഗാന്ധി പറഞ്ഞ കാര്യം നിങ്ങൾ മനസ്സിലാക്കാൻ ശ്രമിക്കണം. ശ്രീ. രാഹുൽ ഗാന്ധി എ.ഐ.സി.സി.-യുടെ പ്ലീനറി സമ്മേളനത്തിൽ പറഞ്ഞത്, 'ബി.ജെ.പി. എന്നത് ആർ.എസ്.എസ്. എന്ന സംഘടനയുടെ

ശബ്ദമാണ്. എന്നാൽ കോൺഗ്രസ് എന്നത് ഈ രാജ്യത്തിന്റെ ശബ്ദമാണ് ' എന്നാണ്. ഈ രാജ്യത്ത് ഹിന്ദുക്കളും മുസ്ലീങ്ങളും ക്രിസ്ത്യാനികളും പാഴ്സികളും ജൈനരും ബൗദ്ധരും കൂടാതെ മതമില്ലാത്തവരുമുണ്ട്. എല്ലാവരേയും പ്രതിനിധീകരിക്കുന്ന ആളുകളാണ് ഞങ്ങൾ. അതുകൊണ്ട് ഞങ്ങളിൽപ്പെട്ട ആളുകൾക്ക് എവിടെയും പോകാനുള്ള സ്വാതന്ത്ര്യമുണ്ട്. ഞങ്ങൾക്ക് അക്കാര്യത്തിൽ ഇരട്ടത്താപ്പില്ല. തലയിൽ മുണ്ടിട്ടുകൊണ്ട് കാടാമ്പുഴ ക്ഷേത്രത്തിൽ പോകേണ്ട അവസ്ഥ ഞങ്ങൾക്കില്ല. അവിടെ പൂ മൂടലും ശത്രുസംഹാര പൂജയും നടത്തേണ്ട കാര്യം ഞങ്ങൾക്കില്ല. ഇക്കാര്യത്തിൽ തുറന്ന സമീപനം സ്വീകരിച്ച് എല്ലാവരെയും ഉൾക്കൊള്ളുന്ന ഒരു സംഘടനയാണ് ഞങ്ങളുടേതെന്ന് മനസ്സിലാക്കാൻ നിങ്ങൾ തയ്യാറാകണമെന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ ശക്തമായി എതിർക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. നമ്മുടെ മഹാകവി രബീന്ദ്രനാഥ ടാഗോർ പറഞ്ഞത് വിദ്യാഭ്യാസം ഒരു നാണയമാണെന്നാണ്. അതിന്റെ ഒരുവശം പ്രവൃത്തിയും മറുവശം അറിവുമാണ്. തീർച്ചയായും ഇത് നമ്മൾ മനസ്സിലാക്കേണ്ടതാണ്. പ്രവൃത്തിയില്ലാത്ത അറിവും അറിവില്ലാത്ത പ്രവൃത്തിയും ഭാരവും രോഗവുമാണ്. കേരളത്തിൽ അത്തരമൊരു അവസ്ഥ ഉണ്ടാക്കിയതിൽ വലിയൊരു പങ്ക് പ്രതിപക്ഷത്തിരിക്കുന്നവർക്കുമുണ്ട്. അത് പരിഹരിക്കുന്നതിനാണ് നമ്മുടെ വിദ്യാഭ്യാസ വകുപ്പുമന്ത്രിയും ഈ ഗവൺമെന്റും ശ്രമിക്കുന്നത്. ഞാൻ അതിന്റെ വിശദീകരണത്തിലേയ്ക്ക് പോകുകയല്ല. ഇവിടെ പഠിച്ച് പാസ്സായ ധാരാളം എഞ്ചിനീയർമാരുണ്ട്. ഇപ്പോൾ എഞ്ചിനീയറിംഗ് കോളേജുകളിൽ കുട്ടികളില്ലെന്നും 140 എഞ്ചിനീയറിംഗ് കോളേജുകളിലെ ഡിഗ്രികൾ 'കുവൈറ്റ്' അംഗീകരിക്കുന്നില്ലെന്നുമുള്ള ഒരു പ്രതിസന്ധിയുണ്ട്. അവർ 18 എഞ്ചിനീയറിംഗ് കോളേജുകളിലെ ഡിഗ്രികൾ മാത്രമാണ് അംഗീകരിക്കുന്നത്. ഇത്തരം പ്രതിസന്ധി ഉണ്ടാകുമ്പോഴാണ് ഇവിടെ ബി.ടെക് 'ഭാര'വും ഐ.ടി.ഐ. 'താര'വുമാകുന്നത്. നമുക്ക് ഈ അവസ്ഥ മറികടന്നേ പറ്റൂ. ലോകത്തിനാവശ്യമുള്ളവരായി മാറിയില്ലെങ്കിൽ ലോകം നമ്മെ നിരാകരിക്കും. എന്നും ലോകത്തിന്റെ ആവശ്യങ്ങൾ നിർവ്വഹിച്ച് ആ പണിക്കുടി മത്സരിച്ച് നേടിയാണ് കേരളം ഈ വലിയ നേട്ടം കൈവരിച്ചത്. തീർച്ചയായും നമ്മുടെ വിദ്യാഭ്യാസ വകുപ്പുമന്ത്രി നല്ല ഒരു അദ്ധ്യാപകനാണ്. നല്ല അദ്ധ്യാപകർ നന്നായി പഠിപ്പിക്കുന്നവരാണ്., വളരെ നല്ല അദ്ധ്യാപകർ വിശദീകരിക്കുന്നവരാണ്., ഒന്നാന്തരം അദ്ധ്യാപകർ അവതാരകരാണ്. നമ്മുടെ വിദ്യാഭ്യാസ വകുപ്പുമന്ത്രി അവതരിപ്പിക്കുന്ന അദ്ധ്യാപകനാണ്. അദ്ദേഹം അദ്ധ്യാപനത്തിൽ മാത്രമല്ല, വിദ്യാഭ്യാസത്തിന്റെ ആഴവും പരപ്പും കാമ്പും കഴമ്പും എല്ലാം തൊട്ടറിഞ്ഞ്, കണ്ടറിഞ്ഞ് കേരളത്തിലെ

വിദ്യാഭ്യാസ വകുപ്പമന്ത്രിയായി വന്ന് വിദ്യാഭ്യാസത്തിലൂടെ കേരളത്തെ 5 വർഷംകൊണ്ട് ഒരു പുതിയ കേരളമാക്കി മാറ്റാനാണ് ശ്രമിക്കുന്നത്. എന്നാൽ മാത്രമേ നാളെ ഒരു നല്ല കേരളമുണ്ടാകൂ. ആ പുതിയ കേരളം വിദ്യാഭ്യാസത്തിലൂടെ മാറുമ്പോഴാണ് ഒരു സാംസ്കാരിക സമ്പന്നമായ കേരളമുണ്ടാകുന്നത്. നമ്മുടെ സാംസ്കാരിക വകുപ്പമന്ത്രി അതിന് ശ്രമിക്കുകയാണ്. ഇപ്പോൾ കേരളത്തിലെ ഏറ്റവും വലിയ പ്രശ്നം എല്ലാവർക്കുമറിയാം. ചില കൂടിച്ചേരലുകൾ ഇല്ല. പണ്ട് എല്ലാ കുട്ടികളും മൂന്നുമണിക്കൂർ കളിച്ചിരുന്നു; രണ്ട് മണിക്കൂർ നടന്നിരുന്നു; ഒരു മണിക്കൂർ വായിച്ചിരുന്നു; അവർ വീട്ടിൽ നിന്ന് നന്നായി ആഹാരം കഴിച്ചിരുന്നു; അച്ഛനമ്മമാരോടൊത്ത് അത്താഴം കഴിക്കുമ്പോൾ വർത്തമാനം പറഞ്ഞിരുന്നു; സ്വപ്നം കണ്ടുറങ്ങിയിരുന്നു. ഇതില്ലാത്ത കേരളത്തിന്റെ ആരോഗ്യം പോയതാണ് ഇന്നത്തെ പ്രശ്നം. ഇന്ന് ആരോഗ്യമുള്ള ഒരു മനസ്സും ആരോഗ്യമുള്ള ഒരു ശരീരവും കേരളത്തിന് നഷ്ടമായി. ആരോഗ്യമുള്ള ഒരു മനസ്സും ശരീരവും വീണ്ടെടുക്കണമെങ്കിൽ ഇതെല്ലാം കൂട്ടിയോജിപ്പിക്കണം. കേരളത്തിലെ കായിക മേഖലയും സാംസ്കാരിക മേഖലയും വിദ്യാഭ്യാസമേഖലയും കൂട്ടിയോജിപ്പി ക്കപ്പെടുമ്പോൾ അതിന്റെ നട്ടെല്ല് വിദ്യാഭ്യാസമേഖലയാണ്. അങ്ങനെ നട്ടെല്ല് ആകണമെങ്കിൽ വിദ്യാഭ്യാസമേഖലയിൽ കുട്ടിയും അദ്ധ്യാപകനും വീടും പി.ടി.എ.-യും മാത്രം പോരാ, അതിൽ നാടുംകൂടി ചേരണം. അപ്പോൾ മാത്രമേ വിദ്യാഭ്യാസം നാടിന്റേതാകൂ. നാട്ടിലെ കുട്ടി പഠിക്കുന്ന സ്കൂളിൽ എന്റെ കുട്ടി കൂടി പഠിക്കണമെന്ന് എനിക്ക് തോന്നണം. നാട്ടുകാരും ഞാനുംകൂടി ആ സ്കൂളിനെ വളർത്തണമെന്ന് തോന്നണം. അത്തരമൊരു സംവിധാനമാണ് സമഗ്ര വിദ്യാഭ്യാസനയം. അത് ഒരു മന്ത്രിയും കുറച്ച് അദ്ധ്യാപകരുംകൂടി എടുക്കേണ്ട തീരുമാനമല്ല.

1957-ലെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റാണ് നമ്മുടെ വിദ്യാഭ്യാസത്തിന്റെ മൗലികമായ മാറ്റത്തിന് തുടക്കംകുറിച്ചത്. ആ കമ്മ്യൂണിസ്റ്റ് ഗവൺമെന്റിലെ മന്ത്രിയായിരുന്ന ജോസഫ് മുണ്ടശ്ശേരി സാറിനെ എല്ലാവർക്കുമറിയാം. അദ്ദേഹം 1957 ജൂലൈ മാസത്തിൽ വിദ്യാഭ്യാസ ബിൽ അവതരിപ്പിച്ചുകൊണ്ട് പറഞ്ഞത് നമ്മുടെ നിയമസഭാ രേഖകളിലുണ്ട്. അദ്ദേഹം പറഞ്ഞത്, 'ഈ വിദ്യാഭ്യാസപുരോഗതി ആരുടെ ശ്രമഫലമാണ്? നമ്മുടെ മന്ത്രിമാരുടെയോ കോൺഗ്രസിന്റെയോ മെത്രാൻമാരുടെയോ മഹത്തായ സേവനം കൊണ്ടുണ്ടായതല്ല. പടവെട്ടി, പട്ടിണി കിടന്ന് നരകിച്ച്, ആയുസ്സ് പാഴാക്കിയ ആയിരമായിരം അദ്ധ്യാപകരുടെ ശ്രമമാണ് ഈ വിദ്യാഭ്യാസം. ആ അദ്ധ്യാപകർക്ക് തീർച്ചയായും അദ്ദേഹം കൊടുത്ത സ്വാതന്ത്ര്യം, പലരും സ്വാതന്ത്ര്യവും സുരക്ഷിതത്വവും കിട്ടുമ്പോൾ അലസ്സരായിപ്പോകും. അലസ്സരായിപ്പോയോയെന്ന് നമ്മൾ പരിശോധിക്കണം, വിദ്യാഭ്യാസമന്ത്രിയും പരിശോധിക്കണം. തീർച്ചയായും അവരുടെ ആവശ്യങ്ങൾ നിർവ്വഹിക്കണം പരിഗണിക്കണം, പരിശോധിക്കണം, ശ്രദ്ധിക്കണം. അദ്ധ്യാപകർ ആ അലസത കൈവെടിഞ്ഞില്ലെങ്കിൽ വിദ്യാർത്ഥികൾ ശരിയാകുകയില്ല. നമ്മുടെ സമൂഹത്തിൽ

ജീവിച്ചിരുന്ന ധാരാളം മഹാന്മാരുടെ അഭിപ്രായങ്ങൾ വിദ്യാർത്ഥികളിലെത്തണം. ബാലചന്ദ്രൻ ചുള്ളിക്കാടിനെ എല്ലാവരും പറഞ്ഞു. അതും ശ്രദ്ധിക്കണം.

പന്ത്രണ്ടാം ക്ലാസ്സുവരെയുള്ള വിദ്യാഭ്യാസം അടുത്ത വർഷംകൊണ്ട് തിരുത്തപ്പെടുമെന്ന് എനിക്ക് തോന്നുന്നു. നമ്മുടെ ഉന്നത വിദ്യാഭ്യാസം പിന്നെയും ബാക്കി നിൽക്കും. ഉന്നത വിദ്യാഭ്യാസത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കണം. ഒരുകാലത്ത് 1000 വർഷം പഴക്കമുള്ള നളന്ദയും 1200 വർഷം പഴക്കമുള്ള തക്ഷശിലയും നമ്മുടെ അഭിമാനമായിരുന്നു. ലോകത്തുള്ള എല്ലാവരും അവിടെ അറിവ് തേടി പോയിട്ടുണ്ട്. ഇന്ന് അത്തരമൊരു വിദ്യാഭ്യാസ സ്ഥാപനം ഇന്ത്യയിലില്ല; കേരളത്തിലുമില്ല. അത് വീണ്ടെടുത്തില്ലെങ്കിൽ ലോക വിദ്യാഭ്യാസ രംഗത്തെ മത്സരക്കളത്തിൽ നിന്ന് കേരളത്തിലെ യൗവ്വനം പുറത്തുപോകേണ്ടി വരുന്ന ഒരവസ്ഥ തീർച്ചയായും നമുക്ക് ഭാവിയിലുണ്ടാകും.

ലോകത്തിലെ ചിന്തകന്മാരിൽ ഒരാളാണ് ഖലീൽ ജിബ്രാൻ. ഖലീൽ ജിബ്രാൻ നമ്മുടെ വിദ്യാഭ്യാസത്തെക്കുറിച്ച്, യൗവ്വനത്തെക്കുറിച്ച്, നമുക്കിന്ന് സ്വീകരിക്കാവുന്ന ഒരു മഹത്തായ അഭിപ്രായം പറഞ്ഞിട്ടുണ്ട്. അദ്ദേഹം പറഞ്ഞത് അച്ഛനമ്മമാരോടാണ്. നിങ്ങളുടെ ആഗ്രഹങ്ങൾ നിങ്ങളുടെ മക്കളിൽ നിക്ഷേപിക്കരുതെന്നാണ് അച്ഛനമ്മമാരോട് അദ്ദേഹം പറഞ്ഞത്. നിങ്ങൾക്ക് അവരെ സ്നേഹിക്കാം; അവരുടെ ആവശ്യങ്ങൾ നിർവ്വഹിക്കാം. എന്നാൽ നിങ്ങളെപ്പോലെ അവർ ആകണമെന്ന് നിർബന്ധിക്കരുത്; കഴിയുമെങ്കിൽ അവരെപ്പോലെ നിങ്ങളാകുക. ഭാവിയിലേയ്ക്ക് അവർ വളർത്തിയെടുക്കുന്ന ആശയങ്ങളോട് പങ്ക് ചേരുക, അതാണ് ശരി. സത്യത്തിൽ ഇപ്പോൾ സംഭവിച്ചിരിക്കുന്നത് നേരെ എതിരാണ്. യൗവ്വനത്തോട് ചേരുന്നതിനുപകരം ആ യൗവ്വനത്തെ ഇങ്ങോട്ടു ചേർത്താൽ അവർ അസ്വസ്ഥരാകുകയും വഴിതെറ്റുകയും ചെയ്യും. വഴിതെറ്റിപ്പോയ ഒരു യൗവ്വനത്തെക്കുറിച്ച് സങ്കടപ്പെട്ടിട്ട് കാര്യമില്ല. ജപ്പാനിൽ സാംസ്കാരിക മേഖലയും വിദ്യാഭ്യാസമേഖലയുമായി ചേർന്നുനിൽക്കുന്ന ഒരു കാര്യം ഞാൻ കേട്ടിട്ടുണ്ട്. ജപ്പാനിലെ 'കൊച്ചി' ദ്വീപസമൂഹത്തിൽ ഒരു പരീക്ഷാ സമ്പ്രദായമുണ്ട്. ആ പരീക്ഷാ സമ്പ്രദായം ഇവിടെ നടത്തുന്നതുപോലെ അല്ലെങ്കിൽ ലോകത്ത് നടക്കുംപോലെ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് വാങ്ങുകയല്ല. 40 പേർ ഒരു ക്ലാസ്സിലുണ്ടെങ്കിൽ അതിൽ 39 കുട്ടികൾ ജയിക്കുകയും ഒരു കുട്ടി തോൽക്കുകയും ചെയ്താൽ 40 പേരും തോൽക്കും. അതായത്, എല്ലാവരും ജയിച്ചെങ്കിൽ മാത്രമേ കുട്ടികൾക്ക് ജയിക്കാൻ പറ്റുകയുള്ളൂ. എന്താണ് ഇങ്ങനെയൊരു സമ്പ്രദായം കൊണ്ടുവന്നതെന്ന് ഞാൻ അവരോട് ചോദിച്ചു. അപ്പോൾ അവർ പറഞ്ഞത്, 'ഞങ്ങളുടെ ഉദ്ദേശം 39 മിടുക്കന്മാർ ജയിക്കുകയല്ല, 40-ാമത്തെവനെ മിടുക്കനാക്കുകയാണ്.' അതുകൊണ്ട് ഈ 39 പേരുടെയും ജോലി തോറ്റവനെ ജയിപ്പിക്കലാണ്. ഒരാൾ അവനുവേണ്ടിയല്ല പരീക്ഷയെഴുതുന്നത്,

അവനു വേണ്ടിയല്ല പഠിക്കുന്നത്, അവന്റെ കൂടെയിരിക്കുന്ന ഏറ്റവും മണ്ടനുവേണ്ടിയാണ്. ആ രാജ്യത്തിനു വേണ്ടിയാണ് അവർ ജീവിക്കുന്നത്. സ്വാർത്ഥതകൊണ്ട് നമുക്കുവേണ്ടി ജീവിക്കാൻ തീരുമാനിച്ചാൽ നല്ല യൗവ്വനം ഉണ്ടാകുകയില്ല. മാനസിക വിശാലതകൊണ്ട് നമ്മളെല്ലാം നാടിനുവേണ്ടി ജീവിക്കാൻ തീരുമാനിക്കുമ്പോൾ ഒരു നല്ല ഇന്ത്യയുണ്ടാകും. ഒരു അംബാനിയുണ്ടായതുകൊണ്ടോ ഒരു അദാനിയുണ്ടാകുന്നതുകൊണ്ടോ ഇന്ത്യ നന്നാവുകയില്ല. 'മധു' ആ വാക്ക് നല്ലതാണ്, മധുരമാണ്. പക്ഷെ, അതൊരു നൊമ്പരമാണ്. 'മധുമാർ' ഉണ്ടാകരുത്. ഉണ്ടാകാതിരിക്കണമെങ്കിൽ നാട്ടിൽ ഓരോരുത്തരും ഏറ്റവും താണവനുവേണ്ടിയും മിടുക്കന്മാരെല്ലാം മണ്ടനുവേണ്ടിയും ഉണ്ടാകുന്ന ഒരു പരീക്ഷാ സമ്പ്രദായം, ഒരു വിദ്യാഭ്യാസ സമ്പ്രദായം ഒരു ജീവിതബോധം നമ്മുടെ ഉള്ളിലേയ്ക്ക് കൊണ്ടുവരണം. നമുക്ക് ഒരുപാട് പുരാണങ്ങളും മതഗ്രന്ഥങ്ങളും നല്ല ചിന്തകളും വെളിച്ചം പകരുന്ന സമ്പ്രദായങ്ങളുമുണ്ട്. പക്ഷെ അതിലെ ഇരുട്ടിന്റെ അംശങ്ങളാണ് വർഗ്ഗീയ പ്രസ്ഥാനങ്ങൾ നമ്മുടെ മുമ്പിൽ നിരത്തുന്നത്. ഭഗവദ്ഗീത എങ്ങനെയും വ്യാഖ്യാനിക്കാം. ഭഗവദ്ഗീത ഒരുപാടിടത്ത് ഒരുപാട് തരത്തിൽ വ്യാഖ്യാനിക്കുന്നുണ്ട്. ഭഗവദ്ഗീതയിൽ കൃഷ്ണൻ അർജ്ജുനനോട് പറയുന്ന 'ഇതി തേ ജ്ഞാനമാഖ്യാതം' എന്ന വരിയിൽ തുടങ്ങുന്ന പദ്യത്തിന്റെ അവസാനം 'യഥേച്ഛസി തഥാ കുരു' എന്നുപറയുന്ന വരിയാണ് ജനാധിപത്യപരമായിട്ടുള്ള ഒരു ഭാഗമായി, ഏറ്റവും മനോഹരമായി എനിക്ക് തോന്നിയിട്ടുള്ളത്. അതായത് എന്താണോ നീ തീരുമാനിക്കുന്നത് അത് നീ ചെയ്യുക. ബാക്കിയെല്ലാം ഗുഹ്യാദ്ഗുഹ്യതരം മയാ.... എല്ലാ രഹസ്യവും നിനക്ക് ഞാൻ പറഞ്ഞുതന്നിട്ടുണ്ട്. യുദ്ധം ചെയ്യാനും നിന്നോട് പറഞ്ഞു. എന്റെ വിശ്വരൂപവും നിന്നെ കാണിച്ചു. ഇതെല്ലാം കഴിഞ്ഞ് 'നീ എന്താണോ തീരുമാനിക്കുന്നത് അതാണ് നീ ചെയ്യേണ്ടത് ' എന്നുപറഞ്ഞു കൊടുത്തു. ഇതാണ് വോൾട്ടയറും ഖലീൽ ജിബ്രാനും ലോകത്തിലെ മഹാന്മാരെല്ലാവരും പറഞ്ഞത്. 'നീയാണ് നിന്റെ വിളക്കാകുന്നത്, ഞാനല്ല. നീ നിന്റെ വിളക്കാകാൻ നമ്മുടെ യൗവനത്തെ പ്രാപ്തമാക്കുക. അത് പ്രാപ്തമാക്കുന്നതിന് വഴി കാണിക്കുകയേ ചെയ്യാവൂ. അവരാണ് ആ വിളക്ക് മനസ്സിൽ കൊളുത്തേണ്ടത്. നമ്മൾ കൊളുത്തിയാൽ നമ്മുടെ കാലം കഴിയുമ്പോൾ വിളക്ക് അണഞ്ഞുപോകും. അവർ കൊളുത്തിയാൽ അവസാനംവരെ അവർ കാത്തുസൂക്ഷിക്കും' എന്നാണ് ഇന്ത്യയിലെ ഏറ്റവും മഹാനായ ശ്രീബുദ്ധനും പറഞ്ഞത്. ഇന്ത്യയിൽ കോൺഗ്രസ്സിനകത്ത് ഒരുപാട് വിളക്കുകൾ ഉണ്ടായിരുന്നു. പക്ഷെ ആ വെളിച്ചമൊന്നും ഇന്ന് കോൺഗ്രസിനകത്തില്ല. ആധുനിക കാലത്തെ രാഷ്ട്രീയത്തിന്റെ അത്ഭുത മനുഷ്യൻ ആരെന്ന് ചോദിച്ചാൽ ഇന്ത്യ സംഭാവന ചെയ്ത മഹാത്മാഗാന്ധിയാണെന്ന് ഞാൻ

പറയും. അദ്ദേഹമൊരു ലോകാത്ഭുതമാണ്. കാലം കഴിയുന്തോറും അദ്ദേഹത്തിന്റെ ഉയരം കൂടിക്കൊണ്ടേയിരിക്കും. എന്നാൽ ഇന്ന് ഇന്ത്യ ഭരിക്കുന്നവർ ആ ഉയരം കുറയ്ക്കാനുള്ള ബോധപൂർവ്വമായ ശ്രമം നടത്തുന്നുണ്ട്. കുറഞ്ഞുപോകുന്നത് മഹാത്മാഗാന്ധിയുടെ ഉയരമല്ല. അത് ബി.ജെ.പി. വിചാരിച്ചാൽ കുറയ്ക്കാവുന്ന ഉയരവുമല്ല. പക്ഷെ ഇന്ത്യയുടെ ഉയരം കുറഞ്ഞുപോകും. ഇന്ത്യയുടെ ഉയരം കുറയാതിരിക്കാൻ മഹാത്മാഗാന്ധിയുടെ ഉയരം കൂട്ടേണ്ടത്, മഹാത്മാ ഗാന്ധിയെ സംരക്ഷിക്കേണ്ടത് നമ്മുടെ ബാധ്യതയാണ്. ആ ബാധ്യതയുള്ളതുകൊണ്ടാണ് കേരളത്തിലെ സാംസ്കാരിക വകുപ്പും കേരളാ ഗവൺമെന്റും മഹാത്മാഗാന്ധി മരിച്ച് 70 വർഷം പിന്നിടുമ്പോൾ ആ ഓർമ്മ നിലനിർത്താൻ, വളർത്താൻ, ചർച്ച ചെയ്യാൻ ഒരു വർഷം മാറ്റിവച്ചത്. മഹാത്മാഗാന്ധി സ്വാതന്ത്ര്യ സമരകാലത്ത് കൊല്ലത്ത് വന്ന് സംസാരിക്കുമ്പോഴാണ് ഈശാവാസ്യോപനിഷത്തിലെ ആദ്യ സ്റ്റാൻസാ പറഞ്ഞത്; "ഈശാവാസ്യഹിതം സർവ്വം". അതുപറഞ്ഞിട്ട് 'ലോകത്തിലെ എല്ലാ അറിവുകളും നശിച്ചുപോയാലും ലോകത്തിലെ എല്ലാം എരിക്കപ്പെട്ടുപോയാലും ഈ നാല് വരി മാത്രം ബാക്കി നിന്നാൽ ലോകം എല്ലാ അറിവുകളും വീണ്ടെടുക്കും' എന്ന് പറഞ്ഞു. അതുകൊണ്ട് സാംസ്കാരിക വകുപ്പ് കൊല്ലത്തിനൊരു പ്രത്യേക പരിഗണന നൽകുകയും അവിടത്തെ ഓർമ്മകൾ നിലനിർത്താൻ, മഹാത്മാഗാന്ധിയെക്കുറിച്ചുള്ള പഠനം നടത്താൻ, അതുമായി ബന്ധപ്പെട്ട സംവാദ ചർച്ചകൾ നടത്താൻ ഒരു സംവിധാനം ഉണ്ടാക്കണമെന്നുകൂടി ഞാൻ അങ്ങയോട് ആവശ്യപ്പെടുന്നു.

സ്പോർട്സ് വകുപ്പിനെ സംബന്ധിക്കുന്ന ഒരു കാര്യം കൂടി പറയാനുണ്ട്. എന്റെ മണ്ഡലത്തിലെ കോട്ടുക്കൽ സ്പോർട്സ് അക്കാദമി, ചടയമംഗലത്തെ കടയ്ക്കൽ സ്കൂളും കൊല്ലം ജില്ലയിലെ ഏറ്റവും നിലവാരമുള്ള സ്കൂളുകളാണ്. ചടയമംഗലത്തെ കടയ്ക്കൽ സ്കൂളിന് ഒരു നീന്തൽ കുളത്തിന്റെ പ്രൊപ്പോസൽ നൽകിയിട്ടുണ്ട്. അക്കാര്യമൊന്ന് ശ്രദ്ധിക്കണം. ഞാൻ വീണ്ടും പറയുന്നു, വിദ്യാഭ്യാസ മേഖലയുടെ നേതൃത്വത്തിൽ സാംസ്കാരിക മേഖലയെയും കായികമേഖലയെയും ഗ്രന്ഥശാലാ മേഖലയെയും കൂട്ടിയോജിപ്പിച്ച് ആരോഗ്യമുള്ള ഒരു മനസ്സും ശരീരവും കേരളത്തിലുണ്ടാക്കാൻ ശ്രദ്ധിക്കണം. അതിനുവേണ്ടിയുള്ള ഒരു പ്രോജക്ട് നടപ്പാക്കാൻ ഈ സമഗ്ര വിദ്യാഭ്യാസ നയത്തിൽ ഇടമുണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

2.00 P M ]

<u>ഡോ. എം. കെ. മുനീർ</u>: സർ, ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ആദ്യം

ഫിഷറീസ് വകുപ്പിനെക്കുറിച്ച് ഒരു കാര്യം പറയട്ടെ. ഡീസൽ സെസ്സിനെ റോഡ് സെസ്സ് എന്നാണ് പറയുന്നത്. ഒരിക്കലും റോഡിൽ കയറാത്ത ബോട്ടിലെ ഡീസലിനും റോഡ് സെസ്സ് കൊടുക്കണമെന്നു പറയുന്നത് വിരോധാഭാസമാണ്. ഡീസലിന് സബ്സിഡി കൊടുക്കാത്ത സംസ്ഥാനമായി കേരളം ഇന്നും നിലനിൽക്കുകയാണ്. അത് പ്രത്യേകം ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

കേരളത്തിലെ സ്പോർട്സ് രംഗത്തെ അന്തർദ്ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്താൻ പറ്റുന്ന ഒരു സ്റ്റേഡിയം കാലിക്കറ്റ് യൂണിവേഴ്സിറ്റിയ്ക്കകത്തുണ്ട്. അതിനെ എല്ലാ അർത്ഥത്തിലും സമൃദ്ധരിക്കുന്നതിന് സ്പോർട്സ് വകുപ്പിൽ ഒരു അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അങ്ങ് അത് പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കേരളത്തിലെ സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് ഭരണ-പ്രതിപക്ഷ ഭേദമെന്യേ എല്ലാ എം.എൽ.എ.-മാരും സഹകരിക്കുന്ന കാര്യം അങ്ങേയ്ക്ക് അറിയാമല്ലോ; മീഞ്ചന്ത ഗവൺമെന്റ് വി.എച്ച്.എസ്.എസ്. മികവിന്റെ കേന്ദ്രമാക്കണമെന്ന് ഞാൻ അറിയാതെ ആഗ്രഹിച്ചുപോയി. കിറ്റ്കോ മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും കിഫ്ബിയിൽനിന്ന് അഞ്ച് കോടി രൂപയും അസെറ്റ് ഫണ്ടിൽ നിന്നും ഒരു കോടി രൂപയും അനുവദിക്കുകയും ചെയ്തു. ഇത് കൈറ്റ് വഴി നൽകണമെന്നാവശ്യപ്പെട്ടു. അതിന്റെ അടിസ്ഥാനത്തിൽ കത്തും നൽകി. പക്ഷേ ഇതുവരെ ഒരു നടപടിയുമായിട്ടില്ല. സ്കൂളിലെ പൂർവ്വകാല വിദ്യാർത്ഥികളും മറ്റ് അഭ്യുദയകാംക്ഷികളും ചേർന്ന് വേറെ ഒരു കോടി രൂപ കൂടി തരാമെന്ന് പറഞ്ഞു. ഇതിനുവേണ്ടി ഒരു കോമൺപൂൾ ഉണ്ടാക്കുന്നതിനും ജോയിന്റ് ടി.എസ്.ബി. അക്കൗണ്ട് തുടങ്ങുന്നതിനും ഒരു ഉത്തരവും ഇറങ്ങി. അവിടെ വി.എച്ച്.എസ്.ഇ.-യും ഹൈസ്കൂളും ഉള്ളതുകൊണ്ട് ആരാണിത് ഓപ്പറേറ്റ് ചെയ്യേണ്ടതെന്ന് അറിയുന്നതിനുവേണ്ടി ആറുമാസമായി ഞാൻ തന്നെ നേരിട്ട് ധനകാര്യവകുപ്പിലും വിദ്യാഭ്യാസവകുപ്പിലും കയറിയിറങ്ങുകയാണ്. മീഞ്ചന്ത സ്കൂളിന് നല്ലൊരു മാസ്റ്റർ പ്ലാൻ ഉണ്ടാക്കിയിട്ട് ഒരു തീരുമാനവുമാകാതെ ഒന്നും ചെയ്യാൻ സാധിക്കുന്നില്ല. വിദ്യാഭ്യാസ വകുപ്പുമന്ത്രി ധനകാര്യ വകുപ്പുമായി ആലോചിച്ച് എന്തെങ്കിലുമൊന്ന് തീരുമാനിക്കണം. ഇതിനുവേണ്ടി ഇനി ഇങ്ങനെ ഓരോ പടിവാതിൽക്കലും ചെന്ന് യാചിച്ച് നിൽക്കുന്ന ഒരു അവസ്ഥ ഉണ്ടാക്കരുതെന്നൊരു അഭ്യർത്ഥനയാണ് എനിക്ക് അങ്ങയുടെ മുൻപിൽ സമർപ്പിക്കാനുള്ളത്.

ശ്രീ. ഹൈബി ഈഡൻ: സർ പോയിന്റ് ഓഫ് ഓർഡർ.. ചട്ടം 143 (2) പ്രകാരം "നീക്കിവച്ചിട്ടുള്ള ദിവസങ്ങളിൽ അവസാന ദിവസം ഉച്ചയ്ക്ക്

1.30-ന് സ്പീക്കർ ധനാഭ്യർത്ഥന സംബന്ധിച്ച് ബാക്കിയുള്ള എല്ലാ സംഗതികളും തീരുമാനിക്കുന്നതിനാവശ്യമായ എല്ലാ കാര്യങ്ങളും ഉടൻതന്നെ വോട്ടിനിടേണ്ടതാണ്." ഇതിന്റെ എക്സ്റ്റൻഷൻ ചോദിച്ചിട്ടില്ല. ഒന്നുകിൽ സ്പീക്കർ എക്സ്റ്റൻഷൻ ചോദിക്കണം. ബാക്കി ക്രമങ്ങൾ മുഴുവൻ ഇന്ന് 1.30-ന് വോട്ടിനിടേണ്ടതാണ്. ക്രമപ്രകാരമാണോ സഭ നടക്കുന്നതെന്ന് പറയണം.

മി. ഡെപ്യൂട്ടി സ്പീക്കർ: അത് പരിശോധിച്ച് പറയാം.

ഡോ. എം. കെ. മുനീർ: സർ, ഉന്നത വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ എൽ.ഡി.എഫ്. ഒരു മാനിഫെസ്റ്റോ ഇറക്കിയിരുന്നു. ആ മാനിഫെസ്റ്റോ അങ്ങുംകൂടി ചേർന്നാണ് ഉണ്ടാക്കിയതെന്ന് ഞാൻ മനസ്സിലാക്കുന്നു. കാരണം അതിന്റെ മലയാള ഭാഷ അത്രയും സമ്പുഷ്ടമാണ്. 'ജ്ഞാനോൽപ്പാദന ശേഷിയും യോഗ്യതയുമുള്ള വിദ്യാർത്ഥികളെ കണ്ടെത്താനും വളർത്തിയെടുക്കാനുമായി വിദ്യാർത്ഥി പ്രോജക്ടുകൾക്ക് ഊന്നൽ നൽകുമെന്നും സംയുക്ത ബഹു വൈജ്ഞാനിക അന്തർ വൈജ്ഞാനിക കോഴ്സുകൾ ആവിഷ്കരിക്കും' എന്നൊക്കെ പറഞ്ഞ് വളരെ മനോഹരമായി അവതരിപ്പിച്ചിരുന്നെങ്കിലും ഇപ്പോൾ നമ്മുടെ അവസ്ഥ എന്താണ്; പല യൂണിവേഴ്സിറ്റികളുടെയും പ്രത്യേകിച്ച് കൊച്ചിൻ യൂണിവേഴ്സിറ്റിയിലെ അവസ്ഥ അവതാളത്തിലാണെന്നാണ് നാഷണൽ അസെസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിൽ പറഞ്ഞിരിക്കുന്നത്. അവിടെ അത്യാവശ്യം വേണ്ട തസ്തികകൾ ഇല്ല. 412-ഓളം തസ്തികകൾ ഇല്ലെന്ന് പറയുന്നു. അതിൽ ഏറ്റവും അടിസ്ഥാന ശാസ്ത്രശാഖയായി പരിഗണിക്കുന്ന ഗണിതം മുതൽ അഡ്വാൻസ്ഡ് കമ്പ്യൂട്ടർ വരെയുള്ള പല കോഴ്സുകൾക്കും തസ്തിക ഒഴിഞ്ഞുകിടക്കുന്നു. ഏറ്റവും കൂടുതൽ വിദ്യാർത്ഥികളുള്ള കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ 40 ശതമാനം തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു. അതുപോലെ കേരള ടെക്നിക്കൽ യൂണിവേഴ്സിറ്റിയിൽ ഒരു വൈസ് ചാൻസലർ പോലുമില്ല. കൊച്ചിൻ യൂണിവേഴ്സിറ്റി വി.സി.-ക്കാണ് അതിന്റെ ചുമതലയുള്ളത്. അവിടത്തെ എക്സിക്യൂട്ടീവ് കൗൺസിലോ ജനറൽ കൗൺസിലോ യോഗം ചേർന്നിട്ട് മാസങ്ങളായി. ജനറൽ കൗൺസിൽ ജൂലൈ മാസവും എക്സിക്യൂട്ടീവ് കൗൺസിൽ ആഗസ്റ്റ് മാസവുമാണ് യോഗം ചേർന്നത്. കോഴ്സുകൾക്ക് കാലഘട്ടത്തിനനുസരിച്ചുള്ള പരിഷ്കാരങ്ങൾ ആവശ്യമായ സന്ദർഭത്തിൽ അങ്ങ് പ്രത്യേകമായി ഉന്നതവിദ്യാഭ്യാസ രംഗത്തുണ്ടാകുന്ന തകർച്ചയെക്കുറിച്ച് ആലോചിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

അൺ റെക്കഗ്നൈസ്ഡ്/അൺ എയിഡഡ് സ്കൂളുകളിൽ എന്തെങ്കിലും ചെയ്യാനുള്ള സൗകര്യങ്ങൾ വരുത്തിക്കൊടുക്കാൻ സാധിക്കുമെങ്കിൽ ചെയ്യുമെന്ന് അങ്ങ് ഇന്നലെ അടിയന്തരപ്രമേയത്തിനുള്ള മറുപടിയിൽ പറഞ്ഞു. പക്ഷേ ഇന്ന് കിട്ടിയ റിപ്പോർട്ടനുസരിച്ച് 150-ഓളം സ്കൂളുകൾ പൂട്ടാൻ തീരുമാനിച്ചിരിക്കുകയാണ്. പെട്ടെന്ന് അവരോട് ഇതുപോലുള്ള ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കണമെന്ന് പറഞ്ഞാൽ ബുദ്ധിമുട്ടാകും. സർക്കാർ സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കാൻ ഒന്നോ രണ്ടോ വർഷമെടുക്കും. അതുപോലെതന്നെ ഇവർക്കും ആ സൗകര്യങ്ങൾ

ചെയ്യാനുള്ള ഒരു സാവകാശം കൊടുക്കണം. Right to education എന്നുപറയുന്നത് കുട്ടിയുടെ എഡ്യൂക്കേഷനുള്ള അവകാശമാണ്. എബ്രഹാം ലിങ്കൺ ടീച്ചർക്ക് എഴുതിയ ഒരു കത്തുണ്ട്. ആ കത്തിൽ പറയുന്നത്. "My son starts school today. It is all going to be a strange and new to him for a while, and I wish you would treat him gently." ആ പാരഗ്രാഫിന്റെ അവസാനം പറയുന്നത് "So dear teacher, will you please take him by his hand and teach him things he will have to know." എന്നാണ്. അവിടെ ഒരു അദ്ധ്യാപികയും വിദ്യാർത്ഥിയും തമ്മിലുള്ള ബന്ധത്തെക്കുറിച്ചാണ് പറയുന്നത്. ഈ സ്കൂളുകൾ പൂട്ടിയാൽ ആ ബന്ധത്തിന് എന്ത് സംഭവിക്കുമെന്ന് അങ്ങ് ആലോചിച്ചിട്ടുണ്ടോ? ടീച്ചർമാരുമായി അറ്റാച്ച്ഡായിട്ടുള്ള കുട്ടികളെ പറിച്ചെടുത്ത് മറ്റൊരു ക്യാമ്പസിലേയ്ക്ക് അയയ്ക്കുമ്പോൾ ആ കുട്ടിക്കുണ്ടാകുന്ന മാനസികാഘാതത്തെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ? ട്രാൻസ്ഫറിലൂടെ വേറെ സ്കൂളിലേയ്ക്ക് മാറിയ ഒരു കുട്ടിയുടെ ചരിത്രം എന്റെ മുന്നിലുണ്ട്. പുതിയ സ്കൂളിന്റെ അന്തരീക്ഷം ഇഷ്ടപ്പെടാതെ സ്ഥിരമായി സിക് റൂമിൽ ഇരിക്കുമായിരുന്ന ആ കുട്ടി അവസാനം കൗൺസിലിംഗിലൂടെ മാത്രമാണ് പുതിയ ടീച്ചറുമായി ഒരു ബന്ധമുണ്ടാക്കിയെടുത്തത്.

<u>ശ്രീ. എ. പ്രദീപ്കുമാർ</u>: സർ, അങ്ങ് പറയുന്നത് ഞങ്ങളെല്ലാവരും അംഗീകരിക്കുന്ന കാര്യമാണ്. പക്ഷേ സ്കൂളുകളിൽ യോഗ്യതയുള്ള അദ്ധ്യാപകരുണ്ടാകണം.സ്കൂളുകൾക്ക് മിനിമം അടിസ്ഥാന സൗകര്യങ്ങളുണ്ടാകണം. അതും കുട്ടിയുടെ അവകാശമല്ലേ? ആ അവകാശം സംരക്ഷിക്കാനല്ലേ ചില നിബന്ധനകൾ ഗവൺമെന്റ് മുന്നോട്ടുവച്ചത്. ആ നിലയിൽ അതിനെ കാണണ്ടേ?

<u>ഡോ. എം. കെ. മുനീർ</u>: സർ, ആ നിലയിൽ കാണാം. പക്ഷേ ആ സൗകര്യങ്ങൾ ഉണ്ടാക്കിയെടുക്കുന്നതിന് വേണ്ട സാവകാശം സ്കൂളുകൾക്ക് കൊടുക്കണം. കൂടുതൽ വിദ്യാഭ്യാസ യോഗ്യതയും നല്ല രീതിയിൽ പഠിപ്പിക്കുകയും ചെയ്യുന്ന ടീച്ചർമാരുള്ള സ്കൂളുകൾ പലതും ഇതിൽ പെട്ടുപോയിട്ടുണ്ട്. ഒന്ന് ശരിയാകുമ്പോൾ മറ്റൊന്നെങ്കിലും ശരിയാകില്ല. ചിലപ്പോൾ ഭൂമിയില്ല എന്നുള്ള കാരണമായിരിക്കും പറയുന്നത്. സി.ബി.എസ്.ഇ.-യുടെ കാര്യത്തിൽ, എൻ.ഒ.സി.-യല്ലേ ആദ്യം കൊടുക്കേണ്ടത്. എന്നാൽ എൻ.ഒ.സി. കൊടുക്കാതിരിക്കുകയും നിങ്ങൾക്ക് അഫിലിയേഷൻ ഇല്ല എന്ന് പറയുകയും ചെയ്യുന്നത് എങ്ങനെയാണ്? എൻ.ഒ.സി. കൊടുത്താലല്ലേ അഫിലിയേഷൻ കിട്ടുകയുള്ളൂ. ഈ രണ്ടും ഒരേ സമയത്ത് പറയുന്നത് ശരിയല്ല. ഞാൻ പൊതുവിദ്യാഭ്യാസത്തിനുവേണ്ടി സംസാരിക്കുന്ന ആളാണ്. എന്റെ ആസ്തി വികസന ഫണ്ട് വേറെ ഒരു കാര്യത്തിനും ഉപയോഗിക്കാറില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിലും ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിലും മുഴുവൻ തുകയും പൊതുവിദ്യാഭ്യാസ രംഗത്തെ സ്കൂളുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിനും മാത്രമാണ് കൊടുത്തത്. സ്കൂളുകൾ നന്നാകണമെന്നും ആ സ്കൂളുകളിൽ കുട്ടികൾ എത്തണമെന്നും ഞാൻ ആഗ്രഹിക്കുന്നു. അതേസമയം ഒരു കുട്ടിക്ക് ചോയിസുണ്ടെങ്കിൽ ആ ചോയിസിനെ നിഷേധിക്കാനുള്ള അവകാശം നമുക്കില്ല. രക്ഷകർത്താവിനും

കുട്ടിക്കുമുള്ള അവകാശം നിഷേധിക്കാൻ അവസരം ഉണ്ടാക്കരുതെന്നാണ് ഇതുസംബന്ധിച്ച് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ഇവിടെ സ്പെഷ്യൽ സ്കൂളുകളെക്കുറിച്ച് പറഞ്ഞു. ഒരിക്കലും അവരോട് ഈ ക്രൂരത ചെയ്യരുത്. എനിക്ക് ശ്രീ. എ. കെ. ബാലനോട് പറയാനുള്ളത്, അങ്ങ് നമ്മുടെ എല്ലാ ഫയലുകളും എടുത്തുകൊണ്ട് പോയതാണ്. അതിൽ പെട്ടുപോയതാണ് ആ കുട്ടികൾ. ആ കുട്ടികളുടെ അവസ്ഥയൊന്ന് മനസ്സിലാക്കണം. അവർക്ക് സൗജന്യമായി പഠിക്കാനുള്ള അവകാശമില്ലേ? അതുകൊണ്ട് അത് എയ്ഡഡ് ആക്കിമാറ്റുക. ഈ കൂട്ടത്തിൽ ബഡ്സ് സ്കൂളുകളുടെ കാര്യവും പറഞ്ഞിരുന്നു. ബഡ്സ് സ്കൂളുകൾ നടത്തുന്നതാരാണ്? പഞ്ചായത്തുകളാണ് ബഡ്സ് സ്കൂൾ നടത്തുന്നത്. പഞ്ചായത്തുകൾ നടത്തുന്ന ബഡ്സ് സ്കൂളുകൾ എയ്ഡഡ് ആക്കുന്നതിന് എന്താണ് പ്രശ്നം?

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങയുടെ സമയം അവസാനിക്കുന്നു .......പ്ലീസ്.

ഡോ. എം. കെ. മുനീർ: സർ, ഇക്കാര്യങ്ങൾ വളരെ ഗൗരവമായി കാണണം. ശ്രീ. ഷംസീറിനോട് എനിക്ക് ഒരു കാര്യം കൂടി പറയാനുണ്ട്. 'The highest result of education is tolerance' എന്ന് Mark Twain പറഞ്ഞിട്ടുണ്ട്. tolerance ആണ് ഏറ്റവും വലിയ എഡ്യൂക്കേഷൻ, അതിന്റെ കൂടെ അദ്ദേഹം മറ്റൊന്നുകൂടി പറയുന്നുണ്ട്. A person who won't read has no advantage over one who can't read. വായിക്കാൻ സാധിക്കാത്തവനും വായിക്കാതിരിക്കുന്നവനും തമ്മിൽ യാതൊരു വ്യത്യാസവുമില്ല. അതുകൊണ്ട് അങ്ങേയ്ക്ക് വായിക്കാൻ രണ്ടുമൂന്ന് പുസ്തകങ്ങൾ ഞാൻ റെക്കമെന്റ് ചെയ്യുകയാണ്. ഒന്ന്, മാറാട് കമ്മീഷൻ റിപ്പോർട്ട് - തോമസ് പി. ജോസഫ് കമ്മീഷൻ റിപ്പോർട്ടിലെ 93 മുതൽ 95 വരെയുള്ള പേജുകൾ അങ്ങ് വായിക്കണം. ആ കലാപത്തിന് പിന്നിൽ മാർക്സിസ്റ്റ് പാർട്ടിയുടെ പങ്കെന്തെന്ന് 93 മുതൽ 95 വരെയുള്ള പേജുകളിൽ വ്യക്തമാക്കുന്നുണ്ട്. അതോടൊപ്പം ഏറ്റവും പ്രധാനപ്പെട്ട മറ്റൊരു റിപ്പോർട്ടുണ്ട്. Report of the Commission of Inquiry (Tellicherry Disturbances) Joseph Vithayathil Commission Report. ഈ റിപ്പോർട്ടിൽ ആ കലാപത്തിന് തുടക്കം കുറിച്ചതിൽ നിങ്ങൾക്കുള്ള പങ്കിനെക്കുറിച്ചും വ്യക്തമാക്കുന്നുണ്ട്. അന്ന് സി.പി.ഐ. വിതയത്തിൽ കമ്മീഷൻ റിപ്പോർട്ടിന്റെ മുന്നിൽ കൊടുത്തിട്ടുള്ള ഒരു കാര്യമുണ്ട് "When the Muslim League joined Shri Achutha Menon's Government after the resignation of the government Shri E.M.S. Namboodiripad, the Marxist Party regarded it as a betrayal by the League and entertained strong feelings of animosity towards the League. This lead to armed conflicts between the two parties. The anti-muslim propaganda of the Hindu communalists helped to inject communal animosity in the minds of the Marxist partymen also. Certain incidents that took place in the town shortly before the disturbances helped to aggravate this communal tension." അതായത് അന്നത്തെ മനോരമയുടെ മുഖപ്രസംഗം നിങ്ങൾ വായിക്കണം.

കൊല്ലത്ത് നടന്ന മാർക്സിസ്റ്റ് പാർട്ടിയുടെ സമ്മേളനം വളരെ ഗൗരവമായി ആലോചിച്ചത് എങ്ങനെ ഈ ഭരണകക്ഷിയിലെ ഘടകകക്ഷികൾക്കിടയിൽ പ്രശ്നമുണ്ടാക്കാം, അതിലൂടെ വർഗ്ഗീയ ധ്രുവീകരണമുണ്ടാക്കാം എന്നാണ്. അപ്രകാരം അവർ ഇവിടെ വരികയും ജനസംഘവുമായി കൈകോർക്കുകയും ചെയ്തുവെന്ന് ഈ റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ടെങ്കിൽ ബഹുമാനപ്പെട്ട ഷംസീർ, ഈ രാജ്യത്ത് പലപ്പോഴും വർഗ്ഗീയ ധ്രുവീകരണം ഉണ്ടാക്കുന്നതിനുവേണ്ടി, നിങ്ങൾ അറിഞ്ഞോ അറിയാതെയോ രാഷ്ട്രീയ ലാഭത്തിനുവേണ്ടി വർഗ്ഗീയ കാർഡ് എടുത്ത് കളിച്ചതിന്റെ പേരിൽ ഉണ്ടായിട്ടുള്ള കലാപങ്ങളാണ് മാറാടിലും തലശ്ശേരിയിലും ഉണ്ടായിട്ടുള്ളതെങ്കിൽ, ദയവ് ചെയ്ത്

'മനുഷ്യാണാം മനുഷ്യത്വം ജാതിർ ഗോത്വം ഗവാം യഥാ'

മനുഷ്യന് മനുഷ്യത്വമായിരിക്കണം ജാതി എന്നുള്ള തത്വം പഠിച്ചുകൊണ്ട് അങ്ങ് ഇത്തരത്തിലുള്ള ആരോപണങ്ങൾ ഉന്നയിക്കുന്നതിനുമുമ്പ് നമുക്ക് എങ്ങനെ രാഷ്ട്രീയ ലാഭത്തിനുവേണ്ടി വർഗ്ഗീയത ഉപയോഗിക്കാതിരിക്കാമെന്നുള്ളതിനെക്കുറിച്ച് ആലോചിക്കണം. ഈ കമ്മീഷൻ റിപ്പോർട്ടുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു. ഈ ധനാഭ്യർത്ഥനകളെ ശക്തമായി എതിർത്തുകൊണ്ട് നിർത്തുന്നു.

# IX. അറിയിപ്പ്

## ചട്ടം വേവ് ചെയ്യുന്നത് സംബന്ധിച്ച്

മി. ഡെപ്യൂട്ടി സ്പീക്കർ: ഇന്ന് ധനാഭ്യർത്ഥന സംബന്ധിച്ച ചർച്ചയുടെ അവസാന ദിവസമാണ്. ചട്ടം 143(2) പ്രകാരം ഇന്ന് ഉച്ചയ്ക്കുശേഷം 1.30-ന് ധനാഭ്യർത്ഥനകളെല്ലാം സഭയുടെ തീർപ്പിനായി സമർപ്പിക്കേണ്ടതായിരുന്നു. എന്നാൽ നമ്മുടെ ചർച്ച പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യത്തിൽ പ്രായോഗികതയുടെ അടിസ്ഥാനത്തിൽ ചട്ടം 143(2)-ലെ വ്യവസ്ഥ സഭയുടെ അനുമതിയോടുകൂടി ഇളവുചെയ്തുകൊണ്ട് ചർച്ച തുടരുകയാണ്. ശ്രീ. ഹൈബി ഈഡനാണ് ഈ വിഷയം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നത്.

## ധനകാര്യം (തുടർച്ച)

ശ്രീ. എം. സ്വരാജ്: സർ, ഇന്ന് മാർച്ച് 22. ഇന്ത്യ കണ്ട ഏറ്റവും ധന്യമായ സംഗ്രാമ ധീരതയുടെ രാഷ്ട്രീയ ജീവിതം ഓർമ്മയായിട്ട് നാല് പതിറ്റാണ്ടുകൾ പിന്നിടുകയാണ്. കടലൂരും വെല്ലൂരും കോയമ്പത്തൂരും രാജമുന്ദ്രിയും ഉൾപ്പെടെ ഇന്ത്യയിലെ ഇരുപതോളം വരുന്ന ജയിലുകളിലെ കൊടിയ പീഡനങ്ങൾക്കും മർദ്ദനങ്ങൾക്കും തളർത്തുവാനാകാത്ത ധന്യമായ ആ രാഷ്ട്രീയ ജീവിതത്തെ ഓർത്തുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ സർവ്വാത്മനാ പിന്തുണയ്ക്കുകയാണ്.

സാമൂഹ്യ പുരോഗതിയുടെ പ്രാഥമിക മാനദണ്ഡം ആ സമൂഹത്തിന്റെ വിദ്യാഭ്യാസ പുരോഗതിയാണ്. ലോകത്തിനുതന്നെ മാതൃകയായ കേരളീയ

വിദ്യാഭ്യാസ മേഖല കഴിഞ്ഞ യു.ഡി.എഫ്. ഭരണകാലത്ത് അന്ത്യശ്വാസം വലിക്കുന്നതിന്റെ ദയനീയമായ കാഴ്ചയാണ് നാം കണ്ടത്. മരണാസന്നമായ കേരളീയ പൊതുവിദ്യാഭ്യാസ രംഗത്തിന് പുതുജീവൻ പകർന്നുകൊടുക്കുന്നതാണ് എൽ.ഡി.എഫ്. ഗവൺമെന്റ് വിദ്യാഭ്യാസ മേഖലയിൽ സ്വീകരിച്ചിട്ടുള്ള സമീപനം. കേരളത്തിന്റെ ജനകീയ വിദ്യാഭ്യാസത്തിന് പൂട്ടുവീഴുന്നുവെന്ന സംശയം വ്യാപകമായ ഒരു കാലമായിരുന്നു. അടച്ചുപൂട്ടാൻ തുടങ്ങിയ മലാപ്പറമ്പ് സ്കൂൾ ഉൾപ്പെടെ നാല് സ്കൂളുകൾ സർക്കാരിന് ഏറ്റെടുക്കാൻ സാധിച്ചത് ഈ കാലത്താണ്. പാഠപുസ്തകങ്ങളെക്കുറിച്ച് ഇവിടെ പറഞ്ഞു. പാഠപുസ്തകമില്ലാത്തതുകൊണ്ട് പഠനമില്ലാതെ കിടന്ന ക്ലാസ് മുറികൾ..... ക്ലാസ് മുറികളിലിരുന്ന് ഉറക്കം തൂങ്ങുന്നവർ ഭാഗ്യവാന്മാർ, എന്തുകൊണ്ടെന്നാൽ അവർക്ക് അവരുടെ സ്വപ്നങ്ങളെങ്കിലും നഷ്ടമാകുന്നില്ലല്ലോ എന്ന് പാടിയത് സച്ചിദാനന്ദനാണ്. സച്ചിദാനന്ദൻ എഴുതിയ ആ കവിതയെ അനുസ്മരിപ്പിക്കുന്ന ക്ലാസ് മുറികളായിരുന്നു കേരളത്തിലേത്. എന്നാൽ ഇപ്പോഴോ അദ്ധ്യയന വർഷം അവസാനിക്കുമ്പോഴേയ്ക്കും അടുത്ത വർഷത്തെ പാഠപുസ്തകങ്ങൾ വിതരണം ചെയ്യാൻ കഴിയുംവിധം നമ്മുടെ വിദ്യാഭ്യാസ മേഖല വളർന്നു. സ്കൂൾ വിദ്യാർത്ഥികൾക്ക് സൗജന്യമായി യൂണിഫോം നൽകുന്നു. കലോൽസവം നടത്തിപ്പിനുവേണ്ടി കുട്ടികളിൽ നിന്ന് ബലമായി ഫണ്ട് പിരിക്കുന്ന ഇടപാട് എന്നെന്നേയ്ക്കുമായി അവസാനിക്കുന്നു. സർക്കാർ ഫണ്ട് അനുവദിക്കുന്നു. 125 വിദ്യാലയങ്ങളിൽ 1250-ൽപ്പരം ക്ലാസ് മുറികൾ ഇതിനോടകം ഹൈടെക് ആയി മാറുന്നു. 45000 ക്ലാസ് മുറികൾ ഹൈടെക് ആകാനുള്ള പദ്ധതിക്ക് ഇവിടെ തുടക്കമിടുന്നു. 229 സർക്കാർ വിദ്യാലയങ്ങളുടെ നവീകരണത്തിന് 3 കോടി രൂപ വീതം ധനസഹായം കൊടുക്കുന്നു. കേരളം ഉണ്ടായതിനുശേഷം എന്നെങ്കിലും പൊതുവിദ്യാഭ്യാസത്തെ സംരക്ഷിക്കാൻ ഇത്തരമൊരു പരിഗണന ഏതെങ്കിലുമൊരു ഗവൺമെന്റ് സ്വീകരിച്ചതായി നമുക്ക് കാണാൻ സാധിക്കില്ല.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

നമ്മുടെ സമൂഹത്തിലെ ഏറ്റവും ദുർബ്ബല വിഭാഗമാണ് മത്സ്യത്തൊഴിലാളികൾ. ജീവിതത്തിന്റെ സമസ്ത സൗഭാഗ്യങ്ങളിൽനിന്നും മാറ്റിനിർത്തപ്പെട്ട, പാർശ്വവൽക്കരിക്കപ്പെട്ട ഒരു ജനതയാണ്. ആശങ്കയുടെ തിരയൊടുങ്ങാത്ത കടലിരമ്പുന്ന ആ തീരദേശങ്ങളിൽ ജീവിക്കാൻ നിയോഗിക്കപ്പെട്ടവരുടെ സങ്കടങ്ങളെ ഈ ഗവൺമെന്റ് കാണുകയാണ്. തലചായ്ക്കാനൊരു കൂരയില്ലാത്തവർ, സ്വന്തമായി വീടില്ലാത്തവർ, സ്ഥലമില്ലാത്തവർ എന്നിവർക്ക് സമഗ്രമായ പാർപ്പിട പദ്ധതിയും പാർപ്പിട സമുച്ചയങ്ങളുമുണ്ടാകുന്നു. പാർപ്പിടം നിർമ്മിക്കുന്നതിനുവേണ്ടി ലക്ഷക്കണക്കിന് രൂപ ഇതിനോടകം ചെലവഴിക്കപ്പെടുന്നു, വിതരണം ചെയ്തുകഴിഞ്ഞു. അപകട ഇൻഷ്വറൻസിന്റെ ആനുകൂല്യം 5 ലക്ഷം രൂപയിൽ നിന്ന് 10 ലക്ഷം രൂപയായി ഉയർത്താൻ ഈ സർക്കാരിന് രണ്ടാമതൊന്ന് ആലോചിക്കേണ്ടിവന്നില്ല. മത്സ്യത്തൊഴിലാളികളായ

മാതാപിതാക്കൾ മരിച്ചുപോയ അനാഥരായ മക്കളെ സർക്കാർ ദത്തെടുത്ത് അവരുടെ വിദ്യാഭ്യാസം പൂർത്തിയാക്കാൻ സഹായിക്കുന്നു. അനാഥരായ കുഞ്ഞുങ്ങളുടെ രക്ഷിതാവായി മാറാൻ ഈ സർക്കാരിന് സാധിക്കുന്നുവെന്നത് ചെറിയ കാര്യമല്ല. വിദ്യാർത്ഥികൾക്ക് സൗജന്യമായി സൈക്കിൾ വിതരണം ചെയ്യുന്നു. ഓരോ വീട്ടിലും ഒരു രക്ഷിതാവിനെപ്പോലെ ഈ വകുപ്പ് ആശ്വാസവുമായി കടന്നുചെല്ലുകയാണ്. തീരദേശ പരിപാലന നിയമം പാരിസ്ഥിതികമായി പ്രാധാന്യമുള്ള നിയമമാണെങ്കിലും അത് ഒരു ജനതയുടെ ജീവിതത്തെ സമ്പൂർണ്ണമായി ദോഷകരമായി ബാധിക്കുന്നു എന്നതിൽ നാം ജാഗ്രത പാലിക്കേണ്ടതാണ്. ഈ നിയമസഭ തീരദേശ പരിപാലന നിയമത്തിൽ തീരദേശ വാസികൾക്ക് ന്യായമായ ഇളവ് അനുവദിക്കുന്നത് സംബന്ധിച്ച ഒരു പ്രമേയം ഐകകണ്ഠ്യേന പാസ്സാക്കണമെന്നും ഒരു സർവ്വകക്ഷി സംഘം കേന്ദ്ര ഗവൺമെന്റിന്റെ മുമ്പാകെ ഈ പ്രശ്നങ്ങൾ അവതരിപ്പിക്കാൻ പോകണമെന്നുമുള്ള ഒരഭ്യർത്ഥന സഭയുടെ മുമ്പാകെ വയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

അതുപോലെ സാംസ്കാരിക രംഗത്ത് വിവേകാനന്ദ സ്പർശത്തെക്കുറിച്ചും ഗാന്ധിജിയുടെ ഒരു വർഷക്കാലം നീണ്ടുനിൽക്കുന്ന ഗാന്ധിയൻ ദർശനങ്ങളെ മുൻനിർത്തിക്കൊണ്ടുള്ള ഗാന്ധി രക്തസാക്ഷിത്വ ദിനാചരണം സംബന്ധിച്ചുമെല്ലാം ഇവിടെ ഇതിനോടകം പരാമർശിച്ചിട്ടുള്ളതാണ്. സാംസ്കാരികരംഗത്തെ വളർച്ചയും ഉണർവ്വും നമ്മുടെ മനസ് കൂടുതൽ വിശാലമാക്കും.

ഇവിടെ ബഹുമാന്യനായ മുസ്ലീം ലീഗ് നേതാവ് ക്ഷമയെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. ഞാൻ അതിനെ സർവ്വാത്മനാ പിന്തുണയ്ക്കുകയാണ്. ആ ക്ഷമ പക്ഷേ കഴിഞ്ഞ തവണ തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി പ്രസംഗിക്കുന്ന സമയത്ത് ഈ സഭയിൽ കാണുകയുണ്ടായില്ല. മുസ്ലീം ലീഗ് കൊന്നുതള്ളിയവരുടെ പേര് പറഞ്ഞപ്പോൾ ഈ നേതാവും മറ്റ് നേതാക്കന്മാരും ഏകസ്വരത്തിൽ വിളിച്ചുപറഞ്ഞു. 'പള്ളിത്തർക്കങ്ങളുടെ പേരിലൊക്കെ മരിച്ചത് ഇവിടെ പറയാൻ പാടുണ്ടോ....' എന്ന്. എനിക്ക് തോന്നിയത്, 'പള്ളിത്തർക്കത്തിന്റെ പേരിലാണെങ്കിൽ ആളെ കൊല്ലാം., അല്ലാതെ ആളെക്കൊല്ലരുത് ' എന്നാണ്. അങ്ങനെയാണോ നാം പറയേണ്ടത്? നിങ്ങൾ പള്ളിത്തർക്കത്തിന്റെ പേരിലുണ്ടായ കൊലപാതകങ്ങളെക്കുറിച്ച് മാത്രം പറഞ്ഞുകൊണ്ട് മുസ്ലീം ലീഗിന്റെ ചോര പുരണ്ട കൈകൾ എങ്ങോട്ടാണ് മറച്ചുവയ്ക്കാൻ ശ്രമിക്കുന്നത്; ഞാൻ വരുന്നത് നിലമ്പൂരിൽ നിന്നാണ്. 1969-ൽ നിലമ്പൂരിന്റെ മണ്ണിൽ സഖാവ് പൗലോസിനെ കുത്തിമലർത്തിയത് ഏത് പള്ളിത്തർക്കത്തിന്റെ പേരിലായിരുന്നു; ഏത് പള്ളിയിലെ തർക്കത്തിലാണ് പൗലോസ് പങ്കാളിയായിരുന്നത്; എ. പി. വിഭാഗത്തിലെ ആളായിരുന്നോ പൗലോസ്; ജോബി ആൻഡ്രൂസിനെ താമരശ്ശേരിയിൽ നിങ്ങൾ കല്ലെറിഞ്ഞുകൊന്നത് ഏത് പള്ളിത്തർക്കത്തിന്റെ പേരിലായിരുന്നു; എ.പി. - ഇ.കെ. തർക്കത്തിന്റെ പേരിലായിരുന്നോ? ചാവക്കാട് മുനിസിപ്പാലിറ്റിയുടെ ചെയർമാനായിരുന്ന കെ. പി. വൽസലനെ നിങ്ങൾ

കൊന്നുതള്ളി. ആ പ്രതികളെ അപ്പീൽ കോടതിയും ശിക്ഷിച്ച് ഇപ്പോൾ ജയിലിൽ ഉണ്ട തിന്നുന്നു. ഏത് പള്ളിത്തർക്കത്തിന്റെ പേരിലാണ് നിങ്ങൾ കെ.പി. വൽസലനെ കൊന്നുതള്ളിയത്; രാമന്തളി പഞ്ചായത്ത് പ്രസിഡന്റായ ഒ.കെ. കുഞ്ഞിക്കണ്ണനെ നിങ്ങൾ കല്ലെറിഞ്ഞുകൊന്നു. ഏത് പള്ളിത്തർക്കത്തിന്റെ പേരിലാണ് കുഞ്ഞിക്കണ്ണനെ നിങ്ങൾ കൊലപ്പെടുത്തിയത്; ഇവിടെ പെരിന്തൽമണ്ണയിലെ അംഗം ഉണ്ടല്ലോ, ഏത് പള്ളിത്തർക്കത്തിന്റെ പേരിലാണ് നിങ്ങൾ പെരിന്തൽമണ്ണ കുന്നപ്പള്ളിയിലെ സുബ്രഹ്മണ്യനെ കൊന്നത്; പുറമേരിയിലെ സജീവനെ നിങ്ങൾ കൊന്നത് ഏത് പള്ളിത്തർക്കത്തിന്റെ പേരിലാണ്; നിങ്ങൾ ഒന്നോർക്കണം, മുസ്ലീം ലീഗിനുള്ള ശേഷി ഉപയോഗിച്ച് ഈ മണ്ണിൽ കൊലപാതകം നടത്തിയിട്ടുണ്ട്. ഒരു ജില്ലയിൽ മാത്രം ശേഷിയുള്ളവർ പതിനാല് ജില്ലയിലും കൊലപാതകം നടത്തിയിട്ടുണ്ട്. മാലാഖ ചമയരുത്. Mark Twain-നെക്കുറിച്ച്പറയുമ്പോൾ ഭൂതകാലം മറന്നുപോകരുത്. നരിക്കാട്ടേരിയിൽ അഞ്ച് ചെറുപ്പക്കാരെ നിങ്ങൾ കുരുതികൊടുത്തു. ബോംബുണ്ടാക്കുമ്പോൾ ഛിന്നഭിന്നമായി ശിരസ് തകർന്നു മരിച്ചു. ക്ഷമ പരിശീലിപ്പിക്കാൻ വേണ്ടിയാണോ നരിക്കാട്ടേരിയിൽ ബോംബുണ്ടാക്കിയപ്പോൾ അഞ്ച് ചെറുപ്പക്കാർ കൊല്ലപ്പെട്ടത്; ഈ ചരിത്രമൊന്നും മറന്നുപോകരുത് എന്നുമാത്രം സൂചിപ്പിക്കുകയാണ്. ഇവിടെയൊരു യൂത്ത് കോൺഗ്രസ് പ്രവർത്തകൻ കൊല്ലപ്പെട്ടത് ഈ സഭ ഒരുപാട് ചർച്ച ചെയ്തു. നിർഭാഗ്യകരമെന്നു പറയട്ടെ. ഒരംഗം ഈ സഭയിൽ പറഞ്ഞു 'ന്യൂനപക്ഷത്തിൽപ്പെട്ടൊരാളെ കൊന്നു'. ഫാസിൽ കൊല്ലപ്പെട്ടപ്പോൾ ഞങ്ങൾ 'ഒരു മുസ്ലീം കൊല്ലപ്പെട്ടു'വെന്ന് പറഞ്ഞിട്ടില്ല. ഒരു മനുഷ്യൻ കൊല്ലപ്പെട്ടു, ഒരു ഡി.വൈ.എഫ്.ഐ.-ക്കാരൻ കൊല്ലപ്പെട്ടുവെന്നേ പറഞ്ഞിട്ടുള്ളൂ. സജിൻ ഷാഹുൽ കൊല്ലപ്പെട്ടപ്പോൾ, അഷ്റഫ് കൊല്ലപ്പെട്ടപ്പോഴൊന്നും കൊല്ലപ്പെട്ടവന്റെ മതം പറഞ്ഞ് മുതലെടുപ്പിന് ഇവിടെയാരും വന്നിട്ടില്ല. മൃതദേഹങ്ങൾ വിൽപ്പനയ്ക്ക് വയ്ക്കരുത്. കണ്ണീരിൽ വിഷം കലർത്തരുത്, ഇത്തരത്തിലുള്ള കൊടുംപാതകങ്ങൾക്കെതിരെ നിലപാട് സ്വീകരിക്കുകയാണ് വേണ്ടത്. സമീപ സമയത്ത് സഭയ്ക്കകത്തും പുറത്തും ചർച്ചയായ പ്രതിമ തകർക്കൽ വിഷയങ്ങളെക്കുറിച്ച് നമുക്കറിയാം. ലെനിന്റെ പ്രതിമ മാത്രമാണ് തകർത്തത് എന്നാണ് ചിലരുടെ പ്രതികരണം കണ്ടാൽ തോന്നുന്നത്. ഇവിടെ വലിയ ആഹ്ലാദം പ്രകടിപ്പിച്ചു. പ്രതിമ തകർത്തതാര്; അവരുടെ രാഷ്ട്രീയമെന്ത്; പ്രത്യയശാസ്ത്രമെന്ത്; അവരോടുള്ള നിങ്ങളുടെ നിലപാടെന്ത്; കോൺഗ്രസ്സിന്റെ നിലപാടുകൾ കാണുമ്പോൾ കഷ്ടം തോന്നുന്നു. അംബേദ്കറുടെ പ്രതിമ തകർത്തില്ലേ; പെരിയോരുടെ പ്രതിമ തകർത്തില്ലേ; ആ കൂട്ടത്തിലല്ലേ ലെനിന്റെ പ്രതിമയും തകർത്തത്; ഒരു പ്രതിമ എങ്ങനെയുണ്ടാകുന്നു? ഒരാൾ ഒരാശയമായി മാറുമ്പോഴാണ് ഒരു പ്രതിമയായി പ്രതീകവൽക്കരിക്കപ്പെടുക. അതൊരു ജനതയുടെ ഹൃദയവികാരമാണ്. അത് തകർത്തെറിയുന്ന ആർ.എസ്.എസ്. രാഷ്ട്രീയത്തെ പരോക്ഷമായെങ്കിലും പിന്തുണയ്ക്കുകയല്ലേ നിങ്ങൾ

ചെയ്തത്; ലെനിന് എതിരായി എന്തെല്ലാം ആക്ഷേപങ്ങൾ ഈ സഭയിൽ വന്നു. ബഹുമാന്യനായ ഒരു കോൺഗ്രസ് അംഗം കമ്മ്യൂണിസ്റ്റ് വിരുദ്ധ ജ്വരംകൊണ്ട് സാമാന്യകാഴ്ച നഷ്ടപ്പെട്ടുപോയി എന്ന് സംശയിക്കത്തക്കവിധമാണ് അദ്ദേഹം ഈ സഭയിൽ പലതും പുലമ്പിയത്. ലെനിൻ വിരോധത്തിന്റെ നിറം പിടിപ്പിച്ച എത്ര നുണക്കഥകൾ അദ്ദേഹം ഇന്നലെയും പറഞ്ഞു. സോവിയറ്റ് വിരുദ്ധമായ നുണക്കഥകൾ ലെനിനും സ്റ്റാലിനും എതിരെ പ്രചരിപ്പിച്ചതിന്റെ ചരിത്രം നോക്കിയാൽ രണ്ട് പ്രഭവ കേന്ദ്രങ്ങളാണ് അതിനുണ്ടായിരുന്നത്. William Hearst-ഉം Robert Conquest-ഉം. ഈ രണ്ടുപേരാണ് സോവിയറ്റ് വിരുദ്ധ നുണകൾ ലോകത്ത് പ്രചരിപ്പിക്കുന്നതിന് നേതൃത്വം കൊടുക്കുന്നത്. William Hearst മഞ്ഞപത്രത്തിന്റെ പിതാവ് എന്നാണ് അറിയപ്പെടുന്നത്. അമേരിക്കയിലെ മാധ്യമ മുതലാളിയായിരുന്നു. 25 പത്രങ്ങൾ സ്വന്തമായിട്ടുള്ള ആളാണ്. 1934-ൽ അദ്ദേഹം ജർമ്മനി സന്ദർശിക്കുകയും ഹിറ്റ്ലറുടെ അടുത്ത സുഹൃത്തായി മാറുകയും ചെയ്തു. Goring-ന്റെ സാഹോദര്യം സ്ഥാപിച്ചു. ഗീബൽസിന്റെ ശിഷ്യത്വം സ്വീകരിച്ചു. തിരിച്ചുവന്ന William Hearst-ന്റെ പത്രത്തിലാണ് ആദ്യമായി Goring-ന്റെ ലേഖന പരമ്പരയുണ്ടാകുന്നത്. ആ മഞ്ഞപത്രത്തിന്റെ പിതാവ് എന്നറിയപ്പെടുന്ന William Hearst-നെ 2018-ലും ശിരസ്സിൽ ചുമക്കുന്ന കോൺഗ്രസുകാരൻ കോൺഗ്രസിന്റെ ചരിത്രത്തിന് അപമാനമാണെന്ന് നിങ്ങൾക്ക് തിരിച്ചറിയാൻ കഴിയുന്നില്ലെങ്കിൽ ഇനി എന്നാണ് നിങ്ങൾക്ക് നേരം വെളുക്കുക; Robert Conquest, അദ്ദേഹം Clement Attlee-യുടെ കാലഘട്ടത്തിൽ ഇംഗ്ലണ്ടിൽ സോവിയറ്റ് യൂണിയനെതിരെ നുണപ്രചരണം നടത്താൻ വേണ്ടി മാത്രം ആരംഭിച്ച ഇൻഫർമേഷൻ റിസർച്ച് ഡിപ്പാർട്ടുമെന്റിന്റെ ഭാഗമായിരുന്നു. അദ്ദേഹമാണ് റഷ്യയെ സംബന്ധിച്ച നിറം പിടിപ്പിച്ച നുണക്കഥകളുടെയും myth-ന്റെയും പ്രധാന സ്രഷ്ടാവ്. 1969-ൽ The Great Terror എന്ന അദ്ദേഹത്തിന്റെ കുപ്രസിദ്ധമായ പുസ്തകത്തിൽ ആറ് ദശലക്ഷം ആളുകളെ ഉക്രെയിനിൽ കൊന്നുവെന്ന് എഴുതി. അദ്ദേഹം തന്നെ പിന്നീട് 1986-ൽ The Harvest of Sorrows-ൽ അതേ സംഭവത്തെക്കുറിച്ച് 14 ദശലക്ഷം ആളുകളെ കൊന്നുവെന്ന് പറഞ്ഞു. ഇങ്ങനെയുള്ള നുണക്കഥകൾ പുറത്തുവിട്ട കാലഘട്ടത്തിൽ അതിനെ പ്രോത്സാഹിപ്പിച്ച സി.ഐ.എ. അവരുടെ ഒരു രേഖയിൽ പരാമർശിച്ച ഒരു വാചകം 'ഇങ്ങനെയുള്ള പുസ്തകങ്ങളെല്ലാം പുറത്തിറങ്ങിയാൽ മൂന്നാം ലോകരാജ്യങ്ങളിലെയും കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിലെയും കമ്മ്യൂണിസത്തിനെതിരായി പൊരുതുന്ന ആളുകൾക്ക് ഇതൊക്കെ ഉപയോഗിക്കാൻ പറ്റും' എന്നാണ്. അങ്ങനെ ഉപയോഗിക്കുന്നവരെ സി.ഐ.എ. തന്നെ എഴുതിയത് 'പ്രയോജനപ്രദരായ മണ്ടന്മാർ' എന്നാണ്. ഇങ്ങനെ എഴുതിവിട്ടാൽ ഇതെല്ലാം എടുത്ത് കമ്മ്യൂണിസത്തിനെതിരായി പ്രയോഗിച്ചുകൊള്ളുമെന്നാണ് പറഞ്ഞത്. പ്രയോജനപ്രദരായ മണ്ടന്മാർ എന്ന് സി.ഐ.എ. വിശേഷിപ്പിച്ച ഗണത്തിൽ തൃക്കാക്കരയിലെ അംഗമുൾപ്പെടെയുള്ളവർ കടന്നുനിൽക്കുന്നത് പരിഹാസ്യമാണ് എന്നോർമ്മിപ്പിക്കാൻ മാത്രമേ എനിക്കാവൂ.

1987-ൽ കാനഡയിലെ മാധ്യമ പ്രവർത്തകനായ Douglas Tottle ആണ് അദ്ദേഹത്തിന്റെ Fraud, Famine and Fascism: The Ukrain Genocide Myth from Hitler to Harvard എന്ന പുസ്തകത്തിൽ തെളിവുകൾ നിരത്തിക്കൊണ്ട് ഈ നുണപ്രചരണങ്ങളെയെല്ലാം പൊളിച്ചടുക്കുന്നത്. 1987-നുശേഷം Robert Conquest-ന്റേയോ William Hearst-ന്റേയോനുണകൾ ലോകത്തിലെവിടെയും പിന്നീടാരും പറയാറില്ലായിരുന്നു. എന്നിട്ടും 2018-ൽ ഇതേ നുണകൾ ആവർത്തിക്കുന്നു. അങ്ങനെ ആവർത്തിക്കുമ്പോൾ നിങ്ങൾ മറന്നുപോകുന്നത് നെഹ്റുവിനെയാണ്. ലെനിൻ മരിച്ച് ഒരു പതിറ്റാണ്ട് കഴിഞ്ഞിട്ടും അദ്ദേഹത്തിന്റെ മഹാത്മ്യം ഇന്ത്യയിൽ പറഞ്ഞുനടന്നത് ജവഹർലാൽ നെഹ്റുവാണ്. മകൾക്കയച്ച കത്തിൽ ജവഹർലാൽ നെഹ്റു പറയുന്നുണ്ട്, 'പ്രീയപ്പെട്ട മകളെ, നീ ജനിച്ച വർഷത്തിന്റെ പ്രാധാന്യം നിനക്കറിയുമോ;' ഒക്ടോബർ വിപ്ലവത്തിന്റെ മാഹാത്മ്യമാണ് അദ്ദേഹം പറയുന്നത്. 1917-ലാണ് തനിക്ക് ഒരു മകളുണ്ടായത്. അതും നവംബർ മാസത്തിൽ. റഷ്യൻ വിപ്ലവം അദ്ദേഹത്തെ പ്രചോദിപ്പിച്ചു. സ്വേച്ഛാധിപതിയെന്നല്ല, മഹാനായ നേതാവെന്നാണ് ലെനിനെ വിശേഷിപ്പിച്ചത്. Glimpses of World History വായിച്ചാൽ അറിയാം. അതിന്റെ ഭാഗം 1, പേജ് 19-ൽ ലെനിനെ ജവഹർലാൽ നെഹ്റു താരതമ്യം ചെയ്യുന്നത് മഹാത്മാ ഗാന്ധിയുമായാണ്. ലെനിന്റെ കാലഘട്ടം, ലെനിന്റെ പ്രാഗത്ഭ്യം, സോവിയറ്റ് യൂണിയന്റെ സംഭാവന അത് ഏറ്റവും വിലമതിച്ച രാജ്യമാണ് ഇന്ത്യ. ഭക്രാനംഗൽ അണക്കെട്ടുകളിൽ നിന്ന് നിങ്ങൾ വൈദ്യുതി ഉത്പാദിപ്പിക്കുന്നുവെങ്കിൽ ആദ്യം നന്ദി പറയേണ്ടത് ലെനിനോടാണ്, സോവിയറ്റ് യൂണിയനോടാണ്. അതുകൊണ്ടാണ് ലെനിന്റെ മാഹാത്മ്യത്തിന്റെ മുമ്പിൽ കുനിഞ്ഞ ശിരസ്സുമായി വയലാർ രാമവർമ്മ അദ്ദേഹത്തിന്റെ അവസാന കാലഘട്ടത്തിൽ ലെനിനെക്കുറിച്ച് ഒരു കവിത എഴുതിയത്.

"ഇന്ത്യയോർക്കും ലെനിനെ; മനുഷ്യന്റെ കണ്ണിൽ
ബാഷ്പം നിറയുമ്പൊഴൊക്കെയും
ഇന്ത്യയോർക്കും ലെനിനെ; വിലങ്ങുകൾ
വന്നു കൈകളിൽ വീഴുമ്പൊഴൊക്കെയും
ഇന്ത്യയോർക്കും ലെനിനെ; സയൻസിന്റെ
യന്ത്രപ്പക്ഷി പറക്കുമ്പോഴൊക്കെയും
വിശ്വമാകെയുണർത്തുമൊക്ടോബർ
വിപ്ലവത്തിന്റെ രക്ത നക്ഷത്രമേ
റഷ്യ, രാജ്യാന്തരങ്ങളെ ചൂടിച്ച
പുഷ്യരാഗ സ്വയംപ്രഭാ രത്നമേ

നിന്നിൽ നിന്ന കൊളുത്തിയെടുത്തതാണെന്നിലിന്നുള്ള രാഗവും താളവും!" എന്ന് മലയാളത്തിന്റെ പ്രിയപ്പെട്ട കവി എഴുതിയത് ഒരു ജനത, ഒരു സമൂഹം എങ്ങനെ ലെനിനെ കണ്ടുവെന്നുള്ളതുകൊണ്ടാണ്.

മി. സ്പീക്കർ: യെസ്.... പ്ലീസ് കൺക്ലൂഡ്....

ശ്രീ. എം. സ്വരാജ്: സർ, ഞാൻ ചുരുക്കുകയാണ്. ഞാൻ സാധാരണ കൃത്യ സമയത്ത് നിർത്തുന്നയാളാണ്. പക്ഷെ, എനിക്ക് മുമ്പുള്ള ഒരാളും ആ മര്യാദ പാലിക്കാത്തതുകൊണ്ട് മാത്രമാണ് ഇത്തിരി സമയം കൂടുതലെടുത്തത്.

എനിക്ക് ബഹുമാനപ്പെട്ട കോൺഗ്രസ് അംഗങ്ങളോട് ഓർമ്മിപ്പിക്കാനുള്ളത്, നിങ്ങൾക്ക് ലോകത്തിലെ ഏത് മഹാനേതാവിനെക്കുറിച്ചും ഇഷ്ടംപോലെ പുസ്തകങ്ങൾ ലഭിക്കും. അവരെ ആക്ഷേപിക്കുന്ന പുസ്തകങ്ങൾ, നുണ പറയുന്ന പുസ്തകങ്ങൾ, മഹാത്മാഗാന്ധി മുതൽ മാർപ്പാപ്പവരെ ഉള്ളവരെക്കുറിച്ചുള്ള പുസ്തകങ്ങൾ, മദർ തെരേസ മുതൽ കാറൽ മാർക്സ് വരെയുള്ളവരെക്കുറിച്ചുള്ള ഇത്തരം പുസ്തകങ്ങൾ കിട്ടും. അതിന്റെയൊക്കെ പിന്നിൽ പല താൽപ്പര്യങ്ങളുമുണ്ടാകും. ഇന്ദിരാ ഗാന്ധിയെക്കുറിച്ച് അറിയണമെന്ന് തോന്നുമ്പോൾ ഞങ്ങൾ എം. ഒ. മത്തായിയുടെ പുസ്തകമല്ല വായിക്കാറ്. ഞങ്ങൾ കുശ്വന്ത് സിംഗിന്റെ പുസ്തകമല്ല വായിക്കാറ്. മഹാത്മാ ഗാന്ധിയെക്കുറിച്ച് പഠിക്കാൻ ഞങ്ങൾ കുസ്മം വദ്ഗമയുടെ പുസ്തകമല്ല വായിക്കാറ്. ലെനിനെക്കുറിച്ച് പഠിക്കാൻ ലീഗിന്റെ നേതാവ് വായിച്ചത് ദിമിത്രി വോൾക്കാനോവിന്റെ പുസ്തകമാണെന്ന് അദ്ദേഹം എഴുതിയതിൽനിന്ന് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇനിയെങ്കിലും തുറന്നുവച്ച മനസ്സോടെ, സ്വന്തം രാഷ്ട്രീയ നേതൃത്വവും ജവഹർലാൽ നെഹ്റുവും സി. എച്ച്. മുഹമ്മദ് കോയയുമൊക്കെ ലെനിനെ എങ്ങനെ കണ്ടു എന്നൊക്കെ മനസ്സിലാക്കുന്നത് ഈ കാലഘട്ടത്തിലുള്ളവർക്ക് ശരിയായ നിലപാട് സ്വീകരിക്കാൻ സഹായകരമായിരിക്കുമെന്നുകൂടി ഓർമ്മപ്പെടുത്തിക്കൊണ്ട് ഒരിക്കൽകൂടി ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. കെ. മുരളീധരൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. നമ്മുടെ വിദ്യാഭ്യാസ രംഗം എല്ലാ സന്ദർഭങ്ങളിലും പൊതു സമൂഹം ചർച്ച ചെയ്യപ്പെടുന്ന ഒരു മേഖലയാണ്. പലപ്പോഴും പൂമാലകളെക്കാൾ കല്ലേറാണ് ഈ വകുപ്പിന് മുൻകാലങ്ങളിലും ലഭിച്ചിട്ടുള്ളത്; ഇപ്പോഴും അതുതന്നെയാണ്. ഏതായാലും ഈ വിദ്യാഭ്യാസ ചർച്ചയിൽ ഞാൻ രാഷ്ട്രീയമൊന്നും പറയുന്നില്ല. ഈ സബ്ജക്ടിൽ മാത്രം ഒതുങ്ങിനിന്ന് സംസാരിക്കാം. കേരളത്തിലെ വിദ്യാഭ്യാസ പ്രശ്നം പറയുമ്പോൾ പ്രതിമകളുടെ കഥ അന്വേഷിച്ച് പോകേണ്ട ആവശ്യമില്ലല്ലോ; ലെനിന്റെ embalm ചെയ്ത മൃതശരീരവും Ho Chi Minh-ന്റെ embalm ചെയ്ത മൃതശരീരവും Mao Zedung-ന്റെ embalm ചെയ്ത

മൃതശരീരവും കാറൽ മാർക്സിന്റെ ശവകുടീരവും കണ്ടൊരാളാണ് ഞാൻ. ഇതെല്ലാം കണ്ട മറ്റൊരാൾ ഈ സഭയിൽ ഉണ്ടാകുമോയെന്ന് എനിക്കറിയില്ല. അതുകൊണ്ട് ഞാൻ ആ സബ്ജക്ടിലേയ്ക്ക് കടക്കുന്നില്ല. ഇവിടെ പൊതുവിദ്യാഭ്യാസ യജ്ഞത്തെക്കുറിച്ച് പറയുമ്പോൾ,

ശ്രീ. എം. സ്വരാജ്: സർ, എന്നിട്ടും നന്നായില്ലല്ലോ;

ശ്രീ. കെ. മുരളീധരൻ: സർ, എനിക്ക് ഇപ്പോൾ കുഴപ്പമൊന്നുമില്ല. ഏതായാലും ശ്രീ. എം. സ്വരാജിന്റെ സർട്ടിഫിക്കറ്റോടുകൂടി നന്നാകേണ്ട ഗതികേട് എനിക്കില്ല. അതിലേയ്ക്ക് ഞാൻ കടക്കുന്നില്ല.

മി. സ്പീക്കർ: പ്ലീസ്.... പ്ലീസ്.... അങ്ങ് സംസാരിക്കൂ....

ശ്രീ. കെ. മുരളീധരൻ: സർ, അതുകൊണ്ടാണ് ഞാൻ നിങ്ങളെപ്പോലെ വികാരം കൊള്ളാത്തത്. വികാരം കൊണ്ടിട്ട് ഒരു കാര്യവുമില്ല. സബ്ജക്ടിൽ ഒതുങ്ങിനിന്ന് സംസാരിക്കാം. വികാരം നമ്മെ എവിടെയും എത്തിക്കില്ല. പൊതുവിദ്യാഭ്യാസ യജ്ഞത്തെക്കുറിച്ച് പറയുമ്പോൾ, കഴിഞ്ഞ 21 മാസക്കാലത്തെ വിദ്യാഭ്യാസ വകുപ്പിന്റെ പ്രവർത്തനങ്ങളിൽ അൺ-എയ്ഡഡ് മേഖലയും എയ്ഡഡ് മേഖലയുമുണ്ട്. അൺ-എയ്ഡഡ് മേഖലയിൽ വിദ്യാലയങ്ങൾ നിർമ്മിക്കുന്നതും ടീച്ചർമാരെ നിയമിക്കുന്നതും സ്വകാര്യ മാനേജ്മെന്റാണ്. എന്നാൽ എയ്ഡഡ് മേഖലയിൽ വിദ്യാലയങ്ങൾ നിർമ്മിക്കുന്നതും അദ്ധ്യാപകരെ നിയമിക്കുന്നതും മാനേജ്മെന്റാണ്. പക്ഷെ ശമ്പളം കൊടുക്കുന്നത് ആരാണ്? അൺ-എയ്ഡഡിൽ ശമ്പളം മാനേജ്മെന്റാണ് കൊടുക്കുന്നത്. എയ്ഡഡ് സ്കൂളിൽ സർക്കാർ ശമ്പളം കൊടുക്കുന്നു. പക്ഷേ അദ്ധ്യാപകരെ നിയമിക്കുന്നതിൽ സർക്കാരിന് ഒരു നിയന്ത്രണവും ഇല്ല. അത് വർഷങ്ങളായി കേരളത്തിൽ തുടർന്നുവരുന്ന ഒരു പ്രക്രിയയാണ്. ഇവിടെ അൺ-എയ്ഡഡ് വിദ്യാലയങ്ങൾ അടച്ചുപൂട്ടുന്നു. അൺറെക്കഗ്നൈസ്ഡ് അൺ-എയ്ഡഡ് വിദ്യാലയങ്ങൾ മുഴുവൻ ഒരു സുപ്രഭാതത്തിൽ അടച്ചുപൂട്ടുകയെന്ന് പറയുമ്പോൾ, മറുഭാഗത്ത് എയ്ഡഡ് മേഖലയ്ക്ക് പ്രാധാന്യം കൊടുക്കുകയല്ലേ; ഇന്ന് സർക്കാർ- എയ്ഡഡ് മേഖലകളിലെ സ്കൂളുകളാണ് പൊതു വിദ്യാലയങ്ങളെന്നാണ് അങ്ങ് പറയുന്നത്. എയ്ഡഡ് സ്കൂളുകളെ ഗവൺമെന്റിലേയ്ക്ക് ചേർക്കുമ്പോൾ നഷ്ടമുണ്ടാകുന്നത് ആർക്കാണ്; ഗവൺമെന്റ് വിദ്യാലയങ്ങൾക്കല്ലേ?കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് ഒരു എം.എൽ.എ.-യ്ക്ക് സ്വന്തം നിയോജകമണ്ഡലത്തിൽ ചെലവഴിക്കാൻ 5 കോടി രൂപയുടെ ആസ്തി വികസന ഫണ്ടും 75 ലക്ഷമായിരുന്ന സ്പെഷ്യൽ ഫണ്ട് ഒരു കോടി രൂപയുമാക്കി. സത്യത്തിൽ ആ ആസ്തി വികസന ഫണ്ട് നൽകിയതാണ് സർക്കാർ വിദ്യാലയങ്ങൾക്ക് ഏറ്റവും അനുഗ്രഹമായതെന്ന് വിശ്വസിക്കുന്ന ആളാണ് ഞാൻ. എന്റെ നിയോജക മണ്ഡലത്തിലെ എല്ലാ സർക്കാർ

വിദ്യാലയങ്ങൾക്കും അവർ ആവശ്യപ്പെട്ടത് ഞാൻ കൊടുത്തു. കെട്ടിടം വേണ്ട സ്ഥലത്ത് കെട്ടിടം കൊടുത്തു, ബസ് വേണ്ട സ്ഥലത്ത് ബസ് കൊടുത്തു, കമ്പ്യൂട്ടർ ആവശ്യമുള്ളിടത്ത് കമ്പ്യൂട്ടർ കൊടുത്തു. എന്താണോ ചോദിച്ചത് അത് എല്ലാ സർക്കാർ വിദ്യാലയങ്ങൾക്കും കൊടുത്തു. ഞാൻ രണ്ടാമത് ഇലക്ഷന് നിൽക്കുന്ന സമയത്ത്, എല്ലാ സർക്കാർ വിദ്യാലയങ്ങളിലും പോളിംഗ് ബൂത്ത് ഉണ്ടാകും, ഞാൻ ചെന്ന എല്ലാ വിദ്യാലയത്തിലും ഒരു കർട്ടൻ വച്ച് ബോർഡ് മറച്ചിരുന്നു. അത് സ്ഥാനാർത്ഥിയായ എന്റെ പേരുള്ള ബോർഡായിരുന്നു. അങ്ങനെ എല്ലാ സർക്കാർ വിദ്യാലയങ്ങൾക്കും കൊടുക്കാൻ സാധിച്ചു. ഇന്ന് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ പൊതു വിദ്യാഭ്യാസ യജ്ഞത്തിൽ എയ്ഡഡ് സ്ഥാപനങ്ങളെ ചേർക്കുമ്പോൾ സത്യം പറഞ്ഞാൽ അത് കെ.ഇ.ആർ. നിയമങ്ങൾക്ക് എതിരല്ലേ; ഒരു സ്വാശ്രയ വിദ്യാലയം ആരംഭിക്കുന്നതിന്റെ നിയമം എന്താണ്; കെട്ടിടം പണിയണം, ആവശ്യത്തിനുള്ള ക്ലാസ്സ് റൂം ഉണ്ടാകണം, ടോയ്ലറ്റ് സൗകര്യങ്ങൾ ഉണ്ടാകണം, കെ.ഇ.ആർ.-ൽ പറയുന്ന എല്ലാം അനുസരിച്ചിരിക്കണം. അങ്ങനെയാണ് വിദ്യാലയങ്ങൾ തുടങ്ങുന്നത്. പക്ഷെ ഇപ്പോൾ പൊതു വിദ്യാലയങ്ങൾക്കുള്ള ഫണ്ട് എയ്ഡഡ് മേഖലയിലെ സ്കൂളുകൾക്കും കിട്ടുകയല്ലേ; ചുരുക്കിപ്പറഞ്ഞാൽ എയ്ഡഡ് മേഖലയിലുള്ളവർക്ക് തഴച്ചുവളരാനുള്ള ഒരു സന്ദർഭമല്ലേ; അല്ലെങ്കിൽ ചെയ്യേണ്ട ഒരു കാര്യം, ഈ നിയമസഭയിൽ അങ്ങ് നൽകിയ ഒരു മറുപടിയിൽ, വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ വിദ്യാലയങ്ങളെ സംബന്ധിച്ച് ചേലക്കര അംഗം ശ്രീ. യു. ആർ. പ്രദീപിന്റെ ഒരു ചോദ്യത്തിനുള്ള മറുപടിയാണിത്. സംസ്ഥാനത്ത് വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ സ്കൂളുകളുടെ എണ്ണം എൽ.പി., യു.പി., ഹൈസ്കൂൾ തരംതിരിച്ച് വ്യക്തമാക്കാമോ; അങ്ങയുടെ മറുപടി, 'എൽ.പി. സ്കൂളുകൾ-69, യു.പി. സ്കൂളുകൾ-18, ഹൈസ്കൂൾ-2' എന്നാണ്. ഇത്രയും സർക്കാർ വിദ്യാലയങ്ങൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുമ്പോൾ, എണ്ണം എല്ലാ വർഷവും കുറഞ്ഞു വരുന്നുണ്ടാകാം, പക്ഷെ, ഇത്രയും സർക്കാർ സ്കൂളുകൾ പ്രവർത്തിക്കുമ്പോഴാണ് എയ്ഡഡ് വിദ്യാലയങ്ങൾക്ക് പൊതു വിദ്യാലയത്തിന്റെ പ്രയോജനം കിട്ടുന്നത്. അങ്ങനെ പ്രയോജനം കിട്ടുമ്പോൾ ആ വിദ്യാലയത്തിന് കെട്ടിടം പണിയാനും എം.എൽ.എ. ഫണ്ട് ഉപയോഗിക്കാം. സർക്കാർ പൊതുവിദ്യാലയങ്ങൾക്ക് കൊടുക്കുന്ന ഫണ്ട് അവർക്ക് ഉപയോഗിക്കാം. ഇതെല്ലാം കിട്ടിയിട്ട് അദ്ധ്യാപകരെ നിയമിക്കുന്നതോ; കാശു വാങ്ങി ഇഷ്ടംപോലെ നിയമിക്കാം. സർക്കാർ ശമ്പളം കൊടുക്കുക. ഇവർ വയ്ക്കുന്ന അദ്ധ്യാപകരുടെ തസ്തിക പിന്നീട് സാംഗ്ഷനാക്കി കൊടുക്കും.

സഭയിൽ ബഹുമാനപ്പെട്ട ഒറ്റപ്പാലം എം.എൽ.എ. ഇരിക്കുന്ന

സീറ്റിലിരുന്നുകൊണ്ട് ഞാനൊരിക്കൽ പറഞ്ഞു, എയ്ഡഡ് സ്ഥാപനങ്ങളിലെ അദ്ധ്യാപക നിയമനം പി.എസ്.സി.-ക്ക് വിട്ടു കൊടുക്കണം. ഈ ഭാഗത്തിരുന്ന എല്ലാവരും കയ്യടിച്ചു. ഏറ്റവും കൂടുതൽ കയ്യടി ഈ ഭാഗത്തുനിന്നാണ് വന്നത്. അങ്ങും ഇവിടെയിരുന്ന് കയ്യടിച്ചു. പക്ഷേ തിരിച്ച് എം.എൽ.എ. ക്വാർട്ടേഴ്സിലെ മുറിയിലെത്തിയപ്പോൾ എനിക്ക് ചില ഫോൺകോൾസ് വന്നു, ഇപ്പോൾ ഇരിക്കുന്ന സ്ഥലത്തേയ്ക്ക് വീണ്ടും പോകാൻ ആഗ്രഹമില്ലേയെന്ന്. നല്ല സ്വാധീനമുള്ള മാനേജ്മെന്റുകളാണ് ഇന്നിവിടെ പ്രവർത്തിക്കുന്നത്. അവരെ നിയന്ത്രിക്കാൻ രണ്ട് ഭാഗത്തുള്ളവർക്കും കഴിയില്ല എന്നതൊരു യാഥാർത്ഥ്യമാണ്. ഇത് പി.എസ്.സി.-ക്ക് വിടണമെന്ന അഭിപ്രായക്കാരൻ തന്നെയാണ് ഞാനും. ഈ സഭയിൽ ശ്രീ. സി. ദിവാകരൻ ഒരു ശ്രദ്ധക്ഷണിക്കൽ കൊണ്ടുവന്നു. അതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടിയും മുൻപ് ഞാൻ ചോദിച്ച ചോദ്യത്തിന് ശ്രീ. പി. കെ. അബ്ദു റബ്ബിന്റെ മറുപടിയും ഒന്നാണ്. കാരണം നമുക്ക് ചെയ്യാൻ സാദ്ധ്യമല്ലാത്ത ഒരു സാഹചര്യമുണ്ട്. എയ്ഡഡ് വിദ്യാലയങ്ങളിലെ അദ്ധ്യാപക നിയമനം പി.എസ്.സി.-ക്ക് വിടാത്തിടത്തോളം കാലം ഈ സ്വാശ്രയ മാനേജ്മെന്റുകൾക്ക് ഇങ്ങനെ തടിച്ചുകൊഴുക്കാനുള്ള അവസരം നമ്മളെന്തിനാണ് ഉണ്ടാക്കുന്നത്? അതിന് പകരം പൊതുവിദ്യാലയങ്ങൾ ഗവൺമെന്റായി നിലനിർത്തിയാൽ ഇന്നുള്ള പരിമിതികൾ നമുക്ക് പരിഹരിക്കാൻ കഴിയും. ഗവൺമെന്റ് വിദ്യാലയങ്ങളിലേയ്ക്ക് കുട്ടികൾ വരാൻ ഇന്നലെവരെ എന്തായിരുന്നു തടസ്സം; നല്ല കെട്ടിടം ഇല്ലാത്തതുകൊണ്ടായിരുന്നു. ഇന്ന് ആസ്തി വികസന ഫണ്ടുപയോഗിച്ച് കെട്ടിടം നിർമ്മിക്കുമ്പോൾ സർക്കാരിന്റെ ബാധ്യത ഇല്ലാതാവുകയാണ്. കൂടുതൽ സൗകര്യങ്ങളും ടോയ്‌ലെറ്റുകളുമൊക്കെ വന്നുകഴിഞ്ഞാൽ ധാരാളം കുട്ടികൾ വരും. ബസിന്റെ അസൗകര്യമുണ്ടെങ്കിൽ അതിനും എം.എൽ.എ. ഫണ്ട് നമ്മൾ കൊടുക്കുന്നു. നാളെ എയ്ഡഡ് മേഖല വരുമ്പോൾ അവരും ആവശ്യപ്പെടും. ഞങ്ങൾക്കും വേണം, ഞങ്ങൾക്കും ഇത്ര ബസ് വേണം എന്നൊക്കെ പറയുമ്പോൾ കൊടുക്കാനുള്ള അവസരം ഉണ്ടാവുകയാണ്. ഒരു കാരണവശാലും എയ്ഡഡ് മേഖലയെ ഇതിൽ ഉൾപ്പെടുത്തരുതെന്ന് കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് ഞങ്ങളൊക്കെ ശക്തമായി പറഞ്ഞു. ദൗർഭാഗ്യവശാൽ സർക്കാർ വിദ്യാലയങ്ങൾക്ക് കിട്ടേണ്ട പ്രാധാന്യം പോലും ഇന്ന് നഷ്ടപ്പെടുകയാണ്. ഇപ്പോൾ സ്വകാര്യ മാനേജ്മെന്റിന് കെട്ടിടത്തിനും കാശ് വേണ്ട, അദ്ധ്യാപകരുടെ ശമ്പളവും കൊടുക്കേണ്ട. എന്നാൽ അതേ സമയം അദ്ധ്യാപകരെ നിയമിക്കുമ്പോൾ അതിന്റെ കിമ്പളം കൃത്യമായി അവർക്ക് കിട്ടുകയും ചെയ്യും. അങ്ങനെ ഒരു അവസ്ഥയിലേയ്ക്ക് ഈ പൊതുവിദ്യാഭ്യാസ യജ്ഞം ഇന്നെത്തി എന്നത് ഏറ്റവും ദുഃഖകരമായ കാര്യമാണ്.

ഹയർ സെക്കണ്ടറിയിൽ എസ്.എസ്.എൽ.സി. വരെയുള്ള ഹൈസ്കൂളുകളെ യോജിപ്പിക്കാൻ ഒരു കമ്മീഷനെ വച്ചിരിക്കുന്നു എന്ന് അങ്ങ് സഭയിൽ പറഞ്ഞു. അതിന് അങ്ങ് പറഞ്ഞ കാരണത്തിൽ കുറേ ശരിയുമുണ്ട്. ഹെഡ്മാസ്റ്ററാണെങ്കിലും പ്രിൻസിപ്പലാണെങ്കിലും രണ്ട് ഡിപ്പാർട്ടുമെന്റുകൾ തമ്മിൽ തർക്കമുണ്ടെന്നത് ശരിയാണ്. എന്റെ നിയോജകമണ്ഡലത്തിൽ ഒരു സ്ഥലത്തെ തർക്കം തീർക്കാൻ ഞാൻ മുൻകയ്യെടുത്തിട്ടുണ്ട്. കുട്ടികൾക്ക് കുറേക്കൂടി മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുക എന്ന ഉദ്ദേശ്യത്തോടെയാണ് പ്രീ-ഡിഗ്രി വേർപ്പെടുത്തി ഹയർ സെക്കണ്ടറി കൊണ്ടുവന്നത്. അത് അവരുടെ സ്റ്റാൻഡേർഡ് ഉയർത്തുക എന്ന ലക്ഷ്യത്തോടെയായിരുന്നു. അതിന് ആദ്യം പ്രീ-ഡിഗ്രി ബോർഡ് വന്നു. അന്ന് വലിയ സമരമുണ്ടായി. അന്ന് പ്രീ-ഡിഗ്രി ബോർഡ് സമരത്തിനെ എതിർത്ത് ഡി.വൈ.എഫ്.ഐ.-യുടെ ധാരാളം ചെറുപ്പക്കാർ അടിവാങ്ങി. അങ്ങനെ അടിവാങ്ങി നിയമസഭയിലേയ്ക്ക് വന്നവരിൽ ഒരാളേ ഇന്ന് ഈ സഭയിലുള്ളൂ, അത് ശ്രീ. എസ്. ശർമ്മയാണ്. പിന്നീടുവന്ന എൽ.ഡി.എഫ്. ഗവൺമെന്റ് പ്രീ-ഡിഗ്രി ബോർഡിന് പകരം പ്ലസ് ടു നടപ്പാക്കി. നമ്മുടെ വിദ്യാഭ്യാസ മേഖലയിൽ നല്ല സ്റ്റാൻഡേർഡുള്ള വിദ്യാഭ്യാസം നൽകുക എന്ന അർത്ഥത്തിലായിരുന്നു അത് നടപ്പാക്കിയത്. പക്ഷേ ഇന്നത്തേത് ഇതെല്ലാംകൂടി ലയിപ്പിച്ച അവസ്ഥയാണ്

പോസ്റ്റ് ഗ്രാഡ്യുവേഷനും ബി.എഡും. സെറ്റുമാണ് ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ ക്വാളിഫിക്കേഷൻ. അതേസമയം, ഹൈസ്കൂൾ അദ്ധ്യാപകർക്ക് ബിരുദവും ബി.എഡ്.-ഉം മതി. ഇതെല്ലാംകൂടി ഒരുമിച്ചുവരുമ്പോൾ പഠിപ്പിക്കുന്ന അദ്ധ്യാപകർക്കുതന്നെ ക്വാളിഫിക്കേഷനിൽ അന്തരമുണ്ടാവുകയാണ്. ഞാൻ പറഞ്ഞത്, ഹൈസ്കൂളും ഹയർ സെക്കണ്ടറിയും തമ്മിൽ ചില ഏരിയയിൽ മാത്രമല്ലേ തർക്കമുള്ളൂ. തലവേദന പരിഹരിക്കാൻ തല വെട്ടേണ്ടതുണ്ടോ; ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി, ജോസഫ് മുണ്ടശ്ശേരിക്കുശേഷം വർഷങ്ങൾ കാത്തിരുന്നിട്ടാണ് വിദ്യാഭ്യാസ വകുപ്പുമന്ത്രിയായി ഒരു കോളേജ് പ്രൊഫസറെ ലഭിക്കുന്നത്. അപ്പോൾ മറ്റ് താൽപര്യങ്ങളെല്ലാം മാറ്റിവച്ച് ഒരു പ്രൊഫസർ എന്ന രീതിയിലുള്ള അങ്ങയുടെ വിജ്ഞാനം ഇക്കാര്യത്തിൽ വിനിയോഗിക്കേണ്ടതുണ്ട്. അതിൽ അഭിമാനം നോക്കേണ്ട കാര്യമൊന്നുമില്ല. ഈ രണ്ട് വിഭാഗത്തിലും പഠിപ്പിക്കുന്ന അദ്ധ്യാപകരുടെ ക്വാളിഫിക്കേഷനെ സംബന്ധിച്ച് അങ്ങ് ആലോചിക്കുക. ഈ ക്വാളിഫിക്കേഷൻ വച്ച് നാളെ രണ്ടുംകൂടി ഒരുമിച്ച് പ്രവർത്തിപ്പിക്കാൻ കഴിയുമോ; അങ്ങനെ പ്രവർത്തിക്കുമ്പോൾ ഹയർ സെക്കണ്ടറിയുടെ സ്റ്റാൻഡേർഡ് ഇതിലേയ്ക്ക് ലഭിക്കുമോ?

<u>ശ്രീ. എ. പ്രദീപ്കുമാർ</u>: സർ, കേരളത്തിലെ പൊതുവിദ്യാഭ്യാസം രക്ഷപ്പെടണമെങ്കിൽ ഇക്കാര്യത്തിൽ ഒരു നിർണ്ണായക തീരുമാനമെടുക്കണം. ഇപ്പോൾ ഹൈസ്കൂളുകളിൽ യു.പി./ഹൈസ്കൂൾ സെക്ഷനുകളുണ്ട്. റ്റി.റ്റി.സി. കഴിഞ്ഞവർക്ക് എൽ.പി.യിലും. ബി.എഡ്. കഴിഞ്ഞവർക്ക് ഹൈസ്കൂളിലും

പഠിപ്പിക്കാൻ കഴിയും. ഇതുരണ്ടും ഒരു യൂണിറ്റായി ഹൈസ്കൂൾ ഹെഡ്മാസ്റ്ററുടെ കീഴിൽ നിൽക്കുന്നുണ്ട്. അപ്പോൾ ഇൻസ്റ്റിറ്റ്യൂഷനല്ല, അഡ്മിനിസ്ട്രേറ്റീവ് ഹെഡ് എന്നുള്ളതാണ്. തർക്കങ്ങളും അനാരോഗ്യകരമായ അന്തരീക്ഷവും ഒഴിവാക്കാൻ അത് ഭരണപരമായ സൗകര്യമാണ്. ആ നിലയിൽ അത് യോജിപ്പിക്കേണ്ടത് അത്യാവശ്യമാണെന്ന അഭിപ്രായമാണ് എനിക്കുള്ളത്. വികൃതമായ സ്വഭാവം കാരണമാണ് പ്രീ-ഡിഗ്രി ബോർഡിനെതിരെ അന്ന് സമരം ചെയ്യേണ്ടി വന്നത്. അതിന്റെ ആ വികൃത ജന്മം അതുപോലെ നിൽക്കുകയാണ്. ദേശീയ വിദ്യാഭ്യാസ കാഴ്ചപ്പാടനുസരിച്ചുള്ള യൂണിഫിക്കേഷനായിരുന്നു അന്ന് ഉദ്ദേശിച്ചത്. അതങ്ങനെ വന്നിട്ടില്ല.

<u>ശ്രീ. കെ. മുരളീധരൻ</u>: സർ, അന്ന് പ്രീ-ഡിഗ്രി ബോർഡ് ഉദ്ദേശിച്ചത് ദേശീയ വിദ്യാഭ്യാസ നയം തന്നെയായിരുന്നു. അതാണ് അന്ന് നിഷ്കർഷിച്ചത്. ഏതാണ്ട് അതുതന്നെയാണ് പിന്നീട് പ്ലസ് ടു ആയി നടപ്പാക്കിയത്. ഏത് പാർട്ടി സംസ്ഥാനം ഭരിച്ചാലും ദേശീയ വിദ്യാഭ്യാസ നയം പ്രാവർത്തികമാക്കേണ്ട ചുമതലയുള്ളതുകൊണ്ടാണ് അത് നടപ്പാക്കിയത്. പക്ഷേ ഇന്ന് എല്ലാംകൂടി കൂട്ടി യോജിപ്പിച്ചു കഴിഞ്ഞാൽ മൊത്തത്തിൽ കുത്തഴിഞ്ഞൊരു സാഹചര്യത്തിലേയ്ക്ക് കാര്യങ്ങൾ പോകും. അതാണ് ഞാൻ പറഞ്ഞത്. ഇക്കാര്യത്തിൽ ഒരുപക്ഷേ എന്നേക്കാൾ നന്നായി ഒരു കോളേജ് പ്രൊഫസറായ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് അദ്ദേഹത്തിന്റെ മൈൻഡ് അപ്ലൈ ചെയ്യാൻ കഴിയും. ആ മൈൻഡ് അപ്ലൈ ചെയ്തുകൊണ്ട് ഇതിനെ രണ്ട് സെക്ഷനായിത്തന്നെ നിലനിർത്തുകയും എന്തെങ്കിലും പോരായ്മകളുണ്ടെങ്കിൽ ഭാവിയിൽ ഒരു അധികാര തർക്കം വരാതിതിക്കാനുള്ള കാര്യങ്ങളിൽ വിദ്യാഭ്യാസ മേഖലയിലെ വിദഗ്ദ്ധരുമായി കുറേക്കൂടി വിശാലമായ ചർച്ച നടത്തുകയും ഒരു all party meeting വിളിച്ച് ഒരു അമിക്കബിൾ സെറ്റിൽമെന്റാക്കുകയും ചെയ്യണമെന്നാണ് എനിക്ക് അങ്ങയോട് അഭ്യർത്ഥിക്കുവാനുള്ളത്.

ഫിഷറീസ് വകുപ്പിനെ സംബന്ധിച്ച് ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. ഫിഷറീസ് മേഖലയെ സംബന്ധിച്ച് പറയുമ്പോൾ, കാലാവസ്ഥാ വ്യതിയാനങ്ങൾ ഉണ്ടാകുമ്പോൾ ഏറ്റവുമധികം ദുരിതം അനുഭവിക്കുന്നത് മത്സ്യത്തൊഴിലാളികളാണ്. ഇവിടെ ഓഖി ദുരന്തമുണ്ടായ അവസരത്തിൽ എത്ര പേർ കടലിൽ പോയി എന്നതിനെക്കുറിച്ചൊക്കെ തർക്കമുണ്ടായി. അത് ഭാവിയിൽ ഉണ്ടാകാതിരിക്കാൻ, മത്സ്യത്തൊഴിലാളികളെ ഇൻഷ്വർ ചെയ്യുക, മത്സ്യബന്ധനത്തിന് പോകുന്ന തൊഴിലാളികളുടെ കണക്കെടുക്കുക എന്നീ സംവിധാനങ്ങൾ ഉണ്ടാകേണ്ടതുണ്ട്. ഈ രണ്ട് കാര്യങ്ങൾക്കും ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രി മുൻകൈയെടുക്കണം. കാരണം ഭാവിയിൽ പാവപ്പെട്ട ഒരു മത്സ്യത്തൊഴിലാളിയും കടലിൽവച്ച് മരിക്കാനുള്ള സാഹചര്യമുണ്ടാകരുത്. ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

# X. പ്രത്യേക പരാമർശം

## ജലദിനം

മി. സ്പീക്കർ: ഇന്ന് ലോക ജലദിനമാണ്. ഭൂമി ഒരു ജലഗ്രഹമാണ്. ഭൂമിയിലുള്ള ജലത്തിന്റെ 3.5 ശതമാനം മാത്രമാണ് ശുദ്ധജലം. പ്രകൃതിയിലെ മനുഷ്യന്റെ അനഭിലഷണീയമായ ഇടപെടലുകൾ നിമിത്തം കുടിവെള്ള സ്രോതസ്സുകളെല്ലാം നശിച്ചുകൊണ്ടിരിക്കുകയാണ്. മഹാനദികൾ പലതും മാലിന്യ കൂമ്പാരമായിക്കഴിഞ്ഞു. ഖര മാലിന്യങ്ങളും രാസവസ്തുക്കളും അടിഞ്ഞ് കുളവും കിണറുകളും തടാകങ്ങളുമെല്ലാം നാശത്തിന്റെ വക്കിലാണ്. രാഷ്ട്രങ്ങൾ തമ്മിൽ ജീവജലത്തിനു വേണ്ടി ഒരു ലോകയുദ്ധം ആരംഭിക്കുമോ എന്ന ആശങ്കയിലാണ് ലോകം. ഓരോ തുള്ളി ജലവും സൂക്ഷിച്ച് ഉപയോഗിക്കാനും ഭാവി തലമുറയ്ക്കുവേണ്ടി ശേഖരിച്ച് സംഭരിച്ചു വയ്ക്കാനും നമുക്ക് ഉത്തരവാദിത്വമുണ്ട്. 1993 മാർച്ച് 22 മുതൽ യു.എൻ. ജനറൽ അസംബ്ലി ഈ ലക്ഷ്യം മുൻനിർത്തി ലോക ജലദിനം ആചരിച്ചു വരികയാണ്. ജീവജലം സംരക്ഷിച്ച് ജീവൻ നിലനിർത്താനും ഹരിത ഭൂമിയെ കൂടുതൽ ഹരിതാഭമാക്കുവാനും ജലദിനം നമുക്ക് പ്രേരണയും പ്രചോദനവുമാകട്ടെ. ജല സമൃദ്ധിയുടെ മലയാളക്കരയെ കാത്തു സൂക്ഷിക്കാൻ കൂടുതൽ പരിശ്രമങ്ങളുണ്ടാകട്ടെ എന്ന് ആശംസിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, ഐക്യരാഷ്ട്ര സഭയുടെ 1992-ലെ ഭൗമ ഉച്ചകോടി മുതൽ 'മാർച്ച് 22' ലോക ജലദിനമായി ആചരിക്കുകയാണ്. "നേച്ചർ ഫോർ വാട്ടർ" ജലത്തിനായി പ്രകൃതി എന്നതാണ് ഈ വർഷത്തെ ജലദിനത്തിലെ തീം. ജലസ്രോതസ്സുകൾ അപ്രത്യക്ഷമാകുന്ന തരത്തിലുള്ള ദുരന്തങ്ങൾ സംഭവിക്കുന്ന ഒരു കാലത്താണ് നാം ജീവിക്കുന്നത്. സൗത്ത് ആഫ്രിക്കയിലെ കേപ് ടൗണിൽ ഇതിനു തുടക്കം കുറിച്ചുക്കഴിഞ്ഞു. ജലസ്രോതസ്സുകൾ സമീപകാലത്ത് അപ്രത്യക്ഷമാകുമെന്ന് കരുതുന്ന നഗരങ്ങളുടെ പട്ടികയിൽ നമ്മുടെ അയൽ സംസ്ഥാനത്തെ ഒരു നഗരംകൂടി ഉൾപ്പെട്ടിരിക്കുന്നുവെന്നത്, തീവ്രമായ ജലക്ഷാമം നമ്മുടെയടുത്തെത്തിയിരിക്കുന്നു എന്നതിന്റെ തെളിവാണ്. ലോക ജനസംഖ്യയിൽ ഒൻപതിൽ ഒരാൾക്കുവീതം ഇന്ന് ശുദ്ധജലം ലഭ്യമല്ലെന്നാണ് ഐക്യരാഷ്ട്രസഭ പറയുന്നത്. ലോകത്ത് നടക്കുന്ന മരണങ്ങളിൽ അഞ്ചിലൊന്ന് ജല സംബന്ധിയായ രോഗങ്ങളാലാണ് സംഭവിക്കുന്നത്. ശുദ്ധജലം ലഭിക്കാത്ത ജനസംഖ്യയുടെ 84 ശതമാനവും വസിക്കുന്നത് ഗ്രാമങ്ങളിലാണ്. ഭൂമിശാസ്ത്രപരമായും സാമൂഹ്യമായും സാംസ്കാരികമായും സാമ്പത്തികവുമായ അസമത്വങ്ങൾ ഇതിന് കാരണമാണ്. ഏറ്റവും പാവപ്പെട്ടവൻ, ഏറ്റവും രൂക്ഷമായ ജലക്ഷാമം അനുഭവിക്കുന്ന അവസ്ഥയാണ് ഉണ്ടാകാൻ പോകുന്നത്. 2050-ഓടു കൂടി ലോകത്ത് നാലിൽ ഒരാൾക്ക് വീതം ശുദ്ധജലം ലഭ്യമല്ലാതാകുമെന്നാണ് കണക്കുകൾ പ്രവചിക്കുന്നത്. കാലാവസ്ഥാ വ്യതിയാനവും ആഗോള താപനവുമൊക്കെ ഇതിന് കാരണമാണ്. നീർച്ചാലുകൾ ഇല്ലാതാകാതെയും പുഴകൾ മരിക്കാതെയും അവയെ

സംരക്ഷിക്കുവാനും പുനരുജ്ജീവിപ്പിക്കാനും നമ്മുടെ സമൂഹം ഉണരണം. വനങ്ങൾ, തണ്ണീർത്തടങ്ങൾ, പുൽമേട്ടുകൾ ഇവ അടങ്ങിയ പാരിസ്ഥിതിക വ്യൂഹത്തിന്റെ ആരോഗ്യകരമായ നിലനിൽപ്പാണ് ജലസംക്രമണത്തിന്റെ അടിസ്ഥാനശില. കാലാവസ്ഥാ വ്യതിയാനത്തിനെ നേരിടാനുള്ള ഒറ്റമൂലി ഈ പാരിസ്ഥിതിക വ്യൂഹത്തിന്റെ സംരക്ഷണവും വിപുലീകരണവുമാണ്. സമഗ്രമായ ജലവിഭവ മാനേജ്മെന്റിലൂടെ മാത്രമേ രൂക്ഷമായ ജലക്ഷാമത്തിന്റെ നാളുകൾ എത്തിപ്പെടുന്നത് നമുക്ക് നീട്ടിക്കൊണ്ടുപോകാൻ കഴിയുകയുള്ളൂ. ഇന്നലെ ജലവിഭവ വകുപ്പിന്റെ ധനാഭ്യർത്ഥനയായിരുന്നു. ജലവിനിയോഗത്തെപ്പറ്റി മാത്രം ചിന്തിച്ചാൽ പോരാ, അവയുടെ സംരക്ഷണവും സംപോഷണവും നദികളുടെ പുനരുജ്ജീവനവും നമ്മുടെ പരിഗണനാ വിഷയമായി മാറണം. നമ്മുടെ ജനപ്രതിനിധികൾ പലരും ഇത്തരം പ്രവർത്തനങ്ങൾക്ക് മാതൃകാപരമായ നേതൃത്വം നൽകുന്നു എന്നത് ഏറ്റവും അഭിനന്ദനീയമാണ്. ജലസ്രോതസ്സുകളേയും ജലസാന്നിദ്ധ്യം ഉറപ്പുവരുത്തുന്ന പ്രകൃതിയിലെ എല്ലാ ഘടകങ്ങളേയും അടുത്ത തലമുറയ്ക്കായി സംരക്ഷിക്കുമെന്ന് ഈ ജലദിനത്തിൽ നമുക്ക് പ്രതിജ്ഞ ചെയ്യാം.

## ധനകാര്യം (തുടർച്ച)

മി. സ്പീക്കർ: മന്ത്രിമാരുടെ മറുപടിയാണ്. 5 മന്ത്രിമാർ മറുപടി പറയാനുണ്ട്. അത് മനസ്സിലാക്കി സഹകരിക്കണം.

ശ്രീ. വി. ഡി. സതീശൻ: സർ, ഇവിടെ എല്ലാ അംഗങ്ങളും ഇപ്പോൾ സഹകരിക്കുന്നുണ്ട്. ഒരുമിനിട്ട് മാക്സിമം, 30 സെക്കന്റ്, 10 സെക്കന്റ് ആണ് എല്ലാവരും കൂടുതൽ സംസാരിക്കുന്നത്. അതിൽക്കൂടുതൽ ആരും സംസാരിക്കുന്നില്ല. മന്ത്രിമാർ അവരവരുടെ വകുപ്പുകൾ സംബന്ധിച്ച വിശദാംശങ്ങൾ പറയുന്നതിൽ ഞങ്ങൾക്ക് സന്തോഷമേയുള്ളൂ. ഞങ്ങളും അത് കേൾക്കാൻ ആഗ്രഹിക്കുന്നു. എന്നാലും ഒരു സമയപരിധി നിശ്ചയിക്കണം. അല്ലാതെ ഒരു അനിശ്ചിതത്വത്തിലേയ്ക്ക് നീട്ടിക്കൊണ്ടുപോകാൻ പാടില്ല. ഓരോരുത്തരും അരമണിക്കൂർ വീതമെടുത്താൽ രണ്ടരമണിക്കൂർ വേണ്ടിവരും. അംഗങ്ങളുടെ സമയത്തിന്റെ നിയന്ത്രണം അങ്ങ് നിർദ്ദേശിച്ചതുപോലെതന്നെ മന്ത്രിമാരുടെ കാര്യത്തിലും ഉണ്ടാകണം. കഴിഞ്ഞ ദിവസങ്ങളിൽ വളരെ സങ്കടകരമായ സ്ഥിതിയുണ്ടായിരുന്നു. അവസാനം നമ്മൾ മുദ്രാവാക്യം വരെ കേൾക്കേണ്ടി വന്നു. മന്ത്രിമാരുടെ മറുപടി ക്ഷമിച്ചിരുന്ന് കേട്ടിട്ട് അവസാനം മുദ്രാവാക്യം വിളി കേൾക്കേണ്ടി വന്നു, അത് ആവർത്തിക്കാൻ പാടില്ല. അങ്ങ് ഒരു നിയന്ത്രണം ഏർപ്പെടുത്തണം.

മി. സ്പീക്കർ: ഞാൻ സാധാരണഗതിയിൽ നിയന്ത്രണം ഏർപ്പെടുത്തേണ്ട കാര്യമില്ല. ഒരു മണിക്കൂർ ചർച്ചയ്ക്ക് 10 മിനിട്ടാണ് മറുപടി. മൂന്ന് മണിക്കൂർ ചർച്ചയ്ക്ക് 30 മിനിട്ട്, അതാണ് അതിന്റെ ധാരണ. അതേ സമയം മന്ത്രിമാർക്ക് അവരവരുടെ

വകുപ്പുകളിലെ കാര്യങ്ങൾ സഭയിൽ അറിയിക്കാനുള്ള അവകാശമുണ്ട്. നിങ്ങൾ ഓരോരുത്തരുടേയും ചോദ്യങ്ങൾക്ക്, ക്ലാരിഫിക്കേഷൻ ചോദിക്കുന്നതിന് മറുപടി പറയുന്നതുമൂലവും സമയം പോകുന്നുണ്ട്. ധാരാളം വഴങ്ങുന്ന ആൾക്കാരുമുണ്ട്, ഇത് മനസ്സിലാക്കിയാൽ മതി. സമയനിഷ്ഠ പാലിക്കേണ്ടതാണെന്നത് ശരിയാണ്. അതേസമയം സഭയിൽ അറിയിക്കേണ്ട കാര്യങ്ങൾ അറിയിക്കുകയും വേണം. ഇത് രണ്ടും കൂടി ബാലൻസ് ചെയ്ത് മന്ത്രിമാർ സംസാരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ, ഇന്ന് ലോക ജലദിനമാണ്. ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി 'ജലസുരക്ഷയുടെ ആവശ്യം കുട്ടികളിൽ എത്തിക്കാൻ പാഠാവലിയിൽ ഉൾപ്പെടുത്താൻ കഴിയുമോ? കഴിയുമെങ്കിൽ ഉൾപ്പെടുത്തുന്നതിൽ സന്തോഷം' എന്ന് ഒരു കത്ത് തന്നിട്ടുണ്ട്. കേരളത്തിൽ ഇന്ന് ഒന്നു മുതൽ പന്ത്രണ്ടുവരെയുള്ള പാഠപുസ്തകങ്ങളുടെ ശാസ്ത്രീയമായ ഓഡിറ്റിംഗ് നടന്നു കൊണ്ടിരിക്കുകയാണ്. അതിൽ വിട്ടുപോയതും പരസ്പര പൂരകമല്ലാത്തതുമായ ഭാഗങ്ങളെ കണ്ടെത്തി ശാസ്ത്രീയമായി സ്ട്രീം ലൈൻ ചെയ്യാൻ ശ്രമിച്ചു കൊണ്ടിരിക്കുകയാണ്. പാഠാവലിയിൽ ജലസുരക്ഷയുടെ ആവശ്യം കുട്ടികളിൽ എത്തിക്കാനുള്ള സംവിധാനമുണ്ടാക്കുമെന്ന് ഞാൻ അങ്ങയെ അറിയിക്കുകയാണ്.

ഇവിടെ നടന്ന ചർച്ചയിൽ ബഹുമാനപ്പെട്ട 17 എം.എൽ.എ.-മാർ പങ്കെടുത്തു. കുറേ നിർദ്ദേശങ്ങളും വിമർശനങ്ങളും പ്രോൽസാഹനങ്ങളുമൊക്കെയുണ്ടായി. ഇത് അടുത്ത വർഷത്തെ പൊതു വിദ്യാഭ്യാസ യജ്ഞത്തിന്റെ പ്രവർത്തന ഭൂമികയായിട്ട് ഞാൻ കാണുകയാണ്. ഇവിടെ ശ്രീ. ടി. വി. ഇബ്രാഹിം സംസാരിച്ച് തുടങ്ങിയത് എക്സ്പെൻഡിച്ചർ കുറവാണെന്നുള്ളത് സംബന്ധിച്ചാണ്. അദ്ദേഹം ഐ.എച്ച്.ആർ.ഡി.-യെക്കുറിച്ചും റൂസയെക്കുറിച്ചും സൂചിപ്പിച്ചു. അതിൽ ഒരു കാര്യം മനസ്സിലാക്കേണ്ടത്, റൂസ 60:40 എന്ന രീതിയിലുള്ള കേന്ദ്ര സംസ്ഥാന സർക്കാർ പദ്ധതിയാണ്. 2017-18-ലെ മൊത്തം പദ്ധതി വിഹിതമായ 207 കോടി രൂപയിൽ ഈ ഫെബ്രുവരി മാസംവരെ കേന്ദ്ര സർക്കാർ നൽകിയത് 23 കോടി രൂപ മാത്രമാണ്. അതിന്റെ എക്സ്പെൻഡിച്ചർ 100 ശതമാനമാണ്. 207 കോടി രൂപ അനുവദിച്ചതിൽ 23 കോടി രൂപ മാത്രമേ കിട്ടിയിട്ടുള്ളൂ എന്നുപറയുമ്പോൾ 23 എന്നത് 207-ന്റെ 100 ആയതിനാലാണ് അത് 11 ശതമാനമായി വരുന്നത്, അതുപോലെ തന്നെയാണ് മറ്റെല്ലാത്തിനും. അലോക്കേഷൻ വരുന്നതനുസരിച്ച്, ടോട്ടൽ അലോട്ട്മെന്റും ലഭിക്കുന്ന അലോട്ട്മെന്റും തമ്മിലുള്ള പെർസന്റേജ് ആണ്. അത് സെലക്ട് ചെയ്താണ് അദ്ദേഹം പറഞ്ഞത്. അതുകൊണ്ടാണ് പെർസന്റേജ് വളരെക്കുറവായി കണ്ടത്. കിട്ടിയ അലോട്ട്മെന്റിന്റെ 100 ശതമാനമാണ് അതിന്റെ എക്സ്പെൻഡിച്ചർ. ഒന്നുരണ്ടെണ്ണം ഞാൻ സൂചിപ്പിക്കാം. വി.എച്ച്.എസ്.സി. 70.06

ശതമാനം, ഹയർസെക്കണ്ടറി 63.5 ശതമാനം, പോളിടെക്നിക്കുകൾ 72 ശതമാനം, സാക്ഷരതാ മിഷൻ 112 ശതമാനം, എസ്.സി.ഇ.ആർ.ടി. 89 ശതമാനം, ഡി.റ്റി. 78.92 ശതമാനം ഇങ്ങനെ പോകുന്നു. ബാക്കി ചില പെൻഡിംഗ് ബിൽസ് ഉണ്ട്. 31-ാം തീയതി ആകുമ്പോഴേക്കും വിദ്യാഭ്യാസ മേഖലയിലെ എല്ലാ വകുപ്പുകൾക്കും 80 ശതമനത്തിലധികം, ഏകദേശം 90 ശതമാനത്തോളം എക്സ്പെൻഡിച്ചർ ഉണ്ടാകുമെന്നാണ് മനസ്സിലാക്കേണ്ടത്. കേന്ദ്ര സർക്കാരിന്റെ എസ്.എസ്.എ. വിഹിതം വാങ്ങാൻ പരാജയപ്പെട്ടത് സംബന്ധിച്ച് ഒരു എം.എൽ.എ. ഇവിടെ സംസാരിച്ചു. കേന്ദ്ര സർക്കാർ 336 കോടി രൂപ തരേണ്ടതിനുപകരം 135 കോടി രൂപ മാത്രമാണ് തന്നത്. വാസ്തവത്തിൽ അത് കേരളത്തോടുള്ള അവഗണനയാണ്; അതിശക്തമായി നമ്മൾ പ്രതിഷേധിച്ചിട്ടുണ്ട്. പൂർണ്ണമായിട്ടും തുക നൽകണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയടക്കം കത്തെഴുതിയിട്ടുണ്ട്. എല്ലാ എം.എൽ.എ.-മാരും വളരെ പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ ഇവിടെ വച്ചിട്ടുണ്ട്, വിമർശനങ്ങളും ഉന്നയിച്ചിട്ടുണ്ട്. ശ്രീ. എ. എൻ. ഷംസീർ ആണ് ചർച്ച തുടങ്ങിയത്. അദ്ദേഹവും ശ്രീ. ആർ. രാജേഷും സംഘടനാ സ്വാതന്ത്ര്യം വേണമെന്ന ആവശ്യം ഉന്നയിച്ചിട്ടുണ്ട്. തീർച്ചയായും അത്തരമൊരു നിയമനിർമ്മാണത്തിന് സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഉന്നത വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങളെക്കുറിച്ച് ചിലർ ചൂണ്ടിക്കാണിച്ചത് തീർച്ചയായും ശരിയാണ്. കേരളത്തിലെ പൊതു വിദ്യാഭ്യാസ രംഗത്തുണ്ടായ മാറ്റത്തിനനുസരിച്ച് ഉന്നത വിദ്യാഭ്യാസ രംഗത്ത് മാറ്റമുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. പക്ഷേ, അതിനുള്ള തീവ്രമായ ശ്രമമാണ് സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. പൊതു വിദ്യാഭ്യാസ മേഖലയ്ക്കുണ്ടായ ഉണർവ് സ്വാഭാവികമായും നാളെ ഉന്നത വിദ്യാഭ്യാസ മേഖലയിലേക്കും വരും. പൊതു വിദ്യാഭ്യാസ മേഖലയിലുള്ള അക്കാദമിക് ഉണർവ്വിലൂടെയാണ് ഉന്നത വിദ്യാഭ്യാസ മേഖലയിൽ അക്കാദമിക് ഉണർവുണ്ടാവുക എന്നും നമ്മൾ തിരിച്ചറിയണം. അത് പരസ്പര പൂരകമാണ്, അതുകൊണ്ടുതന്നെയാണ് പൊതു വിദ്യാഭ്യാസ മേഖലയിലെ അക്കാദമിക് എക്സലെൻസിനുവേണ്ടി ശ്രമിക്കുന്നതും, അത് നാളെ ഉന്നത വിദ്യാഭ്യാസ മേഖലയിലേക്ക് പകരാൻ ശ്രമിക്കുന്നതും. അത്തരത്തിലുള്ള മാറ്റങ്ങൾ ഉന്നതവിദ്യാഭ്യാസ മേഖലയിൽ കൊണ്ടുവരും. ഇവിടെ ശ്രീ. അബ്ദുറഹിമാൻ 45,000 ക്ലാസ്സ് മുറികളിൽ ടെക്നീഷ്യൻ വേണമെന്ന അഭിപ്രായം സൂചിപ്പിച്ചു. ഇപ്പോൾ അതിനുള്ള ശ്രമം നടന്നുകൊണ്ടിരിക്കുന്നു, തീർച്ചയായും അത് ഉണ്ടായിരിക്കും. ലിറ്റിൽ ഗൈഡ്സ് എന്ന പേരിൽ കുട്ടികൾ തന്നെ കംപ്യൂട്ടർ പ്രശ്നങ്ങളിൽ ഇടപെടുന്ന അവസ്ഥയുണ്ടാക്കുന്ന രീതി വരികയാണ്. പ്രൊഫ. കെ. യു. അരുണൻ കാരാഗൃഹം അവസാനിപ്പിക്കണമെന്ന് പറഞ്ഞു; വേറൊരു അർത്ഥത്തിലാണ് അദ്ദേഹം സൂചിപ്പിച്ചത്. തീർച്ചയായും നമ്മൾ ക്ലാസ്സുകളിൽ നിന്ന് കുട്ടികളെ തുറന്ന ലോകത്തേയ്ക്ക് കൊണ്ടുവരുന്ന ഒരു ശൈലിയാണ്

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ സ്വീകരിക്കുന്നത്. രബീന്ദ്രനാഥ ടാഗോർ അദ്ദേഹത്തിന്റെ കവിതയിലൂടെ, 'എന്റെ വീട് ലോകത്തിലേയ്ക്ക് തുറന്നിട്ട കിളിവാതിലുകളാണ്, അതുകൊണ്ട് ലോക സംസ്കൃതി എന്റെ വീട്ടിൽ ആ കിളിവാതിലിലൂടെ വന്ന് നിറയുന്നു' എന്നു പറഞ്ഞതുപോലെ ക്ലാസ്സ്മുറികളെ ലോകത്തേയ്ക്ക് തുറന്നിട്ട കിളിവാതിലുകളായി ഹൈടെക് സംവിധാനത്തിലൂടെ നമ്മൾ കാണുകയാണ്. ലോകത്തിലുള്ള അറിവുകൾ വന്ന് നിറയുന്ന ഇടമായി ക്ലാസ്സ് മുറികൾ മാറുമ്പോൾ നേരത്തെ ഇവിടെ സൂചിപ്പിച്ച പഴയ സങ്കൽപ്പത്തിലുള്ള കാരാഗൃഹങ്ങളെല്ലാം മാറി ലോകത്തിന്റെ ഏതു ഭാഗത്തേയ്ക്കും മനസ്സെത്താവുന്ന രീതിയിലുള്ള ഒരു സ്ഥലമായി ഇവ മാറുമെന്നാണ് കരുതുന്നത്. എയ്ഡഡ് സ്കൂളുകളെ ശ്രദ്ധിക്കണമെന്ന് ശ്രീ. റോഷി അഗസ്റ്റിൻ പറഞ്ഞു, എയ്ഡഡ് സ്കൂളുകളെ ശ്രദ്ധിക്കരുതെന്ന് ശ്രീ. കെ. മുരളീധരൻ പറഞ്ഞു. രണ്ട് അഭിപ്രായങ്ങളും ഇവിടെത്തന്നെ കേട്ടു. സ്വാഭാവികമായും പൊതു വിദ്യാഭ്യാസത്തിൽ നമ്മൾ പണ്ടേ എയ്ഡഡ് സ്കൂളുകളെയും സർക്കാർ സ്കൂളുകളെയും ഒന്നിച്ചു ചേർക്കുകയാണ്, എയ്ഡഡ് സ്കൂളുകളെല്ലാം അങ്ങ് പറഞ്ഞതുപോലെയല്ല, വളരെ സ്റ്റാഫ് മാനേജ്മെന്റുള്ളതും സിംഗിൾ മാനേജ്മെന്റുകളുള്ളതും പൊളിഞ്ഞു വീഴാറായതുമായ സ്കൂളുകളുമുണ്ട്. ആ സ്കൂളുകളെ തിരിച്ച് പുതിയ ഒരു അവസ്ഥയിലേക്ക് എത്തിക്കാൻ കഴിയാത്ത മാനേജ്മെന്റുകൾ ഇവിടെ ധാരാളമുണ്ട്. ബുദ്ധിമുട്ടനുഭവിക്കുന്ന മാനേജ്മെന്റുകൾ ഉണ്ട്, ആ സ്കൂളിൽ പഠിക്കുന്ന കുട്ടികളും തൊട്ടപ്പുറത്തെ സർക്കാർ സ്കൂളുകളിൽ നല്ല കെട്ടിടങ്ങൾ പണിത് നമ്മൾ പഠിപ്പിക്കുന്ന കുട്ടികളെ പോലെയുള്ളവരാണ് എന്നുള്ളതുകൊണ്ടാണ് അത്തരം സ്കൂളുകളെ സെലക്ട് ചെയ്ത് അവയെ സഹായിക്കുന്നതിനു വേണ്ടി മാത്രമായി ചലഞ്ച് ഫണ്ട് എന്ന രീതിയിൽ സർക്കാർ ചരിത്രത്തിലാദ്യമായി ഒരു ഫണ്ട് രൂപപ്പെടുത്തിയിട്ടുള്ളത്. എം.എൽ.എ.-യ്ക്കുതന്നെ സ്കൂൾ സെലക്ട് ചെയ്യാവുന്നതേയുള്ളൂ. അതുപോലെത്തന്നെ ഹയർസെക്കണ്ടറിയെ പരസ്പരം ലയിപ്പിക്കുന്ന കാര്യം ഇവിടെ പലരും സൂചിപ്പിച്ചു, തീർച്ചയായും ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ പ്രധാന ലക്ഷ്യം ഹയർസെക്കണ്ടറിയെ പരസ്പരം ലയിപ്പിക്കണം എന്നുതന്നെയാണ്. അതിന്റെ ലോജിക് എന്താണെന്ന്, അങ്ങ് ചോദിച്ചു. 1-ാം ക്ലാസ് മുതൽ 12-ാം ക്ലാസ് വരെയും 12-ാം ക്ലാസ്സിന് ശേഷവും ഒന്ന് ആലോചിച്ചാൽ നമുക്ക് മനസ്സിലാകും, 12-ാം ക്ലാസ്സിന് ശേഷം കുട്ടികൾ ആർട്സ് ആന്റ് സയൻസ് കോളേജുകളിലേയ്ക്കും, എഞ്ചിനീയറിംഗ് കോളേജ്, മെഡിക്കൽ കോളേജ് തുടങ്ങിയ പ്രൊഫഷണൽ കോളേജുകളിലേക്കും വേർതിരിയുന്നു. അതുകൊണ്ട് 1 മുതൽ 12-ാം ക്ലാസ് വരെ പൂർണ്ണജൈവ ബന്ധം നിലനിർത്തികൊണ്ടുള്ള ഒരേ തരത്തിലുള്ള വളർച്ചയായിരിക്കണം എന്നതാണ് അതിന്റെ അടിസ്ഥാന സങ്കൽപ്പം. പന്ത്രണ്ടാം ക്ലാസ്സിൽ നിന്നാണ് വിവിധ മേഖലകളിലേക്ക് കുട്ടികൾ പോകുന്നത്. അപ്പോൾ കുട്ടികൾക്കുണ്ടാകുന്ന അറിവിന്റെ പൂർണ്ണത

എല്ലാതരത്തിലുമുള്ള അറിവുകളെ പരസ്പരം യോജിപ്പിക്കുന്ന ഒരു ജൈവബന്ധം നിലനിർത്തി കൊണ്ടാകണം. തീർച്ചയായും പന്ത്രണ്ടാം ക്ലാസ്സിൽ പഠിപ്പിക്കുന്ന അദ്ധ്യാപകർക്ക് അതിനുള്ള ക്വാളിഫിക്കേഷൻ ഉണ്ടാകണം, അതുപോലെ 10-ാം ക്ലാസ് വരെ പഠിപ്പിക്കുന്നതിനും 7 വരെയുള്ള ക്ലാസ്സുകളിൽ പഠിപ്പിക്കുന്നതിനും 1 മുതൽ 4 വരെ പഠിപ്പിക്കുന്നതിനും അദ്ധ്യാപകർക്ക് വ്യത്യസ്തമായ ക്വാളിഫിക്കേഷൻ ഉണ്ടാകണം; ഈ വൈവിദ്ധ്യമാണ് അവിടെ വേണ്ടത്. ഒരു കുട്ടി വളർന്നുവരുമ്പോൾ അവന്റെ മനസ്സിൽ ഉണ്ടാകുന്ന സങ്കൽപ്പങ്ങളെ യാഥാർത്ഥ്യമാക്കത്തക്ക വിധത്തിലുള്ള അദ്ധ്യാപനം നടത്തുന്നതിനുള്ള ക്വാളിഫിക്കേഷൻ അദ്ധ്യാപകർക്കുണ്ടാകണം. അതുകൊണ്ടുതന്നെ 1 മുതൽ 12-ാം ക്ലാസ് വരെയുള്ളവർക്ക് വ്യത്യസ്തമായ ക്വാളിഫിക്കേഷൻ ഉള്ളതും അവരെ ഒന്നിച്ച് ഒരേ ക്യാമ്പസ്സിൽ തന്നെ പരസ്പരം വികാരങ്ങൾ പങ്കിട്ടുകൊണ്ടും ഒരു പോലെ ബന്ധിപ്പിച്ച് വളർത്തുവാനുമുള്ള സാഹചര്യം ഉണ്ടാക്കുന്നതും. 1 മുതൽ 12-ാം ക്ലാസ് വരെയെന്നുള്ളത് ശാസ്ത്രീയമായ ജൈവബന്ധം നിലനിർത്തികൊണ്ടുള്ള വളർച്ചതന്നെയാണ്. അങ്ങനെ വളർന്ന് വലിയ കുട്ടികളായി പന്ത്രണ്ടാം ക്ലാസ്സിൽ എത്തുന്നു. പന്ത്രണ്ടാം ക്ലാസ്സിലെ പരീക്ഷയ്ക്ക് ശേഷം അവർ പ്രൊഫഷണൽ കോളേജുകളിലേക്ക് പോകുന്നു. 1 മുതൽ 12-ാം ക്ലാസ് വരെ ഒരേ ജൈവ ബന്ധത്തിൽ ഒരു സ്കീമും അതിനുശേഷം പ്രൊഫഷണൽ കോളേജുകളിലേക്ക് പോകുമ്പോൾ വേറൊരു സ്കീമും എന്നുള്ള സങ്കൽപ്പമാണ്. അംഗീകാരമില്ലാത്ത സ്കൂളുകൾ പൂട്ടുന്നതിനെക്കുറിച്ച് ഡോ. എം. കെ. മുനീർ പറയുകയുണ്ടായി. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 1194 സ്കൂളുകൾ അംഗീകാരത്തിന് അപേക്ഷിച്ചതിൽ 395 സ്കൂളുകൾക്ക് അംഗീകാരം കൊടുക്കുകയും ബാക്കിയുള്ളവ നിരസിക്കുകയും ചെയ്തിരുന്നു. അന്ന് അംഗീകാരം കൊടുക്കാതെ തള്ളിക്കളഞ്ഞ സ്കൂളുകളെയാണ് ഇപ്പോൾ നിലനിർത്തണമെന്ന് ആവശ്യപ്പെടുന്നത്. അതിന് തുറന്ന മനസ്സോടെയുള്ളൂ എന്ന കാര്യം ഇന്നലത്തെ അടിയന്തര പ്രമേയത്തിൽ ഞാൻ പറഞ്ഞതാണ്. തീർച്ചയായും നാളെ പൂട്ടുമെന്നല്ല, അവർ കത്ത് തന്നിട്ടുണ്ട്, അത് പരിശോധിക്കട്ടെ, ആ കത്തിൽ അവർ പറയുന്നത് ശരിയാണെങ്കിൽ നമുക്ക് നോക്കാം. സർക്കാരിന് തുറന്നമനസ്സാണെന്ന് ഇന്നലെ ആവർത്തിച്ചാവർത്തിച്ച് പറഞ്ഞതാണ്. ഇതിൽ ഒരു പ്രശ്നവുമില്ല, തള്ളിക്കളയുക എന്നതല്ല പരമാവധി ഉൾക്കൊള്ളുക എന്നുതന്നെയാണ് സർക്കാരിന്റെ നയം. എന്നാൽ ഇവരെ കഴിഞ്ഞ കൊല്ലം അങ്ങ് തള്ളിക്കളഞ്ഞതാണ് എന്നുകൂടി ഓർക്കണം എന്നുമാത്രം സൂചിപ്പിക്കുകയാണ്. ഉന്നതവിദ്യാഭ്യാസ മേഖലയിലും അതിൽത്തന്നെ എഞ്ചിനീയറിംഗ് മേഖലയിലും വലിയ മാറ്റത്തിനാണ് കളമൊരുങ്ങുന്നത്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൽ വലിയ മാറ്റം വന്നുകൊണ്ടിരിക്കു കയാണ്. അതിപ്പോൾ അനുഭവവേദ്യമായികൊണ്ടിരിക്കുകയാണെന്ന് ചിലർ സൂചിപ്പിച്ചു. കഴിഞ്ഞ 21 മാസത്തെ ശ്രമം കൊണ്ടാണിത് സംഭവിച്ചത്.

അതുപോലെതന്നെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ പ്രത്യേകിച്ച് എഞ്ചിനീയറിംഗ് മേഖലയിൽ അക്കാദമിക് മാസ്റ്റർ പ്ലാൻ ഉണ്ടാക്കിവരികയാണ്. ഐ.എച്ച്.ആർ.ഡി.-യുടെ മുഴുവൻ എഞ്ചിനീയേഴ്സിനെയും വിളിച്ചുകൊണ്ടാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. അവിടെയുണ്ടാകുന്ന അക്കാദമിക് മാറ്റം, ഔട്ട് ലുക്കിലെ മാറ്റം നേരിട്ടനുഭവിക്കുകയാണ്. ഈ സഭ ഉറച്ചു വിശ്വസിച്ചുകൊള്ളൂ, നമ്മുടെ കേരളത്തിൽ നിന്നും എഞ്ചിനീയേഴ്സും, ആർട്സ് ആന്റ് സയൻസ് മേഖലയിലെ ഡിഗ്രി, പോസ്റ്റ് ഗ്രാജ്വേറ്റ് ഹോൾഡേഴ്സുമെല്ലാം നല്ല എക്സലന്റായിട്ടുള്ളവരായി മാറും. ലോകത്തെവിടെയും ആരുടെമുൻപിലും ഒപ്പം നിൽക്കാൻ കഴിയുന്ന വിധത്തിൽ നല്ല രീതിയിൽ അക്കാദമിക് എക്സലൻസുള്ളവരാകും. എന്നാൽ ചില കുറവുകളുണ്ട്. തസ്തികയുടെ പ്രശ്നങ്ങളുണ്ട്, അത് പരിഹരിക്കാൻ ശ്രമിക്കുന്നു. അങ്ങനെയുള്ള പല കുറവുകളും ഉന്നത വിദ്യാഭ്യാസ മേഖലയിൽ പരിഹരിക്കാൻ ശ്രമിക്കുകയാണ്. കൊച്ചിൻ സർവ്വകലാശാല ഇന്ത്യയിൽ 5-ാമത്തെ റാങ്കിൽ എത്തിയിരിക്കുകയാണ്. ശ്രീ. വി. ടി. ബൽറാം സൂചിപ്പിച്ച ഒരു കാര്യം ക്രെഡിറ്റ് ട്രാൻസ്ഫർ ആണ്. അത് ഉന്നത വിദ്യാഭ്യാസ കൗൺസിൽ അംഗീകരിച്ച് നടപ്പിലാക്കാൻ ശ്രമിക്കുന്നതാണ്. അങ്ങ് ഉദ്ദേശിച്ചതു പോലെയല്ല, മറ്റൊരു തരത്തിലാണ്, വിശദീകരിക്കാൻ സമയമില്ലാത്തതിനാൽ പറയുന്നില്ല. കേരളത്തിന്റെ സർവ്വകലാശാലകളെ വളർത്തേണ്ടത് കേരളത്തിന്റെ ആവാസ വ്യവസ്ഥയിൽ നിന്നും കേരളത്തനിമയിൽ നിന്നുകൊണ്ടാണ്. ഇക്കാര്യത്തിൽ അങ്ങേയ്ക്ക് അഭിപ്രായ വ്യത്യാസമുണ്ടാകില്ല എന്നു കരുതുകയാണ്. വിദേശ സർവ്വകലാശാലകൾ നടത്തുന്ന കോഴ്സുകളെ അതുപോലെ ഇമിറ്റേറ്റ് ചെയ്തുകൊണ്ട് അക്കാദമിക് എക്സലൻസി ഉണ്ടാക്കിയെടുക്കാമെന്നൊരു ധാരണയുണ്ട്. നമ്മുടെ നാട്ടിൽ കേരളത്തിന്റെ തനതായ സർവ്വകലാശാല, കേരളത്തിലെ ആവാസ വ്യവസ്ഥയിൽ ജീവിക്കുന്ന മനുഷ്യരുടെ ആശയോത്പാദനത്തിന് ഉതകുന്ന രീതിയിൽ ഗവേഷണം നടക്കേണ്ടത് ഇവിടെത്തന്നെയാണ്. അമേരിക്കയുടെ ആവാസ വ്യവസ്ഥയിൽ നിന്നുകൊണ്ട് ഗവേഷണം നടത്തി കേരളത്തിന്റെ ആവാസവ്യവസ്ഥയിലെ ജനതയെ മുന്നോട്ടു കൊണ്ടുപോകാനുള്ള ആശയോല്പാദനം ഉണ്ടാകുമെന്ന് ഞാൻ കരുതുന്നില്ല. അതുകൊണ്ട് വ്യത്യസ്തമായ രീതിയിൽ, ആ വാക്ക് അടിവരയിട്ടുകൊണ്ട് പറയുകയാണ്, കേരളത്തനിമയിൽ നിന്നുകൊണ്ട് കേരളത്തിന്റെ ആവാസ വ്യവസ്ഥയിലുള്ള ജനങ്ങളുടെ മുന്നോട്ടു പോക്കിനുതകുന്ന ആശയോത്പാദനം ലക്ഷ്യം വച്ചുകൊണ്ടുള്ളതാണ്.

ശ്രീ. വി. ടി. ബൽറാം: സർ, അങ്ങ് പറഞ്ഞതിന്റെ ഉദ്ദേശ്യശുദ്ധി ഞാനും അംഗീകരിക്കുകയാണ്. അമേരിക്കൻ മോഡൽ അതുപോലെ കൊണ്ടുവരണമെന്നല്ല, ഇതിനൊക്കെ ഒരു ഇന്റർനാഷണൽ സ്റ്റാൻഡേർഡുണ്ട്.

ഇന്റർനാഷണൽ കോംപീറ്റൻസി വർദ്ധിപ്പിക്കുന്നതിനുള്ള പരിപാടികളുണ്ട്. അത്തരം നിലവാരത്തിലേയ്ക്ക് ഉയരാനുള്ള ബോധപൂർവ്വമായ ഇടപെടലുകളുണ്ടാക ണമെന്നാണ് പറഞ്ഞത്.

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നത് അന്താരാഷ്ട്ര തലത്തിലുള്ള രീതികളും കോഴ്സുകളും ഇവിടെ പകർത്തിക്കൊണ്ടല്ല; മറിച്ച് അന്താരാഷ്ട്രതലത്തിൽ ആരുടെയും അറിവിനൊപ്പം കോംപീറ്റ് ചെയ്യാവുന്ന രീതിയിൽ നമ്മുടെ തനതായ അറിവുകളിലൂടെ വളരുക എന്നതാണ്. ഇതുരണ്ടും രണ്ടാണ്, ആലോചിച്ച് നോക്കൂ. കേരളത്തിൽ നിന്ന് നൊബേൽ സമ്മാനത്തിന് ഒരാൾ ഉണ്ടാകുക എന്നത് നമ്മുടെ ലക്ഷ്യമാണ്. അതുപോലെ കേരളത്തിന്റെ നോബേൽ സമ്മാനമായ കൈരളി അവാർഡിനുള്ള ആപ്ലിക്കേഷനുകൾ ക്ഷണിച്ചുകൊണ്ട് ഇപ്പോൾതന്നെ പ്രഖ്യാപിക്കുകയാണ്. ഇത് കേരളത്തിന്റെ ഗവേഷണം വളർത്തുന്നതിനാണ്. മലയാളികളുടെ മനസ്സിനെ, തലച്ചോറിനെ വളർത്തികൊണ്ട് കേരളത്തിന്റെ ആവാസ വ്യവസ്ഥയിൽ, മറ്റ് ആവാസവ്യവസ്ഥയിൽ ഉല്പാദിപ്പിക്കുന്ന ആശയംപോലെ നമ്മുടെ കേരളത്തിലും ഉല്പാദിപ്പിക്കാം.

3.00 PM]

ആ ആശയം ലോകത്തിന് സംഭാവന ചെയ്യുമ്പോഴാണ് കേരളം ലോകത്തിന്റെ നെറുകയിൽ എത്തുന്നത്. ഇത് രണ്ടും രണ്ട് സങ്കൽപ്പമാണ്. ആ രീതിയിൽ കേരളത്തിന്റെ ഉന്നതവിദ്യാഭ്യാസ മേഖലയെ നമുക്കെല്ലാവർക്കും അഭിമാനിക്കാവുംവിധം വളർത്തിക്കൊണ്ടുവരാൻ തന്നെയാണ് ശ്രമിക്കുന്നത്.

പ്രധാനപ്പെട്ട വിമർശനങ്ങൾക്കെല്ലാം മറുപടി പറഞ്ഞുവെന്ന് തോന്നുന്നു. ഒരു കോടി, അഞ്ച് കോടി, മൂന്ന് കോടി എന്നൊക്കെ പറയുന്നുവെന്നല്ലാതെ ഒന്നും നടക്കുന്നില്ലെന്ന് ഇവിടെ പലരും പറഞ്ഞു. ഡോ. എം. കെ. മുനീർ സൂചിപ്പിച്ച അദ്ദേഹത്തിന്റെ മണ്ഡലത്തിലെ മീഞ്ചന്ത സ്കൂൾ അടക്കം 141 സ്കൂളുകൾക്ക് ഈ ആഴ്ചതന്നെ ടെണ്ടർ നടപടി പൂർത്തിയാകും. ഈ ഏപ്രിൽ/മേയ് മാസങ്ങളിൽ നിങ്ങളുടെ എല്ലാവരുടെയും മണ്ഡലങ്ങളിൽ 5 കോടിയുടെയും 3 കോടിയുടെയും 1 കോടിയുടെയും പദ്ധതികളുടെ തറക്കല്ലിടൽ ഉത്സവംതന്നെ നടക്കും. ഓരോ മണ്ഡലത്തിലും ചുരുങ്ങിയത് പന്ത്രണ്ടര കോടി രൂപയുടെ പ്രവർത്തനങ്ങളാണ് നടക്കുന്നത്. ശ്രീ. പുരുഷൻ കടലുണ്ടി എം. എൽ. എ. പറഞ്ഞത് അദ്ദേഹത്തിന്റെ മണ്ഡലത്തിൽ 25 കോടി രൂപയുടെ പദ്ധതിയുണ്ടെന്നാണ്. ആയിരം കുട്ടികളുള്ള സ്കൂളുകൾ കൂടുതലുണ്ടെങ്കിൽ അവിടെയെല്ലാം പണം കൊടുത്തിട്ടുണ്ട്, ചുരുങ്ങിയത്

പന്ത്രണ്ടര കോടി രൂപയുടെ പദ്ധതികളാണ് നടപ്പാക്കാൻ പോകുന്നത്. അഞ്ച് കോടിയുടെയും മൂന്ന് കോടിയുടെയും, ഒരു കോടിയുടെയും കെട്ടിടങ്ങളുണ്ടാകും. ശരാശരി 320 ക്ലാസ്റൂമുകൾ മൂന്നര കോടി രൂപ ചെലവാക്കി ഹൈടെക് ആക്കി മാറ്റുകയാണ്. ജൂൺ 30-ന് മുമ്പ് ഇവിടെയിരിക്കുന്ന എല്ലാവരുടെയും മണ്ഡലത്തിലെ 8 മുതൽ 12 വരെയുള്ള ക്ലാസ്സുകൾ പൂർണ്ണമായും ഹൈടെക് ആയി മാറും. പന്ത്രണ്ടര കോടി രൂപയുടെ പ്രവർത്തനങ്ങളിൽ ഒരെണ്ണം ജൂൺ 30-ന് പൂർത്തീകരിക്കും,. ബാക്കിയുള്ളവ ഏപ്രിൽ, മേയ് മാസങ്ങളിൽ ആരംഭിക്കാനാണ് സാധ്യത; അതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. അതുപോലെതന്നെ അക്കാദമിക് മികവ്, സ്കൂൾ പുസ്തകം എത്തുന്നതിനെക്കുറിച്ച് നേരത്തെ ഇവിടെ സൂചിപ്പിച്ചു. പരീക്ഷ കഴിയുന്ന ദിവസം കുട്ടിക്ക് പുതിയ വർഷത്തെ പുസ്തകവുംകൊണ്ട് വീട്ടിൽ പോകാം. സംസ്ഥാന സർക്കാർ പൊതുവിദ്യാഭ്യാസത്തിന്റെ ഓരോ മേഖലയിലും എത്രകണ്ട് ശ്രദ്ധിക്കുന്നു എന്നതിന് ഒരുദാഹരണം ഞാൻ സൂചിപ്പിക്കാം. പാർശ്വവത്കരണമില്ലാത്ത ഒരു ജനതയെ സൃഷ്ടിക്കലാണ് നമ്മുടെ ലക്ഷ്യം. ഒരു ക്ലാസ്സിൽ ടെക്സ്റ്റ് ബുക്ക് എന്നുള്ള ഒരു ഇഷ്യൂ കൊണ്ട് എങ്ങനെയാണ് പാർശ്വവത്ക്കരണം ഇല്ലാതെ ശ്രദ്ധിക്കുന്നതെന്ന് ഞാൻ പറയാം. അക്കാദമിക് രംഗത്തുള്ള എല്ലാ മേഖലയെയും ഇതുപ്പോലെ പറയാം, പക്ഷെ സമയം ഇല്ലാത്തതുകാണ്ട് പറയുന്നില്ല. ടെക്സ്റ്റ് ബുക്ക് കൊടുക്കുമ്പോൾ കാഴ്ച പരിമിതിയുള്ള കുട്ടികളും ക്ലാസിലുണ്ടാകും. അവർക്ക് സാധാരണ കുട്ടിയെ പോലെ ടെക്സ്റ്റ് ബുക്ക് അഡ്രസ് ചെയ്യാൻ പറ്റില്ല. അവർക്ക് കാഴ്ചയ്ക്ക് പരിമിതിയുള്ളതുകൊണ്ട് ചെറിയ അക്ഷരങ്ങൾ തുടർച്ചയായി വായിക്കാൻ സാധിക്കുകയില്ല. അതുകൊണ്ട് പലപ്പോഴും അവർ പുറന്തള്ളപ്പെടുകയാണ് പതിവ്. ഇത്തവണ ടെക്സ്റ്റ് ബുക്ക് വിതരണം ചെയ്യുമ്പോൾ ഇത്തരത്തിൽ പരിമിതമായ കാഴ്ചയുള്ളവർക്ക് വായിക്കാൻ പറ്റുന്ന രീതിയിൽ മൂന്നിരട്ടി ബോൾഡ് ലെറ്ററുള്ള പുസ്തകമാക്കി ക്ലാസ്സിൽ കൊടുക്കും. അംഗപരിമിതരായിട്ടുള്ള കുട്ടികളെ ഇൻക്ലൂസീവ് എഡ്യൂക്കേഷനിൽ ഉൾപ്പെടുത്തണമെന്നാണ് ശ്രീ. വി. ടി. ബൽറാം സൂചിപ്പിച്ചത്. ഇപ്പോൾ ഇൻക്ലൂസീവ് എഡ്യൂക്കേഷനിലൂടെയാണ് പോകുന്നത്. കണ്ണു കാണാത്ത കുട്ടികൾക്ക് സാധാരണ ടെക്സ്റ്റ് ബുക്ക് ഉപയോഗിച്ച് പഠിക്കാൻ സാധിക്കുകയില്ല. അവർ പാർശ്വവത്കരിക്കപ്പെടരുത്. ഇന്ത്യയിലാദ്യമായി ബ്രെയിൽ ലിപിയിൽ ടെക്സ്റ്റ് ബുക്ക് അച്ചടിച്ച് എല്ലാ ക്ലാസ്സുകളിലും കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. കേൾവി കുറവുള്ള കുട്ടികൾക്ക്, അദ്ധ്യാപകൻ പഠിപ്പിക്കുമ്പോൾ കേൾക്കാൻ പറ്റാതെ വരാം അങ്ങനെ അവർ തഴയപ്പെട്ടുവെന്നുവരാം. അവർക്കുവേണ്ടി വിഷ്വലായി കാണാൻ സാധിക്കുന്ന ഹൈടെക് സംവിധാനം കൊണ്ടുവരാൻ പോകുകയാണ്. കേൾക്കാൻ

സാധിച്ചില്ലെങ്കിലും സമഗ്ര പോർട്ടലിലൂടെ പാഠപുസ്തകങ്ങൾ ഡിജിറ്റലാക്കി അതു കാണുമ്പോൾ നേരിട്ട് കണ്ട് പഠിക്കാം, കേട്ട് പഠിക്കാം, സാധാരണ രീതിയിൽ പഠിക്കാം. അങ്ങനെ ഒരു ക്ലാസ്സിൽ ഒരു കുട്ടിയും പാർശ്വവത്കരിക്കപ്പെടരുത്. പാഠപുസ്തകങ്ങൾ നേരത്തെ കൊടുത്തുവെന്ന് മാത്രമല്ല, ആ പാഠപുസ്തകം ഒരു ക്ലാസ്സിനെ എങ്ങനെയാണ് ചൈൽഡ് സെന്റേർഡ് എഡ്യൂക്കേഷനിൽ ഒരാളും പാർശ്വവത്കരിക്കപ്പെടരുതെന്ന ആശയത്തിൽ എത്തിക്കുന്നതെന്നതുകൂടി തിരിച്ചറിയുമ്പോഴാണ് എത്ര ശ്രദ്ധിച്ചും സൂക്ഷ്മമായുമാണ് ഓരോ ക്ലാസ്സിലും മാറ്റങ്ങളുണ്ടാക്കുന്നതെന്ന് മനസ്സിലാകുന്നത്. ഇത് അക്കാദമിക് തലത്തിലുമുണ്ട്. ഒരു കാര്യത്തിൽ ഉറപ്പു നൽകുന്നു. ഭാവി എന്നുള്ള രീതിയിൽ ഏറ്റവും പ്രധാനപ്പെട്ട രണ്ടുമൂന്ന് കാര്യങ്ങൾ മാത്രം സൂചിപ്പിച്ച് നിർത്താം. ഒന്നു മുതൽ സർവ്വകലാശാല വരെ അക്കാദമിക് നിലവാരം അന്താരാഷ്ട്രതലത്തിൽ എത്തിക്കുക എന്നുള്ളത് പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞമാണ്, ലക്ഷ്യമാണ് അത് നടപ്പിലാക്കുകതന്നെ ചെയ്യും. രണ്ട്, ലഹരിമുക്ത വിദ്യാലയം. 'വിമുക്തി' പദ്ധതിയുമായി ചേർന്നുകൊണ്ട് ഏപ്രിൽ മാസത്തിൽ പരിപാടികൾ ആരംഭിക്കുകയാണ്. അതോടൊപ്പം സമൂഹ പങ്കാളിത്തത്തോടുകൂടി കേരളത്തിലെ പൊതുവിദ്യാലയങ്ങളെ ലഹരിമുക്ത വിദ്യാലയങ്ങളായി പ്രഖ്യാപിക്കത്തക്ക രീതിയിലുള്ള നടപടികൾ കൊണ്ടുവരും. മൂന്ന്, സ്കൂളുകളിൽ യോഗാ പരിശീലനം കൊടുക്കും. ശ്രീ. മുല്ലക്കര രത്നാകരൻ പറഞ്ഞതുപോലെ ആരോഗ്യമുള്ള മനസ്സും ശരീരവും വേണം. ഇതോടൊപ്പംതന്നെ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്ന ക്യാമ്പസായി കായിക ക്ഷമതാ ക്യാമ്പസിന് പുതിയ സങ്കൽപ്പം കൊടുക്കും. ഇതുകൂടാതെ 33 ശതമാനം ഹരിതാവരണമുള്ള ക്യാമ്പസ്സായി കേരളത്തിലുള്ള ക്യാമ്പസ്സുകൾ മാറണം. ബഹുമാനപ്പെട്ട എം.എൽ.എ.-മാർ എല്ലാവരും ശ്രദ്ധിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്. നിങ്ങളുടെയുംകൂടി ശ്രദ്ധയുണ്ടെങ്കിൽ നമുക്ക് നന്നായി മുന്നോട്ട് കൊണ്ടുപോകാം. പാരിസ്ഥിതിക സന്തുലനം വേണമെങ്കിൽ ഭൂമിയിൽ ഇന്ന് 33 ശതമാനം ഹരിതാവരണമുണ്ടാകണം. അത് കാട്ടിൽ മാത്രമാണ് ശ്രദ്ധിച്ചിരുന്നത്. കാട്ടിൽ മൂന്നു തരത്തിലുള്ള മരങ്ങളുണ്ട്. അത് നമുക്ക് ഇവിടെ കഴിയില്ല. ഒരു സ്കൂളിൽ ആയിരം കുട്ടികളോ അല്ലെങ്കിൽ അഞ്ഞൂറ് കുട്ടികളോ ഉണ്ടെങ്കിൽ ഈ അഞ്ഞൂറ് കുട്ടികളും ദിവസവും ഓരോ സെക്കന്റിലും കാർബൺഡൈ ഓക്സൈഡ് ഉല്പാദിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഡെൻസിറ്റി കൂടുതലുള്ള ഗ്യാസാണെന്നുള്ളതുകൊണ്ട് ഈ വാതകം തങ്ങി നിൽക്കും. അങ്ങനെ രാവിലെ 10 മണി മുതൽ വൈകുന്നേരം വരെ കാർബൺ ഡൈഓക്സൈഡ് തങ്ങി നിൽക്കുന്ന അന്തരീക്ഷത്തിലാണ് കുട്ടി നിൽക്കുന്നത്.

അതാണ് കുട്ടിക്ക് ക്ഷീണമുണ്ടാകുന്നത്. അതേ സമയം 33 ശതമാനം ഹരിതാവരണമുള്ള ഒരു ക്യാമ്പസ്സാണെങ്കിൽ ഉല്പാദിപ്പിക്കപ്പെടുന്ന കാർബൺഡൈ ഓക്സൈഡ് പൂർണ്ണമായിട്ടും ആ ഹരിതാവരണം absorb ചെയ്യുകയും അത് ഉല്പാദിപ്പിക്കുന്ന ഓക്സിജൻ തിരിച്ച് കുട്ടിക്ക് ലഭിക്കുകയും ചെയ്യും. പാരിസ്ഥിതികമായ ഒരു അന്തരീക്ഷത്തിൽ ജീവിക്കുന്നതുകൊണ്ട് കായിക ക്ഷമതയും ആരോഗ്യവുമുള്ള കുട്ടിയായി മാറ്റുവാനുള്ള വലിയ ശ്രമമുണ്ടാകും.

പൊതുവിദ്യാലയങ്ങളിൽ പഠിച്ച് വളരുന്നവർ മലയാളം, ഇംഗ്ലീഷ്, ഹിന്ദി എന്നീ മൂന്ന് ഭാഷകളിൽ സംസാരിക്കുവാൻ ശേഷിയുള്ളവരാണെന്നുള്ള കാര്യം ഉറപ്പാക്കും. ജൈവവൈവിദ്ധ്യ ഉദ്യാനത്തിന് സമ്മാനം ഏർപ്പെടുത്തുന്നു. ഉന്നത നിലവാരമുള്ള ലൈബ്രറി ഉൾപ്പെടെ ഏഷ്യയിലെ ആദ്യത്തെ fully insured campus കേരളത്തിൽ വരാൻപോകുന്നു. പാചകത്തൊഴിലാളികളടക്കം 12-ാം ക്ലാസ്സുവരെയുള്ള കുട്ടികൾക്ക് പൂർണ്ണമായി ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തി fully insured campus ആക്കി മാറ്റാൻ പോകുകയാണ്. എഞ്ചിനീയറിംഗ് കോളേജുകൾ, ഹൈടെക് കോളേജുകൾ, ഹൈടെക് യൂണിവേഴ്സിറ്റികൾ, ഹൈടെക് എഞ്ചിനീയറിംഗ് കോളേജുകൾ എന്നിവിടങ്ങളിൽ ഫീസ് കുറയ്ക്കുകയുണ്ടായി. കൈരളി അവാർഡിന്റെ കാര്യം ഞാൻ പറഞ്ഞു. ഇതെല്ലാം ചെയ്യുന്നത് മതനിരപേക്ഷജനതയെ വളർത്തുക എന്ന ലക്ഷ്യത്തോടുകൂടിയാണ്. ഒരു ജനതയെ വാർത്തെടുക്കലാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. വാർത്തെടുക്കപ്പെടുന്ന ജനതയുടെ സംസ്കാരം എന്താണെന്നുള്ളത് പ്രധാനമാണ്. അത് മതനിരപേക്ഷ സംസ്കാരമാണ്. ഇവിടെ എല്ലാവരും വർഗ്ഗീയതയെക്കുറിച്ച് സംസാരിക്കുന്നു. ഏറ്റവും പ്രധാനം വർഗ്ഗീയതയുടെ പ്രതിരോധമാണ്. അത് മതനിരപേക്ഷത തന്നെയാണ്. ആ പ്രതിരോധം വളർത്തിയെടുക്കാനാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ ശ്രമിക്കുന്നത്.

ഇന്ന് ലോകത്തുള്ളതിൽ ഏറ്റവും ഭീകരമായ രണ്ട് പ്രശ്നങ്ങളിലൊന്നാണ് അസമത്വം. Joseph E. Stiglitz ഒരു പുസ്തകം എഴുതിയിട്ടുണ്ട്. ദി ഗ്രേറ്റ് ഡിവൈഡ് എന്നാണ് ആ പുസ്തകത്തിന്റെ പേര്. അസമത്വം വർദ്ധിച്ചുവരികയാണ്. അസമത്വത്തിന്റെ വർദ്ധനവും വംശീയതയുടെയും വർഗ്ഗീയതയുടെയും വർദ്ധനവുമാണ് ഇന്ന് ലോകം അനുഭവിക്കുന്ന ഏറ്റവും വലിയ പ്രശ്നം. ഇതിന് പ്രതിവിധി എന്താണെന്ന് ലോകം മുഴുവൻ ചോദിക്കുകയാണ്. ലോകത്തിലെ കമ്പോള വ്യവസ്ഥ തകർന്നുകൊണ്ടിരിക്കുകയാണ്. ന്യൂ ലിബറൽ പോളിസി തകർന്ന് തരിപ്പണമായി. ഇന്ത്യൻ ഭരണകർത്താക്കൾക്ക് മനസ്സിലാകുന്നില്ല. ഇക്കണോമിക്സിൽ നോബേൽ സമ്മാനം നേടിയ കമ്മ്യൂണിസ്റ്റുകാരനല്ലാത്ത പോൾ

ക്രൂഗ്മാൻ 'ദി ഗ്രേറ്റ് ഡിവൈഡ് 'എന്ന പുസ്തകത്തെക്കുറിച്ച് ഒരഭിപ്രായം പറഞ്ഞിട്ടുണ്ട്. "ഇനി ആഗോള സമ്പദ്‌വ്യവസ്ഥയ്ക്ക് മുന്നോട്ട് പോകണമെന്നുണ്ടെങ്കിൽ മാർക്സിൽ നിന്ന് അർത്ഥശാസ്ത്രത്തെ നല്ലതുപോലെ പഠിക്കണം"എന്ന്. ഇത് മാർക്സിസ്റ്റുകാരുടെ അഭിപ്രായമല്ല. നിങ്ങൾ വായിച്ചാലും ഞാൻ പുസ്തകം തരാം. അതുകൊണ്ട് ഈ പറയുന്ന സമ്പത്തിന്റെ നീതിപൂർവ്വകമായ വിതരണം മാത്രമാണ് ആഗോള രാഷ്ട്രീയ സാമൂഹിക സാമ്പത്തിക പ്രശ്നം പരിഹരിക്കാനുള്ള വഴി; വർഗ്ഗീയതയെ എതിരിടുക, അസമത്വം ഇല്ലായ്മ ചെയ്യുക. ഇതു രണ്ടും നടക്കണമെങ്കിൽ സമ്പത്തിന്റെ നീതിപൂർവ്വകമായ വിതരണവും മതനിരപേക്ഷ സംസ്കാരവും വേണം. ഇതു രണ്ടും ഉണ്ടാക്കുന്നതിന് വേണ്ടിയാണ് ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ ശ്രമിക്കുന്നത്. ഹരിത കേരള മിഷനും ആർദ്രം പദ്ധതിയും പാർപ്പിട മിഷൻ പദ്ധതിയും പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞവുമൊക്ക സമ്പത്തിന്റെ നീതിപൂർവ്വകമായ വിതരണത്തിന്റെ ഘടകങ്ങളാണ്. ലോകം നേരിടുന്ന പ്രശ്നങ്ങളെ അഭിമുഖീകരിക്കുവാനുള്ള ഒരു മോഡൽ നമ്മുടെ കേരളത്തിൽ വളർന്നു വരികയാണെന്ന് തിരിച്ചറിയണമെന്ന് സൂചിപ്പിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥന അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, യഥാർത്ഥത്തിൽ വിദ്യാഭ്യാസ വകുപ്പും സാംസ്കാരിക വകുപ്പുമൊക്കെ വളരെ പ്രധാനപ്പെട്ട വകുപ്പുകളാണ്. സാംസ്കാരിക വകുപ്പ് ഇന്നത്തെ സാഹചര്യത്തിൽ മറ്റേതൊരു വകുപ്പിനെക്കാളും പ്രാധാന്യമുള്ള വകുപ്പാണ്. പക്ഷേ ആ ദിശയിലേയ്ക്ക് നമ്മൾ പോകുന്നില്ല. രാജ്യത്ത് ജനാധിപത്യത്തിന്റെ വഴി ഉപയോഗപ്പെടുത്തി കൊണ്ട് ഫാസിസത്തിന്റെ വാതിൽ തുറക്കപ്പെടാൻ സാധ്യതയുണ്ടെന്ന് എം.ജി.എസ്. നാരായണൻ ചന്ദ്രികയിൽ ഒരു ഇന്റർവ്യൂവിൽ സൂചിപ്പിച്ചിരുന്നു. അങ്ങ് അത് വായിച്ചിട്ടുണ്ടോയെന്ന് എനിക്കറിയില്ല. ഒരു അസാധാരണമായ നിഗമനമായിരുന്നു അദ്ദേഹത്തിന്റേത്. നമ്മുടെ സാംസ്കാരിക മേഖലയെ എങ്ങനെയാണ് ഫാസിസ്റ്റ് ശക്തികൾ സ്വാധീനിക്കുന്നത്; സാംസ്കാരിക സ്ഥാപനങ്ങളെ സ്വാധീനിക്കാൻ അവർക്ക് എങ്ങനെയാണ് കഴിയുന്നത് എന്നതിന്റെ ശക്തമായിട്ടുള്ള ഒരു ഭാഗമാണ് എം.ജി.എസ്. നാരായണൻ സൂചിപ്പിച്ചത്. ഇവിടെ നവോത്ഥാന മൂല്യങ്ങളെല്ലാം ഇല്ലാതാകുകയാണ്. അത് തിരിച്ചുകൊണ്ടുവരുന്നതിനുള്ള ശക്തമായ ഇടപെടലാണ് സാംസ്കാരിക വകുപ്പ് ഇപ്പോൾ നടത്തുന്നത്. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. നമുക്ക് 143 സ്ഥാപനങ്ങളുണ്ട്, സാംസ്കാരിക വകുപ്പിന്

കീഴിൽത്തന്നെ 46 എണ്ണമുണ്ട്. ആവർത്തന ഗ്രാന്റും അനാവർത്തന ഗ്രാന്റും ലഭിക്കുന്ന 97 സ്ഥാപനങ്ങളുണ്ട്. ഈ സ്ഥാപനങ്ങളെയെല്ലാം ഈ വഴിയിലേയ്ക്ക് കൊണ്ടുപോയി ഒരു ബദൽ സാംസ്കാരികതലം എന്ന ആശയം സൃഷ്ടിക്കുക എന്നതാണ് ഈ വകുപ്പിന്റെ ലക്ഷ്യം. ഇതിന്റെ ഭാഗമായി ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ജാതിയില്ലാ വിളംബരത്തിന്റെ 100-ാം വാർഷികം ഏകദേശം ഏഴരലക്ഷം ജനങ്ങളിലേയ്ക്ക് എത്തിച്ചു. അതിനുശേഷമാണ് സ്വാമി വിവേകാനന്ദൻ കേരളം സന്ദർശിച്ചതിന്റെ 125-ാം വാർഷികം വിവേകാനന്ദ സ്പർശം എന്ന പേരിൽ ആചരിച്ചത്. ഇനി നടത്താൻപോകുന്ന ഒരു പ്രവർത്തനമുണ്ട്, അതിന് ഭരണ-പ്രതിപക്ഷ ഭേദമെന്യേ സഹകരിക്കണം, നമ്മുടെ സംസ്ഥാനത്തിന് ഇന്ത്യക്ക് മാതൃക സൃഷ്ടിക്കാൻ കഴിയും. മഹാത്മാഗാന്ധിയുടെ 70-ാം രക്തസാക്ഷി ദിനവുമായി ബന്ധപ്പെട്ട് വിപുലമായ പരിപാടികൾക്കാണ് സാംസ്കാരിക വകുപ്പ് നേതൃത്വം കൊടുക്കുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങളെയും യൂണിവേഴ്സിറ്റികളെയും സ്കൂളുകളെയുമെല്ലാം ഉപയോഗപ്പെടുത്തി ക്കൊണ്ടുള്ള ഒരു വലിയ പ്രസ്ഥാനമാണ് ബന്ധപ്പെട്ട വകുപ്പുകളുടെ നേതൃത്വത്തിൽ നടത്താൻ പോകുന്നത്. 'രക്തസാക്ഷ്യം' എന്ന പേര് കൊടുത്തുകൊണ്ടാണ് ഈ പരിപാടി സംഘടിപ്പിക്കുന്നത്. കേരളത്തിലെ എല്ലാ വീടുകളിലും ഈ സന്ദേശം എത്തിക്കുന്നതിനുള്ള ശക്തമായ നടപടികളും പതിനായിരക്കണക്കിന് ജനങ്ങളെ അണിനിരത്തിക്കൊണ്ട് വർഗ്ഗീയ ഫാസിസത്തിനെതിരെ പ്രതിരോധം സൃഷ്ടിക്കുക, വിവിധ മേഖലകളിൽ മഹാത്മാഗാന്ധിയുടെ ദർശനം പ്രചരിപ്പിക്കുക എന്നിവ ലക്ഷ്യം വച്ചുകൊണ്ടാണ് ഈ പരിപാടി ആചരിക്കാൻ പോകുന്നത്. ഇന്ത്യ കണ്ട ഏറ്റവും നല്ല സാംസ്കാരിക ഇടപെടലിന്റെ, ഏറ്റവും നല്ല ദൃശ്യമായിരിക്കും 'രക്തസാക്ഷ്യം'.

ഇവിടെ ഒരു കാര്യം നമ്മൾ ഓർക്കണം. പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ചരിത്രത്തിൽനിന്ന് ഏകദേശം ഇല്ലാതായിക്കഴിഞ്ഞു. ഇനി മഹാത്മാഗാന്ധിയും ചരിത്രത്തിൽനിന്ന് അപ്രത്യക്ഷമാകുമെന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട. മഹാത്മാഗാന്ധിയെയല്ല നെഹ്റുവിനെയാണ് കൊലപ്പെടുത്തേണ്ടിയി രുന്നത് എന്നുവരെ പറഞ്ഞ സാഹചര്യമുണ്ടായി. എം.ടി.-ക്കും കമലിനുമെതിരായുള്ള ആക്രമണവും ഏറ്റവും വൃത്തികെട്ട ഹീനമായ പരാമർശങ്ങളുമൊക്കെത്തന്നെ അങ്ങ് ശ്രദ്ധിച്ചിട്ടുണ്ടാകും. ഞാൻ അതിലേയ്ക്കൊന്നും കടക്കാൻ ആഗ്രഹിക്കുന്നില്ല.

യുവകലാകാരൻമാർക്ക് വജ്ര ജൂബിലി ഫെലോഷിപ്പ് കൊടുക്കാൻ ഉദ്ദേശിക്കുകയാണ്. വജ്ര ജൂബിലി ഫെലോഷിപ്പിന്റെ ഭാഗമായി അംഗീകൃത സ്ഥാപനങ്ങളിൽനിന്ന് ബിരുദം നേടിയ 1000 യുവതീയുവാക്കൾക്ക് പ്രതിമാസം

10,000 രൂപ വീതം കൊടുക്കുന്ന പദ്ധതി നടപ്പിലാക്കാൻ പോകുകയാണ്. വിദേശ രാജ്യങ്ങളിലൊക്കെ പോകുമ്പോൾ അങ്ങ് സ്ഥിരം നാടകവേദി കണ്ടിട്ടുള്ളതാണല്ലോ. ഏറ്റവും ആകർഷണീയമായിട്ടുള്ളതാണ് സ്ഥിരം നാടകവേദി, പ്രത്യേകിച്ച് ക്ലാസിക്കൽ നാടകങ്ങളൊക്കെ ഏറ്റവും ശ്രദ്ധേയമായ രൂപത്തിലാണ് അവർ അവതരിപ്പിക്കുന്നത്. അതുപോലെ ഇന്ത്യയിൽ ആദ്യമായി പ്രവർത്തനം ആരംഭിക്കുന്ന ഒരു സ്ഥിരം നാടകവേദിക്ക് സംഗീതനാടക അക്കാദമി സ്ഥലം കണ്ടെത്തിയിട്ടുണ്ട്, അതിന്റെ പ്രവർത്തനം ഉടൻ ആരംഭിക്കും. കേരളത്തിന്റെ സാംസ്കാരിക പൈതൃകം ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചുകഴിഞ്ഞു. പരമാവധി എല്ലാ സംസ്ഥാനങ്ങളിലേയ്ക്കും എത്തിക്കുന്നതിനുള്ള നടപടിയാണ് ഉദ്ദേശിക്കുന്നത്. അതിന്റെ ഭാഗമായാണ് തെലുങ്കാനയിലും ഡൽഹിയിലും ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രിയും ഡൽഹി മുഖ്യമന്ത്രിയും സംയുക്തമായി നടത്തിയിട്ടുള്ള മൂന്ന് ദിവസം നീണ്ടുനിൽക്കുന്ന സാംസ്കാരിക പരിപാടി. അത് ഡൽഹി ജനത ഏറ്റവും നല്ല രൂപത്തിൽ സ്വീകരിച്ച പരിപാടിയായിരുന്നു. അത് ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലേക്കും വ്യാപിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. നേരത്തെ സൂചിപ്പിച്ചതുപോലെ ഒന്നര ലക്ഷം രൂപയുണ്ടായിരുന്ന എഴുത്തച്ഛൻ പുരസ്കാരം 5 ലക്ഷം രൂപയായി വർദ്ധിപ്പിച്ചു. അതുപോലെ ചലച്ചിത്ര മേഖലയിലെ സമഗ്ര സംഭാവനയ്ക്ക് നൽകുന്ന ജെ. സി. ഡാനിയേൽ പുരസ്കാരം ഒരു ലക്ഷം രൂപയിൽനിന്ന് അഞ്ച് ലക്ഷം രൂപയായി വർദ്ധിപ്പിച്ചു. കഴിഞ്ഞ സർക്കാർ നിർത്തിവച്ച തീയേറ്റർ രംഗത്തെ അന്താരാഷ്ട്ര പ്രതിഭകൾക്കുള്ള അമ്മാന്നൂർ പുരസ്കാരം ഒരു ലക്ഷം രൂപയിൽനിന്ന് മൂന്ന് ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചു. കേന്ദ്ര സർക്കാർ പുതിയ നിബന്ധനകളുമായി കലാകാര പെൻഷന്റെ തുക പരിമിതപ്പെടുത്തിയപ്പോൾ ഈ ഗവൺമെന്റ് കലാകാര പെൻഷൻ 1000 രൂപയിൽനിന്ന് 3000 രൂപയായി വർദ്ധിപ്പിച്ചു. ഞാൻ കഴിഞ്ഞ ദിവസം അന്തരിച്ച സുകുമാരന്റെ കുടുംബത്തെ കാണാൻ പോയിരുന്നു. സാമ്പത്തികമായി അവരുടെ കാര്യം വളരെ കഷ്ടത്തിലാണ്. അവർക്ക് 4000 രൂപ പെൻഷൻ കൊടുക്കാനുള്ള തീരുമാനമെടുത്തു. കലാകാരൻമാർക്ക് ഡയറക്ടറേറ്റിൽനിന്ന് നൽകുന്ന 750 രൂപ പെൻഷൻ 1500 രൂപയായി വർദ്ധിപ്പിച്ചു. ചലച്ചിത്ര മേഖലയിൽ സമഗ്ര നിയമ നിർമ്മാണത്തിനുള്ള നടപടികൾ ആരംഭിച്ചുക്കഴിഞ്ഞു. ആ രംഗത്തെ ചില ദുഷിച്ച പ്രവണതകൾ പരിഹരിക്കുന്നതിനുള്ള ശക്തമായ നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. സിനിമാ മേഖലയിലെ സ്ത്രീകളുടെ പ്രശ്നങ്ങൾ പഠിക്കാനായി ജസ്റ്റിസ് ഹേമ കമ്മിറ്റിയെ നിയമിക്കുകയും ടേംസ് ഓഫ് റഫറൻസ് തീരുമാനിക്കുകയും ചെയ്തു. കിഫ്ബിയുടെ ഭാഗമായി ഏകദേശം 850 കോടി രൂപയുടെ പദ്ധതികളാണ് വിവിധ മേഖലകളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. പരമാവധി 100 കോടി രൂപയേ ബഡ്ജറ്ററി സപ്പോർട്ട് വരികയുള്ളൂ. അതുവച്ച്

കൂടുതലൊന്നും ചെയ്യാൻ കഴിയില്ല. കിഫ്ബി വഴി കെ.എസ്.എഫ്.ഡി.സി.-യുടെ 100 തീയേറ്ററുകൾ പണിയാൻ പോകുകയാണ്. കിഫ്ബി ഫണ്ടുപയോഗിച്ച് 100 കോടി രൂപ ചെലവിൽ ഫിലിം ഫെസ്റ്റിവലിന്റെയും ചിത്രാഞ്ജലി ഫിലിംസിറ്റിയുടെയും ഡി.പി.ആർ. തയ്യാറാക്കിക്കഴിഞ്ഞു. ഓരോ ജില്ലയിലും 40 കോടി രൂപ ചെലവാക്കി പണിയാൻപോകുന്ന സാംസ്കാരിക സമുച്ചയത്തിന്റെ ഡി.പി.ആർ. തയ്യാറാക്കി കഴിഞ്ഞു, ഇതിന്റെ പണി ഉടനെ ആരംഭിക്കും. ഇന്ത്യയെ സംബന്ധിച്ച് ഇവയൊക്കെ ഏറ്റവും ശ്രദ്ധേയമായ സ്ഥാപനങ്ങളായി മാറും. പുറത്തുനിന്നുവരുന്ന ഏതൊരാളും കേരളത്തിലെ സാംസ്കാരിക സ്ഥാപനങ്ങളെ കണ്ടുകഴിഞ്ഞാൽ മതിപ്പോടുകൂടിയായിരിക്കും തിരിച്ചുപോകുക എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. റൂറൽ ആർട്ട് ഹബ്ബുകൾ സ്ഥാപിക്കും. കലാകാരൻമാരുടെ ഉല്പന്നങ്ങൾക്ക് ലോക മാർക്കറ്റിൽ ഇടം കണ്ടെത്തും. കലാസാംസ്കാരിക പ്രവർത്തനങ്ങൾക്ക് പൊതു ഇടങ്ങൾ ലഭ്യമല്ലാത്ത ഗ്രാമങ്ങളിലും ചെറുപട്ടണങ്ങളിലും സൗകര്യപ്രദമായ പാതയോരങ്ങൾ കണ്ടെത്തി സാംസ്കാരിക ഇടനാഴികളായി വികസിപ്പിക്കുന്ന നാട്ടരങ്ങ് പദ്ധതി നടപ്പിലാക്കും. പിണറായി ഗ്രാമപഞ്ചായത്തിൽ സൗത്ത് സോൺ കൾച്ചറൽ സെന്ററിന്റെ പ്രാദേശിക കേന്ദ്രം സ്ഥാപിക്കും. ദുരിതമനുഭവിക്കുന്ന കലാസാഹിത്യ പ്രവർത്തകരെ വാർദ്ധക്യത്തിൽ പാർപ്പിക്കുന്നതിനുവേണ്ടി 'സന്തോഷ ഭവനം' (Pleasure Home) എന്ന പേരിൽ ഒരു വയോമന്ദിരം സ്ഥാപിക്കും. 8 വർഷമായി സ്ഥിരമായി വൈസ് ചാൻസലർ ഇല്ലാതിരുന്ന കലാമണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം പുതിയ വൈസ് ചാൻസലറെ നിയമിച്ചു. അന്താരാഷ്ട്ര നൃത്ത സംഗീതോത്സവം കലാമണ്ഡലത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കാൻ പോകുകയാണ്. 4 കോടി രൂപ ചെലവുവരുന്ന രംഗകലാപഠന ഗവേഷണ കേന്ദ്രം, 10 കോടി രൂപ പ്രതീക്ഷിക്കുന്ന പുതിയ ക്യാമ്പസിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ, സംഗീത വാദ്യ ഉപകരണങ്ങളുടെയും ആടയാഭരണങ്ങളുടെയും നിർമ്മാണ-പ്രദർശന-വിപണന യൂണിറ്റ്, നിള പൈതൃക ക്യാമ്പസ് നവീകരണം എന്നിവയൊക്കെ നടപ്പിലാക്കാൻ പോകുകയാണ്. അതുപോലെ അക്കാദമികൾ, ഞാൻ എല്ലാം എടുത്തുപറയാൻ ആഗ്രഹിക്കുന്നില്ല. കേരളസാഹിത്യ അക്കാദമി നടത്തിയ 'കടലെഴുത്തുകൾ' എന്ന പഠന സമ്മേളനവും 'നീർമാതളത്തണലിൽ' എന്ന പരിപാടിയും ദേശീയ പുരസ്കാരോത്സവവും ജനശ്രദ്ധ ആകർഷിച്ചതാണ്. ഇന്റർനാഷണൽ തീയേറ്റർ ഫെസ്റ്റിവൽ എന്ന ലോകോത്തര നാടകോത്സവത്തിലൂടെ ഏറ്റവും ശ്രദ്ധേയമായ പരിപാടിയായിരുന്ന കേരള സംഗീതനാടക അക്കാദമി നടത്തിയ നാടക മത്സരം. അതുപോലെ സ്കൂളുകളിൽ ശില്പങ്ങൾ സ്ഥാപിച്ച് അതിന്റെ നിർമ്മാണ പ്രവർത്തനത്തോട് കുട്ടികളെ നേരിട്ട് ബന്ധപ്പെടുത്തുന്ന പദ്ധതി ആവിഷ്കരിക്കുകയാണ്. അതുപോലെ കെ. സി. എസ്. പണിക്കർ പുരസ്കാരം, പത്മിനി പുരസ്കാരം, കേസരി പുരസ്കാരം എന്നിവ

പുന:സ്ഥാപിക്കും. ചലച്ചിത്ര അക്കാഡമിയുടെ കഴിഞ്ഞ രണ്ട് വർഷങ്ങളിലെയും അവാർഡുദാന ചടങ്ങുകൾ ബഹുമാനപ്പെട്ട സ്പീക്കർ ശ്രദ്ധിച്ചിട്ടുണ്ടാകുമെന്ന് ഞാൻ വിശ്വസിക്കുന്നു, ഇത്തവണ അത് കൊല്ലത്തുവച്ച് ഒരു മെഗാ പരിപാടിയായി നടത്താൻ പോകുകയാണ്. 3 കോടി രൂപയോളം ചെലവുവരുന്ന ഇന്റർനാഷണൽ ഫിലിം ആന്റ് സ്റ്റഡി റിസർച്ച് സെന്റർ ഈ ഗവൺമെന്റ് വന്നതിനുശേഷം ആരംഭിച്ചതാണ്. അതിന്റെ പണി ഏതാണ്ട് പൂർത്തിയായിട്ടുണ്ട്. നമുക്ക് ഒരു ആർക്കൈവ്സ് യാഥാർത്ഥ്യമാകാൻ പോകുകയാണ്. ഫോക്‌ലോർ അക്കാഡമിയുമായി ബന്ധപ്പെട്ട് കലാഭവൻ മണി, പാലക്കാട് കണ്ണപ്പെരുവണ്ണാൻ, മണക്കാടൻ ഗുരുക്കൾ എന്നിവർക്ക് ഉചിതമായ സ്മാരകങ്ങൾ പണിയും. കേരളീയ കലകളെയും ഇതര സംസ്ഥാന കലകളെയും കോർത്തിണക്കി ഭാരതോത്സവം സംഘടിപ്പിക്കും. വൈലോപ്പിള്ളി സംസ്കൃതി ഭവൻ ഓരോ മാസവും ഒട്ടേറെ നല്ല പരിപാടികളാണ് സംഘടിപ്പിക്കുന്നത്. കൂത്തമ്പലത്തിൽ ലൈറ്റ് ആന്റ് സൗണ്ട് സിസ്റ്റം ആരംഭിക്കാൻ പോകുകയാണ്. കേരള ബുക്ക്മാർക്കിന്റെ സഞ്ചരിക്കുന്ന പുസ്തകശാല ഏറ്റവും ഫലപ്രദമായിരുന്നു. ഡൽഹി, ബോംബെ, ചെന്നൈ തുടങ്ങിയ നഗരങ്ങളിൽ പുതിയ പുസ്തകശാലകൾ ആരംഭിക്കാൻ പോകുകയാണ്. പൈതൃകോത്സവം, വിവേകാനന്ദ സ്പർശം, ലോക കേരള സഭ, രക്തസാക്ഷ്യം തുടങ്ങിയ പരിപാടികളിൽ ഭാരത് ഭവന്റെ സഹകരണം ഉറപ്പുവരുത്തും.ഭംഗിയുള്ള പരിപാടികളാണ് ഇതിന്റെ ഭാഗമായി ആവിഷ്കരിക്കുന്നത്. 58 വർഷം മുമ്പ് തുടങ്ങിയ കുമാരനാശാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൾച്ചറിന്റെ ഭാരതീയ സാംസ്കാരിക പൈതൃകം സംരക്ഷിക്കുക, ലോകമെമ്പാടും അത് പ്രചരിപ്പിക്കുക, വിവിധ സാംസ്കാരിക ധാരകളെ സമന്വയിപ്പിക്കുക, അന്തർദ്ദേശീയ സാംസ്കാരിക ധാരകളെ ഇന്ത്യൻ ജനതയ്ക്ക് പരിചയപ്പെടുത്തുക, കുമാരനാശാന്റെ ദർശനങ്ങൾക്കും രചനകൾക്കും ലോകമെമ്പാടും പ്രചരണം നൽകുക തുടങ്ങിയവ ലക്ഷ്യം വച്ചുകൊണ്ട് തോന്നയ്ക്കലിൽ 10 കോടി രൂപ ചെലവിൽ പശ്ചാത്തല സൗകര്യങ്ങളും നവീകരണവും നടത്തുന്നതിനും അടുത്ത വർഷം പണി പൂർത്തീകരിക്കുന്നതിനും ഉദ്ദേശിക്കുകയാണ്. പുനത്തിൽ കുഞ്ഞബ്ദുള്ള, വി. സാംബശിവൻ എന്നിവർക്ക് സ്മാരകങ്ങൾ നിർമ്മിക്കും. കവി കടമ്മനിട്ടയുടെ സ്മാരകത്തിന്റെ പണി പൂർത്തീകരിക്കാൻ പോകുകയാണ്. ഒ.എൻ.വി. സാംസ്കാരിക സമുച്ചയ നിർമ്മാണത്തിന് ആദ്യത്തെ ഗഡുവായ 2 കോടി രൂപ നൽകിക്കഴിഞ്ഞു. പാലക്കാട് തസ്രാക്കിലെ ഒ.വി. വിജയൻ സ്മാരക നിർമ്മാണത്തിന് 1 കോടി രൂപ അനുവദിച്ചിട്ടുണ്ട്. മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിള അക്കാഡമിയുടെ ഉപകേന്ദ്രം നാദാപുരത്ത് ആരംഭിച്ചുകഴിഞ്ഞു. ഗുരുഗോപിനാഥ് നടനഗ്രാമത്തിൽ കലാലയ മന്ദിര നിർമ്മാണം, ദേശീയ നൃത്ത മ്യൂസിയത്തിന്റെ നിലവാരം ഉയർത്തൽ തുടങ്ങിയ കാര്യങ്ങൾ നടപ്പിലാക്കാൻ പോകുകയാണ്. ജവഹർ ബാലഭവനുകളെ ഏകീകരിക്കുന്നു. ഇത്തരത്തിൽ ഒട്ടേറെ കാര്യങ്ങൾ ചെയ്തിട്ടുണ്ട്.

ഒരു വ്യക്തിയുടെ വ്യക്തിത്വ വികാസം എന്നുപറയുന്നത്, പൂർണ്ണ മനുഷ്യൻ എന്നുപറയുന്നത് വെർച്ച്വൂസിന്റെ ഭാഗമായി മാത്രം നമുക്ക് ക്രിയേറ്റ് ചെയ്യാൻ പറ്റില്ല. ബുദ്ധിപരമായ, ഭൗതികമായ വളർച്ച സാംസ്കാരികവുമായി ബന്ധപ്പെട്ട് കിടക്കുന്നു. ഒരു നല്ല മനുഷ്യനെ സൃഷ്ടിക്കുക, ഒരു നല്ല മനുഷ്യനെ കാണുക എന്നുപറയുന്നത് തന്നെ അത്ഭുതമായിരിക്കുന്ന കാലഘട്ടമാണിത്. എല്ലാ മൂല്യങ്ങളും ചോർന്നു പോകുകയാണ്. മനുഷ്യൻ മനുഷ്യനെ എതിർക്കുകയാണ്. എന്റെ ശത്രു എന്റെ അയൽക്കാരനാണ് എന്ന ധാരണയാണ്. ഒരാളിനെ കൊല്ലുന്നതാണ് ഏറ്റവും വലിയ മോക്ഷത്തിന്റെ മാർഗ്ഗമായി പലരും കാണുന്നത്. ഇന്നലെ ബഹുമാനപ്പെട്ട ജാർഖണ്ഡ് ഹൈക്കോടതി ഒരാളെ ശിക്ഷിച്ചല്ലോ; എന്തായിരുന്നു അതിന് കാരണം? ഭക്ഷണം കഴിക്കാൻപോലും സ്വാതന്ത്ര്യം നിഷേധിക്കുന്ന ഒരു രാജ്യമായി നമ്മുടെ രാജ്യം മാറുകയാണ്. എങ്ങനെ ചിന്തിക്കണം, എന്ത് ഭക്ഷിക്കണം, എന്ത് പറയണം എന്നൊക്കെ തീരുമാനിക്കുന്ന ഭരണകൂടത്തിന്റെ ഭീകര മുഖത്തിന്റെ ഭാവമാണ് നമ്മൾ കാണുന്നത്. ഇവിടെ യാതൊരു സംശയവും വേണ്ട വിശ്വമാനവികത കാത്തുസൂക്ഷിക്കാൻ, ബഹുസ്വരത സംരക്ഷിക്കാൻ, ഇന്നത്തെ കാലഘട്ടത്തിൽ കക്ഷിരാഷ്ട്രീയ ഭേദമെന്യേ യോജിക്കാൻ കഴിയുന്ന വിവിധ മേഖലകളുണ്ട്. പലതുകൊണ്ടും രാഷ്ട്രീയമായി യോജിക്കാൻ കഴിയില്ല. എന്നാൽ നമുക്ക് യോജിക്കാൻ കഴിയുന്ന പല മേഖലകളുമുണ്ട്. ആ മേഖലകളെ കണ്ടെത്തി വളർത്തിയെടുക്കുക, ശക്തിപ്പെടുത്തുക എന്ന ഉദ്ദേശ്യത്തിലാണ് സാംസ്കാരിക മേഖലയെ ഞങ്ങൾ കാണുന്നത്. ആ രൂപത്തിൽ സാംസ്കാരിക മേഖലയെ ശക്തിപ്പെടുത്തുന്നതിനുള്ള ശക്തമായ നിലപാടുകൾ ഗവൺമെന്റ് സ്വീകരിക്കുകയാണ്. അതിന്റെ ഭാഗമായി ഒട്ടേറെ നടപടികൾ അടുത്ത വർഷം യാഥാർത്ഥ്യമാകാൻ പോകുകയാണ്. അതിന് ഭരണ-പ്രതിപക്ഷ ഭേദമെന്യേ എല്ലാവരും സഹകരിക്കണമെന്ന് മാത്രം പറഞ്ഞുകൊണ്ടും ഇതുമായി ബന്ധപ്പെട്ട ഡിമാന്റ് അംഗീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടും എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, കായിക മേഖലയെയും യുവജന രംഗത്തെയും പ്രശ്നങ്ങൾ സംബന്ധിച്ച് വിമർശനങ്ങളൊന്നും വന്നില്ല; നിർദ്ദേശങ്ങളും അഭിപ്രായങ്ങളുമാണ് ഉണ്ടായത്. അവയെ സ്വാഗതം ചെയ്യുകയാണ്. കഴിഞ്ഞ 21 മാസമായി കായിക മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനും യുവജനമേഖലയിൽ നവീന പദ്ധതികൾക്കും സർക്കാർ തുടക്കം കുറിച്ചിട്ടുണ്ട്. നമ്മുടെ മേഖലയിലെ പുതിയ വളർച്ചയുടെ ലക്ഷണത്തോടൊപ്പം ഏതെങ്കിലും ഒരു ഇന്റർനാഷണൽ മത്സരം വരുമ്പോഴുണ്ടാകുന്ന വിവാദങ്ങളും നമ്മുടെ സംസ്ഥാനത്ത് രൂപപ്പെട്ടുവരാറുണ്ട്. മുമ്പ്

കേരളത്തിൽ അണ്ടർ 17 ക്രിക്കറ്റ് മത്സരം വന്നപ്പോൾ അതുമായി ബന്ധപ്പെട്ട് കുറച്ചുകാലം മത്സരം നടക്കുമോ ഇല്ലയോ എന്നുള്ള ഉത്കണ്ഠ ഉണ്ടായിരുന്നു. എന്നാൽ വിജയകരമായി കേരളത്തിന് അത് സംഘടിപ്പിക്കാനായി. നവംബർ മാസം വെസ്റ്റ് ഇൻഡീസും ഇന്ത്യയും തമ്മിലുള്ള ഏകദിന ക്രിക്കറ്റ് മത്സരം വരാനിരിക്കുമ്പോഴും ആവശ്യമില്ലാത്ത ചില ചർച്ചകളിലേയ്ക്ക് പോകുന്ന സ്ഥിതി കേരളത്തിൽ ഉണ്ടായിരിക്കുന്നു. എറണാകുളത്ത് വേണമോ ഇവിടെ വേണമോ എന്നുള്ള തർക്കങ്ങൾ, വെറുതെ വിവാദങ്ങൾ ഉണ്ടാക്കുകയാണ്. ഇന്റർനാഷണൽ മത്സരങ്ങൾ വരുന്നതിനും അതിന്റെ ഭാഗമായി നമ്മുടെ സംസ്ഥാനത്തെ സ്പോർട്സിന്റെ വികസനവുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കും ഈ വിവാദങ്ങൾ ഗുണം ചെയ്യില്ല. ഏകദിന ക്രിക്കറ്റ് മത്സരത്തിന്റെ കാര്യത്തിലുണ്ടായ തർക്കം പരിഹരിക്കാൻ ക്രിക്കറ്റ് അസോസിയേഷന്റെ ഭാരവാഹികളുമായി ഇന്ന് ചർച്ച നടന്നിരുന്നു. അവർ ഇന്ന് പോസിറ്റീവായാണ് പ്രതികരിച്ചത്, മറ്റ് വിവാദങ്ങളിലേയ്ക്കൊന്നും അവരില്ല. ഏകദിന ക്രിക്കറ്റ് മത്സരം തിരുവനന്തപുരത്ത് വച്ച് നടത്താൻ തീരുമാനമായിട്ടുണ്ട് എന്ന കാര്യംകൂടി സാന്ദർഭികമായി സൂചിപ്പിക്കുകയാണ്. അതിനർത്ഥം കൊച്ചി അർഹതയില്ലാത്ത സ്ഥലമാണ് എന്നല്ല, കൊച്ചിയും സൗകര്യങ്ങളുള്ള പ്രദേശം തന്നെയാണ്. ഇപ്പോൾ ഗ്രീൻഫീൽഡ് സ്റ്റേഡിയവുമായി ബന്ധപ്പെട്ട് ക്രിക്കറ്റ് നടത്താനാണ് തീരുമാനിച്ചത്. അടിസ്ഥാന സൗകര്യ വികസനത്തിൽ കിഫ്ബിയിൽ പ്രഖ്യാപിച്ച 264 കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം നൽകിക്കഴിഞ്ഞു. അതിൽ 33 സ്റ്റേഡിയങ്ങളും 14 ജില്ലാ സ്റ്റേഡിയങ്ങളുമാണ് ഉണ്ടായിരുന്നത്. ജില്ലാ സ്റ്റേഡിയങ്ങൾക്ക് എല്ലാ ജില്ലയിലും സ്ഥലം ലഭ്യമാക്കാൻ കഴിഞ്ഞിട്ടില്ല. 7 സ്റ്റേഡിയങ്ങൾക്ക് മാത്രമാണ് സ്ഥലം ലഭ്യമായിട്ടുള്ളത്. അതിൽ ചിലതിന്റെ 90 കോടി രൂപയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്, ബാക്കിയുള്ളവ ടെണ്ടർ നടപടികളിലേയ്ക്ക് പോകുകയാണ്. മറ്റ് പ്രദേശങ്ങളിലും സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് കിഫ്ബിയിൽ പ്രഖ്യാപിച്ച പദ്ധതികൾ, പഞ്ചായത്തിൽ ഒരു സ്റ്റേഡിയം എന്നുള്ള ലക്ഷ്യം വച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് ഏപ്രിൽ മാസം മുതൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയുമെന്നാണ് സർക്കാർ കരുതുന്നത്.

ഇവിടെ നടന്ന ചർച്ചയിൽ ജി.വി. രാജാ സ്പോർട്സ് സ്കൂളിന്റെയും കണ്ണൂർ സ്പോർട്സ് ഡിവിഷന്റെയും കാര്യങ്ങൾ വരികയുണ്ടായി. ജി.വി. രാജാ സ്പോർട്സ് സ്കൂളിൽ നിരവധി വികസന പ്രവർത്തനങ്ങളാണ് നടക്കുന്നത്. 5 കോടി 46 ലക്ഷം രൂപയുടെ പദ്ധതികളാണ് ജി.വി. രാജാ സ്പോർട്സ് സ്കൂളിൽ നടക്കുന്നത്. കണ്ണൂർ സ്പോർട്സ് ഡിവിഷനിൽ 3 കോടി 94 ലക്ഷം രൂപയുടെ പദ്ധതികൾ ഇപ്പോൾ

നടന്നുകൊണ്ടിരിക്കുകയാണ്. ഈ രണ്ട് സ്കൂളുകളിലും അടുത്ത അദ്ധ്യയന വർഷം മുതൽ മികച്ച പരിശീലകരെ നിയമിക്കാൻ ഒരു കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സ്പോർട്സിൽ എഞ്ചിനീയറിംഗ് വിംഗ് രൂപീകരിച്ചിട്ടുണ്ട്. ഓരോ പ്രദേശത്തും നടന്ന പദ്ധതികളെക്കുറിച്ച് സമയക്കുറവുകൊണ്ട് വിശദീകരിക്കാൻ ഉദ്ദേശിക്കുന്നില്ല. അതോടൊപ്പം ഇവിടെ വന്ന പ്രശ്നങ്ങളിൽ ഒന്ന്, സ്പോർട്സ് താരങ്ങളുടെ നിയമനങ്ങളുമായി ബന്ധപ്പെട്ടതാണ്. കായിക താരങ്ങളുടെ നിയമനവുമായി ബന്ധപ്പെട്ട കാര്യത്തിൽ ദേശീയ ഗെയിംസിന്റെ ഭാഗമായുണ്ടായിരുന്ന 72 പേർക്ക് ഇപ്പോൾ നിയമനം നൽകിയിട്ടുണ്ട്. ശ്രീ. സി. കെ. വിനീതിന്റെ കാര്യം ഇവിടെ സൂചിപ്പിച്ചു, അദ്ദേഹത്തിനും നിയമനം നൽകിക്കഴിഞ്ഞു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഫുട്ബോൾ, ബാസ്കറ്റ് ബോൾ, വോളി ബോൾ തുടങ്ങിയ കായിക ഇനങ്ങളിലായി 15 പേർക്ക് വൈദ്യുതി ബോർഡിൽ നിയമനം നൽകിക്കഴിഞ്ഞു. വോളി ബോൾ, ഫുട്ബോൾ, ബാസ്കറ്റ് ബോൾ, ഷട്ടിൽ, ബാറ്റ്മിന്റൺ, ടെന്നീസ് എന്നീ കായിക ഇനങ്ങളിലായി 11 കായിക താരങ്ങൾക്കുകൂടി വൈദ്യുതി ബോർഡിൽ നിയമനം നൽകാനുള്ള നടപടികൾ പുരോഗമിക്കുകയാണ്. സ്പോർട്സ് ക്വാട്ട നിയമനങ്ങൾ അടിയന്തര പ്രാധാന്യത്തോടെ നടപ്പിലാക്കാൻ സ്പെഷ്യൽ സെൽ രൂപീകരിച്ച്, ഏപ്രിൽ മാസത്തോടെ സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ പൂർത്തീകരിച്ച് 249 കായിക താരങ്ങൾക്ക് ആ മാസംതന്നെ നിയമനം നൽകാൻ കഴിയും. ഇവിടെ ഉന്നയിച്ച പ്രശ്നങ്ങളിൽ സർക്കാർ പരമാവധി ഇടപെടാൻ ശ്രമിച്ചിട്ടുണ്ട്.

ശ്രീ. പി. ടി. തോമസ്: സർ, കലൂർ അന്താരാഷ്ട്ര സ്റ്റേഡിയത്തിൽ ഫുട്ബോൾ മത്സരം മാത്രം നടത്തിയാൽ മതിയെന്ന അങ്ങയുടെ സ്റ്റേറ്റ്മെന്റ് കാണുകയുണ്ടായി. എന്താണ് അതുസംബന്ധിച്ചുള്ള അങ്ങയുടെ നിലപാട്.

ശ്രീ. എ. സി. മൊയ്തീൻ: സർ, ഞാൻ പറഞ്ഞല്ലോ, എന്റേതായി അങ്ങനെയൊരു സ്റ്റേറ്റ്മെന്റ് കാണില്ല. ഞാൻ പറഞ്ഞത് ക്രിക്കറ്റ് മത്സരം ഇത്രയും വലിയ വിവാദമുണ്ടാക്കേണ്ട കാര്യമല്ല എന്നാണ്. ഇന്റർനാഷണൽ മത്സരങ്ങൾക്ക് കേരളത്തിൽ ഒരുപാട് അവസരങ്ങൾ ഉണ്ടാകുകയാണ്. വിവാദങ്ങൾ കൊടുക്കുന്ന സന്ദേശം മോശപ്പെട്ടതാണ്. അത് ചർച്ചയിലൂടെ പരിഹരിക്കണം. കൊച്ചിയിലെ സ്റ്റേഡിയം ഇതിന് യോഗ്യതയില്ലാത്ത സ്റ്റേഡിയമല്ല. അവിടെ ഇപ്പോൾ നാച്വറൽ ടർഫ് ആണുള്ളത്. അത് സമീപകാലത്ത് പണിതതാണ്. അവിടെ ഫുട്ബോൾ മത്സരത്തിന് ഒരു മാസത്തെ സമയമാണുള്ളത്. ക്രിക്കറ്റ് മത്സരം നടത്തുമ്പോൾ ഈ പിച്ച് മാറ്റി വീണ്ടും പുല്ല് വച്ചുപിടിപ്പിക്കേണ്ട സമയക്കുറവിന്റെ ഒരു പ്രശ്നമുണ്ട്. ഇത് പരസ്പരം ചർച്ചയിലൂടെ പരിഹരിക്കണം. ആ സമീപനം സ്വീകരിക്കാനാണ്

ഗവൺമെന്റ് അന്ന് തീരുമാനിച്ചത്. അതിന്റെ ഭാഗമായി കൊച്ചിക്ക് അയോഗ്യതയുണ്ടെന്ന സമീപനം നമ്മൾ എടുത്തിട്ടില്ല. കൊച്ചിയും ഇത് നടത്താൻ യോഗ്യമായ നല്ല സ്റ്റേഡിയങ്ങളിൽ ഒന്നാണ്.

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, ഈ സാഹചര്യത്തിൽ കൊച്ചിയിൽ ഒരു അന്താരാഷ്ട്ര ക്രിക്കറ്റ് സ്റ്റേഡിയം ആവശ്യമാണെന്ന് എല്ലാവരും പറഞ്ഞിട്ടുണ്ട്. ക്രിക്കറ്റ് അസോസിയേഷൻതന്നെ അത്തരമൊരു അന്താരാഷ്ട്ര സ്റ്റേഡിയം നിർമ്മിക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോയതും സ്ഥലം കണ്ടെത്തിയതുമാണ്. അക്കാര്യത്തിലുള്ള തടസ്സങ്ങൾ നീക്കിക്കൊണ്ട് ക്രിക്കറ്റ് അസോസിയേഷന്റെ ചെലവിൽ ഒരു അന്താരാഷ്ട്ര ക്രിക്കറ്റ് സ്റ്റേഡിയം നിർമ്മിക്കാനാവശ്യമായ തീരുമാനം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, അനുയോജ്യമായ ഒരു സ്ഥലമാണെങ്കിൽ അഭിപ്രായ ഐക്യമുണ്ടാക്കി കൊച്ചിയിലെ കാര്യം ആലോചിക്കാവുന്നതാണ്. കേരള ക്രിക്കറ്റ് അസോസിയേഷൻ പോസിറ്റീവായാണ് അക്കാര്യത്തിൽ പ്രതികരിച്ചിട്ടുള്ളത്. പ്രസിഡന്റ്, സെക്രട്ടറി, ഖജാൻജി ഉൾപ്പെടെയുള്ള ഭാരവാഹികൾ വന്നിരുന്നു. സംസ്ഥാന ഗവൺമെന്റിനുമാത്രം ചെയ്യാൻ കഴിയുന്ന ഒരു കാര്യമായിട്ടല്ല, അവരുടെകൂടി സഹായത്തോടെ നമുക്ക് ചെയ്യാൻ കഴിയുമെന്നാണ് കരുതുന്നത്. കുടിശ്ശികയുണ്ടായിരുന്ന കായിക താരങ്ങൾക്കുള്ള ക്യാഷ് അവാർഡുകളും കൊടുത്തുതീർത്തു. 2 കോടി 78 ലക്ഷം രൂപ വിതരണം ചെയ്തുകഴിഞ്ഞു. ദേശീയ മത്സരത്തിൽ പങ്കെടുത്ത് വിജയികളായവരുടെ സംഖ്യ കുടിശ്ശികയായിരുന്നത് പൂർണ്ണമായും കൊടുത്തുതീർക്കാൻ ശ്രമിച്ചിട്ടുണ്ട്. നേരത്തെ ശ്രീ. പി. സി. ജോർജ്, വോളിബോൾ രംഗത്ത് മികച്ച പ്രകടനം കാഴ്ചവച്ചവർക്ക് മുമ്പ് കൊടുത്തിരുന്നതുപോലെ അവാർഡ് നൽകണമെന്ന ആവശ്യം ഉന്നയിക്കുകയുണ്ടായി. തീർച്ചയായും അത് കൊടുക്കുന്ന കാര്യം സർക്കാർ തീരുമാനിച്ചിട്ടുണ്ട്. അതോടൊപ്പംതന്നെ വോളിബോൾ താരം ശ്രീ. സി. കെ. രതീഷിന്റെ ജോലിയുടെ കാര്യം ഇവിടെ വന്നിരുന്നു. രതീഷ് ഇതുവരെ ജോലിക്കുവേണ്ടി അപേക്ഷ കൊടുത്തിരുന്നില്ല. കോഴിക്കോട് പോയപ്പോൾ അവിടത്തെ വോളിബോൾ അസോസിയേഷന്റെ ആളുകളാണ് എന്നോട് അങ്ങനെയൊരു ആവശ്യം ഉന്നയിച്ചത്. ശ്രീ. എ. പ്രദീപ്കുമാർ ഉൾപ്പെടെയുള്ള എം.എൽ.എ.-മാർ ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. അദ്ദേഹത്തെ വിളിച്ചുവരുത്തി അപേക്ഷ വാങ്ങി ജോലി നൽകാനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്, അധികം വൈകാതെ ജോലി നൽകാനാകും.

കായികതാരങ്ങളുടെ ട്രെയിൻ യാത്രയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഇവിടെ ശ്രീ. ആർ. രാജേഷ് ഉന്നയിച്ചു. വിദ്യാഭ്യാസ വകുപ്പിന്റെയും സ്പോർട്സ് കൗൺസിലിന്റെയുമൊക്കെ നേതൃത്വത്തിൽ സർക്കാർ അക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ നൽകിയിട്ടുണ്ട്. മത്സരങ്ങൾ നടക്കുന്ന ഒരു കലണ്ടർ ഉണ്ടാക്കിയാൽ അതിന് വിധേയമായി അക്കാര്യത്തിൽ ഇടപെടാൻ കഴിയും. അതാണിപ്പോൾ സർക്കാർ ആലോചിച്ചുകൊണ്ടിരിക്കുന്നത്. ഇതോടൊപ്പം സ്പോർട്സ് കൗൺസിലിന്റെ നിരവധി പ്രവർത്തനങ്ങളും നടന്നിട്ടുണ്ട്. ഓപ്പറേഷൻ ഒളിമ്പ്യ ഞാൻ നേരത്തെ പറഞ്ഞൊരു പദ്ധതിയാണ്, ഈ വെക്കേഷനിൽ അത് തുടങ്ങാൻ പോകുകയാണ്. അതിന്റെ കാലാവധി 2024 എന്നുള്ളത് 2028 വരെ നീട്ടണമെന്ന ആവശ്യമുണ്ട്. ഇപ്പോൾ 11 ഇനങ്ങളിൽ പരിശീലനം നൽകാനാണ് നമ്മൾ ആലോചിക്കുന്നത്. ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റെസ്‌ലിംഗ് എന്നീ ഇനങ്ങൾ തിരുവനന്തപുരത്തും ബാറ്റ്മിന്റൻ- എറണാകുളം, കനോയിംഗ്, കയാക്കിംഗ്- കൊല്ലം, ഫെൻസിംഗ്-കണ്ണൂർ, റോവിംഗ്-ആലപ്പുഴ, ആർച്ചറി-വയനാട് എന്നിങ്ങനെ 11 ഇനങ്ങളിൽ ഏകദേശം 210 കായികതാരങ്ങൾക്ക് പരിശീലനം നൽകുന്ന പദ്ധതിയാണ് ഇപ്പോൾ ആലോചിച്ചിട്ടുള്ളത്. നേരത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രി മറുപടി പറഞ്ഞപ്പോൾ കായികക്ഷമതയുമായി ബന്ധപ്പെട്ട വിഷയത്തിൽ അതിന്റെ ഏകോപനത്തിന്റെ പ്രശ്നം സൂചിപ്പിക്കുകയുണ്ടായി. തീർച്ചയായും കേരളത്തിലെ കുട്ടികളിൽ ചെറുപ്രായത്തിൽത്തന്നെ കായികക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള ഒരു പദ്ധതി എന്ന നിലയ്ക്കാണ് വിദ്യാഭ്യാസ വകുപ്പും ആരോഗ്യ വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും സ്പോർട്സ് വകുപ്പുംകൂടി അത്തരത്തിലുള്ള ഒരു പദ്ധതി നടപ്പിലാക്കാൻ ശ്രമിക്കുന്നത്. യോഗ ഉൾപ്പെടെ, ആരോഗ്യ വകുപ്പും ആയുഷ് വകുപ്പുമെല്ലാം ഈ പദ്ധതി നടപ്പിലാക്കുന്നുണ്ട്. ഈ സംയോജനത്തിന്റെ ഭാഗമായി ആരോഗ്യ/സ്പോർട്സ് രംഗത്ത് പുതിയ മാറ്റം ഉണ്ടാകുമെന്നാണ് കാണുന്നത്. അതുപോലെതന്നെ കേരളത്തിലെ കായികതാരങ്ങൾക്ക് മെഡിക്കൽ ഇൻഷ്വറൻസ് സ്കീം നടപ്പിലാക്കുന്ന കാര്യം തുടങ്ങിവച്ചിട്ടുണ്ട്. പനമ്പിള്ളി നഗറിൽ ഫിഫ മത്സരത്തിന്റെ ഭാഗമായി അവിടെയുണ്ടായിരുന്ന ഗ്രൗണ്ട് നല്ല നിലയിൽ സംരക്ഷിക്കേണ്ടതുണ്ട്. അതുപോലെതന്നെ ശ്രീമതി പി. യു. ചിത്രയ്ക്കുള്ള സഹായത്തെക്കുറിച്ചിവിടെ പറഞ്ഞു. സമീപകാലത്ത് നമ്മൾ കോളേജ് ഗെയിംസ് നടത്താറില്ലായിരുന്നു. സ്പോർട്സ് കൗൺസിലിന്റെ നേതൃത്വത്തിൽ കോളേജ് ഗെയിംസ് സംഘടിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചു. സ്പോർട്സ് കൗൺസിലിന്റെയും ബന്ധപ്പെട്ട വകുപ്പിന്റെയും പ്രവർത്തനങ്ങൾ ചുരുങ്ങിയ കാലംകൊണ്ട്

ദിശാബോധത്തോടുകൂടി കൊണ്ടുപോകാൻ കഴിഞ്ഞിട്ടുണ്ടെന്ന കാര്യമാണ് ഞാൻ സൂചിപ്പിക്കുന്നത്. വടകരയിലെ അക്കാദമിയെ സംബന്ധിച്ച് ശ്രീ. സി. കെ. നാണു എം.എൽ.എ. സൂചിപ്പിച്ചിരുന്നു. അദ്ദേഹംതന്നെ മുൻകയ്യെടുത്ത് അവിടെ നല്ല പരിശ്രമം നടത്തിയിട്ടുണ്ട്. അതിന്റെകൂടെ സർക്കാർ സഹായിക്കണമെന്നാണ് അദ്ദേഹം ആവശ്യപ്പെട്ടിട്ടുള്ളത്. തീർച്ചയായും അത് പരിശോധിക്കുന്നതാണ്. ശ്രീ. റോഷി അഗസ്റ്റിൻ ഇവിടെ സംസാരിച്ചപ്പോൾ സമ്മർ കോച്ചിംഗ് ക്യാമ്പ് നടത്തുന്നതിനെക്കുറിച്ച് പറഞ്ഞു. അത് നടത്തുന്നതിന് സ്പോർട്സ് കൗൺസിൽ സഹായിക്കുമെന്നും 300 ഓളം കായികതാരങ്ങൾ അവിടെ പ്രത്യേക ശ്രമം നടത്തി പരിശീലനം നടത്തുന്നുവെന്നും പറഞ്ഞു. തീർച്ചയായും അതിനെ സഹായിക്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിക്കുന്നതാണ്. ഒളിമ്പ്യൻ ബീനാമോളുടെ പേരുമായി ബന്ധപ്പെട്ട സ്റ്റേഡിയം നവീകരിക്കുന്നതിന് സഹായം വേണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. നേരത്തെ കത്ത് തന്നിരുന്നതാണ്. അക്കാര്യത്തിനും സർക്കാർ ആവശ്യമായ പരിഗണന നൽകുന്നതാണ്. പുതിയ വർഷത്തെ പദ്ധതികളിൽ 'പ്ലേ ഫോർ ഹെൽത്ത്' എന്നപേരിൽ, സ്കൂൾ കുട്ടികളിൽ ചെറുപ്രായത്തിൽത്തന്നെ കായിക വിനോദങ്ങളിൽ ഏർപ്പെടാനുള്ള താൽപ്പര്യം കണ്ടെത്തണമെന്ന ആശയം നമ്മളിവിടെ പലപ്പോഴും ചർച്ച ചെയ്തിട്ടുള്ളതാണ്. 25 സ്കൂളുകൾ തെരഞ്ഞെടുത്ത് അവർക്കാവശ്യമായ പരിശീലനം എൽ.പി. സ്കൂളിൽനിന്നുതന്നെ തുടങ്ങുന്ന ഒരു പദ്ധതി എന്ന നിലയ്ക്കാണ് 'പ്ലേ ഫോർ ഹെൽത്ത്' എന്ന ആശയത്തിന്റെ ഒരു മോഡൽ ഈ വർഷം ആരംഭിക്കുന്നത്.

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, മന്ത്രി മിക്കവാറും എല്ലാ കാര്യങ്ങൾക്കും മറുപടി പറഞ്ഞു. കാലിക്കറ്റ് യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിന്റെ കാര്യം സൂചിപ്പിച്ചിരുന്നു. മലബാറിന്റെ ആസ്ഥാനമാണ്. എല്ലാ അടിസ്ഥാന സൗകര്യങ്ങളുമുള്ള ഒരു സ്റ്റേഡിയമാണ്.

ശ്രീ. എ. സി. മൊയ്തീൻ: സർ, ബഹുമാനപ്പെട്ട ഡോ. എം. കെ. മുനീർ ഇക്കാര്യം പറഞ്ഞിരുന്നു. അങ്ങയോടൊപ്പം ഞാൻ ഒരുതവണ ആ സ്ഥലത്ത് വന്നിരുന്നതുമാണ്. സംസ്ഥാന സ്പോർട്സ് വകുപ്പ് അക്കാര്യം നിർവ്വഹിക്കാൻ തയ്യാറാണ്. SAI-യുടെ കാര്യവട്ടത്തുള്ള ഒരു ഫുട്ബോൾ അക്കാദമി അങ്ങോട്ട് മാറ്റാൻ തയ്യാറാണെന്ന് അറിയിച്ചിരുന്നു. പക്ഷെ കാലിക്കറ്റ് യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് അതിനാവശ്യമായ തീരുമാനമെടുത്തിട്ടില്ല. ഒരു സ്പോർട്സ് അക്കാദമിക്കുള്ള സൗകര്യംകൂടി ഉണ്ടാകുകയാണ്. തീർച്ചയായും ഉന്നയിച്ച സ്റ്റേഡിയത്തിന്റെ വിഷയത്തിൽ സർക്കാരിന്റെ സഹായം യൂണിവേഴ്സിറ്റിക്ക് ഉണ്ടാകുമെന്നുള്ള കാര്യംകൂടി പറയാൻ ഞാൻ ഈ സന്ദർഭം ഉപയോഗിക്കുകയാണ്.

സ്കൂൾതലത്തിലുള്ള കുട്ടികൾക്ക് ചെറുപ്രായത്തിൽത്തന്നെ ഫുട്ബോൾ പരിശീലനം നൽകുന്നതിനുവേണ്ടിയുള്ള ഒരു പദ്ധതി ഈ വർഷം ആരംഭിക്കുന്നുണ്ട്. ആദ്യതവണ എന്ന നിലയ്ക്ക് 15 സ്കൂളുകളിൽ ആ പദ്ധതി ആരംഭിക്കണമെന്നാണ് ഉദ്ദേശിക്കുന്നത്.

സ്വകാര്യമേഖലയിൽനിന്നുൾപ്പെടെ പണം സമാഹരിച്ച് കായികതാരങ്ങളുടെ ഉന്നമനത്തിനും അടിസ്ഥാന സൗകര്യ വികസനത്തിനും വേണ്ടിയുള്ള ഒരു 'കായിക വികസന നിധി' രൂപീകരിക്കുന്നതിന് തീരുമാനമായിട്ടുണ്ട്. ആ വികസന നിധിയുടെ പ്രയോജനം കായിക താരങ്ങൾക്കാകെ ലഭ്യമാക്കാനുള്ള ഒരു പദ്ധതി എന്ന നിലയ്ക്കാണ് ആലോചിക്കുന്നത്. സർക്കാരിന്റെ പണത്തിനുപുറമെ മറ്റ് സോഴ്സുകളിൽനിന്നുകൂടി പണം കണ്ടെത്തി കായിക മേഖലയിലെ വികസനത്തിന് ആവശ്യമായ സമീപനമുണ്ടാക്കുക എന്നുള്ളതാണ് അതുകൊണ്ടുദ്ദേശിക്കുന്നത്. അതിന്റെ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. സംസ്ഥാനത്തെ സ്പോർട്സ് വകുപ്പിന് കായിക യുവജന കാര്യാലയവും കേരള സ്പോർട്സ് കൗൺസിൽ, കേരള ഒളിമ്പിക്സ് അസോസിയേഷൻ എന്നിവയ്ക്കുവേണ്ടി ഒരു ആസ്ഥാനവുമുണ്ടാക്കാൻ ഈ വർഷം 372 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഈ വർഷം അത് ആരംഭിക്കും. അതുപോലെതന്നെ ജി.വി. രാജാ സ്പോർട്സ് സ്കൂളിലും കണ്ണൂർ സ്പോർട്സ് ഡിവിഷനിലും ഈ വർഷം 21 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് നടക്കുന്നത്. സ്പോർട്സ് വകുപ്പ് ഏറ്റെടുക്കുമ്പോൾ ഈ രണ്ട് സ്ഥാപനങ്ങളിലും വികസനത്തിനാവശ്യമായ അടിസ്ഥാന സൗകര്യമുൾപ്പെടെ ഒരുക്കുന്നതാണ്. മേനംകുളത്തേയ്ക്ക് അത് മാറ്റുന്നതിനുള്ള പ്രൊപ്പോസൽ വന്നിട്ടുണ്ട്, സർക്കാർ അതിന്മേൽ അന്തിമ തീരുമാനമെടുത്തിട്ടില്ല. കൂടുതൽ സ്ഥലസൗകര്യമുണ്ടാക്കണമെന്ന കാര്യമാണ് ഉദ്ദേശിക്കുന്നത്. അതുപോലെതന്നെ നിലവിൽ കായിക മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ, കേന്ദ്ര-സംസ്ഥാന സർക്കാർ പദ്ധതികൾ, ഗവൺമെന്റ് ഉത്തരവുകൾ, കായിക കേരളത്തിന്റെ ചരിത്രം, സ്പോർട്സ് കൗൺസിൽ അംഗീകരിച്ച കായിക ഇനങ്ങളുടെ നിയമാവലികൾ എന്നിങ്ങനെയുള്ള സമഗ്രമായ വിവരങ്ങൾ അടങ്ങുന്ന ഒരു സ്പോർട്സ് ഗൈഡ് ഈ വർഷം പ്രസിദ്ധീകരിക്കും. അത് എല്ലാ വർഷവും കായിക മേഖലയിലെ എല്ലാവർക്കും ലഭ്യമാക്കാൻ കഴിയുന്ന ഒരു അടിസ്ഥാന രേഖയാക്കി മാറ്റാൻ കഴിയും. ദേശീയ ഗെയിംസിന്റെ ഭാഗമായിവന്ന സ്റ്റേഡിയങ്ങളുടെ നവീകരണത്തിന് പദ്ധതിയില്ലാത്തതും റിപ്പെയറിംഗും മറ്റ് കാര്യങ്ങളും ശ്രദ്ധിക്കാത്തതുമായ സ്ഥിതിയുണ്ട്. അത്തരം സ്റ്റേഡിയങ്ങളുടെ നിർമ്മാണത്തിനും പരിപാലനത്തിനുമെല്ലാമായി 'സ്പോർട്സ്

ഇൻഫ്രാസ്ട്രക്ചർ മാനേജ്മെന്റ് സർവ്വീസ് എന്ന പേരിൽ ഒരു കമ്പനി രൂപീകരിക്കണമെന്നാണ് സർക്കാർ ഉദ്ദേശിക്കുന്നത്. അതിന്റെ ഭാഗമായി അനാസ്ഥയിൽപ്പെട്ട് വേണ്ട പരിചരണമില്ലാതെ, നമ്മൾ മുടക്കിയ പണംപോലും പിന്നീട് സമൂഹത്തിന് പ്രയോജനമില്ലാതെ പോകുന്ന അവസ്ഥയിൽനിന്ന് മാറി ഇത്തരം സ്റ്റേഡിയങ്ങൾ മെച്ചപ്പെട്ട അവസ്ഥയിൽ സൂക്ഷിക്കാൻ കഴിയുമെന്നാണ് കരുതുന്നത്.

കായികതാരങ്ങൾക്ക് പി.എസ്.സി. നിയമനങ്ങളിൽ ഒരു ശതമാനം സംവരണം ഏർപ്പെടുത്തുന്നതിന് സർക്കാർ തത്വത്തിൽ തീരുമാനിച്ചു. ഇതിനുവേണ്ടിയുള്ള നടപടിക്രമങ്ങൾ അതിവേഗത്തിൽ പുരോഗമിക്കുകയാണ്. അതുപോലെതന്നെ പി.എസ്.സി. നിയമനങ്ങളിൽ നിലവിൽ ക്ലാസ് IV, ക്ലാസ് III തസ്തികകളിൽ 32 കായിക ഇനങ്ങൾക്കാണ് വെയിറ്റേജ് മാർക്ക് നൽകിയിരുന്നത്. ജൂഡോ, തായ്കൊണ്ടോ, ഫെൻസിംഗ്, കരാട്ടെ, വുഷു, ടെന്നികൊയ്റ്റ്, സോഫ്റ്റ് ബോൾ, ബേസ് ബോൾ എന്നീ 8 കായിക ഇനങ്ങൾക്കുകൂടി പി.എസ്.സി. നിയമനങ്ങളിൽ വെയിറ്റേജ് മാർക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിക്കും.

<u>ശ്രീ. സി. കെ. നാണു</u>: സർ, അന്യരാജ്യങ്ങളിലെ കായിക ഇനങ്ങളെക്കുറിച്ച് പറയുമ്പോൾ കേരളത്തിന്റെ തനതായ കളരിപ്പയറ്റിന്റെ പ്രാധാന്യത്തെക്കുറിച്ച് വിലയിരുത്തണ്ടേ?

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, കളരിപ്പയറ്റിനെക്കുറിച്ച് അങ്ങ് പറഞ്ഞത് ശ്രദ്ധയിലില്ലാതെയല്ല. കളരിപ്പയറ്റിനൊരു അസോസിയേഷനുണ്ട്, അവർ സമീപിച്ചിട്ടുണ്ട്. എങ്ങനെയത് കൂടുതൽ പരിപോഷിപ്പിക്കാൻ കഴിയുമെന്നതിനെക്കുറിച്ച് നമുക്ക് ചർച്ച ചെയ്യാം. അതിന് പ്രത്യേകം അദ്ധ്യാപകരെ വയ്ക്കുകയെന്ന കാര്യം എത്രമാത്രം പ്രായോഗികമാകുമെന്നറിയില്ല. പക്ഷെ അവർക്ക് പരിശീലനത്തിനാവശ്യമായ കോച്ചുമാരെ കൊടുത്ത് സഹായിക്കാൻ സ്പോർട്സ് കൗൺസിലിന് കഴിയും. അക്കാര്യം ആലോചിക്കാവുന്നതാണ്.

2014 വരെയുള്ള സ്പോർട്സ് ക്വാട്ട നിയമനം ഞാൻ നേരത്തെ ഇവിടെ സൂചിപ്പിച്ചു. അതിനുശേഷം 2015, 2016, 2017 വർഷങ്ങളിലെ സ്പോർട്സ് ക്വാട്ട നിയമനത്തിനുള്ള അപേക്ഷ ക്ഷണിക്കാനുള്ള നടപടിക്രമങ്ങളാരംഭിച്ചിട്ടുണ്ട്. ഈ വർഷംതന്നെ അവർക്കുകൂടി നിയമനം നൽകാനുള്ള നടപടികൾ സ്വീകരിക്കും. വർഷത്തിൽ അമ്പത് എന്നത് കുടിശ്ശികയായി കിടക്കുകയാണ്. ആ കുടിശ്ശിക തീർക്കാനുള്ള നടപടികളെക്കുറിച്ചാണ് പറഞ്ഞിട്ടുള്ളത്. പുതുതായി കേരളത്തിൽ നിന്നുള്ള ഒളിമ്പിക്സ് മെഡൽ ജേതാക്കൾ, കോമൺവെൽത്ത്, ഏഷ്യൻ ഗെയിംസ്,

ലോകചാമ്പ്യൻഷിപ്പുകൾ, ആഫ്രോ ഏഷ്യൻ ഗെയിംസ് മെഡൽ ജേതാക്കൾ എന്നിവർക്ക് ജോലി ലഭ്യമാക്കാനുള്ള നടപടികളും സ്വീകരിക്കുകയാണ്. കായിക ലോകത്തുനിന്നും അപ്രസക്തരായി വേറെ ജോലി കിട്ടാത്ത ആളുകൾ വളരെ ബുദ്ധിമുട്ടുന്ന അവസ്ഥ ഇന്ന് കേരളത്തിലുണ്ട്. നിരവധി ആളുകൾ അങ്ങനെ വിസ്മരിക്കപ്പെട്ടുപോയിട്ടുണ്ട്. അവർക്ക് വാർദ്ധക്യകാലത്ത് ചികിത്സയ്ക്കായി വലിയ ചെലവ് വരികയാണ്. അതുകൊണ്ട് അവർക്കും ഇപ്പോൾ നിലവിലുള്ള കായികതാരങ്ങൾക്കും ഇൻഷ്വറൻസും പെൻഷനും ഏർപ്പെടുത്തുന്ന പദ്ധതി ഈ വർഷം ആരംഭിക്കാൻ പോകുകയാണ്. അന്തർദ്ദേശീയ മത്സരങ്ങളിൽ വിജയികളാകുന്ന കായിക താരങ്ങൾക്ക് നൽകുന്ന കാഷ് അവാർഡിന്റെ മാനദണ്ഡം പഴയകാലത്ത് നിശ്ചയിച്ചതാണ്. കഴിഞ്ഞ തവണത്തെ ഏഷ്യൻ മീറ്റിന്റെ ഭാഗമായി അത് 10 ലക്ഷം രൂപവരെ കൊടുക്കുന്ന നടപടിയുണ്ടായി. ഇത്തരത്തിൽ മികവ് തെളിയിക്കുന്നവർക്ക് നല്ലൊരു സംഖ്യ പാരിതോഷികം നൽകുന്നതിനുള്ള മാനദണ്ഡം കാലോചിതമായി പരിഷ്കരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

യുവജനക്ഷേമ ബോർഡ് കഴിഞ്ഞ വർഷം ധാരാളം പുതിയ പദ്ധതികൾ നടപ്പാക്കി. നമ്മുടെ നാടിനെ തെറ്റായ ദിശയിലേയ്ക്ക് നയിക്കുന്നതിന് നടത്തുന്ന ജാതിയും വർഗ്ഗീയവുമായ എല്ലാ പരിശ്രമങ്ങൾക്കുമെതിരായി, യുവജനങ്ങളെ ശരിയായ പാതയിലേയ്ക്ക് നയിക്കാൻ കഴിയുന്ന, ലക്ഷ്യബോധത്തോടെയുള്ള പദ്ധതികളാണ് സംസ്ഥാന യുവജനക്ഷേമ ബോർഡ് പൊതുവിലും കഴിഞ്ഞവർഷം മുഴുവനും ആവിഷ്കരിച്ചത്. അവർക്ക് തൊഴിൽ നൽകാനുൾപ്പെടെയുള്ള സംവിധാനങ്ങൾ കേരളത്തിൽ നടത്തുകയുണ്ടായി. സ്റ്റാർട്ടപ്പുകൾക്ക് പ്രോത്സാഹനം കൊടുക്കുന്ന കാര്യത്തിലും ചെറുപ്പക്കാരുടെ തൊഴിലുമായി ബന്ധപ്പെട്ട വിഷയങ്ങളിലുമെല്ലാം യുവജനക്ഷേമ ബോർഡിന്റെ ഇടപെടലുകളുണ്ടാകുകയാണ്. യുവാക്കളുടെ ശാക്തീകരണം മുൻനിർത്തി ആയിരം യുവക്ലബ്ബുകൾ ആദിവാസി മേഖലകളിലുൾപ്പെടെ രൂപീകരിക്കാൻ ഈ വർഷം ലക്ഷ്യമിട്ടിട്ടുണ്ട്. അഭിപ്രായ സ്വാതന്ത്ര്യത്തിനും ആവിഷ്കാര സ്വാതന്ത്ര്യത്തിനും ഊന്നൽ നൽകിക്കൊണ്ട് ഒരു യൂത്ത് കോൺകോഡ് ദേശീയമായി സംഘടിപ്പിക്കാനുള്ള സംവിധാനം ആലോചിച്ചിട്ടുണ്ട്. നിയമസഹായം ആവശ്യമുള്ള യുവജനങ്ങൾക്കായി ടോൾ ഫ്രീ നമ്പരിലൂടെ സേവനം നൽകാനുള്ളൊരു പദ്ധതി യുവജന കമ്മീഷൻ ആവിഷ്കരിക്കുകയാണ്. സമയം വൈകിയതുകൊണ്ട് ഞാൻ മറ്റ് വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഇവിടെ ഉന്നയിച്ച കാര്യങ്ങൾക്കൊക്കെ ഞാൻ മറുപടി പറഞ്ഞിട്ടുണ്ടെന്ന് വിചാരിക്കുന്നു. ഈ ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, സംസ്ഥാനത്തിന്റെ സാംസ്കാരിക ചരിത്ര പൈതൃകത്തിന്റെ സൂക്ഷിപ്പുകാരെന്ന നിലയിൽ സംസ്ഥാന പുരാവസ്തു, പുരാരേഖ, മ്യൂസിയം വകുപ്പുകൾ നിലവിലുള്ള പഠനാത്മകത തുടരുന്നതോടൊപ്പം ഈ വകുപ്പുകളെ കൂടുതൽ ജനകീയമാക്കാനുള്ള വിവിധ കർമ്മ പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്തുവരുന്നു. ഇതിന്റെ ഭാഗമായാണ് സംസ്ഥാന പുരാവസ്തു, പുരാരേഖ വകുപ്പുകളെ കാലികവും ശാസ്ത്രീയവുമായി പുനഃസംഘടിപ്പിക്കാൻ ഒരു വിദഗ്ദ്ധ ഏജൻസിയെ നിയമിച്ച് പഠന റിപ്പോർട്ട് ലഭ്യമാക്കാൻ തീരുമാനിച്ചത്. 175-ൽപ്പരം ചരിത്ര സ്മാരകങ്ങൾ നിലവിൽ പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകങ്ങളായുണ്ട്. എല്ലാ ജില്ലകളിലും അതാത് ജില്ലകളുടെ ചരിത്ര പൈതൃകം വെളിവാക്കുന്ന ജില്ലാ പൈതൃക മ്യൂസിയങ്ങൾ സ്ഥാപിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. തിരുവനന്തപുരം, പത്തനംതിട്ട, കോഴിക്കോട്, പാലക്കാട്, തൃശ്ശൂർ, ഇടുക്കി ജില്ലാ പൈതൃക മ്യൂസിയങ്ങൾ ലക്ഷ്യമാക്കി പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് മറ്റ് ജില്ലകളിലും ഇത് ആരംഭിക്കുന്നതാണ്. അതോടൊപ്പംതന്നെ പുരാവസ്തു ശേഖരത്തിലുള്ള മുഴുവൻ വസ്തുക്കളുടെയും ഒരു ഡിജിറ്റൽ ഇൻവെന്ററി തയ്യാറാക്കാൻ വകുപ്പ് ഉദ്ദേശിക്കുന്നുണ്ട്. മ്യൂസിയങ്ങൾ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള നടപടികളും ലക്ഷ്യമിട്ടിട്ടുണ്ട്. മ്യൂസിയം വകുപ്പിൻകീഴിൽ തിരുവനന്തപുരം നേപ്പിയർ മ്യൂസിയം, പുരാരേഖ വകുപ്പിൻകീഴിൽ താളിയോല മ്യൂസിയം, പുരാവസ്തു വകുപ്പിൻകീഴിൽ തക്കല പത്മനാഭപുരം കൊട്ടാരം എന്നിവ ആദ്യപടിയായി വികസനത്തിന്റെ പാതയിലാണ്. പത്മനാഭപുരം കൊട്ടാരം ഇതിനകം യുനെസ്കോയുടെ ലോക പൈതൃക പട്ടികയിൽ പ്രാഥമികമായ സ്ഥാനം നേടിയിട്ടുണ്ട്. ഇതിനകത്തുനിന്നുകൊണ്ട് മ്യൂസിയങ്ങളെയെല്ലാം ഭിന്നശേഷി സൗഹൃദ മാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. പുരാരേഖ വകുപ്പിൻ കീഴിലുള്ള സ്കൂൾ ഓഫ് എപ്പിഗ്രാഫിയെ ദേശീയ നിലവാരത്തിലേയ്ക്കുയർത്തി ലിപി പഠനത്തിനും പരിശീലനത്തിനുമുള്ള കേന്ദ്രമാക്കി മാറ്റും. വൈക്കം സത്യാഗ്രഹ മ്യൂസിയം സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. കൂടാതെ അത്യപൂർവ്വവും പഴക്കമേറിയതും ചരിത്ര പ്രാധാന്യമുള്ളതുമായ ചരിത്രരേഖകൾ ശാസ്ത്രീയമായി സംരക്ഷിക്കുന്നതിനും ഡിജിറ്റൈസ് ചെയ്യുന്നതിനുമുള്ള നടപടികൾ തുടരുകയാണ്. മഹാന്മാരുടെ കയ്യൊപ്പുകൾ സൂക്ഷിക്കുന്ന ഒരു കയ്യൊപ്പ് രേഖാ മ്യൂസിയം തിരുവനന്തപുരത്ത് ആരംഭിക്കുന്നതാണ്. മഹാകവി കുമാരനാശാന്റെ 10 കയ്യെഴുത്ത് പ്രതികൾ ഉൾപ്പെടുന്ന അരലക്ഷം പേപ്പർ രേഖകളുടെ ശാസ്ത്രീയ സംരക്ഷണം ഈ വർഷം നടത്തിയിട്ടുണ്ട്. 6 ലക്ഷത്തോളം പേപ്പർ രേഖകളുടെയും രണ്ട് ലക്ഷം താളിയോലകളുടെയും സംരക്ഷണം പൂർത്തിയാക്കിയിട്ടുണ്ട്. ഏതാണ്ട്

ഒരു കോടിയിൽപ്പരം താളിയോലകൾ ഇപ്രകാരം സംരക്ഷിക്കപ്പെടേണ്ടതുണ്ട്. അടുത്ത വർഷം ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു.

ജില്ലകളിൽ ഹെറിറ്റേജ് മ്യൂസിയങ്ങൾ സ്ഥാപിക്കാൻ പദ്ധതികളാവിഷ്കരിക്കും. ഇടുക്കി ഹെറിറ്റേജ് മ്യൂസിയത്തിന്റെ കെട്ടിട നിർമ്മാണം ഉടൻ പൂർത്തിയാകും. നിലവിലുള്ള മുഴുവൻ സംരക്ഷിത സ്മാരകങ്ങളും ശാസ്ത്രീയമായി സംരക്ഷിക്കുന്നതിനുള്ള പദ്ധതികൾ തുടരുകയാണ്. ചരിത്ര പ്രാധാന്യമുള്ളതും സംരക്ഷിക്കപ്പെടേണ്ടതുമായ കൂടുതൽ സ്മാരകങ്ങൾ ഏറ്റെടുക്കാനും ശ്രമങ്ങൾ നടന്നുവരുന്നു. കണ്ണൂർ ജില്ലയിൽ വീര കേരളവർമ്മ പഴശ്ശിരാജയുടെ ജന്മഗൃഹമായ പഴശ്ശി കോവിലകം, നീലേശ്വരം രാജവംശത്തിന്റെ വകയായുള്ള തെക്കെ കോവിലകം, മാളയിലെ യഹൂദ സ്മാരകങ്ങൾ, ഇടുക്കിയിലെ അമ്മച്ചികൊട്ടാരം, പത്തനംതിട്ട ആറന്മുളയിലെ കേരളത്തിന് അഭിമാനമായ കവയിത്രി സുഗതകുമാരി ടീച്ചറുടെ ജന്മഗൃഹമായ വാഴ്വേലിൽ തറവാട് എന്നിവ സംരക്ഷിത സ്മാരകമാക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. സർക്കാർ അതിന്റെ പ്രാരംഭ പ്രവർത്തനത്തിലാണ്. പുരാവസ്തു വകുപ്പിന്റെ കീഴിലുള്ള നാണയ ശേഖരങ്ങളെ കുറിച്ചുള്ള സമഗ്രമായ പഠനം നടത്തുന്നതിന് വകുപ്പിന് കീഴിൽ ന്യൂമിസ്മാറ്റിക്സ് വിഭാഗം ശക്തിപ്പെടുത്തി പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകുന്നതാണ്. മ്യൂസിയം വകുപ്പിൻ കീഴിൽ വയനാട് കുങ്കിച്ചിറ മ്യൂസിയം ഈ വർഷം പൂർത്തിയാക്കി പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കുന്നതാണ്. തിരുവനന്തപുരം നാച്ചുറൽ ഹിസ്റ്ററി മ്യൂസിയം ത്രീ ഡി എഫക്ടിൽ ഡിസ്പ്ലേ സംവിധാനമൊരുക്കി ആധുനിക രീതിയിൽ പുനരുദ്ധാരണം നടത്തി ഈ വർഷംതന്നെ തുറന്നുകൊടുക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. നേപ്പിയർ മ്യൂസിയത്തിന്റെ ആധുനികവൽക്കരണത്തിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ആധുനിക രീതിയിലുള്ള ദൃശ്യ-ശ്രാവ്യ സംവിധാനങ്ങളാണ് ഇതിന്റെ ഭാഗമായി ഒരുക്കുന്നത്. ഇതിന്റെ ഭാഗമായി ഒരു മൊബൈൽ ആപ്പ് തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

ലോക പ്രശസ്ത ചിത്രകാരൻ രാജാരവിവർമ്മയെക്കുറിച്ച് ഒരു ഡോക്യുമെന്ററി തയ്യാറാക്കി പ്രദർശിപ്പിച്ചുവരുന്നു. പുരാവസ്തു സ്മാരകങ്ങളെക്കുറിച്ചും മ്യൂസിയങ്ങളെക്കുറിച്ചും ലഘു ഡോക്യുമെന്ററികൾ തയ്യാറാക്കുന്ന കാര്യം പരിഗണനയിലുണ്ട്. മ്യൂസിയം വകുപ്പിൽ ആർട്ട് ഗാലറി നിർമ്മിക്കുന്നതിനുള്ള കേന്ദ്ര മൃഗശാലാ അതോറിറ്റിയുടെ അനുമതി ലഭ്യമാക്കിയിട്ടുണ്ട്. ബഹുമാനപ്പെട്ട ഗവർണറുടെ നയപ്രഖ്യാപനത്തിൽ സൂചിപ്പിച്ച പ്രകാരം ധർമ്മടം നിയോജകമണ്ഡലത്തിൽപ്പെട്ട പെരളശ്ശേരിയിൽ മഹത് വ്യക്തിത്വമായ പാവങ്ങളുടെ നേതാവ് എ.കെ.ജി.-യുടെ പേരിൽ ഒരു സ്മൃതി മ്യൂസിയം, ഡിജിറ്റൽ

ലൈബ്രറി എന്നിവ ആരംഭിക്കാനുള്ള നിർദ്ദേശം വകുപ്പ് പരിഗണിച്ച് പ്രവർത്തനം ആരംഭിക്കുകയാണ്. കണ്ണൂർ ജില്ലയിൽ കടന്നപ്പള്ളിയിൽ ഒരു തെയ്യം മ്യൂസിയം സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് അതിന്റെ പ്രവർത്തനം ആരംഭിക്കും. സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിലുള്ള മഹാശിലായുഗ സ്മാരകങ്ങൾ, മുനിയറകൾ, ഗുഹകൾ, ഗുഹാക്ഷേത്രങ്ങൾ, മറ്റ് പുരാതന ക്ഷേത്രങ്ങൾ, കോട്ടകൊത്തളങ്ങൾ, ബുദ്ധവിഹാരങ്ങൾ, ക്ഷേത്രങ്ങൾ, മുസ്ലീം-ക്രിസ്ത്യൻ പള്ളികൾ, ജൂത സിനഗോഗുകൾ തുടങ്ങി അനേകം ചരിത്ര സ്മാരകങ്ങൾ, അപൂർവ്വവും അമൂല്യങ്ങളുമായ നാണയങ്ങൾ, ആഭരണങ്ങൾ, കലാസൃഷ്ടികൾ, ശിലാതാമ്ര ശാസനങ്ങൾ, താളിയോലകൾ എന്നിങ്ങനെയുള്ള എണ്ണമറ്റ പുരാവസ്തുക്കളുടെ അമൂല്യമായ ശേഖരങ്ങൾ സംരക്ഷിക്കാനുള്ള പ്രവർത്തനങ്ങൾ നടത്തുകയാണ്. ഇക്കാര്യത്തിൽ സാംസ്കാരികകാര്യ വകുപ്പും വകുപ്പുമന്ത്രിയും കരുത്തുറ്റ പ്രോത്സാഹനവും പിന്തുണയുമാണ് നൽകിവരുന്നത്. കേരള-ഡൽഹി പൈതൃകോത്സവത്തിൽ പുരാവസ്തു, പുരാരേഖ വകുപ്പ് പങ്കെടുത്ത കാര്യം ബഹുമാനപ്പെട്ട മന്ത്രിതന്നെ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഈ വർഷം മഹാത്മജിയുടെ രക്തസാക്ഷിത്വത്തിന്റെ 70-ാം വാർഷികം" രക്ത സാക്ഷിത്വത്തിന്റെ 70 വർഷങ്ങൾ" എന്ന പേരിൽ ആരംഭിക്കുമ്പോൾ ഇതിന്റെ ഭാഗമായി പുരാവസ്തു, പുരാരേഖ, മ്യൂസിയം വകുപ്പുകൾ മഹാത്മജിയുമായി ബന്ധപ്പെട്ട ചരിത്രരേഖകളുടെയും മറ്റും വിപുലമായ .......

ശ്രീ. പി. ടി. തോമസ് : സർ, വൈക്കം സത്യാഗ്രഹ സ്മാരകം നിർമ്മിക്കുന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറയുകയുണ്ടായി. ഗാന്ധിജി വന്നിരുന്ന് ക്ഷേത്രാധികാരികളും സത്യാഗ്രഹികളുമായി ചർച്ച നടത്തിയ ഇണ്ടംതുരുത്ത് മന ഏറ്റെടുക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി : സർ, ഗാന്ധിജിയുടെ രക്തസാക്ഷിത്വത്തിന്റെ 70-ാം വാർഷികം സംസ്ഥാന ഗവൺമെന്റ് പ്രത്യേകിച്ച്, സാംസ്കാരിക വകുപ്പ് ആചരിക്കുന്ന പരിപാടികളിൽ മഹാത്മാ ഗാന്ധിയുടെ പാദസ്പർശമേറ്റ പുണ്യ സങ്കേതങ്ങളിൽ വിവിധ പരിപാടികൾ സംഘടിപ്പിക്കുന്ന കാര്യം ഞാനിവിടെ സൂചിപ്പിക്കുകയുണ്ടായി. അത് പരിശോധിച്ച് കാര്യങ്ങൾ നിർവ്വഹിക്കുന്നതാണ്.

ശ്രീമതി സി. കെ. ആശ: സർ, ഇണ്ടംതുരുത്ത് മന വൈക്കത്താണ് സ്ഥിതി ചെയ്യുന്നത്. ഗാന്ധിജി അവിടെ വന്നുപോയതും അതിന്റെ ചരിത്രവുമൊക്കെ എല്ലാപേർക്കും അറിയാവുന്നതാണ്. ഇപ്പോൾ അത് ഏറ്റെടുക്കുന്നതെങ്ങനെയാണ്? അതൊരു രാഷ്ട്രീയപാർട്ടിയുടെ ആസ്ഥാന കേന്ദ്രമാണ്, എ.കെ.ജി.യുടെ ആസ്ഥാന കേന്ദ്രമാണ്.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി : സർ, അത് പരിശോധിച്ചതിനുശേഷമേ ഏറ്റെടുക്കാൻ സാധിക്കുകയുള്ളൂ. പുരാവസ്തു സംരക്ഷണവുമായി ബന്ധപ്പെട്ട് കേന്ദ്രസഹായം ലഭ്യമാക്കുന്നതിന് .......

4.00 P M]

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഇണ്ടംതുരുത്തി മന അന്നത്തെ മനക്കാരുടെ കയ്യിൽ നിന്നും വൈക്കം താലൂക്ക് തൊഴിലാളി യൂണിയൻ വാങ്ങുകയാണുണ്ടായത്. ആ മന തിരിച്ച് അതുപോലെയാക്കിയിരിക്കുകയാണ്. ഇണ്ടംതുരുത്തി മനയ്ക്കകത്തല്ല ഗാന്ധിജി ഇരുന്നത്. ഇണ്ടംതുരുത്തി മനയ്ക്കുള്ളിൽ ഗാന്ധിജിയെ ഇരുത്താൻ അന്നത്തെ തിരുമേനി സമ്മതിച്ചില്ല. അദ്ദേഹത്തിന് ഇരിക്കാൻ പുറത്തൊരു സ്ഥലം കെട്ടിയെടുക്കുകയാണ് ചെയ്തത്. അത് സംരക്ഷിക്കുന്ന കാര്യത്തെപ്പറ്റി ആലോചിക്കേണ്ടതാണ്. അന്നത്തെ ഫ്യൂഡലിസത്തിനെതിരായുള്ള പ്രതീകാത്മകമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിലായിരുന്നു ഇണ്ടംതുരുത്തിമന അന്ന് വാങ്ങിയത്. അതിപ്പോൾ സംരക്ഷിച്ചു കൊണ്ടിരിക്കുകയാണ്. അത് ചരിത്ര സ്മാരകത്തിന്റെ ഭാഗമല്ല, ഗാന്ധിജി ഇരുന്നത് അവിടെയല്ല, പുറത്തായിരുന്നു.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, വകുപ്പ് വിവാദ ഭൂമിയിലേയ്ക്കും സ്ഥാപനങ്ങളിലേയ്ക്കും കടന്നുപോകാൻ ആഗ്രഹിക്കുന്നില്ല. വിവാദങ്ങളൊന്നുമില്ലാത്ത, ഗാന്ധിജിയുടെ പാദസ്പർശമേറ്റ പുണ്യഭൂമികൾ ധാരാളമുണ്ട്. ആ ചരിത്ര ഭൂമികൾ സംരക്ഷിക്കാനുള്ള ശ്രമം നടത്തുന്നതാണ്.

ശ്രീ. പി. ഉബൈദുള്ള: സർ, എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ചരിത്ര മ്യൂസിയങ്ങൾ സ്ഥാപിക്കുമെന്ന് അങ്ങ് പറഞ്ഞിരുന്നു. സ്വാതന്ത്ര്യ സമരവുമായി ബന്ധപ്പെട്ട് വളരെയധികം ചരിത്ര പ്രാധാന്യമുള്ള സ്ഥലമാണ് മലപ്പുറം. മലപ്പുറം ജില്ലാ ആസ്ഥാനത്ത് ചരിത്ര മ്യൂസിയം സ്ഥാപിക്കാൻ തീരുമാനമെടുക്കുമോ?

ശ്രീ. എസ്. രാജേന്ദ്രൻ: സർ, മറയൂരിലെ മുനിയറ വളരെ പ്രധാനപ്പെട്ടതാണ്. അത് സംരക്ഷിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, ഇടുക്കിയിലെ ചരിത്ര മ്യൂസിയത്തിന്റെ ആസ്ഥാന ഭൂമി തയ്യാറാകുകയാണ്. ഏതാനും ദിവസങ്ങൾക്കകം അതിന്റെ ഉത്ഘാടനം നിർവ്വഹിക്കപ്പെടുകയാണ്. അവിടെ ഈ പറയുന്ന പരിപാടികളെല്ലാമുണ്ട്. വകുപ്പിനെ സംബന്ധിച്ചിടത്തോളം വിവാദ ഭൂമിയിലേയ്ക്ക് പോകേണ്ട കാര്യമില്ല. സംസ്ഥാന പുരാവസ്തു സംരക്ഷണവുമായി ബന്ധപ്പെട്ട് കേന്ദ്ര സഹായം ലഭ്യമാക്കാനുള്ള ശ്രമങ്ങൾ ആദ്യമായാണ് സംസ്ഥാനത്ത് നടത്തുന്നത്.

ഈ സർക്കാർ വന്നതിനുശേഷം 15 കോടിയിൽപ്പരം രൂപ ചെലവുവരുന്ന വിവിധ പദ്ധതികൾ കേന്ദ്ര സഹായത്തിനായി സമർപ്പിച്ചിട്ടുണ്ട്. നേപ്പിയർ മ്യൂസിയം, ശ്രീചിത്ര ആർട്ട് ഗ്യാലറി എന്നിവയുടെ നവീകരണത്തിനുള്ളതാണ് ഈ പദ്ധതികൾ. മ്യൂസിയം ലൈബ്രറിക്ക് പ്രാഥമികമായി 25 ലക്ഷം രൂപ കേന്ദ്ര ഗവൺമെന്റ് അനുവദിച്ചിട്ടുണ്ടെന്ന കാര്യം ചൂണ്ടിക്കാണിക്കുകയാണ്. പുരാരേഖ, പുരാവസ്തു, മ്യൂസിയം വകുപ്പുകളുടെ പ്രവർത്തനങ്ങൾ ബഹുമുഖമായ തരത്തിൽ മുന്നോട്ടുകൊണ്ടുപോകാൻ ശ്രമിക്കുന്നതാണ്. പുരാരേഖ, പുരാവസ്തു, മ്യൂസിയം വകുപ്പുകളുടെ പ്രവർത്തനം കൂടുതൽ ജനകീയമാക്കി ദേശീയ അന്തർദേശീയ ശ്രദ്ധ ആകർഷിക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നതാണെന്നുകൂടി ചൂണ്ടിക്കാണിച്ചുകൊണ്ട് ഈ വകുപ്പിനുവേണ്ടി നിർദ്ദേശിച്ച തുക പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, ചർച്ചയിൽ ഒരു അംഗത്തിന്റെ ചെറിയ വിമർശനമൊഴിച്ചാൽ ബാക്കിയെല്ലാവരും കുറേ നിർദ്ദേശങ്ങളാണ് വച്ചത്. വിമർശനങ്ങളെയും നിർദ്ദേശങ്ങളെയും സ്വാഗതം ചെയ്യുകയാണ്. സാമൂഹ്യമായും സാമ്പത്തികമായും സമൂഹത്തിൽ ഏറെ പിന്നിൽ നിൽക്കുന്ന വിഭാഗമാണ് മത്സ്യത്തൊഴിലാളികൾ. അവരെ പൊതുധാരയിലേയ്ക്ക് എത്തിക്കുകയെന്നത് വളരെ ശ്രമകരമായ ജോലിയാണെന്നതാണ് നമ്മൾ പൊതുവിൽ മനസ്സിലാക്കേണ്ട കാര്യം. നമ്മുടെ രാജ്യത്തിന്റെ മൊത്തം ആഭ്യന്തര ഉല്പാദനത്തിന്റെ 1.58 ശതമാനമാണ് മത്സ്യമേഖലയുടെ പങ്ക്. പ്രാഥമിക മേഖലയുടെ 13.5 ശതമാനം മത്സ്യമേഖലയ്ക്കുണ്ട്. കയറ്റുമതിയിൽ 5008 കോടി രൂപയാണ് കേരളം ഈ മേഖലയിൽ നിന്നും ആർജ്ജിച്ചുകൊണ്ടിരിക്കുന്നത്. എന്നാൽ ഇത്രയും രൂപയുടെ വിദേശനാണ്യം നേടിത്തരുന്ന ഈ വ്യവസായത്തിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ കഴിഞ്ഞ വർഷത്തെ ആളോഹരി വരുമാനം 68781 രൂപയായിരുന്നു. ഈ വർഷം അത് കുറച്ച് വർദ്ധിച്ച് 73802 രൂപയായിട്ടുണ്ട്. ഒരു ശരാശരി മനുഷ്യന്റെ ആളോഹരി വരുമാനം 179778 ആണെങ്കിൽ നേർ പകുതിയാണ് മത്സ്യത്തൊഴിലാളികൾക്കുള്ളത്. ഇന്ത്യ സ്വാതന്ത്ര്യം നേടി 70 വർഷം പിന്നിടുമ്പോഴും കേരള രൂപീകരണത്തിന്റെ അറുപത് വർഷം പിന്നിടുമ്പോഴും മത്സ്യത്തൊഴിലാളികളുടെ വരുമാനം നേർപകുതിയാണ്. അത്രമാത്രം പിന്നോക്കാവസ്ഥ നേരിടുന്ന വിഭാഗമാണ് മത്സ്യത്തൊഴിലാളികൾ. അവരെ പൊതുധാരയിലേയ്ക്ക് എങ്ങനെ ഉയർത്തിക്കൊണ്ടുവരാമെന്നതിൽ ഗൗരവതരമായ ഇടപെടലാണ് ഈ ഗവൺമെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഇവിടെ ഉയർന്ന ചില വിമർശനങ്ങൾക്ക് ആദ്യം മറുപടി പറയാം. ഉൾനാടൻ

മേഖലയെക്കുറിച്ച് വിമർശനങ്ങൾ വന്നപ്പോൾ മത്സ്യസമ്പത്തിന്റെ കുറവിനെക്കുറിച്ചും പറഞ്ഞു. മത്സ്യത്തൊഴിലാളികളുടെ നിലനിൽപ്പ് മത്സ്യ സമ്പത്തിന്റെ സംരക്ഷണവുമായി അഭേദ്യമായി ബന്ധപ്പെട്ട് നിൽക്കുന്നതാണ്. മത്സ്യസമ്പത്തിന്റെ സംരക്ഷണം നമുക്ക് ഒഴിച്ചുകൂടാനാകാത്ത, മുൻഗണന കൊടുക്കേണ്ട ഒരു മേഖലയായി ഗവൺമെന്റ് കാണുകയാണ്. സി.എം.എഫ്.ആർ.ഐ.-യുടെ പഠന റിപ്പോർട്ടിനെക്കുറിച്ച് ശ്രീ. ഹൈബി ഈഡൻ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. സി.എം.എഫ്.ആർ.ഐ.-യുടെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തന്നെയാണ് കെ.എം.എഫ്.ആർ.ആക്ട് അമെന്റ് ചെയ്യുകയും അതിനാവശ്യമായ പ്രതിരോധ നടപടികൾ സ്വീകരിക്കുകയും ചെയ്തത്. സി.എം.എഫ്.ആർ.ഐ. റിപ്പോർട്ട് പ്രകാരം 2012 മുതൽ 2016 വരെയുള്ള കാലയളവിലാണ് മത്തിയുടെയും മറ്റും ലഭ്യതയിൽ ഭീമമായ കുറവ് കാണപ്പെട്ടത്. അതിനുള്ള പല കാരണങ്ങളിലൊന്ന് അശാസ്ത്രീയമായ മത്സ്യബന്ധനമാണ്. വ്യാപകമായി ചെറുമത്സ്യങ്ങളെ പിടിക്കുന്നതാണ് ഈ രംഗത്ത് ഏറ്റവും വലിയ കുറവ് വരാനുള്ള കാരണം. അതോടൊപ്പം കാലാവസ്ഥാ വ്യതിയാനവും വലയുടെ കണ്ണി വല്യപ്പം ഉൾപ്പെടെയുള്ള പല ഘടകങ്ങളുമുണ്ട്. അശാസ്ത്രീയമായി ചെറുമത്സ്യങ്ങളെ പിടിക്കുന്നതാണ് ഗൗരവതരമായിട്ടുള്ളത്. എന്നാൽ മത്സ്യക്കുഞ്ഞുങ്ങളെ പിടിക്കുന്നതിനെ പ്രതിരോധിക്കുന്ന ഗൗരവതരമായ ഇടപെടൽ ഉണ്ടായിട്ടില്ലെന്നതാണ് വസ്തുത. അതുകൊണ്ടാണ് 2012 മുതൽ 2016 വരെ നമ്മളെ അത്ഭുതപ്പെടുത്തുന്ന തരത്തിലുള്ള കുറവിലേയ്ക്ക് കാര്യങ്ങൾ എത്തിയത്. യു.ഡി.എഫ്. ഗവൺമെന്റിന്റെ അവസാന കാലത്താണ് 14 ചെറുമത്സ്യ ഇനങ്ങളെ പിടിക്കുന്നത് നിരോധിച്ചത്. ശ്രീ. ഹൈബി ഈഡന് അത് അറിയാത്തതല്ല. ഈ ഗവൺമെന്റ് വന്നതിനുശേഷം സി.എം.എഫ്.ആർ.ഐ.-യുടെ ഉപദേശമനുസരിച്ച് 58 മത്സ്യ ഇനങ്ങളെ പിടിക്കുന്നത് നിരോധിച്ചിട്ടുണ്ട്. അദ്ദേഹം പറഞ്ഞതുപോലെ 44 അല്ല. ഇതുകൂടാതെ, നിരോധനം ലംഘിച്ചുകൊണ്ട് ചെറുമത്സ്യം പിടിക്കുന്നവർക്ക് ശക്തമായ പെനാൽറ്റിയാണ് ഇപ്പോൾ ഏർപ്പെടുത്തിയിട്ടുള്ളത്. മറൈൻ എൻഫോഴ്സ്മെന്റ് വളരെ ശക്തമായി ഇക്കാര്യങ്ങളിൽ ഇടപെടുകയാണ്. 1.14 കോടി രൂപയാണ് കഴിഞ്ഞുപോയ വർഷം ഖജനാവിലേയ്ക്ക് കണ്ടുകെട്ടിയിട്ടുള്ളത്. ചെറുമത്സ്യങ്ങളെ പിടിക്കുന്ന ബോട്ടുകളെ പിടിച്ചതാണെങ്കിലും അവർക്ക് പിഴയടച്ചതാണെങ്കിലും അതിൽ വന്ന മത്സ്യം ലേലം ചെയ്തതാണെങ്കിലും 1.14 കോടിയിലധികം രൂപയാണ് കണ്ടുകെട്ടിയിട്ടുള്ളത്. 2016-17-ൽ 6,59,365 രൂപയായിരുന്നുവെങ്കിൽ ഈ വർഷം 7,63,500 രൂപയാണ്. ഈ രണ്ട് വർഷത്തെയും കൂടി കൂട്ടുമ്പോഴാണ് 1,14,61,590 രൂപ ഖജനാവിലേയ്ക്ക് കണ്ടുകെട്ടാൻ കഴിഞ്ഞിട്ടുള്ളത്. ഇനിയും ആ രംഗത്തെ കൂടുതൽ ശക്തിപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. നാല് മറൈൻ എൻഫോഴ്സ്മെന്റ്

സ്റ്റേഷനുകൾ വരാൻ പോകുന്ന സാമ്പത്തിക വർഷം തുടങ്ങുകതന്നെ ചെയ്യും. അതുകൊണ്ട് മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിൽ വളരെ ഗൗരവതരമായ തരത്തിലാണ് ഗവൺമെന്റ് ഇടപെട്ടുകൊണ്ടിരിക്കുന്നത്. എന്നാൽ നിർഭാഗ്യകരമെന്ന് പറയട്ടെ, ഇന്ത്യാ ഗവൺമെന്റിന്റെ പദ്ധതി വിഹിതം ലഭ്യമാക്കുന്നതിൽ ഗൗരവതരമായ കുറവാണ് ഈ കാലയളവിലുണ്ടായിട്ടുള്ളത്. സമാശ്വാസ പദ്ധതിയായി ആയിരുന്നു ഈ രംഗത്ത് ഇന്ത്യാ ഗവൺമെന്റ് നമ്മളെ സഹായിച്ചുകൊണ്ടിരുന്നത്. 2016-17-ലും 2017-18-ലും 44.5 കോടി രൂപ ലഭ്യമാകേണ്ടിടത്ത് ഒരു പൈസപോലും അവർ തന്നില്ല. ആ പണംകൂടി അഡീഷണൽ ആതറൈസേഷൻ വഴി സംസ്ഥാന ഗവൺമെന്റാണ് ബഡ്ജറ്റിൽ പ്രൊവൈഡ് ചെയ്തിട്ടുള്ളത്. മത്സ്യമേഖലയിൽ വലിയ ബാധ്യതയാണ് ഗവൺമെന്റ് ഏറ്റെടുത്തുകൊണ്ടിരിക്കുന്നത്. മത്സ്യബന്ധന തുറമുഖ നിർമ്മാണ രംഗത്ത് ഇന്ത്യാ ഗവൺമെന്റ് നമുക്ക് അംഗീകരിച്ച 119 കോടി രൂപ തരാതിരിക്കുകയാണ്. അതിൽ 84 കോടി രൂപ നമ്മൾ ചെലവഴിച്ച് കഴിഞ്ഞിട്ടും അതിന്റെ റീ-ഇംപേഴ്സ്മെന്റ് ഇതുവരെയും ലഭ്യമാക്കാത്ത സ്ഥിതിയാണുള്ളത്. ഈ ഗവൺമെന്റിന്റെ രണ്ടുവർഷ കാലയളവിനുള്ളിൽ 5347 ഭവനങ്ങളാണ് പുതുതായി നിർമ്മിച്ചിട്ടുള്ളത്. 4500 ഭവനങ്ങൾ പുനരുദ്ധരിച്ചു. 5347 ഭവനങ്ങളിൽ 1550 ഭവനങ്ങൾ, ഗവൺമെന്റ് ആദ്യമായി ഏർപ്പെടുത്തിയ, ഒരു കുടുംബത്തിന് 10 ലക്ഷം രൂപ, ഭൂമിക്ക് 6 ലക്ഷം രൂപയും വീടിന് 4 ലക്ഷം രൂപയും എന്ന പദ്ധതിയിൽപ്പെടുന്നതാണ്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് അഞ്ച് വർഷത്തിനിടയിൽ എട്ട് പേർക്ക് ഒരു ഫ്ലാറ്റ് മാത്രമാണ് വച്ചുകൊടുത്തത്. അതിനാണ് ശ്രീ. ഹൈബി ഈഡൻ കുറേ വർത്തമാനം പറഞ്ഞത്. ചെറുപ്പക്കാരനായ എം.എൽ.എ.-യും നമ്മൾ പ്രോത്സാഹിപ്പിക്കേണ്ട ആളാണെന്നുമുള്ളതുകൊണ്ട് വേറൊന്നും പറയാൻ ഉദ്ദേശിക്കുന്നില്ല. പക്ഷെ കാര്യങ്ങൾ വസ്തുതാപരമായി അറിഞ്ഞിരിക്കുന്നത് നല്ലതാണ്. ഒരു രാഷ്ട്രീയ വിവാദത്തിനപ്പുറം തീരദേശ മേഖലയുടെ പിന്നോക്കാവസ്ഥ പരിഹരിക്കാൻ; കേന്ദ്രത്തിന്റെ ഈ അവഗണനയ്ക്കെതിരായി എങ്ങനെയാണ് പോരാടേണ്ടത്.? ഓഖിയുടെ ഭാഗമായിട്ടുള്ള പ്രോജക്ടിനായി 7340 കോടി രൂപയുടെ പദ്ധതി കേന്ദ്രത്തിന് സമർപ്പിച്ചപ്പോൾ ഒരുപൈസയും തന്നില്ല. ഈ ഗവൺമെന്റിനെയല്ല കുറ്റപ്പെടുത്തേണ്ടത്. എന്നാൽ സംസ്ഥാന ബഡ്ജറ്റിൽ മൂലധന ചെലവിനായി വന്നിരിക്കുന്നത് 434 കോടി രൂപയാണ്. ഏതെങ്കിലും ഒരു വകുപ്പിൽ ക്യാപിറ്റൽ ഇൻവെസ്റ്റ്മെന്റ് റവന്യൂ ചെലവിനെക്കാൾ അധികം വരുന്നുണ്ടെങ്കിൽ അത് മത്സ്യത്തൊഴിലാളി വകുപ്പിൽ മാത്രമാണ്. അത്രമാത്രം ഗൗരവത്തോടുകൂടിയാണ് ഗവൺമെന്റ് ഈ മേഖലയുടെ അടിസ്ഥാന പ്രശ്നങ്ങളെ കാണുന്നത്. അതുകൊണ്ടാണ് മൂലധന നിക്ഷേപമായി 434 കോടി രൂപ ഈ സാമ്പത്തിക വർഷം ചെലവഴിക്കാൻ പോകുന്നത്. അത് മിക്കവാറും

ഹാർബറുകളും മറ്റുമായി ബന്ധപ്പെട്ടതാണ്. ഹാർബറിന്റെ കാര്യത്തിൽ വലിയൊരു ഇടപെടൽ നടത്താനാണ് ഈ ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ഓഖിയുടെ പശ്ചാത്തലത്തിൽ ഉയർന്നുവന്ന ഏറ്റവും വലിയ പ്രശ്നം, മത്സ്യത്തൊഴിലാളികളുടെ പശ്ചാത്തല സൗകര്യങ്ങൾ നഷ്ടപ്പെട്ടതുമായി ബന്ധപ്പെട്ടായിരുന്നു. ഈ ഗവൺമെന്റ് വന്നതിനുശേഷം അതിനായി ഇടപെടൽ നടത്തി. അതിന്റെ ഭാഗമായി 3 ഹാർബറുകൾ സർക്കാരിന്റെ രണ്ടാം വാർഷികവുമായി ബന്ധപ്പെട്ട് കമ്മീഷൻ ചെയ്യാൻ പോകുകയാണ്. അതിലൊന്ന് 2006-ൽ തുടങ്ങിയ കൊയിലാണ്ടി ഹാർബറാണ്. 2018 മെയ് മാസമാണ് അത് കമ്മീഷൻ ചെയ്യാൻ പോകുന്നത്. 63.99 കോടി രൂപയാണ് അതിനായി ചെലവഴിച്ചിട്ടുള്ളത്. നീണ്ട കാലയളവിനുശേഷമാണ് കൊയിലാണ്ടി ഹാർബർ കമ്മീഷൻ ചെയ്യാൻ പോകുന്നത്. അതുപോലെ 2007-ൽ നിർമ്മാണ പ്രവർത്തനം തുടങ്ങിയ തലായി ഹാർബറും രണ്ടാം വാർഷികത്തിന്റെ ഭാഗമായി കമ്മീഷൻ ചെയ്യാൻ പോകുകയാണ്. 34.79 കോടി രൂപയാണ് ആകെ ചെലവഴിച്ചിരിക്കുന്നത്. 2014-ലാണ് അതിന്റെ റിവൈസ്ഡ് എസ്റ്റിമേറ്റ് വന്നിട്ടുള്ളത്. പക്ഷെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയത് 2016-17 കാലയളവിലാണ്. അതുപോലെ ചേറ്റുവ ഹാർബറിനായി ഇപ്പോൾ 30 കോടി രൂപയാണ് ചെലവഴിച്ചിരിക്കുന്നത്. 2010-ലാണ് അതിന്റെ നിർമ്മാണം തുടങ്ങിയത്. വളരെ നീണ്ട വർഷങ്ങൾക്കുശേഷമാണ് അവിടെ ഹാർബർ പൂർത്തീകരിക്കാൻ പോകുന്നത്. ഓഖി ദുരന്തത്തിനുശേഷം അതിന്റെ ഒരു വശം ഇടിഞ്ഞു പോകുന്നുവെന്ന് അവിടത്തെ എം.എൽ.എ.-യുടെ ഒരു കത്ത് ഇന്ന് ലഭിക്കുകയുണ്ടായി. അത് ഉദ്ഘാടനത്തിലെത്തുമ്പോഴാണ് ഒരു പുതിയ പ്രശ്നം വന്നിരിക്കുന്നത്. അതുകൂടി പരിഹരിച്ച് മുന്നോട്ടുപോകാനാണ് ഉദ്ദേശിക്കുന്നത്. മുനക്കൽ കടവിന് കൂടുതൽ മെച്ചപ്പെട്ട സൗകര്യം ഉറപ്പാക്കിക്കൊണ്ട് അതും ഇപ്പോൾ തന്നെ ചെയ്യുന്നതിനെക്കുറിച്ച് ഉദ്ദേശിക്കുകയാണ്.

<u>ശ്രീ. ഹൈബി ഈഡൻ</u>: സർ, ബഹുമാനപ്പെട്ട മിനിസ്റ്റർ പറഞ്ഞതിൽ ഒരു ക്ലാരിറ്റിക്കുവേണ്ടിയാണ് ചോദിക്കുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ സമയത്ത് 8 വീടുകൾ മാത്രമാണ് പണിതതെന്നു പറഞ്ഞു. അതിന് ഒരു ക്ലാരിറ്റി തരണം. അതുപോലെ ഗ്രീൻ കോറിഡോർ പദ്ധതി നമ്മൾ പ്രഖ്യാപിച്ചിട്ടുണ്ട്. അത് പ്രവാസി ചിട്ടികളിലൂടെ നടപ്പാക്കുമെന്നാണ് പറഞ്ഞിരിക്കുന്നത്. ഒരു ലക്ഷം പേരുടെ കൈയിൽനിന്നും ചിട്ടി പിരിക്കുമെന്നാണ് പറഞ്ഞത്. ഗ്രീൻ കോറിഡോറിനുവേണ്ടി നിലവിൽ എത്ര പേരെ ചിട്ടിയിൽ ചേർക്കുകയും എത്ര പേരുടെ കൈയിൽ നിന്നും പണം പിരിക്കുകയും ചെയ്തിട്ടുണ്ട്; ഏറ്റവും കൂടുതൽ തീരദേശ എം.എൽ.എ.-മാരുള്ളത് ഭരണപക്ഷത്താണ്. ഇവർക്ക്

റീഹാബിലിറ്റേഷൻ പ്രക്രിയ നടത്താതെ; അതിന്റെ പാക്കേജ് തയ്യാറാക്കാതെ ഈ പദ്ധതി യാഥാർത്ഥ്യമാക്കാൻ സാധിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രിക്ക് തോന്നുന്നുണ്ടോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, 8 വീടെന്ന് പറഞ്ഞത് ഫ്ലാറ്റ് മാതൃകയിൽ ഭൂമിയും വീടുമായി കൊടുത്തതാണ്. ഒരു ഫ്ലാറ്റ്, അതിൽ 8 വീടാണ് കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ ചെയ്തത്. ഒറ്റവീടല്ല, ഭൂമിയും വീടും കൂടെ ചേർന്നതാണ്. നിങ്ങളുടെ കാലത്ത് റിപ്പയറിന് കൊടുത്തിട്ടുണ്ടാകും. വീടുകൾ പൂർത്തീകരിക്കുന്ന കാര്യമാണ് ഞാൻ പറഞ്ഞത്. കഴിഞ്ഞ കാലത്തെ കണക്കുകളെടുത്ത് ഞാൻ പ്രത്യേകമായി തരാം. കഴിഞ്ഞ തവണത്തെക്കാൾ എത്രയോ ഇരട്ടിയാണ് ഈ രണ്ടുവർഷത്തിനിടയിൽ കൊടുത്തിരിക്കുന്നത്. നാലുവർഷങ്ങൾക്കുമുമ്പ് വലിയ തുറയിൽ കടലാക്രമണത്തിന് വിധേയമായി സ്കൂളിൽ കിടന്നവരെ ഇപ്പോഴാണ് പുനരധിവസിപ്പിക്കുന്നത്. 192 വീടുകൾ ഇപ്പോൾ പൂർത്തീകരിച്ചുകഴിഞ്ഞു. കഴിയുന്നത്ര വേഗം അത് കൊടുക്കാനിരിക്കുകയാണ്. മനോഹരമായ 192 വീടുകളുള്ള ഫ്ലാറ്റ്. രണ്ടുവർഷമെടുക്കുന്നതിനുമുമ്പ് അത് പൂർത്തീകരിച്ചു. പശ്ചാത്തല സൗകര്യത്തിന്റെ കാര്യത്തിൽ ഈ ഗവൺമെന്റ് കാണിക്കുന്ന ശുഷ്കാന്തിയും വേഗതയും മറന്നുകൊണ്ട് ഇവിടെ ഒന്നും ചെയ്തില്ലെന്നൊക്കെ പറയുന്നത് നിർഭാഗ്യകരമായിപ്പോയി. ഗ്രീൻ കോറിഡോറിന്റെ കാര്യം ഇവിടെ വിശദീകരിക്കേണ്ട കാര്യമില്ല. പൊതുമരാമത്ത് വകുപ്പാണ് അത് ചെയ്യുന്നത്. പുനരധിവാസം ഉറപ്പാക്കിയതിനുശേഷമേ മത്സ്യത്തൊഴിലാളികളെ അവിടെ നിന്ന് ഒഴിപ്പിക്കുകയുള്ളൂ. കിഫ്ബിയിൽ വരുന്ന നിക്ഷേപങ്ങളെല്ലാം ഏതെങ്കിലും ഒരു പദ്ധതിക്കുവേണ്ടി മാത്രമല്ല, അതിന്റെ വിശദാംശം ധനകാര്യ വകുപ്പുമന്ത്രി ഇവിടെ കൃത്യമായി പറഞ്ഞിട്ടുണ്ട്. ആ ചിട്ടിയിൽ എത്ര പേർ ചേർന്നുവെന്ന് മറ്റൊരു വകുപ്പ് നോക്കേണ്ട കാര്യമില്ല. അദ്ദേഹം അത് നിരവധി പ്രാവശ്യം ഇവിടെ ആവർത്തിച്ചു പറഞ്ഞിട്ടുള്ളതുകൊണ്ട് വീണ്ടും ഒരു വിശദീകരണത്തിന്റെ യാതൊരു ആവശ്യവുമില്ല.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, തീരദേശ ഹൈവേയ്ക്ക് 12 മീറ്ററെങ്കിലും വീതി വേണമെന്നാണ് ആഗ്രഹം. അതുകൊണ്ട് 12 മീറ്റർ വീതി ലഭ്യമായ സ്ട്രെച്ചുകളിൽ ഈ വർഷം പണി ആരംഭിക്കും. ബാക്കിയുള്ളത് പരിശ്രമിച്ചിട്ടും, ആരെയും നിർബന്ധിക്കാനും ബഹളം വയ്ക്കാനും ഉദ്ദേശ്യമില്ല. വീതിയുള്ള സ്ട്രെച്ചുകൾ ആദ്യം ചെയ്യും. അറ്റം മുതൽ അറ്റം വരെയല്ല, എവിടെ 5-10 കിലോമീറ്റർ സ്ട്രെച്ച് 12 മീറ്റർ വീതിയിൽ ലഭിക്കുമോ അവിടെയെല്ലാം ഈ വർഷം ആരംഭിക്കും.

<u>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ:</u> സർ, ഏറ്റവുമധികം സമരം നടന്ന ഒരു ഹാർബറാണ് ചെല്ലാനം ഹാർബർ. ഈ വർഷം 3.5 ഏക്കർ ഭൂമി ഏറ്റെടുക്കാൻ 13 കോടി രൂപ എറണാകുളം ജില്ലാ കളക്ടറുടെ അക്കൗണ്ടിലേയ്ക്ക് മാറ്റിയിട്ടുണ്ട്. അതിനാവശ്യമായ പണം നൽകിക്കഴിഞ്ഞു. വാർഫടക്കം പൂർത്തീകരിക്കുന്നതിന് 10.37 കോടി രൂപയുടെ അധിക ഭരണാനുമതി നൽകി. 2017-18-ൽ ചെല്ലാനം ഹാർബറിനും ഭൂമിക്കും കൂടി 23 കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയിരിക്കുന്നത്. പുതിയാപ്പ ഹാർബറിന് 13.25 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിക്കഴിഞ്ഞിട്ടുണ്ട്. തങ്കശ്ശേരി ഹാർബറിന് 6.25 കോടി രൂപ, വെള്ളയിൽ ഹാർബറിന് 6.5 കോടി രൂപ. പൂന്തുറയിലെ ഓഫ്ഷോർ ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രശ്നമാണ്. ഈ വർഷം ഓഫ്ഷോർ ചെയ്യുന്നതിന് തീരുമാന മെടുത്തിരിക്കുകയാണ്. ഈ ഒക്ടോബറോടുകൂടി അത് ടെണ്ടർ ചെയ്യേണ്ടതുണ്ടെന്നാണ് ഷെഡ്യൂൾ ചെയ്തിരിക്കുന്നത്. ആ ഷെഡ്യൂളിനകത്ത് കഴിയുന്നത്ര കാര്യങ്ങൾ നിർത്തി കൊണ്ടുപോകാനാണ് ആഗ്രഹിക്കുന്നത്. ഈ വർഷത്തെ ബഡ്ജറ്റിൽ തന്നെ 11 ഹാർബറുകൾ, സമയക്കുറവുള്ളതുകൊണ്ട് ഞാൻ ലിസ്റ്റ് വായിക്കുന്നില്ല. അതിൽ പരപ്പനങ്ങാടി, ചെത്തി എന്നിവയാണ് കിഫ്ബി വഴി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. പരപ്പനങ്ങാടിയുടെ കാര്യം കഴിഞ്ഞ 50 വർഷമായി പറയുകയാണ്. ഈ ഗവൺമെന്റിന്റെ കാലയളവിൽ തന്നെ പരപ്പനങ്ങാടി ഹാർബർ ടെണ്ടർ ചെയ്യാനും പൂർത്തീകരിക്കാനുമാണ് ആഗ്രഹിക്കുന്നത്. ആ തരത്തിലേയ്ക്കാണ്അതിന്റെ പ്രവർത്തനങ്ങൾ അതിശക്തമായി കൊണ്ടുപോകുന്നത്. ബാക്കിയുള്ള ഹാർബറുകളായ താനൂർ, മഞ്ചേശ്വരം, തോട്ടപ്പള്ളി, വെള്ളയിൽ, കാസർഗോഡ്, ചെത്തി, കായംകുളം, മുനമ്പ്, നീണ്ടകര അടക്കമുള്ള 11 ഹാർബറുകൾക്കാവശ്യമായ പുനരുദ്ധാരണ പ്രവർത്തനത്തിന് ശക്തമായ ഇടപെടൽ നടത്തി. ഈ സാമ്പത്തിക വർഷം 435 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തി. നബാർഡിന്റെ സഹായത്തോടുകൂടി ചെയ്യാനാണുദ്ദേശിക്കുന്നത്. ബഹുമാന്യനായ പി.സി. ജോർജ് ഉൾനാടൻ മേഖലയെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അദ്ദേഹം പറഞ്ഞത് വളരെ ശരിയാണ്. കുറേ വർഷങ്ങളായി സജീവ പരിഗണനയിലില്ലാതെ പോകുന്ന ഒരു മേഖലയാണ് ഉൾനാടൻ മേഖല. മത്സ്യസമ്പത്തിന്റെ ഉല്പാദനത്തിന് വളരെ നന്നായി ഇടപെടാൻ കഴിയുന്ന ഒരു മേഖലയാണത്. ആ ഉൾനാടൻ മേഖലയ്ക്കായി ഈ വർഷത്തെ ബഡ്ജറ്റിൽ 76.4 കോടി രൂപയാണ് നീക്കിവച്ചിരിക്കുന്നത്. മത്സ്യകൃഷി വികസനത്തിനുമാത്രമായി 40 കോടി രൂപയും നീക്കിവച്ചിട്ടുണ്ട്. ഏറ്റവും സുപ്രധാനമായ ഒരു കാര്യം, മത്സ്യഭവൻ വേണമെന്നുള്ള ആവശ്യം 1960-കളിൽ തുടങ്ങിയതാണ്. കേരളത്തിൽ നൂറ് മത്സ്യഭവനുകൾ ആരംഭിക്കുമെന്ന് 9-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് പറഞ്ഞിരുന്നുവെങ്കിലും ഇതുവരെയായി 61 മത്സ്യഭവനുകൾ മാത്രമാണ് കേരളത്തിലുണ്ടായിരുന്നത്. ഈ ബഡ്ജറ്റിൽ ഉൾപ്പെടുത്തി 31 മത്സ്യഭവനുകൾകൂടി പുതുതായി ആരംഭിക്കുന്നു. ഉൾനാടൻ മത്സ്യസമ്പത്തിന്റെ വികസനം നാം ആഗ്രഹിക്കുന്ന വേഗതയിൽ

കൊണ്ടുപോകുന്നതിനാവശ്യമായ ഉദ്യോഗസ്ഥ വൃന്ദം ഇല്ലാത്തത് വലിയൊരു പരിമിതിയാണ്. ശുഷ്കമായ ഡിപ്പാർട്ടുമെന്റിനെക്കൊണ്ട് ഇത്രയും പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന ജനവിഭാഗങ്ങളുടെ മെച്ചപ്പെട്ട ജീവിത സാഹചര്യം ഉറപ്പാക്കുന്നതിന് കഴിയില്ല. അതുകൊണ്ട് 31 മത്സ്യഭവനുകൾ കൂടി ആരംഭിക്കുന്നതിലൂടെ വളരെ വലിയൊരു മുന്നേറ്റമാണ് ഡിപ്പാർട്ടുമെന്റിനുണ്ടാകാൻ പോകുന്നത്. ഓരോ മത്സ്യഭവനിലും മൂന്ന് സ്റ്റാഫ് എന്നുപറയുമ്പോൾ ഏകദേശം നൂറോളം പോസ്റ്റുകൾ ക്രിയേറ്റ് ചെയ്തുകൊണ്ട് തീരദേശ, ഉൾനാടൻ മത്സ്യോല്പാദനം ഇരട്ടിയാക്കുക എന്നതാണ് ഗവൺമെന്റിന്റെ ലക്ഷ്യം. പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്താണ് അത് പൂർത്തീകരിക്കാനായി നാം നടന്നടുക്കുന്നതെന്നുവേണം മനസ്സിലാക്കാൻ. അതുകൊണ്ടുതന്നെ വളരെ വലിയ ഇടപെടൽ ഈ രംഗത്ത് നടത്താനുദ്ദേശിക്കുകയാണ്. ഉൾനാടൻ മത്സ്യ സമ്പത്ത് ഇരട്ടിയാകണമെന്ന് നാം പറയുമ്പോൾ നമുക്കാവശ്യമായ മത്സ്യകുഞ്ഞുങ്ങളില്ലെന്നുള്ളതാണ് പ്രധാനം. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ രണ്ടര കോടിയോളം മത്സ്യക്കുഞ്ഞുങ്ങൾ മാത്രമേ ലഭ്യമായിരുന്നുള്ളൂ. ബാക്കിയെല്ലാം പുറത്തുനിന്ന് നിലവാരം കുറഞ്ഞ മത്സ്യക്കുഞ്ഞുങ്ങളെ വാങ്ങുന്നതായിരുന്നു സ്ഥിതി. ഈ വർഷത്തോടുകൂടി മത്സ്യക്കുഞ്ഞുങ്ങളുടെ ഉല്പാദനത്തിൽ ഏകദേശം ആറ് കോടിയോളമാണ് വർദ്ധനവ്. പന്ത്രണ്ടരക്കോടി മത്സ്യക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കുന്നതിന് കുളത്തൂപ്പുഴയിലും മറ്റുമുള്ള ഹാച്ചറികൾ ഏകദേശം അതിന്റെ പ്രവർത്തനത്തിലേയ്ക്ക് വരികയാണ്. ഈ ഗവൺമെന്റിന്റെ കാലയളവിൽ തന്നെ ബാക്കി കൊണ്ടുവരും. ഏഴ് കോടിയോളം മത്സ്യക്കുഞ്ഞുങ്ങളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിൽ ഈ സാമ്പത്തികവർഷം ശ്രദ്ധ കേന്ദ്രീകരിക്കും. നമ്മുടെ ദേശീയ മത്സ്യമാണ് കരിമീൻ. പക്ഷെ കരിമീൻ നമുക്ക് നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. കരിമീനിന്റെ ഉല്പാദനം 250 ടൺ ആയി വർദ്ധിപ്പിക്കുന്ന തരത്തിലേയ്ക്കുള്ള പ്രോജക്ടുകൾ കൊണ്ടുവരികയാണ്.

തീരദേശത്തുള്ള മത്സ്യത്തൊഴിലാളികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും അവർക്ക് മത്സ്യബന്ധന ഉപകരണങ്ങൾ ഉറപ്പാക്കുന്നതിനും പിടിക്കുന്ന മത്സ്യത്തിന്റെ വില നിശ്ചയിക്കുന്നതിനുള്ള അവസരം ഉറപ്പാക്കുന്നതിനും മത്സ്യഫെഡിനുള്ള റോൾ വളരെ വലുതാണ്. മത്സ്യഫെഡ് രൂപീകരിച്ചിട്ട് 32 വർഷമായി. ഇത്രയും വർഷത്തിനിടയിൽ 666 സംഘങ്ങളുണ്ടായതിൽ 49 സഹകരണ സംഘങ്ങളിൽ മാത്രമാണ് ഏതെങ്കിലും ഒരാൾ പെയ്ഡ് ജീവനക്കാരനായിട്ടുള്ളത്. അത് സെക്രട്ടറി തന്നെയാകണമെന്നില്ല. ഏതെങ്കിലും തസ്തികയിൽ പെയ്ഡ് ജീവനക്കാരായിട്ടുള്ളത് 49 സംഘങ്ങൾ മാത്രമാണ്. 666 സംഘങ്ങളിൽ ചിലത് കടലാസ് സംഘങ്ങളാണ്; ചിലത് നിയമവിധേയമായി പ്രവർത്തിക്കുന്നതല്ല. നാം ആഗ്രഹിക്കുന്നതെന്താണോ അതിനനുസരിച്ച് തൊഴിലാളികളെ സഹായിക്കാൻ പര്യാപ്തമാകാത്ത തരത്തിലാണ് പ്രൈമറി സംഘങ്ങളുടെ പ്രവർത്തനം നടക്കുന്നത്. 32 വർഷത്തെ

ചരിത്രത്തിലാദ്യമായിട്ടാണ് 200 സഹകരണ സംഘങ്ങൾക്ക് പെയ്ഡ് സെക്രട്ടറിയെ നിയമിക്കുക എന്ന ലക്ഷ്യത്തോടെ 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ അതിനുള്ള നീക്കം നടത്തുന്നത്. നൂറ് സഹകരണ സംഘങ്ങൾക്ക് പെയ്ഡ് സെക്രട്ടറിയെ നിയമിക്കാനായി 300 ലക്ഷം രൂപ ബഡ്ജറ്റിൽ തന്നെ നീക്കിവച്ചിരിക്കുന്നു. എൻ.സി.ഡി.സി.-യുടെ സഹായത്തോടെ അടുത്ത നൂറ് സഹകരണ സംഘങ്ങൾക്കും പെയ്ഡ് സെക്രട്ടറിയെ നിയമിക്കാനാകും. അങ്ങനെ ഈ ഗവൺമെന്റിന്റെ കാലയളവിൽതന്നെ പരമാവധി പ്രവർത്തന ക്ഷമമായ മുഴുവൻ സംഘങ്ങളെയും ശാക്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. അതുവഴി മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾ സ്വന്തമാക്കാനും സാധിക്കും. ഓഖി ദുരന്തവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇവിടെ എല്ലാവരും ചോദിച്ചു. ഓഖി ദുരന്തത്തിൽ വളരെ ദയനീയമായ ഒരു ചിത്രമാണ് നമ്മൾ കണ്ടത്. അപ്രതീക്ഷിതമായിട്ടാണ് ഓഖി വീശിയത്. ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് മരിച്ചതും കാണാതായതുമായ ആളുകളുടെ കണക്ക് ഇപ്പോഴും ഇല്ലെന്ന് ഇവിടെ ഏതോ എം.എൽ.എ.-മാർ പറഞ്ഞു. അതിന്റെ കണക്കില്ലാത്ത പ്രശ്നമില്ല. ഇപ്പോൾ നമ്മുടെ കയ്യിൽ കൃത്യമായ കണക്കുണ്ട്. ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് മരിച്ചതും കാണാതായതുമായത് 143 മത്സ്യത്തൊഴിലാളികളാണ്. ചരിത്രത്തിലാദ്യമായി ഏറ്റവും കൂടുതൽ സഹായം നൽകിയതും ഓഖി ദുരന്തവുമായി ബന്ധപ്പെട്ടാണ്. ഇതിനേക്കാൾ വലിയൊരു ദുരന്തമായിരുന്നു സുനാമി. സുനാമിയുടെ കാലത്തുണ്ടായതിനേക്കാൾ കാര്യക്ഷമതയോടും കൃത്യതയോടും ദുരന്തം അനുഭവിക്കുന്ന തൊഴിലാളികളെ സഹായിക്കുന്നതിനാവശ്യമായ പദ്ധതികളാണ് ഈ ഗവൺമെന്റ് ആവിഷ്കരിച്ചത്.

ശ്രീ. എം. വിൻസെന്റ്: സർ, ഓഖി ദുരന്തമുണ്ടായതിനുശേഷം ചെയ്ത കാര്യങ്ങളാണ് അങ്ങ് പറഞ്ഞിട്ടുള്ളത്.

മി. സ്പീക്കർ: ഓഖി ദുരന്തത്തെക്കുറിച്ച് നമ്മൾ കുറേ ചർച്ച ചെയ്തില്ലേ?

ശ്രീ. എം. വിൻസെന്റ്: സർ, ഈ സംസ്ഥാനത്ത് 2016-ൽ ഡിസാസ്റ്റർ മാനേജ്മെന്റ് പ്ലാൻ അംഗീകരിച്ചിരുന്നു. ആ പ്ലാനിനെത്തുടർന്ന് എല്ലാ ഡിപ്പാർട്ടുമെന്റുകളും ഡിസാസ്റ്റർ കൺട്രോൾ ആന്റ് ക്രൈസിസ് മാനേജ്മെന്റ് പ്ലാനുകൾ തയ്യാറാക്കണമെന്ന് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി നിർദ്ദേശം നൽകിയിരുന്നു. ഫിഷറീസ് ഡിപ്പാർട്ട്മെന്റിനും നിർദ്ദേശം നൽകിയിരുന്നു. പക്ഷെ നാളിതുവരെ അങ്ങനെയൊരു പ്ലാൻ ഫിഷറീസ് ഡിപ്പാർട്ടുമെന്റ് തയ്യാറാക്കിയിട്ടില്ല.

മി. സ്പീക്കർ: പ്ലീസ്....പ്ലീസ്.... മിനിസ്റ്ററിനുതന്നെ സമയം അധികമായിരിക്കുകയാണ്. ഈ സഭയിൽ മൂന്നോ നാലോ തവണ ചർച്ച ചെയ്ത കാര്യമാണ് അങ്ങ് പറയുന്നത്.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, ഇത്തരത്തിൽ ഒരു പ്ലാൻ നടപ്പിലാക്കിയിരുന്നുവെങ്കിൽ ഓഖി ദുരന്തം നാലിലൊന്നായി കുറയ്ക്കാമായിരുന്നു. ഇനിയെങ്കിലും അതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ</u>: സർ, നിരവധി പ്രാവശ്യം ഇതുമായി ബന്ധപ്പെട്ട് മറുപടി പറഞ്ഞിട്ടുള്ളതാണ്. ബഹുമാനപ്പെട്ട മെമ്പർ ബോധപൂർവ്വമായി തെറ്റിദ്ധാരണ പരത്താൻ, ഞാൻ കേട്ട ഒരു ടി.വി. ചർച്ചയിൽ അദ്ദേഹം ഇത്തരം ബഡായികൾ* പറയുന്നത്. ഓഖി ദുരന്തം വന്നത് 30-ാം തീയതി മാത്രമാണ് കേരള ഗവൺമെന്റിനെ അറിയിച്ചതെന്ന് കൃത്യമായി ഇന്ത്യാ ഗവൺമെന്റ് തന്നെ, ഐ.എം.ഡി. (India Meteorological Department) അറിയിച്ചിട്ടുള്ളതാണല്ലോ, മുൻകൂട്ടി കാണാൻ ദൈവദൃഷ്ടിയൊന്നും നമുക്കാർക്കും ഇല്ലല്ലോ. ഓഖി ദുരന്തത്തിൽ എന്ത് സംഭവിച്ചു എന്നത് ഇന്ന് രാജ്യത്ത് എല്ലാവർക്കും അറിയാവുന്നതാണ്. ഞാൻ ഈ അവസരം അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകാൻ ഉപയോഗിക്കുന്നില്ല. ....ബഹളം.. ആവശ്യമില്ലാത്ത തർക്കത്തിലേയ്ക്ക് പോകേണ്ടതില്ല. കേരളത്തിന്റെ ആനുകൂല്യം കിട്ടണമെന്ന് പറഞ്ഞ് തമിഴ്നാട്ടിലെ തൊഴിലാളികൾ സമരം ചെയ്തതുമായി ബന്ധപ്പെട്ട് ഒരു ചർച്ചയിൽ ഞാൻ കേട്ടു. നിങ്ങൾ അങ്ങനെയല്ലല്ലോ എന്ന് ചോദിച്ചപ്പോൾ ബഹുമാനപ്പെട്ട മെമ്പർ ആ ചർച്ചയിൽ പറയുന്നത് കേട്ടു ഞങ്ങൾ സമരം ചെയ്തത് 30-ാം തീയതി, 1-ാം തീയതി. ഈ മുപ്പതും ഒന്നും എന്താണ്? മുപ്പത്, ഒന്ന് ഈ രണ്ട് ദിവസങ്ങളിലാണ് ഏറ്റവുമധികം ആളുകളെ രക്ഷപ്പെടുത്തിയ ദിനം. ഉൾക്കടലിൽനിന്ന് 50 കിലോമീറ്ററിനും 70 കിലോമീറ്ററിനും അകലത്തിൽ ഉൾക്കടലിൽ നടന്ന ഈ ദുരന്തത്തിൽപ്പെട്ടവരെ എയർഫോഴ്സും നേവിയും എല്ലാംകൂടി ചേർന്ന് ഏറ്റവുമധികം ആളുകളെ രക്ഷപ്പെടുത്തി കൊണ്ടുവരുന്നത് 30-നും 1-നും ആണ്. അവരെ ആശുപത്രിയിലേക്ക് കൊണ്ടുപോകുന്നതിനെ തടസ്സപ്പെടുത്തി അവർ സമരം നടത്തി. അപ്പോൾ ഒരു ദുരന്തത്തിൽ ഡിസാസ്റ്റർ മാനേജ്മെന്റ് എങ്ങനെയാണ് പ്രവർത്തിക്കുന്നത് എന്നതിനെക്കുറിച്ച് എ,ബി,സി,ഡി അറിയാതെ ആ സമയത്ത് കലാപമുണ്ടാക്കിയത്* കേരളത്തിൽ ഈ ഓഖിയിൽ എന്നല്ല രാജ്യത്ത് എവിടെയെങ്കിലും ഒരു ദുരന്തം നടക്കുമ്പോൾ ഇങ്ങനെ പ്രതികരിക്കുന്ന ഒരു പ്രതിപക്ഷമുണ്ടോയെന്ന് ചോദിച്ചാൽ അത് അത്യസാധാരണ സാധ്യമായിരിക്കും എന്നുമാത്രമേ എനിക്ക് പറയാൻ കഴിയൂ. ....ബഹളം... അതുകൊണ്ട് അതിനെക്കുറിച്ച് ഇങ്ങനെ പറയേണ്ട കാര്യമില്ല. ഈ ഗവൺമെന്റ് സാദ്ധ്യമായതെല്ലാം ചെയ്തു. ....ബഹളം... വെറുതെ ഒച്ചവച്ചിട്ട് കാര്യമില്ല.

---

* സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം രേഖയിൽ നിലനിർത്തി. (ഫയൽ നം. 1702/ ഇ.ബി/2018/നി.സെ തീയതി 23-3-2018)

എന്തിനാണ് ഒച്ച വയ്ക്കുന്നത്. ഞാൻ വളരെ കൃത്യമായിട്ടല്ലേ മറുപടി പറയുന്നത്. ചെയ്ത കാര്യങ്ങൾ അഭിമാനത്തോടുകൂടിയാണ് പറയുന്നത്. ഒച്ച വച്ചാൽ മറുപടിയില്ലാതാകില്ല. സർ, ദയവുചെയ്ത് ഒച്ചവയ്ക്കാതിരിക്കാൻ പറയൂ.

മി. സ്പീക്കർ: പ്ലീസ്....പ്ലീസ്....പ്ലീസ്.... .ബഹളം..

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, എനിക്ക് മറുപടി പറയാൻ അവസരം വേണം. ഞാൻ പറഞ്ഞുവന്നത് മത്സ്യബന്ധനോപകരണങ്ങളുടെ ഉടമസ്ഥാവകാശം ....ബഹളം... ദയവുചെയ്ത് മറുപടി പറയാൻ സമ്മതിക്കണം.

ശ്രീ. വി. ഡി. സതീശൻ: സർ, പോയിന്റ് ഓഫ് ഓർഡർ.

മി. സ്പീക്കർ: പോയിന്റ് ഓഫ് ഓർഡർ.

ശ്രീ. വി. ഡി. സതീശൻ: സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞ കാര്യങ്ങളോ അവർ നടപ്പിലാക്കാൻ പോകുന്ന കാര്യങ്ങളെക്കുറിച്ചോ ഞങ്ങൾ ഇടപെടുകയോ സംസാരിക്കുകയോ ചെയ്തില്ല. ബഹുമാനപ്പെട്ട മന്ത്രി രണ്ട് പരാമർശങ്ങൾ നടത്തി. ഒന്ന്, ഒരു എം.എൽ.എ. ഒരു സംശയം ചോദിച്ചപ്പോൾ എം.എൽ.എ. ബഡായി* പറയുകയാണെന്നുള്ള രീതിയിൽ സംസാരിച്ചു. ഒരു മന്ത്രിയും അങ്ങനെ പറയാറില്ല. ഒരു മന്ത്രിമാരും അങ്ങനെ എം.എൽ.എ.-മാർ ബഡായി+ പറയുകയാണെന്ന് പറയില്ല. ദയവുചെയ്ത് ഒന്നുകിൽ അങ്ങ് പിൻവലിക്കണം അല്ലെങ്കിൽ അത് മാറ്റണം. രണ്ടാമത്തെ കാര്യം, വളരെ പ്രധാനപ്പെട്ട കാര്യം, ഓഖി ദുരന്തത്തിൽ രക്ഷപ്പെടുത്തി കൊണ്ടുവരുന്ന ആളുകളെ ആശുപത്രിയിൽ കൊണ്ടുപോകുന്നത് തടസ്സപ്പെടുത്തി പ്രതിപക്ഷം സമരം ചെയ്തു+ എന്നത്. ഇങ്ങനെയൊരു സംഭവം ഉണ്ടായിട്ടില്ല. ഈ രണ്ട് കാര്യങ്ങളും ദയവുചെയ്ത് ബഹുമാനപ്പെട്ട മന്ത്രി തന്നെ പിൻവലിക്കണം അല്ലെങ്കിൽ ബഹുമാനപ്പെട്ട സ്പീക്കർ അത് രേഖയിൽനിന്ന് മാറ്റണം.

മി. സ്പീക്കർ: അത് പരിശോധിക്കാം.*

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, ഞാൻ പറയട്ടെ അത്, മുപ്പതാം തീയതിയും ഒന്നാം തീയതിയും നടത്തിയ സമരത്തെക്കുറിച്ച് അവർ തന്നെ അഭിമാനിച്ചതുകൊണ്ടാണ് മുപ്പതിന്റെയും ഒന്നിന്റെയും കാര്യത്തെക്കുറിച്ച് പറഞ്ഞത്. ബഡായി+ ഒരു അൺ പാർലമെന്ററി വാക്കൊന്നുമല്ല. (....ബഹളം...)

മി. സ്പീക്കർ: എന്താണിത് ; മന്ത്രി മറുപടി പറയും. നിങ്ങൾ ഇരിക്കൂ.

---

* സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം രേഖയിൽ നിലനിർത്തി. (ഫയൽ നം. 1702/ ഇ.ബി/2018/ നി.സെ തീയതി 23-3-2018)

<u>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ</u>: സർ, അതൊരു അൺ പാർലമെന്ററിയാണെന്ന് എനിക്ക് തോന്നുന്നില്ല. ഞാൻ സദുദ്ദേശത്തോടുകൂടിയാണ് പറയുന്നത്. ബഹുമാനപ്പെട്ട വി. ഡി. സതീശൻ, ഞാൻ സദുദ്ദേശത്തോടുകൂടിയാണ് പറഞ്ഞത്. ഒരാളെയും ആക്ഷേപിക്കൽ എന്റെ ലക്ഷ്യമല്ല. വസ്തുത പറഞ്ഞുവെന്ന് മാത്രമേയുള്ളൂ. അതുകൊണ്ട് ദയവുചെയ്ത് വെറുതെ എന്റെ സംസാരത്തെ തടസ്സപ്പെടുത്തരുത്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ആ വാക്ക് പിൻവലിക്കണം.

<u>മി. സ്പീക്കർ</u>: ചെയർ പരിശോധിച്ച് പറയാമെന്ന് പറഞ്ഞല്ലോ.

<u>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ</u>: സർ, ഇതെന്താണ്. വെറുതെ തടസ്സപ്പെടുത്താൻവേണ്ടി ഓരോന്ന് പറയുകയാണ്. എന്ത് കാര്യത്തിന് വേണ്ടിയാണ് ഇങ്ങനെ ഒച്ചവയ്ക്കുന്നത്. ഓഖി ചുഴലിക്കാറ്റുണ്ടായപ്പോൾ ഒരു വസ്തുത നാം തിരിച്ചറിഞ്ഞു, അതായത് ആകെ 384 യാനങ്ങളാണ് ഭാഗികമായോ പൂർണ്ണമായോ നഷ്ടപ്പെട്ടത്. അതിൽ ഏകദേശം 64 മത്സ്യബന്ധന ഉപകരണങ്ങളാണ് പൂർണ്ണമായി നഷ്ടപ്പെട്ടത്. പക്ഷെ എന്നെ അത്ഭുതപ്പെടുത്തിയ കാര്യം, ഈ 64 മത്സ്യബന്ധന ഉപകരണങ്ങളിൽ 43 മത്സ്യബന്ധന ഉപകരണത്തിന്റെയും ഉടമകൾ കടലിൽ പോകാത്തവരാണ്. കരയ്ക്കുനിന്ന് മത്സ്യബന്ധനോപകരണം വച്ച് തൊഴിലാളികളെ വാടകയ്ക്കെടുത്ത് അവർ കടലിൽ പോയി വരുമ്പോൾ കാശ് കരയ്ക്കുനിന്നുണ്ടാക്കുന്നവരാണ് 43 പേരും. തീരദേശത്തെ ഇന്നത്തെ സ്ഥിതി ഇതാണ്. നമ്മളെല്ലാം ഓരോ കാര്യങ്ങൾ പറയുമ്പോൾ, തീരത്തെ മത്സ്യത്തൊഴിലാളി നേരിടുന്ന യഥാർത്ഥ പ്രശ്നമെന്താണ്? മത്സ്യബന്ധനോപകരണത്തിന് ഉടമസ്ഥാവകാശം അവർക്കില്ല. അവർ പിടിച്ചുകൊണ്ടുവരുന്ന മത്സ്യത്തിന് വില നിശ്ചയിക്കാനുള്ള അവകാശമില്ല. ഇതുരണ്ടും ഉറപ്പാക്കിയാൽ മാത്രമേ നാം എന്ത് വർത്തമാനം പറഞ്ഞാലും മത്സ്യത്തൊഴിലാളികളുടെ ജീവിതം മെച്ചപ്പെടുത്താൻ കഴിയൂ. അക്കാര്യത്തിൽ പ്രതിപക്ഷത്തിന്റെ പൂർണ്ണമായ സഹകരണം ഞാൻ വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു. ആവശ്യമില്ലാത്ത കൊച്ചുകൊച്ചു കാര്യങ്ങൾ പറഞ്ഞ് തർക്കമുണ്ടാക്കുന്നതിനപ്പുറം അടിസ്ഥാനപരമായ കാര്യങ്ങളിലേയ്ക്ക് നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. മത്സ്യബന്ധനോപകരണത്തിന്റെ ഉടമസ്ഥാവകാശം തൊഴിലാളിക്ക് നൽകണമെന്നാണ് ഈ ഗവൺമെന്റ് ആഗ്രഹിക്കുന്നത്. പ്രതിപക്ഷത്തിന്റെ പൂർണ്ണ പിന്തുണയുണ്ടാകുമോ? യെസ് എന്നുപറഞ്ഞാൽ പോരാ, ഉണ്ടാവുകയാണെങ്കിൽ ആ രംഗത്ത് നമുക്ക് വളരെ വലിയ മാറ്റം മുണ്ടാക്കാൻ കഴിയും.

ഞാൻ മനസ്സിലാക്കുന്നത്, ഓഖിയുടെ പശ്ചാത്തലത്തിൽ വിഴിഞ്ഞത്തടക്കം ഉണ്ടാക്കിയ പ്രശ്നങ്ങൾക്കെല്ലാം നടുവിൽ ഇടനിലക്കാരായ ആളുകളാണ് സംഘടിതമായി നിന്ന് പ്രശ്നങ്ങളുണ്ടാക്കുന്നത്. അവരെ ഈ പശ്ചാത്തലത്തിലെങ്കിലും ഒഴിവാക്കണം. യഥാർത്ഥത്തിൽ കടലിൽ പോകുന്ന മത്സ്യത്തൊഴിലാളിക്ക് മത്സ്യബന്ധനോപകരണം ഉറപ്പാക്കുന്നതിന് ഗവൺമെന്റ് സന്നദ്ധമാണ്. ആ ഒരു പദ്ധതിയുമായി മുന്നോട്ട് പോകുമ്പോഴുണ്ടാകാൻ പോകുന്ന എതിർപ്പുകളും വിവാദങ്ങളും നുണപ്രചാരണ വേലകളും ഞാൻ മുൻകൂട്ടി കാണുകയാണ്. അതുകൊണ്ട് അത്തരമൊരു അവസ്ഥയിൽ നമുക്ക് ഇതിലേയ്ക്ക് പോയേ മതിയാകൂ. കടലിൽ പോകാതെ കരയ്ക്കുനിന്നവന്റെ വള്ളവും വലയും നഷ്ടപ്പെട്ടാൽ നഷ്ടപരിഹാരം കൊടുക്കാം. പക്ഷെ, പുതിയ വള്ളവും വലയും കൊടുക്കുന്നത് തൊഴിലാളിക്കായിരിക്കണം. അങ്ങനെ തൊഴിലാളിക്ക് കൊടുക്കുമ്പോൾ അവർ പിടിച്ചുകൊണ്ടുവരുന്ന മത്സ്യത്തിന് അവർക്ക് നേരിട്ട് വില നിശ്ചയിക്കാനുള്ള അവകാശം വേണം. സഹകരണ പ്രസ്ഥാനമായ മത്സ്യഫെഡിന് ലേലത്തിൽ നേരിട്ട് ഇടപെടാനും അവർ പിടിക്കുന്ന മത്സ്യം നേരിട്ട് മാർക്കറ്റിലേയ്ക്ക് എത്തിക്കാനുമുള്ള ഒരു ശൃംഖല എന്നുപറയുന്നത് വളരെ വലിയൊരു പദ്ധതിയാണ്. കോടിക്കണക്കിന് രൂപ നമുക്ക് ഇൻവെസ്റ്റ് ചെയ്യേണ്ടിവരും. അതിനായി നബാർഡുമായി ചർച്ച ചെയ്ത് 100 കോടി രൂപ നബാർഡിൽ നിന്ന് മത്സ്യഫെഡിനെക്കൊണ്ട് വായ്പ എടുപ്പിച്ച് പലിശ ഗവൺമെന്റ് കൊടുത്തുകൊണ്ട് പലിശരഹിത വായ്പ കൂടി ഈ തൊഴിലാളികൾക്ക് നൽകി അതുവഴി 500-ഓളം മത്സ്യത്തൊഴിലാളികൾക്ക് ആദ്യഘട്ടത്തിൽ യാനങ്ങൾ കൊടുക്കുന്നതിനെപ്പറ്റി ഞങ്ങൾ ആലോചിക്കുകയാണ്.

മി. സ്പീക്കർ: പ്ലീസ്........ ആവശ്യപ്പെട്ട സമയം കഴിഞ്ഞു.

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, ഒച്ചപ്പാടുണ്ടാക്കാതിരുന്നാൽ ഞാൻ വേഗം പറഞ്ഞു തീർക്കാം. അതുകൊണ്ട് ഈ അടിസ്ഥാനപരമായ മാറ്റത്തിന് നമുക്കൊരുമിച്ച് നിൽക്കാം. തീരദേശത്തെ തൊഴിലാളികളുടെ പേരിൽ അങ്ങോട്ടുമിങ്ങോട്ടും വിവാദമുണ്ടാക്കേണ്ട കാര്യമില്ല. ഈ കാര്യത്തിൽ ഞാൻ നിങ്ങളുടെ പൂർണ്ണ പിന്തുണ തേടുകയാണ്. അവർക്ക് ഉപകരണം ഉറപ്പാക്കുന്ന കാര്യത്തിലും മത്സ്യം നേരിട്ട് കൊടുത്ത് വില നിശ്ചയിക്കുന്ന കാര്യത്തിലും ഒരു നെറ്റ്‌വർക്ക് മാർക്കറ്റിനെക്കുറിച്ച് ഇപ്പോൾ എല്ലാവരും ചോദിക്കുന്നുണ്ട്. അങ്ങനെ ഒരു പ്രോജക്ട് കിഫ്ബിയിൽ കൊടുത്തിട്ടുണ്ട്. കിഫ്ബിയിൽനിന്നും 600 കോടി രൂപ മത്സ്യമേഖലയ്ക്കുവേണ്ടി നീക്കിവയ്ക്കുമെന്ന് ബഡ്ജറ്റിൽതന്നെ ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ചു. തീർച്ചയായും ഈ മാർക്കറ്റുമായി ബന്ധപ്പെട്ട് ഒരു യൂണിറ്റായി അതിനെ കണ്ടുകൊണ്ട് അത്തരമൊരു പദ്ധതി

നടപ്പിലാക്കണമെന്നുകൂടി ഗവൺമെന്റ് ആലോചിക്കുകയാണ്. മത്സ്യഫെഡ് എന്ന സഹകരണ പ്രസ്ഥാനത്തെ ശാക്തീകരിച്ചുകൊണ്ടുമാത്രമേ ഇത്തരം കാര്യങ്ങൾ ചെയ്യാൻ കഴിയുകയുള്ളൂ. അതിനുള്ള നല്ലൊരു റൂട്ട് മാപ്പ് തന്നെയാണ് ഞങ്ങൾ അക്കാര്യത്തിലുണ്ടാക്കിയിട്ടുള്ളത്. തീർച്ചയായും അത് ഒരു വർഷത്തിനുള്ളിൽ നടപ്പാക്കുകതന്നെ ചെയ്യും.

മറ്റൊരു കാര്യം പറയാനുള്ളത് മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ തൊഴിലും തൊഴിലവസരങ്ങളും കൊടുക്കുന്നത് സംബന്ധിച്ചാണ്. കടലിൽ പോകുന്ന തൊഴിലാളികളുടെ ജീവിതം മാത്രമല്ല മെച്ചപ്പെടുത്തേണ്ടത്. മത്സ്യമേഖലയുമായി ബന്ധപ്പെട്ട് ഒട്ടേറെ പദ്ധതികൾ നമുക്ക് നടപ്പിലാക്കാൻ സാധിക്കും. ഉൾനാടൻ മത്സ്യസമ്പത്തിന്റെ വർദ്ധനവ് ഇരട്ടിയാക്കുന്നതിനെക്കുറിച്ച് ഞാൻ പറഞ്ഞു. അതിന്റെ വിശദാംശത്തിലേയ്ക്ക് ഞാൻ പോകുന്നില്ല. അലങ്കാര മത്സ്യത്തിന് വളരെ വലിയ പൊട്ടൻഷ്യലാണുള്ളത്. ലോകത്ത് അതിന്റെ മാർക്കറ്റ് 9 ബില്യൻ കോടി ഡോളറാണ്. അതായത്, റുപ്പീ റേറ്റിലേയ്ക്ക് കൺവർട്ട് ചെയ്താൽ 56,000 കോടി രൂപയുടെ മാർക്കറ്റാണ് ലോകത്ത് അലങ്കാര മത്സ്യങ്ങൾക്കുള്ളത്. അതിൽ ഇന്ത്യയുടെ പങ്ക് 10 കോടി രൂപ മാത്രമാണ്. ഇന്ത്യ വളരെ മീഗറാണ്. ലോകത്ത് ഇന്ന് ശുദ്ധജല അലങ്കാര മത്സ്യങ്ങൾക്കാണ് 85 ശതമാനവും മാർക്കറ്റ് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കേരളം പോലുള്ള സംസ്ഥാനത്തിന് അത് വലിയ പൊട്ടൻഷ്യലാണ് ഉണ്ടാക്കുന്നത്. ശുദ്ധജല അലങ്കാര മത്സ്യത്തിന്റെ മാർക്കറ്റ് 85 ശതമാനമാണെന്നിരിക്കെ, കേരളത്തിന്റെ സാധ്യത നമ്മൾ ഉപയോഗിച്ചിട്ടില്ല. ഇന്ത്യയിൽ 0.1 ശതമാനമാണ് കവർ ചെയ്യുന്നത്. ഇത് മുന്നിൽ കണ്ടുകൊണ്ടാണ് കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് ശ്രീ. എസ്. ശർമ്മ മിനിസ്റ്ററായിരുന്നപ്പോൾ അദ്ദേഹം 'കാവിൽ' (കേരള അക്വാവെഞ്ചർ ഇന്റർനാഷണൽ ലിമിറ്റഡ്) എന്ന സ്ഥാപനം വളരെ പ്രതീക്ഷയോടുകൂടി രൂപീകരിച്ചത്. നിർഭാഗ്യവശാൽ കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ അതിന്റെ എല്ലാ സംവിധാനങ്ങളും തകർന്നുപോയ ഒരു അവസ്ഥയാണ് നാം കണ്ടത്. വീണ്ടും അതിനെ സജീവമാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. കഴിഞ്ഞ രണ്ടുവർഷത്തിനിടെ നടത്തിയ ശ്രമത്തിന്റെ ഭാഗമായി മുന്നോട്ടുപോയി എന്ന് ഞാൻ അവകാശപ്പെടുന്നില്ല, തകർച്ചയിൽ നിന്ന് അതിനെ രക്ഷപ്പെടുത്താനേ ആയിട്ടുള്ളൂ. ഈ വർഷം ഗവൺമെന്റ് രണ്ട് കോടി രൂപ 'കാവിൽ'-ന് കൊടുത്തിട്ടുണ്ട്. ഇപ്പോൾ ഏകദേശം ഒന്നരക്കോടി രൂപയുടെ ഓർണമെന്റൽ ഫിഷ് ഉല്പാദിപ്പിക്കാനുള്ള നീക്കമാണ് നടക്കുന്നത്. അതുവഴി 69 ലക്ഷം രൂപ അധിക വരുമാനമുണ്ടാക്കാൻ കഴിയുമെന്നാണ് കരുതുന്നത്. അതുമൂലം ആയിരക്കണക്കിനാളുകൾക്ക് തൊഴിലവസരവും ലഭിക്കുന്നതാണ്. "സാഫ്" എന്ന ഏജൻസി വഴിയും ആയിരക്കണക്കിന് സ്ത്രീകൾക്ക് തൊഴിൽ ഉറപ്പാക്കാൻ കഴിയുന്ന തരത്തിലേയ്ക്ക് ഞങ്ങൾ മുന്നോട്ടുപോകാൻ ഉദ്ദേശിക്കുന്നുണ്ട്.

പശ്ചാത്തല സൗകര്യ വികസനവുമായി ബന്ധപ്പെട്ടു നോക്കിയാൽ ഒട്ടേറെ കാര്യങ്ങൾ ഞങ്ങൾക്ക് ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. 2016-17 കാലയളവിൽ 55 കോടി രൂപയുടെ പ്രോജക്ട് ഞങ്ങൾക്ക് റോഡുമായി ബന്ധപ്പെട്ട് നടത്താൻ കഴിഞ്ഞു. ഈ വർഷം അത് 126 കോടി രൂപയായി ഉയർന്നിട്ടുണ്ട്. 456 വർക്കുകൾ എടുത്തതിൽ 58-ഓളം വർക്കുകൾ പൂർത്തീകരണത്തിലേയ്ക്ക് എത്തിയിട്ടുണ്ട്. പശ്ചാത്തല സൗകര്യ വികസനത്തിന്റെ കാര്യത്തിൽ വളരെ മെച്ചപ്പെട്ട തരത്തിലാണ് പോയിട്ടുള്ളത്. ഓഖി ദുരന്തവുമായി ബന്ധപ്പെട്ട കാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് ഇന്ത്യാ ഗവൺമെന്റിന് 7,340 കോടി രൂപയുടെ പദ്ധതികൾ കൊടുത്തുവെങ്കിലും അതിൽ എത്ര കിട്ടുമെന്നതിനെക്കുറിച്ച് ഒട്ടും ഉറപ്പില്ലാതെയിരിക്കുകയാണ്. ആ സാഹചര്യത്തിലാണ് കേരളത്തിൽ ഗവൺമെന്റ് 2000 കോടി രൂപയുടെ സ്പെഷ്യൽ പാക്കേജ് വച്ചത്. ശ്രീ. ഹൈബി ഈഡൻ അതെല്ലാം കൂട്ടിക്കുഴച്ചാണ് പറഞ്ഞത്. 2000 കോടി രൂപയുടെ പ്രൊപ്പോസൽ വച്ചിരിക്കുന്നത് ബഡ്ജറ്റ് തുകയ്ക്ക് പുറത്താണ്. പുറത്തുള്ളതെന്നു പറഞ്ഞാൽ നമ്മൾ ഡി.പി.ആർ. തയ്യാറാക്കി വിദേശ ഏജൻസികളിൽ നിന്നോ സാമ്പത്തിക സഹായം നൽകാൻ കഴിയുന്ന ഏതെങ്കിലും ഏജൻസിയിൽ നിന്നോ വായ്പ എടുക്കണം. ഗവൺമെന്റ് അതിന് ഗ്യാരന്റി നിൽക്കും. അതുമായി ബന്ധപ്പെട്ടാണ് നമ്മുടെ പ്രോജക്ട്. അതിനാവശ്യമായ നീക്കം അതിവേഗം നടത്തുകയാണ്. അതിന്റെ കൺസെപ്റ്റ് നോട്ട് മുൻ ചീഫ് സെക്രട്ടറി ശ്രീ. എസ്. എം. വിജയാനന്ദിന്റെ നേതൃത്വത്തിൽ തയ്യാറാക്കാൻ ഞങ്ങൾ തീരുമാനിച്ചിരുന്നു. അവർ ഒരു മാസത്തിനുള്ളിൽ ആ റിപ്പോർട്ട് തന്നാൽ ഞങ്ങൾ ഒരു ഇന്റർനാഷണൽ ഏജൻസിയെ ഡി.പി.ആർ. തയ്യാറാക്കാൻ ചുമതലപ്പെടുത്തും. ഡി.പി.ആർ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് ബഡ്ജറ്റിൽ 10 കോടി രൂപ പ്രൊവൈഡ് ചെയ്തിട്ടുണ്ട്. തീർച്ചയായും അതുമായി ബന്ധപ്പെട്ട് മുന്നോട്ടുപോകും. കഴിയുന്നത്ര വേഗം, ഒരു ആറ് മാസംകൊണ്ട് ഈ 2000 കോടി രൂപയുടെ പാക്കേജ് സാംഗ്ഷൻ ചെയ്തെടുക്കാനുള്ള നടപടിക്രമങ്ങളിലേയ്ക്കാണ് സർക്കാർ അതിവേഗം പോയിക്കൊണ്ടിരിക്കുന്നത്.

ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് കേന്ദ്രം ഇതുവരെയും പണം അലോട്ട് ചെയ്യാത്ത സാഹചര്യത്തിൽ 96.88 കോടി രൂപയുടെ പ്രോജക്ടാണ് സി.എം.ഡി.ആർ.എഫ്. (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി)-ലേയ്ക്ക് ഫിഷറീസ് ഡിപ്പാർട്ടുമെന്റ് നൽകിയിട്ടുള്ളത്. അതിൽ വ്യത്യസ്തമായ പ്രോജക്ടുണ്ട്. മത്സ്യത്തൊഴിലാളികളുടെ മത്സ്യബന്ധനോപകരണങ്ങൾ, ആഴക്കടൽ മത്സ്യ ബന്ധനത്തിനുള്ള അവസരം, വീടുവയ്ക്കുന്ന കാര്യം, സുരക്ഷാ മെഷേഴ്സ്, 15,000-ത്തോളം തൊഴിലാളികൾക്ക് ജാക്കറ്റ് കൊടുക്കുന്നതുമായി ബന്ധപ്പെട്ട് ഒൻപതര കോടി രൂപയുടെ പ്രോജക്ട് തുടങ്ങിയ ഒട്ടേറെ പദ്ധതികളാണ് മുന്നോട്ടു വയ്ക്കുന്നത്.

ഓഖി ദുരന്തമുണ്ടായപ്പോൾ നമുക്കുള്ള സിസ്റ്റം എത്ര ദുർബ്ബലമാണെന്ന് കണ്ടു. 2016-17-ലെ ബജറ്റിൽ മറൈൻ ആംബുലൻസിന് രണ്ട് കോടി രൂപയാണ് വകയിരുത്തിയിട്ടുണ്ടായിരുന്നത്. ഞങ്ങൾ കൊച്ചിൻ ഷിപ്പിയാർഡുമായി സംസാരിച്ചു. ടി തുക അവർക്ക് നൽകാനാണ് തീരുമാനിച്ചിരിക്കുന്നത്. കൊച്ചിൻ ഷിപ്പിയാർഡ് അവരുടെ സി.എസ്.ആർ.-ൽ നിന്നും ഒരു മറൈൻ ആംബുലൻസ് റെഡിയാക്കിത്തരാമെന്ന് സമ്മതിച്ചിട്ടുണ്ട്. ബി.പി.സി.എൽ-മായി സംസാരിച്ച് 26-3-2017-ന് 6 കോടി രൂപ അവരുടെ സി.എസ്.ആർ.-ൽ നിന്നും മറൈൻ ആംബുലൻസിനുവേണ്ടി അനുവദിക്കാമെന്ന് സമ്മതിച്ചിട്ടുണ്ട്. 18.24 കോടി രൂപയിൽ ബാക്കി വരുന്ന തുക സി.എം.ഡി.ആർ.എഫ്-ൽനിന്നും വാങ്ങിക്കൊണ്ട് ഈ സാമ്പത്തിക വർഷംതന്നെ മൂന്ന് മറൈൻ ആംബുലൻസിന് ഷിപ്പിയാർഡിന് സർക്കാർ ഓർഡർ നൽകും.

മത്സ്യബന്ധനോപകരണത്തിന്റെ കാര്യത്തിൽ കൃത്യമായ കാഴ്ചപ്പാടുണ്ട്. 143 പേർക്ക് നഷ്ടപരിഹാരം കൊടുക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. കുട്ടികളുടെ വിദ്യാഭ്യാസമാണ് പ്രശ്നം. 143 കുടുംബങ്ങളിലായി 311 വിദ്യാർത്ഥികളാണുള്ളത്. നമ്മൾ കൃത്യമായ കണക്കെടുത്തു. അതിൽ ബി.എ. കഴിഞ്ഞവരെ ഒഴിവാക്കിയാൽ 274 കുട്ടികളെയാണ് പഠനത്തിനായി സഹായിക്കേണ്ടത്. ഓരോ കുടുംബത്തേയും ഒരു യൂണിറ്റായി കണ്ടുകൊണ്ട് സമഗ്രമായ പുരോഗതി ലക്ഷ്യമാക്കിക്കൊണ്ടുള്ള പ്രോജക്ട് തയ്യാറാക്കാനാണ് ഉദ്ദേശിക്കുന്നത്. ഓഖി ദുരന്തത്തിൽപ്പെട്ട ഒരു കുടുംബത്തെയും വഴിയാധാരമാക്കാൻ ഈ ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല എന്നുമാത്രമല്ല അടിസ്ഥാനപരമായി ജീവിതം മെച്ചപ്പെടുത്താനാവശ്യമായ നടപടികളിലേയ്ക്ക് പോകാൻ തന്നെയാണ് ഈ ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. മറ്റു വിശദാംശങ്ങളിലേയ്ക്ക് പോകാൻ ഉദ്ദേശിക്കുന്നില്ല. പൊതുവിൽ പറഞ്ഞ കാര്യങ്ങൾകൂടി പറഞ്ഞുകൊണ്ട് ചുരുക്കുകയാണ്.

എന്നെ വിഷമിപ്പിച്ച ഒരു കാര്യം പറയാനുണ്ട്. കൊല്ലത്ത് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സമ്മേളനം ചേർന്നപ്പോൾ പ്രതിപക്ഷത്തിനിടയിൽ വർഗ്ഗീയ കലാപമുണ്ടാക്കാൻ തീരുമാനമെടുത്തുവെന്ന് ഡോ. എം. കെ. മുനീർ വളരെ സൗമ്യമായി പറഞ്ഞു. എനിക്ക് അങ്ങയോട് സഹതാപമാണുള്ളത്. അങ്ങ് ആ വാചകം പിൻവലിക്കുകയാണ് വേണ്ടത്. മാനവികതയുടെയും മനുഷ്യ സ്നേഹത്തിന്റെയും സന്ദേശം ഉൾക്കൊള്ളുന്ന ഈ പാർട്ടി, ഇന്ത്യയിൽ വ്യതിരിക്തമായി നിൽക്കുന്ന, മതേതരത്വത്തിന്റെ നിറകുടമായി നിൽക്കുന്ന കേരളത്തിൽ, അതിന് നേതൃത്വം നൽകുന്ന കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്) പ്രതിപക്ഷത്തിനിടയിൽ വർഗ്ഗീയ കലാപം ഉണ്ടാക്കാൻ തീരുമാനിച്ചുവെന്ന് അങ്ങ് എത്ര മനോഹരമായാണ് പറഞ്ഞത്. അങ്ങ് ശാന്തമായി വിഷമിപ്പിക്കുന്ന വാചകം പറഞ്ഞത് നിർഭാഗ്യകരമായിപ്പോയി. അങ്ങ് അത് പിൻവലിക്കണമെന്നുകൂടി പറഞ്ഞുകൊണ്ട് ഞാൻ എന്റെ ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അപേക്ഷിക്കുന്നു.

മി. സ്പീക്കർ: സമയം വൈകിയതിൽ എല്ലാവരും അസ്വസ്ഥത പ്രകടിപ്പിക്കുന്നു. പലതുള്ളി കൂടിയിട്ടാണ് പെരുവെള്ളം. രാവിലെ മുതലുള്ള കണക്കെടുക്കാം. ചർച്ചയിൽ പങ്കെടുത്ത ഓരോരുത്തരും മൂന്നുംനാലും മിനിട്ട് കൂടുതലെടുത്തു.

സർവ്വശ്രീ എൻ. എ. നെല്ലിക്കുന്ന്, എൽദോസ് പി. കുന്നപ്പിള്ളിൽ, എ. പി. അനിൽ കുമാർ, കെ. സി. ജോസഫ്, പി. ഉബൈദുള്ള, അനൂപ് ജേക്കബ്, വി. കെ. ഇബ്രാഹിം കുഞ്ഞ്, എം. ഉമ്മർ, മഞ്ഞളാംകുഴി അലി, അബ്ദുൽ ഹമീദ്.പി., ടി. വി. ഇബ്രാഹിം, പി. കെ. അബ്ദു റബ്ബ്, എൻ. ഷംസുദ്ദീൻ, എം. വിൻസെന്റ്, പി. ബി. അബ്ദുൽ റസ്സാക്ക്, അടൂർ പ്രകാശ്, ഹൈബി ഈഡൻ, സണ്ണി ജോസഫ്, റോഷി അഗസ്റ്റിൻ, അനിൽ അക്കര, വി. ടി. ബൽറാം, ഐ. സി. ബാലകൃഷ്ണൻ, ഡോ. എം. കെ. മുനീർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ എന്നീ അംഗങ്ങൾ വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2018-19 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:

1. ശ്രീ.കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. കെ. ആൻസലൻ
4. ശ്രീ. ആന്റണി ജോൺ
5. ശ്രീ. എ. എം. ആരിഫ്

6. പ്രൊഫ. കെ. യു. അരുണൻ
7. ശ്രീമതി സി. കെ. ആശ
8. ശ്രീ. കെ. ബാബു
9. ശ്രീ. എ. കെ. ബാലൻ
10. ശ്രീമതി ഇ. എസ്. ബിജിമോൾ
11. ശ്രീ. കെ. ദാസൻ
12. ശ്രീ. സി. ദിവാകരൻ
13. ശ്രീ. ബി. ഡി. ദേവസ്സി
14. ശ്രീമതി ഗീതാ ഗോപി
15. ശ്രീ. എൽദോ എബ്രഹാം
16. ശ്രീ. ജോർജ് എം. തോമസ്
17. ശ്രീ. ചിറ്റയം ഗോപകുമാർ
18. ശ്രീ. സി. കെ. ഹരീന്ദ്രൻ
19. ഡോ. കെ. ടി. ജലീൽ
20. ശ്രീ. ജെയിംസ് മാത്യു
21. ശ്രീ. ജോൺ ഫെർണാണ്ടസ്
22. ശ്രീ. വി. ജോയി
23. ശ്രീ. ഒ. ആർ. കേളു
24. ശ്രീ. സി. കൃഷ്ണൻ
25. ശ്രീ. കെ. കൃഷ്ണൻകുട്ടി
26. ശ്രീ. കെ. കുഞ്ഞിരാമൻ
27. ശ്രീ. കോവൂർ കുഞ്ഞുമോൻ
28. ശ്രീ. വി. കെ. സി. മമ്മത് കോയ
29. ശ്രീ. മാത്യു ടി. തോമസ്

30. ശ്രീ. കെ. ജെ. മാക്സി
31. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
32. ശ്രീ. എ. സി. മൊയ്തീൻ
33. ശ്രീ. മുഹമ്മദ് മുഹസിൻ പി.
34. ശ്രീ. എം. മുകേഷ്
35. ശ്രീ. ഡി. കെ. മുരളി
36. ശ്രീ. മുരളി പെരുനെല്ലി
37. ശ്രീ. സി. കെ. നാണു
38. ശ്രീ. എം. നൗഷാദ്
39. ശ്രീ. യു. ആർ. പ്രദീപ്
40. ശ്രീ. എ. പ്രദീപ്കുമാർ
41. ശ്രീ. കെ. ഡി. പ്രസേനൻ
42. ശ്രീമതി യു. പ്രതിഭ ഹരി
43. ശ്രീ. പുരുഷൻ കടലുണ്ടി
44. ശ്രീ. പി. ടി. എ. റഹീം
45. ശ്രീ. കെ. രാജൻ
46. ശ്രീ. എസ്. രാജേന്ദ്രൻ
47. ശ്രീ. ആർ. രാജേഷ്
48. ശ്രീ. റ്റി. വി. രാജേഷ്
49. ശ്രീ. കെ. രാജു
50. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
51. ശ്രീ. മുല്ലക്കര രത്നാകരൻ
52. പ്രൊഫ. സി. രവീന്ദ്രനാഥ്
53. ശ്രീ. കാരാട്ട് റസാഖ്

54. ശ്രീ. എസ്. ശർമ്മ
55. ശ്രീ. സി. കെ. ശശീന്ദ്രൻ
56. ശ്രീ. പി. കെ. ശശി
57. ശ്രീ. വി. ശശി
58. ശ്രീ. ഐ. ബി. സതീഷ്
59. ശ്രീ. ബി. സത്യൻ
60. ശ്രീ. എ. എൻ. ഷംസീർ
61. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
62. ശ്രീ. ജി. സുധാകരൻ
63. ശ്രീ. വി. ആർ. സുനിൽ കുമാർ
64. ശ്രീ. വി. എസ്. സുനിൽ കുമാർ
65. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
66. ശ്രീ. കെ. സുരേഷ് കുറുപ്പ്
67. ശ്രീ. എം. സ്വരാജ്
68. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
69. ശ്രീ. തോമസ് ചാണ്ടി
70. ഡോ. ടി. എം. തോമസ് ഐസക്
71. ശ്രീ. ഇ. കെ. വിജയൻ
72. ശ്രീ. എൻ. വിജയൻ പിള്ള

പ്രതികൂലിക്കുന്നവർ:

1. ശ്രീ. അബ്ദുൽ ഹമീദ്. പി.
2. ശ്രീ. പി. കെ. അബ്ദു റബ്ബ്
3. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
4. ശ്രീ. അടൂർ പ്രകാശ്
5. ശ്രീ. മഞ്ഞളാംകുഴി അലി

6. ശ്രീ. അനിൽ അക്കര
7. ശ്രീ. എ. പി. അനിൽ കുമാർ
8. ശ്രീ. അനൂപ് ജേക്കബ്
9. ശ്രീ. അൻവർ സാദത്ത്
10. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
11. ശ്രീ. വി. ടി. ബൽറാം
12. ശ്രീ. പി. കെ. ബഷീർ
13. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
14. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
15. ശ്രീ. ഹൈബി ഈഡൻ
16. ശ്രീ. ടി. വി. ഇബ്രാഹിം
17. ശ്രീ. കെ.എൻ.എ. ഖാദർ
18. ഡോ. എം. കെ. മുനീർ
19. ശ്രീ. കെ. മുരളീധരൻ
20. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
21. ശ്രീ. വി. പി. സജീന്ദ്രൻ
22. ശ്രീ. എൻ. ഷംസുദ്ദീൻ
23. ശ്രീ. വി. ഡി. സതീശൻ
24. ശ്രീ. കെ. എം. ഷാജി
25. ശ്രീ. സണ്ണി ജോസഫ്
26. ശ്രീ. പി. ടി. തോമസ്
27. ശ്രീ. റോജി എം. ജോൺ
28. ശ്രീ. പി. ഉബൈദുള്ള
29. ശ്രീ. എം. ഉമ്മർ
30. ശ്രീ. എം. വിൻസെന്റ്.

<u>നിഷ്പക്ഷത പാലിക്കുന്നവർ</u> : ആരുമില്ല

<u>മി. സ്പീക്കർ</u>: അനുകൂലിക്കുന്നവർ - 72

പ്രതികൂലിക്കുന്നവർ - 30

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സർവ്വശ്രീ ഹൈബി ഈഡൻ, എം. വിൻസെന്റ്, പി. ഉബൈദുള്ള, പി. കെ. അബ്ദു റബ്ബ്, അനൂപ് ജേക്കബ്, പി. കെ. ബഷീർ, ടി. വി. ഇബ്രാഹിം, വി. കെ. ഇബ്രാഹിം കുഞ്ഞ്, അടൂർ പ്രകാശ്, എൻ. എ. നെല്ലിക്കുന്ന്, മഞ്ഞളാംകുഴി അലി, എൻ. ഷംസുദ്ദീൻ. എം. ഉമ്മർ, പി. ബി. അബ്ദുൽ റസ്സാക്ക്, അബ്ദുൽ ഹമീദ്. പി., റോഷി അഗസ്റ്റിൻ, ഡോ. എം. കെ. മുനീർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ എന്നീ അംഗങ്ങൾ മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2018-19 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

<u>ശ്രീ. പി. ടി. തോമസ്</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

<u>അനുകൂലിക്കുന്നവർ</u>:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. കെ. ആൻസലൻ
4. ശ്രീ. ആന്റണി ജോൺ
5. ശ്രീ. എ. എം. ആരിഫ്

6. പ്രൊഫ. കെ. യു. അരുണൻ
7. ശ്രീമതി സി. കെ. ആശ
8. ശ്രീ. കെ. ബാബു
9. ശ്രീ. എ. കെ. ബാലൻ
10. ശ്രീമതി ഇ. എസ്. ബിജിമോൾ
11. ശ്രീ. കെ. ദാസൻ
12. ശ്രീ. സി. ദിവാകരൻ
13. ശ്രീ. ബി. ഡി. ദേവസ്സി
14. ശ്രീമതി ഗീതാ ഗോപി
15. ശ്രീ. എൽദോ എബ്രഹാം
16. ശ്രീ. ജോർജ് എം. തോമസ്
17. ശ്രീ. ചിറ്റയം ഗോപകുമാർ
18. ശ്രീ. സി. കെ. ഹരീന്ദ്രൻ
19. ഡോ. കെ. ടി. ജലീൽ
20. ശ്രീ. ജെയിംസ് മാത്യു
21. ശ്രീ. ജോൺ ഫെർണാണ്ടസ്
22. ശ്രീ. വി. ജോയി
23. ശ്രീ. ഒ. ആർ. കേളു
24. ശ്രീ. സി. കൃഷ്ണൻ
25. ശ്രീ. കെ. കൃഷ്ണൻകുട്ടി
26. ശ്രീ. കെ. കുഞ്ഞിരാമൻ
27. ശ്രീ. കോവൂർ കുഞ്ഞുമോൻ
28. ശ്രീ. വി. കെ. സി. മമ്മത് കോയ
29. ശ്രീ. മാത്യു ടി. തോമസ്

30. ശ്രീ. കെ. ജെ. മാക്സി
31. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
32. ശ്രീ. എ. സി. മൊയ്തീൻ
33. ശ്രീ. മുഹമ്മദ് മുഹസിൻ പി.
34. ശ്രീ. എം. മുകേഷ്
35. ശ്രീ. ഡി. കെ. മുരളി
36. ശ്രീ. മുരളി പെരുനെല്ലി
37. ശ്രീ. സി. കെ. നാണു
38. ശ്രീ. എം. നൗഷാദ്
39. ശ്രീ. യു. ആർ. പ്രദീപ്
40. ശ്രീ. എ. പ്രദീപ്കുമാർ
41. ശ്രീ. കെ. ഡി. പ്രസേനൻ
42. ശ്രീമതി യു. പ്രതിഭ ഹരി
43. ശ്രീ. പുരുഷൻ കടലുണ്ടി
44. ശ്രീ. പി. ടി. എ. റഹീം
45. ശ്രീ. കെ. രാജൻ
46. ശ്രീ. എസ്. രാജേന്ദ്രൻ
47. ശ്രീ. ആർ. രാജേഷ്
48. ശ്രീ. റ്റി. വി. രാജേഷ്
49. ശ്രീ. കെ. രാജു
50. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
51. ശ്രീ. മുല്ലക്കര രത്നാകരൻ
52. പ്രൊഫ. സി. രവീന്ദ്രനാഥ്
53. ശ്രീ. കാരാട്ട് റസാഖ്

54. ശ്രീ. എസ്. ശർമ്മ
55. ശ്രീ. സി. കെ. ശശീന്ദ്രൻ
56. ശ്രീ. പി. കെ. ശശി
57. ശ്രീ. വി. ശശി
58. ശ്രീ. ഐ. ബി. സതീഷ്
59. ശ്രീ. ബി. സത്യൻ
60. ശ്രീ. എ. എൻ. ഷംസീർ
61. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
62. ശ്രീ. ജി. സുധാകരൻ
63. ശ്രീ. വി. ആർ. സുനിൽ കുമാർ
64. ശ്രീ. വി. എസ്. സുനിൽ കുമാർ
65. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
66. ശ്രീ. കെ. സുരേഷ് കുറുപ്പ്
67. ശ്രീ. എം. സ്വരാജ്
68. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
69. ശ്രീ. തോമസ് ചാണ്ടി
70. ഡോ. ടി. എം. തോമസ് ഐസക്
71. ശ്രീ. ഇ. കെ. വിജയൻ
72. ശ്രീ. എൻ. വിജയൻ പിള്ള

പ്രതികൂലിക്കുന്നവർ:

1. ശ്രീ. അബ്ദുൽ ഹമീദ്. പി.
2. ശ്രീ. പി. കെ. അബ്ദു റബ്ബ്
3. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
4. ശ്രീ. അടൂർ പ്രകാശ്
5. ശ്രീ. മഞ്ഞളാംകുഴി അലി

6. ശ്രീ. അനിൽ അക്കര
7. ശ്രീ. എ. പി. അനിൽ കുമാർ
8. ശ്രീ. അനൂപ് ജേക്കബ്
9. ശ്രീ. അൻവർ സാദത്ത്
10. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
11. ശ്രീ. വി. ടി. ബൽറാം
12. ശ്രീ. പി. കെ. ബഷീർ
13. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
14. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
15. ശ്രീ. ഹൈബി ഈഡൻ
16. ശ്രീ. ടി. വി. ഇബ്രാഹിം
17. ശ്രീ. കെ. എൻ. എ. ഖാദർ
18. ഡോ. എം. കെ. മുനീർ
19. ശ്രീ. കെ. മുരളീധരൻ
20. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
21. ശ്രീ. വി. പി. സജീന്ദ്രൻ
22. ശ്രീ. എൻ. ഷംസുദ്ദീൻ
23. ശ്രീ. വി. ഡി. സതീശൻ
24. ശ്രീ. കെ. എം. ഷാജി
25. ശ്രീ. സണ്ണി ജോസഫ്
26. ശ്രീ. പി. ടി. തോമസ്
27. ശ്രീ. റോജി എം. ജോൺ
28. ശ്രീ. പി. ഉബൈദുള്ള
29. ശ്രീ. എം. ഉമ്മർ
30. ശ്രീ. എം. വിൻസെന്റ്.

നിഷ്പക്ഷത പാലിക്കുന്നവർ : ആരുമില്ല.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 72

പ്രതികൂലിക്കുന്നവർ - 30

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ചർച്ച കൂടാതെ പാസ്സാക്കുന്ന ധനാഭ്യർത്ഥനകൾ

| | | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2018-2019 | | |
|---|---|---|---|---|
| | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | |
| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | റവന്യൂ (രൂപ) | മൂലധനം (രൂപ) | ആകെ (രൂപ) |
| *I | സംസ്ഥാന നിയമസഭ | 105,21,70,000 | ... | 105,21,70,000 |
| *IV | തെരഞ്ഞെടുപ്പുകൾ | 63,62,54,000 | ... | 63,62,54,000 |
| *VII | മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും | 225,46,91,000 | ... | 225,46,91,000 |
| *X | ട്രഷറികളും അക്കൗണ്ടുകളും | 302,70,91,000 | ... | 302,70,91,000 |
| *XVI | പെൻഷനും പലവകയും | 26454,85,71,000 | ... | 26454,85,71,000 |
| *XXIII | വാർത്താവിതരണവും പ്രചരണവും | 100,02,86,000 | 6,60,00,000 | 106,62,86,000 |
| *XXVIII | പലവക സാമ്പത്തിക സർവ്വീസുകൾ | 191,37,47,000 | 1675,48,59,000 | 1866,86,06,000 |
| XLIII | നഷ്ടപരിഹാരവും അവകാശ കൈമാറ്റങ്ങളും | 9129,87,60,000 | ... | 9129,87,60,000 |
| XLV | പലവക വായ്പകളും മുൻകൂറുകളും | ... | 158,52,44,000 | 158,52,44,000 |

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, സംസ്ഥാന നിയമസഭ എന്ന I-ാം നമ്പർ ധനാഭ്യർത്ഥനയേയും തെരഞ്ഞെടുപ്പുകൾ എന്ന IV-ാം നമ്പർ ധനാഭ്യർത്ഥനയേയും മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയേയും ട്രഷറികളും അക്കൗണ്ടുകളും എന്ന X-ാം നമ്പർ ധനാഭ്യർത്ഥനയേയും പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയേയും വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയേയും പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയേയും നഷ്ടപരിഹാരവും അവകാശകൈമാറ്റവും എന്ന XLIII-ാം നമ്പർ ധനാഭ്യർത്ഥനയേയും പലവക വായ്പകളും മുൻകൂറുകളും എന്ന XLV-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റിയുടെ ശിപാർശകളിന്മേൽ ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: സംസ്ഥാന നിയമസഭ എന്ന I-ാം നമ്പർ ധനാഭ്യർത്ഥനയുടെയും തെരഞ്ഞെടുപ്പുകൾ എന്ന IV-ാം നമ്പർ ധനാഭ്യർത്ഥനയുടെയും മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ട്രഷറികളും അക്കൗണ്ടുകളും എന്ന X-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും നഷ്ടപരിഹാരവും അവകാശകൈമാറ്റങ്ങളും എന്ന XLIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പലവക വായ്പകളും മുൻകൂറുകളും എന്ന XLV-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2018-19 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഓർഡർ.......... ഓർഡർ.......... സഭ ഇപ്പോൾ പരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2018 മാർച്ച് 23-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 4.45-ന് പിരിഞ്ഞു.)

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്, 2021